കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

2022 ഡിസംബർ 12, തിങ്കൾ

സ്പീക്കർ

ശ്രീ. എ. എൻ. ഷംസീർ

ഡെപ്യൂട്ടി സ്പീക്കർ

ശ്രീ. ചിറ്റയം ഗോപകുമാർ

സെക്രട്ടറി

ശ്രീ. എ. എം. ബഷീർ

ചീഫ് എഡിറ്റർ

ശ്രീമതി എസ്. ജയശ്രീ

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

955/2023

മന്ത്രിസഭാംഗങ്ങൾ

മുഖ്യമന്ത്രി	:	ശ്രീ. പിണറായി വിജയൻ
മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി	:	ശ്രീ. വി. അബ്ദുറഹിമാൻ
തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി	:	ശ്രീ. അഹമ്മദ് ദേവർകോവിൽ
ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി	:	ശ്രീ. ജി. ആർ. അനിൽ
ഗതാഗത വകുപ്പുമന്ത്രി	:	ശ്രീ. ആന്റണി രാജു
ധനകാര്യ വകുപ്പുമന്ത്രി	:	ശ്രീ. കെ. എൻ. ബാലഗോപാൽ
ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി	:	ഡോ. ആർ. ബിന്ദു
മൃഗസംരക്ഷണ- ക്ഷീരവികസന വകുപ്പുമന്ത്രി	:	ശ്രീമതി ജെ. ചിഞ്ചുറാണി
വൈദ്യുതി വകുപ്പുമന്ത്രി	:	ശ്രീ. കെ. കൃഷ്ണൻകുട്ടി
പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി	:	ശ്രീ. പി. എ. മുഹമ്മദ് റിയാസ്
കൃഷി വകുപ്പുമന്ത്രി	:	ശ്രീ. പി. പ്രസാദ്
പട്ടികജാതി,പട്ടികവർഗ്ഗ , പിന്നാക്കവിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി	:	ശ്രീ. കെ. രാധാകൃഷ്ണൻ
റവന്യൂ- ഭവനനിർമ്മാണ വകുപ്പുമന്ത്രി	:	ശ്രീ. കെ. രാജൻ
നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി	:	ശ്രീ. പി. രാജീവ്
തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി	:	ശ്രീ. എം. ബി. രാജേഷ്
ജലവിഭവ വകുപ്പുമന്ത്രി	:	ശ്രീ. റോഷി അഗസ്റ്റിൻ
വനം-വന്യജീവി വകുപ്പുമന്ത്രി	:	ശ്രീ. എ. കെ. ശശീന്ദ്രൻ
പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി	:	ശ്രീ. വി. ശിവൻകുട്ടി
സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി	:	ശ്രീ. വി. എൻ. വാസവൻ
ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി	:	ശ്രീമതി വീണാ ജോർജ്ജ്

ഉള്ളടക്കം

പേജ്

I ചോദ്യോത്തരങ്ങൾ

വാങ്മൂലം നൽകിയ ഉത്തരങ്ങൾ ... 1

(രേഖാമൂലം നൽകിയ ഉത്തരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്)

II തിരുത്തിയ ഉത്തരം ... 34

23-8-2022-ലെ നക്ഷത്രചിഹ്നമിടാത്ത 153-ാം നമ്പർ
ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം ... 34

III അടിയന്തരപ്രമേയം

പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം.

- ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ... 34

(അവതരണാനുമതി നിഷേധിച്ചു)

IV ശ്രദ്ധ ക്ഷണിക്കൽ

(1) ഭൂരഹിതർക്ക് ഭൂമി വിതരണം

- ശ്രീ. പി. എസ്. സുപാൽ ... 55

(2) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിലെ ആശങ്കകൾ

- ശ്രീ. എൻ. ഷംസുദ്ദീൻ ... 62

V സബ്മിഷൻ

(1) ഇടുക്കി പട്ടയഭൂമിയിലെ ഭൂവിനിയോഗ പ്രശ്നങ്ങൾ

- പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ) ... 69

(2) ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള
നഷ്ടപരിഹാരം

- ശ്രീ. സണ്ണി ജോസഫ് ... 73

(3) നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതി

- ശ്രീ. സി. സി. മുകുന്ദൻ ... 75

പേജ്

(4) എം.വി.ഐ.പി.-പി.വി.ഐ.പി. കനാലുകളുടെ അറ്റകുറ്റപ്പണികൾ

- ശ്രീ. അനൂപ് ജേക്കബ് ... 77

(5) ജലനിർഗ്ഗമനം സുഗമമാക്കൽ

- ശ്രീ. കെ. ഡി. പ്രസേനൻ ... 79

(6) കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി

- ശ്രീ. തോമസ് കെ. തോമസ് ... 80

(7) ഗിഫ്റ്റ് സിറ്റിക്ക് ഭൂമി വിട്ടുനൽകിയ ഭൂവുടമകളുടെ പ്രശ്നങ്ങൾ

- ശ്രീ. റോജി എം. ജോൺ ... 82

(8) പൊൻപാറക്കുന്ന് ലൈഫ് ഭവന സമുച്ചയം

- ശ്രീ. പി. ടി. എ. റഹീം ... 84

(9) ബേപ്പൂർ പോർട്ടിന്റെ പ്രവർത്തനം

- ശ്രീ. ടി. പി. രാമകൃഷ്ണൻ ... 86

(10) മുല്ലത്തറ, മന്ദലാംകുന്ന് എന്നിവിടങ്ങളിലെ അടിപ്പാത നിർമ്മാണം

- ശ്രീ. എൻ. കെ. അക്ബർ ... 87

(11) കൊണ്ടോട്ടി - മേലങ്ങാടി എയർപോർട്ട് റോഡ് നവീകരണം

- ശ്രീ. ടി. വി. ഇബ്രാഹിം ... 89

(12) കല്യാശ്ശേരി-എടാട്ട് ജംഗ്ഷനുകളിലെ അണ്ടർ പാസേജ് നിർമ്മാണം

- ശ്രീ. എം. വിജിൻ ... 90

(13) അംബേദ്കർ കോളനി എ.സി. റോഡ് പുനരുദ്ധാരണം

- ശ്രീ. ജോബ് മൈക്കിൾ ... 92

പേജ്

(14) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം

- ശ്രീമതി കാനത്തിൽ ജമീല ... 93

(15) കേരളത്തിലെ കായിക രംഗം

- ശ്രീ. ലിന്റോ ജോസഫ് ... 93

(16) വഖഫ് ഭൂമി കയ്യേറ്റം

- ശ്രീ. കെ.പി.എ. മജീദ് ... 96

VI റിപ്പോർട്ട് സമർപ്പണം ... 100

VII നിയമനിർമ്മാണകാര്യം

(1) 2022-ലെ കേരള സഹകരണസംഘ (മൂന്നാം ഭേദഗതി) ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും ... 100

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തര ഘട്ടങ്ങളും ... 128

(i) 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ ... 128

(ii) 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ ... 128

(iii) 2022-ലെ കേരള അബ്ക്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ... 171

(iv) 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ ... 171

അനുബന്ധം I, II, & III ... 219

കേരള നിയമസഭാ നടപടികൾ

പതിനഞ്ചാം കേരള നിയമസഭ

ഏഴാം സമ്മേളനം

2022 ഡിസംബർ 12, തിങ്കൾ

വാല്യം 190} ഔദ്യോഗിക റിപ്പോർട്ട് {നമ്പർ 6

നിയമസഭ 2022 ഡിസംബർ മാസം 12-ാം തീയതി തിങ്കളാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... ചോദ്യം നമ്പർ *151

ഡിജിറ്റൽ സയൻസ് പാർക്ക്

1 (*151) ശ്രീ. ആന്റണി ജോൺ:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ സാങ്കേതികവിദ്യാധിഷ്ഠിത വിജ്ഞാന വ്യവസായങ്ങൾക്ക് പിന്തുണ ലഭ്യമാക്കി അത്തരം വ്യവസായങ്ങളുടെ വിപുലീകരണത്തിനായി ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) അനുബന്ധ മേഖലകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിവരസാങ്കേതികവിദ്യാ വ്യവസായം പ്രോത്സാഹിപ്പിക്കുന്ന നയം പ്രാവർത്തികമാക്കുന്നതിന് നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് അത്യന്താധുനിക ഡിജിറ്റൽ നൈപുണ്യ വികസനത്തിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ,

(എ) 2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള സംസ്ഥാന ബഡ്ജറ്റ് പ്രസംഗത്തിൽ ഡിജിറ്റൽ സർവ്വകലാശാലയോട് ചേർന്ന് ഡിജിറ്റൽ സയൻസ് പാർക്ക് ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. പി.പി.പി. മാതൃകയിൽ സജ്ജമാക്കുന്ന പാർക്കിന് 200 കോടി രൂപയാണ് കിഫ്ബി മുഖാന്തരം നിക്ഷേപമായി സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ടെക്നോപാർക്ക് നാലാം ഘട്ടമായ ടെക്നോസിറ്റിയിലെ 13.65 ഏക്കറിൽ ഡിജിറ്റൽ സർവ്വകലാശാലയോട് ചേർന്നാണ് ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററായി പാർക്ക് പ്രവർത്തിക്കും. ഡിജിറ്റൽ സയൻസ് മേഖല കേന്ദ്രീകരിച്ചുള്ള ഇന്ത്യയിലെ ആദ്യത്തെ പാർക്കായിരിക്കും ഇത്. ഡിജിറ്റൽ ലോകത്തെ വളർന്നുവരുന്ന സാങ്കേതികവിദ്യകളിൽ പ്രവർത്തിക്കുന്ന വിവിധ ബിസിനസ് യൂണിറ്റുകൾക്ക് പിന്തുണ നൽകുന്നതിനായി സയൻസ് പാർക്കുകളുടെ മൊത്തത്തിലുള്ള പൊതുവായ പ്രവർത്തന തത്വത്തിന്റെ അടിസ്ഥാനത്തിലാണ് ഡിജിറ്റൽ സയൻസ് പാർക്ക് ആസൂത്രണം ചെയ്തിരിക്കുന്നത്. ഒരു മൂന്നാം തലമുറ സയൻസ് പാർക്ക് എന്ന നിലയിൽ ക്ലസ്റ്റർ അധിഷ്ഠിതവും സംവേദനാത്മകവും നൂതനവുമായ തത്വത്തിന്റെ അടിസ്ഥാനത്തിലാണ് പാർക്ക് രൂപകൽപ്പന ചെയ്തിട്ടുള്ളത്. ഡിജിറ്റൽ സ്ഥാപനങ്ങളുടെ വളർച്ചയുടെ വിഭിന്നമായ സ്വഭാവത്തിനനുസൃതമായി സർവ്വകലാശാലകൾ, വ്യവസായം, സർക്കാർ എന്നിവയുൾപ്പെടുന്ന ട്രിപ്പിൾ ഹെലിക്സിൽ അധിഷ്ഠിതമായ ആശയവിനിമയങ്ങളുടെ നെറ്റ്വർക്ക് സംയോജനതത്വം പാലിച്ച് പാർക്ക് വികസിപ്പിക്കുകയും പ്രയോജനപ്പെടുത്തുകയും ചെയ്യുകയാണ് ലക്ഷ്യം. ഭാവി സാങ്കേതികവിദ്യകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, മെഡിക്കൽ ഇലക്ട്രോണിക്സ്, മെഡിക്കൽ മെറ്റീരിയൽസ്, ബയോടെക്നോളജി തുടങ്ങിയ മേഖലകൾക്കാണ് ഡിജിറ്റൽ സയൻസ് പാർക്ക് ഊന്നൽ നൽകുക. രാജ്യത്തിനകത്തും പുറത്തുമുള്ള സർവ്വകലാശാലകൾക്കും തദ്ദേശീയരും വിദേശീയരുമായ ഗവേഷകർക്കും ലഭ്യമായ സാങ്കേതികവിദ്യയിൽ പൂർണ്ണത വരുത്തി ഉൽപ്പാദന-സേവന മേഖലയിലേയ്ക്ക് കടക്കാനാകും. സർവ്വകലാശാലകളിൽ സൃഷ്ടിക്കപ്പെടുന്ന ബൗദ്ധിക സ്വത്ത് അവകാശങ്ങളെ പ്രായോഗിക തലത്തിൽ സംരംഭങ്ങളിലേയ്ക്കെത്തിക്കാൻ ആവശ്യമായ സഹായം ലഭ്യമാക്കും. വിജ്ഞാന സമ്പദ്ഘടന പ്രാവർത്തികമാക്കാൻ സഹായകമായ ഒട്ടേറെ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ ഇതിലൂടെ ആരംഭിക്കാനാകും. കേരളത്തിൽ വളരെയധികം വിജ്ഞാന വ്യവസായങ്ങൾക്ക് തുടക്കമിടാനും സാങ്കേതികവിദ്യാ നവീകരണത്തിനുള്ള നിക്ഷേപത്തിന്റെ വലിയൊരു ഭാഗം പാർക്കിലൂടെ നിറവേറ്റാനുമാകും.

1515 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിക്ക് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള കിഫ്ബി ഫണ്ടിംഗ് 200 കോടി രൂപയിൽ പരിമിതപ്പെടുത്തിക്കൊണ്ട് പദ്ധതി നടപ്പിലാക്കുന്നതിനായി സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ബാക്കി തുക വ്യവസായ പങ്കാളികളുൾപ്പെടെയുള്ള മറ്റ് സ്രോതസ്സുകളിൽനിന്നും കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്.

ടെക്നോസിറ്റിയിലെ കബനി ബിൽഡിംഗിൽ വാടകയ്ക്കെടുക്കുന്ന 10000 ചതുരശ്രയടി സ്പേസിൽ ഡിജിറ്റൽ സയൻസ് പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നതിന് ഡിജിറ്റൽ സർവ്വകലാശാലയുമായി സഹകരിക്കാൻ എഡിൻബർഗ് സർവ്വകലാശാല സമ്മതിക്കുകയും പ്രസ്തുത സർവ്വകലാശാലയുമായി ഡിജിറ്റൽ സർവ്വകലാശാല ധാരണാ പത്രത്തിൽ ഏർപ്പെടുകയുമുണ്ടായി.

(ബി) സർക്കാർ ഐ.ടി. പാർക്കുകൾ മുഖ്യമായും വിവര സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ വ്യവസായങ്ങൾ നടത്തുന്ന കമ്പനികൾക്ക് അടിസ്ഥാന സൗകര്യമൊരുക്കുന്ന ഉത്തരവാദിത്വമാണ് നിർവ്വഹിച്ചുവരുന്നത്. അനുബന്ധ മേഖലകളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് വിവരസാങ്കേതികവിദ്യാ വ്യവസായം പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയത്തിന്റെ ഭാഗമായി ഡിജിറ്റൽ മേഖലയിലെ വ്യവസായങ്ങളെല്ലാം ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള Centre of Excellence പദ്ധതികളും ആലോചിച്ചുവരുന്നു.

2022-23 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 5G ലീഡർഷിപ്പ് പാക്കേജുകളുൾപ്പെടുത്തി NH-66-ന് സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർ വരെ ഇരുപതോളം ചെറുകിട ഐ.ടി. പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി. ഇടനാഴികൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

കേരളത്തിൽ ഡിജിറ്റൽ ശാസ്ത്രത്തിലും സാങ്കേതികവിദ്യയിലും മാനവിക വിഷയങ്ങളുടെ പ്രയോഗങ്ങളിലും ഉന്നത നിലവാരത്തിലുള്ള അധ്യാപനത്തിനും നൂതന ഗവേഷണ പരിപാടികൾ നടപ്പിലാക്കുന്നതിനുമാണ് ഡിജിറ്റൽ സർവ്വകലാശാല സ്ഥാപിച്ചിട്ടുള്ളത്. വിവിധ ഡിജിറ്റൽ മേഖലകളിൽ Post-Doctoral Fellowship, അത്യാധുനിക വിഷയങ്ങളിൽ Knowledge Centre എന്നിവയ്ക്ക് ഡിജിറ്റൽ യൂണിവേഴ്സിറ്റി ഊന്നൽ നൽകിവരുന്നു. India Innovation Centre for Graphene, Centre of Excellence in Intelligent Internet of Things (IIOT) എന്നിവ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ചേർന്ന് നടപ്പിലാക്കുന്ന പദ്ധതികളാണ്.

വി.എസ്.എസ്.സി.-യുമായി ചേർന്ന് നടപ്പിലാക്കുന്ന സ്പെയിസ് പാർക്ക് പദ്ധതി, ബഹുരാഷ്ട്ര കമ്പനിയായ ടാറ്റാ കൺസൾട്ടൻസി സർവ്വീസസ് സംസ്ഥാനത്ത് സ്ഥാപിക്കുന്ന ഐ.ടി./ഐ.ടി.ഇ.എസ്. ഡാറ്റാ പ്രോസസ്സിംഗ് ക്യാമ്പസ് സൺടെക് ബിസിനസ് സൊല്യൂഷൻസ്, ഐ.ഐ.ഐ.ടി.എം.കെ., ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരള അക്കാദമി ഓഫ് സ്കിൽ എക്സലൻസ്, മറ്റ് ഐ.ടി./ഐ.ടി.ഇ.എസ്. സംരംഭങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ടെക്നോസിറ്റി ഇന്റഗ്രേറ്റഡ് പദ്ധതി സംസ്ഥാന വ്യവസായ മേഖലയ്ക്ക് വൻ മുതൽക്കൂട്ടാകും.

ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് സാർവത്രിക ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി സർക്കാർ വിഭാവനം ചെയ്ത കെ-ഫോൺ പദ്ധതിവഴി സംസ്ഥാനത്തെ മുപ്പതിനായിരത്തോളം സർക്കാർ ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ലൈബ്രറികൾ തുടങ്ങിയ സ്ഥാപനങ്ങൾക്കും തെരഞ്ഞെടുക്കപ്പെടുന്ന BPL കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കാനാണ് ലക്ഷ്യമിടുന്നത്. നിലവിൽ 9500-ൽ അധികം ഓഫീസുകൾക്ക് കണക്ഷൻ നൽകിയിട്ടുണ്ട്. Knowledge Economy എന്ന സർക്കാരിന്റെ ലക്ഷ്യം കൈവരിക്കാൻ സ്റ്റാർട്ടപ്പ് മിഷൻ പരിപാടികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇന്നൊവേഷൻ & എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് സെന്ററുകൾ അഥവാ മിനി ഇൻക്യുബേറ്ററുകൾ രൂപീകരിച്ചിട്ടുണ്ട്. അതിൽനിന്നും സാങ്കേതികാധിഷ്ഠിതമായ സ്റ്റാർട്ടപ്പുകൾ രൂപപ്പെടുവാൻ വിവിധ ഇന്നൊവേഷൻ ചലഞ്ചുകൾ നടത്തുകയും നിക്ഷേപം ലഭിക്കുന്നതിനുള്ള അവസരം നൽകുകയും ചെയ്തുവരുന്നു. കൊച്ചിയിലും തിരുവനന്തപുരത്തും സ്റ്റാർട്ടപ്പുകൾക്കായി പുതിയ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, ഡിജിറ്റൽ ഫാബ്രിക്കേഷനിൽ നൈപുണ്യ വികസനത്തിനായി കൊച്ചിയിൽ സൂപ്പർ ഫാബ് ലാബും തിരുവനന്തപുരത്ത് ഫാബ് ലാബും പ്രവർത്തിച്ചുവരുന്നു.

ഫ്രീ & ഓപ്പൺ സോഴ്സ് സോഫ്റ്റ്വെയർ മേഖലകളിൽ ICFOSS വുവടെ ചേർക്കുന്ന പ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നുണ്ട്:

ഓപ്പൺ ഐ.ഒ.റ്റി., കണ്ടന്റ് മാനേജ്മെന്റ് സിസ്റ്റം, അസിസ്റ്റീവ് ടെക്നോളജി, ഓപ്പൺ ഹാർഡ്വെയർ, ലാംഗ്വേജ് കമ്പ്യൂട്ടിംഗ്, നാച്ചുറൽ ലാംഗ്വേജ് പ്രോസസ്സിംഗ്, ഇ-ഗവേണൻസ്, ന്യൂ മീഡിയ ആർട്സ് (നവമാധ്യമ കലകൾ), ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റം (ഭൂമിശാസ്ത്രപരമായ വിവര സംവിധാനം), എഡ്യൂക്കേഷൻ & ഇൻഫർമാറ്റിക്സ്, ഡ്രോൺ ടെക്നോളജി, ഇന്ററാക്ടീവ് ഡിജിറ്റൽ കണ്ടന്റ്, ഓപ്പൺ സോഴ്സ് ഇ.ആർ.പി., ഇൻസ്റ്റക്ഷണൽ മീഡിയ, വെബ് & മൊബൈൽ ആപ്ലിക്കേഷൻ, ആർക്കൈവൽ & പ്രസന്റേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് & മെഷീൻ ലേണിംഗ്, ബിഗ് ഡാറ്റ.

ICFOSS-ന്റെ അത്യാധുനിക Open Hardware Lab വികസിപ്പിച്ച LoRaWAN അടിസ്ഥാനമാക്കിയുള്ള വിവിധ ഉപകരണങ്ങളും ഗേറ്റ്‌വേകളും തയ്യാറാക്കുന്നുണ്ട്.

ICFOSS-ന് ജവഹർലാൽ നെഹ്റു സർവ്വകലാശാലയുടെ അഫിലിയേഷൻ ലഭിച്ചിട്ടുണ്ട്.

(സി) തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്ക് ഐ.ടി. മേഖലയിൽ തൊഴിൽ നൽകുന്നതിന് കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ സ്കില്ലിംഗ് പ്രോഗ്രാമുകളും വിവിധ ടെയിനിംഗ് പ്രോഗ്രാമുകളും ആവിഷ്കരിച്ചിട്ടുണ്ട്. ഡിജിറ്റൽ സർവ്വകലാശാല തയ്യാറാക്കിയ ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽ (DWMS) രജിസ്റ്റർ ചെയ്യുന്ന തൊഴിൽരഹിതരായ അഭ്യസ്തവിദ്യർക്കാണ് ഇത് ലഭ്യമാക്കുന്നത്. ഡിജിറ്റൽ വർക്ക്ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിൽക്കൂടി രജിസ്റ്റർ ചെയ്തിട്ടുള്ള അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികളിൽനിന്നും ആറുമാസത്തിൽ കൂടുതൽ കരിയർ ബ്രേക്ക് വന്ന 101081-ഓളം സ്ത്രീകളെ കണ്ടെത്തി ആവശ്യമായ പരിശീലനം നൽകി അവരെ വീണ്ടും തൊഴിൽ മേഖലയിലേയ്ക്ക് കൊണ്ടുവരാനുള്ള നടപടികളും കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ നടത്തുന്നുണ്ട്. ആഗോള ഡിജിറ്റൽ മേഖലയിലെ ഘടനാപരമായ മാറ്റങ്ങൾക്കനുസൃതമായി വർക്ക് ഫ്രം ഹോം, വർക്ക് നിയർ ഹോം, ഫ്രീ ലാൻസ് ജോബ് എന്നിവയും DWMS സംവിധാനത്തിലൂടെ ലഭ്യമാക്കുന്നുണ്ട്. സാങ്കേതികവിദ്യയിൽ പുതിയ മേഖലകളായ Artificial Intelligence, Data Analytics, Block Chain, IoT തുടങ്ങിയവയിൽ ഹ്രസ്വകാല കോഴ്സുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

2022-23-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം കേരളത്തിന്റെ തൊഴിൽ മേഖലയുടെ വിഭവശേഷി കൂട്ടുന്നതിനും നിലനിർത്തുന്നതിനും വേണ്ടി കേരള സർക്കാരും ഐ.ടി. പാർക്കുകളും ചേർന്ന് 'ഇഗ്നൈറ്റ്' എന്ന പേരിൽ ഒരു ഇന്റേൺഷിപ് പ്രോഗ്രാം നടപ്പിലാക്കിവരുന്നു.

ശ്രീ. ആന്റണി ജോൺ: സർ, സംസ്ഥാനത്തിന് അനുയോജ്യമായ ഐ.ടി. വ്യവസായങ്ങൾ സ്ഥാപിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, സംസ്ഥാനത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ച ഉറപ്പാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള വിവിധ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്തെ ഒരു ഇലക്ട്രോണിക് ഹബ്ബാക്കുന്നതിനും ഇലക്ട്രോണിക് ഘടകങ്ങളുടെ നിർമ്മാണത്തിൽ

സ്വയംപര്യാപ്തത കൈവരിക്കുന്നതിനുമായി സെമി കണ്ടക്ടർ പാർക്കും അനുബന്ധ വ്യവസായ യൂണിറ്റും ആരംഭിക്കാൻ നടപടിയാരംഭിച്ചിട്ടുണ്ട്. ഇതിന്റെ തുടർച്ചയായാണ് ഡിജിറ്റൽ സയൻസ് പാർക്ക് സ്ഥാപിക്കുന്നത്. ആശയങ്ങളെ ഉൽപ്പന്നങ്ങളാക്കി മാറ്റുന്ന ട്രാൻസ്‌ലേഷണൽ റിസർച്ച് സെന്ററായി ഈ പാർക്ക് പ്രവർത്തിക്കും. നൂതന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള പുതിയ സംരംഭങ്ങൾ അഭ്യസ്തവിദ്യരായ യുവാക്കൾക്ക് വൻതോതിൽ തൊഴിലവസരങ്ങൾ ഉറപ്പാക്കും.

ശ്രീ. ആന്റണി ജോൺ: സർ, ഗ്രാഫീൻ ഉപയോഗം വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ അത് പ്രയോജനപ്പെടുത്താൻ സംസ്ഥാനം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

ശ്രീ. പിണറായി വിജയൻ: സർ, ഗ്രാഫീൻ ഉപയോഗം വർദ്ധിച്ചുവരുന്ന കാലഘട്ടമാണിത്. അതിന്റെ ഭാഗമായി ശാസ്ത്ര സാങ്കേതികവിദ്യയുടെ വികസനത്തിൽ വൻ മുന്നേറ്റത്തിലേയ്ക്കാണ് സംസ്ഥാനം കടക്കുന്നത്. ആദ്യത്തെ 'ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ' തൃശ്ശൂരിൽ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 'ഇന്ത്യ ഇന്നൊവേഷൻ സെന്റർ ഫോർ ഗ്രാഫീൻ' പദ്ധതി കേരള ഡിജിറ്റൽ സർവ്വകലാശാലയും സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജിയും സംയുക്തമായാണ് നടത്തുക. ടാറ്റാ സ്റ്റീലിന്റെ വ്യാവസായിക പിന്തുണ പദ്ധതിക്കുണ്ടാകും. വ്യാവസായിക മേഖലയിലുള്ള നിരവധി കമ്പനികളും ഇന്നൊവേഷൻ സെന്ററിന് പിന്തുണ നൽകി പ്രവർത്തിക്കും. ഗ്രാഫീൻ ഉപയോഗം വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ ഇത്തരമൊരു സെന്റർ സംസ്ഥാനത്ത് ആരംഭിക്കുന്നത് ഗ്രാഫീൻ ശാസ്ത്രസാങ്കേതിക മേഖലയിൽ പുതിയ യുഗത്തിന് വഴിതെളിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കേരളത്തിലെ മനുഷ്യവിഭവശേഷിയെ മികച്ച രീതിയിൽ വിനിയോഗിക്കാനും വിജ്ഞാന സമ്പദ്‌വ്യവസ്ഥയായി കേരളത്തെ മാറ്റുകയെന്ന ലക്ഷ്യത്തിലേയ്ക്ക് മുന്നേറാനും ഗ്രാഫീൻ ഇന്നൊവേഷൻ സെന്റർ വലിയ ചുവടുവയ്പാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, ഐ.ടി. മേഖലയിൽ കേരളം അത്ഭുതകരമായ വികാസമാണ് കൈവരിച്ചുവരുന്നത്. കോഴിക്കോട് സൈബർ പാർക്കിൽ അത്യാധുനിക ഡിജിറ്റൽ നൈപുണ്യ വികസനം കൂടി ലക്ഷ്യംവച്ചുകൊണ്ട് നിലവിലുള്ള സൗകര്യങ്ങൾ വിപുലപ്പെടുത്താനും കൂടുതൽ സ്ഥാപനങ്ങളും തൊഴിലും ലഭ്യമാക്കാനും കഴിയത്തക്ക നിലയിലുള്ള പുതിയ പദ്ധതികൾക്ക് ഗവൺമെന്റ് രൂപം നൽകുമോ?

ശ്രീ. പിണറായി വിജയൻ: സർ, നിലവിലുള്ള ഐ.ടി. പാർക്കുകളുടെ വികസനം വൻതോതിൽ വരണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. അതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്, കോഴിക്കോട് ഐ.ടി. പാർക്കിൽ അതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ബഹുമാന്യനായ അംഗം ഉന്നയിച്ചതുപോലെ വികസനത്തിലേയ്ക്കുള്ള വൻ കുതിപ്പായിരിക്കും അതിന്റെ ഭാഗമായുണ്ടാകുക.

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ വിദ്യാഭ്യാസ മേഖലയുടെ വലിയ തുപത്തിലുള്ള സാധ്യതകൾ സംസ്ഥാന ഗവൺമെന്റ് തിരിച്ചറിയുകയും അതിനാവശ്യമായ പ്രവർത്തനങ്ങൾ ആലോചിച്ചുവരികയുമാണല്ലോ. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ വിദ്യാഭ്യാസ മേഖലയുടെ വിപുലീകരണത്തിനായി സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാം; അത് ഏതുനിലയിൽ വിപുലപ്പെടുത്താനാണ് സർക്കാർ ആലോചിക്കുന്നത്?

ശ്രീ. പിണറായി വിജയൻ: സർ, ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശാക്തീകരണം വളരെ പ്രധാനപ്പെട്ട ഇനമായാണ് സർക്കാർ കണ്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി വിജ്ഞാന സമ്പദ്ഘടന പ്രാവർത്തികമാക്കുന്നതിനായി വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ സംസ്ഥാനത്ത് ആരംഭിക്കാൻ ഗൗരവതരമായ ശ്രമങ്ങളാണ് നടത്തുന്നത്. നാളെയുടെ സാങ്കേതികവിദ്യകളാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, മെഡിക്കൽ ഇലക്ട്രോണിക്സ്, മെഡിക്കൽ മെറ്റീരിയൽസ്, ബയോടെക്നോളജി തുടങ്ങിയവ. ഇതിനെല്ലാം ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് പ്ലാൻ ചെയ്യുന്നത്. പുത്തൻ തലമുറ സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയുള്ള പുതിയ വ്യവസായങ്ങൾ ആരംഭിക്കുന്നതിലൂടെ ആധുനിക ഗവേഷണം വികസിപ്പിക്കാനും വിജ്ഞാന സമ്പദ്വ്യവസ്ഥ ശക്തിപ്പെടുത്താനുമാണ് ലക്ഷ്യമിടുന്നത്.

ഡോ. സുജിത് വിജയൻപിള്ള: സർ, അഭ്യസ്തവിദ്യരായ തൊഴിലന്വേഷകർക്ക് വളരെയധികം പ്രതീക്ഷ നൽകുന്നതാണ് അങ്ങ് ഇപ്പോൾ പ്രഖ്യാപിച്ച ഡിജിറ്റൽ സയൻസ് പാർക്ക്. പി.പി.പി. മോഡലിലുള്ള പ്രസ്തുത പാർക്കിന്റെ പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ സാധിക്കും?

ശ്രീ. പിണറായി വിജയൻ: സർ, ഡിജിറ്റൽ സയൻസ് പാർക്ക് സമയബന്ധിതമായി പൂർത്തീകരിക്കാനാണ് നടപടികൾ സ്വീകരിക്കുന്നത്. നിർമ്മാണം ആരംഭിച്ച് 24 മാസത്തിനുള്ളിൽ ഡിജിറ്റൽ പാർക്കിന്റെ ആദ്യഘട്ടം ആരംഭിക്കാനാകും. ഒന്നര ലക്ഷം ചതുരശ്രയടി വിസ്തൃതിയിലാണ് ഒന്നാംഘട്ടം വിഭാവനം ചെയ്തിട്ടുള്ളത്. അടുത്ത അഞ്ച് മാസത്തിനുള്ളിൽ ടെക്നോസിറ്റിയിലെ

കബനി ബിൽഡിംഗിൽ പതിനായിരം സ്ക്വയർ ഫീറ്റിൽ പാർക്കിനായി ഒരുക്കുന്ന താൽക്കാലിക സൗകര്യങ്ങളുപയോഗിച്ച് ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ഇലക്ട്രോണിക് ഡിസൈൻ തുടങ്ങിയ മേഖലകളിലെ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കും.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സർ, ഉന്നത വിദ്യാഭ്യാസ രംഗത്ത് കേരളത്തെ ഒരു പുതിയ ഹബ്ബാക്കി മാറ്റാൻ ശ്രമം നടത്തുകയാണെന്ന് ഇന്നലെയും ഒരു പ്രസ്താവന കേട്ടു. അങ്ങ് ഡിജിറ്റൽ യുഗത്തെക്കുറിച്ചും പുതിയ കോഴ്സുകളെക്കുറിച്ചുമൊക്കെയാണ് ഇവിടെ പരാമർശിക്കുന്നത്. നമ്മുടെ എഞ്ചിനീയറിംഗ് കോളേജുകളിൽ പുതിയ കോഴ്സുകൾ ആരംഭിക്കാനും കുട്ടികൾ അത് പഠിക്കാനും രക്ഷിതാക്കളും നിയമസഭയുമൊക്കെ അതനുസരിച്ച് മുന്നോട്ടുപോകാനും തയ്യാറാണ്. പക്ഷെ നമ്മുടെ യൂണിവേഴ്സിറ്റികളിൽ കൺവെൻഷണൽ ടൈപ്പ് കോഴ്സുകളാണ് ഇപ്പോഴുള്ളത്. അതുമാറ്റി പുതിയ സംവിധാനത്തിലേയ്ക്ക് എല്ലാ കോഴ്സുകളും നൽകുമെന്ന് തീരുമാനിച്ചാൽ മാത്രമേ പുതിയ എഞ്ചിനീയറിംഗ് കോളേജുകളിലും മറ്റും ഇത്തരം പുതിയ കോഴ്സുകൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് യൂണിവേഴ്സിറ്റികളിലെ കൺവെൻഷണൽ കോഴ്സുകൾക്ക് പകരം സാങ്കേതികവിദ്യാധിഷ്ഠിത വിജ്ഞാന കോഴ്സുകൾ ആരംഭിക്കാൻ ആവശ്യമായ നിലപാട് സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, തീർച്ചയായും. പരമ്പരാഗത രീതിയിൽ നിന്നും കോഴ്സുകൾ മാറേണ്ടതുണ്ടെന്ന് തന്നെയാണ് സർക്കാർ കാണുന്നത്. കാലഘട്ടത്തിന് യോജിച്ചതും വിദ്യാർത്ഥികൾക്ക് ആവശ്യമായതും അവർ തേടിപ്പോകുന്നതുമായ കോഴ്സുകൾ യൂണിവേഴ്സിറ്റികളിൽ ഉണ്ടാകണമെന്ന് തന്നെയാണ് ആലോചിച്ചിട്ടുള്ളത്. അങ്ങ് പറഞ്ഞതുപോലെ അതിന്റെ ഭാഗമായുള്ള മാറ്റങ്ങൾ എഞ്ചിനീയറിംഗ് കോളേജുകളിൽ മാത്രമല്ല എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ജോബ് മൈക്കിൾ: സർ, ഡിജിറ്റൽ സാങ്കേതികവിദ്യാധിഷ്ഠിത വിജ്ഞാന വ്യവസായങ്ങളെക്കുറിച്ച് കോളേജുതലത്തിൽ വിദ്യാർത്ഥികൾക്ക് അവബോധമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ; കേരളത്തിൽ ഉന്നത നിലവാരം പുലർത്തുന്ന കോളേജുകളെ പ്രത്യേകമായി ഇതിനുവേണ്ടി തെരഞ്ഞെടുക്കാൻ സാധിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, കോളേജുകളുടെ നിലവാരത്തിനനുസരിച്ചാണ് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നത്. ഡിജിറ്റൽ സാങ്കേതികവിദ്യയുടെ വികാസത്തിന് എല്ലാ മേഖലയെയും സഹകരിപ്പിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള

നടപടികളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. നമുക്ക് ഡിജിറ്റൽ സർവ്വകലാശാല തന്നെ സ്വന്തമായുണ്ടായിരിക്കുകയാണ്. അതോടൊപ്പം യൂണിവേഴ്സിറ്റികളിലും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കാനാകും. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായിത്തന്നെ അതിനുള്ള സൗകര്യങ്ങളൊരുക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ അത്തരം കാര്യങ്ങളിൽ ഈ സ്ഥാപനങ്ങൾക്കും പങ്കുവഹിക്കാൻ കഴിയും.

ശ്രീ. വി. ജോയി: സർ, ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ച സംസ്ഥാനമാണ് കേരളം. കെ-ഫോണുമായി ബന്ധപ്പെട്ട് ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് വളരെ കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് കണക്ഷൻ നൽകുമെന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇതിനോടകം ഏതാണ്ട് പതിനായിരത്തോളം ഓഫീസുകളിൽ പ്രസ്തുത സേവനം ലഭ്യമാക്കിയിട്ടുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ബി.പി.എൽ. കുടുംബങ്ങളിൽ എന്നത്തേയ്ക്ക് ഇത് ലഭ്യമാക്കാൻ സാധിക്കുമെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ വലിയ മുന്നേറ്റമാണ് സംസ്ഥാനത്ത് ഉണ്ടാകാൻ പോകുന്നത്. ഇന്റർനെറ്റ് ഒരു അവകാശമായി പ്രഖ്യാപിച്ചുകൊണ്ടാണ് സാർവ്വത്രികമായ ഇന്റർനെറ്റ് ലഭ്യത എന്ന ലക്ഷ്യവുമായി കെ-ഫോൺ പദ്ധതി നടപ്പാക്കിയത്. ഇതിന്റെ ഭാഗമായി മുപ്പതിനായിരത്തോളം സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ലൈബ്രറികൾക്കും തെരഞ്ഞെടുക്കപ്പെടുന്ന പാവപ്പെട്ട കുടുംബങ്ങൾക്കും സൗജന്യമായും മറ്റുള്ളവർക്ക് കുറഞ്ഞ നിരക്കിലും ഇന്റർനെറ്റ് സേവനം ലഭ്യമാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. നിലവിൽ ഒൻപതിനായിരത്തി അഞ്ഞൂറിലധികം ഓഫീസുകൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച രീതിയിൽ സംസ്ഥാനത്തെ ബി.പി.എൽ. കുടുംബങ്ങളെ ഇതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ തന്നെ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഏറ്റവും ആധുനികമായ മേഖലയാണ്. ഈ മേഖലയിലെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ നാം എത്രത്തോളം പ്രാപ്തരാണ്; ആർട്ടിഫിഷ്യൽ ഇന്റലിജൻസുമായി ബന്ധപ്പെട്ട് നൂതന വിദ്യാഭ്യാസ രംഗത്ത് മാറ്റങ്ങൾ വരുത്താൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, ഇന്നത്തെയല്ല, നാളത്തെ സങ്കേതികവിദ്യയിൽപ്പെടുന്നതാണ് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് മേഖലയെന്ന് ഞാൻ നേരത്തെ സൂചിപ്പിച്ചു. അതുമായി ബന്ധപ്പെട്ട് നല്ല ഊന്നൽ നൽകാനാണ്

സർക്കാർ തയ്യാറായിട്ടുള്ളത്. നമ്മുടെ രാജ്യത്തിനകത്തും പുറത്തുമുള്ള സർവ്വകലാശാലകളും ഗവേഷകരും കൈവശമുള്ള സങ്കേതികവിദ്യയിൽ പൂർണ്ണത വരുത്തി ഉൽപ്പാദന സേവന മേഖലകളിലേയ്ക്ക് കടക്കുകയാണ്. സർവ്വകലാശാലകളിൽ സൃഷ്ടിക്കപ്പെടുന്ന ബൗദ്ധിക സ്വത്തവകാശങ്ങളെ പ്രായോഗികതലത്തിൽ സംരംഭങ്ങളിലേയ്ക്കെത്തിക്കാൻ ആവശ്യമായ സഹായം ലഭ്യമാക്കുക, വിജ്ഞാന സമ്പദ്ഘടന പ്രാവർത്തികമാക്കാൻ സഹായകമായ ഒട്ടേറെ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ ആരംഭിക്കുക, കേരളത്തിൽ നിരവധി വിജ്ഞാന വ്യവസായങ്ങൾക്ക് തുടക്കമിടുക, സങ്കേതികവിദ്യ നവീകരണത്തിനുള്ള നിക്ഷേപത്തിന്റെ വലിയ ഭാഗം സയൻസ് പാർക്കിലൂടെ നിറവേറ്റുക, ഇ-സങ്കേതികവിദ്യ ഉപയോഗിച്ച് സംസ്ഥാനത്ത് കമ്പനികൾ തുടങ്ങുക തുടങ്ങിയ കാര്യങ്ങളാണ് സംസ്ഥാനത്ത് നാം പ്രതീക്ഷിക്കുന്നത്.

ശ്രീ. കെ. ബാബു (നെന്മാറ): സർ, മേക്ക് ഇൻ ഇന്ത്യ, ഡിജിറ്റൽ ഇന്ത്യ, യംഗ് ഇന്ത്യ എന്നിങ്ങനെ വലിയ വാഗ്ദാനങ്ങളും പ്രഖ്യാപനങ്ങളും നടത്തിയാണ് 2014-ലെ പൊതുതെരഞ്ഞെടുപ്പിലൂടെ ബി.ജെ.പി.-യുടെ നേതൃത്വത്തിലുള്ള ഗവൺമെന്റ് കേന്ദ്രത്തിൽ അധികാരത്തിൽ വന്നത്. ഡിജിറ്റൽ യൂണിവേഴ്സിറ്റി, ഡിജിറ്റൽ സയൻസ് പാർക്ക്, ഡിജിറ്റൽ സങ്കേതികവിദ്യാധിഷ്ഠിതമായ വിജ്ഞാന വ്യവസായങ്ങൾ തുടങ്ങിയ ആവശ്യങ്ങൾക്ക് എതെങ്കിലും രീതിയിലുള്ള പിന്തുണയോ സാമ്പത്തിക സഹായമോ കേന്ദ്രസർക്കാരിൽനിന്ന് ലഭിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇത്തരം കാര്യങ്ങളിൽ സംസ്ഥാനത്തിന് ആവശ്യമായ സഹായം കേന്ദ്രത്തിൽനിന്നും ലഭ്യമാക്കേണ്ടത് നമ്മുടെ അവകാശമാണ്. ഇക്കാര്യത്തിൽ ഒരോ ഘട്ടത്തിലും സംസ്ഥാനം കേന്ദ്ര സർക്കാരുമായി ബന്ധപ്പെട്ട് സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

മെട്രോ റെയിൽ പദ്ധതി

2 (* 152) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടമായ ഇൻഫോ പാർക്കിലേയ്ക്കുള്ള പാതയ്ക്ക് അനുമതി നൽകുന്നതിൽ കേന്ദ്രസർക്കാർ കാലതാമസം വരുത്തിയതും അംഗീകൃത എസ്റ്റിമേറ്റ് തുക വെട്ടിക്കുറച്ചതും പദ്ധതിയെ എപ്രകാരം ബാധിക്കാനിടയുണ്ടെന്ന് വിശദമാക്കുമോ;

(ബി) മറ്റ് സംസ്ഥാനങ്ങളിലെ മെട്രോ നിർമ്മാണത്തിനായി കേന്ദ്ര സർക്കാർ ഉയർന്ന തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേന്ദ്ര സർക്കാരിന്റെ പ്രസ്തുത നിലപാട് കാരണം വളരെ കുറഞ്ഞ പലിശ നിരക്കിൽ ലഭിക്കുമായിരുന്ന വായ്പ നൽകുന്നതിൽനിന്ന് ഫ്രഞ്ച് വികസന ബാങ്ക് പിന്മാറിയത് പദ്ധതിയെ പ്രതികൂലമായി ബാധിക്കാനിടയുണ്ടോ;

(ഡി) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതി പുനഃക്രമീകരിക്കേണ്ട സാഹചര്യമുണ്ടോയെന്ന് അറിയിക്കുമോ?

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സർ, (എ) കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന് 27-7-2018-ലെ സ.ഉ.(അച്ചടി) നമ്പർ 52/2018/ഗതാ. ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ 2310 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പദ്ധതിയുടെ വിശദമായ പദ്ധതി രേഖ (Detailed Project Report) 2017-ലെ മെട്രോ റെയിൽ പോളിസിക്കനുസൃതമായി പുതുക്കി ലഭ്യമാക്കാൻ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ആവശ്യപ്പെട്ടതിൻ പ്രകാരം പദ്ധതിയുടെ ചെലവ് 1957.05 കോടി രൂപയായി പുനർ നിർണ്ണയിക്കുകയും 7-9-2022-ൽ കേന്ദ്ര മന്ത്രിസഭ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളതുമാണ്. ഇത്തരത്തിൽ അംഗീകൃത എസ്റ്റിമേറ്റിൽ വരുത്തിയ കുറവ് പദ്ധതി നടത്തിപ്പിനെ എപ്രകാരം ബാധിക്കുമെന്ന് പദ്ധതി നിർവ്വഹണത്തിലുള്ള പുരോഗതിക്കനുസരിച്ച് മാത്രമേ കണക്കാക്കാൻ സാധിക്കുകയുള്ളൂ.

(ബി) 2017-ലെ മെട്രോ റെയിൽ പോളിസി, മെട്രോ പദ്ധതികളുടെ ചെലവ് കണക്കാക്കുന്നതിന് കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം 2019 ഫെബ്രുവരിയിൽ പുറത്തിറക്കിയ ബെഞ്ച്മാർക്ക് റിപ്പോർട്ട് എന്നിവയ്ക്കനുസൃതമായാണ് എല്ലാ സംസ്ഥാനങ്ങളിലെയും മെട്രോ പദ്ധതികൾക്ക് കേന്ദ്രസർക്കാർ അനുമതി നൽകുന്നത്. അതിനാലാണ് ഓരോ സംസ്ഥാനത്തേയും മെട്രോ റെയിൽ പദ്ധതികൾക്ക് വ്യത്യസ്തമായ തുകയ്ക്ക് അംഗീകാരം നൽകിയിട്ടുള്ളത്.

(സി) കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ട നടത്തിപ്പിനായി 1016.24 കോടി രൂപ ഉഭയകക്ഷി/ബഹുമുഖ (bilateral/multilateral) ഫണ്ടിംഗ് ഏജൻസികളിൽനിന്നും വായ്പയെടുക്കാനാണ് കേന്ദ്ര സാമ്പത്തികകാര്യ മന്ത്രാലയം അനുമതി നൽകിയിട്ടുള്ളത്. DEA-യുടെ നിർദ്ദേശപ്രകാരം ബാഹ്യ ഫണ്ടിംഗ് ഏജൻസിയിൽനിന്നും Pass through Assistance ആയി വായ്പ ലഭിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നു.

കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് കേന്ദ്ര അംഗീകാരം ലഭ്യമായശേഷം പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ ധനസമാഹരണത്തിനായി ഫ്രഞ്ച് ഫണ്ടിംഗ് ഏജൻസിയെ വായ്പയ്ക്കായി സമീപിച്ചിട്ടില്ല.

(ഡി) കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയത്തിന്റെ 8-4-2021-ലെ കത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും മുൻഗണനാ പദ്ധതികളെക്കുറിച്ച് 8-9-2021-ൽ മുഖ്യമന്ത്രി നടത്തിയ അവലോകന യോഗത്തിലെ തീരുമാനം പരിഗണിച്ചും തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) നടപ്പാക്കിവരുന്ന ലൈറ്റ് മെട്രോ/മെട്രോ ലൈറ്റ് പദ്ധതികൾ, മൂന്ന് ഫ്ലൈ ഓവറുകളുടെ നിർമ്മാണം എന്നിവ 1-9-2022-ലെ സ.ഉ. (അച്ചടി) 43/2022/ഗതാ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്.

NATPAC/മറ്റ് accredited agencies വഴിയോ പുതിയ Comprehensive Mobility Plan (CMP)-ഉം, Alternative Analysis Report (AAR)-ഉം തയ്യാറാക്കി നൽകുന്നതിനനുസരിച്ച് തിരുവനന്തപുരത്തും കോഴിക്കോടും നടപ്പാക്കുന്ന ലൈറ്റ് മെട്രോ പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള പുതുക്കിയ Detailed Project Report തയ്യാറാക്കി സമർപ്പിക്കാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. പി. ചിത്തരഞ്ജൻ): സർ, നാലുവർഷം അനുമതി വൈകിപ്പിച്ചിട്ടും കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങളെല്ലാം പാലിച്ച് സമർപ്പിച്ച ഇൻഫോ പാർക്ക് പാത കേന്ദ്ര സർക്കാർ അംഗീകരിച്ച തുകയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമോ; കേന്ദ്ര വിഹിതം എത്രയാണ്; തൃപ്പൂണിത്തുറ മെട്രോലൈൻ എന്നത്തേയ്ക്ക് പ്രവർത്തനക്ഷമമാകുമെന്ന് അറിയിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, മെട്രോ റെയിൽ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് 7-9-2022-ൽ തന്നെ കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകിക്കഴിഞ്ഞു. അത് നടപ്പിലാക്കാനാണ് ഇപ്പോൾ ശ്രമിച്ചുവരുന്നത്.

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, മെട്രോ റെയിൽ പദ്ധതികൊണ്ടുള്ള നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, മെട്രോ പദ്ധതിയുടെ നേട്ടം ഇപ്പോൾ നല്ലനിലയ്ക്കുതന്നെ നാട് അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. അത് അറിയാൻ കൊച്ചിയിൽ പോയാൽ മതി. മെട്രോയിൽ നല്ല രീതിയിൽ യാത്ര ചെയ്യാൻ സാധിക്കും.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ശ്രീകാര്യത്തെ മേൽപ്പാലത്തിൽ മെട്രോപില്ലർ ഉൾപ്പെടെ നിർമ്മിക്കുന്നുണ്ട്. അതിന്റെ നിർവ്വഹണ ഏജൻസി കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) ആയിരുന്നു. പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ സ്ഥലം ഏറ്റെടുത്തുകഴിഞ്ഞു. കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്ന പ്രവൃത്തി അവസാനഘട്ടത്തിലാണ്. മേൽപ്പാല നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ KRTL ആരംഭിക്കുന്ന അവസരത്തിൽ സർക്കാർ ഈ പ്രവൃത്തി കൊച്ചി മെട്രോയെ ഏൽപ്പിക്കുകയും KRTL-നെ പിരിച്ചുവിടാൻ തീരുമാനിക്കുകയും ചെയ്തുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കൊച്ചി മെട്രോ ഇക്കാര്യത്തിൽ ഇതുവരെ ഒന്നും ചെയ്തിട്ടില്ലെന്നും മാത്രമല്ല, പിരിച്ചുവിടാൻ സർക്കാർ തീരുമാനിച്ച കമ്പനിയായ KRTL ആണ് ടി പ്രവൃത്തി നിർവ്വഹിക്കേണ്ടതെന്നുമാണ് ഇപ്പോൾ പറഞ്ഞുകേൾക്കുന്നത്. ഇക്കാര്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ പരസ്പര വിരുദ്ധമായ മറുപടിയാണ് ഇരുകൂട്ടരിൽനിന്നുമുണ്ടാകുന്നത്. ഈ പ്രോജക്ടിന്റെ പ്രാധാന്യം അങ്ങേയ്ക്ക് അറിയാവുന്നതാണ്, അങ്ങയുടെ സ്വപ്ന പദ്ധതികൂടിയാണിത്. ഇക്കാര്യങ്ങൾ കണക്കിലെടുത്ത് ഈ പ്രവൃത്തി ടെണ്ടർ ചെയ്ത് നിർവ്വഹണം നടത്തേണ്ടത് ഏത് ഏജൻസിയുടെ ഉത്തരവാദിത്വമാണ്; ഈ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ യാതൊരു ആശങ്കയുടെയും ആവശ്യമില്ല. കാരണം ഇത്തരമൊരു മാറ്റം വരാനിടയായതിനെക്കുറിച്ച് നേരത്തെ തന്നെ ഞാൻ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര ഭവന-നഗരകാര്യ മന്ത്രാലയം 8-4-2021-ൽ സംസ്ഥാന ഗവൺമെന്റിന് അയച്ച കത്തിലെ ചില നിർദ്ദേശങ്ങളുടെയും 2021 സെപ്റ്റംബറിൽ ഇവിടെ നടത്തിയ അവലോകന യോഗത്തിലെ തീരുമാനങ്ങളുടെയും അടിസ്ഥാനത്തിലാണ് KRTL നടപ്പാക്കിവന്ന ലൈറ്റ് മെട്രോ/മെട്രോ ലൈറ്റ് പദ്ധതികൾ, മൂന്ന് ഫ്ലൈ ഓവറുകളുടെ നിർമ്മാണം എന്നിവ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് കൈമാറിയത്. അതിനായി 1-9-2022-ൽ സ.ഉ. (അച്ചടി) നമ്പർ 43/2022/ഗതാ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് ഒരു ആശങ്കയും ഉണ്ടാകേണ്ടതില്ല. ഇനി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡാണ് ഈ പ്രവൃത്തി നിർവ്വഹിക്കുന്നത്.

ശ്രീ. കെ. ജെ. മാക്സി ചൂമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. വി. കെ. പ്രശാന്ത്): സർ, കെ.എം.ആർ.എൽ.-ന് കെ.ആർ.ടി.എൽ.-ന്റെ ചൂമതലയടക്കം കൈമാറിയിരിക്കുകയാണെന്നും ഇതിന്റെ ഭാഗമായി പട്ടത്തും ഉള്ളൂരുമുള്ള ഫ്ലൈഓവറുകളുടെ സ്ഥലമെടുപ്പ് അടക്കമുള്ള നടപടികൾ പൂർത്തിയായിട്ടുണ്ടെന്നും അതിന്റെ ടെണ്ടർ നടപടികൾ വേഗത്തിലാക്കുമെന്നും അങ്ങ് ഇവിടെ സൂചിപ്പിച്ചു. ഇതോടൊപ്പം തിരുവനന്തപുരം ലൈറ്റ് മെട്രോ പ്രോജക്ടിന്റെ നിലിവിലെ സ്ഥിതികൂടി വിശദമാക്കാമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ NATPAC മുതലായ അക്രഡിറ്റഡ് ഏജൻസികൾ വഴി പുതിയ comprehensive mobility plan, alternative analysis report എന്നിവ തയ്യാറാക്കി നൽകേണ്ടതുണ്ട്. അതനുസരിച്ചാണ് തിരുവനന്തപുരത്തും കോഴിക്കോടും നടപ്പാക്കുന്ന ലൈറ്റ് മെട്രോ പദ്ധതി സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചുള്ള പുതുക്കിയ ഡി.പി.ആർ. (Detailed Project Report) തയ്യാറാക്കേണ്ടത്. അതിനായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. പുതുക്കിയ ഡി.പി.ആർ.-ൽ പ്രസ്തുത വിഷയങ്ങളെല്ലാം ഉൾപ്പെടുന്നതാണ്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, കേരളത്തിലെ മൂന്ന് നഗരങ്ങളിലാണ് മെട്രോ റെയിൽ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചത്. കൊച്ചിയിൽ ഒന്നാംഘട്ടം പൂർത്തീകരിച്ചു, രണ്ടാംഘട്ടം നടന്നുകൊണ്ടിരിക്കുന്നു. തിരുവനന്തപുരത്ത് ഇതുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ കോഴിക്കോട് ആദ്യകാലത്ത് ഒരു റിപ്പോർട്ടുണ്ടാക്കിയെന്നല്ലാതെ പിന്നീട് ഇക്കാര്യത്തിൽ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ പദ്ധതി കോഴിക്കോട് നടപ്പിലാക്കുമോയെന്ന് ഇപ്പോൾ അവിടെയുള്ള മുഴുവൻ ജനങ്ങൾക്കും സംശയമുണ്ട്. കോഴിക്കോടിന്റെ കാര്യത്തിൽ സർക്കാർ പ്രത്യേക ശ്രദ്ധ ചെലുത്തുമോ?

ശ്രീ. പിണറായി വിജയൻ: സർ, തിരുവനന്തപുരത്തെക്കുറിച്ച് പരാമർശിക്കുമ്പോഴെല്ലാം കോഴിക്കോടിനെക്കുറിച്ചും പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഇവ രണ്ടും നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. അൻവർ സാദത്ത്: സർ, നമ്മുടെ രാജ്യത്തെ മെട്രോകൾക്ക് എയർപോർട്ടുമായി കണക്ടിവിറ്റിയുണ്ട്. കൊച്ചി മെട്രോ ആലുവയിൽ നിന്നാണ് ആരംഭിക്കുന്നത്. അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്ക് കൊച്ചി മെട്രോയുടെ സർവ്വീസ് നീട്ടാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; അതിനുവേണ്ടി പ്രത്യേക പഠനമോ സർവ്വേയൊ നടത്തിയിട്ടുണ്ടോ? ഈ കണക്ടിവിറ്റി അങ്കമാലി വരെ നീട്ടിയാൽ മെട്രോ കൂടുതൽ ലാഭകരമാക്കാനും നാഷണൽ ഹൈവേയിലെ തിരക്ക് കുറയ്ക്കാനും സാധിക്കും. കൊച്ചിയിലെത്തുന്ന ടൂറിസ്റ്റുകളുൾപ്പെടെയുള്ളവർക്ക് മെട്രോയിൽ കയറി എയർപോർട്ടിൽച്ചെന്ന് ഇറങ്ങാനുള്ള സാഹചര്യമുണ്ടായാൽ കൂടുതൽ യാത്രക്കാരെ ലഭിക്കുന്നതിനും അതിലൂടെ മെട്രൊ ലാഭകരമാക്കാനും സാധിക്കും. എല്ലാ രീതിയിലും ഗുണകരമായ ഈ പദ്ധതി എത്രയും വേഗം നടപ്പിലാക്കൽ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, റെയിലുമായും എയർപോർട്ടുമായും ബന്ധപ്പെട്ട് മെട്രോ ഉണ്ടാവുകയെന്നത് യാത്രക്കാർക്ക് വളരെ സൗകര്യമുണ്ടാക്കുന്ന കാര്യമാണ്. അതിന് സർക്കാരിന് തടസ്സമൊന്നുമില്ല. ഇത് എങ്ങനെ നടപ്പിലാക്കാൻ സാധിക്കുമെന്നത് കേന്ദ്ര സർക്കാരുമായി ആലോചിച്ച് നടപടി സ്വീകരിക്കാം.

ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ നടപടി

3 (*153) ശ്രീ. വാഴൂർ സോമൻ:
ശ്രീ. ഇ. കെ വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളിൽ ആരോഗ്യത്തിന് ഹാനികരമായ രീതിയിൽ മായം ചേർക്കുന്നതായുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് തടയുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകൾ നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ പ്രവർത്തനം ജനങ്ങൾക്ക് വേണ്ടത്ര പ്രയോജനകരമാകുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ നടപ്പിലാക്കിയ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്തുകൾ എന്ന പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഈ പദ്ധതി കൂടുതൽ പഞ്ചായത്തുകളിലേയ്ക്ക് വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) കേരളത്തെ ഒരു മാതൃകാ ഭക്ഷ്യ സുരക്ഷാ സംസ്ഥാനമാക്കി മാറ്റുകയെന്ന സർക്കാരിന്റെ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി നിലവിൽ എന്തെല്ലാം ഇടപെടൽ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, (എ) നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാനത്ത് വിഷരഹിതവും ഗുണനിലവാരമുള്ളതുമായ ഭക്ഷ്യവസ്തുക്കളുടെ വിപണനം ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്ഥിരമായി പരിശോധനകൾ നടത്തിവരുന്നുണ്ട്. ഇത്തരത്തിൽ നടത്തുന്ന പരിശോധനയുടെ ഭാഗമായി സാമ്പിളുകൾ ശേഖരിച്ച് ലാബിൽ നടത്തുന്ന പരിശോധനയിൽ ഗുണനിലവാരമില്ലാത്ത

ഭക്ഷ്യവസ്തു വിൽപ്പന നടത്തിയതായി റിപ്പോർട്ട് ലഭിക്കുന്നപക്ഷം അത്തരം ഭക്ഷ്യവസ്തുക്കൾ മാർക്കറ്റിൽനിന്നും നീക്കം ചെയ്യുന്നതിനും അവ ഉത്പാദിപ്പിച്ചവർക്കെതിരെയും വിറ്റവർക്കെതിരെയും പ്രോസിക്യൂഷൻ, അഡ്ജൂഡിക്കേഷൻ മുതലായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്ക് പുറമെ ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ വിശേഷാവസരങ്ങളിലും ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കൂടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് ഇടപെടലുകൾ നടത്തുന്നുണ്ട്. പരിശോധനകളിൽ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമം ലംഘിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നിയമപരമായ നടപടികൾ സ്വീകരിച്ചുപോരുന്നുവെന്ന് ഉറപ്പാക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി ഒഴിഞ്ഞുകിടന്നിരുന്ന ഫുഡ്സേഫ്റ്റി ഓഫീസർ തസ്തികകളിൽ പി.എസ്.സി.യിൽ നിന്നും അഡ്വൈസ് ലഭ്യമായ മുറയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 34 പേർക്ക് നിയമന ഉത്തരവ് നൽകുകയുണ്ടായി. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 2021 ഏപ്രിൽ മുതൽ 2022 ഒക്ടോബർ വരെ 75230 ഭക്ഷ്യ പരിശോധനകൾ നടത്തുകയും 11407 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 583 സാമ്പിളുകൾ unsafe ആയും 237 സാമ്പിളുകൾ substandard ആയും 307 സാമ്പിളുകൾ misbranded ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. ഈ കാലയളവിൽ 521 പ്രോസിക്യൂഷൻ കേസ്സുകളും 830 അഡ്ജ്യൂഡിക്കേഷൻ കേസ്സുകളും ഫയൽ ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 2021-22 കാലയളവിൽ ആകെ 111885 രജിസ്ട്രേഷനുകളും 28256 ലൈസൻസുകളും നൽകിയിട്ടുണ്ട്. ഈ വർഷം 107174 രജിസ്ട്രേഷനുകളും 23552 ലൈസൻസുകളും നൽകിയിട്ടുണ്ട്.

ഭക്ഷ്യ വിഷബാധ പോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ 24 മണിക്കൂറും പ്രവർത്തനസജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കുന്നതിനായി ജി.സി.സി. (ഗവൺമെന്റ് കോൺടാക്ട് സെന്റർ) മുഖേന പ്രവർത്തിപ്പിച്ച് വരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്.

2006-ലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റെസ്റ്റോറൻറുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യ സംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു.

ആരാധനാലയങ്ങൾ ലഭ്യമാക്കുന്ന പ്രസാദങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ " BHOG" (Blissful Hygienic Offering to God) എന്ന പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ആരാധനാലയങ്ങൾക്കും ഭക്ഷ്യസുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ ലഭ്യമാക്കിവരുന്നു.

ഭക്ഷ്യ സുരക്ഷ സംബന്ധിച്ച IEC പ്രവർത്തനങ്ങളും ശക്തമായി നടത്താനാണ് സർക്കാർ ശ്രമിക്കുന്നത്. അതിന്റെ ഭാഗമായി Food Fortification, Junk Food, Licensing & Registration, Packing & Labelling, Eat Right Initiatives, Pesticides in Vegetables & Fruits, Fish, Meat & Slaughter House, Water Quality, GHP, GMP for FBOs തുടങ്ങിയ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് KSFDC മുഖേന നിർമ്മിച്ച ഷോർട്ട് ഫിലിമുകൾ വിവിധ ദൃശ്യമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുകയും മറ്റ് സമൂഹ മാധ്യമങ്ങളിലൂടെ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്താൻ ശ്രമിക്കുകയും ചെയ്യുന്നുണ്ട്.

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ഭക്ഷണശീലം വളർത്തുന്നതിനും ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് SNF@School. 2021-22 സാമ്പത്തിക വർഷംവരെ 1603 സ്കൂളുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കികഴിഞ്ഞു. 2022-23 സാമ്പത്തിക വർഷത്തിൽ 500 സ്കൂളുകളിൽക്കൂടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് സമ്പൂർണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതി. ആയതിന്റെ ഭാഗമായി ഭക്ഷ്യ സംരംഭകർ, സ്കൂൾ വിദ്യാർത്ഥികൾ, അങ്കണവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, റെസിഡന്റ്സ് അസോസിയേഷനുകൾ, കർഷക കൂട്ടായ്മകൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ അവബോധ ക്ലാസുകൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകൾ പരിശോധിക്കുകയും ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട IEC മെറ്റീരിയലുകൾ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുകയും

ചെയ്യുന്നുണ്ട്. 2017-18 കാലഘട്ടത്തിലാണ് ടി പദ്ധതി സംസ്ഥാനത്ത് ആദ്യമായി നടപ്പിലാക്കിയത്. 433 പഞ്ചായത്തുകളിൽ ഇതിനോടകം ഈ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. 2022-23 സാമ്പത്തിക വർഷം 140 ഗ്രാമപഞ്ചായത്തുകളിൽക്കൂടി ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

സംസ്ഥാനത്ത് ഗ്രേണനിലവാരമില്ലാത്തതും ലേബൽ വിവരങ്ങൾ ഇല്ലാത്തതുമായ വെളിച്ചെണ്ണ വിൽപ്പന നടത്തുന്നതായുള്ള വാർത്തകളുടെയും പരാതികളുടെയും അടിസ്ഥാനത്തിൽ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതിയായ "ഓപ്പറേഷൻ ഓയിൽ"-ന്റെ ഭാഗമായി 201 വെളിച്ചെണ്ണ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധന നടത്തിവരുന്നു. പരിശോധനാ ഫലം ലഭ്യമായ സാമ്പിളുകളിൽ സൾഫറിന്റെയോ മറ്റ് കെമിക്കലുകളുടെയോ സാന്നിദ്ധ്യമുള്ളതായി കണ്ടെത്തിയിട്ടില്ല.

2021 ഏപ്രിൽ മുതൽ 2022 ഒക്ടോബർ വരെയുള്ള കാലയളവിൽ ഗ്രേണനിലവാരമില്ലാത്തതും ലേബൽ വിവരങ്ങളില്ലാത്തതുമായ വെളിച്ചെണ്ണ വിൽപ്പന നടത്തിയ 41 സ്ഥാപനങ്ങൾക്കെതിരെ അഡ്ജ്യൂഡിക്കേഷൻ കേസുകളും ലാബ് പരിശോധനയിൽ unsafe ആയി പരിശോധനാ ഫലം ലഭ്യമായ 3 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസ്സുകളും ഫയൽ ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് വില്പനയ്ക്കെത്തുന്ന മത്സ്യങ്ങളിൽ വ്യാപകമായി മായം ചേർക്കുന്നതായുള്ള വാർത്തകളുടെയും പൊതുജനങ്ങളിൽനിന്നും ലഭ്യമായ പരാതികളുടെയും അടിസ്ഥാനത്തിൽ മത്സ്യങ്ങളിലെ മായം കണ്ടെത്തുന്നതിനായി 'ഓപ്പറേഷൻ മത്സ്യ' എന്ന പദ്ധതിക്ക് രൂപം നൽകുകയും 2022 ഏപ്രിൽ 18 മുതൽ സംസ്ഥാന വ്യാപകമായി അന്യസംസ്ഥാനങ്ങളിൽനിന്നും ചെക്ക്പോസ്റ്റുകൾ വഴി സംസ്ഥാനത്തേയ്ക്ക് എത്തുന്നതുൾപ്പെടെയുള്ള മത്സ്യം പരിശോധിക്കുന്നതിന് ശക്തമായ ക്രമീകരണങ്ങൾ ഭക്ഷ്യസുരക്ഷാ വകുപ്പ് ഒരുക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ ഭാഗമായി നാളിതുവരെ 7866 മത്സ്യപരിശോധനകൾ നടത്തുകയും 4959 സർവ്വയലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 369 വ്യക്തികൾ/സ്ഥാപനങ്ങൾക്കെതിരെ നോട്ടീസ് നൽകുകയും 29941 കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തുടനീളം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ തുടങ്ങി മാംസാഹാര വിൽപ്പന നടത്തുന്ന സ്ഥാപനങ്ങൾ പരിശോധിക്കുന്നതിനായി രൂപീകരിച്ച ഓപ്പറേഷൻ ഷവർമ്മ എന്ന പദ്ധതിയുടെ ഭാഗമായി നാളിതുവരെ 5605 പരിശോധനകൾ നടത്തുകയും ലൈസൻസില്ലാതെ പ്രവർത്തിച്ചിരുന്ന 216

സ്ഥാപനങ്ങൾ കണ്ടെത്തുകയും വൃത്തിഹീനമായ സാഹചര്യത്തിൽ പ്രവർത്തിച്ചിരുന്ന 162 സ്ഥാപനങ്ങളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്പ്പിക്കുകയും ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ ലൈസൻസ്സെടുക്കാതെ രജിസ്ട്രേഷൻ മാത്രമെടുത്തിരുന്ന 145 സ്ഥാപനങ്ങൾക്ക് ലൈസൻസിലേയ്ക്ക് മാറുന്നതിനുള്ള നോട്ടീസ് നൽകുകയും മറ്റ് ന്യൂനതകൾ കണ്ടെത്തിയ 955 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 678 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 13,43,518 രൂപ പിഴത്തുകയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

സംസ്ഥാനത്ത് ലഭ്യമാകുന്ന ശർക്കര ഗുണനിലവാരമില്ലാത്തതാണെന്ന പരാതിയുടെ അടിസ്ഥാനത്തിൽ "ഓപ്പറേഷൻ ജാഗറി" എന്ന പേരിൽ പ്രത്യേക പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സുരക്ഷിതമല്ലാത്ത ശർക്കര നിർമ്മിച്ചതിനും വിൽപ്പന നടത്തിയതിനും 87 പ്രോസിക്യൂഷൻ കേസ്സുകളും നിലവാരമില്ലാത്തവ നിർമ്മിച്ച് വിതരണം നടത്തിയതിന് 47 അഡ്ജൂഡിക്കേഷൻ കേസ്സുകളും ഫയൽ ചെയ്തിട്ടുണ്ട്.

(ബി) കേരളത്തിലെ ഭക്ഷ്യ സുരക്ഷാ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 14 ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലാബുകൾ (Food Safety on Wheels) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഭക്ഷണ സാധനങ്ങളുടെ പരിശോധനയ്ക്കായി എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകൾ ഏർപ്പെടുത്തിയ ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. പൊതുജനങ്ങളിൽനിന്നും ലഭ്യമാകുന്ന കുടിവെള്ളം, പാൽ, ഭക്ഷ്യ എണ്ണ, എന്നിവ ടി ലബോറട്ടറികളിൽ എളുപ്പത്തിൽ പരിശോധിക്കാൻ സാധിക്കുന്നുവെന്നതാണ് ഇതിന്റെ പ്രത്യേകത. കൂടാതെ IEC പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് ബോധവൽക്കരണം നടത്തുന്നതിനും ടി ലാബുകൾ ഉപയോഗിച്ചുവരുന്നു.

(സി) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതി. ആയതിന്റെ ഭാഗമായി ഭക്ഷ്യ സംരംഭകർ, സ്കൂൾ വിദ്യാർത്ഥികൾ, അങ്കണവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷനുകൾ, കർഷക കൂട്ടായ്മകൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ അവബോധ ക്ലാസ്സുകൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകൾ പരിശോധിക്കുകയും ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട IEC മെറ്റീരിയലുകൾ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്. 2017-18 കാലഘട്ടത്തിലാണ് ടി പദ്ധതി സംസ്ഥാനത്ത് ആദ്യമായി

നടപ്പിലാക്കിയത്. 433 പഞ്ചായത്തുകളിൽ ഇതിനോടകം ഈ പദ്ധതി നടപ്പിലാക്കിക്കഴിഞ്ഞു. 2022-23 സാമ്പത്തിക വർഷം 140 ഗ്രാമപഞ്ചായത്തുകളിൽക്കൂടി ടി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. വരും വർഷങ്ങളിൽ കൂടുതൽ പഞ്ചായത്തുകളെ പദ്ധതിയിലുൾപ്പെടുത്തി മുഴുവൻ പഞ്ചായത്തുകളെയും ഭക്ഷ്യ സുരക്ഷാ പഞ്ചായത്തുകളാക്കി മാറ്റാനാണ് ലക്ഷ്യമിടുന്നത്.

(ഡി) കേരളത്തെ ഒരു മാതൃകാ ഭക്ഷ്യ സുരക്ഷാ സംസ്ഥാനമാക്കി മാറ്റുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വിഷരഹിതവും ഗുണനിലവാരമുള്ളതുമായ ഭക്ഷ്യവസ്തുക്കളുടെ വിപണനം ഉറപ്പാക്കുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് സ്ഥിരമായി പരിശോധനകൾ നടത്തിവരുന്നു. ഇത്തരം സ്റ്റാറ്റ്യൂട്ടറി പരിശോധനകൾക്കുപുറമെ ഓണം, റംസാൻ, ക്രിസ്മസ് തുടങ്ങിയ ആഘോഷ വേളകളിലും, ശബരിമല മണ്ഡല/മകരവിളക്ക് മഹോത്സവം, പ്രാദേശികമായി നടക്കുന്ന ഉത്സവങ്ങൾ, കുടിച്ചേരലുകൾ, മഴക്കാലം, വേനൽക്കാലം തുടങ്ങി പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന സന്ദർഭങ്ങളിലും പ്രത്യേക ഭക്ഷ്യ സുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തുന്നുണ്ട്. കൂടാതെ ഭക്ഷ്യ നിർമ്മാണ, സംഭരണ, വിതരണ സംരംഭകരെല്ലാം തന്നെ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ലൈസൻസ്/രജിസ്ട്രേഷൻ എടുക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിലേയ്ക്കായി ലൈസൻസ്/രജിസ്ട്രേഷൻ മേളകൾ നടത്തിവരുന്നു. ഭക്ഷ്യ സുരക്ഷാ വകുപ്പിനുകീഴിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ മൂന്ന് റീജിയണൽ അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ട ജില്ലയിൽ ഒരു ജില്ലാ ഭക്ഷ്യ പരിശോധനാ ലബോറട്ടറിയും നിലവിലുണ്ട്. കൂടാതെ കണ്ണൂർ ജില്ലയിൽ ഒരു റീജിയണൽ ലാബ് താൽക്കാലിക കെട്ടിടത്തിൽ നിലവിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ആയത് സ്വന്തം കെട്ടിടത്തിലേയ്ക്ക് മാറുന്നതോടുകൂടി പൂർണ്ണ സൗകര്യങ്ങളോടുകൂടിയ ഒരു ഭക്ഷ്യ പരിശോധനാ ലബോറട്ടറികൂടി സജ്ജമാകും. കൂടാതെ എല്ലാ ജില്ലകളിലും സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ നിലവിലുള്ള ഇന്ത്യയിലെ ആദ്യ സംസ്ഥാനമാണ് കേരളം. 2006-ലെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരം ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷ്യ ഉൽപ്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണ പദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യ സുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. ആരാധനാലയങ്ങൾ ലഭ്യമാക്കുന്ന പ്രസാദങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ " BHOG" (Blissful Hygienic Offering to God) എന്ന പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ ആരാധനാലയങ്ങൾക്കും ഭക്ഷ്യസുരക്ഷാ ലൈസൻസ്/ രജിസ്ട്രേഷൻ ലഭ്യമാക്കിവരുന്നു.

സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ഭക്ഷണശീലം വളർത്തുന്നതിനും ഭക്ഷ്യ സുരക്ഷ സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനുമായി ഭക്ഷ്യ സുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതിയാണ് Safe and Nutritious Food@School (SNF@School). ഷവർമ്മ നിർമ്മാണത്തിലും വിൽപ്പനയുമായി ബന്ധപ്പെട്ട് വൃത്തിയും സുരക്ഷയും ഉറപ്പാക്കുന്നതിലേയ്ക്കുമായി മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി 2018-19 കാലഘട്ടത്തിൽ ആവിഷ്കരിച്ച പദ്ധതിയാണ് സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷാ ഗ്രാമപഞ്ചായത്ത്. ആയതിന്റെ ഭാഗമായി ഭക്ഷ്യ സംരംഭകർ, സ്കൂൾ വിദ്യാർത്ഥികൾ, അങ്കണവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷനുകൾ, കർഷക കൂട്ടായ്മകൾ, പൊതുജനങ്ങൾ എന്നിവർക്കിടയിൽ അവബോധ ക്ലാസ്സുകൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി പഞ്ചായത്തുകളിലെ ജലസ്രോതസ്സുകൾ പരിശോധിക്കുകയും ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട IEC മെറ്റീരിയലുകൾ പഞ്ചായത്തുകൾക്ക് വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.

ശ്രീ.വാഴൂർ സോമൻ ചൂണ്ടിക്കാട്ടിയതു പ്രകാരം <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>: സർ, ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ് അതോറിറ്റി ഓഫ് ഇന്ത്യയുടെ (FSSAI) ആദ്യ ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളത്തിന്റെ സ്ഥാനം എത്രയാണ്; വിശദമാക്കാമോ?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ഭക്ഷ്യ സുരക്ഷാ സൂചികയിൽ കേരളത്തിന് ആറാം സ്ഥാനമാണുള്ളത്. ഇത് മെച്ചപ്പെടുത്തിക്കൊണ്ടുവരാനാണ് സർക്കാർ ശ്രമിക്കുന്നത്. ഫുഡ് സേഫ്റ്റി അതോറിറ്റി നിശ്ചയിക്കുന്ന ചില മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് റാങ്കിംഗ് നിശ്ചയിക്കപ്പെടുന്നത്. ഇതിൽ ഹൈജീനിക് റേറ്റിംഗ്, സ്ട്രീറ്റ് ഫുഡ് ഹബ് തുടങ്ങിയ കാര്യങ്ങളിൽ സംസ്ഥാനം വളരെ മുന്നിലാണ്. എന്നാൽ മറ്റുചില കാര്യങ്ങളിൽ സംസ്ഥാനം മുന്നോട്ടുവരേണ്ടതുണ്ട്. അതിൽ ഒന്ന് 'സേവ് ഫുഡ്, ഷെയർ ഫുഡ്' (Save Food, Share Food) എന്നുള്ളതാണ്. വിശേഷാവസരങ്ങളിൽ ധാരാളം ആളുകൾ ഒത്തുകൂടുന്നതിനായി തയ്യാറാക്കുന്ന ഭക്ഷണം അധികമായി വരികയാണെങ്കിൽ ആയത് മറ്റുള്ളവർക്ക് ഷെയർ ചെയ്യണമെന്ന് കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്നുണ്ട്. കേരളം ഒഴികെയുള്ള പല സംസ്ഥാനങ്ങളും ഈ പദ്ധതി നടപ്പിലാക്കുന്നുണ്ട്. എന്നാൽ കേരളത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിൽ കുറച്ചുകൂടി പുരോഗതി കൈവരിക്കേണ്ടതുണ്ടെന്നാണ് മനസ്സിലാക്കുന്നത്. ഇത്തരത്തിൽ അധികമായി

വരുന്ന ഭക്ഷണം സ്വീകരിക്കാനും കൊടുക്കാനും ആളുകൾക്ക് വിമുഖതയുള്ളതായി കാണുന്നുണ്ട്. എന്നാൽ ഇത്തരം ആഘോഷ വേളകൾക്കായി തയ്യാറാക്കുന്ന ഭക്ഷണത്തിന്റെ ഒരു ഭാഗം ആദ്യം തന്നെ ആവശ്യമുള്ളവർക്ക് നൽകാനുള്ള ഇടപെടലുകൾ (IEC) പ്രവർത്തനങ്ങളുടെ ഭാഗമായി ശക്തിപ്പെടുത്തിവരുന്നുണ്ട്. 'സേവ് ഫുഡ് ഷെയർ ഫുഡ്' എന്ന സംവിധാനത്തിലൂടെ കേരളത്തിന് ഭക്ഷ്യ സുരക്ഷാ സൂചികയിൽ മുന്നിലെത്താനും റാങ്കിംഗ് ഇനിയും മെച്ചപ്പെടുത്താനും സാധിക്കും.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, ഇതര സംസ്ഥാനങ്ങളിൽനിന്ന് സംസ്ഥാനത്തേയ്ക്കെത്തുന്ന മത്സ്യം, മാംസം തുടങ്ങിയ ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാര പരിശോധന വളരെ ശക്തമായി മുന്നോട്ടുകൊണ്ടുപോകണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസ് നടപ്പിലാക്കിയിട്ടുള്ളത്. പ്രത്യേക ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ രൂപീകരിച്ചുകൊണ്ടാണ് എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസ് നടപ്പിലാക്കുന്നത്. ഇതിനായി സംസ്ഥാനത്ത് ക്യാമ്പയിൻ തന്നെ ആരംഭിച്ചിട്ടുണ്ട്. നല്ല ഭക്ഷണം നാടിന്റെയും ജനങ്ങളുടെയും അവകാശമാണ്. ശുദ്ധമായ, മായമില്ലാത്ത, വിഷരഹിതമായ ഭക്ഷണം ലഭിക്കുകയെന്നത് ജനങ്ങളുടെ അവകാശമാണെന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ അതിനുവേണ്ടി നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഉദാഹരണമായി, 'ഓപ്പറേഷൻ മത്സ്യ' - സംസ്ഥാനത്തിന്റെ അതിർത്തി ചെക്ക്പോസ്റ്റിലൂടെ മറ്റു സംസ്ഥാനങ്ങളിൽനിന്ന് ധാരാളം മത്സ്യം എത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിൽ നാളിതുവരെ 7866 പരിശോധനകൾ നടത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാർ ഏതാനും മാസങ്ങൾക്കുള്ളിൽ 4959 സർവ്വയലൻസ് സാമ്പിളുകൾ ശേഖരിക്കുകയും 29941 കിലോ കേടായ മത്സ്യം നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം പ്രവർത്തനങ്ങളിലൂടെ മായം കലർന്ന ഭക്ഷ്യവസ്തുക്കളുടെ അതിർത്തി കടന്നുള്ള വരവ് തടയുന്നതിൽ ഒരു പരിധിവരെ ഫലം കാണാൻ സാധിച്ചിട്ടുണ്ട്. കാരണം ചെക്ക്പോസ്റ്റുകളിൽ ഇത്തരം പരിശോധന നടത്താൻ ആരംഭിച്ചതിന്റെ ഫലമായി കേടായ മത്സ്യങ്ങളുടെ അതിർത്തി കടന്നുള്ള വരവ് വലിയ തോതിൽ കുറഞ്ഞിട്ടുണ്ട്. ഇതുകൂടാതെ 'ഓപ്പറേഷൻ ഷവർമ്മ'-യുമായി ബന്ധപ്പെട്ട് നിരവധി പരിശോധനകൾ നടത്തുന്നുണ്ട്. അതിനുവേണ്ടി പ്രത്യേകമായി ഗൈഡ്ലൈൻസ് പുറത്തിറക്കിയിട്ടുണ്ട്. കാരണം പത്തുവർഷം മുമ്പ് ഇതുപോലെ ഷവർമ്മ കഴിച്ച് ഒരു ചെറുപ്പക്കാരൻ മരിക്കാനിടയായിട്ടുണ്ട്. സമീപകാലത്തും ചെറുവത്തൂരിൽ

ഇത്തരത്തിൽ നിർഭാഗ്യകരമായൊരു സംഭവമുണ്ടായി. അതുകൊണ്ടുതന്നെ ഇതുസംബന്ധിച്ച ഗൈഡ്‌ലൈൻസ് സർക്കാർ പുറത്തിറക്കിയിരുന്നു. ഇതിന്റെ കൂടി അടിസ്ഥാനത്തിൽ 5605 ഇൻസ്പെക്ഷനുകൾ നടത്തുകയും ന്യൂനതകൾ കണ്ടെത്തിയ 955 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും വൃത്തിഹീനമായി പ്രവർത്തിച്ചിരുന്ന 162 സ്ഥാപനങ്ങളുടെ പ്രവർത്തനം താൽക്കാലികമായി നിർത്തിവയ്പ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതുകൂടാതെ 'ഓപ്പറേഷൻ ഓയിൽ' - പ്രത്യേകിച്ച് വെളിച്ചെണ്ണയിൽ മായം കലർത്തുന്നതുമായി ബന്ധപ്പെട്ട പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയതിനുള്ള നടപടികൾ സ്വീകരിച്ചു. 41 സ്ഥാപനങ്ങൾക്കെതിരെ അഡ്ജൂഡിക്കേഷൻ കേസുകളെടുക്കുകയും 201 സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. അൺ സേഫാണെന്ന് പരിശോധനാഫലം ലഭ്യമായിട്ടുള്ള സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസും ഫയൽ ചെയ്തിട്ടുണ്ട്. അതുപോലെ 'ഓപ്പറേഷൻ ജാഗറി' എന്ന ക്യാമ്പയിന്റെ ഭാഗമായി പ്രത്യേകമായ ഇടപെടലുകളും നടത്തുന്നുണ്ട്.

ശ്രീ. ഇ. കെ. വിജയൻ: സർ, ശാസ്ത്രം പുരോഗമിക്കുന്നതോടൊപ്പം മനുഷ്യന്റെ ഭക്ഷണക്രമത്തിലും മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഫാസ്റ്റ് ഫുഡ്, റെഡി ടു ഫുഡ് എന്നിവയെ ആശ്രയിക്കാൻ അവർ നിർബ്ബന്ധിതമായിരിക്കുകയാണ്. ഇത് ജീവിതശൈലി രോഗങ്ങൾക്ക് കാരണമാകുന്നുണ്ട്. ഇവിടെ ഉല്പാദനം, സംഭരണം, വിതരണം, വില്പന തുടങ്ങിയവയിൽ സുരക്ഷിതത്വം പാലിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

ശ്രീമതി വീണാ ജോർജ്ജ്: സർ, വളരെ പ്രധാനപ്പെട്ട ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ചോദിച്ചത്. നാം ഓരോരുത്തരും കഴിക്കുന്ന ആഹാരമാണ് അവരവരുടെ ആരോഗ്യം നിശ്ചയിക്കുന്നത്. ശുദ്ധമായ-വിഷരഹിതമായ ഭക്ഷണം കഴിക്കുകയെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുവേണ്ടി സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പ് എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്. ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് യാതൊരു വിട്ടുവീഴ്ചയുമില്ലാതെ നിയമപ്രകാരം സ്വീകരിക്കേണ്ട നടപടികൾ കൃത്യമായി സ്വീകരിച്ച് മുന്നോട്ടുപോകുന്നുണ്ടെന്ന് ഈ ഘട്ടത്തിൽ ഉറപ്പാക്കുന്നുണ്ട്. എൻഫോഴ്സ്മെന്റ് നടപടികളെ ശാക്തീകരിക്കുന്നതിനായി 160 (140+20) ഫുഡ് സേഫ്റ്റി ഓഫീസർമാരാണുള്ളത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മൂപ്പത്തിനാല് പുതിയ ഫുഡ് സേഫ്റ്റി ഓഫീസർമാരെക്കൂടി നിയമിച്ചിട്ടുണ്ട്. കൂടാതെ ശേഷിക്കുന്ന പതിമൂന്ന് നിയമനങ്ങളുള്ളതിൽ അഞ്ചെണ്ണത്തിൽ കോടതി കേസ് നിലനിൽക്കുന്നുണ്ട്. ബാക്കിയുള്ള അഞ്ചുപേർക്ക് അഡ്വൈസ് മെമ്മോ അയച്ചിട്ടുണ്ട്. മൂന്നെണ്ണം സ്പെഷ്യൽ റിസർവേഷനുള്ളവയാണ്.

പ്രസ്തുത നിയമനം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭക്ഷ്യസുരക്ഷാ പ്രവർത്തനങ്ങളുടെ ഭാഗമായി ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. ഭക്ഷ്യസുരക്ഷാ പരിശോധന ശക്തിപ്പെടുത്തുന്നതിനായി മറ്റിതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് എല്ലാ ജില്ലകളിലും മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുള്ള ഏക സംസ്ഥാനമാണ് കേരളം. ഏതാനും മാസങ്ങൾക്ക് മുമ്പാണ് ആറ് ജില്ലകളിൽ മൊബൈൽ ഫുഡ് സേഫ്റ്റി ടെസ്റ്റിംഗ് ലാബുകൾ ആരംഭിച്ചത്. അങ്ങനെ പതിനാല് ജില്ലകളിലും ഇപ്പോൾ മൊബൈൽ ടെസ്റ്റിംഗ് ലാബുകളുണ്ട്. ഇതുകൂടാതെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിലായി മൂന്ന് റീജിയണൽ ലാബുകളും കണ്ണൂർ, പത്തനംതിട്ട എന്നിവിടങ്ങളിൽ ജില്ലാ ലാബുകളുമുണ്ട്. പത്തനംതിട്ടയിൽ പ്രത്യേകിച്ച് ശബരിമലയുമായി ബന്ധപ്പെട്ടാണ് ജില്ലാ ലാബ് പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ചോദിച്ചതുപോലെ ഭക്ഷ്യവിതരണവുമായി ബന്ധപ്പെട്ട് ഫുഡ് സേഫ്റ്റി അതോറിറ്റി നിഷ്കർഷിക്കുന്ന ടെയിനിംഗ് എല്ലാ ജീവനക്കാർക്കും FoSTaC Training (Food Safety Training and Certification) ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കും. മാത്രമല്ല സ്ഥാപനങ്ങൾക്ക് ലൈസൻസും രജിസ്ട്രേഷനുമുണ്ടെന്ന് ഉറപ്പാക്കുന്നതിന് ഈ ഘട്ടത്തിൽ പ്രത്യേകമായ ക്യാമ്പയിൻ സർക്കാർ നടത്തുന്നുണ്ട്. പന്ത്രണ്ടുലക്ഷം രൂപയ്ക്ക് മുകളിൽ വരുമാനമുള്ളവർക്ക് ലൈസൻസും പന്ത്രണ്ടുലക്ഷം രൂപയിൽ താഴെ വരുമാനമുള്ളവർക്ക് രജിസ്ട്രേഷനും എന്ന രീതിയിലാണ് നടപടികൾ സ്വീകരിക്കുന്നത്. കൂടുതൽ സ്ഥാപനങ്ങളെ ഇതിലേയ്ക്ക് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള അതിശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, ഭക്ഷ്യസുരക്ഷാ രംഗത്ത് കേരളം ഏറെ മുന്നിലാണ്. എന്നാൽ കഴിക്കുന്ന ഭക്ഷണത്തിൽ ആവശ്യമായ പോഷക ഘടകങ്ങളുണ്ടോയെന്ന് ചോദിച്ചാൽ തൃപ്തികരമായ ഉത്തരമല്ല വിദഗ്ധർ ഉൾപ്പെടെയുള്ളവർ നൽകുന്നത്. അരി, ഗോതമ്പ്, കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ കാർബോഹൈഡ്രേറ്റ് അടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ മലയാളികളുടെ കൊളസ്ട്രോൾ ഉൾപ്പെടെ വർദ്ധിപ്പിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നുണ്ട്. നമുക്ക് ആവശ്യമായ പ്രോട്ടീനുകളോ വിറ്റാമിനുകളോ ധാതുക്കളോ വേണ്ടത്ര അളവിൽ ലഭിക്കുന്നില്ലെന്നാണ് പൊതുവെ പറയുന്നത്. അതിന്റെ അഭാവം പരിഹരിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിദ്യാർത്ഥികൾക്കുവേണ്ടി നടപ്പാക്കിവരുന്ന 'Safe and Nutritious Food at School' എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, പോഷക സമൃദ്ധമായ ആഹാരം കഴിക്കുകയെന്നത് ഏതൊരു വ്യക്തിയെ സംബന്ധിച്ചിടത്തോളവും പ്രധാനപ്പെട്ടതാണ്. 2014-15, 2018-19 കാലയളവിൽ ദേശീയതലത്തിൽ രണ്ട്

നാഷണൽ ഹെൽത്ത് സർവ്വേ നടത്തിയപ്പോൾ രാജ്യത്ത് ഏറ്റവും വിളർച്ച (അനീമിയ) കുറവുള്ള സംസ്ഥാനം കേരളമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേരളത്തിനാണ് ഒന്നാം സ്ഥാനം. കേരളത്തിൽ 40 ശതമാനത്തിൽ താഴെ മാത്രമാണ് അനീമിയ ബാധിതരുള്ളത്. ഇതിലും മെച്ചപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. സംസ്ഥാന സർക്കാർ സ്ത്രീകൾക്കുവേണ്ടി പ്രത്യേക ക്യാമ്പയിൻ ആരംഭിക്കുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളുമായും ചർച്ച നടത്തുകയും കൃത്യമായ കർമ്മപദ്ധതി ആവിഷ്കരിക്കുകയും ചെയ്തിരുന്നു. പ്രത്യേക ജനവിഭാഗങ്ങളെ, ഉദാഹരണത്തിന് ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകസമൃദ്ധമായ ആഹാരം നൽകുന്നതിനുവേണ്ടി അങ്കണവാടികൾ വഴി സപ്ലിമെന്ററി ന്യൂട്രീഷ്യസ് ഫുഡ് പ്രോഗ്രാം സർക്കാർ നടപ്പിലാക്കുന്നുണ്ട്. പോഷകസമൃദ്ധമായ ആഹാരം കഴിക്കുകയെന്നത് വളരെ പ്രധാനപ്പെട്ടതാണ്. അതുകൊണ്ടുതന്നെ നമ്മുടെ ആഹാര ശീലങ്ങൾ മാറ്റേണ്ടതുണ്ട്. ഇതിന് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണം, പട്ടികജാതി/പട്ടികവർഗ്ഗം, ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെയുമൊക്കെ സഹകരണത്തോടെ ആവിഷ്കരിച്ച് നടപ്പിലാക്കാൻ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നമ്മുടെ ആഹാര ശീലങ്ങളെക്കുറിച്ച് ഉദാഹരണമായി പറഞ്ഞാൽ നഗരപ്രദേശങ്ങളിലെ സ്ത്രീകളിൽ വിളർച്ച കൂടുന്നുണ്ടെന്നാണ് ഇതിന്റെ ഭാഗമായി നടത്തിയ പഠനത്തിൽ കണ്ടത്. ഇക്കണോമിക്കലി എംപവേർഡായിട്ടുള്ള അല്ലെങ്കിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളിൽ വിളർച്ച കൂടുതലാണെന്നതിൽനിന്നും മനസ്സിലാക്കാൻ സാധിക്കുന്നത് അവർ ആഹാര കാര്യങ്ങളിൽ ശ്രദ്ധിക്കുന്നില്ലെന്നുള്ളതാണ്. അതിനാൽ ആഹാര ശീലങ്ങളിൽ മാറ്റമുണ്ടാകേണ്ടതായിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചോദിച്ച ചോദ്യത്തിന്റെ രണ്ടാമത്തെ ഭാഗത്തിൽ സംസ്ഥാനത്തെ വിദ്യാർത്ഥികളിൽ ആരോഗ്യകരമായ ഭക്ഷണശീലം വളർത്തുന്നതിനും ഭക്ഷ്യസുരക്ഷ സംബന്ധിച്ച അവബോധം സൃഷ്ടിക്കുന്നതിനുമാണ് ഭക്ഷ്യസുരക്ഷ വകുപ്പ് SNF@School Program നടപ്പിലാക്കുന്നത്. കഴിഞ്ഞ വർഷം 1603 സ്കൂളുകളിൽ ഈ പദ്ധതി നടപ്പിലാക്കി. 500 സ്കൂളുകളിൽ കൂടി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി സമ്പൂർണ്ണ ഭക്ഷ്യ സുരക്ഷ ഗ്രാമപഞ്ചായത്ത് പദ്ധതി കൂടി ആരംഭിച്ചിട്ടുണ്ട്. അതിൽ പ്രധാനപ്പെട്ട ജനവിഭാഗം കുട്ടികളാണ്. വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടുകൂടി സ്കൂളുകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്താനാണ് ഈ പദ്ധതിയിലൂടെ സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. മുഹമ്മദ് മുഹസിൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. പി. ബാലചന്ദ്രൻ): സർ, കേരളത്തിൽ ഫുഡ് സേഫ്റ്റി അതോറിറ്റിക്ക് കീഴിൽ ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് നിരവധി സംവിധാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സ്ക്വാഡുകൾ, എൻഫോഴ്സ്മെന്റ് അതോറിറ്റി, ക്വിക്ക് റെസ്പോൺസ് ടീം എന്നിവയൊക്കെയുണ്ടെങ്കിലും വിഷം കലർന്ന പച്ചക്കറികളും മത്സ്യവും മാംസവും നിർബാധം കേരളത്തിലേയ്ക്ക് എത്തിച്ചേരുന്നുണ്ട്. വൻകിട മാർക്കറ്റുകളെ കേന്ദ്രീകരിച്ചാണ് ഇതെല്ലാം എത്തിച്ചേരുന്നത് എന്നുള്ളതുകൊണ്ട് കേരളത്തിലെ നഗരങ്ങളിൽ പ്രവർത്തിക്കുന്ന വൻകിട മാർക്കറ്റുകളോടനുബന്ധിച്ച് ഫുഡ് സേഫ്റ്റി അതോറിറ്റിയുടെ കീഴിൽ ടെസ്റ്റ് ലാബുകൾ സ്ഥാപിക്കാൻ കഴിയുമോ; മൂന്ന് റീജിയണൽ ലാബുകളാണ് സംസ്ഥാനത്തുള്ളത്. അവിടെനിന്നും ടെസ്റ്റ് റിപ്പോർട്ടുകൾ ലഭിച്ച് കേസ് രജിസ്റ്റർ ചെയ്ത് തൊണ്ടി മുതൽ നശിപ്പിക്കാൻ ആഴ്ചകളോളം സമയമെടുക്കും. മാർക്കറ്റുകളുമായി ബന്ധപ്പെട്ട് അടിസ്ഥാന പരിശോധനകൾ നടക്കുകയാണെങ്കിൽ അവിടെ വിൽക്കുന്ന സാധനങ്ങൾ വിഷരഹിതമാണെന്ന് ഉറപ്പിച്ചുപറയാൻ സാധിക്കും. അതിനുള്ള സംവിധാനങ്ങൾ സൃഷ്ടിക്കാൻ ഗവൺമെന്റിന് ഉദ്ദേശ്യമുണ്ടോ?

ശ്രീമതി വീണാ ജോർജ്ജ്: സർ, പരമാവധി പരിശോധനാ സംവിധാനങ്ങൾ വികേന്ദ്രീകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. കാരണം സുരക്ഷിതമായ ഭക്ഷണം കഴിക്കുകയെന്നത് ജനങ്ങളുടെ അവകാശമാണ്. എൻഫോഴ്സ്മെന്റ് ആക്ടിവിറ്റീസ് ശക്തിപ്പെടുത്തുന്നതിനോടൊപ്പം ശേഖരിക്കുന്ന സാമ്പിളുകൾ കൃത്യമായും സമയബന്ധിതമായും പരിശോധിച്ച് നിയമനടപടികൾ സ്വീകരിക്കുകയെന്നതും വളരെ പ്രധാനപ്പെട്ട കാര്യമാണ്. ഈ ഘട്ടത്തിൽ വകുപ്പ് ചെയ്യുന്ന കാര്യം സ്ക്വാഡുകൾ പരിശോധന നടത്തുന്നുവെന്ന വാർത്തകൾ വരുന്നുവെന്നതിനപ്പുറത്തേയ്ക്ക് ഇങ്ങനെ നടത്തുന്ന പ്രവർത്തനങ്ങളിലൂടെ എത്ര നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ആ നിയമ നടപടികളിൽ എത്രത്തോളം പുരോഗതിയുണ്ടായിട്ടുണ്ട്; കുറ്റം ചെയ്തവർക്കെതിരെ ശിക്ഷ ലഭിക്കുന്ന രീതിയിലുള്ള ശക്തവും കൃത്യവുമായ എത്ര ഇടപെടലുകളുണ്ടാകുന്നുണ്ടെന്നുള്ള മോണിറ്ററിംഗ് കൂടി സംസ്ഥാനതലത്തിൽ ആരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ മൂന്ന് റീജിയണൽ ലാബുകളാണ് നമുക്കുള്ളത്. കണ്ണൂരും പത്തനംതിട്ടയിലും രണ്ട് ജില്ലാ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. അതുകൂടാതെ സഞ്ചരിക്കുന്ന മൊബൈൽ ടെസ്റ്റിംഗ് ലാബുകളുമുണ്ട്. അതിൽ എല്ലാ പരിശോധനയും നടത്താൻ കഴിയില്ല. പാൽ, വെള്ളം, എണ്ണ എന്നിവയിൽ പ്രാഥമിക പരിശോധനകൾ നടത്താൻ കഴിയും. ഒരു ജില്ലയിൽ ഏതെങ്കിലുമൊരു റസിഡന്റ്സ് അസോസിയേഷൻ/ സ്ഥാപനം/മാർക്കറ്റ് പ്ലെയ്സിൽ ഇങ്ങനെയൊരു പ്രശ്നമുണ്ടെന്ന് പറഞ്ഞ് അവിടേയ്ക്ക്

ക്ഷണിച്ചാൽ ഒരു ദിവസം മൊബൈൽ ടെസ്റ്റിംഗ് ലാബ് അവിടെയുണ്ടാകും. ജനങ്ങൾക്ക് സാമ്പിളുകൾ കൊണ്ടുകൊടുക്കാവുന്നതാണ്. അത് പരിശോധിക്കും. അവിടെ പരിശോധിക്കാൻ കഴിയാത്ത കൂടുതൽ സാങ്കേതിക പരിശോധനകൾ ആവശ്യമുള്ള സാമ്പിളുകൾ അതത് റീജിയണൽ ലാബുകളിലേയ്ക്ക് അയച്ച് പരിശോധിപ്പിക്കുന്നതിനുവേണ്ടിയാണ് ശ്രമിക്കുന്നത്. ഏതായാലും കൂടുതൽ പരിശോധനാ സംവിധാനങ്ങൾ ഉണ്ടാകണമെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമായി സർക്കാർ കാണുകയും അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഇപ്പോൾ ശബരിമലയുമായി ബന്ധപ്പെട്ട് മണ്ഡല/മകരവിളക്ക് കാലത്ത് പമ്പയിലും സന്നിധാനത്തും ദേവസ്വം ബോർഡിന്റെ സഹകരണത്തോടെ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. കുടിവെള്ളവും മറ്റ് ഭക്ഷ്യവസ്തുക്കളും അവിടെ പരിശോധിക്കുന്നുണ്ട്. ആ രീതിയിൽ പ്രത്യേകമായ ഇടപെടലുകൾ നടത്തുന്നതിനുമപ്പുറം സ്ഥിരം സംവിധാനത്തിൽ കൂടുതൽ ലാബുകൾ ഉണ്ടാകണമെന്ന് തന്നെയാണ് സർക്കാർ കാണുന്നത്.

<u>ശ്രീ. പി. അബ്ദുൽ ഹമീദ്</u>: സർ, നിലവാരമില്ലാത്ത ഭക്ഷ്യവസ്തുക്കൾ ജനങ്ങളിലേയ്ക്കെത്തുന്നില്ലെന്ന് ഉറപ്പുവരുത്താൻ ഭക്ഷ്യ സുരക്ഷാ വകുപ്പ് പരാജയപ്പെടുന്നുവെന്നുള്ള സി.&എ.ജി. റിപ്പോർട്ട് നാം കണ്ടതാണ്. എല്ലാ ജില്ലകളിലും ലാബ് സംവിധാനങ്ങളുണ്ടെങ്കിൽപ്പോലും ഭക്ഷ്യവസ്തുക്കളുടെ എല്ലാ ഘടകങ്ങളും പരിശോധിക്കാനുള്ള സംവിധാനം നമ്മുടെ ലബോറട്ടറികളിലില്ല. നാട്ടിലെ പല ഭക്ഷണശാലകളുടെയും കണക്കുകൾപോലും വകുപ്പിന്റെ കൈവശമില്ല. കാലഹരണപ്പെട്ട ഉല്പന്നങ്ങൾ പല സൂപ്പർ/ഹൈപ്പർ മാർക്കറ്റുകളിലും സുഗമമായി വിറ്റഴിക്കുന്നുണ്ട്. ഇവ പരിഹരിക്കുന്നതിന് വകുപ്പിലെ എൻഫോഴ്സ്മെന്റ് ടീമിനെ ശാക്തീകരിക്കുക എന്നതാണ് ഏറ്റവും ഉചിതമായ നടപടി. അതിനുള്ള എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ഈ സർക്കാരിന്റെ കാലഘട്ടത്തിലാണ് ഭക്ഷ്യസുരക്ഷാ വകുപ്പിന് മികച്ച പ്രകടനത്തിന് ദേശീയതലത്തിൽ അംഗീകാരം ലഭ്യമായത്. ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തി മുന്നോട്ടുപോകുന്നതിനുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തുന്നത്. ഭക്ഷണശാലകളിലും റസ്റ്റോറന്റുകളിലും ഇക്കാലത്ത് സർക്കാർ മറ്റൊരു ഇടപെടൽ കൂടി നടത്തുന്നുണ്ട്. ഹോട്ടൽ അസോസിയേഷനുകളെയെല്ലാം വിളിച്ചുവരുത്തി ചർച്ച ചെയ്ത് ഹൈജീൻ റേറ്റിംഗ് ഏർപ്പെടുത്തുകയാണ്. അതായത് അവിടത്തെ ശുചിത്വം, സെർവ് ചെയ്യുന്നവർക്കും ആഹാരം പാചകം ചെയ്യുന്നവർക്കുമുൾപ്പെടെ ടെയിനിംഗ് ലഭ്യമായതും അവരുടെ ശുചിത്വം എന്നിവയെല്ലാം കണക്കിലെടുത്തുകൊണ്ട് എല്ലാ ഘടകങ്ങളും പരിശോധിച്ച് 5 സ്റ്റാർ അല്ലെങ്കിൽ

4, 3 സ്റ്റാർ എന്ന രീതിയിൽ ഹൈജീനിക് റേറ്റിംഗ് ഏർപ്പെടുത്തിയിട്ടുണ്ട്. ഏറ്റവും സന്തോഷമുള്ള കാര്യം ഇതുവരെ 847 ഹോട്ടലുകൾക്ക് ഹൈജീൻ റേറ്റിംഗ് കൊടുക്കാൻ സാധിച്ചിട്ടുണ്ടെന്നുള്ളതാണ്. ഇത് പൊതുജനങ്ങൾക്ക് കാണുന്നതിനുവേണ്ടി പ്രത്യേകമായി ഒരു പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. അത് മൊബൈലിൽ ഡൗൺലോഡ് ചെയ്യാൻ സാധിക്കും. തിരുവനന്തപുരത്തോ എറണാകുളത്തോ ചെല്ലുമ്പോൾ ഏറ്റവും കൂടുതൽ ഹൈജീൻ റേറ്റിംഗുള്ള ഹോട്ടൽ/റെസ്റ്റോറന്റ് ഏതാണെന്ന് ആളുകൾക്ക് കാണാൻ കഴിയുന്ന രീതിയിലാണത്. അങ്ങനെ ഹൈജീൻ റേറ്റിംഗുള്ള ഹോട്ടലിലും റെസ്റ്റോറന്റിലും പോകുമ്പോൾ വൃത്തിഹീനമായ ഭക്ഷണ പദാർത്ഥങ്ങളോ/സാഹചര്യങ്ങളോ കണ്ടാൽ ആയതിന്റെ ഫോട്ടോയെടുത്ത് അയച്ചുകൊടുക്കുന്നതിനും പരാതി നൽകുന്നതിനുമുള്ള സംവിധാനമാണത്. പൊതുജനങ്ങൾക്ക് ഉടൻതന്നെ വകുപ്പുമായി ആശയവിനിമയം നടത്തുന്നതിനുള്ള ഗ്രീവൻസ് പോർട്ടൽ കൂടി അതിന്റെ ഭാഗമായിട്ടുണ്ട്. ഫോട്ടോയും വീഡിയോയുമുൾപ്പെടെ അപ്ലോഡ് ചെയ്യുന്നതിനുള്ള സംവിധാനമാണത്. ആ രീതിയിൽ എല്ലാ ഭക്ഷണശാലകളെയും ഹോട്ടലുകളെയും റെസ്റ്റോറന്റുകളെയും റേറ്റ് ചെയ്തുകൊണ്ട് പുതിയൊരു ഇടപെടൽ കൂടി സർക്കാർ നടത്തുന്നുണ്ട്. അത് വളരെ ഇന്ററാക്ടീവ് ആണ്. ആളുകൾക്ക് നേരിട്ട് വകുപ്പിനെ കാര്യങ്ങൾ അറിയിക്കുകയും ചെയ്യാം.

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, കേന്ദ്രഗവൺമെന്റ് നൽകുന്ന ഫോർട്ടിഫൈഡ് റൈസ് 2021 മുതൽ അങ്കണവാടികളിൽ വിതരണം ചെയ്യുന്നുണ്ട്. ഫോർട്ടിഫൈഡ് റൈസിനെ സംബന്ധിച്ച് പഠനം നടത്തണമെന്ന് ഭക്ഷ്യ വകുപ്പ് ആവശ്യപ്പെട്ടിട്ടും ആരോഗ്യ വകുപ്പ് അതിനായി നടപടിയെടുക്കുന്നില്ലെന്ന ആക്ഷേപം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എല്ലാ തലത്തിലുള്ള ഭക്ഷ്യവിതരണവും പരിശോധനാ വിധേയമാക്കേണ്ടതാണ്. അങ്കണവാടികൾ കൂടുതൽ ശ്രദ്ധിക്കപ്പെടേണ്ട മേഖലയാണെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാം. ഇതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, വാസ്തവവിരുദ്ധമായ കാര്യമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി ശ്രീ. ജി. ആർ. അനിൽ ഒരു കത്ത് നൽകിയിരുന്നു. പൊതുസമൂഹത്തിൽ ഫോർട്ടിഫൈഡ് റൈസിനെ സംബന്ധിച്ച് രണ്ട് രീതിയിലുള്ള അഭിപ്രായമുണ്ടായ സാഹചര്യത്തിൽ വിദഗ്ധമായ അഭിപ്രായമെന്താണെന്ന് അറിയിക്കണമെന്നാണ് അദ്ദേഹം കത്തിലൂടെ ആവശ്യപ്പെട്ടിരുന്നത്. അതുപ്രകാരം ഒരു വിദഗ്ധസമിതി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത സമിതി പഠിച്ച് ഭക്ഷ്യ പൊതുവിതരണ വകുപ്പിന് റിപ്പോർട്ട് നൽകുന്നതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീമതി ശാന്തകുമാരി കെ.: സർ, കേരള നിയമസഭയുടെ ഏഴാം സമ്മേളനം നടക്കുമ്പോൾ ഞാനും ബഹുമാനപ്പെട്ട ഇ. കെ. വിജയൻ എം.എൽ.എ.-യും ആസ്ട്രേലിയയുടെ തലസ്ഥാനമായ കാൻബറയിൽ നടന്ന ഒരു അന്താരാഷ്ട്ര മീറ്റിൽ പങ്കെടുക്കുകയായിരുന്നു. ഈ വിഷയം ഭക്ഷ്യവുമായി ബന്ധപ്പെട്ടതായതുകൊണ്ടാണ് അതുമായി താരതമ്യപ്പെടുത്തി പറയാൻ ഞാൻ ആഗ്രഹിക്കുന്നത്. ഞങ്ങൾ അഞ്ച് ദിവസവും അവിടെ ബർഗറും സാൻവിച്ചും ജ്യൂസുമൊക്കെയാണ് കഴിച്ചത്. അവയെല്ലാം അവിടത്തെ കാലാവസ്ഥയ്ക്ക് ഇണങ്ങുന്നതായതിനാൽ മറ്റ് പ്രശ്നങ്ങളൊന്നുമുണ്ടായില്ല.

മി. സ്പീക്കർ: ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീമതി ശാന്തകുമാരി കെ.: സർ, ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട് കേരളത്തിൽ നല്ല നടപടികളാണ് സ്വീകരിച്ചുവരുന്നത്. നമ്മുടെ കുട്ടികൾ ജങ്ക് ഫുഡ് വ്യാപകമായി ഉപയോഗിക്കുന്ന ശീലം അടുത്തകാലത്തായി വന്നിട്ടുണ്ട്. പ്രത്യേകിച്ചും സ്കൂളുകളും കോളേജുകളുമായി ബന്ധപ്പെട്ട് ജങ്ക് ഫുഡ് വ്യാപകമായി വിതരണം ചെയ്യുന്ന രീതി ഉണ്ടായിട്ടുണ്ട്. അത്തരം കടകളിൽ ക്വാളിറ്റി അഷ്വർ ചെയ്യാൻ കഴിയുന്ന ലൈസൻസികൾക്ക് മാത്രമേ ഇത്തരം ആഹാര പദാർത്ഥങ്ങൾ വിൽക്കാൻ സാധിക്കുകയുള്ളുവെന്ന തരത്തിലുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ സർക്കാർ ലക്ഷ്യമിടുന്നുണ്ടോ?

ശ്രീമതി വീണാ ജോർജ്: സർ, ഫുഡ് സേഫ്റ്റി ആക്ട് പ്രകാരം കൃത്യമായ നടപടികൾ സ്വീകരിച്ചുകൊണ്ട് തന്നെയാണ് സർക്കാർ മുന്നോട്ടുപോകുന്നത്. നേരത്തേ പറഞ്ഞതുപോലെ ലൈസൻസ് ആവശ്യമായ കടകളിൽ അതുണ്ടാകണം. സമയബന്ധിതമായി ലൈസൻസും രജിസ്ട്രേഷനും ഉണ്ടാകണമെന്നുള്ള നിഷ്കർഷ കൂടി സർക്കാർ വയ്ക്കുന്നുണ്ട്. ഇതിനുള്ള സമയപരിധി അനന്തമായി നീട്ടിക്കൊണ്ടുപോകാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല. അതുകൊണ്ട് സമയബന്ധിതമായി ലൈസൻസ് എടുക്കണം. 12 ലക്ഷം രൂപയ്ക്ക് താഴെ വരുമാനമുള്ളവർ രജിസ്ട്രേഷൻ എടുക്കണം. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ആഹാരം പാകം ചെയ്യുന്നവർക്കും വിതരണം ചെയ്യുന്നവർക്കുമുൾപ്പെടെ ഫുഡ്സേഫ്റ്റിയുടെ പ്രത്യേകം FoSTaC (Food Safety Training and Certification) ട്രെയിനിംഗ് ഉണ്ടാകുന്നുണ്ടെന്നുള്ളത് ഉറപ്പാക്കണം. ഈ രീതിയിലുള്ള ഘടകങ്ങളുണ്ടെങ്കിൽ മാത്രമെ നേരത്തേ പറഞ്ഞതുപോലെ പോർട്ടൽ കൊണ്ടുവന്നത് പ്രയോജനപ്പെടുകയുള്ളൂ. ഹൈജീൻ റേറ്റിംഗുള്ള ഹോട്ടലുകളിലും റസ്റ്റോറന്റുകളിലും പോകാനാണ് എല്ലാവരും താൽപ്പര്യപ്പെടുന്നത്. ഈ ഘടകങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ടാണ് ആ രീതിയിലുള്ള റേറ്റിംഗ് നൽകുന്നത്. നിശ്ചയമായും ആരോഗ്യകരമായ ഒരു മത്സരം റെസ്റ്റോറന്റുകൾക്കും ഹോട്ടലുകൾക്കുമിടയിൽ അല്ലെങ്കിൽ ഇതുപോലെയുള്ള സ്ഥാപനങ്ങളിലും ഇതുമൂലം ഉണ്ടാകുമെന്ന് തന്നെയാണ് സർക്കാർ കരുതുന്നത്.

സിൽവർ ലൈൻ പദ്ധതി

4 (*154) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെയിൽവേ എന്ന വിഷയം ഭരണഘടനയുടെ ഏഴാം പട്ടികയിലെ യൂണിയൻ ലിസ്റ്റിൽ ഉൾപ്പെട്ടിരിക്കുന്നതിനാൽ റെയിൽവേ പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ആവശ്യമാണെന്നത് വസ്തുതയാണോ;

(ബി) സിൽവർ ലൈൻ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിനുമുമ്പ് പദ്ധതിയുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(സി) സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. അപൂർണ്ണമാണെന്ന് കേന്ദ്ര സർക്കാർ സംസ്ഥാനത്തെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ ഡി.പി.ആർ. അംഗീകരിക്കുന്നതിനുമുമ്പ് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോയതുകാരണം സംസ്ഥാന ഖജനാവിന് വലിയ സാമ്പത്തിക നഷ്ടമുണ്ടായിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, (എ) അതെ.

(ബി) സിൽവർ ലൈൻ പദ്ധതിക്ക് റെയിൽവേ ബോർഡിന്റെ 23-4-2019-ലെ സർക്കുലർ നമ്പർ 2018/JVCell/Genl/SPV/Policy/2 പ്രകാരവും ധനകാര്യ മന്ത്രാലയത്തിന്റെ 5-8-2016-ലെ No. 24(35)/PF-II 2012 സർക്കുലർ പ്രകാരവുമുള്ള നിക്ഷേപപൂർവ്വ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്താനുള്ള അംഗീകാരം ലഭ്യമായതിനുശേഷമാണ് പ്രസ്തുത പ്രവർത്തനങ്ങളുമായി മുന്നോട്ടുപോയത്. ഇക്കാര്യത്തിൽ കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി നൽകിയ കത്ത് അനുബന്ധമായി *ചേർക്കുന്നു.

(സി) സിൽവർ ലൈൻ പദ്ധതിയുടെ ഡി.പി.ആർ. അപൂർണ്ണമാണെന്ന് കേന്ദ്രസർക്കാർ അറിയിച്ചിട്ടില്ല. കേന്ദ്ര ധനകാര്യമന്ത്രാലയത്തിന്റെയും റെയിൽ മന്ത്രാലയത്തിന്റെയും മാനദണ്ഡങ്ങൾക്കും അംഗീകാരങ്ങൾക്കും അനുസരിച്ചാണ് ഭൂമിയേറ്റെടുക്കൽ നടപടിക്രമങ്ങൾ ഉൾപ്പെടെയുള്ള നിക്ഷേപപൂർവ്വ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോയത്. ആയതിനാൽ പ്രസ്തുത പ്രവർത്തനങ്ങൾക്കായി ചെലവാക്കിയ തുക തികച്ചും നിയമവിധേയമാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, സിൽവർ ലൈനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ താൽക്കാലികമായി മരവിച്ചിരിക്കുകയാണെന്നാണ് കഴിഞ്ഞ ദിവസം അടിയന്തരപ്രമേയ ചർച്ചയ്ക്ക് അങ്ങും റവന്യൂ വകുപ്പുമന്ത്രിയും നൽകിയ മറുപടിയിൽനിന്നും സഭയ്ക്കും കേരളത്തിനും മനസ്സിലായത്. എന്നാൽ റവന്യൂ സംബന്ധമായ നോട്ടിഫിക്കേഷനുകളെല്ലാം ഫ്രീസ് ചെയ്യപ്പെടുന്നുവെന്നതുകൊണ്ട് യാതൊരു കാര്യവുമില്ല. ആ ഭൂമിയിൽ ഇപ്പോൾ യാതൊരുവിധ ക്രയവിക്രയവും നടത്താൻ സാധിക്കാത്ത സ്ഥിതിയാണ്. വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ വായ്പപോലും എടുക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് ഇറക്കിയ ഉത്തരവുകൾ പിൻവലിക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ബഹുമാനപ്പെട്ട അംഗം ചോദ്യത്തിന്റെ ആദ്യഭാഗത്തിൽ സൂചിപ്പിച്ചതുപോലെ ഈ പദ്ധതി മരവിപ്പിച്ചുവെന്ന തരത്തിൽ സർക്കാർ യാതൊന്നും വ്യക്തമാക്കിയിട്ടില്ല. കേന്ദ്രസർക്കാരിന്റെ അനുമതി കിട്ടിയതിനുശേഷം മാത്രമേ ഈ പദ്ധതിയുടെ നടപടികൾ ത്വരിതപ്പെടുത്താൻ കഴിയുകയുള്ളൂ. കേന്ദ്രാനുമതി ലഭിക്കുന്നതിനുമുമ്പ് ചില നടപടികൾ സ്വീകരിച്ചുവെന്നത് ശരിയാണ്. ഇവിടെ പരാമർശിച്ചതുപോലെ റെയിൽവേയുടെ അനുമതിയും ധനകാര്യ മന്ത്രാലയത്തിന്റെ അനുമതിയുമെല്ലാം ഒരു തലത്തിൽ ലഭിച്ചപ്പോൾ വളരെ വേഗം ഇതുപോലൊരു പദ്ധതിക്ക് കേന്ദ്രാനുമതി ലഭ്യമാകുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. അപ്പോൾ അത്തരമൊരു പദ്ധതിക്ക് അനുമതി ലഭിച്ചുകഴിഞ്ഞതിനുശേഷം നടപടികൾ സ്വീകരിക്കുന്നതിനുപകരം അതിനുമുമ്പ് ചെയ്യാൻ കഴിയുന്ന കാര്യങ്ങൾ ആദ്യം തന്നെ പൂർത്തിയാക്കിയാൽ വേഗം ഈ പദ്ധതിയുടെ അവസാന ഘട്ടത്തിലേയ്ക്ക് എത്താൻ സാധിക്കും. അതാണ് ധനകാര്യ മന്ത്രി അയച്ച കത്തിലും സൂചിപ്പിച്ചിരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാന ഗവൺമെന്റ് നടപടികൾ ആരംഭിച്ചത്. പക്ഷെ, പദ്ധതിക്കെതിരെ രാഷ്ട്രീയപരമായ നീക്കങ്ങളുണ്ടായപ്പോൾ ആ നീക്കത്തിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്താൻ കഴിയുന്ന കേന്ദ്ര ഭരണകക്ഷികൂടി ഉൾപ്പെടുവെന്ന് വന്നപ്പോൾ കേന്ദ്ര ഗവൺമെന്റുതന്നെ ഇക്കാര്യത്തിൽ അറച്ചുനിൽക്കുന്ന സമീപനം സ്വീകരിച്ചു. അറച്ചുനിൽപ്പ് മാത്രമല്ല, ഇതിനെതിരെയുള്ള ചില വർത്തമാനങ്ങളും ഉത്തരവാദപ്പെട്ടവരുടെ ഭാഗത്തുനിന്നുമുണ്ടായി. അങ്ങനെ വരുമ്പോൾ ഇത് നല്ലൊരു കാര്യമാണെന്ന് സംസ്ഥാന സർക്കാർ മാത്രം ആഗ്രഹിച്ചതുകൊണ്ട് കാര്യമില്ല. അത് നടപ്പാകണമെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടിയേ തീരൂ. അത് ആവശ്യമാണ്. അനുമതിക്കെതിരെയുള്ള വർത്തമാനമാണ് ഒരു ഘട്ടം കഴിഞ്ഞപ്പോൾ കേന്ദ്ര സർക്കാരിൽനിന്നും തുടരെത്തുടരെയുണ്ടായിട്ടുള്ളത്. ആ സാഹചര്യത്തിൽ അനുമതിക്കുശേഷമാകാം മറ്റ് പ്രവർത്തനങ്ങളെന്ന് സർക്കാർ തീരുമാനിക്കുകയായിരുന്നു. ഏതായാലും കഴിഞ്ഞ തവണ സഭയിൽ വ്യക്തമാക്കിയതുപോലെ ഇന്നല്ലെങ്കിൽ നാളെ ഈ പദ്ധതിക്ക്

അനുമതി നൽകേണ്ടിവരുമെന്ന കാര്യത്തിൽ തർക്കമേയില്ല. അനുമതി ലഭിച്ചതിനുശേഷം നടപടികളുമായി മുന്നോട്ടുപോകാമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഈ സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് ആളുകൾക്ക് മറ്റ് ബുദ്ധിമുട്ടുകളുണ്ടാകേണ്ടതില്ല. ആരുടെയും സ്ഥലം അക്വയർ ചെയ്യുകയോ ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല. ഒരു തരത്തിലുള്ള സാങ്കേതിക തടസ്സവും ആ സ്ഥലവുമായി ബന്ധപ്പെട്ടില്ല. എന്നാൽ അതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ പിൻവലിക്കേണ്ട ആവശ്യവും വരുന്നില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ഈ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടില്ലെന്ന് അങ്ങ് പറഞ്ഞുകഴിഞ്ഞു. കേന്ദ്രാനുമതി ലഭിച്ചിട്ടില്ലാത്ത ഒരു പദ്ധതിയെ എതിർക്കാൻ ഏതൊരു പൗരനും ജനാധിപത്യത്തിൽ അവകാശമുണ്ട്. അത്തരത്തിൽ ഈ പദ്ധതിയെ എതിർത്ത ഈ നാട്ടിലെ സാധാരണക്കാർ, സ്ത്രീകൾ, കുട്ടികൾ, വയോധികർ, രോഗികൾ എന്നിവർക്കെല്ലാമെതിരെ സർക്കാർ നിയമവിരുദ്ധമായി എടുത്ത കേസുകൾ അടിയന്തരമായി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇവിടെ എതിർക്കണോ വേണ്ടയോ എന്നുള്ളത് അവരവർ തന്നെ തീരുമാനിക്കേണ്ട കാര്യമാണ്. അത് അവരവർ തന്നെ തീരുമാനിച്ച് നടപ്പാക്കുകയാണല്ലോ ചെയ്യുവരുന്നത്. പക്ഷെ, ഇതുപോലൊരു പദ്ധതിയെ എതിർക്കുന്നതിന്റെ വശം സാധാരണഗതിയിൽ പിടികിട്ടുന്നില്ലെന്നതാണ് വസ്തുത. കേരളത്തിന്റെ വികസനത്തിനായി നിലകൊള്ളുന്നവരാണെന്ന് പറയുന്നവർ, കേരളത്തിൽ വിവിധ ഘട്ടത്തിൽ ഭരണത്തിലിരുന്നവർ, അങ്ങനെയെല്ലാമുള്ളവർ കേരളത്തിന്റെ വികസനത്തിന് തടസ്സമായി നിൽക്കുന്ന സമീപനം സ്വീകരിക്കുമ്പോൾ സാധാരണഗതിയിൽ മനസ്സിലാക്കാൻ വിഷമമുള്ള കാര്യമാണ്. പിന്നെ കേസുകളുടെ കാര്യത്തെ സംബന്ധിച്ച് നേരത്തെ തന്നെ വ്യക്തമാക്കിയിട്ടുള്ളതാണ്. കേസുകൾ പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു ആലോചനയും സർക്കാർ നടത്തിയിട്ടില്ല.

(ശ്രീ. ഷാഫി പറമ്പിൽ സീറ്റിലില്ലാതിരുന്നതിനാൽ ചോദ്യം ഉന്നയിച്ചില്ല.)

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, സിൽവർ ലൈനുമായി ബന്ധപ്പെട്ട് ഭൂമി അക്വയർ ചെയ്തിട്ടില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുകയുണ്ടായി. മാത്രമല്ല, സർവ്വേ നടത്തി മഞ്ഞക്കുറ്റി സ്ഥാപിച്ച മേഖലകളിലെ കർഷകർ വലിയ പ്രയാസത്തിലാണ്. അവർക്ക് ഭൂമി വിൽക്കാനോ കുട്ടികൾക്കായി വിദ്യാഭ്യാസ വായ്പയോ മറ്റ് വായ്പകളോ എടുക്കാനോ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. അക്കാര്യത്തിൽ ഗവൺമെന്റ് എന്തെങ്കിലും തീരുമാനങ്ങളെടുത്തിട്ടുണ്ടോ; ധനകാര്യ സ്ഥാപനങ്ങൾക്ക് അതുസംബന്ധിച്ച് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ?

ശ്രീ. പിണറായി വിജയൻ: സർ, നിയമവാഴ്ചയുള്ള നാടാണ് നമ്മുടേത്. ആ നിയമവാഴ്ചയ്ക്കനുസരിച്ചാണ് ഇവിടെ കാര്യങ്ങൾ നടക്കുന്നത്. നിലവിൽ സാങ്കേതികമായ യാതൊരു തടസ്സവും ഈ ഭൂമിയെ സംബന്ധിച്ചില്ല. ആ ഭൂമി ഏറ്റെടുത്തിട്ടില്ലെന്ന് മാത്രമല്ല, ഏറ്റെടുക്കുന്നുവെന്ന് കാണിച്ചുകൊണ്ടുള്ള നോട്ടീസ് അയയ്ക്കുകയോ ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് യാതൊരു നടപടിയും ആരംഭിക്കുകയോ ചെയ്തിട്ടില്ല. ആവശ്യമായ പഠനങ്ങൾക്കുശേഷം മാത്രമേ അത്തരം നടപടികളിലേയ്ക്ക് കടക്കുകയുള്ളൂ. പഠനം നടക്കുമ്പോൾ തന്നെ ഭൂമി ഏറ്റെടുത്തതായി സങ്കൽപ്പിക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് ഒരു പ്രശ്നവും ഇതിന്റെ ഭാഗമായി ഉണ്ടാകാൻ പോകുന്നില്ല.

ശ്രീ. റോജി എം. ജോൺ: സർ, അങ്ങ് ഭൂമി ഏറ്റെടുക്കുന്നില്ലെന്ന് പറഞ്ഞെങ്കിലും സർക്കാരിന്റെ 4(1) നോട്ടിഫിക്കേഷനിൽത്തന്നെ ഭൂമിയേറ്റെടുക്കൽ നടപടികളുടെ ഭാഗമായുള്ള സാമൂഹികാഘാത പഠനം നടത്താനാണെന്നാണ് പറഞ്ഞിരിക്കുന്നത്. അതിൽനിന്നതന്നെ ഭൂമിയേറ്റെടുക്കൽ നടപടികളിലേയ്ക്ക് കടക്കുന്നുവെന്നത് വ്യക്തമാണ്. അതാണ് ഇവിടെ നിലനിൽക്കുന്ന ആശങ്ക. 27-11-2022-ൽ സിൽവർ ലൈൻ പദ്ധതിയുടെ സർവ്വേ നടപടികൾ നിർത്തിവച്ചുകൊണ്ട് റവന്യൂ ഉദ്യോഗസ്ഥരെ തിരിച്ചുവിളിക്കുന്ന ഒരു ഉത്തരവ് ഇറക്കുകയുണ്ടായി. ആ ഉത്തരവിന്റെ രണ്ടാം ഭാഗത്ത് പറയുന്നത് 'Further it is informed that fresh notifications under Section 4 of the LARR Act entrusting the SIA Units to conduct Social Impact Assessment…….... may be done once the approval from Railway Board for the project is received' എന്നാണ്. അതായത് റെയിൽവെ ബോർഡിന്റെ അംഗീകാരം ലഭിച്ചതിനുശേഷം സാമൂഹികാഘാത പഠനം നടത്തുന്നതിനും തുടർ നടപടികൾക്കുമായും പുതിയ നോട്ടിഫിക്കേഷൻ ഇറക്കേണ്ടതായിട്ടുണ്ടെന്ന് ഈ ഉത്തരവിൽ തന്നെ പറയുകയാണ്. ഈ ആവശ്യത്തിലേയ്ക്കായി ഒരു പുതിയ ഉത്തരവ് ഇറക്കേണ്ടതുണ്ടെന്ന് സർക്കാരിനുതന്നെ ബോധ്യമായിരിക്കെ നിലവിലെ ഉത്തരവ് മരവിപ്പിക്കുന്നതിന് സാങ്കേതിക തടസ്സങ്ങളുണ്ടോ; അത് ചെയ്യുമോ?

ശ്രീ. പിണറായി വിജയൻ: സർ, സാമൂഹികാഘാത പഠനം നടന്നുവെന്നുള്ളതുകൊണ്ട് ഭൂമിയേറ്റെടുക്കൽ നടപടികളുടെ തുടക്കമാകുന്നില്ല. ആ പഠനത്തിന്റെ ഭാഗമായി എത്തിച്ചേരുന്ന നിഗമനം അടിസ്ഥാനപ്പെടുത്തിയുള്ള വസ്തുതകൾ വിലയിരുത്തുന്നതിന്റെ ഭാഗമായാണ് ഭൂമി ഏറ്റെടുക്കണോ വേണ്ടയോ എന്ന് തീരുമാനിക്കുന്നത്. അത് തീരുമാനിക്കുന്നതിന് മുമ്പുള്ള പഠനം ഭൂമി ഏറ്റെടുക്കുന്നതായി വ്യാഖ്യാനിക്കേണ്ടതില്ല. 4(1) നോട്ടിഫിക്കേഷന് ഒരു നിശ്ചിത കാലാവധിയുണ്ടായിരുന്നു. ആ കാലാവധി കഴിഞ്ഞതുകൊണ്ടാണ് ഈ ഉത്തരവിൽ ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച ഭാഗം വീണ്ടും പറഞ്ഞിട്ടുള്ളത്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ..... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു

(ചോദ്യോത്തരസമയം കഴിഞ്ഞു.)

(രേഖാമൂലം നൽകിയ ചോദ്യോത്തരങ്ങൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്)

10.00 A.M.]

II തിരുത്തിയ ഉത്തരം

23-8-2022-ലെ നക്ഷത്രചിഹ്നമിടാത്ത 153-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മി. സ്പീക്കർ: ഓർഡർ..... ഓർഡർ..... പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ 23-8-2022-ലെ നക്ഷത്രചിഹ്നമിടാത്ത 153-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ 23-8-2022-ലെ നക്ഷത്രചിഹ്നമിടാത്ത 153-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽ വന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള പുതുക്കിയ മറുപടി ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.*

III അടിയന്തരപ്രമേയം

പോലീസ് സേനയിലെ ക്രിമിനൽവൽക്കരണം

മി. സ്പീക്കർ: പോലീസ് സേനയിലെ ക്രിമിനലുകളുടെ സ്വാധീനവും പോലീസുകാർ പ്രതികളാകുന്ന കേസ്സുകൾ വർദ്ധിക്കുന്നതും കേസന്വേഷണത്തിൽ വീഴ്ച സംഭവിക്കുന്നതുംമൂലം കേരളത്തിലെ ക്രമസമാധാനനിലയെ സംബന്ധിച്ച് സമൂഹത്തിൽ ആശങ്ക ഉളവായിരിക്കുന്നതായി പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാ നടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോലീസ് സേനയിൽ രാഷ്ട്രീയവൽക്കരണവും ക്രിമിനൽവൽക്കരണവും അധികമാകുന്നുവെന്ന ആശ്ചര്യകരമായ ആരോപണമാണ് പ്രമേയാവതാരകൻ ഇവിടെ ഉന്നയിച്ചിരിക്കുന്നത്. ഇത് ഇന്നത്തെ കേരളത്തിന്റെ സാഹചര്യം അറിയാവുന്ന ഒരാൾക്കും സാധാരണഗതിയിൽ ഉന്നയിക്കാൻ കഴിയുന്നൊരു കാര്യമല്ല.

* അനുബന്ധം II ആയി ചേർത്തിട്ടുണ്ട്.

കേരളത്തിന്റെ ക്രമസമാധാനനില മെച്ചപ്പെട്ടതാണെന്ന് ഇവിടെ മാത്രമല്ല പൊതുവെ രാജ്യമാകെ അംഗീകരിച്ചിട്ടുള്ള കാര്യമാണ്. ഇന്ത്യൻ പോലീസ് ഫൗണ്ടേഷൻ പോലീസ് സേനയിലെ അഴിമതിയെക്കുറിച്ച് നടത്തിയ സർവ്വെ പ്രകാരം കേരള പോലീസിന് സത്യസന്ധതയ്ക്കും കാര്യക്ഷമതയ്ക്കുമുള്ള അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇലക്ട്രോണിക് തെളിവുകൾ ശേഖരിക്കുന്നതിൽ മികവ് പുലർത്തിയ സംസ്ഥാന ഫോറൻസിക് ലബോറട്ടറിയിലെ ഉദ്യോഗസ്ഥർക്കും അവാർഡ് ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ നിരവധി അംഗീകാരങ്ങൾ കേരള പോലീസിലെ ഉദ്യോഗസ്ഥർക്ക് ലഭിച്ചിട്ടുണ്ട്. അതിനെക്കുറിച്ചൊന്നും ഞാൻ പറയുന്നില്ല. കേസന്വേഷണത്തിന്റെ കാര്യത്തിൽ പോലീസ് വളരെ കാര്യക്ഷമമായാണ് പ്രവർത്തിക്കുന്നത്. ഒരു കേസന്വേഷണത്തിലും രാഷ്ട്രീയ ഇടപെടലുകളുണ്ടെന്നോ അന്വേഷണം കാര്യക്ഷമമല്ലെന്നോ വസ്തുതകളുടെ അടിസ്ഥാനത്തിൽ ആർക്കും പറയാൻ കഴിയില്ല. പൊതുശ്രദ്ധ പിടിച്ചുപറ്റിയ കേസ്സുകളിലെല്ലാം തന്നെ പ്രതികളെ കണ്ടെത്താനും സമയബന്ധിതമായി കുറ്റപത്രം സമർപ്പിക്കാനും പോലീസിന് കഴിഞ്ഞിട്ടുണ്ട്. പത്തനംതിട്ട ഉത്ര വധക്കേസ്, തിരുവനന്തപുരം പാറശ്ശാലയിലെ ഷാരോൺ വധക്കേസ്, പത്തനംതിട്ട ഇലന്തൂരിലെ നരബലി സംഭവം എന്നിവ ഇതിന് ഉദാഹരണങ്ങളാണ്. ഇതിൽ ആദ്യകേസ്സിൽ സമയബന്ധിതമായി കേസന്വേഷണം പൂർത്തിയാക്കി പ്രതി ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. കേസന്വേഷണം ഫലപ്രദമായും ശാസ്ത്രീയമായും നടത്താനുള്ള നടപടികളാണ് പോലീസ് സ്വീകരിക്കുന്നത്. സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സൈബർ കേസ്സുകൾ അന്വേഷിക്കുന്നതിന് പ്രത്യേക പോലീസ് സ്റ്റേഷനുകൾ എല്ലാ ജില്ലയിലും ആരംഭിച്ചിട്ടുണ്ട്. അതോടൊപ്പം സാമ്പത്തിക കുറ്റാന്വേഷണത്തിന് പ്രത്യേകവിഭാഗം രൂപീകരിക്കുകയും ചെയ്തു. പോലീസ് സേനയിൽ ആദ്യമായി വനിത സബ്ഇൻസ്പെക്ടർമാരുടെ നേരിട്ടുള്ള നിയമനം നടത്തിയതും ഈ കാലയളവിലാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ തടയുന്നതിനും അവരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമുള്ള പ്രത്യേക വിഭാഗവും സജ്ജമാക്കിയിട്ടുണ്ട്. പോലീസ് സേനയിൽ രാഷ്ട്രീയവൽക്കരണമുണ്ടെന്ന ആരോപണം തീർത്തും അടിസ്ഥാനരഹിതമാണ്. സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ പ്രതികളായി 2016 മുതൽ 828 ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ആരോപണമുണ്ടാകുന്ന എല്ലാ സംഭവങ്ങളിലും അന്വേഷണം നടത്തുകയും കഴമ്പുണ്ടെന്ന് കാണുന്ന ആരോപണങ്ങൾക്കെല്ലാം തന്നെ ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് പ്രതികൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരികയുമാണ്. ഗുരുതരമായ കുറ്റകൃത്യങ്ങളിലുൾപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും പിരിച്ചുവിടുന്നതുൾപ്പെടെയുള്ള ശക്തമായ നടപടികളും സർക്കാർ സ്വീകരിച്ചുവരുന്നു. 2017-ൽ 1, 2018-ൽ 2, 2019-ൽ 1,

2020-ൽ 2 ക്രിമിനൽ കേസ്സുകളിലുൾപ്പെട്ട വിവിധ റാങ്കുകളിലുള്ള 8 പോലീസ് ഉദ്യോഗസ്ഥരെ ഈ രീതിയിൽ സർവ്വീസിൽനിന്നും പിരിച്ചുവിട്ടിട്ടുണ്ട്. കൂടാതെ 2022-ലും ക്രിമിനൽ കേസ്സുകളിൽ ശിക്ഷിക്കപ്പെട്ട രണ്ട് പോലീസ് ഉദ്യോഗസ്ഥരെയും അഴിമതി കേസുകളിൽ ശിക്ഷിക്കപ്പെട്ട മറ്റ് രണ്ട് പോലീസ് ഉദ്യോഗസ്ഥരെയും സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുണ്ട്. പ്രമേയത്തിൽ ചൂണ്ടിക്കാണിച്ച പ്രത്യേക സംഭവങ്ങളിലൊന്നിൽപ്പോലും നടപടിയെടുക്കാതിരുന്നിട്ടില്ല. അവയിലെല്ലാം ഉന്നത ഉദ്യോഗസ്ഥരെ അന്വേഷണച്ചുമതല ഏൽപ്പിച്ചുകൊണ്ട് തക്കതായ നടപടികൾ സമയബന്ധിതമായി സ്വീകരിച്ചിട്ടുണ്ട്. 828 പോലീസ് സേനാംഗങ്ങളുടെ പേരിൽ ക്രിമിനൽ കേസ്സുകളുണ്ടെന്നാണ് പ്രമേയാവതാരകൻ പറയുന്നത്. എന്നാൽ 55000 അംഗങ്ങളുള്ള പോലീസ് സേനയിൽ 1.56 ശതമാനം പേരിൽ മാത്രമേ അത്തരം കേസ്സുകളുള്ളൂ. 98.44 ശതമാനം സേനാംഗങ്ങൾ ഇത്തരം കുറ്റകൃത്യങ്ങളിൽ ഉൾപ്പെടാത്തവരാണെന്നതാണ് ഇതിൽനിന്നും ഉരുത്തിരിയുന്ന വസ്തുത. അടുത്തകാലത്ത് വിഴിഞ്ഞത്ത് പ്രതിഷേധ സമരങ്ങളുണ്ടായ സാഹചര്യത്തിൽ സംസ്ഥാന പോലീസ് പാലിച്ച സംയമനം മാതൃകാപരമാണെന്ന് അംഗീകരിക്കാതിരിക്കാൻ ആർക്കും കഴിയില്ല. സംസ്ഥാനം നേരിട്ട 2018-ലെ മഹാപ്രളയത്തിന്റെയും കോവിഡ് മഹാമാരിയുടെയും ഘട്ടത്തിൽ ജനങ്ങൾക്കൊപ്പംനിന്ന് സ്തുത്യർഹമായ സേവനമാണ് പോലീസ് നിർവ്വഹിച്ചതെന്ന് നമുക്കെല്ലാം അറിയാവുന്നതാണ്. അത്തരത്തിൽ സമൂഹത്തോടൊപ്പംനിന്ന് പ്രവർത്തിക്കുന്ന പോലീസിനെ താറടിച്ചുകാണിക്കാനുള്ള ശ്രമം പൊതുവെ സമൂഹം അംഗീകരിക്കുകയില്ലെന്ന് നാം ഓർക്കേണ്ടതാണ്. അതുകൊണ്ട് ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്ക രീതിയിലുള്ള ഒരു വിഷയമേ അല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അങ്ങയുടെ ഭാഗത്തുനിന്നും ഇത്തരത്തിൽ ഒരു മറുപടിയുണ്ടാകുമെന്ന് ഞാൻ പ്രതീക്ഷിച്ചില്ല. അങ്ങ് പതിനഞ്ചാം കേരള നിയമസഭയുടെ ആറാം സമ്മേളനത്തിൽ ശ്രീ. സജീവ് ജോസഫ്, എം.എൽ.എ.-യുടെ ചോദ്യത്തിന് 23-8-2022-ൽ നൽകിയ മറുപടിയിൽ 'രജിസ്റ്റർ ചെയ്ത കേസ്സുകളുടെ എണ്ണം, കുട്ടികൾ (18 വയസ്സിൽ താഴെ) - 22297, സ്ത്രീകൾ (പെൺകുട്ടികൾ ഉൾപ്പെടെ) - 82267, ട്രാൻസ്ജെന്ററുകൾ - 64, വയോജനങ്ങൾ (60 വയസ്സിന് മുകളിൽ) - 2759, സ്ത്രീധന പീഡനങ്ങൾ - 19273' എന്നുപറഞ്ഞിട്ടുണ്ട്. ഇതെല്ലാം കണ്ടിട്ടും കേരള പോലീസിന് അവാർഡ് നൽകിയവർക്ക് ഞാൻ ഒരു അവാർഡ് അങ്ങോട്ട് കൊടുക്കുകയാണ്. അങ്ങയുടെ റഫറൻസിന് വേണ്ടിയാണ് മറുപടി നൽകിയ തീയതി കൂടി ഞാൻ പറഞ്ഞത്. ഇത് ഏത് രൂപത്തിലാണ് ഉൾക്കൊള്ളാൻ കഴിയുക? സത്യം പറഞ്ഞാൽ മറുപടി എഴുതിത്തന്നവർ അങ്ങയെ ചെറുതായൊന്ന് തെറ്റിദ്ധരിപ്പിച്ചുവെന്നാണ് ഞാൻ

വിശ്വസിക്കുന്നത്. അവർ അങ്ങനെ ചെയ്യരുതായിരുന്നു. 27-6-2022-ൽ ബഹുമാനപ്പെട്ട അംഗങ്ങളായ ഷാഫി പറമ്പിൽ, ഐ. സി. ബാലകൃഷ്ണൻ, എൽദോസ് പി. കുന്നപ്പിള്ളിൽ, അൻവർ സാദത്ത് എന്നിവർ 'സംസ്ഥാനത്ത് 2016 മുതൽ 2020 വരെ എത്ര സ്ത്രീപീഡന കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് ചോദ്യം ചോദിച്ചതിന് അങ്ങ് നൽകിയ മറുപടി, '13678 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 245 കേസ്സുകളിൽ കുറ്റക്കാർക്ക് ശിക്ഷ ലഭിച്ചിട്ടുണ്ട് എന്നാണ്. അങ്ങ് ഇപ്പോൾ ശതമാനക്കണക്ക് പറഞ്ഞല്ലോ; ഇത്രയും ചെയ്തിട്ടും 1.79 ശതമാനം ആളുകളെ മാത്രമേ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ സാധിച്ചിട്ടുള്ളൂ. പോലീസ് വളരെ കൃത്യമായി എല്ലാകാര്യങ്ങളും ചെയ്യുന്നവരാണെന്ന് അങ്ങയെ അവർ എങ്ങനെയാണ് തെറ്റിദ്ധരിപ്പിച്ചതെന്ന് എനിക്ക് അറിയില്ല. ഞാൻ ഒരു ഉദാഹരണം പറയാം. തൃക്കാക്കര പീഡനക്കേസിലെ പ്രതി സർക്കിൾ ഇൻസ്പെക്ടർ പി. ആർ. സുനു 6 സ്ത്രീ പീഡനക്കേസുകളിലെ പ്രതിയും 15 തവണ വകുപ്പുതല അന്വേഷണത്തിന് വിധേയനായ വ്യക്തിയുമാണ്. എന്നിട്ടും അദ്ദേഹത്തെ കോസ്റ്റൽ പോലീസ് സ്റ്റേഷനിൽ നിയമിച്ചിട്ടുണ്ട്. ആ റിക്കോർഡ് അങ്ങ് പരിശോധിക്കണം. നിയമസഭയിൽ ഇത് പറയുന്നതിനുവേണ്ടി അങ്ങയെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. അങ്ങ് ദയവായി അതിൽ വീഴരുതെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. കേരള പോലീസിന്റെ " മൃദു ഭാവേ, ദൃഢ കൃത്യേ" എന്ന ആപ്തവാക്യത്തെക്കുറിച്ച് അങ്ങേയ്ക്ക് കൃത്യമായി അറിയാമല്ലോ; ഭാവം മൃദുവാണ്. പക്ഷെ ദൃഢമായിത്തന്നെ സ്ത്രീ പീഡനക്കേസുകൾ നടന്നുകൊണ്ടിരിക്കുന്നു. (...ബഹളം...) ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുമായി സംസാരിക്കുമ്പോൾ നിങ്ങൾക്ക് എന്ത് റോളാണുള്ളത്; നിങ്ങൾ വെറുതെ സംസാരിക്കുന്നതെന്തിനാണ്?

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം ചെയറിനെ അഡ്രസ് ചെയ്ത് സംസാരിച്ചാൽ മതി.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ഞാൻ ചെയറിനെ നോക്കാം. പക്ഷെ ഇവരെ ആരാണ് ഓതറൈസ് ചെയ്തത്; ബഹുമാനപ്പെട്ട സ്പീക്കർ ഓതറൈസ് ചെയ്തില്ലെന്ന് എനിക്ക് ഉറപ്പാണ്. പിന്നെ എവിടെ നിന്നാണ് ഇവർക്ക് ഈ അധികാരം ലഭിച്ചത്? അത് ശരിയല്ല. സംസ്ഥാനത്തെ 19 പോലീസ് ജില്ലകളിലും പിങ്ക് പോലീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിൽ പല ജില്ലകളിലും ഒരു കേസുപോലും അവർക്ക് ഇതുവരെ പിടിക്കാൻ സാധിച്ചിട്ടില്ല. ആവശ്യമുള്ളപക്ഷം അങ്ങേയ്ക്ക് ഞാൻ ലിസ്റ്റ് തരാം. പ്രസ്തുത ലിസ്റ്റുപ്രകാരം കൊല്ലം ജില്ലയിൽ പിങ്ക് പോലീസ് രജിസ്റ്റർ ചെയ്ത കുറ്റകൃത്യങ്ങളുടെ എണ്ണം - 0. പിടിച്ചത് പൂജ്യമാണെങ്കിൽ അന്വേഷണത്തിന്റെ എണ്ണവും ബാക്കി കാര്യങ്ങളും

പൂജ്യമായിരിക്കുമല്ലോ? പിടിച്ച കേസുകളുടെ എണ്ണം: ആലപ്പുഴ-0, എറണാകുളം സിറ്റി-0, തൃശ്ശൂർ സിറ്റി-0, പാലക്കാട്-0, മലപ്പുറം-0, കോഴിക്കോട്-0, കോഴിക്കോട് റൂറൽ -0, വയനാട്-0, കണ്ണൂർ റൂറൽ-0, കാസർഗോഡ്-0 എന്നിങ്ങനെയാണ് കണക്ക്. പിന്നെ പിങ്ക് പോലീസ് എന്തിനാണ്; ഈ സ്ഥലത്തൊന്നും യാതൊരു കുറ്റകൃത്യവും നടന്നിട്ടില്ലേ; ആളുകളെല്ലാം വളരെ ശാന്തമായി, മാവേലി മന്നനെ തൊഴുത് നടക്കുകയാണോ; ഒരു കേസെടുക്കാൻ പോലും അവർക്ക് സാധിച്ചിട്ടില്ല. എന്നിട്ടും അവർക്ക് അവാർഡ് നൽകിയവരെ എങ്ങനെയാണ് ആദരിക്കാതിരിക്കുക? ആദ്യം ലഹരിക്ക് അടിമയാക്കി. പിന്നീട് സ്കൂൾ ബാഗിൽ മയക്കുമരുന്ന് കടത്ത് നടത്തുന്നതിനായി പെൺകുട്ടികളെ ആയുധമാക്കി. കോഴിക്കോട് റൂറലിലുണ്ടായ സംഭവമാണിത്. അടുത്ത കാലത്ത് മാധ്യമങ്ങളിൽ വന്ന വാർത്തയാണ്. ഇതുപോലെയുള്ള ഒട്ടനവധി കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് നടന്നുകൊണ്ടിരിക്കുന്നു. കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ, വയനാട്ടിൽ പട്ടികജാതിയിൽപ്പെട്ട, പോക്സോ കേസിലെ ഇരയായ കുട്ടിയെ തെളിവെടുപ്പിനായി കൊണ്ടുപോകുന്ന വഴിക്ക് അമ്പലവയൽ എ.എസ്.ഐ. പീഡിപ്പിച്ചു. എന്തൊരു കഷ്ടമാണ്! രക്ഷനേടാനാണ് പോലീസിൽ അഭയം തേടുന്നത്. ഡ്യൂട്ടിക്കിടയിലാണ് ഈ കുറ്റകൃത്യം ചെയ്തിരിക്കുന്നത്. അതുതന്നെ അവരുടെ ഡ്യൂട്ടിയാണ്. അതിന് സർക്കാർ ശമ്പളം നൽകുകയാണ്. ട്രഷറിയിൽനിന്നും കാശ് വാങ്ങുന്നത് ഈ പണിക്കാണോ; ഇരയാക്കപ്പെട്ട കുട്ടി വനിതാ പോലീസിനോട് പരാതി പറഞ്ഞെങ്കിലും അവർ കേട്ട ഭാവം നടിക്കാതെ തലതിരിച്ച് നടന്നു. ഇതാണ് നാട്ടിൽ നടന്നുകൊണ്ടിരിക്കുന്നതെന്ന വിവരം അങ്ങേയ്ക്ക് കൃത്യമായി ബോധ്യപ്പെട്ട് കാണുമെന്ന് ഞാൻ കരുതുന്നു. സ്ത്രീകൾക്ക് സുരക്ഷിതമല്ലാത്ത സംസ്ഥാനമായി കേരളം മാറുകയാണ്. ക്ലിഫ് ഹൗസും മന്ത്രി മന്ദിരങ്ങളുമുള്ള, എം.എൽ.എ.-മാരുൾപ്പെടെയുള്ളവർ താമസിക്കുന്ന തിരുവനന്തപുരത്ത് കഴിഞ്ഞ ഒക്ടോബർ, നവംബർ മാസങ്ങളിൽ എത്ര അതിക്രമങ്ങളാണ് നടന്നത്; ഒക്ടോബർ 26-നും നവംബർ 24, 25, 28 എന്നീ തീയതികളിലും സ്ത്രീകൾക്കെതിരായ അക്രമങ്ങൾ നടന്നു. അതിൽ ഒരു വനിതാ ഡോക്ടർക്കെതിരെയും അതിക്രമമുണ്ടായി. പ്രധാനപ്പെട്ട റോഡിലൂടെ പോയ ഒരു പാവപ്പെട്ട സ്ത്രീയെ ആക്രമിച്ചില്ലേ; സർക്കാർ ഇതൊന്നും കണ്ടില്ലേ; ഡൽഹിയിൽനിന്നും ലഭിച്ച അവാർഡിന്റെ പേരുപറഞ്ഞ് നമ്മുടെ മൂക്കിന് താഴെ നടന്ന കാര്യങ്ങളെ തമസ്കരിക്കാൻ ശ്രമിക്കുന്നത് ശരിയാണോ? നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന ഈ തെറ്റായ പ്രവർത്തനത്തെ ഏത് രീതിയിലാണ് നമുക്ക് ന്യായീകരിക്കാൻ കഴിയുന്നത്; 'ബിസിനസ്സ് തട്ടിയെടുത്തതിനുശേഷം പട്ടികജാതിക്കാരിയായ യുവതിയെ ക്രൂരമായ പീഡനത്തിന് ഇരയാക്കിയ പ്രതിയെ സംരക്ഷിച്ച് എറണാകുളത്തെ നോർത്ത്

പോലീസ്. ഇവിടെയുള്ള ഇന്റലിജൻസിന് ഇതൊന്നും അറിയില്ലേ; അവർക്ക് റിപ്പോർട്ടില്ലേ; അതിനെക്കുറിച്ച് ആലോചിക്കേണ്ടതല്ലേ; നാട്ടിൽ നടന്നുകൊണ്ടിരിക്കുന്ന ഈ തെറ്റായ പ്രവർത്തനത്തെ ഇവിടെ എതിർക്കാതിരിക്കാനാകില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതെല്ലാമറിഞ്ഞ് പ്രസ്തുത ആളുകൾക്കെതിരെ നടപടിയെടുക്കുമെന്നും അവരുടെ തലയിൽനിന്നും കേരള പോലീസിന്റെ തൊപ്പി ഊരിക്കുമെന്നുമാണ് ഞാൻ കരുതിയത്. സുനു എന്ന ആൾ സർക്കിൾ ഇൻസ്പെക്ടറാണ്. നിയമം പാലിക്കേണ്ട ഈ പോലീസുകാരനാണ് ഒരു വീട്ടമ്മയുടെ ഭർത്താവ് ജയിലിലായ തക്കംനോക്കി അവരുടെ ഭവനത്തിൽ അതിക്രമിച്ചുകയറി വീട്ടമ്മയെ ബലാത്സംഗം ചെയ്തത്. അത് തെറ്റല്ലേ? 6 ക്രിമിനൽ കേസുകളും 15 വകുപ്പുതല അന്വേഷണവും ശിക്ഷാനടപടികൾക്കും വിധേയനായ ഈ സ്റ്റേഷൻ മേധാവിക്ക് വീണ്ടും പോലീസ് സ്റ്റേഷന്റെ ചാർജ്ജ് നൽകിയിരിക്കുകയാണ്. പിന്നെ എങ്ങനെയാണ് അക്രമം ആവർത്തിക്കാതിരിക്കുന്നത്? പരാതിയുമായി പോലീസ് സ്റ്റേഷനിലെത്തിയ എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥിനിയെ ഭീഷണിപ്പെടുത്തി കാറിൽ കയറ്റിക്കൊണ്ടുപോയി പീഡിപ്പിച്ചത് കേരളത്തിലെ മാധ്യമങ്ങളിൽ വന്നതാണ്. കേരളത്തിലെ ചില മാധ്യമങ്ങളുടെ പേര് പറയുമ്പോൾ നിങ്ങൾ ഹാസ്യ ചിരിയോടുകൂടി 'ഹോ, അവരല്ലേ. അവരിത് പറയും' എന്നുപറയും. ഇത്തരം ക്രിമിനൽ കേസുകൾ റിപ്പോർട്ട് ചെയ്യാത്ത ഏതെങ്കിലും മാധ്യമം കേരളത്തിലുണ്ടോ; എല്ലാ മാധ്യമങ്ങളും കള്ളം പറയുന്നുവെന്ന് പറയാൻ സാധിക്കുമോ; കേരളത്തിലെ ഏറ്റവും തീവ്രമായ പ്രശ്നത്തിനുനേരെ ഗവൺമെന്റ് കണ്ണടയ്ക്കുന്ന രൂപത്തിലാണ് നിൽക്കുന്നത്. യൂണിഫോം ധരിച്ച് ഔദ്യോഗിക വാഹനത്തിൽ യുവതിയുമായി കറങ്ങുകയും ആ യുവതിയെ പീഡിപ്പിക്കുകയും ചെയ്ത കേസുണ്ട്. തൃശ്ശൂരിലെ ഒരു ഹോട്ടലിൽനിന്ന് അനാശാസ്യത്തിന് പിടിച്ച യുവതിയെയും പോലീസുകാരൻ വിനിയോഗിച്ചു. ഇതെല്ലാം ഒഫീഷ്യൽ ഡ്യൂട്ടിക്കിടയിലാണ് നടന്നിട്ടുള്ളത്. ട്രഷറിയിൽനിന്നും ശമ്പളം വാങ്ങുന്നവരാണ് ഇത് ചെയ്യുന്നതെന്ന് ഓർക്കണം. അതുകൊണ്ട് ഇതിനെയെല്ലാം അങ്ങ് ന്യായീകരിക്കരുത്. ഇതുപോലെ നിരവധി കേസുകളിൽ പ്രതിയായ ഒരാളെയാണ് ബേപ്പൂർ കോസ്റ്റൽ പോലീസ് സ്റ്റേഷനിലെ എസ്.എച്ച്.ഒ. ആയി നിയമിച്ചത്. അങ്ങനെ ഒരാൾ എസ്.എച്ച്.ഒ. ആയിക്കഴിഞ്ഞാൽ പിന്നെ ആ സ്റ്റേഷന്റെ കീഴിലുള്ള സ്ത്രീകൾക്ക് എന്തുചെയ്യാൻ സാധിക്കും; അവർക്ക് പ്രാണരക്ഷാർത്ഥം മറ്റേതെങ്കിലും സ്ഥലത്തേയ്ക്ക് പോകുകയല്ലാതെ മറ്റെന്തെങ്കിലും മാർഗ്ഗമുണ്ടോ; ഇങ്ങനെയുള്ള കേസുകൾ വരുമ്പോൾ അതിന്മേൽ നടപടിയെടുക്കേണ്ടതല്ലേ; ഷാരോൺ വധക്കേസ് സംബന്ധിച്ച് ഇവിടെ പരാമർശിച്ചു. പോസ്റ്റ്മോർട്ടം

നടത്തിയ ഡോക്ടറുടെ മൊഴി വന്നതിനുശേഷമാണ് ഷാരോൺ കേസിൽ അന്വേഷണം നടത്തിയത്. പോലീസ് അതുവരെ ഉറങ്ങുകയായിരുന്നോ; കേരളത്തിലെ എല്ലാ പോലീസുകാരും മോശക്കാരാണെന്ന് എനിക്ക് അഭിപ്രായമില്ല. നല്ല പോലീസുകാരുണ്ട്. പക്ഷെ അവർ ഇരിക്കുന്നത് ബാരക്കിലാണ്.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, 10 മിനിട്ടായി. പ്ലീസ് കൺക്ലൂഡ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഇത് വളരെ ഗൗരവതരമായ വിഷയമാണ്. തലശ്ശേരിയിലും പ്രശ്നമുണ്ടായല്ലോ. പ്രസ്തുത മണ്ഡലത്തിലുള്ള അങ്ങയെ എന്തിനാണ് കുത്തിവേദനിപ്പിക്കുന്നതെന്ന് കരുതിയാണ് ഞാൻ അത് മനഃപൂർവ്വം പറയാതിരുന്നത്. അതുപോലെ അങ്ങ് എന്നോടും ചെയ്യരുത്. മൃസിയത്ത് വനിതാ ഡോക്ടറെ ആക്രമിച്ച കേസിൽ പുലർച്ചെ 5.00 മണിയോടുകൂടി പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടും അതിൽ എന്തെങ്കിലും നടപടിയെടുത്തോ; രാവിലെ ഓഫീസിലേയ്ക്ക് പോകുംവഴിയാണ് അവർ മൊഴി നൽകാൻ പോയത്. പോലീസിന്റെ നിഷ്ക്രിയത്വം കാരണം സ്വന്തം നിലയിൽ സ്വകാര്യ സ്ഥാപനത്തിലെ സി.സി.ടി.വി. ദൃശ്യങ്ങൾ ശേഖരിച്ചാണ് അവസാനം പോലീസിന് തെളിവുകൾ കൈമാറിയത്. അതുവരെ പോലീസ് ഉറങ്ങുകയായിരുന്നോ; എന്ത് നടപടിയാണെടുത്തത്; കേരളത്തിലെ ജനങ്ങളെ രക്ഷിക്കുന്നതിനായി നടപടിയെടുക്കേണ്ട പോലീസ് ഈ ശ്രുപത്തിൽ വഴിവിട്ട് പോകുമ്പോൾ ഗവൺമെന്റുകൂടി സഹായിച്ചാൽ പിന്നെ ഈ പോലീസുകാർ എവിടെപ്പോയി നിൽക്കുമെന്ന് ഞാൻ പറയേണ്ടതില്ലല്ലോ? രാത്രി നടത്തത്തെക്കുറിച്ച് പറയുന്ന ആളുകളല്ലേ നമ്മൾ. കോട്ടയത്ത് ഗാന്ധി പ്രതിമയുടെ തൊട്ടടുത്ത് രാത്രി നടക്കാൻ പോയ ഒരു പെൺകുട്ടിക്കുണ്ടായ വിഷമത്തെക്കുറിച്ച് ജനാധിപത്യ മഹിളാ ഫെഡറേഷന്റെ ആളുകൾക്കുപോലും നിങ്ങളുടെ ഗവൺമെന്റിരിക്കുമ്പോൾ പ്രതിഷേധിക്കേണ്ടി വന്നില്ലേ; ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതുപോലുള്ള സർട്ടിഫിക്കറ്റ് പോലീസിന് കൊടുക്കുമ്പോൾ അതും കയ്യിൽ വച്ചുകൊണ്ട് നിങ്ങൾക്കും അവിടെ പ്രതിഷേധത്തിന് വരേണ്ടി വന്നില്ലേ; സി.എം.എസ്. കോളേജിലെ കുട്ടിയെ ആക്രമിച്ചതിന് എന്ത് മറുപടിയാണ് പറയാനുള്ളത്? നമ്മുടെ പെൺകുട്ടികൾക്ക്, പ്രായമെത്താത്ത കൊച്ചുകുട്ടികൾക്കുപോലും ഇത്തരം വിഷമങ്ങൾ അനുഭവിക്കേണ്ടി വരുന്നു. തലശ്ശേരിയിൽ കാറിൽ ചാരിനിന്ന കൊച്ചുകുട്ടിയെ ഒരു വ്യക്തി ചവിട്ടുന്നത് നമ്മൾ മാധ്യമങ്ങളിൽ കണ്ടതല്ലേ; എന്ത് കേസാണുണ്ടായത്; എന്ത് നടപടിയാണെടുത്തത്? ഇതെല്ലാം കേരളത്തിലെ വളരെ ഗൗരവതരമായ ഇഷ്യൂസാണ്. ശ്രീ. ജേക്കബ് പുന്നൂസ് എന്ന ഡി.ജി.പി.-യെ അങ്ങ് ഓർക്കുന്നുണ്ടാകും. അദ്ദേഹത്തിന്റെ ഒരു റിപ്പോർട്ടുണ്ട്. കേരളത്തിലെ പോലീസ് സേനയ്ക്കത്ത് ക്രിമിനലുകളുണ്ടെന്ന്

പ്രസ്തുത റിപ്പോർട്ടിലുണ്ട്. ഗവൺമെന്റ് അത് പരിശോധിക്കണം. അങ്ങനെയില്ലെന്ന് അങ്ങ് പറഞ്ഞാൽ തെളിയിക്കാൻ ഞാൻ തയ്യാറാണ്. കേരളത്തിലെ പോലീസിലെ ആകെ ക്രിമിനലുകൾ - 744, പീഡനക്കേസിലെ പ്രതികൾ - 38, പോലീസ് പ്രതിയായ കേസുകൾ - 828, അതിൽ ശിക്ഷിക്കപ്പെട്ടത് വളരെ തുച്ഛം മാത്രം. ബാക്കിയുള്ളവരെല്ലാം രക്ഷപ്പെട്ടു. ഈ തെറ്റായ പ്രവർത്തനത്തെ എതിർക്കേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. ഭരണകക്ഷി/പ്രതിപക്ഷം എന്ന നിലയിൽ മാത്രമല്ല ഞാൻ അത് കാണുന്നത്. ഗവൺമെന്റ് കൂടപിടിക്കുന്നതുകൊണ്ടാണ് ഈ അക്രമങ്ങൾ പത്തിവിടർത്തിയാടുന്നത്. ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിച്ചിരുന്നെങ്കിൽ ഇതിനൊരു പരിഹാരമുണ്ടാകുമായിരുന്നു. ഇത് സമൂഹത്തിന്റെ പ്രശ്നമാണ്. അതുപോലെ കുട്ടികളെ പള്ളിക്കൂടത്തിൽ വിടാൻ രക്ഷകർത്താക്കൾക്ക് ഇപ്പോൾ പേടിയാണ്. കേരളം വളരെ ഭീതിജനകമായ സാഹചര്യത്തിൽ നിൽക്കുകയാണ്. അതിൽ നടപടിയെടുക്കുന്നതിനുപകരം ഭംഗ്യംതരേണ പ്രസ്തുത പോലീസുകാരെ രക്ഷപ്പെടുത്തുന്ന രൂപത്തിൽ അങ്ങ് മറുപടി പറഞ്ഞത് ദൗർഭാഗ്യകരമാണെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്. തെറ്റ് ആവർത്തിക്കാതിരിക്കണമെങ്കിൽ അവർക്കെതിരെ നടപടിയെടുക്കണം. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ സാധിക്കുന്ന എല്ലാ നടപടിയുംവച്ച് കേസെടുത്ത് അവരെ നിയമത്തിന് മുന്നിൽ കൊണ്ടുവരണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാ കാര്യങ്ങളും ചർച്ച ചെയ്യുന്നതിൽ അങ്ങ് ഉത്സുകനാണ്, രണ്ടുമൂന്ന് വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്യു. ഇക്കാര്യവും നമുക്ക് ചർച്ച ചെയ്യാം. സമൂഹത്തെ ഒരുപോലെ ബാധിക്കുന്ന ഈ വിഷയവും സഭാനടപടകൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെ പരിണതപ്രജ്ഞനായ ഒരാൾ പോലീസിനെക്കുറിച്ച് ഒരു അടിയന്തരപ്രമേയം അവതരിപ്പിച്ചിട്ട് ഇങ്ങനെ ചീറ്റിപ്പോകുന്നത് നമ്മുടെ നിയമസഭയുടെ അനുഭവത്തിൽ ഇതുവരെയുണ്ടായിട്ടില്ലെന്നാണ് തോന്നുന്നത്. അതാണ് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഓർമ്മിക്കേണ്ടത്. അദ്ദേഹത്തിനുപോലും ഈ വിഷയം വളരെ ഗൗരവത്തോടെ അവതരിപ്പിക്കാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണ്? കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നതിനെക്കുറിച്ചാണ് അദ്ദേഹം സൂചിപ്പിച്ചത്. സംസ്ഥാനത്ത് കേസ്സുകൾ നല്ല രീതിയിൽത്തന്നെ രജിസ്റ്റർ ചെയ്യുന്നുണ്ട്. അത് സംസ്ഥാനത്തിന്റെ പൊതുവായ ബോധത്തിന്റെ ഭാഗമായി വരുന്ന കാര്യമാണ്. കാരണം നിയമബോധവും അവകാശ ബോധവുമൊക്കെ നല്ല നിലയിൽ നമ്മുടെ സമൂഹത്തിലുണ്ട്. അതുകൊണ്ട് തന്നെ കേസ്സുകൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് ഏതെങ്കിലും തരത്തിൽ തെറ്റായി കാണേണ്ടതില്ല. സംഭവങ്ങൾ

ശ്രദ്ധയിൽപ്പെടുമ്പോൾ, പരാതി ലഭിക്കുമ്പോൾ പോലീസ് കാര്യക്ഷമമായി നടപടികൾ സ്വീകരിക്കുന്നുവെന്നുള്ളതിന്റെ തെളിവുകൂടിയാണത്. ഇത്തരം കേസ്സുകളിൽ ഏതെങ്കിലും തരത്തിലുള്ള പാകപ്പിഴ അന്വേഷണത്തിലുണ്ടായെന്ന് പറയാൻ സാധിക്കുമോ? ഇവിടെ ഒരു പോലീസ് ഉദ്യോഗസ്ഥന്റെ പേരിലുള്ള കുറച്ചധികം കേസ്സുകളുടെ എണ്ണം ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞു. അതിലേതെങ്കിലും കേസുകൾ അദ്ദേഹം ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുമ്പോഴുള്ള കേസ്സുകളായിരുന്നോ എന്നുകൂടി അന്വേഷിക്കുന്നത് നന്നായിരിക്കും. സംസ്ഥാനത്ത് സ്ത്രീകൾ ആക്രമിക്കപ്പെടുന്നതിനെക്കുറിച്ച് പറയുകയുണ്ടായി. തിരുവനന്തപുരത്ത് പ്രഭാത സവാരിക്കുപോയ വനിതയെ മൃസിയം പരിസരത്തുവച്ച് ആക്രമിച്ച പ്രതിയെ ശാസ്ത്രീയമായ തെളിവുകളുടെ അടിസ്ഥാനത്തിൽ പിടികൂടാൻ കഴിഞ്ഞുവെന്നത് വസ്തുതയാണ്. അതുപോലെ തലശ്ശേരിയിൽ കാറിൽ ചാരിനിന്ന കുട്ടിയെ ആക്രമിച്ച പ്രതിയെ അറസ്റ്റ് ചെയ്യുകയും വധശ്രമത്തിന് കേസെടുത്ത് റിമാൻഡ് ചെയ്യുകയും ചെയ്തിരുന്നു. അത്തരം കാര്യങ്ങളൊക്കെ അതീവ ഗൗരവമായിത്തന്നെയാണ് പോലീസ് കൈകാര്യം ചെയ്യുന്നത്. അദ്ദേഹം പരാമർശിച്ച നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ പോലീസ് ഉദ്യോഗസ്ഥൻ ഇപ്പോൾ സസ്പെൻഷനിലാണ്, അദ്ദേഹത്തെ സസ്പെന്റ് ചെയ്തുകൊണ്ട് അന്വേഷണം നടത്തിവരികയാണ്. അമ്പലവയൽ പോക്സോ കേസ് ഇരയെ തെളിവെടുപ്പിനിടയിൽ എ.എസ്.ഐ. പീഡിപ്പിക്കാൻ ശ്രമിച്ചുവെന്ന് പരാതിയുണ്ടായി. അക്കാര്യത്തിൽ കേസ് രജിസ്റ്റർ ചെയ്ത് വയനാട് സ്പെഷ്യൽ മൊബൈൽ യൂണിറ്റ് ഡിവൈ.എസ്.പി. അന്വേഷിച്ചുവരികയാണ്. ഇത്തരം കാര്യങ്ങളിലൊന്നും ഒരു വിട്ടുവീഴ്ചയും ചെയ്യുന്നില്ല. സംസ്ഥാനത്തെ പോലീസ് സേനയിൽ പലഘട്ടങ്ങളിലും ഇത്തരത്തിലുള്ള ചില ഉദ്യോഗസ്ഥരുണ്ടായിട്ടുണ്ട്. 2014 ഡിസംബർ 15-ന് അന്നത്തെ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. രമേശ് ചെന്നിത്തല ക്രിമിനൽ കേസ്സിൽ പ്രതിയായിട്ടുള്ളവരും കുറ്റവിമുക്തരായിട്ടുള്ളവരുമായ 976 പേർ നിലവിൽ പോലീസിൽ തുടരുന്നുണ്ടെന്നാണ് മറുപടി പറഞ്ഞത്. ഇത് വർദ്ധിച്ചിട്ടില്ല, ഇപ്പോൾ 828 പ്രതികളേയുള്ളൂ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ആരുമില്ലെന്നാണ് പറഞ്ഞത്.

ശ്രീ. പിണറായി വിജയൻ: സർ, ആരുമില്ലെന്ന് ഞാൻ പറഞ്ഞിട്ടില്ല. ഞാൻ പറഞ്ഞ കാര്യങ്ങൾ ബഹുമാനപ്പെട്ട അംഗം മറന്നുപോയതുകൊണ്ടാണ്. പറഞ്ഞ കാര്യങ്ങൾ ഒന്നുകൂടി ആവർത്തിക്കേണ്ടതുണ്ടോ? ഞാൻ നേരത്തെ പറഞ്ഞ കാര്യം അങ്ങയുടെ ഓർമ്മയ്ക്കായി ഒന്നുകൂടി പറയുകയാണ്. സംസ്ഥാനത്ത് പോലീസ് ഉദ്യോഗസ്ഥർ പ്രതികളായി 2016 മുതൽ 828 ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ

ചെയ്തിട്ടുണ്ട്. പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ആരോപണമുണ്ടാകുന്ന എല്ലാ സംഭവങ്ങളിലും അന്വേഷണം നടത്തുകയും കഴമ്പുണ്ടെന്ന് കാണുന്ന ആരോപണങ്ങളിലെല്ലാം ക്രിമിനൽ കേസ്സുകൾ രജിസ്റ്റർ ചെയ്ത് പ്രതികൾക്കെതിരെ ശക്തമായ നിയമ നടപടി സ്വീകരിച്ചുവരികയുമാണ്. അതിനുശേഷമാണ് പിരിച്ചുവിട്ടവരുടെ കാര്യം ഞാൻ പറഞ്ഞത്. 2017-ൽ 1, 2018-ൽ 2, 2019-ൽ 1, 2020-ൽ 2 ഉൾപ്പെടെ 8 പേർ. 2022-ൽ ക്രിമിനൽ കേസിൽ ശിക്ഷിക്കപ്പെട്ട രണ്ട് പോലീസ് ഉദ്യോഗസ്ഥരെയും അഴിമതിക്കേസിൽ ശിക്ഷിക്കപ്പെട്ട രണ്ട് പേരെയും സർവ്വീസിൽ നിന്നും നീക്കം ചെയ്തിട്ടുണ്ട്. അത്രയും കാര്യങ്ങൾ ഞാൻ നേരത്തെ പറഞ്ഞതാണ്. ഞാൻ പറഞ്ഞ കാര്യങ്ങൾ ഓർക്കാതെയാണ് ബഹുമാനപ്പെട്ട അംഗം ഇങ്ങനെയൊരു കമന്റ് പറഞ്ഞതെന്ന് തോന്നുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ ഓർക്കാത്തതുകൊണ്ടല്ല. എണ്ണിയെണ്ണിച്ചിലവാനം കേസ്സുകളുള്ളതിൽ നടപടി സ്വീകരിച്ച് ആകെ ഏഴ് പേരെയാണ് പിരിച്ചുവിട്ടുവെന്നുൾപ്പെടെ പറഞ്ഞത്. ബാക്കിയുള്ള നടപടിയെന്താണ്? നമ്മുടെ പോയിന്റ് 887 എന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്നെ ഓർമ്മിപ്പിച്ചതെന്ന് തോന്നുന്നു. ഞാൻ അത് സമ്മതിച്ചു. അതിൽ നടപടി വരുന്നത് പത്ത് എണ്ണത്തിൽ താഴെ മാത്രമാണ്. അതുകൊണ്ടാണ് ഇവർക്ക് കൂടുതൽ അക്രമം കാണിക്കാനുള്ള പ്രോത്സാഹനമുണ്ടാകുന്നത്.

ശ്രീ. പിണറായി വിജയൻ: സർ, പ്രോത്സാഹനം വരുന്നത് എങ്ങനെയാണ്? ഒരു തെറ്റായ കാര്യം സംഭവിച്ചു. അത് കണ്ടില്ലെന്ന് നടിച്ച് ഒരു നടപടിയും ഉണ്ടാകാതിരുന്നാൽ തെറ്റായ കാര്യം ആവർത്തിക്കുന്നതിന് പ്രോത്സാഹനമാകും. ഇവിടെ അതല്ല ചെയ്യുന്നത്. തെറ്റിനെതിരെ ശക്തമായ നടപടിയെടുത്തുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അതിന്റെ ഭാഗമായി സസ്പെൻഷനുണ്ട്, കേസുണ്ട്, അന്വേഷണം തെളിയുന്ന മുറയ്ക്ക് മറ്റ് നടപടികളിലേയ്ക്ക് നീങ്ങുന്നുണ്ട്. അതീവ ഗുരുതരമായ കാര്യങ്ങൾ വരുമ്പോൾ അതിനനുസൃതമായ മറ്റ് നടപടികളിലേയ്ക്കും കടക്കുന്നുണ്ട്. അതെല്ലാം കേരളത്തിൽ സംഭവിച്ചുകൊണ്ടിരിക്കുകയാണെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർ മറക്കേണ്ടതില്ലെന്നാണ് എനിക്ക് അതുസംബന്ധിച്ച് പറയാനുള്ളത്. പോലീസ് സേന ക്രിമിനൽവൽക്കരിക്കപ്പെട്ടുവെന്നത് ഞാൻ നേരത്തെ തന്നെ നിഷേധിച്ചിട്ടുള്ള കാര്യമാണ്. സംസ്ഥാനത്ത് എവിടെയെങ്കിലും ഒരു കസ്റ്റഡി മരണമുണ്ടായാൽ അത് പോലിസിനെക്കൊണ്ട് അന്വേഷിപ്പിക്കാതെ മറ്റൊരു ഏജൻസിയായ സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിക്കുമെന്ന നിലപാടാണെടുത്തിട്ടുള്ളത്. അത് ഇവിടെയുള്ള പ്രശ്നങ്ങൾ ഗൗരവമായി കാണണമെന്നും ഇത്തരത്തിലുള്ള കസ്റ്റഡി മരണങ്ങൾ ഉണ്ടാകാതിരിക്കണമെന്നുമുള്ള

നിർബന്ധ ബുദ്ധിയുടെ ഭാഗമായെടുത്തതാണ്. അത്തരം അതിക്രമങ്ങളുണ്ടായ സംഭവങ്ങളിൽ ശക്തമായ നടപടിയാണെടുത്തത്. അതിൽ ഒരു വിട്ടുവീഴ്ചയില്ല. ചിലയിടത്ത് മൂന്നാംമുറ സംഭവിക്കുന്നുണ്ടാകാം. കസ്റ്റഡി മരണങ്ങൾ, കസ്റ്റഡി മർദ്ദനങ്ങളുടെ ഭാഗമായുള്ള മരണങ്ങൾ നേരത്തെ സംഭവിച്ചിട്ടുണ്ടാകാം. ഇതിനോടൊക്കെ സീറോ ടോളറൻസാണ് സംസ്ഥാന സർക്കാരിനുള്ളത്. പോലീസ് സംവിധാനത്തെ ഏതെല്ലാം തരത്തിൽ തെറ്റായി ഉപയോഗിച്ചിരുന്നുവെന്ന ചരിത്രത്തിലേയ്ക്കൊന്നും പോകാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. കാരണം, കേരള പോലീസ് എന്നുപറയുന്നത് കേരള സംസ്ഥാനം രൂപംകൊണ്ടതിന് ശേഷമുണ്ടായ പോലീസല്ല. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ തുടർച്ചയായി വന്ന പോലീസാണ്. അതിന്റെ ഭാഗമായിത്തന്നെ ജനകീയ സമരങ്ങളെയും മറ്റും അടിച്ചമർത്താനും ജനങ്ങളെ ശത്രുവായിക്കണ്ടുള്ള നടപടികളുമാണ് അവർ സ്വീകരിച്ചിരുന്നത്. അത് സ്വാതന്ത്ര്യം ലഭിച്ചതിനുശേഷവും വലിയ മാറ്റമില്ലാതെ തുടരുന്ന അവസ്ഥയാണുണ്ടായത്. കേരള സംസ്ഥാനം രൂപംകൊണ്ടതിനുശേഷം 1957-ൽ ഇ.എം.എസ്-ന്റെ നേതൃത്വത്തിലുള്ള ഗവൺമെന്റ് രൂപീകൃതമായപ്പോൾ ഒരു പുതിയ പോലീസ് നയം കൊണ്ടുവന്നു. അതനുസരിച്ച് പോലീസ് ലോക്കപ്പ് ആളുകളെ ഹിംസിക്കാനുള്ള കശാപ്പുശാലയല്ല, മൂന്നാം മുറ പാടില്ല, തൊഴിൽ സമരങ്ങളിലും പ്രക്ഷോഭങ്ങളിലും പോലീസ് ഇടപെടരുത്, ജനങ്ങൾക്കെതിരെ സ്ഥാപിത താൽപ്പര്യക്കാർക്കൊപ്പംനിന്ന് സാധാരണഗതിയിൽ നടന്നുകൊണ്ടിരുന്ന ഒരു അടിച്ചമർത്തൽ സംവിധാനമായി പോലീസ് നീങ്ങാൻ പാടില്ല തുടങ്ങിയ നിർദ്ദേശങ്ങൾ കൊണ്ടുവന്നു. അതിന്റെ തുടർച്ചയായിത്തന്നെ ഇവിടെ 2016 മുതൽ അധികാരത്തിലിരിക്കുന്ന ഗവൺമെന്റ് സ്വീകരിച്ച നയം എന്താണെന്ന് പൊതുസമൂഹത്തിന് നല്ല ബോധ്യമുള്ളതാണ്. സമൂഹത്തിൽ നേരത്തേ നടപ്പാക്കിയ സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി, ജനമൈത്രി പോലീസ് തുടങ്ങിയവയുടെ ഭാഗമായി നല്ലതോതിൽ പോലീസ് സേനയുടെ സാമൂഹ്യ പങ്കാളിത്തം വർദ്ധിച്ചിരിക്കുന്നുവെന്നത് നാം കാണേണ്ടതായിട്ടുണ്ട്. എല്ലാ ഘട്ടത്തിലും ജനങ്ങളോടൊപ്പം നീങ്ങുന്ന പോലീസ് സേനയാണ് കേരളത്തിൽ ഇപ്പോഴുള്ളത്. കേരള പോലീസിന്റെ കുറ്റാന്വേഷണ മികവ് ഞാൻ നേരത്തെ പറയുകയുണ്ടായി. പോലീസ് സേനയിലുണ്ടായിട്ടുള്ള ആധുനികവൽക്കരണം ഇതിന്റെ ഭാഗമായി നാം കാണേണ്ടതുണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ആക്രമണങ്ങളുണ്ടാകാതിരിക്കാനുള്ള മാതൃകാപരമായ നടപടികൾ സ്വീകരിച്ചുവരികയാണ്. പോക്സോ കേസുകൾ സമയബന്ധിതമായി വിചാരണ നടത്തി തീർപ്പുകൽപ്പിക്കാൻ 58 പുതിയ പ്രത്യേക കോടതികൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു. 2016 മുതൽ നാളിതുവരെ രജിസ്റ്റർ

ചെയ്തിട്ടുള്ള 504 കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്ത് ശിശുസൗഹൃദ പോലീസ് സ്റ്റേഷനുകൾ വലിയതോതിൽ ആരംഭിച്ചു. സ്ത്രീധനവുമായി ബന്ധപ്പെട്ട കേസുകളിൽ പോലീസ് നടപടികൾക്കൊപ്പം ശക്തമായ സാമൂഹ്യ ബോധവൽക്കരണവും കൗൺസിലിംഗും നടക്കുന്നുണ്ട്. തുമ്പില്ലെന്ന് വിലയിരുത്തപ്പെട്ട കേസുകളിൽപ്പോലും പ്രത്യേക ശ്രദ്ധപതിപ്പിച്ച് തെളിവുകൾ ശേഖരിച്ച് യഥാർത്ഥ പ്രതികളെ കണ്ടെത്തുകയാണ് ചെയ്തിട്ടുള്ളത്. തലസ്ഥാന നഗരത്തിനടുത്തുള്ള ആശ്രമം കത്തിച്ച സംഭവത്തിൽ പ്രതികളെ കൃത്യമായി കണ്ടെത്താൻ പോലീസിന് സാധിച്ചു. എ.കെ.ജി. സെന്റർ ആക്രമിച്ച പ്രതി എവിടെ എന്ന ചോദ്യം ഈ സഭയിൽ ഉയർന്നതാണ്. അവധാനതയോടെയും ശാസ്ത്രീയമായും അന്വേഷണം നടത്തിയതിലൂടെ വലിയ ക്രിമിനൽ ഗൂഢാലോചനയുടെ ഭാഗമായി നടന്ന പ്രസ്തുത സംഭവത്തിന്റെ ചുരുളഴിഞ്ഞു. ഇത്തരത്തിൽ ധാരാളം ഉദാഹരണങ്ങൾ എടുത്തുപറയാൻ സാധിക്കും. ഈ ഘട്ടത്തിൽ അതിലേയ്ക്കൊന്നും കൂടുതലായി ഞാൻ കടക്കുന്നില്ല. എങ്ങനെ നോക്കിയാലും ഒരു അന്വേഷണ ഏജൻസി എന്ന നിലയ്ക്ക് സംസ്ഥാനത്തിന് അഭിമാനിക്കാവുന്ന ഒരു ഏജൻസിയായിത്തന്നെ പോലീസ് പ്രവർത്തിക്കുന്നുവെന്ന് കാണാൻ കഴിയും. ധാരാളം പ്രമാദമായ കേസുകളിൽ പോലീസ് ഫലപ്രദമായി അന്വേഷണം നടത്തിയ അനുഭവം നമുക്കുണ്ട്. ലാത്വിയൻ യുവതിയെ കൊലപ്പെടുത്തിയ സംഭവത്തിൽ കോടതി ശിക്ഷ വിധിച്ചത് ഈ അടുത്ത ദിവസമാണ്. പാറശ്ശാല മുരിയങ്കരയിൽ വനിതാ സുഹൃത്ത് നൽകിയ ജ്യൂസ് കുടിച്ച് ഷാരോൺ എന്ന യുവാവ് മരണപ്പെട്ട സംഭവത്തിൽ വളരെ കൃത്യതയോടെയാണ് പോലീസ് നീങ്ങിയതെന്ന് നമുക്കറിയാം. സ്ത്രീകളെ പത്തനംതിട്ടയിൽ എത്തിച്ച് നരബലി നടത്തിയ സംഭവത്തിൽ കാണാതായെന്ന് പറഞ്ഞുകൊണ്ട് ലഭ്യമായ പരാതിയിന്മേൽ എത്ര കൃത്യതയോടെയാണ് അന്വേഷിച്ച് തെളിവിലേയ്ക്കെത്തിച്ചതെന്ന് നാം കാണേണ്ടതാണ്. കേശവദാസപുരത്ത് വീട്ടമ്മയെ കൊലപ്പെടുത്തി നാടുവിട്ട അതിഥി തൊഴിലാളിയെ 24 മണിക്കൂറിനകം പിടികൂടാൻ കഴിഞ്ഞത് പോലീസിന്റെ പ്രത്യേകമായ കഴിവുകൊണ്ട് തന്നെയാണ്. മാറനല്ലൂരിൽ യുവതിയെയും രണ്ടര വയസ്സുള്ള മകളെയും കാണാതായതിൽ രജിസ്റ്റർ ചെയ്ത കേസിൽ യുവതിയെയും കുഞ്ഞിനെയും ആൺ സുഹൃത്ത് കൊലപ്പെടുത്തിയതാണെന്ന് അന്വേഷണത്തിൽ കണ്ടെത്തിയത് നമ്മുടെ മുമ്പിലുള്ള കാര്യമാണ്. ഇത്തരത്തിൽ നോക്കിയാൽ നല്ല അനുഭവങ്ങൾ പോലീസിനെക്കുറിച്ച് പറയാൻ കഴിയും. ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഇവിടെ ഉന്നയിച്ച കാര്യങ്ങളെപ്പറ്റി ഞാൻ തുടക്കത്തിൽ പറഞ്ഞതാണ്.

അദ്ദേഹത്തിൽനിന്നും പ്രതീക്ഷിക്കാവുന്ന രീതിയിലല്ല അവതരണമുണ്ടായത്. കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ പ്രതിപക്ഷമാണെന്നുള്ളതുകൊണ്ടും അവതരിപ്പിക്കേണ്ടതാണല്ലോ എന്നുള്ളതുകൊണ്ടും അവർ ചുമതലപ്പെടുത്തിയതുകൊണ്ടും അദ്ദേഹം അവതരിപ്പിക്കാൻ നിർബന്ധിതനായതാണെന്നാണ് എനിക്ക് തോന്നുന്നത്. ഏതായാലും ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിൽ അക്രമ സംഭവങ്ങൾ അടിക്കടി വർദ്ധിച്ചുവരികയാണ്. രാഷ്ട്രീയ കൊലപാതകങ്ങൾ, വർഗ്ഗീയ കൊലപാതകങ്ങൾ, തുടരെത്തുടരെയുണ്ടാകുന്ന ഗുണ്ടാ ആക്രമണങ്ങൾ, വീട് കയറിയുള്ള ആക്രമണങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമണം തുടങ്ങിയവയെല്ലാം വ്യാപകമായി വർദ്ധിച്ചുവരികയാണ്. പോലീസിന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് പതിനാലായിരത്തിലധികം ഗുണ്ടകൾ അഴിഞ്ഞാട്ടം നടത്തുന്നുണ്ട്. അവർ എന്തെല്ലാം ആക്രമ സംഭവങ്ങളാണ് കേരളത്തിലുണ്ടാക്കുന്നത്? മനുഷ്യന്റെ ജീവനും സ്വത്തിനും സുരക്ഷിതത്വം കൊടുക്കാൻ കഴിയാതെ, ഏതുസമയത്തും ആരുടെ ജീവൻ വേണമെങ്കിലും നഷ്ടപ്പെട്ടുപോകാമെന്ന അവസ്ഥയിലേയ്ക്ക് പോകുകയാണ്. വഴിയിലൂടെ വാഹനമോടിച്ച് പോകാൻ കഴിയാത്ത അവസ്ഥയാണ്. വണ്ടി ഒന്നുമുട്ടിയാലോ വേഗം കുറച്ച് പോയാലോ ഹോണടിച്ചാലോ ചിലപ്പോൾ ഏതെങ്കിലും ഒരു ഗുണ്ട വന്ന് കയ്യിലിരിക്കുന്ന ആയുധംവച്ച് ആക്രമിക്കാമെന്ന സ്ഥിതിയിലാണ് കേരളമുള്ളത്. അതുപോലുള്ള എത്രയോ കേസുകളുണ്ട്.

മി. സ്പീക്കർ: പ്ലീസ് ...പ്ലീസ്.. ബഹുമാനപ്പെട്ട അംഗങ്ങൾ കൂട്ടംചേർന്ന് സംസാരിക്കാതെ സീറ്റിലിരിക്കണം, ശ്രീ. നന്ദകുമാർ സീറ്റിൽ പോയി ഇരിക്കുക.

ശ്രീ. വി. ഡി. സതീശൻ: സർ, അതുപോലുള്ള എത്ര കേസുകളാണ് ഓരോ ദിവസവും റിപ്പോർട്ട് ചെയ്യപ്പെടുന്നത്. ലോകത്തിലെ ഏത് അന്വേഷണ സംവിധാനത്തെക്കാളും ഇന്ത്യയിലെ ഏത് പോലീസിനെക്കാളും കേരളത്തിലെ പോലീസ് മെച്ചപ്പെട്ടതായിരുന്നുവെന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. ഒരുകാലത്ത് സ്കോട്ട്ലൻഡ് യാർഡിനെ വെല്ലുന്ന പോലീസായിരുന്ന കേരളത്തിലെ പോലീസെന്ന് നാം അഭിമാനിച്ചിരുന്നു. അമിതമായ രാഷ്ട്രീയവൽക്കരണവും

പോലീസിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ക്രിമിനൽവൽക്കരണത്തെ തടയാൻ കഴിയാത്തതുകൊണ്ടുമാണ് കുറച്ചധികം ഉദ്യോഗസ്ഥർ തെറ്റായ വഴികളിലൂടെ പോകുന്നത്. നിയമസഭയിൽ ചില ചോദ്യങ്ങൾ വളരെ വ്യക്തമായാണ് പ്രതിപക്ഷം ചോദിച്ചത്. 'ക്രിമിനൽ കേസുകളിൽ പ്രതികളായ എത്രപേർ ക്രമസമാധാന ഡ്യൂട്ടിയിലുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഡ്യൂട്ടി നിർവ്വഹിക്കുന്നത്; ഇതിൽ എത്രയെണ്ണത്തിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്; എത്ര പോലീസ് ഉദ്യോഗസ്ഥരെ കുറ്റക്കാരായി കണ്ടെത്തിയിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് ശിക്ഷ ലഭിച്ചു?' തുടങ്ങിയ ചോദ്യങ്ങൾ ചോദിച്ചപ്പോൾ എല്ലാ ചോദ്യത്തിനുമായി 'ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല' എന്ന ഒറ്റ ഉത്തരമാണ് ലഭ്യമായത്. പോലീസുദ്യോഗസ്ഥർ നടത്തുന്ന കുറ്റകൃത്യങ്ങളെപ്പറ്റിപ്പോലും റിക്കാർഡില്ലാത്ത ആഭ്യന്തര വകുപ്പ് നാട്ടിലെ മറ്റ കേസുകളിൽ ഏത് തരത്തിലുള്ള ക്രൈം റിക്കാർഡാണ് സൂക്ഷിക്കുന്നത്? ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് ഉദ്യോഗസ്ഥർ നടത്തുന്ന കുറ്റകൃത്യങ്ങളെക്കുറിച്ച് ഒരു റിക്കാർഡുമില്ല. എന്ത് സംഭവമുണ്ടായാലും 'ഇത് ഒറ്റപ്പെട്ട സംഭവമാണ്' എന്ന മറുപടി മാത്രമേ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുള്ളൂ. ഇങ്ങനെയുള്ള ഒറ്റപ്പെട്ട സംഭവങ്ങൾ വർദ്ധിച്ച് അവയെല്ലാം എണ്ണിത്തീർക്കാൻ പോലീസ് ആസ്ഥാനത്ത് കൗണ്ടിംഗ് മെഷീൻ വാങ്ങിവയ്ക്കേണ്ട സ്ഥിതിയിലാണ് കാര്യങ്ങൾ എത്തിനിൽക്കുന്നത്. പോലീസിന്റെ അതിക്രമങ്ങളെക്കുറിച്ചുള്ള വാർത്തകൾ മുൻകാലങ്ങളിലുമുണ്ടായിട്ടുണ്ട്. പക്ഷെ ഇപ്പോൾ അതുപോലുള്ള വാർത്തകളാണോ ഉണ്ടാകുന്നത്? മാങ്ങ മോഷണത്തിൽ പോലീസ് പ്രതിയാകുന്നു. രാത്രി അടച്ചിട്ടിരിക്കുന്ന കടയ്ക്ക് മുന്നിൽവച്ചിട്ടുള്ള മാങ്ങ മോഷ്ടിക്കുന്നു. അതിൽ പോലീസുകാരൻ പ്രതിയാകുന്നു; തൊട്ടപ്പുറത്തെ വീട്ടിലെ അലമാരയിൽനിന്ന് സ്വർണ്ണം മോഷ്ടിക്കുന്നതിലും പോലീസുകാർ പ്രതിയാകുന്നു; എല്ലാ ദിവസവും കടയിൽ പോയി നാരാങ്ങ വെള്ളം ചോദിച്ചതിനുശേഷം നാരങ്ങ വെള്ളം എടുക്കാൻ കടക്കാരൻ തിരിയുമ്പോൾ അയാളുടെ പെട്ടിയിൽനിന്ന് പണം മോഷ്ടിക്കുന്ന പോലീസുകാരൻ; ഇതൊക്കെ എത്ര അപമാനകരമാണ്. മലയിൻകീഴിലെ ഉദ്യോഗസ്ഥനെക്കുറിച്ച് പറഞ്ഞു. എന്തെല്ലാം വ്യാജ രേഖകളുണ്ടാക്കി. സ്ത്രീകളെ പീഡിപ്പിക്കുന്നതിൽ ഇത്രമാത്രം കേസുകളുള്ള മറ്റൊരാളുണ്ടോ; എത്രയെത്ര കേസുകളാണ് ഇതുമായി ബന്ധപ്പെട്ടുവന്നത്? അമ്പലവയൽ പീഡനക്കേസിനെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. അമ്പലവയലിൽ പോക്സോ കേസിൽ ഇരയായ പെൺകുട്ടിയെ തെളിവെടുപ്പിനുവേണ്ടി വനിതാ പോലീസ്

ഓഫീസർ ഉൾപ്പെടെ മൂന്ന് പേരാണ് കൊണ്ടുപോയത്. സ്ഥലത്ത് എത്തിയപ്പോൾ വനിതാ പോലീസ് ഓഫീസറും ഒരു പോലീസുകാരനും മുങ്ങി. അതിനുശേഷം ആ പോലീസുകാരൻ പ്രായപൂർത്തിയാകാത്ത കുട്ടിയെ പീഡിപ്പിച്ചു. പരാതി നൽകി എത്ര മാസം കഴിഞ്ഞാണ് കേസ്സെടുത്തത്? മറ്റു കുട്ടികളെ പോലീസുകാർ തെളിവെടുപ്പിന് കൊണ്ടുപോകാൻ തുടങ്ങിയപ്പോൾ പോലീസുകാരുടെ കൂടെ ഞങ്ങൾ വരില്ലെന്ന് കുട്ടികൾ പറഞ്ഞു. കാരണം പോലീസിന്റെ കൂടെ പോയാൽ ഉണ്ടാകുന്ന അനുഭവം ഇതാണെന്ന് അവിടെനിന്ന് റിപ്പോർട്ടുണ്ടാകുന്നു. ഇതൊക്കെ നമുക്ക് അഭിമാനിക്കാൻ കഴിയുന്ന കാര്യങ്ങളാണോ? കോഴിക്കോട് പ്രായപൂർത്തിയാകാത്ത രണ്ട് സഹോദരിമാരെ പീഡിപ്പിച്ചതിന് ഒരു പോലീസ് ഓഫീസർക്കെതിരായി കേസ് എടുക്കേണ്ട സ്ഥിതി വന്നു. അതുപോലെ തിരുവനന്തപുരത്ത് ഒരു യുവതിയെ ഏഴ് വർഷത്തോളം പോലീസ് ഉദ്യോഗസ്ഥൻ പീഡിപ്പിച്ചെന്ന് കേസ് വന്നിരിക്കുന്നു. കോഴിക്കോട് കോസ്റ്റൽ പോലീസ് സ്റ്റേഷൻ സർക്കിൾ ഇൻസ്പെക്ടറാണ് കൂട്ടബലാത്സംഗ കേസിൽ അറസ്റ്റിലായത്. ഇതുപോലെ മർദ്ദനങ്ങളും നടക്കുന്നുണ്ട്. കൊല്ലം കിളികൊല്ലൂരിൽ സൈനികനെയും സഹോദരനെയും ക്രൂരമായി ആക്രമിച്ച സംഭവമുണ്ടായി. ജ്യേഷ്ഠനെയും അനുജനെയും തല്ലുന്നത് സോഷ്യൽ മീഡിയകളിൽ പ്രചരിക്കുന്നുണ്ട്. തെറ്റായ ജാമ്യമെടുക്കാൻ പോലീസ് വിളിച്ചുവരുത്തുകയും മയക്കുമരുന്ന് കേസ്സായതുകൊണ്ട് ഞാൻ ജാമ്യമെടുക്കില്ലെന്ന് പറഞ്ഞപ്പോഴുണ്ടായ സംഘർഷത്തിൽ ഒരു സൈനികനെ, 'നീ ഇനി തോക്ക് പിടിക്കണ്ട' എന്നുപറഞ്ഞ് പോലീസുകാർ കൈ തല്ലിയൊടിച്ചു. ഇതുസംബന്ധിച്ച് സിറ്റി പോലീസ് കമ്മീഷണർ കൊടുത്ത അന്വേഷണ റിപ്പോർട്ടിൽ മർദ്ദനമേറ്റിട്ടുണ്ടെന്നും എന്നാൽ ആരാണ് മർദ്ദിച്ചതെന്ന് അറിയില്ലെന്നുമാണ് കണ്ടെത്തൽ. പോലീസ് സ്റ്റേഷനകത്താണ് ആ സംഭവമുണ്ടായത്. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സമർപ്പിച്ച പതിനൊന്ന് പേജുള്ള റിപ്പോർട്ടാണ്. ഇരുവരെയും സ്റ്റേഷനിൽവച്ച് മർദ്ദിച്ചത് കണ്ടവരില്ല. പോലീസ് സ്റ്റേഷനിൽ പോലീസല്ലാതെ വേറെ ഏത് സാക്ഷിയെയാണ് കിട്ടുന്നത്; സെല്ലിൽ കിടക്കുന്ന ആളാണോ സാക്ഷിയാകേണ്ടത്? സൈനികനെയും അനുജനെയും ക്രൂരമായി മർദ്ദിക്കുന്നത് എല്ലാ സോഷ്യൽ മീഡിയയിലും പ്രചരിക്കുകയാണ്. അപ്പോൾ ആരാണ് കമ്മീഷണറെ സ്വാധീനിച്ചത്? കേരളം മുഴുവൻ ചർച്ച ചെയ്ത കേസിൽ ആരാണ് മർദ്ദിച്ചതെന്ന് അറിയില്ലെന്ന് മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ട് കൊടുത്തതിൽനിന്നും നാം എന്താണ് മനസ്സിലാക്കേണ്ടത്; യഥാർത്ഥത്തിൽ പോലീസ് സേനയിൽ എന്താണ് നടക്കുന്നത്? ഇവിടെ ഹൈക്കോടതി നിർദ്ദേശപ്രകാരം ഒരു സി.ഐ.-യെ

പിരിച്ചുവിട്ട. അയാൾ തൊടുപുഴയിലെ ഒരു പോലീസ് സ്റ്റേഷനിൽ സ്റ്റേഷൻ ഹൗസ് ഓഫീസർ ആയിരുന്നപ്പോൾ മുപ്പതിലധികം കേസുകളാണുണ്ടായത്. ഞാൻ ആ കേസൊന്നും വായിക്കുന്നില്ല. മുഴുവൻ പോലീസുകാർക്കും അപമാനകരമായ കേസാണത്. കേസ് കോടതിയിൽ പോയപ്പോൾ അന്നത്തെ വിജിലൻസ് ഐ.ജി. അന്വേഷിച്ച് എല്ലാത്തിനും ഇയാൾ ഉത്തരവാദിയാണെന്ന് പറഞ്ഞ് കോടതിയിൽ റിപ്പോർട്ട് കൊടുത്തു. അന്ന് കോടതി നടപടിയെടുക്കാൻ പറഞ്ഞതനുസരിച്ച് അയാളെ സസ്പെൻഡ് ചെയ്യുകയും പിന്നീട് സർവ്വീസിൽനിന്ന് ടെർമിനേറ്റ് ചെയ്യുകയും ചെയ്തു. എന്നാൽ ഇപ്പോൾ ഇയാളെ തിരിച്ചെടുത്തു. ഏത് നേതാവ് പറഞ്ഞിട്ടാണ് അയാളെ തിരിച്ചെടുത്തത്? മുപ്പത് കേസുകളുള്ള, ഹൈക്കോടതി പറഞ്ഞ, വിജിലൻസ് ഐ.ജി. അന്വേഷിച്ച് കണ്ടുപിടിച്ച കേസിലെ പ്രതിയെ ആര് പറഞ്ഞിട്ടാണ് തിരിച്ചെടുത്തത്? അപ്പോൾ പോലീസിനെ സ്വാധീനിക്കുന്നത് വേറെ ആളുകളാണ്. പോലീസ് ഒരു ഫോഴ്സാണ്. അതിന് ഡി.ജി.പി. മുതൽ താഴോട്ടുള്ളവരുടെ ഒരു ഹൈറാർക്കിയുണ്ട്. അതായത് മുകളിലുള്ള ഉദ്യോഗസ്ഥർ പറഞ്ഞാൽ കേൾക്കണം. എസ്.പി.-മാർ മുകളിലുള്ള ഉദ്യോഗസ്ഥർ പറഞ്ഞാൽ കേൾക്കുമോ? എസ്.പി.മാർ കേൾക്കണമെങ്കിൽ സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി പറയണം. എസ്.എച്ച്.ഒ. കേൾക്കണമെങ്കിൽ ഏരിയ സെക്രട്ടറി പറയണം. നിങ്ങൾ പോലീസിനെ രാഷ്ട്രീയവൽക്കരിച്ചിരിക്കുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിൽ ഒരു വിമുക്തഭടൻ സെക്യൂരിറ്റിയായി നിൽക്കുമ്പോൾ പാസ്സില്ലാതെ വന്ന ഒരു ഡി.വൈ.എഫ്.ഐ. നേതാവിനെ കയറ്റിവിടാതിരുന്ന സംഭവമുണ്ടായി. ഞാൻ അദ്ദേഹത്തിന്റെ വീട്ടിൽ പോയപ്പോൾ അദ്ദേഹം എന്നോട് പറഞ്ഞു, 'ഞാൻ താൽക്കാലിക സെക്യൂരിറ്റി ജീവനക്കാരനാണ്. സി.സി.ടി.വി. വച്ചിട്ടുണ്ട്. സി.സി.ടി.വി.യിൽ ഞാൻ പാസ്സില്ലാതെ ആരെയെങ്കിലും കയറ്റി വിടുന്നത് കണ്ടാൽ എന്റെ ജോലി പോകും. ഒരു പാസ്സെടുത്ത് കൊണ്ടുവരാൻ ഞാൻ അദ്ദേഹത്തോട് പറഞ്ഞു' എന്നാണ്. ഇത് പറഞ്ഞതിന്റെ പേരിൽ ഡി.വൈ.എഫ്.ഐ. നേതാവ് ബഹളമുണ്ടാക്കുകയും ഫോണിൽക്കൂടി പത്തുപതിനഞ്ചുപേരെ വിളിച്ചുവരുത്തി ആ ജീവനക്കാരനെ ചവിട്ടിക്കൂട്ടുകയും ചെയ്തു. ചവിട്ടുകൊണ്ട ജീവനക്കാരൻ രണ്ട് പെൺകുട്ടികളുള്ള വിമുക്ത ഭടനാണ്. സർവ്വീസിലുണ്ടായിരുന്ന വ്യക്തിയാണ്. അദ്ദേഹം നട്ടെല്ലുപൊട്ടി ആശുപത്രിയിലാണ്. അതിന്റെ വിഷ്വൽസെല്ലാം സോഷ്യൽ മീഡിയയിൽ വന്നതാണ്. അതിലെ പ്രതികളെ മുഴുവൻ അറസ്റ്റ് ചെയ്യാൻ കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർ ശക്തമായ നടപടി സ്വീകരിച്ച് മുന്നോട്ടുപോയി. അപ്പോൾ കോഴിക്കോട്

സി.പി.ഐ.(എം) ജില്ലാ സെക്രട്ടറി കമ്മീഷണറെ വിമർശിച്ചുകൊണ്ട് പത്രസമ്മേളനം നടത്തി ഇതല്ല ഇടതുമുന്നണിയുടെ പോലീസ് നയമെന്ന് പറഞ്ഞു. പാവപ്പെട്ട ഒരു വിമുക്തഭടനെ ചവിട്ടിക്കൂട്ടിയതിന് പ്രതികളുടെ വീടുകളിൽ അറസ്റ്റ് ചെയ്യാൻ പോയ കമ്മീഷണറെയും പോലീസിനെയും അവരുടെ ആത്മവിശ്വാസത്തെ, ആത്മവീര്യത്തെ നിർവീര്യമാക്കുന്ന നടപടി സ്വീകരിക്കാൻ ആഭ്യന്തര വകുപ്പിന്റെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടതുമുന്നണിയുടെ പോലീസ് നയം നടപ്പിലാക്കാൻ കോഴിക്കോട് ജില്ലാ സെക്രട്ടറിയെ ഏൽപ്പിച്ചിട്ടുണ്ടോ; ഓതറൈസ് ചെയ്തിട്ടുണ്ടോ; ആരാണ് അദ്ദേഹത്തിന് അധികാരം കൊടുത്തത്? ഒരു കമ്മീഷണർ പോലീസിന്റെയും നാടിന്റെയും മാനം കാക്കാൻ സത്യസന്ധമായ നടപടികളുമായി മുന്നോട്ടുപോയപ്പോൾ ആരാണ് ഈ ജില്ലാ സെക്രട്ടറിക്ക് അധികാരം കൊടുത്തത്? സംസ്ഥാനത്ത് ഇതുപോലുള്ള സംഭവങ്ങൾ എല്ലായിടത്തും ആവർത്തിക്കുകയാണ്. ഇവിടെ പാർട്ടി നേതാക്കളെ സുഖിപ്പിച്ചാൽ ആർക്കും എന്തും ചെയ്യാം. അതുകൊണ്ടാണ് സംസ്ഥാനത്ത് ഗുണ്ടാ സംഘങ്ങൾ വർദ്ധിക്കുന്നത്. ഈ ഗുണ്ടകൾ ലോക്കലായുള്ള സ്പോൺസർഷിപ്പാണ്. പോലീസിന് അവരെ പിടിക്കാൻ പറ്റാത്ത സ്ഥിതിയാണ്. കാപ്പ ചുമത്താൻ സാധിക്കുന്നില്ല. ചുമത്തിക്കഴിഞ്ഞാൽ അതിന് സ്വാധീനം വരുന്നു. കോട്ടയത്ത് 19 വയസ്സുകാരനെ ഗുണ്ട തട്ടിക്കൊണ്ടുപോയി മൂന്ന് മണിക്കൂർ തുടച്ചയായി ക്രൂരമായി മർദ്ദിച്ചതും അവസാനം കൈ വിരൽകൊണ്ട് കണ്ണ് കുത്തിപ്പൊട്ടിച്ച് തല്ലിക്കൊന്ന് തോളിലിട്ട് കോട്ടയത്തെ ഈസ്റ്റ് പോലീസ് സ്റ്റേഷന്റെ മുന്നിൽ കൊണ്ടിട്ടശേഷം പോലീസിനെ വെല്ലുവിളിച്ചതും നിങ്ങൾക്കറിയില്ലേ? ആ ഗുണ്ടയെ കാപ്പ കേസിൽനിന്ന് പുറത്തുകൊണ്ടുവരാൻ ആരാണ് ശ്രമിച്ചത്? ഇതിന്റെയെല്ലാം പിന്നിൽ ആരാണെന്ന് അങ്ങ് അന്വേഷിക്കണം. പോലീസിനെ ഭരിക്കാൻ പാർട്ടിക്കാരെ തുറന്ന് വിട്ടുകൊടുക്കരുത്. അത് അപകടത്തിലേയ്ക്ക് പോകും. ആ അപകടമാണ് ഇന്ന് കേരളത്തിൽ എല്ലാ സ്ഥലത്തും നടക്കുന്നത്. (...ബഹളം...) ക്രിമിനലുകളായ പോലീസുകാരെ നിലയ്ക്കുനിർത്തണം. പി.എസ്.സി. പരീക്ഷയെഴുതാൻ പോയ ആളെ പോലീസുകാരൻ തടുത്തുനിർത്തി അവന്റെ ബൈക്കിന്റെ താക്കോൽ ഊരി പോക്കറ്റിലിടുകയും നീ പരീക്ഷ എഴുതാൻ പോകണ്ടെന്നുപറഞ്ഞ് ഒരു മണിക്കൂറോളം വഴിയിൽ നിർത്തുകയും ചെയ്തു. അതുകാരണം അയാൾക്ക് പി.എസ്.സി. പരീക്ഷയെഴുതാൻ കഴിഞ്ഞില്ല. അതിനെതിരെ നടപടി സ്വീകരിച്ചോ? ഇതുപോലെ എത്രയോ സംഭവങ്ങളാണുണ്ടായിട്ടുള്ളത്. വാളയാറിൽ അമ്മയെ ആശുപത്രിയിൽ കൊണ്ടുപോകുന്ന വഴി സഹോദരങ്ങളെ പോലീസ്

മർദ്ദിച്ചു. കരമനയിലുള്ള സർക്കാർ ജീവനക്കാരനെ നടുറോഡിലിട്ട് മർദ്ദിച്ച കേസിൽ കേസ്സെടുത്തോ? മ്യൂസിയം പോലീസ് കേസ്സെടുത്ത കാര്യം ഇവിടെ പറഞ്ഞു. മ്യൂസിയത്തിൽ അതിക്രമമുണ്ടായി. സ്റ്റേറ്റ് കാറിൽ വന്നാണ് ഒരു സ്ത്രീയെ വെളുപ്പാൻകാലത്ത് ആക്രമിച്ചത്. അവർ അപ്പോൾ തന്നെ പരാതി കൊടുത്തു. 9,00 മണിക്ക് പോയാണ് എഫ്.ഐ.ആർ. എടുത്തത്. എന്നിട്ട് തെളിവില്ലെന്ന് പറഞ്ഞപ്പോൾ പരാതിക്കാരി തന്നെ വാഹനം ഏതാണെന്നറിയാൻ ആ പ്രദേശത്തുള്ള കടകളിലെ മുഴുവൻ സി.സി.ടി.വി. ദൃശ്യങ്ങളും വാശിയോടുകൂടി പരിശോധിച്ചു. പോലീസ് കേസ്സെടുക്കാൻ പരാതിക്കാരി തന്നെ സി.സി.ടി.വി. അന്വേഷിച്ചുപോകാൻ നിർബന്ധിതയാകുകയാണുണ്ടായത്. തലശ്ശേരിയിലെ കാര്യം അങ്ങ് പറഞ്ഞല്ലോ. അത് നമ്മളെയൊക്കെ വേദനിപ്പിച്ച സംഭവമാണ്. ഞാൻ ആ കുഞ്ഞിനെപോയി കണ്ടു. സഹിക്കാൻ കഴിയില്ല, ഒരു നേർത്ത മെലിഞ്ഞ കുഞ്ഞാണ്. ആ കുഞ്ഞ് കാറിൽ ചാരി നിന്നപ്പോൾ കാർ ഉടമ ചവിട്ടി വീഴ്ത്തുകയും നാട്ടുകാർ ഇടപെടുകയും ചെയ്തു. അന്ന് പോലീസ് കേസ്സെടുക്കാതെ അയാളെ വെറുതെ വിടുകയാണ് ചെയ്തത്. പിറ്റേ ദിവസം കേരളം മുഴുവൻ അതൊരു വികാരമായി കത്തിപ്പടർന്നപ്പോൾ പോലീസ് കേസ്സെടുക്കുകയും അന്ന് രാത്രി തന്നെ ആ പ്രതിയെ പറഞ്ഞുവിടുകയും ചെയ്തു. ആര് പറഞ്ഞിട്ടാണ് ആ പ്രതിയെ വിട്ടയച്ചത്? ആരോ സ്വാധീനിച്ചു; ആരുടെയോ ഫോൺ വന്നപ്പോഴാണ് പറഞ്ഞുവിട്ടത്. (....ബഹളം....)

<u>മി. സ്പീക്കർ</u>: പ്ലീസ്...പ്ലീസ്... അദ്ദേഹം പ്രസംഗിക്കട്ടെ.....എല്ലാവരും അവിടെ ഇരിക്കൂ.... ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സംസാരിക്കട്ടെ. ഭരണപക്ഷാംഗങ്ങൾ ഇരിക്കൂ. (...ബഹളം...) അങ്ങ് സംസാരിക്കൂ.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് ഇവിടെ ഷാരോൺ വധക്കേസിനെക്കുറിച്ച് പറഞ്ഞു. ഷാരോൺ കേസിൽ പരാതിയുമായി ആദ്യം പോയപ്പോൾ പോലീസ് ആ പെൺകുട്ടി അങ്ങനെ ചെയ്യില്ലെന്നാണ് പറഞ്ഞത് . പിന്നീട് വിവാദമായപ്പോഴാണ് കേസ്സെടുക്കുന്ന സാഹചര്യത്തിലേയ്ക്ക് പോയത് . അതുപോലെ മൊബൈൽ ഫോണിൽ അജ്ഞാത നമ്പരിൽ നിന്ന് അശ്ലീല വീഡിയോ വന്നതിനാൽ പരാതിക്കാരി പോലീസ് സ്റ്റേഷനിൽ ചെന്നപ്പോൾ ഫോണിൽ വീഡിയോ വന്നാലും ദേഹ പരിശോധന നടത്തണമെന്നും പോക്സോ കേസ്സാണെന്നുമാണ് പോലീസ് പറഞ്ഞത്. അങ്ങനെ തീരാത്തരത്തിലും സംഭവങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് റിപ്പോർട്ട് ചെയ്യപ്പെടുകയാണ്. അതുകൊണ്ട് ക്രിമിനലുകളായ പോലീസുകാരെ സംരക്ഷിക്കരുത്; അവരെ

നിലയ്ക്കുനിർത്തണം. ക്രൂരമായ ക്രിമിനൽ കുറ്റങ്ങൾ ചെയ്യുന്ന ഉദ്യോഗസ്ഥർ സർവ്വീസിലുണ്ടാകാൻ പാടില്ല. കാരണം പോലീസ് സേന ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട ഉത്തരവാദപ്പെട്ട സേനയാണ്. കേരളത്തിലെ പോലീസ് സേന ഇവിടത്തെ ജനസംഖ്യയുമായി താരതമ്യപ്പെടുത്തുമ്പോൾ ചെറുതാണ്. പക്ഷേ പോലീസുണ്ട്, കുറ്റകൃത്യങ്ങൾ ചെയ്താൽ അവർ തങ്ങളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരുമെന്ന് പറയുന്ന ഒരു ഡിറ്ററന്റ് ഫാക്ടറുണ്ട്. പോലീസിനെക്കുറിച്ചുള്ള വിശ്വാസം ജനങ്ങൾക്ക് നഷ്ടമായാൽ കേരളത്തിൽ അക്രമങ്ങൾ വളരും, ഗുണ്ടാ കൊലപാതകങ്ങളുണ്ടാകും. ഗുണ്ടകൾ അഴിഞ്ഞാടുമ്പോൾ അവരെ നിയന്ത്രിക്കാൻ പോലും കഴിയാത്ത തരത്തിൽ പോലീസിനെ നിർവീര്യമാക്കുന്നത് എന്തിനാണ്? ഈ ഗവൺമെന്റ് പോലീസിനെ ക്രിമിനൽവൽക്കരിക്കുകയും അമിതമായി രാഷ്ട്രീയവൽക്കരിക്കുകയും ചെയ്യുന്നുവെന്നതാണ് ഞങ്ങളുടെ ഏറ്റവും പ്രധാനപ്പെട്ട ആരോപണം. ഗൗരവതരമായ കുറച്ച് സംഭവങ്ങൾ മാത്രം ഉയർത്തിക്കാട്ടി ഞങ്ങൾ പറഞ്ഞിട്ടും നിഷേധാത്മകമായ നിലപാടാണ് ഗവൺമെന്റ് സ്വീകരിക്കുന്നത് . ഇതുപോലുള്ള നടപടിയുമായി മുന്നോട്ടുപോകുമെന്നാണ് മുഖ്യമന്ത്രിയുടെ പ്രഖ്യാപനം. അതിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു. ഒരു കാര്യം കൂടി ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും പണ്ടുമുതലേ വാക്കൗട്ട് പ്രസംഗം നടത്താറുണ്ട് . ഒരു സംഘം ക്വട്ടേഷൻ കിട്ടിയതുപോലെ നിരന്തരമായി വാക്കൗട്ട് പ്രസംഗത്തെ ശല്യപ്പെടുത്തുന്നത് അങ്ങ് പരിശോധിക്കണം.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇന്ന് ചർച്ച ചെയ്യുന്ന വിഷയം കേരളത്തിലെ ഭരണകക്ഷിക്ക് എതിരല്ല. മീഡിയ തുറന്നാൽ ഓരോ നിമിഷവും നല്ല വാർത്തകളല്ല വന്നുകൊണ്ടിരിക്കുന്നത്. മയക്കുമരുന്ന് ഉപയോഗിച്ചിട്ടുള്ള വിചിത്രമായ കുറ്റകൃത്യങ്ങളും കേട്ടുകേൾവിയില്ലാത്ത അതിക്രൂരമായ കുറ്റകൃത്യങ്ങളും കേരളത്തിൽ വർദ്ധിച്ചുവരികയാണ്. അപ്പോൾ നിയമസഭ ഈ വിഷയം ചർച്ച ചെയ്യുകയും കേരളത്തിലെ പോലീസിനെ മെച്ചപ്പെടുത്താൻ ക്രിയേറ്റീവായ സമീപനം സ്വീകരിക്കുകയുമാണ് വേണ്ടത്. പൊളിറ്റിക്കൽ ഇന്റർഫിയറൻസും കൺട്രോളും താഴെത്തട്ടിൽ കൂടുന്നുണ്ടോ എന്നുള്ളത് പരിശോധിക്കേണ്ട കാര്യമാണ്. 'ആര് വിളിച്ചുപറഞ്ഞാലും കേൾക്കണ്ട, കുറ്റകൃത്യങ്ങളാണെങ്കിൽ നടപടിയെടുക്കണം' എന്ന് ബഹുമാന്യനായ എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് നയപരമായ തീരുമാനമെടുത്തിരുന്നു. അന്ന്

കുറ്റകൃത്യങ്ങൾ കുറഞ്ഞുവെന്നുള്ള കണക്കുകളുണ്ട്. അത്തരത്തിൽ തീരുമാനമെടുക്കുന്ന കാര്യം ഗവൺമെന്റ് പരിശോധിക്കണം. നിലവിൽ കേരളത്തിലുള്ള നിരവധി ആളുകൾ സംസ്ഥാനത്തിന് പുറത്താണ് ജോലി ചെയ്യുന്നത്. എന്നാൽ അത്രത്തോളം അതിഥി തൊഴിലാളികൾ കേരളത്തിൽ ജോലി ചെയ്യുന്നുണ്ടെന്നുമുള്ളതാണ് വാസ്തവം. അതുകൊണ്ടുതന്നെ കേരളം കുറച്ചുകൂടി സുരക്ഷിതത്വം അർഹിക്കുന്നില്ലേ? ബഹുമാനപ്പെട്ട മുഖ്യമന്ത്രി കേരളത്തിലെ ക്രമസമാധാനനില മെച്ചമാണെന്ന് പറഞ്ഞ് ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുന്നു. മറ്റ് സംസ്ഥാനങ്ങളുടെ സ്ഥിതി പല സ്റ്റാൻഡേർഡിലും കേരളത്തെക്കാൾ താഴെയാണ്. ജീവിതനിലവാരത്തിലും വിദ്യാഭ്യാസത്തിലും ആരോഗ്യ കാര്യത്തിലുമെല്ലാം അങ്ങനെയാണ്. ക്രമസമാധാനത്തിന്റെ കാര്യത്തിൽ കേരളം മറ്റ് സംസ്ഥാനത്തേക്കാൾ മെച്ചമായിരിക്കാം. പക്ഷേ നമ്മൾ ലോകോത്തര നിലവാരത്തിലേയ്ക്ക് പോകേണ്ട സമയമായി. പോലീസിന്റെ പ്രൊഫഷണലിസം താഴെപ്പോയത് എന്തുകൊണ്ടാണ്? മീഡീയയിൽ 24 മണിക്കൂറും കേരളത്തിന്റെ കുറ്റകൃത്യങ്ങൾ ലോകത്തിനുമുമ്പിൽ പറയത്തക്ക നിലയിൽ മയക്കുമരുന്നും വിചിത്രമായ കുറ്റകൃത്യങ്ങളും കൂടി വരുന്നു. അത് പരിശോധിക്കേണ്ട ഉത്തരവാദിത്വം ഗവൺമെന്റിനില്ലേ? കേരളത്തിൽ പൊതുവായി പോലീസ് കൺട്രോൾ കുറഞ്ഞുവരുന്നതിനെക്കുറിച്ചും പ്രൊഫഷണലായി കുറ്റകൃത്യങ്ങൾ വർദ്ധിച്ച് വരുന്നതിനെക്കുറിച്ചുമാണ് മുൻ ആഭ്യന്തര വകുപ്പുമന്ത്രി ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിലുള്ളത്. കേസ്സുകൾ തെളിയിക്കുന്നതുപോലെ ബാക്കി കാര്യങ്ങൾക്കൊന്നും യാതൊരുവിധ പ്രചാരവും ഇവിടെ ലഭിക്കുന്നില്ല. വിചിത്രമായ രീതിയിൽ യാതൊരു നിയന്ത്രണവുമില്ലാതെ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നുവെന്നുള്ള ഇംപ്രഷനാണുള്ളത്. പോലീസിൽ പ്രൊഫഷണലിസം കുറഞ്ഞതും പൊളിറ്റിക്കൽ കൺട്രോൾ കൂടിയതും കുറ്റവാളികൾക്ക് സംരക്ഷണം ലഭിക്കുന്നതും മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതുമാണ് അടിയന്തരപ്രമേയത്തിന് ആധാരം. ഗവൺമെന്റും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഇക്കാര്യം ഗൗരവമായി പരിശോധിക്കണം. മറ്റ് അടിസ്ഥാന സൗകര്യങ്ങളെല്ലാമുണ്ടായിട്ടും കേരളം ഒരു സുരക്ഷിതമായ സ്റ്റേറ്റ് അല്ലെന്നുള്ള ഇംപ്രഷൻ പരക്കുന്നത് ഇൻവെസ്റ്റുമെന്റിനും ടൂറിസത്തിനും ബാക്കിയെല്ലാകാര്യങ്ങൾക്കും തകരാറാണ്. അതുകൊണ്ട് അമിതമായ രാഷ്ട്രീയ നിയന്ത്രണമാണ് ഇത്തരത്തിലുള്ള പ്രശ്നങ്ങളിലേയ്ക്ക് നീങ്ങുന്നതെന്ന ആരോപണം ഗവൺമെന്റ് ശ്രദ്ധിക്കണം. ഗൗരവതരമായ ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ് : സർ, 'ക്രിമിനൽ കേസ്സിൽ പ്രതികളായ എത്ര പോലീസുകാരുണ്ട്' എന്ന ചോദ്യത്തിന് 828 എന്നാണ് മറുപടി നൽകിയിരിക്കുന്നത്. പക്ഷേ പിന്നീടുള്ള ചോദ്യങ്ങൾക്കെല്ലാം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ലെന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. അങ്ങനെയൊരു മറുപടിയല്ല ഒരു സാമാജികന്റെ ചോദ്യത്തിന് മറുപടിയായി നൽകേണ്ടത് . ബഹുമാനപ്പെട്ട ചെയർ ശ്രദ്ധിക്കേണ്ട വിഷയമാണിത്. ആഭ്യന്തര വകുപ്പിൽ ഇതിനുള്ള മറുപടികൾ ലഭ്യമല്ലാത്തതുകൊണ്ടല്ല, അവ നൽകാൻ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് തയ്യാറാകുന്നില്ല എന്നുള്ളതാണ് ഞങ്ങൾ ഇവിടെ സൂചിപ്പിക്കുന്നത് . പോലീസ് സേനയിലെ ഏതാനും ഉദ്യോഗസ്ഥർക്കെതിരെ വലിയ ആക്ഷേപങ്ങളുണ്ടാകുന്നുവെന്നുള്ളത് ഗൗരവമായി കാണണം. അത്തരം വിഷയങ്ങളെ എതിർക്കാനും അങ്ങനെയുള്ളവരെ സർവ്വീസിൽ നിന്ന് ടെർമിനേറ്റ് ചെയ്യാനുമുള്ള നടപടികളാണുണ്ടാകേണ്ടത് . *അങ്ങനെ ചെയ്താൽ* തീർച്ചയായും അത് നല്ലൊരു മാതൃക സൃഷ്ടിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. എന്നാൽ ഇവിടെ ഇങ്ങനെയുള്ള പോലീസ് ഉദ്യോഗസ്ഥരെ സംരക്ഷിക്കുകയാണ് ചെയ്യുന്നത് . ഇവിടെ നൽകിയ ഉത്തരം തന്നെ അതിനുള്ള വലിയ ഉദാഹരണമാണ് . ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, ഇവിടെ ഒറ്റപ്പെട്ട സംഭവങ്ങളുടെ പെരുമഴക്കാലമാണ്. എല്ലാ സംഭവങ്ങളെയും ആ രൂപത്തിലാണ് സർക്കാർ സമീപിക്കുന്നത്. പട്രോളിംഗ് പോലീസും പിങ്ക് പട്രോളിംഗുമുണ്ടായിട്ടും കൊച്ചിയിലെ പ്രധാന നഗരത്തിൽ വണ്ടിയിൽവച്ച് ഒരു പെൺകുട്ടിയെ പീഡിപ്പിച്ച സംഭവമുണ്ടായി. നേരത്തെ പ്രമുഖയായ ഒരു നടിക്കും ഇതേ അനുഭവമുണ്ടായി. ഇത്തരം സംഭവങ്ങൾ നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. പോലീസിനെ അമിതമായി രാഷ്ട്രീയവൽക്കരിക്കുന്ന സാഹചര്യമാണ് ഇന്നുള്ളത് . ഇത്തരം സംഭവങ്ങൾ സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭയിൽനിന്നും പുറത്തുപോയ പ്രതിപക്ഷ കക്ഷിയംഗങ്ങൾ അൽപ്പസമയത്തിനുശേഷം സഭയിൽ ഹാജരായി.)

[11.00 a.m.]

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

IV ശ്രദ്ധ ക്ഷണിക്കൽ

(1) ഭൂരഹിതർക്ക് ഭൂമി വിതരണം

ശ്രീ. പി. എസ്. സുപാൽ: സർ, സംസ്ഥാനത്ത് സമഗ്രമായ പട്ടയ വിതരണത്തിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന വിഷയത്തിൽ സഭയുടെ ശ്രദ്ധക്ഷണിക്കുകയാണ്. കേരളത്തിലെ എൽ.ഡി.എഫ്. ഗവൺമെന്റ് പട്ടയ വിതരണവുമായി ബന്ധപ്പെട്ട് സജീവമായ ഇടപെടലാണ് നടത്തിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് പട്ടയ വിതരണവുമായി ബന്ധപ്പെട്ട് വേഗത്തിൽ നടപടികൾ സ്വീകരിക്കുകയും അഞ്ച് വർഷംകൊണ്ട് സംസ്ഥാനത്ത് 177494 പട്ടയങ്ങളുടെ വിതരണം നടത്തുകയും ചെയ്തു. നിലവിലുള്ള എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ബഹുമാന്യനായ റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ എല്ലാ മേഖലയിലും അർഹരായ പരമാവധി ആളുകൾക്ക് പട്ടയം ലഭിക്കുന്നതിനാവശ്യമായ സജീവമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിന്റെ ഫലമായി ഒരു വർഷത്തിനുള്ളിൽ 54535 പട്ടയങ്ങൾ സംസ്ഥാനത്ത് വിതരണം ചെയ്യാൻ സാധിച്ചത് വലിയൊരു മുന്നേറ്റമാണ്. ഈ വിഷയത്തിൽ ഗവൺമെന്റ് വളരെ കാര്യക്ഷമമായി ഇടപെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്ന ഉറച്ച വിശ്വാസത്തോടുകൂടിയാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ വിഷയം അവതരിപ്പിക്കുന്നത്. വനഭൂമിയിൽ താമസിക്കുന്ന അർഹരായ ആളുകൾക്ക് ഇനിയും പട്ടയം ലഭിച്ചിട്ടില്ല. അത് ലഭിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് പതിനായിരക്കണക്കിന് ആളുകൾക്കാണ് ആ രീതിയിൽ പട്ടയം ലഭിക്കാനുള്ളത്. പുനലൂർ, പത്തനാപുരം താലൂക്കുകളിൽത്തന്നെ ഏതാണ്ട് 4552 അപേക്ഷകൾ നിലവിലുണ്ട്. അത് പരിവേഷ് പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് കേന്ദ്രാനുമതിക്കായി കാത്തിരിക്കുകയാണ്. എത്രയുംവേഗം അനുമതി ലഭ്യമാക്കേണ്ടതുണ്ട്. അവിടെ മാത്രമല്ല കേരളത്തിലുടനീളം അർഹരായ മുഴുവൻ ആളുകൾക്കും വനഭൂമിക്ക് പട്ടയം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ട്. 2006-ലെ കേന്ദ്ര വനാവകാശ നിയമപ്രകാരം പട്ടികവർഗ്ഗക്കാരായ ആളുകൾക്ക് അവകാശപത്രിക വിതരണം ചെയ്യുകയുണ്ടായി. എന്നാൽ വസ്തു സംബന്ധമായ വിവിധ ആവശ്യങ്ങൾക്ക് അവകാശ പത്രിക മതിയാകാതെ വരുന്ന സാഹചര്യത്തിൽ കുടുംബാംഗങ്ങളായ ആദിവാസികൾക്കല്ലാതെ അന്യകൈമാറ്റം ചെയ്യാൻ പാടില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി അവകാശ പത്രികയ്ക്കുപകരം പട്ടയം

നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. സംസ്ഥാനത്ത് റോഡ്, പുഴ, കനാൽ, തോട്, റെയിൽവേ എന്നിവയുടെ പുറമ്പോക്കുകളിലുൾപ്പെടെ താമസിക്കുന്ന ലക്ഷക്കണക്കിന് ആളുകളുണ്ട്. അവർ പതിറ്റാണ്ടുകളായി അവിടെ വീടുവച്ച് താമസിക്കുകയാണ്. അതിൽ പലർക്കും പട്ടയമില്ലാത്തതുകൊണ്ടുതന്നെ പല പ്രയാസങ്ങളും നേരിട്ടുകൊണ്ടിരിക്കുകയാണ്. ഭൂമിയെ സംബന്ധിച്ചിടത്തോളം ആ വകുപ്പുകളുടെ ഭാവി വികസനത്തിന് അത് അനിവാര്യമല്ലെന്ന് കണ്ടെത്തുന്ന കേസ്സുകളിൽ നിരാക്ഷേപപത്രം വാങ്ങിക്കൊണ്ട് അർഹരായ മുഴുവൻ ആളുകൾക്കും പ്രസ്തുത ഭൂമി പതിച്ചുനൽകുന്നതിന് ആവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കേണ്ടതുണ്ട്. അത്തരത്തിൽ നടപടി സ്വീകരിച്ചാൽ ആ തീരുമാനം സംസ്ഥാനത്തെ പതിനായിരക്കണക്കിന് കുടുംബങ്ങൾക്ക് ആശ്വാസകരമായി മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. സംസ്ഥാനത്ത് ഭൂരഹിതരായ നിരവധി ആളുകളുണ്ട്. ഒരു തുണ്ട് ഭൂമിക്കുവേണ്ടി കാത്തിരിക്കുന്ന അനേകായിരങ്ങൾക്ക് ആശ്വാസം പകരുന്ന വാക്കുകളാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. അർഹരായ ഒട്ടേറെ ആളുകൾക്ക് ഭൂമി ലഭ്യമാകാതിരിക്കുകയും അനർഹരായ നിരവധി ആളുകൾ ഭൂമി കൈവശപ്പെടുത്തിവച്ചിരിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ട്. ഇത് വളരെ ഗൗരവമായി കാണേണ്ടതും വേഗത്തിൽ നടപടി സ്വീകരിക്കേണ്ടതുമായ വിഷയമാണ്. അങ്ങനെയുള്ള ഭൂമി കണ്ടെത്തി അർഹരായ മുഴുവൻ കുടുംബങ്ങൾക്കും ഭൂമി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. വിവിധ പ്രദേശങ്ങളിൽ പട്ടയം അനുവദിക്കാൻ കഴിയാതെ നിയമക്കുരുക്കിൽപ്പെട്ട് കിടക്കുന്ന നിരവധി കേസ്സുകൾ നിലവിലുണ്ട്. നിയമത്തിലോ ചട്ടത്തിലോ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് നൽകി ഇത്തരം കേസ്സുകൾ പരിഹരിക്കാൻ സാധിക്കണം. അങ്ങനെ ചെയ്യാൻ തയ്യാറായാൽ നിരവധി ആളുകൾക്ക് പട്ടയം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ സാധിക്കും. കേരളത്തിലെ പട്ടയ സംബന്ധമായ വിഷയങ്ങളിൽ വളരെ ആത്മാർത്ഥമായ സമീപനമാണ് ഗവൺമെന്റും ബഹുമാനപ്പെട്ട മന്ത്രിയും സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഈ നടപടികളുമായി മുന്നോട്ടുപോയി സമഗ്രമായി എല്ലാവർക്കും പട്ടയം ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം കുറഞ്ഞ സമയത്തിനുള്ളിൽ കേരളത്തിലെ ഭൂമി

വിതരണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ സമഗ്രമായി വിലയിരുത്തിക്കൊണ്ട് വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായ പ്രകടനങ്ങളുമാണ് രേഖപ്പെടുത്തിയത്. 'എല്ലാവർക്കും ഭൂമി, എല്ലാ ഭൂമിക്കും രേഖ, എല്ലാ സേവനങ്ങളും സ്മാർട്ട് എന്ന മുഖമുദ്രാവാക്യത്തോടെ ഭൂരഹിതരില്ലാത്ത കേരളം സൃഷ്ടിക്കുക എന്ന ലക്ഷ്യമാണ് രണ്ടാം പിണറായി സർക്കാരിനുള്ളത്. അങ്ങ് നേരത്തെ സൂചിപ്പിച്ചതുപോലെ ഇക്കാര്യത്തിൽ ഒന്നാം പിണറായി സർക്കാർ 177000 പട്ടയം വിതരണം ചെയ്തുകൊണ്ട് ഒരു ഗവൺമെന്റിന്റെ കാലയളവിൽ വിതരണം ചെയ്യാവുന്ന പട്ടയങ്ങളുടെ വലിയ ചരിത്രം തന്നെ സൃഷ്ടിച്ചു. കോവിഡ് മഹാമാരിക്കിടയിലും ഈ സർക്കാർ ഒരു വർഷക്കാലംകൊണ്ട് 54535 പട്ടയങ്ങൾ വിതരണം ചെയ്തു. ഭൂവിതരണം സംബന്ധിച്ചും ഭൂമി കണ്ടെത്തി ഏറ്റെടുക്കുന്നത് സംബന്ധിച്ചും സംസ്ഥാനത്ത് നിലനിൽക്കുന്ന നിയമങ്ങളെയും ഈ വിഷയങ്ങളിലുള്ള കോടതി വിധികളെയും ഭൂരഹിതർക്കും ഭൂമിയുടെ കൈവശക്കാർക്കും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ വ്യാഖ്യാനിച്ചുകൊണ്ടും 'എല്ലാവർക്കും ഭൂമി' എന്ന സങ്കൽപ്പം സാക്ഷാത്കരിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേരളത്തെ സംബന്ധിച്ച് ഇത് വലിയൊരു വെല്ലുവിളിയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഈ ലക്ഷ്യം കൈവരിക്കുന്നതിനുവേണ്ടി നടത്തിയ നിശ്ചയദാർഢ്യത്തോടെയുള്ള പ്രവർത്തനങ്ങളുടെ ഫലമായി ആദ്യ വർഷംതന്നെ 54535 പട്ടയങ്ങൾ വിതരണം ചെയ്യാൻ സാധിച്ചു. കേരളത്തിന്റെ 28.9 ശതമാനം വനപ്രദേശമാണ്. ജണ്ടയിട്ട് തിരിച്ച വനാതിർത്തിക്കും സമുദ്രതീരാതിർത്തിക്കും ഇടയിലുള്ള 38 ശതമാനം മാത്രമാണ് വാസയോഗ്യമായ ഭൂമിയുള്ളത്. ഈ ഭൂമി പരമാവധി കുടുംബങ്ങൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങളാണ് സ്വീകരിച്ചുവരുന്നത്. കേരളത്തിൽ നിലനിന്നിരുന്ന നാടുവാഴി, ജന്മി, കുടിയാൻ വ്യവസ്ഥകളും ജാതി വ്യവസ്ഥയും ഭൂമിയുടെ ഉടമസ്ഥത ഒരു ചെറിയ വിഭാഗത്തിൽ കേന്ദ്രീകരിക്കുന്നതിന് കാരണമായപ്പോൾ അതിനെ വലിയൊരു അളവുവരെ മറികടക്കാനായത് 1957-ൽ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് തുടങ്ങിവച്ച കാർഷിക ബന്ധനിയമവും 1963-ലെ സമഗ്ര ഭൂപരിഷ്കരണ നിയമവും 1967-ൽ സമഗ്രമായി അവതരിപ്പിച്ച ഭൂപരിഷ്കരണ ഭേദഗതി നിയമവുംമൂലമാണ്. ഇതിലൂടെ കൃഷിഭൂമിയുടെ ഉടമസ്ഥത കൃഷി ചെയ്യുന്ന കർഷകന് നൽകുന്നതിനോടൊപ്പം ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനും തുടക്കം കുറിച്ചു. നാളിതുവരെ 40557.01 ഹെക്ടർ മിച്ചഭൂമി ഏറ്റെടുത്ത് വിതരണം ചെയ്തിട്ടുണ്ട്. എങ്കിലും ഇപ്പോഴും 1342 മിച്ചഭൂമി കേസ്സുകൾ കേരളത്തിൽ തീർപ്പാക്കാനുണ്ട്. സംസ്ഥാനത്തെ താലൂക്ക് ലാൻഡ് ബോർഡുകളുടെ

ചെയർമാന്മാരായി ഡെപ്യൂട്ടി കളക്ടർമാർ, ആർ.ഡി.ഒ.-മാർ എന്നിവരെയാണ് ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ ഈ ഉദ്യോഗസ്ഥർക്ക് ജോലിത്തിരക്കുമൂലം യഥാസമയം കേസ്സുകൾ തീർപ്പാക്കാൻ സാധിക്കാതെവന്ന സാഹചര്യത്തിലാണ് ലാൻഡ് ബോർഡ് കേസ്സുകൾ കൈകാര്യം ചെയ്യുന്നതിന് മാത്രമായി നാല് മേഖലകളായി തിരിച്ച് ഓരോ മേഖലയ്ക്കും പുതിയ ലാൻഡ് ബോർഡ് ചെയർമാന്മാർ എന്ന പ്രത്യേക തസ്തിക സൃഷ്ടിച്ചുകൊണ്ട് 11-10-2022-ൽ ജി.ഒ. 235/2022/റവന്യൂ നമ്പരായി ഉത്തരവ് പുറപ്പെടുവിച്ചത്. ഇതുവഴി മുഴുവൻ മിച്ചഭൂമി കേസ്സുകളും സമയബന്ധിതമായി തീർപ്പാക്കാൻ കഴിയുമെന്നാണ് കരുതുന്നത്. ഇവ തീർപ്പാക്കിയാൽ 20000 ഏക്കർ ഭൂമി ഏറ്റെടുക്കാനും ഭൂരഹിതർക്ക് വിതരണം ചെയ്യാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. സംസ്ഥാനത്ത് ഇപ്പോൾ ഭൂപരിധിയിൽ കവിഞ്ഞ ഭൂമി വാങ്ങിക്കൂട്ടുന്നവരുണ്ട്. ഭൂപരിഷ്കരണ നിയമം നടപ്പിലാക്കി 50 വർഷം പിന്നിട്ടിട്ടും പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിരിക്കുന്ന എല്ലാവരെയും കണ്ടെത്താൻ സാധിച്ചിട്ടില്ലെന്നുള്ളത് വലിയൊരു ന്യൂനതയാണ്. സംസ്ഥാനത്തെ വിവിധ വില്ലേജുകളിൽ പരിധിയിൽ കവിഞ്ഞ ഭൂമി കൈവശംവച്ച് അനുഭവിക്കുന്നവരെ കണ്ടെത്താൻ മാർഗ്ഗമുണ്ടായിരുന്നില്ല. ഇത് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടെയാണ് 'യുണിക് തണ്ടപ്പേർ' സംവിധാനം സർക്കാർ നടപ്പിലാക്കിയത്. ഇനിമുതൽ സംസ്ഥാനത്തെ പല വില്ലേജുകളിലായി പരിധിയിൽ കവിഞ്ഞ ഭൂമി കൈവശംവച്ചിട്ടുള്ളവരെ ഒറ്റത്തണ്ടപ്പേർ സംവിധാനത്തിലൂടെ കണ്ടെത്താൻ സാധിക്കും. ഇത് പൂർണ്ണമായും നടപ്പിലാക്കിക്കഴിയുമ്പോൾ ഭൂപരിഷ്കരണ രംഗത്തുണ്ടായ വിപ്ലവകരമായ എല്ലാ മാറ്റങ്ങൾക്കും യുണിക് തണ്ടപ്പേർ അഥവാ ഒറ്റത്തണ്ടപ്പേർ എന്ന സംവിധാനം വഴിയൊരുക്കും. രാജഭരണകാലത്ത് വിദേശ കമ്പനികൾക്ക് പാട്ടത്തിന് നൽകിയതും അവർ വിലകൊടുത്ത് വാങ്ങിയതുമായ പതിനായിരക്കണക്കിന് ഏക്കർ ഭൂമി ഇന്നും സർക്കാരിന് ഏറ്റെടുക്കാൻ സാധിച്ചിട്ടില്ല. സ്വാതന്ത്ര്യത്തിനുശേഷം ഇത്തരം കമ്പനികൾ ഇന്ത്യൻ കമ്പനികളുമായി ലയിച്ച് ഭൂമി അനധികൃതമായി കൈവശംവച്ചുവരികയാണ്. ഇത്തരം ഭൂമികൾ ഏറ്റെടുക്കാൻ *കേരള* ലാൻഡ് കൺസർവൻസി ആക്ടപ്രകാരം സർക്കാർ നടപടി സ്വീകരിക്കുന്നതിന് മുമ്പുതന്നെ ഭൂമിയുടെ ഉടമസ്ഥത സർക്കാർ സിവിൽ കോടതി മുഖേന തെളിയിക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായി. ഇതനുസരിച്ച് 68 കേസ്സുകൾ കണ്ടെത്തിയതിൽ 8 കേസ്സുകൾ വിവിധ സിവിൽ കോടതികളിൽ ഫയൽ ചെയ്ത് നടപടികൾ സ്വീകരിച്ചുവരികയാണ്. ബാക്കി കേസ്സുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടി പുരോഗമിക്കുന്നുണ്ട്. ഇതിലൂടെ

ഭൂരഹിതർക്ക് ഭൂമി കണ്ടെത്താനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്. സംസ്ഥാനത്തെ 17 ലാൻഡ് ട്രിബ്യൂണലുകൾ കൂടാതെ ലാൻഡ് ട്രിബ്യൂണലിന്റെ ചുമതല നൽകിയിട്ടുള്ള 65 ട്രിബ്യൂണലുകളുൾപ്പെടെ 82 എണ്ണം നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്. 1964-ന് മുമ്പ് കുടിയായ്മയുണ്ടായിരുന്നവർക്ക് ലാൻഡ് ട്രിബ്യൂണലുകൾവഴി ക്രയസർട്ടിഫിക്കറ്റ് നൽകുകയാണ്. ലാൻഡ് ട്രിബ്യൂണലുകളിൽ ഒരു ലക്ഷത്തിലധികം കേസ്സുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. ഇതിൽ അറുപതിനായിരം കേസുകൾ ഈ വർഷംതന്നെ തീർപ്പാക്കി ക്രയസർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. 1-1-1964 മുതൽ 18-10-2006 വരെയുള്ള കാലയളവിൽ നാലേക്കർവരെ മിച്ചഭൂമി വിലകൊടുത്തുവാങ്ങിയവരെ കുടിയാനായി കണക്കാക്കാമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ട് ഭൂപരിഷ്കരണ നിയമത്തിൽ 7E ഭേദഗതി വന്നതിനുശേഷം അത്തരത്തിലുള്ള അപേക്ഷകളും ലാൻഡ് ട്രിബ്യൂണലുകളിൽ ഫയൽ ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇത്തരം അപേക്ഷകൾ നിരസിക്കപ്പെടുന്ന കുടിയാന്മാർക്ക് അപ്പലേറ്റ് അതോറിറ്റി മുമ്പാകെ അപ്പീൽ സമർപ്പിക്കുന്നതിന് നിയമത്തിൽ ഇതുവരെ വ്യവസ്ഥയില്ലായിരുന്നു. ഭൂപരിഷ്കരണ നിയമത്തിലെ 102-ാം വകുപ്പിൽ ഇതിനാവശ്യമായ ഒരു ഭേദഗതി ഇന്നേ ദിവസം ഈ സഭയിൽ കൊണ്ടുവരുന്നത് ശ്രദ്ധയോടെ ചർച്ച ചെയ്യാനിരിക്കുകയാണ്.

മലയോര ആദിവാസി മേഖലയിലെ പട്ടയവിതരണമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച മറ്റൊരു വിഷയം. ഈ സർക്കാരിന്റെ കാലത്തുതന്നെ മലയോര മേഖലയിലെ ആദിവാസികളുടെ മുഴുവൻ കൈവശ ഭൂമിക്കും പട്ടയം നൽകാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിനായി മിഷൻ മോഡിലുള്ള പ്രവർത്തനങ്ങൾക്ക് രൂപം നൽകിവരികയാണ്. നിലവിലെ ഭൂപതിവ് ചട്ടങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഭൂമികൾ പതിവിന് വിധേയമല്ല. കൂടാതെ ജലസ്രോതസ്സുകളും അവയോടനുബന്ധിച്ചുള്ള സ്ഥലങ്ങളും പതിച്ചുനൽകാൻ പാടില്ലെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതി വ്യക്തമാക്കിയിട്ടുണ്ട്. അങ്ങ് ആ പ്രശ്നം ഗൗരവത്തോടെ ചൂണ്ടിക്കാണിച്ചു. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 218 (1) പ്രകാരം പ്രസ്തുത ആക്ട് നിലവിൽ വന്ന തീയതി മുതൽ കായൽ, തോട്, കുളം തുടങ്ങിയ എല്ലാ ജലസ്രോതസ്സുകളും അതിനോട് ബന്ധപ്പെട്ട സ്വകാര്യ സ്വത്തല്ലാത്ത ഭൂമിയും പഞ്ചായത്തിൽ നിക്ഷിപ്തമാണ്. കായൽ, തോട്, കുളം, റോഡ് എന്നിവയുടെ സാമീപ്യമില്ലാത്ത പല സ്ഥലങ്ങളിലും പതിറ്റാണ്ടുകളായി വീടുവച്ച് താമസിക്കുന്ന ആളുകൾക്ക് ഇത്തരം നിയമപ്രശ്നങ്ങൾമൂലം ഭൂമി

പതിച്ചുനൽകാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നുണ്ട്. റവന്യൂ രേഖകളിൽ, പതിച്ചുകൊടുക്കാനാകാത്ത പുറമ്പോക്കുകളായി രേഖപ്പെടുത്തിയിട്ടുള്ളതാണ് ഈ പ്രശ്നത്തിന്റെ പ്രധാന കാരണം. ഇതുകൂടാതെ കനാലുകൾക്കും മറ്റും ഏറ്റെടുത്തിട്ടുള്ളതും എന്നാൽ ഏറ്റെടുത്ത ആവശ്യത്തിന് ഉപയോഗിക്കാത്തതുംമൂലം അത്തരം സ്ഥലങ്ങളിൽ കുടിയേറി വീടുവച്ച് താമസിക്കുന്നവരുടെ പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ട്. നിയമ വകുപ്പുമായും ബന്ധപ്പെട്ട മന്ത്രിമാരുമായും കൂടിയാലോചിച്ച് നിയമത്തിനും കോടതി വിധികൾക്കും വിധേയമായി ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള പരിശ്രമമാണ് സർക്കാർ നടത്തുന്നത്. റവന്യൂ, വനം, തദ്ദേശസ്വയംഭരണം, ജലവിഭവം, പൊതുമരാമത്ത്, വൈദ്യുതി, പട്ടികജാതി-പട്ടികവർഗ്ഗം, നിയമം എന്നീ വകുപ്പുകളുൾപ്പെടെയുള്ള വിവിധ വകുപ്പുകളുടെ മന്ത്രിമാരുടെയും ഉദ്യോഗസ്ഥരുടെയും ചർച്ചകൾ നടന്നുവരികയും ഇനി ആരംഭിക്കാനിരിക്കുകയുമാണ്. ഇക്കാര്യത്തിൽ വനം, പട്ടികജാതി-പട്ടികവർഗ്ഗം, റവന്യൂ വകുപ്പുമന്ത്രിമാർ പ്രത്യേകമായി കൂടിയാലോചിച്ച് ഈ വർഷം മുതൽ ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജ്യർ തയ്യാറാക്കി നടപ്പിലാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമായി ഫയൽ അദാലത്ത് സംഘടിപ്പിച്ചുവരികയാണ്. മറ്റ് വകുപ്പുകളുടെ കൈവശം ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഏറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിനുള്ള സമഗ്രമായ ഒരു പദ്ധതിക്കും രൂപം നൽകുന്നുണ്ട്. 2006-ലെ പട്ടിക ഗോത്ര വർഗ്ഗങ്ങളും മറ്റ് പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) നിയമത്തിലെ വകുപ്പ് 3(1)(A) അനുസരിച്ചാണ് പട്ടയം അനുവദിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ ഇത്തരത്തിൽ വിതരണം ചെയ്യുന്ന അവകാശ പത്രിക (RoR-Record of Rights) പട്ടയത്തിന് സമാനമാണ്. എന്നാൽ പ്രസ്തുത ഭൂമി വന ഭൂമിയായി നിലനിൽക്കുമെന്നതാണ് വസ്തുത. ഈ ന്യൂനത പരിഹരിച്ചുകൊണ്ട് ആദിവാസികൾക്കും ഗോത്രവർഗ്ഗങ്ങൾക്കും പട്ടയമായിത്തന്നെ ഇത് വിതരണം ചെയ്യാനാവശ്യമായ ശ്രമം നടത്തുന്ന *കാര്യം* സർക്കാരിന്റെ പരിഗണനയിലാണ്. ആ പ്രശ്നം ചർച്ച ചെയ്തുവരികയുമാണ്. പട്ടയ വിതരണം മുഖ്യ അജണ്ടയാക്കി റവന്യൂ വകുപ്പ് ഒരു പരിപാടി തയ്യാറാക്കുകയും ഇതിനുവേണ്ടി ഡാഷ് ബോർഡ് രൂപീകരിക്കുകയും ചെയ്തു. ജില്ലാതല റവന്യൂ അസംബ്ലിക്കുശേഷം പട്ടയ പ്രശ്നങ്ങൾ മാത്രം ചർച്ച ചെയ്യുന്നതിനുള്ള നിയോജകമണ്ഡല യോഗങ്ങൾ നടന്നുവരികയാണ്. ഇതിനുവേണ്ടി ഓരോ നിയോജകമണ്ഡലത്തിലും ഡെപ്യൂട്ടി കളക്ടർമാരെ പ്രത്യേകമായി ചുമതലപ്പെടുത്തിയിരിക്കുകയാണ്. എല്ലാ മാസവും മൂന്നാമത്തെ

വെള്ളിയാഴ്ച വൈകുന്നേരം 3.00 മണിക്ക് ചേരുന്ന വില്ലേജുതല ജനകീയ സമിതികൾ പട്ടയ വിഷയങ്ങൾ മുഖ്യ അജണ്ടയായി ചർച്ച ചെയ്യുവരുന്നുണ്ട്. പട്ടയമനുവദിച്ച കേസ്സുകളിൽ പട്ടയവും പട്ടയ ഫയലും നഷ്ടപ്പെടുന്ന സാഹചര്യത്തിൽ അവ വീണ്ടെടുക്കുന്നതിന് പലവിധ തടസ്സങ്ങൾ നേരിടുന്ന ബുദ്ധിമുട്ടൊഴിവാക്കുന്നതിനാണ് ഇ-പട്ടയമെന്ന ആശയത്തിന് രൂപം നൽകിയിട്ടുള്ളത്. ആദ്യഘട്ടമെന്ന നിലയിൽ ഭൂപരിഷ്കരണ നിയമ പ്രകാരമുള്ള പട്ടയങ്ങൾ ഇ-പട്ടയങ്ങളായാണ് വിതരണം ചെയ്യുന്നത്. ഇത്തരം പട്ടയങ്ങൾ നഷ്ടപ്പെട്ടാലും പകർപ്പ് ലഭ്യമാകാതെതന്നെ പട്ടയം തുടരാനാകും. പുനലൂർ പേപ്പർ മില്ലിന്റെ കാര്യത്തിൽ ബന്ധപ്പെട്ടവർക്ക് ഭൂമി വിതരണം ചെയ്യുന്നതിന് അങ്ങ് കാണിച്ച പ്രത്യേക താൽപ്പര്യം ഈ ഘട്ടത്തിൽ ഞാൻ ഓർക്കുകയാണ്. തുടർന്നും ആ പ്രവർത്തനങ്ങളുണ്ടാകണം. ഭൂരഹിതനായ ഒരു സാധാരണ മനുഷ്യനെ ഭൂമിയുടെ ഉടമസ്ഥനാക്കുന്നതിന്, നിയമത്തിന്റെ അന്തഃസത്ത നിലനിർത്തിക്കൊണ്ടുതന്നെ നിയമങ്ങളിലോ ചട്ടങ്ങളിലോ ഏതെങ്കിലും വിധത്തിലുള്ള മാറ്റം വരുത്തണമെങ്കിൽ അക്കാര്യത്തിൽ ഈ ഗവൺമെന്റിന് ഒരു മടിയുമുണ്ടാകില്ലെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. എന്നാൽ നിയമത്തെ കബളിപ്പിച്ച് ഭൂമി സമ്പാദിച്ചവർ എത്ര ഉന്നതരായാലും ആ ഭൂമി പിടിച്ചെടുത്ത് സാധാരണക്കാർക്കും ഭൂരഹിതർക്കും വിതരണം ചെയ്യുന്നതിനും ഈ ഗവൺമെന്റിന് മടിയുണ്ടാകില്ല. ഈ ഗവൺമെന്റിന് പക്ഷപാതിത്വമുണ്ട്. അത് ഭൂരഹിതരായ മനുഷ്യരുടെ വികാരത്തോടുള്ള പക്ഷപാതിത്വമാണ്.

<u>ശ്രീ. പി. എസ്. സുപാൽ</u>: സർ, വനഭൂമി പട്ടയവുമായി ബന്ധപ്പെട്ട് വലിയ കാലതാമസമുണ്ടാകുന്നുണ്ട്. അത് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്നുള്ള പ്രശ്നമല്ല, ജോയിന്റ് വെരിഫിക്കേഷൻ നടത്തിയതിനുശേഷം കേന്ദ്രാനുമതി ലഭിക്കുന്നതിലുള്ള കാലതാമസംമൂലമാണ്. പ്രത്യേക ഇടപെടൽ നടത്തി വനഭൂമി പട്ടയത്തിന് ആവശ്യമായ അനുമതികൾ എത്രയും വേഗം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. കെ. രാജൻ</u>: സർ, ഞാനും ബഹുമാനപ്പെട്ട വനം-വന്യജീവി വകുപ്പുമന്ത്രിയും ഇക്കാര്യം കേന്ദ്ര ഗവൺമെന്റുമായി ഇതിനകം ചർച്ച ചെയ്തിട്ടുണ്ട്. ആ ചർച്ച തുടരുന്നുമുണ്ട്. മാത്രമല്ല അങ്ങ് ആവശ്യപ്പെട്ടതുപോലെ വനഭൂമിയിൽ അവകാശത്തിനാവശ്യമായ രേഖകൾ ഇനിയും കൊടുക്കാൻ കഴിയാത്തവർക്ക് പുതുതായി അപേക്ഷ സ്വീകരിക്കുന്നതിനുള്ള നടപടിയുൾപ്പെടെ ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ട്. അക്കാര്യം ഗൗരവമായി നടപ്പാക്കുന്നതാണ്.

(2) സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണത്തിലെ ആശങ്കകൾ

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, കേരള സ്കൂൾ പാഠ്യപദ്ധതി പരിഷ്കരണവുമായി ബന്ധപ്പെട്ട് സർക്കാർ പുറത്തിറക്കിയ കരടും കൈപ്പുസ്തകങ്ങളും ചർച്ചകളും സമൂഹത്തിൽ വലിയ ആശങ്കകൾ സൃഷ്ടിച്ചിട്ടുണ്ട്. കേരളീയ സമൂഹം ധാർമ്മികതയ്ക്ക് പ്രാധാന്യം നൽകി ജീവിക്കുന്നവരാണ്. ഹിന്ദു, മുസ്ലീം, ക്രിസ്തീയ വിഭാഗങ്ങൾ അവരുടെ വിശ്വാസങ്ങൾക്കും പൈതൃകങ്ങൾക്കുമനുസൃതമായി ജീവിതത്തിലുടനീളം ധാർമ്മിക മൂല്യങ്ങൾ പുലർത്തുന്നവരാണ്. എന്നാൽ പുതിയ പരിഷ്കാര നിർദ്ദേശങ്ങൾ അവ തകർക്കുന്നതാണ്. പാഠ്യപദ്ധതി ചട്ടക്കൂടിൽ പരാമർശിക്കുന്ന ജെൻഡർ ന്യൂട്രൽ ആശയങ്ങൾ സ്വതന്ത്ര ലൈംഗികതയിലേയ്ക്കും അതുവഴി അരാജകത്വത്തിലേയ്ക്കും നയിക്കുമെന്നതുകൊണ്ടാണ് ഈ എതിർപ്പ് ശക്തമാകുന്നത്. ലിബറൽ അജണ്ടകൾ വിദ്യാഭ്യാസ മേഖലയിലേയ്ക്ക് ഒളിച്ചുകടത്താനുള്ള നീക്കമാണിത്, അത് പ്രതിഷേധാർഹമാണ്. അതിനെ എതിർക്കുമെന്ന് ഞാൻ സൂചിപ്പിക്കുകയാണ്. ഫോക്കസ് പോയിന്റിൽ പറയുന്ന ചില കാര്യങ്ങൾ മാത്രമാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ഭാവി വിദ്യാഭ്യാസം എങ്ങനെയായിരിക്കണമെന്നാണ് ഫോക്കസ് പോയിന്റിൽ പറയുന്നത്. വിമർശന ചിന്തയും സർഗ്ഗാത്മകതയും യുക്തിചിന്തയും സ്കൂൾ വിദ്യാഭ്യാസ കാലം മുതൽതന്നെ വിദ്യാർത്ഥികളെ പരിശീലിപ്പിക്കണമെന്നാണ് പറയുന്നത്. യുക്തിചിന്ത സർക്കാർ ചെലവിൽ പരിശീലിപ്പിക്കുകയെന്നുള്ളത് അംഗീകരിക്കാൻ കഴിയുന്നതല്ല. ഇത് 2008-ലെ 'മതമില്ലാത്ത ജീവന്റെ' പ്രേതമാണ്. അതുകൊണ്ടുതന്നെ ഈ യുക്തിചിന്ത മത നീരസത്തിലെത്തിക്കും. അതുകൊണ്ട് 'യുക്തിചിന്ത' എന്ന ഭാഗം ഇതിൽനിന്നും ഒഴിവാക്കേണ്ടതുണ്ട്. ലിംഗ നീതി, ലിംഗാവബോധം, ലിംഗ തുല്യത എന്നിവ നടപ്പാക്കണമെന്നാണ് മറ്റൊരു ഫോക്കസ് പോയിന്റിൽ പറയുന്നത്. കേരളത്തിൽ ഇത് മുമ്പുതന്നെ ആർജ്ജിച്ചതാണ്. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇവിടെ സ്ത്രീ-പുരുഷ വിവേചനമില്ല, അത് പാടില്ല. പെൺകുട്ടികൾക്ക് പത്ത് ശതമാനം സീറ്റ് അധികം നൽകിയാൽ അതിനെയും ഞങ്ങൾ അംഗീകരിക്കും. എന്നാൽ ലൈംഗിക അരാജകത്വം വിശ്വാസി സമൂഹത്തിന് അംഗീകരിക്കാൻ കഴിയില്ല. ആൺകുട്ടിയുടെ വസ്ത്രം പെൺകുട്ടി ധരിച്ചാൽ അത് നീതിയാകുമോ; പെൺകുട്ടിക്ക് തന്റെ സഹജമായ വസ്ത്രം ധരിക്കാൻ, പാവാടയും ചുരിദാറുമൊക്കെ ധരിക്കാൻ ആഗ്രഹമുണ്ടാകില്ലേ? ആ പെൺകുട്ടിയോട് ജീൻസും ടോപ്പും ധരിക്കണമെന്ന് സർക്കാർ നിർബന്ധിക്കുന്നത് അംഗീകരിക്കാനാകില്ല. അത് അനീതിയാണ്. അതുപോലെ മുതിർന്ന കുട്ടികൾക്ക് മിക്സഡ് ബഞ്ചും ഹോസ്റ്റലും

നിശ്ചയിക്കുന്നതും വലിയ പ്രയാസമുണ്ടാക്കും. ഇവിടെ ലിംഗ സമത്വമല്ല, അവസര സമത്വമാണ് വേണ്ടത്. ലിംഗ സമത്വമെന്ന് പറയുന്നത് തെറ്റാണ്. അതിൽ സഹജമായ വൈജാത്യമുണ്ട്. ലിംഗ വിവേചനമാണ് കേരളത്തിലെ എല്ലാ സാമൂഹ്യ പ്രശ്നങ്ങളുടെയും കാരണമെന്നാണ് പാഠ്യപദ്ധതി പരിഷ്കരണത്തിന്റെ കരട് വായിച്ചാൽ തോന്നുക. ഇവിടെ ലക്ഷ്യം വയ്ക്കുന്നത് ലിംഗരഹിത സമൂഹമാണ്. ലോകം പുച്ഛിച്ചുതള്ളിയ ആശയമാണിത്. ലിംഗരഹിത സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രതിസന്ധിയും സുരക്ഷയില്ലായ്മയും കാണേണ്ടതുണ്ട്. കുട്ടികളിലെ ജെൻഡർ കൺഫ്യൂഷനെക്കുറിച്ച് പല ചിന്തകരും എടുത്തുപറഞ്ഞിട്ടുണ്ട്. Actually you are trying to create a gender confusion. ഇവിടെ ആളുകൾക്കിടയിൽ ജെൻഡർ കൺഫ്യൂഷനാണുണ്ടാകുന്നത്. ബ്രസീൽ, പെറു, ചിലി, മെക്സിക്കോ എന്നീ രാജ്യങ്ങളൊക്കെ സാമൂഹ്യ പ്രത്യാഘാതങ്ങളാൽ ഈ ആശയങ്ങളിൽനിന്ന് തിരിഞ്ഞുനടക്കുമ്പോൾ, അത് വാരിപ്പുണരാനുള്ള കേരളീയ നീക്കം തികഞ്ഞ മണ്ടത്തരമാണെന്ന് ഈ സന്ദർഭത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ജെൻഡർ എന്നത് ജൈവശാസ്ത്രപരമാണ്. ഓരോരുത്തർക്കും അനുഭവപ്പെടുന്നത് നോക്കി ജെൻഡർ തെരഞ്ഞെടുക്കാൻ കഴിയില്ല. 'അത് ജൈവശാസ്ത്രപരമല്ല, ആണിനെയും പെണ്ണിനെയും സമൂഹം സൃഷ്ടിക്കുന്നതാണ്. ആണിനും പെണ്ണിനുമുള്ള മാനസികാവസ്ഥ എപ്പോഴും മാറാം. ആണിന് വേണമെങ്കിൽ പെണ്ണായി മാറാം, പെണ്ണിന് ആണായി മാറാം, അതിന് സമൂഹം അംഗീകാരം കൊടുക്കണം' എന്നാണ് ഈ പാഠ്യപദ്ധതി പരിഷ്കരണത്തിൽ പറയുന്നത്. ഇതൊരു മതത്തിന്റെ മാത്രം പ്രശ്നമല്ല. കേരളത്തിന്റെ ധാർമ്മികത തകർക്കുന്ന പ്രശ്നമായതുകൊണ്ട് ചട്ടക്കൂടിലെ ഈ ജെൻഡർ ന്യൂട്രാലിറ്റിയെ ഞങ്ങൾ അതിശക്തമായി എതിർക്കുകയും അത് പിൻവലിക്കണമെന്ന് സൂചിപ്പിക്കുകയുമാണ്. സ്കൂൾ വിദ്യാഭ്യാസത്തിന്റെ സമയ മാറ്റത്തിൽ മദ്രസ്സ പഠനം അവതാളത്തിലാകുമെന്ന ആശങ്ക ഞാൻ ഇവിടെ ചൂണ്ടിക്കാണിക്കുകയാണ്. കേരളീയ സമൂഹത്തിന്റെ രീതിയെന്താണ്? അച്ഛനും അമ്മയും ജോലിക്കാരായതിനാൽ അവർക്ക് ജോലിക്ക് പോകണം. പിന്നെ മലയോരം, കടലോരം മുതലായ ഭൂമിശാസ്ത്രപരമായ ധാരാളം പ്രശ്നങ്ങളുണ്ട്, എന്നും മഴയാണ്. ഈ സാഹചര്യത്തിൽ രാവിലെ 8.00 മണിക്ക് കുട്ടിയെ സ്കൂളിൽ എത്തിക്കാൻ പ്രയാസമാണ്. മാത്രമല്ല ഉച്ചയ്ക്ക് 1.00 മണിക്ക് സ്കൂൾവിട്ട് കുട്ടി തിരിച്ചുവരുമ്പോൾ വീട്ടിൽ ആരുമില്ലാത്ത സ്ഥിതിയുമുണ്ട്. അതുപോലെ ഇവിടെ കാലങ്ങളായി നടക്കുന്ന മദ്രസ്സ പഠനം അവതാളത്തിലാകാൻ പോകുന്നു. മുമ്പും ഈ നിർദ്ദേശങ്ങളും എതിർപ്പുകളും വന്നപ്പോൾ നിങ്ങൾ പുറകോട്ടുപോയിരുന്നു. അതുകൊണ്ട് മദ്രസകളെ തകർക്കാനുള്ള ഈ

സമയമാറ്റത്തിൽനിന്നും ഗവൺമെന്റ് പിന്മാറണം. മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്ന് ഭാഷകളെക്കുറിച്ചാണ് ദേശീയ വിദ്യാഭ്യാസ നയത്തിൽ പറയുന്നത്. എന്നാൽ ഇവിടെ അറബ്, സംസ്കൃതം, ഉറുദു ഭാഷകളുമുണ്ട്. ഈ ഭാഷകളെ അവഗണിക്കാൻ പാടില്ല. പുതിയ വിദ്യാഭ്യാസ നയത്തിൽ അതിന് വകുപ്പുണ്ടാകണമെന്നുകൂടി ചൂണ്ടിക്കാണിക്കുകയാണ്. ദേശീയ വിദ്യാഭ്യാസ നയം മതേതര വിദ്യാഭ്യാസം തകർക്കുന്ന സംഘ് പരിവാറിന്റെ അജണ്ടയാണ്. ബംഗാളും തമിഴ്നാടും അതിന് ബദലുണ്ടാക്കിയപ്പോൾ കേരളത്തിലൊരു ബദൽ കണ്ടില്ല. അതിനുപകരം നിങ്ങൾ കൊണ്ടുവരുന്ന ഈ ബദൽ അംഗീകരിക്കാൻ കഴിയില്ല. ആർട്ടിഫിഷ്യൽ ഇന്റലിജൻസിലേയ്ക്ക് ലോകം പോകുമ്പോൾ ലൈംഗിക അരാജകത്വത്തിലേയ്ക്ക് കേരളത്തെ തള്ളിവിടുകയാണ് ചെയ്യുന്നത്. ആയതിനാൽ പാഠ്യപദ്ധതി ചട്ടക്കൂട് പരിഷ്കരണ നിർദ്ദേശങ്ങൾ മുഴുവനും പിൻവലിക്കണമെന്നാണ് ഈ സന്ദർഭത്തിൽ ആവശ്യപ്പെടാനുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. എൻ. ഷംസുദ്ദീനെ ആരോ തെറ്റിദ്ധരിപ്പിച്ചുവെന്നാണ് എനിക്ക് തോന്നുന്നത്. പാഠപുസ്തക പരിഷ്കരണവും പാഠപുസ്തക നിർമ്മിതിയും ഭരണപക്ഷം-പ്രതിപക്ഷം എന്നുള്ള നിലയിൽ നിർമ്മിക്കേണ്ടതല്ല. ദേശീയതലത്തിൽ പുതിയ വിദ്യാഭ്യാസ നയം 2020 ജൂലൈ 21-ന് പ്രഖ്യാപിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ പാഠ്യപദ്ധതി ചട്ടക്കൂടുകൾ വികസിപ്പിക്കാനുള്ള നിർദ്ദേശങ്ങളുമുണ്ട്. സംസ്ഥാനങ്ങളെല്ലാം പാഠ്യപദ്ധതി ചട്ടക്കൂടുകൾ വികസിപ്പിച്ചുകൊണ്ടിരിക്കുന്ന ഘട്ടമാണിത്. ഒരു രാഷ്ട്രത്തിന്റെ ഭരണഘടനയ്ക്കനുസൃതമായ പൗരസമൂഹത്തെ വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത രാഷ്ട്രത്തിന്റെ വിദ്യാഭ്യാസംകൊണ്ട് സ്വാഭാവികമായും ലക്ഷ്യമിടുന്നത്. ദേശീയ വിദ്യാഭ്യാസ നയം 2020 ജനാധിപത്യം, മതനിരപേക്ഷത തുടങ്ങിയ ഭരണഘടനാ ദർശനങ്ങളെ പാടേ തിരസ്കരിക്കുന്നുവെന്ന വിമർശനം ഇതിനോടകം ഉയർന്നുവന്നിട്ടുണ്ട്. ഈ പദങ്ങൾ ദേശീയ വിദ്യാഭ്യാസ നയത്തിൽ ഉൾച്ചേർത്തിട്ടില്ല എന്നതാണ് വിമർശനങ്ങളുടെ കാതൽ. ഇത്തരമൊരു പശ്ചാത്തലത്തിലാണ് കേരളത്തിൽ പാഠ്യപദ്ധതി പരിഷ്കരണം ആസൂത്രണം ചെയ്തിരിക്കുന്നത്. സുതാര്യവും ജനാധിപത്യപരവുമായ പാഠ്യപദ്ധതി പരിഷ്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി കേരളത്തിലും കേരളത്തിനുപുറത്തുമുള്ള വിദ്യാഭ്യാസ വിദഗ്ധരെയും സർവ്വകലാശാലാ പ്രൊഫസർമാരെയും കോളേജ് അധ്യാപകരെയും സ്കൂൾ അധ്യാപകരെയും ഉൾപ്പെടുത്തി 26 ഫോക്കസ് ഗ്രൂപ്പുകൾ രൂപീകരിച്ച് ഫോക്കസ് മേഖലയെ സംബന്ധിച്ചുള്ള പൊസിഷൻ പേപ്പറുകൾ തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ

അന്തിമഘട്ടത്തിലാണ്. പ്രസ്തുത പൊസിഷൻ പേപ്പറുകൾ തയ്യാറാക്കുന്നതിന് സ്കൂൾതലം മുതൽ വിപുലമായ ജനകീയ ചർച്ചകളാണ് സംഘടിപ്പിച്ചിട്ടുള്ളത്. സ്കൂൾ, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ, ബ്ലോക്ക്, ജില്ലാ സംഘാടക സമിതി എന്നിവയുടെ നേതൃത്വത്തിലാണ് ചർച്ചകൾ നടന്നത്. ഈ ചർച്ചകൾ ഫലപ്രദമായി നടത്തുന്നതിന് കുറിപ്പുകൾ അടങ്ങിയ ഒരു കൈപ്പുസ്തകം, 'പാഠ്യപദ്ധതി ചട്ടക്കൂടുകൾ - സമൂഹ ചർച്ചയ്ക്കുള്ള കുറിപ്പുകൾ' എന്ന പേരിൽ സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി തയ്യാറാക്കി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇത് ചർച്ചയ്ക്കുള്ള ചില സൂചകങ്ങൾ മാത്രമാണ്. നിലപാട് രേഖയോ പാഠ്യപദ്ധതി ചട്ടക്കൂടുകളോ അല്ല. ജനകീയ അഭിപ്രായം സ്വരൂപിക്കുന്നതിനുള്ള ചർച്ചാ കുറിപ്പുകൾ മാത്രമാണെന്നതാണ് വസ്തുത. ഇതിലെ ഉള്ളടക്കത്തെ സംബന്ധിച്ച് എല്ലാവിഭാഗം ജനങ്ങൾക്കും സ്വതന്ത്രമായ അഭിപ്രായങ്ങളും ആശങ്കകളും പങ്കുവയ്ക്കുന്നതിനുള്ള സുതാര്യമായ സംവിധാനമാണൊരുക്കിയിട്ടുള്ളത്. വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽനിന്ന് ലിംഗപരമായ സവിശേഷതയാൽ ഒരു കുട്ടിയെയും മാറ്റി നിർത്താൻ പാടില്ലെന്ന ആശയമാണ് ജനകീയ ചർച്ചയ്ക്കായി മുന്നോട്ടുവച്ചിട്ടുള്ളത്. ഭരണഘടനയുടെ ആർട്ടിക്കിൾ 15 അനുസരിച്ച് മതം, ജാതി, ലിംഗം, വർണ്ണം, വർഗ്ഗം, പ്രദേശം എന്നിവയുടെ പേരിൽ വിവേചനം അനുവദിക്കുന്നില്ല. ആർട്ടിക്കിൾ 14 എല്ലാതരത്തിലുമുള്ള സമത്വം വിഭാവനം ചെയ്യുന്നുണ്ട്. ജെൻഡർ എന്നത് ഒരു സാമൂഹിക നിർമ്മിതിയാണെന്നാണ് ചർച്ചാ കുറിപ്പിൽ പറയുന്നത്. ജെൻഡർ സാമൂഹിക നിർമ്മിതിയാണെന്നും സെക്സ് അഥവാ ലിംഗം എന്നത് ജൈവപരമാണെന്നും കൂട്ടികൾ മനസ്സിലാക്കേണ്ടതുണ്ട്. ആയതിനാൽ സ്ത്രീകൾക്ക് നൽകിവരുന്ന സവിശേഷ പരിഗണനയും സംരക്ഷണങ്ങളും ജെൻഡർ ന്യൂടൽ ആശയങ്ങൾവഴി ഇല്ലാതാകുമെന്ന ആശങ്കയ്ക്ക് അടിസ്ഥാനമില്ല. സ്കൂൾ സമയം മാറ്റുന്നതിനെക്കുറിച്ച് പറയുകയാണെങ്കിൽ പുരോഗമനപരമായ വിദ്യാഭ്യാസ സംവിധാനം നിലനിൽക്കുന്നിടത്തോളം *കാലം* ഇത്തരം മാറ്റങ്ങൾ സ്വീകരിച്ചിട്ടുണ്ടെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ പൊതുസമൂഹത്തിന്റെ അഭിപ്രായം ആരായുന്നതിനുള്ള ഒരു ആശയം മാത്രമാണിത്. ഇതൊരു തീരുമാനമായി പ്രഖ്യാപിക്കേണ്ടതില്ല. ഇന്ത്യൻ ഭരണഘടന മുന്നോട്ടുവച്ച ആശയങ്ങളും മൂല്യങ്ങളും സാർത്ഥകമാക്കുന്ന പാഠ്യപദ്ധതി മാത്രമേ കേരളത്തിൽ വികസിപ്പിക്കുകയുള്ളൂ. മതനിരപേക്ഷത, ജനാധിപത്യം എന്നിവ പുലർത്തുന്നതിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടാകാൻ സാധ്യതയില്ല. മതനിരപേക്ഷത എന്നാൽ മതനിഷേധമല്ല. ഭരണഘടനയുടെ ആമുഖത്തിൽ ഇത് വ്യക്തമാക്കിയിട്ടുണ്ട്. ഭരണഘടന മുന്നോട്ടുവയ്ക്കുന്ന സമത്വത്തിനുള്ള അവകാശം അംഗീകരിക്കാൻ

എല്ലാവരും ബാദ്ധ്യസ്ഥരാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 15 പ്രകാരം മതം, വർഗ്ഗം, ജാതി, ലിംഗം, ജനന സ്ഥലം അല്ലെങ്കിൽ അവയിൽ ഏതെങ്കിലും മാത്രം കാരണമാക്കി രാഷ്ട്രം ഏതൊരു പൗരനോടും വിവേചനം കാണിക്കാൻ പാടുള്ളതല്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മൗലിക കർത്തവ്യങ്ങളുടെ ഭാഗമായി ആർട്ടിക്കിൾ 51 (എ)-യിൽ ഉപവിഭാഗം (എച്ച്)-ൽ ശാസ്ത്രീയമായ കാഴ്ചപ്പാടുകളും മാനവികതയും അന്വേഷണത്തിനും പരിഷ്കാരത്തിനുമുള്ള മനോഭാവം വികസിപ്പിക്കുക എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. കൂട്ടായ ചർച്ചയിലൂടെ നമ്മുടെ ഭരണഘടനാ ദർശനങ്ങളെ ശരിയായ അർത്ഥത്തിൽ മനസ്സിലാക്കാനും സാമൂഹികമായ സമവായമുണ്ടാക്കാനും കഴിയണം. മത നിഷേധമെന്നത് സർക്കാരിന്റെ നിലപാടല്ല. മത പഠനം നഷ്ടപ്പെടുത്തുകയെന്ന ഉദ്ദേശ്യം സർക്കാരിനില്ല. ബഹുസ്വരതയെ, വൈവിദ്ധ്യങ്ങളെ, വൈജാത്യങ്ങളെ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുകയെന്നത് തന്നെയായിരിക്കും സർക്കാരിന്റെ നയം. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതിൽ പൊതുയൂണിഫോം എന്ന നിർദ്ദേശം വിദ്യാഭ്യാസ വകുപ്പ് നൽകിയിട്ടില്ല. ഓരോ സ്കൂളുകളിലും പാരന്റ്-ടീച്ചേഴ്സ് അസോസിയേഷനുകളുണ്ട്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുണ്ട്. അധ്യാപകരും വിദ്യാർത്ഥികളും തദ്ദേശസ്വയംഭരണ സ്ഥാപനവും ചേർന്ന് തീരുമാനിക്കുന്ന യൂണിഫോമിന് വിദ്യാഭ്യാസ വകുപ്പ് അംഗീകാരം നൽകുന്നുവെന്ന് മാത്രമേയുള്ളൂ. അല്ലാതെ പ്രത്യേകിച്ച് ഒരു യൂണിഫോം ഇന്ന സ്കൂളിന് വേണമെന്ന നിലയിലുള്ള യാതൊരു നിർദ്ദേശവും നൽകിയിട്ടില്ലെന്ന വിവരം അങ്ങയെ അറിയിക്കുകയാണ്. മിക്സഡ് ബെഞ്ചുകളാക്കുന്നതിനെക്കുറിച്ച് സർക്കാർ ഇതുവരെ ആലോചിച്ചിട്ടില്ല. അങ്ങയെ ആരാണ് ഇങ്ങനെ തെറ്റിദ്ധരിപ്പിച്ചത്? മിക്സഡ് ബെഞ്ചുകളും മിക്സഡ് ഹോസ്റ്റലുകളുമെന്ന കാതലായ മാറ്റം വരണമെന്നുണ്ടെങ്കിൽ നമ്മൾ എല്ലാവരും കൂട്ടായല്ലേ അതിനെപ്പറ്റി ആലോചിക്കുകയുള്ളൂ? ഒരു പാഠപുസ്തകം പ്രസിദ്ധീകരിച്ചുകഴിഞ്ഞാൽ അതിൽ ഒരു അഭിപ്രായവ്യത്യാസവും പാടില്ലെന്ന നിലപാടാണ് എൽ.ഡി.എഫ്. ഗവൺമെന്റിനുള്ളത്. എന്തെങ്കിലും സംശയമുണ്ടെങ്കിൽ നമുക്ക് ഇരുകൂട്ടർക്കും അതുസംബന്ധിച്ച് സംസാരിക്കാം. യൂണിഫോമിനെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. മിക്സഡ് ബെഞ്ച് വേണമെന്ന നിർദ്ദേശം സർക്കാർ നൽകിയിട്ടില്ല.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: സർ, (.....മൈക്ക് ഓഫ്.....) ('കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ' എന്ന പുസ്തകം ഉയർത്തിക്കാണിക്കുന്നു.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്....., ശ്രീ. എൻ. ഷംസുദ്ദീൻ, മിനിസ്റ്റർ പറയട്ടെ.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, 'കേരള പാഠ്യപദ്ധതി ചട്ടക്കൂടുകൾ' എന്ന കൈപ്പുസ്തകം എന്റെ കയ്യിലുമുണ്ട് (പുസ്തകം ഉയർത്തിക്കാണിക്കുന്നു). ഞാൻ അത് അങ്ങേയ്ക്ക് നൽകാം. അതായിരിക്കും ശരി. അങ്ങ് അത് വായിക്കണം. ഇത് എല്ലാ എം.എൽ.എ.-മാർക്കും കൊടുത്തിട്ടുണ്ട്. ബഹുമാനപ്പെട്ട ചെയർ അനുവദിച്ചാൽ ഈ കരട് രേഖയെ സംബന്ധിച്ച് എം.എൽ.എ.-മാർക്കുവേണ്ടി ഒരു ദിവസത്തെ ശില്പശാല നടത്തി അവരിൽനിന്നും വിലപ്പെട്ട നിർദ്ദേശങ്ങൾ ശേഖരിക്കാം. ആ കാര്യത്തിൽ ഒരു തർക്കവും വേണ്ട.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: പ്ലീസ്.....പ്ലീസ്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, മിക്സഡ് ബെഞ്ചും മിക്സഡ് ഹോസ്റ്റലുകളുമൊന്നും വേണമെന്ന് പറയുന്നില്ല. ബഹുമാനപ്പെട്ട അംഗം എൻ. ഷംസുദ്ദീനും ഞാനും ഫ്ലൈറ്റിൽ സഞ്ചരിക്കുന്നുവെന്ന് സങ്കൽപ്പിക്കുക. അതിനുള്ളിൽ പ്രവേശിക്കുമ്പോൾ ഒരു വനിത അടുത്തുവന്നിരുന്നാൽ നമുക്ക് എന്തെങ്കിലും ചെയ്യാൻ കഴിയുമോ; ടിക്കറ്റെടുത്ത് സിനിമാ തിയേറ്ററിനുള്ളിൽ പ്രവേശിക്കുമ്പോൾ തൊട്ടടുത്ത് ഇരിക്കുന്നത് വനിതയാണെങ്കിൽ ഞാൻ അവിടെയിരിക്കില്ലെന്ന് പറയാൻ സാധിക്കുമോ?

സ്കൂൾ ടൈം രാവിലെ 8.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെയാക്കുന്നത് സംബന്ധിച്ച് ഒരു നിർദ്ദേശം വന്നിട്ടുണ്ട്. സർക്കാർ അതൊരു തീരുമാനമായെടുത്തിട്ടേയില്ല. അതുകൊണ്ട് വിശ്വാസി സമൂഹം ആശങ്കപ്പെടേണ്ടതില്ല. എന്നാൽ കേരളത്തിൽ രാവിലെ 8.00 മണി മുതൽ ക്ലാസ്സുകൾ നടക്കുന്ന പല സ്കൂളുകളുമുണ്ട്. ഞാൻ ഒരു വിവാദത്തിനോ വാദപ്രതിവാദത്തിനോ മുതിരുന്നില്ല. കേന്ദ്രീയ വിദ്യാലയം, നവോദയ വിദ്യാലയം തുടങ്ങിയ സ്കൂളുകളിലും പല സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലും രാവിലെ 8.00 മണിക്ക് ക്ലാസ് നടക്കുന്നുണ്ട്. മലപ്പുറം ജില്ലയിലും കോഴിക്കോട് ജില്ലയിലും അതേസമയം ക്ലാസുകൾ നടക്കുന്നുണ്ട്. ആ സ്കൂളുകളുടെ പേര് പറഞ്ഞ് ഒരു തർക്കത്തിലേയ്ക്ക് പോകാൻ ഞാൻ ആഗ്രഹിക്കുന്നില്ല. ഖാദർ കമ്മിറ്റി റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് ഒരു തീരുമാനവും കൈക്കൊണ്ടിട്ടില്ല. സ്കൂൾ സമയക്രമം സംബന്ധിച്ച് തീരുമാനിക്കുന്ന അവസരത്തിൽ തീർച്ചയായും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിനോടും ഉപനേതാവിനോടും ചർച്ച ചെയ്ത് മാത്രമേ നടപ്പിലാക്കുകയുള്ളൂവെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാനപ്പെട്ട അംഗം വളരെ നല്ലൊരു നിർദ്ദേശം പറയുകയുണ്ടായി. കുട്ടികൾ ബെഞ്ചിൽ ഇരിക്കുന്ന കാര്യമെല്ലാം പറഞ്ഞതിനുശേഷം അദ്ദേഹം പെട്ടെന്ന്

ശാസ്ത്രരംഗത്തേയ്ക്ക് കടന്നു. ലോകത്ത് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാർവ്വത്രികമാകുന്ന അത്യാധുനിക ശാസ്ത്രപുരോഗതിയിലേയ്ക്ക് പോകുമ്പോൾ പാഠ്യപദ്ധതിവഴി ലക്ഷ്യമിടേണ്ടതും അത്തരം ലോകത്തോടൊപ്പം സഞ്ചരിക്കേണ്ട ലക്ഷ്യങ്ങളാണ്. കേരളത്തിലെ സ്കൂളുകളിൽ ഇപ്പോൾ 9000 റോബോട്ടിക് കിറ്റുകൾ കൊടുത്തുകഴിഞ്ഞുവെന്ന വസ്തുത മനസ്സിലാക്കണം. 2000 സ്കൂളുകളിലാണ് ഇതിന്റെ പ്രയോജനമുണ്ടാകുന്നത്. ഇത് ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തുമില്ലെന്ന കാര്യംകൂടി അറിഞ്ഞിരിക്കേണ്ടതുണ്ട്. നേരത്തെ അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ മിക്സഡ് ക്ലാസ്, മിക്സഡ് സ്കൂൾ, സ്കൂൾ സമയം, മതനിഷേധം തുടങ്ങിയ കാര്യങ്ങളെ സംബന്ധിച്ച് നടക്കുന്ന ചർച്ചയ്ക്ക് യാതൊരു അടിസ്ഥാനവുമില്ല. അതിൽ ആശങ്കപ്പെടേണ്ട കാര്യമില്ലെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, പാഠ്യപദ്ധതി പരിഷ്കരണ ചട്ടക്കൂടുമായി ബന്ധപ്പെട്ട സമൂഹത്തിന്റെ ആശങ്കകളാണ് ഞാൻ ഉന്നയിച്ചത്. അതിൽ ഒട്ടുമിക്കതും ഈ നിയമസഭയ്ക്കകത്തുതന്നെ ദൂരീകരിച്ചതിൽ ഞാൻ അങ്ങയോട് പ്രത്യേകം നന്ദി പറയുന്നു. അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയാണ്. ലിംഗ അവസ്ഥയെന്ന് പറയുന്നത് (ജെൻഡർ) സാമൂഹ്യനിർമ്മിതിയാണ്, ജൈവശാസ്ത്രപരമല്ലെന്നാണ് അങ്ങ് മറുപടി പറഞ്ഞത്. അതിൽ ഞങ്ങൾക്ക് വിയോജിപ്പുണ്ട്. ആണിന് ആണിന്റെയും പെണ്ണിന് പെണ്ണിന്റെയും ജൈവശാസ്ത്രപരമായ ഘടകങ്ങളുണ്ട്. പക്ഷെ സ്ത്രീയായതുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് വിവേചനം പാടില്ലെന്ന നയമല്ലേ സ്വീകരിക്കേണ്ടത്?

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ആണ് ആണിന്റെ കർമ്മവും പെണ്ണ് പെണ്ണിന്റെ കർമ്മവും നിർവ്വഹിക്കുന്നുണ്ട്. അതിൽ തർക്കത്തിന്റെ ആവശ്യമില്ല. സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള അസമത്വമില്ലാതാക്കുകയെന്നുള്ള കാര്യം മാത്രമേ അതിലുള്ളൂ. അതുകൊണ്ട് അങ്ങ് ആശങ്കപ്പെടേണ്ട യാതൊരു കാര്യവുമില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ഇന്ന് ഒഴിവാക്കാൻ കഴിയാത്ത 16 സബ്മിഷനുകളാണുള്ളത്. അതിനുശേഷം അഞ്ച് ബില്ലുകൾ പരിഗണിക്കേണ്ടതുണ്ട്. സബ്മിഷൻ പരമാവധി സമയം ചുരുക്കി അവതരിപ്പിക്കേണ്ടതാണെന്ന് ഓർമ്മപ്പെടുത്തുന്നു. അവതരണത്തിന് ഒരു മിനിട്ടും മറുപടിക്കും ആ നിലയിൽത്തന്നെ സമയക്രമം പാലിച്ച് മന്ത്രിമാർ മറുപടി പറയണം. ദീർഘമായ മറുപടിയാണെങ്കിൽ മേശപ്പുറത്ത് വയ്ക്കണം.

11:33 A.M.]

V സബ്മിഷൻ

(1) ഇടുക്കി പട്ടയഭൂമിയിലെ ഭൂവിനിയോഗ പ്രശ്നങ്ങൾ

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, പട്ടയവ്യവസ്ഥകൾ ലംഘിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ തടയാൻ 22-8-2019-ൽ സർക്കാർ ഇറക്കിയ ഉത്തരവുമൂലം ഗുരുതരമായ പ്രശ്നങ്ങളാണ് ഇടുക്കി ജില്ലയിലുണ്ടായിരിക്കുന്നത്. ഇതുമൂലം പട്ടയഭൂമിയിൽ വീട് ഒഴികെ മറ്റ് യാതൊരു നിർമ്മാണ പ്രവർത്തനങ്ങളും നടത്താൻ കഴിയാത്ത സ്ഥിതിയാണ്. കൂടാതെ ഭൂപതിവ് ചട്ടം ലംഘിച്ചതിന്റെ പേരിലുള്ള പരിശോധനയും നടപടികളും സർക്കാർ സ്വീകരിക്കുന്നത് സ്ഥിതി കൂടുതൽ ഗുരുതരമാക്കുകയാണ്. 17-12-2019-ൽ ചേർന്ന സർവ്വകക്ഷിയോഗത്തിൽ ഭൂപതിവ് ചട്ടം (ലാൻഡ് അസൈൻമെന്റ് റൂൾ) ഭേദഗതി ചെയ്യുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉറപ്പുനൽകിയതാണ്. അതുകൂടാതെ ചട്ടലംഘനത്തിന്റെ പേരിലുള്ള പരിശോധന നിർത്തിവയ്ക്കുമെന്ന് മുഖ്യമന്ത്രി ഇടുക്കി ജില്ലാസന്ദർശന വേളയിൽ 26-9-2022-ന് പ്രഖ്യാപിക്കുകയും ചെയ്തു. മുഖ്യമന്ത്രി പ്രഖ്യാപിച്ച് 10 ദിവസം കഴിഞ്ഞപ്പോൾ ഭൂപതിവ് ചട്ടം ലംഘിച്ചതിന്റെ പേരിലുള്ള കേസ്സുകളിൽ പരിശോധനയും നടപടിയും കർശനമാക്കണമെന്ന് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഉത്തരവ് വന്നു. ഇവിടെ രണ്ട് പ്രശ്നമുണ്ട്. സർക്കാർ ഭൂമി വ്യാജ പട്ടയമുണ്ടാക്കി കൈവശപ്പെടുത്തിയവർ നടത്തുന്ന അനധികൃത നിർമ്മാണ പ്രവർത്തനങ്ങളെയും നിയമപരമായി പട്ടയം ലഭിച്ച ഭൂമിയിൽ നടന്നിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളെയും ഒരേ ഗണത്തിൽപ്പെടുത്തി ചെയ്യുന്നുവെന്നതാണ്. കയ്യേറ്റക്കാർ വേറെയാണ്. അതുകൊണ്ട് സർക്കാരിന് അവകാശപ്പെട്ട ഭൂമി കയ്യേറിയ കയ്യേറ്റക്കാരെ കൈകാര്യം ചെയ്യുന്ന അതേ രീതിയിൽ പട്ടയഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയവരെ കൈകാര്യം ചെയ്യരുതെന്നാണ് എന്റെ അഭ്യർത്ഥന. മറ്റൊരു വിഷയം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. പട്ടയ നടപടികൾ പാതിവഴിയിൽ നിൽക്കവേ, ഇടുക്കി ജില്ലയിൽ പ്രവർത്തിക്കുന്ന ആറ് ഭൂപതിവ് ഓഫീസുകളിൽ അഞ്ചെണ്ണം മാർച്ച് 31-ഓടുകൂടി അടച്ചുപൂട്ടാനുള്ള സർക്കാർ ഉത്തരവ് പിൻവലിക്കണം. കാരണം ആ ജില്ലയിൽ ഇനി 43000 അപേക്ഷകർക്ക് പട്ടയം നൽകാനുണ്ട്. അതുപോലെ വ്യാപാര സ്ഥാപനങ്ങൾ ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങളായ പത്ത് ചെയിൻ, മൂന്ന് ചെയിൻ മേഖലകളിലും പട്ടയം നൽകാനുണ്ട്. പട്ടയ നടപടികൾ പൂർത്തിയാകുന്നതുവരെ ഭൂപതിവ് ഓഫീസുകളിലെ പ്രവർത്തനം തുടരാൻ അനുവദിക്കണം. വലിയ ഉത്കണ്ഠ ആ ജില്ലയിലുള്ളവർക്കുണ്ട്. അതുകൊണ്ട് ഈ രണ്ട് വിഷയങ്ങളിലും അനുകൂലമായ നിലപാട് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, അങ്ങ് ഉന്നയിച്ച രണ്ട് കാര്യങ്ങളിലും ആശങ്കയുണ്ടാകേണ്ടതില്ലെന്ന് ഞാൻ സഭയ്ക്ക് ഉറപ്പുനൽകുകയാണ്. ബഹുമാനപ്പെട്ട അംഗം എം. എം. മണി കഴിഞ്ഞ വെള്ളിയാഴ്ച ഈ വിഷയം ശ്രദ്ധ ക്ഷണിക്കലായി സഭയുടെ മുമ്പിൽ അവതരിപ്പിക്കാൻ ശ്രമിച്ചെങ്കിലും അന്ന് സഭ നേരത്തെ പിരിഞ്ഞതുകൊണ്ട് വിഷയം അവതരിപ്പിക്കാൻ കഴിഞ്ഞില്ല. അങ്ങും ഇപ്പോൾ ഉന്നയിച്ചു. ജില്ലയുടെ ചുമതലക്കാരനായ ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിനും ആ ജില്ലയിലെ അംഗമായ ശ്രീ. വാഴൂർ സോമൻ അടക്കമുള്ള എം.എൽ.എ.-മാരും ഈ പ്രശ്നം വളരെ ഗൗരവതരമായി സർക്കാരിന് മുമ്പിൽ അവതരിപ്പിച്ചു. ഇടുക്കി ജില്ലയിലെ പട്ടയ ഭൂമികളിൽ ഗാർഹികേതര കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് ചില ഗൗരവതരമായ പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. പട്ടയം നൽകിയ ഭൂമി പതിച്ചുകൊടുത്ത ആവശ്യത്തിനല്ലാതെ വിനിയോഗിക്കാൻ കഴിയില്ലെന്നുള്ളതാണ് പ്രശ്നം. നിലവിൽ ഈ പ്രശ്നം സംസ്ഥാനത്താകമാനം നിലനിൽക്കുന്നുണ്ടെങ്കിലും ഏറ്റവും കൂടുതൽ പട്ടയ ഭൂമിയുള്ള ഇടുക്കി ജില്ലയെയാണ് ഇത് കൂടുതൽ ബാധിച്ചിട്ടുള്ളത്.

1964-ലെ കേരള ഭൂപതിവ് ചട്ടങ്ങളിലെ ചട്ടം (4) പ്രകാരം കൃഷിക്കും താമസത്തിനും സമീപ വസ്തുവിന്റെ ഗുണപരമായ ഉപയോഗത്തിനുമാണ് ഭൂമി പതിച്ച് നൽകാവുന്നത്. അത് അങ്ങേയ്ക്ക് അറിയാവുന്നതാണ്. ചട്ടം (8)-ലെ ഉപചട്ടം 2 പ്രകാരം പതിച്ചുകിട്ടിയ ഭൂമി പതിച്ചുനൽകിയ ആവശ്യത്തിനായി ഉപയോഗിക്കേണ്ടതുണ്ട്. അപ്രകാരമല്ല ഭൂമി ഉപയോഗിക്കപ്പെട്ടതെങ്കിൽ അത് റദ്ദ് ചെയ്യണമെന്ന് വ്യവസ്ഥയുണ്ട്. ഇപ്രകാരം കൃഷിക്കും ഗാർഹിക ആവശ്യത്തിനും പതിച്ചുകൊടുത്ത ഭൂമിയിൽ മറ്റ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ടത് അങ്ങേയ്ക്ക് അറിയാവുന്നതുപോലെ സർക്കാരല്ല, " One Earth One Life" എന്ന സംഘടന WP(C) No. 1801/2010, 34095/2007 എന്നീ കേസ്സുകൾ ഫയൽ ചെയ്തതിനെത്തുടർന്ന് 21-1-2010-ൽ ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായത്തിൽ മൂന്നാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിൽനിന്നും NOC വാങ്ങണമെന്ന് നിഷ്കർഷിക്കുകയുണ്ടായി. ഇതിനെത്തുടർന്ന് ഇടുക്കി ജില്ലയിലെ 8 വില്ലേജുകളടങ്ങുന്ന മൂന്നാർ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് റവന്യൂ വകുപ്പിന്റെ NOC നിർബന്ധമാക്കി ഉത്തരവിറക്കേണ്ടിവന്നു. തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ WP(C) No. 17983/2019 എന്ന കേസ്സിൽ 25-6-2020-ൽ റവന്യൂ വകുപ്പ് നൽകുന്ന കൈവശ സർട്ടിഫിക്കറ്റുകൾ ഭൂമി ഏത് ആവശ്യത്തിനാണ് പതിച്ചുനൽകിയതെന്ന് വ്യക്തമാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട്

ഉത്തരവിറക്കി. ഇതിനെതിരെ സർക്കാർ ബഹുമാനപ്പെട്ട സുപ്രീം കോടതി മുമ്പാകെ ഫയൽ ചെയ്ത സ്പെഷ്യൽ ലീവ് പെറ്റീഷൻ (എസ്.എൽ.പി.) സുപ്രീംകോടതി തള്ളി ഉത്തരവാകുകയുണ്ടായി. മേൽപ്പറഞ്ഞ കോടതി വിധികൾമൂലം സംസ്ഥാനത്താകമാനം പ്രത്യേകിച്ച് ഇടുക്കി ജില്ലയിലെ പട്ടയഭൂമിയിൽ ഗാർഹികേതര കെട്ടിടങ്ങൾ നിർമ്മിക്കുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കേണ്ട സാഹചര്യമുണ്ടായി. വാണിജ്യ ആവശ്യങ്ങൾക്കായി നിർമ്മാണം ആരംഭിച്ചിട്ടുള്ളതും റവന്യൂ വകുപ്പ് സ്റ്റോപ് മെമ്മോ നൽകിയിട്ടുള്ളതുമായ മൂന്നാർ മേഖലയിലെ ഗാർഹികേതര കെട്ടിടങ്ങൾ സംബന്ധിച്ച വിവിധ കേസ്സുകൾ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിലിരിക്കുകയാണ്.. മൂന്നാർ പ്രദേശത്ത് NOC ഇല്ലാതെയും മറ്റും നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ കാര്യത്തിൽ വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുക്കുകയും അങ്ങ് നേരത്തെ സൂചിപ്പിച്ചതുപോലെ സർവ്വകക്ഷിയോഗത്തിന്റെ തീരുമാനപ്രകാരം 22-8-2019-ൽ 269/2019/റവ. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതി എസ്.എൽ.പി. തള്ളിയ സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഉത്തരവ് നടപ്പാക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിരവധി യോഗങ്ങൾ ചേർന്നു. ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കണ്ടെത്തുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തത്വത്തിൽ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ചട്ടങ്ങളിലെ വ്യവസ്ഥകൾ ലംഘിച്ചുള്ള പട്ടയങ്ങൾ റദ്ദാക്കപ്പെടാതെ ക്രമവൽക്കരിക്കാൻ കഴിയുമോയെന്ന പ്രശ്നം ഉന്നയിക്കപ്പെടുന്നുണ്ട്. ആത്യന്തികമായ പ്രശ്ന പരിഹാരത്തിന് ചട്ടം ഭേദഗതി ചെയ്യണമെന്ന് തന്നെയാണ് സർക്കാരിന്റെ അഭിപ്രായം. ഇത് തയ്യാറാക്കുന്നതിനായി ചീഫ് സെക്രട്ടറി, അഡ്വക്കേറ്റ് ജനറൽ, നിയമ-റവന്യൂ വകുപ്പ് സെക്രട്ടറിമാർ എന്നിവരെ പൊതുവായി ചുമതലപ്പെടുത്തി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണ്. എന്നാൽ ഇതിനായി ചട്ടം മാത്രം ഭേദഗതി വരുത്തിയാൽ പോരെന്നും നിയമ ഭേദഗതിതന്നെ വേണ്ടിവരുമെന്നുമാണ് ലഭിച്ചിട്ടുള്ള നിയമോപദേശം. WP(C) No. 1801/2010 നമ്പർ കേസ് ഇപ്പോഴും ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലായതിനാൽ നിയമവും ചട്ടവും ഭേദഗതി ചെയ്യുന്നതിന് കോടതിയുടെ അനുവാദം വാങ്ങണമെന്നും നിയമ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇത്തരം വിഷയങ്ങളിൽ കൂടുതൽ വ്യക്തത വരുത്തി അഭിപ്രായം നൽകാൻ സർക്കാർ അഡ്വക്കേറ്റ് ജനറലിനോടും നിയമ വകുപ്പിനോടും ആവശ്യപ്പെട്ടിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് അതിൻപ്രകാരം ചട്ടം ഭേദഗതി ചെയ്യാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച പ്രശ്നങ്ങളുടെയും നേരത്തെ പറഞ്ഞ അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ ഒറ്റ കാര്യം മാത്രമേ ബോധ്യപ്പെടുത്താനുള്ളൂ. കേരള നിയമസഭയുടെ സർവ്വകക്ഷിയോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ ചട്ടം ഭേദഗതി ചെയ്യണമെന്ന് തന്നെയാണ് സർക്കാരിന്റെ അഭിപ്രായം. തീർച്ചയായും ആ ചട്ട ഭേദഗതിയിലേയ്ക്ക് കടക്കുന്നതായിരിക്കും. അങ്ങ് സൂചിപ്പിച്ചതുപോലെ ഇവിടെ നടക്കുന്ന തെറ്റായ പ്രചരണം രാഷ്ട്രീയ പ്രേരിതമാണോയെന്ന് എനിക്ക് സംശയമുണ്ട്. ആറ് ലാന്റ് അസൈൻമെന്റ് കമ്മിറ്റി ഓഫീസുകളിൽ അഞ്ചെണ്ണം ക്യാൻസലാക്കുകയെന്നുള്ള കാര്യം സംബന്ധിച്ച് പരിശോധിച്ചാൽ അങ്ങേയ്ക്ക് അത് ബോധ്യപ്പെടും. ഏത് ഗവൺമെന്റ് ഭരിക്കുമ്പോഴും തുടർച്ചയായ അനുമതി ലഭ്യമാകുമ്പോൾ മാത്രം കിട്ടേണ്ട ഓഫീസുകളാണിവ. തുടർച്ചയായി അനുവാദം നൽകുമ്പോൾ സാധാരണ ധനകാര്യ വകുപ്പ് ആയത് രേഖപ്പെടുത്തുകയും രണ്ടുവർഷക്കാലം കഴിഞ്ഞാൽ ഇത് അവസാനിപ്പിക്കുകയും ബാക്കിയുള്ള ആവശ്യങ്ങൾക്കായി അത് വീണ്ടും തുടർന്നുകൊടുക്കുകയും ചെയ്യുന്നു. ഇത് വളരെ ഗൗരവമായ രാഷ്ട്രീയ പ്രശ്നമായി ഉന്നയിക്കുന്നതുകൊണ്ട് ആയത് ഈ സഭയെ ബോധ്യപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഭൂമി പതിവ് ലഭിക്കാൻ അർഹനായ അവസാനത്തെ മനുഷ്യനും ഭൂമി കൊടുത്തുതീർക്കാതെ ഒരു കാരണവശാലും ഇടുക്കി ജില്ലയിലെ ലാന്റ് അസൈൻമെന്റ് കമ്മിറ്റി ഓഫീസുകൾ അടച്ചുപൂട്ടാൻ ഗവൺമെന്റ് ആഗ്രഹിക്കുന്നില്ല. അക്കാര്യത്തിൽ പ്രത്യേകമായ ഒരു ശത്രുതയും ജനങ്ങളോട് കാണിക്കേണ്ടതില്ല. കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലുള്ള നിവൃത്തികേടുകൾകൊണ്ടും അത് നടപ്പിലാക്കേണ്ട ഉത്തരവാദിത്വമുള്ളതുകൊണ്ടും എടുക്കുന്ന ചില തീരുമാനങ്ങളാണിത്. കോടതി കൊടുത്ത ഉത്തരവിന്മേൽ എൻഡോഴ്സ് ചെയ്തുകൊണ്ട് ആവശ്യപ്പെട്ടതിനാലാണ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് സർക്കുലർ അയയ്ക്കേണ്ടി വന്നത്. ഇത് നടപ്പിലാക്കാനുള്ള സർക്കുലർ നൽകിയിട്ടില്ലാത്തതിനാൽ സാങ്കേതികമായി നൽകുകയാണ് ചെയ്തത്. ഈ സർക്കുലർ നിലനിൽക്കുന്നതിനാലും ചട്ടം ഭേദഗതി ചെയ്യാൻ സർക്കാർ ആഗ്രഹിക്കുന്നുവെന്ന നിലപാട് വ്യക്തമാക്കിയ സാഹചര്യത്തിലും ഒരാളോടും ശത്രുതാപരമായ തീരുമാനമെടുക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കയ്യേറ്റക്കാരോടും കുടിയേറ്റക്കാരോടുമുള്ള ഗവൺമെന്റിന്റെ സമീപനം ഒന്നായിരിക്കില്ല; കയ്യേറ്റക്കാർക്കെതിരായി നിൽക്കുന്നതോടൊപ്പം കുടിയേറ്റക്കാരായ കർഷകരുടെ അർഹതയ്ക്കനുസരിച്ച് ഭൂമി പതിച്ചുനൽകാനുള്ള നടപടിയായിരിക്കും സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുകയെന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയും പ്രതിപക്ഷനേതാവും സമയം കൂടുതലെടുത്തിട്ടുണ്ട്. സബ്മിഷൻ സമയബന്ധിതമായി തീർക്കേണ്ടതിനാൽ മറ്റുള്ള അംഗങ്ങൾ സമയക്രമം പാലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(2) ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്കുള്ള നഷ്ടപരിഹാരം

ശ്രീ. സണ്ണി ജോസഫ്: സർ, 2022 ആഗസ്റ്റ് മാസം 1, 27, 28, 31, സെപ്തംബർ 5 എന്നീ തീയതികളിൽ എന്റെ നിയോജകമണ്ഡലത്തിലെ കണിച്ചാർ പഞ്ചായത്തിലെ പൂളക്കുറ്റി മേഖലയിലെ മുപ്പതിലേറെ സ്ഥലങ്ങളിൽ ഉരുൾപൊട്ടലുണ്ടാകുകയും മൂന്നുപേർ മരിക്കുകയും 200 ഏക്കറിലധികം പ്രദേശത്ത് കൃഷിനാശമുണ്ടായി സ്ഥലം നഷ്ടപ്പെടുകയും നിരവധി റോഡുകളും പാലങ്ങളും തകരുകയും കച്ചവട സ്ഥാപനങ്ങൾക്ക് നാശനഷ്ടമുണ്ടാകുകയും ചെയ്തു. തൊട്ടടുത്ത പഞ്ചായത്തുകളായ കോളയാട്, കേളകം, പേരാവൂർ എന്നിവിടങ്ങളിലും നാശനഷ്ടം സംഭവിച്ചു. ഇതുസംബന്ധിച്ച് അന്ന് വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ അവിടെ വന്ന് യോഗം ചേർന്നപ്പോൾ നാശനഷ്ടങ്ങൾക്ക് ഒരു പ്രത്യേക പാക്കേജ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. എന്നാൽ നാമമാത്രമായ നഷ്ടപരിഹാരം മാത്രമാണ് അനുവദിച്ചത്. വീട് പൂർണ്ണമായും തകർന്ന വെള്ളറ പട്ടികവർഗ്ഗ കോളനി, ചെക്കേരി കോളനി തുടങ്ങിയ കോളനി നിവാസികൾക്കുപോലും അവരുടെ വീടുകൾ പുനർനിർമ്മിക്കാൻ പണം ലഭിച്ചിട്ടില്ല. വീടും സ്ഥലവും പൂർണ്ണമായും തകർന്നവർക്ക് ഇതുവരെ നൽകിയത് 95,000 രൂപ മാത്രമാണ്. മരണപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് 4 ലക്ഷം രൂപ വീതം ലഭിച്ചു. കൃഷിനാശം സംഭവിച്ചവർക്ക് ഒരു രൂപ പോലും ലഭിച്ചില്ല. കൃഷി വകുപ്പിന്റെയും റവന്യൂ വകുപ്പിന്റെയും തദ്ദേശസ്വയംഭരണ വകുപ്പിന്റെയും ടീം അവിടെപ്പോയി അന്വേഷണം നടത്തി. ദുരന്തനിവാരണ അതോറിറ്റി ദീർഘനാൾ അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയെങ്കിലും പ്രസ്തുത റിപ്പോർട്ടിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നില്ല നഷ്ടപരിഹാരം നൽകിയത്. 'കൈപ്പുണ്ണ് കാണാൻ കണ്ണാടി വേണ്ട', ബഹുമാനപ്പെട്ട മന്ത്രിതല സംഘങ്ങളും എം.പി.മാരും എം.എൽ.എ.-മാരും വന്ന് നാശനഷ്ടങ്ങൾ പരിശോധിക്കുകയും തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധികളും ഉദ്യോഗസ്ഥരും റിപ്പോർട്ട് ചെയ്യുകയും ചെയ്തിരുന്നു. നാല് മാസവും രണ്ടാഴ്ചയും കഴിഞ്ഞിട്ടും ഒരു നടപടിയുമുണ്ടായിട്ടില്ല. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇതുസംബന്ധിച്ച് അപേക്ഷ നൽകുകയും റവന്യൂ വകുപ്പുമന്ത്രിയെ കണ്ട് അന്നത്തെ സർവ്വകക്ഷിയോഗത്തിൽ ഒരു സ്പെഷ്യൽ പാക്കേജ് വേണമെന്ന് ആവശ്യപ്പെടുകയും ചെയ്തിരുന്നു. 2019-ൽ കൃഷിനാശം സംഭവിച്ച ആളുകൾക്കുപോലും ഇനിയും നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്.

ഇന്നലെ മാതൃഭൂമിയിൽ വന്ന വാർത്തപ്രകാരം കണ്ണൂർ ജില്ലയിൽ 1965 കൃഷിക്കാരുടെ അപേക്ഷയിന്മേൽ ഇനി തീർപ്പുകൽപ്പിക്കാനുണ്ട്. അതുകൊണ്ട് ഈ വിഷയം അവതരിപ്പിക്കാൻ സമയം അനുവദിക്കണം. ഇവിടെ മാത്രമല്ല, ജലവിഭവ വകുപ്പുമന്ത്രി ശ്രീ. റോഷി അഗസ്റ്റിന്റെ സ്ഥലമായ കൊടയത്തൂരിലും ഇതേ സംഭവമുണ്ടായി. ഉരുൾപൊട്ടലും പ്രകൃതിക്ഷോഭവുമുണ്ടായ സ്ഥലങ്ങളിൽ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കാനോ നഷ്ടപരിഹാരം പൂർണ്ണമായും നൽകാനോ സാധിച്ചിട്ടില്ല. ആയതിനാൽ പ്രത്യേക പാക്കേജ് പ്രഖ്യാപിച്ച് ആവശ്യമായ സഹായവും നഷ്ടപരിഹാരവും നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, വളരെ ഗൗരവമേറിയ ഒരു വിഷയമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. എനിക്ക് അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ മറുപടി പറയാനാണ് ഞാൻ ഉദ്ദേശിക്കുന്നത്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു*.

കണ്ണൂർ ജില്ലയിൽ ഇരിട്ടി താലൂക്കിൽ കണിച്ചാർ, കേളകം, കോളയാട് പഞ്ചായത്തുകളിലും പരിസരപ്രദേശങ്ങളിലുമുണ്ടായ ദുരന്തം വളരെ ഭീകരവും സഹിക്കാൻ കഴിയുന്നതിലപ്പുറവുമാണ്. അന്നുതന്നെ ഞാൻ ബഹുമാനപ്പെട്ട അംഗവുമായി രാത്രി ഏറെനേരം കൂടിയാലോചന നടത്തുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വപരമായ പങ്കുവഹിക്കുകയും ചെയ്തു. ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ നിലവിലുള്ള ദേശീയ ദുരന്തനിവാരണ പദ്ധതിയുടെ തുകയിലുൾപ്പെടുത്തി പലപ്പോഴും കേരളത്തിൽ നാം ആഗ്രഹിക്കുന്ന നിലവാരത്തിൽ നഷ്ടപരിഹാരം അനുവദിക്കാൻ സാധിക്കുന്നില്ല. കേരളത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള എസ്.ഡി.ആർ.എഫ്.-ന്റെ ഫണ്ടുമായി ബന്ധപ്പെട്ട് 1,02,000 രൂപ കുന്നിൻപ്രദേശത്തും 95,107 രൂപ സമതല പ്രദേശങ്ങളിലും നൽകാൻ മാത്രമേ വ്യവസ്ഥ ചെയ്യുന്നുള്ളൂ. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കഴിഞ്ഞ ദിവസം ചേർന്ന പാർലമെന്റിന് മുന്നോടിയായുള്ള എം.പി.-മാരുടെ യോഗത്തിലും ഈ പ്രശ്നം വളരെ ഗൗരവമായി ഉന്നയിച്ചിട്ടുള്ളതുമാണ്. ഞാൻ മന്ത്രിയായതിനുശേഷം അഡീഷണൽ ചീഫ് സെക്രട്ടറി തലത്തിലുള്ള ഉദ്യോഗസ്ഥരെക്കണ്ട് ഈ പ്രശ്നം ഉന്നയിച്ചെങ്കിലും അത്തരമൊരു ധാരണയ്ക്ക് അവർ തയ്യാറാകുന്നില്ല. നിരവധി ദുരന്തങ്ങളുണ്ടാകുമ്പോൾ എല്ലാ കേസുകളിലും പ്രത്യേകമായി പാക്കേജ് പ്രഖ്യാപിക്കാൻ കഴിയാത്ത ഒരു പ്രയാസം സാമ്പത്തികമായി കേരളത്തിലുണ്ടായിരുന്നെങ്കിലും അങ്ങ് പറഞ്ഞ വിഷയം വളരെ ഗൗരവമാണെന്ന കാര്യം മനസ്സിലാക്കുന്നുണ്ട്. ഞാൻ

* അനുബന്ധം III ചേർത്തിട്ടുണ്ട്

കണക്കുകളോരോന്നും വിശദീകരിക്കുന്നില്ല. ഉരുൾപൊട്ടലിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബാംഗങ്ങൾക്ക് 12 ലക്ഷം രൂപയും ഭൂമിയുമായി ബന്ധപ്പെട്ട് ഭവനങ്ങൾ നഷ്ടപ്പെട്ടവർക്ക് 14,29,600 രൂപയും നൽകിയിട്ടുണ്ട്. വിവിധ സംവിധാനങ്ങളുമായി ബന്ധപ്പെട്ടുള്ള 21 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഇതുവഴി പല നിലവാരത്തിൽ കൊടുത്തിട്ടുണ്ട്. പക്ഷേ അങ്ങ് ഉദ്ദേശിച്ച പാക്കേജിനെ സംബന്ധിച്ച് ഒരിക്കൽകൂടി ഗവൺമെന്റ് ചർച്ച ചെയ്ത് ഇതിന്റെ ഗൗരവാവസ്ഥ ബോധ്യപ്പെടുത്തിക്കൊണ്ട് കഴിയാവുന്ന വിധത്തിലുള്ള സഹായങ്ങൾ നൽകാൻ ശ്രമിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, 21 കോടി രൂപയല്ല; 20 ലക്ഷം രൂപയാണ്.

ശ്രീ. കെ. രാജൻ: സർ, പല സ്കീമുകളിൽ ഉൾപ്പെടുത്തിയുള്ള തുകയാണ് ഞാൻ പറഞ്ഞത്. ഇരിട്ടി താലൂക്കിലെ വിവിധ മേഖലകളിൽ 2022 ആഗസ്റ്റ് മാസം സംഭവിച്ച പ്രകൃതിക്ഷോഭങ്ങളിൽ വിവിധ വകുപ്പുകളുടെ കീഴിലുണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ വിവരങ്ങൾ ശേഖരിച്ചതിൽ 35 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ആ നഷ്ടത്തിൽ എസ്.ഡി.ആർ.എഫ്. അനുസരിച്ച് കൊടുക്കാൻ കഴിയുന്ന തുക മാത്രമേ ഇപ്പോൾനൽകിയിട്ടുള്ളൂ. ഇതൊരു പ്രത്യേക പാക്കേജായി നൽകുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉൾപ്പെടെയുള്ളവരുമായി കൂടിയാലോചിച്ച് തീരുമാനമെടുക്കാവുന്നതാണ്.

(3) നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതി

ശ്രീ. സി. സി. മുകുന്ദൻ: സർ, എന്റെ നിയോജകമണ്ഡലമായ നാട്ടികയിലെ തീരദേശ ഗ്രാമപഞ്ചായത്തുകളായ തളിക്കുളം, നാട്ടിക, വലപ്പാട് ഗ്രാമപഞ്ചായത്തുകൾക്കും കയ്പമംഗലം മണ്ഡലത്തിലെ അഞ്ച് ഗ്രാമപഞ്ചായത്തുകൾക്കും മണലൂർ, ഗുരുവായൂർ നിയോജകമണ്ഡലങ്ങളിലെ ഓരോ ഗ്രാമപഞ്ചായത്തുകൾക്കുമായി വിഭാവനം ചെയ്ത സമഗ്ര കുടിവെള്ള പദ്ധതിയാണ് നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതി. രണ്ട് പാക്കേജുകളായി 69.96 കോടി രൂപ വിനിയോഗിച്ച് നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയാണിത്. കിഫ്ബി മുഖാന്തരമാണ് പദ്ധതിക്ക് ആവശ്യമായ തുക വകയിരുത്തിയിട്ടുള്ളത്. പദ്ധതിക്ക് 19-11-2018-ൽ ഭരണാനുമതിയും 23-9-2019-ൽ സാങ്കേതികാനുമതിയും ലഭിക്കുകയും ടെണ്ടർ നടപടികൾ പൂർത്തിയാക്കി 25-2-2020-ന് കരാറുകാരന് വർക്ക് ഓർഡർ നൽകുകയും ചെയ്തു. അതീവ ഗുരുതരമായ കുടിവെള്ള ക്ഷാമമാണ് തൃശ്ശൂർ ജില്ലയിലെ തീരദേശ ഗ്രാമപഞ്ചായത്തുകൾ നേരിടുന്നത്. നിലവിലുള്ളത് കാലപ്പഴക്കമേറിയ പദ്ധതിയായതിനാൽ ആവശ്യത്തിന് ജലവിതരണം നടത്താൻ

വാട്ടർ അതോറിറ്റിക്ക് സാധിക്കുന്നില്ല. പതിനഞ്ച് ദിവസത്തിലൊരിക്കലുള്ള ടേൺ പ്രകാരമാണ് കുടിവെള്ള വിതരണം നടക്കുന്നത്. കിണറുകളിൽ ഉപ്പുവെള്ള ഭീഷണിയുള്ളതിനാൽ വാട്ടർ അതോറിറ്റിയിൽ നിന്നും നൽകുന്ന ജലം മാത്രമാണ് ജനങ്ങൾ കുടിവെള്ളത്തിനായി ഉപയോഗിക്കുന്നത്. ജൽജീവൻ മിഷന്റെ ഭാഗമായി എസ്റ്റിമേറ്റ് എടുത്തപ്പോൾ ഒന്നാം ഘട്ടത്തിൽ റെസ്റ്റൊറേഷൻ പ്രവൃത്തി ഉൾപ്പെട്ടിരുന്നില്ല. ആയതിനാൽ റോഡുപൊളിച്ച് പൈപ്പിട്ടുകഴിഞ്ഞാൽ റെസ്റ്റൊറേഷൻ പ്രവൃത്തി ഗ്രാമപഞ്ചായത്തുകൾക്ക് ചെയ്യേണ്ടിവരും. അതിനുള്ള ശേഷി ഗ്രാമപഞ്ചായത്തുകൾക്കില്ലാത്തതിനാൽ റെസ്റ്റൊറേഷൻ പ്രവൃത്തികൾക്ക് ആവശ്യമായ തുക കൂടി അനുവദിക്കാൻ നടപടി സ്വീകരിക്കേണ്ടതുണ്ട്. കരാറുകാരന് സൈറ്റ് ഹാൻഡ്ഓവർ ചെയ്യുന്നതിൽ അതോറിറ്റി ഉദ്യോഗസ്ഥർ ഗുരുതരമായ കാലതാമസം വരുത്തിയത് പദ്ധതി നിർവ്വഹണത്തെ ബാധിച്ചു. ഇക്കാരണത്താൽ ഏറ്റെടുത്ത റേറ്റിൽ പണി നടത്താനാകില്ലെന്ന് കാണിച്ച് കരാറുകാരൻ വാട്ടർ അതോറിറ്റിക്കെതിരെ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതിനാൽ പദ്ധതി അനന്തമായി നീണ്ടുപോകുകയാണ്. പദ്ധതിയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം ഇപ്പോൾ തുക 88 കോടി രൂപയായി വർദ്ധിച്ചിട്ടുണ്ട്. പ്രസ്തുത റിവൈസ്ഡ് എസ്റ്റിമേറ്റ് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടെങ്കിലും ഭരണാനുമതി ലഭിച്ചിട്ടില്ല. ആയതിനാൽ നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനും റെസ്റ്റോറേഷൻ പ്രവൃത്തികൾക്ക് ആവശ്യമായ തുക വകയിരുത്തുന്നതിനും നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, വളരെ പ്രധാനപ്പെട്ട ഒരു കുടിവെള്ള പദ്ധതിയുടെ വിഷയമാണ് ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത്. ഈ പദ്ധതി നടപ്പാക്കുന്നതിനായി ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി രണ്ട് പാക്കേജായാണ് ടെണ്ടർ ചെയ്തത്. എന്നാൽ രണ്ട് കോൺട്രാക്ടർമാരും പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് കോടതിയെ സമീപിച്ചിരിക്കുന്ന സ്ഥിതി നിലവിലുള്ളതിനാൽ അത്തരം കാര്യങ്ങളിൽ കാലതാമസമുണ്ടായിട്ടുണ്ട്. മാത്രമല്ല കോടതി ഇത്തരം കാലതാമസം ദീർഘിപ്പിച്ചുകൊണ്ട് അനുമതി നൽകിയിട്ടുമുണ്ട്. അതെല്ലാം പരിശോധിച്ചുവരികയാണ്. പഴയ റേറ്റിൽ പല തവണ ടെണ്ടർ ചെയ്തെങ്കിലും ഓഫറുകളൊന്നും ലഭിച്ചില്ലെന്ന വിഷയവും ബാക്കിനിൽക്കുന്നുണ്ട്. വിശദമായ മറുപടി മേശപ്പുറത്തുവയ്ക്കുന്നു.*

---

* അനുബന്ധം III ചേർത്തിട്ടുണ്ട്

ഈ പദ്ധതി നടപ്പിലാക്കേണ്ടത് ജൽജീവൻ പദ്ധതിയുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് അനിവാര്യമാണ്. അതുകൊണ്ടുതന്നെ വളരെ ഗൗരവമായിതന്നെയാണ് സർക്കാർ ഈ പദ്ധതിയെ കാണുന്നത്. ഫേസ് I-ൽ ടെണ്ടർ ചെയ്തിട്ടുള്ള ജൽജീവൻ മിഷന്റെ പദ്ധതിപ്രകാരം പഞ്ചായത്തുകളുടെ തനത് ഫണ്ടുപയോഗിച്ച് പഞ്ചായത്തുതല റോഡുകൾ പൊളിക്കാൻ സാധിക്കുകയില്ലെന്ന ബോധ്യം സർക്കാരിനുണ്ട്. ഇക്കാര്യങ്ങൾക്ക് കേന്ദ്രസർക്കാരിൽത്തന്നെ ആവശ്യമായ ഇടപെടലുകൾ നടത്തിയതുപ്രകാരം സെപ്റ്റംബർ മാസം 26-ാം തീയതി അനുമതി ലഭ്യമായി. ആ അനുമതി 15th Finance Commission-ന്റെ ഗ്രാന്റ് റെസ്റ്റോറേഷനുവേണ്ടി ഉപയോഗിക്കാൻ സാധ്യമല്ലായിരുന്നു. എന്നാൽ റെസ്റ്റോറേഷനുവേണ്ടി ഉപയോഗിക്കാൻ സാധിക്കത്തക്ക നിലയിലുള്ള ഒരു അനുമതി എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും ജില്ലാ കളക്ടർമാർക്കും മെയിൽ ചെയ്ത് നൽകിയിട്ടുണ്ട്. ആ ഗ്രാന്റിൽനിന്നും പഞ്ചായത്തുകൾക്ക് Phase-I, II & III എന്നീ മൂന്ന് ഘട്ടങ്ങളിൽ വന്നിട്ടുള്ള ടെണ്ടറുകളുടെ ഭാഗമായി റോഡ് പൊളിക്കേണ്ടി വന്നിട്ടുണ്ടെങ്കിൽ അത് റീസ്റ്റോർ ചെയ്യുന്നതിനായി ഉപയോഗിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. അത് നമുക്ക് ആശ്വാസകരമാണ്. അതുകാരണം ബുദ്ധിമുട്ടുണ്ടാകില്ല. പദ്ധതി നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുവന്നിട്ടുള്ള പെൻഡിംഗ്, കോടതിയുടെ കാലതാമസം എന്നീ വിഷയങ്ങളെല്ലാം ഗൗരവമായി കാണുകയും അത് പരിഹരിക്കാനാവശ്യമായ നടപടി കൈക്കൊള്ളുന്നതുമാണ്.

(4) <u>എം.വി.ഐ.പി.-പി.വി.ഐ.പി. കനാലുകളുടെ അറ്റകുറ്റപ്പണികൾ</u>

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, പിറവം നിയോജകമണ്ഡലത്തിലെ എം.വി.ഐ.പി., പി.വി.ഐ.പി. കനാലുകൾ വഴിയുള്ള ജലസേചന സൗകര്യങ്ങൾ ഏതാണ്ട് എല്ലാ പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും ലഭ്യമാണ്. കാലപ്പഴക്കംമൂലമുണ്ടായ അറ്റകുറ്റപ്പണികൾക്ക് ആവശ്യമായ തുക അനുവദിക്കാതിരിക്കുന്നത് വലിയ രീതിയിലുള്ള പ്രതിസന്ധികൾ സൃഷ്ടിക്കുകയാണ്. പി.വി.ഐ.പി. കനാലിന്റെ 90 ശതമാനം പ്രദേശങ്ങൾക്കും എം.വി.ഐ.പി.-യുടെ 50 ശതമാനത്തോളം പ്രദേശത്തും അടിയന്തര അറ്റകുറ്റപ്പണികൾ ആവശ്യമാണ്. പലപ്പോഴും കനാലുകളിൽ ലീക്കേജുകളും അതുമൂലം ചില പാടശേഖരങ്ങളിൽ വെള്ളക്കെട്ടും വെള്ളം അനാവശ്യമായി പാഴായിപ്പോകുന്ന സാഹചര്യവുമുണ്ട്. അവിടത്തെ ബണ്ട് റോഡുകൾ തകർന്നുകിടക്കുകയാണ്. ഇതെല്ലാം വലിയ രീതിയിലുള്ള പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. യഥാർത്ഥത്തിൽ ജലസേചന പദ്ധതികൾ കർഷകർക്ക് പ്രയോജനപ്രദമായ രീതിയിൽ ലഭ്യമാക്കുന്നതിനു വേണ്ടിയാണെങ്കിൽ ഇന്ന് ആ

പർപ്പസ് മീറ്റ് ചെയ്യാത്ത സാഹചര്യം വന്നിരിക്കുകയാണ്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് പലപ്പോഴായി പരാതികൾ നൽകിയിട്ടുള്ളതാണ്. എം.വി.ഐ.പി., പി.വി.ഐ.പി. കനാലുകളുടെ വിഷയങ്ങൾ ബന്ധപ്പെട്ട തലങ്ങളിലുണ്ടെങ്കിലും അതിനൊന്നും തുടർനടപടിയോ തുകയോ അനുവദിക്കുന്നില്ല. അടിയന്തരമായി തുക അനുവദിച്ച് ഈ കനാലുകൾ വീണ്ടും പൂർവ്വസ്ഥിതിയിലാക്കി ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് പെരിയാർ വാലി-മൂവാറ്റുപുഴ വാലി ജലസേചന പദ്ധതി കനാലുകളെ സംബന്ധിച്ചാണ്. പെരിയാർ വാലിയിൽ പുനരുദ്ധാരണത്തിനായി 58.6 ലക്ഷം രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം നൽകുകയും പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതി അറ്റകുറ്റപ്പണികൾക്കായി 53.20 ലക്ഷം രൂപയുടെ 17 പ്രവൃത്തികൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഈ പ്രവൃത്തികളെല്ലാം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. പ്രധാനപ്പെട്ട വിഷയം കനാലുകളുടെ നവീകരണത്തിന് ഉദ്ദേശിച്ചപോലെ ടെയിൽ എൻഡ് വരെ വെള്ളമെത്തിക്കാൻ സാധിക്കാത്ത സ്ഥിതിയുണ്ട്. ഇതെല്ലാം കനാലുകളുടെ കാലപ്പഴക്കംമൂലം സംഭവിച്ച വിഷയങ്ങളാണ്. ഇത്തരം കാര്യങ്ങളിലെല്ലാം പ്രയോജനകരമാക്കത്തക്ക നിലപാടുകൾ സ്വീകരിക്കുകയും എന്നാൽ ആവശ്യമായ തുക ബഡ്ജറ്റ് പ്രൊപ്പോസൽ/പ്ലാൻ ഫണ്ട് മുഖാന്തരം കണ്ടെത്താൻ സാധ്യമല്ലാത്ത സ്ഥിതിയുമാണ്. അതുകൊണ്ട് ചെറിയ തുകയിൽ ഒതുങ്ങിനിൽക്കുന്നതല്ലെന്നുള്ളതുകൊണ്ട് ഇതിനാവശ്യമായ ഫണ്ട് സമാഹരിക്കാൻ എന്തുചെയ്യാൻ സാധിക്കുമെന്ന ആലോചനയും ഗവൺമെന്റ് നടത്തുന്നുണ്ട്. ഈ സാഹചര്യത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ചും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ഉപയോഗിച്ചും കനാൽ, ബണ്ട് റോഡുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിരാക്ഷേപപത്രം നൽകുന്ന സ്ഥിതിയും നിലവിലുണ്ട്. സഹകരണ മനോഭാവത്തോടെ മാത്രമേ ഇത് മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. കനാലിന് വളരെ കാലപ്പഴക്കമുള്ളതിനാൽ കാലാകാലങ്ങളിൽ പ്രവൃത്തി ചെയ്യുന്നതിനും വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനും പരിമിതികളുണ്ട്. എന്നിരുന്നാലും പ്രത്യേകമായ ഫണ്ട് സമാഹരിച്ച് ഇത്തരം പദ്ധതികൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ട്.

(5) ജലനിർഗ്ഗമനം സുഗമമാക്കൽ

ശ്രീ. കെ. ഡി. പ്രസേനൻ: സർ, തൊഴിലുറപ്പ് പദ്ധതിയെ തകർക്കാൻ കേന്ദ്രസർക്കാർ നടത്തുന്ന നിരന്തരമായ പരിശ്രമത്തിന്റെ ഭാഗമായി പാലക്കാട് ജില്ലയിലെ നെൽകർഷകരുടെയിടയിൽ രൂപപ്പെട്ട പ്രതിസന്ധി പരിഹരിക്കണമെന്ന് ആവശ്യപ്പെടുന്ന ഒരു സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. ആലത്തൂർ-ചിറ്റൂർ-പാലക്കാട് താലൂക്കുകളിൽ മാത്രമായി ഏതാണ്ട് 30570 ഹെക്ടർ ഭൂമിയിൽ നെൽകൃഷിയും മറ്റ് താലൂക്കുകൾ പരിശോധിക്കുകയാണെങ്കിൽ ഇത് അൻപതിനായിരത്തിന് താഴെയും വരുന്നതാണ്. ഇവിടെയുള്ള പ്രധാനപ്പെട്ട ജലസേചന പദ്ധതികൾ മലമ്പുഴ-മംഗലം-പോത്തുണ്ടി-ചേരമംഗലം എന്നിവയാണ്. 2110 കിലോമീറ്റർ കനാലുകൾ ഇറിഗേഷന്റെ ഭാഗമായുണ്ട്. അതിന് പുറമെയാണ് കാഞ്ഞിരപ്പുഴ, മീങ്കര തുടങ്ങി മറ്റ് ഡാമുകളിലുള്ള കനാലുകളെല്ലാം വരുന്നത്. ഇതെല്ലാം കാലാകാലങ്ങളിൽ വൃത്തിയാക്കിയിരുന്നത് തൊഴിലുറപ്പ് തൊഴിലാളികളാണ്. ഒരു സീസൺ കഴിഞ്ഞ് രണ്ടാംവിള കാലത്തിനുമുമ്പുള്ള ഇടവേളസമയത്ത് പതിനായിരക്കണക്കിന് തൊഴിലാളികൾ ചെയ്യുവന്നിരുന്ന ജോലികൾ നിന്നുപോയിരിക്കുന്നു. ഈ പ്രശ്നത്തിന് അടിയന്തര പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കണം. ഇപ്പോൾ തദ്ദേശസ്വയംഭരണ വകുപ്പ് അതിനുള്ള നീക്കം നടത്തുകയും പഞ്ചായത്തുകൾക്ക് താൽക്കാലികമായി ചെറിയ രീതിയിലുള്ള അനുമതി നൽകിയിട്ടുമുണ്ട്. ഇതിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയണം. നെൽകർഷകരുടെ ജീവിതം വളരെ ദുരിതത്തിലാണ്. പാലക്കാട് ജില്ലയിലെ നെൽകർഷകർ കൂടുതൽ പ്രതിസന്ധിയിലേയ്ക്ക് പോകുകയാണ്. പ്രധാനമായും മേജർ ഇറിഗേഷനെ ആശ്രയിച്ചാണ് ഇവർ കൃഷി നടത്തുന്നത് എന്നുള്ളതുകൊണ്ട് അതിനുള്ള സഹായം നൽകണം. കനാലുകൾ വൃത്തിയാക്കുന്നതിനുള്ള ഫണ്ട് അടിയന്തരമായി അനുവദിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. മുൻ കാലങ്ങളിൽ ഇത്തരം കാര്യങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിലൂടെയാണ് പരിഹാരം കണ്ടെത്താൻ ശ്രമിച്ചിരുന്നത്. എന്നാൽ ഇപ്പോൾ അത് സാധിക്കാതെ വന്നിരിക്കുന്നു. ആവർത്തന സ്വഭാവമുള്ള പ്രവർത്തനങ്ങൾ ഇനിമുതൽ MGNREGA മുഖേന നടപ്പാക്കാൻ സാധിക്കില്ല. കനാൽ വൃത്തിയാക്കൽ പ്രവർത്തനങ്ങൾ ഉൾപ്പെടുന്ന കാടുവെട്ടൽ, ചെളിനീക്കം ചെയ്യൽ മുതലായവ തൊഴിലുറപ്പ് പദ്ധതിയിൽ സാധ്യമല്ലെന്ന് മിഷൻ ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഇത് വലിയ ബുദ്ധിമുട്ട് നേരിടുന്ന

വിഷയമാണ്. ഈ കനാലുകൾ പരിശോധിക്കുമ്പോൾ ഇത്രയും ദൂരം പണി ചെയ്യുന്നതിനുവേണ്ടിയുള്ള തുക സ്വാഭാവികമായും മേജർ ഇറിഗേഷനിലോ മൈനർ ഇറിഗേഷനിലോ ലഭ്യമാക്കാൻ സാധിക്കില്ല. പഞ്ചായത്തുകൾ സഹകരിച്ച് ഇത്തരം പ്രവൃത്തികൾ ചെയ്തിരുന്ന കാലത്ത് ഇതെല്ലാം വേഗത്തിൽ ചെയ്യാൻ സാധിക്കുമായിരുന്നു. അതുകൊണ്ട് ഇതിന് പ്രത്യേകമായ ഹെഡ്ഡും വരുംകാലങ്ങളിൽ പ്രത്യേകമായ സുരക്ഷയും ഉറപ്പുവരുത്താനാവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോകുന്നത് കാലാകാലങ്ങളിൽ കൃഷി തുടർന്ന് ചെയ്യുന്നതിന് കർഷകർക്ക് പ്രയോജനകരമായി മാറും. അടിയന്തരമായി ഇത്തരം കാര്യങ്ങൾ മനസ്സിലാക്കി പ്രൊപ്പോസൽ തയ്യാറാക്കാൻ ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം I-നോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അടിയന്തരമായി ചെയ്യാൻ സാധിക്കുന്നത് എന്താണെന്നത് സംബന്ധിച്ച് ഗവൺമെന്റ് ഗൗരവപൂർവ്വം ചിന്തിക്കുകയാണ്.

(6) കുട്ടനാട് സമഗ്ര കുടിവെള്ള പദ്ധതി

ശ്രീ. തോമസ് കെ. തോമസ്: സർ, കുട്ടനാട്ടിലെ ജനങ്ങൾ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന സമഗ്ര കുടിവെള്ള പദ്ധതിയാണിത്. 2017-ൽ അന്നത്തെ സെക്രട്ടറിയായിരുന്ന ശ്രീമതി ടിങ്കു ബിസ്വാൾ, ഐ.എ.എസ്. ഒപ്പിട്ട് നൽകിയ പേപ്പറുമായി അഞ്ച് വർഷമായി ഇതിന്റെ പുറകേ നടക്കുകയാണ്. പക്ഷേ വിചാരിച്ച നിലയിൽ ഈ പദ്ധതിക്ക് പുരോഗതിയിലെത്താൻ സാധിച്ചില്ലെന്നുള്ളത് വളരെയധികം വേദനാജനകമാണ്. പ്രസ്തുത പദ്ധതിക്കായി 290 കോടി രൂപ അനുവദിച്ചുവെങ്കിലും അതിന്റെ അവലോകനത്തിലേയ്ക്ക് വന്നപ്പോൾ 98.37 കോടി രൂപ അധികമായി വേണമെന്ന് പറഞ്ഞു. ഇങ്ങനെയുള്ള കാര്യങ്ങളെല്ലാം ക്രമപ്പെടുത്തിയിരിക്കുകയാണ്. മന്ത്രിയായിരുന്ന തോമസ് ചാണ്ടിയും ഞാനും സ്ഥലം സൗജന്യമായി നൽകിയതാണ്. പദ്ധതിക്കാവശ്യമായ സ്ഥലവും ഓവർ ഹെഡ് ടാങ്ക് പണിയുന്നതിനുള്ള സ്ഥലവും ഏറ്റെടുത്തുകഴിഞ്ഞു. എന്തുകൊണ്ടാണ് ഈ പ്രവൃത്തി പിന്നെയും താമസിക്കുന്നതെന്ന് അറിയാൻ കുട്ടനാട്ടിലെ ജനത കാത്തിരിക്കുകയാണ്. അതുകൊണ്ട് ആരാധ്യനായ വകുപ്പുമന്ത്രി ഈ വിഷയത്തിന് നല്ലൊരു മറുപടി നൽകണം. പദ്ധതി ഉടൻ ശരിയാകുമെന്ന് പറയുന്നതല്ലാതെ ഒന്നുമാകുന്നില്ലെന്ന വിഷമം ഹൃദയത്തിലുണ്ട്. ഇത് ഗൗരവമേറിയ വിഷയമായതിനാൽ സമയം തീർന്നുവെന്നുപറഞ്ഞ് അങ്ങ് ധൃതികൂട്ടി മറുപടി പറയാതിരിക്കരുത്. ഈ വിഷയത്തിൽ നല്ലൊരു മറുപടി പ്രതീക്ഷിക്കുന്നു.

[12.00 Noon]

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഈ വിഷയത്തിൽ പലതവണ ഞാൻ വ്യക്തമായി മറുപടി നൽകിയിട്ടുള്ളതാണ്. ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം ഇവിടെ സൂചിപ്പിച്ചതുപോലെ ഒരു പദ്ധതി വന്നുകഴിഞ്ഞാൽ ആവശ്യമായി ചെയ്തെടുക്കേണ്ട നടപടികളിൽ വരുന്ന കാലതാമസമാണ്. അതിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്ഥലമെടുപ്പുമായി ബന്ധപ്പെട്ടതാണ്. അക്കാര്യം ബഹുമാനപ്പെട്ട എം.എൽ.എ.-യ്ക്കും അറിയാം. പ്ലാന്റിന്റെ നിർമ്മാണം, ഓവർഹെഡ് ടാങ്കുകൾ ഉൾപ്പെടെയുള്ളവയ്ക്ക് ആവശ്യമായ സ്ഥലം കണ്ടെത്തുകയെന്നുള്ളത് പ്രധാന വിഷയമായിരുന്നു. മാത്രമല്ല, ആലപ്പുഴയിൽ ലാൻഡിനെ സംബന്ധിച്ചുള്ള ചില പ്രശ്നങ്ങളുണ്ടായിരുന്നു. ജില്ലാ കളക്ടറുമായി പല തവണ ചർച്ച ചെയ്ത് അതെല്ലാം പരിഹരിച്ചുവന്നപ്പോഴേയ്ക്കും ആദ്യം എസ്റ്റിമേറ്റ് നൽകിയത് പ്രകാരമുണ്ടായിരുന്ന തുകയേക്കാൾ വലിയ തുകയിലേയ്ക്ക് എസ്റ്റിമേറ്റ് തുക മാറി. ആ നിലയിൽ 13 പഞ്ചായത്തുകൾക്കുവേണ്ടി 30 ദശലക്ഷം ലിറ്റർ ശേഷിയുള്ള ശുദ്ധീകരണശാല നിർമ്മിക്കാനാണ് ഉദ്ദേശിച്ചത്. പമ്പാനദി സ്രോതസ്സായി പദ്ധതിയുടെ പ്രധാന ഘടകങ്ങൾ നീരേറ്റുപുറത്തിന്റെ റോ വാട്ടർ പമ്പിംഗ് മെയിൻ, 30 ദശലക്ഷം ലിറ്റർ പ്രതിദിന ഉൽപ്പാദനശേഷിയുള്ള ജലശുദ്ധീകരണശാലയും 13 ഉന്നതതല ജലസംഭരണിയും 46.02 കിലോമീറ്റർ ട്രാൻസ്മിഷൻ ലൈനും 895 കിലോമീറ്റർ വിതരണ ശൃംഖലയുമുണ്ട്. ചെറിയ രീതിയിലുള്ള പദ്ധതിയല്ല. അതിനായി 289.54 കോടി രൂപയുടെ ഭരണാനുമതിയാണ് നൽകിയിരുന്നത്. എന്നാൽ കാലതാമസം രൂപപ്പെട്ടുവന്നതിനുശേഷം 387.91 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള വിശദമായ എഞ്ചിനീയറിംഗ് പ്രോജക്ട് റിപ്പോർട്ട് ലഭ്യമാക്കിയത് സർക്കാരിന്റെ പരിഗണനയിലാണ്. ഇത്തരം കാര്യങ്ങൾ ഉടനെ ശ്രദ്ധിക്കും. നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവന്നതിന്റെ കാലതാമസം സ്വാഭാവികമായും നാട്ടിൽ രൂപപ്പെട്ടുവന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. നടത്തിയ ശ്രമങ്ങളെ ഒരിക്കലും കുറച്ച് കാണുന്നില്ല. അങ്ങ് ഇക്കാര്യത്തിൽ നല്ല രീതിയിൽ ശ്രമിച്ചതുകൊണ്ടാണ് ഇത്രയും വേഗം ഇത് പൂർത്തിയാക്കാൻ കഴിഞ്ഞത്. എത്രയും വേഗം ഭരണാനുമതി വാങ്ങി കുട്ടനാട്ടിലെ ജനങ്ങളുടെ പ്രശ്നം പരിഹരിക്കുന്നതാണ്. പ്രത്യേകിച്ച് മറ്റിതര മേഖലയേക്കാൾ വ്യത്യസ്തമായി കുട്ടനാടിന്റെ പ്രത്യേകത കൂടി കണക്കിലെടുത്തുകൊണ്ട് അവിടത്തെ കുടിവെള്ള പ്രശ്നത്തിന് ഇതല്ലാതെ മറ്റൊരു മാർഗ്ഗമില്ലെന്നും ഒന്നിനെയും ആശ്രയിക്കാൻ കഴിയില്ലെന്നുമുള്ള ഉത്തമബോധം സർക്കാരിനുണ്ട്. അതുകൊണ്ടാണ് ഇത്രയും വലിയ തുക ആദ്യം തന്നെ ഉൾക്കൊള്ളിച്ചത്. പുതുക്കിയ ഭരണാനുമതിയുടെ പശ്ചാത്തലത്തിൽ ഉടൻതന്നെ ജൽജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി അത് നടപ്പിലാക്കാൻ ആവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കും.

(7) ഗിഫ്റ്റ് സിറ്റിക്ക് ഭൂമി വിട്ടുനൽകിയ ഭൂവുടമകളുടെ പ്രശ്നങ്ങൾ

ശ്രീ. റോജി. എം. ജോൺ: സർ, കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ അയ്യമ്പുഴ വില്ലേജിൽ നിർദ്ദിഷ്ട ഗിഫ്റ്റ് സിറ്റി പദ്ധതിക്കുവേണ്ടി ഏകദേശം 400 ഏക്കറോളം ഭൂമി എറ്റെടുക്കേണ്ടതിന്റെ പ്രാരംഭ നടപടികൾ 2020-ൽ ആരംഭിച്ചിരുന്നു. ഏകദേശം രണ്ട് വർഷം പിന്നിട്ടിട്ടും ഭൂമി ഏറ്റെടുക്കൽ നടപടി അനിയന്ത്രിതമായി നീണ്ടുപോകുന്നതുമൂലം ആളുകൾക്ക് തുക ലഭിച്ചിട്ടില്ലെന്ന് മാത്രമല്ല ആ ഭൂമിയിന്മേൽ ക്രയവിക്രയം നടത്താനോ ലോൺ എടുക്കാനോ മറ്റാവശ്യങ്ങൾ നടത്താനോ സാധിക്കാത്ത സാഹചര്യമാണുള്ളത്. സാധാരണക്കാരായ കൃഷിക്കാർ, പ്ലാന്റേഷൻ തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികൾ അധിവസിക്കുന്ന പ്രദേശമാണത്. എന്തായാലും ഭൂമി വിട്ടുകൊടുക്കേണ്ടതായ സാഹചര്യമുള്ളതുകൊണ്ട് അവർ മറ്റ് സ്ഥലങ്ങളിൽപ്പോയി ഭൂമി വാങ്ങാൻ അഡ്വാൻസ് ഉൾപ്പെടെ നൽകിയിരുന്നു. എന്നാൽ സർക്കാരിന്റെ ഭാഗത്തുനിന്നും ഭൂമിക്ക് പണം നൽകാത്ത സാഹചര്യം നിലനിൽക്കുന്നതിനാൽ അവർ ഒന്നും ചെയ്യാൻ സാധിക്കാതെ പകച്ചുനിൽക്കുകയാണ്. വലിയ ദുരിതത്തിലാണ്. എത്രയും വേഗം നടപടികൾ പൂർത്തീകരിച്ച് ആ തുക നൽകാനുള്ള സമീപനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. അതുപോലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് ആദ്യഘട്ടത്തിൽ പലതരത്തിലുള്ള ആശങ്കകളും നിലനിന്നിരുന്നു. അതിന്റെ ഭാഗമായി അവിടെ സമരങ്ങൾ രൂപപ്പെട്ടുവന്നു. അത് സ്വാഭാവികമാണ്. സമരങ്ങളും പ്രതിഷേധങ്ങളും രൂപപ്പെട്ടുവന്നപ്പോൾ ഭൂമി ഏറ്റെടുക്കൽ നടപടി മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കാത്ത സാഹചര്യമുണ്ടായി. എം.എൽ.എ. എന്ന നിലയിൽ ഞാൻ തന്നെ മുൻകയ്യെടുത്ത് അന്നത്തെ ജില്ലാ കളക്ടറും കിൻഫ്രയിലെ ഉദ്യോഗസ്ഥരും പോലീസും ഉൾപ്പെടെയുള്ളവരുമായി മണിക്കൂറുകളോളം മൂന്ന് റൗണ്ട് ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ സമരങ്ങളെല്ലാം അവസാനിപ്പിക്കുകയും സർവ്വെ നടപടികളും ഭൂമിയേറ്റെടുക്കൽ നടപടികളും വളരെ സുഗമമായി മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്ന സാഹചര്യമൊരുക്കുകയും ചെയ്തു. അതുമായി ബന്ധപ്പെട്ടുണ്ടായ കേസുകളുടെ കാര്യത്തിൽ മൃദുസമീപനമുണ്ടാകുമെന്നും കേസുകൾ പിൻവലിക്കുന്നതിനുവേണ്ട നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും സ്വീകരിക്കാമെന്നും അന്ന് ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ആൾക്കാരുമായി നടത്തിയ ചർച്ചയിൽ വാക്കാൽ ഒരു ധാരണയുണ്ടായിരുന്നു. അതുകൊണ്ട് ഭൂമിയുടെ തുക എത്രയും വേഗം നൽകി അവരുടെ ആശങ്ക പരിഹരിക്കാനും കേസുകൾ പിൻവലിക്കാനുമുള്ള നടപടിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഗിഫ്റ്റ് സിറ്റി കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ രണ്ടാം ഘട്ടത്തിലാണ് കണ്ടിരുന്നത്. എന്നാൽ ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് ഗവൺമെന്റ് പ്രത്യേക താൽപ്പര്യം പ്രകടിപ്പിച്ചതിന്റെ ഭാഗമായി ഒന്നാം ഘട്ടത്തിൽതന്നെ ഉൾപ്പെടുത്താൻ കഴിഞ്ഞു. യഥാർത്ഥത്തിൽ 220 ഹെക്ടർ സ്ഥലമാണ് പദ്ധതിക്കായി ഏറ്റെടുക്കാൻ തീരുമാനിച്ചിരുന്നത്. അവിടെ പ്രതിഷേധമുൾപ്പെടെയുള്ള കാര്യങ്ങൾ ഉണ്ടായതിനെത്തുടർന്ന് എം.എൽ.എ.-യും മറ്റ് ജനപ്രതിനിധികളും ചർച്ച ചെയ്ത് അത് 144 ഹെക്ടറായി കുറയ്ക്കുകയുണ്ടായി. നേരത്തെ സൂചിപ്പിച്ച 220 ഹെക്ടർ സ്ഥലം ഏറ്റെടുക്കാനായി കണ്ടിരുന്നത് 540 കോടി രൂപയായിരുന്നുവെങ്കിൽ 80 ഹെക്ടർ കുറഞ്ഞ് 144 ഹെക്ടറായപ്പോൾ സ്ഥലം ഏറ്റെടുക്കാനായി വേണ്ടിവരുന്ന തുക 840 കോടി രൂപയായി വർദ്ധിക്കുകയാണ് ചെയ്തിട്ടുള്ളത്. നേരത്തെ സമരം ചെയ്ത് തങ്ങളുടെ ഭൂമി ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടവരെല്ലാം ഇപ്പോൾ അവരുടെ ഭൂമി കൂടി ഏറ്റെടുക്കണമെന്നുള്ള സമ്മർദ്ദത്തിലാണ് നിൽക്കുന്നത്. 840 കോടി രൂപയായി തുക ഉയർന്നതോടുകൂടി വീണ്ടും ഭരണാനുമതി ആവശ്യമായി വരികയും അത് ലഭിക്കുകയും ചെയ്തിട്ടുണ്ട്. അത് കിഫ്ബിയിലേയ്ക്ക് വച്ചിരിക്കുകയാണ്. കിഫ്ബിയിൽനിന്നും തുക ലഭ്യമാകുന്ന മുറയ്ക്ക് എത്രയും വേഗം തുക നൽകണമെന്നുള്ള താൽപ്പര്യമാണ് സർക്കാരിനുള്ളത്. അത് ഏറ്റെടുത്ത് പദ്ധതിയുമായി മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്. അഞ്ച് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം കഴിഞ്ഞ് പെരുമ്പാവൂർ കോടതിയിൽ വിചാരണയുടെ ഘട്ടത്തിൽ നിൽക്കുകയാണ്.

(8) പൊൻപാറക്കുന്ന് ലൈഫ് ഭവന സമുച്ചയം

ശ്രീ. പി. ടി. എ. റഹീം: സർ, മാവൂർ പഞ്ചായത്തിലെ പൊൻപാറക്കുന്നിൽ PWD നൽകിയ 80 സെന്റ് സ്ഥലത്താണ് ലൈഫ് മിഷൻ ഫ്ലാറ്റ് നിർമ്മിക്കാൻ തീരുമാനിച്ചിരുന്നത്. എന്നാൽ പ്രസ്തുത സ്ഥലം ഫ്ലാറ്റ് നിർമ്മാണത്തിന് അനുയോജ്യമല്ല. അവിടെ PWD-ക്ക് വേറെയും സ്ഥലം ലഭ്യമായതിനാൽ ഇക്കാര്യത്തിൽ അവരുമായി ബന്ധപ്പെട്ട് ഭൂമി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം. മാവൂർ റോഡ് നിർമ്മാണത്തിന് മണ്ണെടുക്കാനായി എടുത്ത സ്ഥലം PWD-ക്ക് ആവശ്യമില്ലാത്തതാണെന്നുകൂടി സൂചിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, കോഴിക്കോട് ജില്ലയിലെ മാവൂരിൽ പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിൽ പൊൻപാറക്കുന്നിലുള്ള 266 സെന്റ് സ്ഥലം ഭവന സമുച്ചയ നിർമ്മാണത്തിന് വിനിയോഗിക്കാൻ സാധിക്കാത്തതിന്റെ പ്രശ്നമാണ്

ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. പൊൻപാറക്കുന്നിലുള്ള 266 സെന്റ് സ്ഥലമുൾപ്പെടെ 36 ഹൗസിംഗ് പ്ലോട്ടുകൾ ലൈഫ് ഭവന സമുച്ചയ നിർമ്മാണത്തിന് വിനിയോഗിക്കുന്നതിനായി അനുവദിച്ചിരുന്നു. ഈ ഭൂമിയിൽ 44 യൂണിറ്റുകളടങ്ങിയ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 6.16 കോടി രൂപയുടെ ഭരണാനുമതി നൽകുകയും പ്രീ-ഫാബ്രിക്കേറ്റഡ് സാങ്കേതികവിദ്യയിൽ 44 വീടുകളടങ്ങിയ ഭവന സമുച്ചയ നിർമ്മാണത്തിന് ഇ.പി.സി. മോഡലിൽ ടെണ്ടർ ക്ഷണിച്ച് കരാർ നൽകുകയും ചെയ്തിരുന്നു. വിശദമായ പരിശോധനയിൽ 266 സെന്റ് സ്ഥലം ഭവന സമുച്ചയ നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തുകയുണ്ടായി. എന്നാൽ പ്രധാന വീഥിയോട് ചേർന്ന മുൻഭാഗവും മധ്യഭാഗവും നിർമ്മാണത്തിന് അനുയോജ്യമാണെന്ന് കണ്ടെത്തുകയും ആ സ്ഥലം പകരമായി അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പൊതുമരാമത്ത് ചീഫ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുമുണ്ട്. നിർമ്മാണം ആരംഭിച്ച പദ്ധതികളുടെ പൂർത്തീകരണത്തിനാണ് സർക്കാർ ഇപ്പോൾ മുൻഗണന നൽകുന്നത്. ഇതിന്റെ ഭാഗമായി 30 ഭവന സമുച്ചയങ്ങൾ നിർമ്മാണ പ്രവർത്തന പുരോഗതിയിലാണ്. അതിൽ 44 യൂണിറ്റുകൾ വീതമുള്ള 4 ഭവന സമുച്ചയങ്ങളുടെ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ട്. ബാക്കി പൂർത്തിയാക്കുന്നതിനാണ് ഇപ്പോൾ മുൻഗണന നൽകുന്നത്. പൊതുമരാമത്ത് വകുപ്പിനോട് ആവശ്യപ്പെട്ട പ്രകാരം പുതിയ സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ അവിടെ ഭവന സമുച്ചയം നിർമ്മിക്കുന്നതിനുള്ള സാധ്യത സർക്കാർ തീർച്ചയായും പരിഗണിക്കുന്നതാണ്.

(9) ബേപ്പൂർ പോർട്ടിന്റെ പ്രവർത്തനം

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, കേരളത്തിലെ പ്രധാനപ്പെട്ട തുറമുഖങ്ങളിലൊന്നാണ് ബേപ്പൂർ. ഇവിടെയുള്ള ധാരാളം തൊഴിലാളികൾ ലക്ഷദ്വീപിലേയ്ക്കുള്ള കയറ്റുമതിയെ ആശ്രയിച്ച് ജോലി ചെയ്യുവരുന്നവരാണ്. ഇപ്പോൾ ജോലിയില്ലാത്തതിനാൽ തൊഴിലാളികളെല്ലാം വളരെ പ്രയാസത്തിലാണ്. കണ്ടെയ്നർ ഇറക്കുമതി നടക്കുന്നില്ല. തുറമുഖത്ത് ആഴമില്ലാത്തതിനാൽ കപ്പലുകൾക്ക് വാർഫിൽ എത്താൻ കഴിയുന്നില്ല. തുറമുഖത്ത് ചരക്ക് ഇറക്കാൻ പലരും സന്നദ്ധമാണെങ്കിലും അവിടെ കപ്പൽ എത്താൻ കഴിയുന്നില്ലെന്നുള്ളതുകൊണ്ട് വിസമ്മതം പ്രകടിപ്പിക്കുകയാണ്. അഴിമുഖത്തെ മണ്ണ് നീക്കം ചെയ്യുന്നതിനായി KITCO 60 കോടി രൂപയുടെ ഡി.പി.ആർ. തയ്യാറാക്കിയതായി അറിയാൻ കഴിഞ്ഞു. മലബാറിന്റെ മൊത്തം വികസനം ലക്ഷ്യമിട്ടാണ് തുറമുഖ വികസനത്തെ കാണേണ്ടത്. പോർട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും ഡ്രഡ്ജിംഗിനും ആവശ്യമായ ഫണ്ട് അനുവദിച്ച് പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കണമെന്നും തൊഴിലാളികളുടെ ജോലി സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പുമന്ത്രി (ശ്രീ. അഹമ്മദ് ദേവർകോവിൽ): സർ, ലക്ഷദ്വീപിലേയ്ക്കുള്ള ചരക്ക് ഗതാഗതം മുഖ്യമായും നടന്നുവന്നിരുന്നത് ബേപ്പൂർ തുറമുഖത്തുനിന്നാണ്. എന്നാൽ അടുത്ത കാലത്തായി ലക്ഷദ്വീപ് ഭരണകൂടം കേരളത്തോട് സ്വീകരിക്കുന്ന പൊതുനിലപാടിന്റെ ഭാഗമായി ലക്ഷദ്വീപിലേയ്ക്കുള്ള കപ്പൽ സർവ്വീസുകളുടെ എണ്ണം ഗണ്യമായി കുറഞ്ഞിരിക്കുകയാണ്. അതുപോലെ ബേപ്പൂരിൽനിന്ന് എണ്ണ കൊണ്ടുപോകുന്ന കപ്പലുകളുടെ എണ്ണത്തിലും കുറവ് വരുത്തിയിട്ടുണ്ട്. കോവിഡ് കാലത്ത് വളരെ മികച്ച സേവനം നൽകിയെന്ന് സാക്ഷ്യപ്പെടുത്തിയ ലക്ഷദ്വീപ് ഭരണകൂടം തന്നെ ഇപ്പോൾ തുറമുഖത്തിന്റെ ആഴക്കുറവും തിരക്കും ചൂണ്ടിക്കാട്ടിയാണ് കപ്പൽ സർവ്വീസുകളുടെ എണ്ണം കുറച്ചിരിക്കുന്നത്. ലക്ഷദ്വീപിനുവേണ്ടി അവർ സ്വന്തമായി ഒരു ബെർത്ത് നിർമ്മിക്കാമെന്ന് വാഗ്ദാനം ചെയ്തിരുന്നതനുസരിച്ച് അവർക്ക് സ്ഥലം നൽകാനുള്ള ധാരണാ പത്രത്തിൽ ഒപ്പുവച്ചെങ്കിലും നടപടി അവർ പൂർത്തീകരിച്ചില്ല. ഇപ്പോൾ തുറമുഖം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിച്ചുവരികയാണ്. തുറമുഖത്തിന്റെ ആഴം പടിപടിയായി 10 മീറ്റർ വരെ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി ഈ വർഷം ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 11.8 കോടി രൂപ ചെലവഴിച്ച് ആദ്യഘട്ടത്തിൽ 5.5 മീറ്റർ ആഴം ലഭിക്കുന്ന തരത്തിൽ മെയിന്റനൻസ് ഡ്രഡ്ജിംഗ് നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പാണ് പ്രവൃത്തി നടത്തുന്നത്. ഇതിനായി കേരള മാരിടൈം ബോർഡും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പും ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. ഈ പ്രവൃത്തി മൂന്ന് മാസംകൊണ്ട് പൂർത്തീകരിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. മെയിന്റനൻസ് ഡ്രഡ്ജിംഗ് പൂർത്തിയായാൽ KITCO തയ്യാറാക്കിയ പ്രോജക്ട് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ക്യാപിറ്റൽ ഡ്രഡ്ജിംഗ് നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ഇത് കേന്ദ്രസർക്കാരിന്റെ സാഗർമാല പദ്ധതിയിലുൾപ്പെടുത്തി നിർവ്വഹിക്കാനാണ് ശ്രമിക്കുന്നത്. തുറമുഖ വകുപ്പിന്റെ 2022-23, 2023-24 സാമ്പത്തിക വർഷങ്ങളിലെ ഫണ്ടിൽ നിന്നും ബാക്കി തുക കണ്ടെത്താൻ കഴിയും. അതുകൊണ്ട് ഇക്കാര്യത്തിൽ സാമ്പത്തിക പ്രയാസമില്ലെന്നുള്ള കാര്യം അറിയിക്കുകയാണ്. ബഹുമാനപ്പെട്ട സ്ഥലം എം.എൽ.എ.-യും പൊതുമരാമത്ത് വകുപ്പുമന്ത്രിയുമായ ശ്രീ. മുഹമ്മദ് റിയാസിന്റെ നിരന്തരമായ അഭ്യർത്ഥന കൂടി പരിഗണിച്ചുകൊണ്ട് ബേപ്പൂരിൽ ഒരു പുതിയ ബെർത്തുകൂടി നിർമ്മിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നതാണെന്ന വിവരം അറിയിക്കുന്നു.

(10) മുല്ലത്തറ, മന്ദലാംകുന്ന് എന്നിവിടങ്ങളിലെ അടിപ്പാത നിർമ്മാണം

ശ്രീ. എൻ. കെ. അക്ബർ: സർ, ഗുരുവായൂർ മണ്ഡലത്തിലൂടെ കടന്നുപോകുന്ന NH-66-ലെ കാപ്പിരിക്കാട് തളിക്കുളം റീച്ചിൽപ്പെട്ട 2 പ്രധാന സ്ഥലങ്ങളിലെ ഗതാഗത പ്രശ്നങ്ങളുമായി ബന്ധപ്പെട്ട സബ്മിഷനാണ് ഞാൻ ഉന്നയിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് സഭയിൽ ഉന്നയിക്കുകയും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കും കേന്ദ്രമന്ത്രിക്കും പ്രോജക്ട് മാനേജർ ഉൾപ്പെടെയുള്ളവർക്കും ഇതുസംബന്ധിച്ച് പരാതി നൽകുകയും ചെയ്തിരുന്നു. ചാവക്കാട് ടൗണിനോട് ചേർന്നുള്ള ഈ പാതയിൽ 25 മീറ്റർ വീതിയുള്ള അടിപ്പാതയാണ് National Highways Authority of India (NHAI) നിർദ്ദേശിച്ചിട്ടുള്ളത്. സിവിൽ സ്റ്റേഷനും ചാവക്കാട് പട്ടണവും ടി പാതയുടെ 100 മീറ്റർ കിഴക്കാണ് സ്ഥിതി ചെയ്യുന്നത്. ഒരു കിലോമീറ്റർ പടിഞ്ഞാറ് മാറിയാണ് സർക്കാരിന്റെ പ്രൊപ്പോസ്ഡ് തീരദേശ പാതയിലുൾപ്പെടുന്ന ബീച്ച് ജംഗ്ഷൻ. ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ടതും പ്രതിദിനം ആയിരത്തോളം ആളുകൾ വരുന്നതുമായ ചാവക്കാട് ബീച്ചിന്റെ വികസനം ഇതോടെ തകിടം മറിയും. പട്ടണത്തിന്റെ മുഖവും ബീച്ച് വികസനത്തിന്റെ വാതിലും അടച്ചുകൊട്ടേണ്ട നിലയാകും. പട്ടണങ്ങൾക്ക് NHAI പ്രൊപ്പോസൽ Vehicular Underpass (VUP) അല്ല, ഫ്ലൈ ഓവറാണ്. അതുകൊണ്ട് ചാവക്കാട്-മുല്ലത്തറ ജംഗ്ഷനിൽ ദൂരസ്സായ ആകാശപ്പാത പണിയണം. മന്ദലാംകുന്ന് ജംഗ്ഷനിൽ NHAI അടിപ്പാത അനുവദിക്കാത്തതാണ് മറ്റൊരു പ്രധാന വിഷയം. നിലവിൽ ബസ്സ് റ്റോപ്പുള്ള സ്ഥലമാണിത്. സാധാരണ ഒരു കിലോമീറ്റർ ഇടവിട്ടെങ്കിലും അടിപ്പാത വേണം. വടക്ക് അണ്ടത്തോടിനുശേഷം 2.5 കിലോമീറ്റർ കഴിഞ്ഞാണ് പ്രൊപ്പോസ്ഡ് അടിപ്പാത. കിഴക്കൻ പ്രദേശത്തെ ഏക സർക്കാർ യു.പി. സ്കൂളിൽ എത്തണമെങ്കിൽ കുട്ടികൾക്ക് 2 കിലോമീറ്റർ യു ടേണായി സഞ്ചരിക്കണം. മന്ദലാംകുന്ന് മസ്ജിദിന്റെ ഖബർ സ്ഥാനിലേയ്ക്ക് ജനാസ അടക്കം ചെയ്യുന്നതിനും വളരെയധികം ബുദ്ധിമുട്ടണ്ടാകും. പടിഞ്ഞാറൻ പ്രദേശത്തെ ജനങ്ങൾക്ക് പഞ്ചായത്ത് ഓഫീസ്, പോലീസ് സ്റ്റേഷൻ, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലേയ്ക്ക് എത്തുന്നതിനും പ്രയാസം സൃഷ്ടിക്കും. ഇക്കാര്യത്തിൽ ഒരു ഇൻഡിപ്പെൻഡന്റ് എഞ്ചിനീയർ L. N. Malviya-ക്ക് ഇതുസംബന്ധിച്ച് പരിശോധിക്കാൻ നിർദ്ദേശം നൽകിയതായി അറിയാൻ കഴിഞ്ഞു. പ്രസ്തുത വിഷയത്തിന്മേൽ അടിയന്തരമായി പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. എൻ. കെ. അക്ബർ National Highways Authority of India (NHAI)-യുമായി ബന്ധപ്പെട്ട വിഷയമാണ് ഇവിടെ ഉന്നയിച്ചത്. ചാവക്കാട് - മുല്ലത്തറ ഭാഗത്തും മന്ദലാംകുന്ന് ജംഗ്ഷനിലും അടിപ്പാത നിർമ്മിക്കുന്നത് സംബന്ധിച്ച് അദ്ദേഹത്തിന്റെ ആവശ്യപ്രകാരം NHAI-യുമായി ബന്ധപ്പെട്ടിരുന്നു. ദേശീയപാത-66-ന്റെ

വികസനത്തിന്റെ ഭാഗമായി മുല്ലത്തറ ജംഗ്ഷനിൽ, 25 m span, 5.5 height-ൽ ഒരു Vehicular Underpass (VUP) നിർമ്മിക്കുമെന്ന് NHAI അറിയിച്ചിട്ടുണ്ട്. മന്ദലാംകുന്ന് ജംഗ്ഷനിലെ വെഹിക്കുലാർ അണ്ടർപാസ് നിർമ്മിക്കുന്നതിനെക്കുറിച്ച് ഇൻഡിപെൻഡന്റ് എഞ്ചിനീയറോട് NHAI റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. മന്ദലാംകുന്ന് ജംഗ്ഷനിൽ അണ്ടർപാസ് നിർമ്മിക്കണമെന്ന നിർദ്ദേശം നിലനിൽക്കുന്നുണ്ട്. എന്നിരുന്നാലും മന്ദലാംകുന്ന് ജംഗ്ഷനിലൂടെ ഒരു വെഹിക്കുലാർ അണ്ടർപാസിന്റെ സാധ്യത NHAI പരിശോധിക്കുന്നുണ്ട്. റിപ്പോർട്ട് ലഭ്യമായശേഷം സാങ്കേതികമായ പ്രായോഗികത ഉൾപ്പെടെ കണക്കിലെടുത്ത് അണ്ടർപാസിന്റെ നിർമ്മാണം പരിഗണിക്കുന്നതാണെന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(11) കൊണ്ടോട്ടി-മേലങ്ങാടി എയർപോർട്ട് റോഡ് നവീകരണം

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള എല്ലാ റോഡുകളും നവീകരിക്കണമെന്നാണ് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ ഇടപെടൽ കാരണം രാമനാട്ടുകര ബൈപ്പാസിൽനിന്ന് കാലിക്കറ്റ് എയർപോർട്ടിലേയ്ക്കുള്ള റോഡ് വീതി കൂട്ടി നവീകരിക്കുന്നതിന്റെ ഭാഗമായുള്ള ഇൻവെസ്റ്റിഗേഷൻ സ്റ്റഡി പൂർത്തിയായിട്ടുണ്ടെന്ന് മനസ്സിലാക്കുന്നു. ശബരിമലയുമായി ബന്ധപ്പെട്ട റോഡുകളെല്ലാം നല്ല രീതിയിൽ സഞ്ചാരയോഗ്യമാക്കിയത് സംബന്ധിച്ച് വിശ്വാസികളെല്ലാം നല്ല അഭിപ്രായങ്ങളാണ് സൂചിപ്പിക്കുന്നത്. ഹജ്ജ് ഹൗസ് നിലവിലുള്ള സ്ഥലമാണ് കാലിക്കറ്റ് ഇന്റർനാഷണൽ എയർപോർട്ട്. പഞ്ചായത്ത് റോഡുകൾ, മുൻസിപ്പാലിറ്റി റോഡുകൾ എന്നിങ്ങനെ തരംതിരിക്കാതെ അവിടേയ്ക്കുള്ള എല്ലാ റോഡുകളും സഞ്ചാരയോഗ്യമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. മലപ്പുറത്തുകൂടിയ ഡി.എ.സി. മീറ്റിംഗിൽ ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രിയുൾപ്പെടെ പങ്കെടുക്കുകയുണ്ടായി. ബൈംഗളൂരു എയർപോർട്ടിലേയ്ക്ക് പോകുന്ന റോഡുകൾ നവീകരിച്ചതുപോലെ നവീകരണം നടത്തണമെന്നും കമാനമുൾപ്പെടെ നിർമ്മിക്കുന്നതിനായി എസ്റ്റിമേറ്റ് തയ്യാറാക്കണമെന്നും പ്രസ്തുത യോഗത്തിൽ അദ്ദേഹം ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ച് പ്ലാനും എസ്റ്റിമേറ്റുമെല്ലാം ഉദ്യോഗസ്ഥർ സമർപ്പിച്ചെങ്കിലും ഇക്കാര്യത്തിൽ നാളിതുവരെയും വ്യക്തമായൊരു തീരുമാനമുണ്ടായിട്ടില്ല. കുളത്തൂരിൽ നിന്ന് എയർപോർട്ടിലേയ്ക്കുള്ള രണ്ട് കിലോമീറ്റർ മാത്രമുള്ള റോഡ് നവീകരിച്ച് മനോഹരമാക്കണമെന്ന് അഭ്യർത്ഥിക്കുന്നു. എല്ലാ യാത്രക്കാരും കൂടുതലായി ഉപയോഗിക്കുന്ന റോഡുകളിലൊന്നാണ് കൊണ്ടോട്ടി-മേലങ്ങാടിയിൽ നിന്ന് എയർപോർട്ടിലേയ്ക്കുള്ള റോഡ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് എല്ലാ ഹജ്ജ് വേളകളിലും പഞ്ചായത്ത്, മുൻസിപ്പാലിറ്റി റോഡുകളുൾപ്പെടെ വലുതും ചെറുതുമായ എല്ലാ റോഡുകളും നവീകരിച്ചിരുന്നു. മേൽ സൂചിപ്പിച്ച റോഡുകൾ നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിലേയ്ക്കുള്ള റോഡുകളുടെ വികസനത്തെ സംബന്ധിച്ചാണ് ശ്രീ. ടി. വി. ഇബ്രാഹിം സബ്മിഷൻ ഉന്നയിച്ചിരിക്കുന്നത്. 2021 മേയ് മാസം 20-ാം തീയതി അധികാരത്തിൽ വന്നതിനുശേഷം അടിയന്തര പ്രാധാന്യത്തോടുകൂടിയാണ് ഈ വിഷയത്തെ സർക്കാർ സമീപിച്ചത്. ഇക്കാര്യത്തിൽ ചില ഇടപെടലുകളും സർക്കാർ നടത്തിയിട്ടുണ്ട്. കോഴിക്കോട് രാമനാട്ടുകര മുതൽ കുളത്തൂർ വരെയുള്ള റോഡിൽ നിന്ന് എയർപോർട്ടിലേയ്ക്കെത്താൻ വളരെയധികം ബുദ്ധിമുട്ടാണ്. ചുരുങ്ങിയ കിലോമീറ്ററുകൾ മാത്രമേയുള്ളുവെങ്കിലും റോഡിന് വീതിയില്ലാത്തതിനാൽ കൂടുതൽ സമയമെടുക്കുന്നു. അത് ദേശീയപാതയാണ്. രാമനാട്ടുകര - എയർപോർട്ട് റോഡിന്റെ കരട് അലൈൻമെന്റും കരട് ശ്രുപരേഖയും തയ്യാറാക്കി. ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾക്ക് 19-2-2022-ൽ പുറപ്പെടുവിച്ച ഉത്തരവിലൂടെ 33,70,000 ശ്രുപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി മുമ്പ് ചെയ്യേണ്ടതായിരുന്നു. ആരും ചെയ്തിട്ടില്ല. ഇന്ന് എൽ.ഡി.എഫ്. സർക്കാർ ചെയ്യുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങളെത്തി. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ 30-9-2022-ന് പൂർത്തീകരിച്ചു. കരട് അലൈൻമെന്റ് ശ്രുപകല്പന ചെയ്ത് 7-11-2022-ന് ദേശീയപാതാ വിഭാഗം ചീഫ് എഞ്ചിനീയർക്ക് ഫീസിബിലിറ്റി റിപ്പോർട്ടിനുവേണ്ടി കൈമാറിയിട്ടുണ്ട്. കോഴിക്കോട് സിറ്റി മാസ്റ്റർ പ്ലാൻ അനുസരിച്ച് 30 മീറ്റർ വീതിയിലും 65 km/hr സ്പീഡിലുമാണ് കരട് അലൈൻമെന്റ് ശ്രുപകല്പന ചെയ്തിട്ടുള്ളത്. വിമാനത്താവളത്തിലെത്തുന്ന ഏതൊരാളെയും ആകർഷിക്കുന്ന തരത്തിൽ റോഡ് ഡിസൈൻ ചെയ്ത് നിർമ്മിക്കാനാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് സഭയെ അറിയിക്കുന്നു. കുളത്തൂർ ജംഗ്ഷൻ മുതൽ കരിപ്പൂർ അന്താരാഷ്ട്ര വിമാനത്താവളം വരെയുള്ള പാത ജനകീയ പങ്കാളിത്തത്തോടുകൂടി സൗന്ദര്യവൽക്കരിക്കാൻ ആലോചിക്കുന്നുണ്ട്.

സംസ്ഥാനത്ത് നാല് എയർപോർട്ടുകളുണ്ട്. എയർപോർട്ടുകളിലേയ്ക്കുള്ള റോഡുകൾ സൗന്ദര്യവൽക്കരിക്കുകയെന്നത് പ്രധാനമാണ്. തിരുവനന്തപുരം എയർപോർട്ട് റോഡ് പരിശോധിക്കുകയാണെങ്കിൽ കേന്ദ്രസർക്കാർ സ്ഥാപനത്തിനോടടുത്തുള്ള കുറച്ച സ്ഥലം കാടുപിടിച്ചുകിടക്കുകയാണ്. അത് വെട്ടിത്തെളിച്ച് പൂച്ചെടികൾ നട്ടുപിടിപ്പിച്ച് സൗന്ദര്യവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് സൂചിപ്പിക്കുകയാണെങ്കിലും എയർപോർട്ടിലേയ്ക്കുള്ള റോഡുകൾക്ക് അത്തരത്തിൽ പ്രാധാന്യം നൽകി മുന്നോട്ടുപോകാം.

പഞ്ചായത്ത് റോഡുകൾ ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം ഇപ്പോൾ പരാമർശിക്കാൻ കഴിയില്ല. നിരവധി എം.എൽ.എ.മാർ അക്കാര്യം സംബന്ധിച്ച്

സൂചിപ്പിച്ചിട്ടുണ്ട്. ഹജ്ജുമായി ബന്ധപ്പെട്ട് വളരെ നല്ല നിലയിൽ പ്രവൃത്തികൾ നിറവേറ്റിയ സർക്കാരാണ് ഇടതുപക്ഷ സർക്കാരെന്ന് രേഖകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. തുടർന്നും അതേ രീതിയിൽത്തന്നെ കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകും.

(12) കല്ല്യാശ്ശേരി - എടാട്ട് ജംഗ്ഷനുകളിലെ അണ്ടർപാസേജ് നിർമ്മാണം

ശ്രീ. എം. വിജിൻ: സർ, ഒരിക്കലും യാഥാർത്ഥ്യമാകില്ലെന്ന് കരുതിയ ദേശീയപാത വികസനം നടപ്പിലാക്കാൻ ഏറ്റവും ശക്തമായി ഇടപെട്ട പിണറായി സർക്കാരിനെ അഭിനന്ദിക്കുന്നു. NH-66-ന്റെ പ്രവൃത്തി നല്ല നിലയിൽ പുരോഗമിക്കുകയാണ്. എന്റെ മണ്ഡലത്തിലെ കല്ല്യാശ്ശേരിയിലാണ് ആ പ്രദേശത്തെ ടോൾ ബൂത്ത് വരുന്നതെന്നാണ് അറിയാൻ കഴിഞ്ഞത്. ടോൾ ബൂത്ത് വരുന്നതോടുകൂടി കല്ല്യാശ്ശേരിയിൽ നിലവിലുണ്ടായിരുന്ന ഹൈവേയിൽ നിന്ന് 5 മീറ്ററിലധികം താഴ്ചയിലേയ്ക്ക് റോഡ് മാറുകയും അതുമൂലം അവിടത്തെ ജനങ്ങൾ ഉയരങ്ങളിലേയ്ക്ക് വരികയും പത്തിലധികം പഞ്ചായത്ത് റോഡുകൾക്ക് ഹൈവേയുമായുള്ള കണക്ഷൻ നഷ്ടപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ കല്ല്യാശ്ശേരി പൂർണ്ണമായും രണ്ട് ഭാഗമായി വലിയ നിലയിൽ ഉയർച്ചയിലേയ്ക്ക് പോകുന്ന സാഹചര്യവുമുണ്ട്. അവിടെയൊരു അണ്ടർപാസ് വേണമെന്ന ആവശ്യം ജനങ്ങൾ ഉയർത്തിക്കൊണ്ടുവരുന്നുണ്ട്. അത് യാഥാർത്ഥ്യമാക്കുന്നതിന് അങ്ങയുടെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പം അവിടെയുള്ള ടോൾ ബൂത്ത് തൊട്ടപ്പുറത്തെ വയലിലേയ്ക്ക് മാറ്റിസ്ഥാപിച്ചുകൊണ്ട് കല്ല്യാശ്ശേരിയിലെ പ്രശ്നങ്ങളകറ്റാനും കഴിയണം. എടാട്ട് ദേശീയപാതയിൽ പയ്യന്നൂർ കോളേജ്, യൂണിവേഴ്സിറ്റി സെന്റർ ഉൾപ്പെടെ നാലായിരത്തിലധികം കുട്ടികൾ പഠിക്കുന്ന ഒരു കേന്ദ്രമെന്ന നിലയിൽ നേരത്തെ അവിടെയൊരു അണ്ടർപാസ് അനുവദിച്ചിരുന്നുവെങ്കിലും പിന്നീട് അതിൽനിന്ന് പിന്മാറുന്ന സാഹചര്യമുണ്ടായി. ഏറ്റവും പ്രധാനപ്പെട്ട പിലാത്തറ ടൗണിലും ഫ്ലൈ ഓവർ വേണമെന്ന ആവശ്യം നിലനിൽക്കുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയെ ഞാൻ ഈ ഘട്ടത്തിൽ ഒരിക്കൽക്കൂടി അഭിനന്ദിക്കുകയാണ്. നേരത്തെ നിരവധി പ്രശ്നങ്ങളുണ്ടായിരുന്നു. മന്ത്രി നേരിട്ടെത്തി ജനങ്ങളോട് വിഷയങ്ങൾ ചോദിച്ച് മനസ്സിലാക്കുകയും ഉദ്യോഗസ്ഥരുൾപ്പെടെ പരിശോധന നടത്തിയതിന്റെ ഭാഗമായി വലിയ പ്രശ്നങ്ങൾ പരിഹരിക്കാൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. നിലനിൽക്കുന്ന മൂന്ന് പ്രശ്നങ്ങളായ കല്ല്യാശ്ശേരി അണ്ടർപാസ്, എടാട്ട് അണ്ടർപാസ്, പിലാത്തറയിലെ ഫ്ലൈ ഓവർ തുടങ്ങിയവയിൽ സംസ്ഥാന സർക്കാരിന്റെ പരിമിതിയിൽ നിന്നുകൊണ്ട് അങ്ങയുടെ ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ശ്രീ. എം. വിജിൻ എൻ.എച്ച്.എ.ഐ.-യുമായി ബന്ധപ്പെട്ട വിഷയമാണ് ഉന്നയിച്ചത്. കേന്ദ്ര സർക്കാരിന് കീഴിലുള്ള പ്രസ്തുത വിഷയം ദേശീയ പാത 66-ന്റെ വികസനവുമായി ബന്ധപ്പെട്ടതാണ്. എം.എൽ.എ.മാർക്കും ജനങ്ങൾക്കും ഇതുമായി ബന്ധപ്പെട്ട് പരാതികളും പ്രശ്നങ്ങളുമുണ്ട്. വിവിധ വകുപ്പുകളുടെ ഏകോപനം സംസ്ഥാന സർക്കാരിന്റെ ഭാഗമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് നടത്തുന്നു. അതിൽ പൊതുമരാമത്ത് വകുപ്പും ഇടപെടുന്നുണ്ട്. ജില്ലയിലാകെ സഞ്ചരിച്ച് ഓരോ കേന്ദ്രങ്ങളിലെയും പരാതികൾ എന്തെന്ന് മനസ്സിലാക്കി, എല്ലാ ജനപ്രതിനിധികളും ഞങ്ങളും ഒന്നിച്ചിരുന്ന് ചർച്ച ചെയ്യേണ്ട സ്ഥിതിയാണുണ്ടായത്. കണ്ണൂർ ജില്ലയിലും അങ്ങനെ തന്നെയാണ്. കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്, തിരുവനന്തപുരം എന്നീ ജില്ലകളിൽ ചർച്ച കഴിഞ്ഞു. ഇനി അഞ്ച് ജില്ലകളിലാണ് ബാക്കിയുള്ളത്. എടാട്ട് ജംഗ്ഷനിൽ അണ്ടർ പാസേജ് നിർമ്മിക്കണമെന്നതാണ് ഒരു ആവശ്യം. ലൈറ്റ് വെഹിക്കുലാർ അണ്ടർപ്പാസ് നിർമ്മിക്കുന്നതിന് ചെയിഞ്ച് ഓഫ് സ്കോപ്പിൽ ഉൾപ്പെടുത്തി അനുമതി തേടിയിട്ടുണ്ടെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്. അക്കാര്യം ഇവിടെ പറയുന്നു. കല്യാശ്ശേരി ജംഗ്ഷനിൽ അടിപ്പാത നിർമ്മിക്കുന്നതിനുള്ള പ്രായോഗികമായ പ്രയാസങ്ങളും അവർ അറിയിച്ചിട്ടുണ്ട്. എന്നാലും അതിൽ ചെയിനേജ് 138/870-ലും 149/960-ലും അടിപ്പാത നിർമ്മിക്കാൻ ചെയിഞ്ച് ഓഫ് സ്കോപ്പിലുൾപ്പെടുത്തി അനുമതി തേടിയിട്ടുണ്ടെന്നും 138/870-ന് തത്വത്തിൽ അനുമതി ലഭിച്ചിട്ടുണ്ടെന്നും ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ടെന്ന വിവരം സഭയിൽ ഞാൻ അറിയിക്കുകയാണ്. ഈ പ്രവൃത്തി പുരോഗമിച്ച സാഹചര്യത്തിൽ ടോൾപ്ലാസ മാറ്റി സ്ഥാപിക്കുന്നതിന് കുറച്ച് പ്രയാസങ്ങളുണ്ടെന്നും അവർ പറഞ്ഞിരുന്നു. അതും ഇവിടെ അറിയിക്കുകയാണ്.

(13) അംബേദ്കർ കോളനി എ.സി. റോഡ് പുനരുദ്ധാരണം

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി നിയോജകമണ്ഡലത്തിലെ കോമങ്കേരിച്ചിറ അംബേദ്കർ കോളനി ദേശീയ റോഡ് പൂർണ്ണമായും തകർന്ന് സഞ്ചാര യോഗ്യമല്ലാതായിട്ട് വർഷങ്ങളായി. കുട്ടനാടിന്റെ പാടശേഖരങ്ങളിൽക്കൂടി കടന്നുപോകുന്ന പ്രധാനപ്പെട്ട റോഡാണിത്. പത്തനംതിട്ട, കോട്ടയം, ആലപ്പുഴ ജില്ലകളെ ബന്ധിപ്പിക്കുന്നുവെന്നതാണ് ഈ റോഡിന്റെ മറ്റൊരു പ്രത്യേകത. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ചുവെങ്കിലും കരാറുകാരൻ യാതൊരു പ്രവൃത്തിയും ചെയ്യാത്തതിനാൽ ടിയാളെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽനിന്നും ഒഴിവാക്കി.

2018-ലുണ്ടായ പ്രളയത്തിലും തുടർന്നുണ്ടായ വെള്ളപ്പൊക്കത്തിലും ഈ റോഡിന്റെ സഞ്ചാരയോഗ്യമായ ഭാഗം പൂർണ്ണമായും തകർന്നു. ഈ അവസരത്തിൽ ഭരണാനുമതി ലഭിച്ചതും ഇപ്പോൾ തകർന്നുകിടക്കുന്നതുമായ ഭാഗമുൾപ്പെടുത്തി റോഡിന്റെ എസ്റ്റിമേറ്റ് പുതിയതായി തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. കരാറുകാരൻ സമയബന്ധിതമായി പൂർത്തീകരിക്കാത്തതുമൂലമുണ്ടായ തകരാറുകൾകൂടി ഉൾപ്പെടുത്തിയാണ് മാറിയ ഷെഡ്യൂൾ അനുസരിച്ചുള്ള എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സമർപ്പിച്ചത്. ഇത് പരിശോധിച്ച് കോമങ്കേരിച്ചിറ അംബേദ്കർ കോളനി എ.സി. റോഡിന്റെ പുനരുദ്ധാരണത്തിന് പ്രവർത്തനാനുമതി നൽകണമെന്നാണ് ആവശ്യപ്പെടുന്നത്.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ബഹുമാനപ്പെട്ട ജോബ് മൈക്കിൾ ഉന്നയിച്ചത് നാല് കൊല്ലം മുമ്പ് ഭരണാനുമതി ലഭിച്ച ഒരു റോഡുമായി ബന്ധപ്പെട്ട പ്രശ്നമാണ്. 6-6-2018-ൽ പ്രസ്തുത റോഡ് നിർമ്മാണത്തിനുള്ള ഭരണാനുമതിയും 4-10-2018-ൽ സാങ്കേതികാനുമതിയും ലഭിച്ചു. ആ പ്രവൃത്തിയാണ് കരാറുകാരുടെ അനാസ്ഥമൂലം കർക്കശ നിലപാടുകൾ സ്വീകരിക്കേണ്ട അനിവാര്യതയിലേയ്ക്ക് വന്നിരിക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26-8-2022-ൽ നിരവധി പ്രാവശ്യം ശ്രമം നടത്തിയെങ്കിലും ഒന്നും നടന്നില്ല. തുടർന്ന് റിസ്ക് ആൻഡ് കോസ്റ്റിൽ ആ കരാറുകാരനെ ടെർമിനേറ്റ് ചെയ്തു. അദ്ദേഹം കൃത്യസമയത്ത് പ്രവൃത്തി നടത്താത്തതിന്റെ ഭാഗമായി സ്ഥിതി വഷളാകുകയാണുണ്ടായത്. 3.8 കി.മീ. വരുന്ന മുഴുവൻ ഭാഗത്തും ഇപ്പോൾ പ്രവൃത്തി നടത്തേണ്ട സാഹചര്യം വന്നിട്ടുണ്ട്. അതിന് കൂടുതൽ തുക ആവശ്യമായതിനാൽ അക്കാര്യം ധനകാര്യ വകുപ്പുമായി ചർച്ച ചെയ്തിട്ടുണ്ട്. പ്രവൃത്തി നടത്തുന്നതിൽ ഗുരുതരമായ അലംഭാവമുണ്ടായ സാഹചര്യത്തിലാണ് കരാറുകാരനെതിരെ കർശന നടപടി സ്വീകരിക്കാൻ തീരുമാനിച്ചത്. ഇപ്പോൾ നാലു വർഷമായി. കാലതാമസമുണ്ടാക്കുന്ന ഈ പ്രവണത തിരുത്താനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ഭരണാനുമതി ലഭിച്ചതിനുശേഷം സാങ്കേതികാനുമതി ലഭിക്കാൻ മാസങ്ങളുടെ കാലതാമസമെടുക്കുന്നത് കുറച്ചുകൊണ്ടുവരാൻ ഇപ്പോൾ സാധിച്ചിട്ടുണ്ട്. ഉദ്യോഗസ്ഥതല വീഴ്ചയും പൊതുവെ പരിശോധിക്കും. ഭരണാനുമതി നേടിയ പ്രവൃത്തികൾ അവയുടെ ആരംഭത്തിൽ തന്നെ ചെയ്യുന്നതിന് പ്രധാന പരിഗണനയാണ് നൽകുന്നതെന്ന് പുതിയ കണക്കുകൾ പരിശോധിച്ചാൽ കാണാൻ സാധിക്കും. അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിച്ച് ടെക്നിക്കൽ സാംഗ്ഷൻ ലഭിക്കാൻ ഇപ്പോൾ പഴയതുപോലെ കാലതാമസമെടുക്കുന്നില്ല. ഈ വിഷയത്തിലും ഇങ്ങനെയൊരു പരിശോധന നടത്താവുന്നതാണ്.

(14) കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയുടെ പ്രവർത്തനം

ശ്രീമതി കാനത്തിൽ ജമീല: സർ, കൊയിലാണ്ടി താലൂക്കിലെ പഞ്ചായത്തുകളിലെയും നഗരസഭയിലെയും ആളുകളും തീരദേശ മേഖലയിൽ അധിവസിക്കുന്ന മത്സ്യത്തൊഴിലാളികളുമുൾപ്പെടെ ആയിരങ്ങൾ ചികിത്സ തേടിയെത്തുന്ന ആശുപത്രിയാണ് കൊയിലാണ്ടി താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി. ഇവിടെ പ്രസവശുശ്രൂഷ വിഭാഗത്തിൽ 'LaQshya' സ്റ്റാൻഡേർഡിലുള്ള സംവിധാനമാണ് ഒരുക്കിയിട്ടുള്ളത്. എന്നാൽ നിലവിൽ രണ്ട് ഗൈനക്കോളജിസ്റ്റ് മാത്രമാണുള്ളത്. പുതുതായി മൂന്ന് പേരെക്കൂടി നിയമിച്ചാൽ മാത്രമേ മുഴുവൻ സമയവും ഗൈനക്കോളജിസ്റ്റിന്റെ സേവനം ലഭ്യമാകുകയുള്ളൂ. ന്യൂ ബോൺ സ്റ്റെബിലൈസേഷൻ, പീഡിയാട്രിക് ഐ.സി.യു. എന്നിവ ആശുപത്രിയിൽ സജ്ജമാണ്. എന്നാൽ ആവശ്യത്തിന് പീഡിയാട്രിഷ്യന്മാരുടെ സേവനമില്ലാത്തതിനാൽ ഈ സംവിധാനങ്ങളൊന്നും ജനങ്ങൾക്ക് ഉപയോഗപ്രദമായി ലഭിക്കുന്നില്ല. മറ്റൊന്ന് ഡി.എം.എച്ച്.പി. പ്രോഗ്രാം മുഖേന കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ മെന്റൽ ഹെൽത്ത് പ്രോഗ്രാമുകളുണ്ട്. അവിടെ നിന്നുള്ള റഫറൻസ് കൈകാര്യം ചെയ്യുന്നതിനായി സൈക്യാട്രിസ്റ്റ് ഡിപ്പാർട്ട്മെന്റ് ആവശ്യമാണ്. ഇതിനായി സൈക്യാട്രിസ്റ്റ് പോസ്റ്റ് ക്രിയേറ്റ് ചെയ്യേണ്ടതുണ്ട്. ഡയാലിസിസ് സെന്ററുകൾ, മൂന്ന് കോടി രൂപ ചെലവഴിച്ച് സ്ഥാപിച്ച സി.ടി. സ്കാൻ, സെൻട്രലൈസ്ഡ് ഓക്സിജൻ പ്ലാന്റ് എന്നിങ്ങനെയുള്ള ആധുനിക സംവിധാനങ്ങളെല്ലാം ഈ ആശുപത്രിയിൽ ഒരുക്കിയിട്ടുണ്ട്. എന്നാൽ വേണ്ടത്ര ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും അഭാവംമൂലം കാര്യങ്ങളൊന്നും വേണ്ടരീതിയിൽ നടത്താൻ സാധിക്കുന്നില്ല. എല്ലാ ഭാഗങ്ങളിൽനിന്നും ആയിരങ്ങൾ ആശ്രയിക്കുന്ന ആശുപത്രിയെന്നുള്ള നിലയിൽ ഇവിടെ ഈ സംവിധാനങ്ങളൊരുക്കിയാൽ കോട്ടപ്പറമ്പ് ആശുപത്രി, കോഴിക്കോട് മെഡിക്കൽ കോളേജ് എന്നിവിടങ്ങളിൽ തിരക്ക് കുറയുന്ന സ്ഥിതിയുണ്ടാകും. അതുകൊണ്ട് ഈ ആശുപത്രിയിലേയ്ക്ക് ആവശ്യമായ ഡോക്ടർമാരെയും സ്റ്റാഫിനെയും നിയമിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ആയിരത്തി അഞ്ഞൂറോളം ഒ.പി.-യും 70 മുതൽ 100 വരെ ശരാശരി ഐ.പി.-യുമുള്ള ആശുപത്രിയാണ് കൊയിലാണ്ടി താലൂക്ക് ആസ്ഥാന ആശുപത്രി. ഈ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ എഴുന്നൂറോളം രോഗികൾ ദിവസേന ചികിത്സ തേടുന്നുണ്ട്. നിലവിൽ ആശുപത്രിയിൽ അനുവദിച്ച കിടക്കകളുടെ എണ്ണം 159 ആണ്. ബഹുമാന്യയായ അംഗം പറഞ്ഞതുപോലെ 1.98 കോടി രൂപ അനുവദിച്ചുകൊണ്ടാണ് ലക്ഷ്യ സ്റ്റാന്റേർഡ്

പ്രകാരം ലേബർ റും സജ്ജീകരിച്ചതും പീഡിയാടിക് ഐ.സി.യു. സജ്ജമാക്കിയതും അതിനോടനനുബന്ധിച്ച സിവിൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കിയതും. ഏതാനും മാസങ്ങൾക്കുമുമ്പാണ് അതിന്റെ ഉദ്ഘാടനം നിർവ്വഹിച്ചത്. നിലവിൽ പ്രസവ സംബന്ധമായ സേവനങ്ങൾക്കും നവജാത ശിശുപരിചരണത്തിനുമായി ഗൈനക്കോളജി വിഭാഗത്തിലും ശിശുരോഗ വിഭാഗത്തിലുമായി ഓരോ കൺസൾട്ടന്റിന്റെയും ഒരോ ജൂനിയർ കൺസൾട്ടന്റിന്റെയും സേവനമുണ്ട്. ഇതുകൂടാതെ എൻ.എച്ച്.എം. മുഖേന നിയമിച്ച ഗൈനക്കോളജിസ്റ്റിന്റെയും പീഡിയാടീഷ്യന്റെയും സേവനവുമുണ്ടായിരുന്നു. ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ അവരുള്ളപ്പോഴും ഡെലിവറി നടക്കുന്നില്ലെന്ന സാഹചര്യമുണ്ടായിരുന്നു. ഓപ്പറേഷൻ തീയേറ്ററിൽ ഒരു ജൂനിയർ കൺസൾട്ടന്റ് അനസ്തെസ്റ്റിന്റെ സേവനവും ലഭ്യമാണ്. ഇക്കാര്യം വളരെ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. എൻ.എച്ച്.എം.-ലൂണ്ടായിരുന്ന രണ്ട് ഡോക്ടർമാർ വിട്ടുപോകുന്ന സാഹചര്യമുണ്ടായതിനാൽ അവിടേയ്ക്ക് പുതിയ ആളുകളെ നിയോഗിക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുകയാണ്. ഒന്നുരണ്ട് പേരുടെ വിമുഖത ഇതിന് കാരണമായി കാണുന്നുണ്ട്. അക്കാര്യം വളരെ ഗൗരവത്തോടെ കണ്ടുകൊണ്ട് ഇടപെടൽ നടത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ ഈ രണ്ട് വിഭാഗങ്ങളിലുമായി താൽക്കാലികമായി കരാറടിസ്ഥാനത്തിലും എൻ.എച്ച്.എം. വഴിയും കൂടുതൽ ഡോക്ടർമാരെ നിയോഗിക്കാൻ കഴിയുന്നതാണ്. സർക്കാരിന്റെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത്, സാധാരണക്കാരായ ധാരാളം ആളുകൾ ആശ്രയിക്കുന്ന ആശുപത്രി എന്ന രീതിയിൽ അവിടെ മറ്റ് തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി യു. പ്രതിഭ]

(15) കേരളത്തിലെ കായികരംഗം

ശ്രീ. ലിന്റോ ജോസഫ്: സർ, കായിക മേഖലയിലെ പ്രധാനപ്പെട്ട ഒരു വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനാണ് ഈ സബ്മിഷനിലൂടെ ഞാൻ ശ്രമിക്കുന്നത്. ലോകം മുഴുവൻ ഇന്ന് വേൾഡ് കപ്പ് ഫുട്ബോളിന്റെ ഭാഗമായി അതിന് പിന്നിൽ അണിനിരക്കുന്ന കാഴ്ചയാണ് കാണാൻ സാധിക്കുന്നത്. കേരളത്തിന്റെ ഒരു ചെറുജില്ലയുടെ വലിപ്പം മാത്രമുള്ള രാജ്യമാണ് ഇന്ന് വേൾഡ് കപ്പ് മത്സരത്തിന് വേദിയായിരിക്കുന്നത്. 150 കോടി ജനങ്ങളുള്ള ഇൻഡ്യയിൽ നിന്നും 11 പേരെ വേൾഡ് കപ്പ് ഫുട്ബോളിന് പറഞ്ഞയയ്ക്കാൻ സാധിക്കാതിരുന്നത് വളരെ ഖേദകരമായ കാര്യമാണെന്ന് നമുക്കെല്ലാം അറിയാം.

ദേശീയ-അന്തർദ്ദേശീയ മത്സരങ്ങളിൽ മികച്ച കായികതാരങ്ങളെ സൃഷ്ടിക്കുന്നതിൽ വലിയ പോരായ്മ നിലനിൽക്കുന്നുവെന്നത് പരമപ്രധാനമായ കാര്യമാണ്. പല ഗെയിംസ് ഇനങ്ങളിലും കേരളം വളരെ പിന്നോട്ടുപോകുന്നുവെന്നത് ശ്രദ്ധയോടുകൂടി കാണേണ്ട കാര്യമാണ്. ഇതിനെ മറികടക്കുന്നതിനുവേണ്ടി ശ്രദ്ധാപൂർവ്വമായ ഇടപെടൽ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുണ്ട്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി നിരവധി സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ സാധിച്ചിട്ടുണ്ട്. ഓരോ പഞ്ചായത്തിലും ഒരു കളിസ്ഥലം കൊണ്ടുവരുന്നുണ്ട്. പക്ഷെ ഇതൊന്നും നമ്മുടെ കായിക മേഖലയിലെ വലിയ മുന്നേറ്റത്തിന് കാരണമാകുന്നില്ലെന്നത് ശ്രദ്ധയോടുകൂടി കാണേണ്ട കാര്യമാണ്. കായിക മേഖലയിലെ സംസ്കാരത്തിന് മാറ്റം വരുത്താതെ ഇതിന് പരിഹാരം കണ്ടെത്താൻ സാധിക്കില്ല. ലോകപ്രശസ്ത കായിക താരങ്ങളെ വളർത്തിയെടുക്കണമെങ്കിൽ ചെറുപ്പത്തിൽത്തന്നെ കുട്ടികളെ കണ്ടെത്തുകയും അവർക്കാവശ്യമായ പരിശീലനം നൽകുകയും വേണം. നിർഭാഗ്യവശാൻ നമ്മുടെ എൽ.പി./യു.പി. സ്കൂളുകളിൽ കായികാധ്യാപകരില്ല. എൽ.പി. സ്കൂൾ തലത്തിൽ കായികാധ്യാപകരുണ്ടെങ്കിൽ ചെറുപ്പത്തിൽത്തന്നെ കായികവാസനയുള്ള കുട്ടികളെ കണ്ടെത്താനും ചിട്ടയായ പരിശീലനം നൽകാനും ലോകോത്തര കായികതാരങ്ങളാക്കി വളർത്തിയെടുക്കാനും സാധിക്കും. എൽ.പി./യു.പി./ഹയർ സെക്കണ്ടറി സ്കൂളുകളിൽ കായികാധ്യാപകരില്ലാത്ത വലിയ പ്രതിസന്ധി ലോക കായികതാരങ്ങളെ സൃഷ്ടിച്ചെടുക്കുന്നതിൽ നമുക്കുണ്ടെന്നത് പ്രത്യേകം കാണേണ്ടതാണ്. മറ്റൊന്ന്, കായിക മേഖലയിൽ കടന്നുവന്നാൽ എന്താണ് ഭൂണമെന്ന ചിന്തയുണ്ടാകും. സ്കൗട്ട്, ലിറ്റിൽ കൈറ്റ്സ്, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് എന്നിവയിൽ അംഗങ്ങളായാൽ പത്താം ക്ലാസ്സ് പരീക്ഷ പാസ്സായാൽ ഒന്നോ രണ്ടോ മാർക്ക് പരീക്ഷാ ഫലത്തോട് കൂട്ടിച്ചേർത്ത് ലഭിക്കാറുണ്ട്. എന്നാൽ സബ്ജില്ല/ജില്ലാതലങ്ങളിൽ മത്സരത്തിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ഗ്രേസ് മാർക്കുപോലും ലഭിക്കുന്നില്ലെന്നുള്ളത് വലിയ പ്രതിസന്ധിയാണ് കേരളത്തിലെ കായിക മേഖലയിലുണ്ടാക്കുന്നത്. കായിക സ്കൂളുകളെക്കുറിച്ച് ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. കായിക സ്കൂൾ നിർമ്മിച്ച് ചിട്ടയായ പാഠ്യപദ്ധതി രൂപീകരിച്ച് എല്ലാ മേഖലയിലേയ്ക്കും കായികതാരങ്ങളെ വളർത്തിയെടുക്കുന്നതിനും പ്രൊഫഷണൽ രീതിയിൽ അക്കാദമികൾ രൂപീകരിക്കുന്നതിനും അതിനെയെല്ലാം ഏകോപിപ്പിക്കുന്നതിനും കായിക സർവ്വകലാശാല കൊണ്ടുവരേണ്ടതിന്റെ ഏറ്റവും അനിവാര്യമായ ഒരു കാലഘട്ടമാണിത്. ഇത് കായിക മേഖലയുടെ കുതിപ്പിന്, കേരളം ഒരു പുതിയ മാതൃക സൃഷ്ടിക്കാൻ കാരണമാകുമെന്നതിന് യാതൊരു സംശയവുമില്ല. കായിക മേഖലയിൽ ദേശീയ-അന്തർദ്ദേശീയ താരങ്ങളെ സൃഷ്ടിക്കുന്നതിനുവേണ്ടി ഒരു കർമ്മ പദ്ധതി രൂപീകരിക്കാൻ സർക്കാർ തയ്യാറാകുമോ; അത് ചിട്ടയോടുകൂടി

നടപ്പിലാക്കാനാവശ്യമായ എല്ലാ തരത്തിലുമുള്ള പദ്ധതികൾക്ക് രൂപം നൽകാൻ സംസ്ഥാന സർക്കാർ തയ്യാറാകുമോ; അതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ എന്നാണ് അറിയേണ്ടത്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, ശ്രീ. ലിന്റോ ജോസഫ് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് സബ്മിഷനിലൂടെ അവതരിപ്പിച്ചത്. കഴിഞ്ഞ ദിവസം ലോക്സഭയിൽ മഹാരാഷ്ട്രയിൽനിന്നുള്ള ഒരു എം.പി. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര കായിക വകുപ്പുമന്ത്രിക്ക് ഒരു സബ്മിഷൻ നൽകിയത് ടി.വി.-യിൽ സംപ്രേക്ഷണം ചെയ്തിരുന്നു. ഇന്ത്യയെ സംബന്ധിച്ച ഇതുപോലൊരു ചോദ്യമായിരുന്നു അത്. കേരളത്തെ സംബന്ധിച്ചിടത്തോളം കായിക രംഗത്തെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തി ദേശീയ-അന്തർദ്ദേശീയ തലങ്ങളിൽ കായിക മത്സരങ്ങളിൽ സംസ്ഥാനത്തിന്റെ സ്ഥാനം ഉയർത്തുകയാണ് നമ്മുടെ ലക്ഷ്യം. ഇതോടൊപ്പം ജനകീയ പങ്കാളിത്തത്തോടെ പുതിയൊരു കായിക സംസ്കാരം വളർത്തിയെടുക്കാനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. കായികരംഗത്തെ അടിസ്ഥാന സൗകര്യവികസനത്തിന് 14 ജില്ലാ സ്റ്റേഡിയങ്ങൾ, സിന്തറ്റിക് ട്രാക്ക്, ഫുട്ബോൾ ടർഫ്, ഇൻഡോർ കോർട്ടുകൾ എന്നിവയടങ്ങുന്ന 44 സ്റ്റേഡിയങ്ങളുൾപ്പെടെ 1100 കോടി രൂപയുടെ പദ്ധതികൾ കിഫ്ബി സഹായത്തോടെ നടപ്പിലാക്കിവരുന്നുണ്ട്. ഇതിൽ 12 എണ്ണത്തിന്റെ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. ഇതിനുപുറമേ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് 309 കോടി രൂപയുടെ അടങ്കൽ വരുന്ന 220 പശ്ചാത്തല സൗകര്യ വികസന പദ്ധതികളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് പുതിയ കായിക സംസ്കാരം വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ കായികക്ഷമത മിഷൻ എന്ന മഹത്തായ ദൗത്യം ആരംഭിച്ചിരിക്കുകയാണ്. മുഴുവൻ ജനങ്ങളെയും കായിക-ശാരീരികക്ഷമതാ പ്രവർത്തനങ്ങളിലേയ്ക്ക് ആകർഷകമാക്കുന്നതിലൂടെ ആരോഗ്യമുള്ള സമൂഹത്തെ വാർത്തെടുക്കുകയാണ് ലക്ഷ്യം. മുഴുവൻ ജനങ്ങൾക്കും കായിക സാക്ഷരത ലഭ്യമാക്കാനുള്ള നടപടികൾ ഇതിന്റെ ഭാഗമായി നടപ്പാക്കുന്നുണ്ട്. കമ്മ്യൂണിറ്റി സ്പോർട്സിന്റെ വികസനത്തിനായി 'ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി' ആരംഭിച്ചിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 112 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കളിക്കളങ്ങൾ ഉൾപ്പെടുത്തി പുതിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ, കന്നംകുളം സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കായിക രംഗത്ത് മികവ് പുലർത്തുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പരിശീലനം നൽകിവരുന്നു. അതോടൊപ്പം ഈ വിദ്യാലയങ്ങളിൽ പ്രത്യേക സിലബസ്

ഏർപ്പെടുത്തുന്ന കാര്യങ്ങളിലും ഇപ്പോൾ തീരുമാനമായിട്ടുണ്ട്. കായിക വകുപ്പിന് കീഴിലുള്ള ഷൂട്ടിംഗ് അക്കാദമിയിൽ 150 പേർക്ക് പരിശീലനം നൽകിവരുന്നുണ്ട്. രണ്ട് ദേശീയ മത്സരങ്ങളും ഒരു ദക്ഷിണ മേഖല ചാമ്പ്യൻഷിപ്പും ഇക്കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽതന്നെ സംഘടിപ്പിക്കപ്പെട്ടു. കൂടാതെ ആയോധന കലകൾക്കും തദ്ദേശീയ കായിക ഇനങ്ങൾക്കും വകുപ്പ് പ്രോത്സാഹനം നൽകിവരുന്നുണ്ട്. കണ്ണൂരിലെ മട്ടന്നൂരിൽ അന്താരാഷ്ട്ര യോഗ അക്കാദമി സ്ഥാപിക്കുന്നതിന്റെ ഭാഗമായുള്ള സ്ഥലമെടുപ്പ് നടപടികൾ പുരോഗമിച്ചുവരികയാണ്. ഫുട്ബോൾ, ബോക്സിംഗ്, ജൂഡോ തുടങ്ങിയവയിൽ നിരവധി പരിശീലന പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരികയാണ്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ കീഴിൽ എലൈറ്റ് സ്കീം, സ്കൂൾ-കോളേജ്-ജില്ലാ സ്പോർട്സ് അക്കാദമികൾ, അബ്ദുൾകലാം സ്കോളർഷിപ്പ്, ക്യാഷ് അവാർഡ്, വനിത ഫുട്ബോൾ അക്കാദമി എന്നീ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കേരള സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ നിരവധി പദ്ധതികൾ ഇപ്പോൾ നടപ്പിലാക്കുന്നുണ്ട്. കായിക ഇനങ്ങളെ സമഗ്രമായി നിർവ്വചിക്കാൻ പുതിയ കായിക നയം വിഭാവനം ചെയ്യുന്നുണ്ട്. എല്ലാവർക്കും സ്പോർട്സ് എന്ന ലക്ഷ്യത്തോടുകൂടിയാണ് അത് ആരംഭിച്ചിട്ടുള്ളത്. കാലിക്കട്ട് സർവ്വകലാശാലയുമായി ചേർന്ന് സ്പോർട്സ് ഇൻസ്റ്റിറ്റ്യൂട്ട് ആൻഡ് റിസർച്ച് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന് നാല് കോടി രൂപ കായിക വകുപ്പ് ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. കേരളത്തിലെ കായികരംഗം ശക്തിപ്പെടുത്താനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഇനിയും കൂടുതൽ നടപടികളിലേയ്ക്ക് പോകാൻ തന്നെയാണ് കായിക വകുപ്പ് ഉദ്ദേശിക്കുന്നത്.

(16) <u>വഖഫ് ഭൂമി കയ്യേറ്റം</u>

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, 1950-ൽ മതപരവും വിദ്യാഭ്യാസപരവുമായ ആവശ്യങ്ങൾക്കായി എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ വില്ലേജുകളിൽ സ്ഥിതിചെയ്യുന്ന 404.76 ഏക്കർ സ്ഥലം കോഴിക്കോട് ഫറൂക്ക് കോളേജിനുവേണ്ടി മുഹമ്മദ് സാദിഖ് സേട്ട് വഖഫ് ചെയ്തിട്ടുള്ളതാണ്. 2115/1950 നമ്പർ വഖഫ് ആധാര പ്രകാരം ഇത് വഖഫ് ഭൂമിയാണെന്ന് ഇടപ്പള്ളി രജിസ്ട്രാർ ഓഫീസിൽ രേഖകളുണ്ട്. 2009-ൽ എൽ.ഡി.എഫ്. സർക്കാർ നിയോഗിച്ച റിട്ടയേർഡ് ജഡ്ജി ശ്രീ. എം. എ. നിസാർ ചെയർമാനും അഡ്വക്കേറ്റ് അബൂബക്കർ ചെങ്ങാട് സെക്രട്ടറിയുമായ വഖഫ് എൻക്വയറി കമ്മീഷന്റെ 26-6-2009-ലെ 15-ാമത് റിപ്പോർട്ട് പ്രകാരം അന്യാധീനപ്പെട്ട ഭൂമി തിരിച്ചുപിടിക്കുന്നതിന് വഖഫ് രൂൾ അനുസരിച്ച് നടപടിയെടുക്കാൻ ശിപാർശ ചെയ്തിട്ടുള്ളതാണ്. ഈ ഭൂമിയിന്മേൽ

നടന്നുവരുന്ന വ്യവഹാരങ്ങൾ നിയമവിരുദ്ധമാണ്. വഖഫ് ഭൂമി ക്രയവിക്രയം ചെയ്യാൻ പാടില്ലെന്നിരിക്കെ ഈ ഭൂമി അനധികൃത കൂടിയേറ്റക്കാർക്ക് പതിച്ചുനൽകുന്ന നടപടികളാണ് ഗവൺമെന്റ് ചെയ്യുവരുന്നത്. 20-5-2019-ലെ സംസ്ഥാന വഖഫ് ബോർഡിന്റെ നടപടിക്രമങ്ങൾ ഇ.പി.655/2008 പ്രകാരം പ്രസ്തുത ഭൂമി ഫറൂക്ക് കോളേജ് സംസ്ഥാന വഖഫ് ബോർഡിന് രജിസ്റ്റർ ചെയ്യാൻ ആവശ്യപ്പെടുകയും അത് ചെയ്യാത്തപക്ഷം സ്വമേധയാ ഈ ഭൂമി രജിസ്റ്റർ ചെയ്യാനും ഈ ഉത്തരവിൽ ആവശ്യപ്പെടുന്നുണ്ട്. ഇത് വഖഫ് ഭൂമിയായതിനാൽ മുതവല്ലിക്കാണ് നികുതി നൽകാനുള്ള ഉത്തരവാദിത്വമുള്ളത്. ഈ ഭൂമിക്ക് മുതവല്ലിയിൽനിന്ന് ആധാര പ്രകാരമുള്ള നികുതി സ്വീകരിച്ചതിന് രേഖയുണ്ട്. എന്നാൽ 20-7-2022-ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്സ് പ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം കയ്യേറ്റക്കാർക്ക് നികുതി അടയ്ക്കാൻ അനുവാദം നൽകിയിരിക്കുകയാണ്. ബഹുമാനപ്പെട്ട മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രിയും ഈ യോഗത്തിൽ പങ്കെടുത്തതായി രേഖകളുണ്ട്. ഇത് നിയമലംഘനമാണ്. വഖഫ് ആക്ടിന്റെ സൂചന 54 പ്രകാരം എക്സിക്യൂട്ടീവ് ഓഫീസർ നോട്ടീസ് നൽകി കയ്യേറ്റക്കാരെ ട്രിബ്യൂണലിൽ വിളിച്ചുവരുത്തി വളരെവേഗം ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കാനാകും. ഈ ഭൂമി തിരിച്ചുപിടിക്കാൻ കാലതാമസമുണ്ടാകുന്നത് മറികടക്കാനാണ് കയ്യേറ്റക്കാർക്ക് നികുതി അടയ്ക്കാൻ അനുവാദം നൽകിയതെന്ന് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി 8-12-2022-ലെ നിയമസഭാ ചോദ്യത്തിന് ഉത്തരമായി നൽകിയിട്ടുണ്ട്. 2019-ലെ കേരള വഖഫ് ചട്ടത്തിലെ ചട്ടം 79 പ്രകാരമുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരുന്നുവെന്നും പ്രസ്തുത വഖഫിന്റെ വസ്തുക്കൾ അനധികൃത കൈമാറ്റത്തിലൂടെ കൈവശം വയ്ക്കുന്നവരിൽനിന്ന് നികുതി സ്വീകരിക്കുകയോ കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുകയോ പോക്കുവരവ് നടത്തി നൽകുകയോ മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്യരുതെന്ന് നിർദ്ദേശിച്ച് ബന്ധപ്പെട്ട തഹസീൽദാർക്കും വില്ലേജ് ഓഫീസർമാർക്കും വഖഫ് ബോർഡ് നിർദ്ദേശം നൽകിയിരുന്നുവെന്ന് അങ്ങയുടെ ഉത്തരത്തിൽതന്നെ പറയുന്നുണ്ട്. അങ്ങയുടെ ഉത്തരത്തിലോ അതിനുമുമ്പ് ഇതിനെ സംബന്ധിച്ച് ചേർന്ന 20-7-2022-ലെ യോഗത്തിലോ എവിടെയും കോടതി വിധിയെപ്പറ്റി പരാമർശിക്കുന്നില്ല. ഇന്ന് അങ്ങ് പറയാൻ പോകുന്നത് കോടതി വിധിയുണ്ടെന്നാണ്. അത്

പരിശോധിക്കണം. നിലവിൽ നികുതി അടയ്ക്കുന്നവർ അത് തുടരാനാണ് ആ കോടതി വിധിയിൽ പറയുന്നത്. നികുതി അടയ്ക്കുന്നത് മുതവല്ലിയാണ്, ഫറൂക്ക് കോളേജാണ്. അത് തുടരാനാണ് കോടതി വിധി പറയുന്നത്. കോടതി വിധി എതിരാണെങ്കിൽ അതിനെതിരായി ഗവൺമെന്റോ വഖഫ് ബോർഡോ അപ്പീൽ പോയിട്ടുണ്ടോയെന്ന് അങ്ങ് പറയണം. ഞാൻ പറയുന്നത് അങ്ങ് ഈ ചതിക്കുഴിയിൽ കുടുങ്ങരുതെന്നാണ്. വളരെ അപകടകരമായ സ്ഥിതിയാണ്. വഖഫ് ബോർഡിന്റ ഭൂമി ഒരിക്കലും അന്യാധീനപ്പെട്ട് പോകാൻ പാടില്ല. അത് കേന്ദ്ര വഖഫ് നിയമം അനുസരിച്ചുള്ളതാണ്. ഒരു സെന്റ് ഭൂമി പോലും നഷ്ടപ്പെടാതിരിക്കാനുള്ള ജാഗ്രതയും താല്പര്യവും അങ്ങ് കാണിക്കണമെന്നാണ് എനിക്ക് ആവശ്യപ്പെടാനുള്ളത്.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ, കേരളത്തിലെ വഖഫ് ഭൂമികളൊന്നും അന്യാധീനപ്പെടാൻ പാടില്ലെന്നാണ് സർക്കാരിന്റെ നിലപാട്. കഴിഞ്ഞ കുറച്ച് മാസങ്ങളായി കേരളത്തിലെ ജനങ്ങൾക്കും അത് ബോധ്യപ്പെട്ടതാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ യാതൊരു വിട്ടുവീഴ്ചയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകില്ല. എറണാകുളം ജില്ലയിലെ കുഴുപ്പിള്ളി, പള്ളിപ്പുറം എന്നീ വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന 404.76 ഏക്കർ സ്ഥലം കൊച്ചി പഴയന്നൂർ താലൂക്ക്, മട്ടാഞ്ചേരി വില്ലേജിൽ മുഹമ്മദ് സാദ്ദിഖ് സേട്ട് എന്ന വ്യക്തി കോഴിക്കോട് ഫറൂക്ക് കോളേജിനുവേണ്ടി ഇടപ്പള്ളി സബ്രജിസ്ട്രാർ ഓഫീസിൽ 1950 നവംബർ മാസം 1-ാം തീയതി 2115/1950-ാം നമ്പർ വഖ്ഫ് ആധാരപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. റിട്ടയേർഡ് ജഡ്ജി ശ്രീ. എം. എ. നിസാർ ചെയർമാനും അഡ്വക്കേറ്റ് അബൂബക്കർ ചെങ്ങാട് സെക്രട്ടറിയുമായ വഖഫ് എൻക്വയറി കമ്മീഷന്റെ 26-6-2009-ലെ 15-ാമത് റിപ്പോർട്ട് പ്രകാരം പ്രസ്തുത ഭൂമി വഖഫ് ഭൂമിയാണെന്ന് പരാമർശിച്ചിട്ടുള്ളതും അന്യാധീനപ്പെട്ട വഖ്ഫ് ഭൂമി തിരിച്ചുപിടിക്കുന്നതിനായി വഖ്ഫ് റൂൾ പ്രകാരം നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുകയുമുണ്ടായി. തുടർന്ന് വഖഫ് ബോർഡിൽനിന്നും ലഭ്യമാക്കിയ നടപടി റിപ്പോർട്ടിൽ പ്രസ്തുത വിഷയം ബോർഡിന്റെ ജുഡീഷ്യൽ വിഭാഗത്തിന്റെ പരിഗണനയിലാണെന്ന വിവരം വഖഫ് ബോർഡ് എക്സിക്യൂട്ടീവ് ഓഫീസർ വ്യക്തമാക്കിയിട്ടുണ്ട്. വഖഫ് ബോർഡ് മുമ്പാകെ 9950 എ.ആർ. നമ്പരായി രജിസ്റ്റർ ചെയ്തിട്ടുള്ള, ഇടപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിലെ 2115/1950 നമ്പർ

വഖഫ് ആധാരപ്രകാരം വഖഫിന് അവകാശപ്പെട്ട കുഴപ്പിള്ളി, പള്ളിപ്പുറം വില്ലേജുകളിലായി സ്ഥിതിചെയ്യുന്ന 404.76 ഏക്കറോളം വഖഫ് ഭൂമി അന്യാധീനപ്പെട്ടത് തിരിച്ചുപിടിക്കുന്നതിനായി 2009-ലെ കേരള സ്റ്റേറ്റ് വഖഫ് ബോർഡ് ചട്ടം 79 പ്രകാരമുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിരുന്നതും പ്രസ്തുത വകുപ്പിന്റെ സ്വത്തുക്കൾ അനധികൃത കൈമാറ്റത്തിന് കൈവശം വയ്ക്കുന്നവരിൽനിന്നും നികുതി സ്വീകരിക്കുകയോ കൈവശാവകാശ സർട്ടിഫിക്കറ്റുകൾ നൽകുകയോ പോക്കുവരവ് നടത്തി നൽകുകയോ മറ്റ് നടപടികളോ ചെയ്യരുതെന്ന് നിർദ്ദേശിച്ചുകൊണ്ട് ബന്ധപ്പെട്ട തഹസിൽദാർക്കും വില്ലേജ് ആഫീസർമാർക്കും വഖഫ് ബോർഡ് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. പ്രസ്തുത വിഷയത്തിൽ വഖഫ് ബോർഡ് ചട്ടം പ്രകാരമുള്ള എൻക്വയറി നടപടികൾ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ നേതൃത്വത്തിൽ നടന്നുവരുന്നുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് 20-7-2022-ൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വഖഫ് ഭൂമി സംരക്ഷിക്കേണ്ട കാര്യത്തിൽ യാതൊരു തർക്കവുമില്ലെന്നും എന്നാൽ പ്രസ്തുത ഭൂമി തിരിച്ചുപിടിക്കുന്നതിന് വളരെയധികം നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ട സാഹചര്യത്തിൽ നികുതി അടയ്ക്കുന്നത് കേവലമൊരു ഫിസിക്കൽ എക്സർസൈസ് മാത്രമായിരുന്നതിനാലും ടൈറ്റിൽ അവകാശമായി അതിന് യാതൊരു ബന്ധവുമില്ലാത്തതിനാലും സർക്കാർ നികുതി ഇനത്തിൽ ലഭിക്കേണ്ട വരുമാനത്തിൽ കുറവ് വരാതിരിക്കാനും വേണ്ടി താൽക്കാലിക കരമടയ്ക്കാൻ അനുവാദം നൽകുകയുണ്ടായി. എന്നാൽ ഇതുസംബന്ധിച്ച് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. അന്യാധീനപ്പെട്ട ഭൂമി വീണ്ടെടുക്കുന്ന നടപടിക്രമങ്ങളുമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എൻക്വയറി നടത്തുകയും ബന്ധപ്പെട്ട കയ്യേറ്റക്കാർക്ക് ഹിയറിംഗിനുള്ള നോട്ടീസ് നൽകുകയും ഹിയറിംഗ് പൂർത്തിയാകുന്ന മുറയ്ക്ക് കയ്യേറ്റം പ്രഥമദൃഷ്ട്യാ തെളിയുന്നപക്ഷം ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി കയ്യേറ്റം ഒഴിപ്പിക്കുന്ന നടപടികൾ പൂർത്തിയാക്കുന്നതുമാണ്. നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതുവരെ മാത്രമാണ് താൽക്കാലിക നികുതി സ്വീകരിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളത്. ഇത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഉൾപ്പെടെ പ്രത്യേക മന്ത്രിതല മോണിറ്ററിംഗ് കമ്മിറ്റിയും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇക്കാര്യങ്ങളിലൊന്നും ഗവൺമെന്റ് വിട്ടുവീഴ്ച ചെയ്യുന്നതല്ല. മുമ്പ് ഫറൂക്ക് കോളേജാണ് ഇത് വിൽപ്പന നടത്തിയിട്ടുള്ളത്. പ്രസ്തുത ഭൂമി തിരിച്ചുപിടിക്കുകതന്നെ ചെയ്യും.

[12.44 p.m.]

VI റിപ്പോർട്ട് സമർപ്പണം

വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പ്രത്യേക റിപ്പോർട്ട്

ശ്രീ. പി. നന്ദകുമാർ: സർ, അനെർട്ട്, എനർജി മാനേജ്മെന്റ് സെന്റർ എന്നിവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകനം, വൈദ്യുതി മേഖലയിലെ അപകടങ്ങൾ തടയുവാനുള്ള മുൻകരുതലുകൾ എന്നിവ സംബന്ധിച്ച വിദ്യുച്ഛക്തിയും തൊഴിലും തൊഴിലാളിക്ഷേമവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VII-ന്റെ പ്രത്യേക റിപ്പോർട്ട് സമിതി അംഗമായ ഞാൻ സമർപ്പിക്കുന്നു.

ചെയർപേഴ്സൺ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

VII നിയമനിർമ്മാണകാര്യം

(1) 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിന്റെ അവതരണവും സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ചെയർപേഴ്സൺ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, സംസ്ഥാനത്തെ സഹകരണ മേഖലയിൽ സമഗ്രമായ നിയമഭേദഗതി ലക്ഷ്യമിട്ടുകൊണ്ട് 2019-ൽ അന്നത്തെ സഹകരണ വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ഒരു കമ്മിറ്റി രൂപീകരിക്കുകയും അതിന് തുടക്കം കുറിക്കുകയും ചെയ്തു. ഇത്തരം രൂപത്തിലേയ്ക്ക് വരാനിടവന്ന സാഹചര്യമുണ്ടായത് നിലവിലുള്ള നിയമങ്ങൾ ഇന്നത്തെ സഹകരണ മേഖലയുടെ വളർച്ചയ്ക്കും അതിന്റെ

പ്രയോഗതലത്തിനുമൊക്കെ മാറ്റം വരേണ്ട കാലഘട്ടം വന്നിരിക്കുന്നുവെന്നതിന്റെ അടിസ്ഥാനത്തിലാണ്. നിലവിലുള്ള അടിസ്ഥാന നിയമമെന്ന് പറയുന്നത് 1969-ൽ പി. ആർ. കുറുപ്പ് സഹകരണ വകുപ്പുമന്ത്രിയായിരുന്നപ്പോൾ ഈ നിയമസഭ പാസ്സാക്കിയ നിയമമാണ്. അതിനുമുമ്പ് 1904-ൽ ബ്രിട്ടീഷുകാരുടെ കാലഘട്ടത്തിലാണ് സഹകരണ നിയമം നമ്മുടെ രാജ്യത്ത് നിലവിൽ വന്നത്. അതിനുശേഷം 1912-ൽ അത് ഭേദഗതി ചെയ്തു. 1919-ലെ മൊണ്ടേഗു ചെംസ്ഫോർഡ് അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കമ്മിറ്റിയുടെ ശിപാർശയനുസരിച്ച് സഹകരണം സംസ്ഥാന വിഷയമായി അല്ലെങ്കിൽ ഒരു പ്രവിശ്യാ വിഷയമാക്കി ശിപാർശ ചെയ്യുന്ന കാലഘട്ടത്തിലാണ് പിന്നീട് അതിൽ മാറ്റം വന്നത്. അതിനെത്തുടർന്നാണ് 1919-ൽ ഇന്ത്യ ഗവൺമെന്റ് മറ്റൊരു സഹകരണ നിയമം പാസ്സാക്കിയത്. 1914-ലാണ് തിരുവിതാംകൂർ സഹകരണ നിയമം നിലവിൽ വന്നത്. 1932-ൽ മദ്രാസ് പ്രവിശ്യയുടെ ഭാഗമായി മലബാറുണ്ടായിരുന്ന കാലഘട്ടത്തിൽ ഒരു നിയമം നിലവിൽ വരികയും തിരുവിതാംകൂർ-കൊച്ചി സംയോജനത്തിനുശേഷം 1952-ൽ ആ നിയമം ഭേദഗതി ചെയ്യുകയും ചെയ്തു. 1956 നവംബർ 1-ന് ഐക്യകേരളം നിലവിൽ വന്നതിനുശേഷം ആദ്യമായി സമഗ്രമായ നിയമഭേദഗതി വന്നത് 1969-ൽ പി. ആർ. കുറുപ്പ് അവതരിപ്പിച്ച ബില്ലിലാണ്. ഇന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രി സഹകരണ വകുപ്പുമന്ത്രിയായിരുന്ന 1998 കാലഘട്ടത്തിലായിരുന്നു പിന്നീട് ആ ബില്ലിൽ അടിസ്ഥാനപരമായ പുരോഗതിയുണ്ടായത്. 1998-ൽ തുടങ്ങിവച്ച ബില്ലിന്മേൽ 1999-ൽ ചർച്ച നടത്തുകയും അത് 2000-ൽ സഭയിൽ വന്നപ്പോൾ ശ്രീ. എസ്. ശർമ്മ അടുത്ത വകുപ്പുമന്ത്രിയായി ചുമതലയേൽക്കുകയും ചെയ്തിരുന്നു. പിന്നീട് പല ഘട്ടങ്ങളിലും ഭേദഗതികൾ വന്നിട്ടുണ്ടെങ്കിലും സമഗ്രമായ നിയമ ഭേദഗതിയിലേയ്ക്ക് സഭ വന്നിട്ടില്ല. സഹകരണ മേഖലയിൽ 1969-ലെ നിയമമുണ്ടാകുന്ന കാലഘട്ടത്തിൽ ഒരു പ്രാഥമിക കാർഷിക വായ്പാ സംഘത്തിൽ പത്തോ ഇരുപതോ കോടി രൂപയുടെ നിക്ഷേപവും എട്ടോ പത്തോ കോടി രൂപയുടെ വായ്പയുമാണ് നിലവിലുണ്ടായിരുന്നത്. അതിൽ നിന്നൊക്കെ പുരോഗമിച്ച് 2000-ൽ സമഗ്രമായ നിയമ ഭേദഗതിയിലൂടെ ഒട്ടേറെ മാറ്റങ്ങൾ വരുത്തിക്കൊണ്ട് ആ കാലഘട്ടത്തിന് യോജിച്ച രൂപത്തിലേയ്ക്ക് മാറ്റിത്തീർക്കാൻ കഴിഞ്ഞു. ഇന്ന് കുറച്ചുകൂടി പുരോഗതിയിലേയ്ക്ക് വന്നിരിക്കുന്നു. വിവരസാങ്കേതികവിദ്യ അതിന്റെ എല്ലാ രൂപങ്ങളിലും വൻ പുരോഗതിയിലേയ്ക്ക് കുതിച്ചുപാഞ്ഞുകൊണ്ടിരിക്കുകയാണ്. ഉത്പാദന മേഖലകളിലെല്ലാം വിവരസാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള വലിയ മാറ്റങ്ങൾ സംഭവിച്ചുകൊണ്ടിരിക്കുകയാണ്. ആ നിലയിൽ കാർഷിക, ഉത്പാദന, വിദ്യാഭ്യാസ മേഖലകളിലും ആതുരസേവന രംഗത്തും ഭവനനിർമ്മാണ

രംഗത്തും കൺസ്യൂമർ രംഗത്തും തുടങ്ങി ജനജീവിതത്തിന്റെ നാനാമേഖലകളിലും ഇടപെടുന്ന സഹകരണ പ്രസ്ഥാനത്തിന് സ്വാഭാവികമായും കാലോചിതമായും വന്ന മാറ്റം സഹകരണ മേഖലയിലും വരുത്തിക്കൊണ്ട് മാത്രമേ അതിന്റെ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഇപ്പോൾ സഹകരണ മേഖല ഏതാണ്ട് നാലര ലക്ഷം കോടി രൂപയുടെ നിക്ഷേപവും രണ്ടര ലക്ഷം കോടി രൂപയുടെ ലോൺ ഔട്ട്സ്റ്റാൻഡിംഗുമുള്ള രൂപത്തിലേയ്ക്ക് വളർച്ച കൈവരിച്ചിരിക്കുകയാണ്. എല്ലാ മേഖലകളിലും നൂതന സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി മുന്നോട്ടുവരുന്നതിനനുസരിച്ച് കാലോചിതമായ മാറ്റമുണ്ടാകേണ്ടത് അനിവാര്യമാണ്. പണ്ട് ഒരു സംഘത്തിൽ ഇരുപതോ മുപ്പതോ കോടി രൂപയുടെ നിക്ഷേപമുണ്ടായിരുന്ന സ്ഥാനത്ത് ഇന്ന് 1600 കോടി രൂപ വരെ നിക്ഷേപമുള്ള പ്രാഥമിക സംഘങ്ങളുണ്ട്. അതുപോലെ മുപ്പതോളം ശാഖകളുള്ള നിരവധി പ്രാഥമിക സംഘങ്ങളുമുണ്ട്. ശാഖോപശാഖകളും വൻതോതിലുള്ള നിക്ഷേപവും സർപ്ലസ് ഫണ്ടുകളും വായ്പകളുമെല്ലാം നിലനിൽക്കുന്ന രൂപത്തിലേയ്ക്ക് സഹകരണ സംഘങ്ങൾ മാറിയിട്ടുണ്ട്. അതിനുപുറമെ സഹകരണ സംഘങ്ങളിൽ മിസലേനിയസ് സംഘങ്ങൾ ധാരാളമായി രജിസ്റ്റർ ചെയ്ത് ജനജീവിതത്തിന്റെ സമസ്ത മേഖലകളിലും ഇടപെടുമ്പോൾ ഏതാണ്ട് 16200-ഓളം സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. ഫംഗ്ഷണൽ രജിസ്ട്രാറുടെ കീഴിൽ വരുന്ന ഏഴായിരത്തോളം സംഘങ്ങൾ കൂടി ചേർത്ത് ഇരുപത്തിമൂവായിരത്തോളം സഹകരണ സംഘങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ട്. ഇത്രയും വിപുലവും വിശാലവുമായ രൂപത്തിൽ സഹകരണ മേഖലയുടെ പ്രവർത്തനങ്ങൾ വ്യാപിച്ചുവരുമ്പോൾ അതിനനുസരിച്ചുള്ള നിയമ പരിരക്ഷയും സംരക്ഷിക്കാനാവശ്യമായ രക്ഷാകവചവും തീർത്തുകൊണ്ടുമാത്രമേ മുന്നോട്ടുപോകാൻ സാധിക്കുകയുള്ളൂ. ഈ മേഖലയിൽ ഇത്തരത്തിലുള്ള പുരോഗതി കൈവരിച്ചുകൊണ്ടിരിക്കുമ്പോൾ ഒറ്റപ്പെട്ട ചില ക്രമക്കേടുകളും അതിനിടയിൽ നടക്കുന്നുണ്ട്. അത് ഇല്ലാതാക്കാൻ നിയമത്തിൽ ഒട്ടനവധി ഭേദഗതികൾ വരുത്തേണ്ടതുണ്ട്. ഇന്ന് സഹകരണ സംഘത്തിലെ ഏതെങ്കിലും ക്രമക്കേടുകൾ കണ്ടുപിടിക്കാൻ 1969-ലെ കേരള സഹകരണ നിയമത്തിലെ 65-ാം വകുപ്പ് പ്രകാരം അന്വേഷണം നടത്തി ആരാണ് ഉത്തരവാദിയെന്ന് കണ്ടുപിടിച്ചതിനുശേഷം അതിന്മേൽ നടപടി സ്വീകരിക്കാം. അല്ലെങ്കിൽ 66-ാം വകുപ്പ് അനുസരിച്ചുള്ള എൻക്വയറിയും 68 (1), (2) അനുസരിച്ചുള്ള ഹിയറിംഗും കഴിഞ്ഞ് പ്രസ്തുത പരാതിയിന്മേൽ തീർപ്പുകൽപ്പിക്കലുമെല്ലാം ചെയ്യുവരുമ്പോൾ പലപ്പോഴും ക്രമക്കേട് നടത്തുന്ന കുറ്റവാളികൾ രക്ഷപ്പെടുന്ന സാഹചര്യം സംജാതമാകും. അതുകൊണ്ട് ഇത്തരം ക്രമക്കേടുകളിന്മേൽ സമയോചിതമായും

സന്ദർഭോചിതമായും നടപടി സ്വീകരിക്കുന്നതിന് സഹായകരമായ രൂപത്തിൽ നിയമം ഭേദഗതി ചെയ്യണം. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സഹകാരികൾക്ക് അംഗത്വം നൽകുന്നതും തീർപ്പുകൽപ്പിക്കുന്നതും സംഘങ്ങളുടെ രജിസ്ട്രേഷനും കാലതാമസം കൂടാതെ മുന്നോട്ടുകൊണ്ടു പോകേണ്ടതുണ്ട്. അതുപോലെതന്നെ അഫിലിയേഷൻ കിട്ടേണ്ട ഫെഡറൽ/അപ്പെക്സ് സംഘങ്ങളുമുണ്ട്. അപ്പെക്സ് സംഘങ്ങളിൽ പ്രൈമറി സംഘങ്ങൾക്ക് കക്ഷി-രാഷ്ട്രീയ-ജാതി-മത ഭേദമെന്യേ അംഗത്വം നൽകാൻ സാധിക്കുന്ന സാഹചര്യമുണ്ടാകണം. ഇങ്ങനെയുള്ള ഒട്ടനവധി കാര്യങ്ങൾ മാറിവരേണ്ട കാലഘട്ടമാണിത്. അതെല്ലാം ചേർത്തുവച്ചുകൊണ്ടാണ് ഈ രംഗത്ത് നിരവധി ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ടുള്ള ഈ ബിൽ സമഗ്രമായ നിയമഭേദഗതി എന്ന രൂപത്തിൽ സഭയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്.

ഇവിടെ ഞങ്ങൾ കൃത്യമായി മുന്നോട്ടുവയ്ക്കുന്ന പ്രധാനപ്പെട്ട ചില വിഷയങ്ങൾ കൂടി ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. സഹകരണ മേഖലയ്ക്ക് ഏറ്റവും സന്തോഷം നൽകുന്ന രണ്ട് വാർത്തകൾ സമീപകാലത്ത് പുറത്തുവരികയുണ്ടായി. വേൾഡ് കോ-ഓപ്പറേറ്റീവ് മോണിറ്റർ റിപ്പോർട്ട് പ്രകാരം ഊരാളുങ്കൽ ലേബർ കോൺടാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലോകത്ത് രണ്ടാം സ്ഥാനം വീണ്ടും നേടിയതും കേരള ബാങ്ക് ഏഷ്യയിലെ ഒന്നാമത്തെ ബാങ്കായി തെരഞ്ഞെടുക്കപ്പെട്ടതും സഹകരണ മേഖലയ്ക്ക് സമീപകാലത്ത് ലഭിച്ച അന്തർദേശീയ അംഗീകാരങ്ങളാണ്. ഈ മേഖല എത്രകണ്ട് പുരോഗതിയിലേയ്ക്ക് വരുന്നുവെന്നതിന്റെ സൂചനകളാണിവ. സഹകരണ സംഘത്തിന്റെ വളർച്ചയുടെയും പ്രവർത്തന വൈപുല്യത്തിന്റെയും അടിസ്ഥാനത്തിൽ നിയമത്തിലും ചട്ടത്തിലും ഭേദഗതി വരുത്തുകയെന്ന ആത്യന്തിക ലക്ഷ്യത്തോടുകൂടി നിലവിലെ ചില നിർവ്വചനങ്ങളിൽ വ്യക്തത വരുത്തുന്നതിനും പുതിയ മേഖലയിലേയ്ക്ക് കടക്കുന്നതിന് സഹകരണ മേഖലയെ പ്രാപ്തമാക്കുന്നതിനും വേണ്ടിയുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് മുന്നോട്ടുവയ്ക്കുന്നത്. സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വ്യവസ്ഥകളിൽ വ്യക്തതയും സുതാര്യതയും കൊണ്ടുവരുന്ന ഭേദഗതിയും നിർദ്ദേശിക്കുന്നുണ്ട്. ചില സഹകരണ സംഘങ്ങൾക്ക് സർപ്ലസ് ഫണ്ടുണ്ടെങ്കിലും ഓൺ ഫണ്ടായി കൂടുതൽ നിക്ഷേപം വന്നാൽ അതുപയോഗിച്ച് സബ്സിഡിയറി സ്ഥാപനങ്ങൾക്ക് രൂപം നൽകുകയാണ് ചെയ്യുന്നത്. പള്ളിക്കകത്ത് കുരിശുപള്ളി പണിയുന്നതുപോലൊരു പ്രക്രിയ. പ്രൈവറ്റ് കമ്പനികൾ രൂപീകരിച്ച് അതിന്മേൽ ബിസിനസ്സ് നടത്തി മുന്നോട്ടുപോകുന്ന സ്ഥിതി ഉയർന്നുവരുന്നതിനാൽ അതിനൊരു നിയന്ത്രണം

അനിവാര്യമാണ്. അതും ഈ ബില്ലിൽ ലക്ഷ്യമിടുകയാണ്. നിലവിലെ കാലഘട്ടത്തിനനുസരിച്ച് അംഗങ്ങളുടെ അവകാശങ്ങളും ബാധ്യതകളും തമ്മിൽ വ്യക്തത വരുത്തുന്ന നിർദ്ദേശങ്ങൾ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. സഹകരണ സംഘങ്ങളുടെ ഭരണക്രമത്തിലെ നിലവിലെ വ്യവസ്ഥകൾക്ക് വ്യക്തത വരുത്തുന്നതിനും കാലഘട്ടത്തിനനുസരിച്ച് പുതിയ വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച പരാതികളിന്മേൽ നടത്തുന്ന അന്വേഷണങ്ങളുടെ അടിസ്ഥാനത്തിൽ സംഘങ്ങളുടെ ഭരണസമിതിയെ സസ്പെൻഡ് ചെയ്യാനും ഒരംഗത്തിന് രണ്ട് ടേണിൽ കൂടുതൽ ഭരണരംഗത്ത് തുടർച്ചയായി വരുന്നതിന് പരിധിയേർപ്പെടുത്താനും കഴിയുന്ന തരത്തിലുള്ള ക്രിയാത്മക നിർദ്ദേശങ്ങളും ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 'ഗഹാൻ' സമ്പ്രദായം സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകളിൽ വ്യക്തത വരുത്തുന്നതിനുള്ള നിർദ്ദേശവുംകൂടി ഈ ബില്ലിൽ കൂട്ടിച്ചേർക്കുകയാണ്. സഹകരണ സംഘങ്ങളുടെ അറ്റാദായം വിനിയോഗിക്കുന്നതിനുള്ള വ്യവസ്ഥകളും ബാങ്കിംഗ് ഇതര വസ്തുക്കളുടെ കൈമാറ്റവും നോൺ ബാങ്കിംഗ് ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനിലടക്കം ഫണ്ട് നിക്ഷേപിക്കുന്നതും ഉൾപ്പെടെയുള്ള കാര്യങ്ങൾ നിലനിൽക്കുന്നുണ്ട്. നിലനിൽക്കുന്ന ചട്ടങ്ങളും വ്യവസ്ഥകളുമനുസരിച്ച് പ്രൈമറി സംഘങ്ങളുടെ സർപ്ലസ് ഫണ്ടുകൾ അപ്പെക്സ് ബോഡിയായ കേരള ബാങ്കിൽ നിക്ഷേപിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് കൂടുതലും നോൺ ബാങ്കിംഗ് ഫൈനാൻഷ്യൽ ഇൻസ്റ്റിറ്റ്യൂഷനിൽ നിക്ഷേപിക്കുന്ന ശൈലി ഉയർന്നുവരുന്നുണ്ട്. അത് മാറണമെന്നാണ് ഇതിൽ പ്രധാനമായും ഞങ്ങൾ ലക്ഷ്യംവയ്ക്കുന്നത്. മറ്റൊന്ന്, ഈ മേഖലയിലെ ഓഡിറ്റ് സമ്പ്രദായമാണ്. കൺകറന്റ് ഓഡിറ്റ് സമ്പ്രദായമാണ് ഇന്ന് സഹകരണ ബാങ്കുകളിൽ നിലനിൽക്കുന്നത്. കൺകറന്റ് ഓഡിറ്ററെ നിയമിച്ചുകഴിഞ്ഞാൽ ഏഴെട്ട് വർഷം കഴിഞ്ഞാലും ഓഡിറ്റ് പൂർത്തിയാക്കുകയില്ല. അദ്ദേഹം ചിലപ്പോൾ മാസത്തിലാദ്യം രണ്ടോ മൂന്നോ പ്രാവശ്യം പോകും. ചില ഓഡിറ്റർമാർ വർഷാവസാനമാകുമ്പോൾ ബാങ്ക് ഭരണസമിതി പറയുന്നതുപോലെ നഷ്ടമാണോ ലാഭമാണോ വേണ്ടത് അതനുസരിച്ച് ബാലൻസ്ഷീറ്റ് തയ്യാറാക്കിക്കൊടുക്കും. അങ്ങനെയുള്ള ചില ശൈലിയും കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. ഒറ്റപ്പെട്ട സംഭവമാണെങ്കിലും അങ്ങനെയുണ്ടാകാൻ പാടില്ല. സഹകരണ സ്ഥാപനങ്ങളിൽ ഓഡിറ്റ് സുതാര്യമാക്കണം. അതുകൊണ്ട് ടീം ഓഡിറ്റായി ഓഡിറ്റ് സംവിധാനത്തെ പുനഃസംഘടിപ്പിക്കണം. ഓഡിറ്റ് സിസ്റ്റത്തിലും മാറ്റം വരുത്തുകയാണ്. കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫീസിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ഉന്നത ഉദ്യോഗസ്ഥയെ ഡയറക്ടറായി

നിയമിച്ചുകൊണ്ട് ഓഡിറ്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. പ്രസ്തുത ടീം ഓഡിറ്റ് പത്തനംതിട്ട ജില്ലയിൽ പൂർത്തീകരിച്ചു. തൃശ്ശൂർ ജില്ലയിലെ ടീം ഓഡിറ്റ് ആരംഭിച്ചുകഴിഞ്ഞു. ഇത്തരത്തിൽ നിയമത്തിൽ തന്നെ ഭേദഗതി വരുത്തിക്കൊണ്ട് ഓഡിറ്റ് സിസ്റ്റം പൂർണ്ണമായും ടീം ഓഡിറ്റ് ആക്കുന്ന രൂപത്തിലേയ്ക്ക് വരികയാണ്. അന്വേഷണത്തിന്റെ വിചാരണയും പരിശോധനയും നഷ്ടോത്തരവാദിത്വവും സംബന്ധിച്ച നിലവിലെ വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കപ്പെടണം. നഷ്ടം വരുത്തുന്നവരുടെയും സമ്പത്ത് കൊള്ളയടിക്കുന്നവരുടെയും പേരിൽ കൃത്യമായ നടപടികൾ സമയബന്ധിതമായി സ്വീകരിക്കും. ഇന്ന് അവരിൽനിന്ന് അത് ഈടാക്കാനുള്ള നിയമവ്യവസ്ഥകളെല്ലാം ദുർബലമാണ്. ആ വ്യവസ്ഥകളെല്ലാം മാറ്റി കൃത്യമായി നടപടിയിലേയ്ക്ക് പോകാൻ കഴിയുന്ന രൂപത്തിൽ ശക്തിപ്പെടുത്തേണ്ടതാണ്. ഇത്തരം പ്രശ്നങ്ങളിൽ സർക്കാരിന് നേരിട്ട് ഇടപെടാൻ കഴിയുന്ന രൂപത്തിൽ ചില ഭേദഗതികൾ കൊണ്ടുവരികയാണ്. എല്ലാത്തരം സംഘങ്ങളിലും പി.എ.സി.എസ്. (പ്രൈമറി അഗ്രികൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റി)-യിൽ മാത്രമല്ല, മിസലേനിയസ് സംഘങ്ങളിലും മറ്റിതര സംഘങ്ങളിലും കൃത്യമായ പരിശോധനകൾ കാലാകാലങ്ങളിൽ നടത്തുന്നതിനാവശ്യമായ നീക്കങ്ങൾ നടത്തണം. ഓഡിറ്റ് നടത്തുമ്പോൾ ഓഡിറ്റർ സമ്മറി ഓഫ് ഡിഫക്ട്സ് എഴുതി നൽകും. എന്നാൽ അതിന്മേൽ എന്തുനടപടി സ്വീകരിച്ചുവെന്നത് നിലവിൽ പൊതുയോഗത്തിൽ അനൗൺസ് ചെയ്യാറില്ല. പിന്നീട് എന്തെങ്കിലും പ്രശ്നങ്ങൾ വരുമ്പോഴാണ് അതൊക്കെ നോക്കുന്നത്. ന്യൂനതാ സംഗ്രഹത്തിൽ കാണുന്ന കാര്യങ്ങൾ റെക്കിഫൈ ചെയ്യാൻ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് കൃത്യമായി പൊതുയോഗത്തിൽ അനൗൺസ് ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള നിർദ്ദേശങ്ങളും ഈ രംഗത്ത് ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ വന്നാൽ അത് പോലീസും വിജിലൻസും അന്വേഷിക്കാനാവശ്യമായ നിർദ്ദേശങ്ങളും പുതിയ ബില്ലിൽ വ്യവസ്ഥ ചെയ്യുകയാണ്. ആർബിട്രേഷൻ കേസുകളിൽ കാലതാമസം വരികയാണ്. ഓരോ ആർബിട്രേറ്ററും വക്കീലൻമാരുംകൂടി കാലതാമസം വരുത്തി കേസുകളിന്മേൽ തീർപ്പ് കൽപ്പിക്കാൻ കഴിയാതെ നീണ്ടുപോകുകയാണ്. അതുകൊണ്ട് ആർബിട്രേറ്റർമാരുടെ പ്രവർത്തനങ്ങൾ കൃത്യമായി നിഷ്കർഷിക്കാനും അതിലെ കാലതാമസം ഒഴിവാക്കിയെടുക്കാനും സമയബന്ധിതമായി അതിന്മേൽ നടപടി സ്വീകരിക്കാനും കഴിയുന്ന തരത്തിലുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്. അതുപോലെ സഹകരണ ഓംബുഡ്സ്മാന്റെ വിധിന്യായം നടപ്പിലാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകളിൽ അവ്യക്തത നിലനിൽക്കുന്നതിനാൽ അതിൽ വ്യക്തത വരുത്താനും ഉദ്ദേശിക്കുന്നുണ്ട്.

1.00 P.M]

വനിതാഫെഡ്, ടൂർ ഫെഡ്, ലേബർ ഫെഡ്, ഹോസ്പിറ്റൽ ഫെഡ് എന്നീ അപ്പെക്സ് ബോഡികളിലെ നിയമനങ്ങൾ ഇപ്പോൾ നേരിട്ടാണ് നടത്തുന്നത്. അതിൽ മാറ്റം വരുത്തിക്കൊണ്ട് അതെല്ലാം കൃത്യമായി പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി നടത്താനുള്ള നിർദ്ദേശം മുന്നോട്ടുവയ്ക്കുകയാണ്. അതോടൊപ്പം നിലവിൽ എസ്.സി./എസ്.ടി. വിഭാഗത്തിനുള്ള സംവരണമുൾപ്പെടെ മറ്റെല്ലാ സംവരണവും പാലിച്ചുകൊണ്ടുതന്നെ കോ-ഓപ്പറേറ്റീവ് സെക്ടറിൽ ഭിന്നശേഷിക്കാർക്ക് 4 ശതമാനം സംവരണം ഏർപ്പെടുത്തുകയാണ്. സഹകരണ യൂണിയൻ ജീവനക്കാരുടെ പെൻഷൻ സഹകരണ പെൻഷൻ ബോർഡുവഴിയാക്കാനുള്ള വ്യവസ്ഥ പ്രത്യേകമായി നിർദ്ദേശിക്കുകയാണ്. എല്ലാ സഹകരണ സംഘങ്ങളുടെയും സബ് സ്റ്റാഫ് വരെയുള്ള നിയമനങ്ങൾ കേരള കോ-ഓപ്പറേറ്റീവ് സർവ്വീസ് എക്സാമിനേഷൻ ബോർഡ് വഴിയായിരിക്കും. അതിൽ നിലവിലുള്ള സംവിധാനങ്ങൾതന്നെ തുടരും. സഹകരണ യൂണിയനുകളുടെ നിലവിലെ വ്യവസ്ഥകൾക്ക് കൂടുതൽ വ്യക്തത വരുത്തുകയും കാലഘട്ടത്തിനനുസരിച്ച് ഭേദഗതി നിർദ്ദേശിക്കുകയും ചെയ്യും. മേൽഭേദഗതിയിലൂടെ കേരളത്തിലെ സഹകരണമേഖലയുടെ വളർച്ചയും സഹകാരികൾക്ക് ഈ മേഖലയിലുള്ള വിശ്വാസ്യതയും ഊട്ടിയുറപ്പിക്കാനാവശ്യമായ എല്ലാ നീക്കങ്ങളുമുണ്ട്. തെറ്റായ പ്രവണതകൾക്കെതിരെയും നീക്കമുണ്ട്. ലിക്വിഡേഷനിലേയ്ക്ക് പോകുന്ന സഹകരണ സംഘങ്ങളിൽ പലതിനും ദീർഘമായ കാലതാമസം വരികയും അതിൽ തീർപ്പുകൽപ്പിക്കാതെ വരുമ്പോൾ അവർക്കുള്ള ആസ്തികളെല്ലാം മറ്റ് പലരും അപഹരിക്കപ്പെടുന്ന രൂപത്തിലേയ്ക്ക് വരികയുമാണ്. അതുകൊണ്ട് ലിക്വിഡേഷൻ പ്രോസസ്സിൽ ഉണ്ടാകുന്ന കുരുക്കുകൾ കുറയ്ക്കാനും അവ സമയബന്ധിതമായി തീർക്കാനും ആസ്തികൾ നഷ്ടപ്പെടാതിരിക്കാനും സഹായിക്കുന്ന വിധത്തിലുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഇത്തരത്തിൽ സഹകരണ മേഖലയുടെ ചെറുതും വലുതുമായ പ്രവർത്തനങ്ങൾക്ക് എല്ലാ സുരക്ഷിതത്വവും നൽകുന്ന, അതിൽ ഇന്നുള്ള പോരായ്മകളെല്ലാം പരിഹരിച്ചുകൊണ്ടുള്ള സമഗ്രമായ ഭേദഗതി നിർദ്ദേശങ്ങളാണ് ബില്ലിൽ പൊതുവായി വ്യവസ്ഥ ചെയ്തിരിക്കുന്നത്. ഞാൻ അതിന്റെ ഉള്ളടക്കത്തിലെ ചുരുക്കം ഭാഗങ്ങളാണ് ഇവിടെ പറഞ്ഞത്. ഇത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുന്ന ബില്ലായതിനാൽ സെലക്ട് കമ്മിറ്റി നിർദ്ദേശിക്കുന്നതിനനുസരിച്ച് എല്ലാ ജില്ലകളിലും സിറ്റിംഗ് നടത്തി സഹകാരികളുടെയും ജീവനക്കാരുടെയും നിയമജ്ഞന്മാരുടെയും അഭിപ്രായം കേട്ടതിനുശേഷം ഈ മേഖലയിൽ ഇന്നുണ്ടാകുന്ന ചെറുതും വലുതുമായ ഏതൊരു പ്രശ്നത്തെയും പരിഹരിക്കാൻ

പര്യാപ്തമായ കൂറ്റമറ്റ ഒരു നിയമമായി കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും യോജിച്ച് ഒരു നാടിന്റെ വികസന രംഗത്ത് നിരവധി പദ്ധതികൾ ഏറ്റെടുക്കാൻ കഴിയുന്ന രൂപത്തിലുള്ള പ്രായോഗികമായ മറ്റൊരു നിർദ്ദേശവും ഇതിൽ കൊണ്ടുവരുന്നുണ്ട്. ഇതെല്ലാം കൂടി ചേരുമ്പോൾ നാളെകളിൽ നമ്മുടെ ഗ്രാമീണ സമ്പദ്ഘടനയിൽ വലിയ ക്രയശേഷി വർദ്ധിക്കാൻ സഹായിക്കുന്ന സാഹചര്യമുണ്ടാകും. 1969-ൽ ബാങ്ക് നാഷണലൈസേഷൻ വന്നപ്പോഴാണ് എസ്.ബി.ടി. അടക്കമുള്ള ബാങ്കുകളുടെ ശാഖകൾ നാട്ടിൻപ്രദേശത്ത് വന്നതും കൃഷിക്കാർക്കുവേണ്ടി ധാരാളം വായ്പാ സംവിധാനങ്ങളുണ്ടാക്കിയതും കുട്ട, വട്ടി, പായ, പരമ്പ് തുടങ്ങിയവ നെയ്യുന്നതടക്കമുള്ള കുടിൽ വ്യവസായങ്ങൾക്ക് വായ്പകൾ നൽകിയതും. ഇതിലൂടെ നാടിന്റെ ക്രയശേഷി വർദ്ധിച്ചു. എന്നാൽ ക്രമേണ ആ നിയമങ്ങൾ നേരെ തലതിരിഞ്ഞ് വന്നിരിക്കുന്നു. ബാങ്കിന്റെ ലയനപ്രക്രിയകൾ വന്നതോടുകൂടി എസ്.ബി.ടി., ദേന, വിജയ അടക്കമുള്ള ബാങ്കുകൾ അപ്രത്യക്ഷമായി. കോർപ്പറേഷൻ ബാങ്ക് ഇപ്പോൾ യൂണിയൻ ബാങ്കിൽ ലയിച്ചു. ഇത്തരത്തിൽ നിരവധി നാഷണലൈസ്ഡ് ബാങ്കുകളുടെ ശാഖകൾ പൂട്ടിപ്പോകുന്ന അവസ്ഥ വന്നപ്പോൾ ആ ദൗത്യം ഇന്ന് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത് സഹകരണ മേഖലയാണ്. കേരള ബാങ്കിന്റെ 769 ശാഖകൾക്കും ആർ.ബി.ഐ.-യുടെ ലൈസൻസുണ്ട്. അതിന്റെ പ്രവർത്തനങ്ങൾ ന്യൂജൻ ബാങ്കിനോടൊപ്പം കോമ്പീറ്റ് ചെയ്യാൻ സാധിക്കുന്ന വിധത്തിൽ ആധുനിക സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി എ.ടി.എം., ഇന്റർനെറ്റ് ബാങ്കിംഗ്, മൊബൈൽ ബാങ്കിംഗ്, നെഫ്റ്റ്, ആർ.ടി.ജി.എസ്. തുടങ്ങിയവ 2022 ഡിസംബർ മാസത്തിൽ നടപ്പാക്കും. ഈ സംവിധാനങ്ങൾ വരുന്നതോടുകൂടി സാധാരണ ഇടപാടുകാർക്ക് മറ്റ് നാഷണലൈസ്ഡ് ബാങ്കുകളിലും കൊമേഴ്യൽ ബാങ്കുകളിലുമൊക്കെ ലഭിക്കുന്ന എല്ലാ സേവനങ്ങളും ഇതിൽ ഉറപ്പാക്കും. ഇതോടുകൂടി ഈ രംഗത്ത് വലിയ മാറ്റവും പുരോഗതിയും കൈവരിക്കാൻ സാധിക്കും. ഇതുകൂടാതെ പ്രാഥമിക സഹകരണ സംഘങ്ങളിൽ ഐ.ടി. ഇന്റഗ്രേഷനുവേണ്ടിയുള്ള നീക്കങ്ങൾ ആരംഭിക്കുകയും അതിന്റെ ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും നടപടിക്രമങ്ങൾ പുരോഗമിച്ചുകൊണ്ടിരിക്കുകയുമാണ്. ഐ.ടി. ഇന്റഗ്രേഷൻ വരുന്നതോടുകൂടി ഭാവിയിൽ സഹകരണമേഖലയുടെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ സാധിക്കും. ഏതൊരു സഹകാരിക്കും ഏത് സഹകരണ സംഘത്തെക്കുറിച്ചും അറിയാനുള്ള അവകാശം അംഗീകരിക്കപ്പെടുന്ന വിധത്തിൽ അവിടത്തെ മെമ്പർമാർ എത്രയാണ്; ഓഹരി മൂലധനമെത്ര; വർക്കിംഗ് ക്യാപിറ്റൽ എത്ര; ഡെപ്പോസിറ്റ് എത്ര; ലോൺ ഔട്ട്സ്റ്റാന്റിംഗ് എത്ര; എന്നുവരെ ആഡിറ്റ് നടന്നു; ലാഭമാണോ നഷ്ടമാണോ; എന്നുവരെയാണ് അവസാന ജനറൽ ബോഡി? തുടങ്ങി

ഇതുസംബന്ധിച്ച മുഴുവൻ കാര്യങ്ങളും അറിയാൻ കഴിയുന്ന ഏറ്റവും നല്ല സംവിധാനം ഇപ്പോൾ നിലവിൽ വന്നിരിക്കുന്നു. കോ-ഓപ്പറേറ്റീവ് ആഡിറ്റ് മോണിറ്ററിംഗ് ആൻഡ് ഇൻഫർമേഷൻ സിസ്റ്റം എന്ന CAMIS പദ്ധതി സി-ഡിറ്റിന്റെ സഹായത്തോടുകൂടി ഈ മേഖലയിൽ നടപ്പാക്കിക്കഴിഞ്ഞിരിക്കുന്നു. ഭാവിയിൽ പ്രൈമറി സഹകരണസംഘങ്ങളിൽക്കൂടി ഐ.ടി. ഇന്റഗ്രേഷൻ വരുന്നതോടുകൂടി ഈ മേഖലയിൽ കൂടുതൽ കുറ്റമറ്റതും സുതാര്യവുമായ രീതിയിൽ ഇടപാടുകൾ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. സമഗ്രമായ ഈ നിയമ ഭേദഗതിയിലൂടെ സംസ്ഥാനത്തെ സഹകരണ മേഖലയെ കൂടുതൽ പുരോഗതിയിലേയ്ക്ക് നയിക്കാൻ സാധിക്കും. സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധികളും പ്രയാസങ്ങളുമുണ്ടാകുന്ന സന്ദർഭങ്ങളിലെല്ലാം ജനങ്ങളെ ആശ്വസിപ്പിക്കുന്ന, സഹായിക്കുന്ന ഒരു സമാന്തര സാമ്പത്തിക സങ്കേതമെന്ന നിലയിൽ സഹകരണ പ്രസ്ഥാനം അതിന്റെ വിപുലവും വിശാലവുമായ സാധ്യതകൾ പ്രയോജനപ്പെടുത്തുന്ന രൂപത്തിലേയ്ക്കാണ് ഈ നിയമം ലക്ഷ്യമിടുന്നത്. ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ച് പാസ്സാക്കാൻ എല്ലാവരും സഹായിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് നിർത്തുന്നു.

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട മന്ത്രി ബില്ലിനെക്കുറിച്ച് വിശദമായി സംസാരിച്ചിട്ടുണ്ട്. ഇന്ന് നാല് ബില്ലുകൾ പരിഗണിക്കാനുള്ളതിനാൽ വിഷയത്തിൽ നിന്നുകൊണ്ടുതന്നെ അംഗങ്ങൾ സംസാരിച്ച് സഹകരിക്കണം.

ശ്രീ. ജി. സ്റ്റീഫൻ <u>ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. നന്ദകുമാർ</u>: സർ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-12-2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ബഹുമാന്യനായ മന്ത്രി സവിസ്തരമായിത്തന്നെ ബില്ലിലെ പ്രസക്തഭാഗങ്ങൾ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന നിയമനിർമ്മാണങ്ങളുമായി മുന്നോട്ടുപോകുന്ന സാഹചര്യത്തിലാണ് സംസ്ഥാന സഹകരണ മേഖലയുടെ വളർച്ച ലക്ഷ്യംവച്ചുകൊണ്ട് അതിനെ ശക്തിപ്പെടുത്തുന്നതിന് സഹായകരമായ നിലപാട് സ്വീകരിക്കുന്ന ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ലോകത്തിലെ സഹകരണ പ്രസ്ഥാനത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ടെന്ന് നമുക്കറിയാം. പരസ്പര സഹായ സഹകരണ സംഘങ്ങളായി ആരംഭിച്ച പ്രസ്ഥാനം ഇന്ന് വളർന്ന് പന്തലിച്ച് കേരളത്തിലെ സമസ്ത മേഖലകളും കയ്യടക്കിയിരിക്കുകയാണ്. ഇംഗ്ലണ്ടിൽ തുടക്കം കുറിച്ചതാണെങ്കിലും ലോകത്തിന് മാതൃകയായി കേരളമെന്ന കൊച്ചുസംസ്ഥാനം സഹകരണ പ്രസ്ഥാനത്തിൽ വലിയ

ശ്രദ്ധ ആകർഷിച്ചുകൊണ്ടിരിക്കുന്ന ഘട്ടമാണിത്. 1913-ൽ കൊച്ചിൻ സഹകരണ നിയമം വന്നതുമുതൽ 1969-ലെ അടിസ്ഥാന സഹകരണ നിയമത്തിന് രൂപം കൊടുത്തുകൊണ്ടുള്ള ഈ വളർച്ചാ പ്രസ്ഥാനം കേരളത്തെ ലോകത്തിനു തന്നെ മാതൃകയാക്കാനുള്ള പ്രധാന കാരണമാണ്. 2000-ലെ നിയമനിർമ്മാണത്തിലുള്ള ഭേദഗതിയും ഇതിന് വളരെ സഹായകരമായിട്ടുണ്ട്. സംഘങ്ങളുടെ അടിത്തറ വികസിപ്പിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനുമായി ഇതോടുകൂടി 22 തവണയാണ് നിയമ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. ഇന്ന് സഹകരണ മേഖല സമസ്ത മേഖലകളും ഉൾപ്പെട്ടതാണ്. ക്രെഡിറ്റ് മേഖല മാത്രമല്ല ആരോഗ്യ- വിദ്യാഭ്യാസ-വ്യാപാര മേഖലകൾ, കയറ്റുമതി മേഖലയ്ക്ക് സഹായം എന്നിങ്ങനെ എല്ലാ മേഖലയിലും ഇതിന്റെ വ്യാപ്തി എത്തിച്ചുകഴിഞ്ഞു. 2019-ലെ സുപ്രധാനമായ ഭേദഗതി സംബന്ധിച്ച് ബഹുമാന്യനായ മന്ത്രി സൂചിപ്പിക്കുകയുണ്ടായി. അന്ന് മന്ത്രിയായിരുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രന്റെ നേതൃത്വത്തിൽ ഭേദഗതി നിയമത്തെ സംബന്ധിച്ച് ചർച്ച ചെയ്യുകയുണ്ടായി. നമ്മുടെ സഹകരണ മേഖല ലോകശ്രദ്ധ ആകർഷിച്ചുവെന്ന് പറയുമ്പോൾ ഏഷ്യയിലെ ഒന്നാമത്തെ സഹകരണ ബാങ്കായി കേരള ബാങ്ക് മാറിയെന്നർത്ഥം. ഈ ഭേദഗതിയെ എതിർക്കുന്നവർ ശ്രദ്ധിക്കേണ്ട കാര്യം, അതുമായി ബന്ധപ്പെട്ട് എന്തെല്ലാം കോലാഹലങ്ങളാണ് അന്ന് കേട്ടത്? ഇപ്പോൾ ഏഷ്യയിലെ ഏറ്റവും വലിയ ബാങ്കായി കേരള ബാങ്ക് മാറിക്കഴിഞ്ഞു. ഇപ്പോൾ അവതരിപ്പിച്ച ഭേദഗതി പരിശോധിക്കണം. കേരള സഹകരണ നിയമം പ്രാബല്യത്തിൽ വന്നതിന്റെ 50-ാം വാർഷികം 2019-ൽ പാലക്കാട് നടക്കുകയുണ്ടായി. അതിനനുബന്ധമായി അന്നത്തെ മന്ത്രിയായിരുന്ന ശ്രീ. കടകംപള്ളി സുരേന്ദ്രൻ മുൻകയ്യെടുത്തുകൊണ്ട് ഒരു സെമിനാർ സംഘടിപ്പിച്ചു. അതിന്റെ ഔട്ട്പുട്ടാണ് ഈ ബിൽ. കേരളത്തിലെ മത്സ്യ-ക്ഷീരമേഖല മുതൽ തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന യു.എൽ.സി.സി.എസ്., റബ്കോ, കിഡ്കോ, കേരളാ ബാങ്ക് എന്നിവയടക്കമുള്ള ആയിരക്കണക്കിന് സംഘങ്ങൾ പ്രവർത്തിക്കുന്ന സംസ്ഥാനമാണ് കേരളം. എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്കും സഹകരണ മേഖലയിൽ സജീവ സാന്നിദ്ധ്യമാണുള്ളത്. ഈ മേഖലയിൽ അനഭിലഷണീയമായ പല കാര്യങ്ങളും നടക്കുന്നുണ്ടെന്നുള്ളത് സത്യമാണ്. അതുകൊണ്ട് അതിന്റെ പ്രവർത്തനം മെച്ചപ്പെടേണ്ടതായിട്ടുണ്ട്. ഇടതുപക്ഷം ഭരിക്കുന്ന ചില ബാങ്കുകളിൽ മാത്രമാണ് ഈ പ്രശ്നങ്ങളെന്ന രൂപത്തിൽ പ്രതിപക്ഷം മുമ്പ് ഇവിടെ ബഹളം വച്ചു. അത് വസ്തുതാപരമല്ല. എല്ലാ രാഷ്ട്രീയ പാർട്ടിക്കാർക്കും സഹകരണ സ്ഥാപനങ്ങളിൽ ആധിപത്യമുണ്ട്. അവരെല്ലാം അതിൽ ബന്ധപ്പെട്ട് പ്രവർത്തിക്കുന്നുണ്ട്. ചില പ്രശ്നങ്ങൾ പെരുപ്പിച്ചുകാണിച്ചുകൊണ്ട് യാഥാർത്ഥ്യത്തിൽ നിന്ന് ഒളിച്ചോടുകയും

ഈ വലിയ പ്രസ്ഥാനത്തെ തകർക്കുന്ന ശക്തികൾക്ക് ശക്തി പകരുന്ന രൂപത്തിലേയ്ക്ക് ഇടപെടൽ നടത്തുന്നതും ഒരിക്കലും അഭിലഷണീയമല്ല. അതെല്ലാം കണക്കിലെടുത്തുകൊണ്ടാണ് അന്നത്തെ ആ സെമിനാറിന്റെ ഔട്ട്പുട്ടായി വിദഗ്ധർ ഉൾക്കൊള്ളുന്ന കമ്മിറ്റിയെ നിയോഗിച്ചുകൊണ്ട് പഠനം നടത്താൻ തീരുമാനിച്ചത്. കേന്ദ്ര സർക്കാർ ഫെഡറൽ സംഘ തത്വങ്ങളെല്ലാം ലംഘിച്ചുകൊണ്ട് സംസ്ഥാന സർക്കാരിന്റെ അധികാരത്തിൽ കയ്യിടുകയാണ്. രണ്ടാം ലിസ്റ്റിലെ 32-ാമത്തെ ഇനമാണല്ലോ സഹകരണ സംഘങ്ങൾ. 2013-ലെ രണ്ടാം യു.പി.എ. സർക്കാരാണ് ആദ്യമായി ഈ മേഖലയിൽ ചില ഭേദഗതികൾ കൊണ്ടുവന്നത്. അവിടെനിന്നും തുടങ്ങിയതാണ് ഈ പ്രശ്നം. ഇപ്പോൾ ബി.ജെ.പി. സർക്കാർ വലിയ കടന്നാക്രമണം നടത്തുകയാണ്. ഈ പശ്ചാത്തലം വച്ചുകൊണ്ടാണ് ഗവൺമെന്റ് കൂടുതൽ ശക്തമായ രൂപത്തിൽ ഇടപെടുന്നതിനായി നിയമനിർമ്മാണം കൊണ്ടുവരാൻ തീരുമാനിച്ചത്. അന്നത്തെ കമ്മിറ്റിക്ക് രൂപം കൊടുക്കുമ്പോൾ അഡീഷണൽ അഡ്വക്കേറ്റ് ജനറലായ കെ. കെ. രവീന്ദ്രനാഥ് അടക്കമുള്ള നിയമ വിദഗ്ധരും വളരെ വർഷത്തെ അനുഭവ സമ്പത്തുള്ള ഈ സഭയിലെ അംഗമായ ബഹുമാന്യനായ പി. അബ്ദുൽ ഹമീദ് അടക്കം ഉണ്ടായിരുന്നു. ഇവരൊക്കെ ഉൾക്കൊള്ളുന്ന വിദഗ്ധർ, സഹകരണ പ്രസ്ഥാനത്തിൽ അനുഭവ സമ്പത്തുള്ളവർ, നിയമ വിദഗ്ധർ എന്നിവരെല്ലാം ചേർന്ന് ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ രൂപം കൊടുത്തതാണ് ഇന്നത്തെ ഈ ബിൽ. പതിനഞ്ചിൽപ്പരം ചെറുതും വലുതുമായ ഭേദഗതികൾ ഇതിലുണ്ട്. എല്ലാ സംഘങ്ങളുടെയും ശാക്തീകരണമാണ് ഈ ബില്ലിലൂടെ ലക്ഷ്യമിടുന്നത്. കേരളത്തിലെ സഹകരണ ബാങ്കുകളിൽ 4,45,58,741.43 ലക്ഷം കോടി രൂപയുടെ നിക്ഷേപമുണ്ട്. അത് സഹകരണ പ്രസ്ഥാനത്തോട് ജനങ്ങളുടെ വിശ്വാസമാണ് കാണിക്കുന്നത്. അത് സംരക്ഷിക്കപ്പെടണം. ഇതുകൂടാതെ 2,53,69,354.36 ലക്ഷം കോടി രൂപ വരുന്ന ലോൺ ഔട്ട്സ്റ്റാൻഡിംഗുമുണ്ട്. വലിയ രൂപത്തിലേയ്ക്കുള്ള സഹായമാണ് ഈ മേഖലയ്ക്ക് നമ്മൾ കൊടുക്കുന്നത്. അത്തരം രൂപത്തിലുള്ള ഈ പ്രസ്ഥാനം സംരക്ഷിക്കപ്പെടണ്ടേ; ഈ ഡെപ്പോസിറ്റർമാരുടെ വിശ്വാസം സംരക്ഷിക്കപ്പെടണ്ടേ; കഴിഞ്ഞ ഡെപ്പോസിറ്റ് മൊബിലൈസേഷൻ സമയത്ത് വകുപ്പ് നൽകിയ ക്വാട്ടയെക്കാൾ വലിയ രൂപത്തിലുള്ള നിക്ഷേപമാണ് ഈ മേഖലയ്ക്ക് ലഭിച്ചത്. നമ്മുടെ നാട്ടിലെ സാധാരണക്കാർക്ക് വലിയ വിശ്വാസമുള്ള മേഖലയായി സഹകരണ മേഖല മാറിയിരിക്കുന്നു. അതുകൊണ്ട് ചെറിയ അവിശ്വാസം പോലും വരാൻ പാടില്ല. അതാണ് ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. ഓഡിറ്റ് ശക്തിപ്പെടുത്തുന്നതിനായി ഒരു കോമൺ സോഫ്റ്റ്വെയർ വേണം. ഇന്നത്തെ സിംഗിൾ സോഫ്റ്റ്വെയർ ഉപയോഗിക്കുമ്പോൾ

ആഡിറ്റർമാർക്ക് പല പ്രശ്നങ്ങളുമുണ്ടാകുന്നുണ്ട്. പരിശീലനം ലഭിച്ച ആഡിറ്റർമാർ ഒരു കോമൺ സോഫ്റ്റ്വെയറിലൂടെ പരിശോധിച്ചാൽ ഒരു കൺസോർഷ്യത്തിലുള്ള എല്ലാ ബാങ്കുകളെ സംബന്ധിച്ചും പരിശോധിക്കാൻ സാധിക്കും. അപ്പോൾ അതിലുള്ള കുറവുകളും കുറ്റങ്ങളും അപാകതകളും പരിശോധിക്കാൻ എളുപ്പമാണെന്ന് മാത്രമല്ല തെറ്റുണ്ടെങ്കിൽ വേഗം കണ്ടെത്താനും സാധിക്കും. ആഡിറ്റർമാരുടെ ടീം പലപ്പോഴും തുടർച്ചയായ രൂപത്തിൽ അല്ലെങ്കിൽ ഒരു ടീം തന്നെ വർഷങ്ങളോളം ആഡിറ്റിംഗ് നടത്തുന്ന സ്ഥിതിയാണുള്ളത്. അത് ഗുണകരമല്ല. വലിയ രൂപത്തിലുള്ള സാമ്പത്തിക ബാധ്യത കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളിൽ തുടർച്ചയായി രണ്ട് തവണയിൽ കൂടുതൽ ഒരേ ഭരണകർത്താക്കൾ തന്നെ ഉണ്ടാകുന്നത് ഗുണകരമല്ലെന്ന അഭിപ്രായം ശരിയാണ്. ഇത്തരം പ്രധാനപ്പെട്ട നിർദ്ദേശങ്ങളാണ് ഈ ബില്ലിലുള്ളത്. മറ്റ് ഭേദഗതികളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. ഒരു രീതിയിലും അഴിമതിക്കും തെറ്റായ പ്രവണതയ്ക്കും അവസരമുണ്ടാകാൻ പാടില്ലെന്നാണ് ഗവൺമെന്റിന്റെ ആഗ്രഹം. ആ നിലയ്ക്ക് തന്നെയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഡിസംബർ 7-ാം തീയതി കേന്ദ്ര സഹകരണ വകുപ്പുമന്ത്രി ശ്രീ. ബി. എൽ. വർമ്മ ഒരു കേന്ദ്ര നിയമം പാർലമെന്റിൽ അവതരിപ്പിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ അധികാരത്തിൽപ്പെട്ടതാണ് സഹകരണമെന്ന് നമുക്കറിയാം. അവിടെ കടന്നുകയറിക്കൊണ്ട് മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റികൾ ശക്തമായ പ്രവർത്തനം സംസ്ഥാനത്ത് നടത്തിക്കൊണ്ടിരിക്കുകയാണ്. അതിനെല്ലാം നിയമ സാധുത നൽകുന്ന രൂപത്തിലേയ്ക്കുള്ള നീക്കമാണ് ഇപ്പോൾ വരുന്നത്. അത് നമ്മുടെ സഹകരണ പ്രസ്ഥാനത്തെ തകർക്കുന്ന രൂപത്തിലുള്ള നീക്കമായിരിക്കും. ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽ അത് വന്നിട്ടുണ്ടാകുമെന്ന് വിശ്വസിക്കുന്നു. നാട്ടിലെ ജനങ്ങളുടെ നിക്ഷേപത്തിനുള്ള താൽപ്പര്യവും സൗകര്യങ്ങളും നിഷേധിക്കുന്ന തരത്തിലുള്ള നീക്കമാണ് ഇതിന്റെ ഫലമായിട്ടുണ്ടാകുന്നത്. വ്യാമോഹം പരത്തിക്കൊണ്ട് 11 ശതമാനം പലിശയാണ് അവിടെ ഓഫർ ചെയ്യുന്നത്. ക്യാൻവാസിംഗ് എജന്റുമാർക്ക് 5 ശതമാനം നൽകുന്നുണ്ടെന്നാണ് കേൾക്കുന്നത്. അപ്പോൾ 11 ശതമാനവും 5 ശതമാനവും കൂടി 16 ശതമാനമായി. അതിനുപുറമേ ശരാശരി 4 ശതമാനം എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റുണ്ട്. അതുകൂടാതെ ഹിഡൻ ചാർജ്ജ് എന്തെങ്കിലുമുണ്ടെങ്കിൽ അതും കൊടുത്തുകൊണ്ട് ഒരു സഹകരണ സ്ഥാപനം എങ്ങനെ പ്രവർത്തിക്കും? അങ്ങനെ പ്രവർത്തിക്കണമെങ്കിൽ 35 ശതമാനം പലിശ വാങ്ങേണ്ടിവരും. അപ്പോൾ വട്ടിപ്പലിശക്കാരേക്കാൾ കൂടുതൽ പലിശ വാങ്ങേണ്ട സ്ഥിതിയുണ്ടാകും. അത്തരം സഹകരണ സംഘങ്ങൾക്ക് പ്രവർത്തിക്കാനുള്ള അവസരം കേരളത്തിലടക്കം വരുന്നുവെന്നത് ആശങ്കാജനകമാണ്.

അവർക്ക് കേരളത്തിൽ രജിസ്ട്രേഷൻ അവശ്യമില്ല, കേന്ദ്ര രജിസ്ട്രേഷൻ മതി. ഇത് അപകടകരമായ അവസ്ഥയിലേയ്ക്കാണ് പോകുന്നത്. ഡെപ്പോസിറ്റർമാരുടെ ഡെപ്പോസിറ്റ് നഷ്ടപ്പെടുന്ന നിലയിലേയ്ക്കെത്തുന്ന ഈ സ്ഥിതിവിശേഷം നമ്മൾ അഭിമുഖീകരിക്കേണ്ടി വരും. ഇത് ഗൗരവതരമായി സർക്കാർ കാണുന്നുണ്ടോ? ഡെപ്പോസിറ്റുകാർക്ക് നമ്മുടെ ഡെപ്പോസിറ്റ് ഗ്യാരന്റി പദ്ധതിയുണ്ട്. കേന്ദ്രത്തിന് അങ്ങനെയൊരു പദ്ധതിയുണ്ടോ; ആരാണ് ഉത്തരവാദിയാകുക? ഈ ദാരുണമായ അവസ്ഥ ഗൗരവമായ രൂപത്തിൽ സർക്കാർ കാണണം. കാർഷിക മേഖലയെ സഹായിക്കുന്നതിനുവേണ്ടി രൂപം കൊടുത്ത സംഘങ്ങളാണ് പ്രൈമറി അഗ്രിക്കൾച്ചറൽ ക്രെഡിറ്റ് സൊസൈറ്റികൾ. പക്ഷേ നെൽകൃഷിക്ക് സീറോ ഇന്ററസ്റ്റാണ് അവർ കൊടുക്കേണ്ടത്. 3 ശതമാനം നബാർഡും 4 ശതമാനം സർക്കാരും കൊടുക്കുന്നുണ്ട്. പക്ഷേ പല സംഘങ്ങളും അതിൽ കാര്യക്ഷമമായി ഇടപെടുന്നില്ല. ലോൺ കൊടുക്കാൻ അവർക്ക് മടിയാണ്. ഗൗരവതരമായ പരിശോധന നടത്തി കൃഷിക്കാർക്ക് അത് കിട്ടാനുള്ള സൗകര്യം ഉണ്ടാക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. മഹത്തായ ഈ പ്രസ്ഥാനത്തെ സംരക്ഷിക്കുന്നതിനാവശ്യമായ വലിയൊരു ഇടപെടലാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ബിൽ സെലക്ട് കമ്മറ്റിക്ക് അയച്ച് വിശദമായ ചർച്ചയ്ക്കുശേഷം ഇവിടെ വീണ്ടും വരുമ്പോൾ നമുക്ക് ചർച്ച ചെയ്യാം.

മറ്റ് രാഷ്ട്രീയ പ്രശ്നങ്ങളിലേയ്ക്ക് സവിസ്തരം കടക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. കോൺഗ്രസിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് ഇവിടെ ചർച്ച ചെയ്തിട്ട് കാര്യമുണ്ടോയെന്ന് എനിക്കറിയില്ല. കാരണം അത്രയും ദയനീയമാണ് അവരുടെ അവസ്ഥ. 'എന്നെ തല്ലേണ്ട അമ്മാവാ ഞാൻ നന്നാകില്ല' എന്ന മട്ടിലാണ് കോൺഗ്രസ് ഇപ്പോഴും നിൽക്കുന്നത്. എൽ.ഡി.എഫ്. സർക്കാരിനെ എങ്ങനെ അസ്ഥിരീകരിക്കാൻ കഴിയുമെന്നുള്ളതാണ് സംസ്ഥാനത്തെ അവരുടെ ഏക അജണ്ട. ഏത് വിഷയമെടുത്താലും എൽ.ഡി.എഫ്. സർക്കാരിനെതിരെ കടന്നാക്രമിക്കുകയെന്ന സമീപനമാണ് ബഹുമാനപ്പെട്ട കോൺഗ്രസ് സുഹൃത്തുക്കൾ എടുത്തുകൊണ്ടിരിക്കുന്നത്. ദേശീയ തലത്തിൽ മതനിരപേക്ഷതയും ബഹുസ്വരതയും സംരക്ഷിക്കുന്ന കാര്യത്തിൽ എന്ത് പോരാട്ടമാണ് ഇവർ സംഘടിപ്പിച്ചിരിക്കുന്നത്? ഇവിടെ പോരാട്ടമെന്ന വാക്കാണ് ഞാൻ ഉപയോഗിക്കുന്നത്. ഇന്ന് അപകടകരമായ അവസ്ഥയിലേയ്ക്ക് രാജ്യം നീങ്ങിക്കൊണ്ടിരിക്കുന്ന അവസ്ഥയിൽ, ഏതെങ്കിലും ഒരു പ്രസ്താവന ഏതെങ്കിലും ചെറിയ കോണിൽ നടത്തുകയെന്നല്ലാതെ ഒരു ആക്ഷനിലേയ്ക്കും വരാൻ കോൺഗ്രസ് തയ്യാറാകുന്നില്ല. അവരാണ് പ്രധാന പ്രതിപക്ഷ പാർട്ടിയെന്ന് അവകാശപ്പെടുന്നത്. അങ്ങനെ അവകാശപ്പെടുന്നതിന് നിരവധി കാരണങ്ങളുണ്ട്.

ശ്രീ. രാഹുൽ ഗാന്ധിയുടെ യാത്ര കേരളം വിട്ടപ്പോഴുള്ള സ്ഥിതിയെന്താണ്; മുമ്പിൽ ശിവൻ, ശ്രീരാമൻ, സീത എന്നിവരുടെ വേഷം കെട്ടിക്കൊണ്ട് നടത്തുകയല്ലേ ചെയ്തത്; പത്രങ്ങളിൽ വലിയ വാർത്ത വന്നത് നമ്മൾ കണ്ടതല്ലേ? മതനിരപേക്ഷത പ്രശ്നമല്ല, മൃദു ഹിന്ദുത്വ സമീപനമാണ് കോൺഗ്രസ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ബി.ജെ.പി. സർക്കാർ പ്രതിമയുടെ രാഷ്ട്രീയം കളിക്കുകയാണ്. ബിർ ബിക്രം കിഷോർ മണിക്യ ബഹദൂർ എന്ന രാജാവിന്റെ പ്രതിമ ത്രിപുരയിൽ സ്ഥാപിച്ചുകൊണ്ടാണ് ബിംബത്തിന്റെ/പ്രതിമയുടെ രാഷ്ട്രീയം അവർ ആരംഭിച്ചത്. ഗാന്ധിയെക്കാൾ മഹാനായ വ്യക്തിയായി പട്ടേലിനെ അവതരിപ്പിച്ച് പ്രതിമ സ്ഥാപിച്ചു, ആയിരക്കണക്കിന് കോടി രൂപ മുടക്കി ശ്രീരാമന്റെ പ്രതിമ സ്ഥാപിച്ചു. ഇപ്പോൾ ഗുജറാത്ത് ഇലക്ഷൻ വന്നപ്പോൾ ശ്രീകൃഷ്ണന്റെ പ്രതിമ വാഗ്ദാനം ചെയ്തു. അവർ പറയുന്നത് അത് ലോകത്തിലെ എറ്റവും വലിയ പ്രതിമയാണെന്നാണ്. ഈ പ്രതിമയുടെ രാഷ്ട്രീയം തുറന്ന് കാണിക്കാൻ കോൺഗ്രസ്സ് എന്ത് സമീപനമാണ് സ്വീകരിക്കുന്നത്; മൃദു ഹിന്ദുത്വ സമീപനത്തെ അംഗീകരിച്ചുകൊണ്ടുള്ള സമീപനമാണ് ഇവർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ലോക്സഭയ്ക്കകത്ത് ഏകീകൃത സിവിൽ കോഡിന്റെ പ്രശ്നം വന്നപ്പോൾ പേരിന് ഒരു പ്രസ്താവന പുറപ്പെടുവിച്ചുവെന്നല്ലാതെ വ്യക്തമായ ഒരു അഭിപ്രായം ഈ നിമിഷം വരെ അവരുടെ ഹൈക്കമാൻഡിൽനിന്നും വന്നിട്ടില്ലായെന്നുള്ളത് ഖേദകരമാണ്. കോൺഗ്രസ്സിനൊപ്പം നിൽക്കുന്ന പല സുഹൃത്തുക്കളും ഇത് തിരിച്ചറിയുന്നുണ്ടെന്നുള്ളത് നല്ല കാര്യമാണ്. ഇന്നത്തെ ഇന്ത്യയുടെ അവസ്ഥ മനസ്സിലാക്കാതെയുള്ള കോൺഗ്രസിന്റെ പ്രവർത്തനം തിരുത്തണം. ഇവർ തിരുത്തുമെന്ന വിശ്വാസം ഞങ്ങളെ സംബന്ധിച്ചിടത്തോളം പൂർണ്ണമായും ഇല്ല, എന്നാലും തിരുത്തുമെന്ന് ആഗ്രഹം പ്രകടിപ്പിക്കുകയാണ്. മറ്റ് രാഷ്ട്രീയ വിഷയങ്ങളിലേയ്ക്ക് ഞാൻ കടക്കുന്നില്ല. നിർത്തുന്നു.

ശ്രീ. രമേശ് ചെന്നിത്തല ചൂണ്ടലപ്പെടുത്തിയതുപ്രകാരം ശ്രീ. സണ്ണി ജോസഫ്: സർ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

എന്റെ സുഹൃത്ത് ശ്രീ. പി. നന്ദകുമാർ സംസാരിച്ചപ്പോൾ ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ കാര്യത്തിൽ അദ്ദേഹം പ്രകടിപ്പിച്ച പ്രത്യേക താൽപ്പര്യത്തിന് നന്ദി പറയുകയാണ്. അദ്ദേഹത്തിന്റെ പാർട്ടി ബി.ജെ.പി.യെ എതിർക്കാനോ ചെറുക്കാനോ ഒരു സാധ്യതയുമില്ലെന്ന് മനസ്സിലാക്കിയതുകൊണ്ടാണ് കോൺഗ്രസ്സിനെ തന്നെ അദ്ദേഹം ആശ്രയിക്കുന്നത്. ഹിമാചൽ പ്രദേശിൽ ഒരു അസംബ്ലി അംഗം ഉണ്ടായിരുന്നുവെന്നാണ് കഴിഞ്ഞ തവണ നിങ്ങൾ വീമ്പടിച്ചത്.

കാരണം കോൺഗ്രസ് സ്ഥാനാർത്ഥിയുടെ നാമനിർദ്ദേശപത്രിക തള്ളിയതുകൊണ്ട് കോൺഗ്രസ്സുകാർ വോട്ട് ചെയ്ത് നിങ്ങൾക്ക് അവിടെ ഒരാളെ കിട്ടി. എന്നാൽ ഇപ്രാവശ്യം നിങ്ങൾ അവിടെ നാലാം സ്ഥാനത്തേയ്ക്ക് പോയി. അതുകൊണ്ട് ഇവിടെവന്ന് സ്ഥിരമായി കോൺഗ്രസ്സിനെ ഉപദേശിക്കുന്നതിനുപകരം നിങ്ങളുടെ പാർട്ടി ഇന്ത്യയിൽ എവിടെയാണ് നിൽക്കുന്നതെന്ന് പരിശോധിക്കണം. ശ്രീ. രാഹുൽ ഗാന്ധി ഭാരത് ജോഡോ യാത്ര ആരംഭിച്ച സമയം മുതൽ നിങ്ങൾ അതിനെ കുറ്റപ്പെടുത്തുകയാണ്. ആദ്യം പറഞ്ഞത് കേരളത്തിൽ എന്തിനാണ് 18 ദിവസമെന്നാണ്. കന്യാകുമാരിയിൽനിന്നും ആരംഭിച്ച് തിരുവനന്തപുരത്തുവന്ന് അത് കർണ്ണാടകത്തിലേയ്ക്ക് കടക്കണമെങ്കിൽ ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, മലപ്പുറം, പാലക്കാട് വഴി മാത്രമേ പോകാൻ കഴിയുകയുള്ള. അതുകൊണ്ടാണ് 18 ദിവസം കേരളത്തിലെടുത്തത്. അതായിരുന്നു നിങ്ങൾ കണ്ടെത്തിയ ആദ്യ കുറ്റം. കർണ്ണാടകയിൽ 18-ലധികം ദിവസമെടുത്തു. കേരളം കഴിഞ്ഞാൽ ജാഥയുടെ അവസ്ഥയെന്തായിരിക്കുമെന്ന് പ്രതികരിച്ചവരുണ്ട്. എന്നാൽ കൂടുതൽ ആവേശത്തോടെയാണ് ജാഥ മറ്റ് സംസ്ഥാനങ്ങളിൽ പോയത്. ജാഥ കടന്നുചെന്നാൽ ശ്രീ. രാഹുൽഗാന്ധിയെ കൊലപ്പെടുത്തുമെന്ന ഭീഷണിയുണ്ടായിരുന്നിട്ടും മധ്യപ്രദേശിൽ ജാഥ പോയി. രാജസ്ഥാനിൽ ജാഥ നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാ സംസ്ഥാനങ്ങളിലും അഭൂതപൂർവ്വമായ ജനപിന്തുണയാണ് ലഭിക്കുന്നത്. നിരവധി സാംസ്കാരിക നായകന്മാർ, പൗരാവകാശ-മനുഷ്യാവകാശ പ്രവർത്തകർ, പരിസ്ഥിതി പ്രവർത്തകർ, കലാ-ചലച്ചിത്ര മേഖലയിലുള്ളവർ, ഹോളിവുഡ് താരങ്ങൾ ഉൾപ്പെടെയുള്ളവർ പങ്കാളികളായി അതിനെയെല്ലാം പ്രോത്സാഹിപ്പിക്കുകയാണ്. അതുകൊണ്ട് നിയമസഭാ വേദിയിൽ രാഷ്ട്രീയം ഒഴിവാക്കി കേരളത്തിലെ സഹകരണ രംഗത്തെ സുപ്രധാനമായ നിയമ ഭേദഗതിയെക്കുറിച്ച് സംസാരിക്കുന്നതാണ് നല്ലത്. ഇവിടെ രാഷ്ട്രീയം പറയുകയാണെങ്കിൽ, നിങ്ങൾ ഇന്ത്യയിൽ എവിടെയാണ് നിൽക്കുന്നത്; നിങ്ങൾ എന്താണ് പ്രസംഗിച്ചത്; പ്രചരിപ്പിച്ചത്. ചെങ്കോട്ടയിലും ചെങ്കൊടി പാറിക്കുമെന്നല്ലേ പറഞ്ഞത്; ബംഗാൾ, കേരളം, ത്രിപുര എന്നല്ലേ നിങ്ങൾ പ്രചരിപ്പിച്ചത്; ബംഗാളിലും ത്രിപുരയിലും നിങ്ങൾ എവിടെയാണ് നിൽക്കുന്നത്?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, ഭാരത് ജോഡോ യാത്രയെക്കുറിച്ച് അങ്ങ് പരാമർശിക്കുകയുണ്ടായി. ഭാരത് ജോഡോ യാത്രയിൽ മാത്രമല്ല ശ്രീ. രാഹുൽ ഗാന്ധിയെ ആക്ഷേപിക്കാൻ ബി.ജെ.പി.-ക്ക് പലപ്പോഴും ആയുധം കൊടുക്കുന്നത് കേരളത്തിലെ സി.പി.ഐ.(എം) ആണെന്നുള്ളതും ഇതുയും ത്യാഗപൂർണ്ണമായ, മതേതര ശക്തികളെ ഒരുമിപ്പിക്കുന്ന ഭാരത് ജോഡോ യാത്ര കടന്നുവരുമ്പോൾ പൊറോട്ട ജാഥയെന്നാണ് സി.പി.ഐ. (എം)-ന്റെ പാർട്ടി ഓഫീസിൽ ഈ ജാഥയ്ക്കെതിരെ എഴുതി വച്ചിരുന്നതെന്നും പിന്നീട് പൊറോട്ട

ജാഥയെന്നും കണ്ടെയ്നർ ജാഥയെന്നും ബി.ജെ.പി.-ക്കാർ ഏറ്റുവിളിക്കുന്നതിന് അവസരമുണ്ടാക്കികൊടുത്തത് ഇവരാണെന്നുള്ളതും അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട അംഗം സംസാരിക്കണം. വളരെ പ്രധാനപ്പെട്ട വിഷയമാണ്.

<u>ശ്രീ. സണ്ണി ജോസഫ്</u>: സർ, സബ്ജക്ട് മാത്രം പറയാനായിരുന്നു ഞാൻ നോട്ട് തയ്യാറാക്കിയത്. രാഷ്ട്രീയം പറഞ്ഞതുകൊണ്ട് മറുപടി പറയാതിരിക്കാൻ കഴിയില്ല. ശ്രീ. എം. വിൻസെന്റ് പറഞ്ഞത് വളരെ ശരിയാണ്. കേരളത്തിൽ മാത്രമാണ് സി.പി.ഐ.(എം)-ന് ഈ രോഗമുള്ളത്. ജാഥ യാത്രയ്ക്ക് അനുകൂലമാണെന്നാണ് അഖിലേന്ത്യാ തലത്തിൽ ശ്രീ. സീതാറാം യെച്ചൂരി പറഞ്ഞത്. നിങ്ങൾക്ക് അങ്ങനെയേ ചിന്തിക്കാൻ കഴിയുകയുള്ളൂ. കേരളത്തിൽ നിങ്ങൾക്ക് സദ്ബുദ്ധിയുണ്ടാകട്ടെയെന്ന് ആശംസിക്കുന്നു.

<u>ഡോ. മാത്യു കുഴൽനാടൻ</u>: സർ, കോൺഗ്രസ് നന്നായി കാണണം, നിലനിൽക്കണമെന്ന ആഗ്രഹമുണ്ട് എന്നൊക്കെ പലപ്പോഴും സി.പി.ഐ.(എം)-ന്റെ നേതാക്കന്മാർ കോൺഗ്രസ്സിനെക്കുറിച്ച് പ്രസംഗിക്കാറുണ്ട്. ഇത് ആത്മാർത്ഥമായി പറയുന്നതാണെന്ന് ഞങ്ങൾ വിചാരിക്കും. ചിലപ്പോൾ ശരിയായിരിക്കും. സി.പി.ഐ.(എം)-ന് ധാരണയുണ്ടാകാം. പക്ഷെ ഇന്ന് അദ്ദേഹം പ്രസംഗിച്ചപ്പോൾ, ബി.ജെ.പി. സർക്കാരിനെ പരാജയപ്പെടുത്തി ഹിന്ദി ഹൃദയഭൂമിയെന്ന് പറയുന്ന ഹിമാചൽ പ്രദേശിൽ കോൺഗ്രസ് ജയിച്ച കാര്യം അറിഞ്ഞതായിപോലും നടിച്ചില്ലെന്ന് മാത്രമല്ല അതിനെക്കുറിച്ച് ഒരു വാചകം പറയാനുള്ള മാന്യതയോ മര്യാദയോ അദ്ദേഹം കാട്ടിയില്ല. ഞങ്ങൾ ആരെയും ആക്ഷേപിക്കാൻ ആഗ്രഹിക്കുന്നില്ല. എന്നാൽ നിങ്ങൾ ശ്രീ. രാഹുൽ ഗാന്ധിയെ അടക്കം ആക്ഷേപിക്കുന്നു. ഇവിടെ യഥാർത്ഥത്തിൽ പറയേണ്ടത് കഴിഞ്ഞ ദിവസം രാജ്യം മുഴുവൻ കണ്ട ഒരു കാഴ്ചയെക്കുറിച്ചാണ്. പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ മുമ്പിൽ ഇടതുപാർട്ടികളുടെ, സി.പി.ഐ.(എം.)-ന്റെ അവസ്ഥയെന്താണെന്ന് കാണിക്കുന്ന ഒരു ചിത്രം രാജ്യം മുഴുവൻ കണ്ടതാണ്. ഞങ്ങൾ അതുപറഞ്ഞ് ആക്ഷേപിക്കുന്നില്ല. നിങ്ങളും ആ ചിത്രം കണ്ടതല്ലേ? പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ മുമ്പിൽ സി.പി.ഐ.(എം) എങ്ങനെ നിൽക്കുന്നുവെന്ന് നിങ്ങൾ കണ്ടതല്ലേ; അതാണ് സി.പി.ഐ.(എം)-ന്റെ അവസ്ഥ. എന്നിട്ടും പൊട്ടക്കുളത്തിലെ തവളയെപ്പോലെ ഇവിടെയിരുന്നുകൊണ്ട് ബി.ജെ.പി.-ക്കെതിരെ പ്രസംഗിച്ചതുകൊണ്ട് എന്ത് അർത്ഥമാണുള്ളത്; ഇങ്ങനെ പറയാൻ നിങ്ങൾക്ക് ജാള്യതയില്ലേ? (.....ബഹളം.....)

<u>ചെയർപേഴ്സൺ</u>: ശ്രീ. സണ്ണി ജോസഫ് അങ്ങയുടെ സമയമാണ് നഷ്ടപ്പെടുന്നത്.

ശ്രീ. സണ്ണി ജോസഫ്: സർ, ഡോ. മാത്യു കുഴൽനാടൻ പറഞ്ഞത് ഹിമാചൽ പ്രദേശിൽ ബി.ജെ.പി.-യെ പരാജയപ്പെടുത്തി കോൺഗ്രസ് അധികാരത്തിൽ വന്നതിന് സി.പി.ഐ.(എം) ഒരു നല്ല വാക്കുപോലും പറഞ്ഞില്ല എന്നാണ്. ഇത് പരസ്യമായി പറയാൻ അവർക്ക് പ്രയാസമുണ്ട്. എന്നാൽ സി.പി.ഐ.(എം)-ന്റെ പല എം.എൽ.എ.-മാരും ക്യാന്റീനിലും ടെയിനിലും ഇരുന്ന് സംസാരിച്ചപ്പോൾ എന്നോട് പറഞ്ഞത്, ഹിമാചൽ പ്രദേശിലെങ്കിലും നമ്മൾ ജയിച്ചല്ലോ എന്നാണ്. പള്ളിയിലെ അച്ചനും കുശിനിക്കാരനും ഇത്രത്രുപയാണ് വരുമാനമെന്ന് പണ്ട് ഏതോ ഒരാൾ പറഞ്ഞു. ഞങ്ങൾ ജയിച്ചുവെന്ന് പറഞ്ഞ പലയാളുകളുമുണ്ട്, അങ്ങനെ ചിന്തിച്ച ആളുകളുമുണ്ട്, നല്ല നിലയിൽ നമ്മൾ ജയിച്ചുവെന്ന് കണ്ട മതേതരപക്ഷത്തുനിൽക്കേണ്ട താൽപ്പര്യം കാണിക്കുന്നവരുമുണ്ട്, ആങ്ങള മരിച്ചാലും നാത്തൂന്റെ കണ്ണീർ കാണണമെന്ന് കരുതുന്നവരുമുണ്ട്. ബി.ജെ.പി. ജയിച്ചാലും വേണ്ടില്ല കോൺഗ്രസ് പരാജയപ്പെടണമെന്ന് ആഗ്രഹിക്കുന്നവർ നിങ്ങളുടെ ഇടയിലുണ്ട്. അത് തിരുത്തണമെന്ന് ആവശ്യപ്പെടുകയാണ്. വളരെയേറെ നേട്ടങ്ങൾ കൈവരിച്ച, പ്രശസ്തിയാർജ്ജിച്ച പ്രവർത്തനങ്ങൾ നടത്തിയ കേരളത്തിലെ സഹകരണ സംഘങ്ങളെ ഇല്ലായ്മ ചെയ്യാൻ കേന്ദ്ര ഗവൺമെന്റ് പല നടപടികളും സ്വീകരിച്ചു. റിസർവ് ബാങ്കിനെപ്പോലും ഉപയോഗപ്പെടുത്തിക്കൊണ്ട് നമ്മുടെ സഹകരണ സംഘങ്ങളെ ശ്വാസം മുട്ടിക്കാൻ ശ്രമിച്ചപ്പോഴും നോട്ട് നിരോധനത്തിന്റെ ഫലമായി സഹകരണ സംഘങ്ങൾക്ക് പ്രവർത്തിച്ച് മുന്നോട്ടുപോകാൻ കഴിയാതെ വന്നപ്പോഴും രണ്ട് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തും കേന്ദ്രത്തിന്റെ സഹകരണ മേഖലയിലെ തെറ്റായ നയങ്ങൾക്കെതിരെ അതിശക്തമായ നിലപാടാണ് ഞങ്ങൾ സ്വീകരിച്ചത്. കോൺഗ്രസ്സും യു.ഡി.എഫ്.-ഉം ഈ സഭയ്ക്കകത്തും ഇന്ത്യയിലൊട്ടാകെയും സ്വീകരിച്ച നിലപാടെന്താണ്? നോട്ട് നിരോധനത്തിന്റെ കാലത്ത് സഹകരണ മേഖലയെ ഞെക്കിക്കൊല്ലുന്ന, കഴുത്തു ഞെരിക്കുന്ന നിലപാടുകളുമായി കേന്ദ്രം വന്നപ്പോൾ നമ്മൾ യോജിച്ച് പ്രമേയം പാസ്സാക്കിയിട്ടുണ്ട്. നെഹ്റുവിന്റെ കാഴ്ചപ്പാടിന്റെ പശ്ചാത്തലത്തിലാണ് ഇന്ത്യയിൽ കോൺഗ്രസ് സഹകരണ രംഗം ശക്തമാക്കിയത്. അതിന്റെ ഭാഗമായാണ് കേരളത്തിൽ സഹകരണ പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെട്ടുവന്നത്. ഇന്ന് സാമ്പത്തിക രംഗത്ത് ബ്ലേഡ് എന്ന കിരാതമായ കഴുത്തറപ്പൻ പലിശയുള്ള വായ്പാ സംവിധാനമാണെങ്കിൽ നേരത്തെ ഞങ്ങളുടെ നാട്ടിൽ പല സ്ഥലത്തും വിലമുറിക്കൽ എന്ന കിരാതമായ മറ്റൊരു വായ്പാ

സംവിധാനമുണ്ടായിരുന്നു. അതിനെ ചെറുക്കുന്നതിന്, കൃഷിക്കാർക്ക് സംരക്ഷണം കൊടുക്കുന്നതിന് ആരംഭിച്ച ഐക്യനാണയ സംഘങ്ങൾ വളർന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞതുപോലെ, ആയിരക്കണക്കിന് കോടി രൂപയുടെ ഡെപ്പോസിറ്റും ഇടപാടും പ്രവർത്തന മൂലധനവുമുള്ള വലിയ സംഘങ്ങളായി കേരളത്തിൽ വളർന്നിട്ടുണ്ട്. സഹകരണമേഖല കൈവയ്ക്കാത്ത ജനജീവിതത്തിന്റെ മേഖലകളില്ല. വിദ്യാഭ്യാസ രംഗത്തേയ്ക്ക് വരാനും ആരോഗ്യ രംഗത്ത് മെഡിക്കൽ കോളേജുകൾ ആരംഭിക്കാനും കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന് സാധിച്ചു. മാർക്കറ്റിംഗ് സംഘങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നു. ഐ.ടി. രംഗത്തുപോലും സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തൊഴിൽ രംഗത്ത് ലേബർ സൊസൈറ്റികൾ പ്രവർത്തിക്കുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികളുടെ സംഘമായാണ് വളർന്ന് പന്തലിച്ചത്. വനിതകളുടെ ശാക്തീകരണത്തിന് പഞ്ചായത്ത് രാജ് സംവിധാനംപോലെ ഉപകരിച്ച വനിതാ സംഘങ്ങൾ ഏറ്റവും നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാളി വനിത സഹകരണ സംഘത്തിന്റെ പുതിയ ഓഫീസ് കെട്ടിടം ഇന്നലെ ഞാൻ ഉദ്ഘാടനം ചെയ്തു. 30 വർഷത്തെ പ്രവർത്തനത്തിനിടയിൽ കോടിക്കണക്കിന് രൂപ സമാഹരിക്കാനും വളരെ സത്യസന്ധമായും കൃത്യമായും സംഘത്തിന്റെ ഇടപാടുകൾ നടത്താനും സാധിക്കുന്ന നിരവധി സംഘങ്ങൾ കേരളത്തിലുണ്ട്. അവിടെ ശക്തമായ നിയന്ത്രണമാണ് ആവശ്യം. വൈവിധ്യവൽക്കരണമാണ് വേണ്ടത്. കാലത്തിനനുസരിച്ച് സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ മാറ്റം വരുത്താൻ നിയമഭേദഗതി ആവശ്യമാണ്. 1969-ലെ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ, ഇതിനോടകം കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ, പ്രത്യേകിച്ച് എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് കൊണ്ടുവന്നിട്ടുള്ള ഭേദഗതികൾ പരിശോധിച്ചാൽ അത് മിക്കതും സംഘത്തിന്റെ ഭരണസമിതിയെ എങ്ങനെ പിടിച്ചെടുക്കാമെന്ന ദുഷ്ടലാക്കിന്റെ അടിസ്ഥാനത്തിലാണ് കൊണ്ടുവന്നിരിക്കുന്നതെന്ന് മനസ്സിലാകും. സെക്ഷൻ 28-ൽ അല്ലേ ഒട്ടുമിക്ക ഭേദഗതികളും *വരുത്തിയിട്ടുള്ളത്*. തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് അല്ലെങ്കിൽ കമ്മിറ്റികളെ പിരിച്ചുവിടുന്നത് എളുപ്പത്തിലാക്കാനുള്ള ഭേദഗതികളാണ് പലപ്പോഴും കൊണ്ടുവന്നിട്ടുള്ളതെന്ന് നമുക്ക് മനസ്സിലാക്കാം. അതുകൊണ്ടാണ് കാലാനുസൃതമായ പ്രവർത്തനങ്ങൾക്ക് ഉതകുന്ന തരത്തിലുള്ള ഭേദഗതികൾ സഹകാരികൾ ആവശ്യപ്പെടുന്നത്. കേരള ബാങ്കിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി വളരെ വാചാലനായി സംസാരിച്ചു, ശ്രീ. പി. നന്ദകുമാറും സംസാരിച്ചു. പക്ഷേ

സഹകാരികളോടും പ്രൈമറി സംഘങ്ങളോടും ചോദിച്ചാൽ അവർക്ക് നേരത്തേയുണ്ടായിരുന്ന സംവിധാനമായിരുന്നു തൃപ്തികരമെന്ന് പറയും. കാരണം അവരുടെ പ്രവർത്തനത്തിന് സഹായിക്കുന്ന, ഒരു പ്രൈമറി സംഘത്തെ സഹായിക്കുന്ന, അവർക്ക് വായ്പ കിട്ടാൻ സാധിക്കുന്ന സാഹചര്യം അതിനുണ്ടായിരുന്നു. രണ്ടുകാര്യത്തിൽ എനിക്ക് വ്യക്തമായ അനുഭവമുണ്ട്. എന്റെ നിയോജകമണ്ഡലത്തിൽ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഒരു സംഘത്തിന് പ്രവർത്തിക്കാൻ കഴിയുന്നില്ല. വെട്ടിപ്പ് നടത്തിയിട്ടല്ല, ജീവനക്കാർക്ക് ശമ്പളം കൊടുക്കാൻ കാശില്ലാത്തതുകൊണ്ടാണ്. ഡെപ്പോസിറ്റർമാർ അവിടെ വന്ന് മടങ്ങിപ്പോകുകയാണ്. അവർ സമര സമിതി രൂപീകരിച്ച് സമരം ചെയ്യുകയാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ കണ്ട് സംസാരിച്ചു. അദ്ദേഹം കണ്ണൂരിൽ വന്നപ്പോൾ ഞങ്ങളെയെല്ലാം ഇരുത്തി ചർച്ച ചെയ്തു. ബഹുമാനപ്പെട്ട മന്ത്രി കേരള ബാങ്കിന്റെ അധികാരികളോടും ജില്ലാ ജോയിന്റ് രജിസ്ട്രാറോടും ഇക്കാര്യത്തിൽ പ്രത്യേക താൽപ്പര്യമെടുക്കണമെന്ന് പറഞ്ഞു. അവരോട് സംസാരിക്കുമ്പോൾ അവർ പറയുന്നതെന്താണ്? ആ ബാങ്കിനെ സഹായിക്കാൻ വേറൊരു ബാങ്ക് ആ ബാങ്കിന്റെ ബാധ്യതകൾ പകുതി ഏറ്റെടുക്കാമെന്ന് പറഞ്ഞുവെന്നാണ്. ഒരു അമാൽഗമേഷന്റെ പ്രോസസ്സാണ്. അവസാനം കേരള ബാങ്ക് പ്രസിഡന്റിനെ ഞാൻ കഴിഞ്ഞ ദിവസം വിളിച്ചപ്പോൾ അവർക്ക് മുകളിൽനിന്നും നിയന്ത്രണമുണ്ടെന്നാണ് പറഞ്ഞത്. റിസർവ് ബാങ്കിന്റെ നിയന്ത്രണമുണ്ട്. കേരള ബാങ്കിന്റെ ഭരണ സമിതിയുടെ (ബോർഡ് ഓഫ് ഡയറക്ടേഴ്സ്) മുകളിൽ വേറൊരു മാനേജിംഗ് കമ്മിറ്റിയുണ്ട്. റിട്ടയേർഡ് റിസർവ് ബാങ്ക് ഉദ്യോഗസ്ഥന്മാരുള്ള ഒരു മാനേജിംഗ് കമ്മിറ്റിയാണ് കേരള ബാങ്കിന്റെ പോളിസി ഡിസിഷനെടുക്കുന്നത്. അവരെ നമുക്ക് സമീപിക്കാമെന്ന് പറയുന്നത് ഒരു ദുരവസ്ഥയാണ്. ആ സംഘത്തിന്റെ പ്രവർത്തനക്ഷമമല്ലാത്ത സാഹചര്യം കണക്കിലെടുത്തുകൊണ്ട് ഞാൻ ഒരു കാര്യം കൂടി പറയുകയാണ്. നിയമസഭയിൽ ഞാൻ ചോദിച്ച ചോദ്യത്തിന് വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ പോസിറ്റീവായി ഉത്തരം പറഞ്ഞതാണ്. ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം സംബന്ധിച്ച് മുൻ മന്ത്രിയോട് ഞാൻ ചോദിക്കുകയും എഴുതിക്കൊടുക്കുകയും ചെയ്തിരുന്നു. ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം കേരളത്തിലുണ്ടെന്ന് പറഞ്ഞു. ഞാൻ ഒരു ഇൻഫർമേഷനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുകയാണ്? ആ സ്കീമിൽ കോടിക്കണക്കിന് രൂപ സംഘങ്ങൾ അടച്ചതാണ്. ഓരോ സംഘവും ഡെപ്പോസിറ്റ് സ്വീകരിക്കുമ്പോൾ ആ ഡെപ്പോസിറ്റിന് ഒരു ബ്ലാങ്കറ്റ് ഗ്യാരന്റി കിട്ടുന്നതിനുവേണ്ടിയാണ് ഈ

സ്കീമുണ്ടാക്കിയിരിക്കുന്നത്. സംഘങ്ങൾ അതിനനുസരിച്ച് ഓരോ വർഷത്തെയും നിക്ഷേപത്തിന്റെ ആനുപാതികമായ സംഖ്യ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ അടയ്ക്കണം. പക്ഷേ ഈ പണം എന്തുചെയ്യ; ആർക്കെങ്കിലും കൊടുത്തോ? സംഘങ്ങളിൽ പണം നിക്ഷേപിച്ചവരുണ്ട് ആ നിക്ഷേപകർക്ക് പണം തിരിച്ചുകൊടുക്കാൻ കഴിയാത്ത സംഘങ്ങളുണ്ട്, ഉദാഹരണത്തിന് കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിന്റെ കാര്യമെടുക്കാം. ആ ബാങ്കിൽ ലക്ഷക്കണക്കിന് രൂപ നിക്ഷേപിച്ച ഒരു വീട്ടമ്മ ഗുരുതരമായ രോഗം വന്ന് ചികിത്സയ്ക്ക് പണമില്ലാതെ മരണപ്പെട്ടു. ആ സന്ദർഭത്തിൽ അവർക്ക് ചികിത്സാ സഹായം ലഭ്യമാക്കാൻ ബാങ്കിന് സാധിച്ചില്ല. ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീം നിലനിൽക്കെ ആ സ്കീം ഫലപ്രദമാണെങ്കിൽ, ആ സ്കീമിലെ വ്യവസ്ഥകൾ ഇൻവോക്ക് ചെയ്തിരുന്നെങ്കിൽ, വ്യവസ്ഥകൾ ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിൽ ഭേദഗതി വരുത്തിയിരുന്നെങ്കിൽ ആ വീട്ടമ്മയ്ക്ക് ചികിത്സയ്ക്ക് പണം കൊടുക്കാൻ സാധിക്കുമായിരുന്നു. അവർ മരിച്ചതിനുശേഷം ബഹുമാനപ്പെട്ട മന്ത്രിമാരും നേതാക്കളും ഉദ്യോഗസ്ഥരും വിവാദ പ്രസ്താവനകൾ നടത്തി കൂടുങ്ങിയതിന്റെ അടിസ്ഥാനത്തിൽ പിന്നീട് ബഹുമാനപ്പെട്ട മന്ത്രി തന്നെ പോയി അവരുടെ കുടുംബത്തിന് 35 ലക്ഷം രൂപ കൊടുത്തു. ആ സ്ത്രീക്ക് ചികിത്സ നൽകാൻ കുടുംബത്തിന് സാധിക്കാതെ വന്നതുകൊണ്ടാണ് അവർ ദാരുണമായി മരിച്ചത്. ഈ ഭേദഗതിയുടെ ഭാഗമായി ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽ രണ്ടുലക്ഷം രൂപ വരെ മാത്രമാണ് ഇപ്പോൾ കൊടുക്കുന്നത്. അതും കൊടുക്കുന്നത് ഈ സംഘം ലിക്വിഡേറ്റ് ചെയ്യുന്ന സമയത്ത് മാത്രമാണ്. ലിക്വിഡേഷൻ നടത്തണം. എന്റെ പോയിന്റ്, ലിക്വിഡേഷൻ ഒഴിവാക്കിക്കൊണ്ട് സംഘത്തെ സംരക്ഷിച്ചുനിർത്താൻ; സംഘത്തിലെ ജീവനക്കാരുടെയോ ഭരണ സമിതിയുടെയോ ഗുരുതരമായ വീഴ്ചകൊണ്ടല്ല സംഘത്തിന് സാമ്പത്തിക പ്രതിസന്ധിയുണ്ടായിട്ടുള്ളതെങ്കിൽ ആ പ്രതിസന്ധിയിൽനിന്ന് അവരെ കരകയറ്റാൻ, ഒരു കൈത്താങ്ങായി നിൽക്കാൻ ഈ ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിന് സാധിക്കണ്ടേ? അതിന് കേവലം രണ്ടുലക്ഷം രൂപയാണ് കൊടുക്കുന്നത്. രണ്ടുലക്ഷം രൂപ ഇന്ന് വലിയ സംഖ്യയല്ല. സംഘത്തിൽ ലക്ഷക്കണക്കിന് രൂപ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ട്. പഞ്ചാബിൽ ജോലി ചെയ്ത അധ്യാപക ദമ്പതിമാർ റിട്ടയർ ചെയ്ത് നാട്ടിൽ വന്നു. ഞാൻ ഇപ്പോൾ പറഞ്ഞ സംഘത്തിലെ ആളുകളെ വിശ്വസിച്ച് മകളുടെ വിവാഹാവശ്യത്തിന് ഉപയോഗിക്കാനായി അവരുടെ റിട്ടയർമെന്റ് ആനുകൂല്യങ്ങളെല്ലാം സംഘത്തിൽ നിക്ഷേപിച്ചു. എന്നാൽ അവർക്ക് ആ തുക മടക്കിക്കിട്ടുന്നില്ല. സാധാരണക്കാരുടെ

പണമാണ് സംഘങ്ങളിൽ നിക്ഷേപിക്കുന്നത്. ഡെപ്പോസിറ്റ് ഗ്യാരന്റി സ്കീമിൽനിന്ന് രണ്ടുലക്ഷം രൂപവരെയാണ് കൊടുക്കാൻ വ്യവസ്ഥയുള്ളത്. അത് 5 ലക്ഷം രൂപയാക്കണമെന്ന് പലരും ആവശ്യപ്പെട്ടു. നിക്ഷേപിച്ച സംഖ്യയുടെ പകുതിയെങ്കിലും മടക്കിക്കൊടുക്കാൻ ഈ സ്കീമിൽ സംവിധാനം വേണ്ടേ? അതുപോലെ ലിക്വിഡേഷൻ സമയത്ത് മാത്രം കൊടുക്കുന്നതിന് പകരം ലിക്വിഡേഷൻ ഒഴിവാക്കി സംഘത്തെ പ്രവർത്തനക്ഷമമാക്കാൻ സാധിക്കുന്ന തരത്തിൽ സഹായകരമാക്കണ്ടേ? ഒരു കൺസോർഷ്യത്തിന്റെ പ്രൊപ്പോസലുണ്ട്. കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിനെ സഹായിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് കൺസോർഷ്യത്തെക്കുറിച്ച് ആലോചിച്ചെങ്കിലും അത് പാളിപ്പോയി. അതുകൊണ്ട് ഇപ്പോൾ നിയമത്തിൽ പുതിയ ഭേദഗതി വ്യവസ്ഥ ചെയ്തിരിക്കുകയാണ്, കൺസോർഷ്യം എന്ന ആശയം വന്നിരിക്കുകയാണ്. അതിന്റെ പ്രവർത്തനം എങ്ങനെയാണ്? കേവലം കരുവന്നൂർ ബാങ്കിന്റെ സങ്കുചിതമായ ഒരാവശ്യത്തിനുവേണ്ടി താൽക്കാലികമായി ഉപയോഗപ്പെടുത്തുന്നതിന് പകരം കൺസോർഷ്യത്തിന്റെ പ്രവർത്തനത്തിന് വിപുലീകരിച്ച ഉത്തരവാദിത്വവും സാധ്യതയുമുണ്ടാക്കിക്കൊണ്ട് അതിലെ പങ്കാളിത്തം ശരിയായ രീതിയിൽ ഉറപ്പുവരുത്താനും ഫലപ്രദമായി അതിനെ ഉപയോഗപ്പെടുത്താനും സാധിക്കണം.

ഞാൻ ദീർഘിപ്പിക്കുന്നില്ല. 28-ാം വകുപ്പിലാണ് ഒട്ടുമിക്ക ഭേദഗതികളുമുള്ളത്. ചില ഭേദഗതികൾ സ്വീകാര്യവും സ്വാഗതാർഹവുമാണ്. ഭരണസമിതി അംഗങ്ങളുടെ ടേമിൽ പരിധി നിശ്ചയിക്കുന്നു. 28-ാം വകുപ്പിൽ ഒരു പ്രൊവൈസോ കൊണ്ടുവന്നതിനെ പൊതുവെ സ്വാഗതം ചെയ്യുന്നു. പക്ഷേ അത് രണ്ട് ടേം ആണ്. മൂന്ന് ടേം എങ്കിലും വേണ്ടേ; നിയമസഭയിൽ 10 ടേം ആയവരും 11 ടേം ആയവരും, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി സാഹിബിനെപ്പോലെ 11 കൊല്ലം തുടർച്ചയായി വന്നവരുമുണ്ട്. ബഹുമാന്യനായ മുഖ്യമന്ത്രി പല സ്ഥലങ്ങളിൽനിന്നായി പല ടേമിൽ വന്നിട്ടുണ്ട്. പലരും അങ്ങനെ ആവശ്യപ്പെടുന്നു. പ്രതിപക്ഷനേതാവ് തുടർച്ചയായി 5-ാം തവണ ജയിച്ചുനിൽക്കുകയാണ്. നന്നായി സേവനം ചെയ്യുന്നവരും സഹകരണ മേഖലയിലുണ്ട്. അവരെയെല്ലാം രണ്ട് ടേമിൽ മാത്രം ഒതുക്കുന്നതിനുപകരം മൂന്ന് ടേം കൊടുക്കാൻ സാധിക്കുമോയെന്ന് ചില സഹകാരികൾ തന്നെ ആവശ്യപ്പെടുന്നു. ഈ ബിൽ അവർ വായിച്ചിട്ടുണ്ട്. ചില ആളുകൾ സംസാരിച്ചിട്ടുണ്ട്. ഏതായാലും ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് പോകുമ്പോൾ അക്കാര്യം വിപുലമായി ചർച്ച ചെയ്യപ്പെടുമെന്നുള്ളതുകൊണ്ടാണ് ഈ നിർദ്ദേശം കൂടി മുന്നോട്ടുവയ്ക്കുന്നത്.

<u>ചെയർപേഴ്സൺ</u>: പ്ലീസ്... അങ്ങ് കൺക്ലൂഡ് ചെയ്യണം.

ശ്രീ. സണ്ണി ജോസഫ്: സർ, സംഘങ്ങളെ പിരിച്ചുവിടാനുള്ള ഒരു വ്യഗ്രതയുണ്ട്. കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ എന്താണ് സംഭവിച്ചത്? ഡിപ്പാർട്ടുമെന്റ് ഇക്കാര്യങ്ങളൊക്കെ നേരത്തേ അറിഞ്ഞു, അവിടെ എല്ലാ അന്വേഷണവും നടത്തി. ഓഡിറ്റ് വിംഗും ഇൻസ്പെക്ഷൻ വിംഗും കോടികളുടെ തിരിമറി അന്വേഷിച്ചതിനുശേഷം അത് തങ്ങളുടെ കുട്ടിയായതുകൊണ്ട് അവരുടെ പേരിൽ ഡിപ്പാർട്ടുമെന്റ് തലത്തിൽ/ഗവൺമെന്റ് തലത്തിൽ നടപടിയെടുത്തില്ല. അതേസമയം പല സ്ഥലത്തും തെറ്റായ രൂപത്തിൽ 32-ാം വകുപ്പിനെ സൂപ്പർസീഡ് ചെയ്യാനുള്ള നടപടികളുണ്ട്. അതുപോലെ 65-ാം വകുപ്പിൽ എൻക്വയറിയെക്കുറിച്ച് പറയുന്നുണ്ട്. ആ എൻക്വയറി എന്താണ്? ഒരു പ്രാഥമിക അന്വേഷണം പോലും നടത്താതെ കേവലമൊരു പരാതിയുടെ അടിസ്ഥാനത്തിൽ എൻക്വയറിയും അതിന്റെ തുടർനടപടികളും എന്നുവരുമ്പോൾ പ്രതിപക്ഷ കക്ഷികൾ ഭരിക്കുന്ന ചില സംഘങ്ങളിലെങ്കിലും ഡെമോക്ലീസിന്റെ വാൾ പോലെ എൻക്വയറിയും പിരിച്ചുവിടൽ നടപടികളും നിൽക്കുകയാണ്. പിരിച്ചുവിടൽ ഉണ്ടെങ്കിൽ നോട്ടീസ് നിർബന്ധമാക്കുകയും നോട്ടീസിന് മറുപടി കൊടുക്കാനുള്ള കാലാവധി നിയമത്തിൽ തന്നെ വ്യവസ്ഥ ചെയ്യുകയും വേണം. ഞാൻ ദീർഘിപ്പിക്കാൻ ഉദ്ദേശിക്കുന്നില്ലെങ്കിലും ഏറ്റവും പ്രധാനപ്പെട്ട കാര്യമായ സഹകരണ തത്വങ്ങളെക്കുറിച്ച് പറയേണ്ടിയിരിക്കുന്നു. ചെറുപ്പകാലത്ത് ഞാൻ ഒരു പ്രൈമറി ബാങ്കിന്റെ പ്രസിഡന്റായിരുന്നു. സെമിനാറിനൊക്കെ പോകുമ്പോൾ സഹകരണ തത്വങ്ങളും ആക്ടും ഒന്നോ രണ്ടോ പ്രാവശ്യം വായിച്ചുനോക്കിയിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി അക്കാര്യങ്ങൾ നന്നായി മനസ്സിലാക്കിയിട്ടുണ്ടെന്ന് ശ്രീ. പി. സി. വിഷ്ണുനാഥ് എന്നോട് പറഞ്ഞു. സഹകരണ തത്വങ്ങളിലെ ഏറ്റവും അടിസ്ഥാനതത്വം സഹകരണ ജനാധിപത്യവും സംഘങ്ങൾ തമ്മിലുള്ള സഹകരണമുൾപ്പെടെയുള്ളവയുമാണ്. ആ സഹകരണ ജനാധിപത്യം നിങ്ങളുടെ കാലത്ത് ഇവിടെ സുരക്ഷിതമാണോ? നിങ്ങളുടെ പൂർവ്വകാലത്ത് അത് ഭദ്രമായിരുന്നില്ല.

ചെയർപേഴ്സൺ: അങ്ങ് ദയവായി ചുരുക്കണം.

ശ്രീ. സണ്ണി ജോസഫ്: സർ, സഹകരണ ജനാധിപത്യം ഏറ്റവും പ്രധാനപ്പെട്ടതാണ്. അതിലേയ്ക്കാണ് ഞാൻ വരുന്നത്. ആരാണ് എ.കെ.ജി.? അത് നമ്മളെല്ലാം ബഹുമാനിക്കുന്ന നാമധേയമാണ്. പക്ഷേ ആ നാമധേയത്തെ എ.കെ.ജി. മോഡൽ എന്നുപറഞ്ഞാൽ കേരളത്തിലെ ജനങ്ങൾ ഓർമ്മിക്കുന്നത് കണ്ണൂർ എ.കെ.ജി. ആശുപത്രിയിൽ എം.വി.ആർ.-നെ ചെരുപ്പ് മാലയണിയിച്ച് ആശുപത്രി പിടിച്ചെടുത്ത സഹകരണ ജനാധിപത്യ ധ്വംസനമാണ്.

അതുപോലെയാണ് പരിയാരം മെഡിക്കൽ കോളേജും. എം.വി.ആർ. മന്ത്രിയും കെ. കരുണാകരൻ മുഖ്യമന്ത്രിയുമായിരുന്നപ്പോൾ പരിയാരം മെഡിക്കൽ കോളേജ് ആരംഭിച്ച സമയത്ത് അത് ആവശ്യമില്ലെന്ന് പറഞ്ഞ ആളുകൾ ആ പരിയാരം മെഡിക്കൽ കോളേജിന്റെ ഉദ്ഘാടനത്തിനായി കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി എ. ആർ. ആന്തുലെ വന്നപ്പോൾ റോഡ് ഉപരോധിച്ചതുമൂലം അദ്ദേഹത്തിന് അവിടെയെത്താൻ കഴിഞ്ഞില്ല. കണ്ണൂർ മുതൽ പരിയാരം വരെ അന്ന് റോഡ് ഉപരോധിച്ചിരുന്നു. പിന്നെ അദ്ദേഹം എങ്ങനെ വന്നുവെന്ന് ശ്രീ. കെ. പി. മോഹനന് നന്നായറിയാം. ലീഡർ കെ. കരുണാകരൻ എ. ആർ. ആന്തുലയെ കോഴിക്കോട് നിന്ന് ഹെലികോപ്റ്ററിൽ കയറ്റിയാണ് പരിയാരം മെഡിക്കൽ കോളേജിൽ എത്തിച്ചത്. പരിയാരം മെഡിക്കൽ കോളേജ് ഉദ്ഘാടനത്തിന് അന്നത്തെ കേരള മുഖ്യമന്ത്രിക്കും കേന്ദ്രമന്ത്രിക്കും റോഡിലൂടെ എത്താൻ സാധിച്ചില്ല, ഹെലികോപ്ടറിലാണ് വരേണ്ടി വന്നത്. ആ പരിയാരം മെഡിക്കൽ കോളേജ് പിടിച്ചെടുത്തത് എങ്ങനെയാണ്? സഹകരണ ജനാധിപത്യത്തെ കശാപ്പ് ചെയ്തിട്ടാണ്. അതുകൊണ്ട് സഹകരണ തത്വങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ട സഹകരണ ജനാധിപത്യം സംരക്ഷിക്കാൻ പ്രധാനപ്പെട്ട തെരഞ്ഞെടുപ്പുകൾ നീതിപൂർവ്വമാകണം. കഴിഞ്ഞ നവംബർ മാസം 12-ാം തീയതി ഇരിക്കൂറിൽ ശ്രീ. സജീവ് ജോസഫിന്റെ സാന്നിദ്ധ്യത്തിലാണ് എരുവേശ്ശി സർവ്വീസ് സഹകരണ ബാങ്ക് തെരഞ്ഞെടുപ്പ് നടന്നത്. തെരഞ്ഞെടുപ്പ് ന്യായയുക്തമായി നടന്നാൽ യു.ഡി.എഫ്.-ന്റെ ഒരു പാനൽ അവിടെ ജയിച്ചുവരുമെന്ന് എല്ലാവർക്കും ഉറപ്പാണ്. അവിടത്തെ പൊളിറ്റിക്സ്, ജനനിലപാട്, ജനവിശ്വാസം ആർക്കാണെന്ന് എല്ലാവർക്കുമറിയാം. പഞ്ചായത്ത് ഭരണം തുടർച്ചയായി കോൺഗ്രസ്സിന്റെയും യു.ഡി.എഫ്.-ന്റെയും കൈവശമാണ്. എരുവേശ്ശി സർവ്വീസ് സഹകരണ ബാങ്ക് ജനാധിപത്യ അട്ടിമറിയിലൂടെ നിങ്ങൾ പിടിച്ചെടുത്തു. അവിടെ ഇപ്രാവശ്യവും തെരഞ്ഞെടുപ്പുണ്ടായിരുന്നു. യഥാർത്ഥ വോട്ടർമാരെ മാറ്റി വ്യാജവോട്ടർമാർ രാവിലെ തന്നെയെത്തി. അവരെ മാറ്റാൻ പോലീസുകാർ ശ്രമിച്ചെങ്കിലും അവർക്ക് മുകളിൽനിന്നും നിർദ്ദേശം ലഭിച്ചു. അവിടെ സഹകരണ ജനാധിപത്യം പരാജയപ്പെട്ടു. എനിക്ക് ഒരു അനുഭവമുണ്ട്. ഞാൻ ഉളിക്കൽ സർവ്വീസ് സഹകരണ ബാങ്കിന്റെ പ്രസിഡന്റായിരുന്നപ്പോൾ അവിടെ തെരഞ്ഞെടുപ്പ് നടന്നു. അന്ന് ഇടതുപക്ഷത്തിന്റെ ഭരണ കാലമായിരുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ഇരുപത് മിനിട്ട് കഴിഞ്ഞു. പ്ലീസ്....

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പറഞ്ഞവസാനിപ്പിക്കാം.

തെരഞ്ഞെടുപ്പ് നടക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 6.00 മണിമുതൽ ഐഡന്റിറ്റി കാർഡുള്ള ഞാൻ ഉൾപ്പെടെയുള്ള ആയിരക്കണക്കിന് യഥാർത്ഥ വോട്ടർമാർ തെരഞ്ഞെടുപ്പ് നടക്കുന്ന സ്കൂളിന്റെ മുമ്പിൽ സ്യൂട്ട്കേസിൽ തല വച്ച് റോഡിലാണ് കിടന്നുറങ്ങിയത്. അങ്ങനെയാണ് അവിടെ ജനാധിപത്യം സംരക്ഷിച്ചത്. കണ്ണൂർ ജില്ലയിലുള്ള ഈ ജനാധിപത്യ ധ്വംസനം ഇന്ന് കേരളത്തിലെ മറ്റു സ്ഥലങ്ങളിലേയ്ക്കും വ്യാപിക്കുന്നത് ചെറുക്കാൻ കൂടി ഈ നിയമത്തിൽ വ്യവസ്ഥ വേണം. ഇതെല്ലാം ഉൾക്കൊള്ളുന്ന ഒരു സമഗ്ര ഭേദഗതിയാണ് ആവശ്യമെന്ന് സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ബഹുമാനപ്പെട്ട സണ്ണി ജോസഫ് ഇവിടെ സൂചിപ്പിച്ച ചില വിഷയങ്ങൾക്ക് മുമ്പ് തന്നെ ഞാൻ മറുപടി പറഞ്ഞിരുന്നു. ഒന്ന്, നിക്ഷേപ ഗ്യാരണ്ടി സ്കീം - ലിക്വിഡേഷനിൽ പോകുന്ന സംഘത്തിലെ ഒരു നിക്ഷേപകന് രണ്ട് ലക്ഷം രൂപയാണ് കൊടുക്കുന്നതെങ്കിൽ അതിൽ മാറ്റം വേണമെന്ന് പ്രതിപക്ഷത്തുനിന്നും ഭരണപക്ഷത്തുനിന്നും ചർച്ച വരികയുണ്ടായി. അക്കാര്യത്തിൽ ബൈലോയിൽ ഭേദഗതി വരുത്താൻ തീരുമാനമെടുത്ത് കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുകയാണ്. രണ്ട്, ഈ വിഷയത്തിൽ ഒരു സഹകരണ സംരക്ഷണ നിധി രൂപീകരിക്കാൻ തീരുമാനിച്ച കാര്യം ഞാൻ സഭയിൽ പറഞ്ഞിരുന്നു. അത് ആരെയും ബുദ്ധിമുട്ടിക്കാതെ, മുമ്പ് നമ്മുടെ ബാങ്കുകളിൽനിന്നും കൊടുത്ത ലാഭത്തിലെ ചെറിയൊരു അംശം അതായത് 1200 കോടിയോളം രൂപ ഇപ്പോൾ കേരള ബാങ്കിൽ നിക്ഷേപമുണ്ട്. അവർക്ക് 6 ശതമാനം പലിശ കൊടുത്തുകൊണ്ടുതന്നെ ഒരു സഹകരണ സംരക്ഷണ നിധി രൂപീകരിച്ച് ഏത് സംഘം നാളെകളിൽ വയബിളായ പ്രോജക്ടുമായി വരുന്നുവോ, ഏതെങ്കിലും തരത്തിൽ പിന്നോക്കം പോയാൽ അവരെ മുന്നോക്കം കൊണ്ടുവരാൻ സഹായിക്കുന്ന തരത്തിൽ ആ നിധി ഇപ്പോൾ രൂപീകരിച്ചു. സ്കീം ആയി. അതിന്റെ ബാക്കി നടപടിക്രമങ്ങൾ പൂർത്തീകരിച്ചാൽ ഉദ്ഘാടനം നടത്താം. അങ്ങ് ഉദ്ദേശിച്ച രണ്ട് കാര്യങ്ങൾക്ക് ക്രിയാത്മകമായ നീക്കങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. ഇക്കാര്യം നേരത്തെ തന്നെ സൂചിപ്പിച്ചതാണ്.

അങ്ങ് സൂചിപ്പിച്ച മറ്റൊരു കാര്യം, കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ എടുത്ത നടപടികളുമായി ബന്ധപ്പെട്ടതാണ്. മരണപ്പെട്ട സ്ത്രീക്ക് ചികിത്സയ്ക്കായി പണം സമയത്ത് കൊടുത്തില്ലെന്ന് ഇവിടെ പറഞ്ഞു. യഥാർത്ഥത്തിൽ അവർക്ക് ആദ്യം 4 ലക്ഷം രൂപ കൊടുത്തിരുന്നു. മൂന്നാമത് ചോദിച്ച ഘട്ടത്തിൽ കൊടുക്കാൻ കഴിഞ്ഞില്ലെന്നുള്ളത് ശരിയാണ്. അതിനുശേഷം അവരുടെ മൂഴുവൻ നിക്ഷേപവും മടക്കിക്കൊടുത്തു. മാത്രമല്ല കരുവന്നൂർ സർവ്വീസ്

സഹകരണ ബാങ്ക് ഇപ്പോൾ സാധാരണ നിലയിൽ പ്രവർത്തനം ആരംഭിച്ചിരിക്കുകയാണെന്നുകൂടി അങ്ങയെ വിനയപൂർവ്വം അറിയിക്കുകയാണ്. കഴിഞ്ഞ മാസം 32 ലക്ഷം രൂപയുടെ ഗോൾഡ് ലോൺ കൊടുത്തുകഴിഞ്ഞു. അമ്പത്തിനാലുകോടി 60 ലക്ഷം രൂപ നിക്ഷേപകർക്ക് തിരിച്ചുകൊടുത്തു. ഇപ്പോൾ പത്ത് കോടി അറുപത് ലക്ഷം രൂപയുടെ പുതിയ നിക്ഷേപം ആ ബാങ്കിൽ വന്നു. കൂടാതെ മറ്റ് പ്രാദേശിക സംഘങ്ങൾ കൂടി സഹകരിച്ച് അവരുടെ കോൺടിബ്യൂഷനായി 20 കോടിയോളം രൂപയും ലഭിച്ചിട്ടുണ്ട്. ആ സംഘം സാധാരണ നിലയിൽ പ്രവർത്തിക്കുമ്പോൾ തന്നെ തട്ടിപ്പിന് ഉത്തരവാദികളായവരെയെല്ലാം നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്ന് പറഞ്ഞിരുന്നു. ഡിപ്പാർട്ടുമെന്റിലെ 16 ഉദ്യോഗസ്ഥരെയും സംഘത്തിലെ 7 പേരെയും സസ്പെൻഡ് ചെയ്യുകയും ഭരണസമിതിയെ പിരിച്ചുവിടുകയും ചെയ്തു. അവരുടെ പേരിൽ പോലീസും വിജിലൻസും കേസെടുത്തു. ഡിപ്പാർട്ടുമെന്റ് എൻക്വയറി നടത്തി അത് കോടതിയിലെത്തിച്ചു. ഇപ്പോൾ 5 പേരുടെ പേരിൽ വിജിലൻസ് കോടതി 54 കോടി രൂപ വസൂലാക്കാൻ ഉത്തരവിട്ടിരിക്കുകയാണെന്ന സന്തോഷ വാർത്ത അറിയിക്കുകയാണ്. സഹകരണ മേഖലയിൽ ഏതെങ്കിലും ക്രമക്കേടുണ്ടായാൽ ഒരാളെയും അത് X or Y, എൽ.ഡി.എഫ്. എന്നോ യു.ഡി.എഫ്. എന്നോ നോക്കാതെ നടപടി സ്വീകരിച്ച് സർക്കാർ മുന്നോട്ടുനീങ്ങുകയാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച നടപടിയെല്ലാം ഫലപ്രദമായിരുന്നു. അത് ലക്ഷ്യം കണ്ടുവെന്ന കാര്യം കൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

നോട്ട് നിരോധനവുമായി ബന്ധപ്പെട്ട വിഷയം അങ്ങ് സൂചിപ്പിച്ചു. അതുസംബന്ധിച്ച പ്രശ്നം വന്നപ്പോൾ എൽ.ഡി.എഫ്. യു.ഡി.എഫ്. വ്യത്യാസമില്ലാതെ ഈ സഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കി. മുമ്പ് കേന്ദ്രം കവർന്നെടുക്കുന്ന അവകാശത്തെ സംബന്ധിച്ചുള്ള പ്രമേയവും ഐകകണ്ഠ്യേന പാസ്സാക്കിയിരുന്നു. ഏറ്റവുമവസാനം ആർ.ബി.ഐ.-യുടെ ഭാഗത്തുനിന്നും നീക്കം വന്നപ്പോഴും യോജിച്ച പ്രക്ഷോഭമായിരുന്നു നടത്തിയത്. അങ്ങനെ സഹകരണ മേഖലയിൽ യോജിച്ചാണ് ഇപ്പോഴും പോയിക്കൊണ്ടിരിക്കുന്നത്. അതിൽ ഒരു തർക്കവുമില്ല. തെരഞ്ഞെടുപ്പ് നടക്കുന്ന ഘട്ടത്തിൽ ഒരുപക്ഷെ അങ്ങോട്ടുമിങ്ങോട്ടും തർക്കമുണ്ടാകാം. ഇവിടെ ജനാധിപത്യ ധ്വംസനമുണ്ടെന്ന് അങ്ങ് പറഞ്ഞത് പഴയകാല സംഭവങ്ങളാണ്. അത് നിങ്ങളുടെയും ഞങ്ങളുടെയും ഭാഗത്ത് നിന്നുമുണ്ടായിട്ടുണ്ട്. അടുത്ത കാലത്ത് തൊടുപുഴയിൽ തെരഞ്ഞെടുപ്പ് നടക്കുമ്പോൾ ഒരു കോൺഗ്രസ്സുകാരന്റെ വീട്ടിൽനിന്നും 1200 കാർഡാണ് പോലീസ് പിടിച്ചെടുത്തത്. തൊടുപുഴ പോലീസ് രജിസ്റ്റർ ചെയ്ത കേസ് ഇപ്പോഴും നിലനിൽക്കുകയാണ്. അത്തരത്തിലുള്ള പ്രവർത്തനം പണ്ടുകാലത്ത് നടന്നിട്ടുണ്ട്. ഇപ്പോൾ ജനാധിപത്യപരമായ ഉള്ളടക്കത്തോടുകൂടി ആ മേഖല സുതാര്യമായും

അതോടൊപ്പം ശാന്തമായും മുന്നോട്ടുപോകുന്ന അവസ്ഥയാണ്. പുതിയ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള പ്രൊപ്പോസലുകൾ അത് കൂടുതൽ സുതാര്യമാക്കാൻ സഹായിക്കുന്നതാണ്. പിന്നീട് അങ്ങ് സൂചിപ്പിച്ചത് രണ്ട് ടേൺ എന്നുള്ളത് മൂന്ന് ടേൺ ആക്കണമെന്നാണ്. ഏതായാലും ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കുകയാണ്. പൊതുവിൽ എല്ലാവരുടെയും അഭിപ്രായം വന്നതിനുശേഷം തീരുമാനിക്കാം. സെലക്ട് കമ്മിറ്റിയിൽ ജീവനക്കാരുടെയും സഹകാരികളുടെയുമെല്ലാം അഭിപ്രായങ്ങൾ കൂടി സ്വീകരിച്ചുകൊണ്ട് മാത്രമേ ഇത് പൂർത്തീകരിക്കുകയുള്ളൂ. അതുകൊണ്ട് അങ്ങേയ്ക്ക് ഇക്കാര്യത്തിൽ കൂടുതൽ കാര്യങ്ങൾ പറയാനുള്ള സന്ദർഭം വരുമ്പോൾ പറയാവുന്നതാണ്.

ഒരു കാര്യവുമില്ലാതെ അങ്ങ് ഇവിടെ രാഷ്ട്രീയം വലിച്ചിഴച്ചു. എന്തിനാണ് ഇങ്ങനെ കൊണ്ടുവന്നത്? ഈ രംഗത്ത് വളരെ അനുഭവ സമ്പത്തുള്ള ഒരു നിയമജ്ഞൻ കൂടിയായ അങ്ങയുടെ ഭാഗത്തുനിന്നും ക്രിയാത്മകമായ നല്ലൊരു ചർച്ചയാണ് പ്രതീക്ഷിച്ചത്. പക്ഷേ തുടങ്ങിവച്ചത് സി.പി.ഐ.(എം.)-ന്റെ പിന്നോക്കാവസ്ഥയും അതുപോലെ എവിടെയൊക്കെ പോയെന്നുള്ള കാര്യങ്ങളുമൊക്കെയാണ്. ഡോ. മാത്യു കുഴൽനാടൻ മറ്റൊരു കാര്യംകൂടി പറഞ്ഞാണ് പോയത്. യഥാർത്ഥത്തിൽ സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തിൽനിന്നും ഭരണം കൈമാറി കോൺഗ്രസ്സിന്റെ കൈകളിൽ തന്നതാണ്. ഇപ്പോൾ നിങ്ങൾ എവിടെയെത്തി; കുളിപ്പിച്ചു കുളിപ്പിച്ച് കൊച്ചില്ലാതെയായെന്ന് പറഞ്ഞത് പോലെയായി. യഥാർത്ഥത്തിൽ നിങ്ങൾ രാജസ്ഥാനിലും ഹിമാചൽ പ്രദേശിലും *ഭരണം* കിട്ടിയപ്പോഴും രണ്ട് ചേരിയായിത്തിരിഞ്ഞ് മുഖ്യമന്ത്രിയുടെ മുന്നിൽ മുദ്രാവാക്യം വിളിക്കുകയാണ്. ഇതാണ് നിങ്ങളുടെ ഗതികേട്. യഥാർത്ഥത്തിൽ കോൺഗ്രസിന്റെ സ്ഥിതി പൊതുവിലെടുത്താൽ xxx xxx* നിൽക്കുന്ന അവസ്ഥയിലാണ്. അത്രയേയുള്ളൂ.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, അങ്ങ് ഇത് പറഞ്ഞതുകൊണ്ട് ചോദിക്കുകയാണ്. അങ്ങയുടെ പാർട്ടിക്ക് എത്രകിട്ടി? ഞങ്ങൾക്ക് ഇത്രയേയുള്ളൂ, സമ്മതിച്ചു. കാരണം ഞങ്ങൾ ഭരണഘടന നിർമ്മിച്ചവരാണ്, പ്യൂറൽ പൊളിറ്റിക്കൽ പാർട്ടി അംഗീകരിച്ചവരാണ്. അതുകൊണ്ട് അപ്പുറത്തും ഇപ്പുറത്തുമെല്ലാം വരും. ഒരു സംശയവുമില്ല. പക്ഷെ അങ്ങയുടെ പാർട്ടിക്ക് അവിടെ ഒരാളുണ്ടായിരുന്നു. അദ്ദേഹത്തിന് എത്രാമത്തെ സ്ഥാനമാണ് അവിടെ കിട്ടിയതെന്ന് ദയവായി ഒന്ന് ആലോചിച്ച് നോക്കണം.

---

* ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി പ്രസ്തുത പരാമർശം പിൻവലിച്ചു.

ശ്രീ. വി. എൻ. വാസവൻ: സർ, ഞാൻ പറഞ്ഞുവന്ന രാഷ്ട്രീയത്തിന്റെ കാര്യമൊന്ന് തീർത്തോട്ടെ. നിങ്ങളുടെ വലിപ്പം എവിടെ എത്തിനിൽക്കുന്നുവെന്ന് മനസ്സിലാക്കാൻ അത് പരിശോധിച്ചാൽ മതി.

ഇപ്പോൾ കോൺഗ്രസ് അഭിമുഖീകരിക്കുന്ന പ്രശ്നമെന്താണെന്ന് ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് അറിയാം. കോളമ്നിസ്റ്റായ പ്രൊഫസർ മാടവന ബാലകൃഷ്ണപിള്ള പണ്ടൊരു കോളമെഴുതിയത് ഞാൻ ഓർക്കുന്നു. ലോക മലയാളി സമ്മേളനം അമേരിക്കയിൽ നടക്കുന്നു. അമേരിക്കയിലേയ്ക്ക് കേരളത്തിൽനിന്നും കപ്പൽ മാർഗ്ഗം വലിയൊരു കണ്ടെയ്നറിൽ ഞണ്ടിനെ കൊണ്ടുപോകുകയാണ്. നടുക്കടലിൽ എത്തിയപ്പോൾ കണ്ടെയ്നറിന്റെ അടപ്പ് തുറന്നുപോയി. കപ്പലിലുള്ളവരെല്ലാം ബഹളംകൂട്ടി. ഇത് കയറിവന്നാൽ എല്ലാവരെയും ഇറുക്കും, ആകെ കുഴപ്പത്തിലാകും. അപ്പോൾ മലയാളിയായ കപ്പിത്താൻ പറഞ്ഞു, 'ആരും ഭയപ്പെടേണ്ടതില്ല. ഞണ്ട് പുറത്ത് വരില്ല. മുഴുവൻ ഞണ്ടും മലയാളികളാണ് ' എന്ന്. അതിന്റെ അർത്ഥം, ആര് മുകളിലേയ്ക്ക് കയറുന്നോ അവരെയെല്ലാം താഴെയുള്ളവർ വലിച്ചുകൊണ്ടിരിക്കും. ഇപ്പോൾ കോൺഗ്രസ്സിൽ നടക്കുന്നതുപോലെ. ശ്രീ. അശോക് ഗെഹ്ലോട്ട് മുകളിലേയ്ക്ക് പോയാൽ അപ്പുറത്തുനിന്ന് ശ്രീ. സച്ചിൻ പൈലറ്റ് വലിക്കും. ഇവിടെ ശ്രീ. രമേശ് ചെന്നിത്തല മുന്നോട്ടുവന്നാൽ ഇപ്പുറത്തുനിന്ന് ആര് വലിക്കുമെന്ന് ഞാൻ പറയേണ്ടതില്ലല്ലോ? ഡോ. ശശി തരൂർ ഇപ്പോൾ വേറൊരു വലിയുമായി വരുന്നു. ഇങ്ങനെയുള്ള വലി നടന്നുകൊണ്ടിരിക്കുകയാണ്. ഇതാണ് കോൺഗ്രസ്സിനുള്ളിലെ യഥാർത്ഥ പ്രശ്നം. ഒരെണ്ണത്തിനെയും പോകാൻ സമ്മതിക്കില്ല. യഥാർത്ഥത്തിൽ ആഭ്യന്തര പ്രശ്നം ഒഴിഞ്ഞിട്ടുവേണം നിങ്ങൾക്ക് നാട് നന്നാക്കാൻ. അവനവന്റെ താടി താങ്ങാൻ കഴിയാത്തവർ മറ്റുള്ളവരുടെ അങ്ങാടി താങ്ങുമോ? സ്വന്തം പാർട്ടിയിലെ പ്രശ്നങ്ങൾ പരിഹരിച്ചതിനുശേഷമേ നിങ്ങൾക്ക് നാട്ടുകാര്യങ്ങൾ പരിഹരിക്കാൻ കഴിയുകയുള്ളൂ.

ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയത്തിൽ പ്രധാനമായും നിർദ്ദേശിക്കാനുള്ളത് സർവ്വശ്രീ പി. അബ്ദുൽ ഹമീദ് , ഇ. ചന്ദ്രശേഖരൻ, വി. ജോയി, കോവൂർ കുഞ്ഞുമോൻ, ടി. ഐ. മധുസൂദനൻ, മോൻസ് ജോസഫ്, സെബാസ്റ്റ്യൻ കുളത്തുങ്കൽ, വി. ആർ. സുനിൽ കുമാർ, സണ്ണി ജോസഫ്, കടകംപള്ളി സുരേന്ദ്രൻ, ഡോ. മാത്യു കുഴൽനാടൻ, തോമസ് കെ. തോമസ്, ശ്രീമതി കെ. കെ രമ, ശ്രീമതി ശാന്തകുമാരി കെ. തുടങ്ങിയ 15 അംഗങ്ങളടങ്ങുന്ന ലിസ്റ്റ് സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, സെലക്ട് കമ്മിറ്റി അംഗങ്ങളെ അനൗൺസ് ചെയ്യേണ്ടത് ബഹുമാനപ്പെട്ട ചെയറാണ്.

ശ്രീ. വി. എൻ. വാസവൻ: സർ, അത് ഞാൻ ചോദിച്ചിരുന്നു. അപ്പോൾ ഞാൻ തന്നെ പറയണമെന്ന് പറഞ്ഞു. വകുപ്പുമന്ത്രിയാണ് സെലക്ട് കമ്മിറ്റിയുടെ ചെയർമാൻ.

മി. സ്പീക്കർ: ശ്രീ. പി. നന്ദകുമാർ, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30/12/2022 വരെ സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. നന്ദകുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്, 2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സെലക്ട് കമ്മിറ്റിയിൽ ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി ശ്രീ. വി. എൻ. വാസവൻ, സർവ്വശ്രീ പി. അബ്ദുൽ ഹമീദ്, ഇ. പി. ചന്ദ്രശേഖരൻ, വി. ജോയി, കോവൂർ കുഞ്ഞുമോൻ, ടി. ഐ. മധുസൂദനൻ, മോൻസ് ജോസഫ്, സെബാസ്റ്റ്യൻ കുളത്തുങ്കൽ, വി. ആർ. സുനിൽ കുമാർ, സണ്ണി ജോസഫ്, കടകംപള്ളി സുരേന്ദ്രൻ, തോമസ് കെ. തോമസ്, ഡോ. മാത്യു കഴൽനാടൻ, ശ്രീമതി കെ. കെ രമ, ശ്രീമതി ശാന്തകുമാരി കെ. എന്നീ 15 പേരെയാണ് അംഗങ്ങളായി ചുമതലപ്പെടുത്തിയിരിക്കുന്നത്.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): സർ, ശ്രീ. മാത്യു ടി. തോമസിനെയും പ്രസ്തുത സെലക്ട് കമ്മിറ്റിയിൽ അംഗമായി ഉൾപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: അക്കാര്യത്തിൽ ഭരണപക്ഷത്തിന്റെ അഭിപ്രായം ആദ്യം തന്നെ പറഞ്ഞുതീർക്കേണ്ടതായിരുന്നു.

2022-ലെ കേരള സഹകരണ സംഘ (മൂന്നാം ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

(ii) 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ചർച്ചയ്ക്കുശേഷം സംസാരിക്കാം.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ എന്നിവയിൽ ഞാൻ എന്റെ വിയോജനക്കുറിപ്പ് രേഖപ്പെടുത്തുന്നു. ഈ ബില്ലുകൾക്ക് വിയോജനക്കുറിപ്പ് നൽകിയിട്ടുള്ള ഒരാൾ എന്ന നിലയിൽ ഇവിടെ സംസാരിക്കുമ്പോൾ എനിക്ക് ഓർമ്മ വരുന്നത് എന്റെ മണ്ഡലത്തിൽ ശുചിത്വ മിഷന്റെ ആഭിമുഖ്യത്തിൽ നടന്ന കുറേ പരിപാടികളിൽ ഞാൻ പങ്കെടുത്തിരുന്നു. പുഴയിലെ മാലിന്യങ്ങൾ നീക്കം ചെയ്ത് പുഴകൾ സംരക്ഷിക്കുന്ന പരിപാടിയായിരുന്നു. നദികൾ നമ്മളോട് പറയുന്നതുപോലെയാണ് അവിടെ ചില ബാനറുകളിൽ എഴുതിവച്ചിരിക്കുന്നത്. നദികൾ നമ്മളോട് കേണപേക്ഷിക്കുകയാണ്, "ഞാനൊന്ന് ഒഴുകട്ടെ. എന്നെയൊന്ന് ഒഴുകാൻ വിടൂ" എന്ന്. നദികളെ സംരക്ഷിക്കാൻ സർക്കാരും മന്ത്രിയും സ്വീകരിക്കുന്ന എല്ലാ നടപടികൾക്കും കേരളീയ സമൂഹത്തിന്റെ മുഴുവൻ പിന്തുണയുമുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

സംരക്ഷണത്തിന്റെ ശക്തനായ വക്താവും പ്രയോക്താവുമായ മന്ത്രി എം.എൽ.എ.-മാരെ സംരക്ഷിക്കുന്ന കാര്യത്തിലും താൽപ്പര്യം കാണിക്കണം. ഞാൻ ഇത് പറയാനുണ്ടായ കാരണം നിയമസഭാ സമ്മേളനത്തിനായിവന്ന ഞങ്ങൾക്ക് ഇന്നലെ ട്രെയിനിലുണ്ടായ ദുരനുഭവമാണ്. മാവേലി എക്സ്പ്രസ്സിൽ എ.സി. ത്രീ ടയറിനായിരുന്നു ഞങ്ങൾ ടിക്കറ്റെടുത്തിരുന്നത്. പക്ഷെ സ്ലീപ്പർ ക്ലാസിലേയ്ക്ക് ഞങ്ങൾ എടുത്തെറിയപ്പെട്ടു. സ്ലീപ്പർ ക്ലാസ്സിലും ജനറൽ കമ്പാർട്ടുമെന്റിലുമൊക്കെ സഞ്ചരിക്കുന്നതിൽ വിഷമമൊന്നുമില്ല. അതിൽ സഞ്ചരിക്കുന്ന സാധാരണക്കാരായ എത്രയോ ആളുകളുണ്ട്. അവരിൽപ്പെട്ട ആളുകൾ തന്നെയാണ് നമ്മളും. പക്ഷെ എം.എൽ.എ.മാർ ടിക്കറ്റെടുക്കുന്നത് റെയിൽവേ കൂപ്പൺ ഉപയോഗിച്ചാണ്. റെയിൽവേ കൂപ്പൺവച്ച് ടിക്കറ്റെടുത്താൽ എ.സി. ക്ലാസിൽനിന്ന് സ്ലീപ്പറിലേയ്ക്ക് മാറുമ്പോൾ ന്യായമായും നമുക്ക് ടിക്കറ്റിന്റെ ചാർജിൽ വരുന്ന തുക വ്യത്യാസം തിരിച്ച് നൽകേണ്ടതാണ്. അത് നൽകുന്നില്ല. കൂപ്പൺ ഉപയോഗിച്ച് ടിക്കറ്റെടുത്താൽ നമുക്ക് ഒരിക്കലും അത് റീഫണ്ട് ചെയ്യാൻ സാധിക്കുകയില്ല. യാത്ര കാൻസൽ ചെയ്താൽ ആ പണം പോകുകയും ചെയ്യും. എം.എൽ.എ.മാരുടെ സങ്കടം മനസ്സിലാക്കി ഞങ്ങളെ സംരക്ഷിക്കുന്ന കാര്യത്തിലും ബഹുമാനപ്പെട്ട മന്ത്രി താൽപ്പര്യമെടുക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. ഇക്കാര്യം ബഹുമാനപ്പെട്ട സ്പീക്കർക്കും അറിയാവുന്നതാണ്.

മി. സ്പീക്കർ: അതെ. അത് ഗൗരവത്തോടെ അഡ്രസ് ചെയ്യാം.

2.00 P.M.]

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അങ്ങയുടെ കൂടി ഫലപ്രദമായ ഇടപെടലുണ്ടാകണം. ഇന്നലെ പതിനഞ്ചോളം എം.എൽഎ.-മാർക്കുണ്ടായ തിക്താനുഭവമാണ് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയത്. ഫലപ്രദമായ ഇടപെടലുണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട് (2001-ലെ ആക്ട്-18) വീണ്ടും ഭേദഗതി ചെയ്യുന്നുവെന്നാണ് ഇതിൽ പറയുന്നത്. 20, 23 എന്നീ വകുപ്പുകളാണ് ഭേദഗതി ചെയ്യുന്നത്. നിയമത്തിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കുള്ള പിഴ 25,000 രൂപയിൽനിന്നും 5 ലക്ഷം രൂപയാക്കി മാറ്റുന്നു. നിയമം അനുസരിച്ചില്ലെങ്കിൽ ഓരോ ദിവസവും നൽകേണ്ട 1,000 രൂപ 50,000 രൂപയായി മാറുന്നു. ഇതിനോടൊന്നും ഞാൻ വിയോജിക്കുന്നില്ല. പുഴ സംരക്ഷിക്കുന്നതിനായി 5 ലക്ഷം രൂപയെന്നത് 5 കോടി രൂപയാക്കിയാലും നമുക്കാർക്കും വിയോജിപ്പില്ല. ഇതൊക്കെ ചെയ്താലും മണൽ വാരൽ നിയന്ത്രിക്കാൻ കഴിയുമോ എന്നതിനെക്കുറിച്ചാണ് പരിശോധിക്കേണ്ടത്. നമ്മൾ തലവേദന വരുമ്പോൾ ഡോക്ടറെ സമീപിക്കാറുണ്ട്. എന്നാൽ ഒരു

ഡോകൂടും തല വെട്ടിക്കളയണമെന്ന് നമ്മോട് പറയാറില്ല. ഇതിനൊരു പ്രതിവിധിയുണ്ടാകണം. നമ്മുടെ നാട്ടിൽ അനധികൃത മണൽക്കടത്ത് എന്തുകൊണ്ട് ഉണ്ടാകുന്നുവെന്നതിനെക്കുറിച്ചാണ് ചിന്തിക്കേണ്ടത്. മണൽ കിട്ടാതെ വരുമ്പോൾ ആവശ്യക്കാർ ആരേയും ആശ്രയിക്കും. ഗൾഫ് നാടുകളിൽനിന്നും ഒരു മാസത്തെ അവധിയെടുത്ത് നാട്ടിൽ വരുന്ന നമ്മുടെ പ്രവാസികൾക്ക് പലവിധത്തിലുള്ള ആഗ്രഹങ്ങളും സ്വപ്നങ്ങളുമുണ്ടാകും. 30 ദിവസത്തെ അവധിക്കുള്ളിൽ അവർക്ക് ഒരു വീട് പണിയണമെങ്കിൽ അതിന് ധാരാളം സാധന സാമഗ്രികൾ ആവശ്യമാണ്. അതിൽ ഏറ്റവും അത്യന്താപേക്ഷിതമായ ഒന്നാണ് മണൽ. മണൽ കിട്ടിയില്ലെന്ന കാരണത്താൽ വീട് എന്ന സ്വപ്നം ഒരിക്കലും സാക്ഷാത്കരിക്കപ്പെടാതെ അവധി കഴിഞ്ഞ് ഗൾഫിലേയ്ക്ക് നിരാശരായി മടങ്ങിപ്പോകേണ്ടിവരുന്ന എത്രയോ ആളുകൾ നമ്മുടെ നാട്ടിലുണ്ട്. അങ്ങനെ വന്നാൽ അവർക്ക് എന്ത് ചെയ്യാൻ കഴിയും? വീട് നിർമ്മാണം പുരോഗതിയിലാകുമ്പോൾ അത് പൂർത്തിയാക്കുന്നതിനായി അനധികൃത മണൽ കടത്തുകാരെ ആശ്രയിക്കും. ഇപ്പോൾ അനധികൃത മണൽക്കടത്ത് പിടികൂടുന്നതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർപോലും അവരുടെ വീട് നിർമ്മാണത്തിനായി ഈ അനധികൃത മണൽ കടത്തുകാരെ ആശ്രയിക്കുന്നുണ്ട്. അതിനാൽ ആവശ്യക്കാർക്ക് മണൽ നൽകാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടായാൽ ഇത്തരത്തിലുള്ള അനധികൃത മണൽക്കടത്ത് തടയാൻ സാധിക്കുമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. ആവശ്യക്കാർക്ക് മണൽ നൽകാൻ സർക്കാരിന് കഴിഞ്ഞാൽ അനധികൃതമായി ഒരു തരി മണൽപോലും കടത്താൻ ആരും തയ്യാറാകില്ല, അതിനാണ് സർക്കാർ ശ്രമിക്കേണ്ടത്. അതുപോലെതന്നെ സർക്കാർ തലത്തിൽ നിർമ്മാണത്തിനുവേണ്ട മണൽ ലഭ്യത ഉറപ്പാക്കണം. ഇപ്പോൾ M-Sand, quartz, feldspar, mica എന്നീ ധാതുക്കളാണ് നിർമ്മാണത്തിനായി ഉപയോഗിക്കുന്നത്. ക്വാർട്സ് ഒഴികെയുള്ള ഫെൽഡ്സ്പാർ, മൈക്ക എന്നിവ ഗുണരഹിതമാകുംവിധം ഡീഗ്രേഡ് ചെയ്യപ്പെടുകയും കാലപ്പഴക്കത്തിൽ അവ ക്ലേ മെറ്റീരിയലായി രൂപാന്തരപ്പെട്ട് വെള്ളവുമായി ചേർന്ന് വികസിച്ച് കോൺക്രീറ്റിന് വിള്ളൽ വരുത്താൻ സാധ്യതയുണ്ടെന്നാണ് വിദഗ്ധർ പറയുന്നത്. ഇതെല്ലാം കണക്കിലെടുത്ത് ക്വാർട്സ് അതായത് ആറ്റുമണൽ ഉപയോഗിച്ച് നിർമ്മാണം നടത്തുന്നതാണ് അഭികാമ്യം. ഡാമിൽനിന്നും മണൽ ഖനനം ചെയ്യുന്നതിനെക്കുറിച്ചാണ് നമ്മൾ ഇപ്പോൾ ഗൗരവമായി ചിന്തിച്ചുവരുന്നത്. അത് പ്രായോഗികമല്ലെന്നാണ് ചിലരുടെ അഭിപ്രായം. ഡാമിൽ ചെളി മാത്രമെ ഡെപ്പോസിറ്റ് ചെയ്യപ്പെടാറുള്ളൂ. മണൽ ലഭ്യത നദിയുടെ ഒഴുക്കിന് ആനുപാതികമായി അപ്സ്ട്രീമിൽ മണലും ജലത്തിന്റെ ഒഴുക്കിന്റെ വേഗത കുറയുന്നതനുസരിച്ച് മണൽ, സിൽട്ട് എന്നിവയും ഡെപ്പോസിറ്റ് ചെയ്യപ്പെടുന്നു. അതുകൊണ്ടാണ് ഡാമിന്റെ അടിത്തട്ടിൽ മണൽ നിക്ഷേപമില്ലെന്ന്

പലരും പറയുന്നത്. ശാസ്ത്രീയമായ രീതിയിൽ സാൻഡ് ഓഡിറ്റിംഗ് നടത്തിയാൽ മാത്രമെ എല്ലാ പുഴകളിലെയും മണലിന്റെ നിക്ഷേപം എത്രയാണെന്ന് വ്യക്തമായി അറിയാൻ സാധിക്കുകയുള്ളൂ.

റിവർ മാനേജ്മെന്റ് ഫണ്ടിനെപ്പറ്റിയാണ് ഇനി പറയാനുള്ളത്. അനധികൃതമായി മണൽ കടത്താൻ ഉപയോഗിക്കുന്ന ലോറികളും മറ്റ് വാഹനങ്ങളുമെല്ലാം പിടിച്ചെടുത്ത് ലേലം ചെയ്യുകിട്ടുന്ന പണമുപയോഗിച്ചാണ് റിവർ മാനേജ്മെന്റ് ഫണ്ട് കണ്ടെത്തുന്നത്. ആ ഫണ്ട് എത്ര ജില്ലകളിൽ കാര്യക്ഷമമായി വിനിയോഗിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയാൽ നന്നായിരിക്കും. പല ജില്ലകളിലും റിവർ മാനേജ്മെന്റ് ഫണ്ട് (RMF) വിനിയോഗിക്കുന്നില്ലെന്നാണ് മനസ്സിലാക്കുന്നത്. പുഴയുടെ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയാണ് ടി ഫണ്ട് ഉപയോഗിക്കേണ്ടത്. കാസർഗോഡ് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ട് അടുത്ത കാലത്തെങ്ങും ഉപയോഗിച്ചിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. Retaining wall പുഴകളുടെ ഇരുകരകളിലും നിർമ്മിക്കുന്നതിനും ഈറ, കൈത തുടങ്ങിയ സസ്യങ്ങൾ നട്ടുവളർത്തി മണ്ണൊലിപ്പ് തടയുന്നതിനും റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിക്കണം. മണൽ ലേലത്തെക്കുറിച്ച് വിശദീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല, കാരണം ബഹുമാനപ്പെട്ട മന്ത്രിക്ക് അതിനെപ്പറ്റി അറിയാവുന്നതാണ്. നിലവിലെ മണൽ ലേലം അടിമുടി മാറ്റേണ്ടത് അത്യന്താപേക്ഷിതമാണ്. സർക്കാരിന്റെ മേൽനോട്ടത്തിൽ മണൽ സംഭരിച്ച് നിർമ്മാണ മേഖലകൾക്ക് നൽകാനുള്ള നടപടിയെടുത്താൽ നമ്മൾ ആഗ്രഹിക്കുന്ന രീതിയിൽ കാര്യങ്ങൾ നീങ്ങും.

സംസ്ഥാനത്തെ പോലീസ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങളെപ്പറ്റിയാണ് ഇനി പറയാനുള്ളത്. ഇതുമായി ബന്ധപ്പെട്ട് 2017-ൽ സഭയിൽ ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഒരു ചോദ്യം ഉന്നയിച്ചിരുന്നു: "നിയമ ലംഘനത്തിന്റെ പേരിൽ പിടിച്ചെടുത്ത എത്ര വാഹനങ്ങൾ പോലീസ് സ്റ്റേഷൻ വളപ്പുകളിലുണ്ടെന്നും അവ എത്ര കാലമായി അവിടെ സൂക്ഷിച്ചിട്ടുണ്ടെന്നുമുള്ള ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?" എന്നതായിരുന്നു ആ ചോദ്യം. അതിന് ലഭിച്ച മറുപടി: "പോലീസ് പിടിച്ചെടുത്ത 36768 വാഹനങ്ങൾ പോലീസ് സ്റ്റേഷൻ വളപ്പുകളിലുണ്ട്" എന്നാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്ന ഒരു കാര്യം....

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട അംഗം, താങ്കൾ സമയ പരിധിക്കുള്ളിൽ പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, രണ്ട് മിനിട്ടിനുള്ളിൽ അവസാനിപ്പിക്കാം. പോലീസ് സ്റ്റേഷനുകളിൽ കെട്ടിക്കിടക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത്

നൽകാനോ അല്ലെങ്കിൽ അതിന്റെ ഉടമകൾക്ക് പിഴയടച്ച് സ്വന്തമാക്കാനോ അവസരം കൊടുക്കണം. ഒരുപക്ഷെ ആരും തന്നെ വരികയില്ല. കാരണം ആ വാഹനങ്ങൾ അവരുടെ പേരിൽ രജിസ്റ്റർ ചെയ്തവയായിരിക്കില്ല. അങ്ങനെയുള്ള വാഹനങ്ങളുടെ യഥാർത്ഥ ഉടമയെ ഒരിക്കലും കണ്ടെത്താൻ സാധിക്കില്ല. ഈ ബില്ലുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ പറഞ്ഞത് നമ്മുടെ എല്ലാ ജോലികളും ജില്ലാ കളക്ടർമാരെ ഏൽപ്പിച്ചാൽ കളക്ടർമാർ കുടുങ്ങുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ലെന്നാണ്. ഇപ്പോൾ തന്നെ ഓരോ ജില്ലയിലേയും കളക്ടർമാർക്ക് ഭാരിച്ച ഉത്തരവാദിത്വമാണുള്ളത്. ധാരാളം കമ്മിറ്റികളുടെ തലപ്പത്ത് കളക്ടർമാരെയാണ് നിയോഗിച്ചിരിക്കുന്നത്. അവർ ചെയർമാൻമാരായിട്ടുള്ള കമ്മിറ്റികളുടെ യോഗം വിളിക്കുന്നതിനുപോലും സമയമില്ല. ഈ സാഹചര്യത്തിൽ അവരെ വീണ്ടും പുതിയ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുകയാണ്. എല്ലാ നടപടികളും ത്വരിതപ്പെടുത്തുന്നതിനുവേണ്ടിയാണ് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ കൊണ്ടുവന്നത്. അപ്പോൾ ഇതിന്റെ ഉത്തരവാദിത്വം ജില്ലാ കളക്ടർമാരെ ഏൽപ്പിച്ചാൽ കാര്യങ്ങൾ ദ്രുതഗതിയിൽ നടക്കുകയില്ലെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. മറ്റൊന്ന്, അനധികൃത കടത്തുനടത്തുന്ന തോണികളും മണൽ കടത്താൻ ഉപയോഗിക്കുന്ന വണ്ടികളും ഫൈൻ ഈടാക്കി തിരിച്ച് നൽകേണ്ടതാണ്. എന്നാൽ ചില ഉദ്യോഗസ്ഥർ അനധികൃതമായി പിടിച്ചെടുത്ത തോണികൾ ഒരു നിയമത്തിന്റെയും പിൻബലമില്ലാതെ അതത് സ്ഥലത്തുതന്നെ നശിപ്പിക്കുന്നുണ്ട്. ഇത്തരം പ്രവൃത്തികൾ നിയമാനുസൃതമായാണോ ചെയ്യുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കണം.

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം താങ്കളുടെ സമയം കഴിഞ്ഞു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഒരു മിനിട്ടിനുള്ളിൽ പറഞ്ഞ് അവസാനിപ്പിക്കാം.

മി. സ്പീക്കർ: അങ്ങനെ പറഞ്ഞതിനുശേഷം മൂന്ന് മിനിട്ടോളമായി.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ ഉടൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത് വീട് നിർമ്മിക്കുന്നവർക്ക് സർക്കാർ തന്നെ മണൽ ലഭ്യത ഉറപ്പാക്കേണ്ടത് ആവശ്യമാണ്. നിർമ്മാണത്തിനാവശ്യമായ മണൽ ലഭ്യമാകാത്തതുമൂലം എത്രയോ സർക്കാർ പ്രവൃത്തികൾ തന്നെ മുടങ്ങിക്കിടക്കുകയാണ്. മണലിന്റെ ലഭ്യത സർക്കാർ ഉറപ്പാക്കിയാൽ ആരും മണൽ കള്ളക്കടത്തിന് തയ്യാറാകില്ല. ആവശ്യക്കാരെ ചൂഷണം ചെയ്യുന്നതിന്

വേണ്ടിയാണ് ഇവർ മുന്നോട്ടുവരുന്നത്. കള്ളക്കടത്ത് നടത്തി കൊണ്ടുവരുന്ന മണൽ ആരും വാങ്ങില്ലെന്ന് മനസ്സിലായാൽ ആരും ഈ പണിക്ക് ഇറങ്ങില്ല. സർക്കാരിന്റെ നിർമ്മാണ പ്രവൃത്തികൾക്കായാലും സ്വകാര്യ വ്യക്തികളുടെ ആവശ്യങ്ങൾക്കായാലും അതത് സമയത്ത് അവർക്ക് ആവശ്യമുള്ള മണൽ എത്തിക്കാൻ സർക്കാർ നടപടി സ്വീകരിച്ചാൽ നമുക്ക് നമ്മുടെ പുഴകളെയും തീരങ്ങളെയും സംരക്ഷിക്കാനും അനധികൃത മണൽ കടത്ത് സംസ്ഥാനത്ത് നടക്കുന്നില്ലെന്ന് ഉറപ്പാക്കാനും കഴിയും. അതിനനുസരിച്ചുള്ള നടപടികൾ സ്വീകരിക്കാൻ ബഹുമാനപ്പെട്ട മന്ത്രി മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഡോ. എം. കെ. മുനീർ (ശ്രീ. നജീബ് കാന്തപുരം): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. പ്രകൃതിയെയും കാടിനെയും നദികളെയും കുറിച്ച് സംസാരിക്കുന്നവരെ പരിസ്ഥിതി തീവ്രവാദിയെന്ന് മുദ്ര ചാർത്തി കുറ്റപ്പെടുത്തുന്ന കാലമാണിത്. അതുകൊണ്ടുതന്നെ വളരെ ഗൗരവമായിട്ടുള്ള നാളത്തെ ജനതയുടെ ജീവിതവുമായി ബന്ധപ്പെട്ട സുപ്രധാനമായ ഒരു ചർച്ചയാണ് ഇവിടെ നടക്കേണ്ടതെന്ന് ആമുഖമായി ഞാൻ സൂചിപ്പിക്കുകയാണ്. മണ്ണും പുഴയും ആകാശവും മലിനീകരിക്കപ്പെടുകയും യാതൊരു തത്വദീക്ഷയുമില്ലാതെ പ്രകൃതി ചൂഷണം നിർബാധം തുടരുകയും ചെയ്യുന്ന ഒരു കാലഘട്ടത്തിൽ നദികൾക്ക് മരണമണി മുഴങ്ങുന്നുവെന്ന് പറയാൻ ശ്രമിക്കുന്ന ആരെങ്കിലും ഇവിടെ വേണ്ടേ? ഇക്കഴിഞ്ഞ ദിവസം നിയമസഭയിൽ വളരെ ദുഃഖകരമായ ഒരു അനുഭവമുണ്ടായി. കെ-റെയിലുമായി ബന്ധപ്പെട്ട ചർച്ചയ്ക്കിടയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ ക്ഷുഭിതനായി ഒരു പത്രത്തിനെതിരായി സംസാരിക്കുകയുണ്ടായി. മാതൃഭൂമി പത്രത്തെക്കുറിച്ചായിരുന്നു ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരമധ്യേ പറഞ്ഞത്. ആ പത്രം ചെയ്ത കുറ്റമെന്താണ്? വികസന വിരോധമെന്ന ചാപ്പകുത്തി ഫോർത്ത് എസ്റ്റേറ്റ് നിർവ്വഹിക്കേണ്ട ഉത്തരവാദിത്വം നിർവ്വഹിക്കുമ്പോൾ അതിനെതിരെ അദ്ദേഹം വളരെ രോഷാകുലനായി സംസാരിച്ചത് പുതിയ അംഗങ്ങളായ ഞങ്ങളെ സത്യത്തിൽ അത്ഭുതപ്പെടുത്തി. നാടിന്റെ വികസനം അനിവാര്യമാണ് എന്നതുപോലെതന്നെ പ്രകൃതിസംരക്ഷണവും പ്രധാനമാണ്. ഭൂമിയുടെയും ആവാസ വ്യവസ്ഥയുടെയും പാരിസ്ഥിതികമായ സംവിധാനങ്ങളുടെയുമെല്ലാം സന്തുലിതാവസ്ഥ തകരാറിലായാൽ എങ്ങനെയാണ് വികസിത രാജ്യമെന്ന സ്വപ്നം കാണാൻ സാധിക്കുക? ലോകത്തെ വികസിത രാജ്യങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ കാണാൻ കഴിയുന്ന ഏറ്റവും

മനോഹരമായ കാഴ്ച ആ നാട് അവിടത്തെ വികസനത്തെക്കാൾ പ്രധാനമായി സംരക്ഷിക്കുന്നത് ആ നാടിന്റെ പ്രകൃതിവിഭവങ്ങളായ നദികളെയാണെന്നുള്ളതാണ്. നദികളെന്ന് പറയുന്നത് നാടിന്റെ ജീവവ്യവസ്ഥയാണ്. ലോകത്തെവിടെയും സംസ്കാരങ്ങളുണ്ടായത് നദീതടങ്ങളിലാണെന്നാണ് ചരിത്രം പറയുന്നത്. മനുഷ്യന്റെ ജീവൻ പോലെ പ്രധാനമാണ് നദികളുടെയും ജീവൻ. മനുഷ്യന്റെ ആജീവന-ജീവിത വ്യവസ്ഥകൾ, കൃഷി തുടങ്ങിയ എല്ലാ കാര്യങ്ങളും നദീതടങ്ങളോട് ചേർന്നാണുണ്ടായതെന്ന് നമുക്കറിയാം. എന്നാൽ പ്രകൃതി ചൂഷണം അങ്ങനെന്ന് പറയുന്നതുപോലും ഇന്ന് ക്രിമിനൽ കുറ്റമായി കാണുന്ന ഭരണകൂടമാണ് കേരളത്തിലുള്ളതെന്നുള്ളത് വളരെ അപമാനകരമായ കാര്യമാണ്. ഇക്കാര്യത്തിൽ വളരെ ജാഗ്രത പുലർത്തുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഇതുണ്ടാകണമെന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

കെ-റെയിൽ പദ്ധതിയെ എതിർത്താൽ വികസന വിരോധികൾ, പശ്ചിമഘട്ടത്തെക്കുറിച്ച് പറഞ്ഞാൽ പരിസ്ഥിതി തീവ്രവാദികൾ, നദികളെ കൊള്ളയടിക്കുന്നതിനെക്കുറിച്ച് സംസാരിച്ചാൽ പിന്തിരിപ്പന്മാർ. ഇതൊന്നും ഒരു ഭരണകൂടത്തിന്റെ നിലപാടായി മാറുന്നത് ശരിയായ കാര്യമല്ലെന്നുകൂടി ഞാൻ ഓർമ്മിപ്പിക്കുന്നു. അതുകൊണ്ടുതന്നെ ഈ നിയമഭേദഗതി ഇവിടെ കൊണ്ടുവരുന്നത് ആത്മാർത്ഥതയോടെയല്ലെന്ന ഒരു ആക്ഷേപം കൂടി എനിക്ക് ഉന്നയിക്കാനുണ്ട്. കാരണം ഈ ഭേദഗതി സ്വാഭാവികമായും രണ്ട് കാര്യങ്ങളാണ് പ്രധാനമായി ഊന്നിപ്പറയുന്നത്. ഒന്നാമത്തെ കാര്യം 20-ാം വകുപ്പിന്റെ ഭേദഗതിയാണ്. 2001-ലെ മൂലനിയമത്തിലാണ് മാറ്റമുണ്ടാക്കാൻ പോകുന്നത്. പ്രധാനപ്പെട്ട ഒരു നിർദ്ദേശം, 20-ാം വകുപ്പിന്റെ ഭേദഗതിയിൽ നേരത്തെയുണ്ടായിരുന്ന പിഴ തുക 25,000 രൂപയിൽ നിന്നും 5 ലക്ഷം രൂപയാക്കുന്നത് വളരെ സ്വാഗതാർഹമായ കാര്യമാണ്. നമ്മുടെ നദികളിലെ മണൽ എന്നുപറയുന്നത് റിവർ ബെഡ് ആണ്. യഥാർത്ഥത്തിൽ ഈ മണൽത്തരികളാണ് നമ്മുടെ നദികളുടെ സംരക്ഷണമേറ്റെടുക്കുന്നത് എന്നത് പ്രധാനപ്പെട്ട കാര്യമാണ്. അതിനാൽ തീർച്ചയായും ഈ പിഴ ചുമത്താവുന്നതാണ്. നേരത്തെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് വളരെ കാവ്യാത്മകമായാണ് നദികളുടെ സംരക്ഷണത്തെക്കുറിച്ച് സംസാരിച്ചത്. അപ്പോൾ അദ്ദേഹം അടിവരയിട്ട് പറഞ്ഞ ഒരു കാര്യമുണ്ട്, അല്ലെങ്കിൽത്തന്നെ കൃത്യാന്തര ബാഹുല്യങ്ങൾകൊണ്ട് വീർപ്പുമുട്ടുന്ന കളക്ടർമാരുടെ തലയിലാണ് പുതിയൊരു ലേലം കൂടി ഏൽപ്പിച്ചുകൊടുക്കുന്നത് എന്നാണ്. വില്ലേജ് ഓഫീസർമാർക്ക് ഈ ചുമതല എന്തുകൊണ്ട് തിരിച്ചു കൊടുത്തുകൂടാ; കാരണം, ഒരു കടവിൽ നടക്കുന്ന ലേലം അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട പിഴ ഇടാക്കുന്ന ചുമതല അവരെ വിശ്വാസത്തിലെടുത്ത് എന്തുകൊണ്ട്

താഴെ തട്ടിലേയ്ക്ക് കൈമാറിക്കൂടാ? ഡീസെൻട്രലൈസേഷന്റെ കാലത്ത് ഇതിനെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ആലോചിക്കാവുന്നതാണ്. കളക്ടർമാർക്ക് നിന്നുതിരിയാൻ സമയമില്ല. അതുകൊണ്ട് തീർച്ചയായും ഈ കാര്യം ആലോചിക്കേണ്ടതാണ്. എന്റെ നിയോജകമണ്ഡലത്തിലൂടെ വളരെ മനോഹരമായ ഒരു നദി ഒഴുകുന്നുണ്ട്. ഭൂതപ്പുഴ എന്ന് ഞങ്ങൾ വിളിക്കുന്ന കുന്തിപ്പുഴ, സൈലന്റ്‌വാലിയിൽ നിന്നുതുടങ്ങി കിലോമീറ്ററുകളോളം ഒഴുകി ഭാരതപ്പുഴയെ സമ്പന്നമാക്കുന്ന മനോഹരമായ നദിയാണ്. പക്ഷേ ഇന്ന് ആ നദിയുടെ സ്ഥിതി വളരെ ദുഃഖകരമാണ്. എനിക്ക് ഒരു അപേക്ഷ കൂടിയുണ്ട്.

<u>ശ്രീമതി കെ. കെ. രമ</u>: സർ, മണൽത്തൊഴിലാളികൾ ആരുടെ കീഴിലാണെന്നും അവരുടെ മേലധികാരികൾ ആരാണ് എന്നതിനെ സംബന്ധിച്ചുമുള്ള ഒരു തർക്കം അവരുടെയിടയിലുണ്ട്. യഥാർത്ഥത്തിൽ മണൽത്തൊഴിലാളികൾ തുറമുഖ വകുപ്പിന്റെ കീഴിലാണോ അതോ മുനിസിപ്പാലിറ്റിയുടെ കീഴിലാണോ? എന്റെ നിയോജകമണ്ഡലത്തിൽ പുതുപ്പണം കുറുകപ്പാലത്ത് മണൽ വാരുന്ന ധാരാളം തൊഴിലാളികളുണ്ട്. കഴിഞ്ഞ ദിവസം അവർ ഒരു പരാതിയുമായി വന്നിരുന്നു. ഒരു ലോഡ് മണലിന് ആനുപാതികമായ തുക (മുന്നൂറ് രൂപയോളം) മുനിസിപ്പാലിറ്റിക്ക് അടയ്ക്കുന്നുണ്ട്. മുനിസിപ്പാലിറ്റിയാണ് കൂലിയും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത്. പക്ഷേ 2018-ന് ശേഷം കൂലിയും മറ്റും വർദ്ധിപ്പിച്ചിട്ടില്ലെന്നും നേരത്തെയുണ്ടായിരുന്ന ബോണസ്, ഇൻഷ്വറൻസ് ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ഇപ്പോൾ ലഭിക്കുന്നില്ലെന്നും തൊഴിലാളികൾ പരാതിപ്പെടുന്നു. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടോ? അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, പൊതുവിൽ മണലുമായി ബന്ധപ്പെട്ട് നിരവധി പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. അതിനെ ഈ ബില്ലുമായി ബന്ധപ്പെടുത്തി സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ബഹുമാന്യയായ അംഗം ഉന്നയിച്ച കാര്യം തീർച്ചയായും ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ കൂടി ഉണ്ടാകുമെന്നാണ് ഞാൻ കരുതുന്നത്. 44 പ്രധാന നദികളും ഏതാണ്ട് തൊള്ളായിരത്തോളം ചെറിയ പുഴകളുമുള്ള മനോഹരമായ സ്ഥലമാണ് കേരളം. എന്റെ നിയോജകമണ്ഡലത്തിലെ ഭൂതപ്പുഴയുടെ നിലവിലെ അവസ്ഥ വളരെ ദയനീയമാണ്. വർഷങ്ങളോളം മനുഷ്യർ നദീതടങ്ങളിൽ കൃഷിയിറക്കുകയും നദികളിൽ കുളിക്കുകയുമൊക്കെ ചെയ്തിരുന്നു. എന്നാൽ ഇപ്പോൾ എത്ര പേർ നദികളിൽ കുളിക്കാൻ പോകുന്നുണ്ട്? പുഴകൾ മനുഷ്യന്റെ ജീവിതം നിലനിർത്തുന്ന ഒന്നാണ്. അതുകൊണ്ട് ഓരോ നിയോജകമണ്ഡലത്തിലെയും ഒരു നദിയെങ്കിലും വൃത്തിയാക്കി സംരക്ഷിക്കാനുള്ള ചുമതല അതത് എം.എൽ.എ.-മാർക്ക്

കൊടുക്കുകയും പ്രത്യേകമായി ഫണ്ട് അനുവദിക്കുകയും ചെയ്യണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്. അത് എം.എൽ.എ. ഫണ്ടിൽ നിന്നല്ല; പ്രത്യേകമായി ഫണ്ട് അനുവദിക്കണമെന്നാണ് ഞാൻ പറഞ്ഞത്. നമ്മുടെ സാഹിത്യവും കലയുമെല്ലാം ചേർന്നുനിൽക്കുന്നത് നദികളെ ആശ്രയിച്ചാണ്. ഞാൻ ജില്ലാ പഞ്ചായത്ത് മെമ്പറായിരുന്ന കാലത്ത് എന്റെ ഡിവിഷനകത്ത് ഉത്ഭവിക്കുന്ന 15 കി.മീ. ദൂരമുള്ള പൂന്തുർപ്പുഴ വീണ്ടെടുക്കുന്നതിനായി ഒരാഴ്ചക്കാലം ഞങ്ങൾ ജോലി ചെയ്യുകയും അതിന്റെ ഫലമായി ആ പുഴ മനോഹരമായി നിലനിർത്താൻ സാധിക്കുകയും ചെയ്തിട്ടുണ്ട്. നമ്മൾ മുൻകയ്യെടുക്കുകയാണെങ്കിൽ കേരളത്തിലെ എല്ലാ നദികളെയും ഇത്തരത്തിൽ മാറ്റിയെടുക്കാൻ സാധിക്കുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഭാവിയിൽ നമ്മുടെ കുട്ടികൾ ജീവിക്കേണ്ട ഭൂമിയെ സംരക്ഷിച്ചുനിർത്തേണ്ട ഉത്തരവാദിത്വം നമുക്കുണ്ട്. മണൽ വാരൽ തീർച്ചയായും നിയന്ത്രിക്കപ്പെടണം. നിർമ്മാണ മേഖലയിൽ ഇന്ന് ഒരു നവീകരണവും നടക്കുന്നില്ല. മണലും സിമന്റും മാത്രം ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണത്തിന് പകരമായി മറ്റൊന്ന് എന്തുകൊണ്ട് നമുക്ക് ആലോചിച്ചുകൂടാ? അത്തരത്തിലുള്ള ഗവേഷണവും മാറ്റവും നമ്മുടെ നാട്ടിൽ നടത്തേണ്ടത് അനിവാര്യമാണ്. 1971 മുതലാണ് മണൽ വാരൽ സാർവ്വത്രികമാകാൻ തുടങ്ങിയത്. ആയിരക്കണക്കിന് വർഷങ്ങൾകൊണ്ട് അടിഞ്ഞുകൂടിയ മണലാണ് പതിറ്റാണ്ടുകൾകൊണ്ട് വാരിക്കൊണ്ട് പോയത്. ഇനി വാരാൻ മണലില്ല. അതുകൊണ്ട് മണലിന് പകരമായുള്ള നിർമ്മാണ സംവിധാനത്തെക്കുറിച്ച് ആലോചിച്ചില്ലെങ്കിൽ തീർച്ചയായും ഈ നാട് ഊഷരമായി പോകുന്ന സാഹചര്യമുണ്ടാകുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുപോലെതന്നെ അനിയന്ത്രിതമായും അശാസ്ത്രീയമായും മണൽ ഖനനം നടക്കുന്നതുവഴി നദികളുടെ അടിത്തട്ട് പോകുന്നുവെന്നുള്ളത് വളരെ പ്രധാനമാണ്. അടിഞ്ഞുകൂടിയ മണൽ വാരിയാൽ മാത്രമേ വെള്ളപ്പൊക്കമുണ്ടാകുമ്പോൾ വെള്ളം അവിടെത്തന്നെ നിൽക്കുകയുള്ളുവെന്നാണ് പലരും പറയുന്നത്. അത് അബദ്ധജടിലമാണ്. ആളുകൾക്ക് ശാസ്ത്രീയാവബോധമില്ലാത്തതിന്റെ പ്രശ്നമാണ്. മണൽ വാരിക്കൊണ്ട് പോയതുകൊണ്ട് യാതൊരു ബുദ്ധിമുട്ടുമുണ്ടാകില്ല എന്നുപറയുന്നത് തെറ്റായ കാര്യമാണ്. കാരണം മണൽത്തരികളാണ് യഥാർത്ഥത്തിൽ വെള്ളത്തെ സംഭരിച്ച് നിർത്തുന്നത്. വൃഷ്ടിപ്രദേശങ്ങളിൽ, മലമുകളിലെ വനമേഖലയെല്ലാം നഷ്ടമായപ്പോൾ അവിടെയുണ്ടാകുന്ന വലിയ പാരിസ്ഥിതികമായ മാറ്റം ഉൾക്കൊള്ളാൻ നമുക്ക് സാധിക്കണം. കേരളത്തിലെ പുഴകളിലൂടെ ഏകദേശം എഴുപതിനായിരം ദശലക്ഷം ഘനമീറ്റർ ജലം ഒഴുകുന്നുണ്ട്. അതിൽ നാൽപ്പത്തിരണ്ടായിരം ദശലക്ഷം ഘനമീറ്റർ ജലം മാത്രമാണ് നമുക്ക് ഉപയോഗിക്കാൻ സാധിക്കുന്നതെന്നതാണ് നാം മനസ്സിലാക്കേണ്ടത്.

മി. സ്പീക്കർ: യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. നജീബ് കാന്തപുരം: സർ, മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ് ഞാൻ പറയാൻ പോകുന്നത്. ഇത് എല്ലാവരേയും ബാധിക്കുന്ന കാര്യമാണ്.

മി. സ്പീക്കർ: നമ്മൾ തമ്മിൽ പൊതുവായ ഒരു ധാരണയുണ്ട്.

ശ്രീ. നജീബ് കാന്തപുരം: സർ, അങ്ങ് മയ്യഴിപ്പുഴയുടെ തീരത്തുള്ള ആളല്ലേ?

മി. സ്പീക്കർ: യെസ്, സമയ പരിമിതിയുള്ളതിനാൽ അത് നമുക്ക് ഫ്ലോറിന്റെ പുറത്ത് വിശദമായി ചർച്ച ചെയ്യാം.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ വേഗം പറഞ്ഞ് അവസാനിപ്പിക്കാം. നമുക്ക് ഭൂഗർഭ ജലം വളരെ കുറവാണ്. നാം ഇന്ന് ഉപയോഗിക്കുന്ന 85 ശതമാനം കുടിവെള്ളവും നദികളിൽനിന്ന് ലഭിക്കുന്നതാണ്. അതായത് ഭൂഗർഭ ജലം 15 ശതമാനം പോലും നമ്മൾ ഉപയോഗിക്കുന്നില്ല. അത്രയേറെ നദികളാലും കായലുകളാലും സമ്പന്നമായ ഒരു നാടാണ് കേരളം. അപ്പോൾ 85 ശതമാനം കുടിവെള്ളത്തിനായി നാം ആശ്രയിക്കുന്ന നദികളുടെ കാര്യത്തിൽ നമുക്ക് എന്ത് ശ്രദ്ധയാണുള്ളതെന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. നല്ല നീരൊഴുക്ക് ഉണ്ടായിരുന്ന നദികളുടെ ഇന്നത്തെ അവസ്ഥയെന്താണ്? അതാണ് ഞാൻ നേരത്തെ എന്റെ നിയോജകമണ്ഡലത്തിലെ ദുരപ്പുഴയുടെ കാര്യം സൂചിപ്പിച്ചത്. നദികളിലെ നീരൊഴുക്ക് പൂർണ്ണമായും നിലയ്ക്കുന്ന സ്ഥിതിയാണ്. നീരൊഴുക്ക് ഉണ്ടാക്കാൻ നമ്മൾ കേവലം മണൽ വാരൽ നിയമം സമഗ്രമായി കൊണ്ടുവന്ന് ഒരു നദീസംരക്ഷണ നിയമമാക്കി മാറ്റാവുന്നതായിരുന്നുവെന്ന് പറയുകയാണ്.

മി. സ്പീക്കർ: യെസ്, യെസ്, പ്ലീസ് കൺക്ലൂഡ്.

ശ്രീ. നജീബ് കാന്തപുരം: സർ, ഞാൻ ഒരു പോയിന്റുകൂടി പറഞ്ഞ് അവസാനിപ്പിക്കാം. സാധാരണ പല രാജ്യങ്ങളിലും ആളുകൾ കൊല്ലപ്പെടുമ്പോൾ അവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരമായി blood money കൊടുക്കാറുണ്ട്. ഞാൻ ഒരു നിർദ്ദേശം വയ്ക്കുകയാണ്. ഓരോ നദിയിൽനിന്നും മണൽ വാരുമ്പോൾ പിഴ ചുമത്തുന്ന തുക ആ നദിക്ക് blood money ആയി കൊടുക്കണം. കാരണം ആ നദി സംരക്ഷിക്കുന്നതിനും ബ്യൂട്ടിഫിക്കേഷൻ നടത്തുന്നതിനും ആ തുക ഉപയോഗിക്കാം. നാട്ടിൻപുറങ്ങളിലൂടെ ഒഴുകുന്ന നദികളുടെ രണ്ടുകരകളിലും അതിമനോഹരമായ പൂന്തോട്ടങ്ങൾ നിർമ്മിച്ച് ഭംഗിയാക്കി നമ്മുടെ നാട്ടിലെ പ്രായമായ ആളുകൾക്ക് നദിക്കരയിൽവന്ന് ഇരിക്കാൻ സൗകര്യമുണ്ടാക്കിയാൽ നന്നായിരിക്കും. മണലല്ലാതെ മറ്റൊരു വസ്തുവും നിർമ്മാണ പ്രവർത്തനങ്ങൾക്ക്

ലഭ്യമാകാത്തതുകൊണ്ടാണ് വാണിജ്യാടിസ്ഥാനത്തിലുള്ള മണൽ വാരൽ നടക്കുന്നത്. അതുകൊണ്ട് സർക്കാർ ഇക്കാര്യത്തിൽ ശ്രദ്ധപൂലർത്തി അത്തരത്തിലൊരു നിർമ്മാണപ്രവർത്തനത്തെക്കുറിച്ചും അതിന് സമാന്തരമായ കാര്യത്തെക്കുറിച്ചും ആലോചിക്കേണ്ടതുണ്ട്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതുപോലെ സാൻഡ് ഓഡിറ്റിംഗ് നടത്താതെ ഒരു പുഴയിൽനിന്നും മണൽ വാരാൻ അനുവദിക്കരുത്. ഓരോ നദിയിലും വാരാനുള്ള മണൽ ഉണ്ടോയെന്ന് സാൻഡ് ഓഡിറ്റിംഗ് വഴിമാത്രം നിശ്ചയിക്കാൻ കഴിയുന്ന കാര്യമാണ്. നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ കാലാവസ്ഥാ പ്രതിസന്ധി വളരെ രൂക്ഷമാകുകയാണ്. കടിവെളളമാണ് ഇന്നത്തെ ഏറ്റവും വലിയ പ്രതിസന്ധി. ഇത്രയേറെ ജലാശയങ്ങൾ ദൈവം കനിഞ്ഞുനൽകിയിട്ടും അവ സംരക്ഷിക്കാൻ ഒരു ഭരണകൂടത്തിന് കഴിഞ്ഞില്ലെങ്കിൽ അത് വലിയ പരാജയമായിരിക്കും. വളരെ ധിഷണാശാലിയായ ഒരു മന്ത്രിയാണ് റവന്യൂ വകുപ്പിനുള്ളത്, അദ്ദേഹത്തിന് ദീർഘദൃഷ്ടിയോടുകൂടി ഇക്കാര്യങ്ങൾ കാണാൻ സാധിക്കും. ഇത് എന്റേയും നിങ്ങളുടേയും ജീവിതത്തിന്റെ മാത്രം പ്രശ്നമല്ല. ഇനി ഈ മലയാളക്കരയിൽ ജനിക്കാൻ പോകുന്ന കുഞ്ഞുങ്ങളുടേതുകൂടിയാണ്. ഭേദഗതിയോട് വിയോജിപ്പ് രേഖപ്പെടുത്തിക്കൊണ്ടും ഒരു സമഗ്രമായ നിയമ നിർമ്മാണത്തിന് മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ നിർത്തുന്നു.

ശ്രീ. കെ. വി. സുമേഷ് ചൂമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. മമ്മിക്കുട്ടി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബിൽ പാസ്സാക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. ഇതുമായി ബന്ധപ്പെട്ട വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ഒരു ബിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പ്രായോഗികമായി നേരിടുന്ന വിഷമങ്ങളും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിനുവേണ്ടിയാണ് അതിൽ ഭേദഗതി കൊണ്ടുവരുന്നത്. ഈ ഭേദഗതി ബിൽ കൊണ്ടുവന്നിട്ടുള്ളത് 2001-ലെ നിയമവുമായി ബന്ധപ്പെട്ടാണ്. പിന്നീട് 2010-ൽ യു.ഡി.എഫ്. ഗവൺമെന്റ് ഒരു ഭേദഗതി കൊണ്ടുവന്നിരുന്നെങ്കിലും അതൊന്നും പ്രായോഗികമായി പ്രാവർത്തികമാക്കാൻ കഴിയാത്തതിന്റെ അടിസ്ഥാനത്തിലാണ് 2001-ലെ നിയമവുമായി ബന്ധപ്പെട്ട് ഇപ്പോൾ ഭേദഗതി കൊണ്ടുവരുന്നത്. അനധികൃതമായിട്ടുള്ള മണൽ കണ്ടുകെട്ടിയാൽ 25,000 രൂപ പിഴയോ അതുപോലെ 2 കൊല്ലം തടവുശിക്ഷയോ അനുഭവിക്കണമെന്നാണ് അന്ന് വ്യവസ്ഥയുണ്ടായിരുന്നത്. മേൽപ്പറഞ്ഞ

പിഴത്തുക 25,000 രൂപയിൽ നിന്ന് 5 ലക്ഷം രൂപവരെയാക്കാമെന്നും ലംഘനം തുടരുന്ന ദിവസങ്ങളിൽ പിഴത്തുക 'ആയിരം' രൂപയ്ക്കുപകരം 'അമ്പതിനായിരം' രൂപയാക്കാമെന്നുമാണ് ഈ നിർദ്ദേശത്തിലുള്ളത്. ഈ നിയമം കർക്കശമായി നടപ്പിലാക്കുന്നത് നിയമം അനുസരിക്കുന്നതിനും നിയമവിരുദ്ധമായ പ്രവർത്തനങ്ങൾ ചെയ്യുന്നവരെ അതിൽനിന്നും പിന്തിരിപ്പിക്കുന്നതിനും വേണ്ടിയാണ്. ഇരുപതും വലിയൊരു തുക പിഴയും അതുപോലെ ശിക്ഷയും ലഭിക്കുമെന്ന് മനസ്സിലാക്കിക്കൊടുത്ത് അനധികൃതമായി മണൽ വാരുന്നതിനുള്ള ശ്രമത്തിൽനിന്നും ആളുകളെ പിന്തിരിപ്പിക്കുക എന്നതാണ് ഈ ബിൽ പരമപ്രധാനമായും ലക്ഷ്യമിടുന്നത്. ലഹരി വിരുദ്ധ ക്യാമ്പയിനുമായി ബന്ധപ്പെട്ട് കടുത്ത ശിക്ഷ വിഭാവന ചെയ്തിട്ടുള്ളതുപോലെ മണൽവാരലുമായും പുഴ സംരക്ഷണവുമായും ബന്ധപ്പെട്ടുള്ള പിഴ തുകയും ശിക്ഷയും വർദ്ധിപ്പിക്കാനുള്ള തീരുമാനവും ശരിയാണെന്നാണ് എന്റെ അഭിപ്രായം.

രണ്ടാമത്തെ നിയമ ഭേദഗതി, പ്രധാന ആക്ടിലെ 23 എ വകുപ്പിലെ (6)-ാം ഉപവകുപ്പിലാണ്. "കണ്ടുകെട്ടിയ മണൽ, പൊതുമരാമത്ത് വകുപ്പ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ നിർമ്മിതി കേന്ദ്രത്തിന് അഥവാ 'കലവറയ്ക്ക്' വിൽക്കേണ്ടതും"; അതായത് കണ്ടുകെട്ടുന്ന മണൽ സ്വരൂപിച്ചുകൊണ്ട്, അത് ലേലം ചെയ്തുവിൽക്കുന്നതിന് പി.ഡബ്ല്യു.ഡി. നിശ്ചയിക്കുന്ന നിരക്കിൽ നിർമ്മിതി കേന്ദ്രത്തിനോ, കലവറയ്ക്കോ വിൽക്കേണ്ടതാണെന്നാണ് നേരത്തെയുള്ള വ്യവസ്ഥ. ഈ വ്യവസ്ഥ മാറ്റി "കണ്ടുകെട്ടിയ മണലിന്റെ വില സർക്കാർ കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്നതനുസരിച്ച്, ജില്ലാ കളക്ടർ നിശ്ചയിക്കേണ്ടതും, നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് വിവിധ സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വിൽപ്പന നടത്തേണ്ടതും" എന്നുമാണ് ഭേദഗതി വരുത്തിയിട്ടുള്ളത്. നേരത്തെയുണ്ടായിരുന്ന വ്യവസ്ഥ നടപ്പാക്കുന്നതിൽ പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമുണ്ട്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് സൂചിപ്പിച്ചതുപോലെ സാധാരണക്കാരായ ആളുകളുടെ ആവശ്യങ്ങൾ നിർവ്വഹിക്കാനുള്ള മണൽ ലഭ്യമാകുന്നതിന് പ്രയാസമുണ്ടാകുന്നുവെന്ന് മനസ്സിലാക്കിയാണ് ആ വ്യവസ്ഥയിൽ ഇളവ് വരുത്തിക്കൊണ്ട് സുതാര്യമായ രീതിയിൽ കാര്യങ്ങൾ നടപ്പാക്കുന്നതിനായി ഈ ഭേദഗതി കൊണ്ടുവന്നത്. ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഭിന്നാഭിപ്രായം രേഖപ്പെടുത്തിയെങ്കിലും ഇതിനോടെല്ലാം യോജിക്കുകയാണ് ചെയ്തത്. ഫൈൻ 5 ലക്ഷമെന്നുള്ളത് വേണമെങ്കിൽ 5 കോടി രൂപവരെയാക്കാമെന്നാണ് ശ്രീ. നജീബ് കാന്തപുരം നിർദ്ദേശിച്ചത്. എന്നാൽ അത് കേൾക്കുമ്പോൾ തന്നെ

ആളുകൾ ഞെട്ടിപ്പോകുമെന്നും 5 ലക്ഷം രൂപയെന്നുള്ളതുതന്നെ നടപ്പിലാക്കാൻ സാധിക്കുമോയെന്നുമാണ് ശ്രീ. എൻ. എ. നെല്ലിക്കുന്ന് ആശങ്ക രേഖപ്പെടുത്തിയത്. ആത്മാർത്ഥമായി ഇതൊക്കെ നടപ്പിലാക്കാൻ കഴിയുമോ? അതുസംബന്ധിച്ച് നമ്മൾ തന്നെയാണ് ഗ്യാരന്റി നിൽക്കേണ്ടത്. ഈ ഗവൺമെന്റ് അതുമായി ബന്ധപ്പെട്ട് നിയമവും വ്യവസ്ഥയുമുണ്ടാക്കിയാൽ അത് നടപ്പിലാക്കാൻ ചാഞ്ചാട്ടമില്ലാതെ നമ്മൾ ഇതിന്റെ പിന്നിൽനിന്ന് പ്രവർത്തിക്കണം. സംശയം സ്വാഭാവികമാണ്. 2013-ലെ നിയമവുമായി ബന്ധപ്പെട്ടുകൊണ്ട് മണൽ മാഫിയയ്ക്കെതിരായി ശക്തമായ നിലപാട് സ്വീകരിച്ചപ്പോൾ കോഴിക്കോട് ജില്ലാ കളക്ടർക്കുണ്ടായ അനുഭവമുണ്ടല്ലോ? അങ്ങനെയൊരു അനുഭവം 2016-നുശേഷം ഇതുവരെയുമുണ്ടായിട്ടില്ല. അതിനെക്കുറിച്ച് ഞാൻ വിശദീകരിക്കുന്നില്ല. അതുപോലെ കൊല്ലം ജില്ലയിൽ പോലീസ് കമ്മീഷണർ മണൽ പിടിക്കുന്നതുമായി ബന്ധപ്പെട്ട് പോകുമ്പോൾ അദ്ദേഹത്തെ വഴി തിരിച്ചുവിട്ടതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുണ്ടായിട്ടുണ്ട്. ഇക്കാര്യങ്ങൾ അന്ന് കൈകാര്യം ചെയ്തത് പോലീസും കളക്ടറും ഒന്നുമല്ല. മണൽ മാഫിയക്കാരായിരുന്നു. അങ്ങനെയൊരു നിലപാട് സ്വീകരിച്ച അനുഭവത്തിൽ നിന്നാകും ശ്രീ. എൻ. എ. നെല്ലിക്കുന്ന് ഈ ആശങ്ക പ്രകടിപ്പിച്ചത്. നമ്മളെല്ലാം യോജിച്ചുനിന്നുകൊണ്ട് ഇക്കാര്യങ്ങൾ നിർവ്വഹിക്കാൻ തയ്യാറായാൽ അത് നടപ്പിലാക്കാൻ സാധിക്കും; അതിലുള്ള ലൂപ്പ്ഹോൾ നമ്മൾ ഉപയോഗപ്പെടുത്താതിരുന്നാൽ മതി. നിയമം എന്നത് അനുസരിക്കാൻ വേണ്ടിയുള്ളതാണ്; നാടിന്റെ രക്ഷയ്ക്കും സമൂഹത്തിന്റെ രക്ഷയ്ക്കും വേണ്ടിയാണ് ഈ നിയമങ്ങളൊക്കെയുണ്ടാക്കുന്നത്. ആ നിയമം പ്രാവർത്തികമാക്കുമ്പോൾ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ മാറ്റങ്ങളുണ്ടാകുന്നത് സ്വാഭാവികമാണ്. അത് കണ്ടുകൊണ്ട് ബില്ലിലെ വ്യവസ്ഥകൾ മാറ്റാനുള്ള തുറന്ന സമീപനമാണ് എൽ.ഡി.എഫ്. ഗവൺമെന്റിനുള്ളത്. കേരളം വളരെ ചെറിയ സംസ്ഥാനമാണ്. 44 നദികളും അനുബന്ധമായി കൈച്ചാലുകളും തോടുകളുമുൾപ്പെടെ മറ്റ് ജലാശയങ്ങളുമുണ്ട്. 44 നദികളിൽ 3 നദികളാണ് കിഴക്കോട്ടൊഴുകി കാവേരിയിൽ ചേരുന്നത്. ബാക്കിയുള്ള 41 നദികളും പടിഞ്ഞാറോട്ടൊഴുകി അറബിക്കടലിൽ ചേരുന്നു. അങ്ങനെ നദികൾകൊണ്ട് സമ്പന്നമായ കേരളത്തിൽ ജലവൈദ്യുതി ഉല്പാദനവും കൃഷിയുമായി ബന്ധപ്പെട്ട ഇറിഗേഷൻ പ്രവർത്തനങ്ങളും കുടിവെള്ള വിതരണവും ഈ പുഴകളേയും ഡാമുകളേയും ആശ്രയിച്ചാണ് നടക്കുന്നത്. ഇത്രയേറെ നദികളുള്ള കേരളത്തിൽ ആ നദികളിലുണ്ടാകുന്ന ചെറിയ ചലനങ്ങളും അതിന്റെ ഭാഗമായുണ്ടാകുന്ന പ്രത്യാഘാതങ്ങളും ഉണ്ടാകുമെന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. അതിൽ പോസിറ്റീവും നെഗറ്റീവുമുണ്ട്.

നെഗറ്റീവായ പ്രത്യാഘാതങ്ങളാണ് കൂടുതലായി വരുന്നത്. 2018-ലും 2019-ലും പ്രളയമുണ്ടായത് നമുക്കറിയാം; അതുമായി ബന്ധപ്പെട്ട ഭവിഷ്യത്തുകൾ, ദുരിതങ്ങൾ, കഷ്ടപ്പാടുകൾ, പ്രയാസങ്ങൾ എന്നിവ ചർച്ച ചെയ്യുമ്പോൾ മറുഭാഗത്ത് വരൾച്ചയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളുമുണ്ട്. വരൾച്ചയുണ്ടാകുമ്പോഴുള്ള സ്വാഭാവികമായ പ്രശ്നങ്ങൾ, കൃഷിയുമായി ബന്ധപ്പെട്ട് ഇറിഗേഷന്റെ പ്രവർത്തനം, കുടിവെള്ളവുമായി ബന്ധപ്പെട്ട് ജലവിതരണവുമായുള്ള പ്രശ്നങ്ങൾ, വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ എന്നിവയാണവ. പോസിറ്റീവും നെഗറ്റീവുമായ പ്രശ്നങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ ഏറ്റവും കൂടുതൽ നെഗറ്റീവ് വശങ്ങളാണ് ഇതുമായി ബന്ധപ്പെട്ടുവരുന്നത്. കാലാവസ്ഥയിൽ വരുന്ന വ്യതിയാനം, പ്രളയം, വരൾച്ച, നദികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തുടങ്ങിയവ നമ്മുടെ ആവാസവ്യവസ്ഥയെ ആകെത്തന്നെ പ്രതികൂലമായി ബാധിക്കും. നദികളെ സംരക്ഷിക്കുന്നതിനുള്ള ഒട്ടേറെ ചർച്ചകൾ നാട്ടിൽ നടക്കുന്നുണ്ട്. ദേശീയ തലത്തിലും സംസ്ഥാന തലത്തിലും പ്രകൃതി സ്നേഹികളുടെ സംഘടനകളും പരിസ്ഥിതി വാദികളായ ആളുകളും ശാസ്ത്ര സാഹിത്യ പരിഷത്തുപോലുള്ള സംഘടനകളും ചർച്ചകൾ നടത്തുന്നുണ്ട്. എല്ലാവരും വിഷയങ്ങൾ അവതരിപ്പിച്ച് ചർച്ച നടത്തുകയെന്ന് പറയുമ്പോൾ പരിസ്ഥിതിയെ സംരക്ഷിക്കുകയും അതോടൊപ്പം വികസനവും നടത്തണമെന്നർത്ഥം. പരിസ്ഥിതിയെ ചവിട്ടിമെതിച്ചുകൊണ്ട്, പുഴകൾ വറ്റിച്ചുകൊണ്ട് ഇവിടെ വൻ വികസനം നടക്കണമെന്ന് അഭിപ്രായമില്ല. എന്നാൽ ഇതുമായി ബന്ധപ്പെട്ട് വികസനമേ നടക്കാൻ പാടില്ലെന്ന സമീപനം സ്വീകരിക്കാൻ സാധിക്കില്ല. വികസന കാര്യത്തിൽ ഒരു മിഡ്‌വേ കണ്ടെത്തി മുന്നോട്ടുകൊണ്ടുപോകാനുള്ള ശ്രമം നടത്തണം. പുഴയുമായി ബന്ധപ്പെട്ട കാര്യം ചർച്ച ചെയ്യുമ്പോൾ അതിൽ മണലുമായും പുഴയുടെ നീരൊഴുക്കുമായും പുഴയിൽ മാലിന്യങ്ങൾ അടിഞ്ഞുകൂടുന്നതുമായ പ്രശ്നങ്ങളുണ്ട്. ഭൂതപ്പുഴയുടെ സമീപത്താണ് താമസിക്കുന്നതെന്ന് ശ്രീ. നജീബ് കാന്തപുരം പറഞ്ഞതുപോലെ ഞാൻ താമസിക്കുന്നതിന്റെ ഒരു ഭാഗത്ത് ഭാരതപ്പുഴയും മറുഭാഗത്ത് ഭൂതപ്പുഴയുമാണ്. ഈ രണ്ട് പുഴകളും അതിർത്തി പങ്കിടുന്ന ഒരു മണ്ഡലമാണ് എന്റേത്. മാത്രമല്ല ഞാൻ താമസിക്കുന്നത് ഭാരതപ്പുഴയും ഭൂതപ്പുഴയും ഒന്നുചേരുന്ന കൂട്ടക്കടവ് എന്ന പ്രദേശത്താണ്. ചെറിയ രീതിയിൽ മഴയോ അതിവർഷമോ വന്നാൽ, എന്തിനധികം പറയുന്നു മലമ്പുഴ ഡാമിൽ നിന്നും അഞ്ച് സെന്റീമീറ്റർ വെള്ളം തുറന്നുവിട്ടാൽ പോലും വെള്ളം പരന്നൊഴുകി ഞങ്ങളുടെ പ്രദേശം മുങ്ങിപ്പോകും. പുഴയുടെ പല ഭാഗങ്ങളും സമതലവുമായി ബന്ധപ്പെട്ട് അതിർത്തി പങ്കിടുന്നുണ്ട്. അത്തരത്തിൽ അതിർത്തി പങ്കിടുന്ന ധാരാളം പ്രദേശങ്ങളുണ്ട്. എന്നാൽ കാടുകളും

കുന്നുകളുംപോലെ പ്രകൃതിദത്തമായ അതിർത്തികൾ പങ്കുവയ്ക്കുന്ന പ്രദേശങ്ങളുമുണ്ട്. അങ്ങനെ ഉയരം കൂടിയ പ്രദേശങ്ങളിൽ മഴവെള്ളപ്പാച്ചിലുണ്ടാകുമ്പോൾ പുഴയിലേയ്ക്ക് മണ്ണിടിഞ്ഞുപോകുകയാണ്. കൃഷിക്കാരുടെ തോട്ടങ്ങളും പറമ്പും ഇടിഞ്ഞ് പുഴയിലേയ്ക്ക് പോകുന്നു. അത് കുണ്ടുള്ളതും ഉയരമുള്ള പ്രദേശങ്ങളുമാകാം. എന്നാൽ സമതല പ്രദേശത്തേയ്ക്ക് വെള്ളം ഒഴുകിയെത്തി കൃഷിക്കാരൻ പുഴയിലേയ്ക്ക് ഇറങ്ങുന്ന സ്ഥിതിയുമുണ്ട്. രണ്ടുഭാഗത്തെയും സംബന്ധിച്ച് സമഗ്രമായ ഒരു സർവ്വേ നടത്തി പുഴയുടെ തീരപ്രദേശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ശ്രമം നടത്തണം. ഇപ്പോൾ ശ്രമം നടത്തുന്നില്ലെന്നല്ല, പക്ഷേ പുഴയുടെ അതിർത്തികൾ എവിടെയൊക്കെയാണ് എന്നതുസംബന്ധിച്ച് സമഗ്രമായ പഠനം നടത്തണം. പട്ടാള ഭൂമി എന്നുപറഞ്ഞ ഫോറസ്റ്റ് ഭൂമിയിൽ ആർക്കും കയറാൻ കഴിയില്ലല്ലോ; അതുപോലെ പുഴയോരം, നദീതടങ്ങൾ, തീരപ്രദേശങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെട്ട് *അതിർത്തി* നിർണ്ണയം നടത്തിക്കഴിഞ്ഞാൽ വളരെ ശക്തമായ രീതിയിൽ, മാനസികമായിത്തന്നെ ആളുകൾക്ക് അത് പുഴയുടെ ഭൂമിയാണ്, അതിലേയ്ക്ക് പ്രവേശിക്കാൻ കഴിയില്ലെന്ന നിലപാടിലേയ്ക്കെത്താൻ കഴിയും. അതുപോലെ പുഴയിലേയ്ക്ക് ഇടിഞ്ഞുപോയ ഭൂമി തിരികെക്കൊടുക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം. എന്റെ മണ്ഡലത്തിൽ 2016-ൽ നിർമ്മിച്ച മാന്നന്തുരിലുള്ള ഉരുക്ക് തടയണ 2018-ലെ വെള്ളപ്പൊക്കത്തിൽ തകർന്നുപോയി. അവിടെ ഉയരം കൂടിയ പ്രദേശമായതിനാൽ ആ വെള്ളപ്പൊക്കത്തിൽ ധാരാളം കൃഷിക്കാരുടെ ഭൂമിയും പുഴയിലേയ്ക്ക് ഇടിഞ്ഞുപോയിട്ടുണ്ട്. ഈ രീതിയിൽ പുഴയുമായും നദിയുമായും നദീതീരവുമായും ബന്ധപ്പെട്ട് ഒട്ടേറെ പ്രശ്നങ്ങൾ ചർച്ച ചെയ്യുമ്പോഴും ഇരുതല മൂർച്ചയുള്ള ഒരു പ്രശ്നമാണ് ഇതെന്ന് മനസ്സിലാക്കിക്കൊണ്ട് ജനങ്ങൾക്ക്, കൃഷിക്കാർക്ക്, തൊഴിലാളികൾക്ക്, മണൽ ലഭ്യമാക്കാനാവശ്യമായ നടപടി കുറച്കൂടി സുതാര്യമാക്കണം. എന്നാലും നിലവിലെ വ്യവസ്ഥ വച്ചുകൊണ്ട് ഈ നിയമത്തെ ദുരുപയോഗം ചെയ്യുന്നവർക്കെതിരായി ശക്തമായ നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി 5 ലക്ഷം രൂപയും കൂടാതെ ഓരോ ദിവസവും ആയിരം രൂപ എന്നതിനുപകരം 50,000 രൂപ എന്ന സംഖ്യ നിശ്ചയിച്ചുകൊണ്ട് അവതരിപ്പിക്കപ്പെട്ട ബില്ലിനെ പിന്തുണച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ജി. എസ്. ജയലാൽ ചുമതലപ്പെടുത്തിയതുപ്രകാരം <u>ശ്രീ. ഇ. കെ. വിജയൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

വളരെ ചെറിയ ഒരു ഭേദഗതിയാണ് ഇതിലുള്ളത്, "1963-ലെ കേരള ഭൂപരിഷ്കരണ ആക്ടിന്റെ ഭേദഗതിയാണ്. 106-ാം വകുപ്പോ, 106 എ വകുപ്പോ പ്രകാരമുള്ള ലാന്റ് ടൈബ്യൂണലിന്റെ ഏതെങ്കിലും ഉത്തരവുമൂലം സങ്കടമനുഭവിക്കുന്ന ഏതെങ്കിലും ആൾക്കോ അങ്ങനെയുള്ള ഉത്തരവിനെതിരായി നിർണ്ണയിക്കപ്പെടാവുന്ന സമയത്തിനകം അപ്പീൽ അധികാരസ്ഥാനത്തിന്റെ അടുക്കൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്" എന്നുപറഞ്ഞെങ്കിലും 106 ബി വകുപ്പുപ്രകാരമുള്ള ലാന്റ് ടൈബ്യൂണലിന്റെ ഒരു ഉത്തരവിനെതിരെ നിലവിൽ അപ്പീൽ ബോധിപ്പിക്കുന്നതിന് വ്യവസ്ഥയില്ല. 7 ഇ വകുപ്പിൻകീഴിൽ ഒരു കുടിയാനായി കരുതപ്പെടേണ്ടതാണെന്ന് അവകാശവാദം ഉന്നയിക്കുന്ന ഒരാൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട ലാന്റ് ടൈബ്യൂണലിന്റെ 106 ബി എന്ന വകുപ്പ് പ്രകാരമുള്ള ഉത്തരവിനെതിരെ അപ്പീലിനുള്ള ഒരു വ്യവസ്ഥ ഉൾപ്പെടുത്തുന്നതിന് ഇപ്പോൾ സർക്കാർ തീരുമാനിച്ചു. മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

1957-ലെ കേരളത്തിലെ പ്രഥമ ഗവൺമെന്റ് സുദീർഘമായ കാലത്തെ പോരാട്ടത്തിലൂടെ ഉന്നയിച്ച മുദ്രാവാക്യം എന്ന നിലയ്ക്കാണ് ഭൂപരിഷ്കരണ നിയമം സംസ്ഥാനത്ത് കൊണ്ടുവന്നതെന്ന് നമുക്കറിയാം. പക്ഷേ ജനാധിപത്യ വിരുദ്ധമായി ആ ഗവൺമെന്റിനെ പിരിച്ചുവിട്ടതിനെത്തുടർന്ന് 1970-ലാണ് ഭൂപരിഷ്കരണ നിയമം നടപ്പിലാക്കാൻ കഴിഞ്ഞത്. ഇതിനിടയ്ക്ക് വിവിധ ഗവൺമെന്റുകൾ വന്നെങ്കിലും അത് നടപ്പിലാക്കാൻ പല കാരണങ്ങൾകൊണ്ട് കഴിഞ്ഞില്ല. എന്നാൽ ഇന്നും ഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ, ലാൻഡ് ടൈബ്യൂണലിന്റേതായാലും മറ്റിതര കേസുകളായാലും സംസ്ഥാനത്ത് നടക്കുന്നുവെന്നതാണ് സവിശേഷത. അതിൽ ശാശ്വത പരിഹാരമുണ്ടാക്കേണ്ടത് അനിവാര്യമാണ്. അതിനിടയ്ക്കാണ് ചിലർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണണമെന്ന ഉദ്ദേശ്യത്തോടെ കേരളത്തിലെ ഗവൺമെന്റിനുവേണ്ടി ബഹുമാന്യനായ റവന്യൂ വകുപ്പുമന്ത്രി ഇത്തരമൊരു ഭേദഗതി മുന്നോട്ടുവച്ചിട്ടുള്ളത്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. സ്വാതന്ത്ര്യത്തിന് മുമ്പുതന്നെ വിദേശ കമ്പനികൾ വിലയ്ക്കുവാങ്ങിയതും പാട്ടത്തിനെടുത്തതുമായ പതിനായിരക്കണക്കിന് ഏക്കർ ഭൂമിയുണ്ട്. സ്വാതന്ത്ര്യം ലഭിച്ചതോടെ ഈ ഭൂമി യഥാർത്ഥത്തിൽ സർക്കാരിൽ നിക്ഷിപ്തമാകേണ്ടതാണ്. എന്നാൽ ഇതിൽനിന്നും രക്ഷനേടുന്നതിനുവേണ്ടി വിദേശ കമ്പനികൾ ഇന്ത്യൻ കമ്പനികളുമായി ലയിച്ച് ഭൂമി അനധികൃതമായി കൈവശം വച്ചുവരികയാണെന്ന കാര്യം നമുക്കറിയാം. ഇത്തരം ഭൂമി ഭൂസംരക്ഷണ നിയമപ്രകാരം ഏറ്റെടുക്കുന്നതിനുവേണ്ടി കഴിഞ്ഞ

ഗവൺമെന്റ് ശ്രീ. രാജമാണിക്യം ഐ.എ.എസ്.-നെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു. എന്നാൽ ഭൂമിയുടെ ഉടമസ്ഥത സിവിൽ കോടതിയിലൂടെ തെളിയിക്കണമെന്നാണ് ഹൈക്കോടതി തീർപ്പാക്കിയത്. സിവിൽ കോടതിയിലെ കേസിനെക്കുറിച്ച് നമുക്കറിയാം. ഭൂമിയുമായി ബന്ധപ്പെട്ട കേസുകൾ പൂർത്തീകരിക്കണമെങ്കിൽ വർഷങ്ങൾ വേണ്ടിവരും. ഹൈക്കോടതിയിൽ ഇപ്പോൾ അത് ഉറപ്പുവരുത്തണമെങ്കിൽ സിവിൽ കോടതിയിൽനിന്നും ഗവൺമെന്റ് അതിന് ഉടമസ്ഥാവകാശം ഉറപ്പുവരുത്തണമെന്നാണ് ആവശ്യപ്പെട്ടിട്ടുള്ളത്. ഞാൻ സൂചിപ്പിച്ചതുപോലെ അനിശ്ചിതമായി നീണ്ടുപോകുമെന്നല്ലാതെ അതിനൊരു പരിഹാരം കാണാൻ കഴിയില്ല. അതിന് സഹായകരമായി ഒരു നിയമനിർമ്മാണം നടത്താൻ ബഹുമാനപ്പെട്ട വകുപ്പുമന്ത്രി താത്പര്യമെടുക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കേരളത്തിൽ ലക്ഷക്കണക്കിന് ഏക്കർ ഭൂമിയാണ് അനധികൃതമായി നിയമത്തിന്റെ ലൂപ്പ്ഹോൾ ഉപയോഗപ്പെടുത്തി കൈവശം വച്ചിട്ടുള്ളത്. 7 ഇ വകുപ്പ് 2005-ൽ ഉൾപ്പെടുത്തിയപ്പോഴാണ് ഒരു മാറ്റം വന്നത്. പക്ഷേ 2005-നുശേഷം മിച്ചഭൂമി വിൽപ്പന നടത്തുന്നുണ്ടെന്ന് നമുക്ക് കാണാൻ കഴിയും. അതിന്റെ അടിസ്ഥാനത്തിൽ ഹൈക്കോടതി പറയുന്ന രീതിയാണ് വരുന്നതെങ്കിൽ പുതിയതായി ഒരു 7 ഇ വകുപ്പ് കൊണ്ടുവരേണ്ട സാഹചര്യമാണ് ഇന്ന് കേരളത്തിലുള്ളതെന്ന് ഓർക്കണം. ഭൂപരിഷ്കരണ നിയമം അട്ടിമറിക്കാനുള്ള നടപടിയാണ് അതിന്റെ പിന്നിലുള്ളതെന്നതും കാണേണ്ടതാണ്. അതിന് ശാശ്വത പരിഹാരമുണ്ടാക്കാൻ അത്തരമൊരു നിയമനിർമ്മാണം അനിവാര്യമാണെന്നാണ് ഇതുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്. ഏതായാലും കേരളത്തിൽ ഭൂപരിഷ്കരണ നിയമത്തെത്തുടർന്ന് കാലാനുസൃതമായ മാറ്റം വരുത്താനുള്ള വിപുലമായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിരിക്കുന്നതെന്നുള്ളത് സന്തോഷകരമായ കാര്യമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 54535 പേർക്ക് പട്ടയം നൽകിയിട്ടുണ്ട്. ഡിജിറ്റൽ സർവ്വേയും ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. അതിന്റെ ഔപചാരികമായ ഉദ്ഘാടനം ബഹുമാനപ്പെട്ട മുഖ്യമന്ത്രി 1-11-2022-ന് നടത്തിക്കഴിഞ്ഞു. അതോടൊടി റവന്യൂ വകുപ്പിന്റെ ഭൂമിയുമായി ബന്ധപ്പെടുത്തിക്കൊണ്ട്, മിച്ചഭൂമി ഉൾപ്പെടെ ഭൂമിയുടെ യഥാർത്ഥ ഉടമസ്ഥാവകാശം തിട്ടപ്പെടുത്തിക്കൊണ്ടുള്ള പ്രവർത്തനം നടത്താൻ കഴിയും. കഴിഞ്ഞ ബില്ലിന്റെ ചർച്ചയുടെ ഭാഗമായി നദീതടങ്ങളുമായി ബന്ധപ്പെട്ട് യഥാർത്ഥ പുഴകളും നദികളും എത്രമാത്രമാണെന്ന് തിട്ടപ്പെടുത്തി അതിന്റെയും മിച്ചഭൂമി

കണ്ടെത്താൻ കഴിയും. അതോടൊപ്പം ചേർത്ത് പറയാനുള്ളത് പുറമ്പോക്കുകളായി നിൽക്കുന്ന ഭൂമി ഇതുപോലെ അന്യാധീനപ്പെട്ടുപോകുന്ന സാഹചര്യമുണ്ട്. യഥാർത്ഥ ഭൂമി സർക്കാർ ഏജൻസിയുടേതായിരിക്കും. പക്ഷെ ലോക്കൽ ബോഡികളോ മറ്റേതെങ്കിലും ഏജൻസികളോ വക്കീലുകളെ വയ്ക്കുമെന്നല്ലാതെ അതിനെക്കുറിച്ച് പിന്നീട് ഒരു അന്വേഷണവും നടത്തുകയില്ല. അതിന്റെ അടിസ്ഥാനത്തിൽ കക്ഷികളിൽ, അന്യായം കൊടുക്കുന്നത് ഞാനാണെങ്കിൽ അടുത്ത് നിൽക്കുന്ന ഒരാളുമായി ബന്ധപ്പെടുത്തിക്കൊണ്ടോ അല്ലെങ്കിൽ കുടുംബത്തിലൊരാളുമായി ബന്ധപ്പെടുത്തിക്കൊണ്ടോ ആണ് കേസ് നടത്തുന്നത്. യഥാർത്ഥ ഭൂമി മറ്റൊരാളുടേതാണ് അതായത് സർക്കാർ ഏജൻസിയുടേതാണ്. അതിൽ സുവോമോട്ടോ എനിക്ക് ഭൂമിക്കുള്ള അംഗീകാരം കോടതി തരികയാണെങ്കിൽ, ആ രീതിയിൽ ഭൂമി തട്ടിപ്പ് നടത്തുന്നൊരു വലിയ പദ്ധതി കേരളത്തിൽ നടക്കുന്നുണ്ട്. ഞാൻ സൂചിപ്പിച്ചത് റവന്യൂവുമായി ബന്ധപ്പെട്ട, പുറമ്പോക്ക് ഭൂമിയുൾപ്പെടെയുള്ള ഇത്തരം കേസ്സുകൾ നടത്തുന്നതിന് ഒരു മോണിറ്ററിംഗ് സിസ്റ്റം നമ്മുടെ കീഴ്ക്കോടതികളും ഹൈക്കോടതികളുമായി ബന്ധപ്പെട്ട് രൂപീകരിച്ചെടുക്കുന്നതിനുള്ള നിലപാട് ഇതിന്റെ ഭാഗമായുണ്ടാകണം എന്നാണ്. കോടതികളെ തെറ്റിദ്ധരിപ്പിച്ച് ഭൂമി കൈവശപ്പെടുത്തുന്ന സമീപനങ്ങളുമുണ്ട്. അതോടൊപ്പം യൂണിക് തണ്ടപ്പേര് വരുന്നത് വലിയ പ്രശ്നമാണ്. ഭൂപരിഷ്കരണ നിയമത്തിന് മുമ്പുള്ള ദേവസ്വത്തിന്റെയും മറ്റ് ആളുകളുടെയും പേരിലുള്ള തണ്ടപ്പേരാണ് ഇപ്പോഴും പല ഓഫീസുകളിലും നിരുപിച്ചുകൊണ്ടിരുന്നത്. അതിനെ മാറ്റി യൂണിക് തണ്ടപ്പേർ വരുന്ന സംവിധാനം റവന്യൂ വകുപ്പ് നടപ്പിലാക്കുന്നത് സന്തോഷകരമാണ്. റവന്യൂ കോൾ സെന്റർ രൂപീകരിച്ചുകഴിഞ്ഞു.

വില്ലേജ്തല ജനകീയ സമിതികൾ ഒരു പുതിയ സംരംഭമാണ്. തീർച്ചയായും ഒട്ടേറെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഇതിലൂടെ കഴിയുന്നതാണ്. വില്ലേജ് ഓഫീസുകളിൽ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്. അതിനായി എം.എൽ.എ.-മാരുടെ സഹായം മന്ത്രി തേടിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന 2,12,169 അപേക്ഷകളിൽ 2,06,062 തരംമാറ്റൽ അപേക്ഷകൾ തീർപ്പാക്കി. അധിക തസ്തികകൾ സൃഷ്ടിച്ച് അതിന്റെ പ്രവർത്തനത്തെ മുന്നോട്ടുകൊണ്ടുപോവുകയാണ്. വാഹന സൗകര്യം ഏർപ്പെടുത്തുന്നു, അനുബന്ധ ഉപകരണങ്ങൾ വാങ്ങി ഈ സംവിധാനം ആറു മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് ശേഷിക്കുന്ന അപേക്ഷകൾ കൂടി തീർപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 1244

തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റിയിട്ടുണ്ട്. സ്മാർട്ട് വില്ലേജ് ഓഫീസുകൾ ആരംഭിച്ചു. ഈ വർഷം 80 വില്ലേജ് ഓഫീസുകൾക്കുകൂടി അനുമതി നൽകി. നേരത്തെ അനുവദിച്ചതുൾപ്പെടെ 92 എണ്ണത്തിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. അടിയന്തര ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി വില്ലേജ് ഓഫീസർമാർക്ക് 25,000 രൂപ വരെ ചെലവഴിക്കുന്നതിനുള്ള അധികാരം നൽകി. വില്ലേജ് ഓഫീസ് സേവനം നിർബന്ധമാക്കുന്നതിനുള്ള നിയമഭേദഗതി വരുത്തി. റവന്യൂ അവാർഡ് പ്രഖ്യാപിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്നവരെയെല്ലാം പ്രോത്സാഹിപ്പിക്കുന്ന നിലപാട് സ്വീകരിച്ചിട്ടുണ്ട്. പട്ടയ വിതരണത്തിന് തടസ്സമായി നിൽക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും ഓരോ വില്ലേജിലെയും ഭൂരഹിതരുടെ എണ്ണം, ഭൂമിയുടെ ലഭ്യത, പട്ടയ വിതരണത്തിനുള്ള തടസ്സം എന്നിവ കണ്ടെത്തി രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള ഡാഷ് ബോർഡ് നിലവിൽ വന്നു. വില്ലേജ് ഓഫീസുകളിൽ നേരിട്ടുപോകാതെ സ്മാർട്ട് ഫോൺ ഉപയോഗിച്ച് മൊബൈൽ ആപ്ലിക്കേഷൻവഴി ഭൂ നികുതി ഒടുക്കുവാനുള്ള സംവിധാനങ്ങളും കൊണ്ടുവന്നിട്ടുണ്ട്. എം.എൽ.എ.മാർക്കുള്ള ഡാഷ് ബോർഡ്-ജില്ലാ റവന്യൂ അസംബ്ലിയിൽ എം.എൽ.എ.-മാർ ഉന്നയിക്കുന്ന പരാതികളും ആവശ്യങ്ങളും രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനും സമയബന്ധിതമായി പരിഹാരം കാണുന്നതിനുമായി ഒരു ഡാഷ് ബോർഡ് രൂപീകരിച്ചുണ്ട്. ഇത്തരം ജനകീയ പ്രശ്നങ്ങൾ എം.എൽ.എ.മാർ കൊണ്ടുവരുമ്പോൾ അത് പരിഹരിക്കാനുള്ള സംവിധാനം പ്രത്യേകമായെടുക്കുന്നുവെന്നുള്ളത് തീർച്ചയായും റവന്യൂ വകുപ്പിന്റെ കീഴിലെ ഒരു വിപ്ലവകരമായ മാറ്റമായിരിക്കും. പിന്തുടർച്ചാവകാശ സർട്ടിഫിക്കറ്റിന് ഓൺലൈൻ മൊഡ്യൂൾ കൊണ്ടുവന്നു. അങ്ങനെ വിവിധ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. എല്ലാ വില്ലേജ് ഓഫീസുകളിലും വെബ്സൈറ്റ്, എല്ലാ സേവനങ്ങളും വിരൽത്തുമ്പിൽ ലഭ്യമാക്കുക, വില്ലേജ് ഓഫീസുകളിൽ ലഭ്യമാകുന്ന എല്ലാ സേവനങ്ങളുമുൾക്കൊള്ളിച്ച് രൂപകൽപ്പന ചെയ്തിട്ടുള്ളതാണ് വെബ്സൈറ്റ്. അങ്ങനെ ഭൂപരിഷ്കരണം നടപ്പിലാക്കിയ സംസ്ഥാനത്ത് ജനങ്ങൾക്ക് സഹായകരമായ നിലപാട് സ്വീകരിച്ചുകൊണ്ട് വളരെ വേഗതയിൽ റവന്യൂ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് മുന്നോട്ടുപോകുന്നുണ്ട്.

കഴിഞ്ഞ പ്രളയത്തിൽ തകർന്നുപോയ വീടുകൾ സംരക്ഷിക്കാനുള്ള പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. എന്റെ മണ്ഡലത്തിൽ തന്നെ 67 പേർക്ക് നഷ്ടപ്പെട്ടുപോയ ഭൂമി നൽകാനും അവർക്ക് പുതിയതായി വീട് നിർമ്മിച്ച് നൽകാനുമുള്ള പ്രവർത്തനങ്ങൾ നടക്കുകയാണ്. അതുപോലെ ഉരുൾപൊട്ടിയാൽ

വീടുകൾ നഷ്ടപ്പെടാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ താമസിക്കുന്ന ആദിവാസികളെ മാറ്റിപാർപ്പിക്കാൻ പുനഃസംവിധാന പരിപാടി ഒരുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ആവശ്യപ്പെട്ടുകൊണ്ട് ഈ ഭേദഗതികളെ അംഗീകരിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: ചുമതലപ്പെടുത്തിയതുപ്രകാരം ശ്രീ. പി. ഉബൈദുള്ള: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരള ഭൂപരിഷ്കരണ നിയമത്തിലെ 7 ഇ വകുപ്പ് പ്രകാരം കുടിയാനായി കരുതപ്പെടേണ്ടതാണെന്ന് അവകാശവാദം ഉന്നയിക്കുന്നയാൾക്ക് ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് നൽകുന്നതുമായി ബന്ധപ്പെട്ട Land Tribunal-ന്റെ 106 ബി വകുപ്പ് പ്രകാരമുള്ള ഉത്തരവിനെതിരെ അപ്പീൽ നൽകുന്ന വ്യവസ്ഥയെ ഉൾപ്പെടുത്തിക്കൊണ്ട് 1963-ലെ കേരള ഭൂപരിഷ്കരണ ആക്ട് ഭേദഗതി ചെയ്യുന്നതിനുവേണ്ടിയുള്ള ഈ ബില്ലിന്റെ വ്യവസ്ഥകളോട് ഞാൻ യോജിക്കുകയാണ്. എന്നാൽ പാട്ടക്കാലാവധി പൂർത്തിയാക്കുകയോ പാട്ടക്കരാർ ലംഘനം നടത്തുകയോ ചെയ്ത വൻകിട എസ്റ്റേറ്റുകളിൽനിന്നും ഭൂമിയേറ്റെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിക്കാത്ത സർക്കാർ നിലപാടിനോട് ഞാൻ വിയോജിക്കുകയുമാണ്. സംസ്ഥാനത്ത് ഭൂരഹിതരായ ലക്ഷക്കണക്കിന് ആളുകളെ ഭൂവുടമകളാക്കി മാറ്റിയ സുപ്രധാനമായ നിയമനിർമ്മാണമായിരുന്നു 1970 ജനുവരി മാസത്തിൽ സഖാവ് സി. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഐക്യമുന്നണി സർക്കാർ നടപ്പാക്കിയ ഭൂപരിഷ്കരണ നിയമം. കയറിക്കിടക്കാൻ ഒരു തുണ്ട് ഭൂമിപോലുമില്ലാതിരുന്ന ജനലക്ഷങ്ങളെ ഭൂവുടമകളാക്കി മാറ്റിയ അതിവിപ്ലവകരമായ ആ നിയമം നടപ്പാക്കുന്നതിൽ പങ്കാളികളാകാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് അഭിമാനവും ചാരിതാർത്ഥ്യവുമുണ്ട്. 1966-67-ൽ കേരളത്തിലെ ഭൂവുടമകളുടെ എണ്ണം 28.22 ലക്ഷമായിരുന്നെങ്കിൽ 1970-ൽ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം 1976-77-ൽ ഭൂവുടമകളുടെ എണ്ണം 41.83 ലക്ഷമായി ഉയരുകയും ഏകദേശം 28 ലക്ഷം പേർക്ക് ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിക്കുകയും ചെയ്തു. 5.3 ലക്ഷം കുടികിടപ്പുകാർക്ക് കുടികിടപ്പവകാശവും ഇതിന്റെ ഭാഗമായി ലഭിക്കുകയുണ്ടായി. അതിനുശേഷം ഭൂപരിഷ്കരണ നിയമത്തിൽ പല ഭേദഗതികളും പലപ്പോഴായി കൊണ്ടുവന്നെങ്കിലും

ഭ്രരഹിതരായ മുഴുവൻ ആളുകൾക്കും ഭ്രമി നൽകാൻ ഇതുവരെയും സാധിച്ചിട്ടില്ല. കേരളത്തിലെ മൊത്തം ജനസംഖ്യയുടെ 10% വരുന്ന ജനങ്ങൾ ഭ്രരഹിതരാണെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇന്ന് രാവിലെ ശ്രദ്ധ ക്ഷണിക്കലിന് മറുപടിയായി ബഹുമാന്യനായ മന്ത്രി ഇരുപതിനായിരത്തിൽപ്പരം ആളുകൾക്ക് ഭ്രമി നൽകാനുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി.

2018-ലും 2019-ലുമുണ്ടായ പ്രളയത്തിൽപ്പെട്ട് വീട് തകർന്നുപോയ എത്രയോ കുടുംബങ്ങൾ ഇപ്പോഴും വീട് നിർമ്മിക്കാൻ കഴിയാതെ നിൽക്കുകയാണ്. പല നദികളുടെ തീരങ്ങളിലും ഭീഷണി തുടരുകയാണ്. ഒരു മഴ പെയ്താൽ നദിയുടെ കര ഇടിയുമെന്നതിനാൽ അതിനടുത്ത് താമസിക്കുന്ന വീടുകളെല്ലാം അപകട ഭീഷണിയിലാണ്. പ്രളയം വന്ന് തകർന്നതിനുശേഷം വീട് പുനർനിർമ്മിക്കാനല്ലാതെ, പ്രളയത്തിൽപ്പെടാൻ സാധ്യതയുള്ള വീടുകളുടെ പുനരധിവാസം ഉറപ്പുവരുത്താനുള്ള നടപടി കൂടി റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നുമുണ്ടാകണം. മലപ്പുറം ജില്ലയിൽ ഭ്രരഹിതരില്ലാത്ത കേരളം പദ്ധതിയിൽ വിതരണം ചെയ്യുന്നതിനായി ഭ്രപരിഷ്കരണ നിയമപ്രകാരം ഏറ്റെടുത്ത 3 സെന്റ് വീതമുള്ള 121 പ്ലോട്ടുകൾ നിലവിലുണ്ടെന്നാണ് 9-8-2021-ൽ ഞാൻ ചോദിച്ച നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4367-ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നൽകിയ മറുപടി. ഈ 121 പ്ലോട്ടുകൾ ബന്ധപ്പെട്ട ഗുണഭോക്താക്കൾക്ക് എത്രയും വേഗം വിതരണം ചെയ്യാനും അവർക്ക് പട്ടയം നൽകാനുമുള്ള നടപടി സ്വീകരിക്കണം. 'സംസ്ഥാനത്തെ ഭ്രരഹിതരുടെ വിവര ശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ' എന്ന 30-8-2022-ലെ ശ്രീ. അനൂപ് ജേക്കബിന്റെ ചോദ്യത്തിന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഉത്തരമായി പറഞ്ഞത് "സംസ്ഥാനത്തെ ഭ്രരഹിതരുടെ വിവര ശേഖരണം റവന്യൂ വകുപ്പ് നടത്തി കണക്കുകൾ ശേഖരിച്ചിട്ടില്ലാത്തതാണ്. എന്നാൽ സംസ്ഥാനത്തെ ഭ്രരഹിതരുടെ വിവരശേഖരണം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടത്തി വരുന്നു." എന്നാണ്. സംസ്ഥാനത്ത് എത്ര ഭ്രരഹിതരുണ്ടെന്നും എന്നേയ്ക്ക് അവർക്ക് ഭ്രമി നൽകാൻ കഴിയുമെന്നതിനെക്കുറിച്ചുള്ള വ്യക്തമായ എല്ലാ വിവരങ്ങളും റവന്യൂ വകുപ്പിന്റെ കൈവശമുണ്ടാകേണ്ടതാണ്. ജനങ്ങൾ ഏറ്റവും കൂടുതൽ ബന്ധപ്പെടുന്നത് റവന്യൂ വകുപ്പിനെയാണ്. ആ വകുപ്പിനെ നന്നാക്കിയെടുക്കാനുള്ള ശ്രമം ബഹുമാനപ്പെട്ട മന്ത്രി നടത്തുന്നുണ്ടെങ്കിൽപ്പോലും ഇപ്പോഴും അതിന് കാര്യമായ മാറ്റങ്ങളൊന്നും ഉണ്ടാകുന്നില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്. ഭ്രമിയുടെ തരംമാറ്റാനായി ഒരാൾ അപേക്ഷ കൊടുത്താൽ അതിന് വർഷങ്ങളോളം കാത്തിരിക്കേണ്ട സ്ഥിതിയാണ്. ഒരു പട്ടയത്തിനുവേണ്ടി അപേക്ഷ കൊടുത്താൽ കുറച്ച് വർഷം കഴിയുമ്പോൾ പട്ടയമേള നടത്തും. പട്ടയമേളയിൽ പട്ടയം കൊടുക്കാനായി കാത്തുനിൽക്കുന്നത് എന്തിനാണ്? ഓരോ ഘട്ടങ്ങളിലും ലഭിക്കുന്ന

അപേക്ഷകളിന്മേൽ അപ്പപ്പോൾ തീർപ്പ് കൽപ്പിക്കുകയാണെങ്കിൽ ഇതിനെല്ലാം പരിഹാരമുണ്ടാക്കാൻ സാധിക്കും. ചില ആളുകൾ ഭൂമി കൈവശം വച്ചിരിക്കുന്നതുപോലെ റവന്യൂ വകുപ്പും ഭൂമി മൊത്തത്തിൽ കൈവശം വച്ചിരിക്കുകയാണ്. സർക്കാരിന്റെ മറ്റേതെങ്കിലും ഡിപ്പാർട്ട്മെന്റിന് ഒരു കെട്ടിടം നിർമ്മിക്കാനോ അവർക്ക് മറ്റെന്തെങ്കിലും സൗകര്യമൊരുക്കാനോ വേണ്ടി ഫണ്ട് പാസ്സായാൽപ്പോലും നൽകാൻ ഭൂമിയുണ്ടാകില്ല. എന്റെ മണ്ഡലത്തിലേയ്ക്ക് അനുവദിച്ചതന്ന മലപ്പുറം ആർ.ടി. ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടിയാണ് രണ്ട് വർഷംമുമ്പ് ബഡ്ജറ്റിൽ ഉൾപ്പെടുത്തി 20 ശതമാനം തുക വകയിരുത്തിയത്. എന്നാൽ ബഡ്ജറ്റിൽ വകയിരുത്തിയ പണം വിനിയോഗിക്കാൻ കഴിയുന്നില്ല. കാരണം ഭൂമി റവന്യൂ വകുപ്പിന്റേതാണ്. അവർ ഭൂമി വിട്ടുകൊടുക്കാൻ തയ്യാറാകുന്നില്ല. ഇതുമായി ബന്ധപ്പെട്ട് ഭൂമി വിട്ടുനൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ആർ.ടി.ഒ. നൽകിയ കത്തിന് മറുപടിയായി റവന്യൂ വകുപ്പ് നൽകിയ മറുപടി മലപ്പുറം സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിൽ 100 വർഷത്തിലേറെ പഴക്കമുള്ള ഒരു കെട്ടിടത്തിൽ പരിമിതമായ സൗകര്യത്തിലാണ് ആർ.ടി. ഓഫീസ് പ്രവർത്തിച്ചുവരുന്നതെന്നും കെട്ടിടത്തിന്റെ കാലപ്പഴക്കംകൊണ്ടും ജീർണ്ണാവസ്ഥകൊണ്ടും സ്ഥല പരിമിതിമൂലവും ജീവനക്കാർക്കും പലവിധ സേവനങ്ങൾക്കായി എത്തുന്ന പൊതുജനങ്ങൾക്കും വളരെയേറെ പ്രയാസം അനുഭവപ്പെടുന്നുവെന്നും ആകയാൽ കെട്ടിടം സ്ഥിതി ചെയ്യുന്ന സ്ഥലമുൾപ്പെടെ 50 സെന്റ് ഭൂമി കൈമാറി നൽകണമെന്നും അഭ്യർത്ഥിച്ച് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ റിക്വസ്റ്റ് സമർപ്പിച്ചിട്ടുണ്ടെന്നാണ്. മലപ്പുറം ജില്ലയിലെ ഏറനാട് താലൂക്കിൽ മലപ്പുറം വില്ലേജിൽ കളക്ടറേറ്റും മറ്റ് വിവിധ ഓഫീസുകളും പ്രവർത്തിച്ചുവരുന്ന റീ സർവ്വെ 430/1 (എ) 3 (എ) 1-ൽപ്പെട്ട 45 ഏക്കർ ഭൂമിയിൽ ഒന്നര സെന്റ് ഒട്ടളവുള്ള സ്ഥലം സ്ഥിതിചെയ്യുന്നതും മുമ്പ് മിലിട്ടറി ആവശ്യത്തിന് ഉപയോഗിച്ചിരുന്നതുമായ രണ്ട് പഴയ ഓടിട്ട കെട്ടിടങ്ങൾ ഉൾപ്പെടെ ആർ.ടി. ഓഫീസിന് 50 സെന്റ് ഭൂമിയാണുള്ളത്. സമാന ഭൂമിയുടെ ന്യായവില ആർ 1-ന് അഞ്ച് ലക്ഷം രൂപയാണ്. വില നിർണ്ണയിക്കേണ്ട ഭൂമിയുടെ ന്യായവില ആർ-1 ന് പത്ത് ലക്ഷം രൂപയാണ്. വില നിർണ്ണയിക്കേണ്ട അമ്പത് സെന്റിന്റെ വില രണ്ടുകോടി രണ്ട് ലക്ഷത്തി നാല്പത്തി രണ്ടായിരത്തി തൊള്ളായിരത്തി പതിനഞ്ച് രൂപ മാത്രമാണ്. വില നിശ്ചയിച്ച് രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി, കൈമാറ്റ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി കൈമാറി നൽകുന്നതാണ്. സിവിൽ സ്റ്റേഷനകത്ത് ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റിന് ആർ.ടി. ഓഫീസ് കെട്ടിടം പണിയാൻ റവന്യൂ ഡിപ്പാർട്ട്മെന്റ് രണ്ട് കോടി രൂപ വില നിശ്ചയിച്ചിരിക്കുകയാണ്. എന്റെ മണ്ഡലത്തിന് കിട്ടിയ ഫണ്ട് ജില്ലാ ആസ്ഥാനത്ത്, സിവിൽ സ്റ്റേഷൻ കോമ്പൗണ്ടിലെ ആർ.ടി. ഓഫീസിന് കൊടുക്കാൻ തീരുമാനിച്ചത് എന്റെ വിശാല

മനസ്സതകൊണ്ടുമാത്രമാണ്, അല്ലെങ്കിൽ വേറെ റോഡിനോ പാലത്തിനോ കൊടുക്കാമായിരുന്നു. അങ്ങനെ കൊടുത്ത ഫണ്ട് അവിടെ ചെലവഴിക്കാൻ പറ്റാത്ത സാഹചര്യം നിലനിൽക്കുകയാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ അടിയന്തരമായ ഇടപെടലുണ്ടാകണം.

മി. സ്പീക്കർ: പ്ലീസ് കൺക്ലൂഡ്.

ശ്രീ. പി. ഉബൈദുള്ള: സർ, ജനസംഖ്യാനുപാതികമായും ഭൂവിസ്തൃതിയുടെ അടിസ്ഥാനത്തിലും വിഭജിക്കപ്പെടേണ്ട വില്ലേജുകൾ വിഭജിക്കണം. പുതിയ താലൂക്കുകൾ രൂപീകരിക്കണം. മലപ്പുറം ജില്ലാ ആസ്ഥാനമായി ഒരു പുതിയ താലൂക്ക് വേണമെന്ന ആവശ്യം വർഷങ്ങളായി നിലനിൽക്കുന്നതാണ്. ഇതിന് അനുകൂലമായ റിപ്പോർട്ടുകൾ മലപ്പുറം ജില്ലയിലെ വിവിധ തഹസിൽദാർമാരിൽനിന്നും ജില്ലാ കളക്ടർ ശേഖരിച്ചു. ഏറനാട്, പെരിന്തൽമണ്ണ, തിരൂർ, തിരൂരങ്ങാടി തുടങ്ങിയ താലൂക്കുകളിലെ തഹസിൽദാർമാർ ചേർന്ന് മലപ്പുറം ആസ്ഥാനമായി ഒരു താലൂക്ക് രൂപീകരിക്കുന്നത് ഭരണപരമായ കാര്യങ്ങൾക്ക് ഏറെ പ്രയോജനപ്പെടുമെന്ന് ശിപാർശ ചെയ്തിരിക്കുകയാണ്. "ഇവിടെ പട്ടിക 1-ൽപ്പെട്ട വില്ലേജുകൾ..." വില്ലേജുകളുടെ പേരുകൾ ഞാൻ വായിക്കുന്നില്ല. "....ഉൾപ്പെടുത്തി മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതുവഴി ഏറനാട്, പെരിന്തൽമണ്ണ, തിരൂർ, തിരൂരങ്ങാടി താലൂക്കുകളിലെ ജനങ്ങൾക്ക് വിവിധ ആവശ്യങ്ങൾക്കുമായി താലൂക്ക് ആസ്ഥാനത്തേയ്ക്ക് എത്തിച്ചേരുന്നതിനും സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനും ഏറെ ഗുണകരമാകുന്നതാണ്. കൂടാതെ പ്രകൃതിക്ഷോഭം, ഇലക്ഷൻ, സെൻസസ് തുടങ്ങിയ സമയബന്ധിത ജോലികളിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും കൂടുതൽ സൗകര്യപ്രദമാകുന്നതാണ്. മേൽ സാഹചര്യത്തിൽ സൂചന 3-ഉം 7-ഉം റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ പട്ടിക ഒന്ന് പ്രകാരം മലപ്പുറം ആസ്ഥാനമായി പുതിയ താലൂക്ക് രൂപീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുന്നത് ഉചിതമായിരിക്കും" എന്നുകൂടി ബഹുമാനപ്പെട്ട ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ടിന്റെ പിൻബലത്തിൽ മലപ്പുറം താലൂക്ക് പ്രഖ്യാപിക്കാൻ കൂടി ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഏതാണ്ട് ഒരു മണിക്കൂറോളം രണ്ട് ഗൗരവമേറിയ വിഷയങ്ങളെ സംബന്ധിച്ചുള്ള ചർച്ച നീണ്ടുനിന്നതുകൊണ്ട് ചില കാര്യങ്ങൾ പറയാൻ അങ്ങ് അവസരം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്. അങ്ങയുടെ നിഷ്കർഷതയും സമയവും നല്ലതുപോലെ

പാലിക്കുകയും ചെയ്യാം. നമ്മൾ ഒന്നാമതായി ചർച്ച ചെയ്തത് കേരള നദീതീര സംരക്ഷണവും മണൽവാരൽ നിയന്ത്രണവും ആക്ടുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. വളരെ ചെറിയ രണ്ട് ഭേദഗതികളാണുള്ളതെന്ന് ഉന്നയിച്ചവർ തന്നെ സൂചിപ്പിച്ചു. രണ്ട് ഭേദഗതിയുടെയും തടസ്സവാദങ്ങൾ നിർബന്ധമുള്ളതുകൊണ്ടാണ് പറഞ്ഞതെന്ന് ബോധ്യപ്പെടുന്ന വിധത്തിലാണ് രണ്ട് എം.എൽ.എ.മാരും അവതരിപ്പിച്ചത്. അവർ തന്നെ അതിനുള്ള മറുപടിയും ബന്ധപ്പെട്ട ഘട്ടങ്ങളിൽ പറയുകയും ചെയ്തു. എല്ലാ എം.എൽ.എ.മാരും വളരെ കൃത്യതയോടുകൂടി, അക്കാദമികമായി ഈ വിഷയം പഠിക്കുകയും പൊതുസമൂഹം വളരെയേറെ ശ്രദ്ധിക്കപ്പെടേണ്ട ഒന്നാണ് ഇതെന്ന ധാരണയിൽ അവതരിപ്പിക്കുകയും ചെയ്തു. ഏറ്റവും സന്തോഷകരമായ ഒരു കാര്യം എല്ലാപേരും സമ്മതിക്കുന്നത് കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ട്, 2001-ഉം അതുമായി ബന്ധപ്പെട്ട് പുറത്തിറങ്ങിയ ചട്ടവും സാമാന്യം നല്ലതുപോലെ ഈ പ്രശ്നങ്ങളെ അഡ്രസ് ചെയ്യാൻ കഴിയുന്നതാണെന്ന കാര്യത്തിലാണ്. അങ്ങേയ്ക്ക് അറിയാമെങ്കിലും അങ്ങയിലൂടെ ബന്ധപ്പെട്ട അംഗങ്ങളെ അറിയിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം, ഇതിന്റെ ആമുഖത്തിൽ, പീഠികയിൽത്തന്നെ അത് സൂചിപ്പിച്ചിട്ടുണ്ട് എന്നുള്ളതാണ്. നദികളിൽനിന്ന് വിവേചനരഹിതവും അനിയന്ത്രിതവുമായ മണൽവാരൽ നടത്തുന്നത് വൻതോതിൽ മണ്ണിടിച്ചിലിനും വസ്തുക്കളുടെ നാശനഷ്ടത്തിനും കാരണമാകുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനാലും ആറ്റുമണൽ വൻതോതിൽ കഴിച്ചുവാരുന്നത് നദിയുടെ ജൈവ-ഭൗതിക പരിസ്ഥിതി വ്യവസ്ഥയെ വ്യത്യസ്ത അളവുകളിൽ തകരാറിലാക്കുന്നതിനാലും ഭരണപരമായി നിയന്ത്രണ ഉത്തരവുകൾ നിലവിലിരിക്കുന്നതുമായ കാരണത്താൽ നിയന്ത്രണ നിർമ്മാണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടുള്ളതിനാലും പൊതുതാല്പര്യം, നദീതീര സംരക്ഷണത്തിനും നദികളിൽനിന്ന് മണൽ വാരുന്നത് നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ വ്യവസ്ഥ ചെയ്യേണ്ടത് യുക്തമായിരിക്കുന്നതിനാലും" - ഈ നാല് പ്രധാനപ്പെട്ട കാര്യങ്ങൾ സംസാരിച്ചാലും നമ്മുടെ ആക്ടുമായി ബന്ധപ്പെട്ട് ഇവിടെ എം.എൽ.എ.-മാർ ഉന്നയിക്കപ്പെട്ട പ്രധാനപ്പെട്ട ആശയങ്ങളെല്ലാം അതിനകത്തുണ്ടെന്ന് നമുക്ക് ബോധ്യപ്പെടാൻ കഴിയും.

ബഹുമാനപ്പെട്ട ശ്രീ. എൻ. എ. നെല്ലിക്കുന്ന് അഞ്ച് ലക്ഷം രൂപ എന്നുള്ളതുക അഞ്ച് കോടി രൂപയാക്കണമെന്ന് ഇവിടെ രേഖപ്പെടുത്തി. ശ്രീ. കുറുക്കോളി മൊയ്തീൻ ഈ സദസ്സിൽ ഇല്ലാതിരുന്നത് ഭാഗ്യമെന്നേ കരുതേണ്ടതുള്ളൂ. കാരണം ഈ ആക്ടിന്റെ ചർച്ച ആരംഭിച്ച്, ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടുമ്പോൾ അദ്ദേഹം

മാത്രമല്ല, ഞാൻ ഓരോരുത്തരെയായി പറയുന്നതല്ല, പൊതുവിലുണ്ടായ ആശയത്തിലും, ഇവിടെ ഇന്ന് ഖണ്ഡം തിരിച്ചുള്ള മാറ്റങ്ങളിൽ ഉൾപ്പെടുത്തണമെന്ന് നാം കരുതിയതിൽ ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം അഞ്ച് ലക്ഷം രൂപയാക്കരുതെന്ന മുറവിളികൾ കൂടി എന്നുള്ളതാണ്. അങ്ങയുടെ മഹാമനസ്കതയെയും അനധികൃതമായ മണൽവാരലിനെതിരെ അങ്ങ് ഉയർത്തിപ്പിടിച്ച ഒരു പടയാളിയുടേതായ മാനസികാവസ്ഥയെയും ഞാൻ സർക്കാരിനുവേണ്ടി അഭിനന്ദിക്കുകയാണ്. അങ്ങ് ഇതൊക്കെ നടപ്പാക്കാൻവേണ്ടി വാശിയോടുകൂടി നിൽക്കുന്ന ഒരാളാണെന്ന് എനിക്കറിയാം. അങ്ങയുടെ ആ താൽപ്പര്യത്തെ ഞാൻ അംഗീകരിക്കുന്നു. അതിനെ പ്രത്യേകമായി കാണേണ്ടതില്ല. ഈ കാര്യത്തിൽ അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ മണൽ വാരലിനെക്കുറിച്ച് നേരത്തെ ബഹുമാനപ്പെട്ട നജീബ് കാന്തപുരം സംസാരിച്ചപ്പോഴും ഇത് സൂചിപ്പിക്കുന്നത് കേട്ടു. അനധികൃത മണൽവാരലിനെക്കുറിച്ച് മാത്രമല്ല കൃത്യതയോടുകൂടി ഏറ്റവും ഔപചാരികമായി മണൽവാരുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങളെക്കുറിച്ചും ഈ നിയമത്തിനകത്ത് പറയുന്നുണ്ട്.

3.00 P.M.]

സാൻഡ് ഓഡിറ്റിംഗ് വേണമെന്ന് ബഹുമാനപ്പെട്ട നജീബ് കാന്തപുരം സൂചിപ്പിച്ചു. സാൻഡ് ഓഡിറ്റിംഗില്ലാതെ സാൻഡ് മൈനിംഗ് സാധ്യമല്ല, അത് ഗവൺമെന്റിന്റെ നയമാണ്. 40 നദികളിൽ 30 പ്രധാനപ്പെട്ട നദികളിലും 5 പോഷകനദികളിലും മണൽ മാനദണ്ഡങ്ങൾക്കനുസരിച്ച് സാൻഡ് ഓഡിറ്റിംഗ് ഇതിനകം നടത്തുകയും 28 പ്രധാന നദികളും 4 പോഷകനദികളുമടക്കം 32 നദികളുടെ സാൻഡ് ഓഡിറ്റിംഗ് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. മണൽ നിക്ഷേപങ്ങൾ നടത്തപ്പെട്ടിട്ടുള്ള 14 നദികളിൽ സാൻഡ് മൈനിംഗിന്റെ ഭാഗമായി DSR തയ്യാറാക്കുകയാണ്. ഞാൻ നേരത്തെ പറഞ്ഞതുപോലെ National Accreditation Board for Education and Training (NABET)-ന്റെ അക്രഡിറ്റഡ് ഏജൻസിയായിട്ടുള്ള National Institute for Interdisciplinary Science and Technology (NIIST) ആണ് നദികളിലെ DSR തയ്യാറാക്കുന്നതിനുവേണ്ടിയുള്ള ധാരണയുണ്ടാക്കുന്നത്. ബഹുമാനപ്പെട്ട ലാൻഡ് റവന്യൂ കമ്മീഷണർ 29-4-2022-ന് NIIST-യുമായി DSR തയ്യാറാക്കുന്നതിനുള്ള ധാരണയുണ്ടാക്കിക്കഴിഞ്ഞു. ഇതനുസരിച്ച് തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ DSR 2022 ഡിസംബറിലും കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ DSR ജൂൺ 2023-ലും ഇടുക്കി, എറണാകുളം ജില്ലകളിലെ DSR ആഗസ്റ്റ് 2023-ലും പത്തനംതിട്ട, കോട്ടയം ജില്ലകളിലെ DSR ഡിസംബർ 2023-ലും തയ്യാറാക്കി നൽകുമെന്ന് അവർ ഉറപ്പുനൽകിയിട്ടുണ്ട്. എന്നാൽ അത് പോരാ. കുറച്ചുകൂടി

വേഗതയിലാക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ തീരുമാനിക്കുകയുണ്ടായി. അങ്ങനെ കിട്ടിയ മണൽ എങ്ങനെയെല്ലാമാണ് വിതരണം ചെയ്യേണ്ടതെന്ന് 12, 13, 14, 15 സെക്ഷനുകളിലായി വളരെ കൃത്യതയോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ചുമതല നൽകിക്കൊണ്ട് ഏൽപ്പിക്കുകയും അതിന്റെ നടപടികൾ ഉറപ്പുവരുത്തുകയും ചെയ്യുന്ന ബില്ലാണ് നമ്മുടെ മുമ്പിലുള്ളത് . അതുകൊണ്ട് അക്കാര്യത്തിൽ ഒരു പേടിയും ഉണ്ടാകേണ്ടതില്ല. മണൽ ലഭ്യത ഉറപ്പാക്കുന്നതിന്റെ ഭാഗമായി കടവുകളിൽ മണൽ ലേലം ചെയ്യുന്നതുൾപ്പെടെയുള്ള നടപടികളെക്കുറിച്ച് ഇതിൽ വിവരിച്ചിട്ടുണ്ട്. സെക്ഷൻ 20, 23(എ) എന്നിവയിലുള്ള ഭേദഗതികളിൽ ഇവിടെ നടന്ന ചർച്ചകളിൽ പ്രധാനമായി വന്ന കാര്യം എന്തുകൊണ്ടാണ് കളക്ടറെ ഈ ചുമതല ഏൽപ്പിക്കുന്നതെന്നാണ്. കളക്ടർ ഡിസ്ട്രിക്ട് എക്സ്പേർട്ട് കമ്മിറ്റി (ഡി.ഇ.സി.)-യുടെ ചെയർമാനാണ്. മാത്രമല്ല, എല്ലാ കടവുകളിലും കളക്ടർ പോയി ലേലം നടത്തേണ്ട കാര്യമില്ല. കടവുകളിൽ ലേലം നടത്തേണ്ടത് അവിടെ രൂപീകരിക്കപ്പെട്ട കടവ് കമ്മിറ്റികളാണ്. അതിൽ എല്ലാ വകുപ്പുകളുടെയും പ്രതിനിധികളുണ്ട് . ബഹുമാനപ്പെട്ട വടകര അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ തൊഴിലാളി സംഘടനകളുടെ ഔപചാരികമായ മൂന്ന് പ്രതിനിധികളുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പൊതുമരാമത്ത് , ജലവിഭവ വകുപ്പുകളുടെയും ബന്ധപ്പെട്ട പ്രതിനിധികൾ കടവ് കമ്മിറ്റിയിലുണ്ട്. അവരാണ് മണൽ ലേലം ചെയ്ത് വിൽക്കേണ്ടത് . അനധികൃതമായി പിടിച്ചെടുത്ത മണൽ കളക്ടറുടെ നേതൃത്വത്തിൽ തന്നെ ലേലം ചെയ്യണം. കളക്ടർക്ക് കൂടുതൽ തിരക്കുള്ളതുകൊണ്ട് അദ്ദേഹത്തെ ഈ ചുമതല ഏൽപ്പിക്കരുതെന്നും ഓരോ പുഴവച്ച് ഓരോ എം.എൽ.എ.-യും ഏറ്റെടുക്കാമെന്നുള്ള അഭിപ്രായ പ്രകടനമാണ് ശ്രീ. നജീബ് കാന്തപുരം തടസ്സവാദത്തിൽ ഉന്നയിച്ചത് . കളക്ടർമാർക്ക് ധാരാളം ചുമതലകളുള്ളതുകൊണ്ട് എം.എൽ.എ.-മാർ പുഴ ഏറ്റെടുക്കാമെന്ന് പറഞ്ഞാൽ, ബഹുമാനപ്പെട്ട ചെയറിന്റെ നേതൃത്വത്തിലുള്ള ഈ സഭയിലെ എം.എൽ.എ.-മാർക്ക് ചെയ്തുതീർക്കാൻ ധാരാളം ജോലികളുണ്ട്. എനിക്ക് വിരോധമുണ്ടായിട്ടല്ല. ഒരു പുഴയെ സംരക്ഷിക്കാനുള്ള ചുമതല ഒരു എം.എൽ.എ. ഏറ്റെടുക്കാൻ തയ്യാറായാൽ അത് സ്വാഗതാർഹമാണ്. പക്ഷേ ഒരു നിയമത്തിന് ചുമതലപ്പെടുത്താൻ കഴിയുന്ന ഏറ്റവും ഉന്നതമായ ഏജൻസി കളക്ടറാണെന്നതുകൊണ്ടും ഒരു കാരണവശാലും അത് വേറൊരു തലത്തിൽ പോകരുതെന്നുള്ളതുകൊണ്ടുമാണ് കളക്ടറെത്തന്നെ ഇതിന്റെ ചുമതല ഏൽപ്പിക്കാൻ തീരുമാനിച്ചത് .

പിഴ ശിക്ഷ ഇത്ര മതിയോയെന്ന് ചില ബഹുമാനപ്പെട്ട അംഗങ്ങൾ ചോദിക്കുകയുണ്ടായി. എന്തുകൊണ്ടാണ് ഇങ്ങനെയൊരു പിഴ ശിക്ഷ

നിശ്ചയിക്കണമെന്ന് തീരുമാനിച്ചത്? 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ 108-ാം വകുപ്പ് പ്രകാരം പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ ലംഘിക്കുകയാണെങ്കിൽ രണ്ട് വർഷം വരെയുള്ള തടവുശിക്ഷയോ 5 ലക്ഷം രൂപ വരെ പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ ശിക്ഷിക്കാവുന്നതും കൂടാതെ ലംഘനം തുടരുന്ന ഓരോ ദിവസത്തിനും അമ്പതിനായിരം രൂപ വരെ അധിക പിഴ ഈടാക്കാമെന്ന വ്യവസ്ഥ പറഞ്ഞിരിക്കുകയാണ് . 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ 108-ാം വകുപ്പിൽ പറയുന്ന ശിക്ഷ ഇതുമായി ബന്ധപ്പെട്ട് കൂട്ടിയോജിപ്പിക്കുകയാണ്. അതിനൊരു തുല്യത വരുത്തുകയാണ്. അതുകൊണ്ടാണ് 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ 108-ാം വകുപ്പിന് അനുസൃതമായി നദീതീര സംരക്ഷണ നിയമത്തിലും ശിക്ഷ വർദ്ധിപ്പിക്കാൻ തീരുമാനിച്ചത്. പിഴത്തുകയായ 25,000 രൂപ 5 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്കുന്നു. എന്നാൽ എന്തുകൊണ്ടാണ് ശിക്ഷാ കാലാവധി രണ്ട് വർഷത്തിൽനിന്ന് കൂട്ടാതിരിക്കുന്നതെന്ന് ഇവിടെ ചോദിക്കുകയുണ്ടായി. തുകയുടെ മൂല്യം കുറയുന്നതനുസരിച്ച് ശിക്ഷയുടെ തുക വർദ്ധിപ്പിക്കാം. എന്നാൽ ശിക്ഷയുടെ തുക വർദ്ധിപ്പിക്കുന്നതിനനുസരിച്ച് ശിക്ഷാ കാലാവധി കൂട്ടിയാൽ ഏതാണ്ട് 15 കൊല്ലം കഴിയുമ്പോഴേയ്ക്കും തുക്ക് ശിക്ഷയിലേയ്ക്ക് വരാവുന്ന വിധത്തിൽ ഇത് കൂട്ടേണ്ടി വരും. അതുകൊണ്ട് കൃത്യതയോടുകൂടി 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസിലെ 108-ാം വകുപ്പുമായി കൂട്ടിയോജിപ്പിക്കാവുന്ന വിധത്തിലുള്ള നടപടിക്രമങ്ങളാണ് മുന്നോട്ടുകൊണ്ടുപോയിട്ടുള്ളത്. കുറ്റകൃത്യത്തിന് ആനുപാതികമായിട്ടാകണം ശിക്ഷയും എന്നത് criminal jurisprudence-ന്റെ അടിസ്ഥാനതത്വമാണ്. അതുകൊണ്ട് 1957-ലെ Mines And Minerals (Development and Regulation) Act-ന്റെ ചട്ടമായിട്ടുള്ള 2015-ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾസ് പ്രകാരമുള്ള തുകയിലേയ്ക്ക് ഈ പ്രവർത്തനത്തെ കൊണ്ടുവരികയാണ്. ഈ ബിൽ അവതരിപ്പിച്ചപ്പോൾ ബഹുമാനപ്പെട്ട ഒരു അംഗം ചോദിച്ചത് 5 ലക്ഷം രൂപ പിഴയും 2 വർഷത്തെ തടവും അധികമല്ലേയെന്നാണ്. ഒരു തൊഴിലാളി പുഴയിൽനിന്ന് ചാക്കിൽ മണൽ കടത്തിക്കൊണ്ടുപോകുന്ന സ്ഥിതിയുണ്ടായാൽ ഇതേ നടപടിതന്നെ അയാൾക്ക് വിധേയമാകുമോ? അങ്ങനെയല്ല. ഐ.പി.സി. സെക്ഷൻ 326 'imprisonment for life' ആണ് മാക്സിമം കാലാവധിയായി വരുന്നത്. 326-ാം വകുപ്പുപ്രകാരം പിടിക്കപ്പെടുന്ന എല്ലാ കേസുകൾക്കും ജീവപര്യന്തം ശിക്ഷ പ്രഖ്യാപിക്കില്ലല്ലോ; ഇവിടെ പറയുന്ന 5 ലക്ഷം രൂപവരെ പിഴയോ 2 വർഷം വരെ തടവോ എന്നത് ഇതിന്റെ ഗൗരവം വർദ്ധിപ്പിക്കാനുള്ള നടപടിയാണ്. ഞാൻ കൂടുതൽ വിശദാംശങ്ങളിലേയ്ക്ക് പോകാൻ ആഗ്രഹിക്കുന്നില്ല. പരിസ്ഥിതി സംരക്ഷിക്കണമെങ്കിൽ പുഴകളെ സംരക്ഷിക്കണം.

ഒരു മണിക്കൂർ നീണ്ട ചർച്ചയായതുകൊണ്ടും ധാരാളം പ്രശ്നങ്ങൾ ചർച്ച ചെയ്തതുകൊണ്ടും ചില കാര്യങ്ങൾ പറയാതെ പോയാൽ പ്രയാസമാകുമെന്നുള്ളതുകൊണ്ടാണ് ഞാൻ ഇത്രയും പറയുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, നേരത്തെ ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞതുപോലെ നിയമവിരുദ്ധ പ്രവർത്തനം നടത്താൻ ഉപയോഗിക്കുന്ന വാഹനങ്ങൾ ഉടമസ്ഥരില്ലാത്തവയാണ്. നമ്പറും ഉടമസ്ഥരുമൊന്നും ശരിയല്ലാത്തതുകൊണ്ട് ഈ വാഹനങ്ങൾ ആരും കൊണ്ടുപോകുന്നില്ല. അവ ഡിസ്പോസ് ചെയ്യാൻ എന്തെങ്കിലും സംവിധാനമുണ്ടാക്കുമോ?

ശ്രീ. കെ. രാജൻ: സർ, അങ്ങ് പറഞ്ഞ കാര്യത്തിലേയ്ക്കാണ് ഞാൻ വരുന്നത്. സെക്ഷൻ 20 മുതൽ 24 വരെ അവസാനിക്കുന്ന വിധത്തിലാണ് അധ്യായം 5-ൽ കുറ്റങ്ങൾ നിശ്ചയിച്ചിട്ടുള്ളത്. സെക്ഷൻ 20 ഭേദഗതി ചെയ്യുന്നതിനെക്കുറിച്ചാണ് ആദ്യം സൂചിപ്പിച്ചത്. എന്നാൽ സെക്ഷൻ 21 പ്രകാരം ഉദ്യോഗസ്ഥനോ ജനപ്രതിനിധിയോ പ്രേരിപ്പിച്ചാൽപോലും സെക്ഷൻ 20 അനുസരിച്ചുള്ള ശിക്ഷ ലഭിക്കും. മണൽ വാരിക്കൊണ്ടുപോകുന്നതിന് മാത്രമല്ല, മണൽ വാരിക്കൊണ്ടുപോകാൻ പ്രേരിപ്പിച്ചാലും സെക്ഷൻ 21 അനുസരിച്ചുള്ള ശിക്ഷ നിയമം ഉറപ്പുവരുത്തുന്നുണ്ട്. ഈ ശിക്ഷ കുറവായോ എന്ന് ചോദിക്കുന്നുണ്ടല്ലോ; ഇതിനുപുറമെ സാധാരണ നിലയിൽ പറയുന്ന ആക്ടിന്റെ ഭാഗമായിട്ടുള്ള നടപടിക്രമങ്ങൾ നടത്തുമ്പോൾത്തന്നെ സെക്ഷൻ 22 പ്രകാരം മറ്റ് വകുപ്പുകൾ പ്രകാരമുള്ള ശിക്ഷ കൂടി ഇതിൽ ഉൾപ്പെടുത്താവുന്നതാണ്. സ്ഥിരമായി മണൽ കടത്തിക്കൊണ്ടുപോകുന്ന ശീലമുണ്ടാകുക, അത് ഒരേ ആളുകൾ തന്നെയാവുക, അങ്ങനെയുള്ള പ്രത്യേക കേസ്സിൽ ഐ.പി.സി. 379, 380 എന്നിവ ചുമത്താം. കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും സെക്ഷൻ 20 മാത്രമല്ല കേരളത്തിലെ പോലീസിന് ഐ.പി.സി. 379 ഉപയോഗിച്ച് Punishment for theft അവരുടെമേൽ എടുക്കാം. വളരെ ഫലപ്രദവും ശക്തവുമായ നിയമമാണ് ഉണ്ടാകാൻ പോകുന്നത്. പിടിച്ചെടുക്കുന്ന വാഹനങ്ങൾ എന്തുചെയ്യാൻ കഴിയുമെന്ന് ബഹുമാനപ്പെട്ട പി.ടി.എ. റഹീമും ചർച്ചയിൽ പങ്കെടുത്ത ചില അംഗങ്ങളും ചോദിക്കുകയുണ്ടായി. അത് ഒരു പ്രധാനപ്പെട്ട പ്രശ്നമാണ്. സെക്ഷൻ 23-ന്റെ ഉപചട്ടം 23(എ)-യുടെ ഉപചട്ടം (4) പ്രകാരം പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ ഉത്തരവാദിത്തപ്പെട്ട ആളുകൾ വന്നില്ലെങ്കിൽ ആ വാഹനങ്ങൾ സർക്കാരിലേയ്ക്ക് കണ്ടുകെട്ടാൻ അനുവാദം നൽകിയിട്ടുണ്ട്. മണൽ അടക്കം മണൽ കടത്തിന് ഉപയോഗിക്കുന്ന വാഹനങ്ങൾ ഉൾപ്പെടെയുള്ള ഏത് ഉപകരണങ്ങളും പിടിച്ചെടുക്കാനും ബന്ധപ്പെട്ട രേഖകളുമായി ആളുകൾ വന്നില്ലെങ്കിൽ ആ വാഹനം കണ്ടുകെട്ടാനുമുള്ള അനുവാദം കൊടുക്കുന്നുണ്ട്. ആ നടപടികൾ കുറച്ചുകൂടി

വേഗതയിലാക്കണമെന്ന് സഭയ്ക്ക് താൽപ്പര്യമുള്ള സാഹചര്യത്തിൽ ആ നടപടിക്രമങ്ങൾക്ക് വേഗത വർദ്ധിപ്പിക്കാനാകും. നടപടിക്രമങ്ങൾ നല്ല രീതിയിൽ മുന്നോട്ടുപോകുന്നുണ്ടെന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം, ചില സാഹചര്യത്തിൽ പിടിച്ചെടുക്കപ്പെടുന്ന വാഹനങ്ങൾ കൊണ്ടുപോകുകയും മണൽ അവിടെ ഉപേക്ഷിക്കപ്പെടുകയും ചെയ്താൽ വില്ലേജ് ഓഫീസറെ ചുമതലപ്പെടുത്തിക്കൊണ്ട് നടപടികൾ സ്വീകരിക്കാൻ സാധിക്കില്ല. അത് കൂടുതൽ പ്രയാസങ്ങൾ സൃഷ്ടിക്കും. ഈ നിയമം വന്നതിനുശേഷം ഈ കാലയളവിനകം 12685 കേസ്സുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. അനധികൃത മണൽ കടത്തിനുപയോഗിക്കുന്ന വാഹനങ്ങൾക്കെതിരെ ചുമത്തിയ പിഴ 1.70 കോടി രൂപയാണ്. അതുൾപ്പെടെ റിവർ മാനേജ്മെന്റ് ഫണ്ടിലേയ്ക്ക് വന്ന ആകെ തുക 2.94 കോടി രൂപയാണ്. ആയതിനാൽ ഇതിന്റെ ശിക്ഷാനടപടികൾ നല്ലരീതിയിൽ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ട്. അതുകൊണ്ട് ഈ ഭേദഗതി ഏത് സാഹചര്യത്തിലും നമ്മുടെ പ്രവർത്തനങ്ങളെ പ്രത്യേകിച്ച്, മണ്ണിനെയും നദിയെയും സംരക്ഷിക്കുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വേഗത വർദ്ധിപ്പിക്കാൻ കഴിയുന്ന ഒന്നാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ആ നിലവാരത്തിൽ തന്നെയാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേരളത്തിലെ നദികളെ സംരക്ഷിക്കാൻ ഗവൺമെന്റിന് താല്പര്യമില്ലെന്ന് പറയരുത്. കാരണം നദികളെ സംരക്ഷിക്കാനുള്ള വലിയ പരിശ്രമത്തിന്റെ ഭാഗമായാണ് കേരള ഗവൺമെന്റ് ആവിഷ്കരിച്ച നാല് മിഷനുകളിൽ ഏറ്റവും പ്രധാനപ്പെട്ട 'ഹരിത കേരളം മിഷൻ' നടപ്പാക്കാൻ തീരുമാനിച്ചത്. വരട്ടാർ അതിന് ഉദാഹരണമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേരളത്തിലെ എത്രയോ നദികളെയാണ് പ്രസ്തുത മിഷന്റെ ഭാഗമായി രക്ഷപ്പെടുത്താൻ സാധിച്ചത്. ബഹുമാനപ്പെട്ട നജീബ് കാന്തപുരം വളരെ ഗംഭീരമായി ഈ വിഷയത്തെ അവതരിപ്പിക്കാൻ ശ്രമിച്ചു. സംസ്ഥാനത്ത് ഒഴുകിക്കൊണ്ടിരിക്കുന്ന നദികളെ സംരക്ഷിക്കാനുള്ള നടപടികൾ ഉണ്ടാകണമെന്നതാണ് സർക്കാരിന്റെ പക്ഷം. സാൻഡ് ആഡിറ്റിംഗിനുശേഷം മാത്രമേ മണൽ ഖനനം നടത്തുകയുള്ളൂ. സാൻഡ് ആഡിറ്റിംഗ് നടത്തുമ്പോൾ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിയനുസരിച്ച് National Institute for Interdisciplinary Science and Technology (NIIST) തയ്യാറാക്കുന്ന DSR അനുസരിച്ച് മാത്രമേ പ്രസ്തുത നടപടികളിലേയ്ക്ക് പോകുകയുള്ളൂ. അത് വേഗതയിലാക്കാനുള്ള സംവിധാനമുണ്ടാകണം. സംസ്ഥാനത്തെ പുഴകളെ സംരക്ഷിക്കുന്നതിനായി ആധികാരികമായ ചർച്ചകളിലൂടെ സഭ കടന്നുപോയതിൽ സന്തോഷമുണ്ട്. കേരളത്തിലെ പരിസ്ഥിതിയെ സംരക്ഷിക്കുന്നവരെയൊന്നും പരിസ്ഥിതി തീവ്രവാദിയെന്ന് വിളിക്കുമെന്ന അഭിപ്രായക്കാരനല്ല ഞാനും ഈ

ഗവൺമെന്റും. സുസ്ഥിര വികസനത്തിനുവേണ്ടി മണ്ണും മനുഷ്യനും ഒരുപോലെ ചർച്ച ചെയ്യാൻ സാധിക്കുന്നതാണ്. പ്രകൃതിയും മനുഷ്യനും കേന്ദ്രബിന്ദുവാകുന്ന സുസ്ഥിര വികസനമാണ് കേരളത്തിന് ആവശ്യമെന്ന അഭിപ്രായക്കാരനാണ് ഞാൻ. ബഹുമാനപ്പെട്ട ചെയർ നന്നായി വായിക്കുന്ന ആളാണ്. ഇത്തരത്തിൽ ഗൗരവമായ ചർച്ച നടക്കുമ്പോൾ, കാവ്യാത്മകമായ ഒരാലോചനയിലൂടെ കടന്നുപോയപ്പോൾ കവി ആലങ്കോട് ലീലാകൃഷ്ണന്റെ 'പുഴയക്ഷരം' എന്ന കവിത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

"ഇനിയെനിക്കു ഋതുക്കൾ കുറിച്ചിട്ട ലിപികളില്ലാതിരുട്ടു

വായിക്കുവാൻ
പുഴ തരുന്നുണ്ട് കാണാത്തൊരക്ഷരം എഴുതുവാൻ നീല

രാവിന്റെ കൈവിരൽ

ഇരുളു മാത്രമേ സത്യമെന്നാകിലും നിഴലുകൾ വെട്ടവും

മരിച്ചെങ്കിലും

പുഴയിലുണ്ട് നിലയ്ക്കാത്ത ജീവിതം അഴലുകൾക്ക്

കണ്ണീരിന്റെ സാന്ത്വനം"

യഥാർത്ഥത്തിൽ നമ്മുടെ നാട് പുഴകളെ സംരക്ഷിക്കുന്നതിനുവേണ്ടി കൂട്ടായ ആലോചന നടത്തണം. അതിന്റെ ഭാഗമാണ് ഈ നടപടി. ഈ നിയമം റവന്യൂ വകുപ്പുമന്ത്രി ചെയർമാനായ ഹൈ ലെവൽ കമ്മിറ്റിയും ജില്ലാതലത്തിൽ കളക്ടർമാർ ചെയർമാനായിട്ടുള്ള ജില്ലാതല എക്സ്പെർട്ട് കമ്മിറ്റിയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആവശ്യമായ അനുപാതം നൽകുന്ന കടവ് കമ്മിറ്റികളുമെല്ലാം ചേർന്ന് വളരെ ഭദ്രമായി നദികളെയും അതിന്റെ നീരുറവയെയും സംരക്ഷിക്കാൻ സാധിക്കുന്ന വിധത്തിൽ ശ്രദ്ധേയമായ നടപടികളുമായി മുന്നോട്ടുപോകുകയാണ്. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗങ്ങളോട് അഭ്യർത്ഥിക്കാനുള്ളത് ഏത് അർത്ഥത്തിൽ നിയമസഭ ചർച്ച ചെയ്താലും അനധികൃതമായി മണൽ വാരുന്നവരെ സംരക്ഷിക്കാനുള്ള ശ്രമങ്ങൾക്കെതിരായി, അനധികൃതമായി മണൽ ഖനനം ചെയ്യുന്നത് മണ്ണിന്റെ മാറാണ് പിളർത്തുന്നത് എന്ന തിരിച്ചറിവോടെ ഈ പ്രശ്നത്തിൽ കൂട്ടായുള്ള ഇടപെടൽ സഭയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നാണ്.

നിലവിലുള്ള ഭൂപരിഷ്കരണ നിയമത്തിൽ ഒരു ഭേദഗതി വരുത്തുന്നതാണ് കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ. നേരത്തെ പറഞ്ഞതിന്റെ ഉത്തരവും ആ ഭേദഗതിയിലുണ്ട്. അതിലെ പ്രധാനപ്പെട്ട കാര്യം പുഴകളുടെ അളവ്

കുറഞ്ഞുവരുന്നുവെന്നതാണ്. ഭൂപരിഷ്കരണ നിയമ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ചർച്ച ചെയ്തവർ സൂചിപ്പിച്ചതുപോലെ കേരളത്തിൽ ഇപ്പോൾ ഡിജിറ്റൽ റീസർവ്വേ നടക്കുകയാണ്. ഈ സഭയ്ക്ക് രാഷ്ട്രീയ വ്യത്യാസമില്ലാതെ പ്രതിപക്ഷം നൽകുന്ന വലിയ പിന്തുണയ്ക്ക് ഞാൻ നന്ദി രേഖപ്പെടുത്തുന്നു. കേരളത്തിൽ ആരംഭിച്ച ഡിജിറ്റൽ റീസർവ്വേ ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ കേരളത്തെ സാങ്കേതികമായി നാല് വർഷംകൊണ്ട് അളക്കാൻ സാധിക്കുന്ന വിധത്തിൽ ശ്രദ്ധേയമായ ഇടപെടലുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഈ സഭയ്ക്ക് ഉറപ്പ് തന്നതുപോലെ 1550 വില്ലേജുകൾ നാല് വർഷക്കാലംകൊണ്ട് പൂർത്തീകരിക്കാൻ കഴിയുന്ന വിധത്തിൽ 28 COR സ്റ്റേഷനുകളും ആയിരത്തോളം RTK Rover മെഷീനുകളും 700 RTS മെഷീനുകളും 1700 പുതിയ ടാബുകളുമൊക്കെയായി 4700 പുതിയ ജീവനക്കാരുടെ താൽക്കാലിക സഹായമുൾപ്പെടെ എല്ലാവിധ ആധുനിക സങ്കേതങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുമ്പോൾ കേരളത്തിൽ ഒരു topographical സർവ്വേകൂടി നടക്കും. കേരളത്തിന്റെ ഭൂവിഭവങ്ങളെ പൊതുസമൂഹത്തിന്റെ മുമ്പിൽ, അതിൽ പുഴകളെയും കുളങ്ങളെയും പ്രകൃതി സമ്പത്തിനെയും കനാലുകളെയും അളക്കും. കേരളത്തിൽ സജ്ജമായിട്ടുള്ള കേവലം വ്യക്തിയുടെ ഭൂമിയോ സർക്കാരിന്റെ ഭൂമിയോ അന്യാധീനപ്പെട്ട ഭൂമിയോ മാത്രമല്ല കേരളത്തിലെ പ്രകൃതി വിഭവങ്ങളെ സമ്പൂർണ്ണമായും കൃത്യമായും അളക്കുന്നതിനായി 'എന്റെ ഭൂമി' എന്ന പോർട്ടലിന് നേതൃത്വം നൽകുകയാണ്. ഭൂപരിഷ്കരണ ഭേദഗതി ബില്ലുമായി ബന്ധപ്പെട്ട് ബിൽ അതരിപ്പിച്ച സമയത്ത് സംസാരിച്ചതുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. പ്രധാനമായും ഇതിൽ ഒരു സെക്ഷനിലാണ് ഭേദഗതി വരുത്തുന്നത്. 1963-ലെ നിയമത്തിന്റെ 84-ാം വകുപ്പുപ്രകാരം ഏതെങ്കിലും വിധത്തിൽ മിച്ചഭൂമിയായി രജിസ്റ്റർ ചെയ്യപ്പെട്ട ഭൂമി വിൽക്കപ്പെടാനുള്ള ഒരു സാധ്യതയുമില്ല. മിച്ചഭൂമി വിൽപ്പന നടത്തിയാൽ ആ ട്രാൻസാക്ഷൻ അസാധുവാകുമെന്നാണ് 84-ാം വകുപ്പിൽ പറയുന്നത്. യഥാർത്ഥത്തിൽ അത് വളരെ നിർണ്ണായകമായ കാര്യമാണെന്നതിൽ ഒരു സംശയവുമില്ല. 1963-ലെ മാത്രമല്ല, കേരളത്തിൽ 1957-ൽ ആദ്യത്തെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ അക്ഷരാർത്ഥത്തിൽ മണ്ണില്ലാത്ത മനുഷ്യന്റെ ദീനരോദനങ്ങൾക്ക് ഇടയുണ്ടായിരുന്ന ഒരു കാലമായിരുന്നു. പൊതുവഴികളിലൂടെ നടക്കാനും പൊതുകുളങ്ങളിൽ കുളിക്കാനും ആരാധന നടത്താനും മരിച്ചാൽ കഴിച്ചിടാനും ഭൂമിയില്ലാതിരുന്ന കേരളത്തിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവന്ന 1959-ലെ കാർഷികബന്ധ നിയമവും 1963-ലെ നിയമവും 1967-ൽ അതിനെ സമഗ്രമാക്കിയുള്ള ഇടപെടലും 1970-ലെ അതിന്റെ നടപ്പാക്കലും ഉൾപ്പെടെ കേരളം ലോകത്തിന്റെ മുമ്പിൽ ദൈവത്തിന്റെ സ്വന്തം നാടായി അറിയപ്പെടുന്നതിൽ ഏറ്റവും

നിർണ്ണായക പങ്കുവഹിച്ച മാറ്റങ്ങളുടെ ഒരു വലിയ ഒഴുക്കാണ് ഭൂപരിഷ്കരണ നിയമവുമായി ബന്ധപ്പെട്ട് കേരളത്തിൽ നാം ചർച്ച ചെയ്യുന്നത്. ഇടക്കാലത്ത് 1984-ൽ വകുപ്പ് അറിയാതെ ഭൂമി വാങ്ങിയ നിരവധി ആളുകളുടെ പ്രശ്നം ഒരു സാമൂഹിക പ്രശ്നമായി കേരളത്തിൽ വന്നു. 1963-ലെ ആക്ടിൽ 2005-ൽ ഒരു ഭേദഗതി കൊണ്ടുവന്നു. ഇങ്ങനെ വാങ്ങിയവരെ deemed tenant ആയി കണക്കാക്കി അവർക്ക് ഏതെങ്കിലും വിധത്തിലുള്ള അവകാശം ലഭ്യമാകണമെങ്കിൽ സെക്ഷൻ 106 പ്രകാരം കേരളത്തിലെ ലാൻഡ് ട്രിബ്യൂണലുകളിൽ അത് കൊണ്ടുവരാമെന്ന ധാരണയുണ്ടാക്കി. 1963-ലെ ഭൂപരിഷ്കരണ നിയമം നടപ്പിലാക്കിയ 1-4-1964-ലും ഈ ഭേദഗതി രംഗത്തുവന്ന 18-10-2006-നുമിടയിലുള്ള കാലയളവിൽ ഇങ്ങനെ വന്ന ഭൂമിയിലുള്ള ആളുകളിൽനിന്ന് 2005-ലെ ധാരണയനുസരിച്ച് 4 ഹെക്ടർ വരെ (2014-ൽ അത് 4 ഏക്കറായി കുറച്ചു) പ്രതിഫലം നൽകി വാങ്ങുകയോ മറ്റുവിധത്തിൽ ആർജ്ജിക്കുകയോ ചെയ്ത ആളിനെ പ്രസ്തുത ഭൂമിയുടെ deemed tenant ആണെന്ന് കണക്കാക്കാൻ കഴിയുന്ന നിയമം കൊണ്ടുവന്നതോടെ 7(e) പ്രകാരം അർഹരായവരുടെ ഒരു പൊതുധാരയുണ്ടായി. നാല് വഴികളിലൂടെയാണ് അത് നേടാൻ കഴിയുക. 1-4-1964-നും 18-10-2006-നും ഇടയിൽ പണം കൊടുത്തോ മറ്റേതെങ്കിലും വിധത്തിലോ ആർജ്ജിക്കുന്നയാളിന് അതിന് സാധിക്കും. സീലിംഗ് ആക്ട് ഏരിയയിൽ കൂടുതൽ ഭൂമിയുള്ളവരിൽനിന്ന് വാങ്ങിയതായിരിക്കണം, പ്രതിഫലം നേടിയോ മറ്റേതെങ്കിലും വിധത്തിലോ ആർജ്ജിച്ചതാകണം, അത് നാലേക്കറിൽ കൂടാനും പാടില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങേയ്ക്ക് ഇനി എത്ര സമയം വേണ്ടിവരും?

ശ്രീ. കെ. രാജൻ: സർ, എനിക്ക് പത്ത് മിനിറ്റുകൂടി വേണ്ടിവരും. ഒരു മണിക്കൂർ ചർച്ച ചെയ്തതിനാൽ അരമണിക്കൂറെങ്കിലും സംസാരിക്കേണ്ടതല്ലേ. അല്ലെങ്കിൽ ചോദിക്കുന്ന ചോദ്യങ്ങളിൽ കുറവുണ്ടാകണമായിരുന്നു. അങ്ങയുടെ ആവശ്യവും ഉന്നയിച്ച കാര്യവും പരിഗണിച്ചുകൊണ്ടുതന്നെ സഭയിലെ ഉത്തരവാദിത്തപ്പെട്ട അംഗമെന്ന നിലയിൽ എന്റെ വാക്കുകൾ ചുരുക്കാം. ഇടപെടലുകൾ കുറച്ചാൽ പ്രസംഗം പെട്ടെന്ന് അവസാനിപ്പിക്കാം. വകുപ്പ് 106(b) പ്രകാരം 7(e) അവകാശവാദമുന്നയിക്കുന്നവർ ലാൻഡ് ട്രിബ്യൂണലിൽ ഇതിന്റെ പെറ്റീഷൻ കൊടുത്താൽ മാത്രമേ ക്രയസർട്ടിഫിക്കറ്റ് ആർജ്ജിക്കാൻ കഴിയുകയുള്ളൂ. 106(b)-ക്ക് ഒരു ചട്ടം നേരത്തെ രൂപപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് 1963-ലെ കൂടിയാട്ട സംബന്ധിച്ച ലാൻഡ് ട്രിബ്യൂണൽ കേസുകളിൽ

ലാൻഡ് ട്രിബ്യൂണൽ (എൽ.ടി.) പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കെതിരെ ഏതെങ്കിലും വിധത്തിൽ പരാതി കൊടുക്കാൻ നിലവിൽ ഒരു സംവിധാനവുമില്ല. ഈ സംവിധാനം അവർക്കുകൂടി ബാധകമാകുന്ന വിധത്തിൽ എങ്ങനെ കൊണ്ടുവരാമെന്ന ചിന്തയിലാണ് ഈ ഭേദഗതി കൊണ്ടുവരാൻ ഗവൺമെന്റ് ലക്ഷ്യമിട്ടിട്ടുള്ളത്. വിവിധ ആവശ്യങ്ങളുന്നയിക്കുന്നവർക്ക് 102-ാം വകുപ്പുപ്രകാരം അപ്പീൽ കൊടുക്കാം. കുടിയാന് കൈവശ ഭൂമിക്ക് അവകാശം നൽകുന്ന നടപടി സംബന്ധിച്ചോ ജന്മിക്ക് ഭൂമി കുടിയാനിൽനിന്ന് വീണ്ടെടുക്കുന്നത് സംബന്ധിച്ചോ ജന്മിക്ക് കുടിയാൻ നൽകുന്ന പാട്ടക്കുടിശ്ശിക സംബന്ധിച്ചോ ജന്മിക്ക് നൽകേണ്ട മര്യാദപ്പാട്ടം സംബന്ധിച്ച ഉത്തരവോ എന്നിവയിൽ 102-ാം വകുപ്പുപ്രകാരം അപ്പീൽ കൊടുക്കാം. ഇങ്ങനെ ഭൂമിയുടെ വിവിധ സാധ്യതകളനുസരിച്ച് ഈ വകുപ്പുപ്രകാരം അപ്പീൽ കൊടുക്കാൻ കഴിയും. പക്ഷേ 7(e) പ്രകാരമുള്ളവർക്ക് അപ്പലേറ്റ് അതോറിറ്റിയിൽ ഒരു സാധ്യതയുമില്ല. അതുകൊണ്ടാണ് ഇങ്ങനെയൊരു സൗകര്യമൊരുക്കണമെന്ന് ആലോചിച്ചത്. 1963-ലെ കേരള ഭൂപരിഷ്കരണ നിയമം സെക്ഷൻ 125 പ്രകാരം സിവിൽ കോടതിയിൽ വിചാരണയ്ക്കുള്ള സാധ്യതയും നിലവിലില്ല. ഈ പ്രശ്നങ്ങളെല്ലാം കണക്കിലെടുത്തുകൊണ്ട്, 7(e) പ്രകാരം ഏതെങ്കിലും വിധത്തിൽ ലാൻഡ് ട്രിബ്യൂണലുകളിൽനിന്ന് തള്ളപ്പെടുന്ന കുടിയാനോ ജന്മിക്കോ സർക്കാരിനോ അപ്പീൽ പോകാൻ 102-ാം വകുപ്പനുസരിച്ച് അവകാശം കൊടുക്കുക എന്നൊരു ചെറിയ ഭേദഗതി മാത്രമാണ് ഇക്കാര്യത്തിൽ ഉന്നയിക്കാൻ നിശ്ചയിച്ചിട്ടുള്ളത്. ഇവിടെ ഇക്കാര്യത്തിൽ ചില ചർച്ചകളുണ്ടായി. അതിനുകൂടി മറുപടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട പി. ഉബൈദുള്ള വായിച്ച ഉത്തരത്തിൽ തന്നെ അതിന്റെ കാരണവും വ്യക്തമാണ്. അദ്ദേഹം ഇക്കാര്യങ്ങൾ നല്ലതുപോലെ പഠിക്കുന്ന ഒരാളാണ്. മലപ്പുറം റവന്യൂ ഡിവിഷണൽ ഓഫീസിന് സ്ഥലം കിട്ടിയിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. വില നിശ്ചയിച്ചുവെന്ന് ആ ഉത്തരവ് വായിച്ചപ്പോൾ അദ്ദേഹം പറയുകയുണ്ടായി. ആറ്റിൽ കളഞ്ഞാലും അളന്ന് കളയണമെന്നൊരു ചൊല്ലുണ്ട്. ഈ ഭൂമിയുടെ വില നിശ്ചയിക്കാൻ മറ്റാരാണ് തയ്യാറാകുന്നത്? കേരള ഗവൺമെന്റ് ഒരു കാര്യം അങ്ങേയ്ക്ക് നൽകുമ്പോൾ അതിന്റെ വാല്യൂ എത്രയെന്ന് പറയാനുള്ള അവകാശമുണ്ടല്ലോ; ആ ഉത്തരവ് ഒന്നുകൂടി വായിച്ചാൽ അങ്ങേയ്ക്കതന്നെ ഉത്തരം കിട്ടും. എന്നെക്കൊണ്ട് പറയിപ്പിക്കേണ്ട കാര്യമുണ്ടായിരുന്നില്ല. ഒരു മിനിറ്റ് സമയം ലാഭിക്കാമായിരുന്നു. രണ്ടരക്കോടി രൂപയോളം ചെലവുള്ള ഭൂമിയാണ് ഇപ്പോൾ കൊടുക്കുന്നതെന്ന് അങ്ങ് പറഞ്ഞു. സേവന വകുപ്പുകൾ തമ്മിൽ കൈമാറുന്ന വ്യവസ്ഥയനുസൃതമായി ഭൂമി കൊടുക്കാമെന്നാണ് അങ്ങ് ആ കത്തിന്റെ അവസാനം വായിച്ചത്. കൊടുക്കില്ലെന്ന് പറഞ്ഞില്ലല്ലോ; ആളുകൾ അനധികൃതമായി ഭൂമി പിടിച്ചുവച്ചതുപോലെ റവന്യൂ വകുപ്പും മറ്റൊരു വകുപ്പിനും ഭൂമി കൊടുക്കാതെ

പിടിച്ചുവച്ചിരിക്കുകയാണെന്ന് അങ്ങ് പറഞ്ഞ തെറ്റ് രേഖയിലുള്ളതുകൊണ്ടാണ് ഞാൻ അത് തിരുത്തുന്നത്. റവന്യൂ വകുപ്പ് കേരളത്തിലെ ഭൂമിയുടെ കസ്റ്റോഡിയനാണ്. ആരുപറഞ്ഞാലും അത് അങ്ങനെ തന്നെയാണ്. ആർക്കും ഭൂമി കൊടുക്കില്ല എന്നൊരു വാശിയുമില്ല. പക്ഷേ കൃത്യമായ കണക്കില്ലാതെ ഒരാൾക്കും ഏത് തർക്കത്തിന്റെ പേരിലായാലും അനധികൃതമായി ഭൂമി കൊടുക്കാൻ കഴിയില്ല. അങ്ങ് വളരെ ശ്രദ്ധയോടെ ജില്ലാ റവന്യൂ അസംബ്ലിയിൽ പങ്കെടുക്കുന്ന ആളാണ്. ഞാൻ ബഹുമാനിക്കുന്ന ആളാണ്. ഭൂമിയുടെ പ്രശ്നങ്ങളിലൊക്കെ അങ്ങ് ഇടപെടുന്നതുകൊണ്ട് ഞാൻ വളരെ ശ്രദ്ധിക്കാറുണ്ട്. ഭൂരഹിതരുടെ കണക്കില്ലെന്ന് ഒരു ചോദ്യത്തിന് ഉത്തരമായി *ഞാൻ* പറഞ്ഞെന്ന് അങ്ങുപറഞ്ഞു. എങ്ങനെയാണ് ഭൂരഹിതരുടെ കണക്കെടുക്കാൻ കഴിയുന്നത്? അങ്ങും ഞാനും പ്രസംഗിക്കുന്ന സമയങ്ങളിൽ, പതിനെട്ട് വർഷക്കാലം കഴിഞ്ഞാൽ ഭൂമിയുടെ അവകാശിയായി മാറാൻ പോകുന്ന ഓരോരുത്തർ ജനിച്ചിട്ടുണ്ടാകും. നിലവിലുള്ള ഭൂമിയുടെ അവകാശികളുടെ എണ്ണം എത്രയെന്നും ആവശ്യക്കാർ എത്രയെന്നും റവന്യൂ വകുപ്പിന് കൃതിവയ്ക്കാൻ കഴിയില്ല. നേരെമറിച്ച്, റവന്യൂ വകുപ്പിനുമുന്നിൽ ഭൂമിയുടെ അവകാശികളാകണമെന്ന് ആഗ്രഹിച്ച് അപേക്ഷ നൽകിയവരുടെ എണ്ണമെത്രയെന്ന് ചോദിച്ചാൽ അക്കാര്യം കൃത്യമായി പറയാൻ സാധിക്കും. അങ്ങനെയൊരു പ്രശ്നം കേരളത്തിലുള്ളതുകൊണ്ടാണ് ഈ ഗവൺമെന്റിന്റെ കാലയളവിൽ ഭൂമി കൊടുക്കാനുള്ള വിവിധ സാധ്യതകൾ ആലോചിക്കാൻ തീരുമാനിച്ചത്. ഭൂമി നൽകാൻ നേരത്തേ അപേക്ഷ കൊടുക്കുകയാണ് പതിവ്. കഴിഞ്ഞ വർഷം അങ്ങുകൂടി പങ്കെടുത്ത, മലപ്പുറത്തെ ഉൾപ്പെടെ കേരളത്തിലെ 14 ജില്ലകളുടെ റവന്യൂ അസംബ്ലി പൂർത്തിയാക്കിയപ്പോൾ കേരളത്തിൽ പട്ടയ ഡാഷ് ബോർഡ് എന്ന ആശയം കൊണ്ടുവന്നു. അത് എന്റെ മിടുക്കല്ല, നമ്മളെല്ലാവരുംകൂടി തീരുമാനിച്ചതാണ്. മലപ്പുറത്ത് പട്ടയ ഡാഷ് ബോർഡുണ്ട്. അങ്ങേയ്ക്ക് അത് നോക്കിയാൽ അറിയാം. ഓരോ മണ്ഡലത്തിലും എം.എൽ.എ.-മാരുടെ നേതൃത്വത്തിൽ ജനപ്രതിനിധികളെ യോജിപ്പിച്ച് നടക്കുന്ന യോഗങ്ങൾക്ക് ഡെപ്യൂട്ടി കളക്ടർ റാങ്കിൽ കുറയാത്ത നോഡൽ ഓഫീസറെ നിയമിച്ച് അവിടെയെത്തുന്ന പട്ടയ പ്രശ്നങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതാണ് പട്ടയ ഡാഷ് ബോർഡ്. പട്ടയ ഡാഷ് ബോർഡിൽ കൊടുക്കാൻ കഴിയാത്ത പ്രശ്നമുണ്ടാകും. രാവിലെ ബഹുമാനപ്പെട്ട പുനലൂർ അംഗം പി. എസ്. സുപാൽ വളരെ വിശദമായി ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിച്ചു. അതിന് മറുപടി പറഞ്ഞതിനാൽ ഞാൻ അതിലേയ്ക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കൂടി നിർദ്ദേശപ്രകാരം പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ്, വനം, ഇലക്ട്രിസിറ്റി, ജലവിതരണം, പൊതുമരാമത്ത് തുടങ്ങിയ വിവിധ വകുപ്പുകളുടെ കൈവശമുള്ള തോട്, പുഴ, പാറ പുറമ്പോക്കുകൾ ഉൾപ്പെടെയുള്ള ഭൂമി കൊടുക്കാൻ കഴിയുന്ന മാർഗ്ഗങ്ങളെക്കുറിച്ച്

അന്വേഷിക്കുന്നതിനുള്ള യോഗങ്ങൾ നടക്കുകയാണ്. കേരളത്തിലെ പട്ടയ ഡാഷ് ബോർഡിൽ കൊടുക്കാൻ കഴിയുന്നതാണെങ്കിലും അല്ലെങ്കിലും പട്ടയം കൊടുക്കേണ്ട ആളുകളുടെ പ്രശ്നങ്ങൾ ക്രോഡീകരിക്കണം. ചിലത് ഇപ്പോൾ കൊടുക്കാൻ കഴിയും ചിലത് അടുത്ത തലമുറ കൊടുക്കേണ്ടിവരും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, താലൂക്ക് ലാൻഡ് ബോർഡുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ഞാൻ അതിലേയ്ക്ക് കടക്കാം. അങ്ങ് ചോദിച്ചത് നന്നായി. ഞാൻ ആ വിഷയം വിട്ടുപോകുമായിരുന്നു. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ ഇക്കാര്യത്തിൽ നന്നായി ശ്രദ്ധിക്കുന്ന ആളാണ്. കേരളത്തിൽ നിലവിലുള്ള താലൂക്ക് ലാൻഡ് ബോർഡുകളിൽ 1342 മിച്ചഭൂമി കേസുകളുണ്ട്. അതിന് പുറമെയാണ് എൽ.ടി. കേസുകൾ. 77 എൽ.ടി.യും 27 താലൂക്ക് ലാൻഡ് ബോർഡുമുണ്ട്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വൈത്തിരി ലാൻഡ് ബോർഡിൽ എത്ര ലക്ഷം ഏക്കർ സ്ഥലത്തിന്റെ കേസാണുള്ളത്? ആ ലാൻഡ് ബോർഡ് തീരുമാനമെടുത്തിരുന്നെങ്കിൽ കേരളത്തിലെ ഭൂപ്രശ്നം പരിഹരിക്കാൻ കഴിയുമായിരുന്നു. പലയിടത്തും പട്ടയം കൊടുക്കണമെങ്കിൽ താലൂക്ക് ലാൻഡ് ബോർഡിലെ അംഗത്വം പൂർണ്ണമാകണം. അത് പൂർണ്ണമാകാത്തതുകൊണ്ടാണ് ലാൻഡ് ബോർഡുകൾക്ക് തീരുമാനമെടുക്കാൻ കഴിയാത്തത്. ഇതുസംബന്ധിച്ച് സഭയെ അറിയിക്കുമോ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട മിനിസ്റ്റർ, അങ്ങ് ആവശ്യപ്പെട്ട സമയം ഏതാണ്ടായി.

ശ്രീ. കെ. രാജൻ: സർ, ഞാൻ പെട്ടെന്ന് പറഞ്ഞ് അവസാനിപ്പിക്കാം. ഏറ്റവും കൂടുതൽ ലാൻഡ് ബോർഡ് പ്രശ്നങ്ങളുള്ളത് വൈത്തിരിയിലല്ല. അവിടെ പാരിസൺസിന്റെ (പാരിസൺസ് എസ്റ്റേറ്റ്സ് ആൻഡ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്) ഉൾപ്പെടെ ഭൂമി പിടിച്ചെടുത്ത് രജിസ്റ്റർ ചെയ്ത് രണ്ടായിരം പേർക്ക് ഈ അടുത്ത സമയത്ത് പട്ടയം കൊടുത്തു. ഏറ്റവും കൂടുതൽ ലാൻഡ് ബോർഡ് കേസുകളുള്ളത് വെള്ളരിക്കുണ്ടാണ്. 1342 മിച്ചഭൂമി കേസുകളുണ്ട്. ഈ പ്രശ്നങ്ങൾ പരിഹരിച്ച് എല്ലാ ഘടകങ്ങളും അനുകൂലമായില്ലെങ്കിൽപ്പോലും 20,000 ഏക്കർ ഭൂമി കൊടുക്കാം. എന്തുകൊണ്ടാണ് ഈ നടപടികൾ വൈകുന്നത്? ബഹുമാനപ്പെട്ട ചെയർ കൂടി അറിയേണ്ട കാര്യമാണിത്. ഡെപ്യൂട്ടി കളക്ടർമാരാണ് താലൂക്ക് ലാൻഡ് ബോർഡുകളുടെ ചെയർമാൻമാർ. സമുദ്ര നിരപ്പിനേക്കാൾ താഴെ സ്ഥിതി ചെയ്യുന്ന ആലപ്പുഴ ജില്ലയിൽ ഒരു ലാൻഡ് ബോർഡ് ചെയർമാൻ (ഡിസാസ്റ്റർ

മാനേജ്മെന്റ്)-ന്റെ ഡെപ്യൂട്ടി കളക്ടറാണ്. എപ്പോഴും പ്രശ്നങ്ങളുള്ള ഒരു ജില്ലയിൽ ഡി.എം.-ന്റെ ഡെപ്യൂട്ടി കളക്ടർക്ക് ലാൻഡ് ബോർഡ് പ്രശ്നങ്ങൾ പരിഹരിക്കാൻ സമയം ലഭിക്കാറില്ല. കൂടുതൽ ചുമതലയുള്ള ബോർഡിന്റെ ചെയർമാനായിരിക്കുകയും അതിനേക്കാൾ ഭീകരമായ മറ്റ് ചുമതലകൾ വഹിക്കുകയും ചെയ്യുന്ന ഒരാളാണ് അദ്ദേഹം. താലൂക്ക് ലാൻഡ് ബോർഡുകളിൽ നാം പല ആവശ്യങ്ങൾക്കായി സമീപിക്കാറുണ്ട്. അവിടെ പലപ്പോഴും കേസ് മാറ്റിവയ്ക്കുകയാണ് ചെയ്യുന്നത്. കേരളത്തിലുണ്ടായ വികസനമാണ് ഞാൻ പറഞ്ഞത്. കേരളത്തിൽ നാല് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻമാർ അതത് ഡെപ്യൂട്ടി കളക്ടർ എന്ന ആശയത്തിൽനിന്ന് വിഭിന്നമായി, അങ്ങ് ഉൾപ്പെടെയുള്ളവർ പറഞ്ഞതനുസരിച്ച് തിരുവനന്തപുരം മുതൽ കോട്ടയം വരെയുള്ള ജില്ലകൾ ചേർത്ത് ഒരു സോൺ (ജില്ലകളുടെ പേര് പറഞ്ഞാൽ വൈകുമെന്നുള്ളതുകൊണ്ട് പറയുന്നില്ല), എറണാകുളം, പാലക്കാട്, തൃശ്ശൂർ ജില്ലകൾ ചേർത്ത് ഒരു സോൺ, മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകൾ ചേർത്ത് ഒരു സോൺ, കണ്ണൂർ, കാസർഗോഡ് ജില്ലകൾ ചേർത്ത് ഒരു സോൺ - അങ്ങനെ നാല് സോണുകളിലായി നാല് താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻമാരെ നിയമിച്ചിരിക്കുകയാണ്. അവർക്ക് ഒരു മാസത്തിലും ഒരു വർഷത്തിലും പൂർത്തീകരിക്കേണ്ട പ്രവർത്തനങ്ങളുടെ ക്വാട്ട നൽകി അതിനനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാൻ ശ്രമിക്കുകയാണ്. ഇതിനായി നല്ല പരിശ്രമം നടക്കുന്നുണ്ട്. ഇതിന് നിങ്ങളുടെയെല്ലാം പിന്തുണയുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ ലാൻഡ് ട്രിബ്യൂണലുകളിൽ 125000 കേസുകളുണ്ടായിരുന്നത് ഇപ്പോൾ 82000 കേസുകളായി ചുരുങ്ങി. ഈ വർഷം നല്ല രീതിയിൽ പ്രവർത്തനം നടത്തിയാൽ അത് 60,000-ൽ എത്തിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. പക്ഷേ പലതലങ്ങളിലും പുതുതായി കേസുകൾ വന്നുകൊണ്ടിരിക്കുകയാണ്. ആ പ്രശ്നങ്ങൾ പരിഹരിക്കാൻ കൂട്ടായ പരിശ്രമമുണ്ടാകണം. ബഹുമാനപ്പെട്ട നാദാപുരം അംഗം ഇ. കെ. വിജയൻ വളരെ പ്രസക്തമായ ചോദ്യമാണ് ചോദിച്ചത്. ഞാൻ വിശദീകരിച്ചതുപോലെ രാജഭരണ കാലം മുതൽ സ്വാതന്ത്ര്യത്തിനുമുമ്പുവരെ നമ്മുടെ കയ്യിലുണ്ടായിരുന്ന സ്ഥലങ്ങൾ സ്വാതന്ത്ര്യത്തിനുശേഷം പല കമ്പനികളുമായി ബന്ധപ്പെടുത്തി ഉപയോഗിക്കുകയാണ്. അതിനുള്ള പരിശ്രമം മാറിമാറി വന്ന ഗവൺമെന്റുകൾ നടത്തി. പക്ഷേ അതിനിടയിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഇടപെടലുണ്ടായി. സാധാരണനിലയിൽ ഈ പ്രശ്നങ്ങളെക്കുറിച്ച്, 'Burden of proof as to ownership' എന്ന ധാരണയാണുണ്ടാകുക. പക്ഷേ ടൈറ്റിലിന്റെ അവകാശം തെളിയിക്കാൻ സർക്കാരിനാണ് ഉത്തരവാദിത്വം. അതിന് സിവിൽ കോടതിയിൽ പോകണമെന്ന് കോടതി പറഞ്ഞു. രാജമാണിക്യം കമ്മിറ്റി ശിപാർശ ചെയ്ത 68 കേസുകളിൽ 8 കേസുകൾ കോടതിയുടെ പരിഗണനയിലാണ്. അങ്ങയുടെ

ജില്ലക്കാരൻ കൂടിയായ അഡ്വ. സജി കൊട്ടുവത്തിനെ പ്രത്യേക ഓഫീസറായി നിയമിച്ചു. ഈ 68 കേസുകൾ നിയന്ത്രിക്കാനും ജില്ലാ കോടതികളിലെ അഭിഭാഷകർക്ക് ഉപദേശങ്ങൾ കൊടുക്കുന്നതിനുമാവശ്യമായ നിയമനിർമ്മാണം തയ്യാറാക്കലുമാണ് അഡ്വ. സജി കൊട്ടുവത്ത് അടക്കമുള്ള ആളുകളുടെ പ്രധാനപ്പെട്ട ചുമതലയായി നിർദ്ദേശിച്ചിട്ടുള്ളത്. ഇവിടെ ബഹുമാനപ്പെട്ട നാദാപുരം അംഗം ചോദിച്ച ചോദ്യം വളരെ വ്യക്തമാണ്. അങ്ങ് അത് ചോദിക്കുമെന്ന് ഞാൻ നേരത്തെ പ്രതീക്ഷിച്ചിരുന്നു. കാരണം അങ്ങ് ആ കാര്യത്തിൽ നല്ല ശ്രദ്ധയുള്ള ആളാണ്. 2005 വരെയുള്ള വിഷയങ്ങൾ അവസാനിപ്പിക്കാനായി 7(e) എന്ന ഭേദഗതി കൊണ്ടുവന്നു. 2005-ലെ ഭേദഗതി കമെൻസ്മെന്റാകുന്ന 2006 വരെയുള്ളവരെ മാത്രമെ 7(e) പ്രകാരം ഡീംഡ് ടെനന്റായി കരുതുകയുള്ളൂവെന്ന് പറഞ്ഞിരുന്നു. ഇനിയൊരു 7(e) സാഹചര്യം കേരളത്തിൽ സൃഷ്ടിക്കുന്ന പ്രശ്നമേ ഉദിക്കുന്നില്ലെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുന്നു. അതിനുശേഷം മിച്ചഭൂമി കൈവശപ്പെടുത്തിയവർ എത്ര ഉന്നതരാണെങ്കിലും കർശന നടപടിയുമായി മുന്നോട്ടുപോകും. രാജമാണിക്യം കമ്മിറ്റി റിപ്പോർട്ടുകളുടെ ഭാഗമായി ഹാരിസൺ ഉൾപ്പെടെയുള്ള 68 തോട്ടങ്ങളിൽ ഇതുമായി ബന്ധപ്പെട്ട് നടപടികൾ നിലനിൽക്കുന്ന സാഹചര്യത്തിൽ ആവശ്യമുള്ളപക്ഷം നിയമനിർമ്മാണം നടത്തിയാണെങ്കിലും ഭൂമി പിടിച്ചെടുത്ത് ഈ നാട്ടിലെ ഭൂരഹിതർക്ക് കൊടുക്കുകയെന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അങ്ങയുടെ അഭിപ്രായത്തെ ഞാൻ മാനിക്കുന്നു. ഭൂരഹിതരായ മനുഷ്യരോട് പക്ഷപാതിത്വമുള്ള ഗവൺമെന്റായിരിക്കും ഇത്. കേവലം കൈവശക്കാർക്ക് മാത്രമല്ല, സാധാരണനിലയിൽ ഭൂരഹിതരായ മനുഷ്യർക്ക് ഭൂമി കൊടുക്കാൻ കഴിയുന്ന വിധത്തിലുള്ള നടപടികളുണ്ടാകും. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി യൂണീക് തണ്ടപ്പേർ നടപ്പിലാക്കാൻ പോകുകയാണ് എന്നുള്ളതുകൊണ്ട് അങ്ങേയ്ക്ക് ഉൾപ്പെടെ അഭിമാനിക്കാം. ഇന്ത്യയിൽ ആദ്യമായി തണ്ടപ്പേരും ആധാറും ബന്ധപ്പെടുത്തുന്ന സംസ്ഥാനം കേരളമാണ്. അനധികൃതമായി സൂക്ഷിച്ച ഭൂമിയൊക്കെ നാട്ടിലെ സാധാരണക്കാർക്ക് കൊടുക്കും. കൈവശക്കാർക്ക് മാത്രമല്ല, പിറന്ന മണ്ണിൽ തണ്ടപ്പേരിനുപോലും അവകാശമില്ലാത്ത പ്രാക്തന ഗോത്രവർഗ്ഗങ്ങൾ ഉൾപ്പെടെയുള്ള മനുഷ്യർക്ക് ആ ഭൂമി കൊടുക്കുക തന്നെയാണ് ഈ ഗവൺമെന്റിന്റെ ലക്ഷ്യം. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ഈ ഭേദഗതി ബിൽ അംഗീകരിക്കണമെന്ന് സവിനയം ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. നജീബ് കാന്തപുരം, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി പ്രസ്സ് ചെയ്തില്ല.)

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. മമ്മിക്കുട്ടി, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. പി. മമ്മിക്കുട്ടി:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ഇ. കെ. വിജയൻ:</u> സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(അംഗം സീറ്റിലില്ലാതിരുന്നതിനാൽ ഭേദഗതി പ്രസ്സ് ചെയ്തില്ല)

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ, 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

171. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിച്ച പ്രധാന ആക്ടിലെ വകുപ്പ് 20-ൽ "അമ്പതിനായിരം" എന്നതിന് പകരം"എഴുപതിനായിരം" എന്ന് ചേർക്കുക.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

175. ഖണ്ഡം 2 പ്രകാരം ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന പ്രധാന ആക്ടിലെ വകുപ്പ് 20-ൽ "അമ്പതിനായിരം" എന്നതിന് പകരം "തൊണ്ണൂറായിരം" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 175-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

184. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 23 എ(6)-ൽ "മണലിന്റെ" എന്നതിന് ശേഷം "മതിപ്പ് " എന്ന് ചേർക്കുക.

195. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 23 എ (6)-ൽ " നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്" എന്നതിന് പകരം " നടപടിക്രമങ്ങൾക്ക് അനുസൃതമായി" എന്ന് ചേർക്കുക.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

199. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 23 എ (6) -ൽ "പാലിച്ചുകൊണ്ട്" എന്നതിന് പകരം "പൂർത്തിയാക്കി" എന്ന്ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

206. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 23(എ)(6)-ൽ "വ്യക്തികൾക്കോ" എന്നതിന് ശേഷം "ഓരോ മാസത്തിലെയും മുൻനിശ്ചയിക്കപ്പെട്ട ഒരു ദിവസം" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

214. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 23 എ(6)-ൽ "എന്ന വാക്കുകൾ ചേർക്കേണ്ടതാണ്" എന്നതിന് പകരം "എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കേണ്ടതാണ്" എന്ന് ചേർക്കുക.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

216. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 23 എ(6)-ന് ചുവടെ ചേർക്കുന്ന ക്ലിപ്തനിബന്ധന ചേർക്കുക.

"എന്നാൽ (4)-ാം ഉപവകുപ്പിലെ വ്യവസ്ഥപ്രകാരം കണ്ടുകെട്ടിയ മണൽ, സ്ഥാപനങ്ങൾക്കോ വ്യക്തികൾക്കോ ലേലത്തിലൂടെ വില്പന നടത്തുമ്പോൾ ഓരോ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും ഒരു കലണ്ടർ വർഷത്തിൽ പരമാവധി ലേലം കൊള്ളാവുന്ന മണലിന്റെ അളവ് എത്രയെന്ന് നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നിശ്ചയിക്കേണ്ടതാണ്"

ലേലം കൊള്ളാവുന്ന മണലിന്റെ അളവ് നിർണ്ണയിക്കപ്പെടണമെന്നുള്ളതാണ് എന്റെ ഭേദഗതി. ഇല്ലെങ്കിൽ ചില വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും കൈകളിലേയ്ക്ക് ഇത് പൂർണ്ണമായും അകപ്പെട്ടുപോകുകയും അത് ഭാവിയിൽ വലിയ അഴിമതിക്കും ക്രമക്കേടിനും ഇടവരുത്തുകയും ചെയ്യും. ആയതിനാൽ ഈയൊരു

ഭേദഗതി ആ അർത്ഥത്തിൽ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മന്ത്രി സുതാര്യതയെക്കുറിച്ചാണ് ഇവിടെ ഏറ്റവും കൂടുതൽ സംസാരിച്ചത്. അത് പൂർണ്ണമാകാൻ ഈ ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: 185 മുതൽ 187 വരെയുള്ള ഭേദഗതികൾ 184-ാം നമ്പർ ഭേദഗതിക്കും 196 മുതൽ 198 വരെയുള്ള ഭേദഗതികൾ 195-ാം നമ്പർ ഭേദഗതിക്കും 200 മുതൽ 202 വരെയുള്ള ഭേദഗതികൾ 199-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 184, 195 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 199-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 206-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 214-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 216-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

112. പീഠികയിൽ "ഇതിനുശേഷം കാണുന്ന" എന്നതിനുപകരം " താഴെപ്പറഞ്ഞിരിക്കുന്ന" എന്ന് ചേർക്കുക.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതി സ്വീകരിക്കുന്നുണ്ടോ?

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഭേദഗതി സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 112-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2022-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(ii) 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

(ഭേദഗതിയില്ല)

മി. സ്പീക്കർ: രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ശ്രീ. പി. കെ. ബഷീറിന്റെ 128-ാം നമ്പർ ഭേദഗതി ഞാൻ ഔദ്യോഗിക ഭേദഗതിയായി അവതരിപ്പിക്കുന്നു.

128. In the enacting formula, for the words and symbol "Seventy- second" the words and symbol "Seventy-third" shall be substituted.

മി. സ്പീക്കർ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2021-ലെ കേരള ഭൂപരിഷ്കരണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ഒരു കാര്യം പറയാനുണ്ട്. സഹകരണ സംഘ (മൂന്നാം ഭേദഗതി) ബില്ലിന്റെ ചർച്ചയ്ക്ക് മറുപടി പറയവെ ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി ഒരു പരാമർശം നടത്തുകയുണ്ടായി. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിനെക്കുറിച്ച് പറഞ്ഞപ്പോൾ, **** അതിലൊരു ബോഡി ഷെയിമിംഗുണ്ട്. Politically incorrect ആയിട്ടുള്ള ഒരു സ്റ്റേറ്റ്മെന്റാണത്. സാംസ്കാരിക വകുപ്പുമന്ത്രികൂടിയായ അദ്ദേഹം ആ പ്രസ്താവന പിൻവലിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഉന്നയിച്ച വിഷയവുമായി ബന്ധപ്പെട്ട് സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രിയുടെ പ്രസംഗത്തിലെ പ്രസ്തുത ഭാഗം പിൻവലിക്കുകയാണെന്ന് പറഞ്ഞ് മന്ത്രിതന്നെ സ്പീക്കർക്ക് കത്ത് നൽകിയിട്ടുണ്ട്. ആ പ്രയോഗം സഭാ രേഖയിൽനിന്ന് ഒഴിവാക്കണമെന്ന് അദ്ദേഹം തന്നെ അഭ്യർത്ഥിച്ചിട്ടുണ്ട്, അത് അംഗീകരിക്കുന്നു.

(iii) 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

(iv) 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

---

* ബഹുമാനപ്പെട്ട സഹകരണ-രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പുമന്ത്രി പ്രസ്തുത പരാമർശം പിൻവലിച്ചു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാനത്തെ ഓട്ടോറിക്ഷാ തൊഴിലാളികൾക്കും ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾക്കും രണ്ട് തരത്തിലുള്ള ക്ഷേമ പദ്ധതികൾ നിലവിലുള്ളതിനാൽ ക്ഷേമനിധി ആനുകൂല്യങ്ങളിലും മറ്റും ഏകീകൃത സ്വഭാവമുണ്ടാക്കുന്നതിനും എല്ലാ തൊഴിലാളികൾക്കും ഒരേ പദ്ധതിക്കുകീഴിൽ ഒരേ രീതിയിലുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുമായി യഥാക്രമം 1991-ലെ കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമനിധി പദ്ധതിയെയും 2004-ലെ കേരള ഓട്ടോമൊബൈൽ ക്ഷേമനിധി പദ്ധതിയെയും 1985-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി പദ്ധതിയുമായി ലയിപ്പിക്കുന്നതിനാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ ഏകീകരിക്കുന്നതിനായി വ്യവസ്ഥ ചെയ്ത് പുതിയ ക്ഷേമനിധി പദ്ധതി രൂപീകരിക്കുമ്പോൾ മുമ്പ് തൊഴിലാളികൾക്ക് ലഭിച്ചിരുന്ന അർഹതപ്പെട്ട എല്ലാ ആനുകൂല്യങ്ങളുടെയും തുടർച്ച ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ഈ ബില്ലിനോട് വിയോജിപ്പ് രേഖപ്പെടുത്തുന്നു.

ഇരുപത് ലക്ഷത്തിലധികം വരുന്ന തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും ഈ മേഖലയിൽ ഉൾപ്പെടുന്നുണ്ട്. സർക്കാരിന് ഒരു രൂപപോലും മുതൽമുടക്കില്ലാതെ കെട്ടുതാലി പണയപ്പെടുത്തിയും കിടപ്പാടം വിറ്റും വാങ്ങുന്ന വാഹനങ്ങളുടെ ആർ.സി. ബുക്ക് പണയപ്പെടുത്തിയുമൊക്കെ കടം വാങ്ങി വളരെ പ്രയാസപ്പെട്ട് ജീവിക്കുന്ന 80 ശതമാനത്തോളം വരുന്ന ഉടമസ്ഥരായ തൊഴിലാളികളാണ് ഈ മേഖലയിലുള്ളത്. കോവിഡ് കാലം എല്ലാ മേഖലയിലും കടുത്ത പ്രതിസന്ധിയും പ്രയാസവും സൃഷ്ടിച്ച കാര്യം നമുക്കെല്ലാവർക്കുമറിയാം. കോവിഡ് കാലഘട്ടത്തിൽ ഏറ്റവും പ്രയാസമനുഭവിച്ച ഒരു വിഭാഗമാണ് മോട്ടോർ തൊഴിലാളി മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ. കോവിഡ് കാലത്ത് ക്ഷേമനിധിയുമായി ബന്ധപ്പെട്ട് 1,000 രൂപ വീതം നാല് പ്രാവശ്യം ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് നൽകിയിരുന്നു. ലൈറ്റ് മോട്ടോർ വെഹിക്കിൾ വിഭാഗത്തിൽപ്പെട്ടവർക്ക് 3,500 രൂപ, ബസ് തൊഴിലാളികൾക്ക് 5,000 രൂപ, ഓട്ടോറിക്ഷ തൊഴിലാളികൾക്ക് 2,500 രൂപ എന്നിങ്ങനെ വേർതിരിച്ച് ധനസഹായം വിതരണം ചെയ്ത കാര്യം ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്. ഓട്ടോറിക്ഷാ തൊഴിലാളികളുടെ നിലവിലുള്ള ഏറ്റവും വലിയ പ്രശ്നം ചാർജ്ജ് മീറ്റർ ഘടിപ്പിക്കണമെന്നുള്ള ഒരു നിർദ്ദേശം അവർക്ക് നൽകിയിരിക്കുന്നതാണ്.

ചാർജ്ജ് മീറ്റർ വാങ്ങാൻ രണ്ടായിരത്തോളം രൂപ ചെലവ് വരും. അത് ഘടിപ്പിക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്ക് 2,000 രൂപയുടെ പിഴ കൂടി ചുമത്തുന്നുണ്ട്. അതുമൂലം ഓട്ടോറിക്ഷാ തൊഴിലാളികൾ ദയനീയാവസ്ഥയിലാണ്. 3500 കോടി രൂപയോളം ആസ്തിയുള്ള ക്ഷേമനിധി ബോർഡിന് ഈ സൊസൈറ്റിയിൽ ഏറ്റവും സാധാരണക്കാരായ, പ്രയാസമനുഭവിക്കുന്ന, മികച്ച സേവനം ചെയ്യുന്ന ഓട്ടോറിക്ഷാ തൊഴിലാളികൾക്ക് ചാർജ്ജ് മീറ്റർ സബ്സിഡി നൽകിക്കൊണ്ട് അവരെ സഹായിക്കണമെന്നുള്ള നിർദ്ദേശംകൂടി നൽകണമെന്ന് ഞാൻ ഇവിടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. അതോടൊപ്പം ക്ഷേമനിധിയിലേയ്ക്ക് സാക്ഷ്യപത്രം നൽകണമെന്നുള്ളതാണ് പ്രയാസകരമായ മറ്റൊരു കാര്യം. ഒരു ടൂറിസ്റ്റ്/പ്രൈവറ്റ് ബസ്സിൽ കണ്ടക്ടർ, ക്ലീനർ, ചെക്കർ, ഡ്രൈവർ എന്നിങ്ങനെ നാല് ആളുകളാണ് ജോലി ചെയ്യുന്നത്. ഇപ്പോഴുള്ള ഉത്തരവുപ്രകാരം ക്ഷേമനിധിയിൽ അവരെ ചേർക്കുമ്പോൾ ബസ്സിന്റെ മുതലാളി സാക്ഷ്യപത്രം നൽകേണ്ടതാണ്. അവർ സാധാരണ അത് നൽകാൻ തയ്യാറാകുന്നില്ല. എന്നാൽ അവരുടെ ബന്ധുക്കളെയൊക്കെ വളഞ്ഞ വഴിയിലൂടെ ഡ്രൈവർ, ചെക്കർ, കണ്ടക്ടർ എന്നിവരായി കാണിച്ച് ഈ ആനുകൂല്യം കൈപ്പറ്റാൻ ശ്രമിക്കുന്നുവെന്നുള്ളത് ഒരു വസ്തുതയാണ്. കേരളത്തിൽ ഏറ്റവും മികച്ച രീതിയിൽ തൊഴിലാളികളെ സംഘടിപ്പിച്ചുകൊണ്ട് പ്രവർത്തിക്കുന്ന ധാരാളം തൊഴിലാളി സംഘടനകളുണ്ട്. അവർ ഒരു സാക്ഷ്യപത്രം നൽകിക്കൊണ്ട് ഇവർക്ക് ക്ഷേമനിധിയിൽ ചേരാനുള്ള അവസരമൊരുക്കണമെന്ന കാര്യം കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നു. അതോടൊപ്പം വാഹനങ്ങളിൽ ജി.പി.എസ്. ഘടിപ്പിക്കാനുള്ള തീരുമാനമുണ്ട്. ജി.പി.എസ്. വാങ്ങാൻ 8,000 രൂപ ചെലവുവരും. നിലവിൽ കൂടുതൽ വില നൽകിയാണ് പുറത്തുനിന്നും കമ്പനികൾ ഇത് വാങ്ങുന്നത്. പൊതുമേഖലയിലെ ഏറ്റവും മികച്ച കമ്പനിയായ കെൽട്രോൺ തന്നെ ജി.പി.എസ്. നിർമ്മിച്ചുനൽകുന്നുണ്ട്. ക്ഷേമനിധി ബോർഡിന്റെ സഹായത്തോടുകൂടി അവിടെനിന്നും മികച്ച സബ്സിഡിയോടുകൂടി ജി.പി.എസ്. വാങ്ങാനും അവരുടെ പ്രതിസന്ധിയകറ്റാനും കഴിയുമെന്നാണ് ഈ സന്ദർഭത്തിൽ സൂചിപ്പിക്കാനുള്ളത്.

ഈ മേഖലയെ മുച്ചൂടും തകർക്കാൻ 2017-ൽ സെൻട്രൽ ഗവൺമെന്റ് കൊണ്ടുവന്ന ബില്ലായിരുന്നു മോട്ടോർ വെഹിക്കിൾസ് (അമെന്റ്മെന്റ്) ബിൽ. അതുമായി ബന്ധപ്പെട്ട് തൊഴിലാളികൾ നിരവധി പ്രയാസങ്ങൾ അനുഭവിക്കുന്നുണ്ടെന്ന കാര്യം നമുക്കറിയാം. ആ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകൾക്ക് ചെറിയൊരു വീഴ്ചപറ്റിയാൽ 100 ഇരട്ടി പിഴ അധികം ചുമത്തുന്ന

സ്ഥിതിയുണ്ട്. അതിന്റെ പേരിൽ പ്രയാസപ്പെടുന്ന ആളുകളെ പൊതുപ്രവർത്തകരായ നമ്മൾ സാധാരണ കാണാറുണ്ട്. അതിനിടയിലാണ് 15 വർഷം കാലാവധി കഴിഞ്ഞ വാഹനം പൊളിച്ചുമാറ്റാനുള്ള തീരുമാനമെടുത്തിരിക്കുന്നത്. ഒരു ഓട്ടോറിക്ഷാ/കാർ/ ജീപ്പ് ഓടിക്കുന്നയാൾ എല്ലാ വർഷവും വാഹനത്തിന് മെയിന്റനൻസ് നടത്തുകയും ഇൻഷ്വറൻസും ടാക്സും അടയ്ക്കുകയും ചെയ്യുന്നു. പതിനാലാമത്തെ വർഷവും പതിനഞ്ചാമത്തെ വർഷവും അദ്ദേഹം ടാക്സ് അടയ്ക്കുന്നുണ്ട്. പതിനഞ്ച് വർഷം പൂർത്തിയാകുമ്പോൾ പെട്ടെന്നാണ് നാളെ മുതൽ നിങ്ങളുടെ വാഹനം നിരത്തിലിറക്കാൻ കഴിയില്ലെന്ന് ആ വ്യക്തിയോട് പറയുന്നത്. അത്തരമൊരു ഉത്തരവിന്റെ ഭാഗമായി നിസ്സഹായനായി വാഹനമില്ലാതെ നിൽക്കുന്ന ഒരവസ്ഥ വരികയാണ്. ആ സന്ദർഭത്തിൽ ക്ഷേമനിധി ബോർഡ് പത്ത് ലക്ഷം രൂപ പുതിയ വാഹനം വാങ്ങാൻ പലിശരഹിത വായ്പ നൽകി സഹായിച്ചാൽ അത് സഹായകരമായിരിക്കും. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവന്ന ഭീകരമായ ഒരു ആക്ടിന്റെ ഫലമായി 15 വർഷം ഓടിച്ച വാഹനം നിരത്തിലിറക്കാൻ സാധിക്കാതെ നിസ്സഹായനായി നിൽക്കുന്ന അവസരത്തിൽ ഇത്തരത്തിലുള്ള ഒരു ഇടപെടൽ ബോർഡിന്റെ ഭാഗത്തുനിന്നുണ്ടായാൽ അത് ഗുണകരമായി മാറുമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല.

3500 കോടി രൂപയിലധികം ആസ്തിയുള്ള ക്ഷേമനിധി ബോർഡിന്റെ ആസ്ഥാനം കൊല്ലത്താണ്. എന്റെ ജില്ലയിലടക്കം പല ജില്ലകളിലും രണ്ടാം നിലയിലോ മൂന്നാം നിലയിലോ ആണ് ക്ഷേമനിധി ബോർഡിന്റെ ഓഫീസുകൾ പ്രവർത്തിക്കുന്നത്. പതിനാല് ജില്ലകളിലും സ്വന്തമായി ഓഫീസ് സമുച്ചയം നിർമ്മിച്ചാൽ ആ മേഖലയിലുള്ള ആളുകൾക്ക് വലിയ രീതിയിൽ ഗുണം ലഭിക്കുമെന്നാണ് ഈ വിഷയവുമായി ബന്ധപ്പെട്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ സർക്കാർ കൊണ്ടുവന്ന ഏറ്റവും മികച്ചൊരു പദ്ധതിയെക്കുറിച്ചാണ് ഇനി പറയാനുള്ളത്. അന്താരാഷ്ട്ര കമ്പനികൾ കൊണ്ടുവന്ന യൂബർ പോലെയുള്ള വാഹനങ്ങളുടെ വരവോടെ വലിയ പ്രയാസം നേരിട്ട ഘട്ടത്തിലാണ് സംസ്ഥാന ഗവൺമെന്റ് 'കേരള സവാരി' എന്ന ഓൺലൈൻ പദ്ധതി കൊണ്ടുവന്നത്. ഈ നൂതന പദ്ധതി ആരംഭിച്ചുവെന്നല്ലാതെ അത് കൃത്യമായി താഴെത്തട്ടിലെത്തിക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. മോഡൽ പ്രോജക്ട് എന്ന നിലയ്ക്ക് തിരുവനന്തപുരത്താണ് അത് നടപ്പിലാക്കിയത്. കേരള സവാരി 14 ജില്ലകളിലും നടപ്പിലാക്കാൻ കഴിയേണ്ടതുണ്ട്. ഗതാഗതക്കുരുക്ക് രൂക്ഷമായ സന്ദർഭത്തിൽ ഈ മേഖലയിൽ പ്രവർത്തിക്കുന്നവർക്ക് ഓൺലൈനായി മത്സരിച്ച് നല്ല രീതിയിൽ വരുമാനമുണ്ടാക്കാൻ സാധിക്കും. 'കേരള സവാരി' എന്ന പദ്ധതിയെ കൂടുതൽ

ജനകീയവൽക്കരിക്കണമെന്നുള്ള നിർദ്ദേശമാണ് ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കാനുള്ളത്. ബില്ലുമായി ബന്ധപ്പെട്ട ഇത്രയും നിർദ്ദേശങ്ങൾ സമർപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി സി. കെ. ആശ]

ശ്രീ. പി. പി. ചിത്തരഞ്ജൻ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. എം. രാജഗോപാലൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. നിലവിലെ അബ്കാരി തൊഴിലാളി ക്ഷേമനിധി ആക്ട് പ്രകാരം തൊഴിലുടമ അടവാക്കേണ്ട അംശദായം തൊഴിലാളിയുടെ പ്രതിമാസ വേതനത്തിന്റെ 15 ശതമാനമാണ്; അതായത് പി.എഫ്. 10 ശതമാനവും ഗ്രാറ്റുവിറ്റി 5 ശതമാനവുമാണ്. എന്നാൽ ഭേദഗതി പ്രകാരം ഗ്രാറ്റുവിറ്റി 5 ശതമാനം എന്നുള്ളത് 7 ശതമാനമായി വർദ്ധിക്കുന്നതിനാൽ തൊഴിലുടമ 17 ശതമാനമാണ് അടയ്ക്കേണ്ടിവരുന്നത്. ഇപ്രകാരം തൊഴിലുടമയുടെ അംശദായത്തിൽ ഭേദഗതിപ്രകാരം രണ്ട് ശതമാനമാണ് വർദ്ധന വരുന്നത്. അബ്കാരിത്തൊഴിലാളികളുടെ നിലവിലെ അംശദായം പ്രതിമാസ വേതനത്തിന്റെ 10 ശതമാനമെന്നത് ഭേദഗതിപ്രകാരം 11.5 ശതമാനമാണ്. തൊഴിലാളിയുടെ അംശദായത്തിൽ 1.5 ശതമാനം മാത്രമാണ് വർദ്ധനവുണ്ടാകുന്നത്. വർദ്ധിച്ചുവരുന്ന ഭരണച്ചെലവ് ഉൾപ്പെടെയുള്ള സാമ്പത്തിക ബാദ്ധ്യതയെല്ലാം തൊഴിലാളി ക്ഷേമനിധി ബോർഡ് തൊഴിലാളിക്കുമേൽ അടിച്ചേൽപ്പിക്കുന്ന സമീപനം സ്വീകരിക്കുന്നുവെന്നുള്ളതാണ് ഇതുമായി ബന്ധപ്പെട്ട് പ്രതിപക്ഷാംഗങ്ങളുടെ വിയോജിപ്പ്. അതുകൊണ്ടാണ് ഈ ബില്ലിനെ എതിർക്കുന്നതെന്നതാണ് പ്രതിപക്ഷത്തിന്റെ വാദഗതി. ഇത് തൊഴിലാളി ക്ഷേമത്തെക്കൂടി കണക്കിലെടുത്തുകൊണ്ടുള്ള ഒരു ഭേദഗതിയാണെന്ന് പറയാൻ കാരണം, ഭേദഗതി നിർദ്ദേശപ്രകാരം അബ്കാരി തൊഴിലാളിയുടെ അംശദായത്തിനുള്ള അടവ് പ്രതിമാസ വേതനത്തിന്റെ 11.5 ശതമാനമായി വർദ്ധിപ്പിക്കുന്നുവെന്നുള്ളതാണ്. ഈ വർദ്ധനവിലൂടെ ലഭ്യമാകുന്ന തുക ബോർഡിലെ അംഗങ്ങൾക്ക് നിലവിലില്ലാത്ത ആനുകൂല്യങ്ങളായ വിവാഹ ധനസഹായം, പ്രസവാനുകൂല്യം എന്നിവ ലഭ്യമാക്കുന്നതിന് പ്രയോജനപ്പെടുത്തുക എന്നുള്ളതും നിലവിൽ നൽകുന്ന മരണാനന്തര ആനുകൂല്യമായ 3,000 രൂപ 10,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് വിനിയോഗിക്കുക എന്നുള്ളതുമാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് തൊഴിലാളി സൗഹൃദമായ സമീപനമാണ് സർക്കാർ തീർച്ചയായും ഈ ഭേദഗതിയിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്.

കേരളത്തിന് നിരവധി പ്രത്യേകതകളുണ്ട്. തൊഴിലിനെയും അതുവഴി തൊഴിലാളിയെയും ബഹുമാനിക്കുന്ന ഒരു സംസ്കാരം ശാക്തീകരിക്കപ്പെട്ട് കൊണ്ടിരിക്കുന്ന സംസ്ഥാനമാണ് കേരളം. തൊഴിലാളിയുടെ സാമൂഹ്യ പദവി, തൊഴിൽ സുരക്ഷ, അവകാശ സംരക്ഷണം എന്നിവ ഉറപ്പുവരുത്തുന്നുമുണ്ട്. കൂടാതെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് ലഭിക്കുന്ന മിനിമം വേതനം 200-ഉം 300-ഉം രൂപയാണെങ്കിൽ കേരളത്തിൽ അത് 800 രൂപയാണ്. ഏറ്റവും കൂടുതൽ മിനിമം വേതനം നൽകുന്ന സംസ്ഥാനമാണ് കേരളം. തൊഴിലാളിയുടെ സാമ്പത്തിക സുരക്ഷയോടൊപ്പം ഒരു പരിധിവരെ കേരളത്തിന് ഇതര സംസ്ഥാനങ്ങളിൽനിന്ന് വ്യത്യസ്തമായി തൊഴിലാളി-തൊഴിലുടമ ബന്ധം ശാക്തീകരിക്കാനും സൗഹൃദപരമായ നിലപാട് സ്വീകരിക്കാനും കഴിയുന്നു. ഇതെല്ലാം ഉറപ്പാക്കാൻ സഹായകരമായ നയവും സമീപനവും സ്വീകരിക്കുന്ന സർക്കാരാണ് ഇന്ന് കേരളം ഭരിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ. ഇത് വൈജ്ഞാനിക യുഗമായതിനാൽ വൈജ്ഞാനിക സമ്പദ് വ്യവസ്ഥയെക്കുറിച്ചാണ് നമ്മൾ ചർച്ച ചെയ്യുന്നത്. കാലത്തോടൊപ്പം സഞ്ചരിക്കുകയും നവകേരള സൃഷ്ടിക്കായി പ്രവർത്തിക്കുകയും ചെയ്യുന്ന സർക്കാരാണ് കേരളത്തിലേത്. അതുകൊണ്ട് നൂതന കാഴ്ചപ്പാടുകളും സാങ്കേതികവിദ്യയും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു ഭരണനിർവ്വഹണമാണ് സംസ്ഥാന തൊഴിൽ വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് നമുക്ക് അഭിമാനത്തോടെ പറയാൻ കഴിയും. കേരളത്തിലെ പതിനാറോളം ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനങ്ങൾക്കായി ഏർപ്പെടുത്തിയിട്ടുള്ള പൊതു സോഫ്റ്റ്വെയർ സംവിധാനമാണ് Advanced Information Interface System. തൊഴിലാളികൾക്ക് ഓൺലൈനായി അംശദായം അടയ്ക്കാനും ആനുകൂല്യങ്ങൾക്ക് ഓൺലൈനായി അപേക്ഷിക്കാനുമുള്ള സൗകര്യങ്ങളൊരുക്കുകയും ആനുകൂല്യ വിതരണം DBT (Direct Benefit Transfer) മുഖേനയുമാക്കിയതിനാൽ ഇതിനെല്ലാമുള്ള കാലതാമസം ഒഴിവാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതുപോലെ തൊഴിലാളികളുടെ ക്ഷേമത്തിനും അവരുടെ ആവശ്യങ്ങൾ കൃത്യമായി നിറവേറ്റുന്നതിനും നൂതന ശാസ്ത്ര സാങ്കേതികവിദ്യകൾ സഹായകമായ രീതിയിൽ പ്രയോജനപ്പെടുത്താൻ കഴിയുന്നുണ്ട്. ക്ഷേമനിധി ബോർഡുകളുടെ എണ്ണത്തിലല്ല, മറിച്ച് അതിന്റെ കാര്യനിർവ്വഹണവും പ്രവർത്തനക്ഷമതയുമാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ അവലോകന യോഗത്തിൽ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിച്ച ബോർഡുകളുടെ പ്രവർത്തനത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ ശക്തമായ നടപടികൾ കൈക്കൊള്ളുമെന്നും അവരുടെ ആനുകൂല്യങ്ങൾ വൈകിപ്പിക്കുന്ന സമീപനം ഒരു കാരണവശാലും കേരളത്തിൽ അംഗീകരിക്കാൻ

കഴിയില്ലെന്നും ഓഫീസുകളുടെ പ്രവർത്തനം ഇനിയും കാര്യക്ഷമമാക്കേണ്ടതുണ്ടെന്നും ബഹുമാനപ്പെട്ട മന്ത്രി വ്യക്തമാക്കിയിട്ടുണ്ട്. ഇതെല്ലാം കേരളത്തിലെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം വരുംനാളുകളിൽ കാര്യക്ഷമമാകുമെന്നുള്ളതിന്റെ ഗ്യാരന്റി കൂടിയായിട്ടാണ് നോക്കിക്കാണുന്നത്.

1989-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി നിയമവും 1990-ലെ കേരള അബ്കാരി തൊഴിലാളി ക്ഷേമപദ്ധതിയും 1990 ജനുവരി മുതലാണ് പ്രാബല്യത്തിൽ വന്നത്. സംസ്ഥാനത്തെ അബ്കാരി തൊഴിലാളികൾക്കും അവരുടെ കുടുംബത്തിനും ആശ്വാസം നൽകുന്നതിനും അവരുടെ ക്ഷേമം അഭിവൃദ്ധിപ്പെടുത്തുന്നതിനും പെൻഷൻ നൽകുന്നതിനും വേണ്ടി രൂപീകൃതമായതാണ് ഈ ബോർഡ്. നിലവിൽ കെ.എസ്.ബി.സി.(Kerala State Beverages Corporation), കൺസ്യൂമർ ഫെഡ്, ബാർ മേഖല എന്നിവിടങ്ങളിൽ നിന്നുള്ള 2338 അബ്കാരി തൊഴിലാളികൾക്ക് ഇതിൽ അംഗത്വമുണ്ട്. കേരളത്തിലെ കള്ള് വ്യവസായമൊഴികെയുള്ള അബ്കാരി സ്ഥാപനങ്ങളിൽ ജോലിചെയ്യുന്ന തൊഴിലാളികളാണ് ഈ നിയമത്തിന്റെ പരിധിയിൽ വരുന്നത്. ചാരായം, വിദേശമദ്യം എന്നിവയുടെ സംഭരണം, വില്പന, കൂപ്പിയിൽ നിറയ്ക്കൽ, ഒരു സ്ഥലത്തുനിന്നും മറ്റൊരു സ്ഥലത്തേയ്ക്കെത്തിക്കൽ, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് ഏതെങ്കിലും അബ്കാരി സ്ഥാപനങ്ങളിൽ മൂന്ന് മാസത്തിൽ കുറയാതെ ജോലി ചെയ്തിട്ടുള്ള തൊഴിലാളികൾക്ക് ഈ ക്ഷേമനിധിയിൽ അംഗങ്ങളാകാൻ അർഹതയുണ്ട്. ചാരായ വിപണന നിരോധനം 1-4-1996 മുതൽ നിലവിൽ വന്നതോടെ ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിരുന്ന 12958 ചാരായ തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം കേരളത്തിലുണ്ടായിരുന്നു. അന്ന് അവരെ ചേർത്തുപിടിച്ചുകൊണ്ട് തൊഴിലാളികൾക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ ബോർഡിൽനിന്നും വിതരണം ചെയ്തിട്ടുണ്ടെന്ന കാര്യവും വളരെ ശ്രദ്ധേയമാണ്. എന്നാൽ ഈ ഭേദഗതിയിലൂടെ നാമമാത്രമായ തുക വർദ്ധിപ്പിക്കുമ്പോഴാണ് അതിനെതിരെ പ്രതികരണവും പ്രതിഷേധവുമായി രംഗത്ത് വരുന്നത്. ഈ ബോർഡിൽനിന്നും നിലവിൽ അനുവദിച്ചുനൽകുന്ന ധനസഹായങ്ങളായ എക്സ്ഗ്രേഷ്യ, അപകടം, മരണം, തീരാവ്യാധി, ജോലിയിൽ തുടരാൻ കഴിയാത്തവിധം സ്ഥിരമായ അവശത തുടങ്ങിയ സാഹചര്യത്തിൽ ക്ഷേമനിധിയിലെ ഒരംഗത്തിനോ അയാളുടെ ആശ്രിതനോ പരമാവധി 50,000 രൂപ വരെ നൽകുന്ന സ്കീമുണ്ട്. നിലവിൽ മരണാനന്തര സഹായമായി നൽകുന്ന 3,000 രൂപ 10,000 രൂപയായി വർദ്ധിപ്പിക്കണമെന്നതാണ് സർക്കാർ ഈ ഭേദഗതിയിലൂടെ വിഭാവനം ചെയ്യുന്നത്. ആശുപത്രി രേഖകളുടെ അടിസ്ഥാനത്തിൽ ചികിത്സാ സഹായം 10,000 രൂപയോ ചികിത്സാ ചെലവോ ഏതാണോ കുറവ്

ആയത് തവണകളായി പരമാവധി 10,000 രൂപവരെ അനുവദിക്കാവുന്ന പദ്ധതിയുണ്ട്. മാരക രോഗങ്ങൾക്കുള്ള ചികിത്സാ ധനസഹായം നൽകുന്നതിനുള്ള പദ്ധതികളും ഇതുമായി ബന്ധപ്പെട്ട് കൊണ്ടുവരുന്നുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളായവരുടെ പ്ലസ് ടു മുതൽ പ്രൊഫഷണൽ കോഴ്സ് വരെ പഠിക്കുന്ന മക്കൾക്ക് യോഗ്യതാ പരീക്ഷയുടെ മാനദണ്ഡങ്ങളനുസരിച്ച് മാർക്കിന്റെ അടിസ്ഥാനത്തിൽ സ്കോളർഷിപ്പ് നൽകുന്ന സംവിധാനവുമുണ്ട്. കലാ-കായിക-സാംസ്കാരിക രംഗത്തും ശാസ്ത്രരംഗത്തും ആർട്സായാലും സ്പോർട്സായാലും കലോത്സവങ്ങൾ, ശാസ്ത്രമേളകൾ എന്നിവയിൽ സംസ്ഥാന തലത്തിലും സർവ്വകലാശാലാ തലത്തിലും ഉന്നത വിജയം കരസ്ഥമാക്കിയിട്ടുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് കൊടുക്കുന്നതടക്കമുള്ള വളരെ ശ്രദ്ധേയമായ ഇടപെടലുകളാണ് ഇന്ന് കേരളത്തിലുള്ളത്.

അംഗത്തിന്റെ പി.എഫ്. അക്കൗണ്ടിൽ നീക്കിയിരിപ്പുള്ള തുകയുടെ 50 ശതമാനം വരെ മക്കളുടെ കല്യാണത്തിന് അഡ്വാൻസ് നൽകാൻ ബോർഡ് തയ്യാറാകുന്നു. ചികിത്സയ്ക്കും വിദ്യാഭ്യാസത്തിനുമുള്ള അഡ്വാൻസ് നൽകുന്നതിനുള്ള സംവിധാനവും ബോർഡിനുണ്ട്. വിരമിക്കൽ ആനുകൂല്യങ്ങൾ അതായത് പി.എഫ്., ഗ്രാറ്റുവിറ്റി, പെൻഷൻ ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിശോധിച്ചാൽ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളിയെ സംബന്ധിച്ച് അവരുടെ ഭൗതിക ജീവിത നിലവാരം മെച്ചപ്പെടുത്താനും തൊഴിൽ സുരക്ഷ ഉറപ്പുവരുത്താനും അവരുടെ കുടുംബത്തെ ഉൾപ്പെടെ സംരക്ഷിക്കുന്നതിനാവശ്യമായ ഏറ്റവും ശ്രദ്ധേയവും ഫലപ്രദവുമായ ഇടപെടലുകളുമാണ് ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നതെന്ന് കാണാൻ സാധിക്കും.

ഒരു അംഗത്തിന് ഏകദേശം രണ്ടര ലക്ഷം രൂപ വരെ നൽകുന്ന സ്കീമാണ് ബോർഡ് നടപ്പിലാക്കുന്ന 'സുരക്ഷാ സ്വയംതൊഴിൽ പദ്ധതി'. ഇരുപത്താറോളം ആളുകൾക്ക് അതിന്റെ ഒന്നാം ഗഡുവും പന്ത്രണ്ടോളം പേർക്ക് രണ്ടാം ഗഡുവും നൽകിക്കഴിഞ്ഞു. കേരളം നടപ്പിലാക്കിയിട്ടുള്ള ഇത്തരം തൊഴിൽ നിയമങ്ങളും തൊഴിലാളി ക്ഷേമപദ്ധതികളും കേരളത്തിലെ തൊഴിൽ ശക്തിയെ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഉയർന്ന തലത്തിൽ എത്തിക്കുന്നുവെന്ന അംഗീകരിക്കപ്പെട്ട വസ്തുതയാണ് ഇവിടെ ചൂണ്ടിക്കാണിക്കാൻ കഴിയുന്നത്.

തൊഴിൽ വകുപ്പും പുതിയ മേഖലയിലെ തൊഴിലാളി ക്ഷേമം മുൻനിർത്തിയുള്ള ഇടപെടലുകളിലേയ്ക്കാണ് പോകുന്നത്. ഭക്ഷണം ഉൾപ്പെടെയുള്ള സാധന-വിതരണ രംഗത്ത് പ്രവർത്തിക്കുന്ന ഗിഗ് വർക്കേഴ്സിന്റെ ക്ഷേമം ഉറപ്പുവരുത്താനുള്ള പദ്ധതിയെക്കുറിച്ചാണ് ഈ സർക്കാർ ആലോചിക്കുന്നത്.

ഗാർഹിക തൊഴിൽ രംഗത്ത് സേവനവും വേതനവും നിയതമാക്കുന്നതിന് ഒരു പുതിയ ബിൽ രൂപീകരിക്കുന്നതിനും ആയത് കൊണ്ടുവരുന്നതിനുമുള്ള നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിരിക്കുകയാണ്. ഏറ്റവും ശ്രദ്ധേയമായ ഇടപെടലുകളാണ് ഇക്കാര്യങ്ങളിലെല്ലാം എൽ.ഡി.എഫ്. സർക്കാർ നടത്തുന്നത്. ഇത്തരം സമീപനങ്ങളിലൂടെ കേരളത്തിലെ തൊഴിലാളികളെ ചേർത്തുപിടിച്ചുകൊണ്ട് നടത്തുന്ന ഉജ്ജ്വലമായ ഇടപെടലുകളുമായി എൽ.ഡി.എഫ്. ഗവൺമെന്റ് മുന്നോട്ടുപോകുമ്പോഴാണ് കേന്ദ്ര സർക്കാർ അനുവർത്തിച്ചുവരുന്ന തെറ്റായ ജനവിരുദ്ധ-തൊഴിലാളി വിരുദ്ധ - ജനാധിപത്യവിരുദ്ധ തൊഴിലാളി നിയമങ്ങളുടെ പ്രത്യാഘാതങ്ങൾ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. അതിനെതിരെ ദേശീയ തലത്തിൽ വലിയ വിവാദങ്ങളും പ്രതിഷേധങ്ങളും പ്രക്ഷോഭങ്ങളും പ്രതിരോധങ്ങളുമെല്ലാം നടന്നുകൊണ്ടിരിക്കുകയാണ്.

4.00 P.M.]

കേരളത്തിൽ ലേബർ കോഡുകളുടെ ചട്ട രൂപീകരണവുമായി ബന്ധപ്പെട്ട് ചർച്ച നടന്നപ്പോൾ ഒരു തീരുമാനമെടുക്കുകയും അതുസംബന്ധിച്ച ശില്പശാല ഈ അടുത്ത ദിവസം നടത്തുകയുമുണ്ടായി. തൊഴിലാളികളുടെ ന്യായമായ അവകാശങ്ങൾ ലംഘിക്കുന്ന രീതിയിലാണ് കേന്ദ്ര സർക്കാരിന്റെ ലേബർ കോഡുകൾ തയ്യാറാക്കിയിട്ടുള്ളതെന്ന് നമുക്കെല്ലാവർക്കുമറിയാം, തൊഴിലാളി യൂണിയനിലുള്ളവരും ഈ സഭയിലുണ്ട്. അതിൽ ഒട്ടേറെ കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉദാഹരണമായി ഷെഡ്യൂൾഡ് എംപ്ലോയ്മെന്റ് അടിസ്ഥാനമാക്കി മിനിമം വേതനം നിശ്ചയിക്കുന്നതിനുപകരം വൈദഗ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ ഹൈലി സ്കിൽഡ്, സ്കിൽഡ്, സെമിസ്കിൽഡ്, അൺസ്കിൽഡ് എന്നീ വിഭാഗങ്ങളായി തരംതിരിച്ച് മിനിമം വേതനം നിശ്ചയിക്കുന്ന രീതിയാണ് പുതിയ കോഡ് ഓൺ വേജസിലുള്ളത്. ഇപ്രകാരം വേതനം നിർണ്ണയിക്കുമ്പോൾ നമ്മുടെ സംസ്ഥാനത്ത് വലിയ പ്രശ്നങ്ങളുണ്ടാകും. ഇവിടെ നിലവിലുള്ള എല്ലാ തൊഴിൽ മേഖലകളിലും മിനിമം വേതന നിർണ്ണയം സങ്കീർണ്ണമാകാൻ സാധ്യതയുണ്ട്. നിലവിൽ സംസ്ഥാനത്ത് 87 തൊഴിൽ മേഖലകൾ മിനിമം വേതന ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയുള്ള സംസ്ഥാനത്ത് കേന്ദ്ര ഗവൺമെന്റിന്റെ പുതിയ കോഡ് നടപ്പിലാക്കുന്ന സ്ഥിതിവിശേഷം വരുമ്പോൾ സംസ്ഥാനത്തെ തൊഴിലാളികൾ ഉജ്ജ്വലമായ സമരങ്ങളിലൂടെ നേടിയെടുത്ത നേട്ടങ്ങൾ തമസ്കരിക്കപ്പെടാനുള്ള സാഹചര്യം കൂടി രൂപപ്പെട്ടുവരും. അതുപോലെ നിലവിലുള്ള ബോണസ് ആക്ട് പ്രകാരം പത്തിൽ കൂടുതൽ തൊഴിലാളികൾ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ബോണസ് നൽകാൻ വ്യവസ്ഥയുണ്ട്. പുതിയ കോഡ് ഓൺ വേജസ് വന്നാൽ അത് പൂർണ്ണമായും ഒഴിവാക്കുന്ന സ്ഥിതിയാണുള്ളത്. കേരള

ഉപജീവന ബത്ത നൽകൽ നിയമപ്രകാരം 180 ദിവസത്തിനുശേഷവും സസ്പെൻഷനിൽ കഴിയുന്ന ഒരു തൊഴിലാളിക്ക് മുഴുവൻ വേതനത്തിന് അവകാശമുണ്ട്. എന്നാൽ ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡിന്റെ വകുപ്പ് 36(3) പ്രകാരം പരമാവധി ലഭിക്കാവുന്ന ഉപജീവന ബത്ത ആകെ വേതനത്തിന്റെ 75 ശതമാനമായി നിജപ്പെടുത്തിയിരിക്കുകയാണ്. ഇത് കേരളത്തിൽ വലിയ പ്രത്യാഘാതമുണ്ടാക്കുന്നതാണ്. സോഷ്യൽ സെക്യൂരിറ്റി കോഡിനും ഒക്കുപ്പേഷണൻ സേഫ്റ്റി കോഡിനും തൊഴിലാളി വിരുദ്ധ വ്യവസ്ഥകളാണ് ഭൂരിഭാഗവുമുള്ളത്. ട്രേഡ് യൂണിയൻ രൂപീകരിക്കാനും കൂട്ടായ വിലപേശൽ നടത്താനുമുള്ള അവകാശങ്ങൾ തന്നെ ഹനിക്കപ്പെടുന്നു. ദേശീയ പ്രസ്ഥാനത്തിന്റെ കാലഘട്ടം മുതൽ തൊഴിലാളിയായാലും കൃഷിക്കാരായാലും മറ്റ് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളായാലും അവർക്ക് സംഘടിക്കാനുള്ള അവകാശമുണ്ടായിരുന്നു. ആ അവകാശത്തെപ്പോലും ചോദ്യം ചെയ്യുന്ന, തൊഴിലാളിയുടെ അവകാശ നിഷേധം നടത്തുന്ന രീതിയിലേയ്ക്കുള്ള കാര്യങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് നിഷേധിക്കപ്പെട്ട അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടിയുള്ള വലിയ സമര പരമ്പര തന്നെ, കേവലം ഒരു തൊഴിലാളിയുടെ മാത്രം ദൗത്യമല്ല തൊഴിലാളികൾ ഉൾപ്പെടുന്ന സമൂഹത്തിന്റെ കൂടി പ്രഥമവും പ്രധാനവുമായ കർത്തവ്യമായി ഏറ്റെടുക്കേണ്ട ഒരു സന്ദർഭത്തിലാണ് നമ്മൾ ഈ ക്ഷേമനിധി ബില്ലിനെക്കുറിച്ചും അതിന്റെ ഭേദഗതിയെക്കുറിച്ചും ചർച്ച ചെയ്യുന്നതെന്നുള്ളത് വളരെ ശ്രദ്ധേയമായ കാര്യമാണ്. തീർച്ചയായും തൊഴിലാളി ക്ഷേമ രംഗത്ത് ഏറ്റവും ശ്രദ്ധേയമായ ഇടപെടലാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ വിവിധ തൊഴിൽ മേഖലകളിൽ ആരോഗ്യകരമായ തൊഴിൽ സംസ്കാരം പരിപോഷിപ്പിക്കുന്നതിന് തൊഴിലാളി-തൊഴിലുടമ ബന്ധം ഇനിയും ഊട്ടിയുറപ്പിക്കേണ്ടത് അനിവാര്യമാണ്. തൊഴിലും തൊഴിൽ അവകാശങ്ങളും സംരക്ഷിച്ചും സാമൂഹ്യസുരക്ഷിതത്വം ഉറപ്പുവരുത്തിയും തൊഴിലാളികൾക്കൊപ്പം നിൽക്കുന്ന സർക്കാരാണ് കേരളത്തിലെ പിണറായി സർക്കാർ. അതുകൊണ്ട് കേരളം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഒരു തൊഴിൽ സംരംഭക സൗഹൃദ സംസ്ഥാനമായി മാറിക്കൊണ്ടിരിക്കുകയാണ്. എല്ലാ തലത്തിലും കേരളത്തിന്റെ സമഗ്രമായ വളർച്ചയും വികാസത്തിനും മുന്നേറ്റത്തിനും അനുകൂലമായ അടിസ്ഥാന സൗകര്യ വികസനങ്ങൾ കൂടി ഉറപ്പുവരുത്തിക്കൊണ്ടാണ് മുന്നോട്ടുപോകുന്നത്. സംതൃപ്തവും സദാപ്രവർത്തനനിരതവുമായ തൊഴിൽ മേഖല സംസ്ഥാനത്തിന്റെ സാമൂഹിക സാമ്പത്തിക വളർച്ചയുടെയും സമഗ്ര വികസനത്തിന്റെയും നിർണ്ണായക ഘടകങ്ങളിൽ ഒന്നാകുമെന്നുള്ള കാര്യത്തിൽ തർക്കമില്ല. ഈ ലക്ഷ്യം കൈവരിക്കുന്നതിനായി ഒരു പുതിയ തൊഴിൽ നയം കേരളത്തിലെ ഇടതുപക്ഷ ഗവൺമെന്റ് വിഭാവനം ചെയ്യുന്നുവെന്നത് ഏറെ പ്രശംസനീയമാണ്. തൊഴിലാളികളുടെയും തൊഴിലുടമകളുടെയും യോജിച്ച

മുന്നേറ്റത്തിലൂടെ തൊഴിൽ സൗഹൃദാന്തരീക്ഷം ശക്തിപ്പെടുത്തി സംസ്ഥാനത്തിന്റെ സ്ഥായിയായ വികസനമാണ് തൊഴിൽ നയത്തിലൂടെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വിഭാവനം ചെയ്യുന്നത്. കേരളത്തിൽ ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ക്ഷേമത്തെ മുൻനിർത്തി പുതിയ ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിന് സഹായകരമായ ചെറിയ ഒരു ഭേദഗതിയാണ് നിലവിലുള്ള നിയമത്തിൽ വരുത്തിയിട്ടുള്ളത്.

ശ്രീ. സനീഷ്കുമാർ ജോസഫ് ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ടി. സിദ്ദിഖ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

1989-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി ആക്ടിലെ വകുപ്പ് 4 (1)-ന്റെ ഭേദഗതിയാണ് ഗവൺമെന്റ് തലത്തിൽ അവതരിപ്പിക്കുന്നത്. 'നിധിയിലേയ്ക്ക് തൊഴിലുടമ നൽകേണ്ട അംശദായം ഓരോ അബ്കാരിത്തൊഴിലാളിക്കും നൽകുന്ന വേതനത്തിന്റെ 10 ശതമാനമായിരിക്കേണ്ടതും അബ്കാരിത്തൊഴിലാളിയുടെ അംശദായം തൊഴിലുടമ നൽകുന്ന അംശദായത്തിന് തുല്യമായിരിക്കേണ്ടതും' എന്നതാണ് ഒറിജിനൽ ആക്ടിലെ ഏറ്റവും പ്രധാനപ്പെട്ട ഭാഗം. ഭേദഗതിയിൽ പറയുന്നത് 'അബ്കാരിത്തൊഴിലാളിയുടെ അംശദായം പ്രതിമാസ വേതനത്തിന്റെ 11.5 ശതമാനമായി ഉയർത്തുന്നു' എന്നാണ്. ഇതിൽ ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്, തൊഴിലാളിയുടെ വേതനമാണ് ഇവിടെ ഉയർത്തുന്നത്. നേരത്തെ എല്ലാ ക്ഷേമനിധികളിലും തൊഴിലുടമയും തൊഴിലാളിയും തുല്യമായി അംശദായം നൽകുന്ന സ്ഥിതിവിശേഷമാണുണ്ടായിരുന്നത്. അതിൽനിന്നും തികച്ചും വ്യത്യസ്തമായ സമീപനമാണുണ്ടാകുന്നത്. ഇതിന്റെ കാര്യത്തിൽ മാത്രമല്ല, എല്ലാ ക്ഷേമനിധികളിലും അമെന്റ്മെന്റുകൾ സർക്കാർ തലത്തിൽ മൂവ് ചെയ്തുകൊണ്ടിരിക്കുകയാണ്. തൊഴിലാളികളുടെ അംശദായ വിഹിതം കൂട്ടാനുള്ള ബില്ലുകളാണ് നമ്മുടെ മുമ്പിലേയ്ക്ക് കടന്നുവരുന്ന ഓരോ ബില്ലുകളുമെന്നത് വളരെ ഗൗരവത്തോടുകൂടി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതിൽ ഒന്നുരണ്ടു കാര്യങ്ങൾ എടുത്തുപറയേണ്ടതുണ്ട്. കേരള ഷോപ്പ് ആൻഡ് കൊമേഴ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ 2017-18 വർഷത്തെ വാർഷിക റിപ്പോർട്ടും ആഡിറ്റ് സ്റ്റേറ്റ്മെന്റും 2021 ഒക്ടോബറിൽ നിയമസഭയുടെ മേശപ്പുറത്തുവച്ചു. പ്രസ്തുത വാർഷിക റിപ്പോർട്ടും ആഡിറ്റ് സ്റ്റേറ്റ്മെന്റും പരിശോധിച്ചാൽ നമുക്ക് ഒരുകാര്യം ബോധ്യപ്പെടും. ആക്ടിലെ വകുപ്പ് 6(8)-ൽ ബോർഡിലേയ്ക്ക് ഓരോ വർഷവും അംശദായമായി പിരിഞ്ഞുകിട്ടുന്ന തുകയുടെ ഏഴുശതമാനം മാത്രമേ സർക്കാർ നിശ്ചയിക്കുന്ന തുകയോ ബോർഡിലെ

സ്റ്റാഫിന്റെ ശമ്പളത്തിനും മറ്റ് ചെലവുകൾക്കുംവേണ്ടി ചെലവഴിക്കാവൂ എന്നതാണ്. കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ എസ്റ്റാബ്ലിഷ്മെന്റ് കോസ്റ്റും തൊഴിലാളികൾ അടയ്ക്കുന്ന അംശദായത്തിന്റെ കോസ്റ്റും പരിശോധിക്കണം. 2017-18-ലെ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം അംശദായമായി പിരിഞ്ഞുകിട്ടിയ തുക 18,03,59,986 രൂപയും ഭരണചെലവ് 3,36,38,686 രൂപയുമാണ്. അതിന്റെയർത്ഥം 7 ശതമാനമായി നിജപ്പെടുത്തണമെന്ന് പറഞ്ഞിടത്ത് 18 ശതമാനമായി ഭരണച്ചെലവ് മാറിയെന്നതാണ് ഏറ്റവും ഗൗരവതരമായ കാര്യം. ഞാൻ ഒരു കണക്ക് കൂടി പറയാം. മൂന്നുകോടി മുപ്പത്തിയാറ് ലക്ഷത്തിൽപ്പരം രൂപ ഒരുവർഷത്തെ ഭരണച്ചെലവിനായി വിനിയോഗിക്കുന്ന ക്ഷേമനിധി ബോർഡ് ആ വർഷം 1,72,00,000 രൂപയുടെ ആനുകൂല്യമാണ് വിതരണം ചെയ്തത്. അതിനർത്ഥം ക്ഷേമനിധിയിൽനിന്നും ഒരു രൂപ ചെലവഴിക്കാൻ അതിന്റെ ഭരണചെലവിനുവേണ്ടി രണ്ടു രൂപ വിനിയോഗിക്കുന്നുവെന്നതാണ്. ഇത് വെളളാനയായി മാറുകയാണ്. ഈ ഭരണച്ചെലവ് മുഴുവൻ തൊഴിലാളിയുടെ മേൽ അടിച്ചേൽപ്പിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിലാണ് അംശദായത്തിൽ വർദ്ധന വരുന്നത്. അത് ഗൗരവതരമായ കാര്യമാണ്. ഷോപ്പ്സ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റിന്റെ കാര്യത്തിൽ മാത്രമല്ല അബ്കാരിത്തൊഴിലാളിയുടെ കാര്യത്തിലും അത് ഉണ്ടാകുന്നുവെന്നുള്ളത് ഏറെ ഗൗരവതരമായ കാര്യമാണ്. അതുകൊണ്ട് തൊഴിലുടമയുടെ സർക്കാർ ഗ്രാന്റ് വർദ്ധിപ്പിക്കുന്നില്ല. ഞാൻ അന്നത്തെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചു. 2017-18 കാലയളവിൽ സർക്കാരിന്റെ ഗ്രാന്റ് ഒരു നയാപൈസ കൂട്ടിയിട്ടില്ല. ആകെ കൂടുന്നത് തൊഴിലാളികളുടെ അംശദായത്തിന്റെ വർദ്ധന മാത്രമാണ്.

അബ്കാരികളുമായി ബന്ധപ്പെട്ട കാര്യമായതുകൊണ്ട് സ്വാഭാവികമായും മദ്യത്തെക്കുറിച്ച് ഇവിടെ ചർച്ച ചെയ്യപ്പെടും. 2016-ലെ എൽ.ഡി.എഫ്.-ന്റെ ഇലക്ഷൻ മാനിഫെസ്റ്റോ ഞാൻ പരിശോധിച്ചു. അതിൽ മദ്യനയം സംബന്ധിച്ച് 552-ാമത്തെ പാരഗ്രാഫിൽ പറയുന്നുണ്ട്. കേരളത്തിൽ ഗുരുതരമായ സാമൂഹിക വിപത്തായി മദ്യം മാറിയിട്ടുണ്ടെന്നും മദ്യത്തിന്റെ ലഭ്യതയും ഉപയോഗവും പടിപടിയായി കുറയ്ക്കാൻ സഹായകരമായ നിലപാടാണ് ഇടതുപക്ഷ സർക്കാർ സ്വീകരിക്കുകയെന്നും മദ്യവർജ്ജനത്തെ പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ളതിനേക്കാൾ കൂടുതൽ ശക്തമായ ഇടപെടൽ സർക്കാർ നടത്തുന്നതാണെന്നും ഇതിനായി സാക്ഷരതാ പ്രസ്ഥാനത്തിന്റെ മോഡലിൽ ഞങ്ങൾ ജനകീയ ബോധവൽക്കരണ പ്രസ്ഥാനത്തിന് രൂപം നൽകുന്നതാണെന്നുമാണ് പറഞ്ഞിരിക്കുന്നത്. 2021-ലെ ഇലക്ഷൻ മാനിഫെസ്റ്റോ പരിശോധിച്ചപ്പോൾ

അതിൽ ഇതുസംബന്ധിച്ച കാര്യങ്ങൾ കൃത്യമായി പറഞ്ഞിട്ടില്ലെന്ന് മനസ്സിലായി. അതിന്റെയർത്ഥം നേരത്തെയുള്ള മാനിഫെസ്റ്റോ തന്നെ തുടരുന്നുവെന്നതാണ്. ഈ രണ്ട് മാനിഫെസ്റ്റോയും എന്റെ കയ്യിലുണ്ട്. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്ന സമയത്ത് പൂട്ടിക്കിടന്ന FL-3 ലൈസൻസുള്ള 407 ബാറുകൾ വീണ്ടും തുറക്കാൻ അനുവാദം നൽകുകയും 200 ബാർ ഹോട്ടലുകൾക്ക് ലൈസൻസ് നൽകുകയും ചെയ്തിട്ടുണ്ട്. രണ്ടാം പിണറായി സർക്കാർ ഇതുവരെ 24 ബാർ ഹോട്ടലുകൾക്ക് ലൈസൻസ് കൊടുത്തു. മദ്യവർജ്ജന നയവും മദ്യം കുറയ്ക്കുന്നതിനുള്ള നയവും സ്വീകരിക്കാതെ കേരളത്തെ ലഹരിയുടെ കയ്യിലേയ്ക്ക് ഏൽപ്പിച്ചുകൊടുക്കുന്ന നയമാണ് ഇടതുപക്ഷ സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്നത് സാന്ദർഭികമായി ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 2021-ലെ പ്രകടന പത്രികയുടെ ആമുഖത്തിൽ പറഞ്ഞിരിക്കുന്ന വാചകം, "നവകേരള നിർമ്മിതിയുടെ പുതിയൊരു ഘട്ടത്തിലേയ്ക്ക് നമ്മൾ കടക്കുകയാണ്" എന്നാണ്. എന്നാൽ കേരളത്തിൽ നവകേരള നിർമ്മിതിയല്ല നടക്കുന്നത്. ലഹരികൊണ്ട് നിർമ്മിതമായ കേരളത്തിലാണ് നാം ഉള്ളതെന്ന ഗൗരവതരമായ യാഥാർത്ഥ്യം നമ്മുടെ മുന്നിലുണ്ട്. ഒരു കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രിയോട് നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. നർക്കോട്ടിക്ക് ലോബിയുടെ കയ്യിൽ അകപ്പെട്ട, ഉരുതര സാഹചര്യത്തിൽ കഴിയുന്ന അഴിയൂരിലെ കുട്ടിയുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് ഇവിടെ സംസാരിച്ചപ്പോൾ, ആ കുട്ടിയെ വേണമെങ്കിൽ മാറ്റാമെന്നും അപേക്ഷ നൽകിയാൽ വേണ്ട കാര്യങ്ങൾ ചെയ്യാമെന്നും വളരെ അനുഭാവപൂർവ്വം ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തെയും ആ സമീപനത്തെയും പ്രത്യേകം എടുത്തുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ശനിയാഴ്ച അർദ്ധരാത്രി 12.30-ന് ഞാനും ഭാര്യയും ആ കുട്ടിയെ പോയികണ്ടു. നേരത്തെ ചോമ്പാലയിൽ താമസിച്ചിരുന്ന ആ കുട്ടി ഇപ്പോൾ താമസിക്കുന്നത് കണ്ണൂർ ജില്ലയിലാണ്. ഞങ്ങളുടെ കൂടെ വേറൊരാളുമുണ്ടായിരുന്നു. ഞങ്ങൾ ആ കുട്ടിയോടും കുടുംബത്തോടും സംസാരിച്ചു. ആ കുട്ടി അനുഭവിച്ച ഗൗരവതരമായ സാഹചര്യം അങ്ങയുടെ മുമ്പിൽ ഏറെ വേദനയോടുകൂടി, വിദ്യാഭ്യാസ വകുപ്പുമന്ത്രികൂടിയായ അങ്ങ് ഇതിൽ എന്തെങ്കിലും ഗൗരവതരമായ ഉചിതമായ കാര്യം ചെയ്യുമെന്ന പ്രതീക്ഷയോടുകൂടിയാണ് ഞാൻ അവതരിപ്പിക്കുന്നത്. ആ കുട്ടിയുടെ കയ്യിലെ നടുവിരലിൽ നഖമില്ല. ആ നഖം പറിച്ചെടുത്തതിനുശേഷം അതിൽ വന്ന രക്തത്തിൽ അവർ വെളുത്ത പൗഡറുകൾ വിതറി. അതിൽനിന്നും ലഹരിയിലേയ്ക്ക് കുട്ടിയെ കൊണ്ടുപോയി. കുട്ടിയുടെ കൈതണ്ടയിൽ അവർ സ്ക്രാച്ച് ചെയ്ത് അതിലും അവർ ഈ പൗഡർ വിതറി. കുട്ടിയെ ഇഞ്ചക്ഷൻ വച്ചുകഴിഞ്ഞപ്പോൾ പിന്നെ ഒന്നുമറിഞ്ഞില്ല. അവസാനം നല്ല ചൂട്

അനുഭവപ്പെട്ട്, ആകെ വിയർത്തൊലിച്ച്, വലിയ വിഭ്രാന്തിയോടുകൂടി ആ കുട്ടി ബാത്ത് റൂമിലേയ്ക്ക് ഓടിക്കയറി തലയിൽ വെള്ളമൊഴിച്ചു. കുട്ടി ബാത്ത് റൂമിൽനിന്നും പുറത്ത് വരാത്തതിനെത്തുടർന്ന് ഒരു അദ്ധ്യാപിക പോയി നോക്കുമ്പോൾ ആകെ നനഞ്ഞൊലിച്ച് നിൽക്കുന്ന കുട്ടിയെയാണ് കണ്ടത്. ആ കുട്ടിയുടെ കാലിൽ ഒരു ക്രോസ് മാർക്കെഴുതി ക്യാരിയറായി തലശ്ശേരിയിലെ ഡൗൺ ടൗൺ മാളിലേയ്ക്ക് കൊണ്ടുപോയി. ആ പ്രത്യേക ക്രോസ് മാർക്ക് കണ്ട് അവിടെ മുടി നീട്ടിവളർത്തിയ ഒരു അപരിചിതൻ ഈ സാധനം വാങ്ങാൻ കടന്നുവന്നു. എട്ടാം ക്ലാസ്സിൽ പഠിക്കുന്ന ഈ കുട്ടി എസ്.പി.സി.-യിലെ മിടുക്കിയാണ്, നന്നായി കബഡി കളിക്കുകയും ചിത്രം വരയ്ക്കുകയും ചെയ്യും. ആ കുട്ടിയോട് ഞങ്ങൾ ഓരോ കാര്യങ്ങളും ചോദിച്ചപ്പോൾ പറഞ്ഞത് ഈ ബിസ്ക്കറ്റ് കഴിച്ചാൽ നിനക്ക് ഇതിനെക്കാൾ നന്നായി കളിക്കാൻ സാധിക്കുമെന്ന് ഒരു അപരിചിത വന്ന് കുട്ടിയോട് പറഞ്ഞുവെന്നാണ്. ആ ബിസ്ക്കറ്റാണ് ഈ പ്രശ്നത്തിനൊക്കെ കാരണമായത്. ഏറ്റവും ഗൗരവതരമായ ഒരു സാഹചര്യമാണ്. കുട്ടിയെ പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിച്ചുവരുത്തിയതിന്റെ കാര്യങ്ങളൊക്കെ നമ്മൾ ഇവിടെ ചർച്ച ചെയ്തുകൊണ്ട് ഞാൻ വിവാദങ്ങളിലേയ്ക്കോ അഭിപ്രായ വ്യത്യാസങ്ങളിലേയ്ക്കോ കടക്കാൻ ആഗ്രഹിക്കുന്നില്ല. കേരളത്തിന്റെ എല്ലാ തലങ്ങളിലേയ്ക്കും ഒളിഞ്ഞും തെളിഞ്ഞും ഈ ലഹരി മാഫിയ കടക്കുന്നുവെന്നുള്ളത് ഗൗരവ സ്വഭാവത്തിൽ നമ്മൾ മനസ്സിലാക്കണം. കേരളത്തിലെ ചുറ്റുമതിലില്ലാത്ത നിരവധി സ്കൂളുകളുണ്ട്. ആ സ്കൂളുകളിൽ യഥേഷ്ടം കയറിയിറങ്ങാൻ ഈ ലോബിക്ക് സൗകര്യമുള്ളതുകൊണ്ട് അത്തരം സ്കൂളുകൾ ചുറ്റുമതിൽകെട്ടി സംരക്ഷിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾക്ക് നേതൃത്വം നൽകണമെന്നാണ് എനിക്ക് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്. സർക്കാർ തലത്തിൽ ലഹരിക്കെതിരായി നിരവധി കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഒന്നും ചെയ്യുന്നില്ലെന്ന് ഞാൻ പറയുന്നില്ല. ഡോ. മാത്യു കുഴൽനാടൻ അടിയന്തര പ്രമേയത്തിൽ കുറെ കാര്യങ്ങൾ പറഞ്ഞു. പെരിഫെറലായല്ല വളരെ ഡെപ്തിലേയ്ക്കുതന്നെ നമ്മൾ ഇറങ്ങിവരണം. നവകേരളത്തെ സൃഷ്ടിക്കുക എന്നതാണ് നമ്മുടെ മുദ്രാവാക്യമെങ്കിൽ, കേരളത്തിൽ പുതു തലമുറയെ സൃഷ്ടിക്കാനാണ് നമ്മുടെ ഉദ്ദേശ്യമെങ്കിൽ, ഭാവിയുടെ വിധാതാക്കളുടെ നന്മയെ ലക്ഷ്യമാക്കിയാണ് നമുക്ക് പോകാൻ താൽപര്യമെങ്കിൽ, ആ പുതിയ തലമുറയെ സംരക്ഷിക്കാൻ വലിയൊരു ദൗത്യം നമ്മൾ നിർവ്വഹിക്കേണ്ടതുണ്ട്. നമ്മുടെ മുമ്പിലൂടെയും പുറകിലൂടെയും നമ്മുടെ വീട്ടിലേയ്ക്കുവരെ ലഹരിയെത്തിയെന്നുള്ള കാര്യം ആ കുട്ടിയുടെ ഉമ്മ ഏറെ വേദനയോടുകൂടിയാണ് പറഞ്ഞത്. കരഞ്ഞ് കലങ്ങിയ കണ്ണുകളുമായാണ് ഞങ്ങൾ അവിടെനിന്നും മടങ്ങിയത്. ലഹരിയുടെ നീരാളിപ്പിടിത്തത്തിലാണ് നമ്മുടെ സംസ്ഥാനം. രാഷ്ട്രീയത്തിനപ്പുറം എല്ലാം മറന്ന് ഒറ്റക്കെട്ടായി

ചെറുത്തുതോൽപ്പിക്കേണ്ട ഗൗരവതരമായ സാഹചര്യമാണുള്ളത്. ലഹരിക്ക് അടിമപ്പെട്ട മകൻ തന്നെ ദ്രോഹിക്കുകയാണെന്നും മകന്റെ ചവിട്ട് നാഭിക്കേറ്റതിനാൽ പിടഞ്ഞ് നിലവിളിച്ചുകൊണ്ട് അടുത്ത വീട്ടിലേയ്ക്ക് ഓടിയെന്നുമാണ് കഴിഞ്ഞ ദിവസം ഞാൻ കോഴിക്കോട് യാത്ര ചെയ്യുന്ന നേരത്ത് നെല്ലിക്കോട്ടുള്ള ഒരു അമ്മ വിളിച്ചുപറഞ്ഞത്. കോഴിക്കോട് മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിലെ സി.ഐ.-യെ വിളിച്ച് ഈ മകനെ ആശുപത്രിയിലാക്കാൻ അവർ പറയുകയാണ്. അവന്റെ പെറ്റമ്മയാണ് ഇത് പറയുന്നത്. പത്ത് മാസം വയറ്റിൽ ചുമന്ന്, നൊന്ത് പ്രസവിച്ച്, വളർത്തി വലുതാക്കിയ മകന്റെ നാവിൻ തുമ്പിലേയ്ക്ക് ആദ്യത്തെ അമൃതകുംഭം വച്ച് നൽകാൻ നേതൃത്വം കൊടുത്ത പെറ്റമ്മയുടെ പൊക്കിൾക്കൊടി മാറാത്ത ഹൃദയ ബന്ധത്തിന്റെ ഏറ്റവും വലിയ ശേഷിപ്പ്, അവിടേയ്ക്ക് അടിക്കാനും തൊഴിക്കാനും നേതൃത്വം നൽകുകയാണ്. വളരെ ഗൗരവതരമായ വഴിയിലൂടെയാണ് പുതുതലമുറ കടന്നുപോകുന്നത്. അതുകൊണ്ട് ഈ സാഹചര്യം മാറേണ്ടതുണ്ട്. ഒരു കാര്യം കൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. ജോർജ്ജ് വർഗ്ഗീസ് ഇല്ലത്തുപറമ്പിൽ, അമൃമാന്തർ എന്ന വ്യക്തി ഒരു ഫേസ്ബുക്ക് പോസ്റ്റിട്ടു. ഞാൻ ബഹുമാനപ്പെട്ട മന്ത്രിക്ക് അതിന്റെ ലിങ്കും മറ്റും നേരിട്ട് നൽകാം. അദ്ദേഹം അയർലൻഡിൽ പോയി കുക്കറി കോഴ്സ് പഠിച്ച് നാട്ടിൽ കാറ്ററിംഗ് നടത്തിവരികയാണ്. ഏറ്റുമാന്തർ-നീണ്ടൂർ റോഡിൽ 3.5 കി.മീ. ദൂരത്തിൽ ഒരു ഷാപ്പ് റസ്റ്റോറന്റ്, മുക്കൻസ് മീൻചട്ടി എന്നീ രണ്ട് സ്ഥാപനങ്ങൾ അദ്ദേഹം നടത്തുന്നുണ്ട്. അവിടെ പതിനെട്ടോളം ജീവനക്കാരും നാല് ഇന്റർനാഷണൽ ഷെഫുകളുമുണ്ട്. അതിരമ്പുഴ കോട്ടമുറി കോളനിയിലെ കഞ്ചാവ് മാഫിയ കൂട്ടമായി ഹോട്ടലിലേയ്ക്കുവന്ന് മൊത്തം സാധനങ്ങൾ അടിച്ചുതകർക്കുകയും തെറിവിളിക്കുകയും ചെയ്യുന്നതുമൂലം അവിടെ കസ്റ്റമേഴ്സിന് വരാൻപോലും കഴിയാത്ത സാഹചര്യമുണ്ടെന്നും അതുകൊണ്ട് അദ്ദേഹം ഇന്ത്യൻ സിറ്റിസൺഷിപ്പ് ഒഴിവാക്കി അയർലൻഡിലേയ്ക്ക് പോകുകയാണെന്നും ഒരു കാര്യം ചെയ്യാൻ ഇവിടെ മടങ്ങിവരുമെന്നും അത് അദ്ദേഹത്തിന്റെ ഇന്ത്യൻ പാസ്പോർട്ടിന്റെ പകുതി ഭാഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വീടിനുമുമ്പിലും പകുതി ഭാഗം ബഹുമാനപ്പെട്ട പ്രധാനമന്ത്രിയുടെ വീടിനുമുമ്പിലും കൊണ്ടുപോയി കത്തിക്കാനാണെന്നുമാണ് അദ്ദേഹം പറയുന്നത്. തനിക്കുണ്ടായ നഷ്ടം മുഴുവൻ സഹിക്കാമെന്നും ഇനി രക്ഷയില്ലെന്നും ഒരു സംരംഭകനാണ് കേരളത്തിലെ കഞ്ചാവ് മാഫിയയുടെ പ്രവർത്തനത്തിന്റെ ഭാഗമായി പറയുന്നത്. കേരളം ഗുരുതരമായ ഒരു സാഹചര്യത്തിലൂടെയാണ് കടന്നുപോകുന്നത്. ഇതിനെ പ്രതിരോധിക്കാൻ കൂട്ടായ പ്രവർത്തനങ്ങളും അതിനനുസരിച്ചുള്ള നടപടികളുമുണ്ടാകണം. പെരിഫറലായ നടപടികൾക്കപ്പുറം ദൗത്യമായി ഒന്നിച്ചിറങ്ങി കേരളത്തെ ലഹരിയുടെ മാഫിയയിൽനിന്ന് വീണ്ടെടുക്കാനുള്ള വലിയ പരിശ്രമങ്ങൾക്ക് നേതൃത്വം നൽകാൻ കഴിയണം. അതോടൊപ്പം ഇവിടെ

അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിലൂടെ തൊഴിലാളികളുടെ തലയിലേയ്ക്ക് എല്ലാ ഭാരവും വച്ചുകെട്ടുന്നതായ നടപടിയിൽനിന്നും സർക്കാർ പിന്തിരിയണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ഡോ. കെ. ടി. ജലീൽ ചുമതലപ്പെടുത്തിയതുപ്രകാരം (ശ്രീ. ടി. ഐ. മധുസൂദനൻ): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ജീവിത പ്രാരാബ്ധങ്ങൾക്കിടയിൽ നാടിന്റെ പൊതുവായ കാര്യങ്ങളിലെല്ലാം ഏറ്റവും താൽപ്പര്യത്തോടുകൂടി ഇടപെടുവരുന്ന തൊഴിലാളി വിഭാഗമാണ് മോട്ടോർ രംഗത്തെ തൊഴിലാളികൾ. കേരളത്തിൽ ഇങ്ങനെയുള്ള 20 ലക്ഷത്തോളം തൊഴിലാളികളുണ്ടെന്നാണ് കണക്കാക്കുന്നത്. ഈ തൊഴിലാളികളുടെ പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിച്ചുകൊണ്ടാണ് നമ്മുടെ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ തെരഞ്ഞെടുപ്പിനുമുമ്പ് നമ്മുടെ മുഖ്യമന്ത്രി കേരളത്തിലെ എല്ലാ ജില്ലകളിലും പൊതുവായി ഭാവികേരളം എങ്ങനെ രൂപപെടുത്തണമെന്നതിൽ അഭിപ്രായം തേടുന്നതിനുവേണ്ടിയുള്ള കേരള പര്യടനം നടത്തുകയും സമൂഹത്തിന്റെ നാനാ തുറകളിൽപ്പെട്ടവരുമായി ആശയവിനിമയം നടത്തുകയും ചെയ്തിരുന്നു. ഇങ്ങനെ ഒരു ബിൽ നിയമസഭയിൽ വരുന്നതിന്റെ പശ്ചാത്തലത്തിൽ, ചില തൊഴിലാളി സുഹൃത്തുക്കൾ ഞങ്ങളെ കണ്ടപ്പോൾ അന്ന് മുഖ്യമന്ത്രിയെ കാണാൻ കഴിഞ്ഞ സാഹചര്യവും അന്നുണ്ടായിട്ടുള്ള അനുഭവങ്ങളും പറഞ്ഞു. ഈ ഒരു നിയമനിർമ്മാണത്തിലേയ്ക്കെത്തുമ്പോൾ അവരിലുണ്ടാകുന്ന പ്രതികരണം വളരെ പ്രധാനമാണെന്നാണ് ഞങ്ങൾ കരുതുന്നത്. അന്ന് മുഖ്യമന്ത്രി ഓട്ടോറിക്ഷാ/മോട്ടോർ രംഗത്തെ തൊഴിലാളികളുമായി ആശയ വിനിമയം നടത്തിയപ്പോൾ മുഖ്യമന്ത്രിയോട് അവർ ആവശ്യപ്പെട്ടത് ഓട്ടോ/വർക്ക്ഷോപ്പ് തൊഴിലാളികളുടെ ക്ഷേമനിധികൾ മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ ലയിപ്പിച്ചുകൊണ്ട് കൂടുതൽ വിപുലമായ കാര്യങ്ങൾ തൊഴിലാളികൾക്ക് ലഭ്യമാക്കാൻ കഴിയുന്ന രീതിയിലുള്ള സംവിധാനത്തിലേയ്ക്ക് കേരളം പോകണമെന്നാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് പരിഗണിക്കാമെന്നാണ് അന്ന് പറഞ്ഞത്. സ്വാഭാവികമായും നമ്മുടെ ഭരണ - രാഷ്ട്രീയ നേതൃത്വങ്ങൾ പല രീതിയിലുള്ള വാഗ്ദാനങ്ങളും തെരഞ്ഞെടുപ്പ് ഘട്ടത്തിൽ ജനങ്ങളുടെ മുന്നിൽവയ്ക്കാറുണ്ട്. എന്നാൽ നമ്മുടെ മുഖ്യമന്ത്രി പരിഗണിക്കാമെന്ന് പറഞ്ഞത്

വെറും വാക്കല്ലെന്ന് അടിവരയിട്ട് ബോധ്യപ്പെടുത്തുന്ന നിയമ നിർമ്മാണത്തിലേയ്ക്കാണ് സഭ കടന്നുപോകുന്നത്. ഈ നാടിന്റെ ഹൃദയമിടിപ്പായി നിൽക്കുന്ന 20 ലക്ഷത്തോളം വരുന്ന ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും ഏറ്റവും പ്രീയപ്പെട്ടവരായിട്ടുള്ള തൊഴിലാളികളുടെ, തൊഴിലുടമകളായ സാധാരണക്കാരുടെ ജീവിത പ്രശ്നങ്ങളിൽ ഒരു സർക്കാരിന്/ക്ഷേമനിധിക്ക് ചെയ്യാൻ പറ്റുന്ന കാര്യങ്ങൾ അതിന്റെ പരമാവധി ചെയ്തുകൊടുക്കുന്നതിനുവേണ്ടിയിട്ടുള്ള തലത്തിലേയ്ക്ക് ഇന്ന് ഈ ഭേദഗതി നമ്മുടെ മുന്നിലേയ്ക്ക് വരുമ്പോൾ അത്തരമൊരു വഴിയാണ് തുറന്നുവയ്ക്കുന്നതെന്ന് നമുക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കേണ്ടതുണ്ട്. തെരഞ്ഞെടുപ്പ് ഘട്ടത്തിൽ യു.ഡി.എഫ്. വാഗ്ദാനങ്ങൾ പലതും മുന്നോട്ടുവയ്ക്കാറുണ്ടെന്ന് നമുക്കറിയാം. പക്ഷെ അത് നടപ്പിലാക്കാറില്ലെന്നുള്ളതാണ് നമ്മുടെ അനുഭവം. ബി.ജെ.പി.ക്കാർ തെരഞ്ഞെടുപ്പ് കമ്മീഷൻ മുഖേന ഇന്ത്യയുടെ രാഷ്ട്രീയ പാർട്ടികളുടെ മുന്നിൽ വച്ചിട്ടുള്ളൊരു കാര്യം, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒരു വാഗ്ദാനവും ജനങ്ങൾക്ക് നൽകാൻ പാടില്ലെന്നാണ്. ഇവിടെ കേരളത്തിലെ ഗവൺമെന്റ് ജനങ്ങൾക്ക് വാക്കുകൊടുക്കുന്നു, അത് കൃത്യമായി നടപ്പാക്കി ജനങ്ങളുടെ താൽപ്പര്യങ്ങൾ സഫലീകരിച്ച് മുന്നോട്ടുപോകുന്ന അഭിമാനകരമായിട്ടുള്ള അന്തരീക്ഷമുണ്ടെന്നുള്ളത് നാം തിരിച്ചറിയുകയാണ്. നിലവിലുള്ള ക്ഷേമനിധിയുടെ പ്രയോഗം സംബന്ധിച്ച് ചില കാര്യങ്ങൾ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. നേരത്തെ ക്ഷേമനിധിയുടെ ഉള്ളടക്കമായി 10 ആനുകൂല്യങ്ങൾ തൊഴിലാളികൾക്ക് നൽകുന്നതിനുവേണ്ടിയിട്ടുള്ള കാര്യങ്ങളാണുണ്ടായിരുന്നത്. ഇപ്പോൾ 13 ഇനങ്ങളിൽ തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്. സമീപകാലത്ത് നേരത്തെയുണ്ടായിരുന്നതിൽ ഉപരിയായിട്ടുള്ള തുക തൊഴിലാളികൾക്ക് ലഭ്യമാകുന്ന രീതിയിൽ ഈ ആനുകൂല്യങ്ങളുടെ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടെന്നുള്ളതും നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്ന കാര്യമാണ്. ഗവൺമെന്റ് തൊഴിലാളികൾക്ക് പെൻഷൻ, അവശതാ പെൻഷൻ, മരണാനന്തര ധനസഹായം, അപകട മരണാനന്തര ധനസഹായം, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, പ്രസവ ധനസഹായം, സ്കോളർഷിപ്പ്, ശവസംസ്കാര ചടങ്ങിനുള്ള ധനസഹായം, കുടുംബ പെൻഷൻ എന്നിവയ്ക്കെല്ലാമായി 48 കോടിയിലധികം രൂപ ക്ഷേമനിധിയിലൂടെ വിതരണം ചെയ്തുകഴിഞ്ഞിട്ടുണ്ട്. ഓട്ടോറിക്ഷ തൊഴിലാളികളും മറ്റ് മേഖലയിലെ വർക്ക്ഷോപ്പ് തൊഴിലാളികളുൾപ്പെടെയുള്ള തൊഴിലാളികൾ ഇതിന്റെ പരിധിയിലേയ്ക്ക് വരുമ്പോൾ ഏറ്റവും കൂടുതൽ തൊഴിലാളി അംഗത്വമുള്ള ക്ഷേമനിധികളിലൊന്നായി മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് മാറുമെന്നുള്ളത് നമുക്ക്

മനസ്സിലാക്കാൻ കഴിയുന്നൊരു കാര്യമാണ്. സ്വാഭാവികമായും അതിവിപുലമായ ഒരു തൊഴിലാളി വിഭാഗത്തിന് ഏറ്റവും ആശ്വാസകരമായ കാര്യങ്ങൾ ചെയ്യുന്നതിന് ഈ ക്ഷേമനിധി ഭേദഗതി വഴി സാധിക്കുമെന്നുള്ളതാണ് കാണാനാകുന്നത്. ഈ ബില്ലിനെയും അതിന്റെ പൊതുവായ കാര്യങ്ങളെയും സംബന്ധിച്ച് പല തരത്തിലുള്ള നിർദ്ദേശങ്ങൾ തൊഴിലാളികൾ ഗവൺമെന്റിന്റെ മുന്നിൽ നേരത്തെ തന്നെ സമർപ്പിച്ചിട്ടുണ്ട്. അവർ പറയുന്ന കാര്യം, ഓട്ടോ തൊഴിലാളികൾ കൂടിവരുന്നതോടുകൂടി അംഗങ്ങളുടെ ബാഹുല്യമുണ്ടാകും. അവരുടെയെല്ലാം പ്രശ്നങ്ങൾ സമയബന്ധിതമായി കാണാൻ കഴിയത്തക്ക നിലയിൽ ഇതിന്റെ കേന്ദ്ര ഓഫീസിലും ജില്ലാ ക്ഷേമനിധി ഓഫീസുകളിലും ആവശ്യമായ ജീവനക്കാരെയും കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സംവിധാനങ്ങളും ഒരുക്കുന്നതിനുവേണ്ടി അടിയന്തര നടപടി സ്വീകരിക്കുന്നതിന് ക്ഷേമനിധി ബോർഡ് സന്നദ്ധമാകണമെന്ന ആവശ്യം ഇന്ന് തൊഴിലാളികൾ മുന്നോട്ടുവയ്ക്കുന്നുണ്ട്. അതോടൊപ്പം 60 വയസ് പൂർത്തിയായി ക്ഷേമനിധി ഓഫീസിൽ പെൻഷൻ അപേക്ഷ സമർപ്പിക്കുന്ന തീയതി മുതൽ പെൻഷൻ അനുവദിക്കുന്ന സ്ഥിതിയല്ല നിലനിൽക്കുന്നത്. കഴിഞ്ഞ ആറ് മാസക്കാലമായി ഈ നിലയ്ക്ക് പെൻഷൻ അനുവദിക്കുന്നില്ല. ജില്ലാ ഓഫീസർ അപേക്ഷയിൽ ഒപ്പിടുന്ന തീയതി മുതലാണ് പെൻഷൻ നൽകുന്നത്. തൊഴിലാളികളുടെ ന്യായമായ ആവശ്യം ബഹുമാനപ്പെട്ട മന്ത്രിയുടെ പരിഗണനയിലുണ്ടാകുമെന്നാണ് കരുതുന്നത്. അർഹതയുള്ളവരാണ് അപേക്ഷ നൽകുന്നത്. അപേക്ഷ നൽകുന്ന തീയതി മുതലുള്ള പെൻഷൻ അംഗീകരിച്ച് കൊടുക്കുന്നതിനുവേണ്ടിയിട്ടുള്ള നടപടികൾ സ്വീകരിക്കാൻ സംവിധാനമുണ്ടാകണമെന്നുള്ളത് സ്വാഭാവികമായും ഇവിടെ ഉയർന്നുവരുന്ന ഒരു ആവശ്യമാണ്. പുതിയ വാഹനം വാങ്ങുമ്പോൾ ഒട്ടോറിക്ഷാ രംഗത്ത് അഞ്ച് വർഷത്തെ ടാക്സും ലൈറ്റ് മോട്ടോർ രംഗത്ത് 15 വർഷത്തെ ടാക്സും ഒരുമിച്ചടയ്ക്കുന്നതുമൂലം തൊഴിലാളികൾക്ക് ഉടമ വിഹിതവും തൊഴിലാളി വിഹിതവും കൃത്യമായി അടയ്ക്കാൻ സാധിക്കാത്ത സ്ഥിതി നിലനിൽക്കുന്നു. അതുപോലെ ഇതിന്റെ സോഫ്റ്റ്വെയറിന്റെ തകരാറുമൂലം ഉടമവിഹിതം അടയ്ക്കുന്നതോടൊപ്പം തൊഴിലാളി വിഹിതം അടയ്ക്കാൻ സാധിക്കാത്ത നിലയും നിലനിൽക്കുന്നുണ്ടെന്നുള്ളത് ഗൗരവപൂർവ്വമായ പരിഗണനയ്ക്ക് വിഷയീഭവിക്കേണ്ട ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മഞ്ചേശ്വരം എം.എൽ.എ. സൂചിപ്പിച്ചതുപോലെ ക്ഷേമനിധി ബോർഡ് മുൻകയ്യെടുത്ത് കേരള സവാരി എന്ന പേരിൽ അതിവിപുലമായ കാഴ്ചപ്പാടോടുകൂടിയാണ് ഓൺലൈൻ ടാക്സി സംവിധാനം ഏർപ്പെടുത്തിയത്. തിരുവനന്തപുരം ജില്ലയിൽ കേരള സവാരി അതിന്റെ

കാര്യങ്ങൾ നിർവ്വഹിച്ചുവരുന്നുണ്ട്. എല്ലാ ജില്ലകളിലേയ്ക്കും ഇത് വ്യാപിപ്പിക്കുകയാണെങ്കിൽ ടാക്സികൾ അനധികൃതമായി ഓടുന്നതും അതുപോലെ സാധാരണ തൊഴിലാളികൾക്ക് കിട്ടേണ്ട ആനുകൂല്യങ്ങളും അവരുടെ തൊഴിൽ സാഹചര്യങ്ങൾ നഷ്ടപ്പെട്ടുപോകാത്തൊരു അന്തരീക്ഷവും ഒരുക്കാൻ കഴിയും. അതുകൊണ്ട് കേരള സവാരി കേരളത്തിലെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിയുണ്ടാകണമെന്നുള്ളത് ന്യായമായും ഈ ക്ഷേമനിധി ബില്ലിന്റെ ഭേദഗതി വരുമ്പോൾ പരിഗണിക്കേണ്ട വിഷയമാണ്. 15 വർഷം കഴിഞ്ഞ വാഹനങ്ങൾ പൊളിക്കണമെന്ന കേന്ദ്ര ഗവൺമെന്റ് തീരുമാനം ഇവിടെ നേരത്തെ സൂചിപ്പിച്ചു. ഇവിടത്തെ പാരിസ്ഥിതികമായ പ്രശ്നങ്ങളും മറ്റും വച്ചുകൊണ്ട് അത് അങ്ങനെയാണ് ചെയ്യേണ്ടതെന്ന അഭിപ്രായം ഈ ബില്ലിന്റെ ചർച്ചയിൽ ചില അംഗങ്ങൾ ഉന്നയിക്കുന്നത് നമ്മൾ കേട്ടതാണ്. ഇന്ത്യയിലെ മറ്റുചില സംസ്ഥാനങ്ങളിൽ ഇതിൽ ചില ഭേദഗതികൾ കൊണ്ടുവന്നിട്ടുണ്ടെന്നാണ് മനസ്സിലാകുന്നത്. ഇവിടെ ഞങ്ങൾക്ക് വയ്ക്കാനുള്ള നിർദ്ദേശം, 15 വർഷമെന്നുള്ളത് വാഹനങ്ങളുടെ സ്ഥിതി നോക്കി 20 വർഷത്തേയ്ക്ക് മാറ്റി നൽകാൻ കഴിയുമോയെന്നുള്ളത് ന്യായമായും പരിഗണിക്കേണ്ടൊരു വിഷയമായി തോന്നുകയാണ്. അതോടൊപ്പം ക്ഷേമനിധിയിൽ അംഗമാകുമ്പോഴുള്ള ഓട്ടോറിക്ഷയുടെ കാലപ്പഴക്കം ഒഴിവാക്കി, പുതിയ ഓട്ടോറിക്ഷയിന്മേൽ ക്ഷേമനിധി അടച്ചുവരുന്നൊരാൾക്ക് അവർക്ക് കിട്ടുന്ന ആനുകൂല്യങ്ങൾ, അത് അപേക്ഷിക്കുമ്പോൾ പലപ്പോഴുമുണ്ടാകുന്ന സാങ്കേതിക പ്രശ്നം, പണ്ട് എപ്പോഴോ വിറ്റുപോയ വാഹനങ്ങളുടെ റിക്കാർഡുകൾ ആവശ്യപ്പെട്ടുകൊണ്ട് ആനുകൂല്യങ്ങൾക്ക് തടസ്സമാകുന്ന രീതിയിലുള്ള ചില ഇടപെടലുകളുണ്ടാകുന്നുവെന്നുള്ളത് ഇന്ന് ഉയർന്നുവന്നിട്ടുള്ളൊരു പ്രശ്നമാണ്. അത്തരം കാര്യങ്ങൾക്ക് ഇന്ന് ആധുനികവൽക്കരിക്കപ്പെട്ട ഓഫീസ് സംവിധാനമുള്ളതിനാൽ കമ്പ്യൂട്ടർ വഴികളിലൂടെ കാര്യങ്ങൾ നമുക്ക് കൃത്യമായി പരിഹരിച്ചുപോകാൻ കഴിയും. വർഷങ്ങൾക്ക് മുമ്പ് വിറ്റുപോയ വാഹനങ്ങളുടെ രേഖകൾ കൂടി സമർപ്പിക്കണമെന്ന് പറയുന്നത് ഒഴിവാക്കി കുറേക്കൂടി ചിട്ടയായി അക്കാര്യങ്ങൾ നിർവ്വഹിച്ചു പോകുന്നതിനുവേണ്ടിയിട്ടുള്ള സമീപനം സ്വീകരിക്കണമെന്നുള്ളത് തൊഴിലാളികളുടെ ന്യായമായ ആവശ്യമാണ്. ഓട്ടോറിക്ഷാ തൊഴിലാളികളുടെ ക്ഷേമനിധി പദ്ധതി 1991-ലാണ് നിലവിൽ വന്നത്. ടി പദ്ധതിയിൽ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് അംഗത്വമുണ്ട്. ഏതാണ്ട് 7.5 ലക്ഷത്തോളം ഓട്ടോറിക്ഷകൾ കേരളത്തിലുണ്ടെന്നാണ് കണക്ക്. അതിൽ പണിയെടുക്കുന്ന ഓട്ടോറിക്ഷാ തൊഴിലാളികൾ ഈ പുതിയ ക്ഷേമനിധിയിലേയ്ക്ക് വരുമ്പോൾ അവരുടെ

പെൻഷൻ കണക്കാക്കുന്നതിൽ പഴയ ക്ഷേമനിധി അംഗത്വത്തിന്റെ കാലപരിധികൂടി പരിഗണിക്കണം. ക്ഷേമനിധിയിലെ കടിശ്ശിക സംബന്ധിച്ച് തൊഴിലാളികൾക്ക് അനുകൂലമായ നിലപാടുണ്ടായിട്ടുണ്ട്, നിശ്ചിത പലിശയടച്ച് അത് റെഗുലറൈസ് ചെയ്യാനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്. ഏത് അവസരത്തിലും കടിശ്ശിക അടയ്ക്കാൻ തൊഴിലാളികൾക്ക് അനുമതി കൊടുക്കുന്ന രീതിയിൽ ഭേദഗതിയോടുകൂടി കാര്യങ്ങൾ മുന്നോട്ടുകൊണ്ടുപോകുകയാണെങ്കിൽ തൊഴിലാളികൾക്ക് കുറച്ചുകൂടി ഗുണകരമാകും. 2016-ലെ ഉത്തരവുപ്രകാരം 8 വർഷം സർവ്വീസ് കണക്കാക്കി പെൻഷൻ കൊടുക്കുന്ന നിലപാടാണ് സ്വീകരിച്ചുവരുന്നത്. ഏഴരവർഷം വരെയാണ് ഇപ്പോൾ കണക്കാക്കുന്നത്. തൊഴിലാളികൾക്ക് ഗുണപരമായ, മാതൃകാപരമായ തീരുമാനമാണത്. മുൻകാല പ്രാബല്യത്തോടുകൂടി ഇത് നടപ്പിലാക്കാൻ സാധിച്ചാൽ മുമ്പ് ടാക്സിയോ ഓട്ടോറിക്ഷയോ ഓടിച്ചിരുന്ന പ്രായം ചെന്നവരും ഇന്ന് തൊഴിലെടുക്കാൻ കഴിയാത്തവരുമായ പരിമിതമായ തൊഴിലാളികൾക്ക് കൂടി ആനുകൂല്യങ്ങൾ ലഭ്യമാകുന്ന സ്ഥിതിയിലേയ്ക്ക് കാര്യങ്ങൾ വന്നുചേരും. അതുപോലെ ക്ഷേമനിധി വഴി മികച്ച രീതിയിലുള്ള ചികിത്സാ ആനുകൂല്യങ്ങളാണ് തൊഴിലാളികൾക്ക് ലഭിക്കുന്നത്. എന്നാൽ ഇതിൽ ഉൾപ്പെട്ടിട്ടുള്ള ആശുപത്രികളുടെ ജില്ലതിരിച്ചുള്ള കണക്ക് വളരെ പരിമിതമാണ്. കണ്ണൂർ ജില്ലയിൽ 20-ഉം കാസർഗോഡ് ജില്ലയിൽ 19 ആശുപത്രികളുമാണ് ചികിത്സാ ആനുകൂല്യം ലഭിക്കുന്നവയുടെ പട്ടികയിൽ ഉൾപ്പെട്ടിരിക്കുന്നത്. പുതിയ ആശുപത്രികളെ ഉൾപ്പെടുത്തി അത് കുറച്ചുകൂടി വിപുലീകരിച്ചാൽ തൊഴിലാളികൾക്ക് കൂടുതൽ ഗുണപരമായി കാര്യങ്ങൾ ഉപയോഗപ്പെടുത്താൻ സാധിക്കും. കേരളത്തിന്റെ അതിർത്തി പ്രദേശങ്ങളായ കണ്ണൂർ, കാസർഗോഡ് ജില്ലകളിലുള്ളവർ ഗുരുതരമായ രോഗങ്ങളുടെ ചികിത്സയ്ക്ക് മംഗലാപുരത്തെ പ്രധാന ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. ഇത്തരം ആശുപത്രികളെയും പാലക്കാട് ജില്ലാതിർത്തിയിലുള്ള കോയമ്പത്തൂർ മേഖലയിലെ ആശുപത്രികളെയും കൂടി പ്രസ്തുത പട്ടികയിൽ ഉൾപ്പെടുത്തണമെന്നുള്ള കാര്യം സജീവമായ പരിഗണനയിലുണ്ടാകണമെന്ന നിർദ്ദേശം പൊതുവായി ഉന്നയിക്കുകയാണ്.

കേരള സർക്കാർ തൊഴിലാളികളോടൊപ്പം നിൽക്കുന്നൊരു സർക്കാരാണെന്ന് അസന്ദിഗ്ധമായി പ്രഖ്യാപിക്കുന്നുവെന്നതാണ് ക്ഷേമനിധി സംബന്ധിച്ച ബിൽ അവതരിപ്പിക്കുമ്പോൾ നമുക്ക് അഭിമാനത്തോടുകൂടി പറയാൻ സാധിക്കുന്നത്. 1917-ലെ നിയമത്തെ സംബന്ധിച്ചും 2017-ലെ ചില ഭേദഗതികളെക്കുറിച്ചും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ

സ്വീകരിക്കുന്ന തൊഴിലാളി വിരുദ്ധ നിലപാടുകളുണ്ട്. ഏറ്റവും അവസാനം കേന്ദ്രസർക്കാർ എല്ലാ തൊഴിൽ നിയമങ്ങളും തൊഴിലാളികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങളും അരച്ചുകലക്കി നാല് ലേബർ കോഡുകളാക്കി. കൂലി അടിമത്തത്തിന്റെ മാർഗ്ഗരേഖയായി ലേബർ കോഡുകൾ മാറുന്ന രീതിയിലേയ്ക്ക് കാര്യങ്ങൾ എത്തിയിട്ടുണ്ട്. തൊഴിലാളികളുടെ മുഴുവൻ അവകാശങ്ങളും നിഷേധിക്കുന്ന രീതിയിൽ കേന്ദ്ര സർക്കാർ മുന്നോട്ടുപോകുമ്പോൾ, കൃത്യമായി അത് ചോദ്യം ചെയ്യുന്നതിന് സഹായകരമാകുന്ന നിലയിൽ ബി.ജെ.പി.-യുടെ തൊഴിലാളി വിഭാഗം ഒഴികെ ബാക്കി എല്ലാ തൊഴിലാളി വിഭാഗങ്ങളും ഒറ്റക്കെട്ടായി മുന്നോട്ട് വരുമ്പോൾ, അത്തരമൊരു വലിയ പോരാട്ടത്തിന് ഊർജ്ജവും ഉത്തേജനവും നൽകുന്ന തരത്തിലുള്ള നിലപാട് കേരള ഗവൺമെന്റ് പ്രായോഗികമായി സ്വീകരിക്കുന്നുവെന്നതാണ് തൊഴിലാളി ക്ഷേമത്തിൽ അധിഷ്ഠിതമായ ബില്ലുകളിൽനിന്നും നമുക്ക് വ്യക്തമാകുന്നത്. ഇന്നത്തെ സാഹചര്യത്തിൽ പ്രസ്തുത നിയമങ്ങൾ/ബില്ലുകൾ തൊഴിലാളികൾക്ക് ഏറ്റവും ഗുണകരമാകും വിധം അവരുടെ താല്പര്യം സംരക്ഷിക്കുന്ന ഒരു സർക്കാരിന്റെ മുഖമുദ്രയായി മാറുന്നു. അതുകൊണ്ടുതന്നെ ഈ ബില്ലിലെ ഭേദഗതികളെ സർവ്വാത്മനാ അംഗീകരിക്കേണ്ടതാണ്. സഭയാകെ ഈ ബില്ലിനെ സ്വീകരിച്ചുകൊണ്ട് അംഗീകരിക്കുമെന്ന് തന്നെയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്നത്.

ശ്രീ. എ. പി. അനിൽ കുമാർ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി ബില്ലുമായി ബന്ധപ്പെട്ട് എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട പയ്യന്നൂർ അംഗം ഒരുപാട് നല്ല നിർദ്ദേശങ്ങൾ സൂചിപ്പിക്കുകയുണ്ടായി. തൊഴിലാളികളുടെ ക്ഷേമം മുൻനിർത്തി അതെല്ലാം സർക്കാർ അനുഭാവപൂർവ്വം പരിഗണിച്ചാൽ അത് വളരെ ഗുണകരമായ ഒന്നായിത്തീരും. ഇവിടെ സൂചിപ്പിച്ചതുപോലെ നിലവിലുള്ള ക്ഷേമനിധി ബോർഡുകൾ ലയിപ്പിച്ച് ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവരുന്നതുവഴി അതിന്റേതായ നേട്ടങ്ങളുണ്ടാകും. ക്ഷേമനിധി ബോർഡുകളുടെ എണ്ണത്തേക്കാളും അതിന്റെ പ്രവർത്തന മികവാണ് അംഗങ്ങളെ സംബന്ധിച്ച് ആശ്വാസകരമായ കാര്യം. ഇവിടെ പ്രധാനമായും തൊഴിലാളികളുടെ കാര്യമാണ് പറയുന്നത്. പക്ഷെ തൊഴിലാളികൾ നിലനിൽക്കണമെങ്കിൽ വ്യവസായം നിലനിൽക്കണം. യഥാർത്ഥത്തിൽ ഇന്ന് ഏറ്റവും വലിയ പ്രതിസന്ധി നേരിടുന്ന

വ്യവസായങ്ങളിലൊന്നാണ് മോട്ടോർ വാഹന വ്യവസായം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഒരു കാലഘട്ടത്തിൽ ബസ് മേഖല ഏറ്റവും സജീവമായിരുന്നു. അന്ന് മലബാറിലും കോഴിക്കോടും മലപ്പുറത്തുമൊക്കെയുള്ള സ്വകാര്യ ബസ് ഉടമകൾക്ക് പത്തും പതിനഞ്ചും ബസ്സുകളുണ്ടായിരുന്നു. ഏത് മേഖലയിലും ഏത് സമയത്തും വാഹനങ്ങൾ ലഭ്യമാകുന്ന സാഹചര്യമായിരുന്നു. അതുകൊണ്ടുതന്നെ യാത്രക്കാരെ സംബന്ധിച്ച് വാഹനങ്ങൾക്ക് ബുദ്ധിമുട്ട് അനുഭവപ്പെടാത്ത സന്ദർഭമായിരുന്നു. എന്നാൽ ഇന്ന് അത്തരത്തിലുള്ള വാഹന ഉടമകളുടെ എണ്ണം കുറഞ്ഞുവരികയാണ്. പതിനഞ്ച് ബസ്സുകൾ ഉണ്ടായിരുന്ന സ്ഥാനത്ത് പത്തും അഞ്ചുമായി കുറഞ്ഞ് ഇപ്പോൾ ഒന്നും രണ്ടും ബസ്സുകളുമായി മുന്നോട്ടുപോകുന്നവരുണ്ട്. ഈ ബസ് വ്യവസായ രംഗത്ത് നിലനിൽക്കാൻ പ്രയാസമായതുകൊണ്ട് ഈ രംഗത്തുനിന്നും പൂർണ്ണമായും പിൻവാങ്ങിയവരുണ്ട്. ഇന്ന് ബസ് വ്യവസായം ഏറ്റവും വലിയ പ്രതിസന്ധി നേരിടുകയാണ്. ഒരു വ്യവസായം പ്രതിസന്ധി നേരിടുമ്പോൾ അത് ആ വ്യവസായത്തെയും അതിന്റെ ഉടമസ്ഥരെയും മാത്രമല്ല അതിലെ തൊഴിലാളികളെയും പ്രയാസകരമാക്കുന്ന സാഹചര്യമാണുണ്ടാകുന്നത്. ഇത് തൊഴിലാളികളുടെ ക്ഷേമനിധിയാണല്ലോ? വ്യവസായം തകർന്നാൽ തൊഴിലാളികൾ അനുഭവിക്കേണ്ടിവരുന്ന പ്രയാസങ്ങൾ മുൻകൂട്ടിക്കണ്ട് ഈ വ്യവസായം നിലനിർത്താൻ സർക്കാരിന് എന്തൊക്കെ ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ബസ് മേഖലയിലുള്ളവർ അല്ലെങ്കിൽ ഓട്ടോറിക്ഷ ഓടിക്കുന്നവർ, ഓട്ടോറിക്ഷ സ്വന്തമായി ഓടിക്കുന്നവരാണ് അധികവും. ചിലർ മാത്രമാണ് സ്വന്തമായി ഓടിക്കാതെ ഡ്രൈവർമാരെ വയ്ക്കുന്നത്. അതുപോലെ തന്നെയാണ് ടാക്സിയുടെ വിഷയവും. ഓൺലൈൻ ടാക്സിയുടെ കാര്യങ്ങളെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. തിരുവനന്തപുരം, എറണാകുളം പോലെയുള്ള പട്ടണങ്ങളിൽ ടാക്സിക്ക് കൂടുതൽ സൗകര്യങ്ങൾ വന്നുകാണും. എന്നാൽ മുൻകാലങ്ങളിൽനിന്ന് വ്യത്യസ്തമായി ഇന്ന് ഉൾപ്രദേശങ്ങളിലെ ടാക്സി സ്റ്റാൻഡുകളിൽ രാവിലെ മുതൽ വൈകുന്നേരം വരെ ഒരു ഓട്ടം പോലും ലഭ്യമാകാത്ത എത്രയോ ടാക്സികൾ നമുക്ക് കാണാൻ കഴിയും. വൈകുന്നേരം വരെ ഓട്ടോറിക്ഷ ഓടിച്ചാൽ 700-800 രൂപയാണ് ലഭിക്കുന്നത്. അതായത് മോട്ടോർ വ്യവസായ മേഖല ഇന്ന് ഏറ്റവും വലിയ പ്രതിസന്ധി അനുഭവിച്ചുകൊണ്ടിരിക്കുകയാണെന്നാണ് ഞാൻ സൂചിപ്പിച്ചത്. അതുകൊണ്ടുതന്നെ ആ മേഖലയിലുണ്ടാകുന്ന തിരിച്ചടി ഏറ്റവും കൂടുതൽ ബാധിക്കുന്നത് തൊഴിലാളികളെയാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇന്ന് ചർച്ച ചെയ്യുന്നത് തൊഴിലാളി ക്ഷേമനിധി ബോർഡിനെക്കുറിച്ചാണെങ്കിലും ആ

ചർച്ചയോടൊപ്പം ഈ മേഖല ഏറ്റവും സജീവമായെങ്കിൽ മാത്രമേ തൊഴിലാളികൾക്ക് ആവശ്യമായ തൊഴിലും ജീവിതം മുന്നോട്ടുകൊണ്ടുപോകാനുള്ള സാഹചര്യവും ലഭിക്കുകയുള്ളൂ എന്ന കാര്യം ഓർക്കേണ്ടതുണ്ട്. അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്, കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് തുടങ്ങി നിരവധി ക്ഷേമനിധി ബോർഡുകളുണ്ട്. യഥാർത്ഥത്തിൽ പല ക്ഷേമനിധി ബോർഡുകളിലും മാസങ്ങളായി പെൻഷൻപോലും കൊടുക്കാൻ കഴിയാതെ കടിശ്ശികയായി നിൽക്കുന്ന സാഹചര്യമുണ്ടെന്നാണ് ക്ഷേമനിധിയുമായി ബന്ധപ്പെട്ട് അന്വേഷിച്ചപ്പോൾ എനിക്ക് അറിയാൻ സാധിച്ചത്. എന്നാൽ ഇന്ന് ചർച്ച ചെയ്യുന്ന മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അത്തരത്തിലുള്ള സാഹചര്യമില്ല. ഈ ബോർഡിന് ഏതാണ്ട് 3,000 കോടി രൂപയുടെ ആസ്തിയുണ്ടെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. സ്വാഭാവികമായും മറ്റ് ക്ഷേമനിധി ബോർഡുകളിൽനിന്നും വ്യത്യസ്തമായി ഈ ക്ഷേമനിധി ബോർഡിന് സ്വന്തമായി ആസ്തിയും തൊഴിലാളികളെ സഹായിക്കാനുള്ള സാഹചര്യവുമുണ്ട്. ഇരുപതുലക്ഷത്തോളം തൊഴിലാളികളുണ്ടെന്ന് എനിക്ക് മുമ്പ് സംസാരിച്ച അംഗം പറഞ്ഞത് നൂറ് ശതമാനവും ശരിയാണ്. അതിൽ എത്ര പേരാണ് ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്തിട്ടുള്ളത്? പത്ത് ലക്ഷത്തോളം ആളുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് ഔദ്യോഗിക കണക്കുകൾ പറയുന്നത്. അതിൽ കോവിഡ് കാലത്ത് ഗവൺമെന്റ് നൽകിയ ചെറിയ സാമ്പത്തിക സഹായം വാങ്ങിയ ആളുകളുടെ എണ്ണം രണ്ടരലക്ഷം മാത്രമാണെന്നാണ് കണക്ക്. പത്ത് ലക്ഷംപേർ രജിസ്റ്റർ ചെയ്തിട്ടുള്ളതിൽ രണ്ടരലക്ഷം ആളുകൾ മാത്രമാണ് ഏറ്റവും പ്രധാനപ്പെട്ട ഒരു സഹായം വാങ്ങിയിട്ടുള്ളതെന്ന് പറയുമ്പോൾ, ഏഴര ലക്ഷം ആളുകൾ ഒന്നുകിൽ രജിസ്റ്റർ ചെയ്ത് പാതിവഴിയിൽ അവരുടെ അംശദായം അടയ്ക്കാതെ പിരിഞ്ഞുപോകുകയോ ചിലർ മരണപ്പെടുകയോ ചെയ്ത സാഹചര്യമുണ്ടായിട്ടുണ്ടാകാം. വലിയ രീതിയിൽ തൊഴിലാളികളുടെ സാന്നിദ്ധ്യമുണ്ടാകേണ്ട ഈ ക്ഷേമനിധി ബോർഡിൽ ഇന്ന് കണക്കുകളിൽ മാത്രമേ അതുള്ളൂ. യഥാർത്ഥ കണക്ക് ഏതാണ്ട് രണ്ടര ലക്ഷത്തോളമായിരിക്കും. അതുകൊണ്ട് പരമാവധി തൊഴിലാളികളെ ക്ഷേമനിധി ബോർഡിൽ അംഗങ്ങളാക്കാനുള്ള ശ്രമം തൊഴിലാളി സംഘടനകളുൾപ്പെടെ നടത്തണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റ് പല ക്ഷേമനിധി ബോർഡുകളും ഇന്ന് തകർച്ച നേരിടുന്നതിനുള്ള കാരണമായി എനിക്ക് തോന്നുന്നത്, ഞാൻ ആരെയും കുറ്റപ്പെടുത്താൻ പറയുന്നതല്ല. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര കർഷകത്തൊഴിലാളികളുണ്ടെന്ന് പരിശോധിച്ചാൽ അതിലുള്ളതിൽ 50 ശതമാനം പോലും യഥാർത്ഥ കർഷകത്തൊഴിലാളികളല്ലെന്ന്

മനസ്സിലാകും. പക്ഷേ നമ്മൾ അത് പറയുന്നില്ല. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ രജിസ്റ്റർ ചെയ്ത ആളുകളുടെ കണക്കെടുത്ത് നോക്കുകയാണെങ്കിൽ, മറ്റെവിടെനിന്നും ഒരു തൊഴിലാളിപോലും ഇവിടെ വരേണ്ട ആവശ്യമില്ല. എല്ലാ മേഖലയിലും തൊഴിലുള്ളതിനേക്കാൾ കൂടുതൽ തൊഴിലാളികളുണ്ട്. എന്നിട്ടും തൊഴിൽ ചെയ്യാൻ ഇതര സംസ്ഥാന തൊഴിലാളികളെയാണ് നമ്മൾ ആശ്രയിക്കുന്നത്. അതുകൊണ്ട് രജിസ്റ്റർ ചെയ്യുന്ന ആളുകൾ യഥാർത്ഥ കർഷകത്തൊഴിലാളികളാണോയെന്ന് അന്വേഷിക്കേണ്ട സ്ഥിതി വരും. മാത്രമല്ല, യഥാർത്ഥ കർഷകത്തൊഴിലാളികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ ലഭിക്കാൻ പലപ്പോഴും കാലതാമസമുണ്ടാകുന്ന സാഹചര്യവുമുണ്ടാകുന്നു.

അസംഘടിത മേഖലയിലെ തൊഴിലാളികളിൽ പലരും ഉൾപ്പെടുന്നുണ്ട്. അവിടെയും തൊഴിൽ ചെയ്യുന്നവരുടെ എണ്ണം പരിമിതമാണെങ്കിലും രജിസ്റ്റർ ചെയ്ത ആളുകളുടെ എണ്ണം വളരെ കൂടുതലാണ്. അതുകൊണ്ടുതന്നെ യഥാർത്ഥ തൊഴിലാളിക്ക് ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ട്. ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തവർക്കൊക്കെ പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുകയാണെങ്കിൽ അത് എല്ലാവർക്കും കൊടുക്കണം. എല്ലാവർക്കും ലഭ്യമാകുമ്പോൾ യഥാർത്ഥ തൊഴിലാളിക്ക് അത് ലഭ്യമാകാത്ത സാഹചര്യമുണ്ടാകും. ഇവിടെ പോസിറ്റീവായി കണ്ട കാര്യം, യഥാർത്ഥ തൊഴിലാളികൾപോലും രജിസ്റ്റർ ചെയ്യുന്നില്ല എന്നുള്ളതാണ് മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് നോക്കിയാൽ കാണാൻ കഴിയുന്നത്. നമുക്ക് ആവശ്യത്തിന് ആസ്തിയുണ്ട്. അതിനനുസരിച്ചുള്ള സഹായം ഈ തൊഴിലാളികൾക്ക് നൽകാൻ ശ്രമിക്കണം. അത്തരമൊരു ശ്രമം തൊഴിലാളികളുടെ കാര്യത്തിലില്ല. തൊഴിലാളികൾക്ക് സഹായങ്ങൾ കൊടുക്കുന്ന വിവിധ സെക്ടറുകളുടെ എണ്ണം കൂടുന്നുണ്ടെങ്കിലും നാമമാത്രമായ തുകയാണ് നമ്മൾ കൊടുത്തുകൊണ്ടിരുന്നത്. ബസ് തൊഴിലാളികളുമായി ബന്ധപ്പെട്ട് ഇന്ന് രജിസ്റ്റർ ചെയ്യുന്നവരുടെ എണ്ണം കുറയാനുള്ള പ്രധാന കാരണം ഒരു ബസ് എടുത്തുകഴിഞ്ഞാൽ ആ ബസ്സിലെ തൊഴിലാളികളെ രജിസ്റ്റർ ചെയ്യേണ്ടത് ബസ് ഓണേഴ്സാണ്. എത്ര ബസ് ഓണേഴ്സാണ് രജിസ്റ്റർ ചെയ്യുന്നത്; അഥവാ ചെയ്യുകയാണെങ്കിൽ അവരുടെ ഏറ്റവും വേണ്ടപ്പെട്ട ആളുകളെയാണ് രജിസ്റ്റർ ചെയ്യുന്നത്. കാരണം, തൊഴിലാളികളെ രജിസ്റ്റർ ചെയ്താൽ ഭാവിയിൽ അവരുടെ എല്ലാ കാര്യങ്ങളുടെയും ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടി വരുമെന്നുവെന്ന വലിയ ബാധ്യത ബസ് മുതലാളി മുന്നിൽ കാണുകയാണ്. അതിന് അദ്ദേഹത്തെ കുറ്റപ്പെടുത്താൻ കഴിയില്ല. യഥാർത്ഥ

തൊഴിലാളിയെ രജിസ്റ്റർ ചെയ്യാത്ത സാഹചര്യം ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഓരോ മേഖലയിലും അതുപോലെയാണ്. യഥാർത്ഥ തൊഴിലാളികൾ ഇന്ന് പുറത്താണ്, അല്ലാത്തവർക്കാണ് രജിസ്ട്രേഷനുള്ളത്. ഓരോരുത്തരും അവരുടെ നിലനിൽപ്പും പ്രയാസങ്ങളും ഇതുമായി ബന്ധപ്പെട്ട് മുന്നിൽ കാണുന്നതുകൊണ്ടാണ് അങ്ങനെ സംഭവിക്കുന്നത്. അതുകൊണ്ട് ബസ് വ്യവസായത്തെ തകർക്കാതെ ബസ് തൊഴിലാളികളെ സംരക്ഷിക്കാൻ എന്ത് മാർഗ്ഗമാണ് കണ്ടെത്താൻ കഴിയുകയെന്നുള്ളത് ഗവൺമെന്റ് ആലോചിക്കണം. ഇല്ലെങ്കിൽ യഥാർത്ഥ തൊഴിലാളികൾ പലപ്പോഴും പുറത്തായിരിക്കും. ടാക്സി/ഓട്ടോറിക്ഷ തൊഴിലാളികളുടെ കാര്യത്തിലും ഇത് തന്നെയാണ് രീതി. ഒരു ദിവസം ഓട്ടോറിക്ഷ ഓടിയാൽ 700 മുതൽ 800 രൂപ വരെയാണ് ലഭിക്കുന്നത്. ഇന്ധനവില വളരെ കൂടുതലാണ്. മാസത്തിലൊരിക്കൽ മെയിന്റനൻസ് വരും, വർഷത്തിലൊരിക്കൽ ഇൻഷ്വറൻസ് വരും, മീറ്റർ ഘടിപ്പിക്കണം തുടങ്ങിയ കാര്യങ്ങളൊക്കെ ചെയ്തുകഴിഞ്ഞതിനുശേഷം ഒരു ഓട്ടോറിക്ഷാ ഡ്രൈവർക്ക് എന്താണ് ലഭിക്കുന്നത്? ഞങ്ങൾ ഐ.എൻ.ടി.യു.സി. മീറ്റിംഗിൽ പങ്കെടുത്തപ്പോൾ ഒരു ഓട്ടോറിക്ഷാ തൊഴിലാളി പറഞ്ഞത് രണ്ട് ദിവസം ഓട്ടോ ഓടിച്ചാൽ മാത്രമേ അവർക്ക് ഒരു കിലോ ആട്ടിറച്ചി വാങ്ങാൻ കഴിയൂവെന്നാണ്. ഒരു കിലോ ആട്ടിറച്ചിക്ക് 500 രൂപ കൊടുക്കണം. രണ്ട് ദിവസം ഓട്ടോ ഓടിച്ച് ലഭിക്കുന്ന കൂലി ഒരുമിച്ച് വച്ചാൽ മാത്രമേ ഒരു കിലോ ഇറച്ചി വാങ്ങാൻ സാധിക്കുകയുള്ളൂവെന്നാണ് അവർ പറഞ്ഞത്. അത് സത്യമാണ്; ഒരു ദിവസം 700 രൂപ ലഭിക്കുന്നതിൽ പെട്രോളും ഡീസലും അടിച്ചുകഴിഞ്ഞാൽ ബാക്കിയെന്താണ് വരുന്നത്? രണ്ട് ദിവസം കൊണ്ട് അതിനുള്ള പണം ലഭിക്കുമോ? കൊറോണ കാലത്ത് ഏറ്റവും കൂടുതൽ പ്രയാസമനുഭവിച്ച വിഭാഗങ്ങളെക്കുറിച്ച് നമ്മൾ പറയാറുണ്ട്. യഥാർത്ഥത്തിൽ മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി മേഖലയിൽ പ്രവർത്തിക്കുന്ന ഓട്ടോറിക്ഷ/ബസ് ഡ്രൈവർമാരും ബസ് കണ്ടക്ടർമാരും അനുഭവിച്ചതുപോലുള്ള പ്രയാസം മറ്റൊരു വിഭാഗവും അനുഭവിച്ചിട്ടുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. ഇതിൽ ഏറ്റക്കുറച്ചിലുണ്ടാകാം. എന്നാൽ ഇവർ അത് ഏറ്റവും കൂടുതൽ അനുഭവിച്ചവരാണ്. അവരെ സഹായിക്കുന്ന കാര്യത്തിൽ പരിമിതികളുണ്ടെങ്കിൽപ്പോലും ഗവൺമെന്റ് ചില സഹായങ്ങൾ നൽകി. സഹായം നൽകിയില്ലെന്ന് ഞാൻ പറയുന്നില്ല. അവരെ കുറച്ചുകൂടി സഹായിക്കാനുള്ള അന്തരീക്ഷം, ആസ്തി നമ്മുടെ ബോർഡിനുണ്ട്. അതുകൊണ്ട് ഇത്തരം ഘട്ടങ്ങളിൽ അവർക്ക് കൂടുതൽ പിന്തുണ നൽകാൻ ഗവൺമെന്റ് പ്രത്യേകം താൽപ്പര്യമെടുക്കണമെന്ന് സൂചിപ്പിക്കുകയാണ്. ആനുകൂല്യങ്ങൾ നൽകുന്നതിനെക്കുറിച്ച് സമയ പരിമിതി കാരണം ഞാൻ കൂടുതൽ

പറയുന്നില്ല. ആനുകൂല്യങ്ങൾ കൊടുത്തുവെന്ന് വരുത്താനാണ് ആ ആനുകൂല്യങ്ങൾ കൊടുക്കുന്നത്. ഈ കാലഘട്ടത്തിൽ ആയിരം രൂപ പെൻഷൻ കൊടുത്താൽ എന്താണ് സ്ഥിതി; പെൻഷൻ കൊടുക്കുന്നുവെന്ന് വരുത്താനല്ലാതെ, 1000 രൂപകൊണ്ട് എന്തുചെയ്യാൻ സാധിക്കും?ആസ്തിയുള്ള ബോർഡുകൾക്ക് അവരെ കുറച്ചുകൂടി കൂടുതൽ സഹായിക്കാൻ കഴിയണം. അതുകൊണ്ട് അവശതാ പെൻഷന്റെ കാര്യത്തിൽ കുറച്ചുകൂടി വർദ്ധനവുണ്ടാകണം. തൊഴിലാളികളെ സംബന്ധിച്ചിടത്തോളം അവരുടെ പ്രതീക്ഷ സ്വന്തം കുട്ടികളുടെ വിദ്യാഭ്യാസമാണ്. അതിന് അവർക്ക് സപ്പോർട്ട് നൽകേണ്ടതാണ്. ഓട്ടോറിക്ഷാ തൊഴിലാളികൾ ആഗ്രഹിക്കുന്നത് അവരുടെ കുട്ടികൾ ഓട്ടോറിക്ഷ ഓടിക്കണമെന്നല്ല, സ്വാഭാവികമായും നമ്മളെല്ലാം ആഗ്രഹിക്കുന്നതുപോലെ കുട്ടികൾ നല്ലരീതിൽ പഠിച്ച് വളരണമെന്നുള്ളതാണ്. വിദ്യാഭ്യാസ ആനുകൂല്യങ്ങളും സപ്പോർട്ടും കൊടുക്കുന്നുണ്ടെങ്കിലും അതിലും ചില നിയന്ത്രണങ്ങളുണ്ട്. 55 ശതമാനം മാർക്കിന് മുകളിലുള്ളവർക്ക് മാത്രമേ അത് ലഭിക്കുന്നുള്ളൂ, മാത്രമല്ല തുക നാമമാത്രവുമാണ്. തുക വർദ്ധിപ്പിക്കുന്ന കാര്യത്തിൽ ഗവൺമെന്റ് പ്രത്യേകം താൽപ്പര്യമെടുക്കണം. ഇല്ലാത്ത ബോർഡിന് പണം കൊടുക്കണമെന്നല്ല പറയുന്നത്. ഗവൺമെന്റിന് അധിക ബാധ്യതയില്ലാതെ നിലവിലുള്ള ബോർഡിൽനിന്നുതന്നെ കൊടുക്കാൻ കഴിയുന്ന ആസ്തി ഇന്ന് ഈ ബോർഡിനുണ്ട് എന്നുള്ളതുകൊണ്ടാണ് അത്തരം കാര്യങ്ങൾ പറയുന്നത്. മറ്റൊരു കാര്യം, ഒരു അപകടം സംഭവിച്ചാൽ നൽകുന്ന ധന സഹായത്തെക്കുറിച്ചാണ്. അവർ എന്നും വാഹനം ഓടിക്കുന്നവരല്ലേ; ഒരു ദിവസം അപകടമുണ്ടായി എന്തെങ്കിലും സഹായം കൊടുത്താൽ പിന്നെ 10 കൊല്ലം കഴിഞ്ഞ് അപകടമുണ്ടായാൽ മാത്രമേ സഹായം ലഭിക്കുകയുള്ളൂവെന്നാണ് പറയുന്നത്. അത് വാസ്തവമാണോയെന്ന് എനിക്ക് അറിയില്ല. അങ്ങനെയാണെങ്കിൽ മന്ത്രി അക്കാര്യം പരിശോധിക്കണം. അപകടം എപ്പോൾ വേണമെങ്കിലും സംഭവിക്കാം. ഇന്ന് അപകടം നടന്നതുകൊണ്ട് അടുത്ത മാസം അപകടം വരില്ലെന്നുണ്ടോ; 10 വർഷം കഴിഞ്ഞേ അപകടം വരാവൂ, കാലിന് അപകടം പറ്റി തുക വാങ്ങിയിട്ടുണ്ടെങ്കിൽ പിന്നീട് ആറ് മാസം കഴിഞ്ഞ് കാലിന് അപകടമുണ്ടായാൽ തുക കിട്ടില്ല, പിന്നീട് കൈകൾക്ക് അല്ലെങ്കിൽ തലയ്ക്ക് അപകടം പറ്റിയെങ്കിൽ മാത്രമേ തുക ലഭിക്കുകയുള്ളൂ എന്നൊക്കെയുള്ള വ്യവസ്ഥകൾ ബില്ലിലുണ്ടെന്ന് പറയുന്നു. അങ്ങനെ ഇതിനെ കാണാൻ കഴിയുമോ? ആവർത്തിച്ച് അപകടങ്ങൾ സംഭവിച്ചാൽ അതിന് കാലപരിധിയില്ലാതെ, അവയവങ്ങൾ നോക്കാതെ അവർക്ക് സഹായം കൊടുക്കുന്ന സമീപനം ക്ഷേമനിധി ബോർഡിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇതെല്ലാം സമന്വയിപ്പിച്ച് ഒരു

ബോർഡിന് കീഴിലാക്കുന്നത് എല്ലാ അർത്ഥത്തിലും വളരെ നല്ലതാണ്. അതോടൊപ്പം തൊഴിലാളികൾക്ക് കൊടുക്കേണ്ട പരമാവധി സഹായങ്ങൾ കൊടുക്കാനും കഴിയണം. ഞാൻ ഒരിക്കൽക്കൂടി അടിവരയിട്ട് പറയുന്നു, മറ്റ് ബോർഡുകളിൽനിന്ന് വ്യത്യസ്തമായി സാമ്പത്തിക ആസ്തിയുള്ള ബോർഡ് എന്നുള്ള നിലയ്ക്ക് കൂടുതൽ തൊഴിലാളികളെ ഇതിൽ അംഗങ്ങളായി മാറ്റിക്കൊണ്ട് അവർക്ക് പരമാവധി സഹായം നൽകാനുള്ള നപടപടിയുണ്ടാകണം. അതുപോലെ എല്ലാ ആനുകൂല്യങ്ങളും കൂടുതൽ വർദ്ധിപ്പിച്ച് നൽകാനുള്ള നടപടിയും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവയെക്കുറിച്ച് വളരെ ആരോഗ്യകരമായ ചർച്ചയാണ് ഇവിടെ നടന്നത്. ഇതുമായി ബന്ധപ്പെട്ട് നല്ല നിരവധി നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം തൊഴിലാളികളുടെ താൽപ്പര്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. എൽ.ഡി.എഫ്. സർക്കാർ, തൊഴിൽ ചെയ്യുന്ന ജനതയോട് പുലർത്തുന്ന ആഭിമുഖ്യം വെളിപ്പെടുത്തുന്നതാണ് ഈ രണ്ട് നിയമ ഭേദഗതികളും. അസംഘടിതരും പാർശ്വവത്കരിക്കപ്പെട്ടവരുമായ തൊഴിലാളികളെയും തൊഴിൽ മേഖലകളെയും മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് നിരവധി ഇടപെടലുകളാണ് തൊഴിൽ വകുപ്പ് മുഖേന നടത്തിക്കൊണ്ടിരിക്കുന്നത്. തൊഴിലാളികളുടെ സാമ്പത്തിക-സാമൂഹിക സുരക്ഷയും ഉന്നമനവും ഉറപ്പാക്കി കേരളത്തിന്റെ വികസന സാധ്യതകൾക്കും സ്വപ്നങ്ങൾക്കും ആക്കം കൂട്ടുന്ന ഒട്ടേറെ കാലികവും നൂതനവുമായ പദ്ധതികളും പരിപാടികളും തൊഴിൽ വകുപ്പ് ആസൂത്രണം ചെയ്തുകൊണ്ടുവരികയാണ്. കാലഘട്ടത്തിനനുസരിച്ച് തൊഴിൽ മേഖലകൾ നവീകരിക്കുന്നതിനും അതിനനുസരിച്ചുള്ള നൈപുണ്യ വികസനം പ്രദാനം ചെയ്യുന്നതിനുമുള്ള ശ്രമങ്ങൾക്കും വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്. അസംഘടിത മേഖലയിലെ തോട്ടം തൊഴിലാളികൾ, അതിഥി തൊഴിലാളികൾ, ചുമട്ട് തൊഴിലാളികൾ, ഗാർഹിക തൊഴിലാളികൾ, സ്ത്രീ തൊഴിലാളികൾ തുടങ്ങിയ എല്ലാ തൊഴിലാളികളുടെയും ക്ഷേമവും സുരക്ഷയും ഉന്നമനവും ലക്ഷ്യമാക്കി അതത് മേഖലയ്ക്കനുയോജ്യമായ പദ്ധതികൾക്കാണ് സർക്കാർ രൂപം നൽകിയിട്ടുള്ളത്. മികച്ച തൊഴിലാളി-തൊഴിലുടമ ബന്ധം നിലനിർത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്. കേരളത്തിൽ എല്ലാ തൊഴിൽ മേഖലകളും സ്ത്രീ സൗഹൃദമാക്കുന്നതിനുള്ള ആശയങ്ങളും പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

തൊഴിലാളികളുടെ മിനിമം വേതനം ഉറപ്പാക്കുകയെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയങ്ങളിലൊന്നാണ്. കേരളത്തിൽ ഇപ്പോൾ മിനിമം വേതനം ശരാശരി 837.30 രൂപയാണ് നിശ്ചയിച്ചിട്ടുള്ളത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഈ നിലയിൽ മിനിമം വേതനം നിശ്ചയിച്ചിട്ടില്ല. തൊഴിൽ മേഖലകളിൽ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുകഴിഞ്ഞു. രാജ്യത്ത് തൊഴിലാളികൾക്ക് ഏറ്റവും കൂടിയ കൂലി ലഭിക്കുന്ന സംസ്ഥാനമെന്ന റിസർവ് ബാങ്കിന്റെ അംഗീകാരം സ്വന്തമാക്കിയത് നമ്മുടെ സംസ്ഥാനമാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ പ്രതിദിനം ശരാശരി 837.30 രൂപ കേരളത്തിലെ നിർമ്മാണ മേഖലയിലെ തൊഴിലാളികൾക്ക് കൂലി ലഭിക്കുകയാണ്. കാർഷിക-കാർഷികേതര മേഖലകളിലും ഏറ്റവും കൂടുതൽ വേതനം ലഭിക്കുന്ന സംസ്ഥാനം കേരളമാണെന്നാണ് കണക്കുകൾ ചൂണ്ടിക്കാണിക്കുന്നത്. മറ്റ് തൊഴിൽ മേഖലകളിലെ വേതനത്തിന്റെ കാര്യത്തിലും കേരളത്തിന്റെ സ്ഥാനം ദേശീയ ശരാശരിയെക്കാൾ മുകളിലാണ്. വൻകിട കമ്പനികളുടെ കുത്തകയായിരുന്ന ഓൺലൈൻ ടാക്സി സർവ്വീസ് രാജ്യത്ത് കേരളത്തിലാണ് ആദ്യമായി നടപ്പിലാക്കിയത്. സംസ്ഥാനത്തെ ഓട്ടോ-ടാക്സി ശൃംഖലകളെ ബന്ധിപ്പിച്ചുകൊണ്ട് സർക്കാർ നടപ്പിലാക്കിയ 'കേരള സവാരി' സുരക്ഷിതവും കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് ലഭ്യമായെന്നതുമാണ് ഈ പദ്ധതിയുടെ ഏറ്റവും വലിയ ഗുണം. അതിലുള്ള കുറവുകൾ സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അതിന് പരിഹാരം കാണാൻ പരിശ്രമിക്കുന്നതാണ്. സംസ്ഥാനത്തെ തൊഴിൽ മേഖലയിലെ അവിഭാജ്യ ഘടകമാണ് അതിഥി തൊഴിലാളികൾ. ഇൻഷ്വറൻസ് പദ്ധതി, സാമൂഹ്യ സുരക്ഷാ പദ്ധതി തുടങ്ങി തദ്ദേശ തൊഴിലാളികൾക്ക് ലഭിക്കുന്ന എല്ലാ സൗകര്യങ്ങളും അതിഥി തൊഴിലാളികൾക്കും സർക്കാർ ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ഒരുക്കിയിട്ടുള്ള ഹോസ്റ്റലുകൾ, മറ്റ് താമസ സൗകര്യങ്ങൾ, 14 ജില്ലകളിലുമുള്ള ഫെസിലിറ്റേഷൻ സെന്ററുകൾ എന്നിവ ഈ മേഖലയിൽ ഗവൺമെന്റ് നടപ്പിലാക്കിയ വികസന കാര്യങ്ങളാണ്. അതിഥി തൊഴിലാളികൾക്ക് സൗജന്യ ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയ രാജ്യത്തെ ഏക സംസ്ഥാനം കേരളമാണെന്നത് ഏറെ അഭിമാനകരമാണ്. തൊഴിൽ മേഖലയിലെ വിവിധ തർക്കങ്ങൾ പരിഹരിക്കുന്നതിന് റിക്കാർഡ് നേട്ടമാണ് ഈ സർക്കാരിന്റെ കാലത്ത് കൈവരിച്ചിട്ടുള്ളത്. ഫയലുകൾ തീർപ്പാക്കുന്നതിലും തൊഴിൽ ബോണസ് തർക്കങ്ങളിലും കേസുകളുടെ നടത്തിപ്പിലും ശ്രദ്ധേയമായ ഇടപെടലുകളാണ് നടത്തിയിട്ടുള്ളത്. ഈ ഓണക്കാലത്ത് ബോണസുമായി ബന്ധപ്പെട്ട എല്ലാ തർക്കങ്ങളും സമയബന്ധിതമായി പരിഹരിച്ച് തൊഴിലാളികൾക്ക് അർഹമായ ബോണസ് ആനുകൂല്യങ്ങൾ ഉറപ്പാക്കാനും സാധിച്ചിട്ടുണ്ട്. വികസന സൗഹൃദ തൊഴിൽ സംസ്കാരത്തിലേയ്ക്ക് അതിവേഗത്തിലുള്ള

കൃതിച്ചുചാട്ടത്തിലാണ് കേരളത്തിന്റെ തൊഴിൽ മേഖല. സംസ്ഥാനത്തിന്റെ വികസന സ്വപ്നങ്ങൾക്ക് ശക്തമായ അടിത്തറ പാകുന്ന തരത്തിൽ തൊഴിൽ മേഖല പാകപ്പെടുത്തുന്ന നയങ്ങളാണ് തൊഴിൽ വകുപ്പ് സ്വീകരിച്ചുവരുന്നത്. കേന്ദ്ര സർക്കാരിനും മറ്റ് സംസ്ഥാനങ്ങൾക്കും മാതൃകയാകുന്ന തൊഴിലാളി ക്ഷേമ നടപടികളാണ് സർക്കാർ മുന്നോട്ടുവയ്ക്കുന്നത്. കേന്ദ്ര സർക്കാരാകട്ടെ കടുത്ത തൊഴിലാളി ദ്രോഹ നടപടികളുമായാണ് മുന്നോട്ടുപോകുന്നത്. ദീർഘനാളത്തെ പോരാട്ടങ്ങളുടെ ഫലമായി നേടിയെടുത്ത തൊഴിൽ നിയമങ്ങളെല്ലാം തന്നെ തൊഴിലുടമകൾക്ക് അനുകൂലമായി മാറ്റുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളെ ഒന്നൊന്നായി കോർപ്പറേറ്റുകൾക്ക് തീറെഴുതുകയാണ് കേന്ദ്ര സർക്കാർ ചെയ്യുന്നത്. കേന്ദ്ര സർക്കാരിന്റെ ഇത്തരം നടപടികളെ ചെറുക്കുന്നതിനുള്ള ബദൽ സംവിധാനങ്ങളുമായി കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നോട്ടുപോകുകയാണ്. പൊതുമേഖലയെ സംരക്ഷിക്കുകയെന്നതും ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുകയെന്നതും എൽ.ഡി.എഫ്. സർക്കാരിന്റെ രാഷ്ട്രീയ നയമാണ്. അതിന്റെ തിളക്കമാർന്ന ഉദാഹരണമാണ് കോട്ടയത്തെ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്. പൊതുമേഖലയെ സംരക്ഷിക്കുന്നതിനും തൊഴിൽ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും മാത്രമല്ല, മതനിരപേക്ഷത, ജനാധിപത്യം, സാമൂഹ്യനീതി, ലിംഗ സമത്വം, ഫെഡറലിസം തുടങ്ങിയ ഭരണഘടനാ മൂല്യങ്ങൾ സംരക്ഷിക്കാനും ഉറച്ച നിലപാടാണ് തൊഴിൽ വകുപ്പ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

ബോർഡുകളിൽനിന്ന് ലഭിക്കുന്ന പെൻഷൻ അപേക്ഷയിൽ ഓഫീസർ ഒപ്പുവയ്ക്കുന്ന തീയതി മുതൽ മാത്രമേ പെൻഷൻ ലഭിക്കുകയുള്ളുവെന്നത് ധനകാര്യ വകുപ്പിന്റെ ഒരു ഉത്തരവാണ്. പ്രസ്തുത ഉത്തരവിലെ ആ വ്യവസ്ഥ ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് തൊഴിൽ വകുപ്പ് ധനകാര്യ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. തൊഴിലാളികൾക്ക് അനുകൂലമായ തീരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബഹുമാനപ്പെട്ട അംഗം ടി. സിദ്ദിഖ് ഇവിടെ സൂചിപ്പിച്ച കുട്ടിയെ സംബന്ധിച്ച് പറയുകയാണെങ്കിൽ, സംസ്ഥാനത്തെ പല സ്ഥലങ്ങളിലും ഇത്തരം കാര്യങ്ങൾ നടക്കുന്നുണ്ട്. അതിന്റെ വിവരങ്ങളെല്ലാം ഗവൺമെന്റിന്റെ കൈവശമുണ്ട്. അങ്ങ് ആ കുട്ടിയെ ചെന്ന് കാണാൻ തയ്യാറായത് ഏറ്റവും നല്ല കാര്യമാണ്. അക്കാര്യം എന്റെ ശ്രദ്ധയിൽപ്പെടുത്തിയതിന് അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പ് ആവശ്യപ്പെട്ടതനുസരിച്ച് അവിടത്തെ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ അന്വേഷണ റിപ്പോർട്ട് നൽകിയിട്ടുണ്ട്. അങ്ങ് എന്നോട് പറഞ്ഞ കാര്യങ്ങളും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ നൽകിയിട്ടുള്ള അന്വേഷണ റിപ്പോർട്ടും വച്ചുകൊണ്ട് ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യാം. ആ കുട്ടിയെ ജീവിതത്തിലേയ്ക്ക് തിരിച്ചുകൊണ്ടുവരാൻ പരിശ്രമിക്കാമെന്ന് ഞാൻ ഇവിടെ

സൂചിപ്പിക്കുകയാണ്. ആ കുട്ടി പഠിക്കുന്ന സ്കൂളിൽ തുടർ പഠനം പ്രയാസമാണെന്ന് അങ്ങ് സൂചിപ്പിച്ചു. ആ കുട്ടിയും രക്ഷകർത്താക്കളും ആവശ്യപ്പെടുന്ന പ്രദേശത്തെ സ്കൂളിലേയ്ക്ക് സ്ഥലം മാറ്റം നൽകുന്നതിനുള്ള നടപടി സ്വീകരിക്കാമെന്ന കാര്യം കൂടി അങ്ങയെ അറിയിക്കുകയാണ്.

ലഹരിക്കെതിരായുള്ള പ്രവർത്തനത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. ലഹരി പെട്ടെന്നുണ്ടായ കാര്യമല്ലെന്ന് എല്ലാവർക്കുമറിയാം. ഇടതുപക്ഷ ജനാധിപത്യമുന്നണി അധികാരത്തിൽ വന്നതിനുശേഷമുണ്ടായ കാര്യമല്ല. ലോകമുണ്ടായ കാലം മുതൽ ലഹരിയുടെ പ്രശ്നങ്ങളുമുണ്ടായിട്ടുണ്ട്. ഇപ്പോൾ ഇത് വളരെ കൂടുതലാണ്. പ്രത്യേകിച്ച് ചെറുപ്പക്കാരും വിദ്യാർത്ഥികളുമൊക്കെയാണ് ഇത് തേടിപ്പോകുന്നത്. ഭാവി തലമുറയെയാണ് ഇത് ബാധിക്കുന്നതെന്ന് മനസ്സിലാക്കി അവരെ അതിൽനിന്ന് പിന്തിരിപ്പിക്കാനും ലഹരി മാഫിയയെ നിലയ്ക്കുനിർത്താനും ഭരണ-പ്രതിപക്ഷ കക്ഷികളെല്ലാം ചേർന്ന് നടപടി സ്വീകരിച്ചുകൊണ്ടാണ് മുന്നോട്ടുപോകുന്നത്. യാന്ത്രികമായി കേസെടുത്തതുകൊണ്ട് മാത്രം ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കില്ല. നിലവിലുള്ള കേസുകളുടെ വകുപ്പുകൾ വളരെ ദുർബലമായതിനാൽ ജനങ്ങളെ അണിനിരത്തിക്കൊണ്ടുള്ള ക്യാമ്പയിനാണ് ഇതിനാവശ്യം. ഒന്നാമത്തെ ഒരു ക്യാമ്പയിൻ കഴിഞ്ഞു. രണ്ടാമത്തെ ക്യാമ്പയിനും ആരംഭിച്ചുകഴിഞ്ഞു. തുടർച്ചയായ പ്രക്രിയയായി ഇതിനെ മുന്നോട്ട് കൊണ്ടുപോകേണ്ടതായുണ്ട്.

Gig workers-നെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയമാണിത്. ഹോട്ടലുകളിൽനിന്ന് ഭക്ഷണം വാങ്ങി വീടുകളിലെത്തിക്കുന്ന ചെറുപ്പക്കാരെ ഇന്ന് ഏത് നഗരത്തിലും കാണാം. അത് ഒരു പ്രസ്ഥാനമായി മാറിക്കഴിഞ്ഞിരിക്കുകയാണ്. അവരെ അംഗീകരിക്കേണ്ട സാഹചര്യമാണ് നിലനിൽക്കുന്നത്. അവർക്കും കുറച്ച് തൊഴിൽ പ്രശ്നങ്ങളുണ്ട്. അവരെ ഏതെങ്കിലും ഒരു ക്ഷേമനിധി ബോർഡിൽ ചേർക്കുന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിച്ചുകൊണ്ടിരിക്കുകയാണെന്ന് സഭയെ അറിയിക്കുകയാണ്.

<u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: സർ, കേരളത്തിൽ ചെത്തുതൊഴിലാളി ക്ഷേമനിധി ബോർഡിലുൾപ്പെടെ യഥാർത്ഥ തൊഴിലാളികളെക്കാൾ വളരെ കൂടുതൽ പേർ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുള്ളത് എല്ലാവർക്കും അറിയാവുന്നതാണ്. കേരളത്തിൽ ചെത്തുന്ന കള്ളിനേക്കാൾ കൂടുതൽ കള്ള് ഇവിടെ വിൽപ്പന നടത്തുന്നതായി പറഞ്ഞുകേൾക്കുന്നുണ്ട്. സർക്കാർ വലിയ സാമ്പത്തിക പ്രതിസന്ധി നേരിടുന്ന സന്ദർഭത്തിൽ ഈ വ്യാജ തൊഴിലാളികൾക്കടക്കം ആനുകൂല്യങ്ങൾ നൽകേണ്ടിവരികയാണ്. യഥാർത്ഥ തൊഴിലാളികളിലേയ്ക്ക് മാത്രം ക്ഷേമനിധി ബോർഡുകളെ കേന്ദ്രീകരിപ്പിക്കുകയും വ്യാജ കള്ളും മറ്റും തടയുകയും

ചെയ്യുന്നതിനുള്ള സാഹചര്യമുണ്ടാക്കണം. കള്ള്, മദ്യം എന്നിവ നിരോധിക്കണമെന്ന് പറഞ്ഞാൽ അത് ഉൾക്കൊള്ളാൻ ചിലപ്പോൾ ബഹുമാനപ്പെട്ട മന്ത്രിക്ക് സാധിച്ചില്ലെന്നുവരാം. എന്നാൽ വ്യാജ മദ്യത്തിന്റെയും വ്യാജ കള്ളിന്റെയും ഉപയോഗം തടയാൻ ഒരു ശ്രമം നടത്തിക്കൂടേ?

ശ്രീ. വി. ശിവൻകുട്ടി: സർ, നമ്മളെല്ലാവരും കൂടി സംഘടിച്ച് മദ്യപാനികളെ ഉപദേശിക്കണം.

ശ്രീ. എ. പ്രഭാകരൻ: സർ, ഒരു ചെത്തുതൊഴിലാളിക്കോ വിൽപ്പനത്തൊഴിലാളിക്കോ എത്ര കടമ്പ കഴിഞ്ഞാണ് രജിസ്ട്രേഷൻ നൽകുന്നതെന്ന് അറിയാമോ; അങ്ങനെ രജിസ്ട്രേഷൻ നൽകിയ തൊഴിലാളികൾക്കല്ലാതെ മറ്റൊരാൾക്കും ക്ഷേമനിധി ബോർഡ് പെൻഷൻ നൽകുന്നില്ല. ക്ഷേമനിധി വെൽഫെയർ ബോർഡിൽ ഞാനും അംഗമാണ്. 15 കടമ്പകൾ കടന്നതിനുശേഷമാണ് തൊഴിലാളിക്ക് രജിസ്ട്രേഷൻ നൽകുന്നത്. അങ്ങനെ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കല്ലാതെ ഒരാൾക്കും പെൻഷൻ നൽകാറില്ല.

ശ്രീ. വി. ശിവൻകുട്ടി: സർ, ശരിയാണ്. ചെത്തുതൊഴിലാളിയുടെയും ചുമട്ടുതൊഴിലാളികളുടെയും ആഭരണ തൊഴിലാളികളുടെയും ക്ഷേമനിധി ബോർഡിൽ യഥാർത്ഥ തൊഴിലാളികൾക്ക് മാത്രമേ അംഗത്വം ലഭിക്കുകയുള്ളൂ. മറ്റുചില ക്ഷേമനിധികളിൽ ന്യായമല്ലാത്ത നിലയിൽ മെമ്പർഷിപ്പ് കൊടുക്കുന്നത് പരിശോധിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ കടന്നുകയറുന്നതിന്റെ ഫലമായി യഥാർത്ഥ തൊഴിലാളികൾക്ക് ആനുകൂല്യം ലഭിക്കാത്ത സാഹചര്യമുണ്ടാകുകയാണ്.

ശ്രീ. കുഞ്ഞോളി മൊയ്തീൻ: സർ, ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകത്തൊഴിലാളികളുടെ എണ്ണം കേരളത്തിൽ ലഭ്യമാകുന്ന തൊഴിലാളികളുടെ മൂന്ന് ഇരട്ടിയോളമാണ്. എന്നാൽ കേരളത്തിൽ കർഷകത്തൊഴിലാളികളെ ലഭിക്കുന്നില്ല. പെൻഷന്റെ പേരിൽ പണം പോകുന്നത് എവിടേയ്ക്കാണ്; ഇത് തടയേണ്ടതല്ലേ?

ശ്രീ. വി. ശിവൻകുട്ടി: സർ, കർഷകത്തൊഴിലാളികൾ കേരളത്തിലുണ്ട്. ഇല്ലെന്ന് തോന്നുന്നത് അവരെ ശ്രദ്ധിക്കാത്തതും മനസ്സിലാക്കാത്തതും കൊണ്ടാണ്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ് വളരെ ഫലപ്രദമായിത്തന്നെ പ്രവർത്തിക്കുന്നുണ്ട്. അവർക്ക് എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്നുണ്ട്. കേരളത്തിൽ 16 ക്ഷേമനിധി ബോർഡുകളുണ്ട്. കേരളത്തിൽ മാത്രമാണ് ഇത്രയുമധികം ക്ഷേമനിധികളുള്ളത്. അതുകൊണ്ടുതന്നെ ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തണം.

മദ്യനയത്തെ സംബന്ധിച്ച് ഇവിടെ സൂചിപ്പിച്ചു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ മദ്യനയത്തിൽ ഒരു മാറ്റവും വന്നിട്ടില്ല. മദ്യ ഉപയോഗം പടിപടിയായി കുറയ്ക്കുക, മദ്യ വർജ്ജനത്തിനുവേണ്ടിയുള്ള ക്യാമ്പയിൻ നടത്തുക ഇതെല്ലാം നമ്മുടെ നയങ്ങളാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി അതിൽനിന്നും പിന്നോട്ട് പോയിട്ടില്ല. കേരള ഷോപ്പ് ആൻഡ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടിനെ സംബന്ധിച്ച് അങ്ങ് സൂചിപ്പിച്ചു. അതിലുണ്ടായത് എന്താണെന്ന് പരിശോധിക്കാം. കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി പരമാവധി ഫണ്ട് ക്ഷേമനിധി ബോർഡുകൾ മാറ്റിവയ്ക്കണമെന്ന് ബഹുമാനപ്പെട്ട അംഗം ശ്രീ. എ. പി. അനിൽ കുമാർ ഇവിടെ സൂചിപ്പിച്ചു. ആ നിർദ്ദേശം പരിശോധിക്കാമെന്ന് അങ്ങയോട് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. രണ്ട് ബില്ലുകളും പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ചെയർപേഴ്സൺ</u>: ശ്രീ. എം. രാജഗോപാലൻ, 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. എം. രാജഗോപാലൻ</u>: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>ചെയർപേഴ്സൺ</u>: ശ്രീ. എം. രാജഗോപാലൻ അവതരിപ്പിച്ച 1 (എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ്, 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ടി. സിദ്ദിഖ്</u>: സർ, ഞാൻ പ്രസ് ചെയ്യുന്നു.

<u>ചെയർപേഴ്സൺ</u>: ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ: സർ, ഞാൻ പ്രസ് ചെയ്യുന്നു.

ചെയർപേഴ്സൺ: ശ്രീ. എ. പി. അനിൽ കുമാർ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതിയെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിന്റെ 119-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

119. ഖണ്ഡം 2-ൽ " ചേർക്കേണ്ടതാണ്" എന്നതിന് ശേഷമുള്ള " ;" എന്ന ചിഹ്നത്തിനുപകരം " . " എന്ന ചിഹ്നം ചേർക്കുക.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

115. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 2-ൽ "ക്ലബ്ബുകളിലോ" എന്നതിനു ശേഷം "റിസോർട്ടുകളിലോ" എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

118. ഖണ്ഡം 2 പ്രകാരം പ്രധാന ആക്ടിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 2-ൽ " ക്ലബ്ബുകളിലോ" എന്നതിനുശേഷം " മറ്റ് അധികൃത മദ്യ വിൽപ്പന കേന്ദ്രങ്ങളിലോ" എന്നീ വാക്കുകൾ ചേർക്കുക.

ശ്രീ. കെ. യു. ജനീഷ് കുമാർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

120. പ്രധാന ആക്ടിൽ വകുപ്പ് 2(എം)(ii) " ഓവർടൈം അലവൻസും," എന്ന വാക്കുകളും ചിഹ്നവും വിട്ടുകളയേണ്ടതാണ്.

ചെയർപേഴ്സൺ: 116, 117 എന്നീ നമ്പർ ഭേദഗതികൾ 115-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല.

ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 119-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി അവതരിപ്പിച്ച 115-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. യു. ജനീഷ് കുമാർ അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നാം വകുപ്പ്

ശ്രീമതി കാനത്തിൽ ജമീല: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

124. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(1)-ൽ " ഒരു രജിസ്റ്റർ തൊഴിലുടമയുടെ പേര് സൂചിപ്പിച്ചുകൊണ്ട്" എന്നതിന് പകരം " പേര് വിവരങ്ങൾ സൂചിപ്പിച്ചുകൊണ്ട് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഒരു രജിസ്റ്റർ" എന്ന് ചേർക്കുക.

133. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(2)-ൽ "ആക്ഷേപമുണ്ടെങ്കിൽ" എന്നതിന് പകരം "പരാതിയുണ്ടെങ്കിൽ" എന്ന് ചേർക്കുക.

ശ്രീ. സണ്ണി ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

125. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(1)-ൽ, " തൊഴിലുടമയുടെ" എന്നതിന് പകരം " തൊഴിലുടമയുടെയും സ്ഥാപനത്തിന്റെയും" എന്ന് ചേർക്കുക.

ശ്രീ. ടി. സിദ്ദിഖ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

126. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(1)-ൽ "തൊഴിലുടമയുടെ പേര്" എന്നതിന് പകരം "തൊഴിലുടമയുടെയും സ്ഥാപനത്തിന്റെയും പേരും വിശദാംശങ്ങളും" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

132. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(2)-ൽ "ലിസ്റ്റ്" എന്നതിന് പകരം "പട്ടിക" എന്ന് ചേർക്കുക.

137.ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(3)-ൽ "ലിസ്റ്റ്" എന്ന് വരുന്നിടത്തെല്ലാം പകരം "പട്ടിക" എന്ന് ചേർക്കുക.

141. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(4)-ൽ "ബോർഡിന്റെ ചെയർമാൻ" എന്നതിന് പകരം "ബോർഡ് ചെയർമാന്റെ" എന്ന് ചേർക്കുക.

143. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(5)-ൽ "ബോർഡിന്റെ" എന്നതിന് പകരം "ബോർഡ്" ചേർക്കുക.

144. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(5)-ൽ "ബാധിക്കപ്പെട്ട" എന്നതിന് പകരം "ബന്ധപ്പെട്ട" എന്ന വാക്ക് ചേർക്കുക.

146. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(5)-ൽ "ലിസ്റ്റിൽ" എന്നതിന് പകരം "പട്ടികയിൽ" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

134. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(2)-ൽ " അദ്ദേഹത്തിന്റെ ആഫീസിലെയും അതിനു താഴെയുള്ള" എന്നതിനുപകരം " ആ ആഫീസിലെയും അതിനു കീഴിലുള്ള" എന്ന് ചേർക്കുക.

ശ്രീ. എം. വിൻസെന്റ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

139. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(3)-ൽ "മുൻപാകെ" എന്നതിനുശേഷം "രേഖാമൂലം" എന്ന് ചേർക്കുക.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

142. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 3 എ(4)-ൽ "മുമ്പാകെ" എന്നതിന് ശേഷം "നിർദ്ദേശം ഉൾപ്പെടുത്തി" എന്ന് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

145. ഖണ്ഡം 3 പ്രകാരം പ്രധാന ആക്ടിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 3 എ(5)-ൽ "ബാധിക്കപ്പെട്ട ആളുകൾക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിന്" എന്നതിന് പകരം "ബാധിക്കപ്പെടാനിടയുള്ള ആളുകളുടെ ഭാഗം കേട്ടതിന്" എന്ന് ചേർക്കുക.

ചെയർപേഴ്സൺ: 121, 122 എന്നീ നമ്പർ ഭേദഗതികൾ മാർജിനൽ ശീർഷകത്തിനുള്ളതാകയാൽ ക്രമപ്രകാരമല്ല. ആയതിനാൽ അവ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ശ്രീമതി കാനത്തിൽ ജമീല അവതരിപ്പിച്ച 124, 133 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. സിദ്ദിഖ് അവതരിപ്പിച്ച 126-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 132, 137, 141, 143, 144, 146 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

നാലാം വകുപ്പ്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. റോജി എം. ജോണിന്റെ 151-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

151. ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "പത്തു" എന്നതിന് പകരം " പത്ത് " എന്ന് ചേർക്കുക.

ശ്രീമതി കെ. കെ. രമ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

148. ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "തൊഴിലുടമ നൽകേണ്ട" എന്നതിനുശേഷം "ഏറ്റവും കുറഞ്ഞ" എന്ന് ചേർക്കുക.

ഡോ. എൻ. ജയരാജ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

149. ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "നൽകുന്ന" എന്നതിനുശേഷം "പ്രതിമാസ" എന്ന് ചേർക്കുക.

159. ഖണ്ഡം 4(1) പ്രകാരം പ്രധാന ആക്ടിൽ പകരം ചേർക്കാൻ ഉദ്ദേശിക്കുന്ന വകുപ്പ് 4(1)-ൽ "അബ്കാരിത്തൊഴിലാളിയുടെ" എന്നതിന് പകരം "അബ്കാരിത്തൊഴിലാളിയ്ക്ക് തത്സമയം ലഭിക്കുന്ന" എന്ന് ചേർക്കുക.

ശ്രീ. ലിന്റോ ജോസഫ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

161. ഖണ്ഡം (4)(2) ചുവടെപ്പറയും പ്രകാരം മാറ്റുക: (2) (2)-ാം ഉപവകുപ്പിൽ "അഞ്ച്" എന്ന വാക്കിന് പകരം "ഏഴ് എന്ന വാക്ക് ചേർക്കുക.

ശ്രീ. ടി. ഐ. മധുസൂദനൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

162. ഖണ്ഡം (4)(2) ൽ "ശതമാനത്തിന്" എന്ന് വരുന്നിടത്തെല്ലാം ആയത് ഒഴിവാക്കുക.

<u>ചെയർപേഴ്സൺ</u>: 152-ാം നമ്പർ ഭേദഗതി 151-ാം നമ്പർ ഭേദഗതിക്ക് തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല. ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ചെയർപേഴ്സൺ</u>: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 151-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 149, 159 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ലിന്റോ ജോസഫ് അവതരിപ്പിച്ച 161-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ടി. ഐ. മധുസൂദനൻ അവതരിപ്പിച്ച 162-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള നാലാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>): സർ, ശ്രീ. ടി. പി. രാമകൃഷ്ണന്റെ 112-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

112. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക: "(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

ഔദ്യോഗിക ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 112-ാം നമ്പർ ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: 2022-ലെ കേരള അബ്കാരിത്തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

(2) 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. എൻ. ഷംസുദ്ദീന്റെ 157-ാം നമ്പർ ഭേദഗതി ഔദ്യോഗിക ഭേദഗതിയായി ഞാൻ അവതരിപ്പിക്കുന്നു.

157.In section 2(d) proposed to be inserted in the principal Act by Clause 2(a), the figure "4" occurring after the word and symbol "workers," shall be deleted.

Smt. K. K. Rema: Sir, I move the following amendments.

137. In Clause 2 for the words " the Kerala" the words " The Kerala" shall be substituted.

139. In section 2(d), proposed to be inserted in the principal Act by Clause 2(a), between the words " and autorickshaw" the words " an" shall be inserted.

168. In section 2(d) proposed to be inserted in the principal Act by Clause 2(a), for the figure and word " 4 blacks smith the word " blacksmith" shall be substituted.

180. In section 2(e) proposed to be inserted in the principal Act by Clause 2(b), for the words " and person who owns the autorickshaw" the words " and the person who owns an autorickshaw" shall be substituted.

Shri Sebastian Kulathunkal: Sir, I move the following amendments.

141. In the section 2(d), proposed to be inserted in the principal Act by Clause 2(a), before the word " autorickshaw" the word " the" shall be inserted.

161. In section 2(d) proposed to be inserted in the principal Act by Clause2(a) the figure "4" occurring after the word and symbol "workers," shall be deleted.

$D_{R.}$ N. Jayaraj: Sir, I move the following amendments.

145. In section 2(d) proposed to be inserted in the principal Act by Clause 2(a), before the word "person" the letter "a" shall be inserted.

156. In section 2(d) proposed to be inserted in the principal Act by Clause 2(a) for the word "workers," the word "worker" shall be substituted.

173. In section 2 (d) proposed to be inserted in the principal Act by Clause 2 (a) for the word "and" after the words "office staff", the word 'or' shall be substituted.

174. In section 2 (d) proposed to be inserted in the principal Act by Clause 2 (a) for the word "this" the word "these" shall be substituted.

175. In section 2(d) proposed to be inserted in the principal Act by Clause 2 (a), for the word "field" the word "fields" shall be substituted.

176. In section 2(d) proposed principal Act by Clause 2 (a) the symbol "," after the word "field" shall be deleted.

177. In section 2(d) proposed to be inserted in the principal Act by Clause 2(a), before the words "worker notified", the word "and" shall be inserted.

181. In section 2(e) proposed to be inserted in the principal Act by Clause 2(b), between the words "and"" and "person" the word "the" shall be inserted.

Prof. Abid Hussain Thangal: Sir, I move the following amendments.

154. In section 2(d) proposed to be inserted in the principal Act by Clause 2(a), for the word "their" the word "its" shall be substituted.

155. In section 2(d) proposed to be inserted in the principal Act by Clause 2(a) for the word "fireman" the word "tyreman" shall be substituted.

179.In section 2(e) proposed to be inserted in the principal Act by Clause 2(b), for the words "and person" the words "and the person" shall be substituted.

185. In section 2(g) proposed to be substituted in the principal Act by Clause 2(c), for the letter "a" before the word "person" the word "any" shall be substituted.

186. In section 2(g) proposed to be substituted in the principal Act by Clause 2(c), before the word "Fund" occurring first and second the word "Welfare" shall be inserted.

Shri T. P. Ramakrishnan: Sir, I move the following amendment.

178. Clause 2(a) shall be recast as follows- "(a) in Clause (d), towards the end, the following words shall be inserted, namely:-

"or an autorickshaw employee or any person employed in automobile workshops or service stations or any workshop jobs including repair or maintenance of motor vehicles and their parts, or mechanic, driver, cleaner, fitter, electrician, tyre worker, turner, battery mechanic, painter, welder, lube worker, vulcanizer, workshop attender, carpenter, motor vehicle body building worker, blacksmith, helper, office staff or any other staff or a worker notified as such by the Government from time to time or self employed person who carries out jobs related to automobile repair and maintenance;"

Shri I. B. Satheesh: Sir, I move the following amendment.

189. In section 2(g) proposed to be substituted in the principal Act by Clause 2(c), for the words "and the" the word "or of the" shall be substituted.

ചെയർപേഴ്സൺ: മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതിയും ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 156, 177, 181 എന്നീ നമ്പർ ഭേദഗതികളും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല. സ്വീകരിച്ച ഭേദഗതികളും ഔദ്യോഗിക ഭേദഗതിയും അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 157-ാം നമ്പർ ഔദ്യോഗിക ഭേദഗതിയും മന്ത്രി സ്വീകരിച്ച 155, 156, 177, 181 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 137, 139, 168, 180 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 141, 161 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 145, 173, 174, 175, 176 എന്നീ നമ്പർ ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 154, 179, 185, 186 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ടി. പി. രാമകൃഷ്ണൻ അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 189-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

മൂന്നും നാലും വകുപ്പുകൾ

(ഭേദഗതിയില്ല)

മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

മൂന്നും നാലും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

Shri I. B. Satheesh: Sir, I move the following amendment.

194. In section 12B proposed to be inserted in the principal Act by Clause 5, the word "deemed" occurring after the word "scheme" shall be deleted.

Shri Sebastian Kulathunkal: Sir, I move the following amendments.

196. In section 12B proposed to be inserted in the principal Act by Clause 5, after the word "self" the symbol "-" shall be inserted.

197. In section 12B proposed to be inserted in the principal Act by Clause 5, for the word and figure "Motor4" the word "Motor" shall be substituted.

211. In section 12B proposed to be inserted in the principal Act by Clause 5, for the word " he" the word "such person" shall be substituted.

ചെയർപേഴ്സൺ: 198 മുതൽ 210 വരെയുള്ള ഭേദഗതികൾ 197-ാം നമ്പർ ഭേദഗതിക്കും 212-ാം നമ്പർ ഭേദഗതി 211-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 196, 197 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 196, 197 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. ഐ. ബി. സതീഷ് അവതരിപ്പിച്ച 194-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ അവതരിപ്പിച്ച 211-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറാം വകുപ്പ്

Prof. Abid Hussain Thangal: Sir, I move the following amendment.

213. In section 24(2) proposed to be inserted in the principal Act by Clause 6, for the words "all amounts" the word "Funds" shall be substituted.

Dr. N. Jayaraj: Sir, I move the following amendment.

215. In section 24(2) proposed to be inserted in the principal Act by Clause 6, after the figures and word "1991 and", the word "the" shall be inserted wherever it occurs.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഡോ. എൻ. ജയരാജ് അവതരിപ്പിച്ച 215-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. 213-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 215-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 213-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ആറാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

Shri N. A. Nellikkunnu: Sir, I move the following amendments.

108. In the long title, the word "further" shall be deleted.

122. In the enacting formula, for the figure and word "4as" the word "as" shall be substituted.

Smt. K. K. Rema: Sir, I move the following amendments.

112. In the long title, for the word "the" the word "The" shall be substituted.

117. In the preamble, for the words "the Kerala" the words "The Kerala" shall be substituted.

Shri A. K. M. Ashraf: Sir, I move the following amendments.

118. In the preamble for the words "purposes hereinafter appearing;" the words "following purposes" shall be substituted.

129. Clause 1(2) shall be recast as follows: "'(2) It shall come into force on such date as the Government may by notification in the Official Gazette, appoint".

Prof. Abid Hussain Thangal: Sir, I move the following amendment.

128. The enacting formula shall be recast as follows: "BE it enacted in the seventy third year of the Republic of India as follows:-"

ചെയർപേഴ്സൺ: 109 മുതൽ 111 വരെയുള്ള ഭേദഗതികൾ 108-ാം നമ്പർ ഭേദഗതിക്കും 119 മുതൽ 121 വരെയുള്ള ഭേദഗതികൾ 118-ാം നമ്പർ ഭേദഗതിക്കും 123 മുതൽ 127 വരെയുള്ള ഭേദഗതികൾ 122-ാം നമ്പർ ഭേദഗതിക്കും 130 മുതൽ 132 വരെയുള്ള ഭേദഗതികൾ 129-ാം നമ്പർ ഭേദഗതിക്കും തുല്യമായതിനാൽ അവതരിപ്പിക്കേണ്ടതില്ല. മറ്റ് ഭേദഗതികൾ അവതരിപ്പിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രി സ്വീകരിച്ച 122-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 108-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി കെ. കെ. രമ അവതരിപ്പിച്ച 112, 117 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ് അവതരിപ്പിച്ച 118, 129 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: 2022-ലെ കേരള മോട്ടോർ ട്രാൻസ്പോർട്ട് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ പാസ്സായിരിക്കുന്നു.

ഓർഡർ..... ഓർഡർ..... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2022 ഡിസംബർ മാസം 13-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 5.18-ന് പിരിഞ്ഞു.)

അനുബന്ധം-I

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയാൻ നടപടി

5 (*155) ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുസ്ഥലങ്ങളിലും സ്വകാര്യ ഇടങ്ങളിലും സൈബർ ഇടങ്ങളിലും സ്ത്രീകൾക്ക് സുരക്ഷയൊരുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷയൊരുക്കുന്നതിനും സ്ത്രീധനവുമായി ബന്ധപ്പെട്ട ഉപദ്രവങ്ങൾ, സൈബർ ലോകത്തിലെ അതിക്രമങ്ങൾ, പൊതു ഇടങ്ങളിലെ അവഹേളനങ്ങൾ തുടങ്ങി സ്ത്രീകൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് 2021 ജൂലൈ 19-ന് നിലവിൽ വന്നു. പിങ്ക് പട്രോൾ, പിങ്ക് ജനമൈത്രി ബീറ്റ്, പിങ്ക് കൺട്രോൾ റൂം, പിങ്ക് ഷാഡോ, പിങ്ക് റോമിയോ, കൗൺസിലിംഗ് സംവിധാനം, വനിതാ സംരക്ഷണത്തിന് സഹായമായി മൊബൈൽ ആപ്പുകൾ തുടങ്ങി പത്ത് ഘടകങ്ങൾ ചേർന്നതാണ് പ്രസ്തുത പദ്ധതി. വനിതാ സെല്ലുകളിൽ നിലവിലുള്ള കൗൺസിലിംഗ് സംവിധാനം മികച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ പ്രസ്തുത പദ്ധതിയിലൂടെ ശക്തിപ്പെടുത്തിയിട്ടുണ്ട്. വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച പരാതികൾ ഫലപ്രദമായി തീർപ്പുകൽപ്പിക്കുന്നതിനും സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമ വിഷയങ്ങളിലും പ്രത്യേക പരിശീലനം എല്ലാ പോലീസ് ജില്ലകളിൽ നിന്നുമുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥർക്കും ഘട്ടംഘട്ടമായി നൽകിയിട്ടുണ്ട്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിൽ പരാതി നൽകാവുന്നതാണ്. കൂടാതെ 9497996992 എന്ന നമ്പരിലും പരാതികൾ അറിയിക്കാം.

ആക്രമണങ്ങൾക്ക് ഇരയാകുന്ന പെൺകുട്ടികൾക്ക് പോലീസ് സഹായം പെട്ടെന്ന് എത്തിക്കാനായി നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ഫോണിന്റെ പവർ ബട്ടൺ മൂന്നതവണ അമർത്തിയാൽ പോലീസ് ആസ്ഥാനത്തെ കമാന്റ് സെന്ററിൽ സന്ദേശം ലഭിക്കുകയും പോലീസ് ഉദ്യോഗസ്ഥൻ തിരികെ വിളിച്ച് വിവരം അന്വേഷിക്കുകയും അടിയന്തരമായി പോലീസ് സഹായം നൽകുകയും ചെയ്യും. പൊതു-സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീ സുരക്ഷയൊരുക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ് സംവിധാനം, ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ്ലൈൻ സംവിധാനം, ഹെൽപ്പ് ഡെസ്ക് സംവിധാനം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുള്ളതും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതുമാണ്. സ്ത്രീകൾക്കും കുട്ടികൾക്കും സ്വയം പ്രതിരോധം വർദ്ധിപ്പിക്കുന്നതിനുവേണ്ടി Self Defence പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. അടിയന്തരഘട്ടങ്ങളിൽ 1515, 112, 1090, 1091 എന്നീ ടോൾഫ്രീ നമ്പറുകളിൽ വിളിച്ച് പോലീസ് സഹായം തേടാവുന്നതാണ്. സ്ത്രീകളുടെ പ്രശ്നപരിഹാരത്തിനായി Domestic Conflict Resolution Centre (DCRC) വനിതാ സെല്ലിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ഏതെങ്കിലും സാഹചര്യത്തിൽ അപകടത്തിൽപ്പെടുന്ന സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി നിർഭയം ആപ്പ് (NIRBHAYAM APP) സർക്കാർ ആരംഭിച്ചിട്ടുണ്ട്. സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും സ്ത്രീ സുരക്ഷയൊരുക്കുന്നതിനുമായി സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ഭവിഷ്യത്തുകളെക്കുറിച്ചും മൊബൈൽ ഫോൺ, ഇന്റർനെറ്റ്, ഫെയ്സ്ബുക്ക്, വാട്സ്ആപ്പ്, ഇൻസ്റ്റഗ്രാം തുടങ്ങിയ സോഷ്യൽ നെറ്റ്വർക്ക് സൈറ്റുകൾ ഏതെല്ലാം രീതിയിൽ ദുരുപയോഗം ചെയ്യപ്പെടുന്നുവെന്നും ആയത് ശരിയായ രീതിയിൽ എങ്ങനെ ഉപയോഗിക്കണമെന്നതിനെക്കുറിച്ചും പോലീസിന്റെ ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, വിഷ്വൽ മീഡിയ എന്നിവയുടെ സഹായത്തോടുകൂടി വീഡിയോകളും മറ്റും പ്രചരിപ്പിച്ച് ബോധവൽക്കരണം നടത്തിവരുന്നു.

സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്കായി 14 വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ തിരുവനന്തപുരം റൂറൽ, കൊല്ലം റൂറൽ, എറണാകുളം റൂറൽ, കോഴിക്കോട് റൂറൽ, വയനാട്, കണ്ണൂർ റൂറൽ എന്നിവിടങ്ങളിൽ കൂടി വനിതാ പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതു-സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനുമായി പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ നിയമമനുസരിച്ച് പോലീസ് ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

വനിതാ ശിശു വികസന വകുപ്പ് ഇനി പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

തൊഴിലിടങ്ങൾപോലുള്ള പൊതുസ്ഥലങ്ങളിൽ സ്ത്രീസുരക്ഷ ഉറപ്പാക്കുന്നതിന്റെ ഭാഗമായി തൊഴിൽ സ്ഥലത്തെ സ്ത്രീകൾക്ക് നേരെയുണ്ടാകുന്ന ലൈംഗിക പീഡനം (തടയലും നിരോധിക്കലും പരിഹാരവും) നിയമം - 2013 നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി വനിതാശിശു വികസന വകുപ്പിനെ ചുമതലപ്പെടുത്തി. കൂടാതെ Sexual Harassment of women at workplace (prevention, prohibition and redressal) Act 2013 സംബന്ധിച്ചുള്ള പരാതികൾ ഓൺലൈനായി ഫയൽ ചെയ്യുന്നതിനുള്ള She box എന്ന ഓൺലൈൻ പോർട്ടലും നടപ്പാക്കുന്നുണ്ട്.

കുടുംബം/വീട് പോലുള്ള സ്വകാര്യ ഇടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പവരുത്തുന്നതിനായി സ്ത്രീധന നിരോധന നിയമം, ഗാർഹിക പീഡന നിരോധന നിയമം എന്നിവയുടെ അടിസ്ഥാനത്തിലും രക്ഷാദൂത്, സർവ്വീസ് പ്രൊവൈഡിംഗ് സെന്ററുകൾ, ഷെൽട്ടർ ഹോമുകൾ, കാതോർത്ത്, വാട്സ്ആപ്പ് ഹെൽപ്പ്ലൈൻ നമ്പർ 9400080292, 181 മിത്രാ ഹെൽപ്പ്ലൈൻ, പൊൻവാക്ക്, വൺസ്റ്റോപ്പ് സെന്ററുകൾ, ധീര തുടങ്ങിയ പദ്ധതികളും വനിതാ-ശിശു വികസന വകുപ്പ് നടപ്പാക്കിവരുന്നു.

(ബി) സ്ത്രീ പീഡനം തടയുന്നതിനും സ്ത്രീ സുരക്ഷ ഉറപ്പവരുത്തുന്നതിനുമുള്ള നിയമങ്ങൾ കർശനമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഇത്തരത്തിലുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ താമസംവിനാ കേസ് രജിസ്റ്റർ ചെയ്ത് കാര്യക്ഷമമായ അന്വേഷണം നടത്തി പ്രതികളെ അറസ്റ്റ് ചെയ്ത് കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ച് കുറ്റവാളികൾക്ക് കർശന ശിക്ഷ ലഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

വനിതാ ശിശുവികസന വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കി വരുന്നു.

1) ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണം നൽകുന്ന നിർഭയ പദ്ധതി.

2) സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനും ഓൺലൈൻ കൺസൾട്ടൻസി കാതോർത്ത് എന്ന സംവിധാനം.

3) ഗാർഹിക പീഡനത്തിൽനിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിത-ശിശുവികസന വകുപ്പും സഹകരിച്ച് നടപ്പാക്കുന്ന രക്ഷാദൂത് പദ്ധതി.

4) വനിതകളുമായി ബന്ധപ്പെട്ട പരാതികളിന്മേൽ പരിഹാരം കാണുന്നതിനായി വാട്ട്സ്ആപ്പ് ഹെൽപ്പ്ലൈൻ 9400080292 പ്രവർത്തിക്കുന്നു.

5) സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനായി 181 മിത്ര ഹെൽപ്പ്ലൈൻ നിലവിലുണ്ട്.

6) ഗാർഹിക-ലൈംഗിക അതിക്രമത്തിലെ ഇരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ വൺസ്റ്റോപ്പ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു.

7) കേരളത്തിലെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസറുടെ സേവനം ലഭ്യമാണ്. ഇതിനുപുറമെ അസമയത്ത് വഴിയിൽ ഒറ്റപ്പെട്ടുപോകുന്ന വനിതകൾക്ക് സംസ്ഥാനത്ത് എവിടെനിന്നും ഏതുസമയത്തും ബന്ധപ്പെടാവുന്ന തരത്തിൽ 112 എന്ന നമ്പരിലുള്ള സേവനം പോലീസ് ആസ്ഥാനത്ത് സജ്ജീകരിച്ചിട്ടുള്ള കമാന്റ് സെന്ററിൽ ലഭ്യമാണ്.

(സി) സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങളിൽ വേഗത്തിൽ നീതി ലഭ്യമാക്കുന്നതിനായി പ്രത്യേക കോടതികൾ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശാനുസരണം സംസ്ഥാനത്ത് രണ്ടുഘട്ടങ്ങളിലായി (26+26) 52 പ്രത്യേക അതിവേഗ കോടതികൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിരുന്നു. അതിൽ 26 കോടതികൾ 2020-21-ൽ പ്രവർത്തനമാരംഭിച്ചു. രണ്ടാം ഘട്ടമായി അനുവദിച്ച 26 കോടതികളിൽ 21 കോടതികൾ പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.

(ഡി) ഗാർഹിക പീഡനം, സ്ത്രീധനം എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ കാര്യക്ഷമമായി കൈകാര്യം ചെയ്യുന്നതിന് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

സ്ത്രീധനപീഡനം ഉൾപ്പെടെയുള്ള ഗാർഹിക അതിക്രമങ്ങൾ തടയുന്നതിനായി പോലീസ് കാര്യക്ഷമവും ഫലപ്രദവുമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

ഗാർഹിക പീഡനങ്ങൾ നിയന്ത്രിക്കുന്നതിനും ജനങ്ങളിൽ ബോധവൽക്കരണം നടത്തുന്നതിനുമായി പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട് നടപ്പാക്കി. ഈ പദ്ധതിപ്രകാരം പിങ്ക് പോലീസ് ടീം, പിങ്ക് പട്രോൾ വെഹിക്കിൾ, മോട്ടോർ സൈക്കിൾ എന്നിവയിൽ വനിതാ പോലീസ് ഉദ്യോഗസ്ഥർ വീടുകളിൽ പോയി ഇത്തരത്തിൽ സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾക്കെതിരെ ബോധവൽക്കരണവും

ആവശ്യമായ നിയമസഹായവും നൽകിവരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ഗാർഹിക പീഡനങ്ങൾ തടയുന്നതിനും കുടുംബങ്ങളിലെ സമാധാനത്തിനും അനുരഞ്ജന ശ്രമങ്ങൾക്കുമായി എല്ലാ പോലീസ് ജില്ലകളിലും Domestic Conflict Resolution Centers (DCRC) സ്ഥാപിച്ചിട്ടുണ്ട്. സ്ത്രീധന പീഡനം ഉൾപ്പെടെയുള്ള ഗാർഹിക അതിക്രമങ്ങൾ തടയുന്നതിന്റെ ഭാഗമായി പരാതികൾ അറിയിക്കുന്നതിനുള്ള പദ്ധതിയാണ് 'അപരാജിത'.

ഗാർഹിക അതിക്രമങ്ങളിൽനിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം-2005 വനിത-ശിശു വികസന വകുപ്പ് നടപ്പാക്കിവരുന്നു. ഗാർഹിക പീഡനം, സ്ത്രീധന പീഡനം എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ ജില്ലകളിൽ പ്രവർത്തിക്കുന്ന വൺസ്റ്റോപ്പ് സെന്ററുകൾ, വനിതാ സംരക്ഷണ ഓഫീസർമാർ എന്നിവർ മുഖേനയും കാര്യക്ഷമമായി കൈകാര്യം ചെയ്യുവരുന്നു.

സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി സ്ത്രീധനത്തിനെതിരെയുള്ള പരാതികൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള പോർട്ടൽ wcd.kerala.gov.in/dowry വകുപ്പ് ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത പോർട്ടലിൽ വ്യക്തികൾക്ക് സ്ത്രീധനം സംബന്ധിച്ച പരാതി നൽകാവുന്നതും ആയതിന്മേൽ ജില്ലാ സ്ത്രീധന നിരോധന ഓഫീസർമാർ നടപടി സ്വീകരിക്കുന്നതുമാണ്. ഗാർഹിക, ലൈംഗിക സ്ത്രീധന, പീഡനങ്ങളെപ്പറ്റിയും അതുമായി ബന്ധപ്പെട്ട് സ്ത്രീകളുടെ നിയമപരിരക്ഷയെക്കുറിച്ച് അവബോധം പൊതുജനങ്ങളിൽ വ്യാപകമായി സൃഷ്ടിക്കാൻ സ്ത്രീധന പീഡനങ്ങൾ, ഗാർഹിക അതിക്രമങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ നേരിടുന്ന സ്ത്രീകളോ കുട്ടികളോ ഉണ്ടെങ്കിൽ അവരെ കണ്ടെത്തി നിയമ പരിരക്ഷ, സേവനങ്ങൾ, ആയത് നേടിയെടുക്കേണ്ടവിധം തുടങ്ങിയ കാര്യങ്ങളെപ്പറ്റി ബോധവൽക്കരിക്കുന്നതിന് വനിതാസഹായ കേന്ദ്രങ്ങൾ വനിത-ശിശു വികസന വകുപ്പിൽ പ്രവർത്തിച്ചുവരുന്നു.

(ഇ) സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി സൈബർ ക്രൈം പ്രിവെൻഷൻ എഗെയിൻസ്റ്റ് വിമൻ ആൻഡ് ചിൽഡ്രൻ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. സ്ത്രീകൾക്കും കുട്ടികൾക്കും നേരെ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതിയാണ് സൈബർ ക്രൈം പ്രിവെൻഷൻ എഗെയിൻസ്റ്റ് വിമൻ ആൻഡ് ചിൽഡ്രൻ പ്രോജക്ട് (CCPWC). ഇതിന്റെ ഭാഗമായി കേരളാ പോലീസ് അക്കാദമിയിൽ ഒരു സൈബർ ഫോറൻസിക് ലാബ് ഉൾപ്പെട്ട ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്. കേന്ദ്ര

ആഭ്യന്തര മന്ത്രാലയം സ്ഥാപിച്ചിട്ടുള്ള നാഷണൽ സൈബർ ക്രൈം റിപ്പോർട്ടിംഗ് പോർട്ടലിൽ സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള സൈബർ കുറ്റകൃത്യങ്ങളെ സംബന്ധിച്ചുള്ള പരാതികൾ ഓൺലൈനായി സമർപ്പിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

കെ-ഫോൺ പദ്ധതി

6 (*156) ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇന്റർനെറ്റ് അവകാശമായി പ്രഖ്യാപിച്ചുകൊണ്ട് പാവപ്പെട്ടവർക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഗുണമേന്മയുള്ള ഇന്റർനെറ്റ് ലഭ്യത സാർവ്വത്രികമാക്കുന്നതിനുദ്ദേശിച്ചുള്ള കെ-ഫോൺ പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ;

(ബി) സുശക്തമായ ഡിജിറ്റൽ പശ്ചാത്തല സൗകര്യമൊരുക്കുന്നതിന് പ്രസ്തുത പദ്ധതിയിലൂടെ ചെയ്തിട്ടുള്ള കാര്യങ്ങൾ വിശദമാക്കാമോ?

(എ&ബി) കെ-ഫോൺ പദ്ധതിയുടെ ഭാഗമായി നിലവിൽ

1) 30000 ഓഫീസുകളുടെ സർവ്വേയും 35,000 കി.മീ. ഒ.എഫ്.സി. (ഒപ്റ്റിക്കൽ ഫൈബർ കേബിൾ)-യുടെ സർവ്വേയും 8 ലക്ഷം കെ.എസ്.ഇ.ബി.എൽ. പോളുകളുടെ സർവ്വേയും പൂർത്തീകരിച്ചിട്ടുണ്ട്.

2) പദ്ധതിയുടെ ഭാഗമായി ആകെ 7556 കിലോമീറ്റർ ബാക്ക്ബോൺ സ്ഥാപിക്കാനുള്ളതിൽ 6360 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്.

3) 22802 കി.മീ. എ.ഡി.എസ്.എസ്. (All-Dielectric Self Supporting Cable), ഒ.എഫ്.സി, ആക്സസ് കേബിൾ എന്നിവ സ്ഥാപിക്കാനുള്ളതിൽ 18595 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്.

4) പൂർത്തിയാക്കാനുള്ള 375 പോയിന്റ് ഓഫ് പ്രെസെൻസുകളിൽ 324 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

5) നെറ്റ്വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.ടി./നോൺ ഐ.ടി. സംബന്ധമായ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

6) 26057 ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

7) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി.-1), ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ (ഐ.എസ്.പി.-ബി.) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്.

8) ആകെ ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകാൻ ഉദ്ദേശിച്ചിട്ടുള്ള 30000 സർക്കാർ ഓഫീസുകളിൽ 9916 എണ്ണം പ്രവർത്തനസജ്ജമായിട്ടുണ്ട്.

9) പൊതുജനങ്ങൾക്ക് ഇന്റർനെറ്റ് കണക്ഷൻ നൽകുന്നതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ, ഒരു നിയമസഭാ മണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്കുവീതം 140 മണ്ഡലങ്ങളിലുള്ള ആകെ 14000 (പതിനാലായിരം) കുടുംബങ്ങൾക്ക് സൗജന്യമായി കെ-ഫോൺ കണക്ഷൻ നൽകാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

10) പ്രസ്തുത ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡവും മുൻഗണനാക്രമവും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്ന് ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭ്യമായാലുടൻ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) ഡിജിറ്റൽ വിടവില്ലാതെ ഡിജിറ്റൽ സമ്പദ്ഘടന രൂപപ്പെടുത്തുന്നതിന് കെ-ഫോൺ പദ്ധതിയുടെ പ്രാധാന്യം അറിയിക്കാമോ?

വിവരസാങ്കേതികവിദ്യ, ആശയവിനിമയ സാങ്കേതികവിദ്യ എന്നിവയുടെ വ്യാപനമാണ് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി ഡിജിറ്റൽ സമ്പദ്വ്യവസ്ഥയെ പിന്തുണയ്ക്കുന്നത്. പ്രസ്തുത സാങ്കേതികവിദ്യകളുടെ വ്യാപനത്തിന് കെ-ഫോൺ പദ്ധതി വഴി ഒരുക്കുന്ന അടിസ്ഥാന സൗകര്യങ്ങൾ സഹായകകരമാകും. കെ-ഫോൺ പദ്ധതിയിലൂടെ കേരളത്തിലെ ഗ്രാമങ്ങളും നഗരങ്ങളും ബന്ധിപ്പിക്കുന്നതുവഴിയും സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യതവഴിയും ഇ-കോമേഴ്സ്, ഡിജിറ്റൽ ബാങ്കിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ പുരോഗതി കൈവരിക്കാനാകും. ഇന്റർനെറ്റിന്റെ വ്യാപനം വഴി കാർഷിക-വ്യാവസായിക മേഖലകളിൽ നൂതന സാങ്കേതികവിദ്യയിലൂടെയുള്ള വളർച്ച സാധ്യമാകും. കൂടാതെ, ഐ.ടി. മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാൻ കെ-ഫോണിന് സാധിക്കും. മറ്റുള്ള സ്വകാര്യ ടെലികോം കമ്പനികളെ അപേക്ഷിച്ച് സംരംഭകർക്ക് കുറഞ്ഞ ചെലവിൽ കേരളത്തിൽ എവിടെയും കെ-ഫോണിന്റെ സേവനം ലഭ്യമാകും. ഐ.ടി. പാർക്കുകളിലും മറ്റും '5 ജി' സേവനം അനായാസം ലഭ്യമാക്കാൻ കെ-ഫോൺ ശൃംഖലയ്ക്ക് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ് എന്നിവയുടെ വളർച്ചയ്ക്കും കെ-ഫോൺ പ്രയോജനപ്പെടുത്താനാകും.

മയക്കുമരുന്ന് കുറ്റകൃത്യത്തിൽ പിടിക്കപ്പെടുന്നവരുടെ കരുതൽ തടങ്കൽ

7 (*157) ശ്രീ. എം. മുകേഷ്:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയിൽ ലഹരി വിൽപ്പനയെ എതിർത്തതിന്റെ പേരിൽ ഉണ്ടായ ഇരട്ട കൊലപാതകത്തിന്റെ പശ്ചാത്തലത്തിൽ ലഹരി വിൽപ്പനക്കാരുടെയും ലഹരിക്കടത്തുകാരുടെയും പ്രവർത്തനങ്ങൾ കർശനമായി തടയുന്നതിന് ആഭ്യന്തര വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്താകെ ഈ വർഷം 24563 മയക്കുമരുന്ന് കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പ്രസ്തുത കേസുകളിലായി 3039 കിലോ കഞ്ചാവ്, 14 കിലോയിലധികം MDMA, 2 കിലോയിലധികം ഹാഷിഷ്, ഒരു കിലോയിലധികം ബ്രൗൺ ഷുഗർ, 36 കിലോയിലധികം ഹാഷിഷ് ഓയിൽ എന്നിവ പിടിച്ചെടുക്കുകയും ടി കേസുകളിൽ ഉൾപ്പെട്ട 27088 പ്രതികളെ അറസ്റ്റ് ചെയ്ത് നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ മയക്കുമരുന്ന് കേസുകളിൽ സ്ഥിരം കുറ്റവാളികളായ 94 പ്രതികൾക്കെതിരെ PIT-NDPS പ്രകാരവും ആവർത്തിച്ച് കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് ഉയർന്ന ശിക്ഷ ഉറപ്പുവരുത്തുന്നതിന് NDPS നിയമത്തിലെ 31, 34 വകുപ്പുകൾപ്രകാരം 1277 പേർക്കെതിരെയും നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പോലീസ് രഹസ്യ നിരീക്ഷണവും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു. സംസ്ഥാനത്ത് സമീപനാളുകളിൽ ലഹരിക്കടത്തും വിൽപ്പനയും പിടിക്കപ്പെടുന്ന പദാർത്ഥങ്ങളുടെ അളവും വർദ്ധിച്ചിട്ടുണ്ട്. ഇത്തരം കുറ്റകൃത്യം ആവർത്തിക്കുന്നവർക്കെതിരെ The prevention of Illicit Traffic in Narcotic Drugs and Psychotropic Substance Act (PITNDPS Act)-ലെ വകുപ്പ് 3(1) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കാൻ വേണ്ട നിയമനടപടികളും NDPS ആക്ടുപ്രകാരം സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്കെതിരെ NDPS നിയമത്തിലെ സെക്ഷൻ 27 പ്രകാരം നടപടിയെടുത്തുവരുന്നു.

NDPS നിയമപ്രകാരം ശിക്ഷിക്കപ്പെടുന്ന ഒരാൾ പിന്നീട് കുറ്റകൃത്യം ആവർത്തിക്കുന്നപക്ഷം പരമാവധി ശിക്ഷയുടെ ഒന്നരയിരട്ടി ശിക്ഷ ലഭിക്കുന്നതിനായി NDPS നിയമത്തിലെ സെക്ഷൻ 31 പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. നിയമത്തിലെ സെക്ഷൻ 31(എ) പ്രകാരം വിൽപ്പന നടത്തിയതിന് ശിക്ഷിക്കപ്പെടുന്നവർ വീണ്ടും സമാന കുറ്റകൃത്യത്തിലുൾപ്പെടുന്ന പക്ഷം കേസിൽ വധശിക്ഷയ്ക്കും വ്യവസ്ഥയുണ്ട്.

കേസുകളിൽ ശിക്ഷിക്കപ്പെടുന്ന വ്യക്തികളെ സംബന്ധിച്ചും മുമ്പ് ഉൾപ്പെട്ടിട്ടുള്ള ആളുകളെ സംബന്ധിച്ചുമുള്ള വിവരശേഖരണം നടത്തി അവരുടെ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി പോലീസ് സ്റ്റേഷനുകളിലും എക്സൈസ് റേഞ്ച് ആഫീസുകളിലും ലഭ്യമാകുന്ന ഒരു സംവിധാനം ഏർപ്പെടുത്തിവരുന്നു.

ഇതുവഴി ഒരിക്കൽ ശിക്ഷിക്കപ്പെട്ടതോ കേസിൽ ഉൾപ്പെട്ടതോ ആയ ആളുകൾ ഇത്തരം പ്രവൃത്തികളിൽ ആവർത്തിച്ച് ഏർപ്പെടുന്നവരാണെന്ന കാര്യം ബഹുമാനപ്പെട്ട കോടതികളുടെ മുമ്പിൽ കൊണ്ടുവരാനും കഴിയും.

NDPS ആക്ടിലെ വകുപ്പ് 34 പ്രകാരം കേസിൽ പിടികൂടുന്നവരെക്കൊണ്ട് 'കുറ്റകൃത്യം ആവർത്തിക്കുകയില്ല' എന്നുള്ള ബോണ്ട് വയ്പ്പിക്കുന്നതിനുള്ള നടപടികളും കർശനമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്.

ടെയിനുകളിലും അതിർത്തി ചെക്ക് പോസ്റ്റുകളിലും സ്നിഫർ ഡോഗ് സ്ക്വാഡ് പോലുള്ള സംവിധാനങ്ങളൊരുക്കി മയക്കുമരുന്ന് കടത്തിന് കർശന നിയന്ത്രണം കൊണ്ടുവരാനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്.

ലഹരി ഉപയോഗത്തെക്കുറിച്ചും ലഹരി കടത്തിനെക്കുറിച്ചും വിവരം നൽകിയാൽ സ്രോതസ്സ് പൂർണ്ണരഹസ്യമായി സൂക്ഷിക്കും. Anti Narcotic Project, KANSAF, DANSAF, YODHAV, CAP തുടങ്ങിയ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് സമയബന്ധിതമായി നടപടികൾ സ്വീകരിച്ചുവരുന്നു. കേരള പോലീസിന്റെ Community Policing പദ്ധതിയായ ജനമൈത്രി പ്രോജക്ടിലൂടെയും മാതൃകാ പൗരന്മാരെ വളർത്തിയെടുക്കുന്നതിനായി നടപ്പാക്കിവരുന്ന സ്റ്റുഡന്റ് പോലീസ് കേഡറ്റ് പ്രോജക്ടിലൂടെയും പൊതുസമൂഹത്തിലും വിദ്യാർത്ഥികളുടെ ഇടയിലും ലഹരിക്കെതിരായി വിവിധ ക്യാമ്പയിനുകൾ നടത്തിവരുന്നു.

ഇതിനകം ആഗോളതലത്തിൽത്തന്നെ വലിയ വിപത്തായി മാറിയ മയക്കുമരുന്ന് നമ്മുടെ പുതിയ തലമുറയെയും കുടുംബങ്ങളെയും സമൂഹത്തെയാകെയും സാരമായി ബാധിക്കാനിടയുള്ള സാഹചര്യം കണക്കിലെടുത്ത് എല്ലാ വിഭാഗത്തിലുംപെട്ട ജനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ട് ആദ്യഘട്ടമായി

സംസ്ഥാനത്ത് ഇക്കഴിഞ്ഞ ഒക്ടോബർ 2-ാം തീയതി മുതൽ നവംബർ 1-ാം തീയതിവരെ ലഹരിക്കെതിരെ 'നോ ടു ഡ്രഗ്സ് ' ക്യാമ്പയിന് സർക്കാർ നേതൃത്വം നൽകി. എല്ലാ തുറകളിലുമുള്ള ജനവിഭാഗങ്ങളുടെയും പങ്കാളിത്തംകൊണ്ട് സജീവമായിരുന്നു ഈ ക്യാമ്പയിൻ.

നിരോധിത മയക്കുമരുന്നുകൾ കേരളത്തിൽ കടത്തിക്കൊണ്ടുവന്ന് വിപണനം നടത്തുന്ന സ്ഥിരം കുറ്റവാളികളുടെ ജില്ലതിരിച്ചുള്ള ഡേറ്റാ ബാങ്ക് ശേഖരിക്കുന്നതിനുള്ള നടപടികൾ ആന്റി ടെററിസ്റ്റ് സ്ക്വാഡ് (ATS) സ്വീകരിച്ചുവരുന്നു.

ചെക്ക്പോസ്റ്റുകൾ, റെയിൽവെ സ്റ്റേഷനുകൾ, ബസ് സ്റ്റാന്റുകൾ, അന്യ സംസ്ഥാന ബസ്സുകൾ, ഹാർബറുകൾ എന്നിവ വഴി സംസ്ഥാനത്തേയ്ക്ക് ലഹരിയുടെ വരവ് തടയുന്നതിന് പോലീസ്, എക്സൈസ്, ഫോറസ്റ്റ്, റെയിൽവേ പ്രൊട്ടക്ഷൻ ഫോഴ്സ്, കോസ്റ്റ് ഗാർഡ്, കോസ്റ്റൽ പോലീസ്, ആരോഗ്യ വകുപ്പ്, അന്യസംസ്ഥാന സേനകൾ തുടങ്ങിയ ഫോഴ്സ്/വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി കുറ്റകൃത്യങ്ങൾക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ചെക്ക്പോസ്റ്റുകളിൽ ക്യാമറകൾ സ്ഥാപിച്ച് കൃത്യമായ നിരീക്ഷണം നടത്തി വരുന്നതും കോമ്പിംഗ് പ്രവർത്തനം ഊർജ്ജിതമായി നടത്തിവരുന്നതുമാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് വകുപ്പ് നടത്തുന്ന ശക്തമായ ഇടപെടലുകളും ബോധവത്കരണവും വഴി വിദ്യാർത്ഥികൾക്ക് ലഹരി വിൽപ്പന നടത്തുന്ന സംഘങ്ങളെക്കുറിച്ച് വിവരശേഖരണം നടത്തി ശക്തമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നതും സ്കൂൾ പരിസരങ്ങളിലെ കടകളിലെ ലഹരി മരുന്നുകൾ, പുകയില ഉത്പന്നങ്ങൾ, ലഹരി അടങ്ങിയ ഭക്ഷ്യവസ്തുക്കൾ എന്നിവ കണ്ടെത്തുന്നതിനായി ആരോഗ്യവകുപ്പുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തിവരുന്നതുമാണ്.

സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാനും 'ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമായി കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി'-ക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളതാണ്. ലഹരിക്കെതിരെ വിവിധ തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ലഹരിക്ക് അടിമപ്പെട്ടവർക്ക് ലഹരിമോചന ചികിത്സ, കൗൺസിലിംഗ് എന്നിവ പൊതുജന പങ്കാളിത്തത്തോടെയും മറ്റ് സർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും വിമുക്തി മിഷൻ വഴി നടപ്പാക്കിവരുന്നു.

വിദ്യാലയങ്ങൾ ലഹരി മുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽനിന്നും പിൻതിരിപ്പിക്കുന്നതിനും " ഉണർവ്" പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പഠനം കഴിഞ്ഞുള്ള സമയങ്ങളിൽ വിദ്യാർത്ഥികളുടെ ശ്രദ്ധ മറ്റ് അപകടകരങ്ങളായ പ്രചോദനങ്ങളിലേയ്ക്ക് പോകാതെ കായികപരമായും കലാപരമായുമുള്ള അവരുടെ കഴിവിനെ പരിപോഷിപ്പിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ആയതുകൂടാതെ ലഹരിക്കെതിരെ കായികലഹരി എന്ന ആശയം പ്രചരിപ്പിക്കുന്നതിലേയ്ക്കായി സംസ്ഥാനത്ത് 500 സ്കൂളുകളിലെ ലഹരിവിരുദ്ധ ക്ലബുകളിൽ സ്പോർട്സ് ടീമുകൾ രൂപീകരിച്ച് കായിക പരിശീലനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കോളേജ്തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ "നേർക്കൂട്ടം" എന്ന പേരിൽ ഒരു കമ്മിറ്റിയും കോളേജ് ഹോസ്റ്റലുകളിൽ "ശ്രദ്ധ" എന്ന പേരിൽ ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. കോളേജ് അധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എന്നിവരുടെ പ്രതിനിധികളും തദ്ദേശസ്വയംഭരണ സ്ഥാപന അംഗങ്ങളും എക്സൈസ് ഉദ്യോഗസ്ഥരും അംഗങ്ങളായുള്ള ഈ കമ്മിറ്റികൾ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗം ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മറ്റ് സംസ്ഥാനങ്ങളിൽനിന്ന് മയക്കുമരുന്നെത്തിക്കുന്ന കുറ്റവാളികൾക്കെതിരെ സ്വത്ത് കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള കർശന നടപടിക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ?

ഉണ്ട്. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള മയക്കുമരുന്ന് കടത്ത് തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ പോലീസും എക്സൈസ് വകുപ്പും നടത്തിവരുന്നു. ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, സംസ്ഥാന അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ ചെക്ക്പോസ്റ്റുകൾ എന്നിവ പ്രവർത്തിക്കുന്നതും വിവര സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള മയക്കുമരുന്ന് ഇടപാടുകൾ കണ്ടെത്തുന്നതിനായി സൈബർ സെല്ലുകളും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ എൻ.ഡി.പി.എസ്. നിയമപ്രകാരം മയക്കുമരുന്നുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങളിലേർപ്പെടുന്ന പ്രതികളുടെ സ്വത്തുവകകൾ കണ്ടുകെട്ടുന്നതുൾപ്പെടെയുള്ള കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്.

എൻ.ഡി.പി.എസ്. കുറ്റകൃത്യങ്ങളിലേർപ്പെടുന്ന വ്യക്തി നിയമവിരുദ്ധമായി നേടിയ ഏതെങ്കിലും സ്വത്ത് കൈവശം വച്ചിരിക്കുന്നുവെന്ന് വിശ്വാസയോഗ്യമായ

വിവരങ്ങൾ ലഭിച്ചുകഴിഞ്ഞാൽ അങ്ങനെ ചെയ്യുന്നതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തിയശേഷം അത്തരം സ്വത്ത് കണ്ടെത്തുന്നതിനും തിരിച്ചറിയുന്നതിനും ആവശ്യമായ നടപടികൾ NDPS നിയമത്തിലെ സെക്ഷൻ 68 (E) പ്രകാരമാണ് സ്വീകരിച്ചുവരുന്നത്.

(സി) മയക്കുമരുന്ന് കുറ്റകൃത്യത്തിൽ ആവർത്തിച്ച് പിടിക്കപ്പെടുന്നവരെ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

വലിയ അളവിലുള്ള മയക്കുമരുന്ന് കുറ്റകൃത്യങ്ങളിൽ ആവർത്തിച്ച് ഉൾപ്പെടുന്ന പ്രതികൾക്കെതിരെ The Prevention of Illicit Traffic In Narcotic and Psychotropic Substance Act-ലെ സെക്ഷൻ 3(1) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കാൻ വേണ്ട നിയമ നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സിറ്റിസൺസ് പോർട്ടൽ

8 (*158) ശ്രീ. പി. വി. അൻവർ:
ശ്രീ. പി. നന്ദകുമാർ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഫയലുകൾ കെട്ടിക്കിടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉണ്ട്. 4-6-2022-ലെ സ.ഉ. (കൈ.)നമ്പർ 11/2022/പി.&എ.ആർ.ഡി.-യുടെ അടിസ്ഥാനത്തിൽ 2022 ജൂൺ 15 മുതൽ സെപ്റ്റംബർ 30 വരെ സംസ്ഥാനത്തെ എല്ലാ ഓഫീസുകളിലും ഫയൽ അദാലത്ത് നടത്തുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

(ബി) സിറ്റിസൺസ് പോർട്ടലിലൂടെ അപേക്ഷ സ്വീകരിക്കുന്ന പദ്ധതിയുടെ സ്വീകാര്യത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ലഭിച്ച അപേക്ഷകൾ എത്രയാണെന്നും അതിൽ എത്രയെണ്ണം തീർപ്പാക്കിയെന്നുമുള്ള കണക്ക് ലഭ്യമാണോ; എങ്കിൽ അറിയിക്കാമോ?

ഉണ്ട്. സിറ്റിസൺസ് പോർട്ടലിലൂടെ 9-12-2022-ലെ കണക്കനുസരിച്ച് ആകെ 1143436 അപേക്ഷകൾ ലഭിച്ചതിൽ 862128 അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച നൂതന സോഫ്റ്റ്വെയറാണ് Integrated Local Governance Management System (ILGMS). ടി സോഫ്റ്റ്വെയർ 4-4-2022-ൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്.

ഫ്രണ്ട് ഓഫീസിനോടൊപ്പം പ്രധാന പ്രവർത്തനങ്ങൾ നടക്കുന്ന ബാക്ക് ഓഫീസും കാലഘട്ടത്തിനനുസൃതമായി വിവര സാങ്കേതികവിദ്യയുടെ ആധുനിക സങ്കേതങ്ങൾ ഉൾക്കൊള്ളുന്ന ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലേയ്ക്ക് മാറ്റുന്നതിനാണ് ILGMS ലക്ഷ്യമിടുന്നത്. അതുവഴി ഓഫീസ് പ്രവർത്തനം കൂടുതൽ സുഗമമാക്കാൻ കഴിയുന്ന രീതിയിൽ കടലാസുരഹിത ഫയൽ നീക്കമാണ് സോഫ്റ്റ്വെയറിൽ വിഭാവനം ചെയ്തിട്ടുള്ളത്.

(സി) നഗരസഭകളുടെ സേവനങ്ങൾ ഓൺലൈൻ സംവിധാനം മുഖേന നൽകുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. നഗരസഭകളുടെ പ്രതിമാസ അവലോകന യോഗത്തിൽ ഓൺലൈൻ സംവിധാനം മുഖേന നൽകുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കൂടാതെ ബിൽഡിംഗ് പെർമിറ്റ്, ലൈസൻസ് ഇവയുമായി ബന്ധപ്പെട്ട ഫയലുകളിലും തീർപ്പ് കൽപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളത്തിലെ നഗരസഭകളിൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച് വിന്യസിച്ചിട്ടുള്ള ഓൺലൈൻ സർവ്വീസുകൾ അനുബന്ധമായി* ചേർക്കുന്നു.

ഭക്ഷ്യ ഭദ്രത ഉറപ്പുവരുത്താൻ നടപടി

9 (*159) ശ്രീ. ഒ. ആർ. കേളു:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം സൃഷ്ടിക്കുന്നതിനും ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനും നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി, സംസ്ഥാനത്തെ പട്ടിണി നിർമ്മാർജ്ജനം ചെയ്യുകയെന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാർ 2017-ൽ ആരംഭിച്ച 'വിശപ്പുരഹിത കേരളം' പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ കിടപ്പുരോഗികൾ, അശരണരായവർ എന്നീ വിഭാഗത്തിലുള്ള ഗുണഭോക്താക്കളെ കണ്ടെത്തി അവരുടെ താമസസ്ഥലങ്ങളിൽ സൗജന്യമായി ഭക്ഷണം എത്തിച്ചുകൊടുക്കുകയും പദ്ധതിയുടെ വിപുലീകരണത്തിന്റെ ഭാഗമായി ആവശ്യക്കാർക്ക് മിതമായ നിരക്കിൽ ഉച്ചഭക്ഷണം നൽകുന്നതിലേയ്ക്കായി സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഓരോ സുഭിക്ഷാ ഹോട്ടലെന്ന ഉദ്ദേശ്യത്തോടെ നാളിതുവരെ 50 നിയോജകമണ്ഡലങ്ങളിൽ സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കുകയും നിലവിൽ 49 ഹോട്ടലുകൾ പ്രവർത്തിച്ചുവരുകയും ചെയ്യുന്നു. സംസ്ഥാനത്ത് ആരംഭിച്ച സുഭിക്ഷാ ഹോട്ടലുകളുടെ ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	ജില്ല	ഹോട്ടലുകളുടെ എണ്ണം
1	തിരുവനന്തപുരം	7
2	കൊല്ലം	2
3	പത്തനംതിട്ട	5
4	ആലപ്പുഴ	7
5	കോട്ടയം	2
6	ഇടുക്കി	3
7	എറണാകുളം	4
8	തൃശ്ശൂർ	8
9	പാലക്കാട്	2
10	മലപ്പുറം	1
11	കോഴിക്കോട്	3
12	വയനാട്	2
13	കണ്ണൂർ	2
14	കാസർഗോഡ്	2
ആകെ		50

മേൽപ്പറഞ്ഞ സുഭിക്ഷാ ഹോട്ടലുകളിൽ തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്കിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിൽ ആരംഭിച്ച സുഭിക്ഷാ ഹോട്ടൽ നിലവിൽ പ്രവർത്തിക്കുന്നില്ല. കുടുംബശ്രീ യൂണിറ്റാണ് നടത്തിയിരുന്നത്. പുതിയൊരു ഏജൻസിയെ കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി പ്രാരംഭ ചെലവിനത്തിൽ ഓരോ ഹോട്ടലിനും പരമാവധി 10 ലക്ഷം രൂപ വരെ അനുവദിച്ചുനൽകുന്നു. സുഭിക്ഷാ ഹോട്ടലുകളിൽനിന്നും 20 രൂപ നിരക്കിൽ വിതരണം ചെയ്യുന്ന ഉച്ചഭക്ഷണത്തിന് ഊണ് ഒന്നിന് 5 രൂപ നിരക്കിൽ സർക്കാർ സബ്സിഡി അനുവദിക്കുന്നുണ്ട്. ഹോട്ടലിന്റെ തുടർനടത്തിപ്പിനായി വൈദ്യുതി ചാർജ്ജ്, വെള്ളക്കരം, കെട്ടിടവാടക (വാടകരഹിത കെട്ടിടം ലഭ്യമാകാത്ത സാഹചര്യത്തിൽ), മാലിന്യനിർമ്മാർജ്ജനം (ആവശ്യമെങ്കിൽ) എന്നിവയും സർക്കാർ അനുവദിച്ചുനൽകുന്നു. കിടപ്പുരോഗികൾ, അശരണരായവർ എന്നിവർക്ക് ഉച്ചഭക്ഷണം വീടുകളിൽ എത്തിച്ചുനൽകുന്നതിന് ഊണ് ഒന്നിന് ഭക്ഷണത്തിന്റെ വിലയായ 25 രൂപയും കൈകാര്യ ചെലവായ 5 രൂപയും പുറമേ ട്രാൻസ്പോർട്ടേഷൻ ചാർജ്ജും ADM അദ്ധ്യക്ഷനായ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി അനുവദിക്കുന്നു.

ജില്ലകളിൽനിന്നും അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ അനുമതിയോടെ പുതിയ സുഭിക്ഷാ ഹോട്ടലുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

1-11-2016 മുതൽ സംസ്ഥാനത്ത് നടപ്പാക്കിയ ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-നെ അടിസ്ഥാനപ്പെടുത്തി ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

1. സംസ്ഥാനത്തെ എല്ലാ റേഷൻ കടകൾക്കും ഭക്ഷ്യധാന്യങ്ങൾ നോഡൽ ഏജൻസിയായ സപ്ലൈകോ മുഖേന വാതിൽപ്പടി വിതരണം നടത്തിവരുന്നു.

2. സംസ്ഥാനത്തെ എല്ലാ റേഷൻകടകളിലെയും (കണക്റ്റിവിറ്റി ലഭ്യമല്ലാത്ത 19 കടകൾ ഒഴികെ) റേഷൻ വിതരണം ഇ-പോസ് മെഷീൻ മുഖാന്തരമാക്കിയിട്ടുണ്ട്.

3. നേരിട്ട് റേഷൻ വാങ്ങാൻ കഴിയാത്ത ശയ്യാവലംബരായ കാർഡുടമകൾക്കുവേണ്ടി അതേ കടയിലെ മറ്റൊരു കാർഡിലെ അംഗത്തെ പ്രോക്സിയായി നിയമിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

4. റേഷൻ വിതരണം സംബന്ധിച്ച വിവരങ്ങൾ തത്സമയം വകുപ്പിന്റെ പോർട്ടലിലൂടെ പൊതുജനങ്ങൾക്ക് നിരീക്ഷിക്കാൻ സാധിക്കും.

5. റേഷൻ ഭക്ഷ്യധാന്യങ്ങളുടെ പ്രതിമാസ വിഹിതം സംബന്ധിച്ച് കാർഡുടമകളുടെ മൊബൈൽ ഫോണിലേയ്ക്ക് എസ്.എം.എസ്. നൽകിവരുന്നു.

6. സംസ്ഥാന-ജില്ലാ താലൂക്ക്, റേഷൻകടതല വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചു.

7. സംസ്ഥാന ഭക്ഷ്യ കമ്മീഷൻ രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

8. ജില്ലാതല പരാതിപരിഹാര ഓഫീസർമാരായി അഡീഷണൽ ജില്ലാ മജിസ്ട്രേറ്റുമാരെ നിയോഗിച്ചു.

9. സോഷ്യൽ ആഡിറ്റിന്റെ പൈലറ്റ് പ്രോജക്ട് തിരുവനന്തപുരം ജില്ലയിലെ CRO (North)-ന്റെ പരിധിയിലുള്ള റേഷൻ കടകളിൽ നടത്തി.

10. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ടുള്ള പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനുള്ള മോണിറ്ററിംഗ് ഇൻസ്റ്റിറ്റ്യൂഷനായി കേരള യൂണിവേഴ്സിറ്റിയെ നിയമിച്ചു.

11. ഓൺലൈൻ പരാതിപരിഹാര സംവിധാനം (Public Grievance Redressal Portal) പ്രവർത്തനമാരംഭിച്ചു.

12. പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, റേഷൻ സാധനങ്ങളുടെ തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ പരിശോധനാ സംവിധാനം രൂപീകരിച്ചിട്ടുണ്ട്.

13. ആദിവാസി ഊരുകളിലെ കാർഡ് ഉടമകൾക്ക് കൃത്യമായി അർഹതപ്പെട്ട ഭക്ഷ്യധാന്യം എത്തിക്കുന്നതിന്റെ ഭാഗമായി കൊല്ലം, ആലപ്പുഴ, കോട്ടയം, കാസർഗോഡ് എന്നീ ജില്ലകൾ ഒഴികെയുള്ള 10 ജില്ലകളിൽ മൊബൈൽ ന്യായവില ഡിപ്പോകൾ പ്രവർത്തനമാരംഭിച്ചു.

14. സപ്ലൈ ചെയിൻ കൂടുതൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി end to end computerisation പ്രോജക്ട് നടപ്പാക്കി.

15. സംസ്ഥാനത്തെ 14000-ത്തിൽ അധികം വരുന്ന ന്യായവില ഷോപ്പുകൾ നവീകരിക്കുന്നതിനായി ഒരു ലൈസൻസിക്ക് 2500 രൂപ വീതം ധനസഹായം നൽകി.

16. റേഷൻ ഡീലേഴ്സിന്റെ മാർജിൻ കാലോചിതമായി പരിഷ്കരിക്കുകയും മുടക്കം കൂടാതെ കൃത്യമായി വിതരണം നടത്തുകയും ചെയ്യുന്നു.

17. റേഷൻ വിതരണത്തിൽ ആധാർ അധിഷ്ഠിത പോർട്ടബിലിറ്റി സംവിധാനം ഏർപ്പെടുത്തി.

18. 'One Nation One Ration Card' പദ്ധതി നടപ്പാക്കി.

19. ഇ-റേഷൻകാർഡ് നടപ്പാക്കി.

(ബി) റേഷൻ കാർഡ് ആധാർ കാർഡുമായി ബന്ധിപ്പിച്ചതിലൂടെ മുൻഗണനാ കാർഡ് ലഭിക്കാൻ അർഹതയുള്ളവരുടെ എണ്ണം എത്രയെന്ന് തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ മുൻഗണനാ കാർഡിന്റെ എണ്ണം വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

ഇല്ല. യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് ഭക്ഷ്യധാന്യ വിതരണം നടത്തണമെന്ന് ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ൽ നിഷ്കർഷിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് ആധാർ അധിഷ്ഠിത ബയോമെട്രിക് ഓതന്റിക്കേഷൻ മുഖേന റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യ വിതരണം നടത്തുന്നത്. നിലവിൽ സംസ്ഥാനത്തെ എല്ലാ വിഭാഗത്തിലുമുള്ള റേഷൻ കാർഡുകളിലെയും ആധാർ സീഡിംഗ് 100% പൂർത്തീകരിച്ചിട്ടുണ്ട്.

ആവശ്യപ്പെട്ടിട്ടുണ്ട്. 2011-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന്റെ മുൻഗണനാ ഗുണഭോക്താക്കളുടെ പരിധി നിശ്ചയിച്ചിരിക്കുന്നത് 15480040 ആണ്. എന്നാൽ 2011-നുശേഷം രാജ്യത്ത് ജനസംഖ്യാ കണക്കെടുപ്പ് നടത്തിയിട്ടില്ലാത്തതിനാൽ ജനസംഖ്യയ്ക്ക് ആനുപാതികമായി മുൻഗണനാ പരിധി വർദ്ധിപ്പിക്കുന്നതിന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അടുത്ത സെൻസസിലെ ജനസംഖ്യാനുപാതികമായി മാത്രമേ വർദ്ധനവ് പരിഗണിക്കാൻ കഴിയുകയുള്ളുവെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്.

(സി) റേഷൻ കാർഡ് സംബന്ധിച്ചുള്ള പൊതുജനങ്ങളുടെ പരാതി പരിഹരിക്കാൻ എന്ത് സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളത്; ഈ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം പുതുതായി എത്ര മുൻഗണനാ കാർഡുകൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

റേഷൻ ഡിപ്പോ, റേഷൻ ഡിപ്പോ ലൈസൻസി, സെയിൽസ്മാൻ എന്നിവരെ സംബന്ധിച്ചുള്ള പരാതികൾ/അഭിപ്രായങ്ങൾ കടകളിൽ സൂക്ഷിച്ചിട്ടുള്ള Drop box-മുഖേനയോ പരാതി പുസ്തകത്തിലൂടെയോ അറിയിക്കാവുന്നതാണ്. കൂടാതെ റേഷൻ കാർഡ് സംബന്ധിച്ച പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിനായി എല്ലാ താലൂക്ക് സപ്ലൈ ആഫീസുകളിലും HELP DESK സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. റേഷൻ കാർഡുമായി ബന്ധപ്പെട്ട തിരുത്തലുകൾ വരുത്തുന്നതിനുള്ള അപേക്ഷകളെല്ലാം അക്ഷയ കേന്ദ്രങ്ങൾ വഴിയോ CITIZEN LOGIN വഴിയോ ONLINE മുഖേനയോ സമർപ്പിക്കുന്നതിനും ഓൺലൈനായി പൂർത്തീകരിക്കുന്നതിനും E-RCMS (Electronic Ration Card Management System) എന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. റേഷൻ കാർഡ് സംബന്ധിച്ച പരാതികൾ ഓൺലൈനായി

സമർപ്പിക്കുന്നതിനായി www.pg.civilsupplieskerala.gov.in എന്ന വെബ് പോർട്ടൽ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലാ, താലൂക്ക് സപ്ലൈ ഓഫീസർമാർക്കും റേഷനിംഗ് ഇൻസ്പെക്ടർമാർക്കും അനുവദിച്ചിട്ടുള്ള ഔദ്യോഗിക CUG (Closed User Group) മൊബൈൽ നമ്പരുകളിലൂടെ പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കാൻ സാധിക്കുന്നതാണ്.

പൊതുജനങ്ങളുടെ സഹായത്തോടെ മുൻഗണനാ വിഭാഗത്തിലെ അനർഹരെ കണ്ടെത്തുന്നതിന്റെ ഭാഗമായി 'ഓപ്പറേഷൻ യെല്ലോ'എന്ന പേരിൽ ഒരു പരിശോധനാ പരിപാടി ആരംഭിച്ചിട്ടുണ്ട്. ടി പരിപാടിയുടെ ഭാഗമായി വകുപ്പിന്റെ 24x7 രീതിയിൽ പ്രവർത്തിക്കുന്ന 9188527301 എന്ന മൊബൈൽ നമ്പറിലും 1967 എന്ന ടോൾഫ്രീ നമ്പറിലും അനർഹമായി മുൻഗണനാ കാർഡ് കൈവശം വയ്ക്കുന്നവരുടെ വിവരങ്ങൾ അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് അവസരം നൽകിയിട്ടുണ്ട്. ഇപ്രകാരം വിവരം അറിയിക്കുന്ന വ്യക്തികളെക്കുറിച്ചുള്ള വിവരം രഹസ്യമായി സൂക്ഷിക്കുന്നതാണ്.

ഈ സർക്കാർ ചുമതലയേറ്റശേഷം നാളിതുവരെ 71773 പുതിയ മുൻഗണനാ റേഷൻകാർഡുകൾ (പി.എച്ച്.എച്ച്) അനുവദിച്ചിട്ടുണ്ട്. കൂടാതെ 1,93,852 മുൻഗണനേതര റേഷൻകാർഡുകൾ പി.എച്ച്.എച്ച്. വിഭാഗത്തിലേയ്ക്കും 20,462 കാർഡുകൾ എ.എ.വൈ. വിഭാഗത്തിലേയ്ക്കും തരംമാറ്റി നൽകിയിട്ടുണ്ട്.

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ തടയാൻ നടപടി

10 (*160) ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ ശിശുമരണങ്ങൾ ആവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

അട്ടപ്പാടിയിലെ മാതൃ-ശിശു മരണങ്ങൾ ഉൾപ്പെടെയുള്ള ആരോഗ്യ പ്രശ്നങ്ങൾ ആരോഗ്യവകുപ്പ് സൂക്ഷ്മമായി പരിശോധിക്കുകയും വിലയിരുത്തുകയും ചെയ്യുവരുന്നു. ഇവയുടെ ആരോഗ്യ സംബന്ധമായ കാരണങ്ങളും സാമൂഹികമായ വശങ്ങളും പരിശോധിച്ച് സർക്കാർ വിവിധതരത്തിലുള്ള നടപടികളെടുത്തുവരുന്നു. മാതൃ-ശിശു

മരണങ്ങൾ സംഭവിക്കുന്നത് വിവിധതലങ്ങളിൽ പരിശോധിച്ച് (ആശുപത്രി, ജില്ല, സംസ്ഥാനതലത്തിൽ) കാരണങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുകയും ഇവയിൽ മെച്ചപ്പെടുത്താൻ പറ്റുന്ന മേഖലകളിൽ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ ആരോഗ്യവകുപ്പ് കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി ചികിത്സാ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, ആരോഗ്യ വിദ്യാഭ്യാസം നൽകുക, ആരോഗ്യ പ്രവർത്തകർക്കുള്ള വിവിധങ്ങളായ പരിശീലനപ്രവർത്തനങ്ങൾ നടപ്പാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ ആരോഗ്യവകുപ്പ് നടത്തിവരുന്നു.

ഗർഭിണികളിലെ പോഷകാഹാരക്കുറവും മറ്റ് ആരോഗ്യ പ്രശ്നങ്ങളും ശിശുമരണങ്ങൾക്ക് കാരണമായേക്കാം. ആയതിനാൽ ഇവരിലെ പോഷകാഹാരവും ആരോഗ്യവും മെച്ചപ്പെടുത്തുന്നതിന് പ്രത്യേക ശ്രദ്ധ നൽകിവരുന്നു. ഗർഭിണികളെ ആദ്യത്തെ മൂന്നുമാസത്തിനുള്ളിൽത്തന്നെ കണ്ടെത്തി അവശ്യപരിചരണം നൽകാൻ നിർദ്ദേശം നൽകി നടപ്പാക്കി വരുന്നു. കണ്ടെത്തിയ ഗർഭിണികളെ ആഴ്ചയിൽ 5 ദിവസവും ദിവസേന ഒരാൾ വീതം (ജെ.പി.എച്ച്.എൻ, ആശ വർക്കർ, ടൈബൽ പ്രമോട്ടർ, കുടുംബശ്രീ ആനിമേറ്റർ, അംഗൻവാടി വർക്കർ) ഗൃഹസന്ദർശനം നടത്തുകയും ചെക്ക് ലിസ്റ്റ് പ്രകാരം Danger Signs ഉണ്ടോയെന്നും ഭക്ഷണം പാകം ചെയ്ത് കൃത്യമായി കഴിക്കുന്നുണ്ടോയെന്നും മരുന്നുകൾ കൃത്യമായി കഴിക്കുന്നുണ്ടോയെന്നും നിരീക്ഷിക്കുകയും ചെയ്തുവരുന്നു. ഗർഭിണികളിലെ പോഷകാഹാരക്കുറവിന്റെ തോത് കുറയ്ക്കുന്നതിനായി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നതിൽ ഗർഭിണികളിൽ അനീമിയയുടെയും ശ്വക്കുറവിന്റെയും തോത് കുറച്ച് അതിലൂടെ ഗർഭാവസ്ഥയുടെ സങ്കീർണ്ണതകളും നവജാത ശിശുമരണ നിരക്കും കുറഞ്ഞ് വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. Danger Signs ഉള്ളവരെ ഡോക്ടറെ കാണിക്കാനായി ആശുപ്രതിയിലേയ്ക്ക് കൊണ്ടുവരികയും ഇവരെ പാലക്കാട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റുമായി ചർച്ച ചെയ്ത് അവരുടെ നിർദ്ദേശപ്രകാരം വേണ്ട ചികിത്സ നൽകുകയും റഫർ ചെയ്യേണ്ടവരെ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നുണ്ട്. ജെ.പി.എച്ച്.എൻ, ആശാ വർക്കർ, ടൈബൽ പ്രമോട്ടർ, കുടുംബശ്രീ ആനിമേറ്റർ, അംഗൻവാടി വർക്കർ എന്നീ ജീവനക്കാർ ആഴ്ചതോറുമുള്ള ഗൃഹസന്ദർശനം നടത്തിയതിന്റെ റിപ്പോർട്ടുകൾ സബ് സെന്ററിൽ വച്ച് അവലോകനം നടത്തുകയും ആയത് എല്ലാ വെള്ളിയാഴ്ചയും സബ് കളക്ടറുടെ നേതൃത്വത്തിൽ വിശകലനം നടത്തുകയും ചെയ്യുന്നുണ്ട്.

വീട്ടിലെ പ്രസവം ഒഴിവാക്കാനായി എസ്.റ്റി. പ്രൊമോട്ടർ, ആശാ വർക്കർ, ഐ.സി.ഡി.എസ്. വർക്കർ, കുടുംബശ്രീ ആനിമേറ്റർ, എക്സൈസ് വകുപ്പ്, ജനമൈത്രി പോലീസ് എന്നിവരുടെ സഹായത്തോടെ പ്രസവ തീയതിക്ക് രണ്ടാഴ്ച

മുമ്പുതന്നെ കോട്ടത്തറ ആശുപത്രിയിൽ അഡ്മിറ്റാക്കുകയും പ്രത്യേക പരിചരണം നൽകുകയും ചെയ്തുവരുന്നു. ഇതിനായി ഇവിടെ 24 മണിക്കൂറും ഗൈനക്കോളജിസ്റ്റ്, ശിശുരോഗവിദഗ്ധൻ, അനസ്തെറ്റിസ്റ്റ് എന്നിവരുടെ സേവനം ലഭ്യമാണ്. ഗർഭിണികൾക്കുവേണ്ടി ODK (Online Data Kit) എന്ന ആപ്പ് ഉപയോഗിച്ച് സർവ്വേ നടത്തുകയും ഹൈറിസ്ക് കണ്ടെത്തി വേണ്ട ചികിത്സയും പോഷകപ്രദമായ ആഹാരവും നൽകുകയും ചെയ്യുന്നുണ്ട്.

അട്ടപ്പാടിയിൽ ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികളുടെ എണ്ണം കുറഞ്ഞുവരുന്നുണ്ട്. നിലവിൽ മുലപ്പാൽ ശ്വാസനാളത്തിൽ കയറി ശ്വാസതടസ്സം വന്ന് കുഞ്ഞുങ്ങൾ മരണപ്പെടുന്ന സംഭവങ്ങൾ ഉണ്ടാകുന്നതിനാൽ മുലയൂട്ടലിനെക്കുറിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുകയും 3 മാസംവരെ മുലയൂട്ടുന്ന അമ്മമാരുടെ പരിചരണവുമായി ബന്ധപ്പെട്ട് അട്ടപ്പാടിയിലെ 3 പഞ്ചായത്തുകളിലും നഴ്സുമാരെ നിയമിച്ചിട്ടുണ്ട്.

രോഗബാധിതരായ കുഞ്ഞുങ്ങളെ എത്രയും പെട്ടെന്ന് ആശുപത്രിയിലേയ്ക്ക് എത്തിച്ച് ചികിത്സിക്കുന്നതിനും ഡിസ്ചാർജ്ജ് ചെയ്യുമ്പോൾ ഫീൽഡ് സ്റ്റാഫുകളെ അറിയിച്ച് നിരന്തരം നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും നടപ്പാക്കുന്നുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ വിദഗ്ധ ചികിത്സയ്ക്കായി കോയമ്പത്തൂർ മെഡിക്കൽ കോളേജിൽ എത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 'ഇ-സഞ്ജീവനി' മുഖാന്തരം ശിശുരോഗ വിദഗ്ധൻ, ഗൈനക്കോളജിസ്റ്റ്, ത്വക്കുരോഗ വിദഗ്ധൻ എന്നിവരുടെ സേവനം ഉറപ്പുവരുത്തുന്നുണ്ട്. അഗളി, അട്ടപ്പാടി, പുതൂർ എന്നിവിടങ്ങളിൽ NRC (ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ സെന്റർ) പ്രവർത്തിച്ചുവരുന്നു. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ 24 മണിക്കൂറും ആംബുലൻസ് സൗകര്യം ലഭ്യമാണ്. ഇതുകൂടാതെ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ മുഖേന ദുർഘടപ്രദേശങ്ങളിൽ ഗർഭിണികൾക്ക് ആവശ്യമായ വൈദ്യസഹായം ലഭ്യമാക്കുന്നു.

കോട്ടത്തറ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ കുട്ടികളുടെ ക്ഷേമത്തിനും ചികിത്സയ്ക്കുമായി Special Newborn Care Unit പ്രവർത്തിച്ചുവരുന്നു. നവജാതശിശുക്കളിലെ വൈകല്യങ്ങൾ കണ്ടുപിടിക്കുന്നതിനും ജനിതകരോഗങ്ങളുടെ സ്ക്രീനിംഗിനും ഇവിടെ സൗകര്യമുണ്ട്.

കൂടാതെ വനിതാ ശിശുവികസന വകുപ്പ് മുഖേന നിരവധി ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. അന്നപൂരക പോഷകാഹാര പദ്ധതിപ്രകാരം അന്നപൂരക പോഷകാഹാരം ഐ.സി.ഡി.എസ്. ഗുണഭോക്താക്കൾക്ക് കൃത്യമായി വിതരണം ചെയ്തുവരുന്നു. 6 മാസം മുതൽ 6 വയസ്സ് വരെയുള്ള കുട്ടികൾ, ഗുരുതര പോഷകാഹാരക്കുറവുള്ള കുട്ടികൾ, ഗർഭിണികൾ, പാലൂട്ടുന്ന അമ്മമാർ എന്നിവരാണ് ഐ.സി.ഡി.എസ്.

ഗുണഭോക്താക്കൾ. ഗർഭാവസ്ഥ മുതൽ കുഞ്ഞിന് 2 വയസ്സുവരെയുള്ള കാലഘട്ടത്തിൽ കുഞ്ഞിന്റെ സമഗ്ര വികസനം ലക്ഷ്യംവച്ച് നടപ്പാക്കുന്ന പദ്ധതിയാണ് ആദ്യ 1000 ദിന പരിപാടി. പ്രസ്തുത പരിപാടിയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന ഗർഭിണികൾക്കും പാലൂട്ടുന്ന അമ്മമാർക്കും പ്രത്യേക തെറാപ്യൂട്ടിക് ഫുഡ് വിതരണം ചെയ്യുവരുന്നു. അട്ടപ്പാടിയിൽ 2013 മുതൽ നടപ്പാക്കിവരുന്ന കമ്മ്യൂണിറ്റി കിച്ചൺ പദ്ധതിയിലൂടെ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, കുട്ടികൾ, കൗമാരപ്രായക്കാരായ കുട്ടികൾ, ഭിന്നശേഷിക്കാർ, കിടപ്പുരോഗികൾ, വൃദ്ധർ, വിധവകൾ തുടങ്ങിയവർക്ക് പദ്ധതിയുടെ ഭാഗമായി പാകം ചെയ്ത ഭക്ഷണം കമ്മ്യൂണിറ്റി കിച്ചണിലൂടെ വിതരണം ചെയ്യുന്നു. അട്ടപ്പാടി മേഖലയിൽ ശിശുമരണനിരക്ക് നിയന്ത്രണവിധേയമാക്കുന്നതിനും വളർച്ചാ മുരടിപ്പ് തടയുന്നതിനും വകുപ്പിലൂടെ നടപ്പാക്കുന്ന തൽസമയ വളർച്ചാ നിരീക്ഷണ ഓൺലൈൻ സംവിധാനങ്ങളാണ് ജാതക് ജനനി, Poshan Tracker എന്നിവ. ഈ സംവിധാനങ്ങളിലൂടെ എല്ലാ കുട്ടികളുടെയും തൂക്കം, ഉയരം എന്നിവ നോക്കി ആപ്ലിക്കേഷനിൽ രേഖപ്പെടുത്തി വളർച്ച വിലയിരുത്തുന്നുണ്ട്. അട്ടപ്പാടിയിലെ ആദിവാസി ജനങ്ങളുടെ പോഷണക്കുറവ് കുറയ്ക്കാനും ആരോഗ്യപോഷണ നിലവാരം ഉയർത്തുന്നതിനും ജീവിതശൈലിയിലുണ്ടാകേണ്ട മാറ്റങ്ങൾ ജനങ്ങളുടെ ഇടയിൽ ബോധവൽക്കരിക്കാനുമായി ഓരോ ഊരുകളും കേന്ദ്രീകരിച്ച് പെൺകൂട്ടിക കൂട്ട സംഘങ്ങൾ അട്ടപ്പാടിയിൽ രൂപീകരിച്ചു.

അട്ടപ്പാടിയിലെ കൗമാരപ്രായക്കാരായ കുട്ടികളുടെ മാനസിക ശാരീരിക വികാസം ലക്ഷ്യമിട്ട് സൈക്കോ സോഷ്യൽ പദ്ധതിപ്രകാരം തെരഞ്ഞെടുത്ത സ്കൂളുകളിൽ സ്കൂൾ കൗൺസിലർമാർ മുഖേന കൗൺസിലിംഗ് നൽകിവരുന്നുണ്ട്. ഇവർക്ക് കാലിക പ്രാധാന്യമുള്ള വിവിധ വിഷയങ്ങളിൽ അങ്കണവാടികളോട് അനുബന്ധിച്ചുള്ള അഡോളസെന്റ് ക്ലബ്ബുവഴി ബോധവൽക്കരണ ക്ലാസ്സുകൾ നൽകിവരുന്നുണ്ട്.

കേരളത്തിലെ കുട്ടികളുടെ പോഷകാഹാര നിലവാരം ഉയർത്തുന്നതിനും കുട്ടികളിലെ വളർച്ചാ മുരടിപ്പ്, ഭാരക്കുറവ് എന്നിവ പരിഹരിക്കുന്നതിനുമായി അങ്കണവാടി പ്രീ സ്കൂൾ കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസം മുട്ടയും രണ്ട് ദിവസം പാലും അങ്കണവാടി മെനുവിൽ ഉൾപ്പെടുത്തുന്ന " പോഷകബാല്യം' പദ്ധതി സംസ്ഥാനത്തെ എല്ലാ അങ്കണവാടികളിലും ആരംഭിച്ചിട്ടുണ്ട്.

ഗർഭിണികളിലെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി THR – (Take Home Ration) എന്ന രീതിയിലും ഭക്ഷ്യപദാർത്ഥങ്ങൾ നൽകിവരുന്നു. ഇതുകൂടാതെ ട്രൈബൽ വകുപ്പ് അവരുടെ പദ്ധതികളിലൂടെയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) അട്ടപ്പാടിയിലെ ശിശുമരണങ്ങൾ തടയാൻ നടപടികളെടുത്തിട്ടും 2022 സെപ്റ്റംബർ മാസത്തിൽ രണ്ട് കുഞ്ഞുങ്ങൾ മരണമടഞ്ഞ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ?

2022 സെപ്റ്റംബർ മാസത്തിൽ അട്ടപ്പാടി മേഖലയിൽ 2 ശിശുമരണങ്ങൾ സംഭവിച്ചിട്ടുണ്ട്.

1) പുളൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ താമസിക്കുന്ന 40 വയസ്സുള്ള സരോജിനി സുരേന്ദ്രൻ എന്ന ഗർഭിണിയായ സ്ത്രീയെ ഉയർന്ന രക്തസമ്മർദ്ദത്തെത്തുടർന്ന്, കോട്ടത്തറ ടൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പ്രവേശിപ്പിക്കുകയും രക്തസമ്മർദ്ദം നിയന്ത്രണവിധേയമാകുകയും ചെയ്തു. വീണ്ടും ഉയർന്ന രക്തസമ്മർദ്ദത്തെത്തുടർന്ന് 2022 ആഗസ്റ്റ് 24-ന് കോട്ടത്തറ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. കോട്ടത്തറ ആശുപത്രിയിൽ ചികിത്സയിലിരിക്കെ 2022 സെപ്റ്റംബർ 6-ന് മരുന്നുകൾ നൽകിയിട്ടും രക്തസമ്മർദ്ദം ഉയർന്നനിലയിൽത്തന്നെ തുടരുന്ന സാഹചര്യത്തിൽ തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്യുകയുണ്ടായി.

തൃശ്ശൂർ മെഡിക്കൽ കോളേജിൽ അന്നേ ദിവസം തന്നെ (6 മാസം ഗർഭാവസ്ഥ) അമ്മയുടെ അവസ്ഥ പരിഗണിച്ച് സിസേറിയൻ ശസ്ത്രക്രിയ ചെയ്യുകയും 990 ഗ്രാം ഭാരമുള്ള കുഞ്ഞിനെ നവജാതശിശുക്കളുടെ തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു. വെന്റിലേറ്റർ, ഓക്സിജൻ, ആന്റിബയോട്ടിക്കുകൾ, മറ്റു പോഷകങ്ങൾ എന്നിവ നൽകിയിട്ടും ശ്വാസകോശസംബന്ധമായ ഗുരുതരപ്രശ്നങ്ങൾ (Severe Respiratory Distress, Pulmonary Haemorrhage) രൂപപ്പെടുകയും 2022 സെപ്റ്റംബർ 7-ന് ശിശു മരണപ്പെടുകയും ചെയ്തു.

2) പുളൂർ പ്രാഥമികാരോഗ്യകേന്ദ്രത്തിന്റെ പരിധിയിൽ താമസിക്കുന്ന ഗർഭിണിയായ 21 വയസ്സുള്ള ശാന്തി ഷൺമുഖൻ എന്ന സ്ത്രീയെ സ്വർണ്ണഗധ സബ് സെന്ററിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയിൽ പരിശോധനകൾ നടത്തിവരവെ 2022 സെപ്റ്റംബർ 10-ന് (8 മാസം ഗർഭാവസ്ഥ) ജന്നി (Seizures) ലക്ഷണങ്ങളോടെ സ്വകാര്യ ആശുപത്രിയിലും തുടർന്ന് കോയമ്പത്തൂർ മെഡിക്കൽകോളേജിലും പ്രവേശിപ്പിച്ചു. അമ്മയുടെ അവസ്ഥ പരിഗണിച്ച് 2022 സെപ്റ്റംബർ 11-ന് സിസേറിയൻ ശസ്ത്രക്രിയ ചെയ്യുകയും 1145 ഗ്രാം ഭാരമുള്ള കുഞ്ഞിനെ നവജാതശിശുക്കളുടെ തീവ്രപരിചരണവിഭാഗത്തിൽ പ്രവേശിപ്പിക്കുകയും ചെയ്തു. വെന്റിലേറ്റർ, ഓക്സിജൻ, ആന്റിബയോട്ടിക്കുകൾ, മറ്റു പോഷകങ്ങൾ എന്നിവ നൽകിയിട്ടും ശ്വാസകോശ സംബന്ധമായ ഗുരുതര പ്രശ്നങ്ങൾ രൂപപ്പെടുകയും 2022 സെപ്റ്റംബർ 14-ന് ശിശു മരണപ്പെടുകയും ചെയ്തു.

(സി) അട്ടപ്പാടിയിലെ ശിശുമരണങ്ങളുടെ കാരണങ്ങളെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

അട്ടപ്പാടി മേഖലയിൽ ശിശുമരണം സംഭവിക്കുന്നതിനെക്കുറിച്ച് ആരോഗ്യ വകുപ്പ് പ്രത്യേക പഠനം നടത്തിയിട്ടില്ല. എന്നാൽ ഓരോ മരണം സംഭവിക്കുമ്പോഴും മരണം സംഭവിക്കാനുള്ള കാരണങ്ങൾ വിശദമായി അവലോകനം ചെയ്യാറുണ്ട്. ഒഴിവാക്കാൻ പറ്റുമായിരുന്ന കാരണങ്ങൾ കണ്ടുപിടിക്കാനും അവ ആവർത്തിക്കാതിരിക്കാനുമാണ് ഇപ്രകാരം വിശദമായ Death Audit നടത്തുന്നത്.

നല്ല ഭക്ഷണം നാടിന്റെ അവകാശം ക്യാമ്പയിൻ

11 (*161) ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. പി. പി. സുമോദ്:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യവിഷബാധ ആവർത്തിക്കാതിരിക്കാൻ സർക്കാർ ഫലപ്രദമായ ഇടപെടൽ നടത്തിയിരുന്നോ; നല്ല ഭക്ഷണം നാടിന്റെ അവകാശമെന്ന ക്യാമ്പയിൻ സംഘടിപ്പിച്ചിരുന്നോ?

സംസ്ഥാനത്ത് ജനങ്ങൾക്ക് സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണം ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരം ഇടപെടലുകൾ നടത്തി വരുന്നു. ഭക്ഷ്യവിഷ ബാധപോലെയുള്ള അടിയന്തര സാഹചര്യങ്ങളിൽ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിന് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിൽ 24 മണിക്കൂറും പ്രവർത്തനസജ്ജമായ Quick Response Team (QRT) എല്ലാ ജില്ലകളിലും പ്രവർത്തിച്ചുവരുന്നു. ഭക്ഷ്യസുരക്ഷ സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും പരാതി സ്വീകരിക്കുന്നതിനായി ജി.സി.സി. (ഗവൺമെന്റ് കോൺടാക്ട് സെന്റർ) മുഖേന പ്രവർത്തിപ്പിച്ചുവരുന്ന ടോൾഫ്രീ നമ്പർ (1800 425 1125) സംസ്ഥാനത്ത് നിലവിലുണ്ട്.

നല്ല ഭക്ഷണം നാടിന്റെ അവകാശം എന്ന ക്യാമ്പയിൻ ഈ സർക്കാരിന്റെ കാലത്ത് ഏറ്റവും വലിയ പ്രാധാന്യത്തോടെ ആവിഷ്കരിച്ച ഒന്നാണ്. ഇതിന്റെ ഭാഗമായി പരിശോധനകൾ ഉൾപ്പെടെ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിന് പ്രധാനമായും മൂന്നുരീതിയിലാണ് ഭക്ഷ്യസുരക്ഷാ വകുപ്പ് നടപടികൾ സ്വീകരിക്കുന്നത്.

- എൻഫോഴ്സ്മെന്റ് നടപടികൾ
- ഭക്ഷണവുമായി ബന്ധപ്പെട്ട ജോലികളിൽ ഏർപ്പെട്ടിട്ടുള്ളവർക്കുള്ള പരിശീലനം
- പൊതുജനങ്ങൾക്കും ഭക്ഷ്യസംരംഭകർക്കും ബോധവൽക്കരണ പരിപാടികൾ

ഫുഡ് ബിസിനസ് സ്ഥാപനങ്ങളിലെ പരിശോധന

ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി 2021 ഏപ്രിൽ മുതൽ 2022 ഒക്ടോബർ വരെയുള്ള കാലയളവിൽ 75230 ഭക്ഷ്യ പരിശോധനകൾ നടത്തുകയും 11407 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അനലിറ്റിക്കൽ ലാബുകളിൽ പരിശോധിച്ചതിൽ 583 സാമ്പിളുകൾ Unsafe ആയും 237 സാമ്പിളുകൾ Substandard ആയും 307 സാമ്പിളുകൾ Misbranded ആയും പരിശോധനാ ഫലം ലഭ്യമായിട്ടുണ്ട്. ഈ കാലയളവിൽ 521 പ്രോസിക്യൂഷൻ കേസുകളും 544 അഡ്ജ്യൂഡിക്കേഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട്.

പരിശോധനയുടെ ഭാഗമായി ശേഖരിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ശാസ്ത്രീയ പരിശോധനകൾക്കായി NABL അക്രെഡിറ്റേഷൻ ലഭ്യമായിട്ടുള്ള മൂന്ന് ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളും പത്തനംതിട്ട, കണ്ണൂർ ജില്ലകളിലായി രണ്ട് ഫുഡ് ടെസ്റ്റിംഗ് ലാബുകളും വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്നു. ഇതിന് പുറമെയാണ് 14 ജില്ലകളിലും പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന ഭക്ഷ്യ പരിശോധനാ ലബോറട്ടറികൾ. ലാബുകളിൽനിന്നും ലഭിക്കുന്ന പരിശോധനാ വിവരങ്ങൾ നിരന്തരം വിശകലനങ്ങൾക്ക് വിധേയമാക്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിന് ഏറ്റവും ഉചിതമായ നടപടികൾ വകുപ്പ് സ്വീകരിച്ചുവരുകയും ചെയ്യുന്നു.

ഭക്ഷ്യസുരക്ഷാ ലൈസൻസ് & രജിസ്ട്രേഷൻ

2021-22 കാലയളവിൽ ആകെ 111885 ഭക്ഷ്യസംരംഭകർക്ക് ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനുകളും 28256 ഭക്ഷ്യസംരംഭകർക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസുകളും നൽകിയിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ നാളിതുവരെ 107174 രജിസ്ട്രേഷനുകളും 23552 ലൈസൻസുകളും നൽകിയിട്ടുണ്ട്.

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരം ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, തട്ടുകടകൾ, മറ്റ് ഭക്ഷ്യോൽപ്പാദന കേന്ദ്രങ്ങൾ എന്നിവയിലെ ഭക്ഷണപദാർത്ഥങ്ങൾ കൈകാര്യം ചെയ്യുന്ന തൊഴിലാളികൾക്കും ഭക്ഷ്യസംരംഭകർക്കും കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി നിഷ്കർഷിക്കുന്ന FoSTaC Training (Food Safety Training and Certification) സംസ്ഥാനത്ത്

നടപ്പാക്കിവരുന്നു. ആയതിന്റെ ഭാഗമായി 2021 ഏപ്രിൽ മുതൽ 2022 നവംബർവരെ 306 ടെയിനിംഗ്രകളിലായി ആകെ 12252 ഭക്ഷ്യ സംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി. 2022-23 കാലഘട്ടത്തിൽ 70 ടെയിനിംഗ്രകളിലായി ആകെ 2841 ഭക്ഷ്യസംരംഭകർക്ക് പരിശീലനം നൽകുകയുണ്ടായി.

IEC പ്രവർത്തനങ്ങൾ

(i) സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമപഞ്ചായത്ത് പദ്ധതി

കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ സമ്പൂർണ്ണ ഭക്ഷ്യസുരക്ഷ ഉറപ്പാക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച സമ്പൂർണ്ണ ഭക്ഷ്യസുരക്ഷാ ഗ്രാമ പഞ്ചായത്ത് പദ്ധതി സംസ്ഥാനത്ത് മൊത്തം 433 പഞ്ചായത്തുകളിൽ ഇതിനോടകം നടപ്പാക്കിക്കഴിഞ്ഞു. 2022-23 സാമ്പത്തിക വർഷം 140 ഗ്രാമപഞ്ചായത്തുകളിൽക്കൂടി പദ്ധതി നടപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ii) സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് @ സ്കൂൾ (SNF@School)

സ്കൂൾ കുട്ടികളിൽ സുരക്ഷിതവും ആരോഗ്യകരവുമായ ഭക്ഷണശീലങ്ങൾ വളർത്തിയെടുക്കുന്നതിനുവേണ്ടി ആവിഷ്കരിച്ച സേഫ് ആൻഡ് ന്യൂട്രീഷ്യസ് ഫുഡ് @ സ്കൂൾ പദ്ധതി സംസ്ഥാനത്ത് മൊത്തം 1603 സ്കൂളുകളിൽ നടപ്പാക്കിക്കഴിഞ്ഞു. 2022-23 സാമ്പത്തിക വർഷത്തിൽ 500 സ്കൂളുകളിൽക്കൂടി ഈ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റുമായി ചേർന്ന് തയ്യാറാക്കിയ ധാരണാപത്രപ്രകാരം 2022-2023 സാമ്പത്തിക വർഷത്തിൽ സുരക്ഷിതമായ ഭക്ഷണം ഉറപ്പാക്കുന്നതിനുള്ള പദ്ധതികളായ FoSTaC Training, RUCO (Repurpose Used Cooking Oil), Hygiene Rating, Eat Right Campus, Eat Right School, Fortification Training and Awareness, Clean Street Food Hub എന്നിവ നടപ്പാക്കിവരുന്നു.

അതോടൊപ്പം വൃത്തിഹീനമായ സാഹചര്യത്തിലുള്ള ഷവർമ്മ നിർമ്മാണവും വിൽപ്പനയും ഭക്ഷ്യവിഷബാധയ്ക്ക് കാരണമാക്കുമെന്നതിനാൽ ഷവർമ്മ നിർമ്മാണത്തിലും വിൽപ്പനയിലും വൃത്തിയും സുരക്ഷയും ഉറപ്പാക്കുന്നതിനായി, 25-8-2022-ലെ സ.ഉ.(സാധാ) 2113/2022/ആ.ക.വ. പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) ഹോട്ടലുകളും ബേക്കറികളും പഴച്ചാർ വിൽക്കുന്ന കടകളും ഉൾപ്പെടെ ഭക്ഷ്യ സ്ഥാപനങ്ങളെല്ലാം രജിസ്ട്രേഷനോ ലൈസൻസോ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

ഹോട്ടലുകളും ബേക്കറികളും പഴച്ചാർ വിൽക്കുന്ന കടകളും ഉൾപ്പെടെ ഭക്ഷ്യ സ്ഥാപനങ്ങളെല്ലാം ഭക്ഷ്യസുരക്ഷാ രജിസ്ട്രേഷനോ ലൈസൻസോ നേടിയിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ ഭക്ഷ്യസുരക്ഷാ വകുപ്പ് നിരന്തരമായി പരിശോധനകൾ നടത്തിവരുന്നു. ഈ സർക്കാർ കാലയളവിൽ നാളിതുവരെ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/റസ്റ്റോറന്റുകൾ പഴച്ചാർ വിൽക്കുന്ന കടകൾ എന്നിവ കേന്ദ്രീകരിച്ച് 15037 പരിശോധനകൾ നടത്തുകയും 4397 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുകയും 2417 സ്ഥാപനങ്ങളിൽ നിന്നായി 1,13,54,700 രൂപ പിഴ ഈടാക്കുകയും 334 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിക്കുകയും ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 319 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി അടച്ചിടുകയും 33 സ്ഥാപനങ്ങൾക്കെതിരെ കേസുകൾ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) വഴിയോരത്തുള്ള തട്ടുകടകൾ വൃത്തിയുള്ള രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ പ്രത്യേകം നടപടിയെടുത്തിരുന്നോ?

വഴിയോരത്തുള്ള തട്ടുകടകൾ വൃത്തിയുള്ള രീതിയിൽ പ്രവർത്തിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ എല്ലാ സർക്കിൾതലത്തിലും പ്രത്യേക പരിശോധനകൾ നടന്നുവരുന്നു. വഴിയോരക്കടകളുടെ ഭക്ഷ്യഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി രാത്രികാല പരിശോധനകളും പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ചുള്ള പരിശോധനകളും നടത്തിവരുന്നു. കഴിഞ്ഞ മാസങ്ങളിലായി ഇത്തരത്തിലുള്ള 385 സ്പെഷ്യൽ രാത്രികാല പരിശോധനകൾ നടത്തുകയും ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. പരിശോധനകൾ വരും ദിവസങ്ങളിലും തുടരുന്നതാണ്.

വഴിയോരത്തും തെരുവിലും നടന്നുവരുന്ന താൽക്കാലിക ഭക്ഷണശാലകൾ കണ്ടെത്തി അവയുടെ ശുചിത്വ നിലവാരവും ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരവും ഉയർത്തുന്നതിനായി FSSAI നടപ്പാക്കുന്ന പദ്ധതിയാണ് Clean Street Food Hub. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി ഇവയ്ക്കുവേണ്ടി പ്രത്യേകം ഒരു പ്രദേശം കണ്ടെത്തി അവിടെ പരിസരശുചിത്വവും സ്ഥാപനങ്ങളുടെ ശുചിത്വവും ഭക്ഷണ ശാലകളിൽ ജോലിചെയ്യുന്നവരുടെ വ്യക്തിശുചിത്വവും ഉറപ്പാക്കി സർട്ടിഫൈ ചെയ്ത് അംഗീകരിക്കുന്ന ഒരു പരിപാടിയാണിത്. കേരളത്തിൽ കാസർഗോഡ് ജില്ലയിലെ തളങ്കര ബീച്ചിനോട് ചേർന്നുള്ള ഒരുകൂട്ടം തെരുവ് കടകൾ ഇത്തരത്തിൽ സർട്ടിഫൈ ചെയ്തിട്ടുള്ളവയാണ്. സംസ്ഥാനത്തെ മറ്റു ജില്ലകളിലും ഇത്തരത്തിൽ ക്ലീൻ സ്ട്രീറ്റ് ഫുഡ് ഹബ്ബുകൾ നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) പ്രവർത്തന മികവിന്റെ ഫലമായി ഭക്ഷ്യസുരക്ഷാ വകുപ്പിന് ദേശീയതലത്തിൽ അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

സംസ്ഥാന ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റി (FSSAI) വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 2019-20 കാലയളവിൽ ദേശീയ ഭക്ഷ്യസുരക്ഷാ സൂചികയിൽ കേരളത്തിന് നാലാം സ്ഥാനവും 2020-21 കാലയളവിൽ രണ്ടാം സ്ഥാനവും 2021-22 കാലയളവിൽ ആറാം സ്ഥാനവും ലഭിക്കുകയുണ്ടായി. ഇതുകൂടാതെ Eat Right Challenge-ൽ പങ്കെടുത്ത രാജ്യത്തെ 187 നഗരങ്ങളിൽ കേരളത്തിൽനിന്നും പങ്കെടുത്ത തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കാസർഗോഡ് എന്നീ 4 ജില്ലകളും മുൻനിരയിലെത്തി. ഇതിനായുള്ള പ്രശംസാപത്രം ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയിൽനിന്നും ലോക ഭക്ഷ്യസുരക്ഷാ ദിനമായ ജൂൺ 7-ന് ഭക്ഷ്യസുരക്ഷാ കമ്മീഷണർ കൈപ്പറ്റുകയുണ്ടായി.

മത്സ്യത്തിലെ മായം കണ്ടെത്തുന്നതിനും മത്സ്യത്തിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുമായി ഭക്ഷ്യസുരക്ഷാ വകുപ്പ് ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കിയ 'ഓപ്പറേഷൻ സാഗർ റാണി' എന്ന പദ്ധതിക്ക് 2018-ൽ NATIONAL SKOCH അവാർഡ് ലഭിച്ചിരുന്നു.

ലഹരി മാഫിയയുടെ പ്രവർത്തനം തടയാൻ നടപടി

12 (*162) ശ്രീമതി കെ. കെ. രമ:
ശ്രീ. സി. ആർ. മഹേഷ്:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രാഷ്ട്രീയ പാർട്ടികളെ മറയാക്കി ലഹരിമാഫിയ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(ബി) തലശ്ശേരിയിൽ രണ്ടുപേരെ കൊലപ്പെടുത്തിയ കേസിലെ ലഹരിമാഫിയ സംഘത്തിലെ പ്രധാന പ്രതി ലഹരിവിരുദ്ധ ക്യാമ്പയിനിൽ അടക്കം പങ്കെടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) ലഹരിമാഫിയ രാഷ്ട്രീയ പാർട്ടികളെ മറയാക്കി നടത്തുന്നതായി പറയപ്പെടുന്ന പ്രവർത്തനം തടയാൻ കൈക്കൊണ്ട നടപടികൾ വിശദമാക്കാമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. രാജ്യത്ത്, നമ്മുടെ സംസ്ഥാനത്തുൾപ്പെടെ ലഹരിയുടെ ഉപയോഗം വർദ്ധിക്കുന്നതും അതോടൊപ്പം അതിർത്തി കടന്ന് ലഹരിവസ്തുക്കൾ കടത്തിക്കൊണ്ടുവരുന്നതും വിദ്യാർത്ഥികളെയും യുവാക്കളെയും ലക്ഷ്യമിട്ട് ഇത്തരം സംഘങ്ങൾ പ്രവർത്തിക്കുന്നതായും അറിവായിട്ടുണ്ട്. ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം അക്രമവാസനകൂടി സൃഷ്ടിക്കുന്നതാകയാൽ അത്തരം അക്രമസംഭവങ്ങളും സംസ്ഥാനത്തുണ്ടായിട്ടുണ്ട്.

ലഹരി പദാർത്ഥങ്ങളുടെ ദുരുപയോഗം നടക്കാനിടയുള്ള സ്ഥലങ്ങൾ കേന്ദ്രീകരിച്ച് എക്സൈസും പോലീസും വനം വകുപ്പും രഹസ്യ നിരീക്ഷണം നടത്തുന്നുണ്ട്. ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും പോലീസും എക്സൈസും നടത്തിവരുന്നു. ലഹരി വർജ്ജനത്തിലൂടെ ലഹരിമുക്ത കേരളം എന്ന ലക്ഷ്യത്തോടെ 2016 മുതൽ സംസ്ഥാനത്ത് വിമുക്തി മിഷൻ പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്ത് സമീപനാളുകളിൽ ലഹരിക്കടത്തും വിൽപ്പനയും പിടിക്കപ്പെടുന്ന പദാർത്ഥത്തിന്റെ അളവും വർദ്ധിച്ചിട്ടുണ്ട്.

ഇത്തരം കുറ്റകൃത്യം ആവർത്തിക്കുന്നവർക്കെതിരെ The Prevention of Illicit Traffic in Narcotic and Psychotropic Substance Act 3(1) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കാൻ വേണ്ട നിയമനടപടികളും NDPS ആക്ട് പ്രകാരം സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്കെതിരെ NDPS നിയമത്തിലെ സെക്ഷൻ 27 പ്രകാരം നടപടിയെടുത്തുവരുന്നു.

NDPS നിയമപ്രകാരം ശിക്ഷിക്കപ്പെടുന്ന ഒരാൾ പിന്നീട് കുറ്റകൃത്യം ആവർത്തിക്കുന്നപക്ഷം പരമാവധി ശിക്ഷയുടെ ഒന്നരയിരട്ടി ശിക്ഷ ലഭിക്കുന്നതിനായി NDPS നിയമത്തിലെ സെക്ഷൻ 31 പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. നിയമത്തിലെ സെക്ഷൻ 31 (എ) പ്രകാരം വിൽപ്പന നടത്തിയതിന് ശിക്ഷിക്കപ്പെടുന്നവർ വീണ്ടും സമാന കുറ്റകൃത്യത്തിലുൾപ്പെടുന്ന പക്ഷം കേസിൽ വധശിക്ഷയും വ്യവസ്ഥയുണ്ട്.

കേസുകളിൽ ശിക്ഷിക്കപ്പെടുന്ന വ്യക്തികളെ സംബന്ധിച്ചും മുമ്പ് ഉൾപ്പെട്ടിട്ടുള്ള ആളുകളെ സംബന്ധിച്ചുമുള്ള വിവരശേഖരണം നടത്തി അവരുടെ ഹിസ്റ്ററി ഷീറ്റ് തയ്യാറാക്കി പോലീസ് സ്റ്റേഷനുകളിലും എക്സൈസ് റേഞ്ച് ഓഫീസുകളിലും ലഭ്യമാകുന്ന ഒരു സംവിധാനം ഏർപ്പെടുത്തിവരുന്നു. ഇതുവഴി ഒരിക്കൽ ശിക്ഷിക്കപ്പെട്ടതോ കേസിൽ ഉൾപ്പെട്ടതോ ആയ ആളുകൾ ഇത്തരം പ്രവൃത്തികളിൽ ആവർത്തിച്ച് ഏർപ്പെടുന്നവരാണെന്ന കാര്യം ബഹുമാനപ്പെട്ട കോടതികളുടെ മുമ്പിൽ കൊണ്ടുവരാനും കഴിയും.

NDPS ആക്ടിലെ വകുപ്പ് 34 പ്രകാരം കേസിൽ പിടിക്കപ്പെടുന്നവരെക്കൊണ്ട് 'കുറ്റകൃത്യം ആവർത്തിക്കുകയില്ല' എന്നുള്ള ബോണ്ട് വയ്പ്പിക്കുന്നതിനുള്ള നടപടികളും കർശനമാക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ടെയിനുകളിലും അതിർത്തി ചെക്ക് പോസ്റ്റുകളിലും സ്നിഫർ ഡോഗ് സ്ക്വാഡ് പോലുള്ള സംവിധാനങ്ങളൊരുക്കിയും മയക്കുമരുന്ന് കടത്തിന് കർശന നിയന്ത്രണം കൊണ്ടുവരാനുള്ള നടപടികൾ പരിശോധിച്ചുവരികയാണ്. ലഹരി ഉപയോഗത്തെക്കുറിച്ചും ലഹരിക്കടത്തിനെക്കുറിച്ചും വിവരം നൽകിയാൽ സ്രോതസ്സ് പൂർണ്ണരഹസ്യമായി സൂക്ഷിക്കുന്നതാണ്.

സിന്തറ്റിക്ക് ഡ്രഗ്സിന്റെ വ്യാപനം തടയാൻ നടപടി

13 (*163) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിന്തറ്റിക്ക് ഡ്രഗ്സിന്റെ വ്യാപനം സമൂഹത്തിന് ഭീഷണിയാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവമായി കാണുന്നുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം മയക്കുമരുന്നുകളുടെ വ്യാപനം വർദ്ധിക്കുന്നത് ഗൗരവമായി ഉൾക്കൊണ്ട് ആയത് തടയുന്നതിനുവേണ്ടി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും ബോധവൽക്കരണ പ്രവർത്തനങ്ങളും ഊർജ്ജിതമായി നടത്തിവരുന്നു.

(ബി) സിന്തറ്റിക്ക് ഡ്രഗ്സിന്റെ വർദ്ധിച്ചുവരുന്ന ഉപയോഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന സിന്തറ്റിക് ഡ്രഗ്സിന്റെ ഉപയോഗം നേരിടാൻ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവ് സംഘടിപ്പിച്ച് കൂടുതൽ എൻ.ഡി.പി.എസ്. കേസുകൾ കണ്ടെടുത്തിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളും റിസോർട്ടുകളും കേന്ദ്രീകരിച്ച് മയക്കുമരുന്നുകൾ ഉൾപ്പെട്ട നിശാപാർട്ടികൾ നടക്കുന്നില്ലെന്ന് ഉറപ്പുവരുത്താൻ ടി സ്ഥലങ്ങളിൽ രഹസ്യനിരീക്ഷണം നടത്തിവരുന്നു.

2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ എല്ലാ വിഭാഗം ജനങ്ങളെയും വിവിധ വകുപ്പുകളെയും ഉൾപ്പെടുത്തിക്കൊണ്ട് ഒരു മാസം നീണ്ടുനിന്ന തീവ്രകർമ്മ പരിപാടി നാർക്കോട്ടിക് സ്പെഷ്യൽ ഡ്രൈവ് നടപ്പാക്കുകയുണ്ടായി. അതിന്റെ ഫലമായി കണ്ടെടുക്കുന്ന കേസുകളുടെ എണ്ണത്തിൽ വർദ്ധനവ് വന്നിട്ടുണ്ട്. മയക്കുമരുന്ന് കേസുകളിൽ തുടർച്ചയായി പ്രതിയാകുന്നവരെ കരുതൽ തടങ്കലിൽ വയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വലിയ അളവിലുള്ള മയക്കുമരുന്ന് കറ്റകൃത്യങ്ങളിൽ ആവർത്തിച്ച് ഉൾപ്പെടുന്നവരെ PIT NDPS Act (The Prevention of Illicit Traffic in Narcotic and Psychotropic Substance Act) പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിമുക്തി മിഷൻ മുഖേന ലഹരി ഉപയോഗത്തിനെതിരെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ഫലപ്രദമായ ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്.

(സി) മെഡിക്കൽ സ്റ്റോറുകളിൽ ലഭിക്കുന്ന റോഹിപ്നോൾ പോലുള്ള മരുന്നുകളെ മദ്യത്തിൽ കലർത്തി ഉപയോഗിക്കുന്നവരുടെ എണ്ണം കൂടിയതായി ശ്രദ്ധിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ എന്തൊക്കെ മുൻകരുതൽ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

ഇത്തരം കേസുകൾ നിലവിൽ റിപ്പോർട്ട് ചെയ്തിട്ടില്ല. ലഹരിക്കായി ഉപയോഗപ്പെടുത്താൻ സാധ്യതയുള്ള മരുന്നുകൾ ഡോക്ടർമാരുടെ കുറിപ്പടിയില്ലാതെ നൽകരുതെന്ന് മെഡിക്കൽ സ്റ്റോറുകൾക്ക് നിർദ്ദേശം നൽകുകയും ഡ്രഗ്സ് കൺട്രോൾ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് മെഡിക്കൽ സ്റ്റോറുകളിൽ പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്.

(ഡി) ബാറുകൾക്ക് വ്യാപകമായി ലൈസൻസ് നൽകിയത് സംസ്ഥാനത്ത് മദ്യത്തിന്റെ ലഭ്യത കൂട്ടുന്നതിനും അതുവഴി മദ്യം ഉപയോഗപ്പെടുത്തി നിർമ്മിക്കുന്ന സിന്തറ്റിക്ക് ഡ്രഗ്സിന്റെ വ്യാപനത്തിനും കാരണമായിട്ടുണ്ടെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് ഹോട്ടലുകൾക്ക് വ്യാപകമായി ബാർ ലൈസൻസ് നൽകിയിട്ടില്ല. ത്രീ സ്റ്റാറും അതിനുമുകളിലും സ്റ്റാർ ക്ലാസിഫിക്കേഷൻ യോഗ്യതയുള്ള ഹോട്ടലുകൾക്ക് നിയമാനുസരണം മാത്രമാണ് ബാർ ലൈസൻസ് അനുവദിച്ചിട്ടുള്ളത്. മദ്യം ഉപയോഗപ്പെടുത്തി സിന്തറ്റിക്ക് ഡ്രഗ്സ് നിർമ്മിക്കുന്നതായോ ഉപയോഗിക്കുന്നതായോ പരാതികളോ രഹസ്യ വിവരങ്ങളോ എക്സൈസ് വകുപ്പിന് ലഭിച്ചിട്ടില്ല.

ലൈറ്റ് മെട്രോ പദ്ധതികൾക്ക് അംഗീകാരം

14 (*164) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തും കോഴിക്കോട്ടും ലൈറ്റ് മെട്രോ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ; ഇതിനാവശ്യമായ സമഗ്ര ഗതാഗത പദ്ധതി തയ്യാറാക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഇല്ല. കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിന്റെ 8-4-2021-ലെ കത്തിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും മുൻഗണനാ പദ്ധതികളെക്കുറിച്ച് 8-9-2021-ൽ മുഖ്യമന്ത്രി നടത്തിയ അവലോകന യോഗത്തിലെ തീരുമാനം പരിഗണിച്ചും തിരുവനന്തപുരം, കോഴിക്കോട് ജില്ലകളിൽ കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ ലിമിറ്റഡ് (KRTL) നടപ്പാക്കിവരുന്ന ലൈറ്റ് മെട്രോ/മെട്രോ ലൈറ്റ് പദ്ധതികൾ, മൂന്ന് ഫ്ലൈ ഓവറുകളുടെ നിർമ്മാണം എന്നിവ 1-9-2022-ലെ സ.ഉ. (അച്ചടി) നമ്പർ 43/2022/ഗതാ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്.

NATPAC/ മറ്റ് accredited agencies വഴിയോ പുതിയ Comprehensive Mobility Plan (CMP)-ഉം Alternative Analysis Report (AAR)-ഉം തയ്യാറാക്കി നൽകുന്നതിനനുസരിച്ച് തിരുവനന്തപുരത്തും കോഴിക്കോട്ടും നടപ്പാക്കുന്ന ലൈറ്റ് മെട്രോ പദ്ധതി സംബന്ധിച്ച് കേന്ദ്രസർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചുള്ള പുതുക്കിയ Detailed Project Report (DPR) തയ്യാറാക്കി സമർപ്പിക്കാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ (KMRL) ചുമതലപ്പെടുത്തിയിട്ടുള്ളതുമാണ്.

നിലവിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് പ്രസ്തുത ജില്ലകൾക്കായുള്ള സമഗ്ര ഗതാഗത പദ്ധതി, Alternative Analysis Report എന്നിവ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവൃത്തികൾ നടത്തിവരുന്നു.

(ബി) കൊച്ചി മെട്രോയുടെ രണ്ടാം ഘട്ട പദ്ധതി പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

കൊച്ചി മെട്രോയുടെ രണ്ടാം ഘട്ടത്തിന് സ.ഉ.(അച്ചടി)നമ്പർ 52/2018/ഗതാ. ഉത്തരവുപ്രകാരം സംസ്ഥാന സർക്കാർ 2310 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പദ്ധതിയുടെ വിശദ പദ്ധതിരേഖ (Detailed Project Report-DPR) 2017-ലെ മെട്രോ റെയിൽ പോളിസിക്ക് അനുസൃതമായി

പൂർത്തിയാക്കാൻ കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയം ആവശ്യപ്പെട്ടതുപ്രകാരം പദ്ധതിയുടെ ചെലവ് 1957.05 കോടി രൂപയായി പുനർ നിർണ്ണയിക്കുകയും 7-9-2022-ലെ കേന്ദ്രമന്ത്രിസഭ പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുള്ളതുമാണ്.

നിലവിൽ ജനറൽ കൺസൾട്ടന്റിനെ നിയമിക്കാനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. പദ്ധതിയുടെ നിർമ്മാണപ്രവർത്തനം 2023 മാർച്ച് മാസത്തോടുകൂടി ആരംഭിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഇതുകൂടാതെ പദ്ധതിയുടെ പ്രാരംഭ പ്രവൃത്തികളുടെ ഭാഗമായുള്ള നിർമ്മാണ പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കലും റോഡ് വീതി കൂട്ടുന്ന നടപടികളും അതിവേഗത്തിൽ പുരോഗമിക്കുന്നു.

(സി) പ്രസ്തുത മെട്രോ പദ്ധതികൾ പ്രാവർത്തികമാകുന്നതോടെ പൊതുഗതാഗത രംഗത്തും പൊതുവികസന മേഖലയിലും എന്തെല്ലാം മാറ്റങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

കൊച്ചി മെട്രോ രണ്ടാംഘട്ടം പ്രാവർത്തികമാകുന്നതോടുകൂടി എറണാകുളത്തിന്റെ നഗരഹൃദയത്തെ കേരളത്തിന്റെ വൻകിട ഐ.ടി. ഹബ്ബുമായി ബന്ധിപ്പിക്കാനും ജില്ലാ ആസ്ഥാനവും പ്രധാനപ്പെട്ട ജനവാസ കേന്ദ്രവും പ്രത്യേക സാമ്പത്തിക മേഖല ഉൾപ്പെടുന്ന വ്യവസായ മേഖലയായ കാക്കനാടിനെ നഗരകേന്ദ്രവുമായി ബന്ധിപ്പിക്കാനും സാധിക്കും.

മെട്രോ കടന്നുപോകുന്ന മേഖലകളിൽ മെട്രോ അനുബന്ധ വികസനങ്ങൾ, അതായത് പാർപ്പിട സമുച്ചയങ്ങൾ, വ്യാപാര സമുച്ചയങ്ങൾ, അനുബന്ധ വികസനങ്ങളും അതിനോട് അനുബന്ധിച്ച് നിരവധി തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുന്നതാണ്. ഇതുകൂടാതെ, മാസ്സ് റാപ്പിഡ് ട്രാൻസിറ്റ് പ്രാവർത്തികമാകുന്ന നഗരങ്ങളിൽ അന്തരീക്ഷ മലിനീകരണം, ഗതാഗതക്കുരുക്ക്, വാഹനാപകട നിരക്ക് എന്നിവ കുറയുന്നതാണ്.

അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിൻ

15 (*165) <u>ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ</u>:
<u>ശ്രീ. കെ. ആൻസലൻ</u>:
<u>ശ്രീ. എച്ച്. സലാം</u>:
<u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് ക്യാമ്പയിനിന്റെ ഭാഗമായി വീടുകളിലെത്തി രോഗസാധ്യതാ നിർണ്ണയം നടത്തിയിരുന്നോ; സർവ്വേയിൽ കണ്ടെത്തിയ പ്രധാന കാര്യങ്ങൾ അറിയിക്കാമോ?

സംസ്ഥാന സർക്കാർ നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി ആരംഭിച്ച പദ്ധതിയാണ് പോപ്പുലേഷൻ ബേസ്ഡ് സ്ക്രീനിംഗ് അഥവാ വാർഷിക ആരോഗ്യ പരിശോധന. 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന ഈ ക്യാമ്പയിനിലൂടെ മുപ്പത് വയസ്സിന് മുകളിലുള്ള എല്ലാ വ്യക്തികളുടെയും ജീവിതശൈലീ രോഗങ്ങളെ സംബന്ധിച്ചും അതിലേയ്ക്ക് നയിക്കുന്ന ഹേതുക്കളെക്കുറിച്ചുമുള്ള (Risk Factor) വിവരശേഖരണം നടത്തുന്നതിന് ആശാപ്രവർത്തകരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഈ വിവരങ്ങൾ ഇ-ഹെൽത്ത് തയ്യാറാക്കിയ ഒരു മൊബൈൽ ആൻഡ്രോയിഡ് ആപ്ലിക്കേഷനായ ശൈലി (SHAILI -State Health Application for Intensified Life Style Intervention) മുഖേനയാണ് ശേഖരിക്കപ്പെടുന്നത്. പ്രമേഹം, രക്താദിമർദ്ദം, ഹൃദ്രോഗങ്ങൾ, ശ്വാസകോശ രോഗങ്ങൾ, മറ്റ് ജീവിതശൈലീ രോഗങ്ങൾ, ക്യാൻസറുകൾ എന്നിവയെക്കുറിച്ചുള്ള വിവരശേഖരണമാണ് പ്രാഥമികമായി നടത്തിവരുന്നത്. ഈ രോഗങ്ങളോടൊപ്പം ഈ രോഗങ്ങളിലേയ്ക്ക് നയിക്കുന്ന ജീവിതചര്യകളെക്കുറിച്ചുള്ള വിവരങ്ങളും ശേഖരിക്കപ്പെടുന്നു. രേഖപ്പെടുത്തുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യക്തികളുടെ ആരോഗ്യ നിലവാരത്തെക്കുറിച്ചുള്ള ഒരു സ്കോറിംഗ് നടത്തുകയും സ്കോർ നാലിന് മുകളിലുള്ള വ്യക്തികളെ ജീവിതശൈലീ രോഗപരിശോധനയ്ക്ക് അടുത്തുള്ള ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് പോകാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഇതിലുപരി റിസ്ക് ഫാക്ടർ (രോഗഹേതുക്കൾ) കൂടിയ ആൾക്കാരെ ആരോഗ്യകേന്ദ്രങ്ങളിൽ വച്ച് രോഗസ്ഥിരീകരണം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ഓരോ ആശാപ്രവർത്തകയും അവരുടെ നിയന്ത്രണത്തിലുള്ള എല്ലാ വീടുകളും സന്ദർശിച്ച് വിവരശേഖരണം ശൈലി ആപ്പ് വഴി നടത്തിക്കഴിയുമ്പോൾത്തന്നെ ആ പ്രദേശത്തെ ആരോഗ്യവിവരങ്ങൾ ആരോഗ്യപ്രവർത്തകർക്ക് ലഭ്യമാകുന്നതാണ്. ഓരോ പഞ്ചായത്തിലെയും ആരോഗ്യവിവരങ്ങൾ അവിടത്തെ മെഡിക്കൽ ആഫീസർക്ക് ലഭിക്കുന്നതോടൊപ്പം ജില്ലാതല വിവരങ്ങൾ ജില്ലാ നോഡൽ ആഫീസർക്കും സംസ്ഥാനതല വിവരങ്ങൾ സംസ്ഥാന നോഡൽ ആഫീസർക്കും അവരുടെ ഡാഷ് ബോർഡിൽ കാണാൻ സാധിക്കുന്നതാണ്. ഇതിലൂടെ പ്രാദേശികമായും സംസ്ഥാനതലത്തിലുമുള്ള ജീവിതശൈലീ രോഗങ്ങളുടെ യഥാർത്ഥ കണക്ക് ലഭിക്കുന്നതും ആയത് ഫണ്ട് വിനിമയത്തിനും ആരോഗ്യപദ്ധതികളുടെ ആസൂത്രണത്തിനും ഏറെ സഹായകരമാകുന്നതുമാണ്.

2022 ഡിസംബർ 5-ാം തീയതി ലഭ്യമായ റിപ്പോർട്ടുപ്രകാരം

1) സർവ്വേയ്ക്ക് വിധേയരായ ആളുകളുടെ എണ്ണം - 4923585

2) റിസ്ക് ഫാക്ടറുകൾ കൂടുതൽ ഉള്ളവർ - 928278

3) ക്യാൻസർ സ്ക്രീനിംഗിന് റഫർ ചെയ്തവർ - 317166

4) രക്താദിമർദ്ദം സ്ഥിരീകരിക്കപ്പെട്ടവർ - 529664

5) പ്രമേഹം സ്ഥിരീകരിക്കപ്പെട്ടവർ - 428290

(ബി) ജീവിതശൈലീരോഗ നിയന്ത്രണത്തിന്റെ ഭാഗമായി പ്രമേഹത്തിന്റെ സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് എല്ലാ ജില്ലകളിലും 360 ഡിഗ്രി മെറ്റബോളിക് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ?

ജീവിതശൈലീരോഗങ്ങളുള്ള ഒരു രോഗിക്ക് ആ രോഗവും അതിനെത്തുടർന്നുണ്ടാകുന്ന സങ്കീർണ്ണതകളും ഒരേ കുടക്കീഴിൽ പരിശോധിക്കാൻ കഴിയുന്ന ഒരു നൂതന സംവിധാനമാണ് '360 ഡിഗ്രി മെറ്റബോളിക് സെന്റർ'. എറണാകുളം ജനറൽ ആശുപത്രിയിൽ പരീക്ഷണാടിസ്ഥാനത്തിൽ ആരംഭിച്ച 360 ഡിഗ്രി മെറ്റബോളിക് സെന്ററിലൂടെ ഏറെ പ്രത്യാശ നൽകുന്ന നേട്ടങ്ങളാണ് കൈവരിക്കാൻ സാധിച്ചത്. ഈ ചികിത്സാ കേന്ദ്രത്തിൽ പ്രവേശിക്കുന്ന ഒരു രോഗി രക്തത്തിലെ പഞ്ചസാരയുടെ അളവും രക്തസമ്മർദ്ദവും പരിശോധിച്ചശേഷം തൊട്ടടുത്ത കൗണ്ടറിനുകളിൽ സജ്ജീകരിച്ചിരിക്കുന്ന നേത്രാന്തരപടലാന്ധത പരിശോധന, വൃക്ക പരിശോധന, ഡയബറ്റിക് ഫൂട്ട് പരിശോധന, ശ്വാസകോശക്ഷമതാ പരിശോധന എന്നിവകൂടി നടത്തിയശേഷം ഡയറ്റീഷ്യന്റെ കൗൺസിലിംഗ് കൂടി കഴിഞ്ഞാണ് ഡോക്ടറെ സന്ദർശിക്കുന്നത്. ഡോക്ടറുടെ പരിശോധനയ്ക്ക് മുമ്പായിത്തന്നെ പ്രമേഹവും അതിനെത്തുടർന്നുണ്ടാകുന്ന സങ്കീർണ്ണതകളുംകൂടി പരിശോധിക്കുന്നതിലൂടെ രോഗനിയന്ത്രണത്തോടൊപ്പംതന്നെ ഇതിന്റെ മൂർദ്ധന്യ രോഗങ്ങളുടെ നിയന്ത്രണംകൂടി സാധ്യമാകുന്നു. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഫണ്ടുകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് ഈ മാതൃക സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിച്ചുവരികയാണ്.

(സി) ഏറെ വ്യാപകമായിട്ടുള്ള രക്താദിമർദ്ദം മറ്റ് രോഗാവസ്ഥകളിലേയ്ക്ക് കടക്കാതെ നിയന്ത്രിക്കുന്നതിന് സൗജന്യമായി മരുന്ന് നൽകുന്നുണ്ടോ?

ഉണ്ട്. ഈ രോഗം നേരത്തെ കണ്ടെത്തുന്നതിനും ചികിത്സ ഉറപ്പാക്കുന്നതിനും സൗജന്യമായി മരുന്നുകൾ നൽകുന്നതിനും സംസ്ഥാന ആരോഗ്യ വകുപ്പിനുകീഴിൽ ജീവിതശൈലീരോഗ നിർണ്ണയ പദ്ധതി നടപ്പാക്കിവരുന്നു. രോഗ സ്ഥിരീകരണം നടത്തുന്ന എല്ലാ രോഗികൾക്കും സൗജന്യമായി ഇതിനുള്ള മരുന്നുകൾ പ്രാഥമികാരോഗ്യതലംവരെ നൽകിവരുന്നു.

(ഡി) ജീവിതശൈലിയിൽ വരുത്തേണ്ട ക്രമീകരണങ്ങൾ സംബന്ധിച്ച് വ്യാപകമായ പ്രചാരണത്തിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

മെഡിക്കൽ കോളേജ്, ഹെൽത്ത് സെന്ററുകൾ എന്നിവ വഴി ജീവിതശൈലീ രോഗങ്ങളിൽ പ്രാവർത്തികമാക്കേണ്ട മാറ്റങ്ങളെക്കുറിച്ച് ബോർഡുകൾ, നോട്ടീസ്, ഹ്രസ്വ വീഡിയോകൾ മുഖേന പ്രചാരണം നടത്തിവരുന്നു. ഇതുകൂടാതെ, ജീവിതശൈലിയിൽ വരുത്തേണ്ട ക്രമീകരണങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ജനങ്ങളിൽ ജീവിതശൈലീ രോഗങ്ങളെക്കുറിച്ചും അവയുടെ നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചും പ്രതിപാദിക്കുന്ന ഒരു സമഗ്ര ക്യാമ്പയിൻ നവകേരള കർമ്മ പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചുവരുന്നു. ചിട്ടയായ വ്യായാമം, ആരോഗ്യകരമായ ഭക്ഷണരീതി, ലഹരിയിൽ നിന്നുള്ള മുക്തി എന്നീ വിഷയങ്ങളിൽ ഊന്നിയാണ് ഹെൽത്തി ലൈഫ് ക്യാമ്പയിൻ എന്ന ഈ സമഗ്ര ആരോഗ്യ ബോധവൽക്കരണ പരിപാടി നടത്താൻ ഉദ്ദേശിച്ചിരിക്കുന്നത്.

കേന്ദ്ര സർക്കാർ പ്രളയബാധിതർക്ക് നൽകിയ സൗജന്യ അരിയുടെ വില

16 (*166)) ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. എം. മണി:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയബാധിതർക്ക് സംസ്ഥാന സർക്കാർ മുഖേന സൗജന്യമായി നൽകിയ അരിയുടെ വില അടിയന്തരമായി നൽകണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. 2018-ലെ പ്രളയ ദുരിതാശ്വാസത്തിനായി കേരളത്തിന് 89540 മെട്രിക് ടൺ അരി കേന്ദ്രം അധികമായി അനുവദിച്ചിരുന്നു. അധികം അരി കേന്ദ്രം അനുവദിച്ച ഇനത്തിൽ 205,80,57,232 രൂപ (ഇരുനൂറ്റി അഞ്ച് കോടി എൺപത് ലക്ഷത്തി അൻപത്തി ഏഴായിരത്തി ഇരുനൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം 19-9-2019-ലെ കത്തുപ്രകാരം ആവശ്യപ്പെട്ടിരുന്നു. 2017-ലെ ഓഖി ചുഴലിക്കാറ്റും 2018, 2019-ലെ പ്രളയം, കോവിഡ്-19 എന്നിവ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയെ വളരെയധികം ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ ടി തുക നൽകുന്നതിൽനിന്ന് സംസ്ഥാനത്തെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ചീഫ് സെക്രട്ടറി 24-9-2020, 7-7-2021, 22-11-2021 എന്നീ തീയതികളിലെ കത്തുകൾ പ്രകാരവും മുഖ്യമന്ത്രി 21-5-2022-ലെ കത്തുപ്രകാരവും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്രസർക്കാർ ഇതുസംബന്ധിച്ച് അനുകൂല നിലപാട് കൈകൊള്ളാത്ത സാഹചര്യത്തിൽ 2018-ലെ പ്രളയത്തിൽ അധികം അരി വിതരണം ചെയ്ത ഇനത്തിൽ 205,80,57,232 രൂപ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് അനുവദിക്കുന്നതിന് 29-11-2022-ലെ സ.ഉ.(സാധാ) നമ്പർ 847/2022/ ഡി.എം.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട്.

(ബി) ദുരന്തകാലത്ത് സഹായിക്കുന്നതിലും വികസന പദ്ധതികൾ അനുവദിക്കുന്നതിലും കേന്ദ്രസർക്കാർ വിവേചനം പുലർത്തുന്നതായുള്ള ആശങ്കകൾക്ക് അടിസ്ഥാനമുള്ളതായി കരുതുന്നുണ്ടോ; വ്യക്തമാക്കാമോ?

ദുരന്ത സാഹചര്യങ്ങളിൽ അനുവദിച്ച ഭക്ഷ്യധാന്യങ്ങൾക്ക്, സംസ്ഥാനത്തിന്റെ തുടർച്ചയായ അഭ്യർത്ഥനകൾ അവഗണിച്ചുകൊണ്ട് വില ഈടാക്കുന്നത് അനുഭാവപൂർണ്ണമായ സമീപനമല്ല.

(സി) വിവിധ വികസന പദ്ധതികൾ മുൻഗണനാടിസ്ഥാനത്തിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

സംസ്ഥാനത്തിന്റെ വികസനത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളെ മുൻഗണനാടിസ്ഥാനത്തിൽ നാല് ബാച്ചുകളായി തരംതിരിച്ചിട്ടുണ്ട്. അതിലെ ഓരോ ബാച്ചുകളിലെ ഓരോരോ പദ്ധതികളുടെയും അവലോകനം മുഖ്യമന്ത്രി നേരിട്ട് നടത്തുകയും പുരോഗതിയുടെ അടിസ്ഥാനത്തിൽ അവ നടപ്പാക്കുന്നതിനുള്ള തുടർനിർദ്ദേശങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും ചെയ്യുന്നുണ്ട്. 30-7-2021-ലെ സ.ഉ.(സാധാ) നമ്പർ 322/2021/പി&ഇ.എ. പ്രകാരം ജില്ലാ വികസന കമ്മീഷണർമാർക്ക് (DDC) അവരവരുടെ ജില്ലകളിലുള്ള മുൻഗണനാ പദ്ധതികളുടെ സസൂക്ഷ്മ നിരീക്ഷണത്തിനുള്ള ഉത്തരവാദിത്വം ഏൽപ്പിച്ചിട്ടുണ്ട്. കൂടാതെ, ടി പദ്ധതികളുടെ നടത്തിപ്പിൽ സർക്കാരിന്റെ നേരിട്ടുള്ള ഇടപെടലോ/തീരുമാനമോ ആവശ്യമായി വരുന്ന വിഷയങ്ങൾ ജില്ലാ കളക്ടർ മുഖാന്തരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 26-2-2022-ലെ സ.ഉ.(സാധാ) നമ്പർ 18/2022/ പി.ഐ.ഇ&എം.ഡി. പ്രകാരം, കാലതാമസമൊഴിവാക്കി പദ്ധതി നിർവ്വഹണം ത്വരിതപ്പെടുത്തുന്നതിന് മുഖ്യമന്ത്രിയുടെ ഓഫീസിൽ ഒരു പദ്ധതി നിർവ്വഹണ സെൽ (PIC) രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നിർവ്വഹണ സെല്ലും പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പും ചേർന്ന് മുൻഗണനാ പദ്ധതികളുടെ ഒരു സംയോജിത നിരീക്ഷണവും അവലോകനവും നടത്തിവരുന്നു. പ്രസ്തുത അവലോകനത്തിൽ മുൻഗണനാ പദ്ധതികളുമായി ബന്ധപ്പെട്ട വകുപ്പുകൾ തമ്മിലുള്ള തർക്കവിഷയങ്ങളും നയപരമായ തീരുമാനങ്ങൾ ആവശ്യമായ കാര്യങ്ങളും ചീഫ് സെക്രട്ടറി തലത്തിൽ പരിശോധിച്ച് പരിഹരിക്കാൻ തക്ക സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ പദ്ധതികളുടെ നിരീക്ഷണവും അവലോകനവും മുഖ്യമന്ത്രിയുടെ പദ്ധതി നിർവ്വഹണ സെല്ലും (PIC), വകുപ്പുകളിലെ നോഡൽ ഓഫീസർമാരും ജില്ലാതലത്തിൽ ജില്ലാ വികസന കമ്മീഷണർമാരും പദ്ധതി നിർവ്വഹണ നിരീക്ഷണ വകുപ്പും യഥാസമയം നടത്തിവരുന്നു.

സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരണം

17 (*167) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) അഴിമതിയുമായി ബന്ധപ്പെട്ട ഫയലുകൾ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് തുടർനടപടിക്കായി കൈമാറാതെ ആഭ്യന്തര വകുപ്പ് തടഞ്ഞുവച്ചതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഫയലുകൾ കൈമാറാത്തത് വിജിലൻസ് ബ്യൂറോയുടെ ദൗത്യനിർവ്വഹണത്തെ പ്രതികൂലമായി ബാധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാതൃകയിൽ സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കണമെന്ന ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശയിന്മേൽ ഇതിനകം സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാതൃകയിൽ സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നത് സംബന്ധിച്ച ബില്ലിന്റെ കരട് കേന്ദ്രസർക്കാർ സംസ്ഥാനങ്ങളുടെ അഭിപ്രായത്തിനായി ലഭ്യമാക്കിയിരുന്നതും സർക്കാർ ഈ വിഷയം പരിശോധിച്ചിരുന്നതുമാണ്. സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിനുള്ള കരട് ബില്ല് സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ അഭിപ്രായം തേടുകയും നിയമപരമായ പരിശോധന നടത്തുകയും ചെയ്തിരുന്നു. സംസ്ഥാന വിജിലൻസ് കമ്മീഷൻ രൂപീകരിച്ചിട്ടുള്ള സംസ്ഥാനങ്ങളിലെ അഴിമതി കേസുകളിൽ കുറവ് സംഭവിച്ചിട്ടുണ്ടോയെന്നും പ്രതികൾ ശിക്ഷിക്കപ്പെടുന്നതിന്റെ തോത് വർദ്ധിച്ചിട്ടുണ്ടോയെന്നും കൂടാതെ വിജിലൻസ് കമ്മീഷൻ രൂപീകരിച്ചശേഷം നിലവിൽ അച്ചടക്ക നടപടി സ്വീകരിച്ചുവരുന്ന കേസുകളിൽ ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പ്, പബ്ലിക് സർവ്വീസ് കമ്മീഷൻ എന്നിവയുടെ ഉത്തരവാദിത്വം സംബന്ധിച്ചും വിജിലൻസ് കമ്മീഷൻ രൂപീകരിച്ചശേഷം ലോകായുക്ത സംവിധാനത്തിന്റെ പ്രവർത്തനം സംബന്ധിച്ചും പരിശോധന നടത്തുന്നതിന് സർക്കാർ തീരുമാനിക്കുകയുണ്ടായി. ഇതിനുപുറമേ സ്റ്റേറ്റ് വിജിലൻസ് കമ്മീഷൻ രൂപീകരിക്കുന്നതിനായി നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ഒന്നാമത്

റിപ്പോർട്ടിൽ ശിപാർശ ചെയ്യുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകൾ പരിശോധിച്ച് അഭിപ്രായം അറിയിക്കുവാൻ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാൻ നടപടി

18 (*168) ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുപ്പത്തിയഞ്ച് ശതമാനത്തിലേറെ പേർക്ക് ജീവിതശൈലീ രോഗമായ പ്രമേഹമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ?

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസും ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും സംയുക്തമായി നടത്തിയ INDIAB എന്ന പഠനത്തിൽ കേരളത്തിൽ 24% പേർക്ക് പ്രമേഹമുള്ളതായും 19% പേർക്ക് പ്രമേഹ രോഗ സാധ്യതയുള്ളതായും കണ്ടെത്തിയിട്ടുണ്ട്. ഏറ്റവും സമഗ്രമായ ഡേറ്റ നവകേരള കർമ്മപദ്ധതി 2-ന്റെ ഭാഗമായി ആർദ്രം മിഷനിലൂടെ നടത്തുന്ന ജീവിതശൈലീ രോഗ സ്ക്രീനിംഗിലൂടെ ലഭ്യമാകുന്നതാണ്.

(ബി) പ്രമേഹം തുടക്കത്തിൽ കണ്ടെത്തുന്നതിനും പ്രമേഹത്തെത്തുടർന്നുണ്ടാകുന്ന സങ്കീർണ്ണ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും ഏതെങ്കിലും പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ?

പ്രമേഹം തുടക്കത്തിൽ കണ്ടെത്തുന്നതിനും പ്രമേഹത്തെത്തുടർന്നുണ്ടാകുന്ന സങ്കീർണ്ണരോഗങ്ങൾ നിയന്ത്രിക്കുന്നതിനും ആരോഗ്യവകുപ്പ് വിവിധ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം എറണാകുളം ജനറൽ ആശുപത്രിയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ 360 ഡിഗ്രി മെറ്റബോളിക് സെന്ററാണ്. ഒരു കുടക്കീഴിൽത്തന്നെ പ്രമേഹവും അതിന്റെ സങ്കീർണ്ണ രോഗങ്ങളായ നേത്രാന്തരപടലാന്ധത, വൃക്കരോഗങ്ങൾ, ഡയബറ്റിക് ഫൂട്ട്, ശ്വാസകോശ പ്രവർത്തനക്ഷമത എന്നിവകൂടി പരിശോധിക്കുന്നതിനുള്ള സംവിധാനം ഈ ക്ലിനിക്കിൽ ഒരുക്കിയിട്ടുണ്ട്. പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും 360 ഡിഗ്രി മെറ്റബോളിക് സെന്റർ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സബ് സെന്ററുകളിലും ജീവിതശൈലീരോഗ നിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിലൂടെ പ്രമേഹം

തുടക്കത്തിൽത്തന്നെ കണ്ടെത്തുകയും ആവശ്യമായ ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ പ്രമേഹ രോഗത്തിന്റെ സങ്കീർണ്ണതകൾ മുൻകൂട്ടി കണ്ടെത്തി നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനങ്ങൾ മെഡിക്കൽ കോളേജുകളിലെ വിവിധ വകുപ്പുകളിലും നടപ്പാക്കിവരുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളുടെ അനുബന്ധ സ്ഥാപനങ്ങളായ യു.എച്ച്.റ്റി.സി, ആർ.എച്ച്.റ്റി.സി. എന്നിവിടങ്ങളിൽ ജീവിതശൈലീരോഗ ക്ലിനിക്ക് വഴി പരിശോധന നടത്തുകയും മരുന്നുകൾ, ഇൻസുലിൻ എന്നിവ സൗജന്യമായി നൽകുകയും ഉപകേന്ദ്രങ്ങൾ വഴി ബോധവൽക്കരണം നടത്തുകയും ചെയ്യുവരുന്നു. ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ ജീവിതശൈലീ ക്യാമ്പുകൾ നടത്തി പരിശോധനയും ബോധവൽക്കരണവും നടത്തുന്നു. എല്ലാ മാസവും തെരഞ്ഞെടുക്കുന്ന ഗവൺമെന്റ്/ പ്രൈവറ്റ് സ്ഥാപനങ്ങളിൽ രോഗനിർണ്ണയം നടത്തുന്നു. കൂടാതെ ആശുപത്രിയിൽ വരുന്ന രോഗികളിൽ 30 വയസ്സിന് മുകളിലുള്ളവർക്ക് സൗജന്യമായി പ്രമേഹം കണ്ടുപിടിക്കാനുള്ള രക്തപരിശോധനയും ദേഹപരിശോധനയും നടത്തുന്നു. ഇതിൽ പ്രമേഹം കണ്ടെത്തുന്നവരെ ജീവിതശൈലീരോഗ ക്ലിനിക്കുവഴി ചികിത്സിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. ടൈപ്പ്-1 പ്രമേഹരോഗമുള്ള കുട്ടികൾക്കായി 'മിഠായി' പദ്ധതിവഴി ചികിത്സ നൽകുന്നു. ആയതിൽ കുഞ്ഞുങ്ങളുടെ രക്തപരിശോധന നടത്തുകയും ആവശ്യാനുസരണം ഇൻസുലിൻ നൽകുകയും ചെയ്യുന്നു. കൂടാതെ ഇൻസുലിൻ പെൻ, ഷുഗർ ലെവൽ മോണിറ്റർ ചെയ്യുന്നതിന് ഗ്ലൂക്കോമീറ്റർ, തുടർച്ചയായ ഷുഗർ പരിശോധനാ സംവിധാനങ്ങൾ എന്നിവയും കുഞ്ഞുങ്ങൾക്ക് നൽകുന്നു.

എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും നടപ്പാക്കിവരുന്ന ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' പദ്ധതിയുടെ ഭാഗമായി 30 വയസ്സിനുമുകളിൽ പ്രായമായവരെ പരിശോധിക്കുന്നതിനും രോഗം സ്ഥിരീകരിച്ചാൽ ചികിത്സ ഉറപ്പാക്കുന്നതിനും സൗജന്യ മരുന്ന് വിതരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ജനസംഖ്യാധിഷ്ഠിതമായി ജീവിതശൈലീ രോഗമുള്ളവരെ കണ്ടെത്തുന്നതിന് ആശാപ്രവർത്തകർ മുഖേന ഗൃഹസന്ദർശനം നടത്തി ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു ക്യാമ്പയിൻ 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന പേരിൽ നടപ്പാക്കിയിട്ടുണ്ട്. ഇ-ഹെൽത്ത് തയാറാക്കിയ 'ശൈലി' എന്ന ആപ്ലിക്കേഷനിലൂടെ രോഗമുള്ളവരെയും രോഗം വരാൻ സാധ്യതയുള്ളവരെയും കണ്ടെത്തി രോഗസ്ഥിരീകരണത്തിന് ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നു. ഈ ക്യാമ്പയിന്റെ ഭാഗമായി 9-12-2022 വരെ സംസ്ഥാനത്ത് 5059952 പേരെ സ്ക്രീനിംഗിന് വിധേയമാക്കിയിട്ടുണ്ട്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് മാതൃകയിൽ എല്ലാ ജില്ലകളിലും ഡയബറ്റിസ് സെന്ററുകൾ തുടങ്ങുന്നതിന്റെ ഭാഗമായി പദ്ധതികൾ സർക്കാരിൽ ആവിഷ്കരിച്ചുവരുന്നു. കേരളത്തെ മൂന്ന് സോണുകളാക്കി തിരിച്ച് ഓരോ സോണിലും പ്രമേഹ ചികിത്സയ്ക്കും പ്രതിരോധ പ്രവർത്തനത്തിനുമുള്ള ടെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുകയും അത് ജില്ലയിലെ ഡയബറ്റിസ് സെന്ററുകളുമായി ബന്ധിപ്പിച്ച്, എല്ലാ ജില്ലകളിലും പ്രമേഹ ചികിത്സയിലും പ്രതിരോധ പ്രവർത്തനങ്ങളിലും സജ്ജരായ ആരോഗ്യപ്രവർത്തകരെ സൃഷ്ടിക്കാനുള്ള ലക്ഷ്യത്തോടെയാണ് പദ്ധതി രൂപകൽപ്പന ചെയ്യുന്നത്.

(സി) ഡയബറ്റിക് ചികിത്സാ സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ?

ഡയബറ്റിക് ചികിത്സാ സൗകര്യങ്ങൾ സംസ്ഥാനത്തുടനീളം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി 360 ഡിഗ്രി മെറ്റബോളിക് സെന്റർ എല്ലാ ആശുപത്രികളിലും വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇൻസുലിൻ ഉൾപ്പെടെയുള്ള പ്രമേഹരോഗ മരുന്നുകൾ മുടക്കംകൂടാതെ എല്ലാ ചികിത്സാ കേന്ദ്രങ്ങളിലും ഉറപ്പാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ജനസംഖ്യാധിഷ്ഠിതമായി കൂടുതൽ ജനങ്ങളിൽ സമഗ്രമായ ആരോഗ്യ വിവര ശേഖരണം നടത്തുന്നതിന് 'ശൈലി' അപ്ലിക്കേഷൻ വഴിയുള്ള ആശാപ്രവർത്തകരുടെ സർവ്വേ സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും വാർഷികാടിസ്ഥാനത്തിൽ നടപ്പാക്കുന്നതാണ്.

ഇ-ഗവേണൻസ് സമ്പ്രദായം

19 (*169) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) ഭരണ നിർവ്വഹണം കാര്യക്ഷമവും സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിൽ ഇ-ഗവേണൻസിന്റെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവ്വത്രികമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് ഇ-ഗവേണൻസ് സമ്പ്രദായം സാർവ്വത്രികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ ഭാഗമായി കേരള സംസ്ഥാന ഐ.ടി. മിഷൻ (KSITM), സംസ്ഥാനത്തെ 79 വിവിധ വകുപ്പുകളുടെ 869 ഓൺലൈൻ

സേവനങ്ങൾ ഇ-സേവനം എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിൽ (https://services.kerala.gov.in/) ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇതോടൊപ്പംതന്നെ എം-സേവനം (m-sevanam) മൊബൈൽ ആപ്ലിക്കേഷനിൽ 79 വകുപ്പുകളുടെ 668 സേവനങ്ങൾ ലഭ്യമാണ്. ജനങ്ങൾക്ക് ഓഫീസുകൾ കയറിയിറങ്ങാതെ വീട്ടിലിരുന്നുകൊണ്ടുതന്നെ സേവനങ്ങൾ സൗജന്യമായി ഉപയോഗപ്പെടുത്താൻ ഇ-സേവനം പോർട്ടൽ, എം-സേവനം മൊബൈൽ ആപ്ലിക്കേഷൻ എന്നിവയിലൂടെ സാധിക്കുന്നു.

സർക്കാർ ഓഫീസുകളിൽ കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ്വർക്ക് (KSWAN) മുഖേനയും പൊതുസ്ഥലങ്ങളിൽ പബ്ലിക്ക് വൈഫൈ പദ്ധതി മുഖേനയും ഇന്റർനെറ്റ് കണക്റ്റിവിറ്റി ഉറപ്പുവരുത്തി ഇ-ഗവേണൻസ് സേവനങ്ങൾ പൊതുജനങ്ങൾക്ക് സുഗമമായി നൽകിവരുന്നു.

സംസ്ഥാനത്ത് ഇ-ഗവേണൻസ് പ്രവൃത്തികൾ കൂടുതൽ തലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി യൂണിഫൈഡ് രജിസ്ട്രി രൂപപ്പെടുത്തിവരുന്നു.

(ബി) സംസ്ഥാനത്തെ പൗരകേന്ദ്രീകൃതമായ ഇ-ഗവേണൻസ് സംവിധാനത്തിന് രാജ്യത്തെ ഏറ്റവും മികച്ച ഇ-സേവന ദാതാവിനുള്ള പുരസ്കാരം ലഭിച്ചിരുന്നോ?

കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് അഡ്മിനിസ്ട്രേറ്റീവ് റീഫോംസ് ആൻഡ് പബ്ലിക് ഗ്രീവൻസെസ് നടത്തിയ പഠനപ്രകാരം (നാഷണൽ ഇ-ഗവേണൻസ് സർവ്വീസ് ഡെലിവറി അസെസ്സ്മെന്റ്) 2019-ലും 2021-ലും ഇ-ഗവേണൻസ് പ്രദാനം ചെയ്യുന്നതിൽ കേരള സംസ്ഥാനത്തിന്റെ പോർട്ടൽ ഒന്നാം സ്ഥാനത്ത് എത്തിയിരുന്നു.

(സി) കെ-ഫോൺ സജ്ജമാക്കിയതുവഴി പൗരകേന്ദ്രീകൃത ഇ-സേവന രീതി കൂടുതൽ ശാക്തീകരിക്കാനാകുമെന്ന് കരുതുന്നുണ്ടോ; പദ്ധതിയുടെ ആദ്യഘട്ടത്തിലെ ഗുണഭോക്താക്കളെ നിർണ്ണയിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തൊട്ടാകെ തെരഞ്ഞെടുക്കപ്പെടുന്ന ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന കുടുംബങ്ങൾക്ക് ഇന്റർനെറ്റ് സൗജന്യമായും മറ്റ് വിഭാഗങ്ങൾക്ക് മിതമായ നിരക്കിലും മുപ്പതിനായിരത്തോളം സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും നൽകാനാണ് കെ-ഫോൺ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി പൂർണ്ണതോതിൽ സജ്ജമാകുമ്പോൾ പൗരകേന്ദ്രീകൃത ഇ-സേവന രീതി കൂടുതൽ ശാക്തീകരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ആദ്യഘട്ടത്തിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനായി ഓരോ നിയമസഭാമണ്ഡലത്തിലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (ബി.പി.എൽ/ദാരിദ്ര്യരേഖയ്ക്ക് താഴെ) 100

ഗുണഭോക്താക്കളെ വീതം ഉൾപ്പെടുത്തി ആകെ 14000 ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്തിന് ആവശ്യമുള്ള റേഷൻ മണ്ണെണ്ണ വിഹിതം

20 (*170) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. ഇ. ചന്ദ്രശേഖരൻ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) മണ്ണെണ്ണ ഉൾപ്പെടെയുള്ള സംസ്ഥാന റേഷൻ വിഹിതത്തിൽ കേന്ദ്ര സർക്കാർ വലിയ തോതിലുള്ള കുറവ് വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്, ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിനുമുമ്പ് അധിക വിഹിതമുൾപ്പെടെ ശരാശരി 16 ലക്ഷം മെട്രിക് ടൺ ധാന്യം പ്രതിവർഷം ലഭ്യമായിരുന്ന സ്ഥാനത്ത് 14.25 ലക്ഷം മെട്രിക് ടൺ ധാന്യമാണ് ഭക്ഷ്യഭദ്രതാ നിയമപ്രകാരം സംസ്ഥാനത്തിന് നിശ്ചയിച്ചിട്ടുള്ളത്. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡി മണ്ണെണ്ണയുടെ വിഹിതത്തിൽ ഓരോ സാമ്പത്തിക വർഷത്തിലും കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ട്. 2022-2023 സാമ്പത്തിക വർഷത്തിൽ ആദ്യ മൂന്ന് പാദങ്ങളിലും 3888 കിലോ ലിറ്റർ മണ്ണെണ്ണയാണ് ലഭ്യമായത്.

(ബി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ റേഷൻ വിഹിതത്തിൽ വരുത്തുന്ന കുറവുമൂലം സംസ്ഥാനത്തിനുണ്ടാകുന്ന ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. കേരളത്തിന് കൂടുതൽ ഭക്ഷ്യധാന്യം അനുവദിക്കണമെന്ന ആവശ്യവുമായി കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ 5 തവണ ബഹുമാനപ്പെട്ട സംസ്ഥാന ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും കേന്ദ്രവുമായി നേരിട്ട് ആശയവിനിമയം നടത്തുകയുണ്ടായി. എന്നാൽ ഭക്ഷ്യധാന്യ വിഹിതം കൂടുതലായി അനുവദിക്കുന്നതിനുള്ള നടപടി കേന്ദ്ര സർക്കാരിൽനിന്നും ഉണ്ടായിട്ടില്ല. കേരളത്തിലേയ്ക്കുള്ള അരി വിഹിതം 2011 സെൻസസിലെ ജനസംഖ്യാടിസ്ഥാനത്തിലാണ് ലഭിക്കുന്നത്. ഇത് ഭക്ഷ്യധാന്യങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളെ ആശ്രയിക്കുന്ന കേരളത്തെ സംബന്ധിച്ച് വലിയ പ്രതിസന്ധി ഉളവാക്കിയിട്ടുണ്ട്.

(സി) മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രസർക്കാർ വരുത്തുന്ന കുറവും മണ്ണെണ്ണയുടെ വില വർദ്ധനവും മത്സ്യബന്ധന, കാർഷിക മേഖലകളെ പ്രതികൂലമായി ബാധിക്കാതിരിക്കുന്നതിന് എന്തെല്ലാം മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

സംസ്ഥാനത്ത് മത്സ്യബന്ധന മേഖലയ്ക്കും കാർഷിക മേഖലയ്ക്കും മണ്ണെണ്ണ നൽകുന്നത് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുന്ന നോൺ-സബ്സിഡി മണ്ണെണ്ണയിൽ നിന്നുമാണ്. ടി മണ്ണെണ്ണ മൊത്തവ്യാപാര നിരക്കിലാണ് വിൽപ്പന നടത്തുന്നത്. മത്സ്യബന്ധന മേഖലയ്ക്ക് പ്രതിമാസം പെർമിറ്റ് അടിസ്ഥാനത്തിൽ 10 എച്ച്.പി. വരെ 129 ലിറ്റർ മണ്ണെണ്ണ, 10 മുതൽ 15 എച്ച്.പി. വരെ 136 ലിറ്റർ മണ്ണെണ്ണ, 15 എച്ച്.പി.-ന്റ് മുകളിൽ 180 ലിറ്റർ മണ്ണെണ്ണയുമാണ് നിലവിൽ അനുവദിച്ചുനൽകുന്നത്. എന്നാൽ ഇത് മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ആവശ്യകതയ്ക്ക് പര്യാപ്തമല്ലെന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ 10 എച്ച്.പി. വരെയുള്ള പെർമിറ്റുകൾക്ക് പ്രതിമാസം 500 ലിറ്റർ മണ്ണെണ്ണയും 10 മുതൽ 15 എച്ച്.പി. വരെയുള്ള പെർമിറ്റുകൾക്ക് പ്രതിമാസം 600 ലിറ്റർ മണ്ണെണ്ണയും 15 എച്ച്.പി.-ന്റ് മുകളിലുള്ള പെർമിറ്റുകൾക്ക് പ്രതിമാസം 800 ലിറ്റർ മണ്ണെണ്ണയും എന്ന അളവിൽ ഒരു മാസത്തിൽ 8398 കിലോ ലിറ്റർ മണ്ണെണ്ണയും അപ്രകാരം ഒരു വർഷത്തിൽ 100776 കിലോ ലിറ്റർ മണ്ണെണ്ണയും ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നുവെങ്കിലും ആയത് ഇതുവരെ ലഭ്യമായിട്ടില്ല. എന്നാൽ ഈ വർഷം ഇതുവരെ 7160 കിലോ ലിറ്റർ മണ്ണെണ്ണയാണ് നോൺ സബ്സിഡിയിനത്തിൽ ലഭ്യമായത്.

(ഡി) സംസ്ഥാനത്തിന്റെ ആവശ്യങ്ങൾക്കനുസൃതമായ അളവിലുള്ള റേഷൻ മണ്ണെണ്ണ വിഹിതം സംസ്ഥാനത്തിന് ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാർ റേഷൻ മണ്ണെണ്ണയുടെ വിഹിതത്തിൽ വരുത്തുന്ന കുറവുമൂലം കഴിഞ്ഞ സാമ്പത്തിക വർഷം (2021-22) ആദ്യം മുതൽ മണ്ണെണ്ണ വിതരണം ത്രൈമാസമായി ഏകീകരിച്ചാണ് വിതരണം ക്രമീകരിക്കുന്നത്. സംസ്ഥാനത്തെ മുഴുവൻ ഇലക്ട്രിഫൈഡ് കാർഡുകൾക്കും ഒരു മാസം 1 ലിറ്റർ മണ്ണെണ്ണയും നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്ക് ഒരു മാസം 4 ലിറ്റർ മണ്ണെണ്ണയും അനുവദിക്കുന്നതിനായി ഒരു പാദത്തിൽ 27829 കിലോ ലിറ്റർ മണ്ണെണ്ണപ്രകാരം ഒരു വർഷത്തിൽ 111312 കിലോ ലിറ്റർ സബ്സിഡി മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല പ്രതികരണമുണ്ടായിട്ടില്ല.

ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കാൻ നടപടി

21 (*171) ശ്രീ. എ. രാജ:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 24 ശതമാനത്തിലേറെ പേർ പ്രമേഹ രോഗികളാണെന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസിന്റെയും ഐ.സി.എം.ആർ.-ന്റെയും പഠന റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസും ഇന്ത്യൻ കൗൺസിൽ ഫോർ മെഡിക്കൽ റിസർച്ചും സംയുക്തമായി നടത്തിയ INDIAB എന്ന പഠനത്തിൽ കേരളത്തിൽ 24% പേർക്ക് പ്രമേഹവും 19% പേർക്ക് പ്രമേഹരോഗ സാധ്യതയുമുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ദേശീയ നിലവാരത്തെക്കാൾ വളരെ ഉയർന്ന നിരക്കിലാണ് കേരളത്തിലെ പ്രമേഹരോഗത്തിന്റെ സാന്ദ്രതയെന്നാണ് INDIAB study-യിൽ വ്യക്തമാകുന്നത്. കൂടുതൽ സമഗ്രമായ ഡാറ്റ ഇപ്പോൾ നടക്കുന്ന ജീവിതശൈലീ രോഗങ്ങളുടെ സ്ക്രീനിംഗിലൂടെ ലഭ്യമാകുന്നതാണ്.

(ബി) പ്രസ്തുത റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ പ്രമേഹ രോഗമുൾപ്പെടെ ജീവിതശൈലീ രോഗം നിയന്ത്രിക്കുന്നതിന് എന്തൊക്കെ പദ്ധതികളും പ്രവർത്തനങ്ങളുമാണ് സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്നത്?

പ്രമേഹം തുടക്കത്തിൽ കണ്ടെത്തുന്നതിനും പ്രമേഹത്തെത്തുടർന്നുണ്ടാകുന്ന സങ്കീർണ്ണ രോഗങ്ങൾ നിയന്ത്രിക്കുന്നതിനും വിവിധ പദ്ധതികൾ ആരോഗ്യ വകുപ്പ് നടപ്പാക്കിവരുന്നുണ്ട്. അതിൽ ഏറ്റവും പ്രധാനം എറണാകുളം ജനറൽ ആശുപത്രിയിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയ 360 ഡിഗ്രി മെറ്റബോളിക് സെന്ററാണ്. ഒരു കുടക്കീഴിൽത്തന്നെ പ്രമേഹവും അതിന്റെ സങ്കീർണ്ണ രോഗങ്ങളായ നേത്രാന്തരപടലാന്ധത, വൃക്കരോഗങ്ങൾ, ഡയബറ്റിക് ഫൂട്ട്, ശ്വാസകോശ പ്രവർത്തനക്ഷമത എന്നിവകൂടി പരിശോധിക്കുന്നതിനുള്ള സംവിധാനം ഈ ക്ലിനിക്കിൽ ഒരുക്കിയിട്ടുണ്ട്. പതിനഞ്ചാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും 360 ഡിഗ്രി മെറ്റബോളിക് സെന്റർ ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സബ് സെന്ററുകളിലും ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. ആയതിലൂടെ പ്രമേഹം തുടക്കത്തിൽത്തന്നെ കണ്ടെത്തുകയും ആവശ്യമായ ചികിത്സ ലഭ്യമാക്കുകയും

ചെയ്യുന്നുണ്ട്. കൂടാതെ പ്രമേഹരോഗത്തിന്റെ സങ്കീർണ്ണതകൾ മുൻകൂട്ടി കണ്ടെത്തി നിയന്ത്രിക്കുന്നതിനും ചികിത്സിക്കുന്നതിനുമുള്ള സംവിധാനങ്ങൾ മെഡിക്കൽ കോളേജുകളിലെ വിവിധ വകുപ്പുകളിലും നടപ്പാക്കിവരുന്നു. മെഡിക്കൽ കോളേജ് ആശുപത്രികളുടെ അനുബന്ധ സ്ഥാപനങ്ങളായ യു.എച്ച്.റ്റി.സി., ആർ.എച്ച്.റ്റി.സി. എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗ ക്ലിനിക്കുവഴി പരിശോധന നടത്തുകയും മരുന്നുകൾ, ഇൻസുലിൻ എന്നിവ സൗജന്യമായി നൽകുകയും ഉപകേന്ദ്രങ്ങൾ വഴി ബോധവൽക്കരണം നടത്തുകയും ചെയ്യുവരുന്നു. ഗ്രാമപഞ്ചായത്തിന്റെ സഹായത്തോടെ ജീവിത ശൈലീ ക്യാമ്പുകൾ നടത്തി പരിശോധനയും ബോധവൽക്കരണവും നടത്തുന്നു. എല്ലാ മാസവും തെരഞ്ഞെടുക്കുന്ന ഗവൺമെന്റ്/പ്രൈവറ്റ് സ്ഥാപനങ്ങളിൽ രോഗനിർണ്ണയം നടത്തുന്നു. കൂടാതെ ആശുപത്രിയിൽ വരുന്ന രോഗികളിൽ 30 വയസ്സിന് മുകളിലുള്ളവർക്ക് സൗജന്യമായി പ്രമേഹം കണ്ടുപിടിക്കാനുള്ള രക്തപരിശോധനയും ദേഹപരിശോധനയും നടത്തുന്നു. ഇതിൽ പ്രമേഹം കണ്ടെത്തുന്നവരെ ജീവിതശൈലീരോഗ ക്ലിനിക്കുവഴി ചികിത്സിക്കുകയും ബോധവൽക്കരണം നടത്തുകയും ചെയ്യുന്നു. ടൈപ്പ് 1 പ്രമേഹരോഗമുള്ള കുട്ടികൾക്കായി 'മിഠായി' പദ്ധതി വഴി ചികിത്സ നൽകുന്നു. ആയതിൽ കുഞ്ഞുങ്ങളുടെ രക്തപരിശോധന നടത്തുകയും ആവശ്യാനുസരണം ഇൻസുലിൻ നൽകുകയും ചെയ്യുന്നു. കൂടാതെ ഇൻസുലിൻ പെൻ, ഷുഗർ ലെവൽ മോണിറ്റർ ചെയ്യുന്നതിന് ഗ്ലൂക്കോമീറ്റർ, തുടർച്ചയായ ഷുഗർ പരിശോധനാ സംവിധാനങ്ങൾ എന്നിവയും കുഞ്ഞുങ്ങൾക്ക് നൽകുന്നു.

എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും നടപ്പാക്കിവരുന്ന ജീവിതശൈലീരോഗ നിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' പദ്ധതിയുടെ ഭാഗമായി 30 വയസ്സിനുമുകളിൽ പ്രായമായവരെ പരിശോധിക്കുന്നതിനും രോഗം സ്ഥിരീകരിച്ചാൽ ചികിത്സ ഉറപ്പാക്കുന്നതിനും സൗജന്യ മരുന്നുവിതരണം നടത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

ജനസംഖ്യാധിഷ്ഠിതമായി ജീവിതശൈലീ രോഗമുള്ളവരെ കണ്ടെത്തുന്നതിന് ആശാപ്രവർത്തകർ മുഖേന ഗൃഹസന്ദർശനം നടത്തി ആരോഗ്യ വിവരങ്ങൾ ശേഖരിക്കുന്നതിനുള്ള ഒരു ക്യാമ്പയിൻ 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന പേരിൽ നടപ്പാക്കിയിട്ടുണ്ട്. ഇ-ഹെൽത്ത് തയ്യാറാക്കിയ 'ശൈലി' എന്ന ആപ്ലിക്കേഷനിലൂടെ രോഗമുള്ളവരെയും രോഗം വരാൻ സാധ്യതയുള്ളവരെയും കണ്ടെത്തി രോഗസ്ഥിരീകരണത്തിന് ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നു. ഈ ക്യാമ്പയിന്റെ ഭാഗമായി 9-12-2022 വരെ സംസ്ഥാനത്ത് 50,59,952 പേരെ സ്ക്രീനിംഗിന് വിധേയമാക്കിയിട്ടുണ്ട്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് മാതൃകയിൽ എല്ലാ ജില്ലകളിലും ഡയബറ്റിസ് സെന്ററുകൾ തുടങ്ങുന്നതിന്റെ ഭാഗമായി പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കേരളത്തെ മൂന്ന് സോണുകളാക്കി തിരിച്ച് ഓരോ സോണിലും പ്രമേഹ ചികിത്സയ്ക്കും പ്രതിരോധ പ്രവർത്തനത്തിനുമുള്ള ടെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുകയും അത് എല്ലാ ജില്ലകളിലെയും ഡയബറ്റിസ് സെന്ററുകളുമായി ബന്ധിപ്പിച്ച് എല്ലാ ജില്ലകളിലും പ്രമേഹ ചികിത്സയിലും പ്രതിരോധ പ്രവർത്തനങ്ങളിലും സജ്ജരായ ആരോഗ്യ പ്രവർത്തകരെ സൃഷ്ടിക്കാനുള്ള ലക്ഷ്യത്തോടെയാണ് പദ്ധതി രൂപകൽപ്പന ചെയ്യുന്നത്.

(സി) നിലവിൽ ജീവിതശൈലീ രോഗങ്ങൾ നിയന്ത്രിക്കുന്നതിനായി നടപ്പാക്കിവരുന്ന പദ്ധതികളും പ്രവർത്തനങ്ങളും വിശദീകരിക്കാമോ?

ജീവിതശൈലീ രോഗനിയന്ത്രണ പദ്ധതിയായ 'അമൃതം ആരോഗ്യം' കേരളത്തിലെ 14 ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ വിവിധ കേന്ദ്രങ്ങളിലൂടെയും നടപ്പാക്കിവരുന്നു. 30 വയസ്സിന് മുകളിൽ പ്രായമുള്ള എല്ലാ ജനങ്ങളെയും ജീവിതശൈലീ രോഗങ്ങൾ കണ്ടെത്തുന്നതിനായി സ്ക്രീനിംഗ് നടത്തുക, രോഗം കണ്ടെത്തുന്നവർക്ക് വിദഗ്ധർ തയ്യാറാക്കിയ പ്രോട്ടോക്കോൾ പ്രകാരമുള്ള മരുന്നുകളും ചികിത്സയും നൽകുക, രോഗങ്ങൾ മൂർദ്ധന്യാവസ്ഥയിലേയ്ക്ക് മാറാതെ സംരക്ഷിക്കുക, ആരോഗ്യ ബോധവൽക്കരണം നടത്തുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. ഇതിനായി സംസ്ഥാനത്ത് എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും സാമൂഹികാരോഗ്യകേന്ദ്രങ്ങളിലും കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലും ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിലും ജീവിതശൈലീ രോഗനിയന്ത്രണ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ താഴെപ്പറയുന്ന പരിപാടികളും ജീവിതശൈലീ രോഗം നിയന്ത്രിക്കുന്നതിനായി നടപ്പാക്കുന്നുണ്ട്.

പ്രമേഹം, രക്താദിസമ്മർദ്ദം എന്നീ രോഗങ്ങളുടെ ചികിത്സയ്ക്കായി ദേശീയ സംസ്ഥാന വിദഗ്ധരുടെ നേതൃത്വത്തിൽ ചികിത്സാ പ്രോട്ടോക്കോൾ തയ്യാറാക്കി.

പ്രോട്ടോക്കോൾ പ്രകാരമുള്ള ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ PHC തലംവരെ സൗജന്യമായി നൽകിവരുന്നു.

ജില്ലാ ആശുപത്രികളിൽ ഡയബറ്റിക് റെറ്റിനോപ്പതി (നേത്രപടലാന്ധത), ഡയബറ്റിക് ഫൂട്ട് തുടങ്ങിയ ക്ലിനിക്കുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

ഗുരുതര ശ്വാസകോശ രോഗമായ COPD (Chronic Obstructive Pulmonary Diseases) നിയന്ത്രിക്കുന്നതിനും നിർണ്ണയിക്കുന്നതിനും ഇന്ത്യയിൽ ആദ്യമായി COPD ക്ലിനിക്കുകൾ 'ശ്വാസ്' എന്ന പേരിൽ ജില്ലാ ആശുപത്രികളിലും

കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ആരംഭിച്ചു. ഇതിനായുള്ള വിലയേറിയ ഉപകരണങ്ങളും ചികിത്സാവിധികളും (മരുന്നുകൾ, ഇൻഹേലർ, സ്പേസർ മുതലായവ) പദ്ധതിയിലൂടെ സംഭരിക്കുകയും ജനങ്ങൾക്ക് സൗജന്യ സേവനങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

പക്ഷാഘാതം നിർണ്ണയിക്കുന്നതിനും ചികിത്സിക്കുന്നതിനും പക്ഷാഘാതം വന്നവർക്ക് പുനരധിവാസ ചികിത്സ നൽകുന്നതിനും പുതിയ പക്ഷാഘാത ചികിത്സാ പദ്ധതി തെരഞ്ഞെടുത്ത ജില്ലാ ആശുപത്രികളിൽ ആരംഭിക്കുകയുണ്ടായി. സ്പെഷ്യാലിറ്റി ആശുപത്രികളിൽ മാത്രം നൽകിവരുന്ന സ്ട്രോക്ക് ത്രോംബോലൈസിസ് ചികിത്സ സൗജന്യമായി ഈ ആശുപത്രികളിലൂടെ നൽകിവരുന്നു. 159-ൽഅധികം രോഗികൾക്ക് ഈ ചികിത്സ സൗജന്യമായി നൽകിയിട്ടുണ്ട്.

വിദൂര പ്രദേശങ്ങളിൽ ജീവിക്കുന്ന ജനങ്ങൾക്കായി സഞ്ചരിക്കുന്ന ജീവിതശൈലീ രോഗനിർണ്ണയ ക്ലിനിക്കുകളായ Care on wheels, Care on Waves ആരംഭിക്കുകയുണ്ടായി.

ജീവിതശൈലീ രോഗങ്ങളുടെ പ്രധാന കാരണമായ പുകവലി നിയന്ത്രിക്കുന്നതിനായി നിരവധി നടപടികൾ സ്വീകരിച്ചുവരുന്നു. COTPA Act ശാക്തീകരണം, ഗുഡ്ക്ക, E-Cigarette നിരോധനം, പുകയില പരസ്യരഹിത സംസ്ഥാനമെന്ന ബഹുമതി എന്നിവ ഇതിന്റെ നേട്ടമാണ്.

(ഡി) പ്രസ്തുത രോഗങ്ങൾക്കുള്ള മരുന്നുകൾ സർക്കാർ ആശുപത്രികളിൽ നൽകിവരുന്നത് നിലവിലെ ആവശ്യങ്ങൾക്കനുസരിച്ച് ഊർജ്ജിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

ജീവിതശൈലീ രോഗങ്ങൾക്കുള്ള മരുന്നുകൾ വിദഗ്ധർ തയ്യാറാക്കിയ ഒരു പ്രോട്ടോക്കോളിന്റെ അടിസ്ഥാനത്തിലാണ് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (KMSCL)-ൽ നിന്നും സംഭരിക്കുന്നത്. സംസ്ഥാനതലത്തിൽ ദേശീയ ആരോഗ്യ ദൗത്യം (NHM) തുടങ്ങിയ ഫണ്ട് സ്രോതസ്സുകളിലൂടെയും ജില്ലാതലത്തിൽ വാർഷിക ഇൻഡന്റ് മുഖേനയും ഇതിനുപുറമെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ഫണ്ടിലൂടെയും സംഭരിക്കാറുണ്ട്. എല്ലാ മരുന്നുകളും പ്രാഥമികാരോഗ്യതലംവരെ സൗജന്യമായി നൽകിവരുന്നു. ജീവിതശൈലീ രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ കൂടുതൽ മരുന്ന് സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

സർക്കാർ സേവനങ്ങൾക്ക് ഓൺലൈൻ പണമിടപാട്

22 (*172) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. നജീബ് കാന്തപുരം:
ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ സേവനങ്ങൾക്ക് പണം അടയ്ക്കേണ്ടിവരുമ്പോൾ ഓൺലൈൻ സംവിധാനംവഴി പണമിടപാട് നടത്തണമെന്ന് വിജിലൻസ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) കൂടുതൽ മേഖലകളിൽ ഇത്തരത്തിലുള്ള ഓൺലൈൻ പണമിടപാട് നടത്തണമെന്ന നിർദ്ദേശം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

(എ&ബി) സർക്കാർ സേവനങ്ങൾക്ക് ഓൺലൈൻ സംവിധാനം വഴി പണമിടപാട് നടത്തുന്നത് ഇതിനോടകംതന്നെ മിക്കവാറും എല്ലാ വകുപ്പുകളിലും നടപ്പാക്കിയിട്ടുണ്ട്. സർക്കാർ ഓഫീസുകളിലെ പണം അടച്ചുള്ള എല്ലാ സേവനങ്ങളും ഓൺലൈനായി മാത്രം നടത്തുന്നത് അഴിമതി കുറയ്ക്കുന്നതിനും അതുവഴി ഏജന്റുമാരുടെ അനധികൃത ഇടപെടലുകൾ ഇല്ലാതാക്കുന്നതിനും സഹായിക്കുമെന്നുള്ള വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) മോട്ടോർ വാഹന വകുപ്പിൽ ചില ഓൺലൈൻ സേവനങ്ങളിൽ അഴിമതി തുടരുന്നതായുള്ള ആക്ഷേപം വിജിലൻസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ എന്തുനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ഓൺലൈൻ സംവിധാനങ്ങളിൽ അഴിമതി തുടരുന്നതായി ലഭിച്ച ഉറവിട വിവരങ്ങളുടെ അടിസ്ഥാനത്തിൽ സംസ്ഥാന വ്യാപകമായി റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധനകൾ നടത്തിയതിൽ ഡ്രൈവിംഗ് ലൈസൻസ് അടക്കമുള്ള കാര്യങ്ങൾക്ക് ഓൺലൈൻ സംവിധാനം നിലവിലുള്ളപ്പോൾത്തന്നെ ടി വകുപ്പിലെ ഉദ്യോഗസ്ഥർ ഓട്ടോ കൺസൾട്ടൻസി ഏജന്റുമാരിൽനിന്നും ഗൂഗിൾ പേ വഴി കൈക്കൂലി വാങ്ങിയതായും ഏജന്റുമാർ മുഖേന നേരിട്ട് അപേക്ഷകൾ സ്വീകരിച്ചതായും വാഹന രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അപേക്ഷകൾ കൂടുതൽ കാലം മനഃപൂർവ്വം താമസിപ്പിച്ചതായും

കണ്ടെത്തിയിട്ടുണ്ട്. മോട്ടോർ വാഹന വകുപ്പിൽ വിജിലൻസ് തുടർച്ചയായ പരിശോധനകൾ നടത്തുന്നതാണ്. ഇത്തരം ഉദ്യോഗസ്ഥരുടെ പേര് വിവരം വിജിലൻസ് പ്രത്യേകമായി സൂക്ഷിക്കുകയും അവരുടെ പ്രവർത്തനം നിരീക്ഷിച്ചുവരികയും ചെയ്യുന്നുണ്ട്.

അമൃത് പദ്ധതി

23 (*173) ശ്രീ. വി. ജോയി:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീമതി യു. പ്രതിഭ:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) മൂവായിരത്തി അറുനൂറ് കോടി രൂപയുടെ അമൃത് രണ്ടാംഘട്ട പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ?

രാജ്യത്തെ 4800 നഗരങ്ങളിൽ (കേരളത്തിൽ 93 നഗരസഭകളിൽ) ജല ഭദ്രതയും സാർവ്വത്രിക ജലലഭ്യതയും ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് അമൃത് രണ്ടാംഘട്ടം നടപ്പാക്കുന്നത്. കൂടാതെ 500 അമൃത് നഗരങ്ങളിൽ (കേരളത്തിലെ എല്ലാ കോർപ്പറേഷനുകളിലും ആലപ്പുഴ, ഗുരുവായൂർ, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളിലും) 100% ദ്രവമാലിന്യ സംസ്കരണം ഉറപ്പുവരുത്തുന്നതോടൊപ്പം ജലസ്രോതസ്സുകളുടെ സംരക്ഷണവും ഇതിന്റെ ഭാഗമായി ലക്ഷ്യമിടുന്നുണ്ട്. 2021 ഒക്ടോബർ 1 മുതൽ 2026 മാർച്ച് 31 വരെയാണ് പദ്ധതിയുടെ കാലയളവ്.

2011 കാനേഷുമാരി കണക്കനുസരിച്ച് ഒരു ലക്ഷത്തിൽ താഴെ ജനസംഖ്യയുള്ള നഗരങ്ങൾക്ക് (84 എണ്ണം) പദ്ധതിയുടെ 50% കേന്ദ്ര വിഹിതവും കേന്ദ്ര വിഹിതം കഴിഞ്ഞുള്ള തുകയിൽ 75% സംസ്ഥാനവും 25% നഗരസഭകളുമാണ് വഹിക്കുക.

ഒരു ലക്ഷത്തിനും 10 ലക്ഷത്തിനും ഇടയിൽ ജനസംഖ്യയുള്ള നഗരങ്ങൾക്ക് (കേരളത്തിലെ എല്ലാ കോർപ്പറേഷനുകളും ആലപ്പുഴ, കോട്ടയം, പാലക്കാട് എന്നീ മുനിസിപ്പാലിറ്റികളും) പദ്ധതിയുടെ 33:33 % കേന്ദ്ര വിഹിതം ലഭിക്കുന്നതാണ്. കോർപ്പറേഷനുകളിൽ കേന്ദ്രവിഹിതം കഴിഞ്ഞുള്ള ബാക്കി തുകയുടെ 50% സംസ്ഥാനവും 50% കോർപ്പറേഷനും വഹിക്കും. മുനിസിപ്പാലിറ്റികളിൽ കേന്ദ്രവിഹിതം കഴിഞ്ഞുള്ള ബാക്കി തുകയുടെ 75% സംസ്ഥാനവും 25% അതത് മുനിസിപ്പാലിറ്റികളുമാണ് വഹിക്കേണ്ടത്.

പല ഘട്ടങ്ങളിലായി പദ്ധതി പുരോഗതി വിലയിരുത്തിയാകും കേന്ദ്ര ഭവന നഗരകാര്യ മന്ത്രാലയത്തിൽനിന്നും ഫണ്ട് ലഭിക്കുക. 20:40:40 എന്ന അനുപാതത്തിൽ മൂന്ന് ഗഡുക്കളായാണ് പദ്ധതി തുക ലഭിക്കുന്നത്.

ഒന്നാം ഗഡു -20%: സംസ്ഥാന ജലകർമ്മ പദ്ധതി (State Water Action Plan-SWAP) ഒന്നാം ഘട്ടം സമർപ്പിക്കുമ്പോൾ പദ്ധതി തുകയുടെ 20% ലഭിക്കുന്നു.

രണ്ടാം ഗഡു-40%: 15% ഭൗതികവും സാമ്പത്തികവുമായ പുരോഗതി കൈവരിച്ചതിനുശേഷം രണ്ടാം ഗഡുവായ 40% ലഭിക്കുന്നു.

മൂന്നാം ഗഡു -40%: സംസ്ഥാന ജലകർമ്മ പദ്ധതിയിൽ പ്രതിജ്ഞാബദ്ധമായ പ്രവർത്തനഫലങ്ങൾ കൈവരിച്ചതിനുശേഷം മൂന്നാം ഗഡുവായ 40% ലഭിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ എന്തെല്ലാം പ്രവൃത്തികൾക്കാണ് മുൻഗണന നൽകാനുദ്ദേശിക്കുന്നത്; സാർവ്വത്രിക ശുദ്ധജല ലഭ്യതയും ദ്രവമാലിന്യ സംസ്കരണവും ലക്ഷ്യമിടുന്നുണ്ടോ; ഇതുവരെ എത്ര പ്രോജക്ടുകൾ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

നഗരങ്ങളിൽ ജലഭദ്രതയും സാർവ്വത്രിക ജലലഭ്യതയും ഉറപ്പുവരുത്തുക, ദ്രവമാലിന്യ സംസ്കരണം ഉറപ്പുവരുത്തുക, ജലസ്രോതസ്സുകളുടെ സംരക്ഷണം (ഉപരിതല ജലം-ജലാശയങ്ങളുടെയും കിണറുകളുടെയും പുനരുജ്ജീവനം, ഭൂഗർഭ ജലം-അർബൻ അക്വിഫെയർ മാനേജ്മെന്റ് പ്ലാൻ), ഹരിത പ്രദേശങ്ങളും പാർക്കുകളും സൃഷ്ടിക്കൽ എന്നിവയാണ് അമൃത് 2.0 ലക്ഷ്യമിടുന്നത്.

അമൃത് 2.0 ഗൈഡ്ലൈൻപ്രകാരം അമൃത് ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ള 2000 വീടുകൾ എങ്കിലുമുള്ള ഒരു വാർഡോ, ഡിസ്ട്രിക്ട് മീറ്റേഡ് ഏരിയയോ തെരഞ്ഞെടുത്ത് അവിടെ 24 x 7 വാട്ടർ സപ്ലൈ നിർബന്ധമായും നടപ്പാക്കേണ്ടതാണ്.

ആദ്യഘട്ടത്തിൽ 1938.52 കോടി രൂപയുടെ 222 പദ്ധതികൾക്ക് (സ്വീവേജ് സെക്ടറിൽ 109.86 കോടി രൂപയുടെ 23 പദ്ധതികൾ, ജലവിതരണ സെക്ടറിൽ 1828.66 കോടി രൂപയുടെ 199 പദ്ധതികൾ) കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. ആയതിന് ആദ്യഗഡുവായി കേന്ദ്ര സർക്കാർ 148.7381 കോടി രൂപ അനുവദിച്ചിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികളിൽ 77 പദ്ധതികൾക്ക് 24-11-2022-ലെ G.O. (Rt) No.2906/2022/LSGD നമ്പർ ഉത്തരവ് പ്രകാരം 616.829 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*). രണ്ടാം ഘട്ടത്തിൽ 683.08 കോടി രൂപയുടെ 268 പദ്ധതികൾ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ജലവിതരണ സെക്ടറിൽ 184.50 കോടി രൂപയുടെ 10 പദ്ധതികൾ, സ്വീവേജ് സെക്ടറിൽ 416.22 കോടി രൂപയുടെ 3 പദ്ധതികൾ, ജലാശയങ്ങളുടെ നവീകരണ സെക്ടറിൽ 82.35 കോടി രൂപയുടെ 255 പദ്ധതികൾ) കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(സി) അമൃത് ഒന്നാംഘട്ടം പദ്ധതിയുടെ നിലവിലെ പുരോഗതി അറിയിക്കാമോ?

അമൃത് ഒന്നാംഘട്ട പദ്ധതികളുടെ ഭാഗമായി ശുദ്ധജല വിതരണം, സ്വീവേജ്/സെപ്റ്റേജ് മാനേജ്മെന്റ്, സ്റ്റോം വാട്ടർ ഡ്രെയിനേജ്, അർബൻ ട്രാൻസ്പോർട്ട്, പാർക്ക് എന്നീ അഞ്ച് സെക്ടറുകളിലായി 2357.69 കോടി രൂപയുടെ 1001 പദ്ധതികളാണ് ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നത്. നാളിതുവരെ പദ്ധതി തുകയുടെ 59.47% തുകയായ 1417.30 കോടി രൂപ ചെലവഴിച്ചു. 831 പദ്ധതികൾ പൂർത്തീകരിച്ചു. 155 പദ്ധതികൾ നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്. 14 പദ്ധതികൾ ടെണ്ടർ ചെയ്തു. ശേഷിക്കുന്ന ഒരു പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

പൊതുവിതരണ സ്ഥാപനങ്ങളുടെ പ്രവർത്തനം പരിശോധിക്കാൻ നടപടി

24 (*174) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ വകുപ്പിന്റെ കീഴിലുള്ള റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, സപ്ലൈകോ ഔട്ട്ലെറ്റുകൾ, ഗോഡൗണുകൾ എന്നിവയുടെ പ്രവർത്തനം പരിശോധിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കാമോ?

കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കൺട്രോൾ ഓർഡർ, 2021 സെക്ഷൻ 48 (2) പ്രകാരം റേഷനിംഗ് ഇൻസ്പെക്ടർമാർ രണ്ടുമാസത്തിലൊരിക്കൽ തന്റെ അധികാര പരിധിയിലുള്ള എല്ലാ റേഷൻ കടകളും താലൂക്ക് സപ്ലൈ ഓഫീസർ രണ്ടുമാസത്തിലൊരിക്കൽ തന്റെ അധികാര പരിധിയിലുള്ള റേഷൻ കടകളിൽനിന്നും ഏറ്റവും കുറഞ്ഞത് 30 കടകളും ജില്ലാ സപ്ലൈ ഓഫീസർ രണ്ടുമാസത്തിലൊരിക്കൽ തന്റെ അധികാര പരിധിയിലുള്ള ഏറ്റവും കുറഞ്ഞത് 20 റേഷൻ കടകളും പരിശോധിച്ചിരിക്കണമെന്ന്

നിഷ്കർഷിച്ചിട്ടുണ്ട്. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന റേഷൻ കട ലൈസൻസികളിൽനിന്നും സ്റ്റോക്കിൽ കൂടുതൽ/ കുറവ് കണ്ടെത്തുന്ന സാധനത്തിന്റെ വില ഈടാക്കുകയും ക്രമക്കേടുകൾ അതീവ ഗുരുതരമാണെങ്കിൽ ടി റേഷൻകടകളുടെ ലൈസൻസ് സസ്പെൻഡ്/ ക്യാൻസൽ ചെയ്യുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നു. കൂടാതെ റേഷനിംഗ് കൺട്രോളർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ എന്നിവരും റേഷൻകടകൾ, ഗോഡൗണുകൾ എന്നിവ പരിശോധിക്കാറുണ്ട്. കൂടാതെ പൊതുജനങ്ങളുടെ പരാതികളുടെ അടിസ്ഥാനത്തിൽ റേഷനിംഗ് ഇൻസ്പെക്ടർ തലം മുതൽ റേഷനിംഗ് കൺട്രോളർ വരെയുള്ള ഉദ്യോഗസ്ഥർ റേഷൻകടകളിൽ മിന്നൽ പരിശോധനകൾ നടത്താറുണ്ട്.

കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം കൺട്രോൾ ഓർഡർ, 2021 സെക്ഷൻ 57(3) പ്രകാരം താലൂക്ക് സപ്ലൈ ഓഫീസർ മാസത്തിലൊരിക്കൽ തന്റെ അധികാര പരിധിയിലുള്ള എല്ലാ എൻ.എഫ്.എസ്.എ. ഗോഡൗണുകളും ജില്ലാ സപ്ലൈ ആഫീസർ രണ്ടുമാസത്തിലൊരിക്കൽ തന്റെ അധികാര പരിധിയിലുള്ള എല്ലാ എൻ.എഫ്.എസ്.എ. ഗോഡൗണുകളും പരിശോധിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

സപ്ലൈകോ വിൽപ്പനശാലകൾ, ഗോഡൗണുകൾ, ഡിപ്പോകൾ എന്നിവിടങ്ങളിൽ കേന്ദ്രകാര്യാലയതലത്തിൽ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, ജനറൽ മാനേജർ, സപ്ലൈകോ വിജിലൻസ് ഓഫീസർ എന്നിവരും ഫീൽഡ് ഓഡിറ്റ് വിഭാഗത്തിലെ ഉദ്യോഗസ്ഥരും മേഖലാതലത്തിൽ മേഖലാ മാനേജർ, അസിസ്റ്റന്റ് മേഖലാ മാനേജർ എന്നിവരും ഡിപ്പോതലത്തിൽ ഡിപ്പോ മാനേജർ, ജൂനിയർ മാനേജർ (എം&ഐ) എന്നിവരും പരിശോധന നടത്തുന്നു. എല്ലാ മാസവും ആഭ്യന്തര ഓഡിറ്റ് വിഭാഗം (ഫീൽഡ്) ഉദ്യോഗസ്ഥരുടെയും ത്രൈമാസങ്ങളിൽ ജൂനിയർ മാനേജർ (മാർക്കറ്റിംഗ് & ഇൻസ്പെക്ഷൻ)-മാരുടെയും പ്രവർത്തനം അവലോകനം നടത്തി, സപ്ലൈകോയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കുറ്റകൃത്യങ്ങൾ തടയുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നു. എല്ലാ വർഷവും വാർഷിക സ്റ്റോക്കെടുപ്പ് നടത്തി സപ്ലൈകോ ഔട്ട്ലെറ്റുകളുടെ സ്റ്റോക്ക് തിട്ടപ്പെടുത്തുന്നു. കൂടാതെ 30-9-2022-ലെ സ.ഉ.(സാധാ) നമ്പർ 366/ 2022/ ഭ.പൊ.വി.വ. പ്രകാരം പുനഃസംഘടിപ്പിച്ച സംസ്ഥാനതല പരിശോധനാ സംഘം പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്ക് സപ്ലൈ ഓഫീസ്, എ.ആർ.ഡി.-കൾ, സപ്ലൈകോ ഔട്ട്ലെറ്റുകൾ എന്നിവ പരിശോധന നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(ബി) പരിശോധനയിൽ കണ്ടെത്തുന്ന ക്രമക്കേടുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്താമോ?

ജൂനിയർ മാനേജർ (മാർക്കറ്റിംഗ്&ഇൻസ്പെക്ഷൻ), സപ്ലൈകോ ആഭ്യന്തര ഓഡിറ്റ് വിഭാഗം (ഫീൽഡ്) എന്നിവർ സപ്ലൈകോ മാവേലി സ്റ്റോറുകൾ, സപ്ലൈകോ ഔട്ട്ലെറ്റുകൾ, ഗോഡൗണുകൾ എന്നിവയുടെ പ്രവർത്തനം പരിശോധിച്ചുവരുന്നു. ഈ പരിശോധനകളിൽ കണ്ടെത്തുന്ന ഗുരുതരമായ ക്രമക്കേടുകൾക്ക് ക്രമക്കേടിന്റെ വ്യാപ്തിയനുസരിച്ച് ബന്ധപ്പെട്ട ജീവനക്കാരെ സസ്പെന്റ് ചെയ്യുകയും തുടർന്ന് ടി ഔട്ട്ലെറ്റ് വിശദമായി ഓഡിറ്റ് ചെയ്യുകയും മേഖലാ മാനേജർ മുഖേനയും സപ്ലൈകോ അച്ചടക്ക വിഭാഗം മുഖേനയും അതിലുൾപ്പെട്ട ജീവനക്കാർക്ക് കുറ്റപത്രം പുറപ്പെടുവിച്ച്, വിശദീകരണം വാങ്ങി, ആവശ്യമായപക്ഷം നേർക്കാഴ്ച്ച അനുവദിച്ച് ബാധ്യത ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് കമ്മീഷണറുടെ നടപടിക്രമപ്രകാരം ഏകീകരിച്ച ശിക്ഷാനടപടികൾ അനുബന്ധമായി *ചേർത്തിട്ടുണ്ട്.

(സി) പാചക വാതകത്തിന്റെയും പെട്രോൾ പമ്പുകളിലെയും അളവുകൾ പരിശോധിക്കാറുണ്ടോ; എങ്കിൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

പാചക വാതകത്തിന്റെ അളവും പമ്പുകളിൽക്കൂടി വിതരണം ചെയ്യുന്ന ഇന്ധനത്തിന്റെ അളവും പരിശോധിക്കാറുണ്ട്. തുടർച്ചയായി പെട്രോൾ പമ്പുകളിലും ഗ്യാസ് വിതരണ മേഖലയിലും ലീഗൽ മെട്രോളജി വകുപ്പ് പരിശോധന നടത്താറുണ്ട്. പമ്പുകളിൽ അളവിൽ കുറവ് കണ്ടെത്തിയാൽ പ്രസ്തുത ഡിസ്പെൻസിംഗ് യൂണിറ്റ് സ്റ്റോപ്പ് ചെയ്ത് ആയതിലെ അളവ് കൃത്യമാക്കി ഫീസ് ഈടാക്കി കൃത്യത ഉറപ്പുവരുത്തി മുദ്ര ചെയ്തതിനുശേഷം മാത്രമേ വിൽപ്പന അനുവദിക്കുകയുള്ളൂ.

ഗ്യാസ് ഡെലിവറി വാഹനങ്ങളിൽനിന്ന് നൽകുന്ന പാചക വാതക സിലിണ്ടറുകൾ പരിശോധിക്കുകയും വിതരണം ചെയ്ത സിലണ്ടറിൽ തൂക്കത്തിൽ കുറവുണ്ടെങ്കിലും ഡെലിവറി വാഹനത്തിൽ ത്രാസ്സ് സൂക്ഷിച്ചിട്ടില്ലെങ്കിൽ ആയതിനും കേസെടുത്ത് രാജിഫീസ് ഈടാക്കുകയോ കോടതി നടപടി സ്വീകരിക്കുകയോ ചെയ്യും.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

25 (*175) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പൊതുവായ സേവനപ്രദാനം മെച്ചപ്പെടുത്തുകയെന്ന ലക്ഷ്യത്തോടെ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം.) വികസിപ്പിച്ച നൂതന സോഫ്റ്റ്വെയറായ Integrated Local Governance Management System (ILGMS) 4-4-2022-ൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിനോടൊപ്പം പ്രധാന പ്രവർത്തനങ്ങൾ നടക്കുന്ന ബാക്ക് ഓഫീസും കാലഘട്ടത്തിനനുസൃതമായി വിവര സാങ്കേതികവിദ്യയുടെ ആധുനിക സങ്കേതങ്ങൾ ഉൾക്കൊള്ളുന്ന ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലേയ്ക്ക് മാറ്റുന്നതിനാണ് ILGMS ലക്ഷ്യമിടുന്നത്. അതുവഴി ഓഫീസ് പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനും കഴിയുന്ന രീതിയിൽ കടലാസുരഹിത ഫയൽ നീക്കമാണ് സോഫ്റ്റ്വെയറിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഓഫീസുകളിലെ മനുഷ്യവിഭവശേഷിയുടെ പരിമിതിയെ മറികടക്കുന്നതിന് സഹായകമാകുന്ന രീതിയിൽ ഇന്റലിജന്റ് ഗവേണൻസിന്റെ സാധ്യതകൾ സോഫ്റ്റ്വെയറിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ലോകത്തിന്റെ ഏതു കോണിലിരുന്നും ഏത് സമയത്തും സേവനം പ്രാപ്യമാക്കി ഗ്രാമപഞ്ചായത്തുകളെ ജനസ്വീകാര്യ സേവന കേന്ദ്രങ്ങളായി മാറ്റാനും മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്താനും സജ്ജമായ രീതിയിലാണ് ILGMS തയ്യാറാക്കിയിരിക്കുന്നത്.

സമ്പൂർണ്ണ ഗ്രണമേന്മാ നയം നടപ്പാക്കിക്കൊണ്ട് പ്രതിബദ്ധതയുള്ള നേതൃത്വത്തിന്റെ കീഴിൽ ജീവനക്കാരുടെ കൂട്ടായ പ്രവർത്തനങ്ങളിലൂടെ മികവുറ്റ സേവനം സമയബന്ധിതമായും അഴിമതിരഹിതമായും പൊതുജനങ്ങൾക്ക് നൽകി അവരുടെ സംതൃപ്തി ഉറപ്പുവരുത്തുന്ന മാതൃകാ സ്ഥാപനമായി നിലകൊള്ളുകയെന്ന നയം മുൻനിർത്തി സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും ISO അംഗീകാരം നേടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ 939 ഗ്രാമപഞ്ചായത്തുകൾക്ക് ISO അംഗീകാരം ലഭിച്ചിട്ടുണ്ട്. നിലവിൽ അംഗീകാരം ലഭിച്ചിട്ടുള്ള പഞ്ചായത്തുകളുടെ ISO നിലവാരം നിലനിർത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

എല്ലാ ബ്ലോക്ക് പഞ്ചായത്തുകളെയും ഐ.എസ്.ഒ. നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കാവശ്യമായ സേവനങ്ങൾ സമയബന്ധിതമായി ലഭ്യമാകാനുതകുന്ന വിധത്തിൽ സേവനങ്ങൾ ലഭ്യമാക്കേണ്ട സമയപരിധി, ലഭ്യമാക്കേണ്ട ഉദ്യോഗസ്ഥൻ തുടങ്ങിയ വിവരങ്ങൾ ആയതിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

പദ്ധതി നിർവ്വഹണം ത്വരിതഗതിയിലും കാര്യക്ഷമമായും നിർവ്വഹിച്ച് ആയതിന്റെ പ്രയോജനം എത്രയും പെട്ടെന്ന് ഗ്രണഭോക്താക്കൾക്ക് ലഭ്യമാക്കാനുതകുന്ന വിധത്തിൽ ഗ്രാമവികസന കമ്മീഷണറേറ്റുതലത്തിലും ജില്ലാതലത്തിലും ബ്ലോക്കുതലത്തിലും നിശ്ചിത ഇടവേളകളിൽ പദ്ധതി അവലോകന യോഗങ്ങൾ നടത്തുകയും പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ ചൂണ്ടിക്കാട്ടുകയും ആയത് പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതികളുമായി ബന്ധപ്പെട്ട പേയ്മെന്റുകൾ RTGS, PFMS തുടങ്ങിയ ഓൺലൈൻ സംവിധാനങ്ങൾ മുഖേന നടത്തുന്നതിനാൽ ഫണ്ട് വിനിയോഗത്തിന്റെ സുതാര്യത ഉറപ്പാക്കപ്പെടുകയും സേവനദാതാക്കളുടെയും ഗ്രണഭോക്താക്കളുടെയും അക്കൗണ്ടിലേയ്ക്ക് വേഗത്തിൽ ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യപ്പെടുകയും ചെയ്യുന്നു. കൂടാതെ ബ്ലോക്ക് പഞ്ചായത്തുകളിൽ ഇ-ഓഫീസ് സംവിധാനം നടപ്പാക്കിവരുന്നു.

(ബി) ത്രിതല പഞ്ചായത്തുകളുടെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്താനും കൂടുതൽ മെച്ചപ്പെട്ട നിലയിൽ പ്രവർത്തനം കാര്യക്ഷമമാക്കാനും ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ പരിഗണനയിലില്ല.

സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

26 (*176) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. ടി. എ. റഹീം:
ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്) സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ ഇപ്പോൾ ഏതൊക്കെ ആശുപത്രികളിലാണുള്ളത്; മറ്റ് ആശുപത്രികളിൽ ഈ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

നിലവിൽ സംസ്ഥാനത്ത് കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യമുണ്ട്. മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്. കൂടാതെ, അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിനുള്ള സ്ഥാപനങ്ങളുടെ അപര്യാപ്തതയ്ക്ക് ഒരു പരിഹാരമെന്ന നിലയിലും അവയവം, ടിഷ്യൂ എന്നിവയുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനും ഗവേഷണത്തിനും പരിശീലനത്തിനുമായി സംസ്ഥാനത്ത് ഓർഗൻ & ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് തത്വത്തിൽ തീരുമാനമെടുക്കുകയും ആയതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത ശസ്ത്രക്രിയയ്ക്കായി പ്രത്യേക ട്രാൻസ്പ്ലാന്റ് ടീമിനെ നിയോഗിച്ചിട്ടുണ്ടോയെന്നും അവർക്ക് പ്രത്യേക പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോയെന്നും മറ്റെന്തെല്ലാം സൗകര്യങ്ങളും സജ്ജീകരണങ്ങളുമാണ് ഇതിന്റെ ഭാഗമായി ഏർപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ?

കോട്ടയം സർക്കാർ മെഡിക്കൽ കോളേജിലും തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലും കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നിലവിൽ അതത് മെഡിക്കൽ കോളേജിലെ ഗ്യാസ്ട്രോഎന്ററോളജി വിഭാഗം മുഖേനയാണ് നടത്തിവരുന്നത്. ഈ സംഘത്തിലുള്ളവർ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്തിവരുന്ന ആശുപത്രികൾ മുഖേന പരിശീലനം ലഭിച്ചവരാണ്. കൂടാതെ, ടി മെഡിക്കൽ കോളേജുകളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുവേണ്ടി വരുന്ന ഐ.സി.യു., ശസ്ത്രക്രിയ സജ്ജീകൃതമായ മുറി, മറ്റ് ഇതര ഉപകരണങ്ങൾ എന്നിവയും സ്ഥാപിച്ചിട്ടുണ്ട്.

(സി) സർക്കാർ ആശുപത്രികളിൽ കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലൂടെ സാധാരണക്കാരായ രോഗികൾക്കും ചികിത്സാ രംഗത്തും ആരോഗ്യ മേഖലയിലും എന്തെല്ലാം നേട്ടങ്ങൾ പ്രതീക്ഷിക്കുന്നുവെന്ന് വിശദമാക്കാമോ?

സ്വകാര്യ മേഖലയിൽ വളരെയധികം പണച്ചെലവുള്ള കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയാ സൗകര്യം സർക്കാർ ആശുപത്രികളിൽ ഒരുക്കുന്നതിലൂടെ സാധാരണക്കാരായ രോഗികൾക്ക് സൗജന്യ നിരക്കിൽ മേൽ ശസ്ത്രക്രിയ നടത്തുന്നതിന് സാധിക്കുന്നതാണ്.

കോവളം-ബേക്കൽ ജലപാത

27 (*177) ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. അബ്ദുൽ ഹമീദ്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) 2017-ൽ പൂർത്തിയാക്കാൻ ഉദ്ദേശിച്ചിരുന്ന കോവളം-ബേക്കൽ ജലപാതയുടെ നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

2016-ൽ സർക്കാർ അധികാരത്തിൽ വരുമ്പോൾ കോവളം-ബേക്കൽ ജലപാത നിർമ്മാണം പൂർത്തിയാക്കാൻ വ്യക്തമായ ഒരു രൂപരേഖയും നിലവിലില്ലായിരുന്നു. മാത്രവുമല്ല നിർമ്മാണപ്രവർത്തനങ്ങൾ പാടെ നിലച്ചമട്ടിലുമായിരുന്നു. തുടർന്ന് കോവളം-ബേക്കൽ ജലപാതാ വികസനം 3 ഘട്ടങ്ങളിലായി നടപ്പാക്കാനാണ് പദ്ധതിയിട്ടത്. ഇതിൽ രണ്ടാം ഘട്ട പ്രവർത്തനങ്ങളാണ് നിലവിൽ നടന്നുവരുന്നത്. 2020-ൽ തീർന്ന ഒന്നാം ഘട്ടത്തിൽ കനാലുകൾ നിലവിലുള്ള വീതിയിൽ ഗതാഗതയോഗ്യമാക്കുകയും കയ്യേറ്റക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. 2022-ൽ അവസാനിക്കുന്ന രണ്ടാംഘട്ടത്തിൽ പുനരധിവാസം നടപ്പാക്കി കനാൽ പാർശ്വങ്ങളിലുള്ള സ്ഥലങ്ങൾ വീണ്ടെടുത്ത് ദേശീയ ജലപാതയുടെ അളവിൽ കനാൽ നിർമ്മാണം നടപ്പാക്കുന്നതിനും 2025-ൽ അവസാനിക്കുന്ന 3-ാം ഘട്ടത്തിൽ ദേശീയ ജലപാതാ നിലവാരത്തിലുള്ള വികസനവും ഫീഡർ കനാലുകളുടെ വികസനവും ജലപാത ഉപയോഗപ്പെടുത്തിയുള്ള ടൂറിസം വികസനം സാധ്യക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

രണ്ടാം ഘട്ടത്തിൽ വിവിധ ഇടങ്ങളിലായി 85 കിലോമീറ്റർ ദൂരത്തിലുള്ള കനാൽ ഭാഗങ്ങൾ, വടകര-മാഹി കനാൽ ഉൾപ്പെടെ പൂർണ്ണതോതിൽ വികസിപ്പിച്ച് ആവശ്യമായ സ്ഥലങ്ങളിൽ പാലങ്ങൾ പുനർ നിർമ്മിക്കുകയും ചെയ്യുന്ന പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ട്.

മൂന്നാംഘട്ടത്തിൽ വിവിധയിടങ്ങളിലായി 61 കിലോമീറ്റർ ദൂരത്തിലുള്ള കനാലുകൾ, 'കോഴിക്കോട് കനാൽ' 'സിറ്റി പ്രോജക്ട്' എന്നിവ പൂർത്തീകരിക്കാനും പശ്ചിമതീര കനാലുകളുടെ ടെർമിനൽ നിർമ്മാണവും ഫീഡർ കനാലുകളുടെ വികസനവും പൂർത്തീകരിക്കാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) പ്രസ്തുത ജലപാതാ നിർമ്മാണത്തിലെ തടസ്സങ്ങൾ എന്തെല്ലാമാണ്; അവ തരണം ചെയ്യാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കോവിഡ് മഹാമാരിമൂലമുണ്ടായ പ്രതിബന്ധങ്ങൾ ഒരു വർഷത്തോളം പദ്ധതിയുടെ പുരോഗതിയെ കാര്യമായി ബാധിച്ചു. പശ്ചിമതീര കനാൽ വികസനത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കൽ, കനാൽ തീരത്ത് താമസിക്കുന്നവരുടെ പുനരധിവാസം, ആവശ്യമായ വെർട്ടിക്കൽ/ ഹൊറിസോണ്ടൽ ക്ലിയറൻസ് ഇല്ലാത്ത പാലങ്ങൾ, ക്രോസ് സ്ട്രക്ചറുകൾ എന്നിവയുടെ പുനർ നിർമ്മാണം എന്നിവയാണ് പൂർത്തീകരിക്കേണ്ടത്. കിഫ്ബി ധനസഹായത്തോടെ പ്രസ്തുത പ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

വെസ്റ്റ് കോസ്റ്റ് കനാൽ 2025 അവസാനത്തോടുകൂടി പൂർണ്ണമായി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്.

ഇ-ഹെൽത്ത് സംവിധാനം

28 (*178) ശ്രീ. എം. എം. മണി:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രോണിക്സ് സംവിധാനത്തിലൂടെ രോഗീസൗഹൃദ ചികിത്സ ഉറപ്പാക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച ഇ-ഹെൽത്ത് സംവിധാനം എല്ലാ സർക്കാർ ആശുപത്രികളിലും ഏർപ്പെടുത്തിയിട്ടുണ്ടോ; ഇത് എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

ഇ-ഹെൽത്ത് സംവിധാനം നിലവിൽ 479 സർക്കാർ ആശുപത്രികളിൽ നടപ്പാക്കിയിട്ടുണ്ട്. ഇതിൽ 180 എണ്ണം പൂർണ്ണമായും കടലാസ്സ് രഹിതമായാണ് പ്രവർത്തിക്കുന്നത്. 162 ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതിക്ക് ആവശ്യമായ സജ്ജീകരണങ്ങൾ ഏർപ്പെടുത്തുന്നത് അന്തിമഘട്ടത്തിലാണ്. അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ, ഫണ്ട് എന്നിവയുടെ ലഭ്യതയ്ക്കനുസരിച്ച് എല്ലാ സർക്കാർ ആശുപത്രികളിലും ഇ-ഹെൽത്ത് സംവിധാനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

(ബി) പ്രസ്തുത സംവിധാനത്തിലൂടെ ഓൺലൈൻ അപ്പോയിന്റ്മെന്റ്, കൺസൾട്ടേഷൻ, പ്രിസ്ക്രിപ്ഷൻ, ലാബ് പരിശോധന തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ടോ; മറ്റെന്തെല്ലാം സേവനങ്ങൾ പ്രസ്തുത സംവിധാനംവഴി ലഭ്യമാകും; വിശദാംശം നൽകാമോ?

ഇ-ഹെൽത്ത് സംവിധാനത്തിലൂടെ ഓൺലൈൻ അപ്പോയിന്റ്മെന്റ്, കൺസൾട്ടേഷൻ, പ്രിസ്ക്രിപ്ഷൻ, ലാബ് പരിശോധന തുടങ്ങിയ സേവനങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇതുകൂടാതെ പേഷ്യന്റ് രജിസ്ട്രേഷൻ, ടോക്കൺ അധിഷ്ഠിത ക്യൂ നിയന്ത്രണം, റഫറൽ & അഡ്വാൻസ് ബുക്കിംഗ്, ലബോറട്ടറി റിപ്പോർട്ടുകൾ (SMS അലെർട്ട്), ഫാർമസി, ബില്ലിംഗ്, ഇൻ-പേഷ്യന്റ് മാനേജ്മെന്റ് (Diet മാനേജ്മെന്റ്, ബെഡ് മാനേജ്മെന്റ്, വാർഡ്/ബെഡ് ട്രാൻസ്ഫർ), ഡിസ്ചാർജ്ജ് സമ്മറി എന്നീ സേവനങ്ങളും ഇ-ഹെൽത്ത് സംവിധാനംവഴി നൽകിവരുന്നു. ഇ-ഹെൽത്ത് മുഖേന ലഭിക്കുന്ന വിവിധ സേവനങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി * ചേർക്കുന്നു.

സാമ്പത്തിക കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാൻ നടപടി

29 (*179) ശ്രീ. മുഹമ്മദ് മുഹസിൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വാഴൂർ സോമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക കുറ്റകൃത്യങ്ങൾ അനിയന്ത്രിതമായി വർദ്ധിക്കുന്ന സാഹചര്യത്തിൽ അവയെ നിയന്ത്രിക്കുന്നതിന് നിലവിലെ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി ക്രൈംബ്രാഞ്ചിനുകീഴിൽ പ്രത്യേക സാമ്പത്തിക കുറ്റകൃത്യ വിഭാഗം (Economic Offences Wing) രൂപീകരിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരള പോലീസിന്റെ വിവിധ വിഭാഗങ്ങളായ ഹൈടെക് സെൽ, സൈബർ ഡോം, സൈബർ പോലീസ് സ്റ്റേഷൻ എന്നിവയെ ഉപയോഗപ്പെടുത്തി ഡിജിറ്റൽ മേഖലയിലൂടെ നടത്തുന്ന തട്ടിപ്പുകൾക്കെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകിവരുന്നു.

(ബി) പണമിടപാടുകളും കടമെടുപ്പുകളും ഇൻഷ്വറൻസുകളും ധനമാനേജ്മെന്റും ഡിജിറ്റലായിക്കൊണ്ടിരിക്കുന്ന നിലവിലെ സാഹചര്യത്തിൽ ഉപഭോക്താക്കൾക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിൽ സുരക്ഷയൊരുക്കുന്നതിന് എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വഴിയുള്ള പണമിടപാടുകളിൽ ഏർപ്പെടുമ്പോൾ സുരക്ഷയുടെ ഭാഗമായി സ്വീകരിക്കേണ്ട മുൻകരുതലുകൾ സംബന്ധിച്ച് പോലീസിലെ സൈബർ വിഭാഗത്തിന്റെയും സോഷ്യൽ മീഡിയ സെല്ലിന്റെയും സഹായത്തോടെ ബോധവൽക്കരണ പരിപാടികൾ നടത്തിവരുന്നു.

(സി) അനധികൃത നിക്ഷേപ പദ്ധതികളെക്കുറിച്ചുള്ള പ്രചരണങ്ങൾ കർശനമായി നിരീക്ഷിക്കുന്നതിനും തടയുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

അനധികൃത നിക്ഷേപ പദ്ധതികളെക്കുറിച്ച് റിപ്പോർട്ടാകുന്ന പരാതികളിന്മേൽ നിലവിലുള്ള നിയമങ്ങളിലെ വകുപ്പുകൾപ്രകാരം കുറ്റക്കാർക്കെതിരെ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) സാമ്പത്തിക കുറ്റകൃത്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി പോലീസിൽ പ്രത്യേക വിഭാഗം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമ്പത്തിക കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിനായി സംസ്ഥാനത്ത് പുതുതായി സാമ്പത്തിക കുറ്റകൃത്യവിഭാഗം ആരംഭിച്ചിട്ടുണ്ട്. ഇതിനായി പോലീസ് ഇൻസ്പെക്ടർ ജനറൽ - 1, പോലീസ് സൂപ്രണ്ട് - 4, ഡിവൈ.എസ്.പി. - 11, ഇൻസ്പെക്ടർ - 19, എസ്.ഐ. - 29, എസ്.സി.പി.ഒ. - 73, സി.പി.ഒ. - 73, ഡ്രൈവർ - 16, സീനിയർ സൂപ്രണ്ട് - 1, ജൂനിയർ സൂപ്രണ്ട് - 1, സീനിയർ ക്ലാർക്ക് - 2, ക്ലാർക്ക് - 2, സി.എ. - 1 എന്നിങ്ങനെ 233 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കോമേഴ്സിന്റെയും കമ്പോള സമ്പദ്വ്യവസ്ഥയുടെയും കാലഘട്ടത്തിൽ സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുകൾ ഉൾപ്പെടുന്ന കേസുകൾ കൈകാര്യം ചെയ്യുന്നതിന് സാങ്കേതിക വൈദഗ്ധ്യം നേടിയ

അന്വേഷണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ ശാസ്ത്രീയവും കാര്യക്ഷമവുമായ അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരുന്നതിനും ഇത്തരം കുറ്റകൃത്യങ്ങളെക്കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനുമാണ് സാമ്പത്തിക കുറ്റകൃത്യവിഭാഗം രൂപീകരിച്ചതിലൂടെ ലക്ഷ്യമിടുന്നത്.

(ഇ) അനധികൃത നിക്ഷേപ പദ്ധതികൾ നിരോധിക്കുന്നതിനും നിക്ഷേപങ്ങൾ സ്വീകരിച്ചശേഷം കടന്നുകളയുന്നവരുടെ സ്വത്തുവകകൾ കണ്ടുകെട്ടുന്നതിനും സംസ്ഥാനത്ത് ചട്ടങ്ങൾ നിലവിലുണ്ടോ; വിശദമാക്കാമോ?

അനധികൃത നിക്ഷേപ പദ്ധതികൾക്ക് നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. നിക്ഷേപങ്ങൾ സ്വീകരിച്ചശേഷം കടന്നുകളയുന്നവരുടെ സ്വത്തുവകകൾ കണ്ടുകെട്ടുതിനായി The Banning of Unregulated Deposit Scheme Act, The Prize Chits and Money Circulation Schemes (Banning) Act, Kerala Protection of Interest of Depositors in Financial Establishment Act എന്നീ നിയമങ്ങളിലെ വിവിധ വകുപ്പുകൾപ്രകാരം നടപടികൾ സ്വീകരിച്ചുവരുന്നു. ബഡ്സ് ആക്ടുമായി ബന്ധപ്പെട്ട ചട്ടങ്ങൾ 25-11-2022-ൽ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

നഗരങ്ങളിലെ മാലിന്യ സംസ്കരണ പദ്ധതികൾ

30 (*180) ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ:
ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആധുനിക ശാസ്ത്ര, സാങ്കേതികശാസ്ത്ര സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി നഗരങ്ങളിലെ മാലിന്യ സംസ്കരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതോടെ മാലിന്യസംസ്കരണ മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. കേരളത്തിലെ നഗരങ്ങളിലെ മാലിന്യ പരിപാലന സേവനങ്ങൾ ശക്തിപ്പെടുത്തുന്നതിനും ആധുനിക ശാസ്ത്ര, സാങ്കേതിക സംവിധാനങ്ങളൊരുക്കുന്നതിനും ലോക ബാങ്ക്, ഏഷ്യൻ ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ബാങ്ക് (AIIB) സാമ്പത്തിക സഹായം ഉപയോഗിച്ചുകൊണ്ട് കേരള സർക്കാർ വിഭാവനം ചെയ്ത്

നടപ്പാക്കുന്ന പദ്ധതിയാണ് കേരള ഖരമാലിന്യ പരിപാലന പദ്ധതി (KSWMP). പദ്ധതിയുടെ ഭാഗമായി കേരളത്തിലെ 93 നഗരസഭകളുടെയും ഖരമാലിന്യ പരിപാലനത്തിനും സംസ്കരണത്തിനുമായി സമഗ്ര ഖരമാലിന്യ പ്ലാനുകൾ തയ്യാറാക്കുകയും പ്രസ്തുത പ്ലാനിൽ വിഭാവനം ചെയ്ത ഖരമാലിന്യ സംസ്കരണ സംവിധാനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുകയും ചെയ്യുന്നതിനാണ് ഉദ്ദേശിക്കുന്നത്.

കൂടാതെ ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉൽപ്പാദിപ്പിക്കുന്ന തരത്തിലുള്ള സംയോജിത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് 11-6-2018-ലെ ജി.ഒ.(എം.എസ്.) 82/2018/ത.സ്വ.ഭ.വ. & 30-4-2020-ലെ ജി.ഒ. (ആർ.ടി) 805/2020/ത.സ്വ.ഭ.വ. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു-സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി സർക്കാർ കെ.എസ്.ഐ.ഡി.സി.-യെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 8 ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്. രണ്ടുവർഷത്തെ നിർമ്മാണ കാലാവധി ഉൾപ്പെടെ 27 വർഷമാണ് പദ്ധതിയുടെ നടത്തിപ്പ് കാലയളവ്. ഇത്തരം പ്ലാന്റുകളിൽ ജൈവ മാലിന്യങ്ങൾ ബയോമെത്തനേഷൻ പ്രക്രിയയിലൂടെ കംപ്രസ്ഡ് ബയോഗ്യാസും വളവും ആക്കി മാറ്റുകയും അജൈവ മാലിന്യങ്ങൾ ഇൻസിനറേഷൻ പ്രക്രിയയിലൂടെ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനോ ആർ.ഡി.എഫ്. ആക്കി മാറ്റുന്നതിനോ ആണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. ഈ പ്ലാന്റുകളിലൂടെ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിന് വിൽക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഖരമാലിന്യ സംസ്കരണ കേന്ദ്രങ്ങളുടെ വികസനം, പരമ്പരാഗത മാലിന്യ സംസ്കരണം, സംസ്കരിക്കാനാകാത്ത ഖരമാലിന്യങ്ങളുടെ പരിപാലനം, മാലിന്യത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം എന്നിവ പ്രസ്തുത പദ്ധതിയുടെ ഭാഗമായി നടപ്പാക്കുന്നുണ്ടോ; വിശദാംശം നൽകാമോ?

നടപ്പാക്കുന്നുണ്ട്. കെ.എസ്.ഡബ്ല്യു.എം.പി. പദ്ധതിയുടെ ഭാഗമായി നിലവിൽ നഗരസഭകളിലുള്ള ജൈവ അജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ മെച്ചപ്പെടുത്തുക, പരമ്പരാഗത മാലിന്യ സംസ്കരണത്തിനായി ലെഗസ്സി ഡംപ് സൈറ്റ് ശാസ്ത്രീയമായി കൈകാര്യം ചെയ്യുക, നിഷ്ക്രിയ ഖരമാലിന്യങ്ങളുടെ പരിപാലനത്തിനായി സാനിറ്ററി ലാൻഡ് ഫിൽ സ്ഥാപിക്കുക, തരംതിരിച്ച മാലിന്യത്തിൽനിന്ന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുക, റീസൈക്ലിംഗ് സംവിധാനങ്ങളൊരുക്കുക എന്നിവ ഈ പദ്ധതിയുടെ ഭാഗമാണ്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സംസ്ഥാനത്തോടുള്ള കേന്ദ്രസർക്കാരിന്റെ വിവേചനപരമായ നിലപാട്

1 (2146) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ മുൻകാലത്ത് സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് അനുവദിച്ച റെയിൽവേ പദ്ധതികൾ റദ്ദുചെയ്യുകയും സംസ്ഥാനം മുന്നോട്ടുവയ്ക്കുന്ന പുതിയ പദ്ധതികളോട് അനുഭാവപൂർണ്ണമായ സമീപനം സ്വീകരിക്കാതിരിക്കുകയും സംസ്ഥാനവുമായി ചർച്ച ചെയ്യാതെ ചില പദ്ധതികൾ ഏകപക്ഷീയമായി പ്രഖ്യാപിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തികച്ചും വിവേചനപരമാണെന്നത് പരിഗണിച്ച് സർക്കാർ ഗൗരവമായി കാണുന്നുണ്ടോ?

കേന്ദ്ര സർക്കാർ മുൻകാലത്ത് സംസ്ഥാനത്തിന്റെ ആവശ്യം പരിഗണിച്ച് അനുവദിച്ച റെയിൽവേ പദ്ധതികൾ പലതും നടപ്പാക്കിയിട്ടില്ല. സംസ്ഥാനം മുന്നോട്ടുവയ്ക്കുന്ന പുതിയ പദ്ധതികളായ സിൽവർലൈൻ, അങ്കമാലി-ശബരി എന്നിവ കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. സംസ്ഥാനത്തിനുതകുന്ന പദ്ധതികളിൽ കേന്ദ്രസർക്കാർ അനുഭാവപൂർണ്ണമായ തീരുമാനമെടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) സംസ്ഥാന സർക്കാരിന്റെ അഭ്യർത്ഥനയെത്തുടർന്ന് 2018-ലെ പ്രളയകാലത്ത് ദുരിതബാധിതർക്ക് അധിക അരി നൽകിയതിനുശേഷം ഇപ്പോൾ അരിവില നൽകാൻ സംസ്ഥാന സർക്കാരിനുമേൽ സമ്മർദ്ദം ചെലുത്തുന്നത് ഫെഡറൽ സംവിധാനത്തിന് എതിരായതും തെറ്റായ കീഴ്വഴക്കവുമാണെന്ന കാര്യം കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോ?

2018-ലെ പ്രളയ ദുരിതാശ്വാസത്തിനായി കേരളത്തിന് 89540 മെടിക് ടൺ അരി കേന്ദ്രം അനുവദിച്ചിരുന്നു. അധികം അരി കേന്ദ്രം അനുവദിച്ച ഇനത്തിൽ 205,80,57,232 രൂപ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കേന്ദ്ര ആഭ്യന്തര മന്ത്രാലയം 19-9-2019-ലെ കത്തുപ്രകാരം ആവശ്യപ്പെട്ടിരുന്നു. 2017-ലെ ഓഖി ചുഴലിക്കാറ്റ്, 2018-ലെയും 2019-ലെയും പ്രളയങ്ങൾ, കോവിഡ്-19 എന്നിവ സംസ്ഥാനത്തെ സാമ്പത്തിക വ്യവസ്ഥയെ വളരെയധികം ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ ഈ തുക അടയ്ക്കുന്നതിൽനിന്ന് സംസ്ഥാനത്തെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് 24-9-2020, 7-7-2021,

22-11-2021, 21-5-2022 എന്നീ തീയതികളിലെ കത്തുപ്രകാരം കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്രസർക്കാർ ഇതുസംബന്ധിച്ച് അനുകൂല നിലപാട് കൈക്കൊള്ളാത്ത സാഹചര്യത്തിൽ, 2019-ലെ പ്രളയത്തിൽ അധികം അരി വിതരണം ചെയ്ത ഇനത്തിൽ 205,80,57,232 രൂപ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് അനുവദിക്കുന്നതിന് ഉത്തരവായിട്ടുണ്ട്.

(സി) മുൻ കേന്ദ്രസർക്കാരുകൾ സംസ്ഥാനത്തിന് അനുവദിച്ചതും കേന്ദ്രത്തിൽ എൻ.ഡി.എ. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അംഗീകാരം റദ്ദാക്കുകയും ചെയ്ത വൻകിട, ചെറുകിട പദ്ധതികൾ സംബന്ധിച്ച് അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

റെയിൽവേയുമായി ബന്ധപ്പെട്ട പദ്ധതികളിൽ, മുമ്പ് അനുവദിച്ച അങ്കമാലി-ശബരി ലൈൻ, കഞ്ചിക്കോട് റെയിൽ കോച്ച് ഫാക്ടറി, ഗുരുവായൂർ-തിരുനാവായ ലൈൻ എന്നീ പദ്ധതികളിൽ വേണ്ടത്ര പുരോഗതിയില്ല. ശബരി പദ്ധതിയിൽ സർക്കാർ 50% തുക വഹിക്കാമെന്ന് റെയിൽ മന്ത്രാലയത്തെ അറിയിച്ചതിനെത്തുടർന്ന് പുതുക്കിയ എസ്റ്റിമേറ്റും ഡി.പി.ആർ.-ഉം റെയിൽവേയ്ക്ക് സമർപ്പിക്കുകയും ആയത് റെയിൽവേ ബോർഡിന്റെ പരിഗണനയിലുമാണ്.

മംഗലാപുരം-കൊച്ചി പ്രകൃതിവാതക ലൈൻ

2 (2147) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മംഗലാപുരം-കൊച്ചി പ്രകൃതിവാതക ലൈൻ പൂർത്തീകരിച്ചതിനാൽ വീടുകളിൽ പാചകാവശ്യത്തിനായി പ്രകൃതിവാതകം എപ്പോൾ നൽകാൻ കഴിയുമെന്ന് അറിയിക്കാമോ; വ്യവസായ/വാണിജ്യ സ്ഥാപനങ്ങൾക്ക് ഇന്ധനമായി ഇവ എപ്പോൾ നൽകാൻ കഴിയുമെന്നുള്ള വിവരം ലഭ്യമാക്കുമോ?

കേരളത്തിൽ കോഴിക്കോട് ജില്ലയിലെ ഉണ്ണികുളം പഞ്ചായത്തിൽ 13-9-2022 മുതൽ ഗാർഹിക കണക്ഷനുകൾ നൽകിത്തുടങ്ങിയിട്ടുണ്ട്. 2023 ജൂലൈ മാസത്തോടെ പനങ്ങാട്, ബാലുശ്ശേരി, നന്മണ്ട പഞ്ചായത്തുകളിൽ ഗാർഹിക/വാണിജ്യ സ്ഥാപനങ്ങൾക്ക് PNG കണക്ഷനുകൾ നൽകുന്നതാണ്.

മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിൽ വീടുകളിലേയ്ക്ക് പ്രകൃതി വാതകം വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്. വാണിജ്യ, വ്യാവസായിക സ്ഥാപനങ്ങൾക്ക് ഇന്ധനം നൽകുന്നതിനായുള്ള കണക്ഷനുകൾ സജ്ജമാക്കിയിട്ടുണ്ട്.

കിനാലൂർ ഇൻഡസ്ട്രിയൽ പാർക്കിലേയ്ക്ക് 2023 ജൂലൈ മാസത്തോടെ പൈപ്പ്ലൈൻ കണക്റ്റിവിറ്റി സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. നല്ലളം, വെസ്റ്റ് ഹിൽ തുടങ്ങിയ വ്യാവസായിക മേഖലകൾക്ക് 2023 ഡിസംബറോടെ ഗ്യാസ് കണക്റ്റിവിറ്റി നൽകാൻ ആസൂത്രണം ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ പുതുശ്ശേരി, ഇലപ്പുള്ളി പഞ്ചായത്തുകളിൽ വീടുകളിലേയ്ക്കുള്ള പൈപ്പ്ലൈൻ പണികൾ പൂർത്തീകരിച്ച് ഡിസംബർ മാസം അവസാനത്തോടുകൂടി പ്രകൃതിവാതകം ലഭ്യമാക്കുന്നതാണ്. പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് മേഖലയിൽ വ്യവസായ/വാണിജ്യ സ്ഥാപനങ്ങളിലേയ്ക്കുള്ള ഇന്ധന വിതരണം ആരംഭിച്ചുകഴിഞ്ഞു. സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം ഇന്ധനം നൽകാൻ തയ്യാറെടുപ്പുകൾ പൂർത്തീകരിച്ചിട്ടുള്ളതുമാണ്.

തൃശ്ശൂർ ജില്ലയിൽ കുന്നംകുളം, ചൊവ്വന്നൂർ, ഗുരുവായൂർ, ചാവക്കാട് എന്നിവിടങ്ങളിൽ വീടുകളിലേയ്ക്ക് പാചകാവശ്യത്തിനായുള്ള പ്രകൃതിവാതകം എത്തിക്കുന്നതിനുള്ള പൈപ്പ്ലൈനിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ അഞ്ചരക്കണ്ടി പഞ്ചായത്തിലെ വാർഡ് നമ്പർ 15, കണ്ണൂർ നിയോജകമണ്ഡലത്തിലെ മുണ്ടേരി പഞ്ചായത്തിലെ വാർഡ് നമ്പർ 9 & 10, മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കൂടാളി പഞ്ചായത്തിലെ വാർഡ് നമ്പർ 13 & 14 എന്നീ സ്ഥലങ്ങളിൽ സിറ്റി ഗ്യാസ് പദ്ധതിപ്രകാരം പൈപ്പിലൂടെയുള്ള പ്രകൃതിവാതക ഗാർഹിക വിതരണ ശൃംഖല നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സിറ്റി ഗ്യാസ് പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിൽ പുരോഗമിച്ചുവരുന്നുണ്ട്.

സർക്കാർ സർവ്വീസിൽ പിന്നാക്ക വിഭാഗങ്ങൾക്ക് ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം

3 (2148) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലെ വിവിധ വകുപ്പുകൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സർവ്വകലാശാലകൾ, കമ്പനി/ബോർഡ്/കോർപ്പറേഷൻ എന്നിവയിൽ നിലവിലുള്ള തസ്തികകളുടെ അംഗീകൃത എണ്ണം എത്രയാണെന്ന് തസ്തിക തിരിച്ച് വിശദമാക്കുമോ?

തസ്തിക തിരിച്ചുള്ള വിവരം ശേഖരിച്ചിട്ടില്ല.

(ബി) മേൽ അംഗീകൃത തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ച് നിലവിൽ ജോലിചെയ്യുന്ന ജീവനക്കാരുടെ ജാതി, മതം, ലിംഗം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ഓരോ തസ്തികയിലും നിലവിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാരുടെ ജാതി, മതം, ലിംഗം, നിയമന രീതി, സംവരണ വിഭാഗം തിരിച്ചുള്ള കണക്ക് ലഭ്യമല്ലെങ്കിൽ അത്തരം വിവരശേഖരണം അടുത്ത 6 മാസത്തിനുള്ളിൽ നടത്തണമെന്ന് വകുപ്പിനോട് നിർദ്ദേശിക്കുമോ?

ലഭ്യമല്ല; പരിഗണനയിലില്ല.

(സി) അംഗീകൃത തസ്തികകളിൽ സ്ഥിരനിയമനം ലഭിച്ച് നിലവിൽ ജോലിചെയ്യുന്ന ജീവനക്കാർ നിയമിതരായത് പൊതുവിഭാഗത്തിലോ സംവരണ വിഭാഗത്തിലോ എന്നതിന്റെ വിശദാംശം നൽകുമോ; സംവരണ വിഭാഗത്തിനുള്ള നിയമനമാണെങ്കിൽ സംവരണ വിഭാഗം ഏതാണ് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

വിശദാംശം ലഭ്യമല്ല.

(ഡി) പട്ടികജാതി, പട്ടികവർഗ്ഗം, മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവർക്ക് സർക്കാർ സർവ്വീസിൽ ജനസംഖ്യാനുപാതിക പ്രാതിനിധ്യം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ ജനസംഖ്യാനുപാതിക പ്രാതിനിധ്യം ലഭ്യമാക്കുന്നതിന് എപ്രകാരമുള്ള നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

ചട്ടപ്രകാരമുള്ള സംവരണ തത്വങ്ങൾ പാലിച്ചാണ് പ്രസ്തുത നിയമനങ്ങൾ നടത്തുന്നത്.

സർക്കാർ ജീവനക്കാർക്ക് കലാപരിപാടികളിൽ പങ്കെടുക്കുന്നതിനുള്ള അനുമതി

4 (2149) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് സിനിമ, സീരിയൽ എന്നിവയിൽ അഭിനയിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് നൽകുമോ;

(ബി) ഇത്തരത്തിൽ അനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അനുമതിക്കായി ലഭിച്ച അപേക്ഷകൾ തീർപ്പാക്കാതെ ശേഷിക്കുന്നുണ്ടോ;എങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കുമോ?

(എ-സി) 1960-ലെ കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48-ന്റെ ഒന്നാമത്തെ പ്രൊവിസോ പ്രകാരം ശാസ്ത്ര, കലാ-സാംസ്കാരിക, സാമൂഹിക, സാഹിത്യ രംഗങ്ങളിൽ പ്രതിഫലം കൈപ്പറ്റാതെയും ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരാത്തവിധത്തിലും ഏർപ്പെടുന്നതിന് സർക്കാർ ജീവനക്കാർക്ക് അനുമതിയുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശിക്കുന്നപക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതും പ്രസ്തുത പ്രവൃത്തികളിലൂടെ സർക്കാരിനെയോ സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കാൻ പാടില്ലാത്തതുമാകുന്നു. മാത്രമല്ല, ഇത്തരം പ്രവൃത്തികളിൽ സ്ഥിരമായി ഏർപ്പെടുന്നതിനോ, പ്രസ്തുത പ്രവൃത്തികൾ പ്രതിഫലേച്ഛയോടെയോ, വാണിജ്യാടിസ്ഥാനത്തിലോ നിർവ്വഹിക്കുന്നതിനോ നിലവിൽ വ്യവസ്ഥയില്ല. ദൃശ്യ മാധ്യമങ്ങളിൽ പരിപാടികൾ അവതരിപ്പിക്കുന്നതിനും അച്ചടി മാധ്യമങ്ങൾ, ആനുകാലികങ്ങൾ എന്നിവയിൽ ലേഖനങ്ങൾ പ്രസിദ്ധീകരിക്കുന്നതിനും സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 60, 62, 63 എന്നിവയിലെ വ്യവസ്ഥകൾ ബാധകമാണ്.

പ്രസ്തുത അനുമതിക്കായി വകുപ്പ് മേധാവികൾ മുഖേന ലഭ്യമാകുന്ന അപേക്ഷകൾ ബന്ധപ്പെട്ട ഭരണ വകുപ്പുകൾ പരിശോധിച്ച് തീർപ്പാക്കുകയാണ് ചെയ്യുന്നത്.

റീബിൽഡ് കേരള പദ്ധതിപ്രകാരം പെരുമ്പാവൂർ മണ്ഡലത്തിൽ അനുമതി ലഭിച്ച പ്രവൃത്തികൾ

5 (2150) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിപ്രകാരം അനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

(എ&ബി) പെരുമ്പാവൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) പ്രസ്തുത മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിപ്രകാരം പുതുതായി ഏതെങ്കിലും പദ്ധതികൾ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതികൾ മണ്ഡലാടിസ്ഥാനത്തിലല്ല നടപ്പാക്കുന്നത്. വിവിധ വകുപ്പുകൾ ശിപാർശ ചെയ്യുവരുന്ന പദ്ധതി നിർദ്ദേശങ്ങൾ, ആർ.കെ.ഐ.-യുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമാണോയെന്ന് വിലയിരുത്തിയതിനുശേഷം, ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി, മന്ത്രിസഭ എന്നിവയുടെ അംഗീകാരംകൂടി തേടി, ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് പരിഗണിക്കുകയാണ് ചെയ്യുന്നത്.

മംഗലപുരം-വിഴിഞ്ഞം ആറുവരിപ്പാത

6 (2151) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മംഗലപുരം-വിഴിഞ്ഞം ആറുവരിപ്പാത നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ; റോഡിന്റെ ദൈർഘ്യം, വീതി എന്നിവ സംബന്ധിച്ചും പദ്ധതിയുടെ നിർമ്മാണവും പൂർത്തീകരണവും എന്ന് സാധ്യമാകുമെന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

മംഗലപുരം-വിഴിഞ്ഞം ആറുവരിപ്പാത നിർമ്മാണം ദേശീയപാത അതോറിറ്റി മുഖേനയാണ് നടപ്പാക്കുന്നത്. പ്രസ്തുത പദ്ധതിക്ക് NH Act 1956 പ്രകാരം 45 മീറ്റർ വീതിയിൽ 3 എ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു, 3 ഡി സർവ്വേ പുരോഗമിക്കുന്നു. പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കലും പുരോഗമിക്കുന്നു.

സർവ്വീസ് റോഡ് ഉൾപ്പെടെ 70 മീറ്റർ വീതിയിൽ 80 കിലോമീറ്റർ നീളത്തിൽ റോഡ് വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഔട്ടർ റിംഗ് റോഡിന്റെ വീതി സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

മലയോര ഹൈവേ നിർമ്മാണത്തിനുള്ള പ്രതിസന്ധികൾ

7 (2152) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മലയോര ഹൈവേയുടെ നിർമ്മാണത്തിനായി സ്ഥലം അളന്ന് തിരിക്കുന്നതിനും കല്ലുകൾ സ്ഥാപിക്കുന്നതിനും വനം വകുപ്പ് ഉദ്യോഗസ്ഥരുടെ എതിർപ്പുമൂലം സാധിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാന മലയോര ഹൈവേയുടെ നിർമ്മാണത്തിനായി വനഭൂമിയുടെ അതിർത്തികൾ നിർണ്ണയിച്ച് സർവ്വേ നടപടികൾ പൂർത്തീകരിച്ച് താൽക്കാലിക പെഗ്മാർക്കിംഗ് ചെയ്തിട്ടുണ്ട്.

(ബി) നിർദ്ദിഷ്ട മലയോര ഹൈവേയുടെ ഭാഗമായി പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളിൽ വനഭൂമികളിലെ സർവ്വേ നടപടികൾക്ക് വനം വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള തടസ്സങ്ങൾ നീക്കുന്നതിനും വീടും ജീവിതോപാധിയും നഷ്ടപ്പെടുന്നവർക്കും ചുരുങ്ങിയ സ്ഥലം മാത്രമുള്ള കുടുംബങ്ങൾക്കുണ്ടാകുന്ന കെട്ടിടം ഉൾപ്പെടെയുള്ള നഷ്ടങ്ങൾ നികത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ?

പുതുക്കാട് മണ്ഡലത്തിൽപ്പെട്ട വരന്തരപ്പിള്ളി, മറ്റത്തൂർ പഞ്ചായത്തുകളിൽ വനഭൂമികളിലെ സർവ്വേ നടപടികൾക്ക് വനം വകുപ്പിന്റെ ഭാഗത്തുനിന്നും തടസ്സങ്ങളൊന്നുമുണ്ടായിട്ടില്ല. മലയോര ഹൈവേയുടെ നിർമ്മാണത്തിനായി 18.5002 ഹെക്ടർ വനഭൂമി ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ പരിവേഷ് പോർട്ടലിൽ കെ.ആർ.എഫ്.ബി. സമർപ്പിച്ച അപേക്ഷയിൽ ചില അധിക വിവരങ്ങൾ/വിശദീകരണം തേടിയിരുന്നു. പ്രസ്തുത വിശദീകരണം നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽനിന്ന് സ്റ്റേജ് -1 അനുമതി ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ നിർമ്മാണപ്രവർത്തനങ്ങൾ അനുവദിക്കാൻ കഴിയുകയുള്ളൂ. ഭൂമി ഏറ്റെടുക്കുന്നതുമൂലം മതിലുകൾ, കെട്ടിടത്തിന്റെ ഭാഗങ്ങൾ തുടങ്ങിയവയ്ക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ കെ.ആർ.എഫ്.ബി. മുഖാന്തരം പുനർനിർമ്മിച്ച് നൽകുന്നതാണ്. വീട് നഷ്ടപ്പെടുന്നവർക്കായുള്ള പാക്കേജ് രൂപീകരിക്കാനുള്ള അനുമതിക്കായി കിഫ്ബിയിൽ സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

കോതമംഗലം മണ്ഡലത്തിലെ റീബിൽഡ് പദ്ധതി

8 (2153) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിപ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) പൂർത്തീകരിക്കാത്ത പ്രവൃത്തികൾ എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(എ-സി) കോതമംഗലം മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) റീബിൽഡ് കേരളയുടെ രണ്ടാംഘട്ടത്തിൽ കോതമംഗലം മണ്ഡലത്തിൽനിന്നും ഏതെല്ലാം പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഇ) റീബിൽഡ് കേരള രണ്ടാംഘട്ടത്തിൽ കൂടുതൽ പദ്ധതികൾ കോതമംഗലം മണ്ഡലത്തിൽ ഉൾപ്പെടുത്തുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(ഡി&ഇ) ആർ.കെ.ഐ. പദ്ധതികൾക്ക് മണ്ഡലാടിസ്ഥാനത്തിലല്ല അംഗീകാരം നൽകിവരുന്നത്. ആർ.കെ.ഐ.-യിലേയ്ക്ക് വകുപ്പുകളിൽനിന്നും ശിപാർശ ചെയ്യുവരുന്ന പദ്ധതികൾ, ആർ.കെ.ഐ.-യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായവ, ഫണ്ട് ലഭ്യതയ്ക്കനുസരിച്ച് ആർ.കെ.ഐ. ഇംപ്ലിമെന്റേഷൻ കമ്മിറ്റി, ഉന്നതാധികാര സമിതി, മന്ത്രിസഭ എന്നിവയുടെ അംഗീകാരം തേടിയതിനുശേഷം അനുമതി നൽകുകയാണ് ചെയ്യുന്നത്.

കോങ്ങാട് മണ്ഡലത്തിലെ റീബിൽഡ് കേരള പദ്ധതിയുടെ പുരോഗതി

9 (2154) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിപ്രകാരം നടപ്പാക്കി വരുന്ന പ്രവൃത്തികളുടെ പുരോഗതി വിവരം ലഭ്യമാക്കാമോ?

കോങ്ങാട് മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ നടപ്പാക്കിവരുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

പേരാമ്പ്ര മണ്ഡലത്തിലെ പ്രവൃത്തികൾക്ക് റീബിൽഡ് കേരളയിൽനിന്നും ഫണ്ട്

10 (2155) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിലെ കുറ്റ്യാടി ഇറിഗേഷൻ കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട് നികത്തപ്പെട്ടുപോയ നായാടൻപുഴ പുനരുജ്ജീവിപ്പിക്കുന്നതിന് ബോക്സ് കൾവർട്ട് സ്ഥാപിക്കുന്നതിനായി റീബിൽഡ് കേരളയിൽനിന്നും ഫണ്ട് അനുവദിക്കുന്നതിനായി അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയുടെ തുടർനടപടികളുടെ പുരോഗതി അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

റീബിൽഡ് കേരളയിൽ അപേക്ഷയൊന്നും ലഭിച്ചിട്ടില്ല. എന്നാൽ ഇതുസംബന്ധിച്ച് ജലസേചന വകുപ്പ് പ്രോജക്ട് വിഭാഗം കോഴിക്കോട് ചീഫ് എഞ്ചിനീയർക്ക് അപേക്ഷ ലഭിച്ചിട്ടുണ്ട്. ആയത് ആ വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) റീബിൽഡ് കേരളയിൽ ഏതൊക്കെ പ്രവൃത്തികൾക്ക് പേരാമ്പ്ര മണ്ഡലത്തിൽനിന്നും അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; പ്രസ്തുത അപേക്ഷകളിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പേരാമ്പ്ര മണ്ഡലത്തിൽ ഏറ്റെടുക്കുന്നതിലേയ്ക്ക് അപേക്ഷയൊന്നും റീബിൽഡ് കേരളയിൽ നിലവിൽ പരിഗണനയിലില്ല.

കോവളം-ബേക്കൽ ദേശീയപാത

11 (2156) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം-ബേക്കൽ ദേശീയപാതയുടെ സ്ഥലമേറ്റെടുക്കൽ, പുനരധിവാസം, വിവിധ നിർമ്മാണ പ്രവൃത്തികൾ തുടങ്ങിയവയുടെ വിശദമായ പദ്ധതി രേഖകൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

കോവളം മുതൽ ബേക്കൽവരെ 616 കിലോമീറ്റർ നീളത്തിലാണ് സംസ്ഥാനത്ത് പശ്ചിമതീര ജലപാത വിഭാവനം ചെയ്തിട്ടുള്ളത്. ഇതിൽ കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള ജലപാതയെ ദേശീയ ജലപാത-3 (National Waterway III) ആയി പ്രഖ്യാപിച്ചിട്ടുള്ളതും കോവളം മുതൽ കൊല്ലം വരെയും കോഴിക്കോട് മുതൽ ബേക്കൽ വരെയും സംസ്ഥാന ജലപാതയുമാണ്.

ദേശീയ ജലപാതാ അതോറിറ്റിയുടെ (IWAI) അധീനതയിലുള്ള കൊല്ലം മുതൽ കോഴിക്കോട് വരെ 328 കിലോമീറ്റർ ദൈർഘ്യം വരുന്ന ദേശീയ ജലപാത-3-ലെ കൊല്ലം മുതൽ കോട്ടപ്പുറം വരെയുള്ള 168 കിലോമീറ്റർ ദേശീയ ജലപാതാ നിലവാരത്തിൽ ഗതാഗതയോഗ്യമാക്കിയിട്ടുണ്ടെങ്കിലും പൂർണ്ണമായും ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് എത്തുന്നതിനായി കൊല്ലം ജില്ലയിലെ ചവറ കോവിൽത്തോട്ടത്ത് ഒരു നടപ്പാലവും ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴയിൽ ഒരു നാവിഗേഷൻ ലോക്ക്-കം-ബ്രിഡ്ജും പുനർ നിർമ്മിക്കേണ്ടതുണ്ട്. നാവിഗേഷൻ ലോക്കിന്റെ നിർമ്മാണം ദേശീയ ജലപാതാ അതോറിറ്റിയുടെ ഡെപ്പോസിറ്റ് ഫണ്ടുപയോഗിച്ച് ഉൾനാടൻ ജലഗതാഗത വകുപ്പ് ഏറ്റെടുത്ത് നടത്തിവരുന്നുണ്ട്. നടപ്പാലം പുനർനിർമ്മാണത്തിനും നടപടി സ്വീകരിച്ചുവരുന്നു.

കോട്ടപ്പുറം മുതൽ കോഴിക്കോട് വരെ 160 കിലോമീറ്റർ ദേശീയ ജലപാതയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും പൂർണ്ണതോതിൽ ഗതാഗത യോഗ്യമാകുന്നതിനായി നിരവധി പാലങ്ങളും റെഗുലേറ്ററുകളും പുതുക്കിപ്പണിയേണ്ടതായിട്ടുണ്ട്. പ്രസ്തുത 160 കിലോമീറ്റർ ജലപാത ദേശീയ ജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിന്റെ ഭാഗമായി ദേശീയ ജലപാതാ അതോറിറ്റി വിശദമായ പദ്ധതി രേഖ (ഡി.പി.ആർ.) തയ്യാറാക്കിയിട്ടുണ്ട്. ഡി.പി.ആർ.-ന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രസ്തുത ഡി.പി.ആർ. പ്രകാരമുള്ള വികസന പദ്ധതികൾ നടപ്പാക്കാൻ സാധിക്കുകയുള്ളൂ.

ദേശീയ ജലപാതയിൽ മലപ്പുറം ജില്ലയിലൂടെ കടന്നുപോകുന്ന ജലപാതയുടെ പൊന്നാനി ചേറ്റുവ കനാലിന്റെ തുടക്കഭാഗമായ വെളിയംകോട് ഭാഗത്ത് നബാർഡിന്റെ ധനസഹായത്തോടെ ഒരു നാവിഗേഷൻ ലോക്ക്-കം-ബ്രിഡ്ജ് നിർമ്മാണത്തിനായുള്ള നടപടികൾ ഉൾനാടൻ ജലഗതാഗത വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

കോവളം മുതൽ വർക്കലവരെ കനാൽ തീരത്ത് താമസിക്കുന്ന കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് 247.2 കോടി രൂപയുടെ KIIFB ധനസഹായത്തോടുകൂടിയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ കോവളം-ആക്കുളം ഭാഗത്തെ 16 കിലോമീറ്റർ ദൂരത്തിൽ കനാൽ വികസന പ്രവർത്തനങ്ങൾക്ക് 183 കോടി രൂപ കിഫ്ബി മുഖാന്തരം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത ഭാഗത്ത് കരിക്കകം, പുത്തൻപാലം, പനത്തുറ എന്നീ പാലങ്ങളുടെ നിർമ്മാണ നടപടികൾ പുരോഗമിക്കുന്നു. ആക്കുളം മുതൽ കഠിനംകുളം വരെയുള്ള 10.5 കിലോമീറ്റർ ദൂരം കനാലുകൾ വികസിപ്പിക്കുന്നതിനായി 8 കോടി രൂപയുടെ 4 പ്രവൃത്തികൾ നടന്നുവരുന്നുണ്ട്. പള്ളിത്തുറ ഭാഗത്ത് ജലപാതയ്ക്ക് കുറുകെ വരുന്നതും കാലപ്പഴക്കം ചെന്നതുമായ സെന്റ് ആൻഡ്രൂസ് ബ്രിഡ്ജിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. കഠിനംകുളം മുതൽ ഒന്നാം പാലംവരെ പൂർണ്ണമായും ഗതാഗതയോഗ്യമാണ്. ഒന്നാം പാലം മുതൽ വർക്കലവരെയുള്ള ഭാഗത്ത് 372 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. വർക്കല ശിവഗിരി ഭാഗത്തെ 722 മീറ്റർ നീളത്തിലുള്ള വലിയ തുരങ്കവും 350 മീറ്റർ നീളത്തിലുള്ള ചെറിയ തുരങ്കവും നിലവിലുള്ള അവസ്ഥയിൽ ചെളിയും മറ്റ് തടസ്സങ്ങളും മാറ്റി ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. നടയറ മുതൽ കൊല്ലംവരെ ഗതാഗതയോഗ്യമാണ്.

കോഴിക്കോട് പയ്യോളി റൂട്ടിൽ കോഴിക്കോട് നഗരത്തിന്റെ ഹൃദയ ഭാഗത്തുകൂടി കടന്നുപോകുന്ന 11.2 കിലോമീറ്റർ ദൂരത്തിലുള്ള കനോലി കനാൽ ജലപാതാ നിലവാരത്തിലേയ്ക്ക് വികസിപ്പിക്കുന്നതിനായി 'കോഴിക്കോട് കനാൽ സിറ്റി പ്രോജക്ട്' എന്ന പേരിലുള്ള പദ്ധതി ഏകദേശം 1118 കോടി രൂപ കിഫ്ബി ധനസഹായം ലഭ്യമാക്കി നടപ്പാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തിക്കായി വിശദമായ പദ്ധതി രേഖ കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) തയ്യാറാക്കി വരുന്നു.

വടകര മുതൽ മാഹിവരെ വരുന്ന 17.61 കിലോമീറ്റർ ദൂരത്തിൽ 12 കിലോമീറ്റർ ദൂരം കനാൽ ജലഗതാഗതയോഗ്യമായിട്ടുണ്ട്. ഒന്നാം റീച്ചിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ഏകദേശം പൂർത്തിയായിവരുന്നു. ഈ പാതയിൽ വരുന്ന മൂഴിക്കൽ ലോക്കിന്റെയും കരിങ്ങാലിമുക്ക് ലോക്കിന്റെയും വെങ്ങോലി ലോക്ക്- കം-ബ്രിഡ്ജിന്റെയും നിർമ്മാണ പ്രവൃത്തികൾ പുരോഗമിക്കുന്നു. റീച്ച് അഞ്ചിൽ 3 കിലോമീറ്റർ ദൂരം കനാൽ പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കണ്ണൂർ ജില്ലയിലെ മാഹിക്കും വളപട്ടണത്തിനും ഇടയ്ക്ക് മൂന്നിടത്തായി ഏകദേശം 26 കിലോമീറ്ററായും കാസർഗോഡ് ജില്ലയിലെ നീലേശ്വരം മുതൽ ബേക്കൽ വരെയുള്ള ഭാഗത്ത് 6.5 കിലോമീറ്ററായും പുതുതായി കനാൽ നിർമ്മിക്കേണ്ടതുണ്ട്. മാഹി-വളപട്ടണം റീച്ചിൽ തലശ്ശേരി മുതൽ വളപട്ടണം വരെ വരുന്ന ഭാഗത്ത് ഒന്നാം കട്ടിന്റെ (റീച്ച്-I) അലൈൻമെന്റ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടാം കട്ടിന്റെ (റീച്ച്-II) സാമൂഹികാഘാത പഠനം പൂർത്തിയായതും മൂന്നാം കട്ടിന്റെ (റീച്ച്-III) സാമൂഹികാഘാത പഠനം നടന്നുവരുന്നതുമാണ്. ഈ രണ്ട് കട്ടിന്റെയും പാരിസ്ഥിതികാഘാത പഠനം പൂർത്തിയാക്കാനുണ്ട്. പ്രസ്തുത പഠനം പൂർത്തിയായാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് അന്തിമ വിജ്ഞാപനമിറക്കാൻ സാധിക്കുകയുള്ളൂ.

നീലേശ്വരം ബേക്കൽ ഭാഗത്ത് 6.5 കിലോമീറ്റർ പുതിയതായി കനാൽ നിർമ്മിക്കുന്നതിനായി വാട്ടർ ബാലൻസ് സ്റ്റഡി, സർവ്വേ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. ജലപാതാ വികസനം സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ മുഖേനയാണ് ഈ പ്രവൃത്തികൾ നടപ്പാക്കുന്നത്.

(ബി) ഈ പദ്ധതി എന്നത്തേയ്ക്ക് യാഥാർത്ഥ്യമാക്കാനാകുമെന്ന് അറിയിക്കുമോ?

വെസ്റ്റ് കോസ്റ്റ് കനാൽ 2025 അവസാനത്തോടുകൂടി പൂർണ്ണമായി ഗതാഗതയോഗ്യമാക്കുന്നതിനുള്ള നടപടികളാണ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്നത്.

സർക്കാർ ശമ്പളം കൈപ്പറ്റുന്ന ജീവനക്കാരുടെ വിവരശേഖരണം

12 (2157) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ സർവ്വീസിലും അർദ്ധസർക്കാർ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലുമായി എത്ര ജീവനക്കാരാണ് സർക്കാർ ശമ്പളം കൈപ്പറ്റുന്നത്?

2022 സെപ്റ്റംബറിലെ കണക്കുപ്രകാരം അർദ്ധസർക്കാർ, മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർ ഒഴികെ സ്പാർക്കുവഴി ശമ്പളം കൈപ്പറ്റുന്ന 493839 ജീവനക്കാരുണ്ട്.

(ബി) ജീവനക്കാർ ജോലിചെയ്യുന്ന വകുപ്പുകൾ, സ്ഥിരം നിയമനം, ഡെപ്യൂട്ടേഷൻ നിയമനം, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം, മറ്റുതരത്തിലുള്ള നിയമനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിലുള്ള എണ്ണം വേർതിരിച്ച് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് താൽക്കാലിക/ദിവസ വേതന/ കരാറടിസ്ഥാനത്തിലുള്ള നിയമനങ്ങൾ മുഖേന തദ്ദേശസ്ഥാപനങ്ങളുൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽനിന്നും ശമ്പളം കൈപ്പറ്റുന്ന എത്ര ജീവനക്കാരാണ് നിലവിലുള്ളത്; ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥാപനങ്ങൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) ഈ തസ്തികകളിൽ നിയമനങ്ങൾ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ ജീവനക്കാരിൽ പി.എസ്.സി. മുഖേന നിയമിക്കപ്പെടുന്നതിന് അർഹതയുള്ള തസ്തികകളിൽ താൽക്കാലിക ജോലി ചെയ്യുന്നത് എത്രപേരാണ്; പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനങ്ങൾ പി.എസ്.സി. മുഖേനയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി-ഇ) ഹ്രസ്വകാല ആവശ്യങ്ങൾക്കാണ് അതത് സ്ഥാപനങ്ങൾ താൽക്കാലിക/ദിവസവേതന/കരാർ അടിസ്ഥാനത്തിലുള്ള നിയമനങ്ങൾ നടപടിക്രമങ്ങൾ പാലിച്ച് നടത്തുന്നത്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ നടത്തിവരുന്ന നിയമനങ്ങളുടെ വിശദവിവരം ശേഖരിച്ചിട്ടില്ല.

സർക്കാർ സർവ്വീസിൽ സംവരണ വിഭാഗങ്ങളുടെ കണക്കെടുപ്പ്

13 (2158) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലും സ്വയംഭരണ സ്ഥാപനങ്ങളിലും സർവ്വകലാശാലകളിലും ജോലിചെയ്യുന്ന മുന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥരുടെയും പിന്നോക്ക വിഭാഗങ്ങളിലെ ഓരോ സംവരണ വിഭാഗത്തിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെയും കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിലുള്ള വിവരശേഖരണം നടത്താനാവശ്യമായ നടപടി സ്വീകരിക്കുമോ?

കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ e-CDESK എന്ന വെബ് പോർട്ടൽ മുഖേന 1-12-2022 വരെയുള്ള വിവരശേഖരണം നടത്തിയിട്ടുണ്ട്.

(ബി) ഇ.ഡബ്ല്യു.എസ്. വിഭാഗങ്ങൾക്കുള്ള സംവരണം പത്ത് ശതമാനം തന്നെയാവണമെന്നല്ല പത്ത് ശതമാനം വരെയാകാമെന്നാണ് ഭരണഘടനാ ഭേദഗതി എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സംസ്ഥാനത്ത് പ്രസ്തുത സംവരണം പത്ത് ശതമാനമായി നിശ്ചയിക്കാൻ കാരണമെന്താണെന്നും അതിന് ആശ്രയിച്ച സ്ഥിതിവിവര കണക്കുകൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(സി) മുന്നോക്ക വിഭാഗത്തിൽപ്പെട്ട ജനവിഭാഗങ്ങൾക്ക് സർക്കാർ സർവ്വീസിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ലഭിച്ചിട്ടും മുന്നോക്കക്കാരിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സർക്കാർ സർവ്വീസിൽ സംവരണം നൽകുന്നത് കൂടുതൽ അസമത്വത്തിന് കാരണമാകുമെന്നത് ശ്രദ്ധിച്ചിട്ടുണ്ടോ?

(ബി&സി) സംസ്ഥാനത്ത് EWS സംവരണം നടപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ റിട്ട. ജസ്റ്റിസ് ശ്രീ. കെ. ശശിധരൻ നായർ അദ്ധ്യക്ഷനായ കമ്മീഷനെ സർക്കാർ നിയോഗിച്ചിരുന്നു. എൻടൻസ് എക്സാമിനേഷൻ കമ്മീഷണർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ്, ഭക്ഷ്യ പൊതുവിതരണ വകുപ്പ് തുടങ്ങിയ ഇടങ്ങളിൽനിന്ന് ശേഖരിച്ച വിവരങ്ങളുടെയും സംസ്ഥാന സാമ്പത്തിക സർവ്വേയിലെ പ്രസക്ത വിവരങ്ങൾ, പിന്നാക്ക ജനവിഭാഗങ്ങൾക്കായി നിയമിച്ച വിവിധ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ, Indra Sawhney & Others v. Union of India, Ashoka Kumar Thakur v. Union of India തുടങ്ങിയ സംവരണ സംബന്ധിയായ വിവിധ കേസുകളിലെ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെയും ബഹുമാനപ്പെട്ട കേരള ഹൈകോടതിയുടെയും

വിധിന്യായങ്ങൾ, ഭരണഘടനയുടെ 15, 16 എന്നീ ആർട്ടിക്കിളുമായി ബന്ധപ്പെട്ട് നിയമവിദഗ്ധർ, വിവിധ സംഘടനകൾ എന്നിവരുമായി നടത്തിയ സംവാദങ്ങളുടെയും ചർച്ചകളുടെയും അടിസ്ഥാനത്തിൽ രൂപപ്പെട്ട ആശയങ്ങൾ, മറ്റ് ഭരണഘടനാ വിദഗ്ധരുടെ അഭിപ്രായങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ട് ടി കമ്മീഷൻ തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്ത് 10% EWS സംവരണം നടപ്പാക്കിയിട്ടുള്ളത്.

(ഡി) സർക്കാർ സർവ്വീസിൽ പിന്നോക്ക ജനവിഭാഗങ്ങളുടെ പ്രാതിനിധ്യം കുറവാണെന്ന് കണ്ടെത്തിയ കമ്മീഷനുകളുടെ റിപ്പോർട്ടുകൾ നടപ്പാക്കുന്നതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഇതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പ്രധാനമായും പാലൊളി മുഹമ്മദ് കുട്ടി കമ്മിറ്റി റിപ്പോർട്ട്, നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് എന്നീ റിപ്പോർട്ടുകളാണ് സമർപ്പിക്കപ്പെട്ടിട്ടുള്ളത്. സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട പാലൊളി കമ്മിറ്റി ശിപാർശയുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന യുവജനങ്ങളെ സർക്കാർ നിയമനങ്ങളിലേയ്ക്ക് പ്രാപ്തരാക്കുന്നതിനുവേണ്ടി സൗജന്യ കോച്ചിംഗ് സെന്ററുകൾ എല്ലാ ജില്ലകളിലും രൂപീകരിക്കുകയും വിവിധ മത്സര പരീക്ഷകൾക്കുള്ള പരിശീലനം നൽകിവരുകയും ചെയ്യുന്നുണ്ട്. പിന്നാക്ക വിഭാഗങ്ങളുടെ പ്രാതിനിധ്യം പഠിച്ച് റിപ്പോർട്ട് സമർപ്പിച്ച ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ കണ്ടെത്തലുകളെത്തുടർന്ന് അർഹരായ പിന്നാക്ക വിഭാഗങ്ങൾക്ക് സംവരണ നഷ്ടം ഉണ്ടാകാതിരിക്കുന്നതിന് കെ.എസ്.&എസ്. എസ്.ആർ. ഭാഗം II ചട്ടം 14, 15 എന്നിവയിൽ ഉചിതമായ ഭേദഗതി വരുത്തിയിട്ടുണ്ട്.

താൽക്കാലിക നിയമനങ്ങൾ

14 (2159) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല/സഹകരണ/ബോർഡ് മുതലായ സർക്കാർ നിയന്ത്രണ സ്ഥാപനങ്ങളിൽ 2016 ജൂൺ മുതൽ 2022 നവംബർ 15 വരെ എത്ര പേരെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സ്ഥാപനങ്ങളിൽ ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) ഈ കാലയളവിൽ ഏതൊക്കെ സ്ഥാപനങ്ങളിൽ എത്ര താൽക്കാലിക ജീവനക്കാർക്ക് സ്ഥിരനിയമനം നൽകിയെന്നും ഇനി സ്ഥിരനിയമനത്തിന് പരിഗണനയിലുള്ളത് എത്രയാണെന്നും വ്യക്തമാക്കുമോ?

(എ-സി) ഹ്രസ്വകാല ആവശ്യങ്ങൾക്കാണ് അതത് സ്ഥാപനങ്ങൾ താൽക്കാലിക നിയമനങ്ങൾ നടത്താറുള്ളത്. ചില സ്ഥാപനങ്ങൾ തുടർച്ചയായി 10 വർഷം താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തവർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിവരങ്ങൾ ക്രോഡീകരിച്ചിട്ടില്ല. സ്ഥിരനിയമനത്തിനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

വിവരാവകാശ നിയമത്തിലെ സെക്ഷൻ 4(1) (6) പ്രകാരമുള്ള നടപടി

15 (2160) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവരാവകാശ നിയമത്തിലെ സെക്ഷൻ 4(1) (6) പ്രകാരം എല്ലാ പൊതുഅധികാര സ്ഥാപനങ്ങളും അവരുടെ കൈവശമുള്ള രേഖകളുടെ പ്രസിദ്ധീകരണം സ്വമേധയാ നടത്തുകയും അത് സ്ഥാപനങ്ങളുടെ വെബ്സൈറ്റിൽ ഉൾപ്പെടുത്തുകയോ പൊതുജനങ്ങൾക്ക് നേരിട്ടെത്തി പരിശോധിക്കാനുള്ള അവസരം നൽകുകയോ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; ഇതുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സെക്ഷൻ 4(1)(6) പ്രകാരം വിവരങ്ങൾ വെളിപ്പെടുത്തിയിട്ടുള്ള അധികാരസ്ഥാപനങ്ങളുടെ വിശദാംശം നൽകുമോ;

(സി) പ്രസ്തുത വിവരങ്ങൾ നാളിതുവരെ പ്രസിദ്ധപ്പെടുത്താത്ത സ്ഥാപനങ്ങൾക്കെതിരെ എന്തുനടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(എ-സി) ഉണ്ട്. വിവരാവകാശ നിയമം 2005-ലെ വകുപ്പ് 4(1)-ലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കാൻ എല്ലാ വകുപ്പുകൾക്കും നിർദ്ദേശം നൽകി 8-7-2008-ന് പരിപത്രം പുറപ്പെടുവിച്ചിട്ടുണ്ട്. നിർദ്ദേശങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്കനടപടികൾ ഉണ്ടാകുന്നതാണെന്നും ഇതിൽ വ്യക്തമാക്കിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സിറ്റി ഗ്യാസ് ലൈൻ പദ്ധതി

16 (2161) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗെയിൽ പൈപ്പ്ലൈൻ പൂർത്തിയായതോടെ സംസ്ഥാനത്തെ ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് സിറ്റി ഗ്യാസ് ലൈൻ പദ്ധതി ആരംഭിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരളത്തിൽ മലപ്പുറം ജില്ലയിലെ മഞ്ചേരി മുനിസിപ്പാലിറ്റിയിൽ വീടുകളിലേയ്ക്ക് പ്രകൃതിവാതകം വിതരണം ചെയ്യ തുടങ്ങിയിട്ടുണ്ട്. വാണിജ്യ-വ്യാവസായിക സ്ഥാപനങ്ങൾക്ക് ഇന്ധനം നൽകുന്നതിനായുള്ള കണക്ഷനുകൾ സജ്ജമാക്കിയിട്ടുണ്ട്.

കിനാലൂർ ഇൻഡസ്ട്രിയൽ പാർക്കിലേയ്ക്ക് 2023 ജൂലൈ മാസത്തോടെ പൈപ്പ് ലൈൻ കണക്റ്റിവിറ്റി സ്ഥാപിക്കാൻ പദ്ധതിയിട്ടിട്ടുണ്ട്. നല്ലളം, വെസ്റ്റ് ഹിൽ തുടങ്ങിയ വ്യാവസായിക മേഖലകൾക്ക് 2023 ഡിസംബറോടെ ഗ്യാസ് കണക്റ്റിവിറ്റി നൽകാൻ ആസൂത്രണം ചെയ്തിട്ടുണ്ട്.

പാലക്കാട് ജില്ലയിൽ പുതുശ്ശേരി, ഇലപ്പുള്ളി പഞ്ചായത്തുകളിൽ വീടുകളിലേയ്ക്കുള്ള പൈപ്പ്ലൈൻ പണികൾ പൂർത്തീകരിച്ചു. ഡിസംബർ മാസം അവസാനത്തോടുകൂടി പ്രകൃതി വാതകം ലഭ്യമാക്കുന്നതാണ്. പാലക്കാട് ജില്ലയിൽ കഞ്ചിക്കോട് മേഖലയിൽ വ്യവസായ/വാണിജ്യ സ്ഥാപനങ്ങളിലേയ്ക്കുള്ള ഇന്ധന വിതരണം ആരംഭിച്ചുകഴിഞ്ഞു. സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം ഇന്ധനം നൽകാൻ തയ്യാറെടുപ്പുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിൽ കുന്നംകുളം, ചൊവ്വന്നൂർ, ഗുരുവായൂർ, ചാവക്കാട് എന്നിവിടങ്ങളിൽ വീടുകളിലേയ്ക്ക് പാചകാവശ്യത്തിനായുള്ള പ്രകൃതിവാതകം എത്തിക്കുന്നതിനുള്ള പൈപ്പ്ലൈനിന്റെ പണി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

കണ്ണൂർ ജില്ലയിലെ ധർമ്മടം നിയോജകമണ്ഡലത്തിലെ അഞ്ചരക്കണ്ടി പഞ്ചായത്തിലെ വാർഡ് നമ്പർ 15, കണ്ണൂർ നിയോജകമണ്ഡലത്തിലെ മുണ്ടേരി പഞ്ചായത്തിലെ വാർഡ് നമ്പർ 9 & 10, മട്ടന്നൂർ നിയോജകമണ്ഡലത്തിലെ കൂടാളി പഞ്ചായത്തിലെ വാർഡ് നമ്പർ 13 & 14 എന്നീ സ്ഥലങ്ങളിൽ സിറ്റി ഗ്യാസ് പദ്ധതിപ്രകാരം പൈപ്പിലൂടെയുള്ള പ്രകൃതിവാതക ഗാർഹിക വിതരണ ശൃംഖല നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലും സിറ്റി ഗ്യാസ് പദ്ധതിയുമായി ബന്ധപ്പെട്ട നടപടികൾ വേഗത്തിൽ പുരോഗമിച്ചുവരുന്നുണ്ട്.

(ബി) ബാലുശ്ശേരി മണ്ഡലത്തിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് വീടുകളിൽ ഗ്യാസ് കണക്ഷൻ നൽകിയിട്ടുള്ളത്; എത്ര കണക്ഷൻ നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിന് കീഴിലുള്ള ഉണ്ണികുളം പഞ്ചായത്തിലെ ഗാർഹിക കുടുംബങ്ങൾക്ക് IOAGPL, പൈപ്പ് മുഖേന പ്രകൃതി വാതക (PNG) കണക്ഷനുകൾ നൽകിത്തുടങ്ങിയിട്ടുണ്ട്.

നാളിതുവരെ 101 കണക്ഷനുകൾ നൽകിയിട്ടുണ്ട്. പുതുതായി 83 കണക്ഷനുകൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. കൂടാതെ, പനങ്ങാട്, ബാലുശ്ശേരി, നന്മണ്ട പഞ്ചായത്തുകളിൽ 2023 ജൂലൈ മാസത്തോടെ പി.എൻ.ജി. പദ്ധതിയുടെ വിപുലീകരണം ആസൂത്രണം ചെയ്തിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിൽ എത്ര ഗ്യാസ് ഫില്ലിംഗ് സ്റ്റേഷനുകളാണ് നിലവിൽ വരാൻ പോകുന്നത്; വിശദാംശം അറിയിക്കാമോ?

കോഴിക്കോട് ജില്ലയിൽ 15 സി.എൻ.ജി. സ്റ്റേഷനുകൾ കമ്മീഷൻ ചെയ്തിട്ടുണ്ട്, ഇതിൽ 13 എണ്ണം പ്രവർത്തനക്ഷമമാണ്. 31-3-2023-ന് മുമ്പായി 7 സ്റ്റേഷനുകൾകൂടി കമ്മീഷൻ ചെയ്യാൻ കഴിയും.

ക്ഷീരമേഖലയിലെ സർക്കാർ പരിപാടികളിലെ പ്രോട്ടോക്കോൾ

17 (2162) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പരിപാടികൾക്കുള്ള പ്രോട്ടോക്കോൾ കൂടാതെ ക്ഷീരമേഖലയ്ക്ക് മാത്രമായി ബാധകമാകുന്ന പ്രോട്ടോക്കോൾ ഉത്തരവ് പുറപ്പെടുവിക്കാൻ വകുപ്പ് സെക്രട്ടറിക്ക് പൊതുഭരണ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത അനുമതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

അനുമതി നൽകിയിട്ടില്ല.

(ബി) ക്ഷീരമേഖലയ്ക്ക് മാത്രമായി ബാധകമാകുന്ന 19-10-2022-ലെ ഡി.2/81/2022/ഡി.ഡി. നമ്പർ പ്രോട്ടോകോൾ ഉത്തരവ് പുറപ്പെടുവിക്കാൻ ക്ഷീരവികസന വകുപ്പ് സെക്രട്ടറിക്ക് അധികാരമുണ്ടോയെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഉത്തരവിൽ എം.പി.-മാരെ ഉൾപ്പെടുത്താതിരുന്നതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

ക്ഷീരമേഖലയുമായി ബന്ധപ്പെട്ട പൊതുചടങ്ങുകളിൽ അനുവർത്തിക്കേണ്ട പ്രോട്ടോക്കോൾ സംബന്ധിച്ച 19-10-2022-ലെ കത്തിലെ നിർദ്ദേശത്തിനെതിരെ പരാതിയുയർന്നതിനെത്തുടർന്ന് ഇക്കാര്യം പൊതുഭരണ വകുപ്പുമായി ചേർന്ന് പരിശോധിച്ചുവരുന്നു.

(സി) സഹകരണ സ്ഥാപന ഭരണ സമിതി അംഗങ്ങൾക്ക് സർക്കാർ പ്രോട്ടോക്കോൾ ബാധകമാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) മിൽമ ചെയർമാന് സർക്കാർ പ്രോട്ടോകോൾ ബാധകമാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ടിയാന്റെ പ്രോട്ടോകോൾ പ്രകാരമുള്ള സ്ഥാനം എന്താണെന്ന് വ്യക്തമാക്കാമോ?

(സി&ഡി) നിലവിൽ ബാധകമല്ല.

താൽക്കാലിക നിയമനങ്ങൾ

18 (2163) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിവിധ വകുപ്പുകളിൽ നടത്തിയ താൽക്കാലിക നിയമനങ്ങളുടെ വിശദാംശം വെളിപ്പെടുത്തുമോ?

ഹ്രസ്വകാല ആവശ്യങ്ങൾക്കായാണ് സാധാരണഗതിയിൽ താൽക്കാലിക നിയമനങ്ങൾ നടത്തുന്നത്. ഇതുസംബന്ധിച്ച വിശദവിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(ബി) വിവിധ വകുപ്പുകളിൽ താൽക്കാലികമായി നിയമിതരായ എത്രപേരെ സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്ന് വകുപ്പ് തിരിച്ച് വിശദാംശം നൽകുമോ;

വിവിധ വകുപ്പുകളിൽ താൽക്കാലികമായി നിയമിതരായശേഷം സ്ഥിരപ്പെടുത്തിയവരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) ഈ സ്ഥിരപ്പെടുത്തൽ നടപടികൾ കേരള ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകളിലെ നിയമനങ്ങളാണ് സ്റ്റേ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സ്ഥിരപ്പെടുത്തൽ സംബന്ധിച്ച് ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

(സി&ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) പി.എസ്.സി. റാങ്ക് പട്ടികകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ലിസ്റ്റുകളും നിലവിലുള്ളപ്പോഴും അവയെ ഒഴിവാക്കി താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

പി.എസ്.സി.-യും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നടത്തേണ്ട നിയമനങ്ങളിൽ മറ്റുതരത്തിൽ നിയമനം നടത്തരുതെന്ന നിർദ്ദേശം നിലവിലുണ്ട്.

(എഫ്) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളുടെ എണ്ണം എത്രയാണെന്ന് ജില്ല തിരിച്ച് വിശദാംശം നൽകുമോ;

(ജി) അവയിൽ എത്ര പേർക്ക് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നൽകിയെന്ന് ജില്ല തിരിച്ച് വിശദാംശം വെളിപ്പെടുത്തുമോ?

(എഫ്&ജി) വിവരം ശേഖരിച്ചുവരുന്നു.

ദേശീയ ജലപാത വികസനം

19 (2164) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ദേശീയ ജലപാത വികസനത്തിന്റെ ഭാഗമായി തലശ്ശേരി മുതൽ വളപട്ടണം വരെയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; നീലേശ്വരം കോട്ടപ്പുറം വരെ ഈ പാത നീട്ടാൻ കഴിയുമോയെന്ന് അറിയിക്കാമോ?

കോവളം-ബേക്കൽ വികസനത്തിന്റെ ഭാഗമായി മാഹി-വളപട്ടണം റീച്ചിൽ തലശ്ശേരി മുതൽ വളപട്ടണം വരെ വരുന്ന ഭാഗത്ത് ഒന്നാം കട്ടിന്റെ (റീച്ച്-I) അലൈൻമെന്റ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. രണ്ടാം കട്ടിന്റെ (റീച്ച്-II) സാമൂഹികാഘാത പഠനം പൂർത്തിയായതും മൂന്നാം കട്ടിന്റെ (റീച്ച്-III) സാമൂഹികാഘാത പഠനം നടന്നുവരുന്നതുമാണ്. ഈ രണ്ടുകട്ടിന്റെയും പാരിസ്ഥിതികാഘാത പഠനം പൂർത്തിയാക്കാനുണ്ട്. പ്രസ്തുത പഠനം പൂർത്തിയായാൽ മാത്രമേ ഭൂമി ഏറ്റെടുക്കൽ സംബന്ധിച്ച് അന്തിമ വിജ്ഞാപനമിറക്കാൻ സാധിക്കുകയുള്ളൂ. കൂടാതെ വളപട്ടണം മുതൽ നീലേശ്വരം കോട്ടപ്പുറംവരെ ജലപാത നിലവിലുണ്ട്, ഇത് ബേക്കൽവരെ ദീർഘിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് ഇപ്പോൾ നടന്നുവരുന്നത്.

ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സംവരണം

20 (2165) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആംഗ്ലോ ഇന്ത്യൻ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് പിന്നാക്ക സമുദായമായതിന്റെ അടിസ്ഥാനത്തിൽ ആർട്സ് ആന്റ് സയൻസ് കോളേജുകളിലും മെഡിക്കൽ പി.ജി. കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം ലഭിക്കുന്നുണ്ടോ?

ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് മെഡിക്കൽ പി.ജി. കോഴ്സുകളിൽ ലത്തീൻ കത്തോലിക്ക വിഭാഗങ്ങൾക്കൊപ്പം ചേർത്ത് സംവരണം ലഭിക്കുന്നുണ്ട്. എന്നാൽ ആർട്സ് ആൻഡ് സയൻസ് കോഴ്സുകളിൽ നിലവിൽ സംവരണം ലഭിക്കുന്നില്ല.

(ബി) ആംഗ്ലോ ഇന്ത്യൻ സമുദായം കേരളാ സ്റ്റേറ്റ് സോഷ്യൽ ആന്റ് ഇക്കണോമിക്കലി ബാക്ക്വേഡ് കമ്മ്യൂണിറ്റി (എസ്.ഇ.ബി.സി.)/അദർ ബാക്ക്വേഡ് ക്ലാസ് (ഒ.ബി.സി.) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; കേരളാ സ്റ്റേറ്റ് എസ്.ഇ.ബി.സി. ലിസ്റ്റിൽ ഉൾപ്പെട്ട സമുദായങ്ങൾക്ക് വിദ്യാഭ്യാസ സംവരണത്തിന് അവകാശമുണ്ടോ?

ആംഗ്ലോ ഇന്ത്യൻ സമുദായം സംസ്ഥാന ഒ.ബി.സി. പട്ടികയിൽ 1958 മുതൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ 1966-ൽ ജസ്റ്റിസ് കുമാരപിള്ള കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ എസ്.ഇ.ബി.സി. പട്ടികയിൽ ആംഗ്ലോ ഇന്ത്യൻസ് ഉൾപ്പട്ടിരുന്നില്ല.

(സി) നിലവിൽ ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ആർട്സ് ആൻഡ് സയൻസ് കോളേജുകൾ, മെഡിക്കൽ പി.ജി. കോഴ്സുകൾ കൂടാതെ മറ്റ് കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം ലഭിക്കുന്നില്ലെന്നുള്ള അഡ്വ. ആന്റണി നിൽട്ടൺ റെമെലോയുടെ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ എന്തുനടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

ഉണ്ട്. ഈ വിഷയം പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ചുവരുന്നു.

(ഡി) പിന്നോക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ ബി.സി.ഡി.ഐ.ആർ./ബി2/319/2021 നമ്പർ കത്തുപ്രകാരം ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ലത്തീൻ കാത്തോലിക്ക സമുദായത്തിനോടൊപ്പം എല്ലാ തലത്തിലുമുള്ള വിദ്യാഭ്യാസ സംവരണം നൽകണമെന്ന ശിപാർശ ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു?

ഉണ്ട്. ഈ വിഷയത്തിൽ പിന്നാക്ക വിഭാഗ കമ്മീഷന്റെ ഉപദേശം ലഭ്യമായിട്ടില്ല.

(ഇ) ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് ലത്തീൻ കത്തോലിക്കക്കാരോടൊപ്പം ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും മെഡിക്കൽ പി.ജി. കോഴ്സുകളിലും വിദ്യാഭ്യാസ സംവരണം നൽകാനുള്ള ഉപദേശം ഓഫീസ് ഓഫ് കേരളാ സ്റ്റേറ്റ് കമ്മീഷൻ ഫോർ ബാക്ക്വേഡ് ക്ലാസിൽനിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാം?

ഉണ്ട്. ഈ വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

ഉന്നത പഠനത്തിനായി സ്റ്റുഡന്റ് വിസയിൽ പോയവർ

21 (2166) ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനുവരി മുതൽ നാളിതുവരെ ഉന്നത പഠനത്തിനായി സംസ്ഥാനത്തുനിന്നും എത്രപേർ സ്റ്റുഡന്റ് വിസയിൽ പോയിട്ടുണ്ടെന്ന വിശദാംശം അറിയിക്കാമോ?

ഉന്നതപഠനത്തിനായി സംസ്ഥാനത്തുനിന്നും സ്റ്റുഡന്റ് വിസയിൽ പോയിട്ടുള്ളവരുടെ വിവരം ശേഖരിച്ചിട്ടില്ല.

(ബി) സംസ്ഥാനത്തെ യുവജനങ്ങളും വിദ്യാർത്ഥികളും വിദേശരാജ്യങ്ങളിലേയ്ക്ക് കുടിയേറിപ്പാർക്കുന്നതിനുള്ള അദമ്യമായ ആഗ്രഹം ഭാവിയിൽ നാടിനെ എപ്രകാരം ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; ഇവരെ സ്വന്തം നാട്ടിൽത്തന്നെ നിലനിർത്തുന്നതിന് പ്രചോദിപ്പിക്കുമാറ് ദീർഘകാലാടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

2019-2020-ലെ അഖിലേന്ത്യാ ഉന്നത വിദ്യാഭ്യാസ സർവ്വേ (AISHE) പ്രകാരം സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ എൻറോൾമെന്റ് റേഷ്യോ (GER) 38.8 ശതമാനമാണ്. ഇത് ദേശീയ ശരാശരിയേക്കാൾ (27.1%) കൂടുതലാണ്. അഖിലേന്ത്യാ ഉന്നത വിദ്യാഭ്യാസ സർവ്വേ (2019-2020) പ്രകാരം 16 സർവ്വകലാശാലകളിലും 1417 കോളേജുകളിലുമായി 11.37 ലക്ഷത്തോളം വിദ്യാർത്ഥികൾ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ രംഗത്തുണ്ട്. സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഘടനയും ഉള്ളടക്കവും പരിഷ്കരിക്കുന്നതിന് ഡോ. ശ്യാം ബി. മേനോൻ അദ്ധ്യക്ഷനായി ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷൻ, ഡോ.എൻ.കെ. ജയകുമാർ അദ്ധ്യക്ഷനായി

നിയമപരിഷ്കരണ കമ്മീഷൻ, ഡോ. സി. റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി പരീക്ഷാ പരിഷ്കരണ കമ്മീഷൻ എന്നിങ്ങനെ മൂന്ന് കമ്മീഷനുകളെ നിയമിച്ചിരുന്നു. കമ്മീഷനുകളുടെ റിപ്പോർട്ടുകൾ സർക്കാരിന്റെ പരിഗണനയിലാണ്.

വിദ്യാർത്ഥികളെ സ്വന്തം നാട്ടിൽത്തന്നെ നിലനിർത്താൻ പ്രചോദിപ്പിക്കുംവിധം സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയെ വൈജ്ഞാനിക ഹബ്ബാക്കുന്ന വിധത്തിൽ നടപ്പാക്കുന്ന പരിഷ്കാരങ്ങൾ ചുവടെ ചേർക്കുന്നു.

1. കരിക്കുലം പരിഷ്കാരം:- 4 വർഷ ബിരുദ പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനാവശ്യമായ കരിക്കുലം ചട്ടക്കൂട് രൂപീകരിക്കാൻ നടപടികൾ ആരംഭിച്ചു. (കേരള ഹയർ എഡ്യൂക്കേഷൻ കരിക്കുലം ഫ്രെയിം വർക്ക്).

2. പുതുതലമുറ കോഴ്സുകൾ: സംസ്ഥാനത്തെ സർവ്വകലാശാലകളിലും കോളേജുകളിലും ബിരുദ, ബിരുദാനന്തരബിരുദ പ്രോഗ്രാമുകൾക്ക് ഇരുപതിനായിരത്തോളം സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ (New Generation Inter Disciplinary) സ്വഭാവമുള്ള 170-ഓളം കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്.

3. വിവിധ സർവ്വകലാശാലകളിൽ ട്രാൻസ്ലേഷൻ റിസർച്ച് സെന്ററുകൾ സ്ഥാപിക്കുന്നതിന് അനുമതി നൽകി.

4. Rebuild Kerala വിഷയാധിഷ്ഠിതമായി ഗവേഷണത്തിന് പ്രോത്സാഹനം നൽകുന്നതിന് മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ ഏർപ്പെടുത്തി. ആദ്യഘട്ടത്തിൽ 77 ഫെലോഷിപ്പുകൾ നൽകിക്കഴിഞ്ഞു.

5. മികവിന്റെ കേന്ദ്രങ്ങൾ (സെന്റേഴ്സ് ഓഫ് എക്സലൻസ്): നിലവിലുള്ള യൂണിവേഴ്സിറ്റി, സ്കൂളുകൾ/ ഡിപ്പാർട്ട്മെന്റുകൾ/ സെന്ററുകൾ എന്നിവയുടെ മികവ് പരിശോധിച്ച് മികവിന്റെ കേന്ദ്രങ്ങളായി രൂപാന്തരപ്പെടുത്തും. സംസ്ഥാനത്ത് ഇത്തരം 6 സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലാണ്.

വാമനപുരം മണ്ഡലത്തിലെ എൻ.സി.സി. ട്രെയിനിംഗ് കേന്ദ്രം

22 (2167) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ കല്ലറ എൻ.സി.സി. ട്രെയിനിംഗ് കേന്ദ്രത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ?

കല്ലറ എൻ.സി.സി. ട്രെയിനിംഗ് സെന്റർ നിർമ്മാണത്തിനായി ആദ്യഘട്ടത്തിൽ 3.5 ഏക്കർ സ്ഥലം റവന്യൂ വകുപ്പ് അനുവദിക്കുകയുണ്ടായി.

പ്രസ്തുത സ്ഥലം കെട്ടിടനിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ച സാഹചര്യത്തിൽ കെട്ടിടനിർമ്മാണത്തിന് അനുയോജ്യമായ 2.0423 ഹെക്ടർ പുറമ്പോക്ക് ഭൂമികൂടി അളന്ന് തിരിച്ചിട്ടുണ്ട്. 650 എൻ.സി.സി. കേഡറ്റുകൾക്ക് ഒരേസമയം പരിശീലനം നടത്തുന്നതിനുള്ള പരേഡ് ഗ്രൗണ്ട് നിർമ്മിക്കുന്നതിന് നിരന്നഭൂമി ആവശ്യമാണെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചതിനെ തുടർന്ന് സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 00.2359 ഹെക്ടർ സ്ഥലംകൂടി അക്വയർ ചെയ്യുന്നതിന് ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. ട്രെയിനിംഗ് സെന്ററിന്റെ മാസ്റ്റർ പ്ലാൻ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി എൻ.സി.സി. വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി എത്ര തുകയാണ് ആദ്യഘട്ടത്തിൽ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ട്രെയിനിംഗ് സെന്ററിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾക്കായി 200 ലക്ഷം രൂപ മാറ്റി വച്ചിട്ടുണ്ട്.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാൻ കഴിയുന്നതാണ്.

സ്പെഷ്യാലിറ്റി ട്രെയിൻഡ് ബ്രേവ് ബ്രിഗേഡ് പദ്ധതി

23 (2168) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

14-9-2022-ലെ സർക്കാർ ഉത്തരവ് (സാധാ)നമ്പർ 2541/2022/ ആഭ്യന്തരം പ്രകാരം സംസ്ഥാനത്ത് തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ ആറ് പോലീസ് ജില്ലകളിൽ ഡിജിറ്റൽ ഡി-അഡിക്ഷൻ സെന്ററുകൾ ആരംഭിക്കുന്നതിനുള്ള സജ്ജീകരണങ്ങൾ പൂർത്തിയായിട്ടുണ്ട്. ഒരു വിഭാഗം കുട്ടികൾ ഇന്റർനെറ്റ് ദുരുപയോഗത്തിലേയ്ക്കും അനുബന്ധ കുറ്റകൃത്യങ്ങളിലേയ്ക്കും നയിക്കപ്പെടുന്നുവെന്ന കണ്ടെത്തലിനെത്തുടർന്ന് ഇന്റർനെറ്റിന്റെ ദുരുപയോഗവും മറ്റ് നിയമ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങളും തടയുകയെന്ന ലക്ഷ്യത്തോടെ കേരള പോലീസിന്റെ സോഷ്യൽ പോലീസിംഗ് വിഭാഗം ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഡീ-അഡിക്ഷൻ സെന്റർ (D-DAD).

(ബി) സംസ്ഥാനത്ത് ടൂറിസം കേന്ദ്രങ്ങൾ, പ്രധാന ജംഗ്ഷനുകൾ, പട്ടണങ്ങൾ എന്നിവിടങ്ങളിൽ സി.സി.ടി.വി. ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; നിലവിലെ സ്ഥിതി സംബന്ധിച്ച് മണ്ഡലാടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ?

ഉണ്ട്. ജില്ല തിരിച്ചുള്ള വിശദവിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പോലീസ് പട്രോളിംഗ്, വി.ഐ.പി. സുരക്ഷ, സർവൈലൻസ് എന്നിവയ്ക്കായി ഉപയോഗിക്കുന്ന ഡ്രോണുകൾ വികസിപ്പിച്ചെടുക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ?

ഡ്രോൺ സാങ്കേതികവിദ്യയും അതിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാറ്റത്തെക്കുറിച്ച് പഠിക്കുകയെന്ന ലക്ഷ്യത്തോടെ പോലീസ് ഒരു ഡ്രോൺ ഫോറൻസിക് & റിസർച്ച് സെന്റർ ആരംഭിച്ചിട്ടുണ്ട്. Unmanned Aerial Vehicles (UAVs) അല്ലെങ്കിൽ ഡ്രോണുകളുമായി ബന്ധപ്പെട്ട എല്ലാ ഉപകരണങ്ങളും സാങ്കേതികമായും ശാസ്ത്രീയമായും പരിശോധിക്കുന്നതിനും വികസിപ്പിക്കുന്നതിനുമുള്ള സ്ഥാപനമാണിത്. രഹസ്യ വിവരശേഖരണം, ജനക്കൂട്ട നിയന്ത്രണം, പോലീസ് പട്രോളിംഗ്, വി.ഐ.പി. സുരക്ഷ, അക്രമാസക്തമായ ജനക്കൂട്ടത്തിൽനിന്നും വ്യക്തികളുടെ മുഖം തിരിച്ചറിയുന്നതിനും ഒരു പ്രത്യേക സ്ഥലത്തെ വീഡിയോ ശേഖരിക്കുന്നതിനും ആവശ്യമായ സാങ്കേതികവിദ്യകൾ ഉൾക്കൊള്ളിച്ച് ഡ്രോൺ വികസിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) സംസ്ഥാനത്ത് 'സ്പെഷ്യാലിറ്റി ടെയിൻഡ് ബ്രേവ് ബ്രിഗേഡ്' എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നുണ്ടോ; എങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ?

നിലവിൽ നടപ്പാക്കിയിട്ടില്ല.

സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയാൻ നടപടി

24 (2169) ഡോ. എം. കെ. മുനീർ:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. അബ്ദുൽ ഹമീദ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം കണ്ടെത്തുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമല്ലെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ധനകാര്യ (റൂൾസ്) വകുപ്പ് 13-11-1970-ലെ സ.ഉ. (പി) നമ്പർ 803/70/ഫിൻ. പ്രകാരം സർക്കാർ വാഹനങ്ങളുടെ ഉപയോഗത്തിന് ബാധകമായ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. കൂടാതെ, സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച് 24-2-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 113/2003/ഫിൻ., 19-12-2005-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 543/2005/ഫിൻ., 19-1-2007-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 25/07/ഫിൻ., 2-8-2008-ലെ സർക്കുലർ നമ്പർ 41/2008/ഫിൻ. എന്നിവ പ്രകാരം ധനകാര്യ (പരിശോധന-നോൺ ടെക്നിക്കൽ) വകുപ്പ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്. സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം സംബന്ധിച്ച് ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിൽ ആകസ്മിക പരിശോധനകൾ (surprise inspection) അടക്കമുള്ള നടപടികളിലൂടെ പരിശോധിച്ച് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് ശിപാർശകൾ ധനകാര്യ (പരിശോധന-നോൺ ടെക്നിക്കൽ) വകുപ്പ് നൽകിവരുന്നുണ്ട്.

1989-ലെ കേരള മോട്ടോർ വാഹന ചട്ടങ്ങളിലെ ചട്ടം 92 (A)-യിൽ പ്രതിപാദിക്കുന്നതിന് വിരുദ്ധമായി ബോർഡുകൾ പ്രദർശിപ്പിക്കുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പ് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ബി) സർക്കാർ വാഹനമുപയോഗിച്ച് രാത്രികാലങ്ങളിൽ കുറ്റകൃത്യം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർ ഉപയോഗിക്കുന്ന വാഹനങ്ങളിൽ കേരള സർക്കാർ എന്ന ബോർഡ് സ്ഥാപിക്കാൻ നിയമം അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാരുടെ വാഹനങ്ങളിൽ ബോർഡ് സ്ഥാപിക്കുന്നത് സംബന്ധിച്ച് പ്രത്യേകം ഉത്തരവുകളൊന്നും നിലവിലില്ല.

(ഡി) ഇത്തരം നിയമലംഘനങ്ങൾ കണ്ടെത്തുന്നതിനും വാഹനങ്ങളുടെ ദുരുപയോഗം തടയുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

13-11-1970-ലെ സ.ഉ. (പി) നമ്പർ 803/70/ഫിൻ. പ്രകാരമുള്ള സർക്കാർ വാഹനങ്ങളുടെ ഉപയോഗത്തിന് ബാധകമായ ചട്ടങ്ങളും സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം തടയുന്നത് സംബന്ധിച്ച 24-2-2003-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 113/2003/ഫിൻ., 19-12-2005-ലെ സർക്കാർ ഉത്തരവ്

(എം.എസ്) നമ്പർ 543/2005/ഫിൻ., 19-1-2007-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 25/07/ഫിൻ., 2-8-2008-ലെ സർക്കുലർ നമ്പർ 41/2008/ ഫിൻ. എന്നിവയിലെ നിർദ്ദേശങ്ങളും പാലിക്കപ്പെടുന്നുണ്ടോയെന്ന് ധനകാര്യ (പരിശോധന-നോൺ ടെക്നിക്കൽ) വകുപ്പ് പരിശോധിച്ചുവരുന്നുണ്ട്. പ്രസ്തുത പരിശോധനയിൽ സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സർക്കാർ വാഹനം ഉപയോഗിച്ചതായി കണ്ടെത്തുന്ന കേസുകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്നും പിഴ ഈടാക്കുന്നതും വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതും അടക്കമുള്ള ശിപാർശകൾ ധനകാര്യ (പരിശോധന-നോൺ ടെക്നിക്കൽ) വകുപ്പ് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകുകയും അതുപ്രകാരം ഭരണ വകുപ്പുകൾ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. സർക്കാർ വകുപ്പുകളുടെയോ, മറ്റ് സ്ഥാപനങ്ങളുടെയോ വാഹനങ്ങളിൽ കേരള മോട്ടോർ വാഹന ചട്ടം 92(A)-യിൽ പ്രതിപാദിക്കുന്നതിന് വിരുദ്ധമായി ബോർഡുകൾ പ്രദർശിപ്പിക്കുന്ന വാഹനങ്ങൾക്കെതിരെ മോട്ടോർ വാഹന വകുപ്പും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കായംകുളം മണ്ഡലത്തിലെ റീബിൽഡ് കേരള പ്രവൃത്തികൾ

25 (2170) <u>ശ്രീമതി യു. പ്രതിഭ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി കായംകുളം മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഓരോ പ്രവൃത്തിയുടെയും പുരോഗതി എന്തൊക്കെയാണെന്നും വിശദമാക്കുമോ?

കായംകുളം നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിന് കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

കെ-ഡിസ്കിലെ നിയമനം

26 (2171) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെ-ഡിസ്കിൽ ജൂനിയർ ഫിനാൻസ് ഓഫീസറെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ആരാണ് പ്രസ്തുത തസ്തികയിൽ നിയമിക്കപ്പെട്ടത്; പ്രസ്തുത ഉദ്യോഗസ്ഥന്റെ യോഗ്യത എന്താണ്; ഏത് രീതിയിലാണ് ഇദ്ദേഹത്തെ നിയമിച്ചത്; ടിയാളുടെ യോഗ്യതയും മുൻപരിചയവും വ്യക്തമാക്കുന്ന രേഖകളുടെ പകർപ്പ് ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ട്. അന്യത്ര സേവനവ്യവസ്ഥയിൽ കെ-ഡിസ്കിൽ ജൂനിയർ ഫിനാൻസ് ഓഫീസറായി ധനകാര്യ വകുപ്പിലെ ഡെപ്യൂട്ടി സെക്രട്ടറി സേവനമനുഷ്ഠിച്ചുവരുന്നു.

കെ-ഡിസ്ക്

27 (2172) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഡിസ്കിന്റെ ആസ്ഥാനമന്ദിരം നിലവിൽ പ്രവർത്തിക്കുന്നത് ഏത് കെട്ടിടത്തിലാണെന്ന് അറിയിക്കാമോ; പ്രസ്തുത കെട്ടിടം കെ-ഡിസ്കിന്റെ ഉടമസ്ഥതയിലുള്ളതാണോ; അല്ലെങ്കിൽ കെട്ടിട ഉടമയുമായി ഉണ്ടാക്കിയ വാടക കരാർ /ലീസ് എഗ്രിമെന്റ് പകർപ്പ് ലഭ്യമാക്കുമോ?

കെ-ഡിസ്ക് ആസ്ഥാനമന്ദിരം നിലവിൽ പ്രവർത്തിക്കുന്നത് വഴുതയ്ക്കാട് ഗവൺമെന്റ് വിമൻസ് കോളേജ് റോഡിലുള്ള ഇന്ത്യ ഹൈറ്റ്സ് ബിൽഡിംഗ് എന്ന കെട്ടിടത്തിലാണ്. പ്രസ്തുത കെട്ടിടം കെ-ഡിസ്കിന്റെ ഉടമസ്ഥതയിലുള്ളതല്ല. കെട്ടിട ഉടമയുമായി ഉണ്ടാക്കിയ വാടക/ലീസ് കരാറിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) പ്രസ്തുത കെട്ടിടത്തിൽ എത്ര ചതുരശ്ര അടി സ്ഥലമാണ് കെ-ഡിസ്ക് ലീസ്/വാടകയ്ക്ക് എടുത്തിട്ടുള്ളതെന്നും അവിടെ ഓഫീസ് ക്രമീകരിക്കുന്നതിനായി കെ-ഡിസ്ക് എന്തൊക്കെ പ്രവൃത്തികളാണ് ചെയ്തിട്ടുള്ളതെന്നും ഏത് ഏജൻസി മുഖേനയാണ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയതെന്നും വ്യക്തമാക്കാമോ; പ്രസ്തുത ഏജൻസിയെ തെരഞ്ഞെടുത്തതിന്റെ ടെണ്ടർ നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; ടെണ്ടർ നടപടി കൂടാതെ അക്രെഡിറ്റഡ് ഏജൻസിക്ക് എത്ര രൂപയുടെ പ്രവൃത്തികളാണ് ഏല്പിച്ച് നൽകിയതെന്നും പ്രസ്തുത നടപടി ഏത് ചട്ടപ്രകാരമാണെന്നും വ്യക്തമാക്കുമോ; ഓഫീസ് ക്രമീകരിക്കുന്നതിനായി ചെലവഴിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കെ-ഡിസ്ക് ആസ്ഥാനം പ്രവർത്തിക്കുന്ന കെട്ടിടത്തിൽ കൂടുതൽ സ്ഥലം ലീസ് ചെയ്യാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ ഇത് നടപ്പാക്കിയോ; ലീസ് കരാറിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) പുതുതായി ലീസ് ചെയ്ത കെട്ടിട ഭാഗത്ത് എന്തൊക്കെ ഇന്റീരിയർ വർക്കുകൾ ചെയ്യാനാണ് അനുമതി നൽകിയിട്ടുള്ളത് ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി-ഡി) 13000 ചതുരശ്രഅടി വിസ്തീർണ്ണമുള്ള പ്രസ്തുത കെട്ടിടം പൂർണ്ണമായും കെ-ഡിസ്ക് വാടക/ലീസിനെടുത്തിരിക്കുകയാണ്. കെ-ഡിസ്ക് പ്രവർത്തിക്കുന്ന കെട്ടിടം, നിർവ്വഹണ ആവശ്യങ്ങൾക്ക് അനുസൃതമായ ഓഫീസായും വാണിജ്യ ലക്ഷ്യങ്ങൾക്കായി പുനഃരൂപീകരിക്കാൻ വഴങ്ങുന്ന വിധവുമാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. മാനേജ്മെന്റ് സർവ്വീസസ്സ്, ഇന്നൊവേഷൻ ടെക്നോളജീസ്, പ്ലാനിംഗ് കോംപീറ്റൻസി ഡെവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സിസ്റ്റംസ്, സ്കിൽസ് എംപ്ലോയ്മെന്റ് ആൻഡ് എന്റർപ്രണർഷിപ്പ്, സോഷ്യൽ എന്റർപ്രൈസസ്സ് ആൻഡ് ഇൻക്ലൂഷൻ എന്നിങ്ങനെയുള്ള കെ-ഡിസ്കിന്റെ വിവിധ വകുപ്പുകളുടെയും അവയിലെ ഉദ്യോഗസ്ഥരുടെയും ആവശ്യങ്ങൾക്ക് അനുസൃതമായി സജ്ജീകരിക്കാനുതകുന്ന വിധത്തിൽ ഈ കെട്ടിടത്തെ അനുരൂപപ്പെടുത്തിയിരിക്കുന്നു. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (യു.എൽ.സി.സി.എസ്.) മുഖേനയാണ് നിർമ്മാണപ്രവർത്തനങ്ങൾ നടത്തിയത്. G.O.(P) No.77/2019/Fin., Dated 4-7-2019, G.O.(P) No.67/2021/Fin. Dated, 28-4-2021 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരമാണ് യു.എൽ.സി.സി.എസ്.-നെ നേരിട്ടുള്ള നടത്തിപ്പിന് ഒരു നോൺ പി.എം.സി. ഏജൻസിയായി നിയോഗിച്ചത്. പ്രസ്തുത സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. പൊതുസിവിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്ന അക്രെഡിറ്റഡ് ഏജൻസികളിൽനിന്ന് പരസ്യപ്പെടുത്തി അറിയിച്ച നോൺ പി.എം.സി. ഏജൻസികളിൽനിന്ന് സെന്റേജ് കോട്ടുകളുടെ അടിസ്ഥാനത്തിൽ M/s. യു.എൽ.സി.സി.എസ്.-നെ കണ്ടെത്തി. മുതിർന്ന വിദഗ്ധരടങ്ങുന്ന സാങ്കേതിക സമിതി എസ്റ്റിമേറ്റ് പരിശോധിക്കുകയും പിന്നീട് അതിനെ ധനകാര്യ വകുപ്പിലെ ചീഫ് ടെക്നിക്കൽ എക്സാമിനർ (CTE) സൂക്ഷ്മ പരിശോധന നടത്തുകയും ചെയ്തു. യു.എൽ.സി.സി. സൊസൈറ്റി ലിമിറ്റഡിന് 3,69,04,716.42 രൂപയുടെ പ്രവൃത്തിയാണ് നൽകിയത്. വിശദാംശം അനുബന്ധമായി *ചേർത്തിരിക്കുന്നു.

ബന്ധപ്പെട്ട ഉത്തരവുകൾ (ഭരണാനുമതി, വർക്ക് ഓർഡർ) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ഇ) പ്രസ്തുത ഇന്റീരിയർ വർക്കുകൾ ഓഫീസ് പ്രവർത്തനത്തിന് അനിവാര്യമാണോയെന്ന് ഏതെങ്കിലും സർക്കാർ ഏജൻസി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഓപ്പൺ ഓഫീസ് മാതൃകയിൽ കേരള സർക്കാരിന്റെ ഗ്രീൻ പ്രോട്ടോക്കോൾ മാനദണ്ഡങ്ങൾ പാലിച്ച് നവീകരണപ്രവർത്തനങ്ങൾ നടത്തിയ കെട്ടിടം ഇന്നൊവേഷൻ ടവർ എന്ന പേരിലാണ് അറിയപ്പെടുന്നത്. 48 വോൾട്ട് ഡി.സി.യിൽ പ്രവർത്തിക്കുന്ന ഈ കെട്ടിടത്തിലെ ശീതീകരണ ആവശ്യങ്ങൾ കുറയ്ക്കാൻവേണ്ടി ഡബിൾ ഗ്ലെയ്സ്ഡ് ജനാലകളും വാട്ടർ കർട്ടൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ചുറ്റുവട്ടത്തെ കെട്ടിടങ്ങൾ സൃഷ്ടിക്കുന്ന അർബൻ ഹോട്ട് ഐലൻഡുകളെ പരമാവധി ഉപയോഗപ്പെടുത്തുന്ന വെർട്ടിക്കൽ ആക്സിസ് ടർബൈനാണ് വാട്ടർ കർട്ടന് ഊർജ്ജം പകരുന്നത്. ഊർജ്ജ സംഭരണ സംവിധാനം പ്രദാനം ചെയ്യുന്ന റൂഫ് ടോപ്പ് സോളാറും ബാറ്ററി സംഭരണവും ഊർജ്ജസംരക്ഷണ മാതൃകയിൽ വിഭാവനം ചെയ്തിട്ടുണ്ട്. വകുപ്പ് അദ്ധ്യക്ഷന്മാരടങ്ങുന്ന ഒരു റിക്വയർമെന്റ് കമ്മിറ്റിയാണ് ഇന്റീരിയർ സീറ്റിംഗിനെയും ലേഔട്ടിനെയും സംബന്ധിച്ച് അന്തിമ തീരുമാനമെടുത്തത്. കെട്ടിടത്തിന്റെ ഇന്റീരിയർ പണികളുടെ ആവശ്യങ്ങൾ പരിശോധിക്കാൻ പ്രത്യേകമായി ഒരു സർക്കാർ ഏജൻസിയെയും ഏർപ്പെടുത്തിയിട്ടില്ല. കെ-ഡിസ്കിന് ആ പരിസരം വിട്ടുപോകേണ്ടി വന്നാലും ഫിറ്റിംഗുകളും ഫർണിച്ചറും കാര്യമായി വീണ്ടും ഉപയോഗിക്കാവുന്ന വിധത്തിലാണ് കെട്ടിടത്തിലെ മൊത്തം നിക്ഷേപം ആസൂത്രണം ചെയ്തിരിക്കുന്നത്. കെട്ടിടത്തിന്റെ മൊത്തം നിക്ഷേപത്തിന്റെ ഏതാണ്ട് 75 ശതമാനവും പുനരുപയോഗത്തിന് സാധ്യമാകുന്നതാണ്. നിലവിലെ കമ്പോള നിരക്കുകൾപ്രകാരം പൂർണ്ണമായും ഫർണിഷ് ചെയ്ത കെട്ടിടം വാടകയ്ക്കെടുക്കുമ്പോൾ ഏഴുവർഷങ്ങളിൽ ഉണ്ടാകുന്ന ശരാശരി വാർഷിക മെയിന്റനൻസ് ചെലവായ 151.20 ലക്ഷം രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ഏഴ് വർഷങ്ങൾക്കുശേഷം തിരിച്ചുപിടിക്കാനാകാത്ത 25 ശതമാനം ഇനങ്ങളുടെ വിലയായ 92.26 ലക്ഷം രൂപ പരിധിക്കുള്ളിലാണ്.

കെ-ഡിസ്ക് പ്രവർത്തിക്കുന്ന ഈ കെട്ടിടം എനർജി മാനേജ്മെന്റ് സെന്റർ ഏർപ്പെടുത്തിയ കേരള സ്റ്റേറ്റ് എനർജി കൺസർവേഷൻ അവാർഡ് 2022-ന് അർഹമായിട്ടുണ്ട്.

(എഫ്) പ്രസ്തുത പ്രവൃത്തി ഏത് അക്രെഡിറ്റഡ് ഏജൻസിക്കാണ് നൽകിയതെന്നും എത്ര രൂപയുടെ പ്രവൃത്തിയാണ് ഇപ്രകാരം നൽകിയതെന്നും ഏത് ചട്ടപ്രകാരമാണ് ടെണ്ടർ കൂടാതെ പ്രസ്തുത പ്രവൃത്തി അക്രെഡിറ്റഡ് ഏജൻസിക്ക് നൽകിയതെന്നും വ്യക്തമാക്കുമോ?

ഇന്റീരിയർ വർക്കുകൾ ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികളാണ് യു.എൽ.സി.സി.എസ്.-ന് നൽകിയത്. ഉത്തരവിന്റെ വിശദാംശങ്ങളും തെരഞ്ഞെടുപ്പ് പ്രക്രിയയും ഉത്തരം (ബി)-യിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇന്റീരിയർ വർക്കുകൾക്കായി നൽകിയിട്ടുള്ള മൊത്തം തുക 30,37,722 രൂപയാണ്.

(ജി) പ്രസ്തുത പ്രവൃത്തിക്കായി നാളിതുവരെ എത്ര തുക റിലീസ് ചെയ്തു നൽകിയിട്ടുണ്ടെന്നും പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോയെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കണമെന്നാണ് വർക്ക് ഓർഡറിൽ നിർദ്ദേശിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

യു.എൽ.സി.സി. സൊസൈറ്റി ലിമിറ്റഡിന് നാളിതുവരെ 1,59,14,523.01 രൂപ റിലീസ് ചെയ്തു നൽകിയിട്ടുണ്ട്. വർക്ക് ഓർഡർ പ്രകാരം യു.എൽ.സി.സി.എസ്. 2022 മേയ് 20-ഓടെ നവീകരണ പണികൾ പൂർത്തിയാക്കേണ്ടതാണ്. നിലവിൽ M/s. യു.എൽ.സി.സി.എസ്. മേൽപ്പറഞ്ഞ പണികൾ പൂർത്തിയാക്കിക്കഴിഞ്ഞു. വർക്ക് ഓർഡറുകളുടെ പകർപ്പുകൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

കെ-ഡിസ്ക് മുഖേന നടപ്പാക്കിയ പദ്ധതികൾ

28 (2173) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഡിസ്കിന്റെ നാളിതുവരെയുള്ള പ്രവർത്തനം വ്യക്തമാക്കുമോ; കെ-ഡിസ്ക് മുഖേന നടപ്പാക്കിയ പദ്ധതികളും അവയിലൂടെ കൈവരിച്ച നേട്ടങ്ങളും വിശദമാക്കുമോ?

കെ-ഡിസ്ക് മുഖേന നടപ്പാക്കിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു. പ്രസ്തുത പദ്ധതികളുടെ പ്രവർത്തനവും നാളിതുവരെ കൈവരിച്ച നേട്ടങ്ങളും അനുബന്ധമായി* ചേർക്കുന്നു.

1. കേരള നോളജ് ഇക്കോണമി മിഷൻ
2. എമർജിംഗ് ടെക്നോളജീസ്
3. യംഗ് ഇന്നൊവേറ്റേഴ്സ് പ്രോഗ്രാം
4. ഇലക്ട്രിക് വെഹിക്കിൾ (ഇ.വി.) കൺസോർഷ്യവും അനുബന്ധ പ്രോഗ്രാമുകളും
5. ഒരു ജില്ല ഒരു ആശയം (ODOI) പ്രോഗ്രാം
6. ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ആശയം [One Local Government One Idea (OLOI)]

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

7. പ്രാദേശിക ഇന്നൊവേഷൻ (Local innovation) പദ്ധതി

8. കേരള ഫുഡ് പ്ലാറ്റ്ഫോം

9. മഞ്ചാടി ടീച്ച് മാത്സ് ഫോർ കേരള

10. ഗണിതോത്സവം

11. മഴവില്ല്

12. ആക്സിലറേറ്റഡ് ബ്ലോക്ക് ചെയിൻ കോംപീറ്റൻസി ഡെവലപ്മെന്റ് പ്രോഗ്രാം

13. ബയോ ഡീസൽ (Biofuel Jharkhand)

14. ബയോ എഥനോൾ (Bioethanol)

15. ബയോ സി.എൻ.ജി. (Bio CNG)

16. ക്ലീൻ എനർജി ഇന്നൊവേഷൻ ആൻഡ് ബിസിനസ് ഇൻകുബേഷൻ സെന്റർ (CEIBIC)

17. കാലാവസ്ഥാ സ്മാർട്ട് കോഫി (Climate Smart Coffee)

18. നീര

19. കേരള മെഡിക്കൽ ടെക്നോളജി കൺസോർഷ്യം (കെ.എം.ടി.സി.)

20. മൈക്രോ ബയോമിലെ മികവിന്റെ കേന്ദ്രം

21. ന്യൂട്രാസ്യൂട്ടിക്കൽസിലെ മികവിന്റെ കേന്ദ്രം

22. വെർച്വൽ ടൈബൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (VTEE)

23. ഭിന്നശേഷിയുള്ള യുവാക്കൾക്കായുള്ള ടാലന്റ് സെർച്ച്

24. ഭിന്നശേഷി യുവാക്കളുടെ ഇന്നൊവേഷൻ (I-YwD)

25. മിയാവാക്കി വനവൽക്കരണ പദ്ധതി

26. ടൈബൽ എഡ്യൂക്കേഷൻ മെത്തഡോളജി (TEM)

27. അഗ്രോക്കോളജിയിലൂടെ ഭക്ഷണത്തിൽ പോഷകാഹാര പര്യാപ്തത കൈവരിക്കുന്നതിനായിട്ടുള്ള പദ്ധതി.

28. സർട്ടിഫിക്കറ്റ് പ്രോഗ്രാം ഇൻ അസിസ്റ്റീവ് ടെക്നോളജി സൊല്യൂഷൻസ്

29. കെ-ഡിസ്ക് കെട്ടിടം.

(ബി) കെ-ഡിസ്കിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ ചെലവഴിച്ച തുക എത്രയാണെന്ന് അറിയിക്കുമോ?

കെ-ഡിസ്കിന്റെ പ്രവർത്തനങ്ങൾക്കായി നാളിതുവരെ 14870.85 ലക്ഷം രൂപ (നൂറ്റിനാൽപ്പത്തിയെട്ടുകോടി എഴുപത് ലക്ഷത്തി എൺപത്തയ്യായിരം രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

കെ-ഡിസ്കിലെ നിയമനങ്ങൾ

29 (2174) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഡിസ്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും സ്റ്റാഫ് പാറ്റേണും വ്യക്തമാക്കുമോ; നിലവിൽ കെ-ഡിസ്കിൽ എത്ര ജീവനക്കാരുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇവർ ജോലി ചെയ്യുന്നതെന്നും ഇതിൽ എത്ര താൽക്കാലിക/കരാർ ജീവനക്കാരുണ്ടെന്നും എത്ര സ്ഥിരം/ഡെപ്യൂട്ടേഷൻ ജീവനക്കാരുണ്ടെന്നും വ്യക്തമാക്കാമോ?

1985-ലെ ട്രാവൻകൂർ-കൊച്ചിൻ സയന്റിഫിക് & ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടപ്രകാരം സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന കെ-ഡിസ്കിന്റെ (കേരള ഡെവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ) ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെചേർക്കുന്നു.

സംസ്ഥാനത്തിന്റെ വികസനരേഖകൾ നേരിടുന്ന വെല്ലുവിളികളെ ശാസ്ത്ര സാങ്കേതികവിദ്യയുടെ യുക്തിഭദ്രമായ ഉപയോഗത്തിലൂടെ, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, കിടമത്സരം പ്രോത്സാഹിപ്പിക്കൽ, തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കൽ എന്നിവ വഴി നവീകരണത്തിനുള്ള പ്രോത്സാഹനം നൽകൽ; സംസ്ഥാനത്തുടനീളം പുരോഗതി കൈവരിക്കുന്നതിനാവശ്യമായ പരീക്ഷണങ്ങൾക്കും വെല്ലുവിളികൾ ഏറ്റെടുക്കുന്നതിനും സർഗ്ഗാത്മകമായ കഴിവുകൾ കൈവരിക്കുന്നതിനും ആവശ്യമായ പിന്തുണ നൽകുക. കൂടാതെ, വിവര മൂലധനം പ്രത്യേകിച്ചും ചെറുപ്പക്കാരിൽ വളർത്തിയെടുക്കുന്നതിനായി അവരുടെ കഴിവുകൾ, സമീപനം എന്നിവ ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു Knowledge economy talent tool ഉണ്ടാക്കിയെടുക്കുക. ചെറുപ്പക്കാരുടെ കഴിവുകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് സ്ഥാപനതലത്തിൽ, വൻതോതിലുള്ള നവീകരണ പ്രവർത്തനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ചെറുകിട-ഇടത്തരം വ്യവസായ സ്ഥാപനങ്ങളിലും സർക്കാർ സ്ഥാപനങ്ങളിലും പൊതു-ധനകാര്യ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആവശ്യമായ സൗകര്യങ്ങളൊരുക്കൽ എന്നിവയും കെ-ഡിസ്ക്

ലക്ഷ്യമിടുന്നു. തന്ത്രപരമായ സമീപനങ്ങളിലൂടെ സർവ്വകലാശാലകൾ, ഗവേഷണ കേന്ദ്രങ്ങൾ അക്കാദമിക് സ്ഥാപനങ്ങൾ എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിലൂടെ കേരള സ്റ്റാർട്ടപ്പ് മിഷന്റെ (KSUM) സഹായത്തോടെ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുക എന്നിവയും കെ-ഡിസ്കിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളിൽപ്പെടുന്നു. സുപ്രധാന മേഖലകളിൽ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനായി കേരളത്തിലെ സർവ്വകലാശാലകളുടെ സഹായത്തോടുകൂടി ഒരു ഡിജിറ്റൽ വിപ്ലവവും കെ-ഡിസ്കിന്റെ പ്രവർത്തനങ്ങളിൽപ്പെടുന്നു.

കെ-ഡിസ്കിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കുന്ന, 1-6-2021-ലെ സ.ഉ.(കൈ.) 3/2021/PLG.&EA., 24-2-2021-ലെ സ.ഉ.(കൈ.)8/2021/പി &ഇഎ എന്നീ ഉത്തരവുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

24-2-2021-ലെ G.O.(Ms)No.8/2021/P&EA പ്രകാരം അംഗീകരിച്ച The Memorandum of Association and Rules & Regulation of KDISC ഖണ്ഡിക XVI (f) പ്രകാരം കെ-ഡിസ്ക് എക്സിക്യൂട്ടീവ് കമ്മിറ്റിക്ക് കരാറടിസ്ഥാനത്തിൽ സാങ്കേതിക, അഡ്മിനിസ്ട്രേറ്റീവ് പോസ്റ്റുകൾ സൃഷ്ടിക്കുന്നതിന് (not exceeding 3 years) അധികാരം നൽകിയിട്ടുണ്ട്. കൂടാതെ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന് ഖണ്ഡിക XX (vii) പ്രകാരം പഠനത്തിനും പദ്ധതികൾക്കും മറ്റ് നിർദ്ദിഷ്ട ജോലികൾക്കുമായി സർക്കാർ നിശ്ചയിച്ച നിരക്കിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് അധികാരം നൽകിയിട്ടുണ്ട്.

(ബി) കെ-ഡിസ്കിന്റെ രൂപീകരണം മുതൽ നാളിതുവരെ എത്ര ജീവനക്കാരെ കരാർ/താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്തിയതെന്നും വിശദമാക്കാമോ; ഓരോ തസ്തികയിലെയും പ്രതിമാസ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നിയമിക്കപ്പെട്ട ആളുകളുടെ എണ്ണവും വ്യക്തമാക്കുമോ?

നിലവിൽ കെ-ഡിസ്കിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർ, തസ്തികകൾ എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി*ചേർത്തിരിക്കുന്നു.

(സി) ഏത് ഏജൻസി മുഖേനയാണ് കെ-ഡിസ്കിൽ നിയമനങ്ങൾ നടത്തിയിട്ടുള്ളത്; പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ മറികടന്ന് ഇത്തരം നിയമനങ്ങൾ നടത്താൻ പ്രസ്തുത ഏജൻസിക്ക് സർക്കാർ അധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം, രേഖകൾ എന്നിവ നൽകുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളസർക്കാർ സ്വയംഭരണ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (സി.എം.ഡി.) മുഖേനയാണ് കെ-ഡിസ്കിലേയ്ക്കുള്ള കരാർ/ താത്കാലിക നിയമനങ്ങൾ നടത്തുന്നത്. സി.എം.ഡി.-യുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ഉൾപ്പെടുന്ന മെമ്മോറാണ്ടം ഓഫ് അസോസിയേഷനിൽ പ്രതിപാദിച്ചിരിക്കുന്ന Clause III (4), Clause III (5), Clause III (10), Clause III (11), Clause III (12) എന്നിവ ചുവടെ ചേർക്കുന്നു:

• Clause III (4) - To assist, advice and help enterprises in selection, training and development manpower planning, career development, succession planning

• Clause III (5)- To undertake consultancy services to enterprises

• Clause III (10) To help the Governments in assessing the aptitude and competence of persons who wish to serve the enterprises from various services

• Clause III (11)- To help the Governments in the selection of persons for such posts as Chief Executives and top level Managers including full-time Directors.

• Clause III (12) - To help the organizations in the selection of middle managers, and other managerial personnel.

മേൽപ്പറഞ്ഞ ഉപാധികൾ പ്രകാരമാണ് സി.എം.ഡി. വിവിധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ/ഏജൻസികൾക്കായി, ഈ സ്ഥാപനങ്ങളുടെ ആവശ്യപ്രകാരം, സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന സേവന-വേതന വ്യവസ്ഥയിലുള്ളവർക്കായുള്ള റിക്രൂട്ട്മെന്റ് പ്രക്രിയ നടത്തിക്കൊടുക്കുന്നത്.

കെ-ഡിസ്ക്

30 (2175) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഡിസ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടർ ആരാണെന്നും അദ്ദേഹത്തിന് ഈ പദവിയിൽ അനുവദിച്ചിട്ടുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

പൊതുഭരണ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറി അന്യത്ര സേവനവ്യവസ്ഥയിൽ കെ-ഡിസ്കിൽ എക്സിക്യൂട്ടീവ് ഡയറക്ടർ (മാനേജ്മെന്റ് സർവ്വീസസ്സ്) ആയി സേവനമനുഷ്ഠിച്ചുവരുന്നു.

(ബി) ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി 2022 സെപ്റ്റംബർ മാസത്തിൽ അദ്ദേഹം കൈപ്പറ്റിയ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ; അദ്ദേഹത്തിന് ഔദ്യോഗിക കാർ, ഔദ്യോഗിക വസതി തുടങ്ങിയവ അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ശമ്പളവും മറ്റ് അനുകൂല്യങ്ങളുമായി 2022 സെപ്റ്റംബർ മാസം കൈപ്പറ്റിയ തുക ഇനം തിരിച്ച് താഴെ ചേർക്കുന്നു. ടിയാൾക്ക് ഔദ്യോഗിക വസതി അനുവദിച്ചിട്ടില്ല. കരാർ അടിസ്ഥാനത്തിൽ ഔദ്യോഗിക വാഹനം നൽകിയിട്ടുണ്ട്.

അടിസ്ഥാന ശമ്പളം	- ₹ 1,66,800
ക്ഷാമബത്ത	- ₹ 11,676
വീട്ടുവാടക ബത്ത	- ₹ 10,000
ആകെ	- ₹ 1,88,476

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേൽപ്പറഞ്ഞ ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട ചെലവുകൾക്കായി കെ-ഡിസ്ക് ആകെ ചെലവാക്കിയ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേല്പറഞ്ഞ ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട് ആകെ ചെലവാക്കിയ തുക താഴെ ചേർക്കുന്നു:

ശമ്പളം	- ₹ 35,63,116
ഔദ്യോഗിക കാർ വാടക	- ₹ 7,80,959
യാത്രാ ബത്ത	- ₹ 4,196
ആകെ ചെലവ്	- ₹ 43,48,271

കെ-ഡിസ്ക്

31 (2176) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ഡിസ്കിന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ ആരാണെന്നും അദ്ദേഹത്തിന് ഈ പദവിയിൽ അനുവദിച്ചിട്ടുള്ള ശമ്പളവും മറ്റ് ആനുകൂല്യങ്ങളും എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ?

കെ-ഡിസ്കിന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർ പേഴ്സൺ (ഇ.വി.സി.) ആയി ശ്രീ. കെ. എം. എബ്രഹാം (റിട്ട. ഐ.എ.എസ്.) സേവനമനുഷ്ഠിച്ചുവരുന്നു. അദ്ദേഹത്തിന് കെ-ഡിസ്കിൽനിന്നും ശമ്പളമോ, അലവൻസുകളോ നൽകുന്നില്ല.

(ബി) ശമ്പളവും മറ്റ് ആനുകൂല്യങ്ങളുമായി 2022 സെപ്റ്റംബർ മാസത്തിൽ അദ്ദേഹം കൈപ്പറ്റിയ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ; അദ്ദേഹത്തിന് ഔദ്യോഗിക കാർ, ഔദ്യോഗിക വസതി തുടങ്ങിയവ അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന് കെ-ഡിസ്കിൽനിന്നും ഔദ്യോഗിക വാഹനം നൽകിയിട്ടുണ്ട്. കരാർ അടിസ്ഥാനത്തിൽ പ്രസ്തുത വാഹനത്തിന് ഡ്രൈവറെ നിയമിച്ചിട്ടുണ്ട്. ടി വാഹനത്തിന്റെ ഇന്ധന ചെലവും ഡ്രൈവറുടെ വേതനവും കെ-ഡിസ്ക് നൽകുന്നുണ്ട്. അദ്ദേഹത്തിന് കെ-ഡിസ്കിൽനിന്നും ഔദ്യോഗിക വസതി അനുവദിച്ച് നൽകിയിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മേല്പറഞ്ഞ ഉദ്യോഗസ്ഥനുമായി ബന്ധപ്പെട്ട ചെലവുകൾക്കായി കെ-ഡിസ്ക് ആകെ ചെലവാക്കിയ തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 30-11-2022 വരെ കെ-ഡിസ്കിന്റെ എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന്റെ വാഹനവുമായി ബന്ധപ്പെട്ട ചെലവുകൾക്കായി കെ-ഡിസ്ക് ചുവടെപ്പറയുംവിധം തുക ചെലവഴിച്ചിട്ടുണ്ട്.

1. ഇന്ധനം (പി.ഒ.എൽ)- ₹1,39,875 (ഒരു ലക്ഷത്തി മുപ്പത്തൊമ്പതിനായിരത്തി എണ്ണൂറ്റിയെഴുപത്തഞ്ച് രൂപ മാത്രം)

2. റിപ്പയറും മെയിന്റനൻസും-₹75,492 (എഴുപത്തയ്യായിരത്തി നാനൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം)

3. ഡ്രൈവറുടെ വേതനം-₹3,69,585 (മൂന്നുലക്ഷത്തി അറുപത്തൊമ്പതിനായിരത്തി അഞ്ഞൂറ്റിയെൺപത്തഞ്ചു രൂപ മാത്രം)

ആകെ - ₹5,84,952 (അഞ്ചുലക്ഷത്തി എൺപത്തിനാലായിരത്തി തൊള്ളായിരത്തി അമ്പത്തിരണ്ട് രൂപ മാത്രം)

കെ- ഡിസ്ക്

32(2177) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കെ-ഡിസ്ക് എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, എക്സ്-ഒഫീഷ്യോ ഗവൺമെന്റ് സെക്രട്ടറി എന്ന നിലയിൽ സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; ഏത് റൂൾ പ്രകാരമാണ് അദ്ദേഹത്തിന് ഈ അധികാരം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. 24-2-2021-ലെ സർക്കാർ ഉത്തരവുപ്രകാരം അംഗീകരിച്ച The Memorandum of Association and Rules & Regulation of KDISC ഖണ്ഡിക XX (c) പ്രകാരം (അനുബന്ധമായി * ചേർത്തിരിക്കുന്നു) കെ-ഡിസ്ക് എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സന് ഗവൺമെന്റ് നിശ്ചയിക്കുന്നതനുസരിച്ച് പ്രിൻസിപ്പൽ സെക്രട്ടറിയുടെതോ അതിന് മുകളിലുള്ളതോ ആയ ഉദ്യോഗസ്ഥന്റെ പദവിയും അധികാരവുമുള്ളതുമായ എക്സ്-ഒഫീഷ്യോ സെക്രട്ടറിയുടെ പദവി നിശ്ചയിച്ച് നൽകിയിട്ടുള്ളതിനാൽ എക്സ്-ഒഫിഷ്യോ ഗവൺമെന്റ് സെക്രട്ടറി എന്ന നിലയിലാണ് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുള്ളത്.

ജവഹർലാൽ നെഹ്റു ബൊട്ടാണിക്കൽ ഗാർഡനിലെ ജീവനക്കാർ

33 (2178) ശ്രീ. യു. എ. ലത്തീഫ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലോട് ജവഹർലാൽ നെഹ്റു ബൊട്ടാണിക്കൽ ഗാർഡനിൽ ഇപ്പോൾ എത്ര സ്ഥിരം/താൽക്കാലിക ജീവനക്കാരുണ്ടെന്ന് വിശദമാക്കുമോ?

പാലോട് ജവഹർലാൽ നെഹ്റു ബൊട്ടാണിക്കൽ ഗാർഡനിൽ ഇപ്പോൾ സ്ഥിരം ജീവനക്കാരായി 122 പേരും താൽക്കാലിക ജീവനക്കാരായി 115 പേരും ജോലി ചെയ്യുവരുന്നു.

(ബി) പ്രസ്തുത സ്ഥാപനത്തിൽ എത്ര സെക്ഷൻ ഓഫീസർമാരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കാമോ; ഒഴിവുള്ള സെക്ഷൻ ഓഫീസർ തസ്തികയിൽ നിയമനം നടത്തുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

പാലോട് ജവഹർലാൽ നെഹ്റു ബൊട്ടാണിക്കൽ ഗാർഡനിൽ സെക്ഷൻ ഓഫീസറുടെ രണ്ട് ഒഴിവുകൾ നിലവിലുണ്ട്. കൗൺസിൽ ചട്ടപ്രകാരം തയ്യാറാക്കുന്ന ഏകീകൃത സെലക്ട് ലിസ്റ്റിൽനിന്നും സ്ഥാനക്കയറ്റം മുഖേനയാണ് സെക്ഷൻ ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നത്. നിലവിൽ ചില ജീവനക്കാർ ഏകീകൃത സെലക്ട് ലിസ്റ്റിൽനിന്നും സ്ഥാനക്കയറ്റം നൽകുന്നത് സംബന്ധിച്ച് നൽകിയ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നിലനിൽക്കുന്നതിനാലാണ് സെക്ഷൻ ഓഫീസർ തസ്തികയിലേയ്ക്കുള്ള നിയമനത്തിൽ തീരുമാനമെടുക്കാൻ കഴിയാത്തത്.

(സി) പ്രസ്തുത ഓഫീസിൽ കോടതി കേസുകൾ കൂടുതലുള്ളതിനാൽ ഡെപ്യൂട്ടി സെക്രട്ടറി റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെ ലാ ഓഫീസറായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) നിലവിലുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടോ; വിശദമാക്കുമോ?

പാലോട് ജവഹർലാൽ നെഹ്റു ബൊട്ടാണിക്കൽ ഗാർഡനിൽ 10 വർഷത്തിനുമേൽ സർവ്വീസുള്ള താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന് അഭ്യർത്ഥിച്ച് കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നൽകിയ ശിപാർശ, നിലവിലുള്ള കോടതി ഉത്തരവുകളുടെയും സർക്കുലറുകളുടെയും അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചുവരുന്നു.

ആശ്രാമം ജൈവ വൈവിധ്യ പൈതൃക കേന്ദ്രം

34 (2179) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ആശ്രാമത്തെ കണ്ടൽകാടുകളുൾപ്പെടുന്ന ജൈവവൈവിധ്യ മേഖലയിൽ വൻതോതിൽ മാലിന്യം നിക്ഷേപിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ മാലിന്യനിക്ഷേപം തടയുന്നതിനാവശ്യമായ അടിയന്തര തുടർനടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ആശ്രാമം ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ സംരക്ഷണത്തിനായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ആശ്രാമം ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ സംരക്ഷണവുമായി ബന്ധപ്പെട്ട് ഒരു മാനേജ്മെന്റ് പ്ലാൻ (2020-21 to 2025-26) സംസ്ഥാന ജൈവവൈവിധ്യ ബോർഡ് തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ഭാഗമായി ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തിന്റെ മേഖലയിൽ കൊല്ലം കോർപ്പറേഷൻ ബി.എം.സി.-യുടെ സഹകരണത്തോടെ ഒരു ശലഭോദ്യാനം തയ്യാറാക്കുന്നതിന് 2020-21 വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയ്ക്ക് ആകെ 6,62,612 രൂപ ബോർഡ് അനുവദിക്കുകയും ആദ്യ ഗഡുവായി 40% ഫണ്ട് (2,65,045 രൂപ) ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ആശ്രാമം ജൈവവൈവിധ്യ പൈതൃക കേന്ദ്രത്തോടനുബന്ധിച്ച് ജില്ലാകളക്ടർ അനുവദിച്ച 10 സെന്റ് സ്ഥലത്താണ് ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹകരണത്തോടെ ശലഭോദ്യാനത്തിന്റെ നിർമ്മാണം നടന്നുവരുന്നത്.

കൂടാതെ, ആശ്രാമം ജൈവ പൈതൃക കേന്ദ്രത്തിന്റെ മേഖലയിൽത്തന്നെ മിയാവാക്കി പദ്ധതി നടപ്പാക്കുന്നതിന് കൊല്ലം കോർപ്പറേഷൻ ബി.എം.സി.-യ്ക്ക് 2020-21-ൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ആകെ 4 ലക്ഷം രൂപ ബോർഡ് ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതിയുടെ സാങ്കേതിക നിർവ്വഹണത്തിന് അഗ്രിക്കൾച്ചർ & എക്കോ സിസ്റ്റം മാനേജ്മെന്റ് ഗ്രൂപ്പ് (AGES), കവടിയാർ, തിരുവനന്തപുരം എന്ന ഏജൻസിയെ ബോർഡ് ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

പദ്ധതിക്കായി കണ്ടെത്തിയ നിർദ്ദിഷ്ട സ്ഥലത്ത്, പദ്ധതി നിർവ്വഹണത്തിന് കൊല്ലം കളക്ടറേറ്റിൽനിന്നും അനുമതി കിട്ടാത്തതിനാലും മറ്റ് അനുയോജ്യമായ സ്ഥലം ജൈവവൈവിധ്യ പൈതൃക മേഖലയിൽ കണ്ടെത്താൻ സാധിക്കാത്തതിനാലും കൊല്ലം കോർപ്പറേഷൻ ബി.എം.സി.-യുടെ തന്നെ പരിധിയിൽ വരുന്ന അനുയോജ്യമായിട്ടുള്ള മറ്റൊരു സ്ഥലത്ത് പദ്ധതി നടപ്പാക്കുന്നതിന് ബി.എം.സി. നടപടി കൈക്കൊണ്ടുവരുന്നു.

സി.ആർ.ഇസെഡ്. ഇളവുകൾ

35 (2180) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ സി.ആർ.ഇസെഡ്. 1, 2, 3 മേഖലകളിൽ അനുവദിച്ചുവരുന്ന ഇളവുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കേന്ദ്രപരിസ്ഥിതി വനം കാലാവസ്ഥ വ്യതിയാന മന്ത്രാലയം കാലാകാലങ്ങളായി പുറപ്പെടുവിക്കുന്ന CRZ വിജ്ഞാപനത്തിന്റെ വ്യവസ്ഥകൾക്ക് വിധേയമായാണ് CRZ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകുന്നത്.

നിലവിൽ കേന്ദ്ര പരിസ്ഥിതി വനം മന്ത്രാലയം പുറപ്പെടുവിച്ചിട്ടുള്ള CRZ വിജ്ഞാപനം-2011 ആണ് സംസ്ഥാനത്ത് പ്രാബല്യത്തിലുള്ളത്. പ്രസ്തുത വിജ്ഞാപനപ്രകാരം CRZ I, II, III മേഖലകളിൽ അനുവദനീയമായ നിർമ്മാണ പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

തീരദേശ പരിപാലന പ്ലാനിൽ നഗര സ്വഭാവമുള്ള പഞ്ചായത്തുകൾക്ക് മേഖല മാറ്റം

36 (2181) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ സി.ആർ.ഇസെഡ്. വിജ്ഞാപനപ്രകാരം തീരദേശ പരിപാലന പ്ലാനിൽ നഗരസ്വഭാവമുള്ള പഞ്ചായത്തുകൾക്ക് മേഖല മാറ്റം നൽകാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കുമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തീരദേശ നിയന്ത്രണത്തിൽ കൂടുതൽ ജനങ്ങൾക്ക് ആശ്വാസം കിട്ടാൻ പരിസ്ഥിതി വകുപ്പ് സ്വീകരിക്കുന്ന നടപടിയെക്കുറിച്ച് വിശദമാക്കുമോ;

(സി) 2021-ലെ വിജ്ഞാപനപ്രകാരം നഗരസ്വഭാവമുള്ള എത്ര പഞ്ചായത്തുകളെയാണ് ഗ്രേഡ്-എ ആയി തരംതിരിച്ചിട്ടുള്ളത്; ഇവയിൽ സി.ആർ.ഇസെഡ്.-3 ബാധകമായ പഞ്ചായത്തുകളെ ഇളവുകളുള്ള സി.ആർ.ഇസെഡ്. 2-ൽ ഉൾപ്പെടുത്താൻ എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

(എ-സി) തീരദേശ പരിപാലന വിജ്ഞാപനം 2011-ലെ വ്യവസ്ഥകളും അതുപ്രകാരമുള്ള തീരദേശ പരിപാലന പ്ലാനുമാണ് സംസ്ഥാനത്ത് നിലവിൽ ബാധകമായിട്ടുള്ളത്. 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്രസർക്കാർ 18-1-2019-ൽ തീരദേശ പരിപാലന വിജ്ഞാപനം-2019 പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമേ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളൂ.

2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിനുള്ള നടപടികൾ കേരള തീരദേശ പരിപാലന അതോറിറ്റി സ്വീകരിച്ചുവരുന്നു.

ദേശീയ ഭൗമശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയ 2019 പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനും ഒരു വിദഗ്ധ സമിതി സർക്കാർ രൂപീകരിക്കുകയും ടി വിദഗ്ധ സമിതി പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ വിശദമായി പരിശോധിച്ച് സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കുകയും പ്രസ്തുത റിപ്പോർട്ട് തത്വത്തിൽ അംഗീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു.

തീരദേശ നിയന്ത്രണത്തിൽ കൂടുതൽ ജനങ്ങൾക്ക് ആശ്വാസം കിട്ടാൻ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

ജനസാന്ദ്രതയും നഗരസ്വഭാവം കൂടിയ CRZ III-ൽ ഉൾപ്പെട്ട തീരദേശ ഗ്രാമപഞ്ചായത്തുകളെ CRZ II-ലേയ്ക്ക് തരം തിരിക്കുന്നതിനായി, 175 ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തി. ഈ 175 തീരദേശ പഞ്ചായത്തുകളെ CRZ II കാറ്റഗറിയായി തരം മാറ്റണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. ഇതിൽ 66 എണ്ണം CRZ II-ൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമെന്ന് കേന്ദ്ര വനം-

പരിസ്ഥിതി-കാലാവസ്ഥാ വ്യതിയാന മന്ത്രാലയം അനുവാദം നൽകി. കേവലം സാങ്കേതികമായ കാരണങ്ങളാൽ മാത്രം തീരദേശ പരിപാലന നിയമം പ്രതികൂലമായി ബാധിക്കുന്ന അവശേഷിക്കുന്ന 109 പഞ്ചായത്തുകൾക്കുകൂടി ഇളവ് ലഭ്യമാകുന്നതിനുള്ള ശ്രമങ്ങൾ സർക്കാർ തുടരും.

പൊക്കാളി പാടങ്ങളെ സംബന്ധിച്ച് ഒരു സമഗ്ര പഠനം നടത്തുന്നതിനായി രൂപീകരിച്ച KCZMA-യുടെ സബ് കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശപ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് 2019 CRZ വിജ്ഞാപനത്തിൽ ഭേദഗതി വരുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. പൊക്കാളി പാടങ്ങളിൽ വേലിയേറ്റ രേഖ നിർണ്ണയിക്കുന്നത് സംബന്ധിച്ച് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 26-11-2021-ൽ ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഭേദഗതി പ്രകാരം 1991-നുമുമ്പ് നിർമ്മിച്ചിട്ടുള്ള ബണ്ടുകളാണെങ്കിൽ വേലിയേറ്റ രേഖ പ്രസ്തുത ബണ്ടുകളിൽ നിജപ്പെടുത്താവുന്നതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

1-4-2022-ലെ കരട്പ്രകാരം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം 10 Ha-ൽ കൂടുതൽ വിസ്തൃതിയുള്ള ദ്വീപുകൾക്ക് മാത്രം IIMP തയ്യാറാക്കേണ്ടതിന്റെ ആവശ്യകതയേയുള്ളുവെന്നും ഇതുസംബന്ധിച്ച് കൂടുതൽ മാർഗ്ഗനിർദ്ദേശങ്ങൾ NCSCM തയ്യാറാക്കി പുറപ്പെടുവിക്കുന്നതാണെന്നും അറിയിക്കുകയും ചെയ്തു. ഈ മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ IIMP തയ്യാറാക്കുന്നതുസംബന്ധിച്ച് തുടർനടപടി സ്വീകരിച്ചുവരുന്നു.

കോസ്റ്റൽ സോൺ മാനേജ്മെന്റ് പ്ലാൻ (CZMP)-1996 പ്രകാരമുള്ള CRZ പരിധി സ്വീകരിക്കാൻ സംസ്ഥാനത്തെ അനുവദിക്കണമെന്ന് പരിസ്ഥിതി വകുപ്പ്, കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കണ്ടൽക്കാടുകളുടെ വിസ്തൃതിയെ സംബന്ധിച്ച് കണ്ടൽക്കാടുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളുടെ യഥാർത്ഥ വിസ്തൃതി കണ്ടെത്തുന്നതിനായി KCZMA-യുടെ നിർദ്ദേശപ്രകാരം കേരള വന ഗവേഷണ കേന്ദ്രം കേരളത്തിലെ തീരദേശ ജില്ലകളിൽ പഠനം നടത്തുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കെ.എ.എസ്. വിജ്ഞാപനം

37 (2182) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദ്യ വിജ്ഞാപനം വന്ന് മൂന്നുവർഷം പിന്നിട്ടിട്ടും കെ.എ.എസ്. അടുത്ത വിജ്ഞാപനം പുറത്തിറക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

കെ.എ.എസ്.-ന്റെ എൻട്രി കേഡർ തസ്തികയുടെ കേഡർ സ്ട്രെംഗ്ത് 105 ആയി നിശ്ചയിച്ചിട്ടുണ്ട്. പ്രസ്തുത ഒഴിവുകളിലേയ്ക്ക് പി.എസ്.സി. നിയമന ശിപാർശ നൽകിയതിന്റെയടിസ്ഥാനത്തിൽ കെ.എ.എസ്. ആദ്യ ബാച്ചിന്റെ പരിശീലനം നടന്നുവരികയാണ്. ഇവർക്ക് ഒരേ കാലയളവിലാണ് പരിശീലനം നൽകിവരുന്നത്. പുതിയ ബാച്ചിനായി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള ഒഴിവുകൾ നിലവിലില്ല.

(ബി) നിലവിൽ കെ.എ.എസ്.-ന് പുതുതായി തസ്തിക കണ്ടെത്തി ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

പുതുതായി തസ്തിക കണ്ടെത്തി ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടില്ല.

(സി) കെ.എ.എസ്.-ന് കൂടുതൽ തസ്തികകൾ കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

പരിഗണനയിലില്ല.

(ഡി) കെ.എ.എസ്.-ന്റെ ആദ്യ ബാച്ചിലെ മുഴുവൻ പേർക്കും നിയമനം നൽകാൻ പറ്റാത്ത സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ?

പി.എസ്.സി. നിയമന ശിപാർശ നൽകിയവർക്ക് നിയമനം നൽകിയിട്ടുണ്ട്.

(ഇ) വിവിധ വകുപ്പുകളിൽ പ്രമോഷനുവേണ്ടി കെ.എ.എസ്.-നായി നീക്കിവച്ച തസ്തികകൾ വെട്ടിച്ചുരുക്കിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ

38 (2183) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിലെത്തിയശേഷം സംസ്ഥാനത്ത് പി.എസ്.സി. വഴി നടത്തിയ നിയമനങ്ങൾ എത്രയാണെന്ന് വകുപ്പുതിരിച്ച് അറിയിക്കാമോ?

30-11-2022 വരെ 37840 (മുപ്പത്തി ഏഴായിരത്തി എണ്ണൂറ്റി നാൽപ്പത്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമായിട്ടില്ല.

(ബി) 2016-2021 കാലയളവിൽ പി.എസ്.സി. വഴി എത്ര നിയമനങ്ങളാണ് നടത്താൻ കഴിഞ്ഞിട്ടുള്ളതെന്ന് വകുപ്പുതിരിച്ച് അറിയിക്കാമോ?

161268 (ഒരു ലക്ഷത്തി അറുപത്തി ഒന്നായിരത്തി ഇരുന്നൂറ്റി അറുപത്തിയെട്ട്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പടിസ്ഥാനത്തിലുള്ള കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) പി.എസ്.സി. വഴിയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്താൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ?

റാങ്ക് ലിസ്റ്റുകളിൽനിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പി.എസ്.സി.-യുടെ പ്രവർത്തനങ്ങൾ കൂടുതൽ വേഗത്തിലാക്കുന്നതിനും സുതാര്യമാക്കുന്നതിനുമായി തെരഞ്ഞെടുപ്പ് നടപടികൾക്ക് ഓൺലൈൻ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തിവരുന്നു. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതുമുതൽ റാങ്ക് പട്ടിക തയ്യാറാക്കുന്നതുവരെ മുഴുവൻ നടപടികളും കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. ഓൺലൈനായി പരീക്ഷ നടത്തുന്നതിന് പി.എസ്.സി. ആസ്ഥാന ഓഫീസിലും വിവിധ ജില്ലകളിലും ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും സംസ്ഥാനത്തെ വിവിധ ഗവൺമെന്റ്/സ്വകാര്യ എഞ്ചിനീയറിംഗ് കോളേജുകളിലെ സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നുമുണ്ട്. റിക്രൂട്ട്മെന്റ് നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിലേയ്ക്കായി എസ്.എസ്.എൽ.സി. ലെവൽ, പ്ലസ് ടു ലെവൽ, ഡിഗ്രി ലെവൽ പൊതുപ്രാഥമിക പരീക്ഷകൾ നടത്തിവരുന്നു. നിയമന ശിപാർശകൂടി കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചിട്ടുണ്ട്.

കെ.പി.എസ്.സി. നിയമന ശിപാർശകൾ

39 (2184) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 മേയ് മുതൽ 2022 ഒക്ടോബർ വരെ എത്ര ഉദ്യോഗാർത്ഥികൾക്ക് കെ.പി.എസ്.സി. നിയമന ശിപാർശകൾ നൽകിയിട്ടുണ്ടെന്നുള്ളതിന്റെ വിശദാംശം ലഭ്യമാക്കാമോ?

2016 മേയ് മുതൽ 2022 ഒക്ടോബർ വരെ 199201 (ഒരു ലക്ഷത്തി തൊണ്ണൂറ്റി ഒൻപതിനായിരത്തി ഇരുന്നൂറ്റി ഒന്ന്) ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

പബ്ലിക് സർവ്വീസ് കമ്മീഷൻ - ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ

40 (2185) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷന് കീഴിൽ എത്ര ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ കീഴിൽ 7 ഓൺലൈൻ പരീക്ഷാ കേന്ദ്രങ്ങളും കൂടാതെ സംസ്ഥാനത്തെ വിവിധ എഞ്ചിനീയറിംഗ് കോളേജുകളിലായി 54 പരീക്ഷ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

(ബി) ഇടുക്കി ജില്ലയിൽ എത്ര പരീക്ഷാ കേന്ദ്രങ്ങളുണ്ടെന്നും അവ ഏതൊക്കെയാണെന്നും അറിയിക്കാമോ?

ഇടുക്കി ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഒരു ഓൺലൈൻ പരീക്ഷാ കേന്ദ്രം പ്രവർത്തിക്കുന്നു.

ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് പരീക്ഷ

41 (2186) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലെ ജൂനിയർ സയന്റിഫിക് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് കാറ്റഗറി നമ്പർ 516/2021 പ്രകാരം വിജ്ഞാപനം ചെയ്ത പരീക്ഷയുടെ സിലബസ്, കലണ്ടർ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ടോ?

പരീക്ഷ നടത്തുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവ പൂർത്തിയാകുന്ന മുറയ്ക്ക് വിശദമായ സിലബസ്, പരീക്ഷ തീയതി എന്നിവ പി.എസ്.സി.-യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.

(ബി) പ്രസ്തുത വിജ്ഞാപനം പ്രസിദ്ധീകരിച്ചത് എന്നാണ്; ആയതിന് എത്ര അപേക്ഷകരുണ്ട്; സിലബസും പരീക്ഷാ തീയതിയും പ്രഖ്യാപിക്കാൻ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ?

15-11-2021-ലെ ഗസറ്റിൽ വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു. ടി തസ്തികയ്ക്ക് 33129 (മുപ്പത്തിമൂവായിരത്തി ഒരുനൂറ്റി ഇരുപത്തി ഒൻപത്) അപേക്ഷകരുണ്ട്.

നിയമനങ്ങൾക്ക് വിശേഷാൽ ചട്ടം തയ്യാറാക്കൽ

42 (2187) ശ്രീ. നജീബ് കാന്തപുരം:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പല സ്ഥാപനങ്ങളിലെയും നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിട്ടെങ്കിലും നിയമനങ്ങൾ നടത്താൻ സാധിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനത്തിനുള്ള വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിൽ കാലതാമസം വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) നിശ്ചിത കാലയളവിനുള്ളിൽ വിശേഷാൽ ചട്ടം തയ്യാറാക്കി പി.എസ്.സി.-ക്ക് നൽകാൻ ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുമോ;

(ഡി) പി.എസ്.സി.-ക്ക് വിട്ട ഒഴിവുകളിൽ താൽക്കാലിക നിയമനം നടത്തുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ?

(എ-ഡി) നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുനൽകിയ സ്ഥാപനങ്ങളിലെ വിശേഷാൽ ചട്ടങ്ങൾ അടിയന്തരമായി രൂപീകരിക്കാൻ ബന്ധപ്പെട്ട എല്ലാ ഭരണ വകുപ്പുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി സ്ഥാപനങ്ങളിലെ നിയമനങ്ങൾ വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കിയശേഷം പി.എസ്.സി. മുഖേന മാത്രമേ നടത്താൻ പാടുള്ളൂവെന്നും അതുവരെയുള്ള കാലയളവിൽ ഭരണപരമായ പ്രവർത്തനത്തിന് എറ്റവും അത്യാവശ്യമായ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ടി കാലയളവിൽ സ്ഥിരനിയമനങ്ങൾ നടത്തരുതെന്നും ഇക്കാര്യങ്ങളിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

പി.എസ്.സി. മുഖേന ജോലി

43 (2188) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന എത്ര ഉദ്യോഗാർത്ഥികൾക്കാണ് ജോലി നൽകിയിട്ടുള്ളതെന്ന കണക്ക് വകുപ്പ് തിരിച്ച് ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പി.എസ്.സി. മുഖേന നവംബർ 30 വരെ 37840 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്. വകുപ്പടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമല്ല.

പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ

44 (2189) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവെങ്കിലും പി.എസ്.സി. മുഖേന റിക്രൂട്ട്മെന്റ് ആരംഭിച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ പി.എസ്.സി.-ക്ക് വിടാൻ തീരുമാനിച്ചത് എന്നാണെന്നും ഓരോ സ്ഥാപനത്തിലും റിക്രൂട്ട്മെന്റ് നടത്തുന്നത് സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണെന്നും വ്യക്തമാക്കുമോ?

(എ&ബി) നിയമനങ്ങൾ പി.എസ്.സി. മുഖേനയാക്കിയിട്ടുള്ള സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് നിലവിൽ വന്നശേഷം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്കാണ് പി.എസ്.സി. തെരഞ്ഞെടുപ്പ് നടപടികൾ ആരംഭിക്കുന്നത്. ഒഴിവുകൾ യഥാസമയം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ട സ്ഥാപനങ്ങളിൽ അപ്രകാരം നിയമനം നടത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കുന്നുണ്ട്.

വിവിധ വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം

45 (2190) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ വകുപ്പുകളിലേയ്ക്കുള്ള എൽ.ഡി. ടൈപ്പിസ്റ്റിന്റെ റാങ്ക് ലിസ്റ്റ് എന്നാണ് നിലവിൽ വന്നതെന്ന് വ്യക്തമാക്കാമോ; എത്ര പേരുൾപ്പെട്ട റാങ്ക് ലിസ്റ്റാണ് നിലവിലുള്ളതെന്നും ഇതിൽനിന്നും എത്രപേർക്ക് നിയമനം നൽകിയെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്കുള്ള നിയമനത്തിനായി കഴിഞ്ഞ പ്രാവശ്യം എത്രപേരുൾപ്പെട്ട റാങ്ക് ലിസ്റ്റാണ് ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കാമോ; അതിൽനിന്നും എത്രപേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്; വിശദാംശം നൽകാമോ;

(സി) നിലവിൽ പ്രസ്തുത തസ്തികയിലെ നിയമന ശിപാർശയ്ക്കായി പി.എസ്.സി.-യിലേയ്ക്ക് എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; സംസ്ഥാനത്ത് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽനിന്നും വരുന്ന രണ്ടുവർഷങ്ങളിലായി എത്രപേർ സർവ്വീസിൽനിന്നും വിരമിക്കുമെന്നും ഇതിന് ആനുപാതികമായി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യുമെന്നും വ്യക്തമാക്കാമോ?

(എ-സി) റാങ്ക് പട്ടിക 10-11-2020-ൽ നിലവിൽ വന്നിട്ടുണ്ട്. നിലവിലെ റാങ്ക് പട്ടികയിലും മുൻ റാങ്ക് പട്ടികയിലും ഉൾപ്പെട്ടവരുടെ എണ്ണവും നിയമന ശിപാർശയുടെ എണ്ണവും ഒഴിവുകളുടെ എണ്ണവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയോ താൽക്കാലികമായോ ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ; എങ്കിൽ അവരെ അടിയന്തരമായി മാറ്റി ആ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകുമോയെന്ന് വ്യക്തമാക്കാമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള ഒരു തസ്തികയിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനം, ദിവസക്കൂലി/കരാർ നിയമനം മുതലായ താൽക്കാലിക നിയമന രീതികളൊന്നും അവലംബിക്കാൻ പാടുള്ളതല്ലെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

കോട്ടയം ജില്ലയിലെ യു.പി.എസ്.എ. തസ്തിക

46 (2191) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ യു.പി.എസ്.എ. തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

29 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) കോട്ടയം ജില്ലയിൽ നിലവിലുള്ള യു.പി.എസ്.എ. റാങ്ക് ലിസ്റ്റിൽപ്പെട്ട (കാറ്റഗറി നമ്പർ 517/2019) ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

കോട്ടയം ജില്ലയിൽ നിലവിലുള്ള യു.പി.എസ്.എ. റാങ്ക് ലിസ്റ്റിൽപ്പെട്ട (കാറ്റഗറി നമ്പർ 517/2019) ഉദ്യോഗാർഥികൾക്ക് നിയമനം നൽകുന്നതിനുള്ള നിയമന ശിപാർശ പി.എസ്.സി.-യിൽനിന്നും ലഭിച്ചിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ലിസ്റ്റിൽനിന്നും നിയമന ശിപാർശ നൽകുന്നതിന് എന്തെങ്കിലും നിയമതടസ്സം നിലവിലുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

നിയമ തടസ്സമൊന്നും നിലവിലില്ല.

(ഡി) കോട്ടയം ജില്ലയിലെ യു.പി.എസ്.എ. തസ്തികയിലെ ഒഴിവുകൾ സംബന്ധിച്ച് എന്തെങ്കിലും കോടതി വ്യവഹാരം നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത കേസിന്റെ നമ്പർ, നിലവിലെ സ്ഥിതി എന്നിവ വിശദമാക്കാമോ?

27-12-2021-ൽ അവസാനിച്ച റാങ്ക് പട്ടികയിൽ ഉൾപ്പെട്ട ചില ഉദ്യോഗാർഥികൾ ഫയൽ ചെയ്ത OA No. 1918/21 കേസിൽ ബഹുമാനപ്പെട്ട ട്രിബ്യൂണൽ 22-12-2021-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ 72 ഒഴിവുകൾ പ്രൊവിഷണലായി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തിരുവനന്തപുരം ജില്ലയിൽ ക്ലാർക്ക്/ടൈപ്പിസ്റ്റ് നിയമനം

47 (2192) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കാറ്റഗറി 103/2019 പ്രകാരം ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്ക് എത്ര ഒഴിവുകളാണ് നിലവിലുള്ളത്; ഇതിൽ എത്ര ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

65 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലുള്ള സർക്കാർ ഓഫീസുകളിൽ നിലവിലുള്ള ക്ലാർക്ക്/ടൈപ്പിസ്റ്റ് തസ്തികകൾ എത്രയാണെന്ന വിവരം ലഭ്യമാക്കാമോ; പ്രസ്തുത ഓഫീസുകളുടെ പേരും അതത് ഓഫീസുകളിൽ നിലവിൽ അനുവദിച്ചിട്ടുള്ള ക്ലാർക്ക്/ ടൈപ്പിസ്റ്റിന്റെ അംഗീകൃത തസ്തികകൾ എത്രയാണെന്നുമുള്ള വിവരം ലഭ്യമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിലെ വിവിധ വകുപ്പുകളിൽ പ്രസ്തുത തസ്തികയിൽ നിലവിൽ എത്രപേർ വീതം താൽക്കാലിക/കരാർ/ദിവസവേതന അടിസ്ഥാനത്തിൽ ജോലിചെയ്യുവരുന്നുണ്ടെന്നും അപ്രകാരം ഏതെല്ലാം ഓഫീസുകളിൽ എത്രവീതം ജീവനക്കാരുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ?

(ബി&സി) വിവരം ക്രോഡീകരിച്ചിട്ടില്ല.

(ഡി) ജില്ലയിലെ വിവിധ ഓഫീസുകളിൽ നിലവിലുള്ള ക്ലാർക്ക്/ടൈപ്പിസ്റ്റ് ഒഴിവുകൾ എത്രയും വേഗം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) തിരുവനന്തപുരം ജില്ലയിലെ വിവിധ ഓഫീസുകളിൽ 2023 വരെ ക്ലാർക്ക് ടൈപ്പിസ്റ്റ് തസ്തികയിൽ എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് ഓഫീസ് തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

(ഡി&ഇ) വിവിധ തസ്തികകളിൽ ഒഴിവുകളുണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ 8-11-2022-ലെ ഉപ.സി 3/100/2022/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

കമ്പനി-ബോർഡ് എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം

48 (2193) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാറ്റഗറി 325/2020 വിജ്ഞാപന പ്രകാരമുള്ള കമ്പനി-ബോർഡ് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള എത്ര ഒഴിവുകളാണ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഏതെല്ലാം സ്ഥാപനങ്ങളിൽനിന്ന് എത്ര ഒഴിവുകൾ വീതം എന്നത് സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

ആകെ 29 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

Sl. No.	Company/Board	റിപ്പോർട്ട് ചെയ്ത ഒഴിവുകൾ
1	Kerala Toddy Workers Welfare Fund Board	6
2	Kerala Motor Transport Workers Welfare Fund Board	6
3	Kerala Head Load Workers Welfare Board	10
4	Kerala Kadhi and Village Industries Board	6
5	Kerala Labour Welfare Fund Board	1

(ബി) പ്രസ്തുത തസ്തികകളിലേയ്ക്കുള്ള നിയമനത്തിൽ ഏതെല്ലാം കമ്പനികളെയും ബോർഡുകളെയും കോർപ്പറേഷനുകളെയുമാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; സ്ഥാപനങ്ങളുടെ പേര് വിവരങ്ങൾ ഉൾപ്പെടുന്ന ലിസ്റ്റ് ലഭ്യമാക്കുമോ?

1) Kerala Khadi and Village Industries Board

2) Kerala Head Load Workers Welfare Board

3) Kerala State Cashew Development Corporation

4) Kerala Motor Transport Workers Welfare Fund Board

5) Kerala Labour Welfare Fund Board

6) Kerala Toddy Workers Welfare Fund Board

(സി) പ്രസ്തുത കമ്പനി-ബോർഡുകളിൽ ഇനി എത്ര എൽ.ഡി. ടൈപ്പിസ്റ്റുകളുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് അറിയിക്കാമോ?

ഒഴിവുകളുണ്ടാകുന്ന മുറയ്ക്കുതന്നെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും പൊതുനിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത തസ്തികയിൽ നിയമനം നടത്തേണ്ട ഏതെല്ലാം കമ്പനി-ബോർഡ്-കോർപ്പറേഷനുകളിൽ, താൽക്കാലിക/കരാർ/ദിവസവേതന അടിസ്ഥാനത്തിൽ, എത്രപേരെ വീതമാണ് നിയമിച്ചിട്ടുള്ളതെന്ന് സ്ഥാപനം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികയിൽ താൽക്കാലിക നിയമനം നടത്തരുതെന്ന നിർദ്ദേശം നിലവിലുണ്ട്.

(ഇ) കമ്പനി-ബോർഡ് എൽ.ഡി. ടൈപ്പിസ്റ്റ് നിയമനത്തിനായി 2023 ഡിസംബറിനകം എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകുമെന്നാണ് കണ്ടെത്തിയിട്ടുള്ളതെന്ന് സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

2023 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകൾ കണക്കാക്കി പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ 8-11-2022-ലെ ഉപ.സി3/100/2022/ഉഭപവ നമ്പർ സർക്കുലർപ്രകാരം എല്ലാ വകുപ്പ് മേധാവികൾക്കും നിയമനാധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) പ്രസ്തുത വിജ്ഞാപന പ്രകാരമുള്ള കമ്പനി-ബോർഡ് എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിലേയ്ക്കുള്ള ചുരുക്കപട്ടിക എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ചുരുക്ക പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികൾ പി.എസ്.സി. സ്വീകരിച്ചുവരുന്നു.

തിരുവനന്തപുരം ജില്ലയിലെ എൽ.ഡി. ടൈപ്പിസ്റ്റ് നിയമനം

49 (2194) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ എൽ.ഡി. ടൈപ്പിസ്റ്റ് തസ്തികയിൽ നിയമിക്കുന്നതിനായി കെ.പി.എസ്.സി. തയ്യാറാക്കിയിട്ടുള്ള റാങ്ക് ലിസ്റ്റിൽനിന്നും എത്രപേർക്ക് ഇതിനകം നിയമനം നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

142 ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത തസ്തികയിലെ നിയമനങ്ങൾക്കായി നിലവിൽ എത്ര ഒഴിവുകളാണ് വിവിധ വകുപ്പുകളിൽനിന്നും കെ.പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിവിധ വകുപ്പുകളിൽനിന്നും 10 പ്രതീക്ഷിത ഒഴിവുകൾ ഉൾപ്പെടെ ആകെ 17 ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ നിയമനം

50 (2195) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പി.എസ്.സി. നടത്തിയ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയ്ക്കുള്ള കാറ്റഗറി നമ്പർ 548/2019 റാങ്ക് പട്ടികയിൽനിന്നും എത്ര ഉദ്യോഗാർത്ഥികൾക്ക് നാളിതുവരെ ഇറിഗേഷൻ വകുപ്പിൽ നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

2 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ 7 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകുന്നതിനുള്ള നടപടികൾ വകുപ്പ് മേധാവി തലത്തിൽ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് നിയമനം സാധ്യമാകുന്ന വിധത്തിൽ ഇറിഗേഷൻ വകുപ്പിൽനിന്നും ഇനിയും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ടോയെന്ന് അറിയിക്കാമോ;

(സി) എങ്കിൽ റാങ്ക് പട്ടികയിലുള്ളവർക്ക് നിയമനം സാധ്യമാകുന്ന രീതിയിൽ ഇറിഗേഷൻ വകുപ്പിൽനിന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(ബി&സി) ഉണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ വകുപ്പുമേധാവിതലത്തിൽ സ്വീകരിച്ചുവരുന്നു.

വകുപ്പുകളിലെ തസ്തികയും എണ്ണവും വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കൽ

51 (2196) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ വകുപ്പുകളിലെ ഓരോ ഓഫീസുകളിലും അനുവദിക്കപ്പെട്ട തസ്തികയും അവയുടെ എണ്ണവും ബന്ധപ്പെട്ട വകുപ്പുകളുടെ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) അത്തരത്തിൽ വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിക്കുന്നതിന് വകുപ്പുകൾക്ക് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

(എ&ബി) പരിഗണനയിലില്ല.

സമയബന്ധിത ഓഫീസ് നടപടി നിർവ്വഹണം

52 (2197) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ മേലധികാരികൾ സമയബന്ധിതമായി ഓഫീസ് നടപടികൾ സ്വീകരിക്കാത്തതിന്റെ ഫലമായി കീഴ്ജീവനക്കാരുടെ സേവന-വേതന വിഷയങ്ങളിൽ ഉണ്ടാകുന്ന പ്രശ്നങ്ങളുടെ ഉത്തരവാദിത്വം ആർക്കാണെന്ന് വിശദമാക്കാമോ;

(ബി) മേൽവിഷയം പരിഹരിക്കുന്നതിന് കേരള സർവ്വീസ് റൂൾസ്, കേരളാ സ്റ്റേറ്റ് ആൻഡ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് എന്നിവയിൽ നിലവിൽ ചട്ടമുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(എ-സി) ഓഫീസ് നടപടികൾ സമയബന്ധിതമായി സ്വീകരിക്കാത്തതിന്റെ ഉത്തരവാദിത്വം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കാണ്. ഇപ്രകാരം വീഴ്ച വരുത്തുന്ന

ഉദ്യോഗസ്ഥർക്കെതിരായി നടപടി സ്വീകരിക്കാൻ KCS&CCA ചട്ടങ്ങൾ പ്രകാരം കഴിയും. ജീവനക്കാരുടെ സേവനവേതന ആനുകൂല്യങ്ങളിൽ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അത് പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാർക്ക് സംവരണം

53 (2198) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദി റൈറ്റ്സ് ഓഫ് പെഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ് ആക്ട് 2016 അനുസരിച്ച് സർക്കാർ സർവ്വീസിൽ ഭിന്നശേഷിക്കാർക്ക് സംവരണം ലഭിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണെന്നുള്ള വിശദാംശം ലഭ്യമാക്കാമോ?

The Rights of Persons with Disabilities Act 2016 സെക്ഷൻ 34 (1)-ൽ ബെഞ്ച്മാർക്ക് ഡിസെബിലിറ്റിയുള്ള വ്യക്തികൾക്ക് സർക്കാർ സർവ്വീസിൽ 4 ശതമാനത്തിൽ കുറയാത്ത ഭിന്നശേഷി പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

"Every Appropriate Government shall appoint in every Government Establishment, not less than 4% of the total number of vacancies in the cadre strength in each group of posts meant to be filled with persons with benchmark disabilities of which, one percent each shall be reserved for persons with benchmark disabilities under clauses (a), (b), (c) and one percent of persons with benchmark disabilities under clauses (d) and (e) namely

(a) Blindness or low vision

(b) deaf and hard of hearing

(c) Locomotor disability including cerebral palsy, leprosy cured, dwarfism, acid attack victim and muscular Dystrophy

(d) Autism, intellectual disability, specific learning disability and mental illness

e) Multiple disabilities from amongst persons under clauses (a) to (d) including deaf blindness in the posts identified or each disabilities ".

(ബി) സർവ്വീസിലുള്ള ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിന് പ്രസ്തുത നിയമത്തിൽ വ്യവസ്ഥയുണ്ടോ; വിശദമാക്കാമോ; ഭിന്നശേഷി ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിലും സംവരണം നൽകണമെന്നുള്ള സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

The Rights of Persons with Disabilities Act, 2016, സെക്ഷൻ 34 (1)-ൽ ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നത് സംബന്ധിച്ച് താഴെപ്പറയും പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

"Provided that the reservation in promotion shall be in accordance with such instructions as are issued by the appropriate Government from time to time".

ഭിന്നശേഷി ജീവനക്കാർക്ക് പ്രൊമോഷൻ നൽകുന്നതിലും സംവരണം നൽകണമെന്നുള്ള സുപ്രീംകോടതി വിധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) സുപ്രീംകോടതി വിധി നടപ്പാക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കാമോ?

ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് പ്രൊമോഷനിൽ സംവരണം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 15-7-2022-ലെ G.O.(P)No.5/2022/SJD പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ഭിന്നശേഷി ജീവനക്കാർക്ക് പ്രൊമോഷനിൽ സംവരണം അനുവദിക്കുന്നതിന് വിവിധ വകുപ്പുകളിലെ സ്പെഷ്യൽ റൂളും റോസ്റ്റർ സിസ്റ്റവും ഭേദഗതി ചെയ്യുന്നതിനുള്ള നിർദ്ദേശം പരിഗണനയിലാണ്. തുടർന്ന് 23-9-2022-ലെ റൂൾസ് I/136/2022/ഉ.ഭ.പ.വ. നമ്പർ സർക്കുലർ പ്രകാരം ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ് വിവിധ വകുപ്പുകളോട് 15-7-2022-ലെ G.O.(P)No.5/2022/SJD നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് സ്പെഷ്യൽ റൂളിൽ ഉചിതമായ ഭേദഗതി വരുത്താൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

സിവിൽ സർവ്വീസിനെ കാര്യക്ഷമമാക്കൽ

54 (2199) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന സിവിൽ സർവ്വീസിനെ കാര്യക്ഷമവും അഴിമതി രഹിതവുമാക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ?

സിവിൽ സർവ്വീസ് കൂടുതൽ ജനകീയവും കാര്യക്ഷമവും വേഗതയുള്ളതുമാക്കി മാറ്റുന്നതിനുള്ള ഫലപ്രദമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

സിവിൽ സർവ്വീസ് ശക്തമാക്കുന്നതിനായി കഴിഞ്ഞ ആറ് വർഷത്തിനിടെ 27000-ലധികം തസ്തികകൾ പുതുതായി സൃഷ്ടിച്ചു. പി.എസ്.സി. മുഖേനയുള്ള നിയമനങ്ങൾ ത്വരിതപ്പെടുത്തി സിവിൽ സർവ്വീസിലെ മധ്യതല സംവിധാനം ശക്തമാക്കുന്നതിനും യുവജനങ്ങളെ സിവിൽ സർവ്വീസിലേയ്ക്ക് ആകർഷിക്കുന്നതിനുമായി കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചു. ഇതിന്റെ ആദ്യ ബാച്ചിന്റെ പരിശീലനം പുരോഗമിക്കുകയാണ്.

കാലാനുസൃതമായി സിവിൽ സർവ്വീസ് മെച്ചപ്പെടുത്തുക, ജീവനക്കാരും പൊതുജനങ്ങളും തമ്മിലുള്ള സഹകരണം വർദ്ധിപ്പിക്കുക, സർക്കാർ തലത്തിലുള്ള പദ്ധതികളും ജനക്ഷേമ പ്രവർത്തനങ്ങളും പൊതുസമൂഹത്തിന് കൂടുതൽ വേഗത്തിൽ അനുഭവവേദ്യമാക്കുക, ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുക തുടങ്ങിയ കാര്യങ്ങളിൽ സമഗ്രമായ റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച നാലാം ഭരണപരിഷ്കാര കമ്മീഷന്റെ ശിപാർശകൾ നടപ്പാക്കിവരികയാണ്.

എല്ലാ സർക്കാർ വകുപ്പുകളിലെയും സ്ഥാപനങ്ങളിലെയും ജീവനക്കാരെ കർത്തവ്യബോധമുള്ളവരും പൊതുജനക്ഷേമ തൽപ്പരരുമാക്കുന്നതിനായി സംസ്ഥാന പരിശീലന നയം പരിഷ്കരിച്ച് നടപ്പാക്കിവരുന്നു. സംസ്ഥാന സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പുകളിലെയും ജീവനക്കാർക്കായി വിവിധ പരിശീലന പരിപാടികൾ ഐ.എം.ജി. മുഖേന നടത്തിവരുന്നുണ്ട്. പുതുതായി സർവ്വീസിൽ പ്രവേശിച്ച ഉദ്യോഗസ്ഥർക്കായി രണ്ട് ആഴ്ചയിൽ കുറയാതെ ദൈർഘ്യമുള്ള ഇൻഡക്ഷൻ പരിശീലന പരിപാടികളും ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കുള്ള പരിശീലനവും ഐ.എം.ജി.-യിൽ നൽകിവരുന്നു. ജീവനക്കാരുടെ അറിവും കഴിവുകളും വർദ്ധിപ്പിച്ച് സേവന നിലവാരം ഉയർത്തുന്നതിന് ഇതിലൂടെ കഴിയുന്നുണ്ട്.

ഫയൽ നീക്കം വേഗത്തിലാക്കുന്നതിനായി സെക്രട്ടേറിയറ്റിലും വിവിധ വകുപ്പുകളിലും ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. എല്ലാ വകുപ്പുകളിലും ഇലക്ട്രോണിക് ഫയൽ സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. വിവിധ വകുപ്പുകൾ നൽകുന്ന സേവനം 'ഇ-സേവനം' എന്ന കേന്ദ്രീകൃത സർവ്വീസ് പോർട്ടലിലൂടെയും 'എം-സേവനം' എന്ന മൊബൈൽ ആപ്ലിക്കേഷനിലൂടെയും പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

ജീവനക്കാരുടെ കൃത്യനിഷ്ഠയും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ സർക്കാർ ഓഫീസുകളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനകം വിവിധ വകുപ്പുകളിൽ ഇത് ഏർപ്പെടുത്തിക്കഴിഞ്ഞു. അവശേഷിക്കുന്ന സ്ഥാപനങ്ങളിൽക്കൂടി പഞ്ചിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ജീവനക്കാരുടെ ജോലിഭാരത്തിനനുസരിച്ച് തസ്തികകൾ ക്രമീകരിക്കുന്നതിനും അധിക തസ്തികകൾ കണ്ടെത്തുന്നതിനുമായി ഓരോ വകുപ്പിലും പ്രത്യേക സമിതികൾ രൂപീകരിക്കാൻ നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ചുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. പൊതുജനങ്ങൾക്ക് സേവനങ്ങൾ കൃത്യമായും സമയബന്ധിതമായും ലഭിക്കുന്നതിന് സേവനാവകാശ നിയമം നടപ്പാക്കിയിട്ടുണ്ട്.

സംസ്ഥാന സിവിൽ സർവ്വീസ് അഴിമതിരഹിതമാക്കുന്നതിന് അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികൾ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം/ സത്വരാന്വേഷണം/പ്രാഥമികാന്വേഷണം/മിന്നൽ പരിശോധന എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്ത്, സസ്പെൻഷൻ, മറ്റ് വകുപ്പുതലനടപടികൾ എന്നിവ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. കൂടാതെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിലും സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ട്രാപ്പ് കേസ്സുകൾ സ്വമേധയാ രജിസ്റ്റർ ചെയ്യും ബന്ധപ്പെട്ട ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നുണ്ട്. അന്വേഷണങ്ങളിലും മിന്നൽ പരിശോധനകളിലും കണ്ടെത്തുന്ന ക്രമക്കേടുകളിലും അഴിമതിയിലും ഉൾപ്പെട്ട ആരോപണ വിധേയരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും അഴിമതി നിർമ്മാർജ്ജനത്തിനും ആവശ്യമായ ശിപാർശകൾ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മുഖേന സർക്കാരിലേയ്ക്ക് സമർപ്പിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമേ അഴിമതി തടയുന്നതിനുവേണ്ടി മിക്ക വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. ആയത് ശക്തിപ്പെടുത്തുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നൽകി പ്രസ്തുത വകുപ്പുകളിലെ വിജിലൻസ് ഓഫീസർമാർക്ക് V&ACB -യിൽനിന്നും ആവശ്യമായ പരിശീലനവും നൽകിവരുന്നുണ്ട്.

അഴിമതിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി പൊതുജനങ്ങൾക്ക് വേഗത്തിൽ പരാതികൾ സമർപ്പിക്കുന്നതിനും അഴിമതിയെ സംബന്ധിച്ച വിവരങ്ങൾ അറിയിക്കുന്നതിനുമായി 1064 എന്ന ടോൾ ഫ്രീ നമ്പരും 9447789100 എന്ന നമ്പരിൽ വാട്ട്സ്ആപ്പ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvigil.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് IAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

വിവിധ സർക്കാർ ഓഫീസുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, കമ്പനി, കോർപ്പറേഷനുകൾ, ബോർഡുകൾ എന്നിവിടങ്ങളിൽ പരാതികൾ ലഭിക്കുന്നതിന്റെ അടിസ്ഥാനത്തിലുള്ള പരിശോധനകളും ആകസ്മിക പരിശോധനകളും ഉദ്യോഗസ്ഥ ഭരണ പരിഷ്കാര അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് വിഭാഗം കാര്യക്ഷമമായി നടത്തി, പോരായ്മകൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അതത് വകുപ്പ് അദ്ധ്യക്ഷന്മാർക്ക് നൽകിവരുന്നുണ്ട്.

സ്പെഷ്യൽ റൂൾ

55 (2200) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര വകുപ്പുകളിൽ സ്പെഷ്യൽ റൂൾ നിലവിലുണ്ട്; വിശദമാക്കുമോ;

(ബി) ഇനി സ്പെഷ്യൽ റൂൾ വരാനുള്ളത് ഏതൊക്കെ വകുപ്പുകളിലാണ്; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) സർക്കാർ വകുപ്പുകളിലെ പൊതുവിഭാഗം ജീവനക്കാർക്ക് സ്പെഷ്യൽ റൂളോ എക്സിക്യൂട്ടീവ് ഉത്തരവുകളോ നിലവിലുണ്ട്. ഓരോ വകുപ്പിലും നിയമനം, പ്രൊമോഷൻ തുടങ്ങിയ കാര്യങ്ങൾക്ക് സ്റ്റേറ്റ് സർവ്വീസിനും സബോർഡിനേറ്റ് സർവ്വീസിനും സ്പെഷ്യൽ റൂളോ എക്സിക്യൂട്ടീവ് ഉത്തരവുകളോ നിലവിലുണ്ട്. ഇതുസംബന്ധിച്ച് വിവിധ വകുപ്പുകളിലെ വിവരങ്ങൾ സമാഹരിച്ച് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) സ്പെഷ്യൽ റൂൾ നിലവിൽ വരാത്ത വകുപ്പുകളിലെ ജീവനക്കാർക്ക് പ്രൊമോഷൻ നൽകാറുണ്ടോ;

(ഡി) അത്തരത്തിൽ പ്രൊമോഷൻ നൽകിയിട്ടുണ്ടെങ്കിൽ ഏതൊക്കെ വകുപ്പുകളിലാണ്; വിശദാംശം ലഭ്യമാക്കാമോ?

(സി&ഡി) KS&SSR-ലെ പൊതുചട്ടങ്ങളുടെയും എക്സിക്യൂട്ടീവ് ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ പ്രൊമോഷൻ അനുവദിക്കാറുണ്ട്.

സർവ്വീസ് സീനിയോറിറ്റി

56 (2201) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പൽ കോമൺ സർവ്വീസിൽ പ്രൊബേഷൻ കാലാവധി കഴിഞ്ഞതിനുശേഷം പി.എസ്.സി. മുഖേന മറ്റൊരു വകുപ്പിൽ നിയമനം കിട്ടുകയും പ്രസ്തുത വകുപ്പിൽ 4 വർഷം തുടർച്ചയായി സേവനമനുഷ്ഠിച്ചുവരികയും ചെയ്യുന്ന ഒരാൾക്ക് തിരികെ മുൻസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് മടങ്ങിപ്പോകാൻ വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. പൊതുതാൽപ്പര്യാർത്ഥം മറ്റൊരു സർവ്വീസിൽ നിയമനം ലഭിക്കുകയും പുതിയ സർവ്വീസിൽ 5 വർഷം പൂർത്തിയാക്കുകയോ ടി സർവ്വീസിൽ കൺഫർമേഷൻ ലഭിക്കുകയോ ചെയ്യാത്ത സാഹചര്യങ്ങളിൽ തിരികെ മാതൃവകുപ്പിലേയ്ക്ക് മടങ്ങുന്നതിന് കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് ഭാഗം രണ്ടിലെ ചട്ടം 8 പ്രകാരം വ്യവസ്ഥയുണ്ട്. മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ ഒഴികെയുള്ള ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാരായതിനാൽ പ്രസ്തുത ചട്ടവ്യവസ്ഥ ബാധകമാണ്.

(ബി) ഇത്തരത്തിൽ മടങ്ങിപ്പോകുന്ന ഉദ്യോഗസ്ഥർക്ക് അവരുടെ മുൻകാല സർവ്വീസ് സീനിയോറിറ്റി, സാലറി എന്നിവ സംരക്ഷിച്ച് നൽകുമോ; വ്യക്തമാക്കാമോ?

ഇത്തരത്തിൽ മടങ്ങിപ്പോകുന്നത് അഞ്ചുവർഷത്തിനകമാണെങ്കിൽ മുൻകാല സർവ്വീസ് സംരക്ഷിച്ചുകിട്ടുന്നതാണ്.

ആശ്രിത നിയമനം

57 (2202) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിൽ ആശ്രിത നിയമന പദ്ധതിയനുസരിച്ച് 2015 മുതൽ 2021 വരെ എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയ എത്രപേർക്ക് നിയമനം നൽകാനുണ്ടെന്ന് വ്യക്തമാക്കാമോ?

(എ&ബി) മാതൃവകുപ്പുകളിലും പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് മുഖേനയും ആശ്രിത നിയമനം ലഭിച്ചവരുടെ എണ്ണം ക്രോഡീകരിച്ചിട്ടില്ല.

(സി) ആശ്രിത നിയമനത്തിനായി പൊതുഭരണ വകുപ്പ് തയ്യാറാക്കുന്ന പൊതു സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടതും 40 വയസ്സ് പിന്നിട്ടതുമായ എത്ര ഉദ്യോഗാർത്ഥികളുണ്ടെന്ന് വ്യക്തമാക്കാമോ?

മാതൃവകുപ്പുകളിൽ ലഭിക്കുന്ന അപേക്ഷകളിൽനിന്നും അപേക്ഷകരുടെ വിവരങ്ങൾ ഉൾപ്പെടുത്തിയ നിശ്ചിത മാതൃകയിലുള്ള പ്രൊഫോർമ പൊതുഭരണ വകുപ്പിൽ കൈമാറുകയാണ് ചെയ്യുന്നത്. പ്രസ്തുത പ്രൊഫോർമയിൽ അപേക്ഷകരുടെ ജനനത്തീയതി ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ പൊതുഭരണ വകുപ്പിലെ വിവിധ തസ്തികകളുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള 40 വയസ് പിന്നിട്ടവരുടെ വിവരം ലഭ്യമല്ല.

(ഡി) 40 വയസ്സ് പിന്നിട്ട ഉദ്യോഗാർത്ഥികളുടെ നിയമനത്തിന് മുൻഗണന നൽകുന്ന കാര്യം പരിഗണിക്കാമോ?

പരിഗണനയിലില്ല.

കരാർ അടിസ്ഥാനത്തിൽ ജോലി നൽകി സ്ഥിരപ്പെടുത്തിയത്

58 (2203) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ/പൊതുമേഖല/ബോർഡ്/കോർപ്പറേഷൻ മുതലായ സ്ഥാപനങ്ങളിൽ 2016 ജൂൺ മുതൽ 2022 നവംബർ 25 വരെ താൽക്കാലിക/ കരാർ അടിസ്ഥാനത്തിൽ ജോലിയിൽ പ്രവേശിപ്പിച്ച് സ്ഥിരനിയമനം നൽകപ്പെട്ടവരുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത നിയമനങ്ങൾ സംബന്ധിച്ച് ഹൈക്കോടതിയുടെയും സുപ്രീംകോടതിയുടെയും പരിഗണനയിലുള്ള കേസുകളുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളിൽ, ഏതൊക്കെ തസ്തികകളിലാണ് പ്രസ്തുത നിയമനങ്ങൾ നടത്തിയതെന്നും എത്ര തസ്തികകളിലേയ്ക്കാണ് അപ്രകാരം നിയമനം നടത്തിയതെന്നും തരംതിരിച്ച് വിവരം ലഭ്യമാക്കുമോ?

(എ-സി) ചില സ്ഥാപനങ്ങളിൽ തുടർച്ചയായി 10 വർഷം താൽക്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്തവർക്ക് സ്ഥിരനിയമനം നൽകിയിട്ടുണ്ട്. ഇതിനെതിരെ ചില നിയമവ്യവഹാരങ്ങൾ നിലവിലുണ്ട്. സ്ഥാപനങ്ങളും തസ്തികകളും തിരിച്ചുള്ള കണക്ക് ക്രോഡീകരിച്ചിട്ടില്ല.

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് നിയമനം

59 (2204) ശ്രീ. ഷാഹി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) എന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ താഴെപ്പറയുന്നു.

1. പൊതു, സംയുക്ത, സഹകരണ, സ്വകാര്യ മേഖലകളിലെ വിവിധതരം സംരംഭങ്ങൾക്ക് അവരുടെ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് അനുയോജ്യമായ മാനേജ്മെന്റ് സംവിധാനം വളർത്തുന്നതിനും മെച്ചപ്പെടുത്തുന്നതിനും വികസിപ്പിക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക;

2. വ്യവസായം, കൃഷി, ഭവനം, ഊർജ്ജം, ആരോഗ്യ പരിപാലനം, ഗതാഗതം, വിദ്യാഭ്യാസം തുടങ്ങിയ സമ്പദ്വ്യവസ്ഥയുടെ എല്ലാ മേഖലകളിലും ഫലപ്രദമായ മാനേജ്മെന്റ് സംവിധാനങ്ങൾ വികസിപ്പിക്കുക;

3. ഉൽപ്പാദനം, എഞ്ചിനീയറിംഗ്, മാനവ വിഭവശേഷി, ധനകാര്യം, വിപണനം, ഗവേഷണവും വികസനവും തുടങ്ങിയ മാനേജ്മെന്റിന്റെ വിവിധ പ്രവർത്തന മേഖലകളിൽ നടത്തിപ്പിനുള്ള പ്രാപ്തി വികസിപ്പിക്കുക;

4. മാനവ വിഭവശേഷി തെരഞ്ഞെടുക്കൽ, പരിശീലനം, വികസനം, ആസൂത്രണം, കരിയർ വികസനം എന്നിവയിൽ സംരംഭങ്ങളെ സഹായിക്കുക;

5. സംരംഭങ്ങൾക്കാവശ്യമായ കൺസൾട്ടൻസി സേവനങ്ങൾ ഏറ്റെടുക്കുക;

6. പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന മാനവവിഭവശേഷിക്കും പുതിയ ജോലികൾ ഏറ്റെടുക്കുന്നവർക്കും പരിശീലനം നൽകുക, കൃത്യമായ ഇടവേളകളിൽ മാനേജർമാർക്ക് ഹ്രസ്വകാല ഫ്രെഷർ പ്രോഗ്രാമുകൾ നൽകുക;

7. വിവിധ ഭരണ നിർവ്വഹണ ബോർഡുകളിൽ നാമനിർദ്ദേശം ചെയ്യപ്പെട്ട ഡയറക്ടർമാർക്കും സംരംഭങ്ങളുടെ മാനേജ്മെന്റ് ചുമതലയുള്ള സർക്കാർ ഉദ്യോഗസ്ഥർക്കും ട്രേഡ് യൂണിയൻ നേതാക്കൾക്കും പരിശീലന പരിപാടികൾ സംഘടിപ്പിക്കുക;

8. പുതിയതും നിലവിലുള്ളതുമായ സംരംഭകരെ സഹായിക്കുന്നതിന് സംരംഭകത്വ വികസന പരിപാടികൾ സംഘടിപ്പിക്കുക;

9. പരിസ്ഥിതിയെ അടിസ്ഥാനമാക്കിയുള്ള മാനേജ്മെന്റ് രീതികൾ അവലംബിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നടത്തുന്നതിനും അതിൽ ഏർപ്പെടുന്നതിനും വികസനത്തിനുമായി ഒരു ഗവേഷണ സെൽ സ്ഥാപിക്കുക;

10. വിവിധ സ്ഥാപനങ്ങളിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നവരുടെ അഭിരുചിയും കഴിവും വിലയിരുത്തുന്നതിന് സർക്കാരുകളെ സഹായിക്കുക;

11. മുഴുവൻ സമയ ഡയറക്ടർമാർ ഉൾപ്പെടെയുള്ള ഉന്നതതല മാനേജർമാർ, ചീഫ് എക്സിക്യൂട്ടീവുകൾ തുടങ്ങിയ തസ്തികകളിലേയ്ക്ക് വ്യക്തികളെ തെരഞ്ഞെടുക്കുന്നതിൽ സർക്കാരുകളെ സഹായിക്കുക;

12. മധ്യനിര മാനേജർമാരെയും മറ്റു തലങ്ങളിലുള്ള മാനേജർമാരെയും തെരഞ്ഞെടുക്കുന്നതിൽ സ്ഥാപനങ്ങളെ സഹായിക്കുക;

13. സ്വന്തം നിലയിൽ മാനേജ്മെന്റ് വികസന പരിപാടികൾ വികസിപ്പിക്കുന്നതിന് താരതമ്യേന വലിയ സ്ഥാപനങ്ങളെ സഹായിക്കുക;

14. സ്ഥാപനങ്ങളിൽ മാനേജ്മെന്റിനെക്കുറിച്ചുള്ള ശിൽപ്പശാലകൾ, കോൺഫറൻസുകൾ, മീറ്റിംഗുകൾ, പ്രഭാഷണങ്ങൾ, സെമിനാറുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനും സംഘടിപ്പിക്കുന്നതിനും സംഘടനകളെ ക്രമീകരിക്കുന്നതിനും സഹായിക്കുക;

15. സർക്കാർ, പൊതു സംയുക്ത, സഹകരണ, സ്വകാര്യ സംരംഭങ്ങൾ, സർവ്വകലാശാലകൾ, പ്രൊഫഷണൽ സ്ഥാപനങ്ങൾ, മാനേജ്മെന്റ് മേഖലയിലെ അസോസിയേഷനുകൾ എന്നിവയുടെ ഏകോപന ഏജൻസിയായി പ്രവർത്തിക്കുക;

16. വികസന മാനേജ്മെന്റുമായി ബന്ധപ്പെട്ട ഗവേഷണ പ്രബന്ധങ്ങൾ, പ്രബന്ധങ്ങൾ, പുസ്തകങ്ങൾ, ആനുകാലികങ്ങൾ, സാഹിത്യങ്ങൾ എന്നിവ പ്രസിദ്ധീകരിക്കുക;

17. ലൈബ്രറികൾ സ്ഥാപിക്കുകയും പരിപാലിക്കുകയും ചെയ്യുക;

18. യോഗ്യതയുള്ള പണ്ഡിതന്മാർക്കും പ്രൊഫഷണൽ നേട്ടങ്ങൾ നേടിയ വ്യക്തികൾക്കും ഫെലോഷിപ്പുകൾ നൽകുക;

19. മാനേജ്മെന്റ് വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്ന ദേശീയ-അന്തർദ്ദേശീയ സർവ്വകലാശാലകൾ, സ്ഥാപനങ്ങൾ, അസോസ്സിയേഷനുകൾ എന്നിവയുമായി സാധ്യമായ സഹകരണത്തിൽ പ്രവർത്തിക്കുക;

20. സെന്ററിന്റെ പരിപാടികൾക്ക് അംഗീകാരവും വ്യാപകമായ സ്വീകാര്യതയും തേടുക;

21. സെന്ററിന്റെ വിവിധ പരിശീലന പരിപാടികളിൽ പങ്കെടുക്കുന്നവർക്കുള്ള താമസസ്ഥലങ്ങൾ, ഹോസ്റ്റലുകൾ എന്നിവ വഴി താമസസൗകര്യം സജ്ജീകരിക്കുക;

22. സെന്ററിന്റെ മേൽപ്പറഞ്ഞ ലക്ഷ്യങ്ങളുമായി സാന്ദർഭികവും അനുബന്ധവുമായ മറ്റ് പ്രവർത്തനങ്ങൾ തുടരുകയെന്നതാണ് മേൽപ്പറഞ്ഞ ലക്ഷ്യങ്ങളുടെയും വസ്തുതകളുടെയും നേട്ടം.

(ബി) വിവിധ സർക്കാർ പൊതുമേഖല സ്ഥാപനങ്ങളിലെ നിയമനങ്ങൾക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നുള്ള ലിസ്റ്റ് അനുസരിച്ചല്ലാതെ നേരിട്ട് റിക്രൂട്ട്മെന്റ് നടത്തുന്നതിന് സി.എം.ഡി.-ക്ക് അധികാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(സി) സി.എം.ഡി. മുഖേന റിക്രൂട്ട്മെന്റ് നടത്തുന്ന നടപടിക്രമം എന്താണെന്ന് അറിയിക്കുമോ?

പൊതുമേഖലാ/സർക്കാരിതര സ്ഥാപനങ്ങളിൽനിന്നും ഹ്യൂമൻ റിസോഴ്സ് സപ്പോർട്ട് സർവ്വീസിന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് ടി സ്ഥാപനങ്ങൾ നിർദ്ദേശിക്കുന്ന സേവന-വേതന വ്യവസ്ഥകൾക്കനുസരിച്ച് നോട്ടിഫിക്കേഷൻ തയ്യാറാക്കി പത്ര/മാധ്യമങ്ങൾ/വെബ്സൈറ്റ് മുഖേന പരസ്യം നൽകുന്നു. ലഭിക്കുന്ന അപേക്ഷകൾ നോട്ടിഫിക്കേഷൻ മാനദണ്ഡങ്ങൾക്കനുസരിച്ച് സൂക്ഷ്മപരിശോധന നടത്തി ലിസ്റ്റ് തയ്യാറാക്കി പ്രസ്തുത സ്ഥാപനത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കും. ലിസ്റ്റിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് എഴുത്ത പരീക്ഷ, നൈപുണ്യ പരീക്ഷ, വാചാ പരീക്ഷ എന്നിവ ടി സ്ഥാപനം നിർദ്ദേശിക്കുന്ന തീയതികളിലും സമയത്തും നടത്തുന്നു. തുടർന്ന് മേൽപ്പറഞ്ഞ പരീക്ഷകളുടെ ഫലം സ്ഥാപനങ്ങൾക്ക് കൈമാറുന്നു. ബാക്കിയുള്ള നടപടിക്രമങ്ങൾ പ്രസ്തുത സ്ഥാപനങ്ങളാണ് നടത്തുന്നത്.

(ഡി) എംപ്ലോയ്മെന്റിലും പ്രൊഫഷണൽ എംപ്ലോയ്മെന്റിലും രജിസ്റ്റർ ചെയ്ത് സീനിയോറിറ്റി അനുസരിച്ച് ജോലിക്കായി കാത്തിരിക്കുന്ന ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികളുള്ളപ്പോൾ അവരെ മറികടന്നുകൊണ്ട് സി.എം.ഡി. മുഖേന നിയമനം നടത്തുന്ന രീതി അടിയന്തരമായി അവസാനിപ്പിക്കുമോ; വ്യക്തമാക്കുമോ?

പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുടെ നിയമന നടപടികളിൽ സേവനം നൽകുകയെന്ന സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രകാരം മാത്രമാണ് പ്രവർത്തിച്ചുവരുന്നത്.

കുണ്ടറ നിയോജകമണ്ഡലത്തിലെ കെ-ഫോൺ കണക്ഷനുകൾ

60 (2205) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ നിയോജകമണ്ഡലത്തിൽ എത്ര വീടുകൾക്കും ഓഫീസുകൾക്കുമാണ് ആദ്യഘട്ടമായി കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) അടുത്ത ഘട്ടത്തിൽ കുണ്ടറ നിയോജകമണ്ഡലത്തിൽ എത്ര കണക്ഷനുകൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും ഏതൊക്കെ മേഖലകളിലാണ് ആയത് നൽകാൻ ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

(എ&ബി) കുണ്ടറ നിയോജകമണ്ഡലത്തിൽ നിലവിൽ 70 സ്ഥാപനങ്ങൾക്ക് കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ട്. സർക്കാർ ഓഫീസുകളുൾപ്പെടെയുള്ള 80 സ്ഥാപനങ്ങൾക്ക് കണക്ഷൻ കൊടുക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കൂടാതെ, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തെരഞ്ഞെടുക്കപ്പെട്ട 96 വീടുകളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അടുത്ത ഘട്ടത്തിൽ കണക്ഷനുകൾ നൽകുവാനുദ്ദേശിക്കുന്ന മേഖലകൾ, എണ്ണം എന്നിവ സംബന്ധിച്ച തീരുമാനം കൈക്കൊണ്ടിട്ടില്ല.

(സി) പ്രസ്തുത പദ്ധതിപ്രകാരം ടി മണ്ഡലത്തിലെ ഏതൊക്കെ സർക്കാർ സ്ഥാപനങ്ങളിലാണ് നിലവിൽ കെ-ഫോൺ കണക്ഷൻ നൽകിയിട്ടുള്ളതെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കാമോ?

നിലവിൽ കെ-ഫോൺ സേവനം ലഭ്യമാക്കിയിട്ടുള്ള 70 സ്ഥാപനങ്ങളുടെ ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലുള്ള പട്ടിക അനുബന്ധമായി * ചേർക്കുന്നു.

സൈബർശ്രീ പദ്ധതി

61 (2206) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റും പട്ടികജാതി വികസന വകുപ്പും ചേർന്ന് രൂപീകരിച്ച സൈബർശ്രീ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്ഥാനത്തെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട B.Tech/MCA/ MSc(Comp)/Degree/Diploma പാസ്സായ വിദ്യാർത്ഥികൾക്ക് സ്റ്റൈപന്റോടുകൂടി IT&Visual Communication രംഗത്ത് മികച്ച പരിശീലനവും വ്യക്തിത്വ വികസന പരിശീലനവും നൽകി, മികച്ച തൊഴിൽ നേടുന്നതിനും തൊഴിൽ സംരംഭകരാക്കുന്നതിനും സജ്ജരാക്കുകയെന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതിയാണ് സൈബർശ്രീ.

(ബി) രൂപീകരണം മുതൽ സൈബർശ്രീ പദ്ധതിവഴി നടത്തിയ പരിശീലനങ്ങളുടെ നേട്ടങ്ങൾ വിശദമാക്കുമോ?

2005-ൽ സോഫ്റ്റ്വെയർ വികസനത്തിൽ പരിശീലനം നൽകിക്കൊണ്ടാണ് സൈബർശ്രീ പദ്ധതി ആരംഭിച്ചത്. സൈബർശ്രീയുടെ തിരുവനന്തപുരം, ഹരിപ്പാട് സെന്ററുകളിൽനിന്ന് നിരവധി പട്ടികജാതി വിദ്യാർത്ഥികൾ പരിശീലനം നേടുകയും പരിശീലനം നേടിയവരിൽ 80% പേർ വിവിധ മേഖലകളിലായി സ്വദേശത്തും വിദേശത്തും തൊഴിൽ നേടുകയും ചെയ്തിട്ടുണ്ട്.

(സി) ഈ സാമ്പത്തിക വർഷത്തിൽ നടത്താനായി പരിശീലനങ്ങളുടെ പ്രൊപ്പോസൽ സി-ഡിറ്റ് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) അപ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(സി&ഡി) ഈ സാമ്പത്തിക വർഷത്തിൽ നടത്താനായുള്ള പരിശീലനങ്ങളുടെ പ്രൊപ്പോസൽ സി-ഡിറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

ഐ.ടി. മേഖലയിലെ പുരോഗതി

62 (2207) ശ്രീ. കെ. യു. ജനീഷ് കുമാർ:
ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എം. മുകേഷ്:
ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി. മേഖലയിൽ എത്രത്തോളം പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്; ഐ.ടി. പാർക്കുകൾ, കമ്പനികൾ എന്നിവയുടെ എണ്ണത്തിൽ വർദ്ധനവുണ്ടാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി. മേഖലയിൽ ബഹുമുഖങ്ങളായ ഒട്ടേറെ പുരോഗതികൾ കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. ഐ.ടി. വ്യവസായ രംഗത്തെ ലോകോത്തര കമ്പനികളുൾപ്പെടെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്ന രീതിയിൽ മികച്ച അടിസ്ഥാന സൗകര്യങ്ങളും വ്യവസായ അന്തരീക്ഷവും 3 സർക്കാർ ഐ.ടി. പാർക്കുകളിലും സൃഷ്ടിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

സർക്കാർ ഐ.ടി. പാർക്കുകളായ തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർപാർക്ക് എന്നിവയുടെ ഉപഗ്രഹ ക്യാമ്പസുകളായി 5G സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി 20 ചെറുകിട ഐ.ടി. പാർക്കുകൾ ദേശീയപാത വികസനത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി, ദേശീയപാതയോട് ചേർന്ന് കണ്ണൂർ മുതൽ തിരുവനന്തപുരം വരെ സ്ഥാപിക്കാൻ വേണ്ടുന്ന നടപടികൾ നടന്നുവരുന്നു. തിരുവനന്തപുരം ടെക്നോപാർക്ക്, കൊച്ചി ഇൻഫോപാർക്ക്, കോഴിക്കോട് സൈബർ പാർക്ക് എന്നിവിടങ്ങളിലായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കമ്പനികളുടെ എണ്ണം 923-ൽനിന്നും 1099 ആയി വർദ്ധിപ്പിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

(ബി) യുവ പ്രൊഫഷണലുകൾക്ക് സ്വന്തം നാട്ടിൽത്തന്നെ തൊഴിൽ ചെയ്യാൻ സാധിക്കുന്നവിധം തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഐ.ടി. മേഖലയിലെ ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉണ്ട്. ഈ സർക്കാർ അധികാരമേറ്റ ശേഷം (2021 മേയ് മുതൽ നാളിതുവരെ) സർക്കാർ ഐ.ടി. പാർക്കുകളായ തിരുവനന്തപുരം ടെക്നോ പാർക്കിൽ 7000 തൊഴിലവസരങ്ങളും കൊച്ചി ഇൻഫോപാർക്കിൽ 13000 തൊഴിലവസരങ്ങളും കോഴിക്കോട് സൈബർപാർക്കിൽ 436 തൊഴിലവസരങ്ങളും ഉൾപ്പെടെ മൊത്തം 20436 പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്.

(സി) ഐ.ടി. സേവന കയറ്റുമതിയിൽ എത്രത്തോളം വർദ്ധനവ് വരുത്താൻ കഴിഞ്ഞിട്ടുണ്ട്; വിശദാംശം നൽകുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തിരുവനന്തപുരം ടെക്നോപാർക്കിന്റെ ഐ.ടി. കയറ്റുമതിയിൽ ഏകദേശം 10 ശതമാനത്തിന്റെയും കൊച്ചി ഇൻഫോപാർക്കിൽ ഏകദേശം 27 ശതമാനത്തിന്റെയും കോഴിക്കോട് സൈബർപാർക്കിൽ ഏകദേശം 113 ശതമാനത്തിന്റെയും വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

കുന്നത്തുനാട് മണ്ഡലത്തിലെ അക്ഷയ കേന്ദ്രങ്ങൾ

63 (2208) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ പ്രവർത്തിക്കുന്ന അക്ഷയ കേന്ദ്രങ്ങളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ നിലവിൽ 22 അക്ഷയ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. അവയുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി അക്ഷയ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പ്രൊപ്പോസലുകൾ നിലവിലുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

പ്രൊപ്പോസലുകൾ നിലവിലില്ല.

കോട്ടയം ജില്ലയിലെ അക്ഷയ സെന്ററുകൾ

64 (2209) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽ എത്ര അക്ഷയ സെന്ററുകളാണ് അനുവദിച്ചിട്ടുള്ളതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോട്ടയം ജില്ലയിൽ പുതിയ ലൊക്കേഷനുകൾ അനുവദിച്ചിട്ടില്ല.

(ബി) പുതിയതായി അക്ഷയ സെന്ററുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം രണ്ട് അക്ഷയ കേന്ദ്രങ്ങൾ തമ്മിൽ ഉണ്ടായിരിക്കേണ്ട ഏറ്റവും കുറഞ്ഞ ദൂരപരിധി ഗ്രാമപഞ്ചായത്തുകളിൽ 2 കിലോമീറ്ററും മുൻസിപ്പാലിറ്റികളിൽ 1.5 കിലോമീറ്ററും കോർപ്പറേഷനിൽ ഒരു കിലോമീറ്ററുമാണ്. ഒരു പ്രദേശത്ത് അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന്റെ ആവശ്യകത കണക്കാക്കി നിലവിലുള്ള കേന്ദ്രങ്ങളുമായി നിശ്ചിത ദൂരപരിധി പാലിക്കുകയും ജില്ലാ ഇ-ഗവേർണൻസ് സൊസൈറ്റിയുടെ അംഗീകാരം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ലഭിക്കുകയും ചെയ്യുന്ന ലൊക്കേഷനുകളിൽ പുതിയ അക്ഷയ കേന്ദ്രം അനുവദിക്കുന്നതിന് അക്ഷയ ഡയറക്ടർ സമർപ്പിക്കുന്ന ശിപാർശ പരിശോധിച്ച് സർക്കാരാണ് അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷനുകൾ അനുവദിക്കുന്നത്. പുതിയ അക്ഷയ കേന്ദ്രങ്ങൾക്കുള്ള ലൊക്കേഷൻ അനുവദിച്ചുകഴിഞ്ഞാൽ സംരംഭക തെരഞ്ഞെടുപ്പിന് അക്ഷയ ഡയറക്ടർ അപേക്ഷ ക്ഷണിക്കുകയും ഓൺലൈൻ പരീക്ഷ, അഭിമുഖം എന്നിവ ഉൾപ്പെടെയുള്ള നടപടിക്രമങ്ങളുടെ അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി അതിൽനിന്നും അക്ഷയസംരംഭകരെ തെരഞ്ഞെടുക്കുകയുമാണ് ചെയ്യുന്നത്.

കെ-ഫോൺ പദ്ധതി നടത്തിപ്പിനായി കരാർ നൽകിയ സ്ഥാപനങ്ങൾ

65 (2210) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കരാർ നൽകിയ സ്ഥാപനങ്ങളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL) ആണ് കെ-ഫോൺ പദ്ധതിയുടെ സിസ്റ്റം ഇന്റഗ്രേറ്റർ. ബി.ഇ.എൽ., റെയിൽടെൽ, എസ്.ആർ.ഐ.ടി (Sobha Renaissance Information Technology Pvt. Ltd.), എൽ.എസ്. കേബിൾസ് എന്നിവയുടെ കൺസോർഷ്യമാണ് പദ്ധതി നടപ്പാക്കുന്നത്.

(ബി) പ്രസ്തുത സ്ഥാപനം കേബിൾ സ്ഥാപിക്കാനായി റെയിൽവയർ അടക്കമുള്ള ഏഴ് സ്ഥാപനങ്ങൾക്ക് ഉപകരാർ നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

കേബിൾ സ്ഥാപിക്കാനായി റെയിൽവയറിന് ഉപകരാർ നൽകിയതായി ബി.ഇ.എൽ. കെ-ഫോണിനെ അറിയിച്ചിട്ടുണ്ട്.

(സി) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കരാർ നൽകിയ സ്ഥാപനങ്ങളുമായി സർക്കാർ ഉണ്ടാക്കിയ കരാറിൽ ഉപകരാർ നൽകാമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ടോ; വിശദമാക്കാമോ?

കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ കെ.എസ്.ഐ.ടി.ഐ.എൽ. (കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്) ബി.ഇ.എൽ.-മായി ഏർപ്പെട്ട കരാറിൽ സിസ്റ്റം ഇന്റഗ്രേറ്റർക്ക് കെ.എസ്.ഐ.ടി.ഐ.എൽ.-ന്റെ അനുമതി ലഭ്യമാക്കി ഉപകരാർ നൽകാമെന്ന വ്യവസ്ഥയുണ്ട്. ഉപകരാർ നൽകിയാലും വർക്കുകളുടെ പൂർണ്ണ ഉത്തരവാദിത്തം സിസ്റ്റം ഇന്റഗ്രേറ്റർക്കാണ്.

(ഡി) ഉപകരാർ ലഭിച്ച റെയിൽവയർ അടക്കമുള്ള സ്ഥാപനങ്ങൾ വീണ്ടും ഉപകരാർ നൽകിയത് കരാർ വ്യവസ്ഥകളുടെ ലംഘനമാണോയെന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കാരിൽനിന്നും വൻ തുക വാങ്ങിയെടുത്തുകൊണ്ട് കുറഞ്ഞ നിരക്കിൽ ഉപകരാർ നൽകുന്ന സാഹചര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തികളുടെ ഗുണനിലവാര പരിശോധന നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(ഡി&ഇ) അല്ല. ടെണ്ടർ നടപടികൾ പാലിച്ചാണ് കരാർ നൽകിയിട്ടുള്ളത്. ഗുണനിലവാരം ഉറപ്പാക്കാൻ സംവിധാനമൊരുക്കിയിട്ടുണ്ട്.

വികസനമുന്നേറ്റം - ഐ.ടി. മേഖലയിലെ പദ്ധതികൾ

66 (2211) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ഡോ. സുജിത് വിജയൻപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തിന്റെ വികസനമുന്നേറ്റത്തിന് ഗതിവേഗം കൂട്ടുന്ന പദ്ധതികൾ ഐ.ടി. മേഖലയിൽ പൂർത്തീകരിക്കുന്നതിലുണ്ടായിട്ടുള്ള പുരോഗതി വിശദമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, ഐ.ടി. അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനുവേണ്ടി മികച്ച മാർക്കറ്റിംഗ് സംവിധാനങ്ങളിലൂടെ ദേശീയ-അന്തർദേശീയ കമ്പനികൾക്ക് ഐ.ടി. സംരംഭങ്ങളിൽ നിക്ഷേപം നടത്തുന്നതിനുവേണ്ടി SEZ/NON SEZ മേഖലകളിൽ ഭൂമി, കെട്ടിടങ്ങൾ, സ്മാർട്ട് ബിസിനസ്സ് ഓഫീസുകൾ, കോ-വർക്കിംഗ് സ്പെയിസുകൾ, ജലം, വൈദ്യുതി, വാർത്താവിനിമയ സംവിധാനങ്ങൾ, അപ്രോച്ച് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സർക്കാർ ഐ.ടി. പാർക്കുകളിൽ ഒരുക്കിവരുന്നു. കൂടാതെ 2022-23 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 5G ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി NH-66-ന് സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർവരെ ഇരുപതോളം ചെറുകിട ഐ.ടി. പാർക്കുകൾ ഉൾപ്പെടുന്ന ഐ.ടി. ഇടനാഴികൾ സ്ഥാപിക്കാൻ വേണ്ടുന്ന നടപടികൾ നടന്നുവരുന്നു. ഇതിനുപുറമേ കേരളത്തിലെ അഭ്യസ്തവിദ്യരായ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ധനസഹായത്തോടെ ഐ.ടി. കമ്പനികളിൽ ഇന്റേൺഷിപ്പ് പദ്ധതി "ഇഗ്നൈറ്റ്" എന്ന പേരിൽ ദ്രുതഗതിയിൽ നടന്നുവരുന്നു. കൂടാതെ സംസ്ഥാനത്ത്

ഐ.ടി. വ്യവസായം ആരംഭിക്കുന്ന സംരംഭകർക്കും ഈ മേഖലയിൽ തൊഴിൽ അന്വേഷിക്കുന്നവർക്കും ഇപ്പോൾ തൊഴിൽ ചെയ്യുന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന രീതിയിൽ ഫ്യൂച്ചർ ടെക്നോളജിയിൽ മികവിന്റെ കേന്ദ്രങ്ങൾ (Centre of Excellence) ആരംഭിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കിവരുന്നു.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഐ.ടി. മേഖലയിലെ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങളുടെ ഫലമായുണ്ടായ നേട്ടങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

കഴിഞ്ഞ സർക്കാരിന്റെ പ്രവർത്തന ഫലമായി ഐ.ടി. മേഖലയിൽ കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി ഐ.ടി. രംഗത്ത് കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ പുതുതായി ഒരുക്കുവാനും പ്രമുഖ ഐ.ടി. കമ്പനികൾ ഉൾപ്പെടെയുള്ള ഉപസംരംഭകരെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിനും അതിലൂടെ കൂടുതൽ ഐ.ടി. അധിഷ്ഠിത തൊഴിൽ ലഭ്യമാക്കുന്നതിനും ഈ സർക്കാർ സ്വീകരിച്ച നടപടികൾ സഹായകരമായിട്ടുണ്ട്. മുൻസർക്കാരിന്റെ കാലത്തുണ്ടായിരുന്ന ഐ.ടി. അടിസ്ഥാന സൗകര്യങ്ങൾ 200.88 ലക്ഷം ചതുരശ്ര അടിയിൽനിന്നും 201.50 ലക്ഷം ചതുരശ്ര അടിയായും കമ്പനികൾ 923-ൽനിന്നും 1099 ആയും വർദ്ധിച്ചിട്ടുണ്ട്. ഇതിലൂടെ 11,47,00 ആയിരുന്ന തൊഴിലവസരങ്ങൾ 13,52,00 ആയി ഉയർത്താൻ കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് ഈ മേഖലയിൽ നല്ല രീതിയിലുള്ള പുരോഗതി കൈവരിക്കാനും സർക്കാർ ശ്രമിച്ചുവരുന്നു.

(സി) ദേശീയപാത 66-ന് സമാന്തരമായി നാല് ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ ആരംഭിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

(സി&ഡി) 2022-23 ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ ഭാഗമായി 5G ലീഡർഷിപ്പ് പാക്കേജുകൾ ഉൾപ്പെടുത്തി ദേശീയപാത-66-ന് സമാന്തരമായി തിരുവനന്തപുരം മുതൽ കണ്ണൂർവരെ ഇരുപതോളം സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ ഉൾപ്പെടുന്ന 4 ഐ.ടി. ഇടനാഴികൾ സ്ഥാപിക്കാൻ വേണ്ടുന്ന നടപടികൾ നടന്നുവരുന്നു. പ്രസ്തുത പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

ടെക്നോപാർക്ക് മൂന്നാം ഘട്ടത്തിൽനിന്ന് കൊല്ലത്തേയ്ക്ക്, എറണാകുളത്തുനിന്ന് കൊരട്ടിയിലേയ്ക്ക്, എറണാകുളത്തുനിന്ന് ചേർത്തലയിലേയ്ക്ക്, കോഴിക്കോടുനിന്ന് കണ്ണൂരിലേയ്ക്ക് എന്നിവയാണ് നിർദ്ദിഷ്ട ഇടനാഴികൾ. കണ്ണൂരിൽ പുതിയ ഐ.ടി.

പാർക്ക് ആരംഭിക്കുക, ഐ.ടി. കോറിഡോർ വിപുലീകരണത്തിന് കൊല്ലത്ത് അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഐ.ടി. സൗകര്യം നിർമ്മിക്കുക, ടെക്നോപാർക്ക് ഫേസ് III എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ നിന്ന് ആരംഭിച്ച് NH 66-ൽ നിന്ന് സുഗമമായി എത്തിച്ചേരാവുന്ന നിർദ്ദിഷ്ട ഇടനാഴികൾ ഉൾപ്പെടുന്ന സ്ഥലങ്ങളിൽ 14-25 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി സാറ്റലൈറ്റ് ഐ.ടി. പാർക്കുകൾ സ്ഥാപിക്കുക എന്നിവ സർക്കാർ ലക്ഷ്യംവയ്ക്കുന്നു. കേരളാ സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് ഈ പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ്സ് വെഹിക്കിൾ (SPV) ആയി നിയോഗിക്കപ്പെടുകയും ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള റിക്വിസിഷനിംഗ് അതോറിറ്റി ആയി, കെ.എസ്.ഐ.ടി.ഐ.എൽ. മാനേജിംഗ് ഡയറക്ടറെ നിയമിക്കുകയും ചെയ്യുകയുണ്ടായി. ഐ.ടി. ഇടനാഴികൾ സ്ഥാപിക്കുന്നതിനായി കെ.എസ്.ഐ.ടി.ഐ.എൽ. കണ്ടെത്തിയിട്ടുള്ള സ്ഥലങ്ങളിൽനിന്ന് പാർക്കിന് അനുയോജ്യമായ സ്ഥലങ്ങൾ തെരഞ്ഞെടുക്കുന്നതിനായി ഐ.ടി. പാർക്കിന്റെയും കെ.എസ്.ഐ.ടി.ഐ.എൽ.-ന്റെയും പ്രതിനിധികൾ ഉൾപ്പെടുന്ന ഒരു സമിതിയും രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ നടപടിക്രമങ്ങൾ നടന്നുവരുന്നു.

കെ-ഫോൺ പദ്ധതി

67 (2212) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ സുശക്തവും കാര്യക്ഷമവുമാക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച കെ-ഫോൺ പദ്ധതി ഏത് ഘട്ടത്തിലാണ്; ഇത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കും; വിശദമാക്കാമോ?

കെ-ഫോൺ പദ്ധതിയുടെ ഭാഗമായി നിലവിൽ;

1) 30000 ഓഫീസുകളുടെ സർവ്വേയും 35000 കി.മീ. ഒ.എഫ്.സി. (ഒപ്റ്റിക്കൽ ഫൈബർ കേബിൾ)-യുടെ സർവ്വേയും 8 ലക്ഷം കെ.എസ്.ഇ.ബി.എൽ. പോളുകളുടെ സർവ്വേയും പൂർത്തീകരിച്ചിട്ടുണ്ട്.

2) പദ്ധതിയുടെ ഭാഗമായി ആകെ 7556 കിലോമീറ്റർ ബാക്ക്ബോൺ സ്ഥാപിക്കാനുള്ളതിൽ 6360 കിലോമീറ്റർ പൂർത്തിയായിട്ടുണ്ട്.

3) 22802 കി.മീ. എ.ഡി.എസ്.എസ്. (All-Dielectric Self-Supporting Cable), ഒ.എഫ്.സി., ആക്സസ് കേബിൾ എന്നിവ സ്ഥാപിക്കാനുള്ളതിൽ 18595 കി.മീ. പൂർത്തീകരിച്ചിട്ടുണ്ട്.

4) പൂർത്തിയാക്കാനുള്ള 375 പോയിന്റ് ഓഫ് പ്രെസൻസുകളിൽ 324 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്.

5) നെറ്റ്വർക്ക് ഓപ്പറേറ്റിംഗ് സെന്ററിലെ ഐ.റ്റി./നോൺ ഐ.റ്റി. സംബന്ധമായ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

6) 26057 ഓഫീസുകളിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്.

7) കെ-ഫോണിന് ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡർ (ഐ.പി.1), ഇന്റർനെറ്റ് സർവ്വീസ് പ്രൊവൈഡർ, (ഐ.എസ്.പി.-ബി) ലൈസൻസ് എന്നിവ ലഭ്യമായിട്ടുണ്ട്.

8) ആകെ ഇന്റർനെറ്റ് കണക്റ്റിവിറ്റി നൽകാൻ ഉദ്ദേശിച്ചിട്ടുള്ള 30000 സർക്കാർ ഓഫീസുകളിൽ 9916 എണ്ണം പ്രവർത്തനസജ്ജമായിട്ടുണ്ട്.

കെ-ഫോണിന്റെ ആദ്യഘട്ടം 2022 ഡിസംബർ 31-ാം തീയതിയോടെ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(ബി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമൂലം സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന എത്രത്തോളം കുടുംബങ്ങൾക്കും മറ്റുള്ളവർക്കും യഥാക്രമം സൗജന്യമായും മിതമായ നിരക്കിലും ഇന്റർനെറ്റ് ലഭ്യമാക്കാൻ സാധിക്കും; വിശദമാക്കാമോ?

പ്രസ്തുത പദ്ധതി നടപ്പാക്കുന്നതുമൂലം സംസ്ഥാനത്ത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന (ബി.പി.എൽ.) കുടുംബങ്ങൾക്ക് സൗജന്യമായും മറ്റുള്ളവർക്ക് മിതമായ നിരക്കിലും ഇന്റർനെറ്റ് നൽകാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) കെ-ഫോൺ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ കൈവരിക്കാൻ കഴിയുന്ന നേട്ടങ്ങൾ, കെ-ഫോൺ നെറ്റ്വർക്കിന്റെ രൂപരേഖ എന്നിവയുടെ വിശദാംശം വെളിപ്പെടുത്താമോ?

കെ-ഫോൺ പദ്ധതിയിലൂടെ കേരളത്തിലെ ഗ്രാമങ്ങളും നഗരങ്ങളും ബന്ധിപ്പിക്കുന്നതുവഴിയും സാർവ്വത്രിക ഇന്റർനെറ്റ് ലഭ്യതവഴിയും ഇ-കോമേഴ്സ്, ഡിജിറ്റൽ ബാങ്കിംഗ്, ഡിജിറ്റൽ മാർക്കറ്റിംഗ് തുടങ്ങിയ മേഖലകളിൽ പുരോഗതി കൈവരിക്കാനാകും. ഇന്റർനെറ്റിന്റെ വ്യാപനംവഴി കാർഷിക- വ്യാവസായിക

മേഖലകളിൽ നൂതന സാങ്കേതികവിദ്യയിലൂടെയുള്ള വളർച്ച സാധ്യമാകും. കൂടാതെ, ഐ.ടി. മേഖലയിലെ സ്റ്റാർട്ടപ്പുകൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കാൻ കെ-ഫോണിന് സാധിക്കും. മറ്റുള്ള സ്വകാര്യ ടെലികോം കമ്പനികളെ അപേക്ഷിച്ച് സംരംഭകർക്ക് കുറഞ്ഞ ചെലവിൽ കേരളത്തിൽ എവിടെയും കെ-ഫോണിന്റെ സേവനം ലഭ്യമാകും. ഐ.ടി. പാർക്കുകളിലും മറ്റും 5 ജി സേവനം അനായാസം ലഭ്യമാക്കാൻ കെ-ഫോൺ ശൃംഖലയ്ക്ക് സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, ബ്ലോക്ക് ചെയിൻ, ഇന്റർനെറ്റ് ഓഫ് തിംഗ്സ് എന്നിവയുടെ വളർച്ചയ്ക്കും കെ-ഫോൺ പ്രയോജനപ്പെടുത്താനാകും.

കെ-ഫോൺ നെറ്റ്വർക്കിന്റെ രൂപരേഖ പ്രകാരം 14 ജില്ലകളിലും കോർ പോയിന്റ് ഓഫ് പ്രസൻസുകൾ (POP) ഉണ്ട്. അത് കെ.എസ്.ഇ.ബി. സബ് സ്റ്റേഷനുകളിലാണ് സ്ഥാപിച്ചിരിക്കുന്നത്. ഈ POP-കൾ ഒപ്റ്റിക്കൽ ഫൈബർ കേബിൾ (കോർ റിംഗ്) ഉപയോഗിച്ച് ബന്ധിപ്പിച്ചിട്ടുണ്ട്. ഈ ശൃംഖലകളിൽ സ്ഥാപിക്കുന്ന ഇലക്ട്രോണിക് ഉപകരണങ്ങളുടെ പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാൻ എറണാകുളം ജില്ലയിൽ ഒരു നെറ്റ്വർക്ക് ഓപ്പറേറ്റിംഗ് സെന്റർ (NOC) സ്ഥാപിച്ചിട്ടുണ്ട്. കോർ റിംഗിന്റെ കപ്പാസിറ്റി N x 100 Gbps ആണ്. നെറ്റ്വർക്കിന്റെ 100% ലഭ്യതയ്ക്കുവേണ്ടി റിംഗ് ആർക്കിടെക്ചറാണ് അവലംബിച്ചിരിക്കുന്നത്. ഓരോ ജില്ലകളിലും കോർപോപ്പിന് (CORE-POP) പുറമേ അഗ്രിഗേറ്റ്, പ്രീ-അഗ്രിഗേറ്റ്, സ്പർ എന്നിങ്ങനെ പോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.

സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

68 (2213) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും നടപ്പാക്കിയ സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയായ മെഡിസെപ് പൊതുമേഖലാ സ്ഥാപനങ്ങളിലും സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലും നടപ്പാക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

23-6-2022-ലെ സ.ഉ.(പി) 70/2022/ധന. പ്രകാരം പ്രസിദ്ധീകരിച്ച് 1-7-2022 മുതൽ ആരംഭിച്ച മെഡിസെപ് പദ്ധതിയിൽ കേരള ഹൈക്കോടതിയിലേതുൾപ്പെടെ കേരള സർക്കാർ ജീവനക്കാരുടെ മെഡിക്കൽ അറ്റൻഡന്റ് ചട്ടങ്ങൾക്ക് (KGSMA Rules 1960) വിധേയരായ സംസ്ഥാന സർക്കാർ ജീവനക്കാർ, പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ, പാർട്ട് ടൈം അധ്യാപകർ, എയ്ഡഡ് സ്കൂളുകളിലേതുൾപ്പെടെയുള്ള അധ്യാപക-അനധ്യാപക

ജീവനക്കാർ, പെൻഷൻകാർ, കുടുംബപെൻഷൻകാർ എന്നിവരും അവരുടെ ആശ്രിതരും നിർബന്ധിതാടിസ്ഥാനത്തിലും സംസ്ഥാന സർക്കാരിൻകീഴിൽ സേവനമനുഷ്ഠിക്കുന്ന അഖിലേന്ത്യാ സർവ്വീസ് ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ഐശ്ചികാടിസ്ഥാനത്തിലും പദ്ധതിയുടെ ഗ്രണഭോക്താക്കളായിരിക്കുന്നതാണ്. കൂടാതെ, സംസ്ഥാന സർക്കാരിന്റെ ധനസഹായം സ്വീകരിക്കുന്ന സർവ്വകലാശാലകളിലെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാർ/ പെൻഷൻകാർ/കുടുംബ പെൻഷൻകാർ എന്നിവരും മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ, പ്രതിപക്ഷനേതാവ്, ചീഫ് വിപ്പ്, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, ധനകാര്യ കമ്മിറ്റികളുടെ ചെയർമാൻമാർ എന്നിവരുടെ നേരിട്ട് നിയമിതരായ പേഴ്സണൽ സ്റ്റാഫ്, പേഴ്സണൽ സ്റ്റാഫ് പെൻഷൻകാർ /കുടുംബ പെൻഷൻകാർ എന്നിവരും ഇവരുടെ ആശ്രിതരും ഈ പദ്ധതിയുടെ നിലവിലെ ഗ്രണഭോക്താക്കളാണ്.

പൊതുമേഖലാ സ്ഥാപനങ്ങളിലെയും സർക്കാരിനുകീഴിൽ പ്രവർത്തിക്കുന്ന സ്വയംഭരണ സ്ഥാപനങ്ങളിലെയും ജീവനക്കാരെ ഈ പോളിസി കാലയളവിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് അപ്രായോഗികമാണ്. ടി വിഭാഗം ജീവനക്കാരെ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന വിഷയം പദ്ധതിയുടെ അടുത്തഘട്ടം ആരംഭിക്കുന്ന സമയത്ത് സർക്കാർ അനുഭാവപൂർവ്വം പരിഗണിക്കുന്നതാണ്.

(ബി) സി-ഡിറ്റിലെ ജീവനക്കാർക്ക് മറ്റേതെങ്കിലും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിനുള്ള തീരുമാനം മാനേജ്മെന്റിന്റെ പരിഗണനയിലുണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

സി-ഡിറ്റിലെ ജീവനക്കാർക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നതിന് മുന്നോടിയായി ഇൻഷ്വറൻസ് കമ്പനികളിൽ നിന്നും സി-ഡിറ്റ് താൽപ്പര്യപത്രം ക്ഷണിച്ചിട്ടുണ്ട്.

(സി) സി-ഡിറ്റിലെ ജീവനക്കാർക്ക് പെൻഷൻ സമ്പ്രദായം നടപ്പാക്കുന്നതിന് ഏതെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം അറിയിക്കാമോ?

ആവിഷ്കരിച്ചിട്ടില്ല.

കെ-ഫോൺ പദ്ധതി

69 (2214) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായുള്ള കരാർ ഏത് സ്ഥാപനത്തിനാണ് നൽകിയതെന്ന് വ്യക്തമാക്കാമോ; കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത കരാർപ്രകാരം ഒരു മീറ്റർ കെ-ഫോൺ നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിന് എത്ര രൂപയാണ് സർക്കാരിന് ചെലവ് വരുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) കെ-ഫോൺ പദ്ധതിയുടെ കരാർ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് (BEL)-നാണ് നൽകിയിട്ടുള്ളത്. ബി.ഇ.എൽ., റയിൽടെൽ, എസ്.ആർ.ഐ.ടി. (Sobha Renaissance Information Technology Pvt. Ltd.), എൽ.എസ്. കേബിൾസ് എന്നിവയുടെ കൺസോർഷ്യമാണ് പദ്ധതി നടപ്പാക്കുന്നത്. കരാറിന്റെ പകർപ്പ് അനുബന്ധമായി *ചേർക്കുന്നു.

നിലവിലെ കരാർപ്രകാരം വിവിധതരം കേബിളിന്റെ വിലയും ആയത് സ്ഥാപിക്കുന്നതിനുള്ള തുകയും അനുബന്ധ ഉപകരണങ്ങളുടെ ചെലവും പ്രതിഷ്ഠാപനങ്ങളുടെ ചെലവ് ഉൾപ്പെടെ ഒരു മീറ്റർ കെ-ഫോൺ നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിന് ചെലവാകുന്ന തുക ചുവടെ ചേർക്കുന്നു.

1) 48F OPGW ഫൈബർ ഒപ്റ്റിക് കേബിൾ - ₹ 325

2) 48F എ.ഡി.എസ്.എസ്. (All-Dielectric Self Supporting Cable) - 100 Kmph- ₹ 160.70

3) 48F എ.ഡി.എസ്.എസ്. (150 Kmph)- ₹ 170.05

4) 24F എ.ഡി.എസ്.എസ്.- ₹ 136.40

5) 12F എ.ഡി.എസ്.എസ്.- ₹ 107.45

6) 4F എ.ഡി.എസ്.എസ്.- ₹ 47.65

(സി) പ്രസ്തുത കരാർ നൽകിയ തീയതിയും കരാർ അവസാനിക്കുന്ന തീയതിയും വ്യക്തമാക്കാമോ;

(ഡി) ഭാരത് ഇലക്ട്രോണിക്സും റെയിൽ ടെൽ കോർപ്പറേഷനും അടങ്ങിയ കരാർ കാലാവധി എന്നാണ് അവസാനിച്ചതെന്നും പ്രസ്തുത കരാർ പുതുക്കിയിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

(സി&ഡി) കെ-ഫോൺ പദ്ധതിയുടെ നടത്തിപ്പിനായി കെ.എസ്.ഐ.ടി.ഐ.എൽ. (കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ്) ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന് കരാർ നൽകിയത് 2020 മാർച്ച് 13-നാണ്. കരാർ 2022 ജൂൺ 30-ന് അവസാനിച്ചിരുന്നു. തുടർന്ന്, പ്രസ്തുത കരാർ 2022 ഡിസംബർ 31 വരെ പുതുക്കിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഐ.ടി. വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ

70 (2215) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഐ.ടി. വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ; ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഐ.ടി. വകുപ്പിൽ താൽക്കാലിക, കരാർ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല. എന്നാൽ, ഐ.ടി. വകുപ്പിനുകീഴിലെ സ്ഥാപനങ്ങളിൽ 517 കരാർ നിയമനങ്ങളും 33 താൽക്കാലിക നിയമനങ്ങളും 8 നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും നടന്നിട്ടുണ്ട്. ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം 1,85,42,931 രൂപ നൽകിയിട്ടുണ്ട്.

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 8 തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ട്. മറ്റുള്ള നിയമനങ്ങളിൽ 13 തസ്തികകളിൽ ഏജൻസി മുഖാന്തരവും ബാക്കിയുള്ള 537 തസ്തികകളിൽ പത്രപ്പരസ്യം/അപേക്ഷ ക്ഷണിച്ചുമാണ് നടത്തിയത്.

പെരുമ്പാവൂർ മണ്ഡലത്തിലെ കെ-ഫോൺ സേവനം

71 (2216) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരുമ്പാവൂർ മണ്ഡലത്തിൽ നിലവിൽ കെ-ഫോൺ സേവനം ഏതെല്ലാം സ്ഥലങ്ങളിലും ഓഫീസുകളിലും നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പ്രദേശങ്ങളിലും ഓഫീസുകളിലുമാണ് കെ-ഫോൺ സേവനം നൽകുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ പൊതുപ്രദേശങ്ങൾക്ക് പുറമേ പ്രത്യേക പരിഗണന നൽകി പോങ്ങൻ ചുവട് ആദിവാസി മേഖലയിലേയ്ക്ക് കെ-ഫോൺ സേവനം ലഭ്യമാക്കാൻ സാധിക്കുമോ; വിശദമാക്കാമോ?

(എ-സി) പെരുമ്പാവൂർ മണ്ഡലത്തിൽ നിലവിൽ 76 സ്ഥാപനങ്ങളിൽ കെ-ഫോൺ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു.* അതുകൂടാതെ, മണ്ഡലത്തിലെ 106 സ്ഥാപനങ്ങളിൽക്കൂടി കെ-ഫോൺ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥാപനങ്ങളുടെ പട്ടികയും അനുബന്ധമായി ചേർക്കുന്നു*.

ആദ്യഘട്ടത്തിൽ ഓരോ നിയമസഭാമണ്ഡലത്തിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്ക് സൗജന്യമായി ഇന്റർനെറ്റ് കണക്ഷൻ നൽകാൻ സർക്കാർ തീരുമാനിക്കുകയും അതിനുള്ള ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡവും മുൻഗണനാക്രമവും നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മാനദണ്ഡങ്ങൾപ്രകാരം കെ-ഫോണിന്റെ പോയിന്റ് ഓഫ് പ്രസൻസ് (POP) ഉള്ള പഞ്ചായത്തുകളിൽ ഏറ്റവും എളുപ്പം നൽകാൻ കഴിയുന്ന 100 ബി.പി.എൽ. കുടുംബങ്ങൾക്കാണ് ആദ്യം കണക്ഷൻ നൽകുന്നത്. കൂടാതെ, എസ്.സി., എസ്.ടി. വിഭാഗങ്ങൾക്ക് യഥാക്രമം 10%, 3% എന്നിങ്ങനെ മുൻഗണന നൽകാനും തീരുമാനിച്ചിട്ടുണ്ട്. ബാക്കി കാര്യങ്ങൾ ഭാവിയിൽ പദ്ധതി പുരോഗമിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

വീരചരമം പ്രാപിച്ച അഭിജിത്തിന്റെ കുടുംബത്തിന് ധനസഹായം

72 (2217) <u>ശ്രീ. പി. എസ്. സുപാൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019 ഒക്ടോബർ 14-ന് ജമ്മുകാശ്മീരിൽ വച്ച് സൈനിക സേവനത്തിനിടെ വീരചരമം പ്രാപിച്ച പുനലൂർ നിയോജകമണ്ഡലത്തിലെ ഇടയം എന്ന സ്ഥലത്തുള്ള അഭിജിത്തിന്റെ കുടുംബത്തിന് വീട് വയ്ക്കുന്നതിലേയ്ക്കായി 5 ലക്ഷം രൂപ അനുവദിച്ചിരുന്നോയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തുക അഭിജിത്തിന്റെ കുടുംബത്തിന് നൽകിയിട്ടുണ്ടോ;

(സി) പ്രസ്തുത കുടുംബത്തിന് തുക ലഭിക്കുന്നതിനാവശ്യമായ നടപടി കൈക്കൊള്ളുമോ; വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ-സി) 2019 ഒക്ടോബർ 14-ന് ജമ്മുകാശ്മീരിൽ വച്ച് സൈനിക സേവനത്തിനിടെ വീരചരമം പ്രാപിച്ച പുനലൂർ നിയോജകമണ്ഡലത്തിലെ ഇടയം എന്ന സ്ഥലത്തുള്ള അഭിജിത്തിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് 10,00,000 രൂപ (പത്തു ലക്ഷം രൂപ മാത്രം) അനുവദിച്ചിട്ടുള്ളതും ആയത് വിതരണം ചെയ്തിട്ടുള്ളതുമാണ്. വീട് വയ്ക്കുന്നതിനായി പ്രത്യേകം തുക ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടില്ല.

എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ട്

73 (2218) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ട് വിതരണത്തിന്മേൽ ലാൻഡ് റവന്യൂ അസിസ്റ്റന്റ് കമ്മീഷണറും ധനകാര്യ പരിശോധനാ വിഭാഗവും നടത്തിയ പരിശോധനയിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധം I,* II* എന്നിവയായി ചേർത്തിരിക്കുന്നു. ഇതുസംബന്ധിച്ച് ക്രൈംബ്രാഞ്ച് രണ്ട് കേസുകളും വിജിലൻസിന്റെ എറണാകുളം സ്പെഷ്യൽ സെൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

എറണാകുളം ജില്ലയിലെ പ്രളയ ദുരിതാശ്വാസ ഫണ്ട് വിതരണവുമായി ബന്ധപ്പെട്ട് ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണർ നടത്തിയ അന്വേഷണ റിപ്പോർട്ടിലെ കണ്ടെത്തലിന്റെ അടിസ്ഥാനത്തിൽ സെക്ഷൻ ക്ലാർക്കായ ശ്രീ. വിഷ്ണുപ്രസാദിനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി സസ്പെൻഡ് ചെയ്തിരിക്കുകയാണ്. 22-12-2021-ലെ സസ്പെൻഷൻ റിവ്യൂ കമ്മിറ്റി ശ്രീ. വിഷ്ണുപ്രസാദിനെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കുന്നതിന് ശിപാർശ ചെയ്തിരുന്നെങ്കിലും അതീവ ഗൗരവതരമായ ക്രമക്കേടാണ് നടത്തിയതെന്നതിനാൽ ടിയാനെ സേവനത്തിൽ പുനഃപ്രവേശിപ്പിക്കുന്നതിനുള്ള നിർദ്ദേശം നടപ്പിലാക്കേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇതേ വിഷയത്തിൽ എറണാകുളം കളക്ടറേറ്റിലെ ഡെപ്യൂട്ടി കളക്ടറായിരുന്ന ശ്രീ. കെ. ചന്ദ്രശേഖരൻ നായർ, ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി മീനാകുമാരി എ. എസ്. എന്നിവർക്കെതിരെ കഠിനശിക്ഷയ്ക്കുള്ള അച്ചടക്ക നടപടി ആരംഭിക്കുകയും കുറ്റപത്രം നൽകുകയും ടിയാളുകളുടെ പ്രതിവാദം തൃപ്തികരമല്ലെന്ന് വിലയിരുത്തി ഔപചാരിക അന്വേഷണം നടത്തുന്നതിനായി അന്വേഷണ ഉദ്യോഗസ്ഥനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

റിപ്പോർട്ടിലെ മറ്റ് ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കാൻ ശിപാർശകൾ അടങ്ങിയ റിപ്പോർട്ട് കമ്മീഷണർ ലാൻഡ് റവന്യൂ, ജില്ലാ കളക്ടർ എറണാകുളം, ഡയറക്ടർ ട്രഷറി, ധനകാര്യ വകുപ്പ് എന്നിവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യത്തിൽ ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിലെ ശിപാർശകളിൽ നടപടി സ്വീകരിച്ചുവരുന്നു.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായം

74 (2219) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം തിരുരങ്ങാടി മണ്ഡലത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച ചികിത്സാ ധനസഹായത്തിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ?

മണ്ഡലം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി വിപുലീകരണം

75 (2220) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. പി. മോഹനൻ:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി കൂടുതൽ ജനങ്ങൾക്ക് സഹായകരമാകുന്ന നിലയിൽ വിപുലീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ചികിത്സാ ധനസഹായം, അപകട മരണം, പ്രകൃതി ദുരന്തം, തീപിടുത്തത്തിൽ വാസഗൃഹങ്ങൾ നഷ്ടപ്പെടുന്നവർക്കും കടൽക്ഷോഭം, മറ്റ് അപകടങ്ങൾ എന്നിവയിൽ വള്ളം, ബോട്ട്, വല, കട്ടമരം എന്നീ ജീവിതോപാധികൾ നഷ്ടപ്പെടുന്നവർക്കും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ

നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്. HIV രോഗബാധിതരുടെ ചികിൽസാ ചെലവ് പരിഗണിച്ച് ഓരോ 6 മാസം കൂടുമ്പോഴും 6,000 രൂപ വീതം ജില്ലാകളക്ടർമാർ അനുവദിക്കുന്നുണ്ട്. തീ പിടുത്തത്തിൽ വീടിന് കാര്യമായി നാശനഷ്ടം സംഭവിക്കുന്ന കേസുകളിൽ നാശനഷ്ടത്തിന്റെ തോത് കണക്കാക്കി പരമാവധി ഒരു ലക്ഷം രൂപയും പൂർണ്ണമായി കത്തിനശിക്കുന്ന കേസുകളിൽ പരമാവധി 4 ലക്ഷം രൂപയും ധനസഹായം അനുവദിക്കുന്നുണ്ട്. കടൽക്ഷോഭത്തിൽ വള്ളം, ബോട്ട് എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 2 ലക്ഷം രൂപയും ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി ഒരു ലക്ഷം രൂപയും വല, കട്ടമരം എന്നിവ പൂർണ്ണമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി ഒരു ലക്ഷം രൂപയും കട്ടമരം ഭാഗികമായി നഷ്ടപ്പെടുന്നവർക്ക് പരമാവധി 20,000 രൂപയും നൽകി വരുന്നുണ്ട്. അപകടമരണങ്ങൾക്ക് ഒരു ലക്ഷം രൂപ നൽകുന്നുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിക്കുന്ന മറ്റ് ധനസഹായങ്ങൾക്ക് പരമാവധി തുക നിശ്ചയിച്ചിട്ടില്ല. കോവിഡ്-19 ബാധിച്ച് മരണപ്പെട്ട/മരണപ്പെടുന്ന വ്യക്തിയെ ആശ്രയിച്ചുകഴിയുന്ന ബി.പി.എൽ. കുടുംബങ്ങൾക്ക് CMDRF-ൽനിന്നും 5,000 രൂപ വീതം ആദ്യ സമാശ്വാസം ലഭിക്കുന്ന മാസം മുതൽ 36 മാസം വരെ വ്യവസ്ഥകൾക്കനുസൃതമായി ധനസഹായം നൽകിവരുന്നുണ്ട്.

(ബി) നിർധന രോഗികൾക്ക് ഓപ്പറേഷൻ ഉൾപ്പെടെയുള്ള ചികിത്സകൾക്ക് നൽകുന്ന ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ജില്ലാകളക്ടർക്ക് 10,000 രൂപയും റവന്യൂ വകുപ്പിലെ സ്പെഷ്യൽ സെക്രട്ടറിക്ക് 15,000 രൂപയും റവന്യൂ വകുപ്പുമന്ത്രിക്ക് 25,000 രൂപയും മുഖ്യമന്ത്രിക്ക് 3 ലക്ഷം രൂപയും മാത്രമേ പരമാവധി അനുവദിക്കാൻ കഴിയുകയുള്ളൂ. 3 ലക്ഷം രൂപയ്ക്ക് മുകളിൽ ധനസഹായം അനുവദിക്കേണ്ടിവരുന്ന കേസുകളിൽ മന്ത്രിസഭാ യോഗത്തിന്റെ അംഗീകാരത്തോടെയാണ് നിലവിൽ ധനസഹായം അനുവദിച്ചുവരുന്നത്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകിവരുന്ന ചികിത്സാ സഹായങ്ങൾ

76 (2221) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകിവരുന്ന ചികിത്സാ സഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഈ സർക്കാരിന്റെ കാലയളവിൽ പിറവം മണ്ഡലത്തിൽ എത്ര രൂപയുടെ ചികിത്സാ സഹായം നൽകിയിട്ടുണ്ട്; വ്യക്തമാക്കുമോ?

(എ&ബി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നൽകിവരുന്ന ചികിത്സാ സഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ചിട്ടില്ല.

(സി) ചികിത്സാ സഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ താലൂക്ക്/വില്ലേജ് അടിസ്ഥാനത്തിൽ ക്രോഡീകരിച്ചിട്ടുണ്ടോ; എങ്കിൽ പിറവം മണ്ഡലത്തിൽ ഉൾപ്പെടുന്ന താലൂക്ക്/വില്ലേജുകളിലൂടെ വിതരണം ചെയ്ത ചികിത്സാ സഹായം എത്രയെന്ന് അറിയിക്കാമോ?

ചികിത്സാ സഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ താലൂക്ക്/വില്ലേജ് അടിസ്ഥാനത്തിൽ ക്രോഡീകരിച്ചിട്ടില്ല.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

77 (2222) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായത്തിനും മറ്റുമായി എത്ര തുകയാണ് നാളിതുവരെ അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായത്തിനും മറ്റുമായി 1519.17 കോടി രൂപയാണ് നാളിതുവരെ അനുവദിച്ചിട്ടുള്ളത്.

(ബി) നെന്മാറ മണ്ഡലത്തിലേയ്ക്ക് എത്ര തുകയാണ് ഇപ്രകാരം അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും നൽകിവരുന്ന ചികിത്സാ സഹായങ്ങൾ സംബന്ധിച്ച വിവരങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ചിട്ടില്ല.

റീബിൽഡ് കേരള പദ്ധതി - ആലത്തൂർ മണ്ഡലം

78 (2223) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആലത്തൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി അനുമതി നൽകിയ പ്രവൃത്തികൾ ഏതൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കാമോ?

ആലത്തൂർ നിയോജകമണ്ഡലത്തിൽ റീബിൽഡ് കേരള ഇനിഷ്യേറ്റീവിനു കീഴിൽ നടപ്പാക്കുന്ന പദ്ധതികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

കോഴിക്കോട് വിമാനത്താവള റൺവേ വികസനം

79 (2224) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വിമാനത്താവള റൺവേ വികസനത്തിന് 14.5 ഏക്കർ ഭൂമി ഏറ്റെടുത്ത് നൽകാൻ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സ്ഥലം ഏറ്റെടുത്ത് നൽകിയിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ;

(ബി) റൺവേയ്ക്ക് സമമായി ഭൂമി നിരപ്പാക്കി നൽകണമെന്ന് കേന്ദ്ര സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിക്ക് ആവശ്യമായ ചെലവ് സംസ്ഥാന സർക്കാരാണോ വഹിക്കുന്നത്; എങ്കിൽ ഇതിന് എത്ര തുക ചെലവാകുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഇതിന് ആവശ്യമായ തുക കണ്ടിൻജൻസി ഫണ്ടിൽനിന്ന് അനുവദിച്ചിട്ടുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

(എ-സി) കോഴിക്കോട് വിമാനത്താവള റൺവേ വികസനത്തിന് 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി സർക്കാർ ഭരണാനുമതി നൽകിയതും 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

14.50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഏകദേശ ചെലവ് എത്രയാണെന്നും ഭൂമി നിരപ്പാക്കാനും സ്ഥിരപ്പെടുത്താനും ഏകദേശ ചെലവ് എത്രയാണെന്നും കണക്കാക്കിയിട്ടില്ല. കേന്ദ്ര സർക്കാർ ഭൂമി നിരപ്പാക്കാനും സ്ഥിരപ്പെടുത്താനുമായി 100 കോടി രൂപ നൽകാമെന്നാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. ബാക്കി തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയും സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് കേന്ദ്ര സർക്കാർ നിർദ്ദേശം.

എന്നാൽ കോഴിക്കോട് വിമാനത്താവളം 2022-2025 വർഷങ്ങളിൽ മോണിറ്റൈസേഷനുവേണ്ടി കേന്ദ്ര സർക്കാർ തയ്യാറാക്കിയ പട്ടികയിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉൾപ്പെടുത്തിയതായി കാണുന്നു. സംസ്ഥാന സർക്കാർ ഇപ്പോൾ വിമാനത്താവള വികസനത്തിനായി ചെലവഴിക്കുന്ന പണം ഏതുരീതിയിൽ തിരിച്ചുതരുമെന്ന കാര്യത്തിൽ വ്യക്തതയില്ല എന്നതും പ്രസക്തമാണ്.

കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന് പുതുതായി ഭൂമി ഏറ്റെടുക്കൽ

80 (2225) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരിപ്പൂരിലെ കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന് പുതുതായി ഭൂമി ഏറ്റെടുക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര സ്ഥലമാണ് ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നതെന്നും അത് എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ സാധിക്കുമെന്നും വ്യക്തമാക്കുമോ;

(സി) ഭൂമി ഏറ്റെടുക്കലിന്റെ പ്രാഥമിക ചെലവിലേയ്ക്ക് 50 ലക്ഷം രൂപയുടെ കണ്ടിൻജൻസി ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഡി) ഏറ്റെടുക്കുന്ന ഭൂമി റൺവേയ്ക്ക് സമാനമായി നിരപ്പാക്കുന്ന പ്രവൃത്തിയുടെ ചെലവ് ആരാണ് വഹിക്കുകയെന്ന് ധാരണയായിട്ടുണ്ടോ; വിശദമാക്കാമോ;

(ഇ) പ്രസ്തുത വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നുവെന്ന റിപ്പോർട്ടുകളിൽ സംസ്ഥാനത്തിന്റെ നിലപാട് വ്യക്തമാക്കുമോ;

(എഫ്) ഇവിടെ വലിയ വിമാനങ്ങൾ ഇറങ്ങാനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-എഫ്) കോഴിക്കോട് വിമാനത്താവള റൺവേ വികസനത്തിന് 14.5 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനായി കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ ഭാഗമായി സർക്കാർ ഭരണാനുമതി നൽകിയിട്ടുള്ളതും 6(1) നോട്ടിഫിക്കേഷൻ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമാണ്.

14.50 ഏക്കർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള ഏകദേശ ചെലവ് എത്രയാണെന്നും ഭൂമി നിരപ്പാക്കാനും സ്ഥിരപ്പെടുത്താനും ഏകദേശ ചെലവ് എത്രയാണെന്നും കണക്കാക്കിയിട്ടില്ല. കേന്ദ്ര സർക്കാർ ഭൂമി നിരപ്പാക്കാനും സ്ഥിരപ്പെടുത്താനുമായി 100 കോടി രൂപ നൽകാമെന്നാണ് വാഗ്ദാനം ചെയ്തിട്ടുള്ളത്. ബാക്കി തുകയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയും സംസ്ഥാന സർക്കാർ വഹിക്കണമെന്നാണ് കേന്ദ്രസർക്കാരിന്റെ നിർദ്ദേശം.

കോഴിക്കോട് വിമാനത്താവളം 2022-2025 വർഷങ്ങളിൽ മോണിറ്റൈസേഷനുവേണ്ടി കേന്ദ്ര സർക്കാർ തയ്യാറാക്കിയ പട്ടികയിൽ ഉൾപ്പെടുത്തിയതായി കാണുന്നു. സംസ്ഥാന സർക്കാർ ഇപ്പോൾ വിമാനത്താവള വികസനത്തിനായി ചെലവഴിക്കുന്ന പണം ഏത് രീതിയിൽ തിരിച്ചുതരുമെന്ന കാര്യത്തിൽ വ്യക്തതയില്ലെന്നത് പ്രസക്തമാണ്.

കോഴിക്കോട് വിമാനത്താവളത്തിന്റെ സമഗ്രവികസനം ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്.

തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷനിലേയ്ക്ക് മെട്രോ റെയിൽ

81 (2226) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷനിൽനിന്ന് തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷനിലേയ്ക്കുള്ള മെട്രോ റെയിൽ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്?

2023-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ആലുവ മുതൽ എസ്.എൻ. ജംഗ്ഷൻ വരെ മെട്രോ റെയിൽ നിർമ്മാണം പൂർത്തിയായപ്പോൾ 22 മീറ്റർ വീതിയിൽ റോഡ് നിർമ്മിച്ചതുപോലെ എസ്.എൻ. ജംഗ്ഷൻ മുതൽ തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷൻ വരെ 22 മീറ്റർ വീതിയിലുള്ള റോഡ് നിർമ്മിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

എസ്.എൻ. ജംഗ്ഷൻ-തൃപ്പൂണിത്തുറ മെട്രോ പദ്ധതിയുടെ ആലോചനാഘട്ടത്തിൽ, തൃപ്പൂണിത്തുറ നഗരസഭ നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന റോഡിൽ മെട്രോ വയഡക്ട് നിർമ്മാണം നടത്താനാവശ്യപ്പെട്ട് തൃപ്പൂണിത്തുറ നഗരസഭ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിന് കത്ത് നൽകുകയുണ്ടായി. പ്രസ്തുത പദ്ധതിയുടെ സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് അധിക ബാധ്യത ഒഴിവാക്കാനും മെട്രോ റെയിലും നിർദ്ദിഷ്ട ബസ് ഡിപ്പോയും തമ്മിൽ മെച്ചപ്പെട്ട കണക്റ്റിവിറ്റി ഉറപ്പാക്കാനും Kochi Metro Rail Limited, തൃപ്പൂണിത്തുറ നഗരസഭയുടെ നിർദ്ദേശം അംഗീകരിച്ച് വിശദ പദ്ധതി രേഖ സർക്കാരിന് സമർപ്പിച്ചു. തുടർന്ന് മെട്രോ വയഡക്ട് നിർമ്മിക്കുന്നതിന് 356 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. ഈ കാലയളവിൽ നഗരസഭയ്ക്ക് 9.98 ഏക്കർ ഭൂമിയുടെ ഭരണാനുമതി നിർദ്ദിഷ്ട വയഡക്ടിനും ബസ് ഡിപ്പോയ്ക്കുമായി സർക്കാർ

നൽകിയിരുന്നു. എന്നാൽ സ്ഥലമെടുപ്പിനായുള്ള അഡ്വാൻസ് അടയ്ക്കാൻ ജില്ലാ ഭരണകൂടം നിർദ്ദേശിച്ചതിനെത്തുടർന്ന് ഇത്രയും തുക വഹിക്കാൻ സാധിക്കില്ലെന്ന വിവരം തൃപ്പൂണിത്തുറ നഗരസഭ തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിച്ചു. സ്ഥലമെടുപ്പിനുണ്ടാകുന്ന കാലതാമസം പരിഗണിച്ച് മെട്രോ വയഡക്ടിന് മാത്രം ആവശ്യമായ സ്ഥലം (16 മീറ്റർ വീതിയിൽ) ഏറ്റെടുക്കുന്നതിനായി 463 സെന്റ് ഭൂമി അധികമായി ഏറ്റെടുക്കാൻ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് സർക്കാരിനെ സമീപിച്ചതിനെത്തുടർന്ന് 448 കോടി രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തു. ഇതിൽ മെട്രോ വയഡക്ട് കടന്നു പോകുന്നതിനാവശ്യമായ സ്ഥലത്തിന്റെ വീതി (Right-of-Way) 16 മീറ്റർ ആയിരിക്കും.

അപ്രകാരം മെട്രോ വയഡക്ട് കടന്നുപോകുന്നതിനും ഇരുവശത്തും കുറഞ്ഞത് 5.5 മീറ്റർ വീതിയിൽ വാഹനങ്ങൾക്ക് സഞ്ചാരപാത നൽകുന്നതിനും ഉതകുന്ന 16 മീറ്റർ വീതിയിൽ സ്ഥലമേറ്റെടുക്കുകയും നിർമ്മാണം പുരോഗമിക്കുകയുമാണ്.

മൊബൈൽ ആപ്പുകൾ ടോൾ ഫ്രീ ഹെൽപ്പ് ലൈനുകൾ

82 (2227) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർക്കാരിന്റെ വിവിധ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് ഏതൊക്കെ മൊബൈൽ ആപ്പുകളും ടോൾ ഫ്രീ ഹെൽപ്പ് ലൈനുകളും നിലവിലുണ്ട്; വിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത മൊബൈൽ ആപ്പുകളും ടോൾ ഫ്രീ ഹെൽപ്പ് ലൈൻ നമ്പരുകളും കൈകാര്യം ചെയ്യുന്നത് ഏത് കമ്പനിയാണെന്ന് വ്യക്തമാക്കുമോ?

(എ&ബി) സർക്കാരിന്റെ വിവിധ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും സ്വയംഭരണ സ്ഥാപനങ്ങളും വിവിധയിനം സേവനങ്ങൾ ഓൺലൈനായി നൽകുന്നുണ്ട്. ഇതോടൊപ്പം വിവിധ സേവനങ്ങൾ മൊബൈൽ ആപ്പുകൾ മുഖേനയും ലഭ്യമാണ്. ടോൾഫ്രീ ഹെൽപ്പ് ലൈനുകളും വിവിധ സേവനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. ഇ-സേവനവും എം-സേവനവും പൊതുജനങ്ങൾക്ക് ലഭ്യമാണ്. ആവശ്യങ്ങൾ/സേവനങ്ങൾ സർക്കാർ ഓഫീസുകൾ സന്ദർശിക്കാതെതന്നെ ലഭ്യമാകാൻ ഈ സേവനങ്ങൾ സഹായകമാണ്. സി-ഡിറ്റ്, കെൽട്രോൺ, NIC തുടങ്ങിയ സ്ഥാപനങ്ങൾ മുഖേനയും സ്വകാര്യ സ്ഥാപനങ്ങൾ മുഖേനയുമാണ് ഈ സേവനങ്ങൾ ലഭ്യമാക്കുന്നത്.

ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിൽ കൂടുതൽ തസ്തികകൾ

83 (2228) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പരിപാടികൾ പൊതുജനങ്ങളിൽ എത്തിക്കേണ്ട ചുമതലയുള്ള ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിൽ ജീവനക്കാരുടെ കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടി വിശദീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ-19,

അസിസ്റ്റന്റ് എഡിറ്റർ-3,

ഇൻഫർമേഷൻ ഓഫീസർ-4 വീതം തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത വകുപ്പിൽ അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ, അസിസ്റ്റന്റ് എഡിറ്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസർ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വീതം തസ്തികകൾ സൃഷ്ടിക്കാനാണ് പ്രൊപ്പോസൽ സമർപ്പിച്ചത്; വിശദാംശം നൽകുമോ?

അസിസ്റ്റന്റ് ഇൻഫർമേഷൻ ഓഫീസർ-19, അസിസ്റ്റന്റ് എഡിറ്റർ-3, ഇൻഫർമേഷൻ ഓഫീസർ-4 വീതം തസ്തികകൾ അധികമായി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രൊപ്പോസലിന്മേൽ സർക്കാർ സ്വീകരിച്ച നടപടിയുടെ വിശദാംശം നൽകുമോ?

പ്രസ്തുത പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

നോർക്ക റിക്രൂട്ടിംഗ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ

84 (2229) ഡോ. കെ. ടി. ജലീൽ:

ശ്രീ. എം. വിജിൻ:

ശ്രീ. എം. നൗഷാദ്:

ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശജോലി കാംക്ഷിക്കുന്ന അഭ്യസ്തവിദ്യരെ സ്വകാര്യ ഏജൻസികളുടെ തട്ടിപ്പിനിരയാക്കാതെ വിദേശ തൊഴിൽ ലഭ്യമാക്കാൻ നോർക്ക റിക്രൂട്ടിംഗ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോ?

നോർക്ക റിക്രൂട്ടിംഗ് വിംഗിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിയമവിരുദ്ധമായി വിദേശ ജോലിക്ക് റിക്രൂട്ട്മെന്റ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഇതിനെതിരെ കേരള പോലീസും നോർക്ക വകുപ്പും വിദേശകാര്യ മന്ത്രാലയത്തിലെ പ്രൊട്ടക്ടർ ഓഫ് എമിഗ്രന്റ്സും സംയുക്തമായി 'ഓപ്പറേഷൻ ശുഭയാത്ര' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്ലൈൻ നമ്പറും (0471-2721547), ഇ-മെയിൽ ഐഡികളും (spnri.pol@kerala.gov.in, dyspnri.pol@kerala.gov.in) നിലവിൽ വന്നിട്ടുണ്ട്. നിയമവിരുദ്ധ റിക്രൂട്ട്മെന്റുകൾക്കെതിരെ വിവിധ മാധ്യമങ്ങൾ വഴി വ്യാപകമായ പ്രചാരവും നൽകിവരുന്നുണ്ട്.

(ബി) സമീപകാലത്തെ വിദേശയാത്രയുടെ ഫലമായി വിപുലമായ തോതിൽ യൂറോപ്യൻ രാജ്യങ്ങളിലേയ്ക്കുള്ള റിക്രൂട്ട്മെന്റ് സാധ്യതകൾ തുറന്നു കിട്ടിയിട്ടുണ്ടോ; ഇതിനായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ?

കേരളത്തിൽനിന്നും സുരക്ഷിതവും സുതാര്യവും നിയമപരവുമായ മാർഗ്ഗത്തിലൂടെ ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് തുടങ്ങിയവരുടെ യു.കെ.-യിലേയ്ക്കുള്ള സുഗമമായ തൊഴിൽ കുടിയേറ്റം സാധ്യമാക്കാൻ യു.കെ.-യിൽ NHS പ്രവർത്തനങ്ങൾ ലഭ്യമാക്കുന്ന 42 ഇന്റഗ്രേറ്റഡ് കെയർ പാർട്ട്ണർഷിപ്പുകളിൽ ഒന്നായ Humber and North Yorkshire Health & Care Partnership-ഉം മാനസികാരോഗ്യ രംഗത്തെ 'നാവിക്കോ' എന്ന സംഘടനയും ചേർന്ന് ത്രികക്ഷി ധാരണാപത്രം മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 9-10-2022-ൽ ഒപ്പിട്ടിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ യു.കെ.-യിലെ NHS നിരീക്ഷകർ, ആരോഗ്യ വകുപ്പ് പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിങ്ങനെ 48 പേർ ഉൾപ്പെട്ട പ്രതിനിധിസംഘം കേരളത്തിലേയ്ക്ക് വരികയും 2022 നവംബർ മാസം 21 മുതൽ 25 വരെ കൊച്ചിയിൽ വിപുലമായ യു.കെ എംപ്ലോയ്മെന്റ് ഫെസ്റ്റ് സംഘടിപ്പിക്കുകയും ചെയ്തു. ആദ്യഘട്ടത്തിൽ ആരോഗ്യമേഖലയിലേയ്ക്ക് ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ സ്റ്റാഫ് എന്നിവരെയും സോഷ്യൽ വർക്കർ വിഭാഗത്തിലേയ്ക്കുമാണ് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഒരു പ്രത്യേക മേഖലയിൽ ഒന്നിലധികം തൊഴിൽദാതാക്കളുമായി നേരിട്ട് സംവദിക്കാൻ ഉദ്യോഗാർത്ഥികൾക്ക് അവസരം ലഭിക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷംതന്നെ വീണ്ടും ജോബ് ഫെയർ സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) വിദേശ തൊഴിലിന് കേരളീയരെ പ്രാപ്തരാക്കുന്നതിന് പദ്ധതി ആവിഷ്കരിക്കാനുദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

വിദേശ തൊഴിലിന് കേരളത്തിലെ യുവതീയുവാക്കളുടെ വൈദഗ്ധ്യം മെച്ചപ്പെടുത്താനായി നോർക്ക റൂട്ട്സ് സ്കിൽ അപ്ഗ്രഡേഷൻ & റീഇന്റഗ്രേഷൻ പ്രോഗ്രാം നടപ്പാക്കിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇതുവഴി 1040 പേർക്ക് തൊഴിൽ പരിശീലനം നൽകിയിട്ടുണ്ട്. നിശ്ചിത സാങ്കേതിക യോഗ്യതയുള്ളവർക്ക് വിദേശത്ത് തൊഴിൽ നേടാൻ സഹായകരമായ കോഴ്സുകൾ വിവിധ സർക്കാർ സ്ഥാപനങ്ങളുമായി സഹകരിച്ച് നടത്തിവരുന്നു.

ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ മേഖലയിലെ തൊഴിൽ സാധ്യത പരിഗണിച്ച് നൂതന സാങ്കേതിക കോഴ്സുകളായ റോബോട്ടിക് പ്രോസസ്സ് ഓട്ടോമേഷൻ, ഫുൾസ്റ്റാക്ക് ഡെവലപ്പർ, ഡാറ്റാ സയൻസ് ആന്റ് അനലിറ്റിക്സ് എന്നിവയിൽ ഐ.സി.ടി. അക്കാദമി ഓഫ് കേരളയുമായി സഹകരിച്ച് പരിശീലനം നൽകിവരുന്നു.

പശ്ചിമേഷ്യൻ രാജ്യങ്ങളിലെ നഴ്സിംഗ് മേഖലയിൽ തൊഴിൽസാധ്യത ഏറുന്നതിനാൽ അതത് രാജ്യങ്ങളിലെ ഗവ. ലൈസൻസിംഗ് പരീക്ഷകൾ പാസാകുന്നതിന് നഴ്സിംഗ് ഉദ്യോഗാർത്ഥികൾക്ക് നഴ്സിംഗ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ കരിയർ എൻഹാൻസ്മെന്റ് (NICE)-മായി സഹകരിച്ച് പ്രത്യേക പരിശീലനം നൽകിവരുന്നു.

കൂടാതെ German, Japanese, Spoken Arabic, English (IELTS, OET) എന്നീ ഭാഷാ പരിശീലനത്തിനായി Norka Institute of Foreign Language ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

വിഴിഞ്ഞം സമരം

85 (2230) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. റോജി എം. ജോൺ:
ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞത്ത് സമരത്തിന്റെ ഭാഗമായി നടക്കുന്ന സംഘർഷങ്ങൾ ഒഴിവാക്കാൻ പോലീസ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് സമരം ആരംഭിച്ചതു മുതൽ തന്നെ പ്രസ്തുത സ്ഥലത്തും സമീപപ്രദേശങ്ങളിലും ക്രമസമാധാന പ്രശ്നങ്ങളും അനിഷ്ട സംഭവങ്ങളും ഒഴിവാക്കുന്നതിനായി ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെയും റവന്യൂ

അധികാരികളുടെയും നേരിട്ടുള്ള മേൽനോട്ടത്തിൽ ശക്തമായ സുരക്ഷാക്രമീകരണങ്ങൾ ഏർപ്പെടുത്തി. ഓരോ ദിവസങ്ങളിലും നടന്ന വിവിധ പ്രതിഷേധ പരിപാടികളുടെ സ്വഭാവം വിലയിരുത്തി ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ ഏർപ്പെടുത്തുകയാണ് ചെയ്തത്.

(ബി) വിഴിഞ്ഞത്തുണ്ടായ സംഘർഷത്തിന്റെ പേരിൽ ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പിനെ ഒന്നാം പ്രതിയാക്കി പോലീസ് കേസെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ആർച്ച് ബിഷപ്പിനെതിരെയടക്കം കേസെടുത്ത പോലീസ് നടപടി പ്രദേശത്ത് പ്രകോപനം സൃഷ്ടിക്കുന്നതിന് കാരണമായിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ബി&സി) ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങളിലെ നിർദ്ദേശങ്ങൾ ലംഘിച്ച് നടന്ന സമരത്തിനിടെയുണ്ടായ സംഭവങ്ങളിൽ ക്രമസമാധാനപാലനത്തിന്റെ ഭാഗമായുള്ള നിയമാനുസൃത നടപടികളാണ് പോലീസ് സ്വീകരിച്ചത്.

(ഡി) വിഴിഞ്ഞം സമരത്തെ വർഗ്ഗീയവൽക്കരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ?

അത്തരം ശ്രമങ്ങൾ ഉണ്ടാകാനിടയുള്ള സാധ്യതകൾ കണക്കിലെടുത്ത് മതിയായ സംവിധാനങ്ങൾ സർക്കാർ ഏർപ്പെടുത്തിയിരുന്നു.

ആഭ്യന്തര വകുപ്പ് വാങ്ങിയ ക്യാമറകൾ

86 (2231) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

2016 മുതൽ ആഭ്യന്തര വകുപ്പ് ഏതൊക്കെ സ്ഥാപനങ്ങളിൽനിന്നും എത്ര രൂപ നിരക്കിൽ നിരത്തുകളിൽ സ്ഥാപിക്കാനുള്ള ക്യാമറകൾ വാങ്ങി എന്ന വിവരം ലഭ്യമാക്കുമോ?

പുതുതായി രൂപീകരിച്ച കണ്ണൂർ സിറ്റി പോലീസ് ജില്ലയിൽ സ്ഥാപിച്ച 320 എണ്ണമുൾപ്പെടെ സംസ്ഥാനത്തെ വിവിധ ജില്ലകളിൽ 759 ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. Honeywell Automation, Keltron, Telnova Networks, General Automation എന്നീ സ്ഥാപനങ്ങൾ മുഖേന ഓരോ ജില്ലയിലും അതത് ജില്ലകളിലേയ്ക്ക് യോജിച്ച മോഡലുകൾ വാങ്ങുകയാണുണ്ടായത്.

തോക്ക് ലൈസൻസ് അനുവദിക്കുന്നതിന് നടപടി

87 (2232) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയതായി തോക്ക് ലൈസൻസിന് അപേക്ഷിക്കുന്നവർക്ക് ട്രെയിനിംഗ് നിർബന്ധമാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ?

2016-ലെ ആയുധ ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം പുതിയ ആയുധ ലൈസൻസ് അനുവദിക്കുന്നതിന് ആംസ് & അമ്മ്യൂണിഷൻ സേഫ്റ്റി ട്രെയിനിംഗ് പൂർത്തിയാക്കേണ്ടതുണ്ട്. ആയതിന്റെ കാലാവധി സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നതിനുള്ള അധികാരം കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാണ്. നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതുവരെ പോലീസ് വകുപ്പിലെ ആർമർ മുഖേന ട്രെയിനിംഗ് നൽകാവുന്നതാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ, പുതുതായി തോക്ക് ലൈസൻസിന് അപേക്ഷിക്കുന്നവർക്ക് ട്രെയിനിംഗ് നൽകുന്നതിന് 1-10-2021-ലെ സ.ഉ.(സാധാ) നമ്പർ 2698/2021/ആഭ്യന്തരം പ്രകാരം പോലീസ് വകുപ്പിന് അനുവാദം നൽകിയിരുന്നു. എന്നാൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 29-7-2022-ലെ WP(C)No.19708/2022-നമ്പലുള്ള ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ ട്രെയിനിംഗ് പ്രോഗ്രാം താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ചട്ടം 10(3) പ്രകാരം ആയുധ ട്രെയിനിംഗിനുള്ള സിലബസും ഫീസും തീരുമാനിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(ബി) വന്യമൃഗശല്യം രൂക്ഷമായ സാഹചര്യത്തിൽ നടപടിക്രമങ്ങൾ പൂർത്തിയാക്കിയിട്ടും കോഴിക്കോട് ജില്ലയിൽ തോക്ക് ലൈസൻസ് അനുവദിക്കാത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ?

ആയുധ പരിശീലന സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ളവ ലഭ്യമായിട്ടും തോക്ക് ലൈസൻസ് അനുവദിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അർഹതയുള്ളവർക്ക് തോക്ക് ലൈസൻസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

അർഹത പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിച്ചുവരുന്നു.

മാനന്തവാടി ജില്ലാ ജയിലിലെ അക്കൗണ്ടന്റ് ജനറലിന്റെ അന്വേഷണം

88 (2233) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മാനന്തവാടി ജില്ലാ ജയിലിൽ അക്കൗണ്ടന്റ് ജനറൽ (AG) അന്വേഷണം നടത്തി സമർപ്പിച്ച റിപ്പോർട്ടിൽ എന്തെല്ലാം കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മാനന്തവാടി ജില്ലാ ജയിലിലെ 2016-2022 കാലയളവിലെ അക്കൗണ്ടന്റ് ജനറലിന്റെ പരിശോധനാ റിപ്പോർട്ടിൽ ആകെ 8 വിയോജനങ്ങളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതിന്മേലുള്ള അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

പോലീസ് സേനയെ നവീകരിക്കുന്നതിന് നടപടി

89 (2234) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലമുള്ളവരെ കണ്ടെത്തി നടപടികൾ സ്വീകരിച്ച് പോലീസ് സേനയെ നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

പോലീസ് സേനയിലെ ക്രിമിനൽ പശ്ചാത്തലമുള്ളവരെ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ക്രിമിനൽ കേസിൽ പ്രതികളാകുന്ന പോലീസ് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നു. കേസിൽ ഉൾപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ ക്രിമിനൽ നടപടിക്രമങ്ങൾ അനുസരിച്ചുള്ള നടപടികൾക്കുപുറമേ ശക്തമായ വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. ക്രമസമാധാന ചുമതലയിൽ പ്രസ്തുത ഉദ്യോഗസ്ഥരെ നിയോഗിക്കുന്നതിനുമുമ്പ് ക്രിമിനൽ പശ്ചാത്തലം പരിശോധിക്കുകയും ചെയ്തുവരുന്നുണ്ട്. ക്രിമിനൽ കേസിൽ പ്രതികളാകുന്ന പോലീസ് ഉദ്യോഗസ്ഥരുടെ വിവരങ്ങൾ സ്പെഷ്യൽ ബ്രാഞ്ച് രഹസ്യാന്വേഷണം നടത്തുകയും ആയതിന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് KPDIP & A Rules പ്രകാരം അച്ചടക്ക നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സ്ഥാനക്കയറ്റം നൽകുന്നതിനുമുമ്പ് സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്ന അവസരങ്ങളിൽ ക്രിമിനൽ കേസിൽ പ്രതി ചേർക്കപ്പെടുകയും വകുപ്പുതല അന്വേഷണം നേരിടുകയും ചെയ്യുന്നതായ ഉദ്യോഗസ്ഥരുടെ ക്രിമിനൽ പശ്ചാത്തലം ഡിപ്പാർട്ട്മെന്റൽ പ്രൊമോഷൻ ബോർഡ്/കമ്മിറ്റി പരിശോധിച്ച ശേഷമാണ് പ്രൊമോഷൻ അനുവദിക്കുന്നത്.

പോലീസ് ഉദ്യോഗസ്ഥരുടെ പെരുമാറ്റത്തെക്കുറിച്ചും പൊതുജനങ്ങളോടുള്ള സമീപനങ്ങളെക്കുറിച്ചും മേലുദ്യോഗസ്ഥർ നൽകുന്ന നിർദ്ദേശങ്ങളും സർക്കുലറുകളും കർശനമായി പാലിക്കുന്നതിനായി പോലീസ് ഉദ്യോഗസ്ഥർക്ക് ബോധവൽക്കരണവും നൽകിവരുന്നുണ്ട്.

പോലീസ് വകുപ്പിലെ നിയമനങ്ങൾ

90 (2235) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പോലീസ് ക്യാമ്പ് ഫോളോവർമാർക്ക് സ്പെഷ്യൽ റൂൾസ് ഉണ്ടാക്കിയ സാഹചര്യത്തിൽ ഈ വിഭാഗത്തിൽ പി.എസ്.സി. വഴിയുള്ള നിയമന നടപടികൾ എത്രത്തോളമായെന്ന് അറിയിക്കുമോ?

14-10-2020-ലെ സർക്കാർ ഉത്തരവ് ജി.ഒ.(പി)നമ്പർ 13/2020/ പി& എ.ആർ.ഡി. പ്രകാരം ക്യാമ്പ് ഫോളോവർ തസ്തികയിലെ നിയമനം സംബന്ധിച്ച് സ്പെഷ്യൽ റൂൾസ് നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ കേരളാ പോലീസിലെ വിവിധ യൂണിറ്റുകളിൽ ടി തസ്തികയിലേയ്ക്കുള്ള മൊത്തം 421 ഒഴിവുകൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്മേൽ പി.എസ്.സി. ആവശ്യപ്പെട്ട അധിക വിവരങ്ങൾ പോലീസ് മേധാവിയിൽനിന്നും ലഭിച്ചത് പരിശോധിച്ചുവരുന്നു.

പഞ്ചായത്തുകളിൽ വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം

91 (2236) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് മേധാവിയുടെ 23-1-2020-ലെ പി.എച്ച്.ക്യൂ. സർക്കുലർ നമ്പർ 06/2020 പ്രകാരം സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആഴ്ചയിൽ ഒരു ദിവസം ലഭ്യമാകേണ്ട വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം പഞ്ചായത്തുകളിൽ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ ഏത്ര പഞ്ചായത്തുകളിൽ വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം ലഭ്യമാകുന്നില്ല; ജില്ല തിരിച്ച് എണ്ണം വ്യക്തമാക്കാമോ;

(സി) വനിതാ ബീറ്റ് ഓഫീസർമാരുടെ സേവനം പല പഞ്ചായത്തുകളിലും ലഭ്യമാകുന്നില്ലെന്ന വിവരം യഥാസമയം പോലീസ് മേധാവിയെ അറിയിക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

(ബി&സി) ബാധകമല്ല.

സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട കേസുകളിലെ പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം

92 (2237) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ നയതന്ത്ര ചാനൽ മുഖേനയുള്ള സ്വർണ്ണക്കടത്തുമായി ബന്ധപ്പെട്ട ഏതൊക്കെ കേസുകളിൽ പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടുണ്ട്; ഓരോ കേസിലും ഹാജരായ അഭിഭാഷകർ ആരൊക്കെയാണ്; ഓരോരുത്തർക്കും ഫീസ്, യാത്രാപ്പടി, മറ്റ് ആനുകൂല്യങ്ങൾ എന്നിവയ്ക്കായി അനുവദിച്ച തുക ഇനം തിരിച്ച് വ്യക്തമാക്കുമോ?

വിവരം അനുബന്ധമായി* ചേർക്കുന്നു.

സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് കമാന്റോ സേനാംഗങ്ങളുടെ ഗ്രേഹൗണ്ട് കോഴ്സ്

93 (2238) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പ് കമാന്റോ സേനാംഗങ്ങളിൽ നാളിതുവരെ ഗ്രേഹൗണ്ട് കോഴ്സ് ചെയ്യാതെ മാവോയിസ്റ്റ് അലവൻസ് ഉൾപ്പെടെയുള്ള അലവൻസുകൾ വാങ്ങുന്ന എത്രപേർ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഓഫീസർമാരുടെ അറിവോടെയാണോ പ്രസ്തുത കോഴ്സ് ചെയ്യാത്ത സേനാംഗങ്ങൾ മാവോയിസ്റ്റ് അലവൻസ് വാങ്ങുന്നതെന്ന് വ്യക്തമാക്കാമോ; ഗ്രേഹൗണ്ട് കോഴ്സ് ചെയ്യാത്ത സേനാംഗങ്ങൾ ഡ്യൂട്ടി ചെയ്യാറുണ്ടോ; എങ്കിൽ ആരുടെ ഉത്തരവ് പ്രകാരമാണ് കോഴ്സ് ചെയ്യാത്ത സേനാംഗങ്ങൾ ഡ്യൂട്ടി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

(എ&ബി) സ്പെഷ്യൽ ഓപ്പറേഷൻ ഗ്രൂപ്പിൽ ജോലി ചെയ്യുന്ന കമാന്റോ ഉൾപ്പെടെയുള്ള എല്ലാ സേനാംഗങ്ങൾക്കും 13-10-2014-ലെ ജി.ഒ.(എം.എസ്) നമ്പർ 198/2014/ആഭ്യന്തരം ഉത്തരവുപ്രകാരം സ്പെഷ്യൽ അലവൻസിന് അർഹതയുണ്ട്.

(സി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട സേനാംഗമായ സുനീഷിന് പാലക്കാട് വച്ച് കോഴ്സിനിടയിൽ 14-9-2021-ന് ശാരീരിക അസ്വസ്ഥതയുണ്ടെന്ന് ബോധിപ്പിച്ചിട്ടും ചാർജ്ജിലുണ്ടായിരുന്ന ഉദ്യോഗസ്ഥൻ നിർബന്ധപൂർവ്വം

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സുനീഷിനെ 15-9-2021-ൽ ട്രെയിനിംഗ് എടുപ്പിക്കുകയും ടിയാൻ കുഴഞ്ഞുവീണ് മരണപ്പെടുകയും ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ശാരീരിക അസ്വസ്ഥത അറിയിച്ചിട്ടും വൈദ്യപരിശോധനയ്ക്ക് വിധേയമാക്കുകയോ പിറ്റേ ദിവസത്തെ ട്രെയിനിംഗിൽനിന്നും മാറ്റി നിർത്തുകയോ ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) സുനീഷിനെ ട്രെയിനിംഗിൽനിന്നും എന്തുകൊണ്ട് മാറ്റിനിർത്തിയില്ലെന്നും വൈദ്യപരിശോധനയ്ക്ക് എന്തുകൊണ്ട് വിധേയമാക്കിയില്ലെന്നും വകുപ്പ് അന്വേഷിച്ചിട്ടുണ്ടോ; എങ്കിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥനെതിരെ എന്ത് നിയമനടപടിയാണ് വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കമാന്റോ 7166 സുനീഷ് കെ. കെ.-യുടെ മരണത്തിൽ അരീക്കോട് പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 530/2021 u/s 174 CrPC പ്രകാരം അസ്വാഭാവിക മരണത്തിന് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും മരണത്തിൽ അസ്വാഭാവികത പോലീസ് കണ്ടെത്തിയിട്ടില്ലാത്തതുമാണ്. ബഹുമാനപ്പെട്ട സബ് ഡിവിഷണൽ മജിസ്ട്രേറ്റ് കോടതി, പെരിന്തൽമണ്ണ മുമ്പാകെ അന്വേഷണ ഉദ്യോഗസ്ഥൻ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

ഭിന്നശേഷിക്കാരനായ രതീഷ് മരണപ്പെട്ട കേസ് സി.ബി.ഐ.-ക്ക്

94 (2239) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീകാര്യം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഭിന്നശേഷിക്കാരനായ രതീഷ് ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയ സംഭവത്തിൽ അന്വേഷണത്തിന്റെ പുരോഗതി അറിയിക്കാമോ?

ശ്രീകാര്യം ഗവൺമെന്റ് എഞ്ചിനീയറിംഗ് കോളേജിൽ ഭിന്നശേഷിക്കാരനായ രതീഷ് ആത്മഹത്യ ചെയ്ത നിലയിൽ കണ്ടെത്തിയ സംഭവത്തിന് ശ്രീകാര്യം പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 2203/2019 പ്രകാരം രജിസ്റ്റർ ചെയ്ത കേസ് ക്രൈംബ്രാഞ്ചിന് കൈമാറി ക്രൈം നമ്പർ 100/CB/TVM/2020 ആയി റീ-നമ്പർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടറെയും മരണപ്പെട്ടയാളിന്റെ സഹപാഠികളെയും അധ്യാപകരെയും മറ്റും കണ്ടുചോദിച്ച് അന്വേഷണം പൂർത്തിയാക്കി, അന്തിമ റിപ്പോർട്ട് കോടതി മുമ്പാകെ സമർപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മരണം കൊലപാതകമാണെന്ന് ആരോപിച്ച് ബന്ധുക്കൾ പരാതി നൽകിയിട്ടുണ്ടോ; എങ്കിൽ ഈ പരാതിയുടെ അടിസ്ഥാനത്തിൽ നാളിതുവരെ എന്തൊക്കെ നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

ഉണ്ട്. പരാതിയിൽ ഉന്നയിച്ച വിഷയങ്ങൾ ടിയാന്റെ ആത്മഹത്യയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസിൽ ഉൾപ്പെടുത്തി അന്വേഷണം നടത്തിയിട്ടുണ്ട്.

(സി) രതീഷിന്റെ ബന്ധുക്കൾ നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ കേസ് സി.ബി.ഐ.-ക്ക് വിടാൻ തയ്യാറാകുമോ; വിശദാംശം നൽകുമോ?

നിലവിൽ ഇക്കാര്യത്തിൽ ഒരു തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടില്ല.

പോലീസ് പിടിച്ചെടുത്ത വാഹനങ്ങൾ ലേലം ചെയ്യാൻ നടപടി

95 (2240) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിൽ പലവിധ കേസുകളുമായി ബന്ധപ്പെട്ട ആയിരക്കണക്കിന് വാഹനങ്ങൾ പിടിച്ചിട്ടിരിക്കുന്നത് മഴയും വെയിലും കൊണ്ട് നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം വാഹനങ്ങളിൽനിന്ന് വിലപിടിപ്പുള്ള വസ്തുക്കൾ മോഷ്ടിക്കാൻ വഴിയൊരുക്കുന്നതും ഇവയിൽ വിഷപ്പാമ്പടക്കമുള്ള ഇഴജന്തുക്കൾ താവളമാക്കുന്നതുമൂലം പൊതുജനങ്ങൾക്ക് ഭീഷണിയാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പ്രശ്നപരിഹാരത്തിന് സർക്കാർ എന്തെങ്കിലും നടപടി ആലോചിക്കുന്നുണ്ടോ?

(എ-സി) സർക്കാർ പുറപ്പെടുവിച്ച 11-9-2018-ലെ ജി.ഒ.(പി) 60/ 2018/ ആഭ്യന്തരം നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം വിവിധ പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ കൃത്യമായ ഇടവേളകളിൽ MSTC പ്ലാറ്റ്ഫോം മുഖേന ഓൺലൈനായി ലേലം ചെയ്തുവരുന്നു. വാഹനങ്ങൾ ഡിസ്പോസ് ചെയ്യുന്നതിലെ കാലതാമസം ഒഴിവാക്കി ഡിസ്പോസൽ വേഗത്തിലാക്കുന്നതിനായി Upset value കുറച്ച് നിശ്ചയിക്കുന്നതിനുള്ള അധികാരം മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്കും ചീഫ് എഞ്ചിനീയർക്കും ഏൽപ്പിച്ച് നൽകി 14-11-2022-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പിടിച്ചെടുത്ത വാഹനങ്ങളുടെ സമയബന്ധിതമായ ഡിസ്പോസൽ ചീഫ് സെക്രട്ടറിതലത്തിലുള്ള യോഗത്തിൽ അവലോകനവും ചെയ്യുന്നുണ്ട്.

(ഡി) ഇത്തരത്തിൽ പിടിക്കപ്പെട്ട വാഹനങ്ങൾ കേസ് തീരുമ്പോൾ ഉപയോഗശൂന്യമായി ആക്രിക്ക് കൊടുക്കേണ്ട അവസ്ഥയുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വിവിധ കേസുകളിൽ പിടിച്ചെടുക്കുന്ന വാഹനങ്ങൾ ലേലം ചെയ്ത് അതിന്റെ വില ട്രഷറിയിൽ ഒടുക്കി കേസ് തീരുമ്പോൾ ഉടമയ്ക്ക് ട്രഷറി വഴി നൽകുകയോ അല്ലെങ്കിൽ തുക സർക്കാരിലേയ്ക്ക് കണ്ടുകെട്ടുകയോ ചെയ്യുന്നതിന് നിയമമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

(ഡി&ഇ) കേസുകളിൽപ്പെട്ട വാഹനങ്ങളുടെ വേഗത്തിലുള്ള ഡിസ്പോസലിനായി കോടതിയിൽനിന്നും അനുമതി നേടിയെടുക്കുന്നതിന് ബന്ധപ്പെട്ട കോടതികളിൽ അപേക്ഷ സമർപ്പിക്കുന്നതിനും എന്നിട്ടും അനുമതി ലഭിക്കാത്തപക്ഷം ഇക്കാര്യം ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തി അനുമതി നേടിയെടുക്കുന്നതിന്, കേസുകളുടെയും വാഹനങ്ങളുടെയും വിശദാംശങ്ങൾ സർക്കാരിൽ സമർപ്പിക്കുന്നതിനും ചീഫ് സെക്രട്ടറി തലത്തിലുള്ള യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. വിവിധ വകുപ്പുകൾക്ക് കീഴിലുള്ള പല നിയമങ്ങൾപ്രകാരവും വാഹനങ്ങൾ പിടിച്ചെടുക്കുന്നതിനാൽ അതത് നിയമങ്ങൾക്കനുസൃതമായാണ് കണ്ടുകെട്ടുകയോ ലേലം ചെയ്യുകയോ ചെയ്യുന്നത്.

ഫോറൻസിക് ലാബ് പരിശോധനയുടെ റിപ്പോർട്ട്

96 (2241) ശ്രീ. അനൂപ് ജേക്കബ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 1146/21 US 427, 436 IPC (ഐ.പി.സി.)-യായി രജിസ്റ്റർ ചെയ്തിട്ടുള്ള കേസിന്റെ ഫോറൻസിക് ലാബ് പരിശോധനാ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ ക്രൈം 1146/21 US 427, 436 IPC നമ്പർ കേസിൽ ബഹുമാനപ്പെട്ട കോടതി മുഖാന്തരം ഫോറൻസിക് ലാബിലേയ്ക്ക് പരിശോധനയ്ക്കായി നൽകിയിട്ടുള്ള മെറ്റീരിയൽ ഒബ്ജക്ട്സ് (Mos)-ന്റെ പരിശോധനാ ഫലം തയ്യാറായിട്ടുള്ളതായി ഫോറൻസിക് ലാബിൽനിന്നും ഇ-മെയിൽ മുഖാന്തരം അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കോടതിയിൽ നിന്നുള്ള ഉത്തരവ് ലഭിക്കുന്നമുറയ്ക്ക് പരിശോധനാ ഫലത്തിന്റെ റിപ്പോർട്ട് കൈപ്പറ്റുന്നതാണ്.

(ബി) പ്രസ്തുത കേസിന്മേലുള്ള പോലീസിന്റെ ഊർജ്ജിതവും ശാസ്ത്രീയവുമായ അന്വേഷണത്തിന്റെ നിലവിലെ പുരോഗതി അറിയിക്കാമോ?

ഈ കേസിലെ പ്രതികളെ കണ്ടെത്തുന്നതിന് സയന്റിഫിക് എക്സ്പെർട്ട്, ഫിംഗർപ്രിന്റ് എക്സ്പെർട്ട് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തിയും സമീപ സ്ഥലങ്ങളിലെ സി.സി.ടി.വി. ക്യാമറകൾ പരിശോധിച്ചും ഊർജ്ജിതവും ശാസ്ത്രീയവുമായ അന്വേഷണം നടത്തിവരുന്നു.

(സി) കുറ്റകൃത്യം നടന്ന് ഒരു വർഷമായിട്ടും പ്രതികളെ പിടിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ഡി) പ്രസ്തുത കേസിന്മേൽ പ്രതികളെ അടിയന്തരമായി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(സി&ഡി) കൃത്യസ്ഥലത്തിന് സമീപത്തും മറ്റുമുള്ള ആളുകളുടെ മൊഴി രേഖപ്പെടുത്തിയതിൽനിന്നും സമീപപ്രദേശത്തെ സി.സി.ടി.വി. ക്യാമറാ ദൃശ്യങ്ങൾ പരിശോധിച്ചും നടത്തിയ അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിയുന്നതിനുള്ള സൂചനകളൊന്നും ലഭിച്ചില്ല. ബഹുമാനപ്പെട്ട കോടതിയിൽ നിന്നുള്ള ഉത്തരവ് ലഭിക്കുന്നപക്ഷം ഫോറൻസിക് ലാബിൽ തയ്യാറായിട്ടുള്ള മെറ്റീരിയൽ ഒബ്ജക്ട്സ് (Mos)-ന്റെ പരിശോധനാഫലം കൈപ്പറ്റുന്നതും ആയത് വിശകലനം ചെയ്തതിനുശേഷം പ്രതികളെ എത്രയും വേഗം കണ്ടെത്തുന്നതിന് നടപടി സ്വീകരിക്കുന്നതുമാണ്.

അന്ധവിശ്വാസങ്ങളുടെ മറവിൽ നടത്തുന്ന ചൂഷണങ്ങൾ

97 (2242) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് അന്ധവിശ്വാസങ്ങളുടെ മറവിൽ നടത്തുന്ന ചൂഷണങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കുമോ?

സംസ്ഥാനത്ത് അന്ധവിശ്വാസങ്ങളുടെ മറവിൽ നടത്തുന്ന ചൂഷണങ്ങൾ തടയുന്നതിനായി ജസ്റ്റിസ് കെ. ടി. തോമസ് ചെയർമാനായ നിയമപരിഷ്കരണ കമ്മീഷൻ സമർപ്പിച്ച "THE KERALA PREVENTION OF INHUMAN EVIL PRACTICE, SORCERY AND BLACK MAGIC BILL, 2022" എന്ന കരട് ബിൽ നിയമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. അന്ധവിശ്വാസങ്ങളുടെ മറവിൽ കുറ്റകൃത്യങ്ങൾ നടത്തുന്നവർക്കെതിരെ നിലവിലെ നിയമങ്ങൾക്കനുസൃതമായി നടപടി സ്വീകരിച്ചുവരുന്നുണ്ട്.

പോലീസ് സേനയുടെ നവീകരണം

98 (2243) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സേനയെ നവീകരിക്കുന്നതിനായി നടപ്പാക്കിയ പരിഷ്കാരങ്ങളും പദ്ധതികളും ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ നേട്ടങ്ങൾ വ്യക്തമാക്കുമോ?

(എ&ബി) പോലീസ് സേനയുടെ ആധുനികവൽക്കരണവും ശാക്തീകരണവും സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. ഇത്തരം പദ്ധതികളുടെ നടത്തിപ്പിലൂടെ സംസ്ഥാന പോലീസിന്റെ സേവനം മികച്ച രീതിയിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിന് സഹായകരമായിട്ടുണ്ട്. ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2022-23 സാമ്പത്തികവർഷം സംസ്ഥാന പദ്ധതിയിൽ പോലീസ് വകുപ്പിന്റെ ആധുനികവൽക്കരണത്തിനായി 154.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.

മേൽപ്പറമ്പ് (കാസർഗോഡ്), കൊട്ടാരക്കര, ചിതറ, ശൂരനാട് (കൊല്ലം റൂറൽ), തേഞ്ഞിപ്പാലം (മലപ്പുറം), കണ്ണവം (കണ്ണൂർ സിറ്റി), വളയം, പെരുവണ്ണാമൂഴി (കോഴിക്കോട് റൂറൽ), കരുനാഗപ്പള്ളി (കൊല്ലം സിറ്റി), വാടാനപ്പള്ളി (തൃശ്ശൂർ റൂറൽ) എന്നീ 10 പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡ്, മലപ്പുറം സൈബർ പോലീസ് സ്റ്റേഷനുകൾക്കും കാസർഗോഡ് ജില്ലയിൽ വനിതാ പോലീസ് സ്റ്റേഷൻ, ബേക്കൽ സബ്ഡിവിഷൻ, വയനാട് സുൽത്താൻ ബത്തേരി സബ് ഡിവിഷനും കോട്ടയം ചങ്ങനാശേരി സബ്ഡിവിഷനും കൊട്ടാരക്കര വനിതാ സെൽ എന്നിവയ്ക്കും പുതിയ കെട്ടിടങ്ങൾക്കായി തുക അനുവദിച്ചിട്ടുണ്ട്.

പോലീസ് വകുപ്പിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പ്രോജക്ടിന് തുടക്കം കുറിച്ചിട്ടുണ്ട്.

സൈബർ ക്രൈം അനാലിസിസിലെ പുതിയ പ്രവണതകൾക്കനുസൃതമായി സൈബർ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സൈബർ ഇടങ്ങളിലെ ക്രിമിനൽ പ്രവണതകൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനും തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ സൈബർ ഡോമുകളെ കൂടുതൽ ശക്തിപ്പെടുത്തിയിട്ടുണ്ട്.

കണ്ണൂർ റൂറൽ ജില്ലയിൽ പുതിയ ജില്ലാ പരിശീലന കേന്ദ്രം, ജില്ലാ പോലീസ് ഓഫീസ്, കൺട്രോൾ റൂം എന്നിവയ്ക്ക് പുതിയ കെട്ടിടം.

പോലീസ് ഉദ്യോഗസ്ഥർക്ക് നൂതന സാങ്കേതികവിദ്യകളെക്കുറിച്ചുള്ള പരിജ്ഞാനം, നിയമപരമായ അവബോധം, തൊഴിൽപരമായ കാര്യശേഷി വർദ്ധിപ്പിക്കൽ, പൊതുജനങ്ങളോടുള്ള പെരുമാറ്റം, സമ്മർദ്ദ ലഘൂകരണം എന്നിവയ്ക്കായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ബോഡിവോൺ ക്യാമറകൾ, Vehicle Mount GPS, Digital Finger Print Machine തുടങ്ങിയ ആധുനിക ഉപകരണങ്ങൾ ഏർപ്പെടുത്തിയും E-Chalan, M-Beat സംവിധാനത്തിലൂടെയും പോലീസ് സേനയെ നവീകരിക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനും സാധിച്ചിട്ടുണ്ട്.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളിലെയും പോലീസ് സംവിധാനങ്ങളെ ഒരു നെറ്റ്‌വർക്കിലൂടെ ബന്ധിപ്പിക്കുന്നതിനായി CCTNS Project നടപ്പാക്കിയിട്ടുണ്ട്. ഈ സംവിധാനം മുഖേന FIR ഓൺലൈൻ വഴി ലഭ്യമാക്കുന്നതിനും പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിലെത്താതെ പോലീസ് സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിനുള്ള സിറ്റിസൺ പോർട്ടൽ സംവിധാനമായ 'തുണ'യും നടപ്പാക്കിയിട്ടുണ്ട്.

കുറ്റാന്വേഷണ മികവ് വർദ്ധിപ്പിക്കുന്നതിനായി Interrogative Techniques, Cyber Crime Investigation, Advance Technology in Forensic Science, Anti-Human Trafficking, Investigation of Murder/Homicide Cases തുടങ്ങിയ വിഷയങ്ങളിൽ എല്ലാ തലത്തിലുള്ള ഉദ്യോഗസ്ഥർക്കും in service പരിശീലനം നൽകിവരുന്നു.

എല്ലാ പോലീസ് ജില്ലകളിലും Automated Number Plate Recognition Camera (ANPR)-കൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ 9 (കൊല്ലം സിറ്റി, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ സിറ്റി, കോഴിക്കോട് സിറ്റി, കോഴിക്കോട് റൂറൽ, കണ്ണൂർ സിറ്റി, മലപ്പുറം, തിരുവനന്തപുരം റൂറൽ) പോലീസ് ജില്ലകളിൽ CCTV Surveillance System സ്ഥാപിച്ചിട്ടുണ്ട്.

എല്ലാ റവന്യൂ ജില്ലകളിലും ജില്ലാ ഫോറൻസിക് സയൻസ് ലബോറട്ടറികൾ സ്ഥാപിച്ച് പ്രവർത്തനസജ്ജമായി വരുന്നു.

സംസ്ഥാനത്തെ 520 പോലീസ് സ്റ്റേഷനുകളിൽ ഓരോന്നിലും 12 വീതം അത്യാധുനിക സി.സി.ടി.വി. ക്യാമറകളും അതിന്റെ ജില്ല/സംസ്ഥാനതല മോണിറ്ററിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ട്രാഫിക് നിയമലംഘകരെ കണ്ടെത്തുന്നതിനും ട്രാഫിക് അപകടങ്ങൾ കുറയ്ക്കുന്നതിനും മറ്റുമായി Integrated Digital Traffic Enforcement System (IDTES) എന്ന പദ്ധതി നടപ്പാക്കുന്നതിന് തീരുമാനിക്കുകയും ഇതിനായി Build Own Operate Transfer (BOOT) പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

2022-23 സംസ്ഥാന പദ്ധതിയിൽ പോലീസ് സ്റ്റേഷനുകൾക്കായി 98 ലൈറ്റ് മോട്ടോർ വെഹിക്കിൾ (LMV), മലയോര പോലീസ് സ്റ്റേഷനുകൾക്കായി 10 Four Wheel Drive LMV, കൺട്രോൾ റൂമുകൾക്കായി 10 LMV, ബറ്റാലിയനുകൾക്കായി 30 LMV-യും 9 ഹെവി ബസുകളും ജില്ലകൾക്കായി 6 മീഡിയം ബസുകൾ, 2 ഓപ്പൺ ലോറി, 1 ആംബുലൻസ്, 2 വാട്ടർ ടാങ്കർ, 69 Two Wheeler, Finger Print Bureau-യ്ക്ക് 22 LMV എന്നിവ അനുവദിച്ചിട്ടുണ്ട്.

ഒരേ കുറ്റവാളികളുടെ വിവരങ്ങൾ പല സോഫ്റ്റ്വെയറുകളിൽ രേഖപ്പെടുത്തേണ്ട സാഹചര്യമൊഴിവാക്കാൻ 'One data one entry' എന്ന തത്വം അടിസ്ഥാനമാക്കി Integrated Core Policing System (iCoPS) എന്ന ആപ്ലിക്കേഷൻ പോലീസ് വകുപ്പിലെ വിദഗ്ധ ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗപ്പെടുത്തി വികസിപ്പിച്ചിട്ടുണ്ട്. iCoPS ആപ്ലിക്കേഷൻ വിവിധ ഘട്ടമായിട്ടാണ് നടപ്പാക്കുന്നത്. ആയതിന്റെ ഭാഗമായി ആദ്യഘട്ടത്തിൽ ജിഡി റെക്കോർഡിംഗ്, എഫ്.ഐ.ആർ. രജിസ്ട്രേഷൻ എന്നീ മൊഡ്യൂളുകൾക്കൊപ്പം സെർച്ച്, എഫ്.ഐ.ആർ. സൂചിക, മറ്റ് രജിസ്റ്ററുകൾ, ഡിജിറ്റൽ ഗ്യാലറി എന്നിവ പുതിയ പ്ലാറ്റ്ഫോമിൽ ഉൾപ്പെടുത്തി പ്രവർത്തനസജ്ജമാക്കിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കളങ്കിത പ്രവർത്തനങ്ങൾക്ക് നടപടി നേരിട്ട എത്ര പോലീസുദ്യോഗസ്ഥരുണ്ടെന്നും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടതിന് 258 പോലീസുകാർക്കെതിരെ 257 ക്രിമിനൽ കേസുകൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്തിട്ടുണ്ട്. കുറ്റകൃത്യങ്ങൾക്കനുസരിച്ച് ഇൻഡ്യൻ ശിക്ഷാനിയമത്തിലെ വിവിധ വകുപ്പുകൾപ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റക്കാരായി കാണുന്നവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കുറ്റകൃത്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് ശക്തമായ വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

വിഴിഞ്ഞം സമരവുമായി ബന്ധപ്പെട്ട് ആർച്ച് ബിഷപ്പിനെതിരെയുള്ള കേസ്

99 (2244) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം സമരവുമായി ബന്ധപ്പെട്ട് ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പിനെതിരെ കേസെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത സമരവുമായി ബന്ധപ്പെട്ട് സ്ഥലത്തില്ലാതിരുന്ന ബിഷപ്പിനെതിരെ കേസ് രജിസ്റ്റർ ചെയ്തത് തെറ്റായ കീഴ്വഴക്കമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ;

(സി) എങ്കിൽ ഇത്തരത്തിൽ ഒരു നടപടി സ്വീകരിക്കാൻ തയ്യാറായതിന്റെ കാരണം വിശദമാക്കാമോ;

(ഡി) സംഭവസ്ഥലത്ത് ഇല്ലാതിരുന്ന ബിഷപ്പിനെതിരെയുള്ള കേസുകൾ ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(എ-ഡി) ഉണ്ട്. ബഹുമാനപ്പെട്ട ഹൈക്കോടതി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങളിലെ നിർദ്ദേശങ്ങൾ ലംഘിച്ച് നടന്ന സമരത്തിനിടെയുണ്ടായ സംഭവങ്ങളിൽ ക്രമസമാധാനപാലനത്തിന്റെ ഭാഗമായുള്ള നിയമാനുസൃത നടപടികളാണ് പോലീസ് സ്വീകരിച്ചത്. പ്രസ്തുത കേസുകൾ അന്വേഷണാവസ്ഥയിലാണ്.

വ്യവസായം തുടങ്ങാൻ കാലതാമസം വരുത്തിയ ഫോറസ്റ്റ് ഉദ്യോഗസ്ഥർക്കെതിരെ നടപടി

100 (2245) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചില വനം വകുപ്പ് ഉദ്യോഗസ്ഥരുടെ അനാവശ്യ ഇടപെടൽമൂലം പാലക്കാട് ജില്ലയിലെ മൈലമ്പള്ളി എന്ന സ്ഥലത്ത് ഹൈവേ സൈഡിൽ വ്യവസായം തുടങ്ങുന്നതിന് കാലതാമസം നേരിടുന്നുവെന്ന് ആരോപിച്ച് യുവ വ്യവസായി ശ്രീ. എ. വി. സന്ദീപ് സംസ്ഥാന പോലീസ് മേധാവിക്ക് (ADGP intelligence) സമർപ്പിച്ച പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത സംഭവത്തിൽ 14-3-2022-ന് നൽകിയ No. G10(a)-8527/ 2022/SB ADGP of Intelligence പരാതിയിൽ No. 962/ssb/22 of Dy.S.P of SSB Palakkad, 488/SSB/22 of Dy.S.P, SSB Palakkad, CA-1132/22/SB-TSR of Superintendent of Police SSB rank 9-2-2022 മേൽ കേസുകളിൽ അന്വേഷണം നടത്തി സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് നൽകാമോ?

(എ&ബി) സംസ്ഥാന ഇന്റലിജൻസ് വിഭാഗം ഒരു പരാതി പരിഹാര സംവിധാനമായിട്ടല്ല പ്രവർത്തിക്കുന്നത്.

കിളികൊല്ലൂർ കേസിലെ പോലീസ് റിപ്പോർട്ട്

101 (2246) ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളികൊല്ലൂരിൽ സൈനികനും സഹോദരനും പോലീസ് സ്റ്റേഷനിൽനിന്ന് മർദ്ദനമേറ്റ സംഭവത്തിൽ കൊല്ലം സിറ്റി പോലീസ് കമ്മീഷണർ മനുഷ്യാവകാശ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

കിളികൊല്ലൂരിൽ സൈനികനും സഹോദരനും പോലീസ് സ്റ്റേഷനിൽ നിന്ന് മർദ്ദനമേറ്റതായി ആരോപിക്കപ്പെടുന്ന സംഭവത്തിൽ കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മീഷന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത റിപ്പോർട്ടിൽ പോലീസ് സ്റ്റേഷനിൽ ഇവർക്ക് മർദ്ദനം നടന്നുവെന്ന് സ്ഥിരീകരിച്ചിട്ടുണ്ടോ;

(സി) പോലീസ് സ്റ്റേഷനിലെ സി.സി.ടി.വി. ദൃശ്യങ്ങൾ അടക്കം പുറത്തുവന്നിട്ടും മർദ്ദിച്ചത് ആരാണെന്ന് അറിയില്ലെന്ന് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുണ്ടോ?

(ബി&സി) ബഹുമാനപ്പെട്ട മനുഷ്യാവകാശ കമ്മീഷന്റെ പരിഗണനയിലിരിക്കുന്ന സംഗതിയിലെ വിവരങ്ങൾ ഈ ഘട്ടത്തിൽ നൽകുന്നത് ഉചിതമല്ല.

(ഡി) സൈനികനെയും സഹോദരനെയും പോലീസ് സ്റ്റേഷനിൽ മർദ്ദിച്ച പോലീസ് ഉദ്യോഗസ്ഥനെ രക്ഷിക്കാനുള്ള ശ്രമങ്ങളാണ് പോലീസ് നടത്തുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പ്രസ്തുത സംഭവത്തിൽ അന്വേഷണം നടത്തി കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

(ഡി&ഇ) ഈ സംഭവവുമായി ബന്ധപ്പെട്ട് പ്രാഥമിക അന്വേഷണം നടത്തുകയും ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇവർക്കെതിരെ വാച്യാന്വേഷണം നടത്തുന്നതിന് കൊല്ലം സിറ്റി DCRB അസിസ്റ്റന്റ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഫയലുകളും മറ്റുരേഖകളും നഷ്ടപ്പെട്ടതായുള്ള പരാതി

102 (2247) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ താഴത്തെ നിലയിൽ സൂക്ഷിച്ചിരുന്ന ഏതാനും അലമാരകളിൽനിന്നും ഫയലുകളും മറ്റു അനുബന്ധ രേഖകളും നഷ്ടപ്പെട്ടതായുള്ള പരാതി ലഭിച്ചിട്ടുണ്ടോ?

ആരോഗ്യ വകുപ്പ് ആസ്ഥാനത്തെ സുപ്രധാന ഫയലുകൾ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പ് ഡയറക്ടറായിരുന്ന ഡോ. വി. ആർ. രാജു, സിറ്റി പോലീസ് കമ്മീഷണർക്ക് ഒരു പരാതി നൽകിയിട്ടുണ്ട്.

(ബി) എങ്കിൽ പ്രസ്തുത പരാതിയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) പ്രസ്തുത പരാതിയിൽ എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

(ബി&സി) പരാതിയിന്മേൽ തിരുവനന്തപുരം സിറ്റി കന്റോൺമെന്റ് പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. മുഖാന്തരം പ്രാഥമിക അന്വേഷണം നടത്തിയിട്ടുള്ളതാണ്. ഫയലുകൾ നഷ്ടപ്പെട്ടുവെന്ന പരാതിയിന്മേൽ പ്രാഥമിക അന്വേഷണം നടത്തിയതിൽ Cognizable Offence നടന്നതായി അറിവായിട്ടില്ലാത്തതിനാൽ പോലീസ് FIR രജിസ്റ്റർ ചെയ്തിട്ടില്ല.

(ഡി) പ്രസ്തുത പരാതിയുടെ പകർപ്പ് ലഭ്യമാക്കാമോ?

പരാതിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ഇ) പ്രസ്തുത പരാതിയിൽ പ്രാഥമിക അന്വേഷണം നടത്തി ആരോഗ്യവകുപ്പിന്റെ വകുപ്പുതല അന്വേഷണം മാത്രം മതിയെന്ന് പോലീസ് തീരുമാനിച്ചിരുന്നോ; ഇതിനുള്ള കാരണം വിശദമാക്കുമോ?

നിലവിൽ തീരുമാനിച്ചിട്ടില്ല.

(എഫ്) പ്രസ്തുത പരാതിയിൽ ആരോഗ്യവകുപ്പിന്റെ വകുപ്പുതല അന്വേഷണം മാത്രം മതിയെന്ന് പോലീസ് ആരോഗ്യ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അത്തരമൊരു നിർദ്ദേശം നൽകിയിട്ടില്ല.

മുട്ടിൽ മരം മുറി കേസ് അന്വേഷണം

103 (2248) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുട്ടിൽ മരം മുറി കേസിന്റെ അന്വേഷണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കേസിന്റെ അന്വേഷണം നീണ്ടുപോകാനുള്ള സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(എ&ബി) ക്രൈംബ്രാഞ്ച്, വനം-വന്യജീവി വകുപ്പ്, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഉൾപ്പെട്ട ടീം രൂപീകരിച്ച് അന്വേഷണം നടത്തിവരുന്നു. ശാസ്ത്രീയ പരിശോധന ആവശ്യമായതിനാൽ കേരള ഫോറസ്റ്റ് റിസർച്ച്

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും മരങ്ങളുടെ ഡി.എൻ.എ. പരിശോധനയ്ക്കും പ്രായം നിർണ്ണയിച്ചിട്ടുള്ള സർട്ടിഫിക്കറ്റിനും ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ നിന്നുള്ള ശാസ്ത്രീയ പരിശോധനയ്ക്കും സാമ്പിളുകൾ അയച്ചിരിക്കുകയാണ്. പരിശോധനാ ഫലം ലഭിക്കാനുണ്ട്.

(സി) പ്രസ്തുത കേസിന്റെ അന്വേഷണം നീളുന്നത് കേസിലെ പ്രതികളെ സംരക്ഷിക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കേസിന്റെ അന്വേഷണം എപ്പോൾ അവസാനിക്കുമെന്ന് വ്യക്തമാക്കാമോ?

(സി&ഡി) കേസിന്റെ ശാസ്ത്രീയ പരിശോധനാ ഫലങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം ബഹുമാനപ്പെട്ട കോടതി മുമ്പാകെ സമർപ്പിക്കുന്നതാണ്.

കുണ്ടറ മണ്ഡലത്തിലെ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ

104 (2249) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുണ്ടറ മണ്ഡലത്തിലെ ഏതൊക്കെ സ്കൂളുകളിലാണ് നിലവിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ ഉള്ളതെന്ന് വിശദമാക്കുമോ?

കുണ്ടറ മണ്ഡലത്തിലെ താഴെ പറയുന്ന സ്കൂളുകളിലാണ് സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ നിലവിലുള്ളത്.

1. എസ്.എൻ.സി.പി.എം. എച്ച്.എസ്.എസ്., മുഖത്തല

2. എൻ.എൽ.കെ.എം.എച്ച്.എസ്.എസ്., കണ്ണനല്ലൂർ (കൊല്ലം സിറ്റി)

3. എം.വി.ജി.എച്ച്.എസ്.എസ്., പേരൂർ

4. ജി.എച്ച്.എസ്.എസ്., പെരിനാട്

5. എം.ജി.ഡി.എച്ച്.എസ്.എസ്. ഫോർ ബോയ്സ്, കുണ്ടറ (കൊല്ലം റൂറൽ)

6. എം.ജി.ഡി.എച്ച്.എസ്. ഫോർ ഗേൾസ്, കുണ്ടറ

(ബി) പുതുതായി സ്റ്റുഡന്റ് പോലീസ് കേഡറ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി ഏതൊക്കെ സ്കൂളുകളാണ് നിലവിൽ അപേക്ഷ നൽകിയിട്ടുള്ളതെന്നും പ്രസ്തുത അപേക്ഷയിന്മേൽ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

2022-2023 അധ്യയന വർഷത്തിൽ എസ്.പി.സി. യൂണിറ്റ് അനുവദിക്കുന്നതിനായി അപേക്ഷ സ്വീകരിക്കാനുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിട്ടില്ല.

ആത്മഹത്യാക്കുറിപ്പിനെ അടിസ്ഥാനമാക്കി അന്വേഷണം

105 (2250) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ മൂന്നുമാസം മുമ്പ് ആത്മഹത്യ ചെയ്ത രാഷ്ട്രീയ നേതാവിന്റെ ആത്മഹത്യാക്കുറിപ്പിൽ തൃശ്ശൂർ കേരളവർമ്മ കോളേജിലെ അധ്യാപക നിയമനം സംബന്ധിച്ച പരാമർശമുള്ളതായി പ്രമുഖ ദിനപത്രം റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ ഈ കാര്യത്തിലെ വസ്തുത വെളിപ്പെടുത്തുമോ;

(ബി) ആത്മഹത്യാക്കുറിപ്പിനെ അടിസ്ഥാനമാക്കി കേസിൽ എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) മൂന്ന് മാസം മുമ്പ് ആത്മഹത്യ ചെയ്ത രാഷ്ട്രീയ നേതാവിന്റെ ആത്മഹത്യാക്കുറിപ്പിൽ കേരളവർമ്മ കോളേജിലെ അധ്യാപക നിയമനം സംബന്ധിച്ച് യാതൊരു പരാമർശവും ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം

106 (2251) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട ഏതൊക്കെ കേസുകളിൽ സംസ്ഥാന സർക്കാർ പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടുണ്ട്; ഓരോ കേസിലും ഹാജരായ അഭിഭാഷകർ ആരൊക്കെയാണ്; ഓരോരുത്തർക്കും ഫീസിനത്തിലും യാത്രാപടിയായും മറ്റ് ആനുകൂല്യങ്ങളായും അനുവദിച്ച തുക എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

മുൻ സർക്കാരിന്റെ കാലയളവ് മുതൽ നാളിതുവരെ രാഷ്ട്രീയ കൊലപാതകങ്ങളുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിലെ കേസുകൾക്ക് സംസ്ഥാനത്തിന് പുറത്തുനിന്നുള്ള അഭിഭാഷകരുടെ സേവനം തേടിയിട്ടുള്ള കേസുകളുടെയും ഫീസിനത്തിൽ അനുവദിച്ച തുകയുടെയും വിശദാംശങ്ങളും ഹൈക്കോടതിയിൽ ഹാജരായതിനും യാത്രാപ്പടി, താമസം, ഭക്ഷണം എന്നിങ്ങനെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും മേൽ വിഷയവുമായി ബന്ധപ്പെട്ട് സുപ്രീംകോടതിയിൽ ഹാജരായ കേസുകളുടെ വിശദാംശങ്ങളും അനുവദിച്ച തുകയുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു.*

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയാൻ നടപടി

107 (2252) ശ്രീമതി ഉമ തോമസ്:
ശ്രീമതി കെ. കെ. രമ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെ അതിക്രമങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കോട്ടയത്തും തിരുവനന്തപുരത്തെ കോടതി റോഡ്, മ്യൂസിയം, കവടിയാർ പണ്ഡിറ്റ് കോളനി എന്നിവിടങ്ങളിലും സ്ത്രീകൾക്കെതിരെ അതിക്രമം നടന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ട്. പ്രസ്തുത സംഭവങ്ങൾക്ക് കേസുകൾ രജിസ്റ്റർ ചെയ്ത് ശക്തമായ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) സ്ത്രീകൾക്കെതിരെ നടക്കുന്ന അക്രമങ്ങൾ തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഇത്തരം സംഭവങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

(സി&ഡി) സ്ത്രീകൾക്കെതിരെ നടക്കുന്ന അക്രമങ്ങൾ തടയുന്നതിന് ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നത്. ഇത്തരത്തിലുള്ള പരാതികൾ ലഭ്യമായാൽ ഉടൻതന്നെ കേസ് രജിസ്റ്റർ ചെയ്ത് കാര്യക്ഷമമായി അന്വേഷണം പൂർത്തിയാക്കി പ്രതികളെ അറസ്റ്റ് ചെയ്ത് സമയബന്ധിതമായി കുറ്റപത്രം തയ്യാറാക്കി കോടതിയിൽ സമർപ്പിച്ച് വിചാരണ വേഗത്തിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ കർശനമായി തടയുന്നതിന് നിലവിലെ നിയമങ്ങൾപ്രകാരം ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പിങ്ക് പോലീസ് സംവിധാനം, വനിതാ ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ സംവിധാനം, ഹെൽപ്പ് ഡെസ്ക് സംവിധാനം തുടങ്ങിയവ ഏർപ്പെടുത്തിയിട്ടുള്ളതും കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നതുമാണ്. സ്ത്രീകൾക്ക് സ്വയം പ്രതിരോധത്തിനുവേണ്ടി Self Defence പദ്ധതി കാര്യക്ഷമമായി നടപ്പിൽ വരുത്തിയിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമം

തടയുന്നതിനും അവരെ സുരക്ഷിതമായി ലക്ഷ്യസ്ഥാനങ്ങളിൽ എത്തിക്കുന്നതിനും കൺട്രോൾ റൂം, പിങ്ക് പട്രോൾ എന്നിവയുടെ സേവനം ലഭ്യമാക്കിയിട്ടുള്ളതാണ്. ഏതെങ്കിലും സാഹചര്യത്തിൽ അപകടത്തിൽപ്പെടുന്ന സ്ത്രീകൾക്ക് സംരക്ഷണം ഉറപ്പു വരുത്തുന്നതിനായി Nirbhaya APP-ന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നു.

പോക്സോ കോടതികളുടെ പ്രവർത്തനം

108 (2253) ശ്രീ. യു. എ. ലത്തീഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പോക്സോ കോടതികൾ പ്രവർത്തിക്കുന്നുണ്ട്; പട്ടിക നൽകാമോ; പുതിയ കോടതികൾ തുടങ്ങാൻ പദ്ധതിയുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്ത് രണ്ട് ഘട്ടങ്ങളിലായി 56 അതിവേഗ പ്രത്യേക കോടതികൾക്ക് അനുമതി നൽകിയിട്ടുണ്ട്. അവയിൽ ആദ്യഘട്ടത്തിൽ അനുവദിച്ച 28 അതിവേഗ പ്രത്യേക കോടതികളും പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി അനുവദിച്ച 28 കോടതികളിൽ 23 കോടതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ അഡീഷണൽ സ്പെഷ്യൽ കോടതി പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കൂടാതെ ഓരോ ജില്ലയിലെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. കോടതികളെ പോക്സോ നിയമം സെക്ഷൻ 28 (1) പ്രകാരം ചൈൽഡ് റൈറ്റ് ആക്ട് 2005 സംരക്ഷിക്കുന്നതിനായി പ്രത്യേക പോക്സോ കോടതികളായി വിജ്ഞാപനം ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത കോടതികളിൽ ആവശ്യത്തിന് സ്ഥിരം ജീവനക്കാരില്ല എന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) പോക്സോ കേസുകൾ പോലുള്ള ഗുരുതര സ്വഭാവമുള്ള കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികളിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ് പോലുള്ള തസ്തികകളിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നത് അഭികാമ്യമാണോ; വ്യക്തമാക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) പോക്സോ അതിവേഗ കോടതികളിൽ കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി&ഡി) അതിവേഗ പ്രത്യേക കോടതികളിലെ സ്റ്റാഫ് പാറ്റേൺ, നിയമന രീതി എന്നിവ ബഹു. ഹൈക്കോടതി ശിപാർശ ചെയ്ത പ്രകാരമാണ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

സ്ത്രീകൾ നേരിടുന്ന ആക്രമണം നേരിടാൻ നടപടി

109 (2254) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീകൾക്കും വയോജനങ്ങൾക്കും മറ്റ് ദുർബല വിഭാഗങ്ങൾക്കും സംരക്ഷണമൊരുക്കുന്നതിന് പോലീസിന്റെ ഇടപെടലും ഘടനയും മെച്ചപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സ്വീകരിച്ചിട്ടുണ്ട്. സ്ത്രീകൾക്കും വയോജനങ്ങൾക്കും മറ്റും സംരക്ഷണമൊരുക്കുന്നതിനായി ജനമൈത്രി പദ്ധതിയുടെ ഭാഗമായി ഗൃഹസന്ദർശനങ്ങൾ നടത്തി അവർക്കുവേണ്ട എല്ലാവിധ സഹായങ്ങളും നൽകി വരുന്നതോടൊപ്പം അവർക്ക് നേരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച വിവരങ്ങൾ ലഭിച്ചാലുടൻ തന്നെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം വേഗത്തിൽ നടത്തി കുറ്റപത്രം സമർപ്പിച്ചുവരുന്നു. കൂടാതെ ഈ ലക്ഷ്യം മുൻനിർത്തി പോലീസ് സ്റ്റേഷനുകളിൽ വനിതാ ഹെൽപ്പ് ഡെസ്ക് ഏർപ്പെടുത്തിയിട്ടുള്ളതുമാണ്. ഇതിനു പുറമെ പിങ്ക് പോലീസ്, അപരാജിത, Domestic Conflict Resolution Centre, നിർഭയ പദ്ധതി, നിർഭയം ആപ്പ്, കിഡ്സ് ഗ്ലൗ, ഹോപ്പ് തുടങ്ങിയ സംവിധാനങ്ങളും നടപ്പാക്കിയിട്ടുണ്ട്. ഗാർഹിക പീഡനം, സ്ത്രീധനം തുടങ്ങിയവ സംബന്ധിച്ചുള്ള പരാതികളിന്മേൽ അടിയന്തര നടപടി സ്വീകരിക്കുന്നതിനായി 'അപരാജിത' എന്ന പദ്ധതി നിലവിൽ വന്നിട്ടുണ്ട്. വയോജനങ്ങൾക്ക് ആവശ്യമായ സേവനങ്ങൾക്കായി Elder Help Line സാമൂഹ്യ ക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ പോലീസ് സഹായത്തോടെ പ്രവർത്തിക്കുന്നുണ്ട്. മുതിർന്ന പൗരന്മാർക്കായി CARE, Senior Citizen Help Desk എന്നീ സംവിധാനങ്ങൾ വഴി വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ജനമൈത്രി ബീറ്റ് സംവിധാനം വഴി ഒറ്റയ്ക്ക് താമസിക്കുന്ന വയോജനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് ഇവർക്ക് ആവശ്യമായ

സുരക്ഷ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദുർബല വിഭാഗങ്ങൾ അധിവസിക്കുന്ന മേഖലകളിൽ ടൈബൽ ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ അവർക്കുവേണ്ട ബോധവൽക്കരണ ക്ലാസ്സുകളും മറ്റു സഹായങ്ങളും നൽകിവരുന്നു.

(ബി) പൊതുസ്ഥലങ്ങളിലും സൈബറിടങ്ങളിലും സ്വന്തം ഭവനങ്ങളിലും സ്ത്രീകൾ ആക്രമണം നേരിടുന്നതിനാൽ ആയത് ഫലപ്രദമായി നേരിടാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കേരള പോലീസ് രൂപം നൽകിയ പിങ്ക് പ്രൊട്ടക്ഷൻ പ്രോജക്ട്, വനിതാ സെല്ലുകളിലെ കൗൺസിലിംഗ് സംവിധാനം, സ്ത്രീകളെയും കുട്ടികളെയും സംബന്ധിക്കുന്ന നിയമ വിഷയങ്ങളിൽ എല്ലാ പോലീസ് ജില്ലകളിൽ നിന്നുമുള്ള വനിതാ പോലീസ് ഉദ്യോഗസ്ഥർക്ക് നൽകുന്ന പ്രത്യേക പരിശീലനം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെ aparajitha.pol@kerala.gov.in എന്ന ഇ-മെയിൽ വിലാസത്തിലും 9497996992 എന്ന നമ്പരിലും പരാതി നൽകുന്നതിനായുള്ള പ്രത്യേക സംവിധാനം, നമ്പർ ഡയൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ആക്രമണങ്ങൾക്ക് ഇരയാകുന്ന പെൺകുട്ടികൾക്ക് പോലീസ് സഹായം പെട്ടെന്ന് എത്തിക്കാനായി ഫോണിന്റെ പവർ ബട്ടൺ മൂന്ന് തവണ അമർത്തിയാൽ പോലീസ് ആസ്ഥാനത്തെ കമാന്റ് സെന്ററിലേയ്ക്ക് സന്ദേശം അയയ്ക്കാനുള്ള സംവിധാനം, പൊതു-സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീ സുരക്ഷയൊരുക്കുന്നതിന്റെ ഭാഗമായി പിങ്ക് പോലീസ് സംവിധാനം, ജനമൈത്രി സംവിധാനം, വനിതാ സെൽ, വനിതാ ഹെൽപ്പ് ലൈൻ, ഹെൽപ്പ് ഡെസ്ക് തുടങ്ങിയവ സ്ത്രീകൾക്കും കുട്ടികൾക്കും സ്വയംപ്രതിരോധം വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള Self Defence പദ്ധതി, പോലീസിന്റെ ടോൾ ഫ്രീ നമ്പരുകളിൽ പോലീസ് സഹായം തേടാനുള്ള സംവിധാനം, Domestic Conflict Resolution Centre (DCRC), നിർഭയം ആപ്പ്, സോഷ്യൽ മീഡിയയിലെ ദുരുപയോഗം തടയുന്നതിനായി പോലീസിന്റെ ഫെയ്സ്ബുക്ക്, ഇൻസ്റ്റഗ്രാം, വിഷ്വൽ മീഡിയ എന്നിവയുടെ സഹായത്തോടുകൂടി വീഡിയോകളും മറ്റും പ്രചരിപ്പിച്ച് നടത്തുന്ന ബോധവൽക്കരണം, സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്കായി നിലവിലുണ്ടായിരുന്ന 10 വനിതാ പോലീസ് സ്റ്റേഷനുകൾക്കുപുറമേ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളിൽ നാല് വനിതാ പോലീസ് സ്റ്റേഷനുകൾ കൂടി സ്ഥാപിച്ചത്, പൊതു-സ്വകാര്യ സ്ഥലങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പുവരുത്തുന്നതിനും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും പരാതികൾ ലഭിക്കുന്ന മുറയ്ക്ക് നിലവിലെ നിയമമനുസരിച്ച് ശക്തമായ നിയമനടപടികളും സ്വീകരിച്ചുവരുന്നു.

(സി) പോലീസ് സ്റ്റേഷനിൽ പരാതിയുമായി എത്തുന്ന സ്ത്രീകളോടും കുട്ടികളോടും പോലീസുകാർ അപമര്യാദയായി പെരുമാറുകയും അവരെ ചൂഷണം ചെയ്യുകയും ചെയ്യുന്ന സംഭവങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ?

പലവിധ ആവശ്യങ്ങൾക്കായി എത്തിച്ചേരുന്ന പൊതുജനങ്ങളോടും ജനപ്രതിനിധികളോടും പൊതുപ്രവർത്തകരോടും മാന്യമായി പെരുമാറുക എന്നത് അതീവ പ്രാധാന്യമുള്ള കാര്യമാണ്. അതോടൊപ്പം സ്റ്റേഷന് പുറത്തും വാഹന പരിശോധനാ ഘട്ടത്തിലും ആളുകളോട് മാന്യമായി പെരുമാറുന്ന രീതിയുണ്ടാകണം. അതോടൊപ്പം ജനങ്ങൾക്ക് സഹായം ആവശ്യമാകുന്ന ഘട്ടങ്ങളിലെല്ലാം അവരോടൊപ്പം ചേർന്നുനിൽക്കുന്ന സേനയായി പ്രവർത്തിക്കുകയും വേണം. ഇതിന് വിരുദ്ധമായ പ്രവർത്തനങ്ങൾ ഉണ്ടായ ഘട്ടത്തിലെല്ലാം അതിനെതിരെ ശക്തമായ നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇക്കാരണത്താൽ ഇത്തരം സംഭവങ്ങൾ കുറഞ്ഞുവരുന്നതായാണ് കാണുന്നത്.

(ഡി) പോലീസ് സ്റ്റേഷനിൽ എത്തുന്ന സ്ത്രീകളെയും കുട്ടികളെയും ചൂഷണം ചെയ്ത കേസുകളിൽനിന്നും രക്ഷപ്പെടാൻ പോലീസുകാർ വ്യാജ രേഖയുണ്ടാക്കുന്ന കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) വനിതാ ഡോക്ടറെ പീഡിപ്പിച്ച കേസിൽ പ്രതിയായിരുന്ന മലയിൻകീഴ് സർക്കിൾ ഇൻസ്പെക്ടറെ സർക്കാർ സംരക്ഷിച്ചിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ?

(ഡി&ഇ) മലയിൻകീഴ് പോലീസ് സ്റ്റേഷനിൽ പരാതിക്കാരി പ്രസ്തുത സ്റ്റേഷനിലെ സി.ഐ.-ക്കെതിരെ കേസ് കൊടുക്കുമെന്ന ധാരണയിൽ അതിനെ പ്രതിരോധിക്കാൻ ടി സ്റ്റേഷനിലെ റൈറ്ററിൽനിന്നും പരാതിക്കാരിക്കെതിരെ റിപ്പോർട്ട് എഴുതി വാങ്ങിയതായി ശ്രദ്ധയിൽപ്പെടുകയും ടി ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തിട്ടുള്ളതുമാണ്. കേസ് അന്വേഷണാവസ്ഥയിലാണ്.

(എഫ്) സമാനമായ സംഭവങ്ങൾ തടയാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

നിയമവിരുദ്ധ പ്രവർത്തനങ്ങൾ ചെയ്യാതിരിക്കാനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എല്ലാ പോലീസ് ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. കൂടാതെ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്ന പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നിയമനടപടികളും ശക്തമായ വകുപ്പുതല നടപടികളും സ്വീകരിച്ചുവരുന്നുണ്ട്.

ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി

110 (2255) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ പിണ്ടിമന ഗ്രാമപഞ്ചായത്തിൽ തൃക്കരിപ്പൂർ വില്ലേജിൽ അയിരൂർപാടം സ്വദേശിനി പാണ്ഡ്യാർപിള്ളിൽ വീട്ടിൽ ആമിന അബ്ദുൾഖാദർ കൊലപാതക കേസിന്റെ അന്വേഷണ പുരോഗതി വിശദമാക്കാമോ?

ആമിന അബ്ദുൾ ഖാദറിന്റെ മരണവുമായി ബന്ധപ്പെട്ട് കോതമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 434/2021 U/s 174 Cr.PC പ്രകാരം കേസ് രജിസ്റ്റർ ചെയ്തിരുന്നതും കൊലപാതകമായേക്കാമെന്ന നിഗമനത്തിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിവരവെ ഈ കേസിന്റെ തുടർന്നുള്ള അന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടുള്ളതുമാണ്. ക്രൈം നമ്പർ 257/CB/EKM/R/2021 ആയി റീനമ്പർ ചെയ്ത് തുടരന്വേഷണം ക്രൈംബ്രാഞ്ച് എറണാകുളം യൂണിറ്റ് 22-9-2021 മുതൽ ഏറ്റെടുത്ത് നടത്തിവരുന്നു.

(ബി) കോതമംഗലം പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 434/2021 യു./എസ്. 174 സി.ആർ.പി.സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും പിന്നീട് 257/സി.ബി./ഇ.കെ.എം./ആർ./2021 റീനമ്പർ ചെയ്ത് ക്രൈംബ്രാഞ്ചിന് കൈമാറുകയും ചെയ്ത കേസിന്റെ അന്വേഷണ പുരോഗതി അറിയിക്കാമോ;

(സി) പ്രസ്തുത കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണം കൂടുതൽ ഊർജ്ജിതമാക്കി കുറ്റവാളികളെ കണ്ടെത്തുന്നതിനാവശ്യമായ സത്വരനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) ഈ കേസിന്റെ അന്വേഷണം ക്രൈംബ്രാഞ്ച് ഏറ്റെടുത്തതിനുശേഷം കൃത്യസ്ഥലം സന്ദർശിക്കുകയും മുമ്പുണ്ടായിരുന്ന അന്വേഷണ സംഘത്തിലെ ഉദ്യോഗസ്ഥരുമായി വിശദമായ ചർച്ച നടത്തുകയും ചെയ്തിട്ടുള്ളതാണ്. ഈ കേസിലേയ്ക്ക് 22-9-2021-ൽ എറണാകുളം റീജിയണൽ കെമിക്കൽ എക്സാമിനേഷൻ സയൻസ് ലാബിൽനിന്നും ലഭിച്ചിട്ടുള്ള പരിശോധനാ റിപ്പോർട്ട് പരിശോധിച്ച് കൂടുതൽ പരിശോധനയ്ക്കായി Forensic Science Lab-ലേയ്ക്ക് അയച്ചും സംശയിക്കുന്നവരുടെ CDR ശേഖരിച്ചും കൂടുതൽ അന്വേഷണം നടത്തിവരികയാണ്. ഈ കേസിലേയ്ക്ക് കുറ്റകൃത്യത്തിൽ പങ്കുണ്ടായേക്കാമെന്ന് ശക്തമായി സംശയിച്ചിരുന്ന ഒരാളെ ചോദ്യം ചെയ്ത് അയാളുടെ രക്തസാമ്പിൾ

ശേഖരിച്ച് ഫോറൻസിക് പരിശോധനയ്ക്ക് അയയ്ക്കുകയും എന്നാൽ സാമ്പിൾ എടുത്ത് രണ്ട് ദിവസം കഴിഞ്ഞ് ടിയാൻ സെറിബ്രൽ ഹെമറേജ് സംഭവിച്ച് മരണപ്പെട്ടിട്ടുള്ളതുമാണ്. തുടർന്ന് കുറ്റത്തിൽ പങ്കുണ്ടെന്ന് സംശയിക്കുന്ന ആൾക്കാരെ കേന്ദ്രീകരിച്ച് കൂടുതൽ അന്വേഷണം നടത്തിവരികയാണ്.

അനധികൃത പണമിടപാട് സ്ഥാപനങ്ങൾ നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങൾ

111 (2256) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാന രജിസ്ട്രേഷനുള്ളതും അല്ലാത്തതുമായ അനധികൃത സ്ഥാപനങ്ങൾ നടത്തുന്ന ഓൺലൈൻ തട്ടിപ്പുകളും വട്ടപ്പലിശ സംഘങ്ങൾ, മറ്റിതര പണപ്പിരിവ് സംഘങ്ങൾ എന്നിവ നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ലോക്കൽ പോലീസ് 478 കേസുകളും ക്രൈം ബ്രാഞ്ച് വിഭാഗത്തിൽ 128 കേസുകളും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു.

(ബി) എങ്കിൽ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം നാളിതുവരെ ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര ആത്മഹത്യകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര കൊലപാതകങ്ങൾ നടന്നിട്ടുണ്ടെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് 3 പേർ ആത്മഹത്യ ചെയ്ത സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൊലപാതക കേസുകളൊന്നുംതന്നെ രജിസ്റ്റർ ചെയ്തിട്ടില്ല.

(സി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാനും ജനങ്ങളെ ബോധവൽക്കരിക്കാനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ നിയമനിർമ്മാണത്തിന്റെ ആവശ്യകത പരിഗണിക്കുമോ?

(സി&ഡി) സാമ്പത്തിക കുറ്റകൃത്യങ്ങൾ അനിയന്ത്രിതമായി വർദ്ധിക്കുന്ന സാഹചര്യം നിലവിലില്ല. എന്നാൽ വിവിധ ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ സുഗമമാക്കിയ ഇ-കൊമേഴ്സിന്റെയും കമ്പോള സമ്പദ്വ്യവസ്ഥയുടെയും കാലഘട്ടത്തിൽ സങ്കീർണ്ണമായ സാമ്പത്തിക ഇടപാടുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാമ്പത്തിക

കുറ്റകൃത്യങ്ങളുടെ അന്വേഷണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി രജിസ്റ്റർ ചെയ്യുന്ന കേസുകൾ അന്വേഷണം നടത്തുന്നതിന് സാങ്കേതിക വൈദഗ്ധ്യം നേടിയ അന്വേഷണ ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന സാമ്പത്തിക കുറ്റകൃത്യങ്ങളുടെ അന്വേഷണ വിഭാഗത്തിന് ക്രൈം ബ്രാഞ്ചിന്റെ കീഴിൽ രൂപം നൽകി പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതിലേയ്ക്ക് 233 തസ്തികകളും അനുവദിക്കുകയുണ്ടായി.

കേരള പോലീസിന്റെ വിവിധ വിഭാഗങ്ങളായ ഹൈടെക് സെൽ, സൈബർ ഡോം, സൈബർ പോലീസ് സ്റ്റേഷൻ എന്നിവയെ ഉപയോഗപ്പെടുത്തി ഡിജിറ്റൽ മേഖലയിലൂടെ നടത്തുന്ന തട്ടിപ്പുകൾക്കെതിരെ രജിസ്റ്റർ ചെയ്യുന്ന കേസുകളുടെ അന്വേഷണത്തിന് ആവശ്യമായ സാങ്കേതിക സഹായം നൽകിവരുന്നു. ഉപഭോക്താക്കൾക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമുകളിലൂടെ നടത്തുന്ന തട്ടിപ്പുകളെയും ഓൺലൈൻ ചതിക്കുഴികളെയും സംബന്ധിച്ച് ദൃശ്യ-പത്ര മാധ്യമങ്ങളിലും പോലീസിന്റെ സോഷ്യൽ മീഡിയാ അക്കൗണ്ടുകളിലും ഇതിനെക്കുറിച്ചുള്ള മുന്നറിയിപ്പുകൾ പ്രസിദ്ധപ്പെടുത്തി പ്രചരിപ്പിച്ചുവരുന്നു. ഇതിനുപുറമേ റസിഡന്റ്സ് അസോസിയേഷനുകൾ, സ്കൂൾ, കോളേജുകൾ, NGO-കൾ എന്നിവർക്കായി സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ് എന്നിവയിലൂടെ ഇക്കാര്യത്തിൽ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഓൺലൈൻ സാമ്പത്തിക കുറ്റകൃത്യങ്ങൾ തടയുന്നതിന് കേരള പോലീസിന്റെ കോൾ സെന്റർ പ്രവർത്തിച്ചുവരുന്നു. 1930 എന്ന ടോൾഫ്രീ നമ്പരിൽ വിളിച്ച് ഓൺലൈൻ കുറ്റകൃത്യങ്ങളെ സംബന്ധിച്ച് പരാതി അറിയിച്ചാൽ ഉടനടി ബാങ്ക് അധികാരികളെ വിവരം അറിയിച്ച് പണമിടപാട് മരവിപ്പിച്ചശേഷം കുറ്റക്കാർക്കെതിരെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്ത് അനധികൃത നിക്ഷേപ പദ്ധതികളെക്കുറിച്ചുള്ള പ്രചരണങ്ങൾ സ്പെഷ്യൽ ബ്രാഞ്ച് പോലീസ് സസൂക്ഷ്മം നിരീക്ഷിച്ചുവരുന്നതും ഇത്തരം കുറ്റകൃത്യങ്ങൾ തടയുന്നതിനും ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ സ്വീകരിക്കേണ്ട സുരക്ഷാ മുൻകരുതലുകളെക്കുറിച്ച് ഓൺലൈൻ വഴിയും സാമൂഹ്യ മാധ്യമ അക്കൗണ്ട് വഴിയും സുരക്ഷിത പണമിടപാടുകളെ സംബന്ധിച്ച് അവബോധവും ബോധവൽക്കരണവും സന്ദേശങ്ങളും നൽകിവരുന്നു. നിക്ഷേപ സ്ഥാപനങ്ങളുടെ അനധികൃത പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കർശന നിയമനടപടി സ്വീകരിക്കുന്നതാണ്. കൂടാതെ അനധികൃത നിക്ഷേപ പദ്ധതികൾ പ്രചരിപ്പിക്കുന്നവർക്കെതിരെയും നിക്ഷേപങ്ങൾ സ്വീകരിക്കുന്നവർക്കെതിരെയും ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരവും BUDS Act, Kerala Protection of Interest of Depositors in Financial Establishment Act, Kerala Money Lenders Act എന്നിവ മുഖേന നിയമനടപടികളും സ്വീകരിച്ചുവരുന്നു.

വനിതാ പോലീസ് സ്റ്റേഷനുകൾ

112 (2257) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പോലീസ് സ്റ്റേഷനുകളാണ് നിലവിലുള്ളത്?

സംസ്ഥാനത്ത് 549 പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്.

(ബി) സംസ്ഥാനത്ത് വനിതാ പോലീസ് സ്റ്റേഷനുകൾ നിലവിൽ വന്നത് എന്നാണ്; എത്ര വനിതാ പോലീസ് സ്റ്റേഷനുകളാണ് നിലവിലുള്ളത്?

27-10-1973-ലാണ് ആദ്യത്തെ വനിതാ പോലീസ് സ്റ്റേഷൻ നിലവിൽ വന്നത്. ഏറ്റവും അവസാനം 2019-ൽ 4 വനിതാ പോലീസ് സ്റ്റേഷനുകൾ പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് എന്നീ നാല് റവന്യൂ ജില്ലകളിൽ തസ്തികയുൾപ്പെടെ അനുവദിച്ചിട്ടുണ്ട്. നിലവിൽ 14 വനിതാ പോലീസ് സ്റ്റേഷനുകൾ സംസ്ഥാനത്തുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒരു വനിതാ ബറ്റാലിയനും ആരംഭിച്ചു.

(സി) സംസ്ഥാന പോലീസ് സേനയുടെ ആകെ അംഗബലം എത്രയാണ്; ഓരോ തസ്തികയിലെയും പുരുഷ, വനിതാ പോലീസുകാരുടെ എണ്ണം വേർതിരിച്ച് ലഭ്യമാക്കുമോ; സംസ്ഥാന പോലീസ് സേനയുടെ അംഗ ബലത്തിന്റെ എത്ര ശതമാനമാണ് വനിതാ പോലീസ് സേനാംഗങ്ങൾ; വ്യക്തമാക്കുമോ?

സംസ്ഥാന പോലീസ് സേനയിലെ ആകെ അംഗബലം 56620 ആണ്. സിവിൽ പോലീസ് ഉദ്യോഗസ്ഥരിൽ പുരുഷ, വനിതാ പോലീസുകാരുടെ വേർതിരിച്ചുള്ള എണ്ണം, പോലീസ് സേനയുടെ അംഗബലത്തിന്റെ എത്ര ശതമാനമാണ് വനിതാ പോലീസ് സേനാംഗങ്ങൾ എന്നീ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ഡി) അധികാരപരിധിയുടെ വിസ്തൃതി, കൈകാര്യം ചെയ്യുന്ന കേസുകൾ തുടങ്ങിയവ ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളിലും വനിതാ പോലീസ് സ്റ്റേഷനുകളും മറ്റ് പോലീസ് സ്റ്റേഷനുകളും തുല്യനിലയിലാണോ പ്രവർത്തിക്കുന്നത്;

(ഇ) എങ്കിൽ എന്തൊക്കെ അധികാരങ്ങളുടെയും ഭൗതിക സൗകര്യങ്ങളുടെയും കാര്യത്തിലാണ് വനിതാ പോലീസ് സ്റ്റേഷനുകളും മറ്റ് പോലീസ് സ്റ്റേഷനുകളും വ്യത്യസ്തത പുലർത്തുന്നത്?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി&ഇ) വനിതാ പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധി മറ്റ് പോലീസ് സ്റ്റേഷനുകളിൽനിന്നും വ്യത്യസ്തമാണ്. സ്ത്രീകൾ ഇരകൾ ആകുന്ന പരാതികളും കേസുകളും വനിതാ പോലീസ് സ്റ്റേഷനിൽ കൈകാര്യം ചെയ്യുന്നു. സാധാരണ പോലീസ് സ്റ്റേഷനുകളെ അപേക്ഷിച്ച് ഒരു ജില്ലയിലെ വനിതാ പോലീസ് സ്റ്റേഷന്റെ അധികാരപരിധി ജില്ലയുടെ മുഴുവൻ ഭാഗവും ഉൾപ്പെടുത്തിയാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഭൗതിക സൗകര്യമൊരുക്കുന്നതിൽ എല്ലാ പോലീസ് സ്റ്റേഷനുകളെയും ഒരുപോലെയാണ് പരിഗണിക്കുന്നത്. കേസന്വേഷണത്തിന്റെ ചുമതല വനിതാ പോലീസ് സ്റ്റേഷനുകൾക്കും തുല്യനിലയിൽ നൽകാനാണ് സർക്കാർ ശ്രമിക്കുന്നത്. വനിതാ പോലീസ് സ്റ്റേഷനിലേയ്ക്ക് ചില കേസുകൾ അന്വേഷണത്തിന് കൈമാറുകയും നേരിട്ട് നിയമിതയായ വനിതാ എസ്.ഐ.-ക്ക് വനിതാ പോലീസ് സ്റ്റേഷന്റെ ചുമതല നൽകുകയും ചെയ്തിട്ടുണ്ട്. കൂടുതൽ വനിതാ പോലീസ് സ്റ്റേഷനുകൾ ഈ ഉത്തരവാദിത്വം ഏറ്റെടുക്കാൻ പ്രാപ്തമാകണമെന്നാണ് ലക്ഷ്യംവയ്ക്കുന്നത്.

(എഫ്) വനിതാ പോലീസ് സ്റ്റേഷനുകളിൽ മറ്റു പോലീസ് സ്റ്റേഷനുകളിൽ ഉള്ളതുപോലെ പോലീസ് വാഹനങ്ങളുടെയും ഡ്രൈവറുടെയും സേവനം ലഭ്യമാണോ; ഇല്ലെങ്കിൽ അവ ലഭ്യമാക്കാത്തതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ലഭ്യമാണ്.

വയനാട് ജില്ലയിലെ ക്രിമിനൽ കേസുകളുടെ വിശദാംശം

113 (2258) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 2022 ജനുവരി 1 മുതൽ നവംബർ 30 വരെ ആകെ എത്ര ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിലെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 2022 ജനുവരി ഒന്ന് മുതൽ നവംബർ 30 വരെ 12302 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതിൽ കൊലപാതക കേസുകൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ എണ്ണം വ്യക്തമാക്കാമോ?

ഇതിൽ 11 കൊലപാതക കേസുകൾ ഉൾപ്പെട്ടിട്ടുണ്ട്.

(സി) ഇതിൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമവുമായി ബന്ധപ്പെട്ട് എത്ര കേസുകളുണ്ടെന്ന് വ്യക്തമാക്കാമോ?

ഇതിൽ സ്ത്രീകൾക്ക് എതിരെയുള്ള അതിക്രമവുമായി ബന്ധപ്പെട്ട് 590 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) ആയതിൽ 18 വയസ്സിന് താഴെയുള്ളവർക്കുനേരെ നടന്ന അതിക്രമവുമായി ബന്ധപ്പെട്ട എത്ര കേസുകളുണ്ടെന്ന് വ്യക്തമാക്കാമോ?

18 വയസ്സിന് താഴെയുള്ളവർക്ക് നേരെ നടന്ന അതിക്രമവുമായി ബന്ധപ്പെട്ട 213 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

കല്ലേരിയിലെ സജീവന്റെ കുടുംബത്തിന് ധനസഹായം

114 (2259) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

21-7-2022-ന് വടകര പോലീസ് കസ്റ്റഡിയിൽ എടുക്കുകയും തുടർന്ന് പോലീസ് സ്റ്റേഷൻ പരിസരത്തുവച്ച് കുഴഞ്ഞുവീണ് മരണപ്പെടുകയും ചെയ്ത സജീവന്റെ ആശ്രിതർ പ്രായാധിക്യവും അസുഖങ്ങളും കാരണം പ്രയാസപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുടുംബത്തിന്റെ അവസ്ഥ പരിഗണിച്ച് സർക്കാർ സഹായം നൽകുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

കോഴിക്കോട് ജില്ലയിലെ വടകര പോലീസ് 21-7-2022-ന് കസ്റ്റഡിയിലെടുക്കുകയും തുടർന്ന് പോലീസ് സ്റ്റേഷൻ പരിസരത്തുവച്ച് കുഴഞ്ഞുവീണ് മരണപ്പെടുകയും ചെയ്ത സജീവന്റെ ആശ്രിതരായ മാതാവ് ശ്രീമതി ജാനുവിനും ജാനുവിന്റെ സഹോദരി ശ്രീമതി നാരായണിക്കും അവരുടെ ജീവിതകാലംവരെ പ്രതിമാസം 3000 രൂപ വീതം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിച്ച് നൽകിക്കൊണ്ട് 2-12-2022-ലെ സ.ഉ.(കൈ) നമ്പർ 285/2022/RD പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

കയ്പമംഗലം പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം

115 (2260) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി ആരംഭിച്ച കയ്പമംഗലം പോലീസ് സ്റ്റേഷൻ മതിലകം ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടത്തിലാണ് താൽക്കാലികമായി ആരംഭിച്ചിരിക്കുന്നത് എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്കിൽ പോലീസ് സ്റ്റേഷന് സ്വന്തം കെട്ടിടവും സ്ഥലവും വാങ്ങുന്നതിനാവശ്യമായ നടപടി ഏത് ഘട്ടത്തിലാണെന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കയ്പമംഗലം പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് റവന്യൂ വക ഭൂമി പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധിയിൽ ലഭ്യമാകാത്തതിനാൽ ഭൂമി കണ്ടെത്തുന്നതിനായി നടത്തിയ അന്വേഷണത്തിൽ കയ്പമംഗലം വില്ലേജിൽ കേരള വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ള സർവ്വേ നം.207/4-ൽ ഉൾപ്പെട്ട 0.1597 ഹെക്ടർ ഭൂമി അനുയോജ്യമാണെന്നുകണ്ട് പോലീസ് വകുപ്പിന് കൈമാറി കിട്ടുന്നതിന് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിരുന്നു. പ്രസ്തുത ഭൂമി നാട്ടിക ഫർക്ക സമഗ്ര കുടിവെള്ള പദ്ധതിയുടെ വിപുലീകരണത്തിന് ആവശ്യമായി വരുന്നതിനാൽ ഈ സ്ഥലം വിട്ടുതരാൻ കഴിയില്ലെന്ന് കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചതായി ജില്ലാകളക്ടർ മറുപടി നൽകിയിട്ടുണ്ട്.

തുടർന്ന് പ്രസ്തുത പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട വാട്ടർ അതോറിറ്റിയുടെ എടത്തിരുത്തി പഞ്ചായത്തിലെ ചെന്ത്രാപ്പിന്നി 17 ഭാഗം നാഷണൽ ഹൈവേ 66-ൽനിന്ന് ഒരു കിലോമീറ്റർ കിഴക്കുമാറി കാലങ്ങളായി ഉപയോഗിക്കാതെ കിടക്കുന്ന 39 സെന്റ് ഭൂമി (സർവ്വേ നം.141/9) പോലീസ് വകുപ്പിന് വിട്ടുകിട്ടുന്നതിന് തൃശ്ശൂർ ജില്ലാ കളക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയുടെ പ്രസ്തുത ഭൂമി വിട്ടുകിട്ടുന്നതിനുള്ള നിരാക്ഷേപപത്രത്തിനായി അപേക്ഷ നൽകിയിട്ടുള്ളതും ലഭ്യമാകുന്ന മുറയ്ക്ക് കയ്പമംഗലം പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

പൗരത്വ നിയമ സമരവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ

116 (2261) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ പൗരത്വ ഭേദഗതി നിയമത്തിനെതിരെ സമരം ചെയ്തവർക്കെതിരെ ചുമത്തിയ കേസുകൾ പിൻവലിക്കുമെന്ന് സർക്കാർ പ്രഖ്യാപിച്ചിരുന്നോ; വ്യക്തമാക്കാമോ;

(ബി) 2019-ൽ നടന്ന സമരത്തിൽ പങ്കെടുത്തവർക്കെതിരെയുള്ള കേസുകളിൽ ഇനിയും പിൻവലിക്കാനുണ്ടോ;

(സി) ഇവ അടിയന്തരമായി പിൻവലിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) പൗരത്വ ഭേദഗതി ബില്ലിനെതിരെ നടന്ന പ്രതിഷേധ സമരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് നടന്നിട്ടുള്ള വിവിധ സംഭവങ്ങളിൽ ഗുരുതരമായ ക്രിമിനൽ സ്വഭാവം ഇല്ലാത്ത കേസുകൾ പിൻവലിക്കുന്നതിന് 26-2-2021-ലെ സ.ഉ.(കൈ) നമ്പർ 70/2021/ആഭ്യന്തരം പ്രകാരം പൊതു ഉത്തരവായിട്ടുണ്ട്. സിആർ.പി.സി. 321 പ്രകാരം കേസുകൾ പിൻവലിക്കുന്നതിനായി 49 കേസുകളിൽ നിരാക്ഷേപപത്രം നൽകിയിട്ടുണ്ട്. കേസുകൾ പിൻവലിക്കുന്നത് ബന്ധപ്പെട്ട കോടതികളാണ്.

ആഭ്യന്തര വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലുമുള്ള താൽക്കാലിക നിയമനങ്ങൾ

117 (2262) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തര വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്;

(ബി) ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; താൽക്കാലിക/കരാർ നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത്; വിശദാംശം ലഭ്യമാക്കുമോ?

(എ-സി) ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

അഴിമതി വിരുദ്ധ യജ്ഞത്തിന്റെ ഭാഗമായി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ

118 (2263) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴിമതി വിരുദ്ധ യജ്ഞത്തിന്റെ ഭാഗമായി വിജിലൻസ് വകുപ്പ് നടപ്പാക്കുന്ന പ്രത്യേക പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

പൊതുപ്രവർത്തകരും സർക്കാരിന്റെ കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങളും അതുമായി ബന്ധപ്പെടുന്ന ആളുകളും ഉൾപ്പെട്ട അഴിമതി, പണാപഹരണം, കൈക്കൂലി, മറ്റു ക്രമക്കേടുകൾ എന്നിവ അന്വേഷിച്ച് നടപടികൾ സ്വീകരിക്കുക, സർക്കാർ സേവനങ്ങൾ കാലതാമസം കൂടാതെ സുതാര്യമായി സാധാരണക്കാർക്ക് ലഭ്യമാക്കുക എന്നിവയാണ് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക കർത്തവ്യം. ഇതുമായി ബന്ധപ്പെട്ട് ബ്യൂറോയിൽ രജിസ്റ്റർ ചെയ്യുന്ന വിജിലൻസ് കേസുകൾ/അന്വേഷണങ്ങൾ എന്നിവയിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതിയും കൈക്കൂലിയും പൂർണ്ണമായും ഇല്ലാതാക്കുന്നതിനായി അഴിമതി നിരോധന നിയമം 1988 അനുസരിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ വളരെ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അഴിമതി സംബന്ധിച്ച് ലഭിക്കുന്ന പരാതികളിൽ പരാതിയുടെ സ്വഭാവമനുസരിച്ച് രഹസ്യാന്വേഷണം, സത്വരാന്വേഷണം, പ്രാഥമികാന്വേഷണം, മിന്നൽ പരിശോധന, ട്രാപ്പുകൾ എന്നിവ നടത്തുകയും തെളിവുകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്യേണ്ടവയിൽ കേസ് രജിസ്റ്റർ ചെയ്യുകയും മറ്റുള്ളവയിൽ തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. സസ്പെൻഷൻ, മറ്റ് വകുപ്പുതല നടപടികൾ എന്നിവ ആവശ്യമായവയിൽ കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാൻ ശിപാർശ നൽകാറുണ്ട്. കൂടാതെ കൈക്കൂലി ആവശ്യപ്പെടുന്ന ഉദ്യോഗസ്ഥർക്കെതിരെ പൊതുജനങ്ങളിൽനിന്ന് ലഭിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ ട്രാപ്പ് കേസുകൾ രജിസ്റ്റർ ചെയ്യുകയും സർക്കാർ സ്ഥാപനങ്ങളിലെ അപാകതകൾ സംബന്ധിച്ച് ലഭിക്കുന്ന വിവരങ്ങളിൽനിന്നും സോഴ്സ് റിപ്പോർട്ട് തയ്യാറാക്കി ഇത്തരം ഓഫീസുകളിൽ സംസ്ഥാന വ്യാപകമായി മിന്നൽ പരിശോധനകൾ നടത്തിയും അഴിമതിക്കും ക്രമക്കേടുകൾക്കുമെതിരെ നടപടി സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ മിക്ക സർക്കാർ വകുപ്പുകളിലും ആഭ്യന്തര വിജിലൻസ് സംവിധാനം നിലവിലുണ്ട്. സർക്കാർ വകുപ്പുകളുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ആഭ്യന്തര-വിജിലൻസ് സംവിധാനം ഉപയോഗിച്ച് പ്രാഥമികാന്വേഷണം നടത്തുകയും ആരോപണം ശരിയാണെന്ന് തെളിയുന്ന അവസരങ്ങളിൽ ആയത് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷിക്കേണ്ടതാണെങ്കിൽ അന്വേഷണം വിജിലൻസിലേയ്ക്ക് കൈമാറി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുവരുന്നു. വിജിലൻസ് നടത്തുന്ന അന്വേഷണങ്ങളിൽ കണ്ടെത്തുന്ന തെളിവുകളുടെ അടിസ്ഥാനത്തിൽ ഗുരുതരമായ ക്രമക്കേടുകളിന്മേൽ അഴിമതി നിരോധന നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾ ചേർത്ത് വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് തുടരന്വേഷണം നടത്തുന്നു. പ്രസ്തുത അന്വേഷണത്തിൽ ആരോപണങ്ങൾ

തെളിയിക്കപ്പെട്ടാൽ വിജിലൻസ് കോടതിയിൽ കുറ്റപത്രം സമർപ്പിച്ച് വിചാരണ നടത്തി തെളിവുകളുടെ വെളിച്ചത്തിൽ പ്രതികൾക്കെതിരെ കോടതി ശിക്ഷ വിധിക്കുകയും ചെയ്യുന്നു. അഴിമതി നിരോധന നിയമത്തിന്റെ പരിധിയിൽ വരാത്ത ക്രമക്കേടുകൾക്ക് ഉത്തരവാദികളെന്ന് കണ്ടെത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ അനുയോജ്യമായ ശിക്ഷണ നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) വിവിധ സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും കഴിഞ്ഞ മൂന്ന് വർഷം നടത്തിയ പരിശോധനകളുടെ വിശദാംശം വെളിപ്പെടുത്താമോ; പ്രസ്തുത പരിശോധനകളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിശദാംശം വകുപ്പ് തിരിച്ച് ലഭ്യമാക്കാമോ?

2020, 2021, 2022 വർഷങ്ങളിൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആകെ 3210 മിന്നൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. അവയിൽ 2358 എണ്ണത്തിൽ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ടി മിന്നൽ പരിശോധനകളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത വിജിലൻസ് കേസുകളുടെ വകുപ്പ് തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു.*

(സി) കഴിഞ്ഞ പത്ത് വർഷത്തിനിടയിൽ വിജിലൻസ് രജിസ്റ്റർ ചെയ്ത് വിചാരണയ്ക്കെത്തിയ കേസുകളിൽ എത്രയെണ്ണം ശിക്ഷിക്കപ്പെട്ടുവെന്നും എത്രയെണ്ണം വെറുതെ വിട്ടുവെന്നും വിശദമാക്കാമോ?

കഴിഞ്ഞ 10 വർഷത്തിനിടയിൽ വിജിലൻസ് രജിസ്റ്റർ ചെയ്ത 1253 കേസുകൾ കോടതി മുമ്പാകെ വിചാരണയ്ക്ക് എത്തിയിട്ടുണ്ട്. അവയിൽ വിചാരണ പൂർത്തിയാക്കിയ 114 കേസുകളിൽ 71 കേസുകളിൽ കുറ്റാരോപിതരെ ശിക്ഷിക്കുകയും 43 കേസുകളിൽ പ്രതികളെ വെറുതെ വിടുകയും ചെയ്തിട്ടുണ്ട്.

(ഡി) വിജിലൻസ് സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സർക്കാർ കൈക്കൊളളാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

അഴിമതി നിരോധന നിയമപ്രകാരം കുറ്റപത്രം സമർപ്പിക്കുന്ന കേസുകളുടെ വിചാരണ വേഗത്തിലാക്കുന്നതിന് ഒരു വിജിലൻസ് സ്പെഷ്യൽ കോടതി കൂടി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ 6 വിജിലൻസ് കോടതികളിലും 'ഇ-കോർട്ട്' സംവിധാനം നടപ്പിലാക്കുന്നതിന് ബഹുമാനപ്പെട്ട ഹൈക്കോടതി നിർദ്ദേശം നൽകിയതിന്റെയടിസ്ഥാനത്തിൽ 'കോർട്ട് മാനേജ്മെന്റ് സിസ്റ്റം' എന്ന പേരിൽ ഒരു സോഫ്റ്റ്വെയർ ഹൈക്കോടതിയിൽ തയ്യാറാക്കിയിട്ടുണ്ട്. ഇതിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഭാഗമായി പ്രഥമ വിവര റിപ്പോർട്ടും അന്വേഷണ വിവരങ്ങളും ഡിജിറ്റൈസ് ചെയ്യാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഡിജിറ്റൈസ് ചെയ്യുന്നതിനും e-FIR ചെയ്യുന്നതിനും കോടതികൾ തമ്മിൽ ഓൺലൈൻ മുഖേന ബന്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൊല്ലം ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം

119 (2264) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആസ്ഥാനത്ത് കോടതി സമുച്ചയം നിർമ്മിക്കുന്നതിന് പ്രാഥമികമായി അനുവദിച്ച തുക ആദ്യഘട്ട നിർമ്മാണം ആരംഭിക്കുന്നതിന് അപര്യാപ്തമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സോയിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ടുപ്രകാരം ഫൗണ്ടേഷൻ ചെലവ് വലിയതോതിൽ ഉയർന്നിട്ടുള്ള സാഹചര്യത്തിൽ പദ്ധതിക്ക് 150 കോടിയോളം രൂപയുടെ പുതുക്കിയ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

പുതുക്കിയ പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ പരിശോധിക്കുന്നതാണ്.

(സി) എങ്കിൽ പുതുക്കിയ ഭരണാനുമതി ലഭ്യമാക്കി കോടതി സമുച്ചയ നിർമ്മാണം ആരംഭിക്കുന്നതിന് സഹായകരമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

മഞ്ചേരി കോർട്ട് കോംപ്ലക്സ്

120 (2265) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

പ്രവൃത്തി പൂർത്തിയായ മഞ്ചേരി കോർട്ട് കോംപ്ലക്സ് കെട്ടിടം അടിയന്തരമായി തുറന്നുകൊടുക്കാൻ നടപടി സ്വീകരിക്കുമോ?

മഞ്ചേരിയിലെ കോടതി സമുച്ചയത്തിന്റെ ഫിനിഷിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തുക അനുവദിച്ചതുപ്രകാരം സാങ്കേതികാനുമതിക്കായി ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് സമർപ്പിക്കുകയും പൊതുമരാമത്ത് വകുപ്പ്

ജുഡീഷ്യൽ സർക്കിൾ, എറണാകുളം സൂപ്രണ്ടിംഗ് എഞ്ചിനീയറുടെ കാര്യാലയത്തിൽ ടെണ്ടർ നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഒരു വർഷത്തിനകം പ്രവൃത്തി പൂർത്തിയാക്കാനും പൂർത്തിയാകുന്ന മുറയ്ക്ക് കോടതി സമുച്ചയം കോടതികളുടെ പ്രവർത്തനത്തിന് വിട്ടുനൽകാമെന്നും കണക്കാക്കുന്നു.

കിളിമാനൂരിൽ പുതിയ കോടതി സ്ഥാപിക്കുന്നതിനുള്ള നടപടി

121 (2266) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ മണ്ഡലത്തിലെ കിളിമാനൂരിൽ പുതിയ കോടതി സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കോടതി സ്ഥാപിക്കുന്നത് സംബന്ധിച്ച മുൻഗണനാ പട്ടികയിൽ കിളിമാനൂർ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയെ 57-ാമതായി ഉൾപ്പെടുത്താൻ ഹൈക്കോടതി രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുൻഗണനാ ക്രമമനുസരിച്ചാണ് കോടതികൾ ആരംഭിക്കുന്നത്.

പോക്സോ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി രണ്ടാം ഘട്ടമായി അനുവദിച്ച 28 അതിവേഗ പ്രത്യേക കോടതികൾ, 7 കുടുംബ കോടതികൾ, 2 എസ്.സി/എസ്.റ്റി. കോടതികൾ എന്നിവ സ്ഥാപിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്.

മഞ്ചേശ്വരം മുൻസിഫ് കോടതി

122 (2267) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് കോടതി സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) മഞ്ചേശ്വരം താലൂക്കിൽ മുൻസിഫ് കോടതി എപ്പോൾ അനുവദിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് കോടതി സ്ഥാപിക്കുന്നത് സംബന്ധിച്ച മുൻഗണനാ പട്ടികയിൽ മഞ്ചേശ്വരം മുൻസിഫ് മജിസ്ട്രേറ്റ് കോടതിയെ 61-ാമതായി ഉൾപ്പെടുത്താൻ ഹൈക്കോടതി രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നിലവിൽ ഇക്കാര്യത്തിൽ സമയപരിധി കണക്കാക്കാൻ കഴിയില്ല.

മൂവാറ്റുപുഴ അഡീഷണൽ സ്പെഷ്യൽ കോടതിയിലെ ശിരസ്തദാർ തസ്തിക

123 (2268) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

എറണാകുളത്ത് നിർത്തലാക്കിയ വഖഫ് ട്രിബ്യൂണൽ കോടതിയിലെ ശിരസ്തദാർ തസ്തിക അപ്ഗ്രേഡ് ചെയ്ത് മൂവാറ്റുപുഴ അഡീഷണൽ സ്പെഷ്യൽ കോടതിയിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട നം.സി-583/20/ഹോം എന്ന ഫയലിലെ തീരുമാനങ്ങളും നടപടികളും അറിയിക്കാമോ?

പ്രസ്തുത വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്. നിലവിൽ ഇക്കാര്യത്തിൽ ഒരു തീരുമാനവുമെടുത്തിട്ടില്ല.

കല്ലമ്പലം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന് പുതിയ കെട്ടിടം

124 (2269) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ കല്ലമ്പലം ഫയർ ആന്റ് റസ്ക്യൂ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ ഭൂമി ലഭ്യമായ സാഹചര്യത്തിൽ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറി ലഭിച്ച നാവായിക്കുളം വില്ലേജിലെ ബ്ലോക്ക് നമ്പർ 23-ൽ റീ-സർവ്വേ നമ്പർ 233/1-ൽപ്പെട്ട 19.34 ആർ (47.77) സെന്റ് സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് ടോട്ടൽ സ്റ്റേഷൻ സർവ്വേ, മണ്ണ് പരിശോധന എന്നിവ നടത്തുന്നതിനായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 3,40,000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് എസ്റ്റിമേറ്റ് തുക പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിൽ ഒടുക്കിയിട്ടുണ്ട്. പ്രസ്തുത പരിശോധനാ റിപ്പോർട്ട് ലഭ്യമായതിനുശേഷം മാത്രമേ നിർമ്മാണത്തിനുള്ള തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ.

കോങ്ങാട് ഫയർസ്റ്റേഷന് കെട്ടിട നിർമ്മാണം

125 (2270) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

കോങ്ങാട് അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി വകുപ്പിന് കൈമാറി ലഭിച്ച പാലക്കാട് താലൂക്ക് കോങ്ങാട് വില്ലേജിൽ ബ്ലോക്ക് നമ്പർ 3-ൽ. റീ-സർവ്വേ നമ്പർ 305/17-ൽപ്പെട്ട 40 സെന്റ് സ്ഥലത്ത് കെട്ടിടം

നിർമ്മിക്കുന്നതിന് 253 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാങ്കേതികാനുമതി നൽകുന്നതിനുള്ള എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പ് പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തി എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

പൊതുമരാമത്ത് വകുപ്പിൽനിന്നും സാങ്കേതികാനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നതാണ്.

ഈരാറ്റുപേട്ട ഫയർ സ്റ്റേഷനിലെ നിർമ്മാണ പ്രവൃത്തികൾ

126 (2271) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ ഈരാറ്റുപേട്ട ഫയർ സ്റ്റേഷനിൽ സൗകര്യങ്ങൾ വളരെ പരിമിതമായതിനാൽ നിലവിലുള്ള ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ മുകൾ നിലയിൽ ആവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള തുകയ്ക്ക് ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഈരാറ്റുപേട്ട ഫയർ സ്റ്റേഷൻ കെട്ടിടത്തിലെ സൗകര്യങ്ങൾ വളരെ പരിമിതമായതിനാൽ നിലവിലുള്ള കെട്ടിടത്തിന്റെ മുകൾ നിലയിൽ ആവശ്യമായ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിന് അധിക പണികളുടെ വിശദമായ എസ്റ്റിമേറ്റും പ്ലാനും ലഭ്യമാക്കുന്നതിന് ഈരാറ്റുപേട്ട പൊതുമരാമത്ത് ബിൽഡിംഗ് സെക്ഷന് വകുപ്പുതലത്തിൽ കത്ത് നൽകിയിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

ആലത്തൂർ അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം

127 (2272) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട ആലത്തൂർ അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

ആലത്തൂർ അഗ്നിരക്ഷാ നിലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി വകുപ്പിന് കൈമാറി ലഭിച്ച ആലത്തൂർ താലൂക്കിൽ കഴൽമന്ദം 1 വില്ലേജിൽ ബ്ലോക്ക് നമ്പർ 17-ൽ റീ-സർവ്വേ നമ്പർ672/6-ൽപ്പെട്ട 20.23 ആർ (50 സെന്റ്) ഭൂമിയിൽ കെട്ടിടം നിർമ്മിക്കുന്നതിന് ആർക്കിടെക്ചറൽ ഡ്രോയിംഗ്, പ്ലാൻ എന്നിവ പൊതുമരാമത്ത് വകുപ്പ് ആലത്തൂർ കെട്ടിടവിഭാഗം തയ്യാറാക്കിയിട്ടുണ്ട്. എസ്റ്റിമേറ്റ് കൂടി ലഭ്യമാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് പാലക്കാട് ജില്ലാ ഫയർ ഓഫീസർ കത്ത് നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത അഗ്നിരക്ഷാ നിലയത്തിന്റെ പുതിയ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട നടപടി സ്വീകരിക്കുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

സ്ഥലം കൈമാറി ലഭിക്കുന്നതിലും ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭ്യമാക്കുന്നതിലും നേരിയ കാലതാമസം നേരിട്ടിട്ടുണ്ട്.

(സി) അഗ്നിരക്ഷാ നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

പൊതുമരാമത്ത് വകുപ്പിൽനിന്നും എസ്റ്റിമേറ്റ് ലഭ്യമാകുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

പെരുമ്പാവൂർ ഫയർ സ്റ്റേഷന് പുതിയ കെട്ടിടം

128 (2273) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

നിലവിൽ പെരുമ്പാവൂർ ഫയർ സ്റ്റേഷൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിന്റെ ശോചനീയാവസ്ഥ കണക്കിലെടുത്ത് ഒരു പുതിയ കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പെരുമ്പാവൂർ അഗ്നിരക്ഷാ നിലയം നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ഥലത്തുതന്നെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കി നൽകുന്നതിന് പെരുമ്പാവൂർ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറോട് വകുപ്പിൽനിന്നും അഭ്യർത്ഥിച്ചിട്ടുണ്ട്.

പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണം

129 (2274) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിങ്ങോം ഫയർ സ്റ്റേഷൻ കെട്ടിടത്തിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത എസ്റ്റിമേറ്റിന് ഭരണാനുമതി നൽകാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) പെരിങ്ങോം അഗ്നിരക്ഷാ നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിനായി ചുറ്റുമതിലിന്റെ പ്രവൃത്തികൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള എസ്റ്റിമേറ്റിനാണ് ഭരണാനുമതി നൽകിയത്. നിലയത്തിന്റെ കെട്ടിടനിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. ചുറ്റുമതിൽ നിർമ്മാണം ആരംഭിച്ചുവെങ്കിലും പൂർത്തീകരിച്ചിട്ടില്ല. അവശേഷിക്കുന്ന നിർമ്മാണപ്രവൃത്തികൾ പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് വകുപ്പുതലത്തിൽ പരിശോധിച്ചുവരികയാണ്. സർക്കാരിൽ ശിപാർശ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യതയ്ക്ക് വിധേയമായി ഭരണാനുമതി നൽകുന്ന വിഷയം പരിശോധിക്കുന്നതാണ്.

അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ

130 (2275) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിയ്യൂർ സെൻട്രൽ ജയിലിൽ അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയതിൽ എന്തെല്ലാം കാര്യങ്ങളാണ് കണ്ടെത്തിയതെന്ന് വിശദമാക്കാമോ; ഇതുസംബന്ധിച്ച റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

വിയ്യൂർ സെൻട്രൽ ജയിലിൽ അക്കൗണ്ടന്റ് ജനറൽ നടത്തിയ പരിശോധനയുടെ റിപ്പോർട്ടിൽ 8 നിരീക്ഷണങ്ങളാണുള്ളത്. ഇതിന്മേലുള്ള അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ബി) കഴിഞ്ഞ ആറ് മാസത്തിനുള്ളിൽ സംസ്ഥാനത്തെ ഏതെല്ലാം ജയിലുകളിൽ എ.ജി.-യുടെ പരിശോധന നടത്തിയിട്ടുണ്ടെന്നും അവിടെയെല്ലാം കണ്ടെത്തിയ ക്രമക്കേടുകൾ എന്തെല്ലാമെന്നുമുള്ള വിവരം ലഭ്യമാക്കുമോ; കണ്ടെത്തിയ ക്രമക്കേടുകളുടെ റിപ്പോർട്ടുകൾ ലഭ്യമാക്കുമോ?

1-1-2022 മുതൽ ജയിൽ വകുപ്പിന്റെ 7 സ്ഥാപനങ്ങളിൽ അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയിട്ടുണ്ട്. ഇതിന്മേലുള്ള അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

സ്ഥാപനങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

1. സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, വിയ്യൂർ

2. സ്പെഷ്യൽ സബ് ജയിൽ, മാവേലിക്കര

3. ജില്ലാ ജയിൽ, മുട്ടം, ഇടുക്കി

4. ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോം, ചീമേനി

5. ജില്ലാ ജയിൽ, കണ്ണൂർ

6. ജില്ലാ ജയിൽ, മാനന്തവാടി

7. ജയിൽ ആസ്ഥാന കാര്യാലയം, തിരുവനന്തപുരം

(സി) സംസ്ഥാന വിവരാവകാശ കമ്മീഷനിൽ അക്കൗണ്ടന്റ് ജനറൽ പരിശോധന നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ വിവരം ലഭ്യമാക്കുമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉണ്ട്. 1-1-2017 മുതൽ 31-8-2022 വരെയുള്ള കാലയളവിലെ അക്കൗണ്ട്സും രജിസ്റ്ററുകളും പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 9 നിരീക്ഷണങ്ങൾ അക്കൗണ്ടന്റ് ജനറൽ രേഖപ്പെടുത്തുകയും ആയതിന് 22-11-2022-ൽ മറുപടി നൽകിയിട്ടുള്ളതുമാണ്. ഇതിന്മേലുള്ള അക്കൗണ്ടന്റ് ജനറലിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഡി) മലപ്പുറം മലബാർ സ്പെഷ്യൽ പോലീസ് ഓഫീസിൽ എ.ജി. നടത്തിയ ഓഡിറ്റിൽ എന്തെല്ലാം ക്രമക്കേടുകൾ കണ്ടെത്തിയെന്ന വിവരം ലഭ്യമാക്കുമോ; ഇതുസംബന്ധിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

മലപ്പുറം മലബാർ സ്പെഷ്യൽ പോലീസ് ഓഫീസിൽ എ.ജി. നടത്തിയ ഓഡിറ്റിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

വയനാട് ജില്ലക്കാരായ തടവുകാരുടെ എണ്ണം

131 (2276) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലക്കാരായ എത്രപേരാണ് വയനാട് ജില്ലയിലുൾപ്പെടെ സംസ്ഥാനത്തെ വിവിധ ജയിലുകളിൽ കിടക്കുന്നതെന്ന് അറിയിക്കാമോ?

256

(ബി) ഇതിൽ പട്ടികവിഭാഗക്കാരായ എത്രപേരുണ്ടെന്നും ഇരുപത് വയസ്സിന് താഴെ പ്രായമുള്ള എത്രപേരുണ്ടെന്നും വ്യക്തമാക്കാമോ?

പട്ടികവിഭാഗക്കാരായ 96 പേരും ഇരുപത് വയസ്സിന് താഴെ പ്രായമുള്ള ഒരാളുമുണ്ട്.

(സി) മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെട്ട വയനാട് സ്വദേശികളായ എത്ര തടവുകാർ സംസ്ഥാനത്തെ ജയിലുകളിലുണ്ടെന്ന് അറിയിക്കാമോ?

20

(ഡി) മയക്കുമരുന്ന് കേസുകളിൽ ഉൾപ്പെട്ട് സംസ്ഥാനത്തെ ജയിലുകളിൽ പാർപ്പിച്ചിരിക്കുന്ന വയനാട് സ്വദേശികളായ തടവുകാരിൽ മുപ്പത് വയസ്സിന് താഴെ പ്രായമുള്ള എത്രപേരുണ്ടെന്ന് വ്യക്തമാക്കാമോ?

12

കാസർഗോഡ് ജില്ലാ ജയിൽ സ്ഥാപിക്കാൻ സ്ഥലം

132 (2277) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലാ ജയിൽ സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തിയ സ്ഥലം ലഭ്യമാക്കാൻ ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ പനയാൽ വില്ലേജിൽ ബട്ടത്തൂർ എന്ന സ്ഥലത്ത് സർവ്വേ നം.109/3-ൽ ഉള്ള 5 ഏക്കർ 36 സെന്റ് ഭൂമിയിൽ പുതിയ ജില്ലാ ജയിൽ നിർമ്മിക്കുന്നതിനായി സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. സ്ഥലം ലഭ്യമാക്കുന്നതിനായി ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടില്ല.

(ബി) ഇതിന്റെ നിർമ്മാണത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

തുക വകയിരുത്തിയിട്ടില്ല.

പുതുവൈപ്പ് വില്ലേജിൽ ജയിൽ നിർമ്മാണം

133 (2278) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ പുതുവൈപ്പ് വില്ലേജിൽ ജയിൽ വകുപ്പിനായി റിക്വസിഷൻ ഫോം സമർപ്പിക്കപ്പെട്ടിട്ടുള്ള 300/1-ൽപ്പെട്ട 46.948 സെന്റ് സ്ഥലത്തിന്റെ ഏറ്റെടുക്കൽ നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

എറണാകുളം ജില്ല, കൊച്ചി താലൂക്ക്, പുതുവൈപ്പ് വില്ലേജിൽ ജയിൽ വകുപ്പിനായി സ്ഥലം ഏറ്റെടുക്കുന്ന നടപടികൾക്കായി ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവ്വീസസിന്റെ അർത്ഥന എറണാകുളം ജില്ലാ

കളക്ടർ കൊച്ചി തഹസീൽദാർക്ക് അയച്ചുകൊടുത്തിട്ടുള്ളതും 12-10-2021-ൽ കൊച്ചി തഹസീൽദാർ ഭൂമി കൈമാറ്റ പ്രൊപ്പോസൽ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിച്ചിട്ടുള്ളതും ആർ.ഡി.ഒ. പ്രൊപ്പോസൽ ന്യൂനത പരിഹരിക്കുന്നതിനായി 27-1-2022-ൽ തഹസീൽദാർക്ക് മടക്കിയിട്ടുള്ളതുമാണ്.

(ബി) ഇതുസംബന്ധിച്ച ഫയൽ നമ്പർ വ്യക്തമാക്കുമോ?

ജയിൽ ആസ്ഥാന കാര്യാലയത്തിലെ ഫയൽ നമ്പർ-പി3-1937/2019/PrHQ, എറണാകുളം കളക്ടറേറ്റ് ഫയൽ നമ്പർ- എൽ7/230820/2018, കൊച്ചി താലൂക്ക് ഫയൽ നമ്പർ - എൽ2/4200/2020.

ഗവൺമെന്റ് പ്രസ്സ് ജീവനക്കാർക്ക് ക്വാർട്ടേഴ്സുകൾ

134 (2279) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂരിപക്ഷം ഗവൺമെന്റ് പ്രസ്സുകളും രാത്രി 10.30 വരെ പ്രവർത്തിക്കുന്നതിനാൽ ജീവനക്കാർക്കുള്ള ക്വാർട്ടേഴ്സുകൾ ഇല്ലാത്ത ഗവൺമെന്റ് പ്രസ്സുകളിൽ അവ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) രാത്രി 10.30 വരെയും പ്രത്യേക സാഹചര്യങ്ങളിൽ അതിനുശേഷവും പ്രവർത്തിക്കുന്ന ഏതെല്ലാം പ്രസ്സുകളിലാണ് ക്വാർട്ടേഴ്സുകൾ ആവശ്യമുണ്ടെന്ന് കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ?

(എ&ബി) അച്ചടി വകുപ്പിനുകീഴിൽ ഗവൺമെന്റ് പ്രസ്സ് വയനാട്, ഗവൺമെന്റ് പ്രസ്സ് കണ്ണൂർ, ഗവൺമെന്റ് പ്രസ്സ് ഷൊർണ്ണൂർ എന്നിവിടങ്ങളിൽ ഗവൺമെന്റ് ക്വാർട്ടേഴ്സ് നിലവിലുണ്ട്. ഇതിനുപരിയായി മണ്ണന്തല ഗവ. പ്രസ്സിൽ ക്വാർട്ടേഴ്സ് സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ഷൊർണ്ണൂർ ഗവ. പ്രസ്സിലെ എച്ച്.എം.ടി. മെഷീനുകളുടെ തകരാറുകൾ

135 (2280) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിനുകീഴിലുള്ള ഷൊർണ്ണൂർ ഗവ. പ്രസ്സിൽ എച്ച്.എം.ടി. മെഷീനുകൾ സമയബന്ധിതമായി ഓവർഹോളിംഗ് നടത്തുന്നില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മെഷീനുകൾക്കുണ്ടാകുന്ന ചെറിയ തകരാറുകൾ വകുപ്പിലെ മെക്കാനിക്കൽ/ഇലക്ട്രിക്കൽ വിഭാഗങ്ങൾ പരിഹരിക്കുന്നുണ്ട്. എന്നാൽ, വലിയ സാങ്കേതിക തകരാറുകളുണ്ടാകുമ്പോൾ നിർമ്മാണ കമ്പനിയുടെ സേവനം തേടേണ്ടിവരുന്നതുമൂലം അറ്റകുറ്റപ്പണിക്ക് കാലതാമസമുണ്ടാകുന്നുണ്ട്.

(ബി) ഷൊർണ്ണൂർ ഗവൺമെന്റ് പ്രസ്സിലെ എച്ച്.എം.ടി. പ്രിന്റിംഗ് മെഷീനുകളുടെ മെയിന്റനൻസിനായി എച്ച്.എം.ടി. കമ്പനിയുമായി ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിൽ ഏർപ്പെട്ടിട്ടില്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാരണത്താൽ നിരന്തര ഉപയോഗംമൂലം സ്പെയർ പാർട്ട്സുകൾക്ക് കേടുപാടുകൾ സംഭവിച്ചതിനാൽ മെഷീനുകളുടെ പ്രവർത്തനം നടക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് അടിയന്തരമായി പരിഹാരം കാണാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ?

ആനുവൽ മെയിന്റനൻസ് കോൺട്രാക്ട് നിലവിലില്ല. കാലപ്പഴക്കത്താൽ ഉണ്ടാകുന്ന സ്പെയർ പാർട്സ് തകരാറുകൾ പരിഹരിക്കുന്നതിന് കമ്പനിയുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം

136 (2281) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് ഉൾപ്പെടുത്തേണ്ട സംസ്ഥാനത്തിന്റെ പദ്ധതി നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വിവിധ ജില്ലകളിൽനിന്നും വിവിധ വകുപ്പുകളിൽനിന്നും പ്രസ്തുത പദ്ധതിയിലേയ്ക്ക് 2022-23 സാമ്പത്തിക വർഷത്തെ എത്ര പ്രൊപ്പോസലുകളാണ് ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ; ലഭിച്ച പ്രൊപ്പോസലുകൾ പരിശോധിച്ച് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ മുൻഗണനാക്രമത്തിലുള്ള പട്ടികയുടെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) വിവിധ ജില്ലകളിൽനിന്ന് ലഭിച്ച പ്രൊപ്പോസലുകൾ ഡയറക്ടറേറ്റ് തലത്തിലുള്ള സൂക്ഷ്മപരിശോധനാ നടപടികൾ പൂർത്തിയാക്കി പദ്ധതികളുടെ പട്ടിക സർക്കാരിന് ലഭ്യമാക്കിയിട്ടുണ്ട്. ആയത് പരിശോധിച്ച് സംസ്ഥാനതല സമിതി കൂടി അംഗീകരിച്ച് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് അയയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) പി.എം.ജെ.വി.കെ. പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനായി സംസ്ഥാനതല യോഗം 2022-23 സാമ്പത്തിക വർഷത്തിൽ ചേർന്നിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് യോഗം ചേരുമെന്ന് അറിയിക്കാമോ?

പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതി നിർദ്ദേശങ്ങൾ അംഗീകരിക്കുന്നതിനായി സംസ്ഥാനതല യോഗം 2022-23 സാമ്പത്തിക വർഷത്തിൽ ചേരുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) നിലമ്പൂർ ഗവൺമെന്റ് മാനവേദൻ എച്ച്.എസ്.എസ്.-ന്റെ പ്രൊപ്പോസൽ ഉചിതമാർഗ്ഗേന വിദ്യാഭ്യാസ വകുപ്പ് മുഖാന്തരം പി.എം.ജെ.വി.കെ. പദ്ധതിക്കായി ന്യൂനപക്ഷ ക്ഷേമ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; മേൽ പദ്ധതി സംസ്ഥാനതല യോഗത്തിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ; ഫയൽ നമ്പരടക്കമുള്ള വിശദാംശം ലഭ്യമാക്കാമോ?

2022-23 സാമ്പത്തിക വർഷത്തേയ്ക്കുള്ള പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിലേയ്ക്ക് ലഭ്യമായ ലിസ്റ്റിൽ നിലമ്പൂർ ഗവൺമെന്റ് മാനവേദൻ ഹയർ സെക്കണ്ടറി സ്കൂളിന്റെ പേര് ഉൾപ്പെടുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ MW2/173/2022-GAD നമ്പർ ഫയലിൽ പരിശോധിച്ചുവരികയാണ്.

(ഇ) 2020-21, 2021-22 വർഷങ്ങളിൽ പി.എം.ജെ.വി.കെ. പദ്ധതിയിലേയ്ക്ക് നിലമ്പൂർ ഗവൺമെന്റ് മാനവേദൻ എച്ച്.എസ്.എസ്. പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടും പരിഗണിക്കാതെ പോയതിന്റെ കാരണം വിശദമാക്കാമോ; നിലമ്പൂർ മണ്ഡലത്തിൽനിന്നും ഇതുവരെ ഒരു പ്രൊപ്പോസൽ പോലും പരിഗണിച്ചിട്ടില്ലാത്തതും കൂടാതെ രണ്ടുതവണ ഒഴിവാക്കപ്പെട്ടതും പരിഗണിച്ച് ഇത്തവണ മേൽ പ്രൊപ്പോസൽ മുൻഗണനയിലുൾപ്പെടുത്തുമോ; വിശദമാക്കാമോ?

ജില്ലാതല സമിതിയുടെ അംഗീകാരത്തോടുകൂടി മുൻവർഷങ്ങളിൽ ലഭ്യമാക്കിയിട്ടുള്ള യോഗ്യമായ പ്രൊപ്പോസലുകളെല്ലാംതന്നെ സംസ്ഥാനതല സമിതിയുടെ അംഗീകാരത്തോടുകൂടി കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ മന്ത്രാലയത്തിന്റെ സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച് എംപവേർഡ് കമ്മിറ്റി പരിഗണിച്ച് അംഗീകരിക്കുകയാണ് ചെയ്യുന്നത്. സംസ്ഥാനതല സമിതിയുടെ തീരുമാനത്തിന്റെയടിസ്ഥാനത്തിലാണ് മുൻഗണനാ പട്ടിക തയ്യാറാക്കുന്നത്.

ഈ വർഷം പ്രസ്തുത പ്രൊപ്പോസൽ സ്റ്റേറ്റ് ലെവൽ കമ്മിറ്റി കൂടി അംഗീകരിക്കുകയാണെങ്കിൽ കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിക്കുന്നതാണ്.

കോഴിക്കോട് ജില്ലയിൽ പി.എം.ജെ.വി.കെ. പദ്ധതിപ്രകാരം ഹോമിയോ ഡിസ്പെൻസറി കെട്ടിടനിർമ്മാണം

137 (2282) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 വർഷത്തെ പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയുടെ ഭാഗമായി കോഴിക്കോട് ജില്ലാ കളക്ടറുടെ 5-7-2022-ലെ 1412/22/പി.എം.ജെ.വി.കെ./ഡി.പി.ഒ./കെ.കെ.ഡി. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ താമരശ്ശേരി ഗ്രാമപഞ്ചായത്ത് തയ്യാറാക്കി നൽകിയ, ഹോമിയോ ഡിസ്പെൻസറി കെട്ടിടം നിർമ്മിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശത്തിന്മേൽ (ബി.2/3388/22 തീയതി 3-8-2022) സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച ഫയൽ നിലവിൽ എവിടെയാണുള്ളതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ഫയലിന്റെ നമ്പർ ലഭ്യമാക്കുമോ?

(എ&ബി) പരിശോധനയിലാണ്. ഡയറക്ടറേറ്റിലെ പ്രസ്തുത ഫയലിന്റെ നമ്പർ 6523/പ്രോജക്ട്.1/2022/ന്യൂ.ക്ഷേ.ഡ. ആണ്

കൊടുവള്ളിയിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം

138 (2283) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിൽ ന്യൂനപക്ഷ യുവജനങ്ങൾക്കായുള്ള പരീക്ഷാ പരിശീലന കേന്ദ്രം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള E petn 1304/2022 (ഇ പെറ്റിഷൻ 1304/2022) എന്ന ഫയലിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

(എ&ബി) വകുപ്പുതലത്തിൽ വിശദമായി പരിശോധിച്ചുവരികയാണ്.

മഞ്ചേശ്വരം താലൂക്കിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം

139 (2284) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ വിഭാഗങ്ങൾ ഏറെയുള്ളതും സർക്കാർ സ്ഥാപനങ്ങളിൽ നിരവധി ഒഴിവുകൾക്ക് സാധ്യതയുള്ളതുമായ മഞ്ചേശ്വരം താലൂക്കിൽ ന്യൂനപക്ഷ പരിശീലന കേന്ദ്രം അനുവദിക്കണമെന്ന എം.എൽ.എ.-യുടെ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) പ്രസ്തുത താലൂക്കിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അവിടെ ന്യൂനപക്ഷങ്ങൾക്കായി പരീക്ഷാ പരിശീലന കേന്ദ്രം തുടങ്ങുന്നതിന് നടപടികൾ സ്വീകരിക്കുമോ?

(എ&ബി) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ പുതുതായി ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രം അനുവദിക്കണമെന്ന ശ്രീ.എ.കെ.എം. അഷ്റഫ് എം.എൽ.എ. സമർപ്പിച്ച അപേക്ഷ MW1/151/2022-GAD നമ്പർ ഫയലിൽ വകുപ്പുതലത്തിൽ പരിശോധിച്ചുവരികയാണ്.

2022 മാർച്ച് മാസം നടന്ന ദേശീയ പണിമുടക്ക് ദിവസം ജീവനക്കാരുടെ ഹാജർ

140 (2285) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 മാർച്ച് മാസം നടന്ന ദേശീയ പണിമുടക്ക് ദിവസം സെക്രട്ടേറിയറ്റിൽ എത്ര ജീവനക്കാർ ഹാജരായിരുന്നുവെന്ന് വിശദമാക്കാമോ?

മാർച്ച് 28-ന് 105 ജീവനക്കാരും മാർച്ച് 29-ന് 227 ജീവനക്കാരും ഹാജരായി.

(ബി) സെക്രട്ടേറിയറ്റിൽ ജോലിക്ക് ഹാജരാകാൻ സാധിക്കാത്ത എത്ര ജീവനക്കാർ പണിമുടക്ക് ദിവസം അവധി അപേക്ഷ നൽകിയിട്ടുണ്ട്; വിശദമാക്കാമോ?

സെക്രട്ടേറിയറ്റ് ജീവനക്കാർ സ്പാർക്കിലെ വ്യക്തിഗത ലോഗിൻ മുഖേനയാണ് അവധി അപേക്ഷ സമർപ്പിക്കുന്നത്. ആയതിനാൽ പ്രസ്തുത വിവരം ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല.

(സി) പണിമുടക്ക് ദിവസം ജോലിക്ക് ഹാജരായതിന്റെ പേരിൽ ജീവനക്കാരനെ മർദ്ദിച്ചതുസംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

ഇല്ല.

(ഡി) പണിമുടക്ക് ദിവസം വികാസ്ഭവനിലുള്ള ഓഫീസുകളിൽ എത്ര ജീവനക്കാർ ഹാജരായിരുന്നുവെന്നും എത്ര പേർ ലീവിന് അപേക്ഷിച്ചിരുന്നുവെന്നും വിശദമാക്കാമോ;

(ഇ) പണിമുടക്ക് ദിവസങ്ങളിൽ പബ്ലിക് ഓഫീസിൽ പ്രവർത്തിച്ചുവരുന്ന ആഫീസുകളിൽ എത്ര പേർ ജോലിക്ക് ഹാജരായിരുന്നുവെന്നും എത്ര പേർ അവധി അപേക്ഷ നൽകിയിരുന്നുവെന്നും വിശദമാക്കാമോ?

(ഡി&ഇ) വികാസ് ഭവനിലും പബ്ലിക് ഓഫീസിലും പ്രവർത്തിച്ചുവരുന്ന വിവിധ ഓഫീസുകളിലെ ജീവനക്കാരുടെ ഹാജർ ക്രോഡീകരിച്ച് ലഭ്യമായിട്ടില്ല.

ചിറയിൻകീഴ് മണ്ഡലത്തിലെ ഇ-ഹെൽത്ത് പദ്ധതി

141 (2286) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറയിൻകീഴ് മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ളത് വ്യക്തമാക്കാമോ?

1. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, അഞ്ചു തെങ്ങ്

2. കുടുംബാരോഗ്യ കേന്ദ്രം, കീഴാറ്റിങ്ങൽ

3. താലൂക്ക് ഹോസ്പിറ്റൽ, ചിറയിൻകീഴ്

4. കുടുംബാരോഗ്യ കേന്ദ്രം, മുദാക്കൽ

5. കുടുംബാരോഗ്യ കേന്ദ്രം, മംഗലാപുരം

6. കുടുംബാരോഗ്യ കേന്ദ്രം, അഴൂർ

7. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പുത്തൻ തോപ്പ്

8. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പെരുമാതുറ

(ബി) ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്നതിന് തെരഞ്ഞെടുത്ത പുതിയ ആശുപത്രികൾ ഏതെല്ലാമാണെന്നും ഇതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്നതിന് തെരഞ്ഞെടുത്ത പുതിയ ആശുപത്രികളുടെ പേരുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു. ഈ ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കാനാവശ്യമായ ടെണ്ടർ നടപടികൾ അവസാന ഘട്ടത്തിലാണ്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

142 (2287) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി(കാസ്പ്)-യിൽ പുതുതായി രജിസ്ട്രേഷൻ നടത്താൻ കഴിയുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2019 ഏപ്രിൽ മാസം മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കേരള സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്നു. 2018-19 കാലഘട്ടത്തിൽ RSBY കാർഡ് പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ എന്നിവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. അർഹരായിട്ടുള്ള കുടുംബങ്ങൾക്ക് ഏതുസമയത്തും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത് ആശുപത്രിയിൽനിന്നും അംഗത്വം നേടാവുന്നതാണ്. ഇതുകൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തവർക്കായി എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 2 ലക്ഷം രൂപവരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപവരെയുള്ള ചികിത്സാനുകൂല്യവും നൽകിവരുന്നു. KASP-ൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

(ബി) പതിനൊന്ന് വർഷം മുമ്പുള്ള സെൻസസ് പ്രകാരം തയ്യാറാക്കിയ ഡേറ്റാബേസിൽ ഉൾപ്പെട്ട ബി.പി.എൽ. കുടുംബങ്ങളാണ് നിലവിൽ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത് എന്നതിനാൽ പുനലൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെടെ കൊല്ലം ജില്ലയിൽ നൂറുകണക്കിന് പേർ പദ്ധതിയിൽ ഉൾപ്പെടാതെ ബുദ്ധിമുട്ടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതിയുടെ ഡേറ്റാബേസ് പുതുക്കി അർഹരായ മുഴുവൻ ബി.പി.എൽ. കുടുംബങ്ങളെയും പദ്ധതിയുടെ ഭാഗമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) പദ്ധതിയിൽ അംഗങ്ങളായവരുടെ നിയോജകമണ്ഡലം തിരിച്ചുള്ള വിവരം ലഭ്യമല്ല. KASP-ൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

143 (2288) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടത്തിപ്പിനായി 2019 മുതൽ നാളിതുവരെ കേന്ദ്ര, സംസ്ഥാന സർക്കാർ വിഹിതമായി ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടത്തിപ്പിനായി കേന്ദ്ര, സംസ്ഥാന സർക്കാർ വിഹിതമായി ലഭിച്ച തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു:

വർഷം	State Share	Central Share
2020-2021	3,56,57,46,000	1,03,67,41,819
2021-2022	10,02,50,00,000	1,38,89,89,685
2022-2023 (7-12-2022)	6,00,00,00,000	1,38,89,89,685

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കെ.എ.എസ്.പി.) പ്രകാരം സർക്കാർ, സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള ആകെ കുടിശ്ശിക തുക എത്രയാണ്; കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ ലഭ്യമാക്കാമോ;

(സി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ സർക്കാർ ആശുപത്രികൾക്കും കൊടുത്തുതീർക്കാനുള്ള കഴിഞ്ഞ മൂന്ന് വർഷത്തെ ക്ലെയിംസ് തുകയുടെ വിശദാംശം ലഭ്യമാക്കാമോ?

(ബി&സി) സർക്കാർ ആശുപത്രികൾക്ക്/സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക തുക (6-12-2022 വരെയുള്ള കണക്ക്) ചുവടെ ചേർക്കുന്നു:

വർഷം	സർക്കാർ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക തുക	സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക തുക
2020-2021	1,45,74,025	5,05,042
2021-2022	1,71,98,56,079	9,43,43,389
2022-2023 (7-12-2022)	4,00,58,29,063	44,67,31,443
ആകെ തുക	5,74,02,59,167	54,15,79,874

(ഡി) സ്റ്റേറ്റ് ഹെൽത്ത് ഏജൻസി കെ.ബി.എഫ്. (കാരുണ്യ ബെനവലന്റ് ഫണ്ട്) പദ്ധതിപ്രകാരം സർക്കാർ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക തുക എത്രയാണെന്ന് വ്യക്തമാക്കുമോ; കഴിഞ്ഞ മൂന്ന് വർഷത്തെ കണക്കുകൾ ലഭ്യമാക്കാമോ?

കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിപ്രകാരം സർക്കാർ ആശുപത്രികൾക്ക് നൽകാനുള്ള കുടിശ്ശിക തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

2021-22	₹ 53,17,56,076
2022-23	₹ 54,80,85,222

(ഇ) സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി നടത്തിപ്പിനായി വിദേശ ഏജൻസികളുടെയോ വിദേശ ഗവേഷണ സ്ഥാപനങ്ങളുടെയോ സാങ്കേതിക സഹായം കിട്ടുന്നുണ്ടോ; വിശദാംശം നൽകുമോ?

സ്റ്റേറ്റ് ഹെൽത്ത് ഏജൻസി അതിന്റെ നടത്തിപ്പിനായി ഇത്തരത്തിലുള്ള ഏജൻസികളുടെയോ ഗവേഷണ സ്ഥാപനങ്ങളുടെയോ സാങ്കേതിക സഹായം തേടുന്നില്ല. എന്നാൽ SHA-യിലെ ഉദ്യോഗസ്ഥരുടെ പരിശീലനത്തിനും മറ്റുമായി നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ ഡെവലപ്മെന്റ് പാർട്ണർമാരുടെ സഹായം ആവശ്യാനുസരണം ഉപയോഗപ്പെടുത്താറുണ്ട്.

(എഫ്) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളുടെയോ ഇൻഷ്വറൻസ് ക്ലെയിമുകളുടെയോ വിവരങ്ങൾ (ഹെൽത്ത് ഇൻഫർമേഷൻ) മറ്റു സ്ഥാപനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കളുടെയും ക്ലെയിമുകളുടെയും വിവരങ്ങൾ സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് പുറത്തുള്ള മറ്റൊരു ഏജൻസികൾക്കും ലഭ്യമല്ല. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സൗജന്യചികിത്സ നൽകുന്നത് നാഷണൽ ഹെൽത്ത് അതോറിറ്റി വികസിപ്പിച്ചെടുത്ത ട്രാൻസാക്ഷൻ മാനേജ്മെന്റ് സിസ്റ്റം എന്ന സോഫ്റ്റ്വെയർ വഴിയാണ്. ട്രാൻസാക്ഷൻ മാനേജ്മെന്റ് സിസ്റ്റം വഴി ശേഖരിച്ചെടുത്ത വിവരങ്ങളുടെ ഉറവിടം നാഷണൽ ഹെൽത്ത് അതോറിറ്റിയുടെ പക്കലാണ്. പ്രസ്തുത വിവരങ്ങളിലേയ്ക്ക് സ്റ്റേറ്റ് ഹെൽത്ത് ഏജൻസിക്ക് അക്സസ്സ് ലഭ്യമാണ്.

ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പുതിയ അംഗങ്ങളെ ഉൾപ്പെടുത്താൻ നടപടി

144 (2289) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ മാതൃകയിൽ മറ്റ് ആരോഗ്യ സുരക്ഷാ പദ്ധതികളിൽ പുതിയ അംഗങ്ങളെ ചേർക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ബി) നിലവിൽ അംഗങ്ങൾ അല്ലാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളെ പദ്ധതിയിൽ ഉൾപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) കാരുണ്യ മാതൃകയിൽ മറ്റ് ആരോഗ്യ സുരക്ഷാ പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. 2019 ഏപ്രിൽ മാസം മുതൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കേരള സംസ്ഥാന സർക്കാർ നടപ്പാക്കി വരുന്നു. 2018-19 കാലഘട്ടത്തിൽ RSBY കാർഡ് പുതുക്കിയവർ, 2011-ലെ SECC സെൻസസിൽ അർഹത നേടിയവർ എന്നിവർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളാണ്. ഇതുകൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഉൾപ്പെടാത്തവർക്കായി എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ വാർഷിക വരുമാനം 3 ലക്ഷം രൂപയിൽ താഴെയുള്ള കുടുംബങ്ങൾക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് വഴി 2 ലക്ഷം രൂപവരെയുള്ള സൗജന്യ ചികിത്സ ലഭ്യമാക്കുന്നുണ്ട്. വൃക്ക സംബന്ധമായ അസുഖങ്ങൾക്ക് 3 ലക്ഷം രൂപ വരെയുള്ള ചികിത്സാ ആനുകൂല്യവും നൽകിവരുന്നു. KASP-ൽ അംഗത്വം ലഭിക്കാൻ അർഹതയുണ്ടായിട്ടും ഒഴിവായിപ്പോയിട്ടുള്ളവരെ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ എന്ന കാര്യം പരിശോധിച്ചുവരുന്നുണ്ട്. നിലവിൽ ആരോഗ്യപരിരക്ഷ ലഭ്യമല്ലാത്ത എത്ര കുടുംബങ്ങളുണ്ടെന്നും അവർക്കുകൂടി പദ്ധതി ഏർപ്പെടുത്താൻ കഴിയുമോയെന്നതും സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

കുട്ടികൾക്ക് സൗജന്യ ചികിത്സാ പദ്ധതി

145 (2290) ശ്രീ. പി. ടി. എ. റഹീം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനെട്ട് വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ലഭ്യമാക്കുന്ന പദ്ധതി നിലവിലുണ്ടോ; എങ്കിൽ ഏതെല്ലാം രോഗങ്ങൾക്ക് ഏതൊക്കെ ആശുപത്രികളിലാണ് ഈ സൗകര്യം നിലവിലുള്ളത്; വിശദമാക്കാമോ;

(ബി) സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് ഈ ആനുകൂല്യം ലഭ്യമാക്കാൻ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കാമോ?

(എ&ബി) 18 വയസ്സിന് താഴെ പ്രായമുള്ള എല്ലാ കുട്ടികൾക്കും രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം RBSK പദ്ധതിപ്രകാരമുള്ള തെരഞ്ഞെടുത്ത 30 രോഗങ്ങളുടെ കണ്ടെത്തലും തുടർന്ന് ശസ്ത്രക്രിയ ഉൾപ്പെടെയുള്ള വിവിധ ചികിത്സകളും മറ്റ് സേവനങ്ങളും ഈ പദ്ധതിയിലൂടെ നടപ്പാക്കിവരുന്നു. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും

പ്രസ്തുത പദ്ധതിയുടെ സേവനം ലഭ്യമാണ്. ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ജീവൻ സുരക്ഷാ പ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി (ആർ.ബി.എസ്.കെ.) പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾ ഒഴികെയുള്ള ജീവൻരക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരും ആരോഗ്യകിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദായ നികുതിദായകർക്കും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല. ജന്മനാലുള്ള ഹൃദ്രോഗം കണ്ടെത്തുന്ന 18 വയസ്സ് വരെയുള്ള കുട്ടികൾക്കും 'ഹൃദ്യം' പദ്ധതിവഴി സേവനം ലഭ്യമാണ്. ജന്മനാലുള്ള ഹൃദ്രോഗങ്ങൾക്കായി ചികിത്സാ സൗകര്യം ലഭ്യമായിട്ടുള്ള ഈ പദ്ധതിക്കായി എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾ വഴിയും എസ്.എ.റ്റി. (ശ്രീ അവിട്ടം തിരുനാൾ ആശുപത്രി) തിരുവനന്തപുരം, മെഡിക്കൽ കോളേജ് കോട്ടയം, മെഡിക്കൽ കോളേജ് കോഴിക്കോട് ആശുപത്രി വഴിയും ഹൃദ്യം പദ്ധതി നടന്നുവരുന്നു. ടൈപ്പ് വൺ പ്രമേഹ രോഗികളായ കുട്ടികളുടെ ചികിത്സയ്ക്കായി സാമൂഹിക സുരക്ഷാ മിഷനുകീഴിൽ സൗജന്യ ഇൻസുലിനും ഇൻസുലിൻ പമ്പും മാസംതോറും 50 ഗ്ലൂക്കോമീറ്റർ സ്ട്രിപ്പ്, ലാൻസെറ്റ്, ഇൻസുലിൻ പേന, നീഡിൽ, കീറ്റോൺ സ്ട്രിപ്പ് എന്നിവയും continuous glucose മോണിറ്ററും സൗജന്യമായി നൽകുന്ന മിഠായി പദ്ധതി നിലവിലുണ്ട്. പൂർണ്ണതോതിൽ പ്രവർത്തിച്ചുവരുന്ന സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലും ആരോഗ്യ വകുപ്പിന്റെ ജില്ലാ ആശുപത്രികളിലുമായിട്ടാണ് മിഠായി ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നത്. 18 വയസ്സിനുതാഴെ പ്രായമുള്ള എല്ലാ ടൈപ്പ് 1 പ്രമേഹബാധിതരായ കുട്ടികൾക്കും മിഠായി പദ്ധതി വഴി ചികിത്സാ സഹായം ലഭ്യമാണ്. വാർഷിക വരുമാനം 2 ലക്ഷത്തിൽ താഴെയുള്ള രക്ഷിതാക്കളുടെ കുട്ടികൾക്കാണ് ഈ പദ്ധതിയിൽ അംഗമാകാൻ കഴിയുക.

മൃതസഞ്ജീവനി പദ്ധതി

146 (2291) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവം ലഭിക്കാനായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം എത്ര; വൃക്ക, കരൾ എന്നിങ്ങനെ തരം തിരിച്ച് ലഭ്യമാക്കുമോ?

അവയവം ലഭിക്കാനായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

വൃക്ക – 2246

കരൾ – 755

ഹൃദയം - 63

ഒന്നിൽ കൂടുതൽ അവയവങ്ങൾക്കായി കാത്തിരിക്കുന്ന രോഗികൾ - 51

(ബി) മൃതസഞ്ജീവനി പദ്ധതി പത്താം വർഷത്തിൽ എത്തി നിൽക്കുമ്പോൾ ഇതുവഴി നൽകിയത് എത്ര അവയവങ്ങളാണ്; ഇതുമൂലം എത്ര പേരുടെ ജീവൻ നിലനിർത്തി; വ്യക്തമാക്കുമോ?

2012-ൽ ആരംഭിച്ച മൃതസഞ്ജീവനി പദ്ധതിപ്രകാരം ആകെ 996 അവയവങ്ങളാണ് മാറ്റിവച്ചിട്ടുള്ളത്. ഇതുവഴി അത്രയും രോഗികൾക്ക് പുതുജീവൻ ലഭിക്കുകയുണ്ടായി. വർഷം തിരിച്ചുള്ള പട്ടിക അനുബന്ധമായി* ചേർത്തിരിക്കുന്നു.

(സി) മൃതസഞ്ജീവനി പദ്ധതി സജീവമാക്കാനും അവയവദാനങ്ങളിൽ ഒന്നുപോലും സാങ്കേതിക പ്രശ്നങ്ങളിൽപ്പെട്ട് വൈകാതിരിക്കാനും അവയവദാനം സുതാര്യമാക്കാനുമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ പാസ്സാക്കിയിട്ടുള്ള 1994-ലെ മനുഷ്യാവയവം കൈമാറ്റ നിയമം അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്ത് അവയവദാന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഈ രംഗത്ത് സമഗ്രമായ ഇടപെടൽ നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ.സോട്ടോ) 2021-ൽ സ്ഥാപിക്കുകയും മുൻ പദ്ധതിയായ മൃതസഞ്ജീവനി ഇതിൽ ലയിപ്പിക്കുകയും ചെയ്തു. ഈ സൊസൈറ്റിയുടെ അടിസ്ഥാന ലക്ഷ്യം ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ ദാതാക്കളിൽ നിന്നുള്ള അവയവദാന പ്രക്രിയയുടെ നിയന്ത്രണവും കാര്യക്ഷമത ഉറപ്പുവരുത്തുകയുമാണ്. ആവശ്യമുള്ളവർക്ക് ന്യായമായും നീതിപൂർവ്വമായും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താൻ സഹായിക്കുക എന്നതും പ്രധാന ലക്ഷ്യങ്ങളാണ്. അവയവദാനം സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ ബോധവൽക്കരണം ആവശ്യമുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവയവദാനത്തിന്റെ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി കെ-സോട്ടോ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കേരളത്തിലുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു. ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി അവയവദാനത്തിന്റെ ശാസ്ത്രീയവശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശില്പശാലകൾ ആശുപത്രികളിൽ സംഘടിപ്പിച്ചുവരുന്നു. കൂടാതെ സമൂഹമാധ്യമങ്ങളിലൂടെ കൂടുതൽ ബോധവൽക്കരണ പ്രചാരണ പരിപാടികളും കെ-സോട്ടോ നടത്തിവരുന്നു. അവയവദാനം, അവയവമാറ്റ ശസ്ത്രക്രിയകൾ എന്നിവ കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമായി നടത്തുന്നതിലേയ്ക്കായി ഒരു പ്രോട്ടോക്കോൾ കെ-സോട്ടോ തയ്യാറാക്കിവരുന്നു. അവയവദാനം, അവയവമാറ്റ ശസ്ത്രക്രിയകൾ എന്നിവയുടെ നിയന്ത്രണത്തിനും മേൽനോട്ടത്തിനുമായി വിദഗ്ധ കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ശിപാർശ സമർപ്പിക്കുന്നതിന് കെ-സോട്ടോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റ്

147 (2292) <u>ശ്രീ. കുറുക്കോളി മൊയ്തീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി നൽകിയ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിൽ അനിശ്ചിതമായി കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ സർക്കാർ ജീവനക്കാരുടെ മെഡിക്കൽ റീഇംബേഴ്സ്മെന്റിനത്തിൽ ഒരു ലക്ഷം രൂപയിൽ കൂടുതലുള്ള സ്വകാര്യ ആശുപത്രി ബില്ലുകളും രണ്ട് ലക്ഷത്തിൽ കൂടുതലുള്ള സർക്കാർ ആശുപത്രി ബില്ലുകളുമാണ് ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിൽ പരിശോധിക്കുന്നത്. മെഡിക്കൽ റീഇംബേഴ്സ്മെന്റ് ബില്ലുകൾ പരിശോധിക്കുന്നതിന് നിലവിൽ ആറ് സെക്ഷനുകളാണുള്ളത്. ഏകദേശം 480 ബില്ലുകളാണ് പ്രതിമാസം ലഭിക്കുന്നത്. ബില്ലുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് ഇവയിൽ തീർപ്പ് കൽപ്പിച്ചുവരുന്നുണ്ട്.

(ബി) മെഡിക്കൽ റീഇംബേഴ്സ്മെന്റിനായി നൽകിയ അപേക്ഷകളിൽ ആരോഗ്യ വകുപ്പ് ഡയറക്ടേറ്റിൽ എന്ന് മുതൽക്കുള്ള എത്ര അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് വ്യക്തമാക്കുമോ?

ആദ്യഘട്ടത്തിൽ നടപടി സ്വീകരിക്കാനുണ്ടായിരുന്ന 2274 അപേക്ഷകളിൽ ഫയൽ അദാലത്തിലൂടെ 1207 എണ്ണം തീർപ്പുകൽപ്പിച്ചു. അതിനുശേഷം (29-9-2022-നുശേഷം) ലഭിച്ച 1307 അപേക്ഷകളും ചേർത്ത് നിലവിൽ ആകെ 2374 അപേക്ഷകൾ പരിഗണനയിലാണ്.

(സി) പ്രസ്തുത അപേക്ഷകൾ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ ആവശ്യത്തിന് ജീവനക്കാരെ ചുമതലപ്പെടുത്താത്തതാണ് കാലതാമസം നേരിടുന്നതിന് കാരണമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) മെഡിക്കൽ റീഇംബേഴ്സ്മെന്റ് അനുവദിക്കുന്നതിന് കാലതാമസം നേരിടുന്നുവെന്ന് പരാതികളുണ്ടാകുന്ന സാഹചര്യത്തിൽ മതിയായ ജീവനക്കാരെ ചുമതലപ്പെടുത്തി നിശ്ചിത സമയത്തിനുള്ളിൽ അപേക്ഷകളിന്മേൽ തീരുമാനമെടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന മെഡിക്കൽ റീഇംബേഴ്സ്മെന്റ് അപേക്ഷകളുടെ എണ്ണം വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ബില്ലുകൾ തീർപ്പാക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ അദാലത്തുകൾ നടത്തിവരുന്നു. ആയത് തീർപ്പാക്കുന്നതിന് ടി വകുപ്പിലെ എം.ആർ. സെക്ഷനിലെ മുഴുവൻ ജീവനക്കാരെയും കൂടാതെ വിവിധ സെക്ഷനുകളിലെ ജീവനക്കാരെയും അവധി ദിവസങ്ങളിലും നിയമിച്ച് ഫയലുകളിൽ തീർപ്പ് കൽപ്പിച്ചുവരുന്നുണ്ട്.

മലമ്പുഴ മണ്ഡലത്തിലെ ആർദ്രം പദ്ധതി

148 (2293) ശ്രീ. എ. പ്രഭാകരൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

സ്ഥാപനം	നടപ്പാക്കിയ പ്രവൃത്തി
പി.എച്ച്.സി. പുതുപ്പരിയാരം (ആർദ്രം ഒന്നാം ഘട്ടം)	കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി
പി.എച്ച്.സി. അകത്തേത്തറ (ആർദ്രം രണ്ടാം ഘട്ടം)	കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി
പി.എച്ച്.സി. മലമ്പുഴ (ആർദ്രം രണ്ടാം ഘട്ടം)	കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി
പി.എച്ച്.സി. പുതുശ്ശേരി (ആർദ്രം രണ്ടാം ഘട്ടം)	കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി
പി.എച്ച്.സി. മരുതറോഡ് (ആർദ്രം രണ്ടാം ഘട്ടം)	കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി
പി.എച്ച്.സി. മുണ്ടൂർ (ആർദ്രം രണ്ടാം ഘട്ടം)	കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി
പി.എച്ച്.സി. കൊടുമ്പ് (ആർദ്രം മൂന്നാം ഘട്ടം)	നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പ്രസ്തുത മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

സ്ഥാപനം	തസ്തികകൾ
പുതുപരിയാരം	അസിസ്റ്റന്റ് സർജൻ - 1 സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 2 ലാബ് ടെക്നീഷ്യൻ ഗ്രേഡ് II - 1 ഫാർമസിസ്റ്റ് - 1
അകത്തേത്തറ കുടുംബാരോഗ്യ കേന്ദ്രം	ഡോക്ടർ - 1 സ്റ്റാഫ് നഴ്സ് - 1 ലാബ് ടെക്നീഷ്യൻ - 1
മരുതറോഡ് കുടുംബാരോഗ്യ കേന്ദ്രം	ഡോക്ടർ -1 സ്റ്റാഫ് നഴ്സ് - 1 ലാബ് ടെക്നീഷ്യൻ - 1
പുതുശ്ശേരി കുടുംബാരോഗ്യ കേന്ദ്രം	ഡോക്ടർ - 1 സ്റ്റാഫ് നഴ്സ് - 1 ലാബ് ടെക്നീഷ്യൻ - 1
മുണ്ടൂർ കുടുംബാരോഗ്യ കേന്ദ്രം	ഡോക്ടർ - 1 സ്റ്റാഫ് നഴ്സ് - 1
മലമ്പുഴ കുടുംബാരോഗ്യ കേന്ദ്രം	ഡോക്ടർ - 1 സ്റ്റാഫ് നഴ്സ് - 1

അരൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതി

149 (2294) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി വരുന്ന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ ഏതെല്ലാം ആശുപത്രികളിലാണ് ആർദ്രം പദ്ധതിയുടെ പ്രവർത്തനങ്ങൾ നടക്കുന്നതെന്നും ആയതിന് അനുവദിക്കപ്പെട്ട തുക എത്രയാണെന്നും വിശദമാക്കാമോ?

(എ&ബി)

സ്ഥാപനത്തിന്റെ പേര്	എ.എസ്. തുക (ലക്ഷം)	നിർമ്മാണ പുരോഗതി
ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, അരുക്കുറ്റി	37.50	70% നിർമ്മാണം പൂർത്തീകരിച്ചു.
ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രം, പെരുമ്പളം	15.50	നിർമ്മാണം പൂർത്തീകരിച്ചു. ഉദ്ഘാടനം ചെയ്തു.
കുടുംബാരോഗ്യ കേന്ദ്രം, പള്ളിപ്പുറം	13.36	നിർമ്മാണം പൂർത്തീകരിച്ചു. ഉദ്ഘാടനം ചെയ്തു.
കുടുംബാരോഗ്യ കേന്ദ്രം, പാണാവള്ളി	23.96	നിർമ്മാണം പൂർത്തീകരിച്ചു. ഉദ്ഘാടനം ചെയ്തു.
കുടുംബാരോഗ്യ കേന്ദ്രം, തുറവൂർ സൗത്ത്	14	നിർമ്മാണത്തിനായുള്ള നടപടികൾ പുരോഗമിക്കുന്നു.
കുടുംബാരോഗ്യ കേന്ദ്രം, അന്ധകാരനഴി	18.36	നിർമ്മാണം പൂർത്തീകരിച്ചു. ഉദ്ഘാടനം ചെയ്തു.
കുടുംബാരോഗ്യ കേന്ദ്രം, എഴുപുന്ന	60.5	ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കും.
	41 ലക്ഷം രൂപ	ഗ്രാമപഞ്ചായത്ത് മുഖേന കുടുംബാരോഗ്യ കേന്ദ്രത്തിന്റെ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തീകരിച്ചു.
കുടുംബാരോഗ്യ കേന്ദ്രം കോടംതുരുത്ത്	22.50	നിർമ്മാണം പൂർത്തീകരിച്ചു.
കുടുംബാരോഗ്യ കേന്ദ്രം പള്ളിത്തോട്	14	നിർമ്മാണം പൂർത്തീകരിച്ചു.
കുടുംബാരോഗ്യ കേന്ദ്രം വല്ലത്തോട്	13.69	നിർമ്മാണം പൂർത്തീകരിച്ചു.

ആർദ്രം പദ്ധതിപ്രകാരം താഴെപ്പറയുന്ന അധിക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

സ്ഥാപനം	തസ്തിക
പി.എച്ച്.സി., പള്ളിപ്പുറം	ഡോക്ടർ - 1 സ്റ്റാഫ് നഴ്സ് - 2 ലാബ് ടെക്നീഷ്യൻ - 1 ഫാർമസിസ്റ്റ് - 1
പി.എച്ച്.സി., പള്ളിത്തോട്	ഡോക്ടർ - 1 സ്റ്റാഫ് നഴ്സ് - 1 ലാബ് ടെക്നീഷ്യൻ - 1
പി.എച്ച്.സി., പാണാവള്ളി	ഡോക്ടർ - 1
പി.എച്ച്.സി., തുറവൂർ സൗത്ത്	ഡോക്ടർ - 1
പി.എച്ച്.സി., വല്ലത്തോട്	ഡോക്ടർ - 1 സ്റ്റാഫ് നഴ്സ് - 1 ലാബ് ടെക്നീഷ്യൻ - 1

ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ച ഒപ്റ്റോമെട്രിസ്റ്റ് തസ്തിക

150 (2295) <u>ശ്രീ. ലിന്റോ ജോസഫ്:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയുടെ ഭാഗമായി പ്രഖ്യാപിച്ചിരുന്ന ഒപ്റ്റോമെട്രിസ്റ്റ് തസ്തികയിൽ ഇതുവരെ എത്ര തസ്തിക സൃഷ്ടിച്ചുവെന്നും ഇനി എത്രയെണ്ണം സൃഷ്ടിക്കുവാൻ അവശേഷിക്കുന്നുണ്ടെന്നും വിശദമാക്കുമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി 23-9-2017-ലെ സ.ഉ.(കൈ) നമ്പർ 136/2017/ആ.കു.വ. പ്രകാരം ഒപ്റ്റോമെട്രിസ്റ്റിന്റെ 7 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(ബി) ഒഫ്താൽമോളജി ഉണ്ടായിട്ടും ഒപ്റ്റോമെട്രിസ്റ്റ് തസ്തിക ഇല്ലാത്ത എത്ര സ്ഥാപനങ്ങളുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കുമോ?

നാല് സ്ഥാപനങ്ങൾ

1. താലൂക്കാസ്ഥാന ആശുപത്രി, കായംകുളം

2. താലൂക്ക് ആശുപത്രി, കുന്നംകുളം

3. ഗവ. ടൈബൽ സ്പെഷ്യാലിറ്റി ആശുപത്രി, കോട്ടത്തറ

4. താലൂക്ക് ആശുപത്രി, ഫറോക്ക്

(സി) പദവി ഉയർത്തപ്പെട്ട ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ?

അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

എസ്.എ.ടി. ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി

151 (2296) ഡോ. എം. കെ. മുനീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ എസ്.എ.ടി. ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി എന്ന പേരിൽ പ്രവർത്തിക്കുന്ന സൊസൈറ്റിയുടെ ചെയർമാൻ, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കാമോ?

തിരുവനന്തപുരം എസ്.എ.ടി. ആശുപത്രിയിൽ എസ്.എ.ടി. ഹോസ്പിറ്റൽ ഹെൽത്ത് എഡ്യൂക്കേഷൻ സൊസൈറ്റി എന്ന പേരിൽ പ്രവർത്തിക്കുന്ന സൊസൈറ്റിയുടെ ചെയർമാൻ, സെക്രട്ടറി, ഭരണസമിതി അംഗങ്ങൾ എന്നിവരുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത സൊസൈറ്റിയുടെ ബൈലോയുടെ പകർപ്പ് ലഭ്യമാക്കുമോ?

അനുബന്ധമായി ചേർക്കുന്നു*.

(സി) സൊസൈറ്റിയുടെ അധീനതയിൽ എത്ര ജീവനക്കാർ സേവനമനുഷ്ഠിക്കുന്നുണ്ട്; അവരുടെ പേര് വിവരം, തസ്തിക, നിയമന രീതി, നിയമനം നടത്തിയ ഉത്തരവിന്റെ പകർപ്പ് എന്നിവ ഇനം തിരിച്ച് ലഭ്യമാക്കുമോ?

വിവരം അനുബന്ധമായി ചേർക്കുന്നു*.

(ഡി) സർക്കാർ പണം മുടക്കി സൊസൈറ്റിക്ക് വാങ്ങി നൽകിയിട്ടുള്ള ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പരിശോധനകൾക്ക് പൊതുജനങ്ങളിൽനിന്ന് പണം ഈടാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

സർക്കാർ പണം മുടക്കി സൊസൈറ്റിക്ക് ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടില്ല.

(ഇ) 2021-22 സാമ്പത്തിക വർഷത്തിൽ സൊസൈറ്റിയുടെ വരവ് ചെലവ് കണക്കുകളുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ?

വരവ് ചെലവ് കണക്കുകളുടെ സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു*.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കണ്ണൂർ ജില്ലാ ആശുപത്രി പുതിയ തസ്തിക

152 (2297) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലാ ആശുപത്രിയിൽ പുതിയ കെട്ടിടം പണി പൂർത്തീകരിക്കുകയും രോഗികളെ പ്രവേശിപ്പിക്കുകയും ചെയ്തെങ്കിലും സ്റ്റാഫിന്റെ പുതിയ തസ്തിക സൃഷ്ടിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കണ്ണൂർ ജില്ലാ ആശുപത്രിയിൽ പുതിയ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലാ ആശുപത്രിയിൽ ചുവടെ പറയുന്ന തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ക്രമം	തസ്തിക	എണ്ണം
1	കൺസൾട്ടന്റ് റേഡിയോ ഡയഗ്നോസിസ്	1
2	ക്യാഷ്വൽറ്റി മെഡിക്കൽ ഓഫീസർ	2
3	ഇ.സി.ജി. ടെക്നീഷ്യൻ	1
4	ഡയാലിസിസ് ടെക്നീഷ്യൻ	3
5	റേഡിയോഗ്രാഫർ	1
6	എക്സ്റേ അറ്റൻഡർ	1
7	മോർച്ചറി ടെക്നീഷ്യൻ	1
8	മോർച്ചറി അറ്റൻഡർ	1
9	മെഡിക്കൽ റിക്കോർഡ് ലൈബ്രേറിയൻ	1

വിവിധ വിഭാഗം തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

കോന്നി മണ്ഡലത്തിലെ ആശുപത്രികളുടെ നിർമ്മാണ പ്രവൃത്തികൾ

153 (2298) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി മണ്ഡലത്തിലെ ചിറ്റാർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെയും കൂടൽ, മലയാലപ്പുഴ എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെയും നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും; നടപടികൾ വിശദമാക്കാമോ?

പത്തനംതിട്ട ജില്ലയിൽ കോന്നി നിയോജകമണ്ഡലത്തിലെ ചിറ്റാർ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി 15.50 ലക്ഷം രൂപ

അനുവദിച്ചിട്ടുണ്ട്. ആയതിന് എഗ്രിമെന്റ് വച്ചിട്ടുള്ളതും പണികൾ ഉടൻതന്നെ ആരംഭിക്കുന്നതുമാണ്. കൂടൽ കുടുംബാരോഗ്യ കേന്ദ്രത്തിന് 662.16 ലക്ഷം രൂപയും മലയാലപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിന് 762.8 ലക്ഷം രൂപയും നബാർഡ് ഫണ്ടിലുൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ സ്ട്രക്ചറൽ ഡിസൈൻ നടപടികൾ പൊതുമരാമത്ത് വകുപ്പിൽ പുരോഗമിക്കുകയാണ്. സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടികൾ പൂർത്തിയാക്കി അധികം വൈകാതെ പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) കോന്നി താലൂക്ക് ആശുപത്രിയുടെ നിർമ്മാണപ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയും; നിർമ്മാണ പുരോഗതി വിശദമാക്കാമോ?

കോന്നി താലൂക്ക് ആശുപത്രിക്കുവേണ്ടി എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നിർമ്മാണം നടക്കുന്ന കെട്ടിടത്തിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

(1) 208 ലക്ഷം രൂപ ചെലവിൽ ലേബർ റൂമിനെ ലക്ഷ്യ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രവൃത്തികൾ 2023 മേയ് മാസത്തിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(2) 93 ലക്ഷം രൂപ ചെലവിൽ നടക്കുന്ന ഒ.പി. പരിവർത്തന പ്രവൃത്തികളുടെ നിർമ്മാണം ഉടൻ ആരംഭിക്കുന്നതാണ്. 2023 മാർച്ചിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(3) 100 ലക്ഷം രൂപ ചെലവിൽ സ്ഥാപിക്കുന്ന നേത്രരോഗ വിഭാഗത്തിന്റെ ഡി.പി.ആർ. തയ്യാറാക്കിവരുന്നു. പദ്ധതി 2023 സെപ്റ്റംബറിൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

(4) കോന്നി മണ്ഡലത്തിൽ നിന്നും ഐസൊലേഷൻ വാർഡ് നിർമ്മാണത്തിന് താലൂക്ക് ആസ്ഥാന ആശുപത്രി കോന്നി തെരഞ്ഞെടുത്തിരുന്നു. ഇതിനായി പദ്ധതിപ്രദേശം സജ്ജമാക്കുന്ന നടപടികൾ നടന്നുവരുന്നു.

കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭ്യമാക്കുന്നതിനുള്ള കാലതാമസം

154 (2299) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് കിഫ്ബിയിൽ നിന്നും സാമ്പത്തികാനുമതി ലഭിക്കുന്നതിനുള്ള നടപടികളിൽ വലിയ കാലതാമസം നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നടപടികൾ അടിയന്തരമായി പൂർത്തീകരിച്ച് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

(എ&ബി) കൊല്ലം ജില്ലാ ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതിക്ക് 26-2-2021-ൽ കിഫ്ബിയിൽനിന്നും സാമ്പത്തികാനുമതി ലഭിച്ചിട്ടുണ്ട്. എന്നാൽ ഇതേത്തുടർന്ന് നടപ്പാക്കാൻ തീരുമാനിച്ച ഗ്രിഹ (GRIHA) 3 സ്റ്റാർ റേറ്റിംഗ് ലഭിക്കുന്നതിനുള്ള ജോലികളും പ്രോജക്ട് ഡിസൈൻ റിവ്യൂവുമായി ബന്ധപ്പെട്ട ജോലികളും സമയദൈർഘ്യമെടുക്കുന്നതാണ്. ഇവ കിഫ്ബിയുടെ നിർദ്ദേശങ്ങൾക്കനുസൃതമായി പുരോഗമിച്ചുവരുന്നു. ഇവ പൂർത്തിയാക്കി പുതുക്കിയ സാമ്പത്തികാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

തിരൂർ ജില്ലാ ആശുപത്രി ഓങ്കോളജി ബ്ലോക്കിന്റെ പ്രവർത്തനം

155 (2300) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയായ തിരൂർ ജില്ലാ ആശുപത്രിയിലെ ഓങ്കോളജി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നത് അനിശ്ചിതമായി നീളുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

നിലവിലെ കരാർ അനുസരിച്ച് പൊതുമരാമത്ത് വകുപ്പ് നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നരക്കോടിയുടെ അഡീഷണൽ എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നുവെങ്കിലും Tranche close ആയതിനാൽ അനുമതി ലഭിച്ചിട്ടില്ല. ബാക്കി പ്രവൃത്തികളുടെ എസ്റ്റിമേറ്റ് നിലവിലെ DSR പ്രകാരം തയ്യാറാക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

(ബി) പ്രസ്തുത ഓങ്കോളജി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗതീരുമാനങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത തീരുമാനങ്ങൾ നടപ്പാക്കിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്താണെന്നുമുള്ള വിശദവിവരം ലഭ്യമാക്കുമോ;

(സി) പ്രസ്തുത ഓങ്കോളജി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നത് അനിശ്ചിതമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(ബി &സി) പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾ ചുവടെ ചേർക്കുന്നു.

1. കാൻസർ ചികിത്സയുടെ കാര്യത്തിൽ, നിലവിലുള്ള സൗകര്യങ്ങൾ തുടരാം. ആവശ്യകതകൾ വിലയിരുത്തുന്നതിന് മലബാർ കാൻസർ സെന്ററിന്റെ വൈദഗ്ധ്യത്തിൽ ഒരു സാധ്യതാ പഠനം നടത്തും.

2. നബാർഡ് പദ്ധതി പൂർത്തീകരിക്കുന്നതിന് 3.5 കോടി അധികമായി നൽകാനുള്ള നിർദ്ദേശം സംബന്ധിച്ച് പി.ഡബ്ല്യു.ഡി. നബാർഡുമായി ഫോളോ അപ്പ് ചെയ്യണം, കൂടാതെ ആശുപത്രി അധികൃതരുമായി കൂടിയാലോചിച്ച് എസ്.റ്റി.പി.-ക്ക് ബദൽ സ്ഥലം കണ്ടെത്തണം. 2022 ഓഗസ്റ്റിനുള്ളിൽ പൂർത്തീകരിച്ച് കൈമാറുമെന്ന് PWD ഉറപ്പാക്കണം.

3. ആരോഗ്യ വകുപ്പ് ഡയറക്ടർ, ആരോഗ്യ വകുപ്പ് ജോയിന്റ് സെക്രട്ടറി, ടെക്നിക്കൽ കമ്മിറ്റി എന്നിവർ അടങ്ങുന്ന ഒരു സംഘം സൈറ്റ് സന്ദർശിക്കുകയും ബന്ധപ്പെട്ട എൽ.എസ്.ജി. സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ആവശ്യകതകൾക്ക് അനുയോജ്യമായ പരിഷ്കാരങ്ങൾ ചർച്ച ചെയ്യുകയും വേണം.

4. കിഫ്ബിയുടെ സഹായത്തോടെ ഉപകരണങ്ങൾ, ഫർണിച്ചറുകൾ, എസ്.റ്റി.പി. എന്നിവയ്ക്കുള്ള നിർദ്ദേശങ്ങൾ ഏറ്റെടുക്കണം.

5. മൈക്രോബയോളജി ലാബിനായി 43 ലക്ഷം രൂപയുടെ എൻ.എച്ച്.എം. ഫണ്ട് വിനിയോഗിക്കും.

6. കിഫ്ബി, എൻ.എച്ച്.എം., ജില്ലാ പഞ്ചായത്ത് എന്നിവയിൽ നിന്നുള്ള ഫണ്ടുകൾ ആവശ്യകതകൾക്കനുസൃതമായി ആശുപത്രിയെ സമ്പൂർണ്ണമായ ഒന്നാക്കി മാറ്റുന്നതിന് വിനിയോഗിക്കും.

സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു:

1. ഫീസിബിലിറ്റി സ്റ്റഡി നടത്താൻ മലബാർ കാൻസർ സെന്ററിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

2. STP സ്ഥാപിക്കുന്നതിന് ജില്ലാ പഞ്ചായത്ത് IRTC പാലക്കാടിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

3. മൈക്രോബയോളജി ലാബ് ഓങ്കോളജി ബ്ലോക്കിൽ ചെയ്യുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി ചെയ്യുന്ന M/s.WAPCOS Ltd. DPR സമർപ്പിച്ചിട്ടുണ്ട്.

4. ഓങ്കോളജി ബ്ലോക്ക് പ്രവർത്തനസജ്ജമാക്കുന്നതിന് അത്യാവശ്യമായ ജോലികൾ ജില്ലാ പഞ്ചായത്ത് മുഖാന്തരം ചെയ്യാൻ തീരുമാനമായിട്ടുണ്ട്.

ചട്ടഞ്ചാൽ ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രി

156 (2301) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ചട്ടഞ്ചാൽ ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രി സ്ഥിതിചെയ്യുന്ന സ്ഥലം നിലവിൽ ഏത് വകുപ്പിന്റെ കൈവശമാണുള്ളത്?

സ്ഥലം നിലവിൽ റവന്യൂ വകുപ്പിന്റെ കൈവശമാണുള്ളത്.

(ബി) പ്രസ്തുത സ്ഥലം ആരോഗ്യവകുപ്പിന് വകുപ്പ് കൈമാറ്റ വ്യവസ്ഥ പ്രകാരം ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) പ്രസ്തുത സ്ഥലം വകുപ്പിന് കൈമാറി കിട്ടുന്നതിനുള്ള അപേക്ഷയുടെ നിജസ്ഥിതി വിശദമാക്കാമോ?

(ബി&സി) ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രി സ്ഥിതിചെയ്യുന്ന 2.0307 ഹെക്ടർ സ്ഥലം ആരോഗ്യ വകുപ്പിന് ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ കാസർഗോഡ് ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. തുടർനടപടികൾ റവന്യൂ വകുപ്പിൽ സ്വീകരിച്ചുവരുന്നു.

ചട്ടഞ്ചാൽ ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രി സ്പെഷ്യാലിറ്റി ആശുപത്രിയായി മാറ്റുന്നതിനുള്ള നടപടി

157 (2302) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ കാസർഗോഡ് ജില്ലയിൽ പ്രത്യേകമായി രൂപപ്പെടുത്തി പ്രവർത്തനം ആരംഭിച്ച ചട്ടഞ്ചാൽ ടാറ്റാ ട്രസ്റ്റ് ഗവൺമെന്റ് ആശുപത്രി നിലവിൽ മുന്നോട്ടുകൊണ്ടുപോകാൻ ബുദ്ധിമുട്ടാണെന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാസർഗോഡ് ജില്ലയിലെ ആരോഗ്യമേഖലയിലെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിൽ പ്രവർത്തനം ആരംഭിച്ച ഈ ആശുപത്രിയിൽ കോവിഡ് രോഗികൾ പൂർണ്ണമായും ഇല്ലാതായെങ്കിലും ഇവിടെനിന്നും രോഗികൾക്ക് ജനറൽ ഒ.പി. സേവനം ലഭ്യമാക്കുന്നതിന് തടസ്സമില്ല.

(ബി) ജില്ലയിലെ പാവപ്പെട്ട രോഗികൾക്ക് ഗുരുതര രോഗങ്ങൾക്കുള്ള ചികിത്സയ്ക്കായി അന്യസംസ്ഥാനത്തേയും ജില്ലകളേയും ആശ്രയിക്കേണ്ടി വരുന്നതിനാൽ അവർക്ക് സഹായകമാകുംവിധം ഈ ആശുപത്രിയെ ഒരു സ്പെഷ്യാലിറ്റി ആശുപത്രിയായി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) മേൽ സ്ഥാപനം ജില്ലാ പഞ്ചായത്തിന്റെ കീഴിൽ കൊണ്ടുവന്ന് സ്പെഷ്യാലിറ്റി ആശുപത്രിക്കായുള്ള ഭൗതികസാഹചര്യം ഉണ്ടാക്കാൻ ജില്ലയിലെ തദ്ദേശ സ്ഥാപനങ്ങൾ, എം.എൽ.എ., എം.പി., സ്വകാര്യ സംഭാവനകൾ എന്നിവ മുഖേന ഫണ്ട് സ്വരൂപിച്ച് തുടർനടപടി സ്വീകരിക്കാൻ വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി&സി) ഈ ആശുപത്രിയിൽനിന്നും ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരായവർ ഉൾപ്പെടെയുള്ള ദുർബല വിഭാഗങ്ങൾക്കും മറ്റുള്ളവർക്കും സ്പെഷ്യാലിറ്റി ചികിത്സ ലഭ്യമാക്കുന്നതിന് സാധിക്കുന്ന ആശുപത്രിയായി ഇതിനെ മാറ്റാൻ കഴിയുമോയെന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നുണ്ട്.

ഡയാലിസിസ് സംവിധാനമുള്ള സർക്കാർ ആശുപത്രികൾ

158 (2303) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ സർക്കാർ മേഖലയിൽ ഏതെല്ലാം ആശുപത്രികളിലാണ് ഡയാലിസിസ് സംവിധാനം നിലവിലുള്ളത്; വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ ഡയാലിസിസ് സംവിധാനമുള്ള ആശുപത്രികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗവ. മെഡിക്കൽ കോളേജ് ആശുപത്രി, തിരുവനന്തപുരം

2. ശ്രീ അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം

3. ജനറൽ ആശുപത്രി, തിരുവനന്തപുരം

4. ജനറൽ ആശുപത്രി, നെയ്യാറ്റിൻകര

5. ജില്ലാ ആശുപത്രി, നെടുമങ്ങാട്

6. താലൂക്ക് ആശുപത്രി, ആറ്റിങ്ങൽ

7. താലൂക്ക് ആശുപത്രി, ഫോർട്ട്

8. താലൂക്ക് ആശുപത്രി, ചിറയിൻകീഴ്

9. താലൂക്ക് ആസ്ഥാന ആശുപത്രി, പാറശ്ശാല

10. ജില്ലാ മോഡൽ ആശുപത്രി, പേരൂർക്കട

11. താലൂക്ക് ആസ്ഥാന ആശുപത്രി, വർക്കല

12. താലൂക്ക് ആസ്ഥാന ആശുപത്രി, മലയിൻകീഴ്

(ബി) കൂടുതൽ ആശുപത്രികളിലേയ്ക്ക് ഡയാലിസിസ് സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ താലൂക്കാശുപത്രി വിഭാഗത്തിൽ ഡയാലിസിസ് യൂണിറ്റ് തുടങ്ങുന്നതിനുള്ള നിർമ്മാണ പ്രവൃത്തികൾ നടന്നുവരുന്നു.

(സി) വാമനപുരം മണ്ഡലത്തിലെ ഏതെങ്കിലും ആശുപത്രികളിൽ പുതുതായി ഡയാലിസിസ് സംവിധാനം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

കൂട്ടനാട്ടിലെ പ്രാഥമിക - കുടുംബാരോഗ്യ കേന്ദ്രങ്ങൾ നവീകരിക്കാൻ നടപടി

159 (2304) ശ്രീ തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കത്തിൽ കൂട്ടനാട്ടിലെ പ്രാഥമിക കുടുംബാരോഗ്യ കേന്ദ്രങ്ങൾ തകർച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാം; വ്യക്തമാക്കുമോ?

കൂട്ടനാട്ടിലെ ആരോഗ്യസ്ഥാപനങ്ങളിൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

1. എഫ്.എച്ച്.സി., നീലംപേരൂർ

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ കുടുംബാരോഗ്യകേന്ദ്രമാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. പുതിയ കെട്ടിട നിർമ്മാണത്തിനായുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

2. എഫ്.എച്ച്.സി., തലവടി

ആർദ്രം പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യ കേന്ദ്രമാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. സ്ഥാപനത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി എൻ.എച്ച്.എം. ഫണ്ട് 27.36 ലക്ഷം രൂപയും

2018-19-ൽ വെള്ളപ്പൊക്ക നിവാരണത്തിനായി 14 ലക്ഷം രൂപയും അനുവദിച്ചു. എന്നാൽ ആശുപത്രി നിൽക്കുന്ന സ്ഥലത്തെ സംബന്ധിച്ച് കോടതി കേസ് നിലനിൽക്കുന്നതിനാൽ നിർമ്മാണപ്രവർത്തനം ആരംഭിച്ചിട്ടില്ല.

3. എഫ്.എച്ച്.സി., തകഴി

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. ടി സ്ഥാപനത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

4. എഫ്.എച്ച്.സി., കാവാലം

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. നവീകരണ പ്രവർത്തനം പുരോഗമിക്കുന്നു.

5. എഫ്.എച്ച്.സി., കുപ്പപ്പുറം

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്തിട്ടുണ്ട്. നിലവിലെ കെട്ടിടം നവീകരണത്തിനായി 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

6. എഫ്.എച്ച്.സി., രാമങ്കരി

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്ത് നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് ഉദ്ഘാടനം കഴിഞ്ഞു.

7. എഫ്.എച്ച്.സി. വിയ്യപുരം

ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്താൻ തെരഞ്ഞെടുത്ത് നവീകരണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പ്രവർത്തനമാരംഭിച്ചു.

8. എഫ്.എച്ച്.സി., മുട്ടാർ

ആർദ്രം പദ്ധതിയുടെ മൂന്നാംഘട്ടത്തിൽ ഉൾപ്പെടുത്തി നിർമ്മാണ പ്രവൃത്തികൾക്കുള്ള ഡി.പി.ആർ. തയ്യാറാക്കിവരുന്നു.

കൂടാതെ സി.എച്ച്.സി. ചമ്പക്കുളം, സി.എച്ച്.സി. വെളിയനാട് എന്നീ സ്ഥാപനങ്ങളെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. സി.എച്ച്.സി ചേന്നംപുറം, സി.എച്ച്.സി. എടത്വാ എന്നീ സ്ഥാപനങ്ങളിൽ ലാബ് വിപുലീകരണം, കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ എന്നീ പ്രവൃത്തികൾ നടന്നുവരുന്നു.

(ബി) കട്ടനാട്ടിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ആവശ്യത്തിന് മരുന്നും ജീവനക്കാരെയും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കട്ടനാട്ടിലെ ആരോഗ്യ സ്ഥാപനങ്ങളിൽ KMSCL മുഖാന്തരം ആവശ്യത്തിന് മരുന്ന് ലഭ്യമാക്കി വരുന്നുണ്ട്.

കട്ടനാട്ടിലെ ആരോഗ്യ കേന്ദ്രങ്ങളിൽ ആർദ്രം പദ്ധതി പ്രകാരം സൃഷ്ടിച്ച തസ്തികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

സ്ഥാപനം	തസ്തികകൾ
എഫ്.എച്ച്.സി., നീലംപേരൂർ	ഡോക്ടർ -1 സ്റ്റാഫ് നഴ്സ് -2 ലാബ് ടെക്നീഷ്യൻ -1
എഫ്.എച്ച്.സി., തലവടി	ഡോക്ടർ -1 സ്റ്റാഫ് നഴ്സ് -2 ലാബ് ടെക്നീഷ്യൻ -2 ഫാർമസിസ്റ്റ് - 1
എഫ്.എച്ച്.സി., കാവാലം	ഡോക്ടർ -1 സ്റ്റാഫ് നഴ്സ് - 1
എഫ്.എച്ച്.സി., കുപ്പപ്പുറം	ഡോക്ടർ -1 സ്റ്റാഫ് നഴ്സ് -1
എഫ്.എച്ച്.സി., രാമങ്കരി	ഡോക്ടർ -1 സ്റ്റാഫ് നഴ്സ് -1

പുളിയം പറമ്പ് സബ്സെന്റർ ആരംഭിക്കാൻ നടപടി

160 (2305) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ ആരോഗ്യസ്ഥാപനങ്ങൾക്കുകീഴിൽ പുതുതായി സബ്സെന്റർ ആരംഭിക്കുന്നതിനായി സ്ഥാപനമേധാവികൾ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) വള്ളിക്കുന്ന് മണ്ഡലത്തിലെ പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിൽ പുളിയം പറമ്പ് സബ്സെന്റർ അനുവദിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കാമോ?

(എ&ബി) മലപ്പുറം ജില്ലയിലെ ആരോഗ്യ സ്ഥാപനങ്ങൾക്കുകീഴിൽ പുതുതായി സബ് സെന്ററുകൾ ആരംഭിക്കുന്നതിനായി മലപ്പുറം ജില്ലാ മെഡിക്കൽ ആഫീസർ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസലിൽ പള്ളിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് കീഴിലുള്ള പുളിയം പറമ്പ് സബ് സെന്ററും ഉൾപ്പെടുന്നുണ്ട്. ഇത് ആരോഗ്യ വകുപ്പ് ഡയറക്ടർ തലത്തിൽ പരിശോധിച്ചുവരുന്നു.

വെള്ളരിക്കുണ്ട്-പൂടംകല്ല് താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

161 (2306) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് - പൂടംകല്ല് താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് - പൂടംകല്ല് താലൂക്കാശുപത്രിയുടെ ഐ.പി. കെട്ടിടം പുതുക്കിപ്പണിതുകൊണ്ടാണ് ഡയാലിസിസ് സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്. ആയതിന്റെ ഇലക്ട്രിക്, പ്ലംബിംഗ് ജോലികൾ അവസാനഘട്ടത്തിലാണ്. കൂടാതെ ഡയാലിസിസ് യൂണിറ്റിലെ ആർ.ഒ. പ്ലാന്റിലേയ്ക്കാവശ്യമായ ജലം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ കേരള വാട്ടർ അതോറിറ്റിവഴി പുരോഗമിച്ചുവരുന്നുണ്ട്.

ഡയാലിസിസ് കേന്ദ്രങ്ങൾക്കുള്ള ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഉത്തരവ് കെ.എം.എസ്.സി.എൽ.-ൽനിന്നും കമ്പനികൾക്ക് നൽകിയിട്ടുണ്ട്.

ആലത്തൂർ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനം

162 (2307) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലത്തൂർ മണ്ഡലത്തിൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദ എന്നീ വിഭാഗങ്ങളിലെ സർക്കാർ ആശുപത്രികളുടെ/ഡിസ്പെൻസറികളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ പേരും അവയ്ക്ക് ചെലവഴിച്ച തുകയും ആശുപത്രി/ഡിസ്പെൻസറി തിരിച്ച് അറിയിക്കാമോ;

(സി) തുക അനുവദിച്ചിട്ടും ഇതുവരെയും നടപ്പാക്കാൻ കഴിയാത്ത പദ്ധതികളുണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ഡി) പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(എ-ഡി) ആലത്തൂർ മണ്ഡലത്തിലെ ആരോഗ്യസ്ഥാപനങ്ങളിൽ നടപ്പാക്കുന്ന പദ്ധതികൾ അനുബന്ധമായി* ചേർക്കുന്നു.

കോതമംഗലം താലൂക്കാശുപത്രിയിൽ ഓർത്തോ ഡോക്ടറുടെ സേവനം ഉറപ്പുവരുത്താൻ നടപടി

163 (2308) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കാശുപത്രിയിലെ ഓർത്തോ വിഭാഗം ഡോക്ടർ കഴിഞ്ഞ അഞ്ചുമാസത്തിലധികമായി അനധികൃതമായി ജോലിക്ക് ഹാജരാകാതിരിക്കുന്നുവെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പകരം ആളെ നിയമിക്കാത്ത സാഹചര്യത്തിൽ ഓർത്തോ വിഭാഗത്തിൽ എത്തുന്ന രോഗികൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കോതമംഗലം താലൂക്കാശുപത്രിയിൽ എല്ലാ ദിവസവും ഓർത്തോ ഡോക്ടറുടെ സേവനം ഉറപ്പുവരുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) കോതമംഗലം താലൂക്കാശുപത്രിയിലെ ഓർത്തോ വിഭാഗം ജൂനിയർ കൺസൾട്ടന്റായ ഡോ. ജോയൽ മാത്യു ജോസഫ് 3-6-2022 മുതൽ അനധികൃതമായി ജോലിയിൽനിന്നും വിട്ടുനിൽക്കുന്നതിനാൽ മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഓർത്തോപീഡിക്സ്) ആയ ഡോ. അനിൽ ഡേവിഡ് ആന്റണിയെ ആഴ്ചയിൽ രണ്ട് ദിവസത്തേയ്ക്ക് കോതമംഗലം താലൂക്കാശുപത്രിയിൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. കോതമംഗലം താലൂക്കാശുപത്രിയിൽ നിലവിലുള്ള ഓർത്തോപീഡിക്സ് വിഭാഗം ജൂനിയർ കൺസൾട്ടന്റിന്റെ ഒഴിവിൽ നിയമനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. അനധികൃതാവധിയിലുള്ള ഡോക്ടർക്കെതിരെ പരിശോധിച്ച് ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വളാഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ ഐസൊലേഷൻ വാർഡ് നിർമ്മാണം

164 (2309) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി കുടുംബാരോഗ്യ കേന്ദ്രത്തിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വിശദമാക്കുമോ;

(സി) ഐസൊലേഷൻ വാർഡിന്റെ നിർമ്മാണം അടിയന്തരമായി ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

(എ-സി) 26-7-2021-ലെ സ.ഉ. (സാധാ) നമ്പർ 1555/2021/ആ.ക.വ. പ്രകാരം കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി കുടുംബാരോഗ്യ കേന്ദ്രമാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിരുന്നത്. എന്നാൽ നിലവിലുള്ള മാനദണ്ഡപ്രകാരം ഐസൊലേഷൻ വാർഡ് നിർമ്മിക്കുന്നതിനായി സൗകര്യമില്ലാതിരുന്ന ഈ ആശുപത്രിയെ ആദ്യ ഘട്ടത്തിൽ പരിഗണിച്ചിരുന്നില്ല.

നിർവ്വഹണ ഏജൻസിയായ കെ.എം.എസ്.സി.എൽ. തയ്യാറാക്കി സമർപ്പിച്ച പുതിയ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ വകുപ്പുതലത്തിൽ പരിശോധിച്ച് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഇ-ഹെൽത്ത് പദ്ധതി

165 (2310) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ഏതെല്ലാം ആരോഗ്യ സ്ഥാപനങ്ങളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഇ-ഹെൽത്ത് പദ്ധതി നടപ്പാക്കുന്നതിനായി നാളിതുവരെ ചെലവഴിച്ച തുകയും നടത്തിയ പ്രവർത്തനങ്ങളും സംബന്ധിച്ച വിവരം ആശുപത്രികൾ തിരിച്ച് വ്യക്തമാക്കാമോ?

(എ&ബി) വിവരം അനുബന്ധമായി ചേർക്കുന്നു*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മലമ്പുഴ മണ്ഡലത്തിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം

166 (2311) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ. ഫണ്ടിൽനിന്ന് നീക്കിവച്ച തുക വിനിയോഗിച്ച് മലമ്പുഴ മണ്ഡലത്തിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി അറിയിക്കാമോ; ഈ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

26-7-2021-ലെ സ.ഉ. (സാധാ.) നമ്പർ 1555/2021/ആ.കു.വ. പ്രകാരം മലമ്പുഴ മണ്ഡലത്തിലെ മരുതറോഡ് കുടുംബാരോഗ്യ കേന്ദ്രമാണ് ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായി തെരഞ്ഞെടുത്തിരുന്നത്. ഐസൊലേഷൻ വാർഡ് നിർമ്മാണത്തിനായുള്ള നിലവിലെ മാനദണ്ഡങ്ങൾ പ്രകാരമുള്ള സൗകര്യമില്ലാതിരുന്ന ഈ ആശുപത്രിയെ ആദ്യഘട്ടത്തിൽ പരിഗണിച്ചിരുന്നില്ല. നിർവ്വഹണ ഏജൻസിയായ കെ.എം.എസ്.സി.എൽ. തയ്യാറാക്കിയ പുതുക്കിയ പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ വകുപ്പുതലത്തിൽ പരിശോധിച്ച് അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

മുല്ലശ്ശേരി സി.എച്ച്.സി.-ക്ക് അനുവദിച്ച ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി

167 (2312) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ മുല്ലശ്ശേരി സി.എച്ച്.സി.-ക്ക് അനുവദിച്ച ഐസൊലേഷൻ വാർഡിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ?

മുല്ലശ്ശേരി സാമൂഹ്യ ആരോഗ്യ കേന്ദ്രത്തിൽ അനുവദിച്ച ഐസൊലേഷൻ വർഡിന്റെ Plinth beam concrete പൂർത്തിയായിട്ടുണ്ട്. ഫാബ്രിക്കേഷനുള്ള നിർമ്മാണ സാമഗ്രികൾ സൈറ്റിൽ എത്തിച്ച് നിർമ്മാണ പ്രവൃത്തികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് ആരംഭിച്ചുവെന്നും എന്ന് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ;

(സി) ഐസൊലേഷൻ വാർഡിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനാകുമെന്നും അവിടെ പുതിയതായി ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

(ബി&സി) 26-7-2021-ലെ GO (Rt) No.1555/2021/H&FWD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിരുന്ന പ്രസ്തുത പ്രവൃത്തിയുടെ ബിഡ്ഡിംഗ് നടപടികൾ പൂർത്തിയാക്കി 24-3-2022-ന് നിർമ്മാണ ഏജൻസിയായ M/s. തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രവൃത്തി ഉത്തരവ് നൽകിയിട്ടുണ്ട്. 2023 ജനുവരി മാസത്തോടെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. 2400 സ്ക്വയർഫീറ്റ് വിസ്തീർണ്ണമുള്ള 10 കിടക്കകളുള്ള ഈ ഐസൊലേഷൻ വാർഡിൽ, മെഡിക്കൽ ഉപകരണങ്ങളും അനുബന്ധ സൗകര്യങ്ങളും മെഡിക്കൽ ഗ്യാസ് ഉൾപ്പെടെ എല്ലാവിധ ആധുനിക ചികിത്സാ സൗകര്യങ്ങളും പകർച്ചവ്യാധി പ്രതിരോധവും രോഗവ്യാപന നിയന്ത്രണവും ഉറപ്പുവരുത്തിയിട്ടുണ്ട്.

പൂഞ്ഞാർ മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ വികസനം

168 (2313) <u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂഞ്ഞാർ മണ്ഡലത്തിൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദ എന്നീ വിഭാഗങ്ങളിലെ സർക്കാർ ആശുപത്രികളുടെ വികസനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പദ്ധതികളുടെ പേരും അവയ്ക്ക് ചെലവഴിച്ച തുകയും ആശുപത്രി തിരിച്ച് അറിയിക്കുമോ;

(സി) തുക അനുവദിച്ചിട്ടും ഇതുവരെയും നടപ്പാക്കാൻ കഴിയാത്ത പദ്ധതികളുണ്ടെങ്കിൽ വിശദാംശം നൽകാമോ?

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) മണ്ഡലത്തിൽ അലോപ്പതി, ഹോമിയോപ്പതി, ആയുർവ്വേദ എന്നീ വിഭാഗങ്ങളിലായി പുതുതായി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

2023-24 സാമ്പത്തിക വർഷത്തിൽ എൻ.എച്ച്.എം. മുഖേന പി.എച്ച്.സി. പറത്താനത്തിന് കെട്ടിട നിർമ്മാണത്തിനായി 143 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എൻ.എച്ച്.എം. മുഖേന പൂഞ്ഞാർ തെക്കേക്കര ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറിയെ വെൽനസ്സ് സെന്ററായി ഉയർത്തുന്നതിന്റെ ഭാഗമായുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

ഒറ്റപ്പാലം മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

169 (2314) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം മണ്ഡലത്തിലെ ഏതെല്ലാം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളായി മാറ്റാൻ തീരുമാനിച്ചിട്ടുള്ളത്;

(ബി) നിലവിൽ അതിന്റെ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണ്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഒറ്റപ്പാലം മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്തിട്ടുള്ളത്.

സ്ഥാപനം	നിലവിലെ സ്ഥിതി
പി.എച്ച്.സി., ശ്രീകൃഷ്ണപുരം (ആർദ്രം ഒന്നാം ഘട്ടം)	കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി
പി.എച്ച്.സി., എല്ലുമ്പുലാശ്ശേരി (ആർദ്രം രണ്ടാം ഘട്ടം)	കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി
പി.എച്ച്.സി., പൂക്കോട്ടുക്കാവ് (ആർദ്രം രണ്ടാം ഘട്ടം)	കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി
പി.എച്ച്.സി., പേരൂർ (ആർദ്രം രണ്ടാം ഘട്ടം)	കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തി
പി.എച്ച്.സി., കോട്ടപ്പുറം (ആർദ്രം മൂന്നാം ഘട്ടം)	NHM ROP 2023-24-ൽ പുതിയ പി.എച്ച്.സി. കെട്ടിട നിർമ്മാണത്തിനുള്ള അംഗീകാരം ലഭ്യമായിട്ടുണ്ട്. ആയതിനാൽ ആർദ്രം ഫണ്ടും എൻ.എച്ച്.എം. ഫണ്ടും ഏകീകരിച്ചുകൊണ്ടുള്ള നിർമ്മാണ പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്.
പി.എച്ച്.സി., ലക്കിടി	ടെണ്ടർ അംഗീകരിച്ചു. നിർമ്മാണപ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്
പി.എച്ച്.സി., തച്ചനാട്ടുകര	നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

കൂടാതെ ഒറ്റപ്പാലം മണ്ഡലത്തിൽ ആർദ്രം പദ്ധതിയുടെ ഭാഗമായി താഴെ പറയുന്ന സാമൂഹികാരോഗ്യ കേന്ദ്രങ്ങളെയാണ് ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റാൻ തെരഞ്ഞെടുത്തിട്ടുള്ളത്.

ആരോഗ്യ സ്ഥാപനം	നിലവിലെ സ്ഥിതി
സി.എച്ച്.സി., കടമ്പഴിപ്പുറം	നിർമ്മാണ പ്രവർത്തനം പൂർത്തീകരിച്ചു.
സി.എച്ച്.സി., അമ്പലപ്പാറ	DPR തയ്യാറാക്കി വരുന്നു.

കുറ്റ്യാടി താലൂക്കാശുപത്രി

170 (2315) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി താലൂക്കാശുപത്രി നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; ടി പ്രവൃത്തി എന്ന് ടെണ്ടർ ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

(എ&ബി) കുറ്റ്യാടി താലൂക്കാശുപത്രിയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച 28.5 കോടി രൂപയുടെ പ്രൊപ്പോസൽ നിലവിൽ നബാർഡിന്റെ പരിശോധനയിലാണ്.

കണ്ണൂർ മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങൾ

171 (2316) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മണ്ഡലത്തിൽ എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളുണ്ടെന്നും അവയിൽ എത്ര കേന്ദ്രങ്ങളിൽ ലാബ് പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കാമോ?

കണ്ണൂർ മണ്ഡലത്തിൽ നിലവിൽ രണ്ട് കുടുംബാരോഗ്യകേന്ദ്രങ്ങളുണ്ട് - മുണ്ടേരി കുടുംബാരോഗ്യകേന്ദ്രം, എളയാവൂർ കുടുംബാരോഗ്യകേന്ദ്രം. അതിൽ മുണ്ടേരി കുടുംബാരോഗ്യകേന്ദ്രത്തിൽ ലാബ് പ്രവർത്തിച്ചുവരുന്നു.

(ബി) സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനം എത്ര കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമാണെന്ന് അറിയിക്കാമോ?

ആർദ്രം മാനദണ്ഡമനുസരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യലിസ്റ്റ് തസ്തിക അനുവദിക്കപ്പെട്ടിട്ടില്ല.

(സി) കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ജീവനക്കാരുടെ ജോലി സമയം വ്യക്തമാക്കാമോ?

ആർദ്രം മാനദണ്ഡമനുസരിച്ച് കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തന സമയം രാവിലെ 9 മണി മുതൽ വൈകുന്നേരം 6 മണിവരെയാണ്.

അടിമാലിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ രണ്ടാംഘട്ട നിർമ്മാണത്തിന് നബാർഡ്‌വഴി തുക

172 (2317) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ രണ്ടാംഘട്ട നിർമ്മാണത്തിന് നബാർഡ്‌വഴി തുക ലഭിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖേന അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

(എ&ബി) ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയുടെ രണ്ടാംഘട്ട നിർമ്മാണത്തിന് നബാർഡ്‌വഴി തുക ലഭിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് മുഖേന പ്രൊപ്പോസൽ ലഭ്യമായിട്ടില്ല.

അടിമാലിയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രിയുടെ ഭരണാനുമതി

173 (2318) ശ്രീ. എ. രാജ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ആശുപത്രിയുടെ ഭരണാനുമതി ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിന് വകുപ്പ് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ദേവികുളം മണ്ഡലത്തിലെ അടിമാലിയിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി നിർമ്മാണത്തിന് Women and Children Hospitals Scheme പ്രകാരം സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 17-8-2015-ലെ G.O.(Rt) No.2644/2015/H&FWD പ്രകാരം 450 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിരുന്നു. ആയതിലേയ്ക്ക് ജില്ലാ മെഡിക്കൽ ഓഫീസർ സമർപ്പിച്ച 14.71 കോടി രൂപയുടെ

എസ്റ്റിമേറ്റിന് Phase-1, Phase-2 ആയി മാറ്റി Phase-1-ൽ 450 ലക്ഷം രൂപയുടെ വർക്ക് ഉൾക്കൊള്ളിച്ച് 2015-ലെ സർക്കാർ ഉത്തരവ് റീവാലിഡേറ്റ് ചെയ്യുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച അപേക്ഷ പരിശോധിച്ചുവരുന്നു.

(ബി) പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിന് അനുവദിച്ചിരിക്കുന്ന തുക എത്രയാണെന്ന് അറിയിക്കാമോ?

പ്രസ്തുത ആശുപത്രിയുടെ നിർമ്മാണത്തിനായി 450 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പുതിയ എസ്റ്റിമേറ്റ് പ്രകാരം പ്രസ്തുത നിർമ്മാണത്തിനായുള്ള തുക എത്രയാണെന്ന് അറിയിക്കാമോ?

റിവൈസ്ഡ് DPR പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) നിർമ്മാണം പൂർത്തീകരിക്കാനുള്ള തുക എപ്രകാരം കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

റീവാലിഡേഷൻ അനുമതി ആകുന്നമുറയ്ക്ക് Phase-1 പ്രവൃത്തി ആരംഭിക്കുന്നതാണ്. ശേഷം ബാക്കി പ്രവർത്തനം രണ്ടാംഘട്ട നിർമ്മാണത്തിനായി തുക അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് അക്കാര്യം പരിശോധിക്കുന്നതാണ്.

കടുത്തുരുത്തി മണ്ഡലത്തിൽ പുതുതായി പ്രഖ്യാപിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ

174 (2319) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി മണ്ഡലത്തിൽ പുതുതായി പ്രഖ്യാപിച്ച കുടുംബാരോഗ്യ കേന്ദ്രങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി കുടുംബാരോഗ്യകേന്ദ്രമായി ഉയർത്തിയ സ്ഥാപനങ്ങൾ:

- പ്രാഥമികാരോഗ്യകേന്ദ്രം, കുറുപ്പന്തറ
- പ്രാഥമികാരോഗ്യകേന്ദ്രം, വെളിയന്നൂർ
- പ്രാഥമികാരോഗ്യകേന്ദ്രം, അരുന്ധതിമംഗലം
- പ്രാഥമികാരോഗ്യകേന്ദ്രം, കടപ്ലാമറ്റം

- പ്രാഥമികാരോഗ്യകേന്ദ്രം, മരങ്ങാട്ടുപിള്ളി
- പ്രാഥമികാരോഗ്യകേന്ദ്രം, കണക്കാരി
- പ്രാഥമികാരോഗ്യകേന്ദ്രം, കാട്ടാമ്പാക്ക്
- പ്രാഥമികാരോഗ്യകേന്ദ്രം, പെരുവ

(ബി) പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ;

(സി) പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ തരംതിരിച്ച് വർക്കുകളുടെ പ്രോഗ്രസ് സംബന്ധിച്ചുള്ള വിവരം ലഭ്യമാക്കുമോ?

(ബി&സി) പ്രാഥമികാരോഗ്യകേന്ദ്രം അറുന്നൂറ്റിമംഗലം, പ്രാഥമികാരോഗ്യകേന്ദ്രം മരങ്ങാട്ടുപിള്ളി, പ്രാഥമികാരോഗ്യകേന്ദ്രം കുറുപ്പന്തറ, പ്രാഥമികാരോഗ്യ കേന്ദ്രം കണക്കാരി, പ്രാഥമികാരോഗ്യകേന്ദ്രം കടപ്ലാമറ്റം, പ്രാഥമികാരോഗ്യ കേന്ദ്രം, വെളിയന്നൂർ എന്നീ സ്ഥാപനങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളായി പണി പൂർത്തീകരിച്ച് പ്രവർത്തിച്ചുവരുന്നു.

1. പി.എച്ച്.സി., കാട്ടാമ്പാക്ക്

ടി സ്ഥാപനത്തിലെ ഭൗതിക സൗകര്യം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എൻ.എച്ച്.എം. മുഖേന 1.32 കോടി രൂപ മുതൽമുടക്കിൽ പുതിയ കെട്ടിട നിർമ്മാണത്തിനായുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

2. പി.എച്ച്.സി., പെരുവ

പ്രസ്തുത പി.എച്ച്.സി.-യെ കുടുംബാരോഗ്യ കേന്ദ്രമാക്കി ആർദ്രം പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തുകയും എൻ.എച്ച്.എം. ഫണ്ടായ 15.50 ലക്ഷം രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ തുക അപര്യാപ്തമായതിനാൽ അധിക തുക എൻ.എച്ച്.എം.-ന്റെ സപ്ലിമെന്ററി പി.ഐ.പി. 2022-23-ൽ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുന്നമ്മൽ ആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം

175 (2320) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കുന്നമ്മൽ ആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

മലപ്പുറം ജില്ലയിലെ കുന്നമ്മൽ ആരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് നിർമ്മാണം അന്തിമഘട്ടത്തിലാണ്. നിലവിൽ പെയിന്റിംഗ്, ഇന്റീരിയർ വർക്കുകൾ പുരോഗമിക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി സംബന്ധിച്ച വിവരങ്ങൾ അറിയിക്കാമോ; കെട്ടിടത്തിന്റെ വൈദ്യുതീകരണം ഈ കരാറിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ?

പ്രസ്തുത പദ്ധതിയുടെ SPV (Special Purpose Vehicle) ആയി പ്രവർത്തിക്കുന്ന കെ.എം.എസ്.സി.എൽ. നിർവ്വഹണ ഏജൻസിയായ തൃശ്ശൂർ ഡിസ്ട്രിക്ട് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് പ്രസ്തുത പദ്ധതിയുടെ പ്രവൃത്തി ഉത്തരവ് 7-2-2022-ന് നൽകിയിട്ടുണ്ട്. നിർമ്മാണത്തിനാവശ്യമായ പ്രീ-എഞ്ചിനീയറിംഗ് ബിൽഡിംഗ് മെറ്റീരിയൽസിന്റെ ലഭ്യതക്കുറവും മൺസൂൺ മഴയും നിർമ്മാണത്തിന് കാലതാമസം വരുത്തിയതുകാരണം പ്രവൃത്തി പൂർത്തീകരിക്കേണ്ട അവസാന തീയതി 31-12-2022 വരെ ഉപാധികളോടെ നീട്ടിനൽകിയിട്ടുണ്ട്. ഐസൊലേഷൻ വാർഡിന്റെ വൈദ്യുതീകരണ പ്രവൃത്തികളും ഈ കരാറിൽ ഉൾപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

2023 ജനുവരിയോടുകൂടി നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

ആർ.സി.സി.-യിൽ കുടുംബശ്രീവഴി നിയമനം

176 (2321) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ കുടുംബശ്രീവഴി എത്ര ജീവനക്കാരെ നിയമിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

തസ്തികകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടില്ലാത്തതും ആശുപത്രിയുടെ നടത്തിപ്പിന് അത്യന്താപേക്ഷിതവുമായ ജോലിക്ക് കുടുംബശ്രീ നൽകുന്ന ജീവനക്കാരുടെ സേവനം റീജിയണൽ കാൻസർ സെന്റർ ഉപയോഗിക്കുന്നുണ്ട്. ഇങ്ങനെയുള്ള ജീവനക്കാരെ ആവശ്യാനുസരണം നൽകുന്നതിന് കുടുംബശ്രീ മിഷനുമായി ഔട്ട്സോഴ്സിംഗ് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഓരോ മാസത്തിലും ആവശ്യമുള്ള ജീവനക്കാരുടെ എണ്ണം വ്യത്യസ്തമായിരിക്കും. 250-നും 290-നും ഇടയിലുള്ള എണ്ണം ജീവനക്കാരെയാണ് വിവിധ മാസങ്ങളിൽ നിയമിച്ചിട്ടുള്ളത്.

(ബി) ഏത് ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരമാണ് നിയമനം നടത്തിയതെന്നും ഇതിനായി പ്രതിമാസം എത്ര തുകയാണ് ചെലവഴിക്കുന്നതെന്നും ഏതെല്ലാം തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ?

ആർ.സി.സി.-യുടെ 5-12-2009, 18-7-2016, 28-12-2017, 12-7-2021, 30-11-2021, 9-5-2022 എന്നീ തീയതികളിൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിലവിൽ റിസപ്ഷൻ സർവ്വീസ്, പേഷ്യന്റ്സ് എയ്ഡ് സർവ്വീസ്, പേഷ്യന്റ്സ് ഗൈഡൻസ് സർവ്വീസ്, ട്രാൻസ്പോർട്ടേഷൻ സർവ്വീസ്, ഹൗസ് കീപ്പിംഗ് സർവ്വീസ് മുതലായ മേഖലകളിൽ ഔട്ട്സോഴ്സിംഗ് നടത്തിയിട്ടുണ്ട്. ഓരോ മാസവും ആവശ്യാനുസരണം ജീവനക്കാരെ നൽകുന്നതിനാൽ ചെലവഴിക്കുന്ന തുകയും വ്യത്യസ്തമായിരിക്കും. 55 ലക്ഷത്തിനും 60 ലക്ഷത്തിനും ഇടയിലുള്ള തുകയാണ് വ്യത്യസ്ത മാസങ്ങളിലായി ചെലവ് വന്നിട്ടുള്ളത്.

ബാലുശ്ശേരി മണ്ഡലത്തിലെ പി.എച്ച്.സി.-കളിലെ പുതിയ നിയമനങ്ങൾ

177 (2322) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർദ്രം പദ്ധതിയിലൂടെ ബാലുശ്ശേരി മണ്ഡലത്തിലെ ഏതെല്ലാം പി.എച്ച്.സി.-കളാണ് എഫ്.എച്ച്.സി. ആയി ഉയർത്തിയിട്ടുള്ളത്; കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയ പ്രസ്തുത ആശുപത്രികളിൽ എത്ര പുതിയ നിയമനങ്ങളാണ് നടന്നിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ആർദ്രം പദ്ധതിയിലൂടെ കോട്ടൂർ, എരമംഗലം, പനങ്ങാട്, കായണ്ണ, അത്തോളി, നടുവണ്ണൂർ, മങ്ങാട് എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയിട്ടുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തിയതിൽ തസ്തികകൾ പുതുതായി സൃഷ്ടിച്ച സ്ഥാപനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു:

ക്രമ.നമ്പർ	സ്ഥാപനം	തസ്തിക
(1)	(2)	(3)
1	കോട്ടൂർ	ഡോക്ടർ-1 സ്റ്റാഫ് നഴ്സ്-2 ലാബ് ടെക്നീഷ്യൻ-1
2	എരമംഗലം	ഡോക്ടർ-1 സ്റ്റാഫ് നഴ്സ് -1

(1)	(2)	(3)
3	പനങ്ങാട്	ഡോക്ടർ-1 സ്റ്റാഫ് നഴ്സ് -1
4	കായണ്ണ	ഡോക്ടർ-1
5	അത്തോളി	ഡോക്ടർ-1 സ്റ്റാഫ് നഴ്സ് -1
6	നടുവണ്ണൂർ	ഡോക്ടർ-1 സ്റ്റാഫ് നഴ്സ് -1

(ബി) ആർദ്രം പദ്ധതിയുടെ ഭാഗമായി ബാലുശ്ശേരി താലൂക്കാശുപത്രിയിൽ എത്ര പുതിയ തസ്തികകളാണ് സൃഷ്ടിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

ആർദ്രം പദ്ധതിയുടെ ഭാഗമായി ബാലുശ്ശേരി താലൂക്കാശുപത്രിയിൽ ചുവടെ പറയുന്ന 7 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

JC (ജനറൽ മെഡിസിൻ)	1
JC (പീഡിയാട്രീഷൻ)	1
ഫാർമസിസ്റ്റ് ഗ്രേഡ് - II	1
സ്റ്റാഫ് നഴ്സ് ഗ്രേഡ് - II	3
ഡെന്റൽ അസിസ്റ്റന്റ് സർജൻ	1

(സി) ബാലുശ്ശേരി താലൂക്കാശുപത്രിയിൽ പ്രസവ ചികിത്സ ആരംഭിക്കുന്നതിനുള്ള ബ്ലോക്ക് പഞ്ചായത്തിന്റെ നിവേദനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ അറിയിക്കാമോ?

ബാലുശ്ശേരി താലൂക്കാശുപത്രിയിൽ നിലവിൽ ലേബർ റൂമില്ല. കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന കെട്ടിടത്തിൽ ലേബർ റൂം ഉൾപ്പെടുന്നുണ്ട്.

വിളർ താലൂക്കാശുപത്രിയിൽ അക്കൗണ്ടന്റ് ജനറൽ (എ.ജി.) നടത്തിയ അന്വേഷണം

178 (2323) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിളർ താലൂക്കാശുപത്രിയിൽ അക്കൗണ്ടന്റ് ജനറൽ (എ.ജി.) നടത്തിയ അന്വേഷണത്തിൽ എന്തെല്ലാം വീഴ്ചകൾ കണ്ടെത്തിയെന്ന് വ്യക്തമാക്കാമോ; റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വിതുര താലൂക്കാശുപത്രിയിലെ വിവിധ കാലയളവിലുള്ള കണക്കുകളും രജിസ്റ്ററുകളും പരിശോധിച്ച് അക്കൗണ്ടന്റ് ജനറൽ ആശുപത്രി സൂപ്രണ്ടിന് നൽകിയ ഇൻസ്പെക്ഷൻ റിപ്പോർട്ടുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്*.

പാറശ്ശാല മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും വികസനം

179 (2324) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല മണ്ഡലത്തിൽ അലോപ്പതി, ഹോമിയോ, ആയുർവ്വേദ എന്നീ വിഭാഗങ്ങളിലെ സർക്കാർ ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും വികസനത്തിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) പദ്ധതികളുടെ പേരും അവയ്ക്ക് ചെലവഴിച്ച തുകയും ആശുപത്രി തിരിച്ച് അറിയിക്കുമോ;

(സി) തുക അനുവദിച്ചിട്ടും ഇതുവരെയും നടപ്പാക്കാൻ കഴിയാത്ത പദ്ധതികളുണ്ടെങ്കിൽ വിശദാംശം നൽകാമോ?

(എ-സി) പാറശ്ശാല മണ്ഡലത്തിലെ ആശുപത്രികളിൽ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ഡി) പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

പാറശ്ശാല ഗവൺമെന്റ് ആയുർവ്വേദ ആശുപത്രിയിലെ IP ബ്ലോക്ക് എം.എൽ.എ. ഫണ്ടിൽനിന്നും തുക ലഭ്യമാക്കി നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറി അരുവിപ്പുറത്തിന് എൻ.എച്ച്.എം. മുഖേന പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ബഹുമാനപ്പെട്ട എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പൂഴനാട് എഫ്.എച്ച്.സി.-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുരങ്ങാടി താലൂക്ക് ആശുപത്രിയിൽ ബ്ലഡ് ബാങ്ക്

180 (2325) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുരങ്ങാടി താലൂക്കാശുപത്രിയിൽ ബ്ലഡ് ബാങ്ക് അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

തിരുരങ്ങാടി താലൂക്കാശുപത്രിയിൽ നിലവിൽ ഒരു രക്തസംഭരണ യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. നാഷണൽ എയ്ഡ്സ് കൺട്രോൾ ഓർഗനൈസേഷന്റെയും നാഷണൽ ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലിന്റെയും മാർഗ്ഗനിർദ്ദേശമനുസരിച്ച് പ്രതിവർഷം 2000 യൂണിറ്റ് രക്തം ആവശ്യമുള്ള ആശുപത്രിയിലാണ് രക്തബാങ്ക് ആരംഭിക്കുന്നത്. തിരുരങ്ങാടി താലൂക്കാശുപത്രിയിൽ ഇപ്പോൾ പ്രതിവർഷം 60 യൂണിറ്റ് രക്തം മാത്രമേ ആവശ്യമായി വരുന്നുള്ളൂ. ആയതിനാൽ നിലവിൽ ഈ ആശുപത്രിയിൽ ബ്ലഡ് ബാങ്ക് ആരംഭിക്കേണ്ട ആവശ്യമില്ല.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

പ്രസ്തുത വിഷയം സംബന്ധിച്ച നിവേദനത്തിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

കോതമംഗലം മണ്ഡലത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളായി ഉയർത്താൻ നടപടി

181 (2326) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നെല്ലിക്കുഴി, പിണ്ടിമന എന്നീ പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന്റെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് നടപ്പാക്കുന്നത്; പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്ന പ്രവൃത്തിയുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് പുതിയതായി ലഭ്യമാകുന്നത്; വിവരം നൽകുമോ;

(ഡി) പ്രസ്തുത ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റുന്ന പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(എ-ഡി) ആർദ്രം പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ നെല്ലിക്കുഴി, പിണ്ടിമന എന്നീ പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി ഉയർത്തിയിട്ടുണ്ട്. ആയതിന്റെ ഭാഗമായി എൻ.എച്ച്.എം. മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാകുകയും ചെയ്തിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴിയുള്ള പ്രവൃത്തികൾ പൂർത്തിയാകാനുണ്ട്. പ്രസ്തുത പ്രവൃത്തികൾ 2022 ഡിസംബർ മാസത്തോടുകൂടി പൂർത്തിയാകുന്നതാണ്.

കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ സേവനമേഖല വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഒ.പി. സേവനങ്ങൾ രാവിലെ 9.00 മുതൽ വൈകുന്നേരം 6.00 മണിവരെയാക്കുകയും നഴ്സ് പ്രീ-ചെക്ക്അപ്, കൗൺസിലിംഗ് സേവനങ്ങൾ, നിത്യേനയുള്ള ജീവിത ശൈലീരോഗ ക്ലിനിക്കുകൾ, ആത്മ - ശ്വാസംമുട്ടൽ രോഗങ്ങൾക്കുള്ള ശ്വാസ് ക്ലിനിക്കുകൾ, മാനസികാരോഗ്യ പരിചരണത്തിനുള്ള ആശ്വാസ് ക്ലിനിക്, നഴ്സുമാരുടെ സ്ഥാപനതല ഔട്ട് റീച്ച് പ്രോഗ്രാം തുടങ്ങിയവ നടത്തിവരുന്നു. ഈ സ്ഥാപനങ്ങളിൽ ലബോറട്ടറി സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ആവശ്യമായ ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കുക, ഫീൽഡുതല പ്രവർത്തനങ്ങളും ഉപകേന്ദ്ര പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ, ജീവനക്കാർക്കുള്ള പരിശീലന പരിപാടികൾ തുടങ്ങിയ കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടന്നുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും ബഹുജന പങ്കാളിത്തത്തോടെയും ഇക്കാര്യങ്ങൾ നടപ്പാക്കിവരുന്നു.

ഭക്ഷ്യ വിതരണത്തിൽ കൃത്യവീഴ്ച വരുത്തുന്ന ഹോട്ടലുകൾ ബ്ലാക്ക്‌ലിസ്റ്റ് ചെയ്യുന്നതിന് നടപടി

182 (2327) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):

ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ സുരക്ഷാ വിഭാഗം നടത്തിയ പരിശോധനയിൽ ഗുരുതരമായ കുറ്റങ്ങൾ കണ്ടെത്തിയ ഹോട്ടലുകൾ എത്രയെന്ന് വ്യക്തമാക്കാമോ; ഇവർക്കെതിരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ:

(ബി) ഇത്തരം ഹോട്ടലുകളിൽനിന്നും പിഴ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ എത്ര തുകയാണ് പിഴയിനത്തിൽ ലഭിച്ചത്?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്തുടനീളം ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് 15037 പരിശോധനകൾ നടത്തുകയും 334 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. ടി ഹോട്ടൽ പരിശോധനകളിൽ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമപ്രകാരമുള്ള ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതിരുന്ന 4397 സ്ഥാപനങ്ങൾക്ക് ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നോട്ടീസ് നൽകുകയും 2417 സ്ഥാപനങ്ങൾക്ക് കോമ്പൗണ്ടിംഗ് നോട്ടീസ് നൽകുകയും 1,13,54,700 രൂപ പിഴ ചുമത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 319 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി താൽക്കാലികമായി അടച്ചിടുകയും സുരക്ഷിതമല്ലാത്ത ഭക്ഷണം വിൽപ്പന നടത്തിയ 33 സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്തിട്ടുമുണ്ട്.

(സി) ഗുരുതരമായ കുറ്റകൃത്യങ്ങൾ കണ്ടെത്തിയ ഹോട്ടലുകൾ വീണ്ടും തുറന്ന് പ്രവർത്തിക്കാനുള്ള അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര ഹോട്ടലുകൾക്കാണ് ഇത്തരത്തിൽ അനുമതി നൽകിയിട്ടുള്ളത്?

ഭക്ഷ്യസുരക്ഷാ വകുപ്പ് ഹോട്ടലുകൾ/റെസ്റ്റോറന്റുകൾ കേന്ദ്രീകരിച്ച് നടത്തിയ പരിശോധനകളിൽ ഗുരുതരമായ വീഴ്ചകൾ കണ്ടെത്തിയ 319 സ്ഥാപനങ്ങൾക്ക് ക്ലോഷർ നോട്ടീസ് നൽകി താൽക്കാലികമായി അടച്ചിടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തുടർന്ന് ന്യൂനതകൾ പരിഹരിച്ചതായി ഭക്ഷ്യ സംരംഭകർ അപേക്ഷ സമർപ്പിച്ചതിന്റെയടിസ്ഥാനത്തിൽ ഭക്ഷ്യ സുരക്ഷാ ഓഫീസർമാർ തുടർപരിശോധനകൾ നടത്തി ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം അനുശാസിക്കുന്ന ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം ഡെസിഗ്നേറ്റഡ് ഓഫീസർമാർ നിശ്ചയിച്ച പിഴ തുക ട്രഷറിയിൽ ഒടുക്കിയശേഷം 296 സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ട്.

(ഡി) ഭക്ഷ്യ വിതരണത്തിൽ ഗുരുതരമായ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്ന ഹോട്ടലുകൾ തുറന്ന് പ്രവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ; ഇത്തരം ഹോട്ടലുകളുടെ ലൈസൻസികളെ ബ്ലാക്ക് ലിസ്റ്റ് ചെയ്ത് ലൈസൻസ് നൽകാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സുരക്ഷിതമല്ലാത്ത ഭക്ഷണം വിതരണം ചെയ്യുന്ന സ്ഥാപനങ്ങൾക്കെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുകയാണ് നിയമപരമായി ചെയ്യുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ 33 ഹോട്ടലുകൾക്കെതിരെ പ്രോസിക്യൂഷൻ കേസുകൾ ഫയൽ ചെയ്യുകയും കേസുകൾ നടന്നുവരികയും ചെയ്യുന്നു. ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം 2006 പ്രകാരമാണ് നടപടികൾ

സ്വീകരിക്കുന്നത്. സ്ഥിരമായി സുരക്ഷിതമല്ലാത്ത ഭക്ഷണം വിൽപ്പന നടത്തുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.

ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിലെ തസ്തികകളും വിന്യാസവും

183 (2328) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിലെ തസ്തികകൾ ഏതൊക്കെയാണെന്നും അവയുടെ എണ്ണവും വിന്യാസവും വ്യക്തമാക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിലെ തസ്തികകളും അവയുടെ എണ്ണവും ചുവടെ പട്ടികയിൽ ചേർക്കുന്നു. പ്രസ്തുത തസ്തികകളുടെ വിന്യാസം അനുബന്ധമായി ചേർക്കുന്നു*

ക്രമ നമ്പർ	തസ്തിക	എണ്ണം
(1)	(2)	(3)
1	ഭക്ഷ്യസുരക്ഷാ കമ്മീഷണർ	1
2	ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ.)	1
3	ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ ആൻഡ് വിജിലൻസ്)	1
4	ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)	1
5	അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ	1
6	ഫിനാൻസ് ഓഫീസർ	1
7	ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ	3
8	ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ/ ഡെസിഗ്നേറ്റഡ് ഓഫീസർ	14
9	ഭക്ഷ്യസുരക്ഷാ ഓഫീസർ	160
10	ചീഫ് ഗവൺമെന്റ് അനലിസ്റ്റ്	1
11	ഗവൺമെന്റ് അനലിസ്റ്റ്	4
12	ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ്	6
13	റിസർച്ച് ഓഫീസർ	25
14	റിസർച്ച് ഓഫീസർ (മൈക്രോബയോളജിസ്റ്റ്)	1
15	ജൂനിയർ റിസർച്ച് ഓഫീസർ	24

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(1)	(2)	(3)
16	മൈക്രോബയോളജിസ്റ്റ്	5
17	ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-1 (Including Sample collector-3)	27
18	ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-2	25
19	റിസർച്ച് അസിസ്റ്റന്റ്	1
20	സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്	1
21	സീനിയർ സൂപ്രണ്ട്	2
22	ജൂനിയർ സൂപ്രണ്ട്	3
23	ഹെഡ് ക്ലർക്ക്	2
24	ക്ലർക്ക്/സീനിയർ ക്ലർക്ക്	192
25	ക്ലർക്ക് ടൈപ്പിസ്റ്റ്	3
26	കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	3
27	ടൈപ്പിസ്റ്റ്	20
28	ഡ്രൈവർ	18
29	ഓഫീസ് അറ്റൻഡന്റ്	122
30	പാക്കർ	4
31	സീനിയർ (3)/ജൂനിയർ ലാബ് അസിസ്റ്റന്റ് (19)	22
32	നൈറ്റ് വാച്ച്മാൻ	3
33	പാർട്ട് ടൈം സ്വീപ്പർ	28
	ആകെ	725

(ബി) ഭക്ഷ്യസുരക്ഷാ വകുപ്പിലെ വിവിധ തസ്തികകളിലുള്ള ജീവനക്കാർക്ക് നിശ്ചയിക്കപ്പെട്ട ചുമതലകൾ വ്യക്തമാക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിലെ എൻഫോഴ്സ്മെന്റ്, ലബോറട്ടറി വിഭാഗം ജീവനക്കാരുടെ ചുമതലകൾ ചുവടെ ചേർക്കുന്നു:-

ഭക്ഷ്യസുരക്ഷാ കമ്മീഷണർ

2006-ലെ ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം, സെക്ഷൻ 30 പ്രകാരം ഭക്ഷ്യസുരക്ഷാ ഗുണനിലവാര നിയമം ഫലപ്രദമായി നടപ്പാക്കുന്നതിനായി ഒരു ഭക്ഷ്യസുരക്ഷാ കമ്മീഷണറെ നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് വിഭാഗം

ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (എൻഫോഴ്സ്മെന്റ്)

- മേഖലാതലത്തിൽ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ, ജില്ലാതലത്തിൽ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ, ഭക്ഷ്യസുരക്ഷാ ഓഫീസർമാർ എന്നിവരുടെ പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കുക.

- എൻഫോഴ്സ്മെന്റ് വിഭാഗത്തിനുകീഴിൽ വരുന്ന ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ പരിശോധിച്ച് റിപ്പോർട്ട് തയ്യാറാക്കി ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുക.

- ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ അനുമതിയോടുകൂടി ഫീൽഡ് സ്റ്റാഫിന്റെ പ്രവർത്തനങ്ങൾ പരിശോധിക്കുന്നതിനായി മിന്നൽ പരിശോധനകൾ നടത്തി റിപ്പോർട്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് ഓരോ മാസവും സമർപ്പിക്കുക.

- ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ എന്നീ ഉദ്യോഗസ്ഥരുടെ Monthly Performance Report വിലയിരുത്തി ഏകീകരിച്ചുകൊണ്ടുള്ള റിപ്പോർട്ട് ഭക്ഷ്യസുരക്ഷാ കമ്മീഷണർക്ക് സമർപ്പിക്കുക.

- ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ ഉത്തരവുകൾ അനുസരിച്ച് പ്രവർത്തിക്കുക.

ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാർ

കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെ പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് മേൽനോട്ടം വഹിക്കുകയും ജില്ലാതല എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളും IEC പ്രവർത്തനങ്ങളും മേഖലാടിസ്ഥാനത്തിൽ ഏകോപിപ്പിച്ച് നടപ്പാക്കുന്ന പ്രവർത്തനങ്ങളാണ് നിലവിൽ ഭക്ഷ്യസുരക്ഷാ ഡെപ്യൂട്ടി കമ്മീഷണർമാർ നിർവ്വഹിച്ചുവരുന്നത്.

ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർ (ഡെസിഗ്നേറ്റഡ് ഓഫീസർമാർ)

ഭക്ഷ്യ സംരംഭ സ്ഥാപനങ്ങൾക്ക് ഭക്ഷ്യസുരക്ഷാ ലൈസൻസ് അനുവദിക്കുന്നതും റദ്ദ് ചെയ്യുന്നതും ഡെസിഗ്നേറ്റഡ് ഓഫീസർമാരാണ്.

ഭക്ഷ്യസുരക്ഷാ ഓഫീസർമാർ

നിലവിൽ ഓരോ നിയോജകമണ്ഡത്തിലും ഒരു ഭക്ഷ്യസുരക്ഷാ ഓഫീസർ എന്ന രീതിയിലാണ് നിയമിച്ചിട്ടുള്ളത്. ഭക്ഷണ പദാർത്ഥങ്ങളുടെ സാമ്പിളുകൾ ശേഖരിക്കുക, അവ പരിശോധനയ്ക്ക് അയയ്ക്കുക എന്നിവ ഭക്ഷ്യസുരക്ഷാ ഓഫീസറുടെ ചുമതലയാണ്. ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തുന്ന ഭക്ഷണ പദാർത്ഥങ്ങൾ പിടിച്ചെടുക്കുക, ഭക്ഷ്യ പദാർത്ഥങ്ങളുടെ ഉത്പാദന-വിതരണ-വിപണന സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തുന്നതിനും ഭക്ഷ്യസുരക്ഷാ ഓഫീസർമാർക്ക് അധികാരമുണ്ട്.

ഭക്ഷ്യസുരക്ഷാ ലബോറട്ടറി വിഭാഗം

ഡെപ്യൂട്ടി ഡയറക്ടർ (PFA)

ചീഫ് ഗവൺമെന്റ് അനലിസ്റ്റ് തസ്തികയുടെ സ്ഥാനക്കയറ്റ തസ്തികയായിട്ടാണ് ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ കാര്യാലയത്തിൽ ഡെപ്യൂട്ടി ഡയറക്ടർ (PFA)-യുടെ നിയമനം. ഭക്ഷ്യ സുരക്ഷാ കമ്മീഷണറുടെ ഉത്തരവ് പ്രകാരം ചുമതലകൾ നിർവ്വഹിക്കുന്നതിനും അനലിറ്റിക്കൽ ലാബുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ഭക്ഷ്യസുരക്ഷാ കമ്മീഷണർക്കുവേണ്ടി ഉത്തരവുകൾ നടപ്പിലാക്കുകയും ചെയ്യുക ഡെപ്യൂട്ടി ഡയറക്ടർ (പി.എഫ്.എ.)-യുടെ ചുമതലയാണ്.

ചീഫ് ഗവൺമെന്റ് അനലിസ്റ്റ്

ഭക്ഷ്യസുരക്ഷാ ലാബുകളിലെ നിയന്ത്രണ ചുമതല തിരുവനന്തപുരം ഗവൺമെന്റ് അനലിസ്റ്റ്സ് ലാബിലെ ഗവൺമെന്റ് അനലിസ്റ്റിന് നൽകിയിരിക്കുന്നു. കൂടാതെ ചീഫ് ഗവൺമെന്റ് അനലിസ്റ്റ്സ് ലാബിലെ ഭക്ഷ്യ പരിശോധനാ റിപ്പോർട്ടിന്റെ Authorized Signatory ചീഫ് ഗവൺമെന്റ് അനലിസ്റ്റാണ്. മൊബൈൽ ഭക്ഷ്യ പരിശോധനാ ലബോറട്ടറികളുടെ പ്രവർത്തനവും ഏകോപനവും നിർവ്വഹിക്കുന്നതും ചീഫ് ഗവൺമെന്റ് അനലിസ്റ്റാണ്.

ഗവൺമെന്റ് അനലിസ്റ്റ്

ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളിൽ നിയമനം നൽകിയിട്ടുള്ള ഗവൺമെന്റ് അനലിസ്റ്റുമാർ ഭക്ഷ്യസാമ്പിളുകൾ പരിശോധന നടത്തി പരിശോധനാ ഫലം സാക്ഷ്യപ്പെടുത്താൻ അധികാരം നൽകിയിട്ടുള്ള Authorized Signatory ആയി പ്രവർത്തിക്കുന്നു.

ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റ്

ഗവൺമെന്റ് അനലിറ്റിക്കൽ ലാബുകളിൽ നിയമനം നൽകിയിട്ടുള്ള ഡെപ്യൂട്ടി ഗവൺമെന്റ് അനലിസ്റ്റുമാർ ഭക്ഷ്യസാമ്പിളുകൾ പരിശോധന നടത്തി പരിശോധനാ ഫലം സാക്ഷ്യപ്പെടുത്താൻ അധികാരം നൽകിയിട്ടുള്ള Authorized Signatory ആകുന്നു.

റിസർച്ച് ഓഫീസർ

ഭക്ഷ്യസാമ്പിളുകൾ പരിശോധന നടത്തുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നു.

റിസർച്ച് ഓഫീസർ (മൈക്രോബയോളജി)

ഭക്ഷ്യസാമ്പിളുകൾ മൈക്രോബയോളജിക്കൽ പരിശോധന നടത്തുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നു.

ജൂനിയർ റിസർച്ച് ഓഫീസർ

ഭക്ഷ്യസാമ്പിളുകൾ പരിശോധന നടത്തുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നു.

ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-I

ഭക്ഷ്യസാമ്പിളുകൾ സ്വീകരിച്ചുകൊണ്ട് പരിശോധനാ നടപടികൾ കൈക്കൊള്ളുന്നു.

ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-II

ഭക്ഷ്യസാമ്പിളുകൾ സ്വീകരിച്ചുകൊണ്ട് പരിശോധനാ നടപടികൾ കൈക്കൊള്ളുന്നു.

ജൂനിയർ ലബോറട്ടറി അസിസ്റ്റന്റ്

സാമ്പിൾ പരിശോധനാ വിഭാഗത്തെ സഹായിക്കുന്നു.

പാക്കർ

ഭക്ഷ്യസാമ്പിൾ പാക്കറ്റ് പൊട്ടിച്ച് തരംതിരിച്ച് ഓരോ വിഭാഗത്തിലും നൽകുന്നു. സാമ്പിൾ പാക്ക് ചെയ്യുന്നതും ഈ വിഭാഗത്തിന്റെ ചുമതലയിൽപ്പെടുന്നു.

അഡ്മിനിസ്ട്രേറ്റീവ് വിഭാഗം & മിനിസ്റ്റീരിയൽ വിഭാഗം

ഭക്ഷ്യസുരക്ഷാ ജോയിന്റ് കമ്മീഷണർ (അഡ്മിനിസ്ട്രേഷൻ, ലീഗൽ & വിജിലൻസ്)

ചീഫ് മിനിസ്റ്റീരിയൽ ഓഫീസർ ആയി പ്രവർത്തിക്കേണ്ടതാണ്.

ഫിനാൻസ് ഓഫീസർ

അക്കൗണ്ട്സ് വിഭാഗത്തിന്റെ അഡ്മിനിസ്ട്രേറ്റീവ് ചുമതല വഹിക്കുന്നു.

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

മിനിസ്റ്റീരിയൽ ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ച് നൽകുകയും സൂപ്പർവൈസ് ചെയ്യുകയും ചെയ്യുന്നത് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറാണ്.

സീനിയർ സൂപ്രണ്ട്, ജൂനിയർ സൂപ്രണ്ട്, ഹെഡ് ക്ലർക്ക്, സീനിയർ ക്ലർക്ക്, ക്ലർക്ക്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്, ടൈപ്പിസ്റ്റ്, ക്ലർക്ക് ടൈപ്പിസ്റ്റ്

കേരള സർവ്വീസ് നിയമം, കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവ്വീസ് നിയമം എന്നിവ പ്രകാരമുള്ള ഓഫീസ് ചുമതലകൾ നിർവ്വഹിക്കുന്നു.

സ്റ്റാറ്റിസ്റ്റിക്കൽ അസിസ്റ്റന്റ്, റിസർച്ച് അസിസ്റ്റന്റ്

ഗവൺമെന്റ് അനലിസ്റ്റ്സ് ലാബിൽ ഡാറ്റ ക്രോഡീകരിച്ച് സൂക്ഷിക്കുകയും വിശകലനത്തിനായി ലഭ്യമാക്കുകയും ചെയ്യുന്നു.

ഡ്രൈവർ

വകുപ്പിൽ നിലവിലുള്ള ഔദ്യോഗിക വാഹനങ്ങൾക്കായി നിയോഗിച്ചിരിക്കുന്നു.

ഓഫീസ് അറ്റൻഡന്റ്

ഭക്ഷ്യസുരക്ഷാ ഓഫീസുകളിൽ ഓഫീസ് പ്രവർത്തനങ്ങളിലും ലാബ്, എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളിൽ സഹായിക്കുന്ന ചുമതലകൾ നിർവ്വഹിക്കുന്നു.

നൈറ്റ് വാച്ച്മാൻ

ലാബുകളിലെ രാത്രികാല കാവൽ ചുമതല നിർവ്വഹിക്കുന്നു.

(സി) ഭക്ഷ്യസുരക്ഷാ വകുപ്പിനുകീഴിൽ ഉദ്യോഗസ്ഥരുടെയും വാഹനങ്ങളുടെയും ലബോറട്ടറികളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിന് പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ പരിശോധനയിലാണ്. ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി ഒരു സർക്കിളിന് കുറഞ്ഞത് ഒരു വാഹനമെങ്കിലും ലഭ്യമാക്കുന്നതിനും എല്ലാ ജില്ലകളിലും ഭക്ഷ്യപരിശോധനാ ലബോറട്ടറികൾ സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൊത്തം അഞ്ച് ലബോറട്ടറികളെ കൂടാതെ 9 ജില്ലാ ഭക്ഷ്യസുരക്ഷാ ലബോറട്ടറികൾകൂടി സംസ്ഥാനത്ത് സ്ഥാപിക്കുന്നതിനായി പതിനാലാം പഞ്ചവൽസരപദ്ധതിയിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ഡി) ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നവീകരണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഭക്ഷ്യസുരക്ഷാ ഗ്രേഡിംഗ് നിലവാര നിയമം സംസ്ഥാനത്ത് പൂർണ്ണമായും കാര്യക്ഷമമായും നടപ്പാക്കുന്നതിനും ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ്, ലബോറട്ടറി പരിശോധനാ സംവിധാനം, ഭരണനിർവ്വഹണ വിഭാഗം എന്നിവ ശക്തിപ്പെടുത്തുന്നതിനുമായി അത്യന്താപേക്ഷിതമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ പരിശോധിച്ചുവരുന്നു.

സംസ്ഥാനത്ത് അക്രെഡിറ്റഡ് ലാബുകളുടെ/നോട്ടിഫൈഡ് ലാബുകളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ട് ലബോറട്ടറി പരിശോധനാ സംവിധാനം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശ്യത്തോടെ പത്തനംതിട്ട ജില്ലാ ഭക്ഷ്യ പരിശോധനാ ലാബിനെ മേഖലാ ലാബായി ഉയർത്തുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധനയിലാണ്. പത്തനംതിട്ട ലാബിനായി സർക്കാർ അനുവദിച്ച ഭൂമിയിൽ ആധുനിക സൗകര്യത്തോടെയുള്ള ലബോറട്ടറി സ്ഥാപിക്കുന്നതിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് സർക്കാർ തുക അനുവദിക്കുകയും ആയതുമായി ബന്ധപ്പെട്ട നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്.

സർക്കാർ പുതുതായി അനുവദിച്ചിട്ടുള്ള കണ്ണൂർ മേഖലാ ലബോറട്ടറിക്കായി കെട്ടിടം നിർമ്മിക്കുന്നതിന് പി.ഡബ്ല്യു.ഡി.-യിൽനിന്നും ഡി.പി.ആർ. ലഭ്യമാക്കിയിട്ടുണ്ട്. നിർമ്മാണവുമായി ബന്ധപ്പെട്ട സമഗ്ര ഭരണാനുമതിക്കായി സമർപ്പിച്ച ശിപാർശ പരിശോധിച്ചുവരുന്നു.

ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിലും ആയതിനുകീഴിലുള്ള എല്ലാ ജില്ലാ, മേഖലാ കാര്യാലയങ്ങളിലും ലാബുകളിലും ഇ-ഓഫീസ് സംവിധാനം നടപ്പാക്കിക്കഴിഞ്ഞു. സർക്കിൾ കാര്യാലയങ്ങളിൽ ടി സംവിധാനം നടപ്പാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

ഭക്ഷ്യസുരക്ഷയുമായി ബന്ധപ്പെട്ട പരാതിപരിഹാര സംവിധാനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക എന്ന ഉദ്ദേശ്യത്തോടെ C-Dit-ന്റെ സഹായത്തോടെ പരാതിപരിഹാര പോർട്ടൽ വികസിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

കൂടാതെ ഫുഡ് ഹൈജീൻ റേറ്റിംഗുമായി ബന്ധപ്പെട്ട് മൊബൈൽ ആപ്ലിക്കേഷൻ വികസിപ്പിക്കുന്നതിനുള്ള നടപടികളും അന്തിമഘട്ടത്തിലാണ്.

സംസ്ഥാനത്തെ മൂന്ന് NABL അക്രെഡിറ്റ് ലബോറട്ടറികളിൽ കേന്ദ്ര ഭക്ഷ്യസുരക്ഷാ അതോറിറ്റിയുടെയും സംസ്ഥാന സർക്കാരിന്റെയും സഹായത്തോടെ കൂടുതൽ ആധുനിക ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും പ്രസ്തുത ലാബുകളിൽ കൂടുതൽ പാരാമീറ്ററുകൾക്ക് NABL അക്രെഡിറ്റേഷൻ ലഭിക്കുന്നതിനും പരിശോധനാ സംവിധാനങ്ങൾ കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ വകുപ്പിന്റെ നവീകരണത്തിനായി ചുവടെ ചേർക്കുന്ന പദ്ധതികൾ പതിനാലാം പഞ്ചവത്സരപദ്ധതിയിലെ പ്രൊപ്പോസലിൽ ഉൾപ്പെടുത്തി സമർപ്പിച്ചിട്ടുണ്ട്.

1. ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റിനുകീഴിൽ നിലവിൽ കാലഹരണപ്പെട്ട കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ/മേഖലാ ഓഫീസുകൾ നവീകരിക്കുന്നതിനും പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുമുള്ള പദ്ധതി.

2. നിലവിൽ ഭക്ഷ്യപരിശോധനാ ലാബുകൾ ഇല്ലാത്ത 9 ജില്ലകളിൽകൂടി ജില്ലാ ഭക്ഷ്യപരിശോധനാ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി.

3. ഭക്ഷ്യസുരക്ഷാ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കായി ഒരു ഭക്ഷ്യസുരക്ഷാ സർക്കിളിന് കുറഞ്ഞത് ഒരു വാഹനമെങ്കിലും ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസൽ.

ആര്യങ്കാവിൽ ഭക്ഷ്യസുരക്ഷാ ചെക്ക്പോസ്റ്റ് ആരംഭിക്കുന്നതിന് നടപടി

184 (2329) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ മണ്ഡലത്തിലെ ആര്യങ്കാവിൽ ഭക്ഷ്യസുരക്ഷാ ചെക്ക്പോസ്റ്റ്, കെട്ടിടം ഉൾപ്പെടെയുള്ളവ സജ്ജീകരിച്ചിട്ടും നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ചെക്ക്പോസ്റ്റിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുകയും ലാബ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്യുന്നത് അടിയന്തരമായി പരിഗണിക്കുമോ; എങ്കിൽ വിശദമാക്കാമോ?

(എ&ബി) ഉണ്ട്. ഭക്ഷ്യസുരക്ഷാ വകുപ്പിൽ ഒരു നിയോജകമണ്ഡലത്തിൽ ഒരു ഭക്ഷ്യസുരക്ഷാ ഓഫീസറാണ് നിലവിലുള്ളത്. പുനലൂർ മണ്ഡലത്തിലെ ആര്യങ്കാവിൽ ജീവനക്കാരുടെ കുറവുമൂലം ഭക്ഷ്യസുരക്ഷാ ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ആവശ്യമായ ജീവനക്കാരും ലാബ് സൗകര്യവും സജ്ജീകരിക്കുന്ന മുറയ്ക്ക് പൂർണ്ണമായും പ്രവർത്തനസജ്ജമാകുന്നതാണ്.

(സി) ശബരിമല മണ്ഡലകാലത്ത് പച്ചക്കറി ഉൾപ്പെടെയുള്ള ഭക്ഷ്യസാധനങ്ങളുടെ വരവ് കൂടുതലായ സാഹചര്യത്തിൽ താൽക്കാലിക ലാബ് സൗകര്യമെങ്കിലും ഏർപ്പെടുത്തി പ്രസ്തുത ചെക്ക്പോസ്റ്റിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ശബരിമല മണ്ഡല മകരവിളക്ക് കാലത്ത് പച്ചക്കറികൾ ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ വരവ് കൂടുതലുള്ളതിനാൽ ജില്ലാതല ഭക്ഷ്യസുരക്ഷാ സ്ക്വാഡുകൾ ചെക്ക്പോസ്റ്റുകൾ കേന്ദ്രീകരിച്ചും ഹോൾസെയിൽ/റീട്ടെയിൽ മാർക്കറ്റുകളിൽനിന്നും സാമ്പിളുകൾ ശേഖരിച്ച് പരിശോധന നടത്തിയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി

185 (2330) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ആരോഗ്യ വകുപ്പ് നടപ്പാക്കിവരുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതിയുടെ ഭാഗമായി കൊല്ലം ജില്ലയിൽ നിലവിൽ എത്ര രോഗികൾക്കാണ് സേവനം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) കൊല്ലം ജില്ലയിലെ ഏതൊക്കെ ആശുപത്രികളിലാണ് പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്നത്; വ്യക്തമാക്കാമോ?

(എ&ബി) കൊല്ലം ജില്ലയിൽ കൊല്ലം ജില്ലാ ആശുപത്രിയിലാണ് പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതിയിലൂടെ രോഗികൾക്ക് സേവനം നൽകിവരുന്നത്. നിലവിൽ 20 രോഗികൾക്കാണ് ഇപ്രകാരം സേവനം ലഭ്യമാക്കുന്നത്.

പകർച്ചവ്യാധികൾ നിർമ്മാർജ്ജനം ചെയ്യാൻ തീവ്ര കർമ്മപരിപാടി

186 (2331) ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അജ്ഞതകൊണ്ടും തെറ്റായ പ്രചാരണങ്ങളിൽ വശംവദരായും വാക്സിൻ നൽകുന്നതിൽ ചിലരുടെ വിമുഖതയാണ് അഞ്ചാംപനിക്ക് കാരണമെന്നതിനാൽ വാക്സിൻ വിമുഖതയകറ്റുന്നതിന് വിപുലമായ പ്രചാരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പരിപാടിയുടെ ഭാഗമായി അഞ്ചാംപനി ഉൾപ്പെടെയുള്ള വാക്സിൻവഴി പ്രതിരോധിക്കാവുന്ന രോഗങ്ങൾ (vaccine Preventable Diseases), പ്രതിരോധ വാക്സിനുകൾ, വാക്സിനുകൾ നൽകേണ്ട സമയക്രമം എന്നിവയെക്കുറിച്ച് പൊതുജനങ്ങൾക്ക് വിവിധ മാധ്യമങ്ങളിലൂടെ ബോധവത്കരണം തുടർച്ചയായി നൽകിവരുന്നു. ഗർഭിണികൾക്കുള്ള ക്ലിനിക്കുകൾ, ഇമ്മ്യൂണൈസേഷൻ ക്ലിനിക്കുകൾ എന്നിവിടങ്ങളിലും അങ്കണവാടിയിൽ നടക്കുന്ന അമ്മമാരുടെ മീറ്റിംഗിലും പ്രതിരോധ കുത്തിവയ്പുകളെക്കുറിച്ചുള്ള ബോധവത്കരണം

നൽകുന്നുണ്ട്. ഗർഭിണികളെ രജിസ്റ്റർ ചെയ്യുന്ന സമയം അവർക്ക് നൽകുന്ന എം.സി.പി. കാർഡിൽ സാർവ്വത്രിക ഇമ്മ്യൂണൈസേഷൻ പട്ടിക ഉൾപ്പെടുത്തിയിട്ടുണ്ട്. അഞ്ചാംപനി കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ വിപുലമായ ബോധവത്കരണ പരിപാടികളാണ് നടത്തിവരുന്നത്.

ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ജനപ്രതിനിധികൾ, ആരോഗ്യവകുപ്പ്, വനിത-ശിശു വികസന വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, വിദ്യാഭ്യാസ വകുപ്പ്, സന്നദ്ധ സംഘടനകൾ, ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ, ഇന്ത്യൻ അസോസിയേഷൻ ഓഫ് പീഡിയാട്രിക്സ്, ഹോമിയോ, ആയുർവ്വേദം എന്നിവരുടെ യോഗം ജില്ലാതലത്തിലും തുടർന്ന് ബ്ലോക്ക്, ഗ്രാമപഞ്ചായത്ത് തലങ്ങളിലും നടത്തി പ്രതിരോധ നിയന്ത്രണ ബോധവത്കരണ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടത്തിവരുന്നു.

വാർഡ് മെമ്പർ, ജെ.പി.എച്ച്.എൻ., ജെ.എച്ച്.ഐ., ആശാപ്രവർത്തകർ, അങ്കണവാടി പ്രവർത്തകർ എന്നിവരടങ്ങിയ ടീം വീടുകൾ സന്ദർശിച്ച് രക്ഷകർത്താക്കൾക്ക് നേരിട്ട് പ്രതിരോധ കുത്തിവയ്പിന്റെ ആവശ്യകതയെക്കുറിച്ച് ബോധവത്കരണവും ലഘുലേഖ വിതരണവും നടത്തിവരുന്നു.

സ്കൂളുകളിൽ പ്രത്യേകമായി പി.ടി.എ. മീറ്റിംഗുകൾ, അമ്മമാരുടെ പി.ടി.എ. മീറ്റിംഗുകൾ എന്നിവ നടത്തിയിട്ടുണ്ട്.

വിമുഖത കാണിക്കുന്ന രക്ഷകർത്താക്കളിൽ സ്വാധീനം ചെലുത്താൻ കഴിയുന്ന പ്രാദേശിക നേതാക്കളെ കണ്ടെത്തി അവരുടെ അഭ്യർത്ഥന നേരിട്ടും ശബ്ദ സന്ദേശങ്ങൾ, വീഡിയോ സന്ദേശങ്ങൾ എന്നിവ വഴിയും നൽകിയിട്ടുണ്ട്.

ശിശുരോഗ വിദഗ്ധർ ഉൾപ്പെടെയുള്ള ഡോക്ടർമാരുടെ വീഡിയോ തയ്യാറാക്കി പ്രചരിപ്പിച്ചുവരുന്നു.

എഫ്.എം. ചാനലുകൾ, ആകാശവാണി എന്നിവയിൽ ആരോഗ്യ വിദഗ്ധരുടെ സന്ദേശങ്ങൾ പ്രാദേശിക ടി.വി. ചാനലുകളിൽ സന്ദേശങ്ങൾ വീഡിയോ സ്പോട്ടുകളായും സ്ക്രോൾ ന്യൂസ് ആയും നൽകിയിട്ടുണ്ട്.

പത്ര മാധ്യമങ്ങളിൽ അഞ്ചാംപനി രോഗലക്ഷണങ്ങൾ, സങ്കീർണ്ണതകൾ, പ്രതിരോധ മാർഗ്ഗങ്ങൾ, കുത്തിവയ്പ് എന്നിവയടങ്ങിയ കുറിപ്പുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സമൂഹ മാധ്യമങ്ങളിലൂടെ ഡിജിറ്റൽ പോസ്റ്ററുകൾ, വീഡിയോകൾ എന്നിവ പ്രചരിപ്പിച്ചിട്ടുണ്ട്.

ഓട്ടൻതുള്ളൽ തുടങ്ങിയ കലാരൂപങ്ങൾ ഉൾപ്പെടുത്തി പ്രതിരോധ കുത്തിവയ്പ് കലാജാഥ നടത്തിയിട്ടുണ്ട്.

(ബി) പകർച്ചവ്യാധികൾ നിർമ്മാർജ്ജനം ചെയ്യാൻ തീവ്ര കർമ്മപരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) രോഗനിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ ആരോഗ്യമേഖലയെ ശാക്തീകരിക്കാൻ ആർദ്രം-2 പദ്ധതിപ്രകാരം നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

(ബി&സി) ഉണ്ട്. രോഗനിർമ്മാർജ്ജനം ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാനത്തെ ആരോഗ്യ മേഖലയെ ശാക്തീകരിക്കാൻ നവകേരള കർമ്മ പദ്ധതിപ്രകാരം രോഗനിവാരണത്തിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

പ്രാണിജന്യ രോഗങ്ങളുമായി ബന്ധപ്പെട്ട് മലമ്പനി, മന്ത് രോഗം, കരിമ്പനി (കാലാ അസർ) എന്നീ രോഗങ്ങൾ ഘട്ടംഘട്ടമായി നിവാരണം ചെയ്യാൻ ലക്ഷ്യമിട്ടിട്ടുണ്ട്. മലമ്പനി നിവാരണ പ്രഖ്യാപനം 2023-ൽ അഞ്ച് ജില്ലകളിലും (എറണാകുളം, ആലപ്പുഴ, ഇടുക്കി, കോട്ടയം, പത്തനംതിട്ട), 2024-ൽ ആറ് ജില്ലകളിലും (തിരുവനന്തപുരം, കൊല്ലം, മലപ്പുറം, കണ്ണൂർ, കാസർഗോഡ്, വയനാട്), 2026-ൽ മൂന്ന് ജില്ലകളിലും (കോഴിക്കോട്, തൃശ്ശൂർ, പാലക്കാട്) നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്. മലമ്പനി നിവാരണവുമായി ബന്ധപ്പെട്ട കേസുകൾ കണ്ടെത്തുന്ന മുറയ്ക്കുതന്നെ സൗജന്യ ചികിത്സ ലഭ്യമാക്കി രോഗാണു വ്യാപനം തടയുന്നതോടൊപ്പംതന്നെ രോഗം റിപ്പോർട്ട് ചെയ്യപ്പെടുന്ന സ്ഥലങ്ങളിൽ അവശേഷിത കീടനാശിനി പ്രയോഗവും ചുറ്റുപാടുമുള്ള വ്യക്തികളിൽ രോഗപ്പകർച്ച ഉണ്ടായിട്ടുണ്ടോയെന്ന് അറിയുന്നതിന് പാരാസൈറ്റോളജിക്കൽ സർവ്വേയും ഇതിനോടൊപ്പം നടത്തിവരുന്നു. കൂടാതെ രോഗം വരാൻ സാധ്യതയുള്ള പ്രദേശങ്ങളിൽനിന്നും വരുന്ന അതിഥിത്തൊഴിലാളികളിൽ രോഗനിരീക്ഷണത്തിന്റെ ഭാഗമായി മൈഗ്രന്റ് സ്ക്രീനിംഗ് ടീമും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റും പ്രാദേശിക ആരോഗ്യ വിഭാഗവും രോഗപര്യവേഷണം നടത്തിവരുന്നു. സംസ്ഥാന എന്റമോളജി ടീമും ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റും സോണൽ എന്റമോളജി യൂണിറ്റുകളും രോഗവ്യാപനം മുൻകൂട്ടി കണ്ടെത്തുന്നതിനുവേണ്ടി കൊതുക് സാന്ദ്രതാ പഠനവും ഇതിനോടൊപ്പം നടത്തിവരുന്നു.

മന്ത് രോഗനിവാരണ പ്രഖ്യാപനം 2023-ൽ രണ്ട് ജില്ലകളിലും (കൊല്ലം, കോട്ടയം), 2024-ൽ പത്ത് ജില്ലകളിലും (തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, പത്തനംതിട്ട, വയനാട്, ഇടുക്കി, ആലപ്പുഴ) 2029-ൽ രണ്ട് ജില്ലകളിലും (പാലക്കാട്, മലപ്പുറം) നടത്താൻ ലക്ഷ്യമിട്ടിട്ടുണ്ട്.

മന്ത് രോഗ നിവാരണത്തിനായി കൂടുതൽ കേസുകളെ കണ്ടെത്തുന്നതിനായി രാത്രികാല പാരാസൈറ്റോളജി സർവ്വേ ജില്ലാ വെക്ടർ കൺട്രോൾ യൂണിറ്റ്, മൈക്രോസ്കോപ്പിക് സ്ക്രീനിംഗ് ടീം, പ്രാദേശിക ആരോഗ്യ വിഭാഗം എന്നിവ പ്രത്യേക ക്യാമ്പുകൾ സംഘടിപ്പിച്ച് രോഗനിരീക്ഷണം നടത്തുന്നു. കൊതുകുകളിൽ രോഗാണുവിന്റെ സാന്നിധ്യം കണ്ടെത്തുന്നതിനുവേണ്ടി കൊതുകുകളെ ശേഖരിച്ച് ഡിസക്ട് ചെയ്ത് പഠനം നടത്തിവരുന്നു.

മന്ത് രോഗ നിവാരണത്തിനായി മാസ് ഡ്രഗ്സ് അഡ്മിനിസ്ട്രേഷൻ പ്രോഗ്രാം നോൺ എൻഡമിക് ജില്ലകളായ പത്തനംതിട്ട, ഇടുക്കി, വയനാട് ജില്ലകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും നടത്തിക്കഴിഞ്ഞിട്ടുണ്ട്. നോൺ എൻഡമിക് ജില്ലകളിൽ എം.ഡി.എ. പ്രോഗ്രാം നടത്തേണ്ടതില്ലാത്തതിനാൽ അവിടെ അസസ്സ്മെന്റ് സർവ്വേ നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ നടത്തിവരുന്നുണ്ട്. മന്ത് രോഗ വ്യാപനം തടഞ്ഞുവെന്ന് ഉറപ്പുവരുത്തുന്നതിന് ട്രാൻസ്മിഷൻ അസെസ്സ്മെന്റ് സർവ്വേ പാലക്കാട്, മലപ്പുറം ഒഴികെ മറ്റെല്ലാ ജില്ലകളിലും മൂന്നുതവണ നടത്തിയിട്ടുണ്ട്.

കരിമ്പനി (കാല അസർ) നിവാരണവുമായി ബന്ധപ്പെട്ട കേസുകൾ പല ജില്ലകളിൽ റിപ്പോർട്ട് ചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ പൂർണ്ണമായും പകർച്ചാതോത് കുറയ്ക്കുന്നതിനുള്ള ലക്ഷണാധിഷ്ഠിത സർവ്വേയും രോഗനിർണ്ണയ ക്യാമ്പുകളും സംഘടിപ്പിച്ചുവരുന്നുണ്ട്. ഇത്തരം ക്യാമ്പുകളിലൂടെ കണ്ടെത്തുന്ന കേസുകളെ പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കുന്നതിന് മെഡിക്കൽ കോളേജുകളിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ രോഗ നിയന്ത്രണത്തിനായി ഇപ്പോൾ രോഗം റിപ്പോർട്ട് ചെയ്തിട്ടുള്ള സ്ഥലങ്ങളിൽ തുടർച്ചയായി മണലീച്ച നിയന്ത്രണം സാധ്യമാകുന്നതിനുള്ള കീടനാശിനി മരുന്ന് തളിക്കൽ നടപ്പിലാക്കി വരുന്നതോടൊപ്പംതന്നെ മണലീച്ച സാന്ദ്രതാ പഠനവും നടത്തിവരുന്നു.

കൂടാതെ, ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന കീടനാശിനികളുടെ മേലും കൂത്താടി നശീകരണ ലായനികളുടെമേലും കൊതുകുകൾ പ്രതിരോധം നേടിയിട്ടുണ്ടോയെന്ന് അറിയാൻ പഠനം നടത്തിവരുന്നു.

നിർമ്മാർജ്ജനം എന്നത് നിവാരണത്തിനുശേഷമുള്ള ഘട്ടമാണ്. നിവാരണത്തിലൂടെ ലക്ഷ്യമിടുന്നത് തദ്ദേശീയമായ രോഗവ്യാപനം ഇല്ലാതാക്കുക എന്നതാണ്. ഇതോടൊപ്പംതന്നെ മറ്റ് പ്രാണിജന്യ രോഗങ്ങളായ ഡെങ്കിപ്പനി, ചിക്കുൻഗുനിയ, സ്ക്രബ് ടൈഫസ് എന്നീ രോഗങ്ങളുടെ പകർച്ച തടയുന്നതിനുള്ള മാർഗ്ഗങ്ങളും അതുമൂലമുള്ള മരണനിരക്ക് കുറയ്ക്കുന്നതിനുള്ള കർമ്മപരിപാടികളും നടപ്പാക്കിവരുന്നു.

2015-ൽ പുതിയതായി കണ്ടുപിടിച്ച ക്ഷയരോഗികളുടെ എണ്ണവും മരണ നിരക്കും അടിസ്ഥാനമാക്കിയാണ് ക്ഷയരോഗ നിർമ്മാർജ്ജന ലക്ഷ്യങ്ങൾ ക്രമീകരിച്ചിട്ടുള്ളത്. ഇതിൻപ്രകാരം 2025-ഓടുകൂടി പുതിയതായി കണ്ടുപിടിക്കുന്ന രോഗികളുടെ എണ്ണത്തിൽ 80 ശതമാനം കുറവും ക്ഷയരോഗംമൂലം മരണമടയുന്നവരുടെ എണ്ണത്തിൽ 90 ശതമാനം കുറവും ലക്ഷ്യമിടുന്നു. ഇതിനായി താഴെപ്പറയുന്ന പ്രവർത്തന പദ്ധതികൾ നടത്തിവരുന്നു.

* രോഗ ലക്ഷണമുള്ളവരിൽ പരിശോധനാ നിരക്ക് കൂട്ടുക.

* പ്രാരംഭ ഘട്ടത്തിൽത്തന്നെ ചികിത്സ ആരംഭിക്കുക.

* Universal Drug Sensitivity testing നടപ്പിലാക്കി മരുന്നുകളോടുള്ള പ്രതികരണശേഷി മനസ്സിലാക്കിയിട്ടുള്ള ചികിത്സ.

* മറ്റ് അസുഖങ്ങളുടെ ചികിത്സ

* ക്ഷയരോഗികൾക്കുള്ള സാമൂഹിക-സാമ്പത്തിക സഹായവും പോഷകാഹാരങ്ങളും ഉറപ്പാക്കുക.

* ആരോഗ്യ പ്രവർത്തകരുടെ തുടർപരിശീലനം.

* NIKSHAY പോർട്ടൽ വഴിയുള്ള നീരീക്ഷണം.

HIV അണുബാധയുള്ളവരിൽ 95 ശതമാനം വ്യക്തികളെ കണ്ടുപിടിക്കാനും അവരിൽ 95 ശതമാനം വ്യക്തികൾക്ക് ചികിത്സ ആരംഭിക്കാനും ചികിത്സ ആരംഭിച്ചവരിൽ 95 ശതമാനം വ്യക്തികൾക്കും ചികിത്സ ഫലപ്രദമായി നൽകുകയുമാണ് നിലവിൽ ലക്ഷ്യമിടുന്നത്.

താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഇതിനായി നടപ്പാക്കുന്നു.

* അവബോധ പ്രവർത്തനങ്ങൾ;

* ഹൈറിസ്ക് കാറ്റഗറിയിലുള്ളവർക്ക് കൗൺസിലിംഗും പരിശോധനയും ആവശ്യമെങ്കിൽ ചികിത്സയും ലഭ്യമാക്കുക;

* ICTC കേന്ദ്രങ്ങളുടെ പ്രവർത്തനം കൂടുതൽ വിപുലീകരിച്ച് HIV പരിശോധന കൂട്ടുക;

* മറ്റ് വകുപ്പുകളുമായി യോജിച്ച പ്രവർത്തനം;

* യുവജനങ്ങൾക്കിടയിൽ കൗൺസിലിംഗും പരിശോധനയും വ്യാപിപ്പിക്കുക.

അഞ്ചാംപനി, റുബല്ല എന്നീ പകർച്ചവ്യാധികൾ നിർമ്മാർജ്ജനം ചെയ്യുന്നതിനായി കുട്ടികളിൽ അഞ്ചാംപനി, റുബല്ല എന്നിവയ്ക്കെതിരെയുള്ള 2 ഡോസ് കുത്തിവയ്പുകൾ നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ രോഗനിരീക്ഷണ സംവിധാനവും ജീവനക്കാരുടെ തുടർപരിശീലനവും നടന്നുവരുന്നു.

ജീവിതശൈലീ രോഗങ്ങൾ

187 (2332) ശ്രീ. വി. ജോയി:
ശ്രീമതി ദെലീമ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങളുള്ളവരെ കണ്ടെത്തി ചികിത്സ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ആരംഭിച്ച ജീവിതശൈലീ രോഗ സർവ്വേ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നവകേരള കർമ്മപദ്ധതിയുടെ ഭാഗമായുള്ള ആർദ്രം 2-ന്റെ കീഴിൽ സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങളുള്ളവരെ ഭവന സന്ദർശനം നടത്തി ചികിത്സ ഉറപ്പാക്കുകയെന്ന ലക്ഷ്യത്തോടെ ജനസംഖ്യാധിഷ്ഠിത ജീവിതശൈലീ രോഗ സർവ്വേ നടന്നുവരുന്നു. ഇതിനുവേണ്ടി 'അൽപ്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന ക്യാമ്പയിൻ നടക്കുന്നുണ്ട്. ഇ-ഹെൽത്ത് വികസിപ്പിച്ചെടുത്ത ആൻഡ്രോയിഡ് ആപ്ലിക്കേഷനായ SHAILI App ഉപയോഗിച്ച് ആശാപ്രവർത്തകരാണ് എല്ലാ വീടുകളും സന്ദർശിച്ച് ഈ സർവ്വേ നടത്തിവരുന്നത്. സർവ്വേയുടെ വിശദാംശങ്ങൾ ആശുപത്രിതലത്തിലും ഒരു dash board-ലൂടെ തത്സമയവും നീരിക്ഷിക്കാവുന്നതാണ്. ഈ പദ്ധതിയുടെ പ്രതിവാര അവലോകനം ജില്ലാതലത്തിലും പ്രതിമാസ അവലോകനം സംസ്ഥാനതലത്തിലും നടപ്പാക്കിവരുന്നു. 9-12-2022 വരെ സർവ്വേയിലൂടെ ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

സർവ്വേയ്ക്ക് വിധേയരായവർ	5059952
രോഗസാധ്യതയുള്ളവർ	956671
കാൻസർ സ്ക്രീനിംഗിനായി റഫർ ചെയ്തവർ	325716
ക്ഷയരോഗ ലക്ഷണമുള്ളവർ	42458
മറ്റ് ശ്വാസകോശരോഗങ്ങൾ ഉള്ളവർ	159487
രക്താതിമർദ്ദം സ്ഥിരീകരിച്ചവർ	544865
പ്രമേഹം സ്ഥിരീകരിച്ചവർ	441373

ഓരോ ജില്ലയുടെയും സർവ്വേയിലുള്ള ദൈനംദിന പുരോഗതി ഇതിനോടൊപ്പം വിലയിരുത്തപ്പെടുന്നുണ്ട്.

(ബി) ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണത്തിനായി സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ജീവിതശൈലീ രോഗങ്ങളുടെ നിയന്ത്രണത്തിനായി നടത്തിവരുന്ന അമൃതം ആരോഗ്യം പദ്ധതി, ശ്വാസ് പദ്ധതി, കാൻസർ കെയർ പദ്ധതി, കാൻസർ ചികിത്സാ പദ്ധതി, ഡയബറ്റിക് റെറ്റിനോപ്പതി, പക്ഷാഘാത ചികിത്സാ പദ്ധതി തുടങ്ങിയ പദ്ധതികളുടെ അവലോകനം സംസ്ഥാനതലത്തിലും കൃത്യമായ ഇടവേളകളിൽ ജില്ലാതലത്തിലും നടത്തപ്പെടാറുണ്ട്. സംസ്ഥാനതലത്തിൽ നോഡൽ ഓഫീസർമാരുടെ പ്രതിമാസ അവലോകനവും ജില്ലാ മെഡിക്കൽ ഓഫീസർ പങ്കെടുക്കുന്ന സീനിയർ മെഡിക്കൽ ഓഫീസർ മീറ്റിംഗിലും ജീവിതശൈലീ രോഗങ്ങളുടെ കൃത്യമായ അവലോകനം നടത്താറുണ്ട്.

(സി) ജീവിതശൈലീ രോഗങ്ങളുള്ളവരിൽ സാധാരണയായി ഉണ്ടായേക്കാവുന്ന വൃക്കരോഗ ചികിത്സയ്ക്കായി നടത്തുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

ജീവിതശൈലീരോഗങ്ങൾ പ്രത്യേകിച്ച് പ്രമേഹവും രക്താതിമർദ്ദവും ഗുരുതരാവസ്ഥയിലേയ്ക്ക് പോകുമ്പോഴുണ്ടാകുന്ന ഒരു പ്രധാന മൂർദ്ധന്യാവസ്ഥയാണ് വൃക്കരോഗം. പ്രമേഹവും രക്താതിമർദ്ദവുമുള്ള രോഗികളിൽ കൃത്യമായ ഇടവേളകളിൽ വൃക്കരോഗങ്ങൾക്കായുള്ള രക്തപരിശോധന നടത്തുകയാണെങ്കിൽ ഈ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും ഗുരുതര സ്ഥിതിയിലേയ്ക്ക് പരിണമിക്കുന്നത് തടയാനും സാധിക്കും. ഇതിനായുള്ള നിർദ്ദേശം എല്ലാ NCD ക്ലിനിക്കുകൾക്കും നൽകിയിട്ടുണ്ട്. ഡയാലിസിസ് വേണ്ടിവരുന്ന രോഗികൾക്കായി സംസ്ഥാന ആരോഗ്യവകുപ്പിൽ മാത്രമായി 101 ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു. പ്രതിമാസം 45000-ത്തോളം രോഗികൾക്ക് ഡയാലിസിസ് നടത്തുന്നുണ്ട്. ഇതിനുപുറമേ വീടുകളിൽ വച്ചുതന്നെ ചെയ്യാൻ സാധിക്കുന്ന പെരിറ്റോണിയൽ ഡയാലിസിസ് പദ്ധതി എല്ലാ ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്. പൂർണ്ണമായും സൗജന്യമായിട്ടാണ് പെരിറ്റോണിയൽ ഡയാലിസിസ് രോഗികൾക്ക് നൽകിവരുന്നത്.

വൃക്ക പരാജയപ്പെടുന്ന അവസ്ഥ (renal failure) ഒഴിവാക്കുന്നതിനായി പ്രമേഹ രോഗികൾക്ക് മെഡിക്കൽ കോളേജിൽ വിദഗ്ധ പരിശോധനാ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും സൗജന്യമായി മരുന്നുകൾ ലഭ്യമാക്കുകയും ചെയ്തുവരുന്നു. ജീവിതശൈലീ രോഗങ്ങളുടെ ഭാഗമായി വരുന്ന വൃക്ക രോഗങ്ങൾ നേരത്തെ കണ്ടുപിടിക്കാനുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. എല്ലാ ജില്ലകളിലും മെറ്റബോളിക് സെന്ററുകൾ തുടങ്ങുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇപ്പോഴത്തെ രോഗികളെ ചികിത്സിക്കുന്നതിന്റെ ഭാഗമായി കൂടുതൽ ഡയാലിസിസ് സെന്റർ തുടങ്ങിയിട്ടുണ്ട്. വൃക്കരോഗികളുടെ പ്രധാന ചികിത്സാ മാർഗ്ഗമായ ഡയാലിസിസ് (Hemodialysis and peritoneal dialysis) എല്ലാ ജില്ലകളിലും വിവിധ കേന്ദ്രങ്ങളിലായി കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖാന്തരം സൗജന്യമായി നൽകിവരുന്നുണ്ട്. സർക്കാർ മെഡിക്കൽ കോളേജുകളിൽ വൃക്ക രോഗികൾക്ക് ഡയാലിസിസ് നടത്തുന്നതിനായി ഡയാലിസിസ് മെഷീൻ ഉൾപ്പെടെയുള്ള സംവിധാനം നിലവിലുണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും വൃക്ക രോഗങ്ങൾ നിർണ്ണയിക്കുന്നതിനുള്ള ലാബ് സംവിധാനങ്ങളും പരിശോധന സംവിധാനങ്ങളും ലഭ്യമാണ്.

അഞ്ചാംപനി പ്രതിരോധത്തിന് സ്വീകരിച്ച നടപടികൾ

188 (2333) ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അഞ്ചാംപനി റിപ്പോർട്ട് ചെയ്തതിന്റെ പശ്ചാത്തലത്തിൽ അഞ്ചാംപനി പ്രതിരോധത്തിന് ആരോഗ്യ വകുപ്പ് സ്വീകരിച്ച നടപടി വിശദമാക്കാമോ?

കേരളത്തിൽ അഞ്ചാംപനി (മീസിൽസ്) പ്രതിരോധത്തിനായി തദ്ദേശസ്വയംഭരണ വകുപ്പിന്റെയും മറ്റ് അനുബന്ധ വകുപ്പുകളുടെയും സഹകരണത്തോടെ ആരോഗ്യ വകുപ്പ് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. വാക്സിനേഷൻ കുറവുള്ള സ്ഥലങ്ങളിൽ മീസിൽസ് രോഗം വരുന്നതിന് സാധ്യത കൂടുതലായതിനാൽ വാക്സിൻ ലഭിക്കാത്ത കുട്ടികൾക്ക് വിവിധ സർക്കാർ ആരോഗ്യസ്ഥാപനങ്ങൾവഴി മീസിൽസ്-റുബെല്ല (MR) വാക്സിൻ നൽകിവരുന്നു. ഇതുകൂടാതെ രോഗം ബാധിച്ച മുഴുവൻ പേരെയും നിരീക്ഷിക്കുകയും രോഗം ബാധിച്ചവർക്ക് വിറ്റാമിൻ-എ നൽകുകയും ചെയ്യുവരുന്നു. ആശുപത്രികളിൽ കിടത്തി ചികിത്സ ആവശ്യമായ രോഗികൾക്ക് അതിനുള്ള സൗകര്യവുമൊരുക്കിയിട്ടുണ്ട്.

മെഡിക്കൽ കോളേജുകളുടെ അർബൻ/റൂറൽ ഹെൽത്ത് ട്രെയിനിംഗ് സെന്റർവഴി രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റി പൊതുജനങ്ങളിൽ ബോധവൽക്കരണം നടത്തിവരുന്നു. അഞ്ചാംപനി കൂടുതലായി റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ വിപുലമായ ബോധവത്കരണ പ്രവർത്തനങ്ങൾ ആരോഗ്യ വകുപ്പ് നടത്തിവരുന്നു. ജില്ലാതല അവലോകനം നടത്തി അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അഞ്ചാംപനി പ്രതിരോധ വാക്സിന്റെ ലഭ്യത എല്ലാ ജില്ലകളിലും ഉറപ്പാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് എല്ലാ ജില്ലകളിലുമായി 2.30 ലക്ഷം (രണ്ടുലക്ഷത്തി മുപ്പതിനായിരം) മീസിൽസ്-റുബെല്ല (MR) വാക്സിൻ ലഭ്യമാണ്. ഇതിനുപുറമെ 1.50 ലക്ഷം (ഒരു ലക്ഷത്തി അമ്പതിനായിരം) മീസിൽസ്-റുബെല്ല (MR) വാക്സിൻ കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയം സംസ്ഥാനത്തിന് അനുവദിച്ചിട്ടുണ്ട്.

ചികിത്സാപ്പിഴവ്

189 (2334) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ ചികിത്സാപ്പിഴവ് ഉണ്ടാകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ചികിത്സാപ്പിഴവ് സംബന്ധമായ ഒറ്റപ്പെട്ട ചില സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കാൻ വ്യക്തമായ ചികിത്സാ മാർഗ്ഗരേഖകൾ തയ്യാറാക്കി ഡോക്ടർമാർക്കും മറ്റ് അനുബന്ധ ജീവനക്കാർക്കും പരിശീലനം നൽകാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫുട്ബോൾ കളിക്കുമ്പോൾ കൈകുത്തി വീണ് പരിക്കേറ്റതിനെ തുടർന്ന് തലശ്ശേരി ജനറൽ ആശുപത്രിയിൽ എത്തിയ വിദ്യാർത്ഥിക്ക് ചികിത്സാപ്പിഴവിനെത്തുടർന്ന് കൈ മുറിച്ചുമാറ്റേണ്ടി വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പ്രസ്തുത ആശുപത്രിയിൽ എക്സ്റേ പരിശോധനയ്ക്ക് സൗകര്യമുണ്ടായിരുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

തലശ്ശേരി ജനറൽ ആശുപത്രിയിൽ 30-10-2022 ഞായറാഴ്ച വൈകിട്ട് 5.00 മണിക്ക് എക്സ്റേ യൂണിറ്റ് പ്രവർത്തിച്ചിരുന്നില്ല. നിലവിൽ എക്സ്റേ ടെക്നീഷ്യന്മാരുടെ സ്ഥിരം തസ്തികയിൽ രണ്ട് ജീവനക്കാരും എൻ.എച്ച്.എം. മുഖേന നിയമിതരായ 3 എക്സ്റേ ടെക്നീഷ്യന്മാരും എച്ച്.എം.സി. മുഖേന നിയമിതരായ ഒരു എക്സ്റേ ടെക്നീഷ്യനും ഉൾപ്പെടെ 6 പേരുടെ സേവനമാണ്

തലശ്ശേരി ജനറൽ ആശുപത്രിയിൽ ലഭ്യമായിട്ടുള്ളത്. രാവിലെ 8.00 മണി മുതൽ 1.00 മണി വരെ എക്സ്റേ വിഭാഗത്തിലും ഉച്ചതൽ എക്സ്റേ വിഭാഗത്തിലും ഓപ്പറേഷൻ തീയറ്ററിലും ഓരോ എക്സ്റേ ടെക്നീഷ്യന്മാരുടെ സേവനം ലഭ്യമാണ്. ഉച്ചയ്ക്കുശേഷം എക്സ്റേ വിഭാഗത്തിൽ ഒരു ടെക്നീഷ്യൻ സേവനം അനുഷ്ഠിക്കുന്നു. നിലവിൽ രാത്രി എക്സ്റേ ടെക്നീഷ്യന്റെ സേവനം ലഭ്യമല്ല. ആയത് പരിഹരിക്കുന്നതിന് എച്ച്.എം.സി. മുഖാന്തരം 2 എക്സ്റേ ടെക്നീഷ്യന്മാരെക്കൂടി അധികമായി നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത സംഭവത്തിൽ സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ?

ആരോഗ്യവകുപ്പ് അഡീഷണൽ ഡയറക്ടർ വിജിലൻസ്, കോഴിക്കോട് മെഡിക്കൽ കോളേജ് സർജറി വിഭാഗം പ്രൊഫസർ, കോഴിക്കോട് മെഡിക്കൽ കോളേജ് അസ്ഥിരോഗ വിഭാഗം പ്രൊഫസർ എന്നിവരടങ്ങിയ സമിതി 24-11-2022-ൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ഇ) സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും എക്സ്റേ പോലുള്ള സൗകര്യങ്ങൾ എല്ലാ സർക്കാർ ആശുപത്രികളിലും ഉറപ്പുവരുത്താനും നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

International Radiology Protection കമ്മിറ്റിയുടെ ശിപാർശപ്രകാരം തൊഴിൽ വകുപ്പ് റേഡിയേഷൻ പ്രവൃത്തി സമയം അഞ്ച് മണിക്കൂറിൽ കൂടുതൽ ആകാൻ പാടില്ലെന്ന് നിഷ്കർഷിച്ചിട്ടുള്ളതിനാൽ, സംസ്ഥാന സർക്കാർ 3-5-2012-ലെ സ.ഉ.(കൈ) നമ്പർ 133/2012/ആ.കു.വ. പ്രകാരം എക്സ്റേ ടെക്നീഷ്യന്മാരുടെ ജോലി സമയം അഞ്ച് മണിക്കൂറായി നിജപ്പെടുത്തി ഉത്തരവായിട്ടുള്ളതാണ്. ആയതിനാൽ 24 മണിക്കൂറും എക്സ്റേ സേവനം ലഭ്യമാക്കുന്നതിന് അത്യാഹിത വിഭാഗത്തിൽ നിലവിലുള്ള ജീവനക്കാർക്കുപുറമെ എച്ച്.എം.സി. മുഖാന്തരമോ, ആരോഗ്യ ഇൻഷുറൻസ് പദ്ധതി ഫണ്ടിൽനിന്നോ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ പരിശോധിച്ച് സ്വീകരിക്കുന്നതാണ്.

ക്യാൻസർ രോഗികൾക്കായുള്ള സഹായ പദ്ധതികൾ

190 (2335) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ക്യാൻസർ രോഗികൾക്കായി എന്തെല്ലാം സഹായ പദ്ധതികളാണ് നടപ്പാക്കിവരുന്നത്; വിശദമാക്കുമോ?

18 വയസ്സിനുമുകളിൽ പ്രായമുള്ള കാൻസർ രോഗികൾക്ക് സുകൃതം പദ്ധതിയും 18 വയസ്സിന് താഴെയുള്ളവർക്ക് കാൻസർ സുരക്ഷാ പദ്ധതിയും നിലവിലുണ്ട്. 18 വയസ്സിനുതാഴെ പ്രായമുള്ള നിർദ്ധനരായ കുട്ടികൾക്ക് സർക്കാർ നടപ്പാക്കിവരുന്ന പദ്ധതിയാണ് കാൻസർ സുരക്ഷാ പദ്ധതി. എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും. ഗവൺമെന്റ് ജോലിക്കാരുടെയും റീ-ഇംബേഴ്സ്മെന്റ് ഉള്ളവരുടെയും കുട്ടികളെ ഈ പദ്ധതിയിൽ പരിഗണിക്കുന്നതല്ല. മരുന്നുകളും ലാബ് പരിശോധനകളും സ്കാൻ, റേഡിയേഷൻ തുടങ്ങിയ എല്ലാ ചികിത്സകളും സൗജന്യമായി നൽകിവരുന്നു. കാൻസർ ബാധിതരായവർക്ക് സർക്കാർ പദ്ധതികളായ ആർ.എസ്.ബി.വൈ., കാസ്പ്, ആർ.ബി.എസ്.കെ., പെൻഷൻ പദ്ധതി, ആരോഗ്യ ഇൻഷ്വറൻസ്, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി എന്നിവ വഴിയും സഹായങ്ങൾ നൽകിവരുന്നുണ്ട്.

സംസ്ഥാനത്തെ ക്യാൻസർ രോഗികൾക്കായി ചികിത്സാ സഹായ ഫണ്ട്, കാൻസർ പെൻഷൻ, മറ്റ് കാൻസർ ചികിത്സാ പദ്ധതികൾ എന്നിവ നടപ്പാക്കിവരുന്നുണ്ട്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ (KASP) ഭാഗമായി അഞ്ച് ലക്ഷം രൂപവരെ ഇൻഷ്വറൻസ് ഇനത്തിൽ ഒരു കുടുംബത്തിന് ലഭിക്കുന്നുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ ജനങ്ങൾക്കും KASP-ന്റെ ഈ ചികിത്സാ ഇൻഷ്വറൻസ് പദ്ധതി ലഭ്യമാണ്. ദേശീയ ആരോഗ്യ മിഷനുകീഴിൽ 'രാഷ്ട്രീയ ബാലസ്വസ്ഥ്യ കാര്യക്രം' (RBSK) പദ്ധതി പ്രകാരം 18 വയസ്സിൽ താഴെയുള്ള കാൻസർ ഉൾപ്പെടെയുള്ള ചികിത്സാവിധികൾ സൗജന്യമായാണ് നൽകി വരുന്നത്. നോൺ പ്ലാൻ ഫണ്ട് വഴി കാൻസർ രോഗികൾക്കുള്ള ചികിത്സാ ധനസഹായ ഫണ്ട് പ്രതിമാസം 1000 രൂപ നിരക്കിൽ ആരോഗ്യവകുപ്പിൽനിന്നും നൽകിവരുന്നുണ്ട്. റവന്യൂ വകുപ്പിൽനിന്നും കാൻസർ പെൻഷൻ കാൻസർ ബാധിതരായ രോഗികൾക്ക് നൽകിവരുന്നുണ്ട്. സാമൂഹിക സുരക്ഷാ മിഷന്റെ 'താലോലം' പദ്ധതി വഴിയും 18 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് കാൻസർ ചികിത്സാ സഹായം ലഭിച്ചുവരുന്നു.

ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ ഫയലുകളും മറ്റു അനുബന്ധ രേഖകളും നഷ്ടപ്പെട്ടതായുള്ള പരാതി

191 (2337) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 നവംബറിൽ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിലെ താഴത്തെ നിലയിൽ സൂക്ഷിച്ചിരുന്ന ഏതാനും അലമാരകളിൽനിന്നും ഫയലുകളും മറ്റ് അനുബന്ധ രേഖകളും നഷ്ടപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ നഷ്ടപ്പെട്ട ഫയലുകളുടെ കണക്കുകൾ ലഭ്യമാണോ;

(സി) നഷ്ടപ്പെട്ട ഫയലുകളുടെ പകർപ്പ് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(എ-സി) പഴയ ചില ഫയലുകൾ നഷ്ടപ്പെട്ടതായി കണ്ടെത്തിയിട്ടുണ്ട്. ആയതുസംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ല. ഫിസിക്കൽ ഫയലുകളുടെ പകർപ്പ് എടുത്ത് സൂക്ഷിക്കുന്ന രീതി പിന്തുടരുന്നില്ല.

(ഡി) കോവിഡ്കാല പർച്ചേസുകളുമായി ബന്ധപ്പെട്ട ഫയലുകളാണോ നഷ്ടപ്പെട്ടതെന്ന് വ്യക്തമാക്കാമോ?

കോവിഡ്കാല പർച്ചേസുകളുമായി ബന്ധപ്പെട്ട ഫയലുകളല്ല നഷ്ടപ്പെട്ടത്.

(ഇ) നഷ്ടപ്പെട്ട ഫയലുകൾ സംബന്ധിച്ച വകുപ്പുതല അന്വേഷണ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇതുസംബന്ധിച്ച് ലഭ്യമായ റിപ്പോർട്ട് സർക്കാർ പരിശോധിച്ചുവരുന്നു.

മാനന്തവാടി മെഡിക്കൽ കോളേജിലെ പോസ്റ്റ്മോർട്ടം

192 (2338) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മെഡിക്കൽ കോളേജിൽ 2022 ജനുവരി 1 മുതൽ 2022 നവംബർ 30 വരെ ആകെ എത്ര പോസ്റ്റ്മോർട്ടങ്ങൾ നടന്നു; കണക്ക് വ്യക്തമാക്കാമോ;

(ബി) ഇതിൽ ആത്മഹത്യ ചെയ്ത എത്ര കേസുകൾ ഉണ്ടായിരുന്നു; വ്യക്തമാക്കാമോ?

(എ&ബി) വയനാട് സർക്കാർ മെഡിക്കൽ കോളേജിൽ 2022 ജനുവരി 1 മുതൽ 2022 നവംബർ 30 വരെ ആകെ 241 (ഇരുന്നൂറ്റി നാൽപത്തി ഒന്ന്) പോസ്റ്റ്മോർട്ടങ്ങൾ നടത്തിയിട്ടുണ്ട്. ആയതിൽ 119 (നൂറ്റി പത്തൊൻപത്) എണ്ണം ആത്മഹത്യ ചെയ്ത കേസുകളായിരുന്നു.

(സി) പ്രസ്തുത കാലയളവിൽ മാനന്തവാടി മെഡിക്കൽ കോളേജിൽനിന്നും കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് പോസ്റ്റ്മോർട്ടത്തിനായി എത്ര മൃതദേഹങ്ങൾ റഫർ ചെയ്യുവെന്ന് വ്യക്തമാക്കാമോ?

ടി കാലയളവിൽ 12 (പന്ത്രണ്ട്) കേസുകൾ കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് റഫർ ചെയ്തിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിൽ അവശ്യവസ്തുക്കൾ ലഭ്യമാക്കുന്നത്

193 (2339) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ ഐ.സി.യു.-വിന് പുറത്തും വാർഡിനുള്ളിലും രോഗികൾക്ക് കൂട്ടിരിക്കുന്നവരുടെ എണ്ണം ഒന്നായി നിജപ്പെടുത്താൻ തീരുമാനിക്കുകയുണ്ടായോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മിക്ക മെഡിക്കൽ കോളേജ് ആശുപത്രികളിലും തിരക്ക് നിയന്ത്രിക്കുന്നതിനായി ഐ.സി.യു.-വിനുപുറത്തും വാർഡിലും രോഗികൾക്ക് കൂട്ടിരിക്കുന്നവരുടെ എണ്ണം ഒന്ന് എന്ന കണക്കിൽ നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, കിടപ്പുരോഗികൾക്കും ഗുരുതരമായ രോഗാവസ്ഥയിലുള്ളവർക്കും ചികിത്സിക്കുന്ന ഡോക്ടറുടെ നിർദ്ദേശപ്രകാരം രണ്ട് കൂട്ടിരിപ്പുകാരെ അനുവദിക്കുന്നുണ്ട്.

(ബി) റഫറൽ ആശുപത്രി എന്ന നിലയിൽ മറ്റ് ആശുപത്രികളിൽ ചികിത്സ നേടിയശേഷം ഗുരുതരാവസ്ഥയിൽ മെഡിക്കൽ കോളേജുകളിൽ എത്തുന്ന രോഗികൾക്കായി മരുന്നുകൾ വാങ്ങുന്നതിനും മാറാനുള്ള വസ്ത്രം, ഡയപ്പറുകൾ, ആഹാരം, മറ്റ് ജീവൻരക്ഷാ ഉപകരണങ്ങൾ തുടങ്ങിയവ വാങ്ങുന്നതിനുമായി ഒരു ദിവസംതന്നെ പലതവണ കൂട്ടിരിപ്പുകാർക്ക് ആശുപത്രിക്ക് പുറത്തുപോകേണ്ടിവരുന്ന സാഹചര്യം പരിശോധിക്കുകയുണ്ടായോയെന്ന് വ്യക്തമാക്കാമോ;

(സി) വാർദ്ധക്യാവസ്ഥയിലുള്ളവരോ വികലാംഗരോ അവശതകൾ അനുഭവിക്കുന്നവരോ സ്ത്രീകൾ മാത്രം കൂട്ടിരിപ്പുകാരായി ഇരിക്കേണ്ടി വരുന്നവരോ ആയിട്ടുള്ളവർക്ക് ഇത്തരം സാഹചര്യങ്ങളിൽ പ്രത്യേകിച്ച് രാത്രികാലങ്ങളിൽ പലതവണ ആശുപത്രിക്ക് പുറത്ത് പോയ്വരേണ്ടി വരുന്നത് കടുത്ത ശാരീരിക മാനസിക ബുദ്ധിമുട്ടുകളുണ്ടാക്കുന്നുവെന്നത് സർക്കാർ പരിഗണിക്കുകയുണ്ടായോ?

(ബി&സി) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള മെഡിക്കൽ കോളേജ് ആശുപത്രികളിലും അനുബന്ധ ആശുപത്രികളിലും ഒരാൾ അഡ്മിറ്റാകുന്ന സമയത്ത് രോഗിയുടെ കൂട്ടിരിപ്പുകാർക്ക് പാസ് അനുവദിക്കുന്നുണ്ട്. ഈ പാസ് ഉപയോഗിച്ച് രോഗിയുടെ കൂട്ടിരിപ്പുകാർക്ക് പുറത്തുപോകാനും തിരികെ വരാനും നിലവിൽ അനുവാദം നൽകിയിട്ടുണ്ട്. കെ.എം.എസ്.സി.എൽ. വഴി ലഭിക്കുന്ന മരുന്നുകളും ഉപകരണങ്ങളും രോഗികൾക്ക് സൗജന്യമായി നൽകിവരുന്നു. രോഗികൾക്ക് ആശുപത്രിയിൽനിന്നും ലഭിക്കാത്ത മരുന്നുകൾ വാങ്ങുന്നതിനായി വകുപ്പിനുകീഴിലുള്ള ഒട്ടുമിക്ക ആശുപത്രികളിലും കാരുണ്യ ഫാർമസി,

എച്ച്.ഡി.എസ്. മരുന്ന് ഷോപ്പ്, ന്യായവില മരുന്ന് ഷോപ്പുകൾ എന്നിവ ക്യാമ്പസിനുള്ളിൽത്തന്നെ പ്രവർത്തിച്ചുവരുന്നുണ്ട്. വസ്ത്രം, ഡയപ്പറുകൾ, ആഹാരം തുടങ്ങിയവ വാങ്ങുന്നതിനായി ക്യാമ്പസ്സിനുള്ളിൽത്തന്നെ കൺസ്യൂമർ സ്റ്റോറുകൾ, ചെറിയ ഔട്ട്ലെറ്റുകൾ, ക്യാന്റീൻ, കഫറ്റീരിയ തുടങ്ങിയവ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതുമൂലം ആശുപത്രി കോമ്പൗണ്ടിന് വെളിയിൽ പോകാതെതന്നെ വിവിധ ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യം കൂട്ടിരിപ്പുകാർക്ക് ഏർപ്പെടുത്തിയിട്ടുണ്ട്. വാർദ്ധക്യാവസ്ഥയിലുള്ളവർക്കും കടുത്ത അവശത അനുഭവിക്കുന്ന രോഗികൾക്കും രണ്ട് കൂട്ടിരിപ്പുകാരെ അനുവദിക്കാറുണ്ട്.

(ഡി) എങ്കിൽ ഗുരുതരാവസ്ഥയിലുള്ള രോഗികളുടെ കാര്യത്തിലെങ്കിലും മരുന്നുകളും ആശുപത്രി വസ്ത്രങ്ങളും ഡയപ്പറുകളും മറ്റ മെഡിക്കൽ ഉപകരണങ്ങളും ഉൾപ്പെടെ അവശ്യവസ്തുക്കൾ ആശുപത്രികളിൽത്തന്നെ ലഭ്യമാക്കുന്ന കാര്യം പരിഗണിക്കുമോ?

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിലെ ഒട്ടുമിക്ക മെഡിക്കൽ കോളേജിലും അനുബന്ധ ആശുപത്രികളിലും ആശുപത്രിക്കെത്തുതന്നെ അല്ലെങ്കിൽ ആശുപത്രി കോമ്പൗണ്ടിനുള്ളിൽത്തന്നെ അവശ്യമരുന്നുകളും മറ്റ് അവശ്യവസ്തുക്കളും ലഭിക്കുന്നതിനുള്ള മെഡിക്കൽ സ്റ്റോറുകൾ, കൺസ്യൂമർ സ്റ്റോറുകൾ, സ്റ്റേഷനറി സ്റ്റോറുകൾ എന്നിവ പ്രവർത്തിച്ചുവരുന്നുണ്ട്.

ആരോഗ്യ വകുപ്പിൽ പുതുതായി സൃഷ്ടിച്ച തസ്തിക

194 (2340) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിൽ പുതുതായി എത്ര തസ്തിക സൃഷ്ടിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിനുകീഴിൽ 331 തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്.

ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ പ്രൊമോഷൻ

195 (2342) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ 2019-ൽ പ്രൊമോഷനായ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 തസ്തികയിൽ ജോലിചെയ്യുന്നവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ സാധിച്ചിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ നടപടി സ്വീകരിക്കുമോ;

(ബി) പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ സാധിക്കാത്തത് പ്രൊമോഷനെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ എസ്.എൽ.പി.സി. 12363/2018 നമ്പർ കേസിലെ അന്തിമ വിധിക്ക് വിധേയമായി താൽക്കാലിക പ്രൊമോഷനാണ് ആരോഗ്യ വകുപ്പിൽ നിലവിൽ നൽകിവരുന്നത്. ടി കേസിലെ അന്തിമവിധി വന്നതിനുശേഷം, മറ്റ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചതിനുശേഷമേ ടിയാളുകളുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ കഴിയുകയുള്ളൂ. താൽക്കാലിക പ്രൊമോഷൻ അനുവദിക്കുന്ന തസ്തികകളിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്യാൻ വ്യവസ്ഥയില്ല.

ആർദ്രം പദ്ധതി

196 (2343) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര പി.എച്ച്.സി.-കൾ എഫ്.എച്ച്.സി.-കളായി ഉയർത്തിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ 886 പ്രാഥമികാരോഗ്യകേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

കൂടാതെ 152 ബ്ലോക്കുതല സി.എച്ച്.സി.-കളെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രങ്ങളാക്കി മാറ്റുന്നതിന് തെരഞ്ഞെടുത്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പി.എച്ച്.സി.-കൾ എഫ്.എച്ച്.സി.-കളായി മാറിയപ്പോൾ എത്ര ഫാർമസിസ്റ്റ് തസ്തികൾ സൃഷ്ടിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

150 ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു:

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം	14
കൊല്ലം	9
പത്തനംതിട്ട	6
ആലപ്പുഴ	11
കോട്ടയം	9
ഇടുക്കി	7
എറണാകുളം	12
തൃശ്ശൂർ	16
പാലക്കാട്	16
മലപ്പുറം	16
കോഴിക്കോട്	12
വയനാട്	4
കണ്ണൂർ	11
കാസർഗോഡ്	7
ആകെ	150

(സി) ആർദ്രം പദ്ധതിപ്രകാരം ഒരു എഫ്.എച്ച്.സി.-യിൽ കുറഞ്ഞത് എത്ര ഫാർമസിസ്റ്റ് തസ്തികകൾ വേണമെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നതെന്നും പ്രസ്തുത വ്യവസ്ഥ ഇപ്പോൾ പാലിക്കപ്പെടുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

ആർദ്രം പദ്ധതിപ്രകാരം ഒരു കുടുംബാരോഗ്യകേന്ദ്രത്തിൽ രാവിലെ 9.00 മണി മുതൽ വൈകുന്നേരം 6.00 മണി വരെ ഒ.പി.-യുള്ള സ്ഥാപനങ്ങളിൽ മിനിമം രണ്ട് ഫാർമസിസ്റ്റുകൾ ആവശ്യമാണെന്നാണ് വ്യവസ്ഥ ചെയ്തിരിക്കുന്നത്.

(ഡി) കാസർഗോഡ് ജനറൽ ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും പ്രതിദിനം എത്രപേർ ഒ.പി. വിഭാഗത്തിൽ ചികിത്സ തേടുന്നുണ്ട്; ഈ ആശുപത്രികളിൽ സ്ഥിരം ഫാർമസിസ്റ്റുകൾ എത്രയുണ്ട്; വ്യക്തമാക്കാമോ?

കാസർഗോഡ് ജനറൽ ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലും പ്രതിദിനം ഏകദേശം 1200 പേർ ഒ.പി.-യിൽ ചികിത്സയ്ക്കെത്തുന്നുണ്ട്. കാസർഗോഡ് ജനറൽ ആശുപത്രിയിൽ സ്ഥിരം ഫാർമസിസ്റ്റുകൾ 4 എണ്ണവും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ഫാർമസിസ്റ്റിന്റെ 6 സ്ഥിരം തസ്തികകളുമുണ്ട്.

(ഇ) ജില്ലയിലെ ബദിയടുക്ക സി.എച്ച്.സി., മധൂർ, ദേലംപാടി, കുമ്പടാജ, ചെങ്കള എഫ്.എച്ച്.സി.-കളിൽ പി.എസ്.സി. വഴി നിയമനം നടത്തുന്ന എത്ര ഫാർമസിസ്റ്റ് തസ്തികകളാണുള്ളതെന്ന് വ്യക്തമാക്കാമോ; എത്ര തസ്തികകൾ വേണമെന്നതാണ് വ്യവസ്ഥയെന്ന് വിശദമാക്കാമോ?

ബദിയടുക്ക സി.എച്ച്.സി., മധൂർ, ദേലംപാടി, കുമ്പടാജ, ചെങ്കള എഫ്.എച്ച്.സി.-കളിൽ പി.എസ്.സി. മുഖേനയുള്ള ഓരോ ഫാർമസിസ്റ്റ് തസ്തികകൾ നിലവിലുണ്ട്.

(എഫ്) ആർദ്രം പദ്ധതിയിൽ പുതിയ ഫാർമസിസ്റ്റ് തസ്തികകൾ സൃഷ്ടിക്കുന്നതിനും നിലവിൽ താൽക്കാലിക ഫാർമസിസ്റ്റ് ജീവനക്കാർ ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ഈ സർക്കാർ നിലവിൽ വന്നതിനുശേഷം താലൂക്ക്/ജില്ല/ജനറൽ ആശുപത്രികളിലേയ്ക്കായി 52 ഫാർമസിസ്റ്റ് തസ്തികകൾ പുതുതായി സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പിൽ വിവിധ വിഭാഗം അനിവാര്യമായ തസ്തികകൾ ഘട്ടംഘട്ടമായി സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു. അംഗീകൃത തസ്തികകളിലേയ്ക്കുള്ള ഒഴിവുകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത സന്ദർഭങ്ങളിൽ മാത്രം താൽക്കാലിക നിയമനങ്ങൾ നിയമാനുസൃതമായി (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്) Compulsory Notification of Vacancies Act 1959 പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്താറുണ്ട്.

മട്ടന്നൂർ സ്പെഷ്യാലിറ്റി ആശുപത്രിയിൽ പുതിയ തസ്തികകൾ

197 (2344) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിൽ പുതുതായി ആരംഭിക്കുന്ന മട്ടന്നൂർ സ്പെഷ്യാലിറ്റി ആശുപത്രി പ്രവർത്തനസജ്ജമാക്കുന്നതിന് എത്ര തസ്തികകൾ ആവശ്യമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിന് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

(എ&ബി) മട്ടന്നൂർ സ്പെഷ്യാലിറ്റി ആശുപത്രി ആരംഭിക്കുന്നതിന് വിവിധ വിഭാഗങ്ങളിലായി 72 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ആരോഗ്യവകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നു. പ്രസ്തുത പ്രൊപ്പോസൽ ആരോഗ്യവകുപ്പിന് കീഴിലുള്ള ആരോഗ്യസ്ഥാപനങ്ങളിൽ തസ്തിക സൃഷ്ടിക്കുന്നതിനുള്ള സമാഹൃത പ്രൊപ്പോസലിൽ ഉൾപ്പെടുത്തി നിലവിൽ സ്റ്റാഫ് നഴ്സ്-11, ഫാർമസിസ്റ്റ്-1, ക്ലാർക്ക്-3 എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ബാക്കിയുള്ളവ ഘട്ടംഘട്ടമായി സൃഷ്ടിക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ഡെന്റൽ ഹൈജീനിസ്റ്റുകളുടെ പേര് പുനർനാമകരണം ചെയ്യുന്ന നടപടി

198 (2345) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ സീനിയർ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ പേര് ഡെന്റൽ ഹൈജീൻ ആഫീസർ എന്നാക്കി പുനർനാമകരണം നടത്തണമെന്ന ആരോഗ്യ വകുപ്പ് ഡയറക്ടറുടെ ശിപാർശയിന്മേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

പരിശോധിച്ചുവരുന്നു.

(ബി) ആരോഗ്യ വകുപ്പിൽ ഡെന്റൽ ഹൈജീനിസ്റ്റുകൾക്ക് ഗ്രേഡ് പ്രൊമോഷൻ അല്ലാതെ മറ്റ് പ്രൊമോഷനുകളൊന്നും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് പരിഹാരം കാണാൻ നടപടി സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൽക്കാലം പരിഗണനയിലില്ല.

(സി) ഡെന്റൽ ഹൈജീനിസ്റ്റുകളെ കൂടുതൽ ജനോപകാരപ്രദമാക്കാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ ആരോഗ്യ വകുപ്പിലെ ഡെന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം ദന്തവിഭാഗം നടത്തുന്ന പൊതുജനാരോഗ്യപ്രദമായ ദന്തൽ ക്യാമ്പുകളിലും ദന്ത അവബോധ ക്ലാസുകളിലും സെമിനാറുകളിലും പ്രയോജനപ്പെടുത്തുന്നുണ്ട്.

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ
ഡെപ്യൂട്ടി മാനേജർ തസ്തിക

199 (2346) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്ന് സംഭരണ/വിതരണ വിഭാഗത്തിലെ ഡെപ്യൂട്ടി മാനേജർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിനുവേണ്ട അടിസ്ഥാന യോഗ്യത എന്താണ്;

(ബി) നിർദ്ദിഷ്ട അടിസ്ഥാന യോഗ്യതയുള്ള എത്ര ജീവനക്കാരുണ്ടെന്ന് സീനിയോറിറ്റി അനുസരിച്ചുള്ള പട്ടിക ലഭ്യമാക്കാമോ?

(എ&ബി) ഡെപ്യൂട്ടി മാനേജർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്നതിന് അടിസ്ഥാന യോഗ്യത നിശ്ചയിച്ചിട്ടില്ല.

(സി) യോഗ്യതയുള്ള സീനിയേഴ്സ് ഉണ്ടായിരുന്നിട്ടും നിർദ്ദിഷ്ട യോഗ്യതയില്ലാത്ത അസിസ്റ്റന്റ് മാനേജർ ശ്രീമതി കവിതയ്ക്ക് ഡെപ്യൂട്ടി മാനേജരായി സ്ഥാനക്കയറ്റം നൽകിയ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്ഥാനക്കയറ്റം നൽകുവാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(ഡി) സീനിയോറിറ്റി മറികടന്ന് നിശ്ചിത യോഗ്യതയില്ലാത്ത വ്യക്തിക്ക് നൽകിയ സ്ഥാനക്കയറ്റം റദ്ദാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി&ഡി) കെ.എം.എസ്.സി.എൽ.-ന്റെ 10-5-2022-ലെ ബോർഡ് ഓഫ് ഡയറക്ടേഴ്സ് യോഗത്തിലെ 68.19 നമ്പർ തീരുമാനപ്രകാരമാണ് ശ്രീമതി കവിതയ്ക്ക് ഡെപ്യൂട്ടി മാനേജരായി സ്ഥാനക്കയറ്റം നൽകിയത്. ഇതുസംബന്ധിച്ച് ലഭിച്ച പരാതി പരിശോധിച്ചുവരുന്നു.

കേരളത്തിലെ സർക്കാർ മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി കോളേജുകളിലെ അദ്ധ്യാപക നിയമനം

200 (2347) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ മെഡിക്കൽ, ദന്തൽ, നഴ്സിംഗ്, ഫാർമസി കോളേജുകളിൽ 1-11-2022-ൽ സർവ്വീസിലുള്ള ഓരോ കേഡറിലെയും സ്ഥിരം അധ്യാപക-അനധ്യാപക ജീവനക്കാരുടെ അനുവദിച്ച തസ്തികകൾ, നികത്തിയ തസ്തികകൾ, നികത്താനുള്ള തസ്തികകൾ തുടങ്ങിയവയുടെ വിവരം നൽകാമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) നികത്തിയ തസ്തികയിൽ ജനറൽ കാറ്റഗറിയിൽനിന്ന് നികത്തിയതിന്റെയും ഓരോ സംവരണ വിഭാഗത്തിൽനിന്ന് നികത്തിയതിന്റെയും ഇനി നികത്താൻ ബാക്ക്ലോഗായി നിൽക്കുന്നവയുടെയും എണ്ണം എത്രയാണ്; വിശദാംശം നൽകുമോ?

വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരോഗ്യ പ്രവർത്തകർക്കെതിരെ അതിക്രമങ്ങൾ കൂടിവരുന്ന സാഹചര്യം

201 (2348) ശ്രീ. അൻവർ സാദത്ത്:

ശ്രീ. സനീഷ്കുമാർ ജോസഫ്:

ശ്രീമതി കെ. കെ. രമ:

ശ്രീ. എം. വിൻസെന്റ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ പ്രവർത്തകർക്കെതിരെ അതിക്രമങ്ങൾ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

സംസ്ഥാനത്ത് ആരോഗ്യ പ്രവർത്തകർക്കെതിരെ ഒറ്റപ്പെട്ട ചില അതിക്രമങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളജിലെ ന്യൂറോ സർജറി വിഭാഗത്തിലെ റസിഡന്റ് വനിതാ ഡോക്ടറെ രോഗിയുടെ ഭർത്താവ് മർദ്ദിച്ച സംഭവത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ടി സംഭവത്തിൽ പരിക്കേറ്റ ഡോക്ടറെ കാഷ്വൽറ്റിയിൽ കാണിക്കുകയും സർജറി വിഭാഗത്തിന്റെ കീഴിൽ അഡ്മിറ്റ് ചെയ്ത് ചികിത്സ നൽകുകയും ചെയ്തിരുന്നു. അന്ന് രാത്രിതന്നെ ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ടും ന്യൂറോ സർജറി വിഭാഗം മേധാവിയും മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിരുന്നു. 14-2-22 എന്ന നമ്പരിൽ പോലീസ് കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സമാനമായ സംഭവങ്ങൾ തടയാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അക്രമങ്ങൾ തടയുന്നതിനായി 12-8-2021-ലെ G.O.(Rt) No.1735/2021/H&FWD പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടർക്കും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. വകുപ്പിനുകീഴിലുള്ള ആശുപത്രികൾ, ഒ.പി., കാഷ്വൽറ്റി, രോഗികൾ കൂടുതലായി എത്തുന്ന മറ്റിടങ്ങൾ എന്നിവയിലെല്ലാം സി.സി.ടി.വി. നിരീക്ഷണം സാധ്യമാക്കിയിട്ടുണ്ട്. ആൾക്കൂട്ടം ഉണ്ടാകാനിടയുള്ള ഇടങ്ങളിലും മറ്റ് പ്രധാനയിടങ്ങളിലും സെക്യൂരിറ്റി ജീവനക്കാരെ നിയോഗിച്ചിട്ടുണ്ട്. ആരോഗ്യ പ്രവർത്തകർക്കെതിരെയുള്ള അതിക്രമങ്ങൾ തടയുന്നതിനായി സർക്കാരും കോടതിയും പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ബോർഡ്

ആശുപത്രികളുടെ പ്രധാന ഭാഗങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്. പ്രധാനപ്പെട്ട എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും പോലീസ് എയ്ഡ്പോസ്റ്റ് സംവിധാനം നിലവിലുണ്ട്. മാത്രമല്ല ആരോഗ്യപ്രവർത്തകർക്ക് നേരെയുണ്ടായ അതിക്രമങ്ങൾ യഥാസമയം പോലീസിനെ അറിയിക്കുന്നുണ്ട്.

മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ

202 (2349) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ള ഗുരുതര രോഗികളുടെ കണക്ക് ലഭ്യമാക്കുമോ; ശസ്ത്രക്രിയയ്ക്കും ചികിൽസയ്ക്കും സർക്കാർ ആശുപത്രികളിൽ നിലവിൽ ലഭ്യമായ സൗകര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ള ഗുരുതര രോഗികളുടെ കണക്ക് ലഭ്യമല്ല. മലബാർ കാൻസർ സെന്ററിൽ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുള്ള സൗകര്യമുണ്ട്.

(ബി) ഭീമമായ തുക ചെലവഴിക്കേണ്ടിവരുന്ന ശസ്ത്രക്രിയ ആവശ്യമുള്ള നിർധനരായ ആളുകൾക്ക് പൂർണ്ണമായും സൗജന്യമായി ചികിൽസ ലഭ്യമാക്കാൻ പദ്ധതികൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ വിഷയം സർക്കാർ ഗൗരവമായി പരിഗണിക്കുമോ?

ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ജീവൻ സുരക്ഷാപ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി (ആർ.ബി.എസ്.കെ) പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾ ഒഴികെയുള്ള ജീവൻരക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരുംതന്നെ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദായ നികുതിദായകർക്കും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല. കാരുണ്യ സുരക്ഷാ പദ്ധതി ഗുണഭോക്താക്കൾക്ക് ഈ സേവനം സൗജന്യമായി ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ചർച്ചകൾ നാഷണൽ ഹെൽത്ത് അതോറിറ്റിയുമായി നടത്തിവരുന്നു.

(സി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയ ആവശ്യമുള്ള രോഗികളായ ആഞ്ജന, ആർദ്ര, (കരിയിൽ കിഴക്കേതിൽ, കുട്ടമ്പേത്തുർ, മാന്നാർ) എന്നിവരുടെ മാതാവ് സമർപ്പിച്ച നിവേദനത്തിന്മേൽ ഇ/6285438/22/എം. (എച്ച്.ജി.ഡബ്ല്യു.സി.ഡി.) എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ; ഇവർക്ക് എന്നത്തേയ്ക്ക് സഹായം ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

കുട്ടികളുടെ മജ്ജ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള ശ്രീമതി സരസ്വതി പി.ഡി.-യുടെ അപേക്ഷ വ്യക്തമായ ശിപാർശയോടുകൂടി അടിയന്തരമായി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി 4-12-2022-ൽ സ്റ്റേറ്റ് നോഡൽ ഓഫീസർ ചൈൽഡ് ഹെൽത്തിന് അയച്ചിട്ടുണ്ട്. റിപ്പോർട്ട് ലഭ്യമായതിനുശേഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശസ്ത്രക്രിയയിൽ ഉണ്ടായ വീഴ്ച

203 (2350) ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 നവംബർ 30-ന് നടത്തിയ പ്രസവ ശസ്ത്രക്രിയയ്ക്കിടെ വയറ്റിൽ കുടുങ്ങിയ കത്രികയുമായി യുവതി അഞ്ച് വർഷം ജീവിക്കേണ്ടി വന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ അന്വേഷണം നടത്തിയിരുന്നോ;

(ബി) പ്രസ്തുത അന്വേഷണത്തിൽ നിരുത്തരവാദപരമായി പ്രവർത്തിച്ച ജീവനക്കാർക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. യുവതി നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ ഡോ. പ്രതാപൻ വി. കെ., പ്രൊഫസർ & വകുപ്പ് മേധാവി സർജിക്കൽ ഗ്യാസ്ട്രോ (ചെയർമാൻ), ഡോ. പ്രേംലാൽ എ. പി., പ്രൊഫസർ & വകുപ്പ് മേധാവി പ്ലാസ്റ്റിക്ക് സർജറി, ഡോ. പ്രീത എസ്., അസോസിയേറ്റ് പ്രൊഫസർ, ജനറൽ സർജറി എന്നിവരടങ്ങുന്ന ഒരു അന്വേഷണ കമ്മിറ്റിയെ നിയോഗിക്കുകയും അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

ഈ സംഭവത്തിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സ്പെഷ്യൽ ഓഫീസർ ഡോ. അബ്ദുൾ റഷീദ്, ഡോ. സലീന ഷാ (ജോയിന്റ് ഡയറക്ടർ (നഴ്സിംഗ്)), ഡോ. രഞ്ജു രവീന്ദ്രൻ (ഫോറൻസിക് വിഭാഗം മേധാവി ഗവൺമെന്റ് മെഡിക്കൽ

കോളേജ്, കൊല്ലം) എന്നിവർ ഉൾപ്പെട്ട വകുപ്പുതല വിദഗ്ധ സംഘം അന്വേഷണം നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത റിപ്പോർട്ട് പൂർണ്ണമല്ലാത്തതിനാൽ എല്ലാ ഘടകങ്ങളും പരിശോധിക്കാവുന്ന തരത്തിൽ ഒരു വിദഗ്ധ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കുന്നതിനായി നടപടി സ്വീകരിച്ചുവരുന്നു.

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ശസ്ത്രക്രിയകൾക്കുമുമ്പും ശേഷവും ശസ്ത്രക്രിയ ഉപകരണങ്ങളുടെ ലിസ്റ്റ് ഫിസിക്കൽ വെരിഫിക്കേഷൻ നടത്തുകയും അവ ഇൻസ്ട്രുമെന്റ് സ്റ്റോക്ക് രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തി ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തുന്നതുമായ നടപടികൾ തുടർന്നുവരുന്നുണ്ട്. ഇക്കാര്യങ്ങളിൽ കർശനമായ ജാഗ്രത പാലിക്കണമെന്ന നിർദ്ദേശം ആശുപത്രിതലത്തിൽ നൽകിയിട്ടുണ്ട്.

ചികിത്സാ പിഴവ് സംബന്ധിച്ച് ആരോപണമുയരുന്ന സാഹചര്യങ്ങളിൽ അത്തരം വിഷയങ്ങളിൽ ബന്ധപ്പെട്ട സ്ഥാപനത്തിൽ നിന്നുള്ള സംഘം പ്രാഥമികാന്വേഷണം നടത്തിവരുന്നുണ്ട്. ഗൗരവതരമായ ചികിത്സാ പിഴവ് ആരോപിക്കപ്പെടുന്ന സംഭവങ്ങളിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുതലത്തിൽ അന്വേഷണത്തിനായി വിദഗ്ധ സംഘത്തെ നിയോഗിക്കുകയും വകുപ്പുതല വിദഗ്ധ സംഘം നടത്തുന്ന അന്വേഷണത്തിൽ കുറ്റക്കാരെന്ന് കണ്ടെത്തുന്നവർക്കെതിരെ കർശനനടപടികൾ സ്വീകരിച്ചുവരുന്നുമുണ്ട്.

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിലെ (കാസ്പ്) അംഗത്വം

204 (2351) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ്) അംഗമാകാൻ സാധിക്കാതെ പോയവർക്ക് ചികിത്സയ്ക്ക് ഇളവ് ലഭിക്കാൻ മറ്റേതെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ ആയത് ലഭിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കേണ്ടത്;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ?

(എ&ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ (കാസ്പ്) അംഗമാകാൻ സാധിക്കാതെ പോയവർക്ക് കാരുണ്യ ബെനവലന്റ് ഫണ്ട് മുഖേന ചികിത്സയ്ക്ക് ഇളവ് ലഭിക്കുന്നതാണ്. സംസ്ഥാനത്ത് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന

കുടുംബങ്ങളിലെ രോഗികൾക്ക് സർജറി ഉൾപ്പെടെയുള്ള ചികിത്സാ ധനസഹായം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടുകൂടി വിഭാവന ചെയ്ത പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി. രണ്ട് ലക്ഷം രൂപവരെയാണ് ഈ പദ്ധതിവഴി നൽകിവരുന്ന ചികിത്സാ സഹായം. വൃക്ക സംബന്ധമായ രോഗങ്ങൾക്ക് മൂന്നുലക്ഷം വരെയുള്ള ചികിത്സാ ആനുകൂല്യം നൽകിവരുന്നു.

3 ലക്ഷം രൂപയിൽ കുറവ് വാർഷിക വരുമാനമുള്ള കുടുംബങ്ങൾ, കാസ്പ് ആനുകൂല്യങ്ങൾ ഇല്ലാത്ത സാഹചര്യത്തിൽ കെ.ബി.എഫ്. അപേക്ഷ താഴെ പറയും പ്രകാരം സമർപ്പിക്കാം.

6-8-2019-ലെ സ.ഉ. (എം.എസ്) നമ്പർ 122/2019/ആ.കു.വ. പ്രകാരം പുതിയ കെ.ബി.എഫ്. അപേക്ഷ നിർദ്ദിഷ്ട ഫോർമാറ്റിൽ കാസ്പ് എംപാനൽ ആശുപത്രികളിലെ കിയോസ്കിൽ സമർപ്പിക്കാം.

ലഭിച്ച അപേക്ഷ ആശുപത്രികൾ തുടർനടപടികൾക്കായി കാസ്പ് അപ്പ്രൂവൽ അധികാരിക്ക് കൈമാറുന്നു.

അപേക്ഷ സൂക്ഷ്മപരിശോധനകൾക്കുശേഷം കാസ്പ് അപ്രൂവൽ അധികാരി അംഗീകരിക്കുന്ന പക്ഷം KBF കാർഡ് നൽകുന്നു.

ക്യാൻസർ രോഗം മുൻകൂർ നിർണ്ണയിക്കുന്നത് സംബന്ധിച്ച്

205 (2352) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ രോഗം മുൻകൂർ നിർണ്ണയത്തിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സർക്കാർ സംവിധാനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ജില്ലാ ക്യാൻസർ കെയർ പ്രോഗ്രാമിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ക്യാൻസർ സ്ക്രീനിംഗും അർബുദരോഗ ബോധവത്കരണവും നടത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. നവകേരള കർമ്മ പദ്ധതിയുടെ കീഴിൽ ആർദ്രം-2-ന്റെ ഭാഗമായുള്ള ജനസംഖ്യാധിഷ്ഠിത ജീവിതശൈലീരോഗ നിർണ്ണയ പദ്ധതി നടപ്പാക്കുന്നതിനുള്ള 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്' എന്ന ക്യാമ്പയിനായി രൂപകല്പന ചെയ്ത 'ശൈലി' ആപ്ലിക്കേഷൻവഴി ആശാപ്രവർത്തകർവഴി ക്യാൻസർ രോഗ സാധ്യതയുള്ളവരെ കണ്ടെത്തുന്നതിനും അവരെ സ്ക്രീനിംഗിന് വിധേയരാക്കുന്നതിലൂടെ ക്യാൻസർ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനും പ്രതിരോധ നടപടികൾ സ്വീകരിക്കുന്നതിനും സാധ്യമാകുന്നുണ്ട്. ശൈലി ആപ്ലിക്കേഷൻ ഉപയോഗിച്ച് ഗൃഹസന്ദർശനം നടത്തി ക്യാൻസർ രോഗലക്ഷണം കണ്ടെത്തുന്നവർക്ക് പ്രാഥമിക പരിശോധന നൽകുന്നത് പ്രാഥമികാരോഗ്യ

കേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലുമാണ്. പ്രാഥമിക പരിശോധന നടത്തുന്ന പ്രാഥമികതലത്തിലുള്ള ഈ കേന്ദ്രങ്ങളിലൂടെ വദനാർബുദം, സ്തനാർബുദം, ഗർഭാശയഗളാർബുദം എന്നീ രോഗങ്ങളുടെ പ്രാഥമിക പരിശോധന നടത്തുകയും രോഗം സംശയിക്കുന്നവരെ സ്ഥിരീകരണത്തിനായി താലൂക്ക്-ജില്ലാ ആശുപത്രികളിലേയ്ക്ക് റഫർ ചെയ്യുകയും ചെയ്യുന്നു. ഇതിനായി ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ റീജിയണൽ ക്യാൻസർ സെന്ററുകളുടെ സഹായത്തോടെ ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നു. ഇതോടൊപ്പം ക്യാൻസറിലേയ്ക്ക് നയിക്കുന്ന ഹേതുക്കളെക്കുറിച്ചുള്ള ആരോഗ്യ ബോധവത്കരണവും ഈ പദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്നു. നവകേരള കർമ്മപദ്ധതിയുടെ ഭാഗമായാണ് ജില്ലാ ക്യാൻസർ കെയർ പദ്ധതിയും സംസ്ഥാനത്തുടനീളം നടപ്പാക്കിവരുന്നത്.

കേരള ക്യാൻസർ കൺട്രോൾ സ്ട്രാറ്റജിപ്രകാരം, എല്ലാ ജില്ലകളിലും അർബുദ നിയന്ത്രണ പരിപാടിയുടെ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതുപ്രകാരം എല്ലാ കുടുംബാരോഗ്യകേന്ദ്രങ്ങളിലും പ്രാരംഭ അർബുദ നിർണ്ണയത്തിനായുള്ള സ്ക്രീനിംഗ് ക്ലിനിക്കുകൾ എല്ലാ ആഴ്ചയിലും പ്രവർത്തനം ആരംഭിക്കുന്നതാണ്. ഇതിനായുള്ള ആരോഗ്യ പ്രവർത്തകർക്കുള്ള പരിശീലനങ്ങൾ പൂർത്തീകരിച്ചുവരികയാണ്. പൊതുജനങ്ങൾക്ക് ഈ സൗകര്യം ഉപയോഗപ്പെടുത്താവുന്നതാണ്.

ക്യാൻസറിനെപ്പറ്റിയുള്ള അവബോധം ജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള ലക്ഷ്യത്തിൽ ഊന്നൽ നൽകിക്കൊണ്ടാണ് സംസ്ഥാന ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ ജില്ലാ ക്യാൻസർ നിയന്ത്രണ പദ്ധതി (DCCP- District Cancer Control Programme) ആരംഭിച്ചിട്ടുള്ളത്. ജനങ്ങളെ ബോധവാന്മാരാക്കുകയും സംശയമോ രോഗലക്ഷണമോ ഉള്ളവർക്ക് ഏറ്റവും അടുത്തുള്ള ആരോഗ്യ കേന്ദ്രത്തിൽ രോഗനിർണ്ണയം നടത്താനുള്ള സാഹചര്യങ്ങൾ ഒരുക്കുകയുമാണ് DCCP-യിലൂടെ ഉദ്ദേശിക്കുന്നത്. ജില്ലാ ക്യാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിലെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും മുൻകൂർ രോഗനിർണ്ണയത്തിനും ക്യാൻസർ മുന്നോടിയായി ചികിൽസിക്കുന്നതിനും പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഇതിനുപുറമേ താലൂക്ക് ആശുപത്രികളിലെയും ജില്ലാ ആശുപത്രികളിലെയും ഡോക്ടർമാർക്ക് ആരംഭദശയിലുള്ള ക്യാൻസറുകളുടെ ചികിത്സയ്ക്കായി പരിശീലനം നടത്താനുള്ള നടപടികളും നടന്നുവരുന്നു.

ഇതിന്റെ പശ്ചാത്തലത്തിൽ ആർ.സി.സി.-യുടെ നേതൃത്വത്തിൽ ജില്ലാ ക്യാൻസർ നിയന്ത്രണ പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ ആശാപ്രവർത്തകർക്കുള്ള പരിശീലനം നടന്നുകഴിഞ്ഞു. ജില്ലയിലെ കുടുംബാരോഗ്യ

കേന്ദ്രങ്ങളിലെയും സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലെയും ഡോക്ടർമാർക്കും എം.എൽ.എസ്.പി. (Mid Level Service Provider)- മാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും പരിശീലനവും പ്രാക്ടിക്കൽ പരിശീലനവും ആർ.സി.സി.-യുടെ കമ്മ്യൂണിറ്റി ഓങ്കോളജി വിഭാഗത്തിൽവച്ച് നടന്നുകൊണ്ടിരിക്കുകയാണ്. ഇതിനുപുറമേ താലൂക്ക് ആശുപത്രികളിലെയും ജില്ലാ ആശുപത്രികളിലെയും ഡോക്ടർമാർക്ക് ആരംഭദശയിലുള്ള ക്യാൻസറുകളുടെ ചികിത്സയ്ക്കായി പരിശീലനം നടത്താനുള്ള നടപടികളും നടന്നുവരുന്നു.

(ബി) എല്ലാ നിയോജകമണ്ഡലങ്ങളിലും ഏർലി ക്യാൻസർ ഡിറ്റക്ഷൻ സെന്ററുകൾ ആരംഭിക്കുന്നത് പരിഗണനയിലുണ്ടോ;

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രസ്തുത സെന്റർ ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) നിലവിൽ പരിഗണനയിലില്ല.

പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവയ്പ്പ്

206 (2353) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ പേവിഷബാധയ്ക്കെതിരെയുള്ള ആന്റി റാബീസ് കുത്തിവയ്പ്പിനുള്ള മരുന്നിന്റെ സ്റ്റോക്കില്ലെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ?

നിലവിൽ സംസ്ഥാനത്ത് പേവിഷബാധയ്ക്കെതിരെയുള്ള വാക്സിന് ദൗർലഭ്യം നേരിട്ടിരുന്നില്ല. റാബീസ് വാക്സിന്റെ ഉപഭോഗം നടപ്പ് സാമ്പത്തിക വർഷം മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതലായിരുന്നു. ദൗർലഭ്യം നേരിട്ട സ്ഥലങ്ങളിൽ അതത് സമയത്ത് ഇടപെട്ട് ഇത് പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

സർക്കാർ ആശുപത്രികളിൽ മൃഗങ്ങളുടെ കടിയേറ്റ് ചികിത്സ തേടുന്ന എല്ലാവർക്കും ആന്റി-റാബീസ് വാക്സിനും ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കുന്നുണ്ട്.

(ബി) ആന്റി റാബീസ് ക്ലിനിക്കുകൾ സംസ്ഥാനത്തെ ഏതൊക്കെ തലത്തിലുള്ള ആശുപത്രികളിലാണുള്ളത്; വിശദമാക്കുമോ?

നിലവിൽ സംസ്ഥാനത്ത് പേവിഷബാധയ്ക്കെതിരെയുള്ള പ്രഥമ ശുശ്രൂഷയും ആന്റി-റാബീസ് വാക്സിനും ലഭ്യമാക്കിയിട്ടുള്ള 616 സ്ഥാപനങ്ങളിൽ ആന്റി-റാബീസ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. ഇവയിൽ 47 സ്ഥാപനങ്ങളിൽ കാറ്റഗറി 3 മുറിവുള്ളവർക്ക് നൽകുന്ന ഇമ്മ്യൂണോഗ്ലോബുലിനും ലഭ്യമാക്കിയിട്ടുണ്ട്.

മേൽ സൗകര്യങ്ങൾ വിവിധതലങ്ങളിലുള്ള ആശുപത്രികളിൽ ലഭ്യമാക്കിയിരിക്കുന്നതിന്റെ വിശദാംശങ്ങൾ ചുവടെ നൽകുന്നു:

സ്ഥാപനം	റാബീസ് വാക്സിൻ ലഭിക്കുന്ന സ്ഥാപനങ്ങൾ	ഇമ്മ്യൂണോഗ്ലോബുലിൻ ലഭിക്കുന്ന സ്ഥാപനങ്ങൾ
ജനറൽ ആശുപത്രികൾ	16	12
ജില്ലാ ആശുപത്രികൾ	17	12
സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ	4	1
താലൂക്ക് ആശുപത്രികൾ	79	12
സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾ	210	0
പ്രാഥമികാരോഗ്യ/ കുടുംബാരോഗ്യ കേന്ദ്രങ്ങൾ	257	0
മെഡിക്കൽ കോളേജുകൾ	9	9
സ്പെഷ്യാലിറ്റി ആശുപത്രികൾ	4	1
നഗര പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ	20	0
ആകെ	616	47

ആഗ്രത അവോൺ എക്സിം-ൽ നിന്നും കെ.എം.എസ്.സി.എൽ. ഗ്ലൗസ് വാങ്ങിയ നടപടി

207 (2355) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആഗ്രത അവോൺ എക്സിം എന്ന സ്ഥാപനത്തിൽനിന്നും കെ.എം.എസ്.സി.എൽ. ഗ്ലൗസ് വാങ്ങിയ നടപടി സംബന്ധിച്ച് ആരോഗ്യ വകുപ്പിന്റെ അംഗീകാരത്തിനായി ഫയൽ അയച്ചിരുന്നോ; വ്യക്തമാക്കാമോ?

ആരോഗ്യ വകുപ്പ് തീരുമാനമെടുത്തിട്ടില്ല.

(ബി) എങ്കിൽ പ്രസ്തുത ഫയലിലെ നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തിൽനിന്നും കെ.എം.എസ്.സി.എൽ. ഗ്ലൗസ് വാങ്ങിയ നടപടിക്ക് ആരോഗ്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ടോ: എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി&സി) ബാധകമല്ല.

(ഡി) ഇല്ലെങ്കിൽ ആരോഗ്യ വകുപ്പിന്റെ അംഗീകാരം ലഭ്യമാക്കാതിരുന്നതിന്റെ കാരണം വിശദമാക്കാമോ?

പർച്ചേസുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ് നേരിട്ടാണ് നടത്തുന്നത്.

(ഇ) പ്രസ്തുത സ്ഥാപനത്തിൽനിന്നും ഗ്ലൗസ് വാങ്ങാനുള്ള കരാർ റദ്ദാക്കിയ സാഹചര്യത്തിൽ അവർ ലഭ്യമാക്കിയ ഗ്ലൗസിന്റെ വിലയേക്കാൾ കൂടിയ തുക കെ.എം.എസ്.സി.എൽ. ഈ സ്ഥാപനത്തിന് നൽകിയിട്ടുണ്ടോ;

(എഫ്) കെ.എം.എസ്.സി.എൽ. അധികമായി നൽകിയ തുക തിരിച്ചുപിടിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

(ഇ&എഫ്) ആഗ്രത അവോൺ എക്സിം എന്ന സ്ഥാപനത്തിന് നൽകിയ വിതരണ ഉത്തരവ് പ്രകാരം 6,07,60,000 രൂപ മുൻകൂർ തുക നൽകിയിട്ടുണ്ട്. ടി തുകയിൽനിന്നും 5,05,52,320 രൂപയുടെ സാമഗ്രികൾ ടി സ്ഥാപനം വിതരണം ചെയ്തിട്ടുണ്ട്. വിതരണ ഉത്തരവ് റദ്ദാക്കിയ സാഹചര്യത്തിൽ ടി സ്ഥാപനത്തിന് നൽകിയ മുൻകൂർ തുകയിൽനിന്നും തിരികെ ലഭിക്കാനുള്ള തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അവയവദാനം സുതാര്യമാക്കൽ

208 (2356) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃതസഞ്ജീവനി പദ്ധതി സജീവമാക്കാനും നേരായ വഴിയിലുള്ള അവയവദാനങ്ങളിലൊന്നുപോലും സാങ്കേതിക കാരണങ്ങളാൽ വൈകാതിരിക്കാനും പ്രസ്തുത മേഖലയിലെ പരാതികൾ പരിഹരിച്ച് അവയവദാനം സുതാര്യമാക്കാനുമായി എന്തൊക്കെ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ?

കേന്ദ്ര സർക്കാർ പാസ്സാക്കിയിട്ടുള്ള 1994-ലെ മനുഷ്യാവയവം കൈമാറ്റ നിയമം അടിസ്ഥാനമാക്കിയാണ് സംസ്ഥാനത്ത് അവയവദാന പ്രവർത്തനങ്ങൾ നടന്നുവരുന്നത്. ഈ രംഗത്ത് സമഗ്രമായ ഇടപെടൽ നടത്തുന്നതിനായി കേരള സ്റ്റേറ്റ് ഓർഗൻ ആൻഡ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് ഓർഗനൈസേഷൻ (കെ-സോട്ടോ) 2021-ൽ സ്ഥാപിക്കുകയും മുൻ പദ്ധതിയായ മൃതസഞ്ജീവനി ഇതിൽ ലയിപ്പിക്കുകയും ചെയ്തു. ഈ സൊസൈറ്റിയുടെ അടിസ്ഥാന ലക്ഷ്യം ജീവിച്ചിരിക്കുന്നവരും മരിച്ചവരുമായ ദാതാക്കളിൽ നിന്നുള്ള അവയവദാന

പ്രക്രിയയുടെ നിയന്ത്രണവും കാര്യക്ഷമതയും ഉറപ്പുവരുത്തുകയാണ്. ആവശ്യമുള്ളവർക്ക് ന്യായമായും നീതിപൂർവ്വമായും അവയവം മാറ്റിവയ്ക്കൽ ശസ്ത്രക്രിയ നടത്താൻ സഹായിക്കുക എന്നതും സുപ്രധാന ലക്ഷ്യങ്ങളാണ്.

അവയവദാനം സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ കൂടുതൽ ബോധവൽക്കരണം ആവശ്യമുണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അവയവദാനത്തിന്റെ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി കെ-സോട്ടോ കേരളത്തിലുടനീളം ബോധവൽക്കരണ ക്ലാസ്സുകളും ശില്പശാലകളും സംഘടിപ്പിച്ചുവരുന്നു. ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടി അവയവദാനത്തിന്റെ ശാസ്ത്രീയവശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ശില്പശാലകൾ ആശുപത്രികളിൽ സംഘടിപ്പിച്ചുവരുന്നു. കൂടാതെ സമൂഹമാധ്യമങ്ങളിലൂടെ കൂടുതൽ ബോധവൽക്കരണ പ്രചാരണ പരിപാടികളും കെ-സോട്ടോ നടത്തിവരുന്നു. അവയവദാനം, അവയവമാറ്റ ശസ്ത്രക്രിയകൾ എന്നിവ കൂടുതൽ ശാസ്ത്രീയവും കാര്യക്ഷമവുമായി നടത്തുന്നതിലേയ്ക്കായി ഒരു പ്രോട്ടോക്കോൾ കെ-സോട്ടോ തയ്യാറാക്കിവരുന്നു. അവയവദാനം, അവയവമാറ്റ ശസ്ത്രക്രിയകൾ എന്നിവയുടെ നിയന്ത്രണത്തിനും മേൽനോട്ടത്തിനുമായി വിദഗ്ധ കമ്മറ്റികൾ രൂപീകരിക്കുന്നതിന് ശിപാർശ സമർപ്പിക്കുന്നതിന് കെ-സോട്ടോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് അവയവം സ്വീകരിക്കാനായി രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം എത്ര; വൃക്ക, കരൾ തുടങ്ങിയ അവയവങ്ങൾക്കായി കാത്തിരിക്കുന്നവരുടെ എണ്ണം തരംതിരിച്ച് വ്യക്തമാക്കുമോ?

അവയവം ലഭിക്കാനായി സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുന്ന രോഗികളുടെ എണ്ണം ചുവടെ ചേർക്കുന്നു.

വൃക്ക	-	2246
കരൾ	-	755
ഹൃദയം	-	63

ഒന്നിൽ കൂടുതൽ അവയവങ്ങൾക്കായി കാത്തിരിക്കുന്ന രോഗികൾ - 51

(സി) അവയവമാറ്റം നടത്തുന്ന പാവപ്പെട്ടവരായ രോഗികൾക്ക് സർക്കാർ ധനസഹായം നൽകുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് നൽകുന്നത്; ഇതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ; അപേക്ഷ സമർപ്പിക്കുമ്പോൾ സമർപ്പിക്കേണ്ട രേഖകൾ എന്തെല്ലാം; സ്വകാര്യ ആശുപത്രികളിൽ ചികിത്സിച്ചാൽ പ്രസ്തുത ധനസഹായം ലഭിക്കുമോ?

അവയവമാറ്റം നടത്തുന്ന പാവപ്പെട്ടവരായ രോഗികൾക്ക് കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (കാസ്പ്) എംപാനൽഡ് ആശുപത്രികൾവഴി സഹായം നൽകുന്നുണ്ട്. സർക്കാർ ജീവനക്കാർക്ക് മെഡിസെപ്വഴി അവയവമാറ്റത്തിന് സഹായം നൽകുന്നുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആശ്വാസ് പദ്ധതിവഴി അവയവമാറ്റം കഴിഞ്ഞ രോഗികൾക്ക് സൗജന്യ മരുന്ന് നൽകിവരുന്നു. സാമൂഹിക സുരക്ഷാ പദ്ധതിപ്രകാരം അവയവമാറ്റം കഴിഞ്ഞ രോഗികൾക്ക് പ്രതിമാസം 1,600 രൂപ പെൻഷൻ നൽകുന്നുണ്ട്. ഈ പദ്ധതിയിലൊന്നും ഉൾപ്പെടാത്ത നിർദ്ധനരായ രോഗികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ചികിത്സാ സഹായം നൽകാറുണ്ട്. ചികിത്സാ സഹായം ലഭിക്കുന്നതിനായി ചികിത്സയുമായി ബന്ധപ്പെട്ട രേഖകൾ ആധാർ, റേഷൻ കാർഡ് എന്നിവയുടെ കോപ്പിയും ചികിത്സിക്കുന്ന ഡോക്ടറുടെ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതായിട്ടുണ്ട്.

(ഡി) അവയവമാറ്റം നടത്തുന്നതിന് അനുവാദം നൽകുന്ന കമ്മിറ്റികൾ ഏതെല്ലാമെന്ന് അറിയിക്കുമോ; ആയത് എത്രയും വേഗത്തിൽ കൂടുന്നതിനും പാവപ്പെട്ട രോഗികളുടെ ജീവൻ രക്ഷപ്പെടുത്തുന്നതിനായി ഇത്തരം കമ്മിറ്റികൾ മാസത്തിൽ ഒന്നിൽക്കൂടുതൽ തവണ വിളിച്ചുചേർക്കുന്നതിനും നടപടി സ്വീകരിക്കുമോ?

അടുത്ത ബന്ധുക്കൾ തമ്മിലുള്ള അവയവമാറ്റം നടത്തുന്നതിന് അതത് ആശുപത്രിയിൽത്തന്നെയുള്ള കമ്മിറ്റിയാണ് അനുവാദം നൽകുന്നത്. ബന്ധുവേതര അവയവദാനത്തിനായി ജില്ലാതല ഓതറൈസേഷൻ കമ്മറ്റിയിൽനിന്നും അനുവാദം ലഭിക്കേണ്ടതായിട്ടുണ്ട്. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിൽ ജില്ലാതല ഓതറൈസേഷൻ കമ്മിറ്റികൾ നിലവിലുണ്ട്. നിലവിൽ ജില്ലാതല ഓതറൈസേഷൻ കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ കൂടുന്നുണ്ട്. അടിയന്തര സാഹചര്യങ്ങളിലും ജില്ലാതല ഓതറൈസേഷൻ കമ്മിറ്റികൾ വിളിച്ചുചേർക്കാറുണ്ട്.

കെ.എം.എസ്.സി.എൽ. ടെന്നീസ് ക്ലബ് മെമ്പർഷിപ്പ്

209 (2357) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എം.എസ്.സി.എൽ. ടെന്നീസ് ക്ലബ് മെമ്പർഷിപ്പ് എടുക്കാനുണ്ടായ കാരണം വിശദമാക്കാമോ?

മെമ്പർഷിപ്പ് എടുക്കാനുണ്ടായ സാഹചര്യം കോർപ്പറേഷന്റെ ഫയലുകളിൽ വ്യക്തമാക്കിയിട്ടില്ല. കെ.എം.എസ്.സി.എൽ.-ൽനിന്നും ലഭ്യമായ വിവരപ്രകാരം കെ.എം.എസ്.സി.എൽ. ചെയർമാന്റെ നിർദ്ദേശപ്രകാരമാണ് മെമ്പർഷിപ്പ് എടുത്തിട്ടുള്ളത്.

(ബി) ഇതുസംബന്ധിച്ച നോട്ട് ഫയലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

കെ.എം.എസ്.സി.എൽ. നോട്ട് ഫയലിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കെ.എം.എസ്.സി.എൽ. നാളിതുവരെ ടെന്നീസ് ക്ലബ്ബിന് എത്ര രൂപ നൽകി എന്ന വിവരം നൽകാമോ?

കെ.എം.എസ്.സി.എൽ. ടെന്നീസ് ക്ലബ്ബിന് 2017 മുതൽ 2022 ആഗസ്റ്റ് വരെ 19,13,700 രൂപ നൽകിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*. 2022 ആഗസ്റ്റിനുശേഷം തുകയൊന്നും നൽകിയിട്ടില്ല.

(ഡി) ഒരു സർക്കാർ കമ്പനി സ്വകാര്യ ക്ലബ് മെമ്പർഷിപ്പ് എടുത്തത് നിയമാനുസൃതമാണോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതുസംബന്ധിച്ച നിയമവ്യവസ്ഥ അറിയിക്കാമോ?

മെമ്പർഷിപ്പ് എടുത്തതുസംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് നൽകുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്.

(ഇ) ടെന്നീസ് ക്ലബ് മെമ്പർഷിപ്പ് എടുക്കാൻ തീരുമാനിച്ച മീറ്റിംഗിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ?

മിനിറ്റ്സിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

എം.ബി.ബി.എസ്. പഠനം കഴിഞ്ഞവർക്ക് എഫ്.എം.ജി. ടെസ്റ്റ്

210 (2358) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശരാജ്യങ്ങളിൽനിന്നും എം.ബി.ബി.എസ്. പഠനം കഴിഞ്ഞ് വരുന്നവരിൽ എഫ്.എം.ജി.ഇ. പാസ്സായവർക്ക് എൻ.എം.സി.-യുടെ നിയമപ്രകാരം ഇന്ത്യയിൽ ഒരു വർഷത്തെ ഹൗസ് സർജൻസി ചെയ്യേണ്ടതില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവർക്ക് കേരളത്തിൽ ഒരു വർഷത്തെ ഹൗസ് സർജൻസി നിർബന്ധമാക്കിയിരിക്കുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ?

(എ&ബി) ഉണ്ട്. വിദേശ രാജ്യങ്ങളിൽനിന്നും മെഡിക്കൽ വിദ്യാഭ്യാസം പൂർത്തിയാക്കി ഡിഗ്രി നേടുന്നവർ ആ രാജ്യങ്ങളുടെ രോഗാതുരതയുടെ സ്വഭാവവും ലക്ഷണങ്ങളും സവിശേഷമായ പകർച്ചവ്യാധികളെക്കുറിച്ചുമാണ് പഠിക്കുന്നത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അവർ ഇന്ത്യയുടെ സവിശേഷമായ പ്രാദേശിക രോഗാതുരതയും രോഗലക്ഷണങ്ങളും മറ്റും മനസ്സിലാക്കുകയോ ആയതിൽ അനുഭവജ്ഞാനം നേടുകയോ ചെയ്യുന്നില്ല. ആയതിനാൽ വിദേശരാജ്യങ്ങളിൽനിന്നും യോഗ്യത നേടി കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിന്റെ സ്ഥിര രജിസ്ട്രേഷന് അപേക്ഷ സമർപ്പിക്കുന്നവർ നാഷണൽ മെഡിക്കൽ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ഹൗസ് സർജൻസി (ഇന്റേൺഷിപ്പ്) നിർബന്ധമായും പൂർത്തിയാക്കേണ്ടതാണെന്ന് സംസ്ഥാന മെഡിക്കൽ കൗൺസിൽ തീരുമാനിച്ച് നടപ്പാക്കിവരുന്നു.

(സി) എഫ്.എം.ജി. ടെസ്റ്റ് പാസ്സായവർക്ക് ഒരു വർഷത്തെ ഹൗസ് സർജൻസി കഴിയാതെ ജോലിയിൽ പ്രവേശിക്കാൻ ഇന്ത്യയിലെ മറ്റു പല സംസ്ഥാനങ്ങളിലും കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ഡി) ഇത്തരത്തിൽ എഫ്.എം.ജി. ടെസ്റ്റ് പാസായവർക്ക് സർക്കാർ സർവ്വീസിൽ നിയമനത്തിനുള്ള കേരള പി.എസ്.സി. പരീക്ഷ എഴുതുന്നതിന് അവസരം നൽകാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

എഫ്.എം.ജി. പരീക്ഷ പാസ്സായശേഷം കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നുള്ള പെർമനന്റ് രജിസ്ട്രേഷൻ ലഭിക്കുന്നവർക്കാണ് കേരള പി.എസ്.സി.-യുടെ പരീക്ഷ എഴുതാൻ അവസരം ലഭിക്കുന്നത്.

അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് കാമ്പയിൻ

211 (2359) ശ്രീമതി യു. പ്രതിഭ:

ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ:

ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമേഹരോഗത്തിന്റെ സങ്കീർണ്ണതകളായ ഡയബറ്റിക്ക് റെറ്റിനോപ്പതി, ഡയബറ്റിക്ക് നെഫ്രോപ്പതി, പെരിഫറൽ ന്യൂറോപ്പതി തുടങ്ങിയ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തി നിയന്ത്രിക്കുക എന്ന ലക്ഷ്യത്തോടെ പ്രത്യേക കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഇത്തരം കേന്ദ്രങ്ങളിൽനിന്നും ലഭ്യമാകുക; വിശദമാക്കാമോ?

പ്രമേഹ രോഗത്തിന്റെ സങ്കീർണ്ണതകളായ ഡയബറ്റിക്ക് റെറ്റിനോപ്പതി, ഡയബറ്റിക്ക് നെഫ്രോപ്പതി, പെരിഫറൽ ന്യൂറോപ്പതി തുടങ്ങിയ രോഗങ്ങൾ മുൻകൂട്ടി കണ്ടെത്തുന്നതിനും നിയന്ത്രിക്കുന്നതിനും ഉതകുന്ന 360 Metabolic Centre എല്ലാ ജില്ലകളിലേയ്ക്കും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എറണാകുളം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച ഈ പദ്ധതിയിലൂടെ നിരവധി സങ്കീർണ്ണ രോഗങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടുണ്ട്.

ഒരു സെന്ററിൽ പ്രത്യേക ഐ.ഡി. നമ്പരിൽ രജിസ്റ്റർ ചെയ്യുന്ന ഓരോ രോഗിയുടെയും പൊക്കം, ശരീരഭാരം, രക്താതിസമ്മർദ്ദം, പ്രമേഹം തുടങ്ങിയ പ്രാഥമിക പരിശോധനാ ഫലങ്ങൾ രേഖപ്പെടുത്തിയശേഷം, diabetic foot പരിശോധന, diabetic retinopathy, diabetic nephropathy തുടങ്ങിയ പരിശോധനകൾ ഡോക്ടറുടെ നിർദ്ദേശപ്രകാരം നടത്തിവരുന്നു.

പ്രമേഹ രോഗ ചികിത്സയ്ക്കുള്ള മരുന്നുകൾ (ഇൻസുലിൻ) ഉൾപ്പെടെ സൗജന്യമായി ഇവിടെനിന്നും ലഭ്യമാകുന്നുണ്ട്. ഇവിടെ കണ്ണ്, വൃക്ക, നാഡി എന്നീ അവയവങ്ങൾക്ക്/ ശരീര ഭാഗങ്ങൾക്ക് രോഗം ബാധിച്ചിട്ടുണ്ടോയെന്ന് ടെസ്റ്റ് ചെയ്ത് കണ്ടുപിടിക്കുകയും ഇത്തരം രോഗികളെ വിദഗ്ധ ചികിത്സയ്ക്കായി നെഫ്രോളജി, ന്യൂറോളജി, നേത്രരോഗ വിഭാഗം എന്നീ വിഭാഗങ്ങളിലേയ്ക്ക് റഫർ ചെയ്യുന്നുമുണ്ട്. കൂടാതെ സ്ക്രീനിംഗ് കൗൺസിലിംഗ് ഫിസിയോതെറാപ്പി, പൾമണറി ഫംഗ്ഷൻ ടെസ്റ്റ് എന്നിവയും ആവശ്യാനുസരണം രോഗികൾക്ക് ലഭിക്കുന്നതാണ്. ഇതിലൂടെ ജീവിതശൈലീ രോഗങ്ങളോടൊപ്പം അതിന്റെ സങ്കീർണ്ണതകൾകൂടി കണ്ടെത്താൻ സാധിക്കുന്നതും അത് നിയന്ത്രണവിധേയമാക്കുന്നതിനുള്ള ചികിത്സാ നടപടികൾ സ്വീകരിക്കാൻ സാധിക്കുന്നതുമാണ്. IID മാതൃകയിൽ എല്ലാ ജില്ലകളിലും ഡയബറ്റിക് സെന്ററുകൾ തുടങ്ങാൻ പദ്ധതി ആവിഷ്കരിച്ചുവരുന്നു.

കേരളത്തെ 3 സോണുകളായി തിരിച്ച് ഓരോ സോണിലും പ്രമേഹ ചികിത്സയിലും പ്രതിരോധ പ്രവർത്തനത്തിനുമുള്ള ട്രെയിനിംഗ് സെന്ററുകൾ സ്ഥാപിക്കുകയും അത് എല്ലാ ജില്ലകളിലെയും ഡയബറ്റിസ് സെന്ററുകളുമായി ബന്ധിപ്പിച്ച് പ്രമേഹ പ്രവർത്തനങ്ങളിലും ചികിത്സയിലും പ്രതിരോധസജ്ജരായ ആരോഗ്യപ്രവർത്തകരെ സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി രൂപകൽപ്പന ചെയ്യുന്നത്.

ഈ സെന്ററുകളിൽ രോഗീപരിചരണം, പ്രമേഹത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങൾ എന്നിവയോടൊപ്പം ഈ മേഖലയിൽ ഗവേഷണത്തിനും ലക്ഷ്യമിടുന്നു.

(ബി) ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ്, ഐ.സി.എം.ആർ.- മായി ചേർന്ന് സംസ്ഥാനത്തെ പ്രമേഹ വ്യാപനത്തെക്കുറിച്ച് പ്രത്യേക പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

Indian Institute Of Diabetes-ഉം Indian Council for Medical Research-ഉം സംയുക്തമായി കേരളത്തിലെ പ്രമേഹത്തിന്റെ പ്രാബല്യത്തെക്കുറിച്ച് ഒരു വിദഗ്ധ പഠനം നടത്തിയിരുന്നു. കേരളത്തിലെ 14 ജില്ലകളിലും നടപ്പിലാക്കപ്പെട്ട ഈ പദ്ധതിയുടെ സർവ്വേ റിപ്പോർട്ട് പ്രസിദ്ധീകരിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിൽ 24% പേർക്ക് പ്രമേഹമുണ്ടെന്നും 19.1% പേർക്ക് പ്രമേഹ രോഗ സാധ്യതയുണ്ടെന്നും ഈ പഠനത്തിലൂടെ തെളിഞ്ഞിട്ടുണ്ട്.

(സി) അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ് എന്ന കാമ്പയിനിന്റെ ഭാഗമായി നടത്തിയ പരിശോധനയിൽ എന്തെല്ലാം വിവരങ്ങളാണ് കണ്ടെത്തിയത്; വിശദാംശം നൽകാമോ?

നവകേരള കർമ്മപദ്ധതി ആർദ്രം-2-ന്റെ ഭാഗമായി ജീവിതശൈലീ രോഗ നിർണ്ണയത്തിനായുള്ള വാർഷിക സർവ്വേ നടന്നുവരുന്നു. ഈ പദ്ധതിക്കായി ആരംഭിച്ച കാമ്പയിനാണ് 'അല്പം ശ്രദ്ധ ആരോഗ്യം ഉറപ്പ്'. E-Health വികസിപ്പിച്ചെടുത്ത Android Application ആയ 'ശൈലി' ആപ്പ് ഉപയോഗിച്ച് ആശാ പ്രവർത്തകരാണ് എല്ലാ വീടുകളും സന്ദർശിച്ച് സർവ്വേ നടത്തിവരുന്നത്. സർവ്വേയുടെ വിശദാംശങ്ങൾ ആശുപത്രിതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഒരു ഡാഷ് ബോർഡിലൂടെ തത്സമയം നിരീക്ഷിക്കാവുന്നതാണ്. ഈ പദ്ധതിയുടെ പ്രതിവാര അവലോകനം ജില്ലാതലത്തിലും പ്രതിമാസ അവലോകനം സംസ്ഥാനതലത്തിലും നടപ്പാക്കിവരുന്നു. 9-12-2022-ലെ സർവ്വേയിലെ കണക്കുകൾ ചുവടെ ചേർക്കുന്നു:

സർവ്വേയ്ക്ക് വിധേയരായവർ – 50,59,952

രോഗസാധ്യതയുള്ളവർ - 9,56,671

കാൻസർ രോഗത്തിനായി റിസർവ്വ് ചെയ്തവർ - 3,25,716

ക്ഷയരോഗ ലക്ഷണമുള്ളവർ - 42,458

മറ്റ് ശ്വാസകോശ രോഗങ്ങളുള്ളവർ - 1,59,487

രക്താതിമർദ്ദം സ്ഥിരീകരിച്ചവർ - 5,44,865

പ്രമേഹം സ്ഥിരീകരിച്ചവർ – 4,41,373

കെ.എം.എസ്.സി.എൽ.- പി.പി.ഇ. കിറ്റുകൾ

212 (2360) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനിത ടെക്സ്റ്റ്കോട്ട് എന്ന സ്ഥാപനത്തിൽനിന്നും കെ.എം.എസ്.സി.എൽ., പി.പി.ഇ. കിറ്റുകൾ വാങ്ങിയിട്ടുണ്ടോ?

അനിത ടെക്സ്റ്റ്കോട്ട് എന്ന സ്ഥാപനത്തിൽനിന്നും കെ.എം.എസ്.സി.എൽ., പി.പി.ഇ. കിറ്റുകൾ വാങ്ങിയിട്ടുണ്ട്.

(ബി) പ്രസ്തുത പർച്ചേസ് സംബന്ധിച്ച കെ.എം.എസ്.സി.എൽ. നോട്ട് ഫയൽ ലഭ്യമാക്കാമോ?

നോട്ട് ഫയലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) അനിത ടെക്സ്റ്റ്കോട്ട് എന്ന സ്ഥാപനം കെ.എം.എസ്.സി.എൽ.-ന് അയച്ച ഇ-മെയിലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഇ-മെയിലുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

(ഡി) പ്രസ്തുത പർച്ചേസ് സംബന്ധിച്ച ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത പർച്ചേസ് സംബന്ധിച്ച ബില്ലിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

ആൻഡ്രിയ ട്രേഡേഴ്സിൽ നിന്നും കെ.എം.എസ്.സി.എൽ. നടത്തിയ വാങ്ങൽ

213 (2361) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആൻഡ്രിയ ട്രേഡേഴ്സ് എന്ന സ്ഥാപനത്തിൽനിന്നും കെ.എം.എസ്.സി.എൽ. എന്തൊക്കെ സാമഗ്രികളാണ് വാങ്ങിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

FACE SHIELD, 3 LAYER MASK, PPE KIT

(ബി) ഈ പർച്ചേസുകൾ സംബന്ധിച്ച കെ.എം.എസ്.സി.എൽ. നോട്ട് ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

കെ.എം.എസ്.സി.എൽ.-ന്റെ നോട്ട് ഫയലുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) ആൻഡ്രിയ ട്രേഡേഴ്സ് എന്ന സ്ഥാപനം കെ.എം.എസ്.സി.എൽ.-ന് അയച്ച ഇ-മെയിലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

ഇ-മെയിലുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ഡി) പ്രസ്തുത പർച്ചേസ് സംബന്ധിച്ച ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പർച്ചേസ് സംബന്ധിച്ച ബില്ലുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു *.

കെ.എം.എസ്.സി.എൽ. പർച്ചേസ് ഓർഡർ

214 (2362) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.ആർ.ഒ.ആർ. 1141 എന്ന പർച്ചേസ് ഓർഡർപ്രകാരം എന്തൊക്കെ സാമഗ്രികളാണ് കെ.എം.എസ്.സി.എൽ. വാങ്ങിയത്; വിവരം ലഭ്യമാക്കാമോ?

പി.ആർ.ഒ.ആർ. 1141 എന്നത് പി.ആർ.ഒ.ആർ. 10537-ന്റെ കൺഫർമേറ്ററി പർച്ചേസ് ഓർഡർ മാത്രമാണ്. അതിൻപ്രകാരം 15000 പി.പി.ഇ. കിറ്റുകളാണ് കെ.എം.എസ്.സി.എൽ. വാങ്ങിയത്.

(ബി) പ്രസ്തുത പർച്ചേസ് ഓർഡർ പ്രകാരം വാങ്ങിയ സാമഗ്രികളുടെ ബിൽ ലഭ്യമാക്കാമോ;

(സി) ബിൽ തീയതി പർച്ചേസ് ഓർഡറിന് മുമ്പേ ആകാനുണ്ടായ സാഹചര്യം വിശദമാക്കാമോ;

(ഡി) പി.ആർ.ഒ.ആർ. 10537 പ്രകാരം ഓർഡർ ചെയ്ത 50000 പി.പി.ഇ. കിറ്റുകളിൽ 35000 ക്യാൻസൽ ചെയ്ത സാഹചര്യത്തിൽ ബാക്കി 15000 പി.പി.ഇ. കിറ്റുകൾ കെ.എം.എസ്.സി.എൽ. ലഭ്യമാക്കിയിട്ടുണ്ടോ: എങ്കിൽ ഇതുസംബന്ധിച്ച ബില്ലിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(ബി-ഡി) കെ.എം.എസ്.സി.എൽ.-ൽനിന്നും ലഭ്യമായ വിവരംപ്രകാരം 30-3-2020 PROR 10537 പ്രകാരം പി.പി.ഇ. കിറ്റ്, N-95 Mask എന്നീ സാമഗ്രികൾ വാങ്ങാനായി മൾട്ടിപ്പിൾ സപ്ലൈയർ ഓർഡറാണ് നൽകിയിരുന്നത്. എന്നാൽ സോഫ്റ്റ്വെയറിൽ സാമഗ്രികൾ single ആയിട്ടും സപ്ലൈയർ അടിസ്ഥാനമാക്കിയുമാണ് സ്റ്റോക്കിലെടുക്കുന്നത്. M/s. San Pharma-യിൽനിന്നും വാങ്ങിയ സാമഗ്രികൾ കോഡ് ചെയ്ത് സ്റ്റോക്കിലെടുക്കാൻ വേണ്ടി PROR 1141 എന്ന കൺഫർമേറ്ററി പർച്ചേസ് ഓർഡറെടുക്കുകയുണ്ടായി. കൺഫർമേറ്ററി

പർച്ചേസ് ഓർഡറെടുക്കുന്നത് സ്റ്റോക്ക് സോഫ്റ്റ്വെയറിൽ എൻട്രി ചെയ്യുന്നതിന് മാത്രമായതിനാൽ പ്രസ്തുത പർച്ചേസ് ഓർഡർ സപ്ലൈയർക്ക് നൽകാറില്ല. മേൽ പർച്ചേസുമായി ബന്ധപ്പെട്ട് സപ്ലൈയർക്ക് നൽകിയത് 30-3-2020-ൽ തയ്യാറാക്കിയ PROR 10537 ആണ്. ആയതിൻപ്രകാരം സപ്ലൈയർ സാമഗ്രികൾ 17-4-2020-ലും 20-4-2020-ലും വിതരണം ചെയ്യുകയുണ്ടായി. ഇവ സ്റ്റോക്കിൽ Entry ചെയ്യാനായി PROR 1141 dated 2-5-2020 തയ്യാറാക്കുകയും സാമഗ്രികൾ കോഡ് ചെയ്ത് സ്റ്റോക്കിൽ എടുക്കുകയുമാണ് ചെയ്തത്. ആയതിനാൽ പർച്ചേസ് ഓർഡറിനുമുമ്പ് ബിൽ തീയതി എന്ന സാഹചര്യമുണ്ടായിട്ടില്ല. ബില്ലുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(ഇ) പി.ആർ.ഒ.ആർ. 10537 പ്രകാരം 15000 കിറ്റുകൾ വാങ്ങാമെന്നിരിക്കെ പി.ആർ.ഒ.ആർ. 1141 പുതിയ പർച്ചേസ് ഓർഡർ നൽകിയതിന്റെ കാരണം വ്യക്തമാക്കാമോ?

PROR 1141 എന്ന പർച്ചേസ് ഓർഡർ സപ്ലൈയർക്ക് നൽകിയിട്ടില്ല.

N-95 മാസ്ക്

215 (2363) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിമല പൂനെ (VIMLA Pune) എന്ന സ്ഥാപനത്തിൽനിന്നും കെ.എം.എസ്.സി.എൽ. N-95 മാസ്ക് വാങ്ങിയിട്ടുണ്ടോ?

കെ.എം.എസ്.സി.എൽ.-ൽനിന്നും ലഭ്യമാക്കിയ മറുപടിപ്രകാരം വിമല പൂനെ (VIMLA Pune) എന്ന സ്ഥാപനത്തിൽനിന്നും കെ.എം.എസ്.സി.എൽ. N-95 മാസ്ക് വാങ്ങിയിട്ടില്ല. എന്നാൽ വിമൽ ഫയർ കൺട്രോൾസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയിൽനിന്നും N-95 മാസ്ക് വാങ്ങിയിട്ടുണ്ടെന്ന് കെ.എം.എസ്.സി.എൽ. അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പർച്ചേസ് സംബന്ധിച്ച കെ.എം.എസ്.സി.എൽ. നോട്ട് ഫയൽ ലഭ്യമാക്കാമോ;

(സി) വിമല പൂനെ എന്ന സ്ഥാപനം കെ.എം.എസ്.സി.എൽ.-ന് അയച്ച ഇ-മെയിലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത പർച്ചേസ് സംബന്ധിച്ച ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

(ബി-ഡി) ബാധകമല്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്റ്റെപ്സ് ഓയിൽ ഫീൽഡ് ആന്റ് എക്യൂപ്മെന്റ് ടേഡിംഗ് എൽ.എൽ.സി.-യുടെ ഇ-മെയിൽ

216 (2364) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റെപ്സ് ഓയിൽ ഫീൽഡ് ആന്റ് എക്യൂപ്മെന്റ് ടേഡിംഗ് എൽ.എൽ.സി. എന്ന സ്ഥാപനം കെ.എം.എസ്.സി.എൽ.-ന് അയച്ച ഇ-മെയിലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) സ്റ്റെപ്സ് ഓയിൽ ഫീൽഡ് ആന്റ് എക്യൂപ്മെന്റ് ടേഡിംഗ് എൽ.എൽ.സി. എന്ന സ്ഥാപനത്തിന് കെ.എം.എസ്.സി.എൽ. അയച്ച ഇ-മെയിലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

(എ&ബി) സ്റ്റെപ്സ് ഓയിൽ ഫീൽഡ് ആന്റ് എക്യൂപ്മെന്റ് ടേഡിംഗ് എൽ.എൽ.സി. എന്ന സ്ഥാപനം കെ.എം.എസ്.സി.എൽ.-നും കെ.എം.എസ്.സി.എൽ. പ്രസ്തുത സ്ഥാപനത്തിനും അയച്ച ഇ-മെയിലുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) പ്രസ്തുത ഇ-മെയിലുകൾപ്രകാരം നടത്തിയ പർച്ചേസ് സംബന്ധിച്ച ബില്ലുകളുടെ പകർപ്പ് ലഭ്യമാക്കാമോ?

പ്രസ്തുത ഇ-മെയിലുകൾപ്രകാരം നടത്തിയ പർച്ചേസ് സംബന്ധിച്ച ബില്ലുകളുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

കെ.എം.എസ്.സി.എൽ.-നെ കോവിഡ് അനുബന്ധ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സർക്കാർ ഉത്തരവ്

217 (2365) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ കോവിഡ് അനുബന്ധ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കാനുള്ള ഏക സ്ഥാപനമാക്കി സർക്കാർ ഉത്തരവ് ഇറക്കിയിരുന്നോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിൽ വരുന്ന എല്ലാ ആശുപത്രികൾക്കും ആവശ്യമായ മരുന്നുകളും മരുന്നുല്പന്നങ്ങളും ഉപകരണങ്ങളും സംഭരിച്ച് വിതരണം ചെയ്യുന്നതിനായുള്ള ഒരു കേന്ദ്രീകൃത ഏജൻസിയായി പ്രവർത്തിക്കുക എന്നതാണ് കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകരിച്ചതിന്റെ പ്രധാന ഉദ്ദേശ്യം. കൂടാതെ അനുബന്ധ സജ്ജീകരണങ്ങൾ, കനിവ് 108 ആംബുലൻസിന്റെ സേവനം, കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ തുടങ്ങിയവയാണ് കോർപ്പറേഷനെ ഏൽപ്പിച്ചിട്ടുള്ള പ്രധാന ചുമതലകൾ.

(ബി) മരണനിരക്ക് കൂടുതലുള്ള നിപ പോലുള്ള രോഗത്തെ പ്രതിരോധിക്കാൻ പി.പി.ഇ. കിറ്റ് നിർമ്മിച്ച് നൽകിയ കമ്പനിയായ കെറോൺ, ന്യൂ കെയർ ഹൈജീൻ പ്രോഡക്ട്, ബയോമെഡിക്സ് എന്നീ സ്ഥാപനങ്ങളിൽനിന്നും അഞ്ഞൂറ് രൂപയിൽ താഴെ പി.പി.ഇ. കിറ്റ് വാങ്ങാൻ ഓർഡർ നൽകിയ ദിവസംതന്നെ 1,550 രൂപ നിരക്കിൽ സാൻ ഫാർമ എന്ന സ്ഥാപനത്തിൽനിന്നും പി.പി.ഇ. കിറ്റ് വാങ്ങാൻ തീരുമാനിച്ചതിന്റെ കാരണം വിശദമാക്കാമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽനിന്ന് ലഭ്യമായ വിവരമനുസരിച്ച് കോവിഡ് വ്യാപനം രൂക്ഷമായ ഘട്ടത്തിൽ ഏറ്റവും മോശമായ സാഹചര്യം ഉടലെടുക്കുകയാണെങ്കിൽ 10 ലക്ഷം പി.പി.ഇ. കിറ്റുകൾ സംഭരിക്കേണ്ടതായി വരുമെന്ന സാഹചര്യം വിലയിരുത്തി 8 ലക്ഷം പി.പി.ഇ. കിറ്റുകൾ യുദ്ധകാലാടിസ്ഥാനത്തിൽ 2 മാസത്തിനുള്ളിൽ സംഭരിക്കുന്നതിന് തീരുമാനിച്ചിരുന്നു. തദ്ദേശീയമായി പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യുന്ന കമ്പനികളെ സംബന്ധിച്ച് പ്രതിദിനം 2000 മുതൽ 3000 വരെ പി.പി.ഇ. കിറ്റുകൾ മാത്രം നിർമ്മിച്ച് നൽകാനുള്ള ശേഷി മാത്രമാണ് അന്ന് നിലവിലുണ്ടായിരുന്നത്. പ്രതിദിന ഉപയോഗത്തിന് ആനുപാതികമായിട്ടുള്ള പി.പി.ഇ. കിറ്റുകൾ വിതരണം ചെയ്യാൻ തക്കവണ്ണം തദ്ദേശീയ വിതരണക്കാരെ ലഭ്യമാകാതെ വന്ന സാഹചര്യത്തിലും പി.പി.ഇ. കിറ്റുകളുടെ അസംസ്കൃത വസ്തുക്കൾ ചൈനയിൽനിന്നും ലഭ്യമാകുന്നതിന് തടസ്സമുണ്ടാകുന്നത് വിതരണക്കാരെ ലഭിക്കാൻ വലിയ തോതിൽ പ്രയാസമുണ്ടാക്കുമെന്ന് വിലയിരുത്തിയശേഷം ആവശ്യമെങ്കിൽ അമ്പതുശതമാനം മുൻകൂർ തുക നൽകി ഒരേ സമയം സാൻ ഫാർമ ഉൾപ്പെടെയുള്ള വിവിധ വിതരണക്കാരിൽനിന്ന് സംഭരിക്കുന്നതിന് തീരുമാനിച്ചിരുന്നു.

(സി) പി.പി.ഇ. കിറ്റിന്റെ ലഭ്യതക്കുറവുമൂലം ആയത് നൽകാൻ സാധിക്കില്ലെന്ന് കെറോൺ, ന്യൂ കെയർ ഹൈജീൻ പ്രോഡക്ട്, ബയോമെഡിക്സ് എന്നീ കമ്പനികൾ സർക്കാരിനെയോ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയോ അറിയിച്ചിരുന്നോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഇതുമായി ബന്ധപ്പെട്ട് കെറോൺ കമ്പനി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് അയച്ച ഇ-മെയിലുകളുടെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ഡി) സാൻ ഫാർമ എന്ന സ്ഥാപനത്തിന് നൽകിയ പർച്ചേസ് ഓർഡറിൽ എത്ര ദിവസത്തിനകം പി.പി.ഇ. കിറ്റ് നൽകണമെന്നാണ് രേഖപ്പെടുത്തിയതെന്ന് വ്യക്തമാക്കാമോ?

സാൻ ഫാർമ എന്ന സ്ഥാപനത്തിന് കെ.എം.എസ്.സി.എൽ. നൽകിയ പർച്ചേസ് ഓർഡറിൽ ഇത്ര ദിവസത്തിനകം പി.പി.ഇ. കിറ്റ് നൽകണമെന്ന് രേഖപ്പെടുത്തിയിട്ടില്ല.

എൻ.എച്ച്.എം.-ൽ ജോലി ചെയ്യുവരുന്ന ജീവനക്കാർ

218 (2366) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.എച്ച്.എം.-നുകീഴിൽ വരുന്ന ജീവനക്കാർക്ക് എത്രനാൾ ഒരു സ്ഥാപനത്തിൽ ജോലി ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന/ജില്ലാ എൻ.എച്ച്.എം. ഓഫീസുകളിൽ നിർബന്ധിത സ്ഥലംമാറ്റമില്ല. എന്നാൽ എൻ.എച്ച്.എം. ജീവനക്കാർക്ക് voluntary സ്ഥലം മാറ്റത്തിനുള്ള വ്യവസ്ഥയുണ്ട്. ബാക്കിയുള്ള സ്ഥാപനങ്ങളിൽ ആവശ്യകതയനുസരിച്ച് സ്ഥലം മാറ്റം നൽകിവരുന്നു.

(ബി) അഞ്ച് വർഷത്തിലധികം ഒരു സ്ഥാപനത്തിൽ ജോലി ചെയ്ത ജീവനക്കാർക്ക് പ്രസ്തുത സ്ഥാപനത്തിൽ തുടർന്നും നിയമനം നൽകിയിരിക്കുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ?

ആവശ്യകതയനുസരിച്ചാണ് എൻ.എച്ച്.എം. ജീവനക്കാർക്ക് ഒരേ സ്ഥാപനത്തിൽ തുടർനിയമനം നൽകുന്നത്.

(സി) അഞ്ച് വർഷത്തിലധികം ഒരു സ്ഥാപനത്തിൽത്തന്നെ ജോലി ചെയ്തതും തുടർന്നും ജോലി ചെയ്യുവരുന്നതുമായ ജീവനക്കാർ ആരൊക്കെയാണ്; അവർ ജോലി നോക്കി വരുന്ന ആശുപത്രികൾ ഏതൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

അഞ്ച് വർഷത്തിലധികം ഒരു സ്ഥാപനത്തിൽത്തന്നെ ജോലി ചെയ്തതും തുടർന്നും ജോലി ചെയ്യുവരുന്നതുമായ ജീവനക്കാരുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) എന്തടിസ്ഥാനത്തിലാണ് തുടർന്നും അവരെ അവിടെത്തന്നെ നിയമിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇവരെ മറ്റൊരു സ്ഥാപനത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ആവശ്യകതയനുസരിച്ചാണ് എൻ.എച്ച്.എം. ജീവനക്കാർക്ക് ഒരേ സ്ഥാപനത്തിൽ തുടർനിയമനം നൽകുന്നത്.

അവയവം മാറ്റിവച്ചവർക്കും ക്യാൻസർ രോഗികൾക്കും ബ്രാൻഡഡ് മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടി

219 (2367) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവയവം മാറ്റിവച്ചവർക്കും ക്യാൻസർ രോഗികൾക്കും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ ഉൾപ്പെടുത്തി മരുന്നുകൾ വാങ്ങി നൽകുമ്പോൾ സർക്കാരിന്റെ നിലവിലെ മാർഗ്ഗരേഖപ്രകാരം ബ്രാൻഡഡ് മരുന്നുകൾ ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ സർക്കാരിന്റെ തീരുമാനം പുനഃപരിശോധിക്കാനും കോവിഡ് സാഹചര്യത്തിൽ ചെയ്തിരുന്നതുപോലെ അവയവം മാറ്റിവച്ച രോഗികൾക്ക് ബ്രാൻഡഡ് മരുന്നുകൾ ലഭ്യമാക്കാനും നടപടി സ്വീകരിക്കുമോ?

(എ&ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗിച്ച് ആരോഗ്യകേന്ദ്രങ്ങൾ ആവശ്യപ്പെടുന്നത് പ്രകാരമുള്ള മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി മുഖേന വിതരണം ചെയ്യുവരുന്നുണ്ട്. ഇതിൽ ബ്രാൻഡഡ് മരുന്നുകളും Pangraf, Tacrograf, Capegard, Bortiad എന്നിവയും ഉൾപ്പെടുന്നു.

(സി) മരുന്നുകൾ ലഭ്യമാക്കുന്നതിന് കെ.എം.എസ്.സി.എൽ. നൽകുന്ന നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിലെയും സബ്സിഡി മാനദണ്ഡങ്ങളിൽ പറയുന്ന ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റിലെയും പൊരുത്തക്കേടുകൾ കാരണം മരുന്നുകൾ ലഭ്യമാക്കാനുള്ള സാങ്കേതികപ്രശ്നങ്ങൾ പരിഹരിക്കാൻ ആയത് സംബന്ധിച്ച സ്പഷ്ടീകരണം നൽകുമോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ആരോഗ്യ സ്ഥാപനങ്ങളിലേയ്ക്ക് മരുന്ന് വിതരണം നടത്തുന്നത് കെ.എം.എസ്.സി.എൽ. ആണ്. അവശ്യ മരുന്ന് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും എന്നാൽ നടപ്പുസാമ്പത്തികവർഷം വിതരണക്കാരെ ലഭ്യമല്ലാത്തതുമായ ഇനങ്ങൾക്ക് മുൻകാലയളവിലെ നീക്കിയിരിപ്പ് പല അവസരങ്ങളിലും ഉണ്ടായിരിക്കുമെന്നതിനാൽ പ്രസ്തുത ശേഖരം തീർന്നതിനു ശേഷം ബന്ധപ്പെട്ട ഇനങ്ങളെ കോർപ്പറേഷന്റെ ഔദ്യോഗിക വെബ്സൈറ്റിൽ

'വിതരണക്കാരെ ലഭ്യമല്ലാത്ത ഇനങ്ങൾ (No Bidder items)' എന്ന് പ്രസിദ്ധീകരിക്കുകയും അതിനനുസൃതമായി ശേഖരരഹിത സാക്ഷ്യപത്രം (Non Availability Certificate-NAC) നൽകിവരികയുമാണ് ചെയ്യുന്നത്. പ്രോജക്ടുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്ക് 14-3-2017-ലെ സ.ഉ. (സാധാ) നമ്പർ 653/2017/ആ.ക.വ. പ്രകാരം കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വെയർഹൗസ് മാനേജർ നൽകുന്ന ശേഖരരഹിത സാക്ഷ്യപത്രം ജില്ലാ മെഡിക്കൽ ഓഫീസർ കൗണ്ടർസൈൻ ചെയ്ത് നൽകി വരുന്നു. 28-5-2022-ലെ സ.ഉ. (കൈ.)നമ്പർ 115/2022/എൽ.എസ്.ജി.ഡി. പ്രകാരം പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുമ്പോൾ അനുവർത്തിക്കേണ്ട സബ്സിഡി, ധനസഹായം എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ നിശ്ചയിച്ചപ്പോൾ അതിൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയിലബിലിറ്റി സർട്ടിഫിക്കറ്റ് വേണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആകയാൽ ഇക്കാര്യത്തിൽ പൊരുത്തക്കേടുകൾ കാണുന്നില്ല. മാത്രമല്ല ഇതുവരെ ഈ പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ബുദ്ധിമുട്ടുണ്ടായതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

കാഞ്ഞങ്ങാട് മണ്ഡലത്തിലെ അങ്കണവാടികൾ

220 (2368) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാഞ്ഞങ്ങാട് മണ്ഡലത്തിൽ സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്ത എത്ര അങ്കണവാടികളുണ്ടെന്ന കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

കാഞ്ഞങ്ങാട് മണ്ഡലത്തിൽ സ്വന്തമായി സ്ഥലം ലഭ്യമായിട്ടില്ലാത്ത 8 അങ്കണവാടികളും സ്വന്തമായി കെട്ടിടമില്ലാത്ത 23 അങ്കണവാടികളുമുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

മെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം

221 (2369) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മെഡിക്കൽ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ സൗകര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

മെഡിക്കൽ കോളേജുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള അനസ്തേഷ്യ ഡോക്ടർമാർ

222 (2370) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിൽ അനസ്തേഷ്യ ഡിപ്പാർട്ട്മെന്റിൽ അനുവദിക്കപ്പെട്ടിട്ടുള്ള ഡോക്ടർമാരുടെ തസ്തികകളും ഇപ്പോൾ ഓരോ ആശുപത്രിയിലും ജോലി ചെയ്യുന്നവരുടെ എണ്ണവും ആശുപത്രി തിരിച്ച് ലഭ്യമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) മേജർ ശസ്ത്രക്രിയകൾക്കെല്ലാംതന്നെ അനസ്തേഷ്യ ഡോക്ടർമാരുടെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമാണെന്നിരിക്കെ വിവിധ മെഡിക്കൽ കോളേജാശുപത്രികളിൽ ഈ വിഭാഗത്തിലെ ഡോക്ടർമാരുടെ എണ്ണത്തിൽ വ്യത്യാസമുണ്ടായതിന്റെ കാരണം വ്യക്തമാക്കാമോ?

അനസ്തേഷ്യ ഡോക്ടർമാരുടെ സേവനം ആവശ്യമായ ഡിപ്പാർട്ട്മെന്റുകളുടെ എണ്ണം വ്യത്യാസപ്പെടുന്നതിനനുസരിച്ച് വിവിധ മെഡിക്കൽ കോളേജുകളിലെ ഈ വിഭാഗം ഡോക്ടർമാരുടെ എണ്ണത്തിലും വ്യത്യാസം വന്നിട്ടുണ്ട്.

(സി) ഏതെങ്കിലും മെഡിക്കൽ കോളേജ് ആശുപത്രികളിലെ അനസ്തേഷ്യാ വിഭാഗത്തിലെ തസ്തിക മറ്റേതെങ്കിലും മെഡിക്കൽ കോളേജിലേയ്ക്ക് മാറ്റിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

മാറ്റിയിട്ടില്ല.

(ഡി) വിവിധ മെഡിക്കൽ കോളേജുകളിലെ അനസ്തേഷ്യാ ഡിപ്പാർട്ട്മെന്റിലെ ഡോക്ടർമാരുടെ എണ്ണത്തിലുണ്ടായ ഈ വ്യത്യാസം കാലാനുസൃതമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ?

അധിക തസ്തികകൾ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഇ) ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ അനസ്തേഷ്യാ വിഭാഗത്തിൽ എത്ര ഡോക്ടർമാരുടെ തസ്തികകളാണുള്ളത്?

പ്രൊഫസർ - 1

അസോസിയേറ്റ് പ്രൊഫസർ - 2

അസിസ്റ്റന്റ് പ്രൊഫസർ - 16

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) ട്രോമാകെയർ, സൂപ്പർ സ്പെഷ്യാലിറ്റി, സർജറി എന്നീ വിഭാഗങ്ങളിലെ അടിയന്തര ശസ്ത്രക്രിയകൾക്ക് പലപ്പോഴും അനസ്തേഷ്യ ഡോക്ടർമാരുടെ അഭാവംമൂലം മറ്റ് മെഡിക്കൽ കോളേജ് ആശുപത്രികളിലേയ്ക്ക് രോഗികളെ പറഞ്ഞയയ്ക്കേണ്ട സാഹചര്യമുണ്ടായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ജി) ആലപ്പുഴ മെഡിക്കൽ കോളേജാശുപത്രിയിൽ അനസ്തേഷ്യാ വിഭാഗത്തിൽ കൂടുതൽ തസ്തിക അനുവദിക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

ആലപ്പുഴ മെഡിക്കൽ കോളേജിലെ അനസ്തേഷ്യ വിഭാഗത്തിൽ മതിയായ തസ്തികകൾ നിലവിലുണ്ട്. അധിക തസ്തികകൾ ആവശ്യമായി വരുന്ന സാഹചര്യത്തിൽ ഇക്കാര്യം പരിശോധിക്കുന്നതാണ്.

വിദേശ മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ്

223 (2371) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ നിന്ന് മെഡിക്കൽ ബിരുദപഠനം പൂർത്തിയാക്കിയവർക്ക് കേരളത്തിൽ ചികിത്സ തുടങ്ങുന്നതിന് എത്ര വർഷത്തെ പരിശീലനമാണ് നിർബന്ധമാക്കിയിട്ടുള്ളത്?

വിദേശത്തുനിന്നും മെഡിക്കൽ ബിരുദ പഠനം പൂർത്തിയാക്കി വരുന്ന വിദ്യാർത്ഥികൾക്ക് ദേശീയ മെഡിക്കൽ കമ്മീഷൻ നിഷ്കർഷിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ ഒരു വർഷത്തെ ഇന്റേൺഷിപ്പ് പരിശീലനം പൂർത്തിയാക്കേണ്ടതുണ്ട്. പ്രസ്തുത പരിശീലനം പൂർത്തിയാക്കി കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ നിന്നുള്ള പെർമനന്റ് രജിസ്ട്രേഷൻ ലഭിക്കുന്ന മുറയ്ക്ക് കേരളത്തിൽ ചികിത്സ ആരംഭിക്കാവുന്നതാണ്.

(ബി) വിദേശത്ത് പഠനം നടത്തിയ വിദ്യാർത്ഥികൾക്ക് താൽക്കാലിക രജിസ്ട്രേഷൻ നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

വിദേശ മെഡിക്കൽ ബിരുദം പൂർത്തിയാക്കി താൽക്കാലിക രജിസ്ട്രേഷനായി അപേക്ഷ സമർപ്പിക്കുന്നവരുടെ സർട്ടിഫിക്കറ്റുകൾ വിദേശ യൂണിവേഴ്സിറ്റി, അതത് എംബസികൾ, നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ്, അതത് ഹയർ സെക്കൻഡറി ബോർഡുകൾ തുടങ്ങിയ സ്ഥാപനങ്ങളിലേയ്ക്ക് വെരിഫിക്കേഷനായി അയച്ചുനൽകുന്നു. മേൽപ്പറഞ്ഞ വെരിഫിക്കേഷൻ റിപ്പോർട്ടുകൾ ബന്ധപ്പെട്ട

സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന മുറയ്ക്ക് ആയത് സൂക്ഷ്മപരിശോധന നടത്തി അംഗീകരിച്ചശേഷം ടി അപേക്ഷകർക്ക് താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന നടപടിയാണ് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ സ്വീകരിച്ചുവരുന്നത്.

(സി) ദേശീയ മെഡിക്കൽ കമ്മീഷന്റെ പുതിയ നിർദ്ദേശപ്രകാരം വിദേശ മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ് മെഡിക്കൽ കോളേജുകളിലേയ്ക്ക് പരിമിതപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. നാഷണൽ മെഡിക്കൽ കമ്മീഷന്റെ 21-9-2022-ലെ പബ്ലിക് നോട്ടീസ്, 19-10-2022-ലെ കത്ത് എന്നിവ പ്രകാരം വിദേശ മെഡിക്കൽ ബിരുദക്കാരുടെ ഇന്റേൺഷിപ്പ് മെഡിക്കൽ കോളേജുകളിലേയ്ക്ക് പരിമിതപ്പെടുത്തിയിട്ടുള്ളതായി കാണുന്നു. എന്നാൽ ഇതുസംബന്ധിച്ചുള്ള ചില അവ്യക്തതകൾ നീക്കുന്നതിലേയ്ക്കായി നാഷണൽ മെഡിക്കൽ കമ്മീഷന്റെ അഭിപ്രായം സംസ്ഥാന മെഡിക്കൽ കൗൺസിൽ തേടിയിട്ടുണ്ട്.

എം.ബി.ബി.എസ്.-സ്വകാര്യ മെഡിക്കൽ കോളേജുകളിൽ ലിക്വിഡേറ്റഡ് ഡാമേജസ് ഈടാക്കാൻ സർക്കാർ നടപടി

224 (2372) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ വിവിധ ക്വാട്ടകളിൽ എൻ.ആർ.ഐ. ഉൾപ്പെടെ അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് ഇടയ്ക്കുവച്ച് പഠനം നിർത്തേണ്ടിവന്നാൽ അഞ്ചര വർഷത്തേയ്ക്കുള്ള മുഴുവൻ ഫീസും ഒരുമിച്ച് ഈടാക്കിയതിനുശേഷമേ കുട്ടിയെ വിടുതൽ ചെയ്യുകയുള്ളൂ എന്നുള്ള നിയമം നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ എം.ബി.ബി.എസ്. കോഴ്സ് ഇടയ്ക്കുവച്ച് നിർത്തിയാൽ ഒരു നിശ്ചിത സംഖ്യ എല്ലാ ക്വാട്ടയിലും സർക്കാർ മെഡിക്കൽ കോളേജുപോലെ ലിക്വിഡേറ്റഡ് ഡാമേജസായി ഈടാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ വിവിധ ക്വാട്ടകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ കോഴ്സ് കാലാവധി കഴിയുന്നതിനുമുമ്പ് ഇടയ്ക്കുവച്ച് പഠനം നിർത്തുന്നപക്ഷം കീം പ്രോസ്പെക്ടസ്, 2022 Clause 12.2.4 (a)(ii) 1 & 12.2.4 (ബി)(ii) പ്രകാരമുള്ള ലിക്വിഡേറ്റഡ്

ഡാമേജസ് വ്യവസ്ഥകൾ ബാധകമാക്കുന്നതാണ്. പ്രസ്തുത വ്യവസ്ഥകൾ പ്രകാരം സർക്കാർ/സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ MBBS കോഴ്സിന് സർക്കാർ സീറ്റിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾ ഇടയ്ക്കുവച്ച് പഠനം നിർത്തിയാൽ ലിക്വിഡേറ്റഡ് ഡാമേജസ് നൽകേണ്ടതാണ്.

എം.ബി.ബി.എസ്. അഡ്മിഷൻ ഫീസ് നിരക്ക്

225 (2373) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. അഡ്മിഷന് ഇപ്പോൾ നിലനിൽക്കുന്ന ഫീസ് നിരക്കുകൾ പുതുക്കി നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

റിട്ടയേഡ് ഹൈക്കോടതി ജഡ്ജി ചെയർമാനായ ഫീ റെഗുലേറ്ററി കമ്മിറ്റിയാണ് സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ എം.ബി.ബി.എസ്. ഫീസ് നിരക്കുകൾ നിശ്ചയിക്കുന്നത്.

(ബി) സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ തീരുമാനപ്രകാരം അൻപത് ശതമാനം സീറ്റുകളിൽ സർക്കാർ ഫീസ് ഏർപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സംസ്ഥാനത്തെ സ്വകാര്യ മെഡിക്കൽ കോളേജുകളിൽ നാഷണൽ മെഡിക്കൽ കമ്മീഷന്റെ തീരുമാനപ്രകാരം അൻപത് ശതമാനം സീറ്റുകളിൽ സർക്കാർ ഫീസ് ഏർപ്പെടുത്തണമെന്നുള്ള നിർദ്ദേശങ്ങൾക്കെതിരെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകൾ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(c) Nos. 5503, 5851 & 24112/2022 സമർപ്പിക്കുകയും 50% സീറ്റിൽ സർക്കാർ ഫീസ് എന്ന നിർദ്ദേശം കേരള സംസ്ഥാനത്തെ പ്രത്യേക സാഹചര്യത്തിൽ പ്രായോഗികമല്ലാത്തതിനാൽ നടപ്പാക്കേണ്ടതില്ലെന്നും കമ്മീഷന്റെ മെമ്മോറാണ്ടത്തിൽ പറയുന്ന മറ്റ് നിർദ്ദേശങ്ങൾ പാലിച്ച് ഫീസ് നിർണ്ണയിക്കാനും ബഹുമാനപ്പെട്ട ഹൈക്കോടതി ഉത്തരവായിട്ടുമുണ്ട്.

ആലപ്പുഴ മെഡിക്കൽ കോളേജിലെ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം

226 (2374) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഡിക്കൽ കോളേജിൽ നിർമ്മാണം പൂർത്തീകരിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രവർത്തനം ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ നിർമ്മാണം പൂർത്തീകരിച്ച സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിലേയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനും വ്യത്തിയാക്കുന്നതിനുമുള്ള നടപടികൾ നടന്നുവരുന്നു. ഈ നടപടികൾ പൂർത്തിയായാലുടൻ സൂപ്പർ സ്പെഷ്യാലിറ്റി ബ്ലോക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ബി) പ്രസ്തുത സ്പെഷ്യാലിറ്റി സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി സ്റ്റാഫുകളെ നിയമിച്ചിട്ടുണ്ടോ?

പ്രസ്തുത സ്പെഷ്യാലിറ്റി സൗകര്യം വർദ്ധിപ്പിക്കുന്നതിന് ആനുപാതികമായി സ്റ്റാഫുകളെ നിയമിച്ചിട്ടില്ല.

(സി) നിലവിലുള്ള സ്പെഷ്യാലിറ്റിക്ക് പുറമെ മറ്റ് ഡിപ്പാർട്ട്മെന്റുകൾകൂടി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

നിലവിലുള്ള സ്പെഷ്യാലിറ്റിക്ക് പുറമേ പ്ലാസ്റ്റിക്ക് സർജറി ഡിപ്പാർട്ടുമെന്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ആലപ്പുഴ മെഡിക്കൽ കോളേജിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുന്നതോടൊപ്പം, ആവശ്യമായ തസ്തികകളിൽ നിയമനം നടത്തുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഒഴിവുകൾ യഥാസമയം പി.എസ്.സി. വഴി/കരാർ വ്യവസ്ഥയിൽ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം

227 (2375) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ എഡ്യൂകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ സയൻസസിലെ ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക് മലപ്പുറം താലൂക്ക് ആശുപത്രിയിൽ 2022 ഫെബ്രുവരി മുതൽ പ്രായോഗിക പരിശീലനം അനുവദിക്കുന്നതിനുള്ള ആരോഗ്യ വകുപ്പ് ഡയറക്ടറുടെ പ്രൊപ്പോസലും മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറുടെ റിപ്പോർട്ടും ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രായോഗിക പരിശീലനത്തിനായി മലപ്പുറം താലൂക്ക് ആശുപത്രിയുമായി 2022 ഫെബ്രുവരി മുതൽ 5 വർഷക്കാലത്തേയ്ക്ക് ടൈ-അപ് പുതുക്കി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) മലപ്പുറം ജില്ലയിൽ സ്വാശ്രയ മേഖലയിൽ പ്രവർത്തിക്കുന്ന ദന്തൽ കോളേജായ എഡ്യൂകെയർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡെന്റൽ കെയറിലെ ബി.ഡി.എസ്. വിദ്യാർത്ഥികൾക്ക്, ഡെന്റൽ കൗൺസിൽ മാനദണ്ഡങ്ങൾ പാലിക്കുന്നതിന്റെ ഭാഗമായി മലപ്പുറം സർക്കാർ താലൂക്ക് ആശുപത്രിയിൽ ക്ലിനിക്കൽ ടെയിനിംഗ് അനുവദിക്കുന്ന വിഷയത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടർ/മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടർ എന്നിവരുടെ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചിട്ടുണ്ട്. നിർദ്ദിഷ്ട ഫീസ് ഒടുക്കിയും ഇക്കാര്യത്തിൽ നിലനിൽക്കുന്ന മറ്റ് നിബന്ധനകൾ പാലിച്ചും ക്ലിനിക്കൽ ടെയിനിംഗ് അനുവദിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ലക്ചറർ തസ്തിക

228 (2376) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ ലക്ചറർ തസ്തിക ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത തസ്തിക ഏത് തസ്തികയിലേയ്ക്കാണ് മാറ്റിയതെന്ന് അറിയിക്കാമോ?

27-6-2020-ലെ സ.ഉ. (കൈ) നമ്പർ 94/2020 ആ.കു.വ. പ്രകാരം നിലവിൽ ലക്ചറർ തസ്തികയിൽ തുടർന്നുവരുന്നവരെ പ്രസ്തുത തസ്തികകളിൽ തുടരാൻ അനുവദിക്കുന്നതാണെന്നും ടിയാളുകൾ പോസ്റ്റ്ഗ്രാജ്വേഷൻ നേടുന്ന മുറയ്ക്ക് പ്രസ്തുത തസ്തികകൾ അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാക്കി മാറ്റുന്നതാണെന്നുമുള്ള വ്യവസ്ഥയോടുകൂടി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ നിലവിലുള്ള എല്ലാ ലക്ചറർ തസ്തികകകളും അസിസ്റ്റന്റ് പ്രൊഫസർ തസ്തികകളാക്കി മാറ്റിയിട്ടുണ്ട്.

(ബി) ഇങ്ങനെ തസ്തിക പുനർനിർണ്ണയം ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ. ശ്രീശാന്ത് കെ. എബിന്റെ അപേക്ഷ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പൽ വഴി ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

കോഴിക്കോട് മെഡിക്കൽ കോളേജിലെ ഡോ. ശ്രീശാന്ത് കെ. എസ്.-ന്റെ അപേക്ഷയിന്മേൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ തുടർനടപടി സ്വീകരിച്ചുവരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിലെ വിവിധ നിർമ്മാണ പ്രവൃത്തികൾ

229 (2377) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ഗവൺമെന്റ് നഴ്സിംഗ് കോളേജ് പി.ജി. ബ്ലോക്ക് നിർമ്മാണത്തിന് (ഫേസ്-I) പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ, ഫയലിന്റെ ഇപ്പോഴത്തെ അവസ്ഥ എന്നിവ വ്യക്തമാക്കാമോ?

കോഴിക്കോട് ഗവൺമെന്റ് നഴ്സിംഗ് കോളേജിൽ പി.ജി. ബ്ലോക്ക് നിർമ്മിക്കുന്നതിനായി 2017-18 സാമ്പത്തിക വർഷത്തിൽ 7.5 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആ സാമ്പത്തിക വർഷം അനുവദിച്ച 150 ലക്ഷം രൂപ പി.ഡബ്ല്യു.ഡി. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിരുന്നു. എന്നാൽ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ഭരണാനുമതി പുതുക്കി നൽകുന്നതിന് പുതുക്കിയ എസ്റ്റിമേറ്റ് ഉൾപ്പെടെ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിരുന്നു. റിവൈസ്ഡ് എസ്റ്റിമേറ്റ് ലഭ്യമാക്കുന്നതിന് PWD മെഡിക്കൽ കോളേജ് വിഭാഗത്തോടും എക്സിക്യൂട്ടീവ് എഞ്ചിനീയർ PWD ബിൽഡിംഗ് ഡിവിഷനോടും കോഴിക്കോട് നഴ്സിംഗ് കോളേജ് പ്രിൻസിപ്പൽതലത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) കോഴിക്കോട് മെഡിക്കൽ കോളേജ് ഹൗസ് സർജന്മാരുടെ ഹോസ്റ്റൽ നിർമ്മാണത്തിലെ നിലവിലെ സ്ഥിതി വിശദമാക്കാമോ; പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമാക്കിയിട്ടുണ്ടോ?

കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ഹൗസ് സർജന്മാരുടെ ഹോസ്റ്റൽ നിർമ്മാണപ്രവൃത്തിയുടെ എസ്റ്റിമേറ്റ് സാങ്കേതികാനുമതിക്കായി പൊതുമരാമത്ത് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭ്യമായിട്ടില്ല.

(സി) കോഴിക്കോട് മെഡിക്കൽ കോളേജ് ഓങ്കോളജി & ടെർഷ്യറി ക്യാൻസർ സെന്ററിന് കെട്ടിട നിർമ്മാണത്തിനായി എത്ര തുക വകയിരുത്തിയിട്ടുണ്ട്; പ്രസ്തുത പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ വിശദീകരിക്കാമോ; പ്രവൃത്തിക്ക് ഡിസൈൻ തയ്യാറാക്കി അംഗീകാരം നൽകിയിട്ടുണ്ടോ?

കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായി കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജിൽ ടെർഷ്യറി ക്യാൻസർ കെയർ സെന്റർ സ്ഥാപിക്കാനായി 2-3-2015-ലെ G.O.(Rt)No. 749/15/H&FWD ഉത്തരവ് പ്രകാരം 44.5 കോടി രൂപയുടെ

ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത തുകയിൽ 31.15 കോടി രൂപ ഉപകരണങ്ങൾക്കും 13.35 കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കുമാണ് വകയിരുത്തിയിരുന്നത്. ടി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും 2018 മുതൽ പ്രവർത്തനമാരംഭിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജ് ഓങ്കോളജി & ടെർഷ്യറി ക്യാൻസർ കെയർ സെന്റർ കെട്ടിട വിപുലീകരണ പ്രവർത്തനങ്ങൾക്കായി 11-8-2021-ലെ G.O.(Rt)No. 1723/2021/H&FWD ഉത്തരവുപ്രകാരം 4 കോടി രൂപയും 21-1-2022-ലെ G.O.(Rt)No. 175/2022/H&FWD ഉത്തരവുപ്രകാരം ഒരു കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. HLL Infratech Services Ltd. എന്ന ഏജൻസി പ്രവൃത്തിയുടെ ഡിസൈൻ തയ്യാറാക്കി അംഗീകാരം നൽകിയിട്ടുണ്ട്. പ്രവൃത്തിയുടെ സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഹോമിയോ ലാബ് ആരംഭിക്കുന്നതിനുള്ള നടപടികൾ

230 (2378) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയോടനുബന്ധിച്ച് ഹോമിയോ ലാബ് ആരംഭിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിലെ വടവുകാട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത് ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയോടനുബന്ധിച്ച് വകുപ്പുതലത്തിൽ ലാബ് ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടില്ല.

(ബി) എറണാകുളം ജില്ലയിൽ നിലവിൽ ഏതെല്ലാം ആശുപത്രികളിലാണ് ഹോമിയോ ലാബ് പ്രവർത്തിക്കുന്നതെന്ന് അറിയിക്കാമോ?

1. സർക്കാർ ഹോമിയോ ആശുപത്രി, നോർത്ത് പറവൂർ

2. സർക്കാർ ഹോമിയോ ആശുപത്രി, മൂവാറ്റുപുഴ

3. ജില്ലാ സർക്കാർ ഹോമിയോ ആശുപത്രി, എറണാകുളം

4. സർക്കാർ ഹോമിയോ ഡിസ്പെൻസറി, കോഴിപ്പിള്ളി

കായംകുളം ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ ശോച്യാവസ്ഥ

231 (2379) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം ഹോമിയോ ആശുപത്രി കെട്ടിടത്തിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ ആശുപത്രി സമുച്ചയം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ആശുപത്രി കെട്ടിടം ജലനിരപ്പിൽ താഴ്ന്ന നിലയിലായതിനാൽ മഴക്കാലത്ത് വെള്ളം കയറുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുതിയ ആശുപത്രി കെട്ടിടം പണിയുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്കും പുതിയ കെട്ടിടത്തിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്കും സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

ആയുർവ്വേദ മെഡിക്കൽ ഓഫീസർ തസ്തിക സൃഷ്ടിക്കൽ

232 (2380) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയുർവ്വേദ മെഡിക്കൽ ഓഫീസർമാരുടെ അഭാവമുണ്ടോ; വ്യക്തമാക്കാമോ;

(ബി) എല്ലാ ഗവ. ആയുർവ്വേദ ഡിസ്പെൻസറികളിലും ഡോക്ടർമാരുടെ സേവനമുണ്ടോ; വിശദമാക്കാമോ?

(എ&ബി) നിലവിൽ ഭാരതീയ ചികിത്സാ വകുപ്പിൽ ആയുർവ്വേദ മെഡിക്കൽ ഓഫീസർമാരുടെ 41 ഒഴിവുകളുണ്ട്. ടി ഒഴിവുകളിൽ നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. എന്നാൽ നിലവിലെ ഒഴിവുകളിൽ ചാർജ്ജ് ക്രമീകരണം നൽകിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയോ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയോ ആശുപത്രി, ഡിസ്പെൻസറികളുടെ പ്രവർത്തനത്തിന് വിഘാതം ഉണ്ടാകാത്ത രീതിയിൽ ഡോക്ടറുടെ സേവനം എല്ലാ സ്ഥലത്തും പൊതുജനങ്ങൾക്ക് ഉറപ്പുവരുത്തുന്നുണ്ട്.

(സി) ആയുർവ്വേദ ഡോക്ടർമാരുടെ തസ്തിക സൃഷ്ടിക്കേണ്ട സാഹചര്യം നിലവിലുണ്ടോ; തസ്തിക സൃഷ്ടിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദവിവരം അറിയിക്കാമോ?

തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

ആയുർവ്വേദ ആശുപത്രികളുടെ വൈവിധ്യവത്കരണം

233 (2381) ശ്രീ തോമസ് കെ. തോമസ്:
ശ്രീ കോവൂർ കുഞ്ഞുമോൻ:
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:
ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ടൂറിസം സാദ്ധ്യത പരിഗണിച്ച് സർക്കാർ ആയുർവ്വേദ ആശുപത്രികളുടെ നവീകരണവും വൈവിദ്ധ്യവത്കരണവും നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

നവീകരണത്തിന്റെ ഭാഗമായി ഭാരതീയ ചികിത്സാ വകുപ്പിലെ ചികിത്സാ സ്ഥാപനങ്ങൾ KASH (Kerala Accredited Standards of Hospitals) നിലവാരത്തിലേയ്ക്ക് ഘട്ടംഘട്ടമായി ഉയർത്തുന്നതിനാവശ്യമായ നടപടികളും ആയുർവ്വേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ ആശുപത്രികൾ NABH അക്രഡിറ്റേഷൻ നേടുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. ആയുർവ്വേദ കോളേജിൻകീഴിലുള്ള ആശുപത്രികൾ പൂർണ്ണമായും ഓഫീസ് ഓട്ടോമോഷൻ നടത്തുന്നതിന്റെ ഭാഗമായി ഇ-ഹോസ്പിറ്റൽ സംവിധാനവും OP/IP നവീകരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. കൂടാതെ കേരളത്തിന്റെ ടൂറിസം മേഖലയിലെ ആയുർവ്വേദ സ്ഥാപനങ്ങളെ ആയുർവ്വേദ ഹോളിസ്റ്റിക് സെന്ററുകളായി മാറ്റുന്നതിനുള്ള പദ്ധതികൾ വിഭാവനം ചെയ്തുവരുന്നു. കൂടാതെ ജീവനക്കാർക്കാവശ്യമായ പരിശീലനവും നൽകുന്നതാണ്.

(ബി) എല്ലാ താലൂക്ക് ആയുർവ്വേദ ആശുപത്രികളിലും പഞ്ചകർമ്മ ഉൾപ്പെടെ എല്ലാ ചികിത്സകളും നൽകുന്നതിന് നടപടിയുണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ എല്ലാ താലൂക്ക് ആയുർവ്വേദ ആശുപത്രികളിലും പഞ്ചകർമ്മ ചികിത്സ ഉൾപ്പെടെ എല്ലാ ചികിത്സകളും നൽകുന്നുണ്ട്.

സന്ദീപാനന്ദഗിരിയുടെ ആശ്രമം വെൽനെസ് സെന്റർ ആക്കാനുള്ള തീരുമാനം

234 (2382) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്ദീപാനന്ദഗിരിയുടെ ആശ്രമം ഔഷധി ഏറ്റെടുത്തുകൊണ്ട് വെൽനെസ് സെന്റർ തുടങ്ങാൻ തീരുമാനിച്ചിട്ടുണ്ടോ?

തീരുമാനിച്ചിട്ടില്ല.

(ബി) പ്രസ്തുത ആശ്രമം വാങ്ങാനുള്ള അനുമതിക്കായി ഔഷധി എം.ഡി. നൽകിയ കത്തിന് മറുപടി നൽകിയിട്ടുണ്ടോ; മറുപടിയുടെ പകർപ്പ് ലഭ്യമാക്കാമോ?

വെൽനെസ് സെന്റർ തുടങ്ങാൻ സ്ഥലം ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾക്കായി സർക്കാരിന് മാനേജിംഗ് ഡയറക്ടർ നൽകിയ കത്തിന് നൽകിയ മറുപടി അനുബന്ധമായി* ചേർക്കുന്നു.

(സി) 12-8-2022, 19-7-2022 തീയതികളിലെ ഔഷധിയുടെ ബോർഡ് മീറ്റിംഗിൽ വെൽനെസ് സെന്റർ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്താൻ കമ്മിറ്റിയെ നിയോഗിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ?

12-8-2022-ലെ ഔഷധി ബോർഡ് യോഗതീരുമാനപ്രകാരം താഴെ പറയുന്ന ഭരണസമിതി അംഗങ്ങളെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിച്ചു.

1. ശ്രീമതി ശോഭനാ ജോർജ്ജ്, എക്സ്-എം.എൽ.എ., ചെയർപേഴ്സൺ

2. ഡോ. ടി. കെ. ഹൃദീക്, മാനേജിംഗ് ഡയറക്ടർ

3. ഡോ. കെ. എസ്. പ്രിയ, ഡയറക്ടർ, ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻസ്

4. ശ്രീ. ഇ. എൻ. മോഹൻദാസ്, ഡയറക്ടർ

5. ശ്രീ. എ. എസ്. കുട്ടി, ഡയറക്ടർ

(ഡി) പ്രസ്തുത കമ്മിറ്റി സന്ദീപാനന്ദഗിരിയുടെ ആശ്രമം എന്നാണ് സന്ദർശിച്ചതെന്ന് വ്യക്തമാക്കാമോ?

31-8-2022-ൽ.

(ഇ) പ്രസ്തുത കമ്മിറ്റി തിരുവനന്തപുരത്ത് ഏതൊക്കെ സ്ഥാപനങ്ങൾ സന്ദർശിച്ചുവെന്ന വിവരം നൽകാമോ?

തിരുവനന്തപുരത്ത് മറ്റു സ്ഥലങ്ങൾ സന്ദർശിച്ചിട്ടില്ല.

(എഫ്) സ്വാമി സന്ദീപാനന്ദ ഗിരിയുടെ ആശ്രമം ഔഷധി ഏറ്റെടുത്തുകൊണ്ട് വെൽനെസ് സെന്റർ തുടങ്ങാനുള്ള തീരുമാനത്തിന് അംഗീകാരം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അംഗീകാരത്തിന്റെ പകർപ്പ് നൽകാമോ?

അംഗീകാരം നൽകിയിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സന്ദീപാനന്ദഗിരി ആശ്രമം ഏറ്റെടുക്കാൻ നടപടി

235 (2383) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സന്ദീപാനന്ദഗിരിയുടെ ആശ്രമം ഔഷധി ഏറ്റെടുത്ത് വെൽനെസ് സെന്റർ തുടങ്ങാൻ തീരുമാനമെടുത്തുവെന്ന പത്രവാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) ഔഷധിയുടെ ഏത് മീറ്റിംഗിലാണ് ഈ തീരുമാനം കൈക്കൊണ്ടതെന്ന് വിശദമാക്കാമോ; ഈ മീറ്റിംഗിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ?

തീരുമാനമെടുത്തിട്ടില്ല.

(സി) 21-10-2022-ലെ ഔഷധിയുടെ ബോർഡ് മീറ്റിംഗിന്റെ മിനിറ്റ്സ് ലഭ്യമാക്കാമോ?

മിനിറ്റ്സ് അനുബന്ധമായി *ചേർക്കുന്നു.

(ഡി) പ്രസ്തുത ആശ്രമം വാങ്ങാനുള്ള അനുമതിക്കായി ഔഷധി എം.ഡി. സർക്കാരിന് കത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ?

വെൽനെസ് സെന്റർ തുടങ്ങുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിനുള്ള തുടർ നടപടികൾക്കായി കത്ത് നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ഇ) ഔഷധി വെൽനെസ് സെന്റർ തുടങ്ങുന്നതിനായി ഫീസിബിലിറ്റി സ്റ്റഡി നടത്താൻ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ താല്പര്യപത്രം ക്ഷണിച്ചുകൊണ്ട് പത്രത്തിൽ പരസ്യം നൽകിയിരുന്നോ; എങ്കിൽ ഏത് പത്രത്തിലാണെന്നും പരസ്യം നൽകിയ തീയതിയും വ്യക്തമാക്കാമോ?

താൽപ്പര്യപത്രം ക്ഷണിച്ചിരുന്നു. 19-10-2022-ലെ 'The Hindu' ദിനപത്രത്തിന്റെ ഓൾ കേരള എഡിഷനിൽ പരസ്യം നൽകിയിട്ടുണ്ട്.

(എഫ്) ആശ്രമം വാങ്ങാനുള്ള അനുമതിക്കായി ഔഷധി എം.ഡി. സർക്കാരിന് കത്തയച്ച ശേഷമാണോ കൺസൾട്ടൻസിയെ തെരഞ്ഞെടുക്കാൻ താല്പര്യപത്രം ക്ഷണിച്ചുകൊണ്ട് പത്രത്തിൽ പരസ്യം നൽകിയതെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇതിന്റെ കാരണം വിശദമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വെൽനെസ് സെന്റർ തുടങ്ങാൻ സ്ഥലം ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് മാനേജിംഗ് ഡയറക്ടർ കത്ത് നൽകിയതിനുശേഷമാണ് പത്രപരസ്യം നൽകിയിട്ടുള്ളത്.

(ജി) 12-8-2022, 19-7-2022 ഇതിൽ ഏതെങ്കിലും തീയതികളിൽ നടന്ന ഔഷധിയുടെ ബോർഡ് മീറ്റിംഗിൽ സന്ദീപാനന്ദഗിരിയുടെ ആശ്രമം ഔഷധി ഏറ്റെടുക്കാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ ആ തീയതിയിലെ മീറ്റിംഗിന്റെ മിനിറ്റ്സ് നൽകാമോ?

തീരുമാനം കൈക്കൊണ്ടിട്ടില്ല.

ജില്ലാ മരുന്ന് സംഭരണ ശാലകൾ സംബന്ധിച്ച്

236 (2384) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലുള്ള ജില്ലാ മരുന്ന് സംഭരണശാലകൾ സ്വന്തം കെട്ടിടങ്ങളിലും വാടക കെട്ടിടങ്ങളിലുമായി പ്രവർത്തിക്കുന്നവയുടെ ജില്ല തിരിച്ചുള്ള വിവരം തരംതിരിച്ച് നൽകുമോ?

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലുള്ള സ്വന്തം കെട്ടിടങ്ങളിലും വാടക കെട്ടിടങ്ങളിലുമായി പ്രവർത്തിക്കുന്ന ജില്ലാ മരുന്ന് സംഭരണശാലകളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി *ചേർത്തിരിക്കുന്നു.

വനിതാ വികസന കോർപ്പറേഷനിലെ വിവിധ നിയമനങ്ങൾ

237 (2385) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 നവംബർ 1 മുതൽ 2022 നവംബർ 30 വരെ വനിതാ വികസന കോർപ്പറേഷനിൽ നടന്നിട്ടുള്ള താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ, ദിവസ വേതനക്കാർ, സർവീസിൽനിന്നും വിരമിച്ച ജീവനക്കാർ, സ്ഥിരം ജീവനക്കാർ എന്നിവരെ സംബന്ധിച്ച വിശദവിവരങ്ങൾ നൽകാമോ?

2016 നവംബർ 1 മുതൽ 2022 നവംബർ 30 വരെ വനിതാ വികസന കോർപ്പറേഷനിൽ നടത്തിയ നിയമനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

സർവ്വീസിൽ നിന്നും ഇക്കാലയളവിൽ വിരമിച്ച സ്ഥിരം ജീവനക്കാരുടെ എണ്ണം 5.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കാലയളവിൽ നിയമനം ലഭിച്ച ഓരോ ജീവനക്കാരന്റെയും പേരും തസ്തികയുടെ പേരും വിദ്യാഭ്യാസ യോഗ്യതയും ശമ്പളവും നിയമന രീതിയും മറ്റ് മാനദണ്ഡങ്ങളും അടക്കമുള്ള വിശദവിവരങ്ങൾ ലഭ്യമാക്കുമോ; സർക്കാർ അംഗീകരിച്ച ഏത് തസ്തികയിലേയ്ക്കാണ് പ്രസ്തുത നിയമനങ്ങൾ നടത്തിയതെന്ന് വ്യക്തമാക്കുമോ;

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നടത്തിയിട്ടുള്ള നിയമനങ്ങൾ ഏതൊക്കെയെന്ന് ലഭ്യമാക്കുമോ; എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരം നടത്താത്ത നിയമനങ്ങൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

(ബി&സി) പ്രസ്തുത കാലയളവിൽ നിയമനം ലഭിച്ച ഓരോ ജീവനക്കാരന്റെയും പേരും തസ്തികയുടെ പേരും വിദ്യാഭ്യാസ യോഗ്യതയും ശമ്പളവും നിയമന രീതിയും മറ്റ് മാനദണ്ഡങ്ങളും അടക്കമുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ഡി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് (സി.എൻ.വി.) ആക്ടിനും 5-1-1988-ലെ 39483/ജി2/87/എൽ.ബി.ആർ. സർക്കാർ ഉത്തരവടക്കമുള്ള മറ്റ് നിരവധി ഉത്തരവുകൾക്കും വിരുദ്ധമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനം നടത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത നിയമനങ്ങൾ നടത്തിയ മാനേജിംഗ് ഡയറക്ടർക്കെതിരെ ചട്ടപ്രകാരമുള്ള പ്രോസിക്യൂഷൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ സർക്കാർ ഉത്തരവുകളും ചട്ടങ്ങളും പ്രകാരമുള്ള നടപടികൾ സ്വീകരിക്കുമോ?

ഇക്കാലയളവിൽ സ്ഥാപനത്തിന്റെ സ്ഥിരം തസ്തികകളിൽ ഒന്നിൽ മാത്രമാണ് താൽക്കാലിക കരാർ നിയമനം നടത്തിയിട്ടുള്ളത്. ആയത് സി.എൻ.വി. ആക്ട് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്/തുറന്ന പരസ്യം മുഖേനയാണ് നടത്തിയിട്ടുള്ളത്. സ്ഥാപനത്തിലെ താൽക്കാലിക നിയമനങ്ങളിൽ കഴിഞ്ഞ രണ്ട് ദശാബ്ദങ്ങളായി തുടർന്നുവന്നിരുന്ന രീതിയിൽ 2016-2020 വരെ തുറന്ന പരസ്യം (പത്ര മാധ്യമം, വെബ്സൈറ്റ് മുതലായവ) വഴിയും 2020-21 മുതൽ കരാർ നിയമനങ്ങളെല്ലാംതന്നെ എംപ്ലോയ്മെന്റ്എക്സ്ചേഞ്ച്/ വെബ്സൈറ്റ്/ പത്രമാധ്യമങ്ങൾ തുടങ്ങിയവയുടെ സേവനം ഉപയോഗപ്പെടുത്തിയുമാണ് നടത്തിവരുന്നത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അങ്കണവാടി ജീവനക്കാർക്ക് ഓണറേറിയം വർദ്ധനവ്

238 (2386) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാർക്ക് 2021-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഓണറേറിയം വർദ്ധനവ് നൽകിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കാമോ; വിശദമാക്കാമോ?

(എ&ബി) ഇല്ല. സർക്കാരിന്റെ പരിഗണനയിലാണ്.

ഒറ്റപ്പാലം മണ്ഡലത്തിൽ മാതൃകാ അങ്കണവാടി അനുവദിക്കാൻ നടപടി

239 (2387) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാതൃകാ അങ്കണവാടികളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി പദ്ധതിപ്രകാരം സ്വന്തമായി 10 സെന്റ് സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് മാതൃക അങ്കണവാടി കെട്ടിടം നിർമ്മിക്കുന്നതിന് യൂണിറ്റ് കോസ്റ്റായ 23.75 ലക്ഷം രൂപയിൽ 17 ലക്ഷം രൂപ വകുപ്പ് വിഹിതമായും ബാക്കി 6.75 ലക്ഷം രൂപ ബന്ധപ്പെട്ട എം.എൽ.എ. വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. 2019-20 സാമ്പത്തിക വർഷം മുതൽ സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണ പദ്ധതി ആരംഭിച്ചതിനാൽ നിലവിൽ മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണം പ്രോത്സാഹിപ്പിച്ചുവരുന്നില്ല. സ്മാർട്ട് അങ്കണവാടി പദ്ധതിപ്രകാരം കെട്ടിട നിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് [10, 7.5, 5, 3, 3 (slopping terrain), 1.25 cent] അനുസരിച്ച് ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. സ്ഥലവും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതവും ലഭ്യമാകുന്ന അങ്കണവാടികൾക്ക് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സർക്കാർ അനുമതിക്ക് വിധേയമായി നിർമ്മാണാനുമതി നൽകുന്നു.

(ബി) ഒറ്റപ്പാലം മണ്ഡലത്തിൽ മാതൃകാ അങ്കണവാടി അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഒരു മാതൃകാ അങ്കണവാടി അനുവദിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

ഒറ്റപ്പാലം മണ്ഡലത്തിലെ തച്ചനാട്ടുക്കര ഗ്രാമപഞ്ചായത്തിലെ 152-ാം നമ്പർ അങ്കണവാടിക്ക് വകുപ്പ് വിഹിതമായി 17 ലക്ഷം രൂപയും എം.എൽ.എ. വിഹിതമായി 6.75 ലക്ഷം രൂപയും ചേർത്ത് ആകെ 23.75 ലക്ഷം രൂപ വിനിയോഗിച്ച് മാതൃക അങ്കണവാടി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്.

ശിശുക്ഷേമ സമിതിയിലെ ഭരണസമിതി തെരഞ്ഞെടുപ്പ്

240 (2388)ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ശിശുക്ഷേമ സമിതിയിലെ ഭരണസമിതി തെരഞ്ഞെടുപ്പ് ഹൈക്കോടതി റദ്ദാക്കിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ശിശുക്ഷേമ സമിതി ഭാരവാഹികൾ സ്ഥാനമൊഴിയണമെന്ന ഹൈക്കോടതി ഉത്തരവുണ്ടായിട്ടും സമിതി ഭാരവാഹികൾ അത് പാലിക്കാതെ അനധികൃതമായി തൽസ്ഥാനങ്ങളിൽ തുടരുന്നതും ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുന്നതും ഗൗരവത്തോടെ കാണുന്നുണ്ടോ?

ഹൈക്കോടതി ഉത്തരവിനുശേഷം സമിതി ഭാരവാഹികൾ തൽസ്ഥാനങ്ങളിൽ തുടരുകയോ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്യുകയോ ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കോടതി ഉത്തരവ് നിലനിൽക്കെ ഭാരവാഹികളുടെ നേതൃത്വത്തിൽ പൊതുപരിപാടി സംഘടിപ്പിച്ചുവെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ?

കോടതി ഉത്തരവ് നിലനിൽക്കെ സംസ്ഥാന ശിശുക്ഷേമ സമിതി ഭാരവാഹികളുടെ നേതൃത്വത്തിൽ പൊതുപരിപാടി സംഘടിപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ഭരണസമിതി തെരഞ്ഞെടുപ്പ് ഹൈക്കോടതി റദ്ദാക്കിയിട്ടും തൽസ്ഥാനത്ത് തുടർന്ന സമിതി ഭാരവാഹികളെ പുറത്താക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

സംസ്ഥാന ശിശുക്ഷേമ സമിതിയുടെ ഭരണസമിതി തെരഞ്ഞെടുപ്പ് ഹൈക്കോടതി റദ്ദാക്കിയതിനുശേഷം ഭരണ സമിതി തൽസ്ഥാനത്ത് തുടരുന്നില്ല. ബഹു. ഹൈക്കോടതിയുടെ ഉത്തരവിന്റെ വെളിച്ചത്തിൽ സർക്കാർ നിയമിച്ച അഡ്മിനിസ്ട്രേറ്റർ ഭരണച്ചുമതല വഹിക്കുന്നു.

അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി

241 (2389) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധിയിൽ നിലവിൽ എത്ര അംഗങ്ങൾ അംഗത്വമെടുത്തിട്ടുണ്ടെന്ന് അറിയിക്കാമോ?

അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധിയിൽ 31644 വർക്കർമാരും 27687 ഹെൽപ്പർമാരും അംഗത്വമെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത ക്ഷേമനിധിയിൽ വർക്കർമാരുടെയും ഹെൽപ്പർമാരുടെയും പ്രതിമാസ വിഹിതം എത്രയാണെന്നും അവർക്ക് ലഭിക്കുന്ന പെൻഷൻ എത്രയാണെന്നും അറിയിക്കാമോ?

അങ്കണവാടി വർക്കേഴ്സ് & ഹെൽപ്പേഴ്സ് ക്ഷേമനിധിയിലേയ്ക്ക് അങ്കണവാടി വർക്കർമാർ 500 രൂപയും അങ്കണവാടി ഹെൽപ്പർമാർ 250 രൂപയും ക്ഷേമനിധി വിഹിതമായി പ്രതിമാസം അടയ്ക്കുന്നു. അങ്കണവാടി വർക്കർമാർക്ക് 2,500 രൂപയും അങ്കണവാടി ഹെൽപ്പർമാർക്ക് 1,500 രൂപയും പ്രതിമാസ പെൻഷനായി നൽകിവരുന്നു.

(സി) എന്തെല്ലാം ആനുകൂല്യങ്ങളാണ് അംഗങ്ങൾക്ക് ഈ ക്ഷേമനിധിയിൽ നിന്ന് ലഭിക്കുന്നതെന്നും വിവിധ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അർഹതാമാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും സഹായധനം എത്രയാണെന്നും വിശദമാക്കാമോ?

അങ്കണവാടി ജീവനക്കാരായി സേവനമനുഷ്ഠിക്കുന്നവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

വിരമിച്ച അങ്കണവാടി വർക്കർമാർക്ക് 2,500 രൂപയും ഹെൽപ്പർമാർക്ക് 1,500 രൂപയും പ്രതിമാസം പെൻഷനായും അങ്കണവാടി വർക്കർമാർക്ക് 15,000 രൂപയും അങ്കണവാടി ഹെൽപ്പർമാർക്ക് 10,000 രൂപ ഗ്രാറ്റുവിറ്റിയായും നൽകിവരുന്നു. ആകെ അടച്ച ക്ഷേമനിധി വിഹിതം + 8% പലിശ + സർക്കാർ വിഹിതം ബെനിഫിറ്റായും നൽകുന്നു. അങ്കണവാടി ജീവനക്കാരായിരിക്കെ രാജിവച്ചവർക്ക് (കുറഞ്ഞത് 60 മാസത്തെ ക്ഷേമനിധി വിഹിതം അടച്ചവർക്ക്) ആകെ അടച്ച ക്ഷേമനിധി വിഹിതം + 8% പലിശ + സർക്കാർ വിഹിതം ആനുകൂല്യമായി നൽകുന്നു. മരണപ്പെട്ട ജീവനക്കാർക്കുള്ള (കുറഞ്ഞത് 24 മാസം ക്ഷേമനിധി വിഹിതം അടച്ചവർക്ക്) മരണാനന്തരാനുകൂല്യമായി 10,000 രൂപ + ആകെ അടച്ച ക്ഷേമനിധി വിഹിതം + 8% പലിശ + സർക്കാർ വിഹിതം നൽകുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോങ്ങാട് മണ്ഡലത്തിലെ അങ്കണവാടി

242 (2390) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വിവരം ലഭ്യമാക്കാമോ?

കോങ്ങാട് മണ്ഡലത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ബി) മണ്ണൂരിലെ സ്മാർട്ട് അങ്കണവാടിയുടെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

മണ്ണൂരിലെ സെന്റർ നമ്പർ 116, നെല്ലിക്കാട് സ്മാർട്ട് അങ്കണവാടിയുടെ കെട്ടിടനിർമ്മാണം അവസാനഘട്ടത്തിലാണ്. പ്ലാസ്റ്ററിംഗ് പ്രവൃത്തികൾ ചെയ്യുവരുന്നു.

അരൂർ മണ്ഡലത്തിലെ അങ്കണവാടികൾ

243 (2391) ശ്രീമതി ദലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അങ്കണവാടികളിൽ സ്വന്തമായി കെട്ടിടമുള്ള അങ്കണവാടികൾ എത്രയെന്നും സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടമില്ലാത്തവ എത്രയാണെന്നും വിശദമാക്കാമോ;

(സി) അരൂർ മണ്ഡലത്തിൽ എത്ര അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളാണെന്ന് അറിയിക്കാമോ?

(എ-സി) അരൂർ മണ്ഡലത്തിൽ 256 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. അവയിൽ 157 അങ്കണവാടികൾ സ്വന്തമായി സ്ഥലവും കെട്ടിടവുമുള്ളവയാണെങ്കിലും 32 അങ്കണവാടികൾക്ക് സ്ഥലമുണ്ടെങ്കിലും സ്വന്തമായി കെട്ടിടമില്ല. അരൂർ മണ്ഡലത്തിൽ സ്മാർട്ട് അങ്കണവാടികളില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അങ്കണവാടികളുടെ വാടക നൽകുന്നതിന് നടപടി

244 (2392) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എത്ര അങ്കണവാടികൾ നിലവിലുണ്ട്?

സംസ്ഥാനത്ത് നിലവിൽ 7100 അങ്കണവാടികൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

(ബി) പ്രസ്തുത അങ്കണവാടികളുടെ വാടക സർക്കാർ യഥാസമയം നൽകാതെ മാസങ്ങൾക്കുശേഷം നൽകുന്നതിനാൽ അതത് മാസം കെട്ടിട ഉടമകൾക്ക് നൽകേണ്ട വാടക തുച്ഛവരുമാനക്കാരായ അങ്കണവാടി ജീവനക്കാർ നൽകേണ്ടതായ സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയം പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട് PFMS മുഖേന നടപ്പാക്കണമെന്നാണ് കേന്ദ്ര നിർദ്ദേശമുണ്ടായിരുന്നത്. സാങ്കേതിക കാരണങ്ങളാൽ PFMS നടപ്പാക്കുന്നതിന് കാലതാമസം നേരിട്ടതിനാലും കേന്ദ്ര ഫണ്ട് ലഭ്യമാകാത്ത സാഹചര്യത്തിലും പദ്ധതിയുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി സംസ്ഥാന സർക്കാർ അഡ്വാൻസായി 50 കോടി രൂപ അനുവദിക്കുകയും ടി തുക വിനിയോഗിച്ച് നടപ്പ് സാമ്പത്തിക വർഷം സംസ്ഥാനത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ 2022 മാർച്ച് മുതൽ ഓഗസ്റ്റ് വരെയുള്ള വാടക 26-8-2022-നും സെപ്റ്റംബർ മുതൽ ഡിസംബർ മാസം വരെയുള്ള വാടക 7-11-2022-നും ഇതിനോടകം അനുവദിച്ചിട്ടുണ്ട്. കൂടാതെ അങ്കണവാടി കെട്ടിടങ്ങളുടെ വാടക യഥാസമയം കെട്ടിട ഉടമകൾക്ക് മാറി നൽകുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

മട്ടന്നൂർ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററിന്റെ കെട്ടിട നിർമ്മാണ പുരോഗതി

245 (2393) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ മണ്ഡലത്തിലെ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററിന്റെ (എം.സി.ആർ.സി.) കെട്ടിട നിർമ്മാണ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ?

മട്ടന്നൂർ മണ്ഡലത്തിലെ മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററിന്റെ (MCRC) കെട്ടിട നിർമ്മാണത്തിനായി 10-3-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 130/2017/എസ്.ജെ.ഡി. പ്രകാരം 3,30,00,000 രൂപയുടെ ഭരണാനുമതി നൽകുകയും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ 17-1-2019-ലെ CE/BLDGS/5754/KNR/2018 നമ്പർ കത്തുപ്രകാരം 2,98,00,000 രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്ററിന്റെ കെട്ടിടനിർമ്മാണം നടത്തുന്നത്. കെട്ടിടനിർമ്മാണത്തിന്റെ ഇലക്ട്രിഫിക്കേഷൻ ഒഴികെയുള്ള പ്രവൃത്തികൾ അന്തിമഘട്ടത്തിലാണ്. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കുവേണ്ടി 15 ലക്ഷം രൂപയുടെ സാങ്കേതികാനുമതി പൊതുമരാമത്ത് ഇലക്ട്രിക്കൽ ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 4-11-2022-ലെ EL/DB/GEN 16/2022 നമ്പർ കത്തുപ്രകാരം ലഭ്യമായിട്ടുണ്ട്. നാളിതുവരെ നിർമ്മാണ പ്രവൃത്തികൾക്കായി മൂന്ന് പാർട്ട് ബില്ലുകളായി 2,73,50,346 രൂപ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. അംഗീകരിച്ച എസ്റ്റിമേറ്റിൽനിന്നും അധികരിച്ച് ചില പ്രവൃത്തികൾ കെട്ടിടനിർമ്മാണ സമയത്ത് ആവശ്യമായി വന്നതിനെത്തുടർന്ന് നിർമ്മാണ ഏജൻസിയായ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി 3,21,12,172 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും ആയത് അംഗീകാരത്തിനും അതിനനുസരിച്ചുള്ള പുതുക്കിയ സാങ്കേതിക അനുമതിക്കുമായി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിരിക്കുകയുമാണ്.

(ബി) മട്ടന്നൂർ എം.സി.ആർ.സി. പ്രവർത്തനം സജ്ജമാക്കുന്നതിന് ആവശ്യമായ ഉപകരണങ്ങളും ചുറ്റുമതിൽ നിർമ്മാണം ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങളുമൊരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കെട്ടിട നിർമ്മാണത്തിന് മാത്രമാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത്. ആയതിനാൽ ഉപകരണങ്ങളും ചുറ്റുമതിൽ നിർമ്മാണം ഉൾപ്പെടെയുള്ള മറ്റ് സംവിധാനങ്ങളും നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല.

അംഗൻവാടി വർക്കർ ക്ഷേമനിധി പെൻഷൻ

246 (2394) ശ്രീ. പി. നന്ദകുമാർ: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അംഗൻവാടി വർക്കർ ക്ഷേമനിധി പെൻഷൻ അപേക്ഷകൾ ദീർഘകാലമായി ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ കാര്യാലയത്തിൽ

കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആറ് മാസത്തിലധികമായി കെട്ടിക്കിടക്കുന്ന എത്ര അപേക്ഷകളുണ്ടെന്നും പ്രസ്തുത അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിനുള്ള തടസ്സമെന്താണെന്നും വ്യക്തമാക്കാമോ?

2022 ഏപ്രിൽ 30-ന് വിരമിച്ച 1915 അംഗൻവാടി വർക്കർ/ഹെൽപ്പർമാരിൽ 952 പേർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. 253 അംഗൻവാടി വർക്കർ/ഹെൽപ്പർമാരുടെ പെൻഷൻ അപേക്ഷകളുടെ പ്രോസസ്സിംഗ് പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 710 പേരുടെ പെൻഷൻ അപേക്ഷകൾ പ്രോസസ്സ് ചെയ്യുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു. അപേക്ഷകരിലുണ്ടായ വർദ്ധനവുമൂലമാണ് സമയബന്ധിതമായി നടപടി പൂർത്തീകരിക്കാൻ സാധിക്കാതെ വന്നത്.

സ്മാർട്ട്, മോഡൽ അങ്കണവാടികൾ

247 (2395) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികളെ സ്മാർട്ട്, മോഡൽ അങ്കണവാടികളായി തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡം വിശദമാക്കാമോ?

സ്വന്തമായി കെട്ടിടമില്ലാതെ വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നതും സ്വന്തമായി കെട്ടിടമുണ്ടായിട്ടും അങ്കണവാടി പ്രവർത്തനം നടത്തുന്നതിന് അനുയോജ്യമല്ലെന്ന് ബന്ധപ്പെട്ട എഞ്ചിനീയർമാർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ അങ്കണവാടികൾക്കാണ് വകുപ്പുമുഖേന അങ്കണവാടി കെട്ടിടങ്ങൾ നിർമ്മിച്ചുവരുന്നത്. സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം കെട്ടിടനിർമ്മാണത്തിനായി ലഭ്യമാകുന്ന സ്ഥലത്തിന്റെ വിസ്തൃതിക്ക് [10, 7.5, 5, 3, 3 (slopping terrain), 1.25 cent] അനുസരിച്ച് ഒരു നിശ്ചിത തുക വകുപ്പ് വിഹിതമായും ബാക്കി തുക ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ വിഹിതമായും കണ്ടെത്തുന്നതിനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഇപ്രകാരമുള്ള അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി പദ്ധതി പ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായി അനുയോജ്യമായ സ്ഥലവും വകുപ്പ് വിഹിതത്തിന് പുറമെയുള്ള LSGD വിഹിതം വകയിരുത്തിക്കൊണ്ടുള്ള ഭരണസമിതി തീരുമാനവും ലഭ്യമാകുന്ന മുറയ്ക്ക് ഓരോ വർഷത്തെയും ബജറ്റ് വിഹിതത്തിൽ നിജപ്പെടുത്തി സർക്കാർ അനുമതിക്ക് വിധേയമായി സ്മാർട്ട് അങ്കണവാടി പദ്ധതിപ്രകാരം കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകി വരുന്നു. 'ഒരു നിയോജകമണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി' പദ്ധതിപ്രകാരം കെട്ടിടം നിർമ്മിക്കുന്നതിനായി 10 സെന്റ് സ്ഥലം ലഭ്യമാകുന്ന അങ്കണവാടികൾക്ക് വകുപ്പ്

വിഹിതമായി 17 ലക്ഷം രൂപയ്ക്ക് പുറമേയുള്ള 6.75 ലക്ഷം രൂപ എം.എൽ.എ. ഫണ്ടിൽനിന്നും വഹിക്കാമെന്നുള്ള ബന്ധപ്പെട്ട എം.എൽ.എ.-യുടെ ശിപാർശ കത്ത് ലഭ്യമാകുന്ന മുറയ്ക്ക് സർക്കാർ അനുമതിക്ക് വിധേയമായി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിവരുന്നു.

(ബി) 2016 മേയ് മാസത്തിനുശേഷം എത്ര അങ്കണവാടികളെയാണ് സ്മാർട്ട്, മോഡൽ എന്നീ കാറ്റഗറിയിലേയ്ക്ക് ഉയർത്താൻ തെരഞ്ഞെടുത്തതെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

2016 മേയ് മാസത്തിനുശേഷം സ്മാർട്ട് അങ്കണവാടി പദ്ധതിപ്രകാരം 204 അങ്കണവാടികളെയും മോഡൽ അങ്കണവാടി പദ്ധതിപ്രകാരം 13 അങ്കണവാടികളെയും സ്മാർട്ട്, മോഡൽ എന്നീ കാറ്റഗറിയിലേയ്ക്ക് ഉയർത്താൻ തെരഞ്ഞെടുത്ത് നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. മണ്ഡലം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

അരുവിക്കര മണ്ഡലത്തിലെ അങ്കണവാടികൾ

248 (2396) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികളുടെ പേരുവിവരം പഞ്ചായത്ത് തിരിച്ച് നൽകാമോ?

അരുവിക്കര മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമില്ലാത്ത 62 അങ്കണവാടികൾ നിലവിലുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) അരുവിക്കര മണ്ഡലത്തിലെ ഏതെല്ലാം അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യത്തിൽ പരിമിതിയുണ്ടെന്ന് വ്യക്തമാക്കാമോ?

അരുവിക്കര മണ്ഡലത്തിൽ 36 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യത്തിൽ പരിമിതികളുണ്ട്. വിശദാംശം അനുബന്ധമായി*ചേർക്കുന്നു.

സറോഗസി പദ്ധതി

249 (2397) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സറോഗസി പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ വാടക ഗർഭധാരണ ക്ലിനിക്കുകൾക്ക് അംഗീകാരം നൽകുന്നതിനുള്ള വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) അപേക്ഷകൾ സമർപ്പിക്കേണ്ടത് ആർക്കാണ്; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) സറോഗസി പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ വാടക ഗർഭധാരണ ക്ലിനിക്കുകൾക്ക് അംഗീകാരം/രജിസ്ട്രേഷൻ ലഭിക്കുന്നതിനായി 2022-ലെ സറോഗസി (റഗുലേഷൻ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം നിർണ്ണയിക്കപ്പെട്ടിട്ടുള്ള ഫാം 3-ൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. ചട്ടം 10 ഉപചട്ടം (2)-ൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം സറോഗസി ക്ലിനിക്കിന്റെ രജിസ്ട്രേഷനുള്ള അപേക്ഷയോടൊപ്പം അപേക്ഷാ ഫീസായ രണ്ട് ലക്ഷം രൂപ 799011400007601 എന്ന ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ Chairperson, Appropriate Authority എന്ന വിലാസത്തിൽ അടച്ച അസൽ ട്രഷറി ചെലാൻ, ക്ലിനിക്കിന്റെ അപേക്ഷയുടെ കോപ്പി സഹിതം ഇ-മെയിൽ വഴി dhskerala@gmail.com-ലേയ്ക്ക് സമർപ്പിക്കേണ്ടതാണ്. സർക്കാർ സ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന സറോഗസി ക്ലിനിക്കുകൾക്ക് അപേക്ഷാ ഫീസ് നൽകേണ്ടതില്ല. നിശ്ചിത ഫീസ് സഹിതം അപേക്ഷ സമർപ്പിച്ചിട്ടുള്ള സറോഗസി ക്ലിനിക്കുകളിൽ 2021-ലെ സറോഗസി (റഗുലേഷൻ) ആക്ടിലെ 11(4), 12(1) പ്രകാരം അപ്രോപ്രിയേറ്റ് അതോറിറ്റി അന്വേഷണം നടത്തുകയും ആക്ടിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ ടി സ്ഥാപനം പാലിച്ചിട്ടുണ്ടെന്ന് ബോധ്യപ്പെട്ടശേഷം അപ്രോപ്രിയേറ്റ് അതോറിറ്റി മൂന്ന് വർഷത്തേയ്ക്ക് രജിസ്ട്രേഷൻ നൽകുന്നതുമാണ്. ചട്ടത്തിൽ നിർണ്ണയിക്കുന്ന പ്രകാരമുള്ള ഫീസൊടുക്കി കാലാകാലങ്ങളിൽ രജിസ്ട്രേഷൻ പുതുക്കാവുന്നതാണ്.

(സി) സംസ്ഥാനത്ത് സറോഗസി പദ്ധതി നടപ്പാക്കുമ്പോൾ അഭിമുഖീകരിക്കേണ്ടിവരുന്ന പ്രശ്നങ്ങളും ചൂഷണങ്ങളും ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ?

സറോഗസി ക്ലിനിക്കിന്റെ പ്രവർത്തനത്തെ സംബന്ധിച്ച് പരാതി ലഭിച്ചാൽ അപ്രോപ്രിയേറ്റ് അതോറിറ്റിക്ക് സ്വമേധയാ കേസ് എടുക്കാവുന്നതും ക്ലിനിക്കിന്റെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യാതിരിക്കുന്നതിനോ റദ്ദാക്കാതിരിക്കുന്നതിനോ കാരണം കാണിക്കൽ നോട്ടീസ് നൽകാവുന്നതുമാണ്. പ്രസ്തുത ക്ലിനിക്കുകൾ ആക്ടിലെ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ ബന്ധപ്പെട്ടവരെ കേൾക്കുവാനുള്ള അവസരം നൽകിയശേഷം ടി സ്ഥാപനത്തിനെതിരെ ക്രിമിനൽ നടപടി ആരംഭിച്ചിട്ടുണ്ടെങ്കിൽത്തന്നെയും സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സസ്പെൻഡ് ചെയ്യുന്നതിനോ റദ്ദ് ചെയ്യുന്നതിനോ അപ്രോപ്രിയേറ്റ് അതോറിറ്റിക്ക് അധികാരമുണ്ട്. അപ്രകാരം പൊതുജനതാൽപ്പര്യാർത്ഥം നോട്ടീസ് നൽകാതെ തന്നെ കാര്യകാരണങ്ങൾ ലിഖിതമാക്കിക്കൊണ്ട് അത്തരം ക്ലിനിക്കുകളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്യുന്നതിന് അപ്രോപ്രിയേറ്റ് അതോറിറ്റിക്ക് അധികാരമുണ്ട്.

പുതിയ അങ്കണവാടികൾക്കുള്ള അനുമതി

250 (2398) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ എത്ര അങ്കണവാടികൾക്ക് അനുമതി നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ചു വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അങ്കണവാടികൾ തുടങ്ങാൻ എത്ര ചെലവുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനായി കേന്ദ്ര വിഹിതം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(സി) പുതിയ അങ്കണവാടികൾക്കുള്ള അനുമതി സംസ്ഥാന സർക്കാർ റദ്ദാക്കിയെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കാമോ?

(എ-സി) സംസ്ഥാനത്ത് പുതിയ അങ്കണവാടികൾ അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടില്ല.

തൃക്കാക്കര മണ്ഡലത്തിലെ അങ്കണവാടികൾ

251 (2399) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മണ്ഡലത്തിൽ എത്ര അങ്കണവാടികളുണ്ടെന്നും ഏതെല്ലാമെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

തൃക്കാക്കര മണ്ഡലത്തിൽ ആകെ 93 അങ്കണവാടികൾ പ്രവർത്തിക്കുന്നു. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) അവയിൽ ഏതെല്ലാം അങ്കണവാടികൾക്കാണ് സ്വന്തമായി കെട്ടിടമുള്ളതെന്ന വിവരം ലഭ്യമാക്കാമോ?

തൃക്കാക്കര മണ്ഡലത്തിൽ സ്വന്തമായി കെട്ടിടമുള്ള 40 അങ്കണവാടികളുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) പ്രസ്തുത അങ്കണവാടികളിൽ സ്വന്തമായി സ്ഥലമുള്ളതും എന്നാൽ കെട്ടിടമില്ലാത്തതുമായവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ; ഈ അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

തൃക്കാക്കര മണ്ഡലത്തിൽ സ്വന്തമായി സ്ഥലമുള്ളതും എന്നാൽ കെട്ടിടമില്ലാത്തതുമായ അങ്കണവാടികളില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടി

252 (2400) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് സ്ക്വാഡ് പ്രവർത്തനം നടത്തുന്നതിന് പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിൽനിന്നുള്ള (താലൂക്ക് സപ്ലൈ ഓഫീസർമാർ, അസിസ്റ്റന്റ് താലൂക്ക് സപ്ലൈ ഓഫീസർമാർ, റേഷനിംഗ് ഇൻസ്പെക്ടർമാർ) ജീവനക്കാരുടെ പട്ടിക തയ്യാറാക്കി പത്തനംതിട്ട ജില്ലാകളക്ടർക്ക് സമർപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പത്തനംതിട്ട ജില്ലാകളക്ടറുടെ നടപടിക്രമപ്രകാരം ജീവനക്കാരെ ശബരിമല ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്. 2022-23-ലെ ശബരിമല തീർത്ഥാടനവുമായി ബന്ധപ്പെട്ട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ദർശനത്തിനായി എത്തിച്ചേരുന്ന ഭക്തജനങ്ങൾക്കുവേണ്ടി പത്തനംതിട്ട, കോട്ടയം, ആലപ്പുഴ, ഇടുക്കി ജില്ലകളിലെ വെജിറ്റേറിയൻ ഹോട്ടലുകളിൽ അവശ്യസാധന നിയമപ്രകാരം ശബരിമല സീസണിൽ വില നിശ്ചയിക്കാനും വെജിറ്റേറിയൻ ആഹാര പദാർത്ഥങ്ങൾ അവശ്യസാധന നിയമത്തിന്റെ പിരിധിയിൽ കൊണ്ടു വരുന്നതിലേയ്ക്കുമായി കോട്ടയം ജില്ലാകളക്ടർ 2-11-2021-ന് കേരള ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് അസോസിയേഷൻ ഭാരവാഹികളും വ്യാപാരി വ്യവസായി പ്രതിനിധികളും പ്രധാന ഇടത്താവളങ്ങളിലെ ഹോട്ടൽ ഉടമകളും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുമായും ചർച്ച ചെയ്തതിൻപ്രകാരം പത്തനംതിട്ട ജില്ലയിലെ വില നിർണ്ണയം താരതമ്യം ചെയ്തും 2022-23 ശബരിമല തീർത്ഥാടന കാലത്തേയ്ക്ക് എരുമേലിയിലെയും കോട്ടയം, പത്തനംതിട്ട ജില്ലകളിലെ മറ്റ് ഇടത്താവളങ്ങളിലെയും ജില്ലയിലെ വിവിധ സ്ഥലങ്ങളിലെയും എല്ലാ വെജിറ്റേറിയൻ ഭക്ഷണസാധനങ്ങളുടെയും വില നിശ്ചയിച്ചുനൽകിയിട്ടുണ്ട്. ഇപ്രകാരം നിജപ്പെടുത്തിയ വിലകൾ മലയാളം കൂടാതെ മറ്റ് 5 ഭാഷകളിൽ പ്രിന്റ് ചെയ്ത് ടി ഇടത്താവളങ്ങളിലെ ഹോട്ടലുകളിൽ പ്രദർശിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മാത്രമല്ല ടി വിവരം മലയാളത്തിലെ പ്രമുഖ ദിനപ്പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പാലിക്കുന്നുണ്ടോയെന്ന് ഉറപ്പുവരുത്തുന്നതിനായി പരിശോധനകൾ കൃത്യമായി നടത്തുന്നതിന് ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ആഫീസർമാർക്ക് കർശനനിർദ്ദേശം നൽകുകയും റേഷനിംഗ് ഇൻസ്പെക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കോട്ടയം

ജില്ലാകളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി എരുമേലിയിൽ പരിശോധനാ സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്. പത്തനംതിട്ട ജില്ലാകളക്ടറുടെ നേതൃത്വത്തിൽ നിലയ്ക്കൽ, പമ്പ, സന്നിധാനം എന്നിവിടങ്ങളിലെ പരിശോധനാ സ്ക്വാഡിലേയ്ക്ക് കോട്ടയം ജില്ലയിൽനിന്നുള്ള ഉദ്യോഗസ്ഥരുടെ സേവനം അനുവദിച്ചിട്ടുണ്ട്. കൂടാതെ കോട്ടയം ജില്ലാകളക്ടറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഹോട്ടലുകളും മറ്റ് പൊതുവിപണികളും പരിശോധിക്കുന്നതിനായി പത്തനംതിട്ട ജില്ലയിലെ 5 താലൂക്കുകളിലും സംയുക്ത പരിശോധനാ സ്ക്വാഡുകൾ രൂപീകരിച്ചിട്ടുണ്ട്. ശബരിമല മകരവിളക്ക് മഹോത്സവകാലത്ത് വിവിധ വകുപ്പുകളിൽനിന്ന് സ്പെഷ്യൽ ഡ്യൂട്ടിക്കായി എത്തിച്ചേരുന്ന ഉദ്യോഗസ്ഥർ, വിശുദ്ധ സേനാംഗങ്ങൾ, ദിവസവേതന ജോലിക്കാർ മുതലായവർക്ക് ഭക്ഷണം പാകം ചെയ്ത് നൽകുന്നതിനും അപ്പം, അരവണ മുതലായവ തയ്യാറാക്കുന്നതിനും സൗജന്യ അന്നദാനത്തിനുമായി എരുമേലി ദേവസ്വത്തിന് പ്രതിദിനം 20 എണ്ണം എന്ന ക്രമത്തിൽ മണ്ഡല മകരവിളക്ക് കാലത്ത് മാത്രമായി ഗ്യാസ് സിലിണ്ടറുകൾ അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പൊതുനിരത്തുകൾ കയ്യേറി ലൈസൻസില്ലാതെയും വൃത്തിഹീനമായും ഭക്ഷണപദാർത്ഥങ്ങൾ വിതരണം നടത്തുന്ന ഭക്ഷ്യ-വ്യാപാര സ്ഥാപനങ്ങൾക്കെതിരെ പരിശോധന നടത്തി നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത്/മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കോന്നിയിൽ ആരംഭിക്കുന്ന ഗോഡൗണിന്റെ പ്രവർത്തനം സംബന്ധിച്ച നടപടികൾ വിശദമാക്കാമോ?

പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്കിൽ പൊതുവിതരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മിക്കുന്നതിന്റെ ഭാഗമായി ഭൂമിയുടെ സ്കെച്ച് പ്ലാൻ, വകുപ്പ് അംഗീകരിച്ച എൻ.എഫ്.എസ്.എ. ഗോഡൗണിന്റെ രൂപരേഖ എന്നിവ എക്സിക്യൂട്ടീവ് എഞ്ചിനീയർ, പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം), പത്തനംതിട്ടയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ ഭാഗമായി കൈമാറിയിട്ടുണ്ട്. ടി സ്ഥലത്ത് പി.ഡബ്ല്യൂ.ഡി.-യുടെ നേതൃത്വത്തിൽ 5-12-2022-ന് കോണ്ടൂർ സർവ്വെ നടത്തുകയും ആയതിന്റെ തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്. 2022-23 സാമ്പത്തികവർഷം പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുള്ള തുക വിനിയോഗിച്ചുകൊണ്ടാണ് കോന്നിയിലെ ഗോഡൗൺ നിർമ്മാണം പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നത്.

ഭക്ഷ്യഭദ്രത ഗോഡൗണുകളിലെ പരിശോധന

253 (2401) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യഭദ്രതാ ഗോഡൗണുകളിൽ സ്റ്റോക്ക് കുറവായതിന്റെ അടിസ്ഥാനത്തിൽ ഏതെല്ലാം ഗോഡൗണുകളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്; വിശദമാക്കാമോ?

വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) 15-1-2018-ൽ പൊതുവിതരണ വകുപ്പ് സംസ്ഥാനതല ഇൻസ്പെഷൻ ടീം പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ എത്ര ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) പ്രസ്തുത ജീവനക്കാർക്കെതിരെയുള്ള വകുപ്പുതല നടപടി ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

(ബി&സി) മൂന്ന് ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; ഇതിൽ കാട്ടാക്കട താലൂക്ക് സപ്ലൈ ഓഫീസർ ആയിരിക്കെ സേവനത്തിൽനിന്നും വിരമിച്ച ശ്രീ. സി. ആർ. അജിത്തിന് പ്രൊവിഷണൽ പെൻഷൻ ഒഴികെ മറ്റ് ആനുകൂല്യങ്ങളൊന്നും നൽകിയിട്ടില്ല. വർക്കല താലൂക്ക് സപ്ലൈ ഓഫീസർ ആയിരിക്കെ സേവനത്തിൽനിന്നും വിരമിച്ച ശ്രീ. എ. എം. ഷാജഹാന് സപ്ലൈകോയിൽനിന്നും എൻ.എൽ.സി. ലഭ്യമാക്കാത്തതിനാൽ പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചുനൽകിയിട്ടില്ല. ഇവർക്കെതിരെ തുടർനടപടി സ്വീകരിക്കുന്നതിനായി പ്രസ്തുത ഉദ്യോഗസ്ഥരുടെ ബാധ്യത തിട്ടപ്പെടുത്തി അച്ചടക്ക നടപടിക്കുള്ള ഉചിതമായ പ്രൊപ്പോസൽ ലഭ്യമാക്കാൻ പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ സേവനത്തിലുള്ള റേഷനിംഗ് ഇൻസ്പെക്ടർ ശ്രീമതി മനുജ ആർ. വി.-ക്ക് കുറ്റപത്രം നൽകിയിട്ടുണ്ട്.

ക്രമക്കേടുകൾ കണ്ടെത്താൻ പരിശോധന

254 (2402) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അരിയുടെയും വിവിധ പലവ്യഞ്ജനങ്ങളുടെയും ബിസ്കറ്റ് ഉൾപ്പെടെയുള്ള സാധനങ്ങളുടെയും വിലക്കയറ്റം സർക്കാരിന്റെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാനും വിപണി ഇടപെടലിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ബിസ്കറ്റും സോപ്പും പോലെയുള്ള സാധനങ്ങളുടെ വില കൂട്ടുകയും അളവ് കുറയ്ക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പരിശോധനകൾ നടത്തിയതിൽ ക്രമക്കേടുകൾ കണ്ടെത്തി നടപടി സ്വീകരിച്ചത് ഏതെല്ലാം സ്ഥാപനങ്ങൾക്കെതിരെയാണ്; എത്ര സ്ഥാപനങ്ങൾക്ക് എതിരെയാണ് ജില്ലാതല അടിസ്ഥാനത്തിൽ നടപടി സ്വീകരിച്ചിട്ടുള്ളത്?

ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, ഇന്ധനവില വർദ്ധനവ്, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ സംസ്ഥാനത്ത് അരിയുടെയും വിവിധ പലവ്യഞ്ജനങ്ങളുടെയും വില വർദ്ധനവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബിസ്കറ്റ്, സോപ്പ് എന്നിവയുടെ വില കൂട്ടുകയും അളവ് കുറയ്ക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും സർക്കാരിന്റെ കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ, പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ (4 ഇനം അരി, പഞ്ചസാര, മുളക്, മല്ലി, 5 ഇനം പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ തുടങ്ങിയവ) പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനംവരെ വിലക്കുറവിൽ സപ്ലൈകോ വിൽപ്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വിൽപ്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വിൽപ്പന വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യവസ്തുക്കൾ സപ്ലൈകോ വിൽപ്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം 2021-22 സാമ്പത്തികവർഷം 270.68 കോടി രൂപയുടെയും 2022-23 സാമ്പത്തിക വർഷം (ഒക്ടോബർ-2022 വരെ) 312.48 കോടി രൂപയുടെയും പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സപ്ലൈകോയുടെ മൊബൈൽ മാവേലി വാഹനങ്ങൾ വഴി സംസ്ഥാനത്തെ എല്ലാ താലൂക്കുകളിലും പ്രത്യേകിച്ച് സപ്ലൈകോ വിൽപ്പനശാലകൾ കുറവുള്ളയിടങ്ങളിൽ അരിയും മറ്റ് അവശ്യസാധനങ്ങളും ലഭ്യമാക്കുന്നതിനായി 'അരിവണ്ടി' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിച്ച് വിജയകരമായി നടപ്പിലാക്കി. ഒരാഴ്ചകൊണ്ട് 1.31 ലക്ഷം കിലോ അരിയാണ് 'അരിവണ്ടി' മുഖേന

സബ്സിഡി നിരക്കിൽ സംസ്ഥാനത്തെ റേഷൻകാർഡുടമകൾക്ക് വിതരണം ചെയ്തത്. ഇത്തരത്തിൽ സപ്ലൈകോയുടെയും മറ്റ് സർക്കാർ സംവിധാനങ്ങളുടെയും കാര്യക്ഷമമായ ഇടപെടൽമൂലം അരിയുടെയുംമറ്റും വിലവർദ്ധനവിന്റെ ആഘാതം പൊതുജനങ്ങൾക്ക് അനുഭവപ്പെട്ടുന്നില്ല. 90 ചില്ലറ മെഡിക്കൽ സ്റ്റോറുകൾ അവശ്യമരുന്നുകളും ജീവൻ രക്ഷാമരുന്നുകളും 13% മുതൽ 50% വരെ വിലക്കുറവിൽ വിറ്റ് ജനങ്ങൾക്ക് ആശ്വാസമെത്തിക്കുന്നു. കൂടാതെ ബി.പി.എൽ. കാർഡുടമകൾക്ക് എല്ലാ മരുന്നുകൾക്കും 25% കിഴിവുനൽകി പാവപ്പെട്ടവരുടെ ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കുന്നു.

കോവിഡ്-19 മഹാമാരിക്കാലത്ത് പൊതുജനങ്ങളുടെ ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നതിനും വിലക്കയറ്റം പിടിച്ചുനിർത്തുന്നതിനുമായി മുൻ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തുമായി 2020 ഏപ്രിൽ മുതൽ 2021 സെപ്തംബർ വരെയുള്ള കാലയളവിൽ സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെയുള്ള റേഷൻ കടകളിലൂടെ എല്ലാ വിഭാഗം കാർഡുടമകൾക്കും 13 തവണയായി 11 കോടിയോളം സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ഈ ഓണക്കാലത്ത് സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും 13 ഇനം അവശ്യസാധനങ്ങൾ ഉൾപ്പെട്ട 85,69,583 ഭക്ഷ്യക്കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സംസ്ഥാനത്തെ അംഗീകൃതവും അല്ലാത്തതുമായ അഗതിമന്ദിരങ്ങൾ, അനാഥാലയങ്ങൾ, ക്ഷേമസ്ഥാപനങ്ങൾ, ക്ഷേമആശ്രമപത്രികൾ, കന്യാസ്ത്രീ മഠങ്ങൾ, ആശ്രമങ്ങൾ, മാനസികാരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15590 സൗജന്യ ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമേ ഓണക്കാലത്ത് പൊതുജനങ്ങൾക്ക് അവശ്യവസ്തുക്കൾ ആവശ്യാനുസരണം ലഭ്യമാക്കുന്നതിനായി സംസ്ഥാനത്തെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായും താലൂക്ക് ആസ്ഥാനങ്ങളിൽ സപ്ലൈകോ വിൽപ്പനശാലകളോട് ചേർന്നും സപ്ലൈകോയുടെ ആഭിമുഖ്യത്തിൽ 27-8-2022 മുതൽ 7-9-2022 വരെയുള്ള കാലയളവിൽ ഓണം ഫെയറുകൾ സംഘടിപ്പിക്കുകയുണ്ടായി. ടി കാലയളവിൽ മാത്രം എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും പ്രത്യേകമായി നടത്തിയ ജില്ലാ ഫെയറുകളിൽ ഏകദേശം 2.64 കോടി രൂപയുടെ വിൽപ്പന നടന്നു. ഓണം ഫെയറുകളിൽനിന്ന് ലക്ഷക്കണക്കിന് ഉപഭോക്താക്കൾക്ക് സാധനങ്ങൾ കുറഞ്ഞ നിരക്കിൽ വാങ്ങുന്നതിന് സാധിച്ചു.

റേഷൻകടകൾ വഴി 'പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതി' പ്രകാരം നൽകിയ അധിക ഭക്ഷ്യധാന്യം വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

കൂടാതെ വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ് മൊത്ത വ്യാപാരികളുടെയും വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ വിളിച്ചുചേർക്കാറുണ്ട്. ഇത്തരത്തിൽ വ്യാപാരി സമൂഹത്തെക്കൂടി വിശ്വാസത്തിലെടുത്ത് വിലനിലവാരം പിടിച്ചുനിർത്താനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് പൊതുവിതരണ-ലീഗൽ മെട്രോളജി, റവന്യൂ എന്നീ വകുപ്പുകളുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്. പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും വില നിലവാരവും പരിശോധിക്കുന്നതിനായി ജില്ലാകളക്ടറുടെ നേതൃത്വത്തിൽ 3222 പരിശോധനകൾ നടത്തിയിട്ടുണ്ട്. കൂടാതെ വില പ്രദർശിപ്പിക്കാത്ത 619 കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുമുണ്ട്. നടത്തിയ പരിശോധകളുടെ എണ്ണം, സ്വീകരിച്ച നടപടികളുടെ എണ്ണം എന്നിവ അനുബന്ധം I *ആയി ചേർക്കുന്നു.

(ബി) അരിയുടെയും മറ്റ് അഞ്ച് സാധനങ്ങളുടെയും വില നിയന്ത്രിക്കാൻ ആന്ധ്രാ സർക്കാരുമായി നേരിട്ട് ധാരണാപത്രം ഒപ്പിടാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിന്റെ നടപടികൾ ഏതുവരെയായി; ആന്ധ്രാ ഭക്ഷ്യമന്ത്രി കേരളത്തിൽ എത്തി നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഏതൊക്കെ കാര്യങ്ങളിൽ തീരുമാനത്തിലെത്താൻ സാധിച്ചു; ആന്ധ്രാപ്രദേശിൽനിന്ന് ജയ അരി ലഭിക്കാൻ സാധ്യതയില്ലെന്നും അതിന്റെ കൃഷി വീണ്ടും ആരംഭിക്കേണ്ടിവരുമെന്നും ആന്ധ്രാപ്രദേശ് ഭക്ഷ്യവകുപ്പുമന്ത്രി കേരളത്തെ അറിയിച്ചിട്ടുണ്ടോ; ജയ അരിക്കുപകരം സുരേഖ അരി സപ്ലൈകോ വഴി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

അരിയുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രാപ്രദേശ് ഉൾപ്പെടെയുള്ള ഉൽപ്പാദക സംസ്ഥാനത്തിൽനിന്ന് വിവിധ ഉൽപ്പന്നങ്ങൾ കുറഞ്ഞ വിലയ്ക്ക് നേരിട്ടെത്തിക്കുന്നതിന് കേരളം-ആന്ധ്രാപ്രദേശ് സംസ്ഥാനങ്ങളിലെ ഭക്ഷ്യമന്ത്രിമാർ ചർച്ച നടത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോയും ആന്ധ്രാ സിവിൽ സപ്ലൈസ് കോർപ്പറേഷനും നേരിട്ട് വാങ്ങാവുന്ന ഉൽപ്പന്നങ്ങളുടെ കാര്യത്തിൽ, ഓരോ ഉൽപ്പന്നങ്ങളുടെയും വില, ഗുണനിലവാര പരിശോധനാ നടപടികൾ, മറ്റ് നിബന്ധനകൾ (മുൻകൂറായി പണം നൽകൽ തുടങ്ങിയവ), ഗതാഗത സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജയ അരിക്കുപകരം സുരേഖ അരി സപ്ലൈകോ വഴി വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടില്ല.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സപ്ലൈകോ വഴി നിലവിൽ ജയ, സുരേഖ ഇനങ്ങളിലെ അരി വിതരണം ചെയ്യാൻ ആർക്കാണ് കരാർ നൽകിയിരിക്കുന്നത്; ഇവർ എത്ര രൂപയ്ക്കാണ് അരി വിതരണം ചെയ്യുന്നതെന്നും ഇതേ അരിക്ക് ആന്ധ്രാപ്രദേശിലെ വില എത്രയാണെന്നും ആന്ധ്രാപ്രദേശിൽനിന്നുള്ള അരി നേരിട്ട് കേരളത്തിൽ എത്തിച്ച് വിതരണം ചെയ്യാനുള്ള കരാർ നടപ്പാകുമ്പോൾ എത്ര രൂപ ലാഭം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും വ്യക്തമാക്കുമോ?

സപ്ലൈകോ വഴി 2022 ഡിസംബർ മാസത്തേയ്ക്ക് സുരേഖ, ജയ അരികൾ വിതരണം ചെയ്യുന്നതിന് താഴെപ്പറയുന്ന ശരാശരി നിരക്കിൽ (ക്വിന്റൽ) വിതരണക്കാർ തയ്യാറായിട്ടുണ്ട്.

ജയ അരി

1. മരിയൻ സ്പൈസ്	- 3564.5
2. ശ്രീനാഥ് ട്രേഡേഴ്സ്	- 3445
3. ഹഫ്സർ ട്രേഡിംഗ്	- 3423.17
4. കാർത്തിക ട്രേഡിംഗ് കമ്പനി	- 3410.63
5. ഗ്ലോബൽ ട്രേഡ് ലിങ്ക്സ്	- 3571.06
6. അൽ അമീൻ ട്രേഡേഴ്സ്	- 3400.76

<u>സുരേഖ അരി</u>

1. ഭാരത് ട്രേഡേഴ്സ്	-3762.98
2. കീർത്തി ആഗ്രോ മിൽസ് പ്രൈവറ്റ് ലിമിറ്റഡ്	- 3779
3. ശ്രീനാഥ് ട്രേഡേഴ്സ്	- 3735

ആന്ധ്രയിൽനിന്നും നേരിട്ട് അരി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) വിലക്കയറ്റം പിടിച്ചുനിർത്താനുള്ള വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോ വിൽപ്പനശാലകൾ വഴി അരിയുൾപ്പെടെ എന്തെല്ലാം ഉൽപ്പന്നങ്ങളാണ് സബ്സിഡിയിനത്തിൽ നൽകിവരുന്നത്; ഇവയുടെ നിലവിലെ വില എത്രയാണെന്നും സബ്സിഡി ഇനങ്ങൾ വാങ്ങാൻ റേഷൻ കാർഡ് ആവശ്യമാണോയെന്നും എത്ര റേഷൻ കാർഡ് ഉടമകൾ ഈ സാമ്പത്തിക വർഷം ഇങ്ങനെ സബ്സിഡി ഉൽപ്പന്നങ്ങൾ വാങ്ങിയെന്നും വ്യക്തമാക്കുമോ; ഇതിന്റെ ജില്ലാതല കണക്ക് ശേഖരിക്കാറുണ്ടോ; എങ്കിൽ വിശദമാക്കുമോ?

വിലക്കയറ്റം പിടിച്ചുനിർത്താനുള്ള വിപണി ഇടപെടലിന്റെ ഭാഗമായി സപ്ലൈകോ വിൽപ്പനശാലകൾ വഴി 13 ഇനം അവശ്യവസ്തുക്കൾ സബ്സിഡി നിരക്കിൽ നൽകിവരുന്നുണ്ട്. അരിയുൾപ്പെടെയുള്ള 13 ഇനം അവശ്യവസ്തുക്കളുടെ സബ്സിഡി വിൽപ്പന വിലകൾ അനുബന്ധം II* ആയി ചേർക്കുന്നു. ഈ സബ്സിഡി ഇനങ്ങൾ വാങ്ങുന്നതിന് റേഷൻ കാർഡ് ആവശ്യമാണ്.

റേഷൻ കാർഡുടമകൾ ഈ സാമ്പത്തിക വർഷം സബ്സിഡി ഉൽപ്പന്നങ്ങൾ വാങ്ങിയതിന്റെ ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം III*ആയി ചേർക്കുന്നു.

(ഇ) സപ്ലൈകോ വഴി സബ്സിഡിയായി സാധനങ്ങൾ വാങ്ങാൻ ജീവനക്കാർ മറ്റാരുടെയെങ്കിലും റേഷൻ കാർഡ് ദുരുപയോഗം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുസംബന്ധിച്ച് സപ്ലൈകോ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

നിത്യോപയോഗ സാധനങ്ങളുടെ ലഭ്യതയും വില വർദ്ധനയും

255 (2403) <u>ശ്രീ. കെ. ജെ. മാക്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടരെത്തുടരെയുണ്ടായ വെള്ളപ്പൊക്കക്കെടുതികളും ഒപ്പം കൊറോണ മഹാമാരിയും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ നിത്യോപയോഗ സാധന വിലയേയും ലഭ്യതയേയും എപ്രകാരം ബാധിച്ചുവെന്നും ഇതുമൂലമുണ്ടായ വിലവർദ്ധനവും ദൗർലഭ്യവും സംബന്ധിച്ച വിശദാംശവും ലഭ്യമാക്കുമോ;

(ബി) ഈ അവസ്ഥ തരണം ചെയ്യാനും ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ഉറപ്പുവരുത്താനും വിലനിലവാരം പിടിച്ചുനിർത്താനുമായി നടപ്പാക്കിവരുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കുമോ?

(എ&ബി) തുടരെത്തുടരെയുണ്ടായ വെള്ളപ്പൊക്കക്കെടുതികളും ഒപ്പം കൊറോണ മഹാമാരിയും സംസ്ഥാനത്ത് അവശ്യവസ്തുക്കളുടെ വില വർദ്ധനവിന് കാരണമായിരുന്നുവെങ്കിലും സംസ്ഥാന സർക്കാരിന്റെ കാര്യക്ഷമമായ പ്രവർത്തനങ്ങളിലൂടെ വൻതോതിലുള്ള വിലവർദ്ധനവ് തടയാൻ സാധിച്ചിട്ടുണ്ട്.

കോവിഡ് ലോക്ഡൗൺ കാലത്ത് സപ്ലൈകോയുടെ മുഴുവൻ വിൽപ്പനശാലകളും ഡിപ്പോ ഗോഡൗണുകളും അധികസമയം പ്രവർത്തിച്ച് പൊതുജനങ്ങൾക്ക് സൗജന്യ കിറ്റുകൾ ഉൾപ്പെടെ അവശ്യസാധനങ്ങൾ ലഭ്യമാക്കിയിരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോവിഡ് മഹാമാരിക്കാലത്ത് സംസ്ഥാനത്തെ ജനങ്ങളുടെ ഭക്ഷ്യഭദ്രത ഉറപ്പുവരുത്തുന്നതിനായി 11 കോടിയിലധികം സൗജന്യ ഭക്ഷ്യക്കിറ്റുകളാണ് സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കുമായി സർക്കാർ വിതരണം ചെയ്തത്. ഇതിനുപുറമേ 2022 ഓണക്കാലത്ത് 8569583 ഭക്ഷ്യക്കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സാമൂഹ്യക്ഷേമ സ്ഥാപനങ്ങളിലെ അന്തേവാസികൾക്കും ട്രാൻസ്ജെൻഡേഴ്സിനുമായി 15590 ഭക്ഷ്യക്കിറ്റുകളും നൽകിയിട്ടുണ്ട്.

2020-ലെ കോവിഡ് അനുബന്ധ ലോക്ഡൗൺമൂലം ദുരിതമനുഭവിച്ച മത്സ്യത്തൊഴിലാളികൾ/കണ്ടെയ്ൻമെന്റ് സോണിൽപ്പെട്ട തീരദേശ കാർഡുടമകൾ എന്നിവർക്കായി 110308 ഭക്ഷ്യക്കിറ്റുകൾ വിതരണം ചെയ്യുകയും ആയതിന് ആകെ 7.44 കോടി രൂപ ചെലവാകുകയും ചെയ്തിട്ടുണ്ട്.

കോവിഡ് രണ്ടാം തരംഗവും അനുബന്ധ നിയന്ത്രണങ്ങളും പ്രകൃതി ക്ഷോഭവുംമൂലം ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥർ/താലൂക്ക് സപ്ലൈ ഓഫീസർ ലഭ്യമാക്കുന്ന ലിസ്റ്റ് പ്രകാരം 16.08 കോടി രൂപ ചെലവഴിച്ച് 134835 കിറ്റുകൾ വിതരണം ചെയ്തിരുന്നു. കോവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ രാജ്യമൊട്ടാകെ ലോക്ക്ഡൗൺ പ്രഖ്യാപിച്ച സാഹചര്യത്തിൽ ജോലിയില്ലാതെ ദുരിതത്തിലായ കേരളത്തിലെ അതിഥിത്തൊഴിലാളികൾക്ക് സൗജന്യമായി ഭക്ഷ്യക്കിറ്റുകൾ ലഭ്യമാക്കി. ഏകദേശം 392 രൂപ വിലയുള്ള 93672 കിറ്റുകൾ കേരളത്തിലെ അതിഥിത്തൊഴിലാളികൾക്ക് വിതരണം ചെയ്തു. ഈ ഇനത്തിൽ 3.67 കോടി രൂപ സർക്കാരിന് ചെലവായിട്ടുണ്ട്. ഇതിനുപുറമെ 'ആത്മനിർഭർ' സ്കീമിനു കീഴിൽ സംസ്ഥാനത്തിന് അനുവദിച്ചിരിക്കുന്ന അരി, പയർവർഗ്ഗങ്ങൾ എന്നിവയും അതിഥിത്തൊഴിലാളികൾക്ക് സൗജന്യമായി ലഭ്യമാക്കി.

കൂടാതെ കോവിഡ്-19 രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ 63045 അതിഥിത്തൊഴിലാളികൾക്ക് ഭക്ഷ്യക്കിറ്റ് വിതരണം ചെയ്യുന്നതിന് ലേബർ കമ്മീഷണറുടെ ആവശ്യമനുസരിച്ച് അടിയന്തര തുടർനടപടികൾ സ്വീകരിക്കുകയും ആയതുപ്രകാരം വിതരണം നടത്തുകയും ചെയ്തതാണ്. ഇതിനുശേഷം വിവിധ ജില്ലാ ലേബർ ഓഫീസർമാരും അസിസ്റ്റന്റ് ലേബർ ഓഫീസർമാരും അധികമായി കിറ്റുകൾ ആവശ്യപ്പെടുകയും ഇതുപ്രകാരം 268192 കിറ്റുകൾ നൽകുകയും ചെയ്തിട്ടുണ്ട്. ഇതിന് ഏകദേശം 24.26 കോടി രൂപ ചെലവായിട്ടുണ്ട്.

സംസ്ഥാനത്ത് ഉച്ചഭക്ഷണ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുള്ള സ്കൂൾ വിദ്യാർത്ഥികൾക്ക് (11040767 പേർക്ക്) കോവിഡ് മഹാമാരിക്കാലത്തെ 'ഭക്ഷ്യഭദ്രതാ അലവൻസ്' വിതരണത്തിന്റെ ഭാഗമായി ഭക്ഷ്യവസ്തുക്കൾ അടങ്ങിയ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

ലോക്ക്ഡൗണിന്റെ പശ്ചാത്തലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് നിരവധി സമൂഹ അടുക്കളകൾ പ്രവർത്തിച്ചിരുന്നു. ഇവയ്ക്ക് ആവശ്യമായ പയറുവർഗ്ഗങ്ങൾ, പഞ്ചസാര, പലവ്യഞ്ജനങ്ങൾ എന്നിവ ക്രെഡിറ്റ് വ്യവസ്ഥയിൽ സപ്ലൈകോ വിതരണം ചെയ്തു. നാളിതുവരെ 89.88 ലക്ഷം രൂപയുടെ ഭക്ഷ്യവസ്തുക്കളാണ് സമൂഹ അടുക്കളകൾക്ക് വിതരണം ചെയ്തത്.

സംസ്ഥാനത്ത് 2018-ലെ മഹാപ്രളയം ബാധിച്ച സമയത്ത്, പ്രളയബാധിത സ്ഥലങ്ങളിൽ എയർ ഡ്രോപ്പ് ചെയ്യുന്നതിനും പ്രളയബാധിതരായ കുടുംബങ്ങളെ പാർപ്പിച്ച ക്യാമ്പുകളിൽ വിതരണം ചെയ്യുന്നതിനും ഭക്ഷ്യവസ്തുക്കൾ, മറ്റ് അവശ്യസാധങ്ങൾ എന്നിവ സപ്ലൈകോ നൽകിയിരുന്നു. ക്യാമ്പുകളിൽനിന്നും മടങ്ങിയ കുടുംബങ്ങൾക്ക് നൽകിയ ബാക് ടു ഹോം കിറ്റുകളിലേയ്ക്ക് ആവശ്യമായ സാധനങ്ങളും സപ്ലൈകോ ഡിപ്പോകളിൽനിന്നും വിൽപ്പനശാലകളിൽനിന്നും നൽകുകയുണ്ടായി. ഇതിനുപുറമെ പ്രളയബാധിതരിലെ ദുർബല വിഭാഗങ്ങൾക്കായി മൂന്ന് മാസക്കാലം അവശ്യവസ്തുക്കൾ ഉൾക്കൊള്ളിച്ച 1089715 സൗജന്യ ഉപജീവനക്കിറ്റുകൾ തയ്യാറാക്കി വിതരണം ചെയ്യുന്ന ദൗത്യവും സപ്ലൈകോ വിജയകരമായി പൂർത്തീകരിച്ചു. 2019-ലെ പ്രളയ സമയത്തും പ്രളയബാധിതരായ കുടുംബങ്ങളെ പാർപ്പിച്ച ക്യാമ്പുകളിൽ വിതരണം ചെയ്യുന്നതിന് ഭക്ഷ്യവസ്തുക്കൾ, മറ്റ് അവശ്യസാധങ്ങൾ എന്നിവ നൽകിയിരുന്നു.

ഇതുകൂടാതെ കാര്യക്ഷമമായ വിപണി ഇടപെടൽ പ്രവർത്തനങ്ങളിലൂടെ പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനും ലഭ്യത ഉറപ്പുവരുത്തുന്നതിനും സർക്കാർ നടപടികളെടുത്തിട്ടുണ്ട്.

ഇതിന്റെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ പൊതു വിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനംവരെ വിലക്കുറവിൽ സപ്ലൈകോ വിൽപ്പനശാലകളിലൂടെ വിതരണം ചെയ്തുവരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വിൽപ്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വിൽപ്പന വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല.

(സി) സംസ്ഥാനത്ത് അവശ്യം വേണ്ടുന്ന നിത്യോപയോഗ സാധനങ്ങളുടെ ദൈനംദിന കണക്കും സംസ്ഥാന ലഭ്യതയും മറ്റിതര സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട അവസ്ഥയുടെ അളവും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചു വരുന്നു.

അർഹതയില്ലാത്തവർ റേഷൻ സാധനങ്ങൾ വാങ്ങിയതിനുള്ള പിഴ

256 (2404) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹതാ മാനദണ്ഡങ്ങൾക്ക് പുറത്തുള്ളവർ റേഷൻ സാധനങ്ങൾ വാങ്ങിയതിന് സപ്ലൈ ഓഫീസുകളിൽ പിഴ ഈടാക്കി വരുന്നുണ്ടോ;

(ബി) അർഹതാ മാനദണ്ഡങ്ങൾക്ക് പുറത്തുള്ളവരും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുമായ കാർഡുടമകൾക്ക് പിഴയടയ്ക്കുന്നതിൽ പ്രത്യേക ഇളവ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ?

(എ&ബി) ഉണ്ട്. മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കി അർഹരായവർക്ക് അവസരം ഉറപ്പാക്കുന്നതിനായി അനർഹമായി കൈവശം വച്ച മുൻഗണനാ കാർഡുകൾ പിഴ കൂടാതെ സറണ്ടർ ചെയ്യുന്നതിന് 2021 ജൂലൈ 15 മുതൽ 2022 മാർച്ച് 31-വരെ അവസരം നൽകിയിരുന്നു. ദീർഘകാലത്തെ ടി അവസരം പ്രയോജനപ്പെടുത്താതെ വീണ്ടും അനർഹമായ കാർഡുകൾ കൈവശം വച്ചിരുന്നവരിൽനിന്നാണ് പിഴ ഈടാക്കുന്ന നടപടികൾ സ്വീകരിച്ചത്. ആയതിൽ ഏതെങ്കിലും വിഭാഗത്തിന് പ്രത്യേക ഇളവ് നൽകേണ്ട സാഹചര്യമില്ല.

വിതരണത്തിനായി എഫ്.സി.ഐ. ഗോഡൗണുകളിൽ എത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ മിനിമം നിലവാരം

257 (2405) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എഫ്.സി.ഐ. ഗോഡൗണുകളിൽനിന്ന് വിതരണം ചെയ്യുന്ന അരിയുൾപ്പെടെയുള്ള ധാന്യങ്ങൾ പലപ്പോഴും മോശം നിലവാരത്തിലുള്ളവയാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിതരണത്തിനായി എഫ്.സി.ഐ. ഗോഡൗണുകളിൽ എത്തുന്ന ഭക്ഷ്യധാന്യങ്ങൾക്ക് മിനിമം നിലവാരം ഉറപ്പുവരുത്തുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുമോ; വ്യക്തമാക്കാമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓരോ മാസവും വിതരണത്തിനുമുമ്പ് അതത് മാസം എഫ്.സി.ഐ.-യിൽ നിന്നും അലോട്ട് ചെയ്യുന്ന സ്റ്റോക്ക്, എഫ്.സി.ഐ. അധികാരികളുടെ സാന്നിദ്ധ്യത്തിൽ വകുപ്പിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് ലോട്ട് മാർക്ക് ചെയ്യുന്നുണ്ട്. ഇപ്രകാരം എഫ്.സി.ഐ.-യിലെയും സപ്ലൈകോയിലെയും ക്വാളിറ്റി അഷ്വറൻസ് വിഭാഗങ്ങൾ കർശനപരിശോധന നടത്തിയതിനുശേഷമാണ്

എഫ്.സി.ഐ.-യിൽനിന്നും സി.എം.ആർ. മില്ലുകളിൽനിന്നും ഭക്ഷ്യധാന്യങ്ങൾ ഗോഡൗണുകളിലെത്തുന്നത്. ഗോഡൗണുകളിൽനിന്നും വാതിൽപ്പടി വിതരണത്തിലൂടെ റേഷൻകടകളിലെത്തുന്ന റേഷൻ സാധനങ്ങളുടെ ഗുണമേന്മ ബോദ്ധ്യപ്പെട്ട് റേഷൻകടകളിൽ ഇറക്കേണ്ട ഉത്തരവാദിത്വം എ.ആർ.ഡി.-കൾക്കുണ്ട്. മോശമായ ഭക്ഷ്യധാന്യങ്ങൾ സംബന്ധിച്ച് പരാതികൾ ലഭിക്കുന്നപക്ഷം NFSA ഗോഡൗണുകളുമായി ബന്ധപ്പെട്ട് മോശം ഭക്ഷ്യധാന്യം മാറ്റി നൽകുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാസപ്ലൈ ഓഫീസർമാർ വരെയുള്ള ഉദ്യോഗസ്ഥർ റേഷൻകടകളിൽ പരിശോധന നടത്തി റേഷൻ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നുണ്ട്. NFSA ഗോഡൗണുകളിൽനിന്നും റേഷൻ കടകളിൽനിന്നും സാധനങ്ങൾ വിതരണം ചെയ്യുന്നതിന് FIFO തത്വം പാലിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണത്തിനായി വിതരണം ചെയ്യുന്ന അരിയുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

സപ്ലൈകോയിലെയും എഫ്.സി.ഐ.-യിലെയും ക്വാളിറ്റി അഷ്വറൻസ് വിഭാഗം ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയാണ് FCI ഗോഡൗണുകളിൽനിന്ന് ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോ വിട്ടെടുക്കുന്നത്. ഇപ്രകാരം വിട്ടെടുക്കുന്ന അരി സപ്ലൈകോ ഗോഡൗണുകളിൽ ശാസ്ത്രീയമായി സംഭരിക്കുകയും നിശ്ചിത ഇടവേളകളിൽ തുടർപരിശോധനകൾ നടത്തി ഗുണനിലവാരം ഉറപ്പുവരുത്തിയുമാണ് സ്കൂളുകൾക്ക് വിതരണം ചെയ്യുവരുന്നത്.

റേഷൻ വ്യാപാരികളുടെ കമ്മീഷൻ

258 (2406) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്ക് നൽകേണ്ട കമ്മീഷൻ തുക പകുതിയിലേറെ വെട്ടിക്കുറയ്ക്കേണ്ട സാഹചര്യം എങ്ങനെ വന്നുവെന്ന് വ്യക്തമാക്കാമോ; ഈ പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) റേഷൻ വ്യാപാരികൾക്ക് ധന വകുപ്പിൽനിന്നും അനുവദിച്ചു നൽകേണ്ട കമ്മീഷൻ തുക നൽകാതിരിക്കുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കുന്നതിന് വകുപ്പുതലത്തിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ&ബി) കമ്മീഷൻ വെട്ടിക്കുറച്ചിട്ടില്ല. ഒക്ടോബർ മാസം വരെ വ്യാപാരികൾക്ക് ലഭിക്കേണ്ട കമ്മീഷൻ പൂർണ്ണമായും അനുവദിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷത്തേയ്ക്ക് റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിന് 216 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തിയത്. എ.ആർ.ഡി. ലൈസൻസികൾക്കുള്ള നോർമൽ കമ്മീഷൻ വിതരണത്തിന് ടി ുക പര്യാപ്തമാണ്. എന്നാൽ കോവിഡ് കാലത്ത് NFSA കാർഡുടമകൾക്ക് (AAY, PHH) കേന്ദ്ര സർക്കാർ PMGKAY പദ്ധതിപ്രകാരം അധിക റേഷൻ വിഹിതം അനുവദിച്ചത് പ്രകാരമുള്ള ഭക്ഷ്യധാന്യ വിതരണം ഈ സാമ്പത്തിക വർഷവും തുടർന്നുവരുന്നു. PMGKAY ഭക്ഷ്യധാന്യ വിതരണത്തിന്റെ കമ്മീഷൻ കൂടി നൽകുമ്പോൾ, റേഷൻ വ്യാപാരികൾക്ക് നോർമൽ കമ്മീഷന്റെ ഏകദേശം ഇരട്ടിയിലധികം ുക ഓരോ മാസവും നൽകേണ്ടതായിവരുന്നു. ആയത് അധിക ധനാനുമതിയായി ലഭ്യമാക്കി വ്യാപാരികൾക്ക് അനുവദിച്ചുവരുന്നു.

(സി) ഇ-പോസ് മെഷീന്റെ തകരാർ വ്യാപാരികൾക്കും ജനങ്ങൾക്കും ഒരുപോലെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നതിനാൽ അത് ശാശ്വതമായി പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇടയ്ക്കിടെ ഇത്തരം തകരാറുകൾ സംഭവിക്കുന്നതിന്റെ കാരണം സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ?

സംസ്ഥാനത്തെ ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA) സെർവറിൽ ഉണ്ടാകുന്ന നെറ്റ്വർക്ക് എറർ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി അധികമായി ഹൈദരാബാദ് എൻ.ഐ.സി.-യുടെ AUA സെർവർ ഉപയോഗിക്കുന്നതിനുള്ള അനുവാദം അഭ്യർത്ഥിച്ചിട്ടുണ്ട്. ആയതുകൂടാതെ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറും കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഓതന്റിക്കേഷൻ സർവ്വീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിലല്ലാത്തതിനാൽ ഈ സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടാകുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ ഏജൻസികളുമായി ബന്ധപ്പെട്ട് ഉടനടി പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കെ-സ്റ്റോർ പദ്ധതി

259 (2407) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന കെ-സ്റ്റോർ പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) ഏതെല്ലാം സേവനങ്ങളാണ് കെ-സ്റ്റോർ പദ്ധതിയിലൂടെ പൊതുജനങ്ങൾക്ക് ലഭിക്കുന്നത്; വ്യക്തമാക്കാമോ?

(എ&ബി) പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻ കടകൾ വൈവിദ്ധ്യവൽക്കരിക്കാൻ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അതിന്റെ ആദ്യ ഘട്ടമായാണ് വൈവിദ്ധ്യവൽക്കരണത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻകടകൾ വഴി നൽകിവരുന്ന സേവനങ്ങൾക്കുപുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉത്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാനമാർഗ്ഗമാണ് കെ-സ്റ്റോർ എന്ന പദ്ധതികൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

റേഷൻ കടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്.

1. കടയുടെ വിസ്തീർണ്ണം - കുറഞ്ഞത് 300 ചതുരശ്ര അടി.

2. ടി പദ്ധതിയിൽ പങ്കാളികളാകാൻ സ്വമേധയാ വരുന്നവർ.

3. റേഷൻകടകളുടെ 02 KM ചുറ്റളവിൽ സപ്ലൈകോ ഔട്ട്‌ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ.

കെ-സ്റ്റോർ പദ്ധതി നടത്തുന്നതിന്റെ ഭാഗമായി പൊതുജനസേവന കേന്ദ്രം, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന, 5,000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ് സംവിധാനം എന്നിവ കൂടാതെ സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉൽപ്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവകൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമിക ഘട്ടം എന്ന നിലയിൽ എല്ലാ ജില്ലയിൽനിന്നും കുറഞ്ഞത് 05 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

(സി) വാമനപുരം മണ്ഡലത്തിൽ എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ആദ്യഘട്ടത്തിൽ വാമനപുരം നിയോജകമണ്ഡലത്തിലെ റേഷൻകടകൾ ഉൾപ്പെട്ടിട്ടില്ല.

പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പ്രകാരമുള്ള അരി വിതരണം

260 (2408) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൊതുവിതരണ സമ്പ്രദായം വഴി നൽകുന്ന റേഷൻ അരിയിൽ പച്ചരി കൂടുതലും പുഴുക്കലരി കുറവാണെന്നതുമായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2022-23 സാമ്പത്തികവർഷം എത്ര അരിയാണ് കേന്ദ്രം അനുവദിച്ചിരിക്കുന്നതെന്നും ഓരോ മാസത്തെയും പുഴുക്കലരിയുടെയും പച്ചരിയുടെയും അലോട്ട്മെന്റ് എത്ര വീതമാണെന്നും അറിയിക്കാമോ?

ഉണ്ട്. 2022-23 സാമ്പത്തിക വർഷത്തിൽ നിലവിലുള്ള കേന്ദ്ര സർക്കാർ ഉത്തരവുകൾപ്രകാരം പൊതുവിതരണത്തിനായി ഭക്ഷ്യഭദ്രതാ നിയമപ്രകാരം ആകെ 1224580.244 മെ.ടൺ അരിയും പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതിപ്രകാരം ആകെ 635205.9426 മെ.ടൺ അരിയും വെൽഫെയർ സ്ഥാപനങ്ങൾക്കുള്ള വിതരണത്തിനായി 2382.18 മെ.ടൺ അരിയും അനുവദിച്ചിട്ടുണ്ട്. പുഴുക്കലരിയുടെയും പച്ചരിയുടെയും അളവ് പ്രത്യേകം നിർദ്ദേശിച്ചുകൊണ്ടുള്ള ഉത്തരവുകൾ ലഭ്യമാകാറില്ല.

(ബി) കേന്ദ്ര സർക്കാർ മൻഗണനാ വിഭാഗം റേഷൻ കാർഡ് ഉടമകൾക്ക് നൽകാൻ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന (പി.എം.ജി.കെ.എ.വൈ.) പ്രകാരം നൽകുന്ന അരിയുടെ കേരളത്തിലെ വിതരണത്തിൽ ഓഗസ്റ്റ് മുതലുള്ള മാസങ്ങളിൽ കുറവുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; 2022-23 വർഷത്തിൽ ഓരോ മാസവും കേന്ദ്രസർക്കാർ ഈ പദ്ധതിപ്രകാരം അനുവദിച്ച അരിയും കേരളം വിതരണം ചെയ്ത അരിയും എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഇത്തരത്തിൽ ചില മാധ്യമങ്ങളിൽ വന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2022 സെപ്റ്റംബർ കഴ്ടയിലേയ്ക്കുള്ള ഭക്ഷ്യധാന്യത്തിന്റെ എഫ്.സി.ഐ.-യിൽനിന്നുള്ള വിട്ടെടുപ്പിന് ചില തടസ്സങ്ങൾ നേരിട്ടിരുന്ന സാഹചര്യത്തിൽ 2022 സെപ്റ്റംബർ മാസത്തിലെ വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസ്സം നേരിട്ടിരുന്നു. 2022-23 സാമ്പത്തിക വർഷത്തിൽ ഓരോ മാസവും കേന്ദ്രസർക്കാർ പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതിപ്രകാരം അനുവദിച്ചതും വിതരണം നടത്തിയതുമായ അരിയുടെ കണക്ക് അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത പദ്ധതിപ്രകാരമുള്ള അരി മുഴുവൻ വാങ്ങാൻ സാധിക്കാത്ത മുൻഗണനാ റേഷൻ കാർഡ് അംഗങ്ങൾക്ക് അടുത്ത മാസത്തേയ്ക്ക് അരി വിതരണം നീട്ടി നൽകിയിരുന്നോ; ഇങ്ങനെ നീട്ടി നൽകിയപ്പോൾ ഒട്ടും അരി വാങ്ങാത്തവർക്ക് മാത്രമാണ് അവസരം നൽകിയതെന്നും ബാക്കിയുള്ളവരെ ഒഴിവാക്കിയെന്നുമുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

2022 സെപ്റ്റംബർ മാസത്തിലെ വിഹിതം വാങ്ങാത്തവർക്ക് 2022 ഒക്ടോബർ മാസത്തിൽ വാങ്ങുന്നതിനും 2022 ഒക്ടോബർ മാസത്തിലെ വിഹിതം 2022 നവംബർ 15 വരെ വാങ്ങുന്നതിനുമുള്ള ക്രമീകരണം ചെയ്യുനൽകിയിരുന്നു. എന്നാൽ റേഷൻ വിഹിതം ഭാഗികമായി വാങ്ങിയ കാർഡുകളിൽ ബാക്കി അളവ് carry over ചെയ്യുന്നതിന് സാങ്കേതികമായി തടസ്സമുണ്ടെന്ന് NIC ഹൈദ്രാബാദിൽനിന്ന് അറിയിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിപ്രകാരം ലഭിക്കുന്ന അരി മുഴുവൻ വിതരണം ചെയ്യാതെ ബാക്കി വന്നാൽ മുൻഗണനേതര കാർഡുടമകൾക്ക് നൽകാറുണ്ടോ; എങ്കിൽ ഇതിന് സ്വീകരിക്കുന്ന മാനദണ്ഡമെന്താണെന്ന് വെളിപ്പെടുത്താമോ?

പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതിപ്രകാരം ലഭിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ നീക്കിയിരിപ്പ് ഇതേ പദ്ധതിയിലോ ഭക്ഷ്യഭദ്രതാ നിയമ പ്രകാരമുള്ള അലോട്ട്മെന്റിലോ കേന്ദ്രസർക്കാർ കുറവുചെയ്യുകയാണ് ചെയ്യുന്നത്.

അരുവിക്കര നിയോജകമണ്ഡലത്തിൽ കെ-സ്റ്റോർ പദ്ധതി

261 (2409) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്റ്റോർ പദ്ധതിപ്രകാരം അരുവിക്കര നിയോജകമണ്ഡലത്തിൽ തെരഞ്ഞെടുത്തിട്ടുള്ള റേഷൻകടകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ?

റേഷൻകടകൾ ഒന്നും തെരഞ്ഞെടുക്കപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിന്റെയും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെ ഭാഗമായും റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാനമാർഗ്ഗമായും നിലവിൽ നൽകിവരുന്ന സേവനങ്ങൾക്കുപുറമേ പൊതുജന സേവന കേന്ദ്രം, സപ്ലൈകോയുടെ ശബരി ഉൽപ്പന്നങ്ങളുടെ വിൽപ്പന, 5,000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ്

സംവിധാനം എന്നിവയും സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉൽപ്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവയുടെ വിപണനംകൂടി കെ-സ്റ്റോർ മുഖേന നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ടി പദ്ധതിയുടെ ഭാഗമായി ഐ.ഒ.സി., മിൽമ എന്നിവരുമായി പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

ന്യായവില ഹോട്ടലുകൾ

262 (2410) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഭക്ഷ്യ-പൊതുവിതരണ വകുപ്പ് ആരംഭിച്ച ന്യായവില ഹോട്ടലുകൾ എത്രയെണ്ണമാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്; കൂടുതൽ ഹോട്ടലുകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിശപ്പുരഹിത കേരളം (സുഭിക്ഷ) പദ്ധതിയുടെ ഭാഗമായി 'സുഭിക്ഷ' ഹോട്ടലുകളാണ് ഭക്ഷ്യപൊതുവിതരണ വകുപ്പിന്റെ കീഴിൽ ആരംഭിച്ചിട്ടുള്ളത്. ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിൽ 50 നിയോജക മണ്ഡലങ്ങളിൽ ആരംഭിച്ച സുഭിക്ഷ ഹോട്ടലുകളിൽ ആറ്റിങ്ങൽ നിയോജകമണ്ഡലത്തിലെ ചിറയിൻകീഴ് താലൂക്കിൽ ആരംഭിച്ച സുഭിക്ഷ ഹോട്ടൽ ഒഴികെ ബാക്കി 49 എണ്ണവും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. കൂടുതൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള ഉചിതമായ ശിപാർശകൾ ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പൂഞ്ഞാർ മണ്ഡലത്തിലെ സുഭിക്ഷ ഹോട്ടലുകൾ

263 (2411) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിപ്രകാരം പൂഞ്ഞാർ മണ്ഡലത്തിൽ അനുവദിച്ച സുഭിക്ഷ ഹോട്ടലുകൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) മണ്ഡലത്തിലെ കൂടുതൽ സ്ഥലങ്ങളിൽ കുടുംബശ്രീയുടെ സഹായത്തോടെ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

(എ&ബി) ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് എന്ന ക്രമത്തിലാണ് നിലവിൽ സുഭിക്ഷ ഹോട്ടൽ അനുവദിച്ച് വരുന്നതെങ്കിലും പൂഞ്ഞാർ മണ്ഡലത്തിന്റെ പ്രത്യേകത കണക്കിലെടുത്ത് മീനച്ചിൽ താലൂക്കിലെ ഈരാറ്റുപേട്ടയിലും

കാഞ്ഞിരപ്പള്ളി താലൂക്കിലെ മുക്കൂട്ടുത്തറയിലും സുഭിക്ഷ ഹോട്ടൽ അനുവദിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം പ്രത്യേക പരിഗണന നൽകിയാണ് ഈ മണ്ഡലത്തിൽ രണ്ട് സുഭിക്ഷ ഹോട്ടലുകൾ നൽകിയത്.

പാറശ്ശാല നിയോജകമണ്ഡലത്തിലെ സുഭിക്ഷ ഹോട്ടലുകൾ

264 (2412) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പുരഹിത കേരളം പദ്ധതിയിലൂടെ പാറശ്ശാല നിയോജകമണ്ഡലത്തിൽ നാളിതുവരെ എത്ര സുഭിക്ഷ ഹോട്ടലുകൾ ആരംഭിച്ചിട്ടുണ്ട്; വിവരം ലഭ്യമാക്കാമോ;

(ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ സുഭിക്ഷ ഹോട്ടലുകൾ ആരംഭിക്കുന്നതിനായി ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച തുടർനടപടികളും വിശദമാക്കാമോ?

(എ&ബി) പാറശ്ശാല നിയോജകമണ്ഡലത്തിൽ സുഭിക്ഷ ഹോട്ടൽ ആരംഭിച്ചിട്ടില്ല. ആരംഭിക്കുന്നതിനായി ഒരു അപേക്ഷ ലഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടി അപേക്ഷയിന്മേൽ ഉചിതമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള വാതിൽപ്പടി വിതരണം

265 (2413) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള വാതിൽപ്പടി വിതരണത്തിൽ നിന്ന് സപ്ലൈകോയെ ഒഴിവാക്കി പൊതുവിതരണ വകുപ്പിനെ ചുമതലയേൽപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികളുടെ പുരോഗതി അറിയിക്കാമോ?

(എ&ബി) ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ലെ സെക്ഷൻ 24 (2)(a) പ്രകാരം കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് അനുവദിക്കുന്ന ഭക്ഷ്യധാന്യങ്ങൾ എഫ്.സി.ഐ.-യിൽനിന്നും വിട്ടെടുത്ത് റേഷൻകടകളിൽ വാതിൽപ്പടി വിതരണം നടത്തുന്നതിനായി സംസ്ഥാന സർക്കാർ നോഡൽ എജൻസിയായി സപ്ലൈകോയെ നിയമിച്ചിട്ടുണ്ട്. സപ്ലൈകോ നിലവിൽ 216 ഗോഡൗണുകൾ മുഖാന്തരമാണ് വാതിൽപ്പടി വിതരണം നടത്തിവരുന്നത്. സപ്ലൈകോയിൽനിന്നും

വാതിൽപ്പടി വിതരണച്ചുമതല പൊതുവിതരണ വകുപ്പ് എറ്റെടുക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങളുടെ വികസനം അത്യന്താപേക്ഷിതമാണ്. ആയതിന്റെ ഭാഗമായി എല്ലാ താലൂക്കുകളിലും എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മിക്കാൻ തീരുമാനിക്കുകയും പി.ഡബ്ല്യു.ഡി. ആർക്കിടെക്ചറൽ വിംഗിന്റെ സഹായത്തോടെ, എൻ.എഫ്.എസ്.എ. ഗോഡൗണിന്റെ രൂപരേഖ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മാണത്തിന്റെ ആദ്യഘട്ടമായി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്ക്, പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്ക്, കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക് എന്നിവിടങ്ങളിൽ വസ്തു കണ്ടെത്തുകയും പി.ഡബ്ല്യു.ഡി.-യുടെ സഹായത്തോടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. 2022-23 സാമ്പത്തിക വർഷം പൊതുവിതരണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഗോഡൗൺ നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള 16.57 കോടി രൂപ വിനിയോഗിച്ചുകൊണ്ടാണ് മേൽ സൂചിപ്പിച്ച മൂന്ന് സ്ഥലങ്ങളിൽ ഗോഡൗൺ നിർമ്മിക്കുന്നതിനും ദേവികുളം താലൂക്കിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് സ്വന്തമായിട്ടുള്ള 49 സെന്റ് സ്ഥലത്ത് ഗോഡൗൺ നിർമ്മിക്കുന്നതിനും ലക്ഷ്യമിടുന്നത്.

മേൽപ്പറഞ്ഞവ കൂടാതെ 15 താലൂക്കുകളിൽ സർക്കാർ ഭൂമി കണ്ടെത്തുന്നതിനും ആയത് വകുപ്പിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനുമുള്ള നടപടികൾ വിവിധതലങ്ങളിൽ സ്വീകരിച്ചുവരുന്നു.

അർഹരായവർക്ക് ബി.പി.എൽ. റേഷൻകാർഡ് ലഭിക്കുന്നതിനുള്ള നടപടി

266 (2414) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അർഹരായ നിരവധി പേർക്ക് ബി.പി.എൽ. റേഷൻകാർഡ് ലഭിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉണ്ട്. ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം 2011-ലെ ജനസംഖ്യാ സെൻസസ് അടിസ്ഥാനപ്പെടുത്തിയാണ് കേന്ദ്രസർക്കാർ സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി അർബൻ, റൂറൽ റേഷ്യോ കണക്കാക്കി 15480040 അംഗങ്ങൾ എന്ന് നിജപ്പെടുത്തിയത്. നിലവിലെ ജനസംഖ്യപ്രകാരം സംസ്ഥാനത്തിന്റെ

മുൻഗണനാ പരിധി പരിമിതമായതിനാൽ ആയത് വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അടുത്ത സെൻസസിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ മുൻഗണനാ പരിധി വർദ്ധിപ്പിക്കുന്നത് പരിഗണിക്കാനാകുകയുള്ളുവെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്.

പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അർഹരെ ഉൾപ്പെടുത്താനാകുകയുള്ളൂ എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡേറ്റയുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തുന്നു

2. മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുള്ള പരിശോധന

3. ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളുടെ പരിശോധന

4. ഒരു അംഗം മാത്രമുള്ള മുൻഗണനാ കാർഡുകളുടെ പരിശോധന

5. തുടർച്ചയായി മൂന്നു മാസം റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ

6. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നതുവഴി ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ദൃശ്യ-ശ്രവ്യ-മാധ്യമങ്ങൾ വഴിയും റേഷൻകടകൾ വഴിയും പൊതുജനങ്ങളെ ബോധ്യപ്പെടുത്തൽ

7. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി Operation Yellow എന്ന പേരിൽ ഒരു പരിപാടി ആവിഷ്കരിച്ച് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേരുവിവരങ്ങൾ സർക്കാരിൽ അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്.

2009-നുശേഷം പുതുക്കിയ ബി.പി.എൽ. പട്ടിക പ്രസിദ്ധീകരിക്കാത്തതിനാൽ അർഹരായവർക്ക് മുൻഗണനാ പട്ടികയിൽ അവസരം ഉറപ്പാക്കുന്നതിനായി 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാത്തതും നിലവിലെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലമനുസരിച്ച് ആനുകൂല്യത്തിന് അർഹമാണെന്ന് തദ്ദേശസ്വയംഭരണ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നവർക്കുകൂടി ക്ലേശഘടകങ്ങൾ കണക്കിലെടുത്ത് 20 മാർക്ക് നൽകി മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ ഒഴിവാക്കൽ മാനദണ്ഡത്തിൽ ഉൾപ്പെടുത്തിയ ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ

പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയിൽ ഉൾപ്പെടാൻ യോഗ്യമാണെന്ന് ബോദ്ധ്യപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ)നമ്പർ 319/2020/ഭ.പൊ.വി.വ. പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

അനർഹർ കൈവശം വച്ചിരുന്നതും സ്വമേധയാ സറണ്ടർ ചെയ്തതുമായ 172312 കാർഡുകൾ ഉൾപ്പെടെ 286087 മുൻഗണനാ കാർഡുകൾ ഈ സർക്കാരിന്റെ കാലയളവിൽ അർഹരായിട്ടുള്ളവർക്ക് നൽകുകയുണ്ടായി.

(ബി) ബി.പി.എൽ. റേഷൻ കാർഡിൽ ഉൾപ്പെടുത്തുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗങ്ങളാണ് ബി.പി.എൽ.-നുപകരമുള്ള മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുവരുന്നത്.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ 10(എ) പ്രകാരമുള്ള കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നത്. ഇതിലേയ്ക്കായി സംസ്ഥാനം പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

അന്ത്യോദയ അന്നയോജന (എ.എ.വൈ.) പദ്ധതിയിൽ താഴെപ്പറയുന്ന മാനദണ്ഡപ്രകാരമുള്ള ഭൂണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്.

സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യ രോഗബാധിതരോ അംഗവൈകല്യമുള്ളവരോ 60 വയസ്സോ മുകളിലോ പ്രായമുള്ള നാഥ/നാഥൻ ആയിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ, എല്ലാ പ്രാക്തന (പ്രാചീന) ഗോത്രവർഗ്ഗ കുടുംബങ്ങളും.

ഇതുകൂടാതെ കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിൽ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ. പദ്ധതിയിൽ ഭൂണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

18-9-2017-ലെ സ.ഉ.(സാധാ) നമ്പർ 320/2017/ഭ.പൊ.വി.വ. പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മുൻഗണനാ (പി.എച്ച്.എച്ച്.) വിഭാഗങ്ങളെ കണ്ടെത്തുന്നത്.

നാലുചക്ര വാഹനമുള്ളവർക്കും മുൻഗണനാ വിഭാഗം റേഷൻകാർഡ് ലഭിക്കുന്നതിന് നടപടി

267 (2415) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റണമെങ്കിൽ കുടുംബാംഗങ്ങൾക്ക് നാലുചക്ര വാഹനം ഉണ്ടായിക്കൂടെന്ന നിബന്ധനയുള്ളതിനാൽ ഭിന്നശേഷിക്കാരും അംഗപരിമിതരുമായ നിരവധി പേർക്ക് സഞ്ചരിക്കണമെങ്കിൽ നാല് ചക്ര വാഹനം അത്യാവശ്യമാണെന്നിരിക്കെ അർഹരായ നിരവധിപേരുടെ റേഷൻ കാർഡ് മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്താൻ സാധിക്കുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് വകുപ്പ് സ്വീകരിച്ചു വരുന്നത്?

(എ&ബി) ഉണ്ട്. മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം ഒഴിവാക്കൽ മാനദണ്ഡം ബാധകമായി വരുന്നതും എന്നാൽ സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ, ഭിന്നശേഷി, ഗുരുതര രോഗബാധ തുടങ്ങി പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോദ്ധ്യപ്പെടുന്ന അപേക്ഷകൾ പരിഗണിച്ച്, ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് 27-10-2020-ലെ സ.ഉ. (സാധാ)നമ്പർ 319/2020/ഭ.പൊ.വി.വ. പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ബി.പി.എൽ. വിഭാഗം റേഷൻ കാർഡിനുള്ള മാനദണ്ഡങ്ങളിൽ അപാകത

268 (2416) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബി.പി.എൽ. വിഭാഗത്തിൽപ്പെടുന്ന റേഷൻ കാർഡ് നൽകുന്നതിന് നിശ്ചയിച്ച മാനദണ്ഡങ്ങളിൽ അപാകതയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല.

(ബി) വീടിന്റെ വിസ്തീർണ്ണം, നാലു ചക്ര വാഹനം എന്നീ മാനദണ്ഡപ്രകാരം റേഷൻ കാർഡ് നൽകിയപ്പോൾ സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന നിരവധി കുടുംബങ്ങൾ പ്രസ്തുത പട്ടികയിൽനിന്ന് പുറത്തായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇത്തരം കുടുംബങ്ങൾക്ക് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി&സി) ഉണ്ട്. മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം ആയിരം സ്ക്വയർ ഫീറ്റിലധികം വിസ്തീർണ്ണമുള്ള വീടുള്ളവരും നാലുചക്രവാഹനം (ഏക ഉപജീവനമാർഗ്ഗമായ ടാക്സി ഒഴികെ) സ്വന്തമായുള്ളവരും മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടാൻ അയോഗ്യരാണ്. ഇപ്രകാരം ഒഴിവാക്കൽ മാനദണ്ഡം ബാധകമായി വരുന്നതും എന്നാൽ സാമ്പത്തിക-സാമൂഹിക പിന്നോക്കാവസ്ഥ, ഭിന്നശേഷി, ഗുരുതര രോഗബാധ തുടങ്ങി പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയ്ക്ക് അർഹമാണെന്ന് ബോധ്യപ്പെടുന്നതുമായ അപേക്ഷകൾ പരിഗണിച്ച്, ഓരോ കേസിന്റെയും മെരിറ്റ് പരിശോധിച്ച് മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ) നമ്പർ 319/2020/ഭ.പൊ.വി.വ. പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

റേഷൻ മുൻഗണനാ പട്ടികയിലെ കാർഡിന്റെയും അനുവദനീയമായ റേഷൻ സാധനങ്ങളുടെയും വിവരം

269 (2417) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ റേഷൻ മുൻഗണനാ പട്ടികയിൽ എത്ര കാർഡുടമകൾ ഉൾപ്പെട്ടിട്ടുണ്ട്; ഓരോ കാർഡിന്റെയും ആയതിന് അനുവദനീയമായ റേഷൻ സാധനങ്ങളുടെയും വിവരം ഉൾപ്പെടെ വ്യക്തമാക്കുമോ?

കേരളത്തിൽ 7-12-2022-ലെ കണക്കുപ്രകാരം റേഷൻ മുൻഗണനാ പട്ടികയിൽ എ.എ.വൈ.- 589038, പി.എച്ച്.എച്ച്.- 3506674 ആകെ - 4095712 എണ്ണം മുൻഗണനാ കാർഡുകളുണ്ട്.

എ.എ.വൈ. വിഭാഗത്തിന് 30 കിലോ അരിയും 04 കിലോ ഗോതമ്പും സൗജന്യമായും ഒരു പായ്ക്കറ്റ് (1 കി.ഗ്രാം) ആട്ട 6 രൂപയ്ക്കും ഒരു കിലോ പഞ്ചസാര 21 രൂപയ്ക്കും മണ്ണെണ്ണ മൂന്ന് മാസത്തിലൊരിക്കൽ അര ലിറ്റർ 42.5 രൂപയ്ക്കും ലഭിക്കും.

പി.എച്ച്.എച്ച്. വിഭാഗത്തിന് കാർഡിലെ ഓരോ അംഗത്തിനും 4 കിലോ അരിയും ഒരു കിലോ ഗോതമ്പും 2 രൂപ നിരക്കിൽ (ഒരു കാർഡിന് അനുവദിച്ചിട്ടുള്ള ആകെ ഗോതമ്പിന്റെ അളവിൽനിന്നും 2 കിലോ കുറവ് ചെയ്ത് പകരം 2 പായ്ക്കറ്റ് (2 കി.ഗ്രാം) ആട്ട 8 രൂപ/കി.ഗ്രാം നിരക്കിൽ) ലഭിക്കും.

(ബി) പ്രസ്തുത പട്ടികയിൽനിന്നും അനർഹരെ ഒഴിവാക്കി പുതിയ കുടുംബങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013 പ്രകാരം 2011-ലെ ജനസംഖ്യ സെൻസസ് അടിസ്ഥാനപ്പെടുത്തിയാണ് കേന്ദ്ര സർക്കാർ സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി അർബൻ, റൂറൽ റേഷ്യോ കണക്കാക്കി 15480040 അംഗങ്ങൾ എന്ന് നിജപ്പെടുത്തിയത്. നിലവിലെ ജനസംഖ്യ പ്രകാരം സംസ്ഥാനത്തിന്റെ മുൻഗണനാ പരിധി പരിമിതമായതിനാൽ ആയത് വർദ്ധിപ്പിക്കുന്നതിന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നെങ്കിലും അടുത്ത സെൻസസിലെ വിശദാംശങ്ങളുടെ അടിസ്ഥാനത്തിൽ മാത്രമേ മുൻഗണനാ പരിധി വർദ്ധിപ്പിക്കുന്നത് പരിഗണിക്കാനാകുകയുള്ളുവെന്ന് കേന്ദ്രം അറിയിച്ചിട്ടുണ്ട്.

പട്ടികയിൽ ഉൾപ്പെട്ട അനർഹരെ ഒഴിവാക്കുന്ന മുറയ്ക്ക് മാത്രമേ അർഹരെ ഉൾപ്പെടുത്താനാകുകയുള്ളൂ എന്നതിനാൽ അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനായി ചുവടെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. തദ്ദേശസ്വയംഭരണം, മോട്ടോർ വാഹനം എന്നീ വകുപ്പുകളുടെ ഡേറ്റയുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തുന്നു.

2. മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ചുള്ള പരിശോധന

3. ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളുടെ പരിശോധന

4. ഒരംഗം മാത്രമുള്ള മുൻഗണനാ കാർഡുകളുടെ പരിശോധന

5. തുടർച്ചയായി മൂന്നു മാസം റേഷൻ സാധനങ്ങൾ വാങ്ങാത്ത മുൻഗണനാ കുടുംബങ്ങളെ കണ്ടെത്തൽ

6. അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വയ്ക്കുന്നതുവഴി ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ വഴിയും റേഷൻകടകൾ വഴിയും പൊതുജനങ്ങളെ ബോധ്യപ്പെടുത്തൽ

7. മുൻഗണനാ വിഭാഗത്തിലെ കൂടുതൽ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കായി Operation Yellow എന്ന പേരിൽ ഒരു പരിപാടി ആവിഷ്കരിച്ച് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേരുവിവരങ്ങൾ സർക്കാരിൽ അറിയിക്കുന്നതിന് പൊതുജനങ്ങൾക്ക് സൗകര്യമൊരുക്കിയിട്ടുണ്ട്.

2009-നുശേഷം പുതുക്കിയ ബി.പി.എൽ. പട്ടിക പ്രസിദ്ധീകരിക്കാത്തതിനാൽ അർഹരായവർക്ക് മുൻഗണനാ പട്ടികയിൽ അവസരം ഉറപ്പാക്കുന്നതിനായി 2009-ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടാത്തതും നിലവിലെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലമനുസരിച്ച് ആനുകൂല്യത്തിന് അർഹമാണെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നവർക്കുകൂടി ക്ലേശഘടകങ്ങൾ കണക്കിലെടുത്ത് 20 മാർക്ക് നൽകി മുൻഗണനയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; ക്യാൻസർ പോലെയുള്ള ഗുരുതരരോഗം ബാധിച്ചവരുടെ റേഷൻ കാർഡ് ബി.പി.എൽ. ആക്കി നൽകുന്നതിന് ആർക്കാണ് അപേക്ഷ നൽകേണ്ടതെന്ന് അറിയിക്കുമോ?

എ.എ.വൈ., പി.എച്ച്.എച്ച്. വിഭാഗങ്ങളാണ് ബി.പി.എൽ.-ന പകരമുള്ള മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുവരുന്നത്.

ദേശീയ ഭക്ഷ്യഭദ്രതാ നിയമം, 2013-ന്റെ 10(എ) പ്രകാരമുള്ള കേന്ദ്ര സർക്കാർ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് എ.എ.വൈ. വിഭാഗത്തെ കണ്ടെത്തുന്നത്. ഇതിലേയ്ക്കായി സംസ്ഥാനം പ്രത്യേക മാനദണ്ഡം നിശ്ചയിച്ചിട്ടില്ല.

അന്ത്യോദയ അന്നയോജന (എ.എ.വൈ.) പദ്ധതിയിൽ താഴെപ്പറയുന്ന മാനദണ്ഡപ്രകാരമുള്ള ഗുണഭോക്താക്കൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നത്. സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ വാർദ്ധക്യാധിക്യ രോഗബാധിതരോ അംഗവൈകല്യമുള്ളവരോ 60 വയസ്സോ മുകളിലോ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീയോ പുരുഷനോ, എല്ലാ പ്രാക്തന (പ്രാചീന) ഗോത്രവർഗ്ഗ കുടുംബങ്ങളും.

ഇതുകൂടാതെ കേന്ദ്രസർക്കാർ നിർദ്ദേശിച്ചപ്രകാരം എ.എ.വൈ. വിഭാഗത്തിലുൾപ്പെടുന്നതിന് നിലവിലുണ്ടായിരുന്ന മാനദണ്ഡങ്ങളോടൊപ്പം കുഷ്ഠരോഗ ബാധിതർ, എയ്ഡ്സ് ബാധിതർ, വിട്ടുമാറാത്തതും മാരകവുമായ രോഗങ്ങൾക്ക് അടിമപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽനിന്നും സാമ്പത്തിക സഹായം ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നിവരെക്കൂടി എ.എ.വൈ. പദ്ധതിയിൽ ഗുണഭോക്താക്കളായി ഉൾപ്പെടുത്തിയിട്ടുണ്ട്.

18-9-2017-ലെ സ.ഉ.(സാധാ) നമ്പർ 320/2017/ഭ.പൊ.വി.വ. പ്രകാരമുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മുൻഗണനാ (പി.എച്ച്.എച്ച്.) വിഭാഗങ്ങളെ കണ്ടെത്തുന്നത്. കൂടാതെ ഒഴിവാക്കൽ മാനദണ്ഡത്തിൽ ഉൾപ്പെട്ടതും ഗുരുതര രോഗബാധ, ഭിന്നശേഷി, സാമ്പത്തിക സാമൂഹിക പിന്നോക്കാവസ്ഥ തുടങ്ങിയ പരിഗണനീയമായ കാരണങ്ങളാൽ മുൻഗണനയിൽ ഉൾപ്പെടാൻ യോഗ്യമാണെന്ന് ബോധ്യപ്പെടുന്ന അപേക്ഷകൾ പരിശോധിച്ച് തീരുമാനമെടുക്കുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ) നമ്പർ 319/2020/ഭ.പൊ.വി.വ. പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുമുണ്ട്.

(ഡി) മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര അപേക്ഷകളിന്മേൽ തീരുമാനമെടുത്തിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദാംശം നൽകുമോ?

2022 സെപ്റ്റംബർ മാസം 13-ാം തീയതി മുതൽ ഒക്ടോബർ മാസം 31-ാം തീയതിവരെ ലഭ്യമായ അപേക്ഷകളുടെ വിവരം.

ജില്ല	ആകെ അപേക്ഷകൾ	മുൻഗണനയിൽ ഉൾപ്പെടാൻ അർഹരായവർ
തിരുവനന്തപുരം	9050	5548
കൊല്ലം	5642	4266
പത്തനംതിട്ട	1507	1097
ആലപ്പുഴ	3929	2967
കോട്ടയം	2946	2259
ഇടുക്കി	1927	1496
എറണാകുളം	7054	5532
തൃശ്ശൂർ	6954	4477
പാലക്കാട്	9351	5727
മലപ്പുറം	8611	5821
കോഴിക്കോട്	4964	2582
വയനാട്	1837	1440
കണ്ണൂർ	4520	2790
കാസർഗോഡ്	4936	3392
ആകെ	73228	49394

എ.എ.വൈ. റേഷൻകാർഡിനുള്ള അർഹത

270 (2418) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ.എ.വൈ. റേഷൻ കാർഡ് അനുവദിക്കപ്പെട്ട കുടുംബത്തിലെ മുതിർന്ന അംഗം മരണപ്പെട്ടാൽ മുൻഗണനാ കാർഡിന് പൂർണ്ണമായും അർഹതയുണ്ടെങ്കിലും പ്രസ്തുത കുടുംബം മുൻഗണനേതര വിഭാഗത്തിലേയ്ക്ക് റേഷൻകാർഡ് മാറ്റേണ്ടതുണ്ടോ; വിശദമാക്കാമോ?

ഇല്ല. മരണപ്പെട്ട അംഗത്തിന് ചികിത്സാർത്ഥം കാർഡ് അനുവദിക്കപ്പെട്ടതാണെങ്കിൽ കാർഡ് തരം മാറ്റണം.

സറണ്ടർ ചെയ്യുന്ന മുൻഗണനാ റേഷൻകാർഡുകൾക്ക് പിഴ

271 (2419) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർഹമായ മുൻഗണനാ റേഷൻ കാർഡുകൾ സറണ്ടർ ചെയ്യുന്നതിനായി നൽകിയ അവസരത്തിൽ സറണ്ടർ ചെയ്യുന്നതിനുള്ള അപേക്ഷകൾ അക്ഷയ സെന്ററുകൾ വഴി നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നോയെന്ന് വ്യക്തമാക്കുമോ;

(ബി) തിരൂർ താലൂക്ക് സപ്ലൈ ഓഫീസർക്ക് ഇപ്രകാരം അക്ഷയ സെന്ററുകൾ മുഖേന എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും പ്രസ്തുത അപേക്ഷകളിന്മേൽ എന്ത് നടപടികളാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ;

(സി) ഇപ്രകാരം അപേക്ഷ നൽകിയവരോട് പിഴ നൽകാൻ ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(എ-സി) ഇല്ല. ബാധകമല്ല.

(ഡി) ഭിന്നശേഷിക്കാർക്കും വിധവകൾക്കും മുൻഗണനാ റേഷൻ കാർഡിന് അർഹതപ്പെട്ട മറ്റുള്ളവർക്കും പിഴ അടയ്ക്കാൻ നിർദ്ദേശം നൽകിയത് പുനഃപരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പിഴ ഈടാക്കുന്നതിൽ ഇളവ് വരുത്തുന്ന വിഷയം പരിശോധിച്ചുവരുന്നു.

എ.പി.എൽ., ബി.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ ലിസ്റ്റ്

272 (2420) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ അനധികൃതമായി ബി.പി.എൽ. കാർഡ് കൈപ്പറ്റിയ എത്രപേരാണ് കാർഡ് എ.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുള്ളതെന്ന വിവരം താലൂക്ക് തിരിച്ച് ലഭ്യമാക്കാമോ; എ.പി.എൽ.-ൽ ഉൾപ്പെട്ടവരും ബി.പി.എൽ. വിഭാഗത്തിൽപ്പെടേണ്ടവരുമായ ആളുകളുടെ എത്ര അപേക്ഷയാണ് പ്രസ്തുത ജില്ലയിലെ വിവിധ താലൂക്കുകളിലായി ഇനിയും തീർപ്പുകൽപ്പിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

താലൂക്ക്	മുൻഗണനേതര വിഭാഗത്തിലേയ്ക്ക് മാറ്റിയിട്ടുള്ള അപേക്ഷകളുടെ എണ്ണം	തീർപ്പ് കൽപ്പിക്കാനുള്ള അപേക്ഷകളുടെ എണ്ണം
കാസർഗോഡ്	എ.എ.വൈ- 312 പി.എച്ച്.എച്ച്- 892	1870
ഹോസ്ദുർഗ്	എ.എ.വൈ- 159 പി.എച്ച്.എച്ച്- 1518	318
മഞ്ചേശ്വരം	എ.എ.വൈ- 198 പി.എച്ച്.എച്ച്- 823	1005
വെള്ളരിക്കുണ്ട്	എ.എ.വൈ- 30 പി.എച്ച്.എച്ച്- 189	199
ആകെ	4121	3392

മുൻഗണനാ വിഭാഗത്തിൽനിന്നും പൊതുവിഭാഗത്തിലേയ്ക്ക് മാറുന്നതിനുള്ള നടപടിക്രമങ്ങൾ

273 (2421) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരായ റേഷൻ കാർഡുടമകൾക്ക് പൊതുവിഭാഗത്തിലേയ്ക്ക് മാറുന്നതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) അങ്ങനെ മാറുന്നതിനായി സ്വയം അപേക്ഷ സമർപ്പിച്ചാൽ ഫൈൻ ഈടാക്കുന്ന അവസ്ഥ നിലവിലുണ്ടോ; വിശദവിവരം ലഭ്യമാക്കാമോ?

(എ&ബി) മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള അനർഹരായവർക്ക് പൊതുവിഭാഗത്തിലേയ്ക്ക് മാറുന്നതിനായി ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസിൽ കാർഡ് സറണ്ടർ ചെയ്യാവുന്നതാണ്.

അനർഹമായി മുൻഗണനാ റേഷൻകാർഡുകൾ കൈവശം വയ്ക്കുന്ന വ്യക്തികളുടെ പേരിൽ കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡറിലെ ഖണ്ഡിക 11 പ്രകാരം താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

1. നിയമത്തിലെ സെക്ഷൻ 9 പ്രകാരമുള്ള ക്രിമിനൽ നടപടികൾ

2. കേന്ദ്ര/സംസ്ഥാന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ/സഹകരണ

മേഖല/സർക്കാർ സഹായത്തോടെയുള്ള സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ അനർഹമായി കാർഡുകൾ കൈവശം വച്ചിട്ടുണ്ടെങ്കിൽ അവർക്കെതിരായ വകുപ്പുതല അച്ചടക്ക നടപടികൾ

3. റേഷൻകാർഡ് റദ്ദാക്കൽ

4. ഫൈൻ ഈടാക്കാറുണ്ട്. കാലാകാലങ്ങളിൽ സർക്കാർ തീരുമാനിച്ച കമ്പോള നിരക്കിലുള്ള വില, സർക്കാരിനുണ്ടായ സാമ്പത്തിക നഷ്ടം വീണ്ടെടുക്കുന്നതിനായി ഈടാക്കാറുണ്ട്.

അരുവിക്കര നിയോജകമണ്ഡലത്തിൽ സഞ്ചരിക്കുന്ന റേഷൻകട

274 (2422) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന റേഷൻ കട എന്ന പദ്ധതി അരുവിക്കര നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) ഇതിനായി വേണ്ടിവരുന്ന വാഹനം ഏത് തരത്തിലുള്ളതാണെന്നും ഇതിന് ഉദ്ദേശം എത്ര തുകയാണ് വേണ്ടിവരുന്നതെന്നും ഡ്രൈവറുടെ ശമ്പളം, ഇന്ധനം, അറ്റകുറ്റപ്പണി തുടങ്ങിയ ആവർത്തനച്ചെലവുകൾ എങ്ങനെയാണ് വഹിക്കുന്നതെന്നുമുള്ള വിവരങ്ങൾ അറിയിക്കാമോ?

(എ&ബി) നിലവിൽ അരുവിക്കര നിയോജകമണ്ഡലത്തിലെ കാട്ടാക്കട താലൂക്കിൽ (കോട്ടൂർ) കുന്നത്തേരി, വ്ലാവിള, ആമല, ആയിരംകാൽ, പൊത്തോട്, അണകാൽ, പ്ലാത്ത്, എറുമ്പിയാട്, മണ്ണാംകോണം, വാലിപ്പാറ, പൊടിയം എന്നീ സ്ഥലങ്ങളിലും നെടുമങ്ങാട് താലൂക്കിലെ (പൊടിയകാല), മീനാങ്കൽ, മാങ്കാല എന്നീ ആദിവാസി ഊരുകളിലും 'സഞ്ചരിക്കുന്ന റേഷൻ കട' പദ്ധതി മുഖേന ഭക്ഷ്യധാന്യങ്ങൾ എല്ലാ മാസവും വിതരണം ചെയ്യുന്നുണ്ട്. ആയതിലേയ്ക്കായി കരാർ വ്യവസ്ഥയിൽ പ്രവർത്തിക്കുന്ന ടിപ്പർ വാഹനത്തിന് ട്രിപ്പ് അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.

കെ-സ്റ്റോർ പദ്ധതി

275 (2423) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ-സ്റ്റോർ പദ്ധതിയിലേയ്ക്ക് കോട്ടയം ജില്ലയിലെ ഏതെല്ലാം റേഷൻകടകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിനുമായി എല്ലാ ജില്ലയിൽനിന്നും ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള 05 റേഷൻ കടകളെ വീതം തെരഞ്ഞെടുത്ത് കെ-സ്റ്റോർ പദ്ധതി ആരംഭിക്കുന്നതിന്റെ ഭാഗമായി കോട്ടയം ജില്ലയിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള റേഷൻകടകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	താലൂക്ക്	റേഷൻകട നമ്പർ
1	കോട്ടയം	177
2	ചങ്ങനാശ്ശേരി	114
3	വൈക്കം	207
4	മീനച്ചിൽ	183
5	കാഞ്ഞിരപ്പള്ളി	103

കുറ്റ്യാടി മണ്ഡലത്തിലെ തുരശ്ശേരിയിൽ റേഷൻകട അനുവദിക്കുന്നതിന് നടപടി

276 (2424) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലുൾപ്പെട്ട തുരശ്ശേരിയിലെ റേഷൻ കടയുടമയായ മുന്നാരാജ്, മുതുവന പി.ഒ., എന്നയാൾ സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത റേഷൻ കട സംബന്ധിച്ച് വടകര താലൂക്ക് സപ്ലൈ ഓഫീസർ അനുകൂല റിപ്പോർട്ട് നൽകിയെങ്കിലും ഇതുവരെയായി അപേക്ഷ തീർപ്പാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമയബന്ധിതമായി അപേക്ഷ തീർപ്പാക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

(എ&ബി) തുരശ്ശേരി മുക്കിൽ റേഷൻ കട അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ലഭ്യമായ അപേക്ഷയിന്മേൽ ജില്ലാ സപ്ലൈ ഓഫീസറുടെ റിപ്പോർട്ട് ലഭിച്ചിരുന്നു. എന്നാൽ പ്രസ്തുത കട അനുവദിക്കുന്നതിനെതിരെ പരാതി ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

റേഷൻ വിതരണവും റേഷൻ ഷോപ്പുകളും ആധുനികവൽക്കരിക്കാൻ നടപടി

277 (2425) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വിതരണവും റേഷൻ ഷോപ്പുകളും ആധുനികവൽക്കരിക്കുന്നതിനായി സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് ഇതുവരെ എത്ര കെ-സ്റ്റോറുകളാണ് അനുവദിച്ചിട്ടുള്ളത്; കെ-സ്റ്റോർ അനുവദിക്കുന്നതിന് എന്തെല്ലാം മാനദണ്ഡങ്ങളാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്; വിശദമാക്കാമോ?

(എ&ബി) പൊതുവിതരണ രംഗത്തെ ശാക്തീകരിക്കുന്നതിനും പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങൾ നൽകുന്നതിന്റെയും ഭാഗമായി റേഷൻകടകൾ വൈവിദ്ധ്യവത്ക്കരിക്കാൻ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. അതിന്റെ ആദ്യ ഘട്ടമായാണ് വൈവിദ്ധ്യവത്ക്കരണത്തിന് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമായിട്ടുള്ള റേഷൻകടകളെ ഉൾപ്പെടുത്തിക്കൊണ്ട് കെ-സ്റ്റോർ എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ റേഷൻകടകൾ വഴി നൽകിവരുന്ന സേവനങ്ങൾക്കുപുറമേ പൊതുജനോപകാരപ്രദമായ കൂടുതൽ സേവനങ്ങളും ഉൽപ്പന്നങ്ങളുടെ വിപണനവും നടപ്പാക്കുന്നതുവഴി റേഷൻകടയുടമകൾക്ക് ഒരു അധിക വരുമാനമാർഗ്ഗം കൂടിയാണ് കെ-സ്റ്റോർ എന്ന പദ്ധതികൊണ്ട് സർക്കാർ ലക്ഷ്യമിടുന്നത്.

റേഷൻകടകളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ പറയുന്നവയാണ്:-

1. കടയുടെ വിസ്തീർണ്ണം - കുറഞ്ഞത് 300 ചതുരശ്ര അടി

2. ടി പദ്ധതിയിൽ പങ്കാളിയാകാൻ സ്വമേധയാ വരുന്നവർ

3. റേഷൻകടകളുടെ 02 KM ചുറ്റളവിൽ സപ്ലൈകോ ഔട്ട്ലെറ്റുകൾ, ബാങ്കുകൾ, അക്ഷയ സെന്ററുകൾ എന്നിവയുടെ സേവനം ലഭ്യമല്ലാത്ത അവസ്ഥ.

കെ-സ്റ്റോർ പദ്ധതി നടത്തുന്നതിനായി തെരഞ്ഞെടുക്കുന്ന റേഷൻകട ലൈസൻസികൾക്ക് അധിക വരുമാനം ഉറപ്പാക്കുന്നതിന്റെ ഭാഗമായി പൊതുജനസേവനകേന്ദ്രം, സപ്ലൈകോയുടെ സബ്സിഡി ഉൽപ്പന്നങ്ങളുടെ വിൽപ്പന, 5,000 രൂപ വരെയുള്ള പണമിടപാടുകൾ നടത്തുന്നതിനുള്ള ബാങ്കിംഗ്

സംവിധാനം എന്നിവയും കൂടാതെ സംഭരണ കാലാവധി കൂടുതലുള്ള മിൽമ ഉൽപ്പന്നങ്ങൾ, മിനി എൽ.പി.ജി. സിലിണ്ടർ എന്നിവകൂടി വിപണനം നടത്തുന്നതിനുള്ള സംവിധാനവും ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

കെ-സ്റ്റോർ പദ്ധതിയുടെ പ്രാഥമികഘട്ടം എന്ന നിലയിൽ എല്ലാ ജില്ലകളിൽ നിന്നും കുറഞ്ഞത് 05 റേഷൻകടകൾ വീതം തെരഞ്ഞെടുത്ത് ടി പദ്ധതി ആരംഭിക്കുന്നതിനാണ് വകുപ്പ് ലക്ഷ്യമിടുന്നത്.

(സി) കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിൽ ഏതെല്ലാം റേഷൻഷോപ്പുകളിലാണ് കെ-സ്റ്റോർ അനുവദിച്ചിട്ടുള്ളത്; വിശദാംശം അറിയിക്കാമോ?

ക്രമ നമ്പർ	താലൂക്ക്	പഞ്ചായത്ത്	റേഷൻകട നമ്പർ
1	കൊയിലാണ്ടി	ചെറുവണ്ണൂർ	100
2	കൊയിലാണ്ടി	അത്തോളി	242
3	താമരശ്ശേരി	ഓമശ്ശേരി	28

റേഷൻ വ്യാപാരികളുടെ ക്ഷേമനിധി

278 (2426) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വ്യാപാരികൾക്കായി ക്ഷേമനിധി നിലവിലുണ്ടോയെന്ന് അറിയിക്കുമോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ ക്ഷേമനിധി ബോർഡിന്റെ ഘടനയും നിലവിലുള്ള തസ്തികകളുടെ വിശദാംശവും ലഭ്യമാക്കാമോ?

കേരള റേഷൻ വ്യാപാരി ക്ഷേമനിധി മാനേജിംഗ് കമ്മിറ്റി എന്ന പേരിൽ സിവിൽ സപ്ലൈസ് കമ്മീഷണർ എക്സ് ഒഫീഷ്യോ ചെയർമാൻ ആയി പ്രവർത്തിക്കുന്ന ഒരു മാനേജിംഗ് കമ്മിറ്റിയുടെ കീഴിലാണ് പ്രസ്തുത ക്ഷേമനിധി ബോർഡ് പ്രവർത്തിച്ചുവരുന്നത്. ആയതിൽ ഡെപ്യൂട്ടി കൺട്രോളറുടെ റാങ്കിൽ താഴെയല്ലാത്ത സിവിൽ സപ്ലൈസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥനെ മുഴുവൻ സമയ സെക്രട്ടറിയും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും നിയമിച്ചിട്ടുണ്ട്. ടി മാനേജിംഗ് കമ്മിറ്റിയിൽ സിവിൽ സപ്ലൈസ് വകുപ്പിലെ റേഷനിംഗ് കൺട്രോളർ എക്സ് ഒഫീഷ്യോ മെമ്പറായും സിവിൽ സപ്ലൈസ് വകുപ്പിലെ ചീഫ് അക്കൗണ്ട്സ്

ഓഫീസർ എക്സ് ഒഫീഷ്യോ മെമ്പറായും പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ജോയിന്റ് സെക്രട്ടറിയുടെ റാങ്കിന് താഴെയല്ലാത്ത സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ധനകാര്യ വകുപ്പിലെ ഒരു പ്രതിനിധി, ജോയിന്റ് സെക്രട്ടറിയുടെ റാങ്കിന് താഴെയല്ലാത്ത സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നിയമ വകുപ്പിലെ ഒരു പ്രതിനിധി, സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന റേഷൻ വ്യാപാരികളുടെ നാല് പ്രതിനിധികൾ എന്നിവരും പ്രസ്തുത മാനേജിംഗ് കമ്മിറ്റിയിൽ അംഗങ്ങളാണ്.

റേഷൻ വ്യാപാരി ക്ഷേമനിധിയിൽ ഡെപ്യൂട്ടി കൺട്രോളറുടെ റാങ്കിന് താഴെയല്ലാത്ത സിവിൽ സപ്ലൈസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ സെക്രട്ടറി ആന്റ് ചീഫ് എക്സിക്യൂട്ടീവായും താലൂക്ക് സപ്ലൈ ആഫീസറുടെ റാങ്കിൽ താഴെയല്ലാത്ത സിവിൽ സപ്ലൈസ് വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ സീനിയർ സൂപ്രണ്ടായും പ്രവർത്തിക്കുന്നു. കൂടാതെ എൽ.ഡി. ക്ലാർക്ക് തസ്തികയിൽ സിവിൽ സപ്ലൈസ് വകുപ്പിലെ 4 ക്ലാർക്കുമാരും ഓഫീസ് അറ്റൻഡന്റ് ആയി സിവിൽ സപ്ലൈസ് വകുപ്പിലെ ഒരു ഓഫീസ് അറ്റൻഡന്റും ക്ഷേമനിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഡ്രൈവർ തസ്തിക അനുവദിച്ചിട്ടുണ്ടെങ്കിലും നിലവിൽ വാഹനമില്ലാത്തതിനാൽ പ്രസ്തുത തസ്തികയിൽ ആരെയും നിയമിച്ചിട്ടില്ല. മേൽ തസ്തികകളിലെല്ലാം സിവിൽ സപ്ലൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ അന്യത്ര സേവന വ്യവസ്ഥയിൽ പ്രവർത്തിച്ചുവരികയാണ്.

(സി) ബോർഡിന്റെ ഭരണപരമായ പ്രവർത്തനങ്ങൾക്ക് ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ?

റേഷൻ വ്യാപാരി ക്ഷേമനിധി പ്രവർത്തനങ്ങൾക്കായി വർഷംതോറും ബഡ്ജറ്റിൽ തുക വകയിരുത്തി നൽകാറില്ല.

(ഡി) ക്ഷേമനിധി പെൻഷൻ നിലവിൽ എത്ര രൂപയാണെന്നും എത്ര പേർക്ക് നൽകിവരുന്നുണ്ടെന്നും വെളിപ്പെടുത്തുമോ?

പ്രതിമാസം 1,500 രൂപ നിരക്കിൽ ത്രൈമാസമായി 4,500 രൂപ നിലവിൽ പെൻഷനായി അനുവദിച്ചുവരുന്നു. 1642 പേർ നിലവിൽ പെൻഷണർമാരായിട്ടുണ്ട് (സെപ്റ്റംബറിൽ ത്രൈമാസ പെൻഷൻ അനുവദിച്ച പെൻഷണർമാരുടെ എണ്ണം).

(ഇ) ക്ഷേമനിധി പെൻഷൻ വിതരണം മുടങ്ങുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

റേഷൻ വ്യാപാരി ക്ഷേമനിധിയിൽ നിന്നുള്ള ത്രൈമാസ പെൻഷന് മുടക്കം വന്നിട്ടില്ല.

സുഭിക്ഷ ഹോട്ടലുകൾക്ക് സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ

279 (2427) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ ഹോട്ടലുകൾ തുടങ്ങുന്ന സമയത്ത് സപ്ലൈകോയിൽനിന്ന് സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ കിട്ടുമെന്ന് അറിയിച്ചത് നാളിതുവരെ ലഭ്യമായിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

(എ&ബി) സുഭിക്ഷ പദ്ധതി നടത്തിപ്പിനായി സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങളും മറ്റ് പലചരക്കുസാധനങ്ങളും ആവശ്യമെങ്കിൽ നൽകുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ സബ്സിഡി നിരക്കിൽ ഭക്ഷ്യധാന്യങ്ങളും മറ്റും നൽകുമ്പോൾ സപ്ലൈകോയ്ക്ക് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുമെന്ന് കണ്ടെത്തിയതിനാൽ പ്രസ്തുത തീരുമാനം പുനഃക്രമീകരിച്ച് ടൈഡ് ഓവർ വിഹിതത്തിലെ അരിയുടെ ലഭ്യതയ്ക്കനുസരിച്ച് ടൈഡ് ഓവർ നിരക്കിൽ പ്രതിമാസം പരമാവധി 600 കിലോഗ്രാം അരി (നിലവിൽ കിലോഗ്രാമിന് 10.90 രൂപയ്ക്ക്) ആവശ്യപ്പെടുന്ന സുഭിക്ഷ ഹോട്ടലുകൾക്ക് ലഭ്യമാക്കിവരുന്നുണ്ട്.

(സി) ഒരു ഊണിന് അഞ്ച് രൂപ എന്ന നിരക്കിൽ ലഭിക്കുന്ന കമ്മീഷൻ കൊണ്ട് കുടുംബശ്രീ യൂണിറ്റുകൾക്ക് ഹോട്ടൽ നടത്തിക്കൊണ്ട് പോകുന്നതിനുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; ആയത് പരിഹരിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ വിവിധതലങ്ങളിൽ പരിശോധിച്ചുവരുന്നു.

കാസർഗോഡ് ജില്ലയിൽ വിതരണം ചെയ്യുന്ന റേഷൻ സാധനങ്ങൾ

280 (2428) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ വിവിധ വിഭാഗത്തിൽപ്പെടുന്ന എത്ര റേഷൻ കാർഡുടമകളുണ്ടെന്ന് വ്യക്തമാക്കാമോ?

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വിഭാഗം	കാർഡുടമകളുടെ എണ്ണം
എ.എ.വൈ.	31347
പ്രയോറിറ്റി	114411
മുൻഗണനേതര സബ്സിഡി (NPS)	98253
മുൻഗണനേതര സബ്സിഡിയിതരം (NPNS)	94232
നോൺ പ്രയോറിറ്റി സ്ഥാപനം (NPI)	179
ആകെ	338422

(ബി) ഈ കാർഡുടമകൾക്ക് വിതരണം ചെയ്യുന്ന സാധനങ്ങൾ ഏതൊക്കെയാണെന്ന് അളവുകൾ സഹിതം വ്യക്തമാക്കാമോ?

വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(സി) കാസർഗോഡ് ജില്ലയിലെ റേഷൻ കാർഡ് ഉടമകൾക്ക് നൽകുന്ന അരി ഏതാണെന്ന് വ്യക്തമാക്കാമോ?

കാസർഗോഡ് ജില്ലയിൽ നെല്ല് സംഭരണത്തിലൂടെ ലഭ്യമാകുന്ന CMR (പ്രധാനമായും മട്ടയരി), പുഴുക്കലരി, പച്ചരി എന്നിവ നൽകിവരുന്നു.

(ഡി) കുറച്ചുകാലമായി ജില്ലയിലെ എല്ലാ കാർഡുടമകൾക്കും പച്ചരിയാണ് വിതരണം ചെയ്യുന്നതെന്ന് പറയപ്പെടുന്നത് ശരിയാണോ; എങ്കിൽ എത്ര കാലമായി പച്ചരി മാത്രം വിതരണം ചെയ്യുന്നുവെന്ന് വ്യക്തമാക്കാമോ;

(ഇ) കേരളത്തിലെ മറ്റ് ജില്ലകളിൽ പുഴുക്കലരി വിതരണം നടത്തുന്നുണ്ടോ; എങ്കിൽ കാസർഗോഡ് ജില്ലയിൽ മാത്രം എന്തുകൊണ്ടാണ് പുഴുക്കലരി വിതരണം ചെയ്യാത്തതെന്ന് വ്യക്തമാക്കാമോ?

(ഡി&ഇ) അല്ല. കേരളത്തിലെ എല്ലാ ജില്ലകളിലും പുഴുക്കലരി, പച്ചരി, CMR എന്നീ മൂന്നിനം അരികളും വിതരണം നടത്തുന്നുണ്ട്. എന്നാൽ കാസർഗോഡ് ഉൾപ്പെടെയുള്ള പല ജില്ലകളിലും ആവശ്യപ്പെടുന്നതിനേക്കാൾ കൂടുതൽ പച്ചരി എഫ്.സി.ഐ.-യിൽനിന്ന് ലഭിക്കുന്ന സാഹചര്യം നിലവിലുണ്ട്.

കാസർഗോഡ് ജില്ലയിലെ റേഷൻ അരി വിതരണം

281 (2429) ശ്രീ. ഇ. ചന്ദ്രശേഖരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻകടകൾ വഴി അരി വിതരണം ചെയ്യുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നെല്ല് സംഭരണത്തിലൂടെ ഓരോ മാസവും സപ്ലൈകോ ലഭ്യമാക്കുന്ന CMR (പ്രധാനമായും മട്ടയരി) ലഭ്യതയുടെയും ജില്ലകളിലെ ആവശ്യകതയുടെയും അടിസ്ഥാനത്തിൽ വിതരണം ചെയ്യുവരുന്നു. എഫ്.സി.ഐ.-യിൽനിന്ന് ലഭ്യമാകുന്ന പുഴുക്കലരിയും പച്ചരിയും നോർമൽ വിതരണത്തിന് എ.എ.വൈ. ഒഴികെയുള്ള വിഭാഗങ്ങൾക്ക് 50 ശതമാനം വീതം വിതരണം ചെയ്യുന്നതിനും എ.എ.വൈ. വിഭാഗത്തിന് പച്ചരിയുടെ അളവ് പരമാവധി 5 കിലോഗ്രാമായി നിജപ്പെടുത്തി നൽകുന്നതിനുമാണ് നിർദ്ദേശിച്ചിട്ടുള്ളത്. 'പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന' സ്കീം മുഖേനയുള്ള വിതരണത്തിന് പൂർണ്ണമായും പുഴുക്കലരി ലഭ്യമാക്കണമെന്നാണ് എഫ്.സി.ഐ.-യോട് ആവശ്യപ്പെട്ടിരുന്നത്.

(ബി) കാസർഗോഡ് ജില്ലയിൽ കുത്തരി, പുഴുക്കലരി എന്നിവ വിതരണം ചെയ്യാതെ പച്ചരി മാത്രം വിതരണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കാസർഗോഡ് ജില്ലയിൽ പുഴുക്കലരി, പച്ചരി, CMR (പ്രധാനമായും മട്ടയരി) എന്നിവ വിതരണം ചെയ്യുന്നുണ്ട്. എന്നാൽ കാസർഗോഡ് ഉൾപ്പെടെയുള്ള പല ജില്ലകളിലും ആവശ്യപ്പെടുന്നതിനേക്കാൾ പച്ചരി എഫ്.സി.ഐ.-യിൽനിന്ന് നിലവിൽ ലഭ്യമാകുന്നുണ്ട്.

(സി) എങ്കിൽ പ്രസ്തുത ജില്ലയിൽ കുത്തരി, പുഴുക്കലരി എന്നിവയുടെ വിതരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

പുഴുക്കലരി കൂടുതലായി ലഭ്യമാക്കാൻ എഫ്.സി.ഐ. അധികൃതരോട് രേഖാമൂലം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2023 ജനുവരി മാസത്തേയ്ക്കുള്ള വിതരണത്തിനായി എ.എ.വൈ. വിഭാഗത്തിന് 100 ശതമാനം പുഴുക്കലരിയും പ്രയോറിറ്റി വിഭാഗത്തിന് 50 ലോഡ് പുഴുക്കലരിയും പയ്യന്നൂർ എഫ്.സി.ഐ. ഡിപ്പോയിൽനിന്ന് അനുവദിച്ചിട്ടുണ്ട്.

പോഷക സമൃഷ്ട അരി വിതരണം

282 (2430) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകളിലൂടെ പോഷകസമൃഷ്ട അരി (ഫോർട്ടിഫൈഡ് റൈസ്) നൽകാൻ കേന്ദ്രം നിർദ്ദേശം നൽകിയിട്ടുണ്ടോ, എങ്കിൽ കേന്ദ്ര നിർദ്ദേശത്തോട് സംസ്ഥാനം അനുകൂല തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ, ഏതെങ്കിലും തരത്തിലുള്ള എതിർപ്പ് സംസ്ഥാനം അറിയിച്ചിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ?

കേന്ദ്ര നിർദ്ദേശം ലഭ്യമായിട്ടുണ്ട്. സംസ്ഥാനത്ത് വയനാട് ജില്ലയിൽ ടി പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സി.എം.ആർ. അരിയിൽ പോഷക ഗുണങ്ങളുള്ളതിനാൽ സംസ്ഥാനത്ത് ഫോർട്ടിഫൈഡ് അരിയുടെ ആവശ്യകതയില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു.

(ബി) സംസ്ഥാനത്ത് റേഷൻ കടകളിലൂടെ നിലവിൽ വിതരണം ചെയ്യുന്ന അരിയിൽ ആവശ്യത്തിന് പോഷകം ലഭ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; പോഷക സമൃഷ്ട അരി (ഫോർട്ടിഫൈഡ് റൈസ്) ജനങ്ങൾ ഉപയോഗിക്കുന്നത് ഏതെങ്കിലും തരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾക്ക് ഇടയാക്കുമെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ആരോഗ്യരംഗത്ത് എന്തെല്ലാം പ്രശ്നങ്ങൾ ഇതിന്റെ ഉപയോഗംമൂലം ഉണ്ടാകുമെന്നാണ് സർക്കാർ കരുതുന്നത്; ഈ വിഷയത്തിൽ ജനങ്ങൾക്കുണ്ടായിട്ടുള്ള ആശങ്ക പരിഹരിക്കുന്നതിന് സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് റേഷൻകടകൾ വഴി വയനാട് ഒഴികെയുള്ള ജില്ലകളിൽ നിലവിൽ രണ്ട് തരം അരിയാണ് വിതരണം ചെയ്യുന്നത്. ഒന്ന് കേന്ദ്രം സംഭരിച്ചു നൽകുന്ന അരി, മറ്റൊന്ന് കേരളത്തിൽനിന്നും സംഭരിച്ച നെല്ലിൽനിന്നും കുത്തിയെടുത്ത് വിതരണം ചെയ്യുന്ന സി.എം.ആർ. അരി. ഫോർട്ടിഫൈഡ് അരി ഉപയോഗിക്കുന്നതുമൂലം ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകുമെന്നത് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ജനങ്ങളുടെ ആശങ്ക പരിഹരിക്കുന്നതിലേയ്ക്കായി കേന്ദ്ര നിർദ്ദേശമനുസരിച്ച് വയനാട്ടിൽ ഒക്ടോബർ മാസത്തിൽ വിപുലമായ ഒരു ശിൽപ്പശാല നടത്തിയിട്ടുണ്ട്. ഇതിൽ ആരോഗ്യവിദഗ്ധർ, കേന്ദ്ര സർക്കാർ പ്രതിനിധികൾ, മറ്റു പോഷകാഹാര വിദഗ്ധർ എന്നിവർ പങ്കെടുക്കുകയുണ്ടായി.

(സി) സംസ്ഥാനത്ത് നിലവിൽ എവിടെയെല്ലാമാണ് ഈ അരി വിതരണം ചെയ്യുന്നതെന്നും പരീക്ഷണാടിസ്ഥാനത്തിൽ അരി വിതരണത്തിന് എന്തുകൊണ്ടാണ് പ്രസ്തുത മേഖല തെരഞ്ഞെടുത്തതെന്നും വ്യക്തമാക്കുമോ; അരിയുടെ ഉപയോഗത്തിൽനിന്ന് ആരെയെങ്കിലും ഒഴിവാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്ത് നിലവിൽ വയനാട് ജില്ലയിലാണ് ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നത്. രാജ്യത്തെ മുഴുവൻ ആസ്പിരേഷൻ ജില്ലകൾ/ പോഷകാഹാരക്കുറവിന്റെ ആധിക്യമുള്ള (Heavy Burden) ജില്ലകളിൽ പി.ഡി.എസ്. മുഖേന ഫോർട്ടിഫൈഡ് അരി വിതരണം ചെയ്യുന്നതിന് കേന്ദ്രം നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ആസ്പിരേഷൻ മാനദണ്ഡങ്ങളിൽ വരുന്ന വയനാട് ജില്ല തെരഞ്ഞെടുത്തത്. നിലവിൽ വയനാട് ജില്ലയിലെ എല്ലാ കാർഡുടമകൾക്കും ഫോർട്ടിഫൈഡ് അരി വിതരണം ചെയ്തുവരുന്നു.

(ഡി) ആവശ്യമായ പഠനങ്ങൾക്ക് ശേഷമാണോ ഈ അരിയുടെ വിതരണം സംസ്ഥാനത്ത് നടത്തിയിട്ടുള്ളത്; എങ്കിൽ ഏത് രീതിയിലുള്ള പഠനമാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ?

ടി വിഷയത്തിന്മേൽ പഠനം നടത്തി റിപ്പോർട്ട് തയ്യാറാക്കുന്നതിന് സംസ്ഥാന ആരോഗ്യവകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മണ്ണെണ്ണ, ഗോതമ്പ് വിഹിതത്തിൽ കേന്ദ്ര സർക്കാർ വരുത്തിയ കുറവ്

283 (2431) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ കാർഡുടമകൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന മണ്ണെണ്ണ വിഹിതത്തിൽ കേന്ദ്രസർക്കാർ കഴിഞ്ഞ വർഷങ്ങളിൽ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സബ്സിഡി മണ്ണെണ്ണയുടെ വിഹിതത്തിൽ ഓരോ സാമ്പത്തിക വർഷത്തിലും കേന്ദ്ര സർക്കാർ കുറവുവരുത്തുന്നുണ്ട്. കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തിന് ലഭ്യമായ സബ്സിഡി മണ്ണെണ്ണയുടെ കണക്ക് അനുബന്ധമായി *ചേർക്കുന്നു. സംസ്ഥാനത്ത് 2019 ആദ്യപാദം വരെ 13908 കിലോലിറ്റർ പി.ഡി.എസ്. സബ്സിഡി മണ്ണെണ്ണ ലഭ്യമായിരുന്നു. തുടർന്ന് (ജൂലൈ മുതൽ സെപ്റ്റംബർ) രണ്ടാം പാദത്തിൽ ആയത് 9264 കിലോലിറ്റർ ആയി കുറവ് വരുത്തി. ടി സമയം സംസ്ഥാനത്ത് ഇലക്ട്രിഫൈഡ് കാർഡുകൾക്കും നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്കും യഥാക്രമം 1/2 ലിറ്റർ, 4 ലിറ്റർ എന്ന അളവിലാണ് വിതരണം ക്രമീകരിച്ചിരുന്നത്. 9264 കിലോലിറ്റർ മണ്ണെണ്ണ ഇരുപാദത്തിലെയും അവസാന മാസങ്ങളിൽ മുഴുവൻ വിഭാഗം കാർഡുകൾക്കും മേൽപ്പറഞ്ഞ അളവിൽ പൂർണ്ണമായി വിതരണത്തിന് തികഞ്ഞിരുന്നില്ല. തുടർന്ന് 2021-22 സാമ്പത്തിക വർഷത്തിൽ പി.ഡി.എസ്. മണ്ണെണ്ണയുടെ അളവ് വീണ്ടും കുറച്ച് 6480 കിലോലിറ്ററാക്കി. ടി സമയം മുതൽ സംസ്ഥാനത്തെ മണ്ണെണ്ണ വിതരണം ത്രൈമാസമായി ക്രമീകരിക്കേണ്ടിവന്നു. എ.എ.വൈ., പി.എച്ച്.എച്ച്. കാർഡുകൾക്ക് മൂന്ന് മാസത്തിലൊരിക്കൽ ഒരു ലിറ്റർ മണ്ണെണ്ണയും എൻ.പി.എസ്., എൻ.പി.എൻ.എസ്. വിഭാഗം കാർഡുകൾക്ക് മൂന്ന് മാസത്തിലൊരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്ക് മൂന്ന് മാസത്തിലൊരിക്കൽ 8 ലിറ്റർ മണ്ണെണ്ണയുമായി വിതരണം ക്രമീകരിച്ചു. 2022-23 നടപ്പുസാമ്പത്തിക വർഷത്തിൽ കേന്ദ്രസർക്കാർ മണ്ണെണ്ണ വിഹിതം 3888 കിലോലിറ്റർ ആയി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ മണ്ണെണ്ണ വിതരണത്തിന് കാര്യമായ പ്രതിസന്ധിയുണ്ടാകുകയും ഇലക്ട്രിഫൈഡ് കാർഡുകൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്ക് മൂന്ന് മാസത്തിലൊരിക്കൽ 6 ലിറ്റർ മണ്ണെണ്ണയും എന്ന അളവിൽ വിതരണത്തോത് ക്രമീകരിക്കേണ്ടതായുംവന്നു. മേൽപ്പറഞ്ഞ അളവിൽ വിതരണം നടത്തുന്നതിന് ഒരു പാദത്തിൽ 4728 കിലോലിറ്റർ മണ്ണെണ്ണ ആവശ്യമായി വരുന്നു. എന്നാൽ കേന്ദ്രം അനുവദിക്കുന്ന വിഹിതം 3888 കിലോലിറ്റർ മാത്രമാണ്. അതായത് ഓരോ പാദത്തിലും 840 കിലോലിറ്റർ മണ്ണെണ്ണയുടെ കുറവുണ്ടാകുന്നു.

(ബി) സംസ്ഥാനത്തെ വിവിധ കാർഡുടമകൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന ഗോതമ്പ് വിഹിതത്തിൽ കേന്ദ്രസർക്കാർ കഴിഞ്ഞ വർഷങ്ങളെക്കാൾ കുറവ് വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. ഭക്ഷ്യഭദ്രതാ നിയമപ്രകാരമുള്ള ഭക്ഷ്യധാന്യ വിഹിതത്തിൽ 2022 മേയ് മാസം വരെ ടൈഡ് ഓവർ വിഭാഗത്തിൽ ലഭ്യമായിക്കൊണ്ടിരുന്ന 6459.074 മെട്രിക് ടൺ ഗോതമ്പ് കുറവുചെയ്ത് പകരം അത്രയും അളവ് അരി കൂടി 2022 ജൂൺ മാസം മുതൽ അനുവദിച്ചുവരുന്നു. 'പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന' പദ്ധതിപ്രകാരം 2022 ഏപ്രിൽ വരെ 15729.60938 മെട്രിക് ടൺ ഗോതമ്പ് അനുവദിച്ചിരുന്നു. പ്രസ്തുത ഗോതമ്പ് 2022 മേയ് മുതൽ ഒഴിവാക്കി പകരം അരിയാണ് അനുവദിച്ചുനൽകുന്നത്.

റേഷൻ വ്യാപാരികളുടെ കമ്മീഷൻ

284 (2432) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികൾക്ക് റേഷൻ വിതരണത്തിന്റെ കമ്മീഷൻ നൽകുന്നതിൽ സർക്കാർ കുടിശ്ശിക വരുത്തുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എല്ലാ മാസവും അഞ്ചാം തീയതിക്കുമുമ്പ് മുൻമാസത്തെ കമ്മീഷൻ നൽകാമെന്ന് സർക്കാർ രേഖാമൂലം ഉറപ്പുനൽകിയിട്ടുണ്ടോ;

(സി) 2022 ഒക്ടോബറിൽ കമ്മീഷനായി വ്യാപാരികൾക്ക് നൽകേണ്ട തുകയിൽ കുറവ് വരുത്തിയിരുന്നോ; ഉണ്ടെങ്കിൽ എത്ര ശതമാനമെന്നും ഏത് സാഹചര്യത്തിലാണെന്നും വിശദമാക്കുമോ?

(ബി&സി) ഇല്ല.

(ഡി) ചില വ്യാപാരികൾക്ക് ആദ്യം കമ്മീഷൻ നൽകാനും മറ്റുള്ളവർക്ക് പണം ഉണ്ടെങ്കിൽ നൽകാനും സിവിൽ സപ്ലൈസ് കമ്മീഷണർ ഉത്തരവിറക്കിയിരുന്നോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഇല്ല. എന്നാൽ 2022 ഒക്ടോബർ മാസത്തിൽ ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഓരോ റേഷൻ വ്യാപാരിക്കും അർഹമായ കമ്മീഷൻ തുകയുടെ 49% മാത്രം അനുവദിക്കുന്നതിനും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന, മിനിമം കമ്മീഷൻ മാത്രം ലഭിക്കുന്ന വ്യാപാരികൾക്ക് പരിഗണന നൽകുന്നതിന് പൊതുവിതരണ കമ്മീഷണർ 19-11-2022-ലെ CCS/5065/2022-A9 നമ്പർ നടപടിക്രമം പുറപ്പെടുവിക്കുകയും ആയത് 26-11-2022-ലെ CCS/5065/2022-A9 നമ്പർ നടപടിക്രമപ്രകാരം മരവിപ്പിക്കുകയും 29-11-2022-ലെ ഇതേ നമ്പർ നടപടിക്രമപ്രകാരം ഒക്ടോബർ മാസത്തെ മുഴുവൻ കമ്മീഷനും അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) റേഷൻ വ്യാപാരികൾക്ക് കമ്മീഷൻ നൽകുന്നതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കുമോ; ഇവരെ വിവിധ കാറ്റഗറിയായി തിരിച്ചാണോ കമ്മിഷൻ നൽകുന്നതെന്ന് അറിയിക്കാമോ;

10-11-2017-ലെ സ.ഉ.(കൈ) നമ്പർ 29/2017/ഭ.പൊ.വി.വ. പ്രകാരം സംസ്ഥാനത്തെ റേഷൻ വ്യാപാരികൾക്ക് അനുവദിച്ച കമ്മീഷൻ പാക്കേജ് 30-11-2018-ലെ സ.ഉ.(കൈ) നമ്പർ46/2018/ഭ.പൊ.വി.വ. പ്രകാരം പരിഷ്കരിച്ച് താഴെപ്പറയുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി കമ്മീഷൻ നൽകിവരുന്നു.

45 ക്വിന്റൽ വിതരണം നടത്തുന്ന വ്യാപാരികൾക്ക് 18,000 രൂപ അടിസ്ഥാന കമ്മീഷനായി അനുവദിക്കുന്നു.

44 ക്വിന്റൽ വരെ ഭക്ഷ്യധാന്യ വിൽപ്പന നടത്തുന്നവർക്ക് ക്വിന്റലിന് 220 രൂപ നിരക്കിൽ കമ്മീഷനും അടിസ്ഥാന കമ്മീഷൻ ലഭ്യമാകുന്നതിന് പരമാവധി 8,500 രൂപ വരെ സപ്പോർട്ടീവ് പെയ്മെന്റും നൽകുന്നു.

45 ക്വിന്റലിന് മുകളിൽ ഭക്ഷ്യധാന്യ വിൽപ്പന നടത്തിയാൽ അടിസ്ഥാന കമ്മീഷനായ 18,000 രൂപയ്ക്ക് പുറമേ വിൽപ്പന നടത്തുന്ന ഓരോ ക്വിന്റലിനും 180 രൂപ നിരക്കിൽ കമ്മീഷൻ അനുവദിക്കുന്നു.

45 ക്വിന്റൽ വരെ വിൽപ്പന നടത്തുന്ന വ്യാപാരിക്ക് അടിസ്ഥാന കമ്മീഷൻ ലഭിക്കുന്നതിന് റിക്വയർമെന്റിന്റെ 70 ശതമാനത്തിലധികം വിൽപ്പന നടത്തേണ്ടതാണ്.

വിൽപ്പനയിലുണ്ടാകുന്ന കുറവിന് ആനുപാതികമായി കമ്മീഷനിലും കുറവുണ്ടാകുന്നതാണ്. ആയതുപ്രകാരം 60 ശതമാനത്തിനും 70 ശതമാനത്തിനുമിടയിൽ വിൽപ്പന നടത്തുന്നവർക്ക് സപ്പോർട്ടീവ് പെയ്മെന്റിൽ നിന്നും 20 ശതമാനവും 60 ശതമാനത്തിൽ താഴെ വിൽപ്പന നടത്തുന്നവർക്ക് 40 ശതമാനവും കുറവുണ്ടാകുന്നതാണ്.

ഒരേ കടയിൽ കൂട്ടിച്ചേർത്ത് പ്രവർത്തിക്കുന്ന കടകളെ ഒന്നായി പരിഗണിച്ചാണ് കമ്മീഷൻ നൽകിവരുന്നത്.

(എഫ്) കമ്മീഷൻ നൽകുന്ന തുകയിൽനിന്ന് എന്തൊക്കെ നിരക്കുകളാണ് സർക്കാർ ഈടാക്കുന്നതെന്ന് വെളിപ്പെടുത്താമോ;

കമ്മീഷൻ നൽകുന്ന തുകയിൽനിന്നും ക്ഷേമനിധി അംശദായ തുക എ.ആർ.ഡി. ലൈസൻസികളുടെ അനുമതിയോടെ ഈടാക്കുന്നതിനുപുറമേ ലൈസൻസികൾ സർക്കാരിലേയ്ക്ക് അടവാക്കാനുള്ള ബാധ്യത തുകയും ഈടാക്കുന്നു.

(ജി) റേഷൻകടയുടെ വാടക, സെയിൽസ്മാന്റെ വേതനം, വൈദ്യുതി നിരക്ക് എന്നിവ കണക്കാക്കിയാണോ കമ്മീഷൻ നിശ്ചയിച്ചിരിക്കുന്നത്; വിശദമാക്കുമോ?

ഓരോ മാസത്തെയും വിതരണത്തിന്റെ അടിസ്ഥാനത്തിലാണ് കമ്മീഷൻ നൽകുന്നത്.

ഉച്ചഭക്ഷണം നൽകുന്നതിനുവേണ്ടി വിതരണം ചെയ്ത അരി

285 (2433) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022 ഒക്ടോബർ മാസത്തിൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിലെ വിവിധ സ്കൂളുകളിൽ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുവേണ്ടി ഉപയോഗയോഗ്യമല്ലാത്ത അരി വിതരണം ചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ വിഷയത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

(എ&ബി) 2022 ഒക്ടോബർ മാസത്തിൽ തിരൂരങ്ങാടി നിയോജകമണ്ഡലത്തിൽപ്പെട്ട പരപ്പനങ്ങാടി നഗരസഭയിലെ വിവിധ സ്കൂളുകളിൽനിന്ന് ഉച്ചഭക്ഷണത്തിനുള്ള അരിയെ സംബന്ധിച്ച് ഫോൺ മുഖാന്തരം പരാതികൾ ലഭിച്ചതിനെത്തുടർന്ന് സപ്ലൈകോ ക്വാളിറ്റി വിഭാഗം സ്കൂളുകൾ

സന്ദർശിക്കുകയും പരാതിക്ക് ആസ്പദമായ അരിയുടെ സാമ്പിൾ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള കോന്നിയിലെ CFRD ലാബിലേയ്ക്ക് അയയ്ക്കുകയും ചെയ്തിരുന്നു. ലാബ് റിപ്പോർട്ട് പ്രകാരം ടി അരി ഭക്ഷ്യയോഗ്യമാണെന്ന് സ്ഥിരീകരിച്ചിട്ടുള്ളതാണ്.

ഭക്ഷ്യ വസ്തുക്കളുടെ പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും തടയാൻ പരിശോധന

286 (2434) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുവിപണിയിൽ ഭക്ഷ്യവസ്തുക്കളുടെ വില വൻതോതിൽ വർദ്ധിച്ചുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യ സംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യസാധനങ്ങളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, ഇന്ധനവില വർദ്ധനവ്, കടത്തുകൂലി വർദ്ധനവ്, വിദൂര സംസ്ഥാനങ്ങളിൽനിന്ന് സാധനങ്ങൾ കൊണ്ടുവരുമ്പോൾ ഉണ്ടാകുന്ന അധികച്ചെലവ് തുടങ്ങിയ വിവിധ കാരണങ്ങളാൽ, നിത്യോപയോഗ സാധനങ്ങൾക്ക് വില വർദ്ധനവുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നിരുന്നാലും സർക്കാരിന്റെ കാര്യക്ഷമമായ വിപണിയിടപെടൽ പ്രവർത്തനങ്ങൾമൂലം വില വർദ്ധനവ് പിടിച്ചുനിർത്താൻ സാധിച്ചിട്ടുണ്ട്.

(ബി) വിപണിയിൽ കൃത്രിമമായി വിലക്കയറ്റം സൃഷ്ടിക്കുന്നത് കണ്ടെത്തുന്നതിനും പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും വില നിലവാരവും പരിശോധിക്കുന്നതിനുമായി ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ എത്ര പരിശോധനകളാണ് നടത്തിയിട്ടുള്ളതെന്നും ആയതിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ജില്ല തിരിച്ച് വിശദമാക്കുമോ?

പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും വില നിലവാരവും പരിശോധിക്കുന്നതിനായി ജില്ലാകളക്ടറുടെ നേതൃത്വത്തിൽ 3222 പരിശോധനകൾ നടത്തിയിട്ടുണ്ട്. കൂടാതെ വില പ്രദർശിപ്പിക്കാത്ത 619 കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുമുണ്ട്. നടത്തിയ പരിശോധകളുടെ എണ്ണം, സ്വീകരിച്ച നടപടികളുടെ എണ്ണം എന്നിവ അനുബന്ധം I *ആയി ചേർക്കുന്നു.

(സി) പൊതുവിപണിയിലെ വിലവർദ്ധനവും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിനും വിലക്കയറ്റം നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് നാളിതുവരെയായി സ്വീകരിച്ചിട്ടുള്ളതെന്നും ആയതിന്റെ അടിസ്ഥാനത്തിൽ വില നിയന്ത്രണം സാധ്യമായിട്ടുണ്ടോയെന്നും അറിയിക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൊതുവിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധനാ സംവിധാനം വകുപ്പുതലത്തിൽ പ്രവർത്തിക്കുന്നുണ്ട്.

പൊതുവിപണിയിലുണ്ടാകുന്ന വില വർദ്ധനവും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലാതലത്തിൽ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ വകുപ്പും ലീഗൽ മെട്രോളജി വകുപ്പും സംയുക്തമായി ചേർന്ന് പരിശോധനകൾ നടത്താറുണ്ട്. അവശ്യസാധന നിയമം-1955-നെ അടിസ്ഥാനപ്പെടുത്തി കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും സംബന്ധിച്ചുള്ള പരാതികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്നതിന് കൺസ്യൂമർ അഫയേഴ്സ് ഡിപ്പാർട്ട്മെന്റ് ഒരു വെബ്സൈറ്റ് അധിഷ്ഠിത പ്ലാറ്റ്ഫോം വികസിപ്പിച്ചിട്ടുണ്ട്. പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും വില നിലവാരവും പരിശോധിക്കുന്നതിനായി ജില്ലാകളക്ടറുടെ നേതൃത്വത്തിൽ 3222 പരിശോധനകൾ നടത്തിയിട്ടുണ്ട്. കൂടാതെ വില പ്രദർശിപ്പിക്കാത്ത 619 കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുമുണ്ട്. നടത്തിയ പരിശോധനകളുടെ എണ്ണം, സ്വീകരിച്ച നടപടികളുടെ എണ്ണം എന്നിവ അനുബന്ധമായി* ചേർക്കുന്നു (https: fcainfoweb.nic.in/ECRE/). കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും തടയുന്നതിന് ആവശ്യമായ കർശനപരിശോധനകൾ എല്ലാ ജില്ലാ സപ്ലൈ ഓഫീസർമാരും നടത്തുകയും ലഭ്യമാകുന്ന വിവരങ്ങൾ പോർട്ടലിൽ രേഖപ്പെടുത്തുകയും ചെയ്യുന്നുണ്ട്. ഇതുകൂടാതെ മാസത്തിലൊരിക്കൽ വകുപ്പുമന്ത്രിയെ ഉപഭോക്താക്കൾക്ക് നേരിട്ടുവിളിച്ച് പരാതികൾ അറിയിക്കുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളുടെ ഭാഗമായി വില നിയന്ത്രണം സാധ്യമായിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുവിപണിയിലെ ഭക്ഷ്യവസ്തുക്കളുടെ വിലയും ഇപ്പോഴത്തെ വിലയും എത്രയാണെന്നും സർക്കാരിന്റെ വിപണി ഇടപെടലിനെത്തുടർന്ന് വില കുറഞ്ഞ ഭക്ഷ്യവസ്തുക്കൾ ഏതെല്ലാമാണെന്നും അറിയിക്കാമോ?

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ പൊതുവിപണിയിലെ ഭക്ഷ്യവസ്തുക്കളുടെ വിലയും ഇപ്പോഴത്തെ വിലയും തമ്മിലുള്ള താരതമ്യം അനുബന്ധമായി*ചേർക്കുന്നു. സപ്ലൈകോ വിൽപ്പനശാലകൾവഴി സബ്സിഡി നിരക്കിൽ വിൽപ്പന നടത്തിവരുന്ന 13 ഇനം അവശ്യവസ്തുക്കളുടെ വില 2016 മുതൽ മാറ്റമില്ലാതെ തുടരുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവരുടെ റേഷൻ പരിമിതപ്പെടുത്തിയ നടപടി

287 (2435) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് നൽകുന്ന റേഷൻ അരി, മണ്ണെണ്ണ, ഗോതമ്പ് എന്നിവ പരിമിതപ്പെടുത്തിയ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നിലവിൽ എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് റേഷൻ ആയി ഏതെല്ലാം ഇനങ്ങൾ എത്ര അളവിൽ നൽകുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ഭക്ഷ്യഭദ്രതാ നിയമം സംസ്ഥാനത്ത് നിലവിൽ വരുന്നതിനുമുമ്പ് എ.പി.എൽ. വിഭാഗത്തിന് പ്രത്യേകമായി അലോട്ട്മെന്റ് ലഭ്യമായിരുന്നു. എന്നാൽ ഭക്ഷ്യഭദ്രതാ നിയമപ്രകാരം മുൻഗണനാ വിഭാഗത്തിന് മാത്രമാണ് ഭക്ഷ്യധാന്യങ്ങൾ ലഭ്യമാകുന്നത്. ടൈഡ് ഓവർ വിഹിതമായി ലഭ്യമാകുന്ന ഭക്ഷ്യധാന്യമാണ് നിലവിൽ മുൻഗണനേതര വിഭാഗത്തിന് നൽകിവരുന്നത്. മുൻകാലങ്ങളിൽ പ്രതിമാസ നിരക്കിൽ നൽകിവന്നിരുന്ന മണ്ണെണ്ണ, അനുവദിക്കുന്ന അളവിൽ വന്നിട്ടുള്ള കുറവുമൂലം കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ മൂന്നു മാസത്തിലൊരിക്കൽ എന്ന കണക്കിനാണ് നൽകാൻ കഴിയുന്നത്. 2022 ഡിസംബർ മാസത്തിൽ മുൻഗണനേതര - സബ്സിഡി (NPS) വിഭാഗത്തിലെ കാർഡിലെ ഒരു അംഗത്തിന് 2 കിലോഗ്രാം അരി വീതവും മുൻഗണനേതര-സബ്സിഡിയിതര (NPNS) വിഭാഗത്തിലെ കാർഡുകൾക്ക് 6 കിലോഗ്രാം അരി വീതവും നോൺപ്രയോറിറ്റി സ്ഥാപനം (NPI) വിഭാഗത്തിലെ കാർഡിന് 2 കിലോഗ്രാം അരി വീതവും നൽകിവരുന്നു. വൈദ്യുതീകരിച്ച വീടുള്ള കുടുംബത്തിന് മൂന്നു മാസത്തിലൊരിക്കൽ അര ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബത്തിന് മൂന്നു മാസത്തിലൊരിക്കൽ 6 ലിറ്റർ മണ്ണെണ്ണ വീതവും നൽകിവരുന്നു.

മണ്ണെണ്ണ, ഗോതമ്പ് വിതരണ പ്രതിസന്ധി

288 (2436) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന മണ്ണെണ്ണ, ഗോതമ്പ് എന്നിവയുടെ ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ക്ഷാമം പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

ഉണ്ട്. റേഷൻ മണ്ണെണ്ണയുടെ വിഹിതത്തിൽ വരുത്തുന്ന കുറവുമൂലം 2021 - 2022 സാമ്പത്തിക വർഷം ആദ്യം മുതൽ മണ്ണെണ്ണ വിതരണം ത്രൈമാസമായി ഏകീകരിച്ചാണ് വിതരണം ക്രമീകരിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഒരു പാദത്തിൽ 6480 കിലോലിറ്റർ മണ്ണെണ്ണയാണ് ലഭ്യമായത്. ടി മണ്ണെണ്ണ മൂന്ന് മാസത്തിലൊരിക്കൽ മുഴുവൻ എ.എ.വൈ., പി.എച്ച്.എച്ച്. കാർഡുകൾക്ക് 1 ലിറ്റർ മണ്ണെണ്ണയും എൻ.പി.എസ്., എൻ.പി.എൻ.എസ്. കാർഡുടമകൾക്ക് മൂന്ന് മാസത്തിൽ ഒരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്ക് 8 ലിറ്റർ മണ്ണെണ്ണയുമാണ് നൽകിയിരുന്നത്. 2022-2023 സാമ്പത്തിക വർഷത്തിൽ കേന്ദ്രവിഹിതം 6480 കിലോലിറ്റർ മണ്ണെണ്ണയിൽനിന്നും 3888 കിലോലിറ്ററായി വീണ്ടും കുറച്ച സാഹചര്യത്തിൽ മുഴുവൻ ഇലക്ട്രിഫൈഡ് കാർഡുകൾക്കും മൂന്ന് മാസത്തിലൊരിക്കൽ 1/2 ലിറ്റർ മണ്ണെണ്ണയും നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്ക് 6 ലിറ്റർ മണ്ണെണ്ണയുമാണ് നിലവിൽ നൽകിവരുന്നത്. സംസ്ഥാനത്തെ മുഴുവൻ ഇലക്ട്രിഫൈഡ് കാർഡുകൾക്കും മാസത്തിൽ ഒരു ലിറ്റർ മണ്ണെണ്ണയും മുഴുവൻ നോൺ ഇലക്ട്രിഫൈഡ് കാർഡുകൾക്കും മാസത്തിൽ 4 ലിറ്റർ മണ്ണെണ്ണയും അനുവദിക്കുന്നതിനായി ഒരു പാദത്തിൽ 27828 കിലോലിറ്റർ മണ്ണെണ്ണ പ്രകാരം ഒരു വർഷത്തിൽ 111312 കിലോലിറ്റർ മണ്ണെണ്ണ ലഭ്യമാക്കുന്നതിന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും അനുകൂല തീരുമാനം ഉണ്ടായിട്ടില്ല.

പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതിപ്രകാരം അനുവദിച്ചുവന്നിരുന്ന 15729.60938 മെ.ടൺ ഗോതമ്പും ഭക്ഷ്യഭദ്രതാ നിയമപ്രകാരം ടൈഡ് ഓവർ വിഹിതമായി അനുവദിച്ചുവന്നിരുന്ന 6459.074 മെ.ടൺ ഗോതമ്പും കുറവുവരുത്തി പകരം അരിയാണ് ഇപ്പോൾ ലഭ്യമായിക്കൊണ്ടിരിക്കുന്നത്. പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്നയോജന പദ്ധതി നിലവിൽ 2022 ഡിസംബർ വരെ എന്നാണ് അറിയിച്ചിട്ടുള്ളത്. കൂടാതെ ടൈഡ് ഓവർ വിഹിതത്തിലെ ഗോതമ്പ് കുറവു ചെയ്ത നടപടി 2023 മാർച്ച് വരെ എന്നുമാണ് നിലവിൽ കേന്ദ്രസർക്കാരിൽനിന്ന് അറിയിച്ചിട്ടുള്ളത്. ടൈഡ് ഓവർ വിഹിതത്തിലെ ഗോതമ്പ് പുനഃസ്ഥാപിച്ചുതരണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നെങ്കിലും നിലവിലെ സാഹചര്യത്തിൽ സാധിക്കില്ലെന്നാണ് അറിയിച്ചിട്ടുള്ളത്.

(ബി) ഗോതമ്പും മറ്റ് ഭക്ഷ്യ സാധനങ്ങളും സംസ്ഥാനത്തെ എല്ലാ വിഭാഗം കാർഡുടമകൾക്കും റേഷൻ കടകൾ മുഖേന വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

നിലവിൽ എല്ലാ വിഭാഗം കാർഡുടമകൾക്കും അരി വിതരണം നടത്തുന്നുണ്ട്. കൂടാതെ എ.എ.വൈ, പ്രയോറിറ്റി വിഭാഗങ്ങൾക്ക് നിലവിൽ ഗോതമ്പും ആട്ടയും വിതരണം നടത്തിവരുന്നുണ്ട്. റാഗിയും വെളളക്കടലയും പരീക്ഷണാടിസ്ഥാനത്തിൽ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രളയകാലത്ത് വിതരണം ചെയ്ത അരിയുടെ വില

289 (2437) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് മഹാപ്രളയകാലത്ത് വിതരണം ചെയ്ത സൗജന്യ അരിയുടെ വില തിരിച്ചടയ്ക്കാൻ കേന്ദ്രം ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

2018 ആഗസ്റ്റിൽ പ്രളയ ദുരിതാശ്വാസത്തിനായി കേരളത്തിന് അനുവദിച്ച 89540 മെട്രിക് ടൺ അരിയുടെ വില അടയ്ക്കണമെന്ന് കേന്ദ്രസർക്കാർ ആവശ്യപ്പെട്ടിരുന്നു. 2017-ലെ ഓഖി ചുഴലിക്കാറ്റ്, 2018, 2019 എന്നീ വർഷങ്ങളിലെ പ്രളയങ്ങൾ, കോവിഡ്-19 എന്നിവ സംസ്ഥാനത്തെ സാമ്പത്തിക സ്ഥിതിയെ വളരെയധികം ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ ടി തുക അടയ്ക്കുന്നതിൽനിന്ന് സംസ്ഥാനത്തെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ബഹുമാനപ്പെട്ട ചീഫ് സെക്രട്ടറി, ബഹു. മുഖ്യമന്ത്രിതലങ്ങളിൽ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ കേന്ദ്രസർക്കാർ ഇതുസംബന്ധിച്ച് അനുകൂല നിലപാട് കൈക്കൊളളാത്ത സാഹചര്യത്തിൽ, 2018-ലെ പ്രളയത്തിൽ അധികം അരി വിതരണം ചെയ്ത ഇനത്തിൽ 205,80,57,232 രൂപ ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യയ്ക്ക് അനുവദിക്കുന്നതിന് ദുരന്തനിവാരണ വകുപ്പിന്റെ 29-11-2022-ലെ സ.ഉ.(സാധാ) നമ്പർ 847/2022/ഡി.എം.ഡി. പ്രകാരം ഉത്തരവായിട്ടുണ്ട് (ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു).

സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

290 (2438) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ സ്ഥിരം ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കുന്നത് സർക്കാരിന്റെ പരിഗണനയിലുണ്ടോ?

ഉണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) വകുപ്പിൽ നിന്നും സിവിൽ സപ്ലൈസ് കോർപ്പറേഷനിലേയ്ക്കുള്ള ഡെപ്യൂട്ടേഷനിൽ ഓരോ വർഷവും പത്ത് ശതമാനം കുറവ് വരുത്താൻ പുറപ്പെടുവിച്ചിരുന്ന വിജ്ഞാപനം കൃത്യമായി പാലിക്കുന്നുണ്ടോ; വിശദമാക്കാമോ?

കൃത്യമായി പാലിക്കുന്നുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

22-2-2019-ലെ സ.ഉ.(കൈ) നമ്പർ 11/2019/ഭ.പൊ.വി.വ. ഉത്തരവ് പ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്ന് സപ്ലൈകോയിലേയ്ക്കുള്ള ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികകളിലെ ഡെപ്യൂട്ടേഷൻ പ്രതിവർഷം 10% കുറവ് ചെയ്യാൻ തീരുമാനിച്ച് ഉത്തരവായിട്ടുണ്ട്. തുടർന്ന് 24-7-2019-ലെ സ.ഉ.(കൈ)നമ്പർ.22/2019/ഭ.പൊ.വി.വ. നമ്പർ ഉത്തരവുപ്രകാരം ഡെപ്യൂട്ടേഷൻ കുറവ് ചെയ്ത ഉത്തരവ് നടപ്പാക്കുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നിലവിൽ വന്നു. ഇതിൻപ്രകാരം ക്ലാർക്ക് തസ്തികയിലുള്ള 36 പേരെയും സീനിയർ ക്ലാർക്ക് തസ്തികയിലുള്ള 30 പേരെയും പ്രതിവർഷം (2019 മുതൽ) സപ്ലൈകോയിൽനിന്നും വകുപ്പിലേയ്ക്ക് തിരിച്ചെടുക്കുന്നുണ്ട്. ഇപ്രകാരം ജീവനക്കാരെ തിരിച്ചെടുക്കുന്നതിന്റെ ഫലമായി സപ്ലൈകോയിൽ ഉണ്ടാകുന്ന ഒഴിവുകളിലേയ്ക്ക് സപ്ലൈകോയിലെ യോഗ്യരായ ജീവനക്കാർക്ക് ജൂനിയർ അസിസ്റ്റന്റ്/സീനിയർ അസിസ്റ്റന്റ്-II തസ്തികകളിലേയ്ക്ക് തസ്തികമാറ്റ നിയമനം/പ്രമോഷൻ അനുവദിക്കുന്നു. 2019, 2020, 2021, 2022 എന്നീ വർഷങ്ങളിലെ ഡെപ്യൂട്ടേഷൻ കുറവ് ചെയ്ത ഒഴിവുകളിലേയ്ക്ക് സപ്ലൈകോയിലെ ജീവനക്കാർക്ക് തസ്തികമാറ്റ നിയമനം/പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്.

11-2-2021-ലെ സ.ഉ.(കൈ)നമ്പർ 09/2021/FCSD ഉത്തരവുപ്രകാരം സിവിൽ സപ്ലൈസ് കോർപ്പറേഷനിൽനിന്നുള്ള റേഷനിംഗ് ഇൻസ്പെക്ടർമാരുടെ അന്യത്രസേവനവും പ്രതിവർഷം 10% വീതം കുറവുചെയ്ത് സർക്കാർ ഉത്തരവായിട്ടുണ്ട്. തത്ഫലമായി പ്രതിവർഷം 40 സീനിയർ അസിസ്റ്റന്റ്-I ഒഴിവുകൾ സപ്ലൈകോയിൽ സൃഷ്ടിക്കപ്പെടുന്നു. ടി തസ്തികകളിലേയ്ക്ക് സപ്ലൈകോയിലെ ജീവനക്കാർക്ക് പ്രൊമോഷൻ അനുവദിക്കുന്നു. 2021, 2022 എന്നീ വർഷങ്ങളിൽ ഇപ്രകാരം സപ്ലൈകോ ജീവനക്കാർക്ക് പ്രമോഷൻ അനുവദിച്ചിട്ടുണ്ട്.

സപ്ലൈകോ വഴി വിതരണം ചെയ്യുന്ന അവശ്യസാധനങ്ങളുടെ വില വിവരപ്പട്ടിക

291 (2439) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി വിതരണം ചെയ്യുന്ന അവശ്യസാധനങ്ങൾ ഏതൊക്കെയാണെന്നും ഇതിൽ ഏതെല്ലാം സാധനങ്ങൾക്ക് എത്ര വീതം സബ്സിഡി നൽകിവരുന്നുണ്ടെന്നും വ്യക്തമാക്കാമോ?

സപ്ലൈകോ വിൽപ്പനശാലകൾ വഴി 35 ഇനം അവശ്യഭക്ഷ്യധാന്യങ്ങൾ പൊതുവിപണി വിലയേക്കാൾ 10 മുതൽ 20 ശതമാനം വരെ വില കുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യമായ അളവിൽ ലഭ്യമാക്കിവരുന്നു (അനുബന്ധമായി* ചേർത്തിട്ടുണ്ട്). ഇതിൽ 13 ഇനം അവശ്യസാധനങ്ങൾ 20 മുതൽ 50 ശതമാനം സബ്സിഡി നിരക്കിൽ സപ്ലൈകോ വിൽപ്പനശാലകൾ വഴി സംസ്ഥാനത്തെ എല്ലാ റേഷൻ കാർഡുടമകൾക്കും വിതരണം ചെയ്യുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സപ്ലൈകോ വഴി വിതരണം ചെയ്തിരുന്ന സാധനങ്ങളുടെ വിലവിവരപ്പട്ടികയും അധികാരമൊഴിയുന്ന തീയതിയിലെ സാധനങ്ങളുടെ വിലവിവരപ്പട്ടികയും ലഭ്യമാക്കുമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സപ്ലൈകോ വഴി വിതരണം ചെയ്തിരുന്ന 13 ഇനം അവശ്യസാധനങ്ങളുടെ വിലവിവരപ്പട്ടികയും അധികാരമൊഴിയുന്ന തീയതിയിലെ പ്രസ്തുത സാധനങ്ങളുടെ വിലവിവരപ്പട്ടികയും അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സപ്ലൈകോ വഴി വിതരണം ചെയ്തിരുന്ന സാധനങ്ങളുടെ വിലവിവരപ്പട്ടികയും ഈ സാധനങ്ങളുടെ നിലവിലെ വിലവിവരപ്പട്ടികയും ലഭ്യമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ സബ്സിഡി നിരക്കിൽ വിപണനം ചെയ്യുന്ന സാധനങ്ങളുടെ വിലവിവരപ്പട്ടികയും ഈ സാധനങ്ങളുടെ നിലവിലെ വിലവിവരപ്പട്ടികയും അനുബന്ധമായി*ചേർത്തിട്ടുണ്ട്.

(ഡി) സബ്സിഡിയോടെ വിൽപ്പന നടത്തുന്ന സാധനങ്ങൾക്ക് വില വർദ്ധിക്കുകയില്ലെന്ന് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ആയത് നടപ്പാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

2016-നുശേഷം സബ്സിഡി നിരക്കിൽ വിൽപ്പന നടത്തിവരുന്ന 13 ഇനങ്ങളുടെ വിൽപ്പന വില വർദ്ധിപ്പിച്ചിട്ടില്ല. സബ്സിഡിയോടെ വിൽപ്പന നടത്തുന്ന അവശ്യസാധനങ്ങൾ ഉൾപ്പെടെയുള്ളവയുടെ വില വർദ്ധിപ്പിക്കാതിരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി പൂഴ്ത്തിവയ്പ്പും കരിഞ്ചന്തയും വിലനിലവാരവും പരിശോധിക്കുന്നതിനായി ജില്ലാകളക്ടറുടെ നേതൃത്വത്തിൽ 3222 പരിശോധനകൾ നടത്തിയിട്ടുണ്ട്. കൂടാതെ വില പ്രദർശിപ്പിക്കാത്ത 619 കടകൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുമുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) സംസ്ഥാനത്ത് പൊതുവിപണിയിൽ അരിവില ക്രമാതീതമായി ഉയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാനത്ത് പൊതുവിപണിയിൽ ലഭ്യമായ അരി ഓരോ ഇനത്തിനും ഏറ്റവും ഒടുവിലത്തെ വിലവിവരപ്പട്ടിക ലഭ്യമാക്കുമോ; ഇവയുടെ സപ്ലൈകോയിലെ വിലവിവരപ്പട്ടിക ലഭ്യമാക്കുമോ; അരിവില നിയന്ത്രിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

ഉണ്ട്. പൊതുവിപണിയിൽ അരിവില വൻതോതിൽ ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിന് സർക്കാർ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സപ്ലൈകോ വിൽപ്പനശാലകൾ വഴി പച്ചരി, ജയ, മട്ട, കുറുവ എന്നീ ഇനങ്ങളിലുള്ള അരി സബ്സിഡി നിരക്കിൽ കാർഡ് ഒന്നിന് 10 കിലോഗ്രാം വീതവും പൊതുവിപണിയേക്കാൾ കുറഞ്ഞ നിരക്കിൽ പൊതുജനങ്ങൾക്ക് ആവശ്യാനുസരണം ഫ്രീ സെയിലായും വിതരണം ചെയ്യുവരുന്നുണ്ട്. ഇതിനുപുറമേ, പൊതുവിപണിയിലെ അരി ഉൾപ്പെടെയുള്ള ഭക്ഷ്യവസ്തുക്കളുടെ വിലവർദ്ധനവും ദൗർലഭ്യവും പിടിച്ചുനിർത്തുന്നതിനായി അടിയന്തര സാഹചര്യം കണക്കിലെടുത്ത് സപ്ലൈകോ വിൽപ്പനശാലകളുടെ പ്രവർത്തനത്തിനൊപ്പം 'അരി വണ്ടി' 2-11-2022 മുതൽ 8-11-2022 വരെ ഞായറാഴ്ച ഒഴികെയുള്ള 6 ദിവസത്തേയ്ക്ക് എല്ലാ താലൂക്കുകളിലും എത്തിച്ചേരുന്ന വിധത്തിൽ ക്രമീകരിച്ച് സംസ്ഥാനത്തിലെ റേഷൻകാർഡുടമകൾക്ക് അരിയും മറ്റ് അവശ്യ ഭക്ഷ്യവസ്തുക്കളും ലഭ്യമാക്കുകയുണ്ടായി. സംസ്ഥാനത്തെ വിദൂര പ്രദേശങ്ങളിൽ (Remote locations) ഉൾപ്പെടുന്ന തീരദേശ, മലയോര, ആദിവാസി മേഖലകൾക്ക് മുൻഗണന നൽകിയാണ് 'അരി വണ്ടി'-യുടെ സേവനം ക്രമീകരിച്ചത്. പൊതുവിപണിയിൽ അരി വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി സപ്ലൈകോയുടെ അരി വണ്ടികൾ വഴി ഒരാഴ്ചകൊണ്ട് 131464 കിലോ അരിയാണ് സബ്സിഡി നിരക്കിൽ വിതരണം ചെയ്തത്.

സംസ്ഥാനത്തെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന തരം അരി ഇനങ്ങൾ FCI വഴി സംഭരിച്ച് ആയത് റേഷൻ കടകൾവഴി വിതരണം ചെയ്യാൻ കഴിഞ്ഞതിലൂടെ സംസ്ഥാനത്തെ പൊതുവിപണികളിൽ അരി വില ഉയരുന്നത് തടയാൻ സാധിച്ചിട്ടുണ്ട്.

പൊതുവിപണിയിൽ അരി വില ഉയർന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വില നിയന്ത്രിക്കുന്നതിനുവേണ്ടി ഇടനിലക്കാരെ ഒഴിവാക്കി ആന്ധ്രാപ്രദേശ് ഉൾപ്പെടെയുള്ള ഉൽപ്പാദക സംസ്ഥാനങ്ങളിൽനിന്ന് കുറഞ്ഞവിലയ്ക്ക് അരി നേരിട്ടെത്തിക്കുന്നതിനായുള്ള മന്ത്രിതല ചർച്ചകളുടെ അടിസ്ഥാനത്തിൽ സപ്ലൈകോയും ആന്ധ്രാപ്രദേശ് സിവിൽ സപ്ലൈസ് കോർപ്പറേഷനും ചർച്ചകൾ നടത്തിവരുന്നുണ്ട്.

കൂടാതെ റേഷൻകടകൾ വഴി പ്രധാനമന്ത്രി ഗരീബ് കല്യാൺ അന്ന യോജന (PMGKAY) പദ്ധതിപ്രകാരം അധിക അരി വിതരണം നടത്തുന്നതിനാലും വിലക്കയറ്റം നിയന്ത്രണ വിധേയമാക്കുന്നതിന് സഹായിച്ചിട്ടുണ്ട്.

പൊതുവിപണിയിൽ ലഭ്യമായ അരി ഇനങ്ങളുടെ വിലവിവരപ്പട്ടിക ഇവയുടെ സപ്ലൈകോയിലെ വിലവിവരപ്പട്ടിക എന്നിവ അനുബന്ധമായി* ചേർക്കുന്നു.

സപ്ലൈകോയിൽ ബ്ലോക്ചെയിൻ സാങ്കേതികവിദ്യ

292 (2440) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ താലൂക്കുതലത്തിൽ പുതുതായി എത്ര ഗോഡൗണുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; ഏതൊക്കെ താലൂക്കുകളിലാണ് അവ സ്ഥാപിക്കുന്നത്; വിശദമാക്കാമോ?

പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് എല്ലാ താലൂക്കുകളിലും എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗണിന്റെ രൂപരേഖ പി.ഡബ്ല്യു.ഡി. ആർക്കിടെക്ചറൽ വിംഗിന്റെ സഹായത്തോടെ തയ്യാറാക്കിയിട്ടുണ്ട്. എൻ.എഫ്.എസ്.എ. ഗോഡൗൺ നിർമ്മാണത്തിന്റെ ആദ്യഘട്ടമായി കണ്ണൂർ ജില്ലയിലെ പയ്യന്നൂർ താലൂക്ക്, പത്തനംതിട്ട ജില്ലയിലെ കോന്നി താലൂക്ക്, കാസർഗോഡ് ജില്ലയിലെ വെള്ളരിക്കുണ്ട് താലൂക്ക് എന്നിവിടങ്ങളിൽ വസ്തു കണ്ടെത്തിയിട്ടുണ്ട്. പി.ഡബ്ല്യു.ഡി.-യുടെ സഹായത്തോടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. 2022-23 സാമ്പത്തിക വർഷം പൊതുവിതരണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഗോഡൗൺ നിർമ്മാണത്തിനായി അനുവദിച്ചിട്ടുള്ള 16.57 കോടി രൂപ വിനിയോഗിച്ചുകൊണ്ടാണ് ടി മൂന്ന് ഗോഡൗണുകൾ നിർമ്മിക്കുന്നത്. കൂടാതെ ദേവികുളം താലൂക്കിൽ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിന് സ്വന്തമായിട്ടുള്ള 49 സെന്റ് സ്ഥലത്ത് ഗോഡൗൺ നിർമ്മിക്കുന്നതിനും പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് ഉദ്ദേശിക്കുന്നു. മേൽ പ്രകാരമുള്ള ഭൂമികൾ കൂടാതെ വകുപ്പ് 15 താലൂക്കുകളിൽ സർക്കാർ ഭൂമി കണ്ടെത്തുകയും ആയത് വകുപ്പിന്റെ പേരിലേയ്ക്ക് മാറ്റുന്നതിനുമുള്ള നടപടികൾ വിവിധ തലങ്ങളിൽ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്.

(ബി) പി.വി.സി. പ്ലാസ്റ്റിക് റേഷൻ കാർഡ് വഴി പൊതുജനങ്ങൾക്ക് ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമവും പ്രസ്തുത സേവനം ഏത് ഏജൻസി മുഖേനയാണ് ലഭ്യമാക്കുന്നതെന്നും വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിലവിൽ വിതരണം ചെയ്യുന്ന പി.വി.സി. പ്ലാസ്റ്റിക് റേഷൻ കാർഡുകൾ വഴി പൊതുജനങ്ങൾക്ക് ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിന് തീരുമാനിച്ചിട്ടില്ല. എന്നാൽ റേഷൻ കടകൾവഴി മറ്റ് യൂട്ടിലിറ്റി/ബാങ്കിംഗ് സർവ്വീസുകൾകൂടി പ്രദാനം ചെയ്യുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന കെ-സ്റ്റോർ പദ്ധതിയുടെ ഭാഗമായി മൈക്രോചിപ്പുകൂടി ഘടിപ്പിച്ച റേഷൻകാർഡ് നൽകുന്നതും അതിലൂടെ ബാങ്കിംഗ് സർവ്വീസുകൾ നൽകുന്നതും സംബന്ധിച്ച വിഷയം പരിഗണനയിലുണ്ട്.

(സി) സപ്ലൈകോയിൽ ബ്ലോക്ചെയിൻ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എന്റർപ്രൈസ് റിസ്ക് മാനേജ്മെന്റ് സൊല്യൂഷൻ സ്ഥാപിച്ചിട്ടുണ്ടോ; ഇതിന്റെ പ്രവർത്തനരീതി വിശദമാക്കാമോ?

സപ്ലൈകോയിൽ ബ്ലോക്ക് ചെയിൻ സാങ്കേതികവിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന എന്റർപ്രൈസ് റിസോഴ്സ് മാനേജ്മെന്റ് സൊല്യൂഷൻ സ്ഥാപിച്ചിട്ടില്ല. ERP സൊല്യൂഷൻ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കിയിട്ടുണ്ട്. 2023 ഏപ്രിൽ മാസത്തോടെ ഇത് പൂർണ്ണമാക്കി നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) റേഷൻകടകൾ, ഗോഡൗണുകൾ, സപ്ലൈകോ എന്നിവിടങ്ങളിൽ സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ടോ; ഏത് ഏജൻസി മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; നിലവിലെ സ്ഥിതി വിശദമാക്കാമോ?

റേഷൻ കടകളിൽ സി.സി.ടി.വി. സ്ഥാപിച്ചിട്ടില്ല. നിലവിൽ സപ്ലൈകോയിൽ 66 എൻ.എഫ്.എസ്.എ. ഗോഡൗണുകളിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കാൻ വിഭാവന ചെയ്തിട്ടുള്ള ഈ പദ്ധതിയുടെ ഒന്നാം ഘട്ടം സി-ഡിറ്റിനാണ് കരാർ നൽകിയിട്ടുള്ളത്. ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി സി-ഡിറ്റ് സൈറ്റ് സർവ്വേ പൂർത്തിയാക്കി, സൈറ്റ് സർവ്വേ റിപ്പോർട്ടിന്റെ കരട് സമർപ്പിച്ചിട്ടുണ്ട്. സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനിൽ പ്രവർത്തിക്കുന്ന 12 ഗോഡൗണുകളിൽ CWC സ്വന്തം നിലയിൽ സി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ട്. ആയതിന്റെ ലിങ്ക് സപ്ലൈകോയ്ക്ക് നൽകുകയും സി.സി.ടി.വി. ദൃശ്യങ്ങൾ സപ്ലൈകോ വിജിലൻസ് ഓഫീസർ നിരീക്ഷിച്ചുവരുന്നുമുണ്ട്.

ന്യായവിലയ്ക്ക് നിത്യോപയോഗ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് നടപടി

293 (2441) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യായവിലയ്ക്ക് ഭക്ഷ്യധാന്യം ഉൾപ്പെടെയുള്ള നിത്യോപയോഗ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പൊതുവിപണിയിൽ വില കുറയ്ക്കുന്നതിനുള്ള ഇടപെടലിന്റെ ഭാഗമായി, സർക്കാർ സപ്ലൈകോ വിൽപ്പനശാലകൾ, മാവേലി സ്റ്റോറുകൾ എന്നിവിടങ്ങളിലൂടെ വിൽക്കുന്ന സാധനങ്ങൾക്ക് ഈടാക്കുന്ന വിലയും പൊതുവിപണിയിലെ വിലയും തമ്മിലുള്ള അന്തരം എത്രയാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കാമോ;

(സി) ഇങ്ങനെ സബ്സിഡി നിരക്കിൽ നിത്യോപയോഗ വസ്തുക്കൾ നൽകുന്നതിന്റെ ഗുണഫലം റേഷൻ കാർഡുടമകൾക്ക് എത്രത്തോളം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ; ഇതിനായി സർക്കാർ എത്ര രൂപയാണ് നാളിതുവരെ ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ?

(എ-സി) ന്യായവിലയ്ക്ക് ഭക്ഷ്യധാന്യം ഉൾപ്പെടെയുള്ള നിത്യോപയോഗ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

സപ്ലൈകോ ഔട്ട്ലെറ്റുകളിൽ അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി കാര്യക്ഷമമായ പർച്ചേസ് സംവിധാനത്തിലൂടെയും ടെണ്ടർ മുഖേനയും നാഫെഡ് തുടങ്ങിയ കേന്ദ്ര ഏജൻസികൾ മുഖേനയും സാധനങ്ങൾ എത്തിച്ച് അവശ്യസാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. ആവശ്യകതയ്ക്ക് അനുസരിച്ച് ഓരോ മാസവും ഇ-ടെണ്ടർ നടത്തി, സപ്ലൈകോ വിൽപ്പനശാലകളിൽ എല്ലാ അവശ്യവസ്തുക്കളുടെയും ലഭ്യത ഉറപ്പുവരുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്. വിൽപ്പനയ്ക്ക് ആനുപാതികമായി എല്ലാ സപ്ലൈകോ വിൽപ്പനശാലകളിലും പര്യാപ്തമായ സ്റ്റോക്ക് സൂക്ഷിക്കുന്നുണ്ട്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇ-ടെൻഡർ വഴി വാങ്ങുന്ന അരി, പയറുവർഗ്ഗങ്ങൾ തുടങ്ങിയ ഭക്ഷ്യധാന്യങ്ങൾ താലൂക്ക് ഡിപ്പോകളിൽ സംഭരിച്ചാണ് പൊതുജനങ്ങൾക്ക് വിതരണത്തിനായി വിൽപ്പനശാലകളിൽ ആവശ്യാനുസരണം എത്തിക്കുന്നത്. ഇതിനായി സംസ്ഥാനത്തുടനീളം 56 ഡിപ്പോകൾ പ്രവർത്തിക്കുന്നു. സ്വന്തം ഗോഡൗണുകൾക്കു പുറമെ എസ്.ഡബ്ല്യു.സി, സി.ഡബ്ല്യു.സി, കൂടാതെ മറ്റ് ഏജൻസികളിൽനിന്നും സ്വകാര്യ വ്യക്തികളിൽനിന്നും വാടകയ്ക്ക് എടുത്താണ് ഈ ഡിപ്പോകൾ പ്രവർത്തിക്കുന്നത്. സംഭരിച്ച ഭക്ഷ്യധാന്യങ്ങളുടെ വിതരണം സുഗമമായി നടത്തുന്നതിന് സപ്ലൈകോതലത്തിൽ കാര്യക്ഷമമായ നടപടികൾ നിലവിലുണ്ട്. ഇതനുസരിച്ച്,

I) സ്ഥലസൗകര്യം കുറഞ്ഞ വിൽപ്പനശാലകളിലേയ്ക്ക് കൂടുതൽ പ്രാവശ്യം സാധനങ്ങൾ എത്തിച്ചുകൊടുക്കുന്നു.

II) മുൻ മാസങ്ങളിലെ വിൽപ്പന, കഴിഞ്ഞ വർഷം ഇതേ മാസങ്ങളിലെ വിൽപ്പന, ഉത്സവ സീസൺ മുതലായവ കണക്കിലെടുത്ത് എല്ലാ വിൽപ്പനശാലകളിലും ആവശ്യത്തിന് അവശ്യസാധനങ്ങൾ എത്തിച്ചുകൊടുക്കാൻ എല്ലാ ഡിപ്പോകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

III) സപ്ലൈകോയുടെ വാഹനങ്ങൾ ലഭ്യമല്ലാത്ത സന്ദർഭങ്ങളിൽ സ്വകാര്യ വാഹനങ്ങൾ ഉപയോഗപ്പെടുത്തിയും അവശ്യസാധനങ്ങൾ എത്രയും വേഗം വിൽപ്പനശാലകളിലെത്തിക്കാൻ എല്ലാ ഡിപ്പോ മാനേജർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

IV) മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾ ലഭ്യമാക്കാനായി ആവശ്യമായ സമയങ്ങളിൽ ഒരു ഡിപ്പോയിൽനിന്നും മറ്റു ഡിപ്പോകളിലേയ്ക്ക് സാധനങ്ങൾ എത്തിച്ചുകൊടുക്കാനുള്ള നിർദ്ദേശം എല്ലാ മേഖലാ മാനേജർമാർക്കും നൽകിയിട്ടുണ്ട്.

സപ്ലൈകോ വിൽപ്പനശാലകളും മാവേലി സ്റ്റോറുകളും വഴി വിൽക്കുന്ന സാധനങ്ങൾക്ക് ഈടാക്കുന്ന വിലയും പൊതുവിപണിയിലെ വിലയും വിലകൾ തമ്മിലുള്ള അന്തരവും അനുബന്ധമായി *ചേർക്കുന്നു.

സപ്ലൈകോ വിൽപ്പനശാലകൾവഴി പ്രതിമാസം ശരാശരി 35 ലക്ഷം റേഷൻ കാർഡുടമകൾ സബ്സിഡി നിരക്കിൽ അവശ്യസാധനങ്ങൾ വാങ്ങുന്നുണ്ട്. സർക്കാരിന്റെ വിപണി ഇടപെടൽ പ്രവർത്തനങ്ങളുടെ ഭാഗമായി 13 ഇനം സബ്സിഡി സാധനങ്ങൾ (4 ഇനം അരി, പഞ്ചസാര, മുളക്, മല്ലി, 5 ഇനം പയറുവർഗ്ഗങ്ങൾ, വെളിച്ചെണ്ണ തുടങ്ങിയവ) പൊതുവിപണിയിലേതിനേക്കാൾ 20 മുതൽ 50 ശതമാനം വരെ വിലക്കുറവിൽ സപ്ലൈകോ വിൽപ്പനശാലകളിലൂടെ വിതരണം ചെയ്യുവരുന്നു. മുളകിന് 70 ശതമാനത്തിലധികം സബ്സിഡി നൽകിയാണ് നിലവിൽ വിൽപ്പന നടത്തുന്നത്. പ്രസ്തുത സബ്സിഡി വിൽപ്പന വിലകൾ 2016 ഏപ്രിൽ മാസത്തിനുശേഷം വർദ്ധിപ്പിച്ചിട്ടില്ല. ഇപ്രകാരം 13 ഇനം അവശ്യവസ്തുക്കൾ സപ്ലൈകോ വിൽപ്പനശാലകളിലൂടെ സബ്സിഡി നിരക്കിൽ വിതരണം ചെയ്തതുമൂലം കഴിഞ്ഞ 7 സാമ്പത്തിക വർഷങ്ങളിൽ (2016 മുതൽ 2022 ഒക്ടോബർ വരെ) 2200.75 കോടി രൂപയുടെ പ്രയോജനം വിലക്കിഴിവിന്റെ രൂപത്തിൽ പൊതുജനങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

കാണിനാട്ടിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ

294 (2442) <u>ശ്രീ. പി. വി. ശ്രീനിജിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽപ്പെട്ട വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിലെ കാണിനാട്ടിൽ സപ്ലൈകോ മാവേലിസ്റ്റോർ ആരംഭിക്കുന്നതിനായി സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാണിനാട്ടിൽ സപ്ലൈകോ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ&ബി) ഉണ്ട്. സപ്ലൈകോ വിൽപ്പനശാലകൾ നിലവിലില്ലാത്ത പഞ്ചായത്തുകളിൽ മാത്രം പുതിയ മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ പരിഗണിക്കേണ്ടതുള്ളുവെന്ന് നിശ്ചയിച്ചിട്ടുള്ളതിനാലും പുത്തൻകുരിശ് പഞ്ചായത്തിൽ നിലവിൽ ഒരു സൂപ്പർ മാർക്കറ്റ്, ഒരു മാവേലി സ്റ്റോർ (കരിമുഗളിൽ) എന്നിവ പ്രവർത്തിക്കുന്നതിനാൽ കാണിനാട്ടിൽ പുതിയൊരു മാവേലി സ്റ്റോർ സമീപ സ്റ്റോറുകളുടെ വിൽപ്പനയെ ബാധിക്കുമെന്നതിനാൽ ആരംഭിക്കുന്നത് പരിഗണനയിലില്ല.

മാവേലി സൂപ്പർ സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്താൻ നടപടി

295 (2443) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ മണ്ഡലത്തിലുൾപ്പെട്ട പൂതക്കുളം ഗ്രാമപഞ്ചായത്തിലെ പുത്തൻകുളം എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോറിലെ ശരാശരി പ്രതിമാസ വിറ്റുവരവ് എത്രയെന്ന് വ്യക്തമാക്കാമോ?

ചാത്തന്നൂർ മണ്ഡലത്തിൽ ഉൾപ്പെട്ട പുത്തൻകുളം സപ്ലൈകോ മാവേലി സൂപ്പർ സ്റ്റോറിലെ ശരാശരി പ്രതിമാസ വിറ്റുവരവ് 13,46,600 രൂപയാണ്.

(ബി) പ്രസ്തുത സൂപ്പർ സ്റ്റോർ സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതിന് ജനപ്രതിനിധി നൽകിയ നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

ഉണ്ട്. പുത്തൻകുളം സൂപ്പർ സ്റ്റോർ, സൂപ്പർ മാർക്കറ്റായി ഉയർത്തുന്നതുമായി ബന്ധപ്പെട്ട് സമർപ്പിച്ച നിവേദനത്തിന്മേൽ തുടർനടപടിക്കായി സപ്ലൈകോ സി.എം.ഡി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സപ്ലൈകോ സി.എം.ഡി., തിരുവനന്തപുരം മേഖലാ മാനേജരുടെ സാധ്യതാപഠന റിപ്പോർട്ട് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

പിറവം നിയോജകമണ്ഡലത്തിലെ ഇലഞ്ഞിയിൽ പഴം-പച്ചക്കറി സംസ്കരണ യൂണിറ്റ്

296 (2444) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലെ ഇലഞ്ഞിയിൽ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന പഴം-പച്ചക്കറി സംസ്കരണ യൂണിറ്റിന്റെ നിലവിലെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ?

വിലയിരുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിന് ഭക്ഷ്യ വകുപ്പുമായി ബന്ധപ്പെട്ട് എന്തെല്ലാം അനുമതിയാണ് ആവശ്യമായിട്ടുള്ളത്; വിശദമാക്കാമോ?

പ്ലാന്റിൽനിന്നും സംസ്കരിച്ചെടുക്കുന്ന ഭക്ഷ്യവസ്തുക്കൾ വിപണനം ചെയ്യുന്നതിന് ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ ഭരണനിയന്ത്രണത്തിലുള്ള ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എഫ്.എസ്.എസ്.എ.ഐ. (FSSAI) ലൈസൻസാണ് ആവശ്യമുള്ളത്.

(സി) ഇനി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളത്; വിശദമാക്കാമോ;

(ഡി) പ്രസ്തുത സ്ഥാപനം എന്നത്തേയ്ക്ക് തുറന്ന് പ്രവർത്തിക്കാൻ കഴിയുമെന്ന് അറിയിക്കാമോ?

(സി&ഡി) ലിഫ്റ്റ് ഇൻസ്റ്റലേഷനുമായി ബന്ധപ്പെട്ട സിവിൽ വർക്ക്, ഗ്യാസ് സ്റ്റേഷൻ, ലാൻഡ്സ്കേപ്പിംഗ്, ചുറ്റുവേലി നിർമ്മാണം, പെയിന്റിംഗ്, ഫയർ ഫൈറ്റിംഗ് സിസ്റ്റത്തിന്റെ ഭാഗമായുള്ള ടാങ്കിന്റെയും പമ്പ് റൂമിന്റെയും നിർമ്മാണം മുതലായ പ്രവൃത്തികൾ നടത്തേണ്ടതുണ്ട്. ഫയർ ഫൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കൽ, പ്ലംബിംഗ്, സാനിട്ടറി സാമഗ്രികൾ സ്ഥാപിക്കൽ മുതലായ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. ടി പ്രവൃത്തികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്.

ഏറനാട് താലൂക്കിലെ റേഷൻ വിതരണം

297 (2445) <u>ശ്രീ. പി. ഉബൈദുള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം നിയോജകമണ്ഡല പരിധിയിൽ ഏറനാട് താലൂക്കിൽ നവംബർ മാസത്തെ റേഷൻ വിഹിതം (പുഴുക്കലരി) വിതരണം ചെയ്തിട്ടില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണം വ്യക്തമാക്കാമോ?

ഏറനാട് താലൂക്കിൽ നവംബർ മാസത്തിൽ എ.എ.വൈ. പ്രയോറിറ്റി വിഭാഗത്തിനുള്ള റേഷൻ വിഹിതം (പുഴുക്കലരി ഉൾപ്പെടെ) പൂർണ്ണമായി വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ മുൻഗണനേതര വിഭാഗത്തിന് അലോട്ട് ചെയ്ത പുഴുക്കലരി എഫ്.സി.ഐ.-യിൽനിന്ന് ലഭ്യമാകാത്തതിനാൽ പ്രസ്തുത വിഭാഗത്തിനുള്ള വിതരണം പൂർത്തിയാക്കുന്നതിന് തടസ്സം നേരിട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(ബി) എല്ലാ റേഷൻ ഗുണഭോക്താക്കൾക്കും അർഹമായ വിഹിതം നിശ്ചിത ദിവസത്തിനുള്ളിൽത്തന്നെ പൂർണ്ണമായും വിതരണം ചെയ്യാൻ സത്വര നടപടി സ്വീകരിക്കുമോ?

എല്ലാ റേഷൻ ഗുണഭോക്താക്കൾക്കും അർഹമായ വിഹിതം നിശ്ചിത ദിവസത്തിനുള്ളിൽ പൂർണ്ണമായും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. എന്നാൽ ആവശ്യകതയ്ക്കപരിയായി എഫ്.സി.ഐ.-യിൽ നിന്ന് പച്ചരി ലഭ്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യം ഇപ്പോൾ പല ജില്ലകളിലും നിലവിലുണ്ട്.

താൽക്കാലിക നിയമനങ്ങൾ

298 (2446) <u>ശ്രീ. സനീഷ്കുമാർ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ-പൊതുവിതരണ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും 13 കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റുമാർക്കും 3 ഡ്രൈവർമാർക്കും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുണ്ട്. ഇവർക്ക് ഒക്ടോബർ മാസത്തിൽ വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2,24,572 രൂപ നൽകിയിട്ടുണ്ട്.

സപ്ലൈകോയിൽ നിയമിച്ച 4366 താൽക്കാലിക ജീവനക്കാർക്ക് ഒക്ടോബർ മാസത്തിൽ വേതനമായി 4,80,92,250 രൂപയും കരാർ അടിസ്ഥാനത്തിൽ നിയമിച്ച 45 ജീവനക്കാർക്ക് ഒക്ടോബർ മാസത്തിൽ വേതനമായി 8,96,661 രൂപയും നൽകിയിട്ടുണ്ട്.

കൗൺസിൽ ഫോർ ഫുഡ് റിസർച്ച് & ഡെവലപ്മെന്റിൽ (CFRD) ഇംഗ്ലീഷ്, കെമിസ്ട്രി വിഷയങ്ങളിൽ അദ്ധ്യാപകരെ (2 ലക്ചർമാർ, 2 ഗസ്റ്റ് ലക്ചർമാർ) നിയമിച്ചിട്ടുണ്ട്. ഇവർക്ക് ഒക്ടോബർ മാസത്തിൽ വേതനമായി 56,900 രൂപ നൽകിയിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ IMPDS നടപ്പാക്കുന്നതിന് സംസ്ഥാന തലത്തിൽ 'പ്രോജക്ട് മാനേജർ', 'ജില്ലാതല പ്രോജക്ട് മാനേജർ' എന്നീ തസ്തികകളിലായി 31-3-2023 വരെ 15 പേർക്ക് നിയമനം നൽകുകയും ഇവർക്ക് ഒക്ടോബർ മാസത്തിൽ വേതനമായി ആകെ 5,90,320 രൂപ നൽകുകയും ചെയ്തിട്ടുണ്ട് (ഈ വേതനം കേന്ദ്രഫണ്ടിൽനിന്നാണ് നൽകുന്നത്.)

കേന്ദ്ര സർക്കാരിന്റെ Price Monitoring Cell പദ്ധതിപ്രകാരം ആറ് (6) ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും സംസ്ഥാന സർക്കാരിന്റെ Centre for Price Research Kerala പദ്ധതിപ്രകാരം എട്ട് (8) ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും ഒരു റിസർച്ച് ഓഫീസറെയും ഒരു റിസർച്ച് അസിസ്റ്റന്റിനെയുമുൾപ്പെടെ 2022 നവംബർ മാസത്തിൽ ആകെ 16 പേരെ കരാർ വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. ഈ പദ്ധതികൾക്കായി കേന്ദ്ര വിഹിതമായി 13,66,000 രൂപയും സംസ്ഥാന വിഹിതമായി 12,00,000 രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങൾക്കായി അവലംബിച്ച മാർഗ്ഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നും വിശദമാക്കുമോ?

ഭക്ഷ്യ ഉപഭോക്തൃകാര്യ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 13 കോൺഫിഡൻഷ്യൽ അസ്സിസ്റ്റന്റുമാരെയും ദിവസ വേതനാടിസ്ഥാനത്തിൽ 3 ഡ്രൈവർമാരെയും നിയമിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളായ IMPDS, Price Monitoring Cell എന്നിവയിലെ പ്രോജക്ട് മാനേജർമാരെയും ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെയും വകുപ്പ് നേരിട്ട് ഇന്റർവ്യൂ നടത്തിയാണ് നിയമിച്ചിട്ടുള്ളത്. കൗൺസിൽ ഫോർ ഫുഡ് റിസർച്ച് & ഡെവലപ്മെന്റിൽ (CFRD) പരിപ്പുരസ്യം നൽകി ഉദ്യോഗാർത്ഥികളെ അഭിമുഖം നടത്തിയാണ് നിയമനങ്ങൾ നടത്തിയത്. ഈ സ്ഥാപനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ആരെയും നിയമിച്ചിട്ടില്ല.

സപ്ലൈകോയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒരു ടൈപ്പിസ്റ്റിനെ നിയമിച്ചിട്ടുണ്ട്. മറ്റുള്ള താൽക്കാലിക നിയമനങ്ങളിൽ ഔട്ട്ലെറ്റുകളിലെ ഓരോ മാസത്തെയും വിൽപ്പനയുടെ അടിസ്ഥാനത്തിൽ നിലവിലുള്ള സർക്കുലർ അനുസരിച്ച് നിയമിക്കാനാകുന്ന ദിവസവേതന ജീവനക്കാരെ ബന്ധപ്പെട്ട ഷോപ്പ് മാനേജരാണ് നിയോഗിക്കുന്നത്.

സപ്ലൈകോയുടെ വിവിധ ഡിവിഷനുകളിലെ ഒഴിവുകൾക്കനുസൃതമായി ദിനപ്പത്രങ്ങൾ, സാമൂഹിക മാധ്യമങ്ങൾ എന്നിവിടങ്ങളിൽ പരസ്യം നൽകി ഉദ്യോഗാർത്ഥികളിൽനിന്ന് അപേക്ഷകൾ സ്വീകരിക്കുകയും സപ്ലൈകോയ്ക്ക് പുറമെ നിന്നുള്ള വിഷയ വിദഗ്ധനെക്കൂടി ഉൾപ്പെടുത്തി, ഇന്റർവ്യൂ നടത്തി, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആയതിൽനിന്നുമാണ് കരാർ നിയമനങ്ങൾ നടത്താറുള്ളത്.

സപ്ലൈകോയിലെ താൽക്കാലിക നിയമനങ്ങൾ

299 (2447) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിൽ നിലവിൽ എത്ര താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്; ഏതെല്ലാം തസ്തികകളിലാണ് ഇവർ ജോലി ചെയ്യുന്നത് എന്നതിന്റെ വിശദാംശം നൽകുമോ; പ്രസ്തുത ജീവനക്കാരെ പിരിച്ചുവിട്ട് പുതിയ താൽക്കാലിക ജീവനക്കാരെ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ആകെ 6462 ദിവസവേതന ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്. തസ്തിക തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു*. നിലവിൽ താൽക്കാലിക ജീവനക്കാരെ പിരിച്ചുവിട്ട് പുതിയ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) തിരുവനന്തപുരം ജില്ലയിൽ വർഷങ്ങളായി പായ്ക്കർ തസ്തികയിൽ സപ്ലൈകോയിൽ ജോലി ചെയ്തിരുന്ന ജീവനക്കാരിയെ യൂണിയൻ നേതാവ് ആവശ്യപ്പെട്ട പണം നൽകാത്തതിന്റെ പേരിൽ ജോലിയിൽനിന്നും പിരിച്ചുവിട്ടതായി പറയപ്പെടുന്ന വിഷയം സംബന്ധിച്ച് പോലീസിലും മറ്റും പരാതി നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സപ്ലൈകോയിലെ തിരിമറിയുമായി ബന്ധപ്പെട്ട് ആർക്കെല്ലാമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ട്; പ്രസ്തുത ഉദ്യോഗസ്ഥരുടെ വിശദാംശം നൽകുമോ?

കോട്ടയം ഒറവയ്ക്കൽ NFSA ഗോഡൗണിലേയ്ക്ക് K.E.Agro Products (P) Ltd Rice Mill-ൽനിന്നും 26-10-19-ൽ അയച്ച 260 ചാക്ക് CMR അരി ഗോഡൗണിൽ എത്തിക്കാതെ കടത്തിക്കൊണ്ടുപോയതുമായി ബന്ധപ്പെട്ട് ഓഫീസർ ഇൻ-ചാർജ്ജായിരുന്ന ശ്രീ. ആർ. ബിനീഷിനെതിരെ വകുപ്പുതലത്തിൽ അച്ചടക്കനടപടി തുടരുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തിരുവനന്തപുരം ഫോർട്ട് പീപ്പിൾസ് ബസാറിലെ ചാർജ്ജ് കൈമാറ്റത്തിനായി 5-10-2018-ലെ പരിശോധനയിൽ സ്റ്റോക്കിൽ വ്യത്യാസം കണ്ട വിഷയത്തിൽ, സ്റ്റോക്കിൽ തിരിമറി നടത്തിയതായി ആരോപിച്ച് VC-01/22/SRT നമ്പർ ആയി വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും ഈ വിഷയത്തിൽ താഴെപ്പറയുന്ന ജീവനക്കാർക്കെതിരെ അച്ചടക്കനടപടി സ്വീകരിച്ചിട്ടുള്ളതുമാണ്.

1) ശ്രീ. മാഹിൻ എസ്., OIC

2) ശ്രീ. അശോക് കുമാർ കെ., അസിസ്റ്റന്റ്

3) ശ്രീ. ബിജു പ്രദീപ് കെ., അസിസ്റ്റന്റ്

4) ശ്രീ. ഷിബുലാൽ. എൻ. എസ്., അസിസ്റ്റന്റ്

5) ശ്രീ. സജീവ് കുമാർ എസ്., അസിസ്റ്റന്റ്

6) ശ്രീ. അനിൽകുമാർ എ., അസിസ്റ്റന്റ്

വയനാട് ജില്ലയിലെ മാനന്തവാടി താലൂക്കിൽ പനമരം കൊല്ലൂർ എന്ന സ്ഥലത്ത് നിർമ്മാണത്തിലിരിക്കുന്ന വീട്ടിൽനിന്നും റേഷനരി പിടിച്ചെടുത്ത സംഭവവുമായി ബന്ധപ്പെട്ട് DYCR-ന്റെ പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാനാഞ്ചിറ NFSA ഓഫീസർ ഇൻ-ചാർജ്ജായി ജോലി ചെയ്തിരുന്ന ശ്രീ. ഇമ്മാനുവൽ സെബാസ്റ്റ്യനെ അന്വേഷണ വിധേയമായി വേല വിലക്കുകയും സിവിൽ സപ്ലൈസ് ഡയറക്ടറുടെ നിർദ്ദേശപ്രകാരം സ്പെഷ്യൽ സ്ക്വാഡ് 1-10-2020-ന് നടത്തിയ അന്വേഷണത്തിലും സപ്ലൈകോയുടെ IAW നടത്തിയ വിശദമായ ഓഡിറ്റിലും 809 ക്വിന്റൽ അരി ബില്ലടച്ചെങ്കിലും ആയത് റേഷൻകടയിൽ വരവ് വച്ചിട്ടില്ല. അപ്രകാരം സപ്ലൈകോയ്ക്ക് നഷ്ടം വരുത്തിയിട്ടുള്ളതായി കണ്ടെത്തിയതിനെത്തുടർന്ന് വകുപ്പുതലത്തിൽ അച്ചടക്കനടപടി സ്വീകരിച്ചുവരികയാണ്. ടി കേസിൽ ഗോഡൗൺ അസിസ്റ്റന്റായിരുന്ന ശ്രീ. വിപിൻ എ. എ., ASM-നെതിരെയും നടപടി സ്വീകരിച്ചുവരുന്നുണ്ട്.

അമ്പലപ്പുഴ താലൂക്കിൽ എ. എൻ. പുരം ക്ഷേത്രത്തിനുസമീപം പാർക്ക് ചെയ്തിരുന്ന വാഹനങ്ങളിൽനിന്ന് പോലീസ് ഭക്ഷ്യധാന്യങ്ങൾ പിടിച്ചെടുത്തതുമായി ബന്ധപ്പെട്ട് അമ്പലപ്പുഴ NFSA ഗോഡൗണിൽ ആലപ്പുഴ ജില്ലാ സപ്ലൈ ആഫീസർ 25-6-2021-ൽ നടത്തിയ പരിശോധനയിൽ ഭക്ഷ്യധാന്യങ്ങളുടെ സ്റ്റോക്കിൽ ഗുരുതര ക്രമക്കേട് കണ്ടെത്തുകയും ടി NFSA ഗോഡൗൺ OIC ശ്രീ. അനിൽകുമാർ ജെ. (ജൂനിയർ മാനേജർ), കസ്റ്റോഡിയൻ ശ്രീമതി കെ. രാജലക്ഷ്മി എന്നിവർക്കെതിരെ നടപടി സ്വീകരിച്ചുവരുന്നുമുണ്ട്.

സപ്ലൈകോ ജീവനക്കാരുടെ ശമ്പള പരിഷ്കരണവും സ്ഥാനക്കയറ്റവും

300 (2448) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയ ശമ്പള പരിഷ്കരണം സപ്ലൈകോയിലെ സ്ഥിരം ജീവനക്കാർക്കും നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) സപ്ലൈകോയിലെ സ്ഥിരം ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് തീരുമാനമെടുത്തിട്ടുണ്ടോ, എങ്കിൽ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഇല്ല. സപ്ലൈകോ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അനുവദിക്കുന്നതിനുള്ള ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനമായിട്ടില്ല.

(സി) സപ്ലൈകോയിൽ അന്യത്ര സേവന വ്യവസ്ഥയിൽ അഥവാ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ശമ്പള പരിഷ്കരണം നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. സപ്ലൈകോയിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർ വിവിധ സർക്കാർ വകുപ്പുകളിൽനിന്നും വന്നവരാണ്. (സിവിൽ സപ്ലൈസ് വകുപ്പ്, പോലീസ് വകുപ്പ്, കൃഷി വകുപ്പ്, നിയമ വകുപ്പ്, I&PRD, SC/ST വകുപ്പ് മുതലായ വകുപ്പുകളിൽനിന്നും)

സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പളം 1-7-2019 പ്രാബല്യത്തിൽ പരിഷ്കരിച്ച് 10-2-2021-ലെ G.O.(P)No.27/2021/Fin പ്രകാരം സർക്കാർ ഉത്തരവായി. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്യത്രസേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്ന സർക്കാർ ജീവക്കാർ ശമ്പള പരിഷ്കരണത്തിന് സ്വയമേവ അർഹരായി. പ്രസ്തുത ഗവൺമെന്റ് ഉത്തരവ് ഖണ്ഡിക 35-ൽ ജീവനക്കാർക്ക് സംസ്ഥാന ശമ്പള സ്കെയിലുകളും ഡി.എ. നിരക്കുകളും അനുവദിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് ശമ്പളം പരിഷ്കരിക്കുന്നതിന് സർക്കാരിൽനിന്നും അംഗീകാരം/അനുമതി നേടണമെന്ന് പ്രത്യേകം പ്രസ്താവിച്ചിട്ടുണ്ട്. അതിനാൽ 2-3-2021-ൽ ചേർന്ന സപ്ലൈകോ ബോർഡിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സപ്ലൈകോ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുന്നതിനുള്ള ശിപാർശ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ടി ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) സർക്കാർ ഉത്തരവുപ്രകാരം സപ്ലൈകോയിൽ വർഷാവർഷം 10% ഡെപ്യൂട്ടേഷൻ സേവനം കുറച്ചുകൊണ്ടുള്ള ഉത്തരവ് നിലവിൽ നടപ്പാക്കുന്നുണ്ടോ; മേൽ ഉത്തരവുപ്രകാരം 2022-23 സാമ്പത്തിക വർഷത്തിൽ സപ്ലൈകോയിലെ സ്ഥിരം ജീവനക്കാരിൽ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ്-1, സീനിയർ അസിസ്റ്റന്റ്-2, ജൂനിയർ മാനേജർ എന്നീ തസ്തികകളിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. 2019 മുതൽ ജൂനിയർ അസിസ്റ്റന്റ്/സീനിയർ അസിസ്റ്റന്റ്-II തസ്തികകളിലെയും 2021 മുതൽ സീനിയർ അസിസ്റ്റന്റ്-I തസ്തികകളിലെയും അന്യത്രസേവനം കുറവുചെയ്യുന്നുണ്ട്.

അന്യത്രസേവനം കുറവുചെയ്യുന്നത് സാമ്പത്തിക വർഷാടിസ്ഥാനത്തിലല്ല, കലണ്ടർ വർഷം അടിസ്ഥാനമാക്കിയാണ്. 2022 വർഷത്തിൽ ജൂനിയർ അസിസ്റ്റന്റ്/സീനിയർ അസിസ്റ്റന്റ്-II/സീനിയർ അസിസ്റ്റന്റ്-I തസ്തികകളിലെ അന്യത്രസേവനം കുറവുചെയ്തതിന്റെ ഫലമായുണ്ടായ ഒഴിവുകളിലേയ്ക്ക് യഥാക്രമം 36/30/40 ജീവനക്കാർക്ക് തസ്തികമാറ്റ നിയമനം/പ്രൊമോഷൻ അനുവദിച്ചിട്ടുണ്ട്. ജൂനിയർ മാനേജർ തസ്തികകളിലെ അന്യത്രസേവനം കുറവുചെയ്ത് സർക്കാർ ഉത്തരവായിട്ടില്ല.

(ഇ) സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞിട്ടും ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ്-1, സീനിയർ അസിസ്റ്റന്റ്-2 തസ്തികകളിൽ ജോലി ചെയ്യുന്നവരുണ്ടോ; വിശദമാക്കുമോ?

ഉണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

ജൂനിയർ അസിസ്റ്റന്റ് - 7

സീനിയർ അസിസ്റ്റന്റ് II - 23

സീനിയർ അസിസ്റ്റന്റ് I - 15

നെല്ല് സംഭരണത്തിന് സ്വീകരിച്ച നടപടികൾ

301 (2449) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെല്ല് സംഭരണത്തിന് ഭക്ഷ്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

2022-23 സീസണിലെ നെല്ല് സംഭരണത്തിനായി ചുവടെ ചേർക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

1. നെല്ല് സംഭരണ പദ്ധതി നടപ്പാക്കുന്നതിനായി സപ്ലൈകോയുമായി കരാറിൽ ഏർപ്പെടാൻ താൽപ്പര്യമുള്ള മില്ലുകളെ കണ്ടെത്തുന്നതിനായി പത്ര മാധ്യമങ്ങൾ വഴി 2022 ജൂലൈ മാസം താൽപ്പര്യപത്രം ക്ഷണിച്ചു.

2. ഒന്നാംവിള (വിരിപ്പു) നെല്ല് സംഭരണത്തിനായുള്ള കർഷക രജിസ്ട്രേഷനുവേണ്ടി വെബ്സൈറ്റ് (www.supplycopaddy.in) 2022 ആഗസ്റ്റ് ഒന്നുമുതൽ കർഷകർക്ക് തുറന്നുകൊടുക്കുകയും ഇതുസംബന്ധിച്ച് മാധ്യമങ്ങൾ വഴിയും കൃഷി വകുപ്പ് വഴിയും കർഷകരെ അറിയിക്കുകയും ചെയ്തു.

3. മില്ല് ഉടമകളുമായി കരാറിൽ ഏർപ്പെട്ടശേഷം 30-9-2022 മുതൽ നെല്ല് സംഭരണം ആരംഭിച്ചു.

4. ഒന്നാംവിള നെല്ല് സംഭരണം തുടർന്നുവരുന്നു. 6-12-2022 വരെ 39563 കർഷകരിൽനിന്നായി 115410 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

5. രണ്ടാംവിള നെല്ല് സംഭരണം 2023 ജനുവരി 1 മുതൽ ആരംഭിക്കും. 2023 ജൂൺ മാസത്തോടെ 2022-23 സീസണിലെ നെല്ല് സംഭരണം അവസാനിക്കും.

സെയിൽസ്മാൻമാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ ലഭിക്കുന്നതിന് നടപടി

302 (2450) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2013-നുശേഷം സിവിൽ സപ്ലൈസ് കോർപ്പറേഷനിൽ ജോലിയിൽ പ്രവേശിച്ച സെയിൽസ്മാൻമാർക്ക് സപ്ലൈകോയിൽ നിലവിലുള്ള ഇ.പി.എഫ്. പെൻഷൻ ബാധകമാണോ?

2013 മുതൽ 2014 ആഗസ്റ്റ് 31 വരെ ജോലിയിൽ പ്രവേശിച്ച ജീവനക്കാർക്ക് ഇ.പി.എഫ്. നിയമപ്രകാരമുള്ള പെൻഷനുള്ള അർഹതയുണ്ട്. എന്നാൽ 2014 സെപ്റ്റംബർ മുതൽ ജോലിയിൽ പ്രവേശിച്ച 15,000 (Pay+DA) രൂപയ്ക്ക് മുകളിൽ ശമ്പളം വാങ്ങുന്ന ജീവനക്കാർക്ക് നിലവിൽ ഇ.പി.എഫ്. പെൻഷൻ വിഹിതം അടയ്ക്കുന്നതിനുള്ള അർഹതയില്ല.

(ബി) ബാധകമല്ലെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് കോൺട്രിബ്യൂട്ടറി പെൻഷൻ ലഭിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുമോ; വിശദമാക്കാമോ?

പൊതുമേഖലാ സ്ഥാപനമായ സപ്ലൈകോയിൽ കോൺട്രിബ്യൂട്ടറി പെൻഷൻ നടപ്പാക്കുന്നതിന് തീരുമാനമായിട്ടില്ല. ഇ.പി.എഫ്. പെൻഷൻ പദ്ധതിയാണ് നിലവിലുള്ളത്.

സമ്പൂർണ്ണ ഉപഭോക്തൃ സൗഹൃദ സംസ്ഥാനം

303 (2451) ശ്രീമതി സി. കെ. ആശ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ സമ്പൂർണ്ണ ഉപഭോക്തൃ സൗഹൃദ സംസ്ഥാനമാക്കി മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. ഉപഭോക്തൃ സംരക്ഷണത്തിൽ കേരളത്തെ ഒരു ഉത്തമ മാതൃകയായി മാറ്റാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. കേരളത്തെ ഉപഭോക്തൃ ശാക്തീകരണ കാര്യത്തിൽ ലോകത്തിന് മാതൃകയാക്കാൻ തക്കവിധമുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പാക്കുന്നത്. പുതിയ ദേശീയ ഉപഭോക്തൃ സംരക്ഷണ നിയമപ്രകാരമുള്ള ശക്തമായ നടപടികൾ സ്വീകരിച്ചും ഉപഭോക്തൃ സംരക്ഷണത്തിന് കൂടുതൽ മെച്ചപ്പെട്ട സംവിധാനങ്ങളൊരുക്കിയും തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെ അവബോധമുണ്ടാക്കിയും അധാർമ്മിക കച്ചവട രീതികൾ നിരുത്സാഹപ്പെടുത്തിയും മായം ചേർക്കൽ, അളവുതൂക്ക വെട്ടിപ്പുകൾ എന്നിവ തടയാൻ കർശനനടപടികൾ സ്വീകരിച്ചും ഉപഭോക്താക്കൾക്ക് അവശ്യസാധനങ്ങളും സേവനങ്ങളും ഉറപ്പാക്കിയും കേരളത്തെ ഒരു സമ്പൂർണ്ണ ഉപഭോക്തൃ സൗഹൃദ സംസ്ഥാനമായി മാറ്റാൻ സംസ്ഥാന സർക്കാർ പ്രവർത്തിച്ചുവരുന്നു. ഉപഭോക്താക്കളുടെ അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനൊപ്പം ഉപഭോക്താക്കളെ അവരുടെ കടമകളെക്കുറിച്ച് ഓർമ്മിപ്പിക്കുകയും വേണം. സുസ്ഥിര ഉപഭോഗ മാതൃകകൾ പ്രോത്സാഹിപ്പിക്കുകയും അതുവഴി ഒരു പരിസ്ഥിതി സൗഹൃദ ഉപഭോഗ സംസ്കാരം വളർത്തിയെടുക്കാനും സർക്കാർ ലക്ഷ്യമിടുന്നു.

(ബി) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകീഴിൽ വരുന്ന മീഡിയേഷൻ കേന്ദ്രങ്ങളും സൗജന്യ ഉപഭോക്തൃ നിയമസഹായ കേന്ദ്രങ്ങളും പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകളിൽ മീഡിയേഷൻ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും 14 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിലും സൗജന്യ നിയമസഹായ കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നു.

(സി) ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകീഴിലെ സൗജന്യ നിയമ സഹായ കേന്ദ്രങ്ങൾ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉപഭോക്താക്കളുടെ അവകാശങ്ങളെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം നൽകുന്നതിനായി സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലും 14 ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനുകളിലും പ്രവർത്തിക്കുന്ന ഉപഭോക്തൃ നിയമ സഹായ കേന്ദ്രങ്ങൾ വഴി ഉപഭോക്താക്കൾക്ക് സൗജന്യ നിയമസഹായവും കേസുകൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി അഭിഭാഷകരുടെ സേവനവും ലഭ്യമാക്കിവരുന്നുണ്ട്.

(ഡി) ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിലേയ്ക്കുള്ള പരാതികൾ ഓൺലൈനായി ഫയൽ ചെയ്യാനുള്ള ഇ-ഡാകിൽ സംവിധാനം സംസ്ഥാനത്ത് ഫലപ്രദമായി നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഇ-ഡാകിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പരാതികൾ ഉപഭോക്താക്കളിൽനിന്നും ഇ-ഡാക് മുഖേന സ്വീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

കടകളിൽ വിലവിവര പട്ടികകൾ പ്രദർശിപ്പിക്കാത്തതിന് സ്വീകരിക്കുന്ന നടപടികൾ

304 (2452) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കടകളിൽ വിലവിവര പട്ടികകൾ പ്രദർശിപ്പിക്കാത്തതിന് നിലവിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് അറിയിക്കാമോ;

(ബി) വിലവിവര പട്ടിക പ്രദർശിപ്പിക്കാത്തതിന് എത്ര രൂപയാണ് പിഴ ചുമത്തുന്നതെന്ന് അറിയിക്കാമോ?

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ പൊതുവിതരണ വകുപ്പ് ഉദ്യോഗസ്ഥർ പൊതു വിപണിയിലെ 3222 കടകളിൽ പരിശോധന നടത്തിയിരുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടഞ്ഞ് ന്യായവില ഉറപ്പാക്കുന്നതിന് ലീഗൽ മെട്രോളജി വകുപ്പുമായി സഹകരിച്ച് ശക്തമായ വിപണി പരിശോധനകൾ നടത്താറുണ്ട്. ജില്ലാ സപ്ലൈ ഓഫീസർ/താലൂക്ക് സപ്ലൈ ഓഫീസർ എന്നിവരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് കർശന പരിശോധനകൾ നടത്തുന്നുണ്ട്. സംസ്ഥാന കൺട്രോൾ ഓർഡർ പ്രകാരമുള്ള ലൈസൻസുകൾ ബഹുമാനപ്പെട്ട

ഹൈക്കോടതി സ്റ്റേ ചെയ്തിരിക്കുന്നതിനാൽ വകുപ്പിന് പൊതുവിപണി പരിശോധിക്കുന്നതിന് നിലവിൽ പരിമിതികളുണ്ട്. പൊതുവിപണി പരിശോധനയിൽ വിലവിവര പട്ടിക പ്രദർശിപ്പിക്കാത്ത വ്യാപാരികൾക്കെതിരെ അവശ്യ വസ്തു നിയമത്തിലെ സെക്ഷൻ 6A പ്രകാരം കണ്ടുകെട്ടൽ നടപടികൾ സ്വീകരിക്കുന്നത് ഗുരുതര സാമൂഹ്യ പ്രത്യാഘാതം സൃഷ്ടിക്കുമെന്നതിനാൽ നോട്ടീസ് നൽകി വ്യാപാരികളെ ബോധവൽക്കരിക്കുന്ന നടപടികൾ മാത്രമാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

പയ്യന്നൂർ നഗരസഭ ബസ് സ്റ്റാന്റ് നിർമ്മാണം

305 (2453) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭ ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനായി ഹഡ്കോയിൽനിന്ന് വായ്പയെടുക്കുന്നതിന് സർക്കാരിന്റെ അനുമതിക്കായി അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അപേക്ഷ ലഭിച്ച തീയതി വ്യക്തമാക്കുമോ?

പയ്യന്നൂർ നഗരസഭ ബസ് സ്റ്റാന്റ് നിർമ്മിക്കുന്നതിനായി ഹഡ്കോയിൽ നിന്ന് വായ്പയെടുക്കുന്നതിനുള്ള അനുമതിക്കായി 15-9-2022-ന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത അപേക്ഷയിൽ നാളിതുവരെ സ്വീകരിച്ച നടപടി അറിയിക്കുമോ?

അപേക്ഷയിന്മേൽ തദ്ദേശസ്വയംഭരണ (അർബൻ) ഡയറക്ടറോട് റിപ്പോർട്ട് തേടിയിട്ടുള്ളതും ടി റിപ്പോർട്ട് ലഭ്യമായിട്ടുള്ളതുമാണ്.

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നമ്പരും ആയത് നിലവിൽ ഏത് സെക്ഷനിലാണെന്നും വിശദമാക്കുമോ?

പ്രസ്തുത വിഷയം DB1/373/2022/തസ്വഭവ. ഫയലിൽ തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പിൽ കൈകാര്യം ചെയ്തുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിപാടികളിൽ നിയമസഭാംഗങ്ങളുടെ പ്രോട്ടോക്കോൾ

306 (2454) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിയമസഭാംഗങ്ങളെ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പരിപാടികളിൽ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച് വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് 18-12-2014-ൽ പുറപ്പെടുവിച്ച ഇ.എം.1/150/2014 നമ്പർ സർക്കുലറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ&ബി) പകർപ്പ് ലഭ്യമാണ്. നിയമസഭാ സാമാജികർക്ക് പ്രോട്ടോക്കോൾ സംബന്ധമായി യാതൊരു ബുദ്ധിമുട്ടുമുണ്ടാകാത്ത രീതിയിൽ നിലവിലെ പ്രോട്ടോക്കോൾ മര്യാദകൾ പാലിക്കുന്നതിനും അപ്രകാരം പരിപാടികൾ ക്രമീകരിക്കുന്നതിനും അതീവ ശ്രദ്ധപുലർത്തുന്നതിന് 18-12-2014-ലെ ഇ.എം.1/ 150/2014 നമ്പർ സർക്കുലർപ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും മാർഗ്ഗനിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*).

കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അവരുടെ മേൽനോട്ടത്തിൽ നടത്തുന്ന എല്ലാ ഔദ്യോഗിക പരിപാടികളിലും സ്ഥലം എം.എൽ.എ.-യെക്കൂടി പങ്കെടുപ്പിക്കേണ്ടതാണെന്നും അല്ലാത്തപക്ഷം അത് പ്രോട്ടോക്കോൾ ലംഘനമായി കണക്കാക്കപ്പെടുന്നതാണെന്നുമുള്ള കർശനനിർദ്ദേശവും 17-8-2022-ലെ LSGD-EM1/ 125/2020-LSGD നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും നൽകിയിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്*).

യൂണീക്ക് ബിൽഡിംഗ് നമ്പർ

307 (2455) ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്നും ഏത് സോഫ്റ്റ്വെയർ മുഖേനയാണ് നടപ്പാക്കുന്നതെന്നും അറിയിക്കാമോ; പ്രസ്തുത സംവിധാനത്തിന്റെ പോരായ്മകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ?

'സഞ്ചയ' സോഫ്റ്റ്വെയർ മുഖേനയാണ് കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുന്നത്. സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നേരിട്ടാൽ ആയത് റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് ഐ.കെ.എം. പരിഹരിക്കുന്നുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എല്ലാ കെട്ടിടങ്ങൾക്കും സോഫ്റ്റ്വെയർ സഹായത്തോടെ സവിശേഷ തിരിച്ചറിയൽ നമ്പർ നൽകുന്ന പദ്ധതി പരിഗണനയിലുണ്ടോ; പ്രസ്തുത പദ്ധതി മുഖേന എന്തൊക്കെ നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കാമോ?

ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്സിന്റെ ഭാഗമായി 'സഞ്ചയ' സോഫ്റ്റ്വെയർ മുഖേന കെട്ടിട നമ്പർ അനുവദിക്കുമ്പോൾ എല്ലാ കെട്ടിടങ്ങൾക്കും സവിശേഷ തിരിച്ചറിയൽ നമ്പർ നൽകുന്ന പദ്ധതി നിലവിലുണ്ട്. 30-10-2022-ലെ സ.ഉ. (കൈ) നമ്പർ 241/2022/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ ഇതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ഇത്തരത്തിൽ സവിശേഷ തിരിച്ചറിയൽ നമ്പർ നൽകുന്നതുവഴി വാർഡുകൾ മാറുമ്പോൾ കെട്ടിട നമ്പർ മാറുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയും. കെട്ടിടങ്ങളെ തിരിച്ചറിഞ്ഞ് നികുതി പിരിവ് കാര്യക്ഷമമായി നടപ്പാക്കാനും അനധികൃത നിർമ്മിതികൾ തിരിച്ചറിയാനും കഴിയും.

ഐ.ബി.പി.എം.എസ്. സംവിധാനം പരിഷ്കരിക്കാൻ നടപടി

308 (2456) ശ്രീ. പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും കെട്ടിട നിർമ്മാണാനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഐ.ബി.പി.എം.എസ്. സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും കെട്ടിട നിർമ്മാണച്ചട്ടം പൂർണ്ണമായും പ്രസ്തുത സംവിധാനത്തിൽ ഇൻകോർപ്പറേറ്റ് ചെയ്യാൻ കഴിയാത്തതിനാൽ പുനലൂർ നിയോജകമണ്ഡലത്തിൽ അനുമതികൾക്ക് കാലതാമസവും ബുദ്ധിമുട്ടും നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലതാമസം പരിഹരിക്കുന്നതിനായി കൂടുതൽ സുതാര്യവും ലളിതവുമായ സോഫ്റ്റ്വെയർ സംവിധാനം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ&ബി) 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായും IBPMS സംവിധാനത്തിൽ ഇൻകോർപ്പറേറ്റ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്. നിലവിൽ ലോ റിസ്ക് വിഭാഗത്തിൽപ്പെട്ട കെട്ടിടനിർമ്മാണ അപേക്ഷകൾ പൂർണ്ണമായും IBPMS വഴി മാത്രമാണ് കൈകാര്യം ചെയ്യുന്നത്. പുനലൂർ നഗരസഭയിൽനിന്നും ലോ റിസ്ക് വിഭാഗത്തിൽപ്പെട്ട കെട്ടിടനിർമ്മാണ അപേക്ഷകളിൽ നിർമ്മാണാനുമതി നൽകുന്നതിൽ കാലതാമസം നേരിടുന്നില്ല.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകരണം കൊണ്ടുള്ള ഗുണവും സാമ്പത്തിക നഷ്ടവും

309 (2457) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകൃതമായതിനുശേഷം പൊതുജനങ്ങൾക്ക് മുൻകാലങ്ങളിൽ ലഭിക്കാതിരുന്ന ഏതൊക്കെ സേവനങ്ങൾ നിലവിൽ സുഗമമായും ത്വരിതഗതിയിലും ലഭിക്കുന്നുവെന്ന് വിശദമാക്കുമോ?

വിവര സാങ്കേതികവിദ്യയുടെയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനമൊരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരമുണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നതുവഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്ന രീതിയിൽ ഓഫീസുകളെ മാറ്റുന്നതിനും സാധിക്കും. ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. ഓഫീസുകളിലെ ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്നായും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാല് തട്ടായും നിജപ്പെടുത്തുകവഴി ഫയലുകളിൽ വേഗത്തിൽ തീരുമാനമുണ്ടാക്കുന്നതിനും സേവനപ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകളിൽനിന്നും വിശിഷ്യാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതിക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴി സാധ്യമാകും. സംസ്ഥാനത്തെ എല്ലാ തദ്ദേശസ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കുന്നതാണ്.

(ബി) അഞ്ച് വകുപ്പുകൾ വ്യത്യസ്തമായി പ്രവർത്തിച്ചിരുന്ന കാലയളവിൽ പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കേണ്ട ഏതൊക്കെ സേവനങ്ങളാണ് ലഭിക്കാതിരുന്നതെന്ന് വ്യക്തമാക്കുമോ?

എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. അഞ്ച് വകുപ്പുകൾ വ്യത്യസ്തമായി പ്രവർത്തിച്ചിരുന്ന കാലയളവിൽ വിവിധ തട്ടുകളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ഭരണപരമായ മേൽനോട്ടം വിവിധ വകുപ്പുകൾക്കായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അത്യന്താപേക്ഷിതമായി ഉണ്ടാകേണ്ട ഏകോപനമില്ലായ്മയുടെ ഭാഗമായി ചില സേവന പ്രദാന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് കാലതാമസമുണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ വകുപ്പിനുവേണ്ടി രൂപീകരിച്ച തസ്തികകൾ ഏതൊക്കെയാണെന്നും അപ്ഗ്രേഡ് ചെയ്ത തസ്തികകൾ ഏതെല്ലാമെന്നും പുതിയ തസ്തികകളുടെ ശമ്പളസ്കെയിലും പ്രസ്തുത തസ്തികകൾമൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്നും ഇവ സാധൂകരിക്കുന്ന വിധത്തിൽ സേവനങ്ങൾ മെച്ചപ്പെടുന്നുണ്ടോയെന്നും വിശദമാക്കുമോ?

തദ്ദേശസ്വയംഭരണ വകുപ്പിനുവേണ്ടി തസ്തികകൾ സൃഷ്ടിച്ചും തസ്തികകൾ അപ്ഗ്രേഡ് ചെയ്തും 25-6-2022-ലെ സ.ഉ.(കൈ) നമ്പർ 134/2022/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർക്കുന്നു. സ്റ്റേറ്റ് സർവ്വീസിലെ തസ്തിക സൃഷ്ടിക്കൽ, അപ്ഗ്രഡേഷന്റെ ഭാഗമായുണ്ടാകുന്ന ആകെ പ്രതിവർഷ സാമ്പത്തിക ബാധ്യത 2,37,16,764 രൂപ (രണ്ട് കോടി മുപ്പത്തിയേഴ് ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി അറുപത്തിനാല് രൂപ മാത്രമാണ്. സബോർഡിനേറ്റ് സർവ്വീസിലെ തസ്തികകൾ ഉയർത്തുമ്പോൾ സാമ്പത്തികബാധ്യത ഉണ്ടാകുന്നില്ല. സംയോജിത വകുപ്പിന്റെ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്. ഇത് പൂർണ്ണതോതിലാകുന്നതോടെ ആയതിന്റെ ഗുണഫലങ്ങൾ ലഭ്യമാകുന്നതാണ്.

(ഡി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിനുവേണ്ടി ജില്ലകളിൽ രൂപീകരിച്ച ജോയിന്റ് ഡയറക്ടർ എന്ന പുതിയ തസ്തികയുടെ ശമ്പള സ്കെയിൽ എത്രയാണെന്നും ജോയിന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ച ഉദ്യോഗസ്ഥൻ നേരത്തെ ഹോൾഡ് ചെയ്തിരുന്ന തസ്തികയിലെ ശമ്പള സ്കെയിലും നിലവിൽ ജോയിന്റ് ഡയറക്ടറായപ്പോഴുള്ള ശമ്പള സ്കെയിലും തമ്മിലുള്ള വർദ്ധനവ് എത്രയാണെന്നും വ്യക്തമാക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിനുവേണ്ടി സൃഷ്ടിച്ച ജോയിന്റ് ഡയറക്ടർ തസ്തികയുടെ ശമ്പള സ്കെയിൽ 1,07,800-1,60,000 ആണ്. ഈ തസ്തികകളിലേയ്ക്കുള്ള സ്ഥിരനിയമനം നടന്നിട്ടില്ല.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഇ) ജില്ലകളിൽ ജോയിന്റ് ഡയറക്ടറുമായി സംയോജിപ്പിച്ച് ഏതൊക്ക വകുപ്പുകളിലുള്ളവരെയാണ് നിയമിച്ചിട്ടുള്ളതെന്നും സംയോജിപ്പിച്ച അഞ്ചു വകുപ്പുകൾക്കും ലഭിച്ച തസ്തികകളുടെ എണ്ണം എത്രയാണെന്നും പ്രസ്തുത തസ്തികകളിലേയ്ക്ക് നിയമനം നടത്തിയപ്പോൾ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്നും വ്യക്തമാക്കുമോ?

1-11-2022-ലെ സ.ഉ.(ആർ.റ്റി.)നമ്പർ 2660/2022/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള ജില്ലാ ഓഫീസുകളായ DDP, ADC (GL), ADC (PA), ADP, ജില്ലാ ടൗൺ പ്ലാനിംഗ് എന്നീ ഓഫീസുകളിലെയും നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ ഓഫീസുകളിലെയും നിലവിലെ അംഗീകൃത എണ്ണത്തിൽപ്പെട്ട ജീവനക്കാരെ ഫലപ്രദമായി ക്രമീകരിച്ചാണ് ജില്ലാ ഓഫീസുകൾ രൂപീകരിക്കുന്നത്. വിവിധ വിഭാഗങ്ങളിലെ ജില്ലാ ഓഫീസുകളിൽ നിലവിലുള്ള തസ്തികകൾ ചേർത്താണ് അതത് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസുകളിലെ ഉദ്യോഗസ്ഥ ക്രമീകരണം നടത്തിയിട്ടുള്ളത്.

(എഫ്) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകൃതമാകുന്നതിനുമുമ്പ് അഞ്ച് വകുപ്പിലുമുണ്ടായിരുന്ന ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായിട്ടാണോ പുതിയ തസ്തികകൾ സൃഷ്ടിച്ചതും നിലവിലെ തസ്തികകൾ അപ്ഗ്രേഡ് ചെയ്തതുമെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സംസ്ഥാനതല ഡയറക്ടറേറ്റിൽ ഒരു അഡീഷണൽ ഡയറക്ടർ തസ്തിക അനിവാര്യമായതിനാൽ ഒരു അഡീഷണൽ ഡയറക്ടർ തസ്തിക ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ സൃഷ്ടിക്കുകയുണ്ടായി. പഞ്ചായത്ത് ഗ്രാമവികസന വകുപ്പുകളിൽ അഡീഷണൽ ഡയറക്ടർ തസ്തിക നിലവിലുള്ളതിനാൽ നഗരകാര്യ വകുപ്പിലാണ് പ്രസ്തുത തസ്തിക നിർദ്ദേശിച്ചിട്ടുള്ളത്. പൊതുസർവ്വീസ് വിഭാവനം ചെയ്തുപ്രകാരം ജില്ലാതലത്തിൽ വകുപ്പിന്റെ മേധാവിയായി ജോയിന്റ് ഡയറക്ടർ തസ്തിക ആവശ്യമാണ്. ഇതിനായി നിലവിൽ ഏഴ് തസ്തികകൾ മാത്രമേ നിലവിലെ വകുപ്പുകളിൽനിന്ന് ലഭ്യമാകുന്നുള്ളൂ. ആയതിനാൽ 7 തസ്തികകൾകൂടി സൃഷ്ടിക്കുകയുണ്ടായി. തദ്ദേശസ്വയംഭരണ വകുപ്പിനുകീഴിലുള്ള വിവിധ വകുപ്പുകൾ ഏകീകരിക്കുമ്പോൾ വിവിധ വകുപ്പുകളിലെ സമാന ഉത്തരവാദിത്വം നിർവ്വഹിക്കുന്ന തസ്തികകൾ വ്യത്യസ്ത സ്കെയിലിലാണ് ഉൾപ്പെട്ടിരിക്കുന്നത്. ചില ശമ്പള സ്കെയിലുകൾ റഗുലർ സ്കെയിലുകളുമായി പൊരുത്തപ്പെടാത്തതിനാൽ നിലവിലുണ്ടായിരുന്ന വകുപ്പുകളിലെ ഇന്റർ-ട്രാൻസ്ഫറബിലിറ്റി ഉറപ്പുവരുത്തുന്നതിനായി ടി സ്കെയിലുകൾ ഏകീകരിക്കേണ്ടതായി വരികയും ഇത്തരം സ്കെയിലുകൾ തൊട്ടുമുകളിലുള്ള ഉയർന്ന ശമ്പള സ്കെയിലിലേയ്ക്ക് അപ്ഗ്രേഡ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ജി) ഇതിന് ആവശ്യമായ മാറ്റം വരുത്തുമോ; വ്യക്തമാക്കാമോ?

നിലവിൽ പരിഗണനയിലില്ല.

ലൈഫ് ഭവന പദ്ധതി

310 (2458) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾ വീട് നിർമ്മാണത്തിനായി നിലവിലുണ്ടായിരുന്ന വീട് പൊളിച്ചെങ്കിലും സർക്കാരിൽനിന്നുള്ള ഫണ്ടും അനുമതിയും ലഭിക്കാത്തതിനാൽ നിർമ്മാണം തുടങ്ങാനാകാതെ ഷെഡ്ഡിലോ വാടകവീട്ടിലോ താമസിക്കേണ്ടിവരുന്ന നിലവിലെ സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലൈഫ് ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ പുരോഗതിക്കനുസരിച്ച് നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്റ്റേജ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഭവന നിർമ്മാണാനുകൂല്യം നൽകിവരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട ഭവനരഹിതർ സർക്കാർ ഫണ്ട് ലഭിക്കാതെ നിർമ്മാണ പ്രവൃത്തി തുടങ്ങരുതെന്ന ഉത്തരവിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ?

ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ട ഭവനരഹിതർ സർക്കാർ ഫണ്ട് ലഭിക്കാതെ നിർമ്മാണപ്രവൃത്തി തുടങ്ങരുതെന്ന് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിലെ സ്ഥലംമാറ്റം

311 (2459) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ പഞ്ചായത്ത് ഡയറക്ടറുടെ ഓഫീസിൽനിന്നും പൊതു സ്ഥലംമാറ്റത്തിലൂടെയും അല്ലാതെയും മൂന്ന് വർഷം പൂർത്തിയാക്കിയ ഏതൊക്കെ ജീവനക്കാരെ ഈ വർഷം സ്ഥലം മാറ്റിയെന്ന് വ്യക്തമാക്കുമോ?

വിവരം അനുബന്ധമായി *ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) സ്ഥലംമാറ്റ മാനദണ്ഡങ്ങൾപ്രകാരം ഒരു ജീവനക്കാരന് ഒരു ഓഫീസിൽ തുടർച്ചയായി എത്ര വർഷംവരെ അനുവദിക്കാമെന്ന് വ്യക്തമാക്കുമോ?

22-6-2022-ലെ സ.ഉ.(കൈ) നമ്പർ 130/2022/ത.സ്വ.ഭ.വ. പ്രകാരം ഒരു ജീവനക്കാരന് 3 വർഷംവരെ തുടർച്ചയായി ജോലി ചെയ്യാവുന്നതാണ്.

(സി) സ്ഥലംമാറ്റപ്പെട്ട ജീവനക്കാർ ഓരോരുത്തരും എത്ര വർഷം പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ ജോലി ചെയ്തവരാണെന്ന് പേര് വിവരം സഹിതം വ്യക്തമാക്കുമോ?

വിവരം അനുബന്ധമായി*ചേർത്തിട്ടുണ്ട്.

(ഡി) ഇവരിൽ ആരെയൊക്കെയാണ് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിലോ മറ്റോ പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ വീണ്ടും നിയമിച്ചത്; നിർത്തലാക്കിയ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ ഇവരെ നിയമിക്കുക വഴി സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അട്ടിമറിച്ചിരിക്കുന്ന സാഹചര്യം പുനഃപരിശോധിക്കുമോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. അനിൽകുമാർ വി., സീനിയർ സൂപ്രണ്ട് (പെർഫോർമൻസ് ആഡിറ്റ് സൂപ്പർവൈസർ, പെർഫോമൻസ് ആഡിറ്റ് യൂണിറ്റ്-VII, മലപ്പുറം), ശ്രീ ജി. കെ. സതീഷ് കുമാർ, സീനിയർ സൂപ്രണ്ട് (പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ, പെർഫോമൻസ് ആഡിറ്റ് യൂണിറ്റ്-III, ഇടുക്കി), ശ്രീ. അലക്സ് റ്റി., സീനിയർ ക്ലാർക്ക് (പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് - IV, തിരുവനന്തപുരം), ശ്രീമതി ലക്ഷ്മി എസ്., സീനിയർ ക്ലാർക്ക് (പെർഫോമൻസ് ആഡിറ്റ് യൂണിറ്റ് - I, തിരുവനന്തപുരം), ശ്രീ. വിനോദ് പി. എസ്., സീനിയർ ക്ലാർക്ക് (പെർഫോമൻസ് ആഡിറ്റ് യൂണിറ്റ്-V, തിരുവനന്തപുരം) എന്നിവരെയാണ് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പഞ്ചായത്ത് ഡയറക്ടർ ഓഫീസിൽ വീണ്ടും നിയമിച്ചിട്ടുള്ളത്.

അന്തിമ പൊതുസ്ഥലംമാറ്റ കൃ ലിസ്റ്റിൽ അർഹരായ ഉദ്യോഗസ്ഥർക്ക് പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയത്തിലേയ്ക്ക് സ്ഥലംമാറ്റം അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറേറ്റിലെ ജോലിഭാരം കണക്കിലെടുത്ത് മേൽ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ താൽക്കാലികമായാണ് നിയമിച്ചിട്ടുള്ളത്. ഇവരുടെ നിയമനംമൂലം അർഹരായ ഒരു ജീവനക്കാരന്റെയും സ്ഥലംമാറ്റ അവകാശം ഹനിക്കപ്പെട്ടിട്ടില്ല.

ജി.സി.ഡി.എ.-യുടെ ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടകയിനത്തിൽ കിട്ടാനുള്ള തുക പിരിച്ചെടുക്കൽ

312 (2460) ശ്രീമതി ഉമ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.സി.ഡി.എ.-യുടെ കീഴിൽ നിലവിൽ എത്ര ഷോപ്പിംഗ് കോംപ്ലക്സുകളാണുള്ളതെന്നും അവ എവിടെയെല്ലാമാണെന്നും ഇതിൽ ഓരോ ഷോപ്പിംഗ് കോംപ്ലക്സിലും എത്ര കടമുറികൾവീതമുണ്ടെന്നും അവയിൽ എത്രയെണ്ണം വാടകയ്ക്ക്/പാട്ടത്തിന് നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെ ജി.സി.ഡി.എ.-യുടെ കീഴിൽ എത്ര കടമുറികളാണുള്ളതെന്നും ഇവയിൽ എത്രയെണ്ണം വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(സി) വാടകയ്ക്ക്/പാട്ടത്തിന് നൽകിയിട്ടുള്ള കടമുറികളിന്മേൽ പ്രതിമാസം എത്ര രൂപയാണ് ജി.സി.ഡി.എ.-യ്ക്ക് ലഭിക്കേണ്ടതെന്നും ഇപ്പോൾ പ്രതിമാസം എത്ര രൂപ ലഭിക്കുന്നുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

31-10-2022 പ്രകാരം കടമുറികളിന്മേൽ ജി.സി.ഡി.എ.-യ്ക്ക് ലഭിക്കേണ്ട തുക 3,18,86,753 രൂപയാണ്. 31-10-2022-ൽ ലഭിച്ച തുക 3,29,46,823 രൂപ (മുൻ കുടിശ്ശികയിൽനിന്നും പിരിഞ്ഞു കിട്ടിയ തുകയുൾപ്പെടെ).

(ഡി) കടമുറികളുടെ വാടകയിനത്തിൽ നാളിതുവരെ എത്ര രൂപയാണ് ജി.സി.ഡി.എ.-യ്ക്ക് കിട്ടാനുള്ളതെന്ന വിശദാംശം ലഭ്യമാക്കാമോ?

കടമുറികളുടെ വാടകയിനത്തിൽ നാളിതുവരെ 7,20,48,901 രൂപയാണ് ജി.സി.ഡി.എ.-യ്ക്ക് കിട്ടാനുള്ളത്.

(ഇ) ജി.സി.ഡി.എ.-യുടെ അധീനതയിലുള്ള കടമുറികളിൽ എത്രയെണ്ണം കൃത്യമായി വാടക നൽകാതെ ആൾക്കാർ കൈവശം വച്ചിട്ടുണ്ടെന്നും ഇവർ ആരെല്ലാമാണെന്നും ഇങ്ങനെ കൈവശം വച്ചിട്ടുള്ളവർക്ക് വാടകയിൽ ജി.സി.ഡി.എ. എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോയെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

33 എണ്ണം. വിശദാംശം അനുബന്ധമായി *ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എഫ്) ശോചനീയാവസ്ഥയിലായ കടമുറികൾ പുതുക്കിപ്പണിയുന്നതിനും കിട്ടാനുള്ള വാടക പിരിച്ചെടുക്കുന്നതിനും ജി.സി.ഡി.എ. ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും ഇനി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ?

ശോചനീയാവസ്ഥയിലായ കടമുറികൾ പുതുക്കിപ്പണിയുന്നതിനും പരിപാലിക്കുന്നതിനുമുള്ള നടപടികൾ യഥാസമയം സ്വീകരിച്ചുവരുന്നു. കടമുറികളുടെ തകരാറുകൾ കണ്ടെത്തുന്നപക്ഷം അതോറിറ്റിയിൽനിന്നും സ്ഥല പരിശോധന നടത്തി, ആയത് പരിഹരിക്കുന്നതിലേയ്ക്കായുള്ള പദ്ധതി തയ്യാറാക്കുകയും ആയതിന് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് നടപ്പാക്കി, പരിഹരിച്ചുവരുന്നതുമാണ്. 2022-23 സാമ്പത്തിക വർഷത്തിൽ ടി ആവശ്യത്തിലേയ്ക്ക് ബഡ്ജറ്റിൽ 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള പ്രധാന വാണിജ്യ വ്യവസായ കായിക സ്ഥാപനങ്ങളായ CMDS, JNIS അറ്റകുറ്റപ്പണികൾക്കായി യഥാക്രമം 2 കോടി, 4.5 കോടി രൂപയുടെ അടങ്കൽ തയ്യാറാക്കി അംഗീകാരം ലഭ്യമാക്കി ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. മറ്റ് കെട്ടിടങ്ങളിലും ഇത്തരം പുനരുദ്ധാരണ പ്രവൃത്തികൾ നടന്നുവരുന്നു.

പ്രളയം, കോവിഡ് മഹാമാരി എന്നിവമൂലം സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന അലോട്ടികളുടെ കുടിശ്ശിക തീർപ്പാക്കുന്നതിന് അലോട്ടികളിൽനിന്നും ലഭിക്കുന്ന അപേക്ഷകൾ പരിഗണിച്ച്, കുടിശ്ശികത്തുക പലിശ സഹിതം ഗഡുക്കളായി അടവാക്കുന്നതിന് അവസരം നൽകിയിട്ടുള്ളതും പിന്നെയും മുടക്കം വരുത്തുന്ന അലോട്ടികൾക്ക് നിയമപ്രകാരം നോട്ടീസുകൾ നൽകി കടമുറികൾ ഒഴിപ്പിച്ചെടുക്കുകയും സെക്യൂരിറ്റി തുകയിൽ അധികരിച്ച കുടിശ്ശികത്തുക റവന്യൂ റിക്കവറി മുഖേന ഈടാക്കിവരികയും ചെയ്യുന്നു.

കൊല്ലം ജില്ലയിലെ നബാർഡ് സഹായ പദ്ധതികൾ

313 (2461) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് സഹായ പദ്ധതികൾ അനുവദിക്കുന്നത് സംബന്ധിച്ച നടപടിക്രമം വ്യക്തമാക്കാമോ?

ധനകാര്യ വകുപ്പാണ് നബാർഡ് പ്രവർത്തനങ്ങളുടെ സംസ്ഥാനത്തെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നത്. ഓരോ ട്രാൻഷെയിലും ധനകാര്യ

വകുപ്പിൽനിന്നും അലോക്കേഷൻ ലഭിക്കുന്ന മുറയ്ക്ക്, തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ, ജില്ലകളിൽനിന്ന് ഗ്രാമം, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ മുഖേന നബാർഡ് മാനദണ്ഡങ്ങൾ പ്രകാരമുള്ള DPR ലഭ്യമാക്കി പരിശോധിക്കുകയും പ്രസ്തുത DPR-കൾ ധനകാര്യ വകുപ്പ് മുഖേന നബാർഡിലേയ്ക്ക് അംഗീകാരത്തിനായി നൽകുകയും ചെയ്യുന്നു. നബാർഡ് അംഗീകരിക്കുന്ന DPR-കൾക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് ടി പ്രവൃത്തികൾ, ഗ്രാമവികസന കമ്മീഷണർ, നിർവ്വഹണ ഏജൻസികൾ മുഖേന നടപ്പിലാക്കുന്നു.

(ബി) സംസ്ഥാനത്ത് ഏതെല്ലാം മേഖലകളിലാണ് നബാർഡ് സഹായ പദ്ധതികൾ നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ?

അഗ്രികൾച്ചർ സെക്ടർ, സാമൂഹിക അടിസ്ഥാന സൗകര്യ വികസനം, റൂറൽ കണക്ടിവിറ്റി എന്നീ മേഖലകളിലാണ് പ്രധാനമായും നബാർഡ് സഹായ പദ്ധതികൾ നിലവിലുള്ളത്.

(സി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൊല്ലം ജില്ലയിൽ അനുവദിച്ച പ്രസ്തുത പദ്ധതികളുടെ വിശദാംശം നൽകുമോ;

(ഡി) നബാർഡ് സഹായ പദ്ധതികളിൽ കൊല്ലം ജില്ലയിൽ പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) അലോക്കേഷൻ ലഭിക്കാത്തതിനാൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പ് കൊല്ലം ജില്ലയിൽ നബാർഡ് പദ്ധതികൾ അനുവദിച്ചിട്ടില്ല. ആയതിനാൽ പരിഗണനയിലുള്ള പദ്ധതികളൊന്നുംതന്നെ ഇല്ല.

ജീവനക്കാരുടെ പുനർവിന്യാസം

314 (2462) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതിനായി ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) പതിനഞ്ചിൽ താഴെ വാർഡുകളും കുറഞ്ഞ ജനസംഖ്യയുമുള്ള പഞ്ചായത്തുകളിലും ഇരുപതിന് മുകളിൽ വാർഡുകളുള്ളതും ജനസംഖ്യ കൂടിയതുമായ ഗ്രാമപഞ്ചായത്തുകളിലും ഒരേ രീതിയിലുള്ള സ്റ്റാഫ് പാറ്റേൺ മൂലമുണ്ടാകുന്ന വിഷമതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

(എ&ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിലെ സ്റ്റേറ്റ്, സബോർഡിനേറ്റ് സർവ്വീസുകളെ സംബന്ധിക്കുന്ന സ്പെഷ്യൽ റൂൾസ് 27-10-2022-ലെ SRO No. യഥാക്രമം 1030, 1031 ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വകുപ്പിനുകീഴിലെ തസ്തികകൾ ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്ന വിഷയം ആവശ്യമെങ്കിൽ പരിശോധിക്കുന്നതാണ്.

(സി) ഇതര വകുപ്പുകളിൽ അധികമുള്ള ജീവനക്കാരുടെ പുനർവിന്യാസ നടപടികൾ തുടരുന്നതിനും അവരെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിയമിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് കൈമാറിയ ഉത്തരവാദിത്വങ്ങളും ചുമതലകളും കാര്യക്ഷമമായി നിർവ്വഹിക്കുന്നതിനായി 19 വകുപ്പുകളിൽനിന്നും 1302 ജീവനക്കാരെ താത്ക്കാലികമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിച്ചുകൊണ്ട് 4-7-2000-ലെ സ.ഉ.(പി) നമ്പർ 187/2000/ ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിരുന്നു. തുടർന്ന് 7-2-2013-ലെ സ.ഉ. (എം.എസ്.) നമ്പർ 51/ 2013/ ത.സ്വ.ഭ.വ. പ്രകാരം 990 ക്ലർക്കുമാരുടെ തസ്തികകൾ ഗ്രാമപഞ്ചായത്തുകളിൽ പുതുതായി സൃഷ്ടിച്ചും അത്രയും തസ്തികകൾ മറ്റ് വകുപ്പുകളിൽ സൂപ്പർന്യൂമററിയായി നിലനിർത്തിക്കൊണ്ടും ഉത്തരവായിരുന്നു. ടി തസ്തികകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തുകയുമുണ്ടായി. അതിൻപ്രകാരവും റവന്യൂ വകുപ്പിലെ പുനർവിന്യാസം അവസാനിപ്പിച്ചതിന്റെയും ജലവിഭവ വകുപ്പിൽ 380 ക്ലറിക്കൽ തസ്തികകൾ സ്ഥിരമായി പുനർവിന്യസിച്ചതിന്റെയും അടിസ്ഥാനത്തിൽ മറ്റു വകുപ്പുകളിൽനിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കേണ്ട ജീവനക്കാരുടെ എണ്ണം പുനഃക്രമീകരിച്ചുകൊണ്ട് 26-9-2019-ലെ സ.ഉ.(സാധാ) നമ്പർ 2082/ 2019/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ജീവനക്കാർ സമർപ്പിക്കുന്ന ഓപ്ഷൻ പ്രകാരം നിലവിലുണ്ടായിരുന്ന ഗ്രാമവികസന വകുപ്പുൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽനിന്നും ക്ലാർക്ക്, സീനിയർ ക്ലാർക്ക് തസ്തികയിലുള്ള ജീവനക്കാരെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിച്ചു വരികയാണ് (പരാമർശിത ഉത്തരവുകൾ അനുബന്ധമായിചേർക്കുന്നു*).

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) അവസാനവർഷ എഞ്ചിനീയറിംഗ്, ഡിപ്ലോമ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ളവർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പും ടെയിനിംഗും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

എല്ലാ ഗ്രാമപഞ്ചായത്തുകളിലും നടന്നുവരുന്ന സർക്കാരിന്റെ ഫ്ലാഗ്ഷിപ് പദ്ധതികളായ ലൈഫ്, തെളിനീരൊഴുകും നവകേരളം, മാലിന്യ സംസ്കരണം, ആർദ്രം, തൊഴിൽ സഭയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ എന്നിവ ഒരു ഗ്രാമപഞ്ചായത്തിന്റെ സ്വഭാവമനുസരിച്ച് ക്രോഡീകരിച്ച് ഏകോപിപ്പിക്കേണ്ട പ്രവർത്തനങ്ങളായതിനാൽ, ഗ്രാമപഞ്ചായത്തുകളെ സഹായിക്കുന്ന രീതിയിൽ കഴിവും പ്രാപ്തിയും അഭിരുചിയുമുള്ള ഇന്റേണുകളെ ഇന്റേൺഷിപ് വ്യവസ്ഥയിൽ നിയമിക്കാൻ പഞ്ചായത്ത് വകുപ്പിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ആനുവൽ പ്ലാൻ പ്രൊപ്പോസലിൽ പ്രതിമാസം 10,000 രൂപ നിരക്കിൽ 941 ഗ്രാമപഞ്ചായത്തുകൾക്കായി ആകെ 11.29 കോടി രൂപ വകയിരുത്തിയിട്ടുള്ളതായി ഡയറക്ടർ എൽ.എസ്.ജി.ഡി. (റൂറൽ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിലവിൽ ASAP മുഖേന Intern Trainee-കളെ നിയമിക്കുന്നുണ്ട്. ഈ വർഷം ASAP-ൽനിന്നും 32 പേരുടെ പട്ടിക ലഭ്യമായതനുസരിച്ച് നിയമനം നൽകിയിട്ടുണ്ട്.

സങ്കേതം സോഫ്റ്റ്വെയർ

315 (2463) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അപേക്ഷകൾ സ്വീകരിക്കുന്നതിന് ഏതെല്ലാം സോഫ്റ്റ്വെയറുകളാണ് ഉപയോഗിച്ചുവരുന്നത്; വിശദാംശം ലഭ്യമാക്കുമോ?

1. ILGMS സോഫ്റ്റ്വെയർ

ഗ്രാമപഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ, മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ ഇൻഫർമേഷൻ കേരള മിഷൻ (ഐ.കെ.എം) വികസിപ്പിച്ച അതിനൂതന സോഫ്റ്റ്വെയറായ Integrated Local Governance Management System (ILGMS) സോഫ്റ്റ്വെയർ സംസ്ഥാനത്തെ 941 ഗ്രാമ പഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്. ILGMS-ന്റെ ഭാഗമായ സിറ്റിസൺ സർവ്വീസ് പോർട്ടൽ മുഖേന പൊതുജനങ്ങൾക്ക് സോഫ്റ്റ്വെയറിൽ രജിസ്റ്റർ ചെയ്തശേഷം അവരുടെ ലോഗിനിലൂടെ പഞ്ചായത്തുകൾ നൽകിവരുന്ന 263 സേവനങ്ങൾക്ക് ഓൺലൈനായി അപേക്ഷ അയയ്ക്കുന്നതിനും ഓൺലൈനായിത്തന്നെ ഫീസ് ഒടുക്കുന്നതിനുമുള്ള സംവിധാനം ലഭ്യമാക്കിയിട്ടുണ്ട്.

2. സങ്കേതം സോഫ്റ്റ്വെയർ

കെട്ടിട നിർമ്മാണ അനുമതിക്കായുള്ള അപേക്ഷകൾ സ്വീകരിക്കുന്നതിന് നഗരസഭകളിൽ IBPMS സോഫ്റ്റ്വെയറും (കോഴിക്കോട് നഗരസഭയിൽ സുവേഗ) പഞ്ചായത്തുകളിൽ 'സങ്കേതം' സോഫ്റ്റ്വെയറും ഉപയോഗിച്ചുവരുന്നു.

3. സുഗമ പോർട്ടൽ

തദ്ദേശസ്ഥാപനങ്ങളിലെ റോഡ് കട്ടിംഗ് അനുവാദത്തിനുള്ള അപേക്ഷകളുടെ കാലതാമസവും പരാതികളും ഒഴിവാക്കുന്നതിലേയ്ക്ക് കേരള സംസ്ഥാന ഐ.റ്റി. മിഷൻ വികസിപ്പിച്ച സുഗമ പോർട്ടൽ വെബ് ആപ്ലിക്കേഷൻ ("Sugama Portal" Web Based Road Cutting & Utility Shifting Solution) ഉപയോഗിക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്.

4. സേവന സിവിൽ രജിസ്ട്രേഷൻ പോർട്ടൽ

ജനന-മരണ-വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട അപേക്ഷകൾ നഗരസഭകളിൽ സ്വീകരിക്കുന്ന പോർട്ടലാണ് സേവന സിവിൽ രജിസ്ട്രേഷൻ പോർട്ടൽ.

5. സേവന പെൻഷൻ പോർട്ടൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകൾ നൽകുന്നതിനുള്ള സംവിധാനം.

6. സഞ്ചയ ലൈസൻസ് പോർട്ടൽ

നഗരസഭകളിൽ ഫാക്ടറികൾക്കും വ്യവസായങ്ങൾക്കും വ്യാപാരത്തിനും സംരംഭങ്ങൾക്കുമുള്ള ലൈസൻസ് അപേക്ഷകൾ സ്വീകരിച്ച് നടപടി സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ്വെയർ.

(ബി) ഐ.ബി.എം.എസ്. സോഫ്റ്റ്വെയർ അതിസങ്കീർണ്ണമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമൂലമുള്ള ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് പ്രസ്തുത സോഫ്റ്റ്വെയർ ലളിതമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

സംസ്ഥാനത്തെ നഗരസഭകളിൽ കെട്ടിട നിർമ്മാണ അപേക്ഷകൾ സുതാര്യവും സമയബന്ധിതവുമായി കൈകാര്യം ചെയ്യുന്നതിന് നടപ്പാക്കിയ പദ്ധതിയാണ് Intelligent Building Plan Management System (IBPMS). ഐ.ബി.പി.എം.എസ്. ഒരു നൂതന കെട്ടിട നിർമ്മാണ പ്ലാൻ പരിശോധന - അവലോകന സംവിധാനമാണ്. ഉപയോക്താക്കൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ചർച്ചകൾ/യോഗങ്ങൾ എന്നിവ നടത്തുകയും പ്രശ്നങ്ങൾ സമയബന്ധിതമായി പരിഹരിക്കുകയും ചെയ്യുവരുന്നു.

(സി) 'സങ്കേതം' സോഫ്റ്റ്വെയറിൽ ഒരു കെട്ടിടത്തിൽ നിരവധി ഉപയോഗങ്ങൾ വന്നാൽ അവയുടെ വിസ്തീർണ്ണം പ്രത്യേകം നൽകുന്നതിൽ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) മാസ്റ്റർപ്ലാൻ, ഡി.റ്റി.പി. സ്കീം എന്നിവ ഓൺലൈൻ ആക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ അംഗീകരിച്ചിട്ടുള്ളതും പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ മാസ്റ്റർ പ്ലാനുകളും ഡി.റ്റി.പി. സ്കീമുകളും LSGD പ്ലാനിംഗിന്റെ വെബ്സൈറ്റിൽ (www.townplanning.kerala.gov.in) ലഭ്യമാണ്. GIS പ്ലാറ്റ്ഫോമിൽ തയ്യാറാക്കുന്ന മാസ്റ്റർപ്ലാനുകളും ഡി.റ്റി.പി. സ്കീമുകളും മാത്രമേ ഓൺലൈൻ കെട്ടിട നിർമ്മാണ അപേക്ഷകളുടെ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളൂ. നിലവിലുള്ള ഡി.റ്റി.പി. സ്കീമുകളും ഭൂരിഭാഗം മാസ്റ്റർ പ്ലാനുകളും GIS പ്ലാറ്റ്ഫോമിൽ തയ്യാറാക്കിയിട്ടുള്ളതല്ല. ആയതിനാൽ അവയിലെ വ്യവസ്ഥകൾ ഓൺലൈൻ കെട്ടിട നിർമ്മാണ അപേക്ഷകളുടെ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്താൻ നിലവിൽ സാങ്കേതിക ബുദ്ധിമുട്ടുണ്ട്. പുതുതായി തയ്യാറാക്കുന്ന മാസ്റ്റർപ്ലാനുകളും ഡി.റ്റി.പി. സ്കീമുകളും GIS പ്ലാറ്റ്ഫോമിൽ തയ്യാറാക്കി ഓൺലൈൻ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് കെട്ടിട നിർമ്മാണ അപേക്ഷകളുടെ സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തുന്നതാണ്.

(ഇ) സോഫ്റ്റ്വെയറുകളുടെ ഏകീകരണം സംബന്ധിച്ച് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ നാളിതുവരെ ഇത് നടപ്പാക്കാത്തതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് എന്ന് പൂർത്തിയാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉണ്ട്. പ്രവർത്തനങ്ങൾ നടന്നുവരുന്നു.

ഗ്രാമപഞ്ചായത്തുകളിലെ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക

316 (2464) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്ത എത്ര ഗ്രാമപഞ്ചായത്തുകൾ നിലവിലുണ്ട്; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് 76 ഗ്രാമ പഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലില്ല. പ്രസ്തുത ഗ്രാമപഞ്ചായത്തുകളുടെ വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറിമാരുടെ ചുമതലകളും പ്രവർത്തനങ്ങളും ആരാണ് നിലവിൽ നിർവ്വഹിച്ചുവരുന്നത്?

അസിസ്റ്റന്റ് സെക്രട്ടറി നിലവിലില്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് ആണ് പ്രസ്തുത ചുമതലകളും പ്രവർത്തനങ്ങളും നിർവ്വഹിക്കുന്നത്.

(സി) അസിസ്റ്റന്റ് സെക്രട്ടറിമാരുടെ സേവനം ലഭിക്കാതെ പോകുന്നത് പ്രസ്തുത പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ എപ്രകാരമാണ് ബാധിക്കുന്നതെന്ന കാര്യം വ്യക്തമാക്കാമോ?

അസിസ്റ്റന്റ് സെക്രട്ടറി ഇല്ലാത്തത്, ഗ്രാമപഞ്ചായത്തുകളുടെ ഭരണ നിർവ്വഹണ പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലുള്ള ഗ്രാമപഞ്ചായത്തുകളിലെ പദ്ധതി നിർവ്വഹണവും ഭരണപരമായ കാര്യനിർവ്വഹണവും മറ്റ് പൊതുസേവനങ്ങൾ നൽകുന്നതിലും അസിസ്റ്റന്റ് സെക്രട്ടറി തസ്തിക ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ മികച്ചതാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) പ്രസ്തുത തസ്തിക ഇല്ലാത്ത ഗ്രാമപഞ്ചായത്തുകളിൽ ആയത് സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഫയൽ സർക്കാർ പരിഗണനയിലുണ്ടോ; അതിന്റെ വിശദാംശം അറിയിക്കാമോ;

(ഇ) ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽക്കൂടി അസിസ്റ്റന്റ് സെക്രട്ടറിമാരുടെ തസ്തികകൾ അനുവദിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

(ഡി&ഇ) ഉണ്ട്. അസിസ്റ്റന്റ് സെക്രട്ടറി തസ്തിക സൃഷ്ടിക്കുന്നതുവഴി ശമ്പളയിനത്തിൽ പഞ്ചായത്തുകൾക്കുണ്ടാകുന്ന അധികബാധ്യത ഒഴിവാക്കുന്നതിന് Mahathma Gandhi NREGS Delay payment rules-ൽ first signatory ആയി നിശ്ചയിക്കപ്പെട്ട അസിസ്റ്റന്റ് സെക്രട്ടറി തസ്തികയുടെ സാമ്പത്തിക ബാധ്യത ടി പദ്ധതിയുടെ 6% ഭരണ ചെലവിൽനിന്ന് വകയിരുത്തുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചിരുന്നു.

സംസ്ഥാനത്ത് ഗ്രാമപഞ്ചായത്തുകളിൽ തൊഴിലുറപ്പ് പദ്ധതിയുടെ ചുമതല വഹിക്കുന്നതോടൊപ്പം ഗ്രാമപഞ്ചായത്തിന്റെ മറ്റ് ചുമതലകൾകൂടി അസിസ്റ്റന്റ് സെക്രട്ടറിമാർ നിർവ്വഹിച്ചുവരുന്നുണ്ടെന്നും പൂർണ്ണമായും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ചുമതലകൾ നിർവ്വഹിക്കുന്ന ജീവനക്കാർക്കാണ് പദ്ധതി ഫണ്ടിൽനിന്നും തുക വിനിയോഗിച്ച് ശമ്പളം നൽകി

വരുന്നതെന്നും കൂടാതെ, സ്ഥിരം ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും തൊഴിലുറപ്പ് പദ്ധതിയുടെ ഭരണച്ചെലവിൽനിന്നും വഹിക്കുന്നതിനെതിരെ നിലവിൽ കേന്ദ്ര സർക്കാർ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശമുള്ളതും ഇത്തരത്തിൽ വേതനം നൽകുന്നത് പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണെന്ന് അറിയിച്ചിട്ടുള്ളതാണെന്നും മിഷൻ ഡയറക്ടർ അറിയിച്ചതിനെത്തുടർന്ന് മേൽ വിഷയത്തിന്മേൽ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിരിക്കുകയാണ്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള സർക്കാർ വിഹിതം

317 (2465) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നൽകിവരുന്ന വിഹിതത്തിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ഫണ്ട് വിഹിതം സംസ്ഥാന നികുതി വരുമാനത്തിന്റെ 6 ശതമാനമായിരുന്നത് 6.5 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. വികസന ഫണ്ട് വിഹിതം സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 26 ശതമാനമായിരുന്നത് 26.5 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട് വിഹിതം ₹ 7180 കോടി രൂപയായിരുന്നു. ഈ വർഷം ആയത് ₹ 8048 കോടി രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിഹിതം വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിവരുന്ന ഉപാധിരഹിത ഫണ്ട് (untied fund) ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശ പ്രകാരം 2021-22 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ജനറൽ പർപ്പസ് ഫണ്ട് സംസ്ഥാന തനത് നികുതി വരുമാനത്തിന്റെ 3.5 ശതമാനത്തിൽനിന്നും 4.0 ശതമാനമായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) പ്ലാൻ ഫണ്ട് നൽകുമ്പോൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പാലിക്കേണ്ട മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ?

പതിനാലാം പഞ്ചവത്സര പദ്ധതി കാലയളവിൽ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി രൂപീകരണം സംബന്ധിച്ചും പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി നൽകാവുന്ന സബ്സിഡി/ധനസഹായം സംബന്ധിച്ചും 19-4-2022-ലെ സ.ഉ.(കൈ) നമ്പർ 84/2022/ത.സ്വ.ഭ.വ., 19-4-2022-ലെ സ.ഉ.(കൈ) നമ്പർ 86/2022/ത.സ്വ.ഭ.വ.., 28-5-2022-ലെ സ.ഉ.(കൈ)115/2022/ത.സ്വ.ഭ.വ. എന്നിവ പ്രകാരം പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഡി.പി.സി.-ക്ക് നൽകുന്ന പദ്ധതികൾക്ക് അംഗീകാരം ലഭിക്കാൻ കാലതാമസം വരുന്നതിനാൽ, പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കാതെ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം ലഭ്യമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കി സമർപ്പിക്കുന്ന പദ്ധതികൾക്ക് കാലതാമസം കൂടാതെതന്നെ ജില്ലാ ആസൂത്രണ സമിതികൾ അംഗീകാരം നൽകിവരുന്നുണ്ട്. പ്രോജക്ടുകൾക്ക് വെറ്റിംഗ് അംഗീകാരം നൽകേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേലുദ്യോഗസ്ഥരാണ്. സമയബന്ധിതമായി ഈ പ്രക്രിയ പൂർത്തിയാക്കുന്നുവെന്ന് ഉറപ്പാക്കുന്നതിന് ബ്ലോക്കുതലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും അവലോകന യോഗങ്ങൾ ചേരുന്നുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിലുള്ള അവലോകന യോഗങ്ങളും നടത്തിയിട്ടുണ്ട്.

ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ കുഴൽക്കിണർ നിർമ്മാണം

318 (2466) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് കുണ്ടറ നിയോജകമണ്ഡലത്തിലെ ആലുംമൂട് വാർഡിലെ കുറ്റിമുക്കിൽ കുഴൽക്കിണർ നിർമ്മാണം നടത്തുന്നതിനായി ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റിൽനിന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം കത്ത് നൽകിയിരുന്നോയെന്ന് അറിയിക്കാമോ; എങ്കിൽ പ്രസ്തുത കത്ത് കൈപ്പറ്റിയ തീയതിയും അതിന്മേൽ തീരുമാനമെടുത്തിട്ടുള്ള തീയതിയും കമ്മിറ്റി തീരുമാനവും വ്യക്തമാക്കാമോ?

16-3-2022-ൽ പഞ്ചായത്തിൽ കത്ത് കൈപ്പറ്റിയിട്ടുണ്ട്. ഭൂജല വകുപ്പ്, കൊല്ലം ജില്ലാ ഓഫീസറുടെ കാര്യാലയത്തിൽനിന്നും ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിലെ ആലുംമൂട് പതിനഞ്ചാം വാർഡിലെ കുറ്റിമുക്കിൽ കുഴൽക്കിണർ നിർമ്മാണം നടത്തുന്നതിനായി കമ്മിറ്റി തീരുമാനം ആവശ്യപ്പെട്ട് സമർപ്പിച്ച കത്തിന്മേൽ 30-3-2022-ലെ പഞ്ചായത്ത് കമ്മിറ്റി 8(1) നമ്പരായി തീരുമാനമെടുത്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത കത്തിന്മേൽ തീരുമാനം നൽകാൻ വൈകിയിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കാമോ?

കമ്മിറ്റി തീരുമാനം നൽകാൻ വൈകിയിട്ടില്ല.

(സി) ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിന് അതത് വാർഡുതല ഗുണഭോക്തൃ സമിതി കൂടണമെന്ന സർക്കാർ നിർദ്ദേശമോ/ഉത്തരവുകളോ ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

ഉണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കൽ, സബ്സിഡി, ധനസഹായം, അനുബന്ധ വിഷയങ്ങൾ എന്നിവ സംബന്ധിച്ച മാർഗ്ഗരേഖ 28-5-2022-ലെ സ.ഉ (കൈ) നമ്പർ 115/2022/ത.സ്വ.ഭ.വ. പ്രകാരം ഖണ്ഡിക നമ്പർ 6.6 - കുടിവെള്ളം - ക്രമ നമ്പർ 7-ൽ നാലാമതായി താഴെപ്പറയുന്ന കാര്യങ്ങൾ പരാമർശിച്ചിരിക്കുന്നു.

കുടിവെള്ള പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ അതിലൂടെ പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തിയുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതാണ്. നിർമ്മാണം പൂർത്തിയാക്കിയശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയുടെ ചുമതലയും ഗുണഭോക്തൃ ഗ്രൂപ്പുതന്നെ ഏറ്റെടുക്കേണ്ടതാണ്. അങ്ങനെ ഏറ്റെടുക്കുന്ന പ്രവൃത്തികൾ കരാറിൽ ഏർപ്പെട്ട ശേഷമേ നിർവ്വഹണം ആരംഭിക്കാൻ പാടുള്ളൂ.

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സേവനങ്ങൾ

319 (2467) ശ്രീ. പി. ഉബൈദുള്ള:

ശ്രീ. പി. അബ്ദുൽ ഹമീദ്:

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് മുൻകാലങ്ങളിൽ ലഭിക്കാതിരുന്ന ഏതൊക്കെ സേവനങ്ങളാണ് ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് രൂപീകൃതമായതിനുശേഷം ലഭിക്കുന്നതെന്നും ഇതിൽ ഏതൊക്ക സേവനങ്ങളുടെ കാലയളവാണ് വേഗത്തിലായതെന്നുമുള്ള വിശദാംശം നൽകുമോ?

വിവര സാങ്കേതികവിദ്യയുടെയും ഇ-ഗവേണൻസിന്റെയും സാധ്യതകൾ പൂർണ്ണമായും പ്രയോജനപ്പെടുത്തി എല്ലാ ഓഫീസുകളിലും ഇ-ഫയലിംഗ് സംവിധാനമൊരുക്കുന്നതിനും അതിവേഗ ഫയൽ സഞ്ചാരം ഉറപ്പുവരുത്തി പൊതുജനങ്ങളുടെ ആവശ്യങ്ങൾക്ക് ദ്രുതഗതിയിൽ പരിഹാരമുണ്ടാക്കുന്നതിനുമാണ് ഏകീകരണത്തിലൂടെ ലക്ഷ്യമിടുന്നത്. അതുപോലെ ആധുനിക സാങ്കേതികവിദ്യയുടെ പിൻബലത്തിൽ ഓൺലൈൻ സേവനങ്ങൾ ഉപയോഗപ്പെടുത്തി സമയലാഭത്തെക്കുറിച്ചുള്ള അറിവ് ജനങ്ങളിൽ എത്തിക്കുന്നതുവഴി ഓഫീസുകളിലെ തിരക്ക് കുറയ്ക്കുവാനും സേവനങ്ങൾ അതിവേഗം പ്രദാനം ചെയ്യുന്നതിനും കഴിയുന്ന രീതിയിൽ ഓഫീസുകളെ മാറ്റുന്നതിനും സാധിക്കും.

ഇലക്ട്രോണിക് സാങ്കേതികവിദ്യയുടെ സഹായത്തോടെ ഓഫീസുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കുന്നതിനും അതിനുള്ള നേതൃത്വം നൽകുന്നതിനും പുതിയ സംവിധാനം ലക്ഷ്യമിടുന്നു. ഓഫീസുകളിലെ ഫയൽ സഞ്ചാരത്തിൽ തട്ടുകളുടെ എണ്ണം സാധാരണ നിലയിൽ മൂന്നായും കൂടുതൽ പരിശോധന ആവശ്യമുള്ള വിഷയങ്ങളിൽ മാത്രം നാല് തട്ടായും നിജപ്പെടുത്തുക വഴി ഫയലുകളിൽ വേഗത്തിൽ തീരുമാനമുണ്ടാകുന്നതിനും സേവനപ്രദാനത്തിന്റെ വേഗത വർദ്ധിപ്പിക്കുന്നതിനും സാധിക്കും. ഓഫീസുകളിൽനിന്നും വിശിഷ്യാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭിക്കാൻ കാലതാമസം നേരിടുന്നുവെന്ന പരാതിക്ക് പരിഹാരം കാണുന്നതിനും ഓഫീസുകൾക്ക് ജനപക്ഷമുഖം നൽകുന്നതിനും ഏകീകരണം വഴി സാധ്യമാകും. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ലഭ്യമാകുന്ന സേവനങ്ങൾക്കും സാക്ഷ്യപത്രങ്ങൾക്കും ഒരേ രീതിയിലുള്ള ഫോമുകളും രേഖകളും മാത്രം ഉപയോഗിക്കുന്ന രീതി അവലംബിക്കാനും അതുവഴി ഫയൽ നീക്കം വേഗത്തിലാക്കാനും സാധിക്കുന്നതാണ്.

(ബി) പ്രസ്തുത വകുപ്പ് രൂപീകൃതമാകുന്നതിനുമുമ്പ് പൊതുജനങ്ങൾക്ക് നൽകിവന്നിരുന്ന ഏതൊക്കെ സേവനങ്ങളിലാണ് കാലതാമസമുണ്ടായിരുന്നത്; വിശദാംശം നൽകുമോ?

എല്ലാ സേവനങ്ങളും പൊതുജനങ്ങൾക്ക് യഥാസമയം ലഭ്യമാക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. അഞ്ചു വകുപ്പുകൾ വ്യത്യസ്തമായി പ്രവർത്തിച്ചിരുന്ന കാലയളവിൽ വിവിധ തട്ടുകളിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും ഭരണപരമായ മേൽനോട്ടം വിവിധ വകുപ്പുകൾക്കായിരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ അത്യന്താപേക്ഷിതമായി ഉണ്ടാകേണ്ട ഏകോപനം ഇല്ലാത്തതിനാൽ ചില സേവനപ്രദാന പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് കാലതാമസമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത വകുപ്പിനോട് സംയോജിപ്പിച്ച അഞ്ച് വകുപ്പുകൾ സ്വതന്ത്രമായി പ്രവർത്തിച്ചിരുന്ന സമയത്ത് പൊതുജനങ്ങൾക്ക് സമയബന്ധിതമായി ലഭിക്കേണ്ട ഏതൊക്കെ സേവനങ്ങളാണ് നിലവിൽ സമയബന്ധിതമായി ലഭിക്കാതിരിക്കുന്നത്; വിശദാംശം നൽകുമോ?

പൊതുജനങ്ങൾക്ക് ലഭിക്കേണ്ട എല്ലാ സേവനങ്ങളും സമയബന്ധിതമായി നൽകിവരുന്നുണ്ട്. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് പ്രവർത്തിച്ചു തുടങ്ങിയിട്ടേയുള്ളുവെന്നതിനാൽ സമ്പൂർണ്ണ വിലയിരുത്തൽ നടത്താൻ സാധിക്കുന്ന വിധത്തിൽ ഉദ്യോഗസ്ഥ സംവിധാനം പൂർണ്ണമായും നിലവിൽ വന്നിട്ടില്ല.

കോഴിക്കോട് ജില്ലയിൽ ലൈഫ് പദ്ധതി

320 (2468) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ലൈഫ് പദ്ധതിയുടെ ഭാഗമായി ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്നതിന് അനുമതിയാകുകയും പ്രവൃത്തി ഉദ്ഘാടനം നടത്തുകയും ചെയ്ത സ്ഥലങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

നിർമ്മാണ ഉദ്ഘാടനം നിർവ്വഹിച്ച ഭവന സമുച്ചയങ്ങൾ: -

1. കോട്ടക്കുന്ന് (ചാത്തമംഗലം ഗ്രാമപഞ്ചായത്ത്)

2. മന്ദൻകാവ് (നടുവന്നൂർ ഗ്രാമപഞ്ചായത്ത്)

3. പൊൻപാറക്കുന്ന് (മാവൂർ ഗ്രാമപഞ്ചായത്ത്)

4. ഏലോക്കര (പുതുപ്പാടി ഗ്രാമപഞ്ചായത്ത്)

(ബി) ഇവയിൽ നാളിതുവരെ പ്രവൃത്തി ആരംഭിക്കാത്ത ഏതെല്ലാം പദ്ധതികളാണുള്ളത്; പ്രവൃത്തി ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ?

മാവൂർ, പുതുപ്പാടി എന്നീ ഗ്രാമപഞ്ചായത്തുകളിലെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല. ടി രണ്ട് സ്ഥലങ്ങളും തുടർന്നുള്ള പരിശോധനകളിൽ ഭവനസമുച്ചയ നിർമ്മാണത്തിന് അനുയോജ്യമല്ലെന്ന് കണ്ടെത്തിയതിനാൽ നിർമ്മാണ പ്രവൃത്തി ആരംഭിച്ചിട്ടില്ല.

(സി) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ കോട്ടക്കുന്ന്, മാവൂർ ഗ്രാമപഞ്ചായത്തിലെ പൊൻപാറക്കുന്ന് എന്നിവിടങ്ങളിലുള്ള ഭവന പദ്ധതി പ്രവൃത്തികളുടെ സ്റ്റാറ്റസ് വിശദമാക്കാമോ?

ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ എൽ.ജി.എസ്.എഫ്. ടെക്നോളജി ഉപയോഗിച്ച് നിർമ്മിക്കുന്ന ഭവനസമുച്ചയം നിർമ്മാണ പ്രവൃത്തിയുടെ 30% പൂർത്തിയാക്കിയിട്ടുണ്ട്. മാവൂർ ഗ്രാമപഞ്ചായത്തിലെ പൊൻപാറക്കുന്ന് എന്ന സ്ഥലത്ത് ലഭ്യമായ ഭൂമി നിർമ്മാണത്തിന് അനുയോജ്യമല്ലാത്തതിനാൽ ഭവനസമുച്ചയ നിർമ്മാണം ആരംഭിച്ചിട്ടില്ല. മാവൂരിലെ ഭൂമി പൊതുമരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. പ്രസ്തുത ഭൂമി നിർമ്മാണത്തിന് അനുയോജ്യമല്ലാത്തതിനാൽ, അനുയോജ്യമായ ഭൂമി ലഭ്യമാക്കുന്നതിനായി പൊതുമരാമത്ത് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

തദ്ദേശസ്വയംഭരണ പൊതുസർവ്വീസ്

321 (2469) ശ്രീ. മാണി സി. കാപ്പൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ പൊതുസർവ്വീസിന്റെ ഭാഗമായി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ നിയമനാധികാരം കരട് വിജ്ഞാപനത്തിൽനിന്ന് വിഭിന്നമായി, ചീഫ് എഞ്ചിനീയറിൽനിന്നും പ്രോജക്ട് ഡയറക്ടർക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും സ്പെഷ്യൽ റൂൾ പ്രകാരം എഞ്ചിനീയറിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ മുതൽ ചീഫ് എഞ്ചിനീയർ വരെയുള്ള എല്ലാ തസ്തികകളുടെയും നിയമനാധികാരി സർക്കാരും അസിസ്റ്റന്റ് എഞ്ചിനീയർ വരെയുള്ള എല്ലാ തസ്തികകളുടെയും നിയമനാധികാരി പ്രിൻസിപ്പൽ ഡയറക്ടറുമാണ്.

(ബി) പൊതുസർവ്വീസ് രൂപീകരിക്കപ്പെടുമ്പോൾ ചീഫ് എഞ്ചിനീയർക്ക് മറ്റ് ഉദ്യോഗസ്ഥരിലുള്ള നിയന്ത്രണം നഷ്ടമാകുന്നതോടെ, വിവിധ പ്രവൃത്തികളുടെ നടത്തിപ്പിനെ ഇത് സാരമായി ബാധിക്കുമോ; വിശദമാക്കാമോ?

പൊതുസർവ്വീസിന്റെ ഭാഗമായി വകുപ്പ് തലവന്മാരുടെയോ ഉദ്യോഗസ്ഥരുടെയോ ചുമതലകളൊന്നും നഷ്ടമാകുന്നില്ല. അതുകൊണ്ടുതന്നെ വിവിധ പ്രവൃത്തികളുടെ നടത്തിപ്പിനെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതിന്റെ ഭാഗമായി രൂപീകൃതമായ ഇന്റേണൽ വിജിലൻസ് വിംഗിൽ എഞ്ചിനീയറിംഗ് വിംഗിന് പ്രാധാന്യം നൽകിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ ഇന്റേണൽ വിജിലൻസ് വിഭാഗത്തിന്റെ രൂപീകരണം അന്തിമമായിട്ടില്ല.

(ഡി) പ്രസ്തുത സർവ്വീസിലുള്ള ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിലേയ്ക്ക് തദ്ദേശസ്വയംഭരണ ജീവനക്കാർക്ക് പ്രൊമോഷൻ ട്രാൻസ്ഫർ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് വിശേഷാൽ ചട്ടങ്ങൾ പ്രകാരം അസിസ്റ്റന്റ് ടൗൺ പ്ലാനർ തസ്തികയിലേയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പ് സബോർഡിനേറ്റ് സർവ്വീസ് ഗ്രൂപ്പ് IV കാറ്റഗറി I-ലെ ജീവനക്കാർക്ക് ട്രാൻസ്ഫർ നിയമനം നിർദ്ദേശിച്ചിട്ടുണ്ട്.

കേരള ചിക്കൻ

322(2470) ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ചിക്കൻ ഫ്രാഞ്ചൈസികളുടെ നിലനിൽപ്പിന് പ്രതിസന്ധികൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത കേരള ചിക്കൻ വിൽപ്പനശാലകൾ നിലനിൽക്കുന്നതിനാവശ്യമായ മിനിമം കമ്മീഷൻ അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

കുടുംബശ്രീ ബ്രോയിലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ഡയറക്ടർ ബോർഡ് തീരുമാനപ്രകാരം 1 കിലോ ഇറച്ചിക്കോഴിയ്ക്ക് 14 രൂപ മാർജിൻ ഔട്ട്ലെറ്റ് ഗുണഭോക്താക്കൾക്ക് നൽകുന്നുണ്ട്.

ദിവസവേതന - കരാർ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാനും നികുതി നഷ്ടം ഒഴിവാക്കാനും നടപടി

323 (2471) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകൾ, തദ്ദേശസ്ഥാപനങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ക്ഷേമനിധി ബോർഡുകൾ, കോർപ്പറേഷനുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ ദിവസവേതന കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204 പ്രകാരം ഒരു അർദ്ധവർഷത്തിൽ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ അഥവാ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിന് വെളിയിലോ ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ അഥവാ ആകെക്കൂടി 60 ദിവസത്തിൽ കുറയാതെ ആ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽമുടക്കുകളിൽനിന്ന് എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളുടെയുംമേൽ തൊഴിൽ നികുതി ചുമത്തേണ്ടതാകുന്നു എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം അർദ്ധ വാർഷിക വരുമാനം 12,000 രൂപ മുതലുള്ളവർ തൊഴിൽ നികുതി ഒടുക്കേണ്ടതായിട്ടുണ്ടെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

മേൽ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തുകൾ തൊഴിൽ നികുതി ഈടാക്കിവരുന്നത്. ആയതിനാൽ ദിവസവേതന കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ഒരു വ്യക്തി ഒരു ഓഫീസിൽ ഒരു അർദ്ധ വർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ജോലി ചെയ്യുകയും അയാളുടെ അർദ്ധ വാർഷിക വരുമാനം 12,000 രൂപയിൽ അധികരിക്കുകയും ചെയ്യുകയാണെങ്കിൽ ആ അർദ്ധ വർഷത്തേയ്ക്ക് തൊഴിൽ നികുതി നൽകാൻ ബാധ്യസ്ഥനാണ്.

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245(1) (ബി) (എ) (i) പ്രകാരം മുനിസിപ്പൽ പരിധിയിൽ അറുപതു ദിവസത്തിൽ കുറയാതെ ഒരു തൊഴിലോ, ജോലിയോ, പൊതുവോ, സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളും തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. 2005-ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 3 (1) ചേർത്തിട്ടുള്ള പട്ടികയിൽ പ്രതിപാദിച്ചിട്ടുള്ള തൊഴിൽ നികുതി നിരക്ക് അനുസരിച്ച് ദിവസവേതന കരാർ വ്യവസ്ഥയിൽ ജോലി ചെയ്യുന്ന ജീവനക്കാർ ഉൾപ്പെടെയുള്ളവർ തൊഴിൽ നികുതി ഒടുക്കേണ്ടതാണ്. പ്രസ്തുത ജീവനക്കാർക്ക് ശമ്പളം നൽകുന്ന ഓഫീസ് അധികാരിയുടെ ഉത്തരവാദിത്വമാണ് ടിയാന്മാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അടയ്ക്കുകയെന്നത്. ഇത്തരത്തിൽ ഒടുക്കു വരുത്തിയിട്ടില്ലെങ്കിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(ബി) ഇല്ലെങ്കിൽ പ്രസ്തുത ജീവനക്കാരിൽനിന്നും തൊഴിൽ നികുതി കർശനമായി ഈടാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മേൽപ്പറഞ്ഞപ്രകാരം തൊഴിൽ നികുതി പിരിക്കുന്നതിൽ വീഴ്ച വരുത്തുന്നത് ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ അസസ്സ്മെന്റ് രജിസ്റ്ററിൽ നിന്നും വിട്ടുപോയ കെട്ടിടങ്ങളെ ഉൾപ്പെടുത്തുന്നതിന് സോഫ്റ്റ്വെയറിൽ മാറ്റം വരുത്തി നികുതി നഷ്ടം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ?

ഗ്രാമപഞ്ചായത്ത് അറിയിക്കുന്ന മുറയ്ക്ക് അസസ്സ്മെന്റ് രജിസ്റ്ററിൽനിന്നും വിട്ടുപോയ കെട്ടിടങ്ങളെ ഉൾപ്പെടുത്തുന്നതിന് 'സഞ്ചയ' സോഫ്റ്റ്വെയറിൽ ആവശ്യമായ ക്രമീകരണങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ ഏർപ്പെടുത്തി നൽകിവരുന്നു. അസസ്സ്മെന്റ് രജിസ്റ്ററിൽനിന്നും വിട്ടുപോയ കെട്ടിടങ്ങളെ കണ്ടെത്തി ആയത് കാലികമാക്കി നികുതി നഷ്ടം ഒഴിവാക്കുന്നതിനുള്ള നടപടികൾ നഗരസഭകളിലും സ്വീകരിച്ചുവരുന്നുണ്ട്.

ലൈഫ് ഭവന പദ്ധതി - രണ്ടാംഘട്ടം

324 (2472) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ നടപ്പാക്കാനുദ്ദേശിക്കുന്ന ലൈഫ് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ എത്ര വീടുകൾ നിർമ്മിക്കാനാണ് ലക്ഷ്യമിടുന്നത്; ആയതിന്റെ പഞ്ചായത്തുതല നടപടികൾ ഏത് ഘട്ടംവരെയായെന്ന് വ്യക്തമാക്കാമോ?

ഒരു വർഷം ഒരു ലക്ഷം വീടെന്ന കണക്കിൽ 5 വർഷം കൊണ്ട് 5 ലക്ഷം വീടുകൾ നിർമ്മിച്ചുനൽകാനാണ് രണ്ടാം ഘട്ടത്തിൽ ലക്ഷ്യമിട്ടിട്ടുള്ളത്. സർക്കാരിന്റെ 15-11-2022-ലെ സ.ഉ. (സാധാ) നമ്പർ 2806/2022 ത.സ്വ.ഭ.വ. പ്രകാരം 2018-ലും 2022-ലും വായ്പകൾ അനുവദിക്കുന്നതിനായി ലൈഫ് മിഷൻ കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് കൈമാറിയിട്ടുള്ള ഗുണഭോക്തൃ പട്ടികകളിലെ ഫണ്ട് അഭ്യർത്ഥന നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്കുപകരം, ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി, പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളെയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരെയും ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സർക്കാരിന്റെ 15-11-2022-ലെ സ.ഉ. (സാധാ) 2807/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം 2017-ൽ തയ്യാറാക്കിയ ഗുണഭോക്തൃപട്ടികയിലും 2019-ലെ അഡീഷണൽ പട്ടികയിലും ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതർക്ക് പൂർണ്ണമായും ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തെ ത്രിതല പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽനിന്നും ഭവനനിർമ്മാണത്തിനായുള്ള പദ്ധതി ഏറ്റെടുക്കുന്നതിനും ലൈഫ് ഭൂരഹിത പട്ടികയിലെ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി ഏറ്റെടുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ എത്ര വീടുകളാണ് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; ആയതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെയും അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വീട് ആവശ്യമുള്ള ഗുണഭോക്താക്കളുടെയും ഭവനനിർമ്മാണം ആരംഭിക്കുന്നതിന് 15-11-2022-ലെ സ.ഉ. (സാധാ) നമ്പർ 2806/2022/ത.സ്വ.ഭ.വ. പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം

നൽകിയിട്ടുണ്ട്. ഇതിൽ ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 2018-ലും 2022-ലും ലൈഫ് പദ്ധതിക്കായി ഹഡ്കോയിൽനിന്നും കെ.യു.ആർ.ഡി.എഫ്.സി. മുഖേന വായ്പയെടുക്കുന്നതിനായി നിശ്ചയിച്ചിട്ടുള്ള ഗുണഭോക്താക്കളിൽ ഹഡ്കോ വായ്പ വിഹിതം ഫണ്ട് അഭ്യർത്ഥന നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്കുപകരം അതിദരിദ്രരുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള വീട് ആവശ്യമുള്ള ഗുണഭോക്താക്കളെയും ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് ഗുണഭോക്താക്കളെയും ഉൾപ്പെടുത്തി ഭവനനിർമ്മാണാനുകൂല്യം നൽകുന്നതിനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഗുണഭോക്താക്കളുടെ എണ്ണം നിശ്ചയിച്ച് നൽകിയിട്ടില്ല.

(സി) പ്രസ്തുത പദ്ധതിയിലേയ്ക്ക് കടുത്തുരുത്തി നിയോജകമണ്ഡലത്തിൽ എത്ര അപേക്ഷകൾ ലഭിച്ചുവെന്നതിന്റെ കണക്ക് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ; ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിനുവേണ്ട മാർഗ്ഗരേഖ വിശദമാക്കാമോ; ലഭ്യമായ അപേക്ഷയിൽ എത്രയെണ്ണം നിരസിച്ചുവെന്ന് പഞ്ചായത്തുതലത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

ലൈഫ് പദ്ധതിപ്രകാരം 2020-ൽ ഓൺലൈനായി അപേക്ഷ സ്വീകരിച്ചപ്പോൾ പ്രസ്തുത മണ്ഡലത്തിൽ ലഭ്യമായ അപേക്ഷയുടെയും ഇതിൽ നിരസിക്കപ്പെട്ടവയുടെയും പഞ്ചായത്തുതിരിച്ചുള്ള വിവരം അനുബന്ധമായി* ചേർക്കുന്നു.

27-7-2020-ലെ സ.ഉ. (കൈ) നമ്പർ 112/2020/ത.സ്വ.ഭ.വ. ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള അർഹതാ മാനദണ്ഡങ്ങളുടെയും ക്ലേശഘടകങ്ങളുടെയും അടിസ്ഥാനത്തിലാണ് അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുള്ളത്.

അർഹതാ മാനദണ്ഡങ്ങൾ

1. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. ആ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാൾക്കുപോലും ഭവനമില്ലാത്തവരുമാകണം (പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യത്തൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

2. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്ഥിര ജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽനിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

3. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

4. ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികജാതി/പട്ടികവർഗ്ഗ/ മത്സ്യത്തൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

5. ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാലുചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

6. അവകാശികൾക്ക് വസ്തു ഭാഗംചെയ്ത സാഹചര്യത്തിൽ സ്വന്തംപേരിൽ സാങ്കേതികമായി ഭൂമിയില്ലെന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

ഭൂരഹിത ഭവനരഹിതർ

മുകളിലെ മാനദണ്ഡങ്ങളോടൊപ്പം താഴെപ്പറയുന്ന മാനദണ്ഡംകൂടി പരിഗണിക്കണം.

സ്വന്തമായി ഭൂമിയില്ലാത്തവർ/റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിലുംകൂടി 3 സെന്റിൽ കുറവ് ഭൂമിയുള്ളവർ.

ക്ലേശ ഘടകങ്ങൾ

1. മാനസിക വെല്ലുവിളികൾ നേരിടുന്നവരോ/അന്ധരോ ശാരീരികത്തളർച്ച ബാധിച്ചവരോ ആയ കുടുംബാംഗങ്ങളുള്ള കുടുംബങ്ങൾ

2. അഗതി /ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾ

3. 40 ശതമാനത്തിലേറെ അംഗവൈകല്യമുള്ള അംഗങ്ങളുള്ള കുടുംബങ്ങൾ

4. ഭിന്നലിംഗക്കാർ

5. ഗുരുതര/മാരക രോഗമുള്ള (കാൻസർ/ ഹൃദ്രോഗം/ കിഡ്നി തകരാർമൂലം ഡയാലിസിസിന് വിധേയരാകുന്നവർ/പക്ഷാഘാതം തുടങ്ങിയവ) അംഗങ്ങളുള്ള കുടുംബങ്ങൾ

6. അവിവാഹിതരായ അമ്മമാർ കുടുംബനാഥയായുള്ള കുടുംബങ്ങൾ

7. രോഗമോ അപകടമോ കാരണം തൊഴിലെടുത്തു ജീവിക്കാനാകാത്ത കുടുംബനാഥരായ കുടുംബങ്ങൾ

8. വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ

9. എച്ച്.ഐ.വി. ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ.

(ഡി) നിർമ്മാണ സാമഗ്രികളുടെ വില വർദ്ധനവുകാരണം ലൈഫ് ഭവന പദ്ധതിയുടെ തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; പദ്ധതി ആരംഭിക്കുന്നതിനുണ്ടായ കാലതാമസം വിവരിക്കാമോ; പദ്ധതി എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കാമോ?

പരിഗണനയിൽ ഇല്ല. പദ്ധതി ആരംഭിക്കാൻ കാലതാമസം നേരിട്ടിട്ടില്ല.

15-11-2022-ലെ സ.ഉ. (സാധാ) 2806/2022 ത.സ്വ.ഭ.വ., സ.ഉ. (സാധാ) 2807/2022 ത.സ്വ.ഭ.വ. നമ്പർ ഉത്തരവുകൾപ്രകാരം പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിലെ താൽക്കാലിക/കരാർ നിയമനങ്ങൾ

325 (2473) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തദ്ദേശസ്വയംഭരണ വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക/കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് നിയമനം നടത്തിയിട്ടുള്ളതെന്നും ഇപ്രകാരം നിയമിതരായവർക്ക് 2022 ഒക്ടോബർ മാസം അനുവദിച്ച വേതനത്തിന്റെയും മറ്റാനുകൂല്യങ്ങളുടെയും ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ?

വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയവ എത്രയെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗവും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

ആകെ നടത്തപ്പെട്ട കരാർ/താത്കാലിക നിയമനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയവയുടെ എണ്ണം ചുവടെ ചേർക്കുന്നു.

---

* നിയമസഭയുടെ വെബ്സൈറ്റിൽ ലഭ്യമാണ്.

ബ്ലോക്ക് പഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്തിനു വിട്ടുകിട്ടിയ മറ്റു സ്ഥാപനങ്ങൾ/ ജില്ലാ ഓഫീസുകൾ എന്നിവയിൽ വിവിധ മിഷനുകളുടെ ഭാഗമായി നടത്തിയവ - 84

നഗരസഭ/ മുനിസിപ്പാലിറ്റി - 468

പഞ്ചായത്ത് - 65

എഞ്ചിനീയറിംഗ് വിഭാഗം -232

പ്ലാനിംഗ് വിംഗ്, എൽ.എസ്.ജി.ഡി. -60

മറ്റ് നിയമനങ്ങൾ കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകളിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടാണ് നടത്തിയിട്ടുള്ളത്.

മണലൂർ മണ്ഡലത്തിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് കെട്ടിടം

326 (2474) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് മണലൂർ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം ആരംഭിച്ചിട്ടുള്ളതും പ്രവൃത്തി അവസാന ഘട്ടത്തിലുമാണ്.

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കാനുള്ളവ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ലിഫ്റ്റ്, ജനറേറ്റർ എന്നിവ സ്ഥാപിക്കൽ, ഇന്റീരിയർ വർക്കുകൾ എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്.

(സി) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാൻ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

അവസാന ഘട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ ധനസഹായത്തിനായി കേരള ബാങ്കിൽനിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കേരള ബാങ്കിൽനിന്നും വായ്പ എടുക്കുന്നതിനുള്ള അനുമതിക്കായി പഞ്ചായത്ത് അധികൃതരിൽനിന്നും വകുപ്പിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ഇ) തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പിന്റെ 6626601/22 നമ്പർ ഫയൽ പ്രകാരമുള്ള പ്രസ്തുത അപേക്ഷയിൽ തീരുമാനമെടുത്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

(ഡി&ഇ) പ്രസ്തുത പ്രവൃത്തിയുടെ പൂർത്തീകരണത്തിന് കേരള ബാങ്കിൽനിന്നും വായ്പയെടുക്കുന്നതിനുള്ള അനുമതിക്കായി പാവറട്ടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷയിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഡിബി1/364/2022/LSGD ഫയലിൽ നടപടി സ്വീകരിച്ചുവരുന്നു.

ഭരണഘടനയുടെ ആമുഖം - പ്രതിജ്ഞാ രൂപത്തിൽ പിഴവ്

327 (2475) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനാ ദിനാചരണത്തിന്റെ ഭാഗമായി സർക്കാർ ഓഫീസുകളിൽ ഭരണഘടനയുടെ ആമുഖം പ്രതിജ്ഞാ രൂപത്തിൽ ചൊല്ലിക്കൊടുക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് പഞ്ചായത്ത് വകുപ്പിന്റെ ഓഫീസുകളിൽ നൽകിയ നിർദ്ദേശത്തിലുൾപ്പെടുത്തിയ ഭരണഘടനാ ആമുഖത്തിൽ പിഴവുകൾ ഉണ്ടായിരുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ എന്തൊക്കെ പിഴവുകൾ വരുത്തിയതായാണ് കണ്ടെത്തിയിട്ടുള്ളത്?

മലയാളത്തിൽ ടൈപ്പ് ചെയ്തപ്പോൾ 'ഐക്യം' എന്ന വാക്ക് വിട്ടുപോയി, കൂടാതെ വാക്യഘടനയിൽ 'ആയ' എന്ന വാക്ക് തെറ്റായി ഉൾപ്പെടുകയും ചെയ്തു.

(സി) ഭാരതത്തിന്റെ ഭരണഘടനയുടെ ആമുഖം പ്രതിജ്ഞാ രൂപത്തിൽ ആക്കിയതിൽ ഗുരുതര പിഴവുകൾ കടന്നുകൂടിയെന്ന ആക്ഷേപം ഗൗരവമേറിയ വീഴ്ചയായി സർക്കാർ കാണുന്നുണ്ടോ;

(ഡി) ഈ ഗുരുതര പിഴവ് സംഭവിക്കാനിടയായ സാഹചര്യങ്ങൾ ഏതെല്ലാമാണ്; ഇതുസംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

(സി&ഡി) കത്ത് ടൈപ്പ് ചെയ്തപ്പോഴുണ്ടായ തെറ്റാണ് പിഴവ് സംഭവിക്കാൻ കാരണം. തെറ്റ് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് പ്രതിജ്ഞ ചൊല്ലുന്ന സമയത്തിന് മുമ്പുതന്നെ പ്രതിജ്ഞ ചൊല്ലുന്നതിന് നിർദ്ദേശം നൽകിക്കൊണ്ട് നൽകിയ കത്ത് റദ്ദ് ചെയ്യുകയും പകരം തെറ്റ് തിരുത്തി തയ്യാറാക്കിയ പ്രതിജ്ഞ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ഇ-മെയിൽ രൂപത്തിൽ അയച്ചുനൽകി പിഴവ് പരിഹരിച്ചിട്ടുള്ളതുമാണ്.

തെരുവുനായ്ക്കൾ സൃഷ്ടിക്കുന്ന ഭീഷണി

328 (2476) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവുനായ്ക്കൾ സൃഷ്ടിക്കുന്ന ഭീഷണി നേരിടുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച വിഷയത്തിൽ 26-7-2022-ന് യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ നിയന്ത്രണം സംബന്ധിച്ച ABC പദ്ധതിയുമായി (ആനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം) ബന്ധപ്പെട്ട് വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയുമുണ്ടായി. പ്രസ്തുത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് 23-8-2022-ൽ സ.ഉ. (സാധാ) 2065/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

സംസ്ഥാനത്ത് തെരുവുനായകളുടെ കടിയേൽക്കുന്നവരുടെ എണ്ണം വർദ്ധിച്ചുവരുന്ന അടിയന്തര സാഹചര്യം പരിഗണിച്ച് ബഹുമാനപ്പെട്ട തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 12-9-2022, 13-9-2022 എന്നീ തീയതികളിൽ ഉന്നതതല യോഗങ്ങൾ ചേരുകയും പ്രസ്തുത യോഗങ്ങളിലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ 15-9-2022-ലെ സ.ഉ. (സാധാ) 2244/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുള്ളതുമാണ്.

കൂടാതെ ടി ഉത്തരവിലെ നിർമ്മാണ നിർവ്വഹണ മേഖലകളിലെ ചുമതലകളിന്മേൽ സ്പഷ്ടീകരണം നടത്തിക്കൊണ്ട് 29-9-2022-ലെ സ.ഉ. (സാധാ) 2376/2022/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം ചില അധിക മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായിട്ടുമുണ്ട്.

സർക്കാർ പുറപ്പെടുവിച്ച ടി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തര പ്രാധാന്യത്തോടെതന്നെ വിഷയം

കൈകാര്യം ചെയ്യുകയും പ്രതിരോധ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വാക്സിനേഷൻ ഡ്രൈവ് ഉൾപ്പെടെയുള്ള പ്രതിരോധ പരിപാടികൾ സംഘടിപ്പിക്കുകയുമുണ്ടായി.

ഗ്രാമ പഞ്ചായത്തുതലത്തിൽ സ്വീകരിച്ച നടപടികൾ

* 941 ഗ്രാമപഞ്ചായത്തുകളിൽ 52144 വാർഡുകളിൽ വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുകയും അതുവഴി 3256 തെരുവുനായ്ക്കൾക്കും 243950 വളർത്തുനായ്ക്കൾക്കും വാക്സിനേഷൻ നൽകിയിട്ടുണ്ട്.

* PAN/12974/2022-C8 നമ്പർ സർക്കുലറിലെ നിർദ്ദേശപ്രകാരം ഗ്രാമ പഞ്ചായത്തുതലത്തിൽ 81283 വളർത്തുനായ്ക്കൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്.

* ഗ്രാമ പഞ്ചായത്തുതലത്തിൽ 637 ഹോട്ട് സ്പോട്ടുകൾ (തെരുവു നായ ശല്യം രൂക്ഷമായ പ്രദേശങ്ങൾ) തിരിച്ചറിഞ്ഞിട്ടുണ്ട്.

* 15-9-2022-ലെ സ.ഉ. (സാധാ) 2244/2022/തസ്വഭവ നമ്പർ ഉത്തരവുപ്രകാരം 482 ഗ്രാമപഞ്ചായത്തുകൾ തദ്ദേശ സ്ഥാപനതല ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകളിൽ ഉടനടി പ്രസ്തുത കമ്മിറ്റികൾ രൂപീകരിക്കുന്നതിനുവേണ്ട നടപടി സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും ജില്ലാതല കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

* നായകളെ പാർപ്പിക്കുന്നതിനായുള്ള അഭയ കേന്ദ്രങ്ങൾ രൂപീകരിക്കുന്നതിന്റെ ഭാഗമായി ഇടുക്കി ജില്ലയിലെ വണ്ടൻമേട് ഗ്രാമപഞ്ചായത്തിൽ ഇതിനായി ഒരു താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

* തെരുവ് നായ ശല്യ നിയന്ത്രണ തീവ്രയജ്ഞ പരിപാടിയുമായി ബന്ധപ്പെട്ട് 431 ഐ.ഇ.സി. ക്യാമ്പെയ്നുകൾ സംഘടിപ്പിച്ചിട്ടുണ്ട്.

* ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി വിവിധ ഗ്രാമപഞ്ചായത്തുകളിലായി 490 സ്പെഷ്യൽ ഡ്രൈവുകൾ സംഘടിപ്പിക്കുകയും പൊതുനിരത്തിലെ മാലിന്യ നിക്ഷേപത്തിന് 16,74,151 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

നഗരസഭാതലത്തിൽ സ്വീകരിച്ച നടപടികൾ

1-9-2022 മുതൽ 14-11-2022 വരെ സംഘടിപ്പിച്ച വാക്സിനേഷൻ, വന്ധ്യംകരണം, ലൈസൻസ് വിതരണം തുടങ്ങി വിവിധ മേഖലയിൽ പൂർത്തിയാക്കിയ സ്ഥിതിവിവരക്കണക്ക് താഴെ പറയുംപ്രകാരമാണ്.

* വന്ധ്യംകരണം നടത്തിയ നായ്ക്കളുടെ എണ്ണം - 3285

* വാക്സിനേഷൻ നടത്തിയ ആകെ തെരുവ് നായ്ക്കളുടെ എണ്ണം - 12022

* വാക്സിനേഷൻ സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 42812

* രജിസ്ട്രേഷൻ/ലൈസൻസ് സർട്ടിഫിക്കറ്റ് അനുവദിച്ച വളർത്തുനായ്ക്കളുടെ എണ്ണം - 27452

*കണ്ടെത്തിയ അഭയകേന്ദ്രങ്ങളുടെ എണ്ണം - 3 (ആലപ്പുഴ, പാല, മഞ്ചേരി നഗരസഭകൾ)

* ശുചിത്വ യജ്ഞത്തിന്റെ ഭാഗമായി നടത്തിയ സ്പെഷ്യൽ ഡ്രൈവുകളുടെ എണ്ണം - 730

* പൊതു നിരത്തുകളിലെ മാലിന്യ നിക്ഷേപത്തിന് ഈടാക്കിയ പിഴത്തുക - 31,58,323

* സംഘടിപ്പിച്ച ഐ.ഇ.സി. ക്യാമ്പെയ്നുകളുടെ എണ്ണം - 1003

* വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നടത്തിയ ഐ.ഇ.സി. ബോധവൽക്കരണ ക്യാമ്പുകളുടെ എണ്ണം - 663

ഇവ കൂടാതെ 5 കോർപ്പറേഷനുകളിൽ സ്വന്തമായി എ.ബി.സി. സെന്ററുകൾ പ്രവർത്തിച്ച് വന്ധ്യംകരണം നടത്തിവരുന്നു.

2016 മുതൽ 30-8-2022 വരെ 79859 നായ്ക്കൾക്ക് വന്ധ്യംകരണം നടത്തിയിട്ടുണ്ട്.

(ബി) പേ വിഷബാധയ്ക്കെതിരെ കുത്തിവയ്പ് എടുത്തതിനുശേഷവും രോഗി മരണപ്പെട്ട എത്ര കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്?

2022 ജനുവരി മാസം മുതൽ ഇതുവരെ സംസ്ഥാനത്ത് 24 പേവിഷബാധ മരണങ്ങളുണ്ടായിട്ടുണ്ട്. ഇവരിൽ 6 പേർ പേവിഷബാധയ്ക്കെതിരെയുള്ള വാക്സിനും (IDRV) ഇമ്മ്യൂണോ ഗ്ലോബുലിനും (ERIG) എടുത്തിട്ടുള്ളവരാണ്.

(സി) ഇത്തരത്തിൽ വാക്സിൻ ഫലപ്രദമാകാത്തതിന്റെ കാരണം അന്വേഷണ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

2022-ൽ ഇതുവരെയുണ്ടായ 24 മരണങ്ങളിൽ 6 പേർക്കും IDRV, ERIG എന്നിവ നൽകിയിട്ടുള്ളതാണ്. എന്നാൽ ഇവയെല്ലാംതന്നെ മുഖത്തും കഴുത്തിലും കൈവെള്ളയിലുമുണ്ടായിട്ടുള്ള കാറ്റഗറി 3 മുറിവുകളാണെന്നാണ് അവലോകനത്തിൽ മനസ്സിലായത്. പേവിഷബാധ മരണങ്ങൾ പഠിക്കാൻ സർക്കാർ നിയോഗിച്ച സമിതി നിഗമനങ്ങളും നിർദ്ദേശങ്ങളും സമർപ്പിച്ചിട്ടുണ്ട്. വാക്സിൻ എടുത്തിട്ടും

മരണമടഞ്ഞവർക്ക് ഗുരുതരമായ മുറിവുകളിലൂടെ ഞരമ്പുകളിൽ നേരിട്ട് വൈറസ് പ്രവേശിച്ചതുമൂലമാകാനാണ് സാധ്യതയെന്നാണ് വിദഗ്ധ സമിതി വിലയിരുത്തിയിട്ടുള്ളത്.

KMSCL മുഖേന വിതരണം ചെയ്യുന്ന IDRV, ERIG എന്നിവ നിർദ്ദിഷ്ട കേന്ദ്ര ലബോറട്ടറികളിൽ ഗുണനിലവാര പരിശോധന കഴിഞ്ഞവയാണ്. സർക്കാർ നിയോഗിച്ച സമിതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര സർക്കാരിന്റെ Central Drugs Laboratory-യിൽ വീണ്ടും ഗുണനിലവാര പരിശോധന നടത്തിയതിൽ ഇവ ഗുണനിലവാരമുള്ളതാണെന്ന് കണ്ടെത്തിയിട്ടുമുണ്ട്.

കൂടാതെ വാക്സിൻ എടുത്തിട്ടും മരണമടഞ്ഞ വ്യക്തികളുടെ അതേ ബാച്ച് വാക്സിൻ സ്വീകരിച്ചിട്ടുള്ളവരിൽ ആവശ്യത്തിനുള്ള അളവിൽ ആന്റിബോഡിയുണ്ട് എന്നാണ് ബംഗളൂരു നിംഹാൻസിൽ നടത്തിയ പരിശോധനയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ഇത് പേവിഷബാധ പ്രതിരോധ വാക്സിന്റെ ഗുണനിലവാരത്തെയും പ്രവർത്തനശേഷിയെയും സൂചിപ്പിക്കുന്നു.

ഒരു തദ്ദേശസ്വയംഭരണം ഒരു ഉൽപ്പന്നം പദ്ധതി

329 (2477) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'ഒരു തദ്ദേശസ്വയംഭരണം ഒരു ഉല്പന്നം' പദ്ധതിയിലൂടെ നടപ്പാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

2022-23 സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പും വ്യവസായ വാണിജ്യ വകുപ്പും സംയുക്തമായി 'ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ഉൽപ്പന്നം' എന്ന പദ്ധതി "ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ" എന്ന പദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്നുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലെയും വിഭവസ്രോതസ്സിന്റെ ലഭ്യതയുടെ അടിസ്ഥാനത്തിൽ ജില്ലാ വ്യവസായ കേന്ദ്രം വഴി സാധ്യതാ പഠനം നടത്തി ഏറ്റെടുക്കാൻ കഴിയുന്ന ഉൽപ്പന്നങ്ങളുടെ സാധ്യതാ പട്ടിക വ്യവസായ വകുപ്പ് ലഭ്യമാക്കുന്നു. ടി പട്ടിക പരിശോധിച്ച് ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും അനുയോജ്യമായ ഉത്പന്നങ്ങളുടെ സാധ്യത ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന ഭരണ സമിതികൾ പ്രത്യേക യോഗം കൂടി തീരുമാനിക്കുന്നു. ജില്ലാ വ്യവസായ കേന്ദ്രം വഴി സാധ്യതാ പഠനം നടത്തി നൽകിയ പട്ടികയിൽ മാറ്റം വരുത്താവുന്നതുമാണ്. കേരള സംസ്ഥാനം വിവിധ വിഭവസ്രോതസ്സുകൾ നിറഞ്ഞ നാടായതിനാൽ വിവിധ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത വളരെ വലുതാണ്. കൃത്യമായ ആസൂത്രണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന

'ഒരു തദ്ദേശസ്വയംഭരണ സ്ഥാപനം ഒരു ഉൽപ്പന്നം' എന്ന പദ്ധതിയിലൂടെ കേരളത്തിന്റെ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിനും കർഷകർക്കും മൂല്യവർദ്ധിത ഉത്പന്നങ്ങൾ തയ്യാറാക്കുന്ന സംരംഭകർക്കും ന്യായമായ വില ഉറപ്പുവരുത്തുന്നതിനും ആയതുവഴി സംസ്ഥാന സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയായ "ആയിരത്തിൽ അഞ്ചു പേർക്ക് തൊഴിൽ" എന്ന പദ്ധതിക്ക് ഊർജ്ജം പകരുന്നതിനും ഉദ്ദേശിച്ചിട്ടുള്ളതാണ്. ഈ പദ്ധതിപ്രകാരം തെരഞ്ഞെടുക്കുന്ന യൂണിറ്റുകൾക്ക് പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖപ്രകാരം അനുവദനീയമായ സബ്സിഡി അനുവദിക്കുന്നതാണ്. ഇതിനായി വ്യവസായ വകുപ്പിന്റെ സഹായത്തോടെ എല്ലാ നഗരസഭകളിലും പഞ്ചായത്തുകളിലും ഓരോ ഇന്റേൺസിനെ നിയമിച്ചിട്ടുള്ളതാണ്.

(ബി) ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് നടപ്പാക്കുന്നതെന്നും അവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശവും ലഭ്യമാക്കാമോ?

ആലപ്പുഴ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന ആലപ്പുഴ നഗരസഭയിൽ അനുയോജ്യമായ വിഭവ സ്രോതസ്സുകളുടെയും വിദഗ്ധരായ തൊഴിലാളികളുടെയും മറ്റ് ഘടകങ്ങളും അടിസ്ഥാനപ്പെടുത്തി കാർഷിക ഭക്ഷ്യ ഉൽപ്പന്നങ്ങൾ നഗരസഭയുടേതായി തെരഞ്ഞെടുക്കുകയും PMEGP/PMFME, ESS പോലെയുള്ള സംരംഭസഹായ പദ്ധതികൾക്ക് പ്രോത്സാഹനം നൽകിവരികയും ചെയ്യുന്നുണ്ട്. ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പാക്കിവരുന്ന ത്രിതല പഞ്ചായത്തുകളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്.

(സി) പ്രസ്തുത പദ്ധതിക്കായി വ്യവസായം, സഹകരണം എന്നീ വകുപ്പുകളുടെ സഹായം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉണ്ട്. വ്യവസായ വാണിജ്യ വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സഹകരണത്തോടെയാണ് 'ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം' എന്ന ഒരു പദ്ധതി "ആയിരത്തിൽ അഞ്ച് പേർക്ക് തൊഴിൽ " പദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്നത്. സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും സംരംഭകർക്ക് നൽകുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തിലും നഗരസഭകളിലും ഒരു ഇന്റേണിനെ വ്യവസായവകുപ്പ് നിയമിച്ചിട്ടുണ്ട്. നിർദ്ദേശിച്ച എണ്ണം സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സംരംഭകരെ കണ്ടെത്തുന്നതിനുള്ള ചുമതല അതത് ഇന്റേണിനാണ്. ജനറൽ ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിക്കുക, വിവിധ വകുപ്പുകളിൽനിന്നും സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ സേവനങ്ങൾ (ലൈസൻസ്, സാനിട്ടറി സർട്ടിഫിക്കറ്റ്, ഫുഡ്&സേഫ്റ്റി സർട്ടിഫിക്കറ്റ്

തുടങ്ങിയവ) എന്തൊക്കെയാണെന്ന് മനസ്സിലാക്കി സംരംഭകർക്ക് ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുക, സംരംഭം തുടങ്ങുന്നതിന് താൽപ്പര്യവുമായി മുന്നോട്ടുവരുന്ന സംരംഭകർക്ക് ഏറ്റവും അനുയോജ്യമായ സംരംഭം കണ്ടെത്തുന്നതിനുള്ള സഹായം, സാക്ഷരത (Financial Literacy session) എന്നിവ നടത്തുക, തദ്ദേശസ്വയംഭരണ സ്ഥാപന ഭരണ സമിതി അംഗങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുമായി സഹകരിച്ച് പദ്ധതിക്കാവശ്യമായ വിവരശേഖരണം നടത്തുക, ശില്പശാലകളിൽ മതിയായ സംരംഭകരുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ജനറൽ ഓറിയന്റേഷൻ പ്രോഗ്രാം, ലോൺ /സബ്സിഡി/ലൈസൻസ് മേളകൾ എന്നിവ നടപ്പാക്കുന്നതിനാവശ്യമായ സഹായങ്ങൾ നൽകുക. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്, പട്ടികജാതി വികസന വകുപ്പ്, പിന്നോക്ക വികസന കോർപ്പറേഷൻ എന്നിവിടങ്ങളിൽനിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുക തുടങ്ങിയവയാണ് ഇന്റേൺസിന്റെ ചുമതലകൾ. സഹകരണ വകുപ്പിന്റെ സഹായത്തോടെയാണ് ലോൺ മേളകൾ നടപ്പാക്കുന്നത്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട്

330(2478) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. മഞ്ഞളാംകുഴി അലി:

ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിൽനിന്നും ഒരു ശതമാനം വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം തുക വെട്ടിക്കുറയ്ക്കുന്നതിനുള്ള കാരണങ്ങൾ വിശദമാക്കുമോ?

(എ&ബി) ഇല്ല. എല്ലാ പ്രാദേശിക സർക്കാരുകളുടെയും വികസന ഫണ്ടിൽനിന്നും തുക വെട്ടിക്കുറയ്ക്കാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ ആറാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശിപാർശപ്രകാരം, ഡിമാന്റ് ചെയ്യപ്പെട്ട തനത് വരുമാനത്തിന്റെ 90 ശതമാനമെങ്കിലും പിരിച്ചെടുക്കാത്ത ഗ്രാമ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, മുനിസിപ്പൽ കോർപ്പറേഷനുകൾ എന്നിവരുടെ വികസന ഫണ്ടിന്റെ സാധാരണ വിഹിതത്തിന്റെ 1% കുറവുവരുത്താൻ 18-10-2022-ലെ സ.ഉ.(കൈ)നമ്പർ 179/2022/ധന. നമ്പർ ഉത്തരവുപ്രകാരം തീരുമാനിച്ചിട്ടുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ദുർബലപ്പെടുത്തുന്നതായി പറയപ്പെടുന്ന പ്രസ്തുത തീരുമാനം പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

പ്രാദേശിക സർക്കാരുകളെ ദുർബലപ്പെടുത്താനല്ല, മറിച്ച് അവരുടെ തനത് വരുമാനം വർദ്ധിപ്പിച്ച് ശക്തിപ്പെടുത്തുന്നതിനുവേണ്ടിയാണ് ഇത്തരത്തിലുള്ള തീരുമാനമെടുത്തിട്ടുള്ളത്.

കോങ്ങാട് നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള പ്രവൃത്തികൾ

331 (2479) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് നിയോജകമണ്ഡലത്തിൽ 2018 മുതൽ തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി 20% ടോക്കൺ വിഹിതം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള ഏതൊക്കെ പ്രവൃത്തികളുണ്ടെന്ന് വിശദമാക്കുമോ; ഓരോ പ്രവൃത്തിക്കും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതിയെന്താണെന്നും വിശദമാക്കുമോ?

കോങ്ങാട് നിയോജകമണ്ഡലത്തിൽ 2018 മുതൽ തദ്ദേശസ്വയംഭരണ വകുപ്പിനെ നിർവ്വഹണ വകുപ്പാക്കി 20% ടോക്കൺ വിഹിതം ബഡ്ജറ്റിൽ അനുവദിച്ചിട്ടുള്ള ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക, പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ അനുബന്ധമായി *ചേർക്കുന്നു.

സമ്പൂർണ്ണ ദാരിദ്ര്യമുക്തമാക്കുന്ന പദ്ധതി

332 (2480) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ ദാരിദ്ര്യ മുക്തമാക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി എത്ര അതിദരിദ്ര കുടുംബങ്ങളെയാണ് കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

64006 അതിദരിദ്ര കുടുംബങ്ങളെയാണ് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ സംസ്ഥാനത്താകമാനം കണ്ടെത്തിയിട്ടുള്ളത്.

(ബി) പ്രസ്തുത കുടുംബങ്ങളെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും അതിദരിദ്രാവസ്ഥയിൽനിന്നും മോചിപ്പിക്കുന്നതിന് തയ്യാറാക്കുന്ന

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സൂക്ഷ്മതല പദ്ധതിയാണ് മൈക്രോപ്ലാൻ. അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോപ്ലാൻ തയ്യാറാക്കുമ്പോൾ ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ, ഹ്രസ്വകാലത്തേയ്ക്ക് നടപ്പാക്കാവുന്ന പദ്ധതികൾ, ദീർഘകാല പദ്ധതികൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ചാണ് സേവനങ്ങൾ ലഭ്യമാക്കുന്നത്. ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികളിൽ കുടുംബങ്ങളുടെ അതിജീവനത്തിന് അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ, എളുപ്പത്തിൽ ചെയ്യാവുന്ന സേവനങ്ങൾ (റേഷൻ കാർഡ്, ആധാർ കാർഡ് മുതലായവ ലഭ്യമാക്കൽ, ആരോഗ്യ ഇൻഷ്വറൻസ്, ഭക്ഷണം, ചികിത്സ മുതലായവ) ഹ്രസ്വകാല പദ്ധതികളിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ. പഠന സൗകര്യങ്ങൾ ഒരുക്കൽ, സ്ഥിരമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തൽ മുതലായവ ഇതിൽ ഉൾപ്പെടുന്നു. ദീർഘകാല സമഗ്ര പദ്ധതികളിൽ വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം മുതലായ സേവനങ്ങൾ ഉൾപ്പെടുന്നു. നിലവിൽ തദ്ദേശഭരണ സ്ഥാപനതലത്തിൽ ഉടൻ ചെയ്യാവുന്ന സർവ്വീസ് പദ്ധതികളായ അവകാശ രേഖകൾ ലഭ്യമാക്കൽ, ഭക്ഷണം, ആരോഗ്യ പരിശോധന പൂർത്തിയാക്കൽ, സാമൂഹ്യ സുരക്ഷാ പെൻഷൻ, ഏകാംഗ കുടുംബങ്ങളിലുള്ള അതിദരിദ്രരെ പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കൽ മുതലായ സേവനങ്ങൾ നടപ്പാക്കിവരുന്നു.

- അതിദരിദ്ര കുടുംബങ്ങൾക്കായി തയ്യാറാക്കിയ മൈക്രോപ്ലാനുകളുടെ എണ്ണം – 55507
- അവ തയ്യാറാക്കിയ തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം - 1032.

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിലും കാസർഗോഡ് കള്ളാർ ഗ്രാമപഞ്ചായത്തിലും അതിദരിദ്രർ ഇല്ല.

നൽകിയ സേവനങ്ങൾ

ആഹാരം നൽകിയവർ	- 14618
ആരോഗ്യ സേവനം ലഭിച്ചവർ	- 22233
ആരോഗ്യ ഇൻഷ്വറൻസ്	- 733
സാമൂഹ്യസുരക്ഷാ പെൻഷൻ	- 933
റേഷൻ കാർഡ്	- 2584
ആധാർ കാർഡ്	- 2289
ഇലക്ഷൻ തിരിച്ചറിയൽ കാർഡുകൾ	- 6776
ബാങ്ക് അക്കൗണ്ട്	- 313

കുടുംബശ്രീ അയൽക്കൂട്ട അംഗത്വം -788

ഭിന്നശേഷിക്കാരുടെ തിരിച്ചറിയൽ കാർഡ് - 37

തൊഴിലുറപ്പുപദ്ധതി തൊഴിൽ കാർഡ് - 761

AAY റേഷൻ കാർഡ് - 238

ഷെൽട്ടർ ഹോമിലേയ്ക്ക് മാറ്റി പാർപ്പിച്ചവർ - 194

സംസ്ഥാനത്തെ അതിദരിദ്രരുടെ പട്ടിക

333 (2481) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ അതിദരിദ്രരുടെ പട്ടികയിൽനിന്നും വിട്ടുപോയവരെ കൂട്ടിച്ചേർക്കുന്നതിന് പൊതുനിർദ്ദേശം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതിന് നടപടികൾ സ്വീകരിക്കുമോ?

വിശദമായ പരിശോധനയുടെയും സർവ്വേയുടെയും അടിസ്ഥാനത്തിലാണ് നിലവിലുള്ള അതിദരിദ്രരുടെ പട്ടിക തയ്യാറാക്കിയിരിക്കുന്നത്. ഇവർക്കുള്ള വികസന ക്ഷേമ പ്രവർത്തനം മികച്ച രീതിയിൽ ഒരു ഘട്ടം എത്തിയതിന് ശേഷം മാത്രം കൂട്ടിച്ചേർക്കലുകൾ മതിയെന്ന് സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി ചർച്ച ചെയ്ത് വിലയിരുത്തിയിട്ടുണ്ട്.

സി.എച്ച്. മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രിക്ക് ഓഹരി പിരിക്കാൻ അനുമതി

334 (2482) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം 594) സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിന്മേൽ (എൽ.എസ്.ജി.ഡി.-എഫ്.എം. 2/38/2022) പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ്, ഗ്രാമവികസന കമ്മീഷണറേറ്റ് എന്നീ ഓഫീസുകളിൽനിന്നും റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടുകളിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആസ്ഥാനമായി പ്രവർത്തിച്ചുവരുന്ന സി.എച്ച്. മെമ്മോറിയൽ കോട്ടയ്ക്കൽ കോ-ഓപ്പറേറ്റീവ് ആശുപത്രി (ക്ലിപ്തം നമ്പർ എം 594) സംഘത്തിന്റെ പ്രവർത്തന പരിധിയിലുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ഓഹരി പിരിക്കുന്നതിന് അനുമതി തേടിക്കൊണ്ടുള്ള സംഘം ചെയർമാന്റെ നിവേദനത്തിന്മേൽ പഞ്ചായത്ത് ഡയറക്ടർ, ഗ്രാമ വികസന കമ്മീഷണർ എന്നിവർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നഗരകാര്യ ഡയറക്ടർ മറുപടി ലഭ്യമാക്കിയിട്ടില്ല. ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിക്കുകയും ധനകാര്യവകുപ്പിന്റെ അഭിപ്രായത്തിനായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറേറ്റ്, നഗരകാര്യ ഡയറക്ടറേറ്റ് എന്നീ ഓഫീസുകളിൽ സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ?

പ്രസ്തുത വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽനിന്നും പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ മുഖേന അന്വേഷണം നടത്തുകയും സഹകരണ സംഘം രജിസ്ട്രാറിൽനിന്നും റിപ്പോർട്ട് തേടുകയുമുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

നഗരകാര്യ ഡയറക്ടറേറ്റിൽ നിന്ന് മലപ്പുറം ജില്ലയിലെ പൊന്നാനി നഗരസഭ ഒഴികെയുള്ള എല്ലാ നഗരസഭകളോടും ഇക്കാര്യത്തിൽ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ലഭിച്ചിട്ടില്ല.

കല്ല്യാശ്ശേരി മണ്ഡലത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതി

335 (2483) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ എവിടെയൊക്കെയാണ് തദ്ദേശ സ്വയംഭരണ വകുപ്പ് 'ടേക്ക് എ ബ്രേക്ക് ' പദ്ധതിയിലുൾപ്പെടുത്തി വിശ്രമ മുറികൾ നിർമ്മിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

കല്ല്യാശേരി മണ്ഡലത്തിലെ ഏഴോം ഗ്രാമപഞ്ചായത്തിലെ പഴയങ്ങാടി ബസ് സ്റ്റാന്റിലാണ് 'ടേക്ക് എ ബ്രേക്ക് ' പദ്ധതിയിൽ ഉൾപ്പെടുത്തി വിശ്രമ മുറികൾ നിർമ്മിച്ചിട്ടുള്ളത്.

ടോയ്ലെറ്റുകളുടെ വിവരങ്ങൾ

പുരുഷന്മാരുടേത് - 1

സ്ത്രീകളുടേത് - 6

യൂറിനൽ മാത്രം - 4

വിശ്രമ മുറി - 1 എണ്ണം

Feeding Room- 2 എണ്ണം

Meeting Hall- 1 എണ്ണം

(ബി) പ്രസ്തുത വിശ്രമ കേന്ദ്രങ്ങളുടെ പരിപാലനത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

വിശ്രമകേന്ദ്രങ്ങളുടെ പരിപാലനം കുടുംബശ്രീ മുഖേനയാണ് നടത്തുന്നത്.

ഉപയോക്താക്കളിൽനിന്നും ഈടാക്കുന്ന തുക

Urine - ₹ 2

Toilet - ₹ 5

Fresh up - ₹ 20

ഈ പദ്ധതിയുടെ മെയിന്റനൻസ് ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കുന്നു.

ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്തൃ ലിസ്റ്റിന്റെ അപാകത പരിഹരിക്കൽ

336 (2484) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയിട്ടുള്ള ഗുണഭോക്തൃ ലിസ്റ്റിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട അപേക്ഷകരെ മറ്റ് വിഭാഗക്കാർക്ക് താഴെയായിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

27-7-2020-ലെ സ.ഉ. (എംഎസ്.) നമ്പർ 112/2020 ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അനുസരിച്ച് അർഹരായ ഗുണഭോക്താക്കളെ ക്ലേശഘടകങ്ങളുടെ അടിസ്ഥാനത്തിൽ മുൻഗണന നൽകിയാണ് ഗുണഭോക്തൃ പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്തിമമാക്കിയിട്ടുള്ളത്.

(ബി) പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെടാതെ പോയ അർഹരായ പട്ടികജാതി വിഭാഗക്കാരെക്കൂടി ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

അപേക്ഷിച്ചവരിൽ അർഹരായ എല്ലാവരെയും ഉൾപ്പെടുത്തിയാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അന്തിമ ഗുണഭോക്തൃ പട്ടിക തയ്യാറാക്കിയിട്ടുള്ളത്.

ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ പൊതുശുചിമുറികളുടെ നിർമ്മാണം

337 (2485) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഇരുപത്തിനാലായിരം പൊതുശുചിമുറികൾ നിർമ്മിക്കുമെന്ന നിലവിലെ സർക്കാരിന്റെ പ്രഖ്യാപനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്താണെന്ന് വ്യക്തമാക്കുമോ?

ദേശീയ-സംസ്ഥാന പാതയോരങ്ങളിൽ ശുചിത്വ മിഷന്റെ സഹകരണത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ഗ്രാമ പഞ്ചായത്തുകളിൽ കുറഞ്ഞത് 2 എണ്ണം, നഗര സഭകളിൽ 5 എണ്ണം, കോർപ്പറേഷനുകളിൽ 8 എണ്ണം വീതം 'ടേക്ക് എ ബ്രേക്ക്' എന്ന പേരിൽ പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. ഇതനുസരിച്ച് ആദ്യഘട്ടത്തിൽ ആധുനിക സൗകര്യങ്ങളോടെയുള്ളതും സ്ത്രീകൾക്കും കുട്ടികൾക്കും ഭിന്നശേഷിക്കാർക്കും ഉപയോഗിക്കാവുന്ന തരത്തിൽ 1842 ശുചിമുറികളാണ് പണിയുന്നത്. ഇതിൽ പ്രവൃത്തി ആരംഭിച്ച 1314 എണ്ണത്തിൽ 658 എണ്ണം പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ളവ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലാണ്.

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഈ വർഷം തന്നെ പദ്ധതി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പാലാ കൂട്ടിലും പാലം നിർമ്മാണം

338 (2486) ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ മണ്ഡലത്തിൽ കൂട്ടിലും പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് ഡിസൈനുവേണ്ട തുക ലഭിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ മുമ്പാകെ സമർപ്പിച്ച ഫയലിന്റെ (18-1-2021-ലെ എ.ബി.4/15097/2021, എ.ബി.2/ഡി.ബി.6/1994/2022) നിജസ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ആസ്തി വികസന നിധിയിൽ ഉൾപ്പെടുത്തി കോട്ടയം കളക്ടറുടെ 20-12-2021-ലെ ഡി.4/3379/2021/എം.എൽ.എ.-എ.ഡി.എസ്. ഉത്തരവുപ്രകാരം ഭരണാനുമതി ലഭിച്ചിട്ടുള്ള കുറ്റില്ലം പാലം നിർമ്മാണ പ്രവൃത്തിയുടെ സൂക്ചറൽ ഡിസൈൻ ആൻഡ് ഡ്രോയിംഗ് ഡിസൈൻ തയ്യാറാക്കുന്നതിന് ചെലവ് വരുന്ന തുക ലഭിക്കുന്നതിനുണ്ടായ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പാലത്തിന്റെ നിർമ്മാണം അധിക സാമ്പത്തിക ബാധ്യതയില്ലാതെ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) Structural design & Drawing തയ്യാറാക്കുന്നതിന് 64,900 രൂപയുടെ അലോട്ട്മെന്റിനായി 24-8-2022-ൽ കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ അലോട്ട്മെന്റ് അനുവദിച്ചിട്ടുണ്ട്. ആയതിന്റെ ബില്ല് ട്രഷറിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ഫണ്ട് ലഭ്യമാകുന്നതാണ്.

കോഴിക്കോട് കുടുംബശ്രീ ജില്ലാ ഓഫീസിലെ നിയമനം

339 (2487) <u>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുടുംബശ്രീ ജില്ലാ ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ എത്രപേർ ജോലി ചെയ്യുന്നുണ്ടെന്നും ഇവർ എത്ര വർഷമായി ഇതേ ഓഫീസിൽ തുടരുന്നുണ്ടെന്നും വ്യക്തമാക്കാമോ?

കുടുംബശ്രീ കോഴിക്കോട് ജില്ലാ മിഷൻ ഓഫീസിൽ ക്ലാർക്ക് തസ്തികയിൽ നിലവിൽ 5 പേർ ജോലി ചെയ്യുവരുന്നു. ഇവരിൽ മൂന്നുപേർ 5 മാസം, ഒരു വർഷം, രണ്ടുവർഷം അന്യത്രസേവനകാലം പൂർത്തിയാക്കി സേവനം തുടരുന്നു. ദിവസവേതനത്തിൽ സേവനം ചെയ്യുന്ന രണ്ടുപേരിൽ ഒരാൾ 4 വർഷവും ഒരാൾ 5 വർഷവും സേവനം പൂർത്തിയാക്കി തുടർന്നുവരികയാണ്.

(ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പ് നിലവിൽ വന്ന സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിൽത്തന്നെയുള്ളവരെ ജോലി ക്രമീകരണ വ്യവസ്ഥയിൽ നിയമനം നൽകി പ്രവർത്തനം കൂടുതൽ സുഗമമാക്കാൻ നടപടി സ്വീകരിക്കുമോ?

കുടുംബശ്രീ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടപ്രകാരം രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന മിഷനാണ്. കുടുംബശ്രീ മിഷനിൽ സ്ഥിരം തസ്തികകളില്ല. ഡെപ്യൂട്ടേഷൻ, കരാർ, ദിവസവേതന ജീവനക്കാരാണ് ഈ മിഷനിൽ ജോലി ചെയ്യുവരുന്നത്. ആയതിനാൽ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ജോലിക്രമീകരണ വ്യവസ്ഥയിൽ കുടുംബശ്രീ ഉൾപ്പെടുന്നില്ല.

ലൈഫ് മിഷൻ മുഖേന ഫ്ലാറ്റ് സമുച്ചയ നിർമ്മാണം

340 (2488) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിത-ഭവനരഹിത ഗുണഭോക്താക്കൾക്കായി ലൈഫ് മിഷൻ മുഖേന എത്ര ഫ്ലാറ്റ് സമുച്ചയമാണ് നിർമ്മിച്ച് നൽകുന്നതെന്നും ഇതുവഴി എത്ര കുടുംബങ്ങൾക്ക് താമസിക്കാൻ ഇടം നൽകാൻ കഴിയുമെന്നും അറിയിക്കാമോ?

31 ഭവനസമുച്ചയങ്ങളാണ് നിർമ്മാണ പുരോഗതിയിലുള്ളത്. ടി 31 ഭവനസമുച്ചയങ്ങളിലൂടെ 1803 കുടുംബങ്ങളെ താമസിപ്പിക്കാൻ കഴിയും.

(ബി) ഏതൊക്കെ ജില്ലകളിലാണ് പ്രസ്തുത ഫ്ലാറ്റ് സമുച്ചയനിർമ്മാണം നടന്നുവരുന്നതെന്ന് വ്യക്തമാക്കാമോ; ഓരോ ജില്ലയിലെയും നിർമ്മാണ പുരോഗതി ഇനം തിരിച്ച് വിശദമാക്കാമോ?

തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽ ഭവനസമുച്ചയ നിർമ്മാണം നടന്നുവരുന്നു. ജില്ലാടിസ്ഥാനത്തിലുള്ള പുരോഗതി വിവരം അനുബന്ധമായി* ചേർക്കുന്നു.

(സി) പുതുതായി എത്ര ഫ്ലാറ്റുകൾകൂടി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും എത്ര കുടുംബങ്ങൾക്ക് ഇതിലൂടെ സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാൽക്കരിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

പുതുതായി രണ്ട് ഫ്ലാറ്റുകൾകൂടി നിർമ്മിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. ഇതിലൂടെ 154 കുടുംബങ്ങൾക്ക് സ്വന്തമായി വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കാൻ കഴിയും.

(ഡി) പരമ്പരാഗത രീതിയിലെ ഡിസൈൻ, നിർമ്മാണരീതി എന്നിവ പിന്തുടരുന്നതിനുപകരം പുതിയകാല നിർമ്മാണ രീതിയായ പ്രീകാസ്റ്റ് പ്രീസ്ട്രെസ്ഡ് സാങ്കേതികവിദ്യ അവലംബിച്ചുള്ള കെട്ടിട നിർമ്മാണത്തിന്റെ സാധ്യത പരിശോധിക്കാൻ കഴിയുമോയെന്ന് അറിയിക്കാമോ; ഇതിനായി എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

നിർമ്മാണ പുരോഗതിയിലുള്ള 31 ഭവന സമുച്ചയങ്ങളിൽ 29 ഭവന സമുച്ചയങ്ങളും നൂതന നിർമ്മാണ സാങ്കേതികവിദ്യയായ എൽ.ജി.എസ്.എഫ്. ടെക്നോളജി ഉപയോഗിച്ചാണ് നിർമ്മിച്ചുവരുന്നത്. പ്രീകാസ്റ്റ് പ്രീസ്ട്രെസ്ഡ് സാങ്കേതികവിദ്യ അവലംബിക്കുന്ന വിഷയം നിലവിൽ പരിഗണിച്ചിട്ടില്ല. പരിശോധിക്കുന്നതാണ്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ

341 (2489) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ റീ-ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ആസൂത്രണ സാമ്പത്തിക (ആർ.കെ.ഐ.) വകുപ്പ് ഭരണാനുമതി നൽകുന്ന റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെട്ട പ്രവൃത്തികളൊന്നും കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ നിർവ്വഹിക്കുന്നില്ല. തദ്ദേശസ്വയംഭരണ വകുപ്പ് 6-2-2021-ലെ സ.ഉ.(കൈ)29/2021/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയ കോഴിക്കോട് നോർത്ത് മണ്ഡലത്തിലെ രണ്ട് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

(ബി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

കുന്നത്തുനാട് മണ്ഡലത്തിലെ മാലിന്യ സംസ്കരണ പദ്ധതികൾ

342 (2490) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ശുചിത്വ മാലിന്യ സംസ്കരണത്തിനായി നടപ്പാക്കിവരുന്ന പദ്ധതികളെക്കുറിച്ച് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ എല്ലാ പഞ്ചായത്തുകളിലും ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേനയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾ കൂടാതെയുള്ള മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഗ്രാമപഞ്ചായത്ത് തിരിച്ച് ചുവടെ ചേർക്കുന്നു:

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഐക്കരനാട്:- ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേനയ്ക്ക് മാലിന്യം നീക്കം ചെയ്യുന്നതിനായി ട്രോളി, ഇ-ഓട്ടോ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ തദ്ദേശസ്ഥാപനതലം മുതൽ സംസ്ഥാനതലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് സിസ്റ്റം ഐക്കരനാട് ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിവരുന്നു.

കിഴക്കമ്പലം:- കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പെറ്റ് ബോട്ടിൽ സംവിധാനം ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പാക്കിയിട്ടുണ്ട്.

കുന്നത്തുനാട്:- കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വീടുകളിൽ ഗാർഹിക ബയോബിൻ സംവിധാനം ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പാക്കിയിട്ടുണ്ട്.

മഴുവന്നൂർ:- മഴുവന്നൂർ ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബയോബിൻ സംവിധാനവും ടോയിലറ്റ് നിർമ്മാണവും ഗ്രാമപഞ്ചായത്ത് തലത്തിൽ നടപ്പാക്കിയിട്ടുണ്ട്.

പൂത്തൃക്ക:- പൂത്തൃക്ക ഗ്രാമപഞ്ചായത്തിൽ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് വീടുകൾക്ക് ബൊക്കാഷി ബക്കറ്റുകൾ വിതരണം ചെയ്യുന്ന പ്രവർത്തനം നടക്കുന്നു.

തിരുവാണിയൂർ:- തിരുവാണിയൂർ ഗ്രാമപഞ്ചായത്തിൽ ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേനയ്ക്ക് മാലിന്യം നീക്കം ചെയ്യുന്നതിനായി ട്രോളി, ഇ-ഓട്ടോ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്.

വടവുകോട്-പുത്തൻകുരിശ്:- വടവുകോട് പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേനയ്ക്ക് മാലിന്യം നീക്കം ചെയ്യുന്നതിനായി ഇലക്ട്രിക് വാഹന സൗകര്യമൊരുക്കിയിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ബയോബിൻ സംവിധാനവും ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ സംവിധാനവും ഒരുക്കിയിട്ടുണ്ട്.

വാഴക്കുളം:- വാഴക്കുളം ഗ്രാമപഞ്ചായത്തിൽ ശുചിത്വ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഹരിത കർമ്മസേനയ്ക്ക് യൂണിഫോം പോലുള്ള സൗകര്യങ്ങളും നിലവിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന മിനി എം.സി.എഫ്.-ന് വാടകയും പഞ്ചായത്ത് നൽകിവരുന്നു.

(ബി) ഇതിനായി പുതിയ പദ്ധതികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

മാലിന്യ സംസ്കരണത്തിനായി കിഴക്കമ്പലം ഗ്രാമപഞ്ചായത്തിൽ എം.സി.എഫ്. സ്ഥാപിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. കുന്നത്തുനാട് ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേനയ്ക്ക് മാലിന്യ സംസ്കരണത്തിന്റെ സുഗമമായ നടത്തിപ്പിനായി ട്രോളി, ഇലക്ട്രിക് വാഹനം എന്നിവ വാങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൂത്തൃക്ക ഗ്രാമപഞ്ചായത്തിൽ പ്ലാസ്റ്റിക്ക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക്ക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വടവുകോട്-പുത്തൻകുരിശ് ഗ്രാമപഞ്ചായത്തിൽ പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയുന്നത് തടയുന്നതിനായി പൊതുസ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഹരിതകർമ്മസേനയ്ക്ക് മാലിന്യ സംസ്കരണത്തിന്റെ സുഗമമായ നടത്തിപ്പിനായി ട്രോളി, ഇലക്ട്രിക് വാഹനം എന്നിവ വാങ്ങുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് മിനി എം.സി.എഫ്., ഖരമാലിന്യ സംസ്കരണ പ്ലാന്റ് എന്നിവ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചുവരുന്നു.

വൈപ്പിൻ മണ്ഡലത്തിലെ മുളവുകാട് റോഡ് വികസനം

343 (2491) <u>ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ നിയോജകമണ്ഡലത്തിൽ മുളവുകാട് ഗ്രാമപഞ്ചായത്തിലെ മുളവുകാട് റോഡ് വികസന പദ്ധതിയുടെ ഭാഗമായി ജിഡ ധനസഹായത്തോടെ നടപ്പാക്കുന്ന മൂന്നാംഘട്ട റോഡ് നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിനുള്ള ഭരണാനുമതി എന്നത്തേയ്ക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ?

(എ&ബി) മുളവുകാട് മൂന്നാം ഘട്ടം - 1.5 കിലോമീറ്റർ റോഡിന്റെ നിർമ്മാണത്തിന് ഭരണാനുമതിക്കായി KITCO സമർപ്പിച്ച എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.

സംരംഭവർഷം പദ്ധതി

344 (2492) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പ് നടപ്പാക്കുന്ന സംരംഭവർഷം പദ്ധതിയിൽ അഭിമാനകരമായ ലക്ഷ്യം കൈവരിച്ച തദ്ദേശ സ്ഥാപനങ്ങളുടെ വിവരങ്ങൾ വിശദമാക്കാമോ?

വ്യവസായ വകുപ്പ് നടപ്പാക്കുന്ന സംരംഭവർഷം പദ്ധതിയിൽ അഭിമാനകരമായ ലക്ഷ്യം കൈവരിച്ച തദ്ദേശസ്ഥാപനങ്ങളുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമനമ്പർ	ജില്ല	പഞ്ചായത്ത്	സംരംഭകരുടെ എണ്ണം
1	തിരുവനന്തപുരം	ചിറയിൻകീഴ്	217
2	കൊല്ലം	തൃക്കോവിൽവട്ടം	354
3	പത്തനംതിട്ട	പള്ളിക്കൽ	146
4	ആലപ്പുഴ	മുളക്കുഴ	345
5	കോട്ടയം	കാഞ്ഞിരപ്പള്ളി	283
6	ഇടുക്കി	നെടുങ്കണ്ടം	269
7	എറണാകുളം	വെങ്ങോല	214
8	തൃശ്ശൂർ	അന്നമ്മനട	301
9	പാലക്കാട്	വടക്കഞ്ചേരി	210
10	മലപ്പുറം	വള്ളിക്കുന്ന്	310
11	കോഴിക്കോട്	കക്കോടി	246
12	വയനാട്	പനമരം	242
13	കണ്ണൂർ	വെങ്ങാട്	293
14	കാസർഗോഡ്	ചെമ്മനാട്	297

നഗരസഭ, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ വിശദാംശം അനുബന്ധമായി* ആയി ചേർക്കുന്നു.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രസ്തുത പദ്ധതിയുടെ വിപുലീകരണത്തിന് നടപടി സ്വീകരിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

2022-23 സംരംഭക വർഷമായി 25-6-2022-ലെ സ.ഉ.(സാധാ) നമ്പർ 1529/2022/ത.സ്വ.ഭ.വ. പ്രകാരം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് ഏകദേശം നാല് ലക്ഷം ആളുകൾക്ക് തൊഴിൽ നൽകുന്നതിന് തദ്ദേശസ്വയംഭരണം, ഫിഷറീസ്, മൃഗസംരക്ഷണം, വ്യവസായ വികസന വകുപ്പ് തുടങ്ങി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയാണ് നടപ്പാക്കുന്നത്. സംരംഭക വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ വകുപ്പും വ്യവസായ വാണിജ്യ വികസന വകുപ്പും സംയുക്തമായി ചേർന്ന് ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം എന്ന പദ്ധതിക്കുടി " ആയിരത്തിൽ അഞ്ചുപേർക്ക് തൊഴിൽ " പദ്ധതിയുടെ ഭാഗമായി

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടപ്പാക്കുന്നുണ്ട്. നമ്മുടെ സംസ്ഥാനം വിവിധ വിഭവ സ്രോതസ്സുകൾ നിറഞ്ഞ നാടായതിനാൽ വിവിധ ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത വളരെ വലുതാണ്. കൃത്യമായ ഒരു ആസൂത്രണത്തിന്റെ ഭാഗമായി നടപ്പാക്കുന്ന "ഒരു തദ്ദേശ സ്ഥാപനം ഒരു ഉൽപ്പന്നം" എന്ന പദ്ധതിയുടെ വിജയം കേരളത്തിന്റെ ഉൽപ്പന്നങ്ങൾക്ക് ആഗോള വിപണി കണ്ടെത്തുന്നതിനും കർഷകർക്കും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തയ്യാറാക്കുന്ന സംരംഭകർക്കും ന്യായമായ വില ഉറപ്പുവരുത്താനും ആയതുവഴി സർക്കാരിന്റെ ഫ്ലാഗ്ഷിപ്പ് പദ്ധതിയായ "ആയിരത്തിൽ അഞ്ചുപേർക്ക് തൊഴിൽ " എന്ന പദ്ധതിക്ക് ഊർജ്ജം പകരാനും കഴിയും. കൂടാതെ ഈ പദ്ധതിപ്രകാരം തെരഞ്ഞെടുക്കുന്ന യൂണിറ്റുകൾക്ക് പതിനാലാം പഞ്ചവൽസര പദ്ധതി മാർഗ്ഗരേഖപ്രകാരം അനുവദനീയമായ സബ്സിഡി അനുവദിക്കുന്നതിനും സാധിക്കും. ഈ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും സംരംഭകർക്ക് നൽകുന്നതിനായി എല്ലാ പഞ്ചായത്തുകളിലും നഗരസഭകളിലും ഒരു ഇന്റേണിനെ വ്യവസായ വകുപ്പ് നിയമിച്ചിട്ടുണ്ട്. പുതിയ സംരംഭകരെ കണ്ടെത്തുന്നതിന് നഗരസഭാതലത്തിൽ വ്യവസായ വകുപ്പിന്റെ സഹകരണത്തോടെ സംരംഭക ബോധവൽക്കരണ പരിപാടികളും മൈക്രോ സംരംഭകർക്ക് ലോൺ മേളകളും സംഘടിപ്പിച്ചുവരുന്നു. ആവശ്യമായ പരിശീലന പരിപാടികൾ, സബ്സിഡി ധനസഹായം എന്നിവയും നൽകിവരുന്നു.

കോട്ടയം ജില്ലയിലെ മുണ്ടാർ നടപ്പാലം നിർമ്മാണം

345 (2493) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ കടുത്തുരുത്തി ബ്ലോക്ക് ഡിവിഷനിൽപ്പെട്ട മുണ്ടാർ നടപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ സ്തംഭനാവസ്ഥയിൽ ആകാനുള്ള കാരണം വ്യക്തമാക്കുമോ?

പ്രസ്തുത പാലം പിയർ ക്യാപ് വരെ പണി പൂർത്തീകരിച്ചപ്പോൾ നടപ്പാലത്തിന്റെ മധ്യഭാഗത്തുള്ള തൂണുകൾ തമ്മിലുള്ള അകലം കൂട്ടണമെന്ന് Inland Navigation Department ആവശ്യപ്പെട്ടതുപ്രകാരം പ്രവൃത്തി നിർത്തിവച്ചിരിക്കുകയാണ്. നിലവിൽ 38 ലക്ഷം രൂപയുടെ പ്രവൃത്തിയാണ് ടെണ്ടർ വഴി നടത്തിയിരുന്നത്. പൈൽ ക്യാപ് വരെ പൂർത്തിയായ പ്രവൃത്തിയുടെ മധ്യഭാഗത്തെ 3 തൂണുകൾ പൊളിച്ചുമാറ്റി സ്പാൻ കൂട്ടിനിർമ്മിക്കുന്നതിന് വ്യക്തമായ തീരുമാനമുണ്ടാകണം. അതായത്, നിലവിലുള്ള പ്രവൃത്തി ക്ലോസ് ചെയ്തുകൊണ്ട് ഇനി തീരാനുള്ള പ്രവൃത്തി പുതിയ വർക്കായി എടുക്കണം. നിലവിലെ തീരുമാനം പ്രവൃത്തി റീ-ഡിസൈൻ ചെയ്ത് തുടരണമെന്നുള്ളതാണ്. ഈ കാരണങ്ങളാലാണ് പ്രവൃത്തി സ്തംഭനാവസ്ഥയിലായിട്ടുള്ളത്.

(ബി) പ്രസ്തുത സ്തംഭനാവസ്ഥ പരിഹരിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ?

കോട്ടയം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എം.എൽ.എ. ആസ്തി വികസന ഫണ്ടുപയോഗിച്ച് തുടങ്ങിയ നിർമ്മാണം പാതിവഴിയിൽ നിലച്ചതുമൂലം ഖജനാവിനുണ്ടായ നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

നിലവിൽ നഷ്ടമൊന്നും ഉണ്ടായിട്ടില്ല.

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ നിജസ്ഥിതി

346 (2494) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ നിലവിലെ സ്ഥിതിയും വിശദാംശവും ലഭ്യമാക്കാമോ?

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും അതിദരിദ്രാവസ്ഥയിൽനിന്നും മോചിപ്പിക്കുന്നതിന് തയ്യാറാക്കുന്ന സൂക്ഷ്മതല പദ്ധതിയാണ് മൈക്രോപ്ലാൻ. നിലവിൽ തദ്ദേശ സ്ഥാപനതലത്തിൽ അതിദരിദ്രർക്കായുള്ള മൈക്രോപ്ലാൻ തയ്യാറാക്കൽ പൂർത്തീകരിച്ചിട്ടുണ്ട്. അവകാശം അതിവേഗം എന്ന പേരിൽ അതിദരിദ്രർക്ക് അവകാശ രേഖകൾ (വോട്ടർ ഐ.ഡി., ആധാർ കാർഡ്, റേഷൻ കാർഡ്, ബാങ്ക് അക്കൗണ്ട്) നൽകൽ, ഭക്ഷണം, അതിദരിദ്രരായി കണ്ടെത്തിയ എല്ലാവരുടെയും ആരോഗ്യ പരിശോധന, സാമൂഹ്യസുരക്ഷാ പെൻഷൻ, അതിദരിദ്ര പട്ടികയിൽ ഭവനം ആവശ്യമുള്ളവർക്ക് ലൈഫ് ലിസ്റ്റിൽ ഉൾപ്പെടുത്തി ഭവനം നൽകൽ, ഏകാംഗ കുടുംബത്തിലുള്ള അതിദരിദ്രരെ പുനരധിവാസ കേന്ദ്രങ്ങളിലേയ്ക്ക് മാറ്റിപ്പാർപ്പിക്കൽ മുതലായ സേവനങ്ങൾ തദ്ദേശ സ്ഥാപനതലത്തിൽ നടപ്പാക്കിവരുന്നു.

- അതിദരിദ്ര കുടുംബങ്ങൾക്കായി തയ്യാറാക്കിയ മൈക്രോപ്ലാനുകളുടെ എണ്ണം - 55507.
- അവ തയ്യാറാക്കിയ തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം - 1032.

ആലപ്പുഴ ജില്ലയിലെ കുമാരപുരം ഗ്രാമപഞ്ചായത്തിലും കാസർഗോഡ് കള്ളാർ ഗ്രാമപഞ്ചായത്തിലും അതിദരിദ്രർ ഇല്ല.

നൽകിയ സേവനങ്ങൾ

ആഹാരം നൽകിയവർ - 14618

ആരോഗ്യ സേവനം ലഭിച്ചവർ - 22233

ആരോഗ്യ ഇൻഷ്വറൻസ് - 733

സാമൂഹ്യസുരക്ഷാ പെൻഷൻ - 933

റേഷൻ കാർഡ് - 2584

ആധാർ കാർഡ് - 2289

ഇലക്ഷൻ തിരിച്ചറിയൽ കാർഡ് - 6776

ബാങ്ക് അക്കൗണ്ട് - 313

കുടുംബശ്രീ അയൽക്കൂട്ട അംഗത്വം - 788

ഭിന്നശേഷിക്കാരുടെ തിരിച്ചറിയൽ കാർഡ് - 37

തൊഴിലുറപ്പ് പദ്ധതി തൊഴിൽ കാർഡ് – 761

AAY റേഷൻ കാർഡ് - 238

ഷെൽട്ടർ ഹോമിലേയ്ക്ക് മാറ്റി പാർപ്പിച്ചവർ - 194

(ബി) ഇതുസംബന്ധിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ നടത്തേണ്ട സർവ്വേ നടപടി പൂർത്തിയായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ 2022 ഫെബ്രുവരി മാസത്തിൽ പൂർത്തീകരിക്കുകയും അതിദരിദ്രരായി 64006 കുടുംബങ്ങളെ കണ്ടെത്തുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയുടെ വൈപ്പിൻ മണ്ഡലത്തിലെ സ്ഥിതിയും അതിദരിദ്രരുടെ എണ്ണവും പഞ്ചായത്ത് അടിസ്ഥാനത്തിൽ വ്യക്തമാക്കാമോ?

വൈപ്പിൻ നിയോജകമണ്ഡലത്തിലെ അതിദാരിദ്ര്യ നിർണ്ണയവുമായി ബന്ധപ്പെട്ട സർവ്വേ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മൈക്രോ പ്ലാൻ തയ്യാറാക്കി, അത് നടപ്പാക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. വൈപ്പിൻ നിയോജകമണ്ഡലത്തിലെ എടവനക്കാട്, കടമക്കുടി, മുളവുകാട് എന്നീ പഞ്ചായത്തുകളിൽ അവകാശം അതിവേഗം പ്രവർത്തങ്ങൾ പൂർത്തീകരിച്ചു. പള്ളിപ്പുറം പഞ്ചായത്ത് 90% അവകാശം അതിവേഗം പ്രവർത്തങ്ങൾ പൂർത്തീകരിച്ചു. നായരമ്പലം കുഴുപ്പുള്ളി പഞ്ചായത്ത് പ്രോസസ്സിംഗ് സ്റ്റേജിലാണ്.

ഞാറക്കൽ പഞ്ചായത്തിലെ അവകാശം അതിവേഗം പ്രവർത്തങ്ങൾ പൂർത്തീകരിക്കാനുണ്ട്. വീട് ആവശ്യമുള്ളവർക്ക് പദ്ധതി രൂപീകരിച്ച് DPC അംഗീകാരം നേടിയിട്ടുണ്ട്. അതുകൂടാതെ, ഒറ്റയ്ക്ക് താമസിക്കുന്നവരെയും അലഞ്ഞുതിരിയുന്നവരെയും ഷെൽട്ടർ ഹോമുകളിൽ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വൈപ്പിൻ നിയോജകമണ്ഡലത്തിലെ അതിദരിദ്രരുടെ എണ്ണം ചുവടെ ചേർക്കുന്നു:-

1. ഞാറക്കൽ - 53

2.എടവനക്കാട് - 101

3. കുഴുപ്പുള്ളി – 35

4. പള്ളിപ്പുറം – 87

5. മുളവുകാട് – 15

6. കടമക്കുടി - 19

7. നായരമ്പലം- 51

8. എളംകുന്നപ്പുഴ - 86

(ഡി) പ്രസ്തുത പദ്ധതി മുഖേന ഗുണഭോക്താക്കൾക്കും കുടുംബത്തിനും എന്തെല്ലാം ആനുകൂല്യങ്ങളാണ് ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ കണ്ടെത്തിയ കുടുംബങ്ങളെയും വ്യക്തികളെയും അതിദരിദ്രാവസ്ഥയിൽനിന്നും മോചിപ്പിക്കുന്നതിന് തയ്യാറാക്കുന്ന സൂക്ഷ്മതല പദ്ധതിയാണ് മൈക്രോപ്ലാൻ. അതിദരിദ്ര കുടുംബങ്ങൾക്ക് മൈക്രോപ്ലാൻ തയ്യാറാക്കുമ്പോൾ ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികൾ, ഹ്രസ്വകാലത്തേയ്ക്ക് നടപ്പാക്കാവുന്ന പദ്ധതികൾ, ദീർഘകാല പദ്ധതികൾ എന്നിങ്ങനെ മൂന്നായി തരംതിരിച്ചാണ് സേവനങ്ങൾ ലഭ്യമാക്കുന്നത്. ഉടൻ നടപ്പാക്കാവുന്ന സർവ്വീസ് പദ്ധതികളിൽ-കുടുംബങ്ങളുടെ അതിജീവനത്തിന് അടിയന്തരമായി ചെയ്യേണ്ട കാര്യങ്ങൾ, എളുപ്പത്തിൽ ചെയ്യാവുന്ന സേവനങ്ങൾ (റേഷൻ കാർഡ്, ആധാർ കാർഡ് മുതലായവ ലഭ്യമാക്കൽ) ആരോഗ്യ ഇൻഷ്വറൻസ്, ഭക്ഷണം, ചികിത്സ മുതലായവ ഉൾപ്പെടുന്നു. ഹ്രസ്വകാല പദ്ധതികളിൽ-അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ, പഠന സൗകര്യങ്ങളൊരുക്കൽ, സ്ഥിരമായ ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തൽ മുതലായവ ഉൾപ്പെടുന്നു. ദീർഘകാല സമഗ്ര പദ്ധതികളിൽ - വീട്, കക്കൂസ്, വൈദ്യുതി, കുടിവെള്ളം മുതലായ സേവനങ്ങൾ ഉൾപ്പെടുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് ഫണ്ട്

347 (2495) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2022-23 വർഷത്തെ വാർഷിക പദ്ധതികളിലുൾപ്പെടുത്തി അനുവദിച്ച മെയിന്റനൻസ് ഫണ്ട് വെട്ടിക്കുറച്ച് തുകയിൽ മാറ്റം വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെട്ടിക്കുറച്ച പ്രസ്തുത തുക നടപ്പ് വർഷംതന്നെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയിരുന്നോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത തുക എപ്പോൾ നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

(എ-സി) ഇല്ല. 2022-23 സാമ്പത്തിക വർഷം 3005.66 കോടി രൂപ വകയിരുത്തുകയും ആയത് പൂർണ്ണമായും പ്രാദേശിക സർക്കാരുകൾക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ശുചിത്വ മിഷൻ പ്രവൃത്തികൾ

348 (2496) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അരുവിക്കര നിയോജകമണ്ഡലത്തിലെ പഞ്ചായത്തുകളിൽ ശുചിത്വ മിഷൻ നടപ്പാക്കിയിട്ടുള്ള പ്രവൃത്തികൾ വിശദമാക്കാമോ?

ശുചിത്വ-മാലിന്യ സംസ്കരണ മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി അജൈവ പാഴ്വസ്തുശേഖരണം, സംഭരണം, സംസ്കരണത്തിനായി അവയുടെ നീക്കം ചെയ്യൽ എന്നിവയ്ക്കായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ പിന്തുണാ സഹായങ്ങൾ ശുചിത്വമിഷൻ നൽകിവരുന്നു. ഇതിന്റെ ഭാഗമായി ഹരിതകർമ്മസേനയുടെ പ്രവർത്തനം മുൻസർക്കാരിന്റെ കാലത്ത് തുടക്കംകുറിച്ചിട്ടുള്ളതും ആയത് കൂടുതൽ ക്രമീകൃതമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയും ചെയ്യുന്നു. ഇതിനായി മിനി എം.സി.എഫ്., മെറ്റീരിയൽ കളക്ഷൻ സംവിധാനങ്ങൾ, റിസോഴ്സ് റിക്കവറി സംവിധാനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾക്ക് മുൻസർക്കാരിന്റെ കാലത്ത് തുടക്കംകുറിച്ചിരുന്നത് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൂർത്തീകരണ ഘട്ടത്തിലെത്തിയിട്ടുണ്ട്. നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും മിനി എം.സി.എഫ്.-കളും വെള്ളനാട് ഒഴികെയുള്ള പഞ്ചായത്തുകളിൽ എം.സി.എഫ്.-കളും സജ്ജമായിട്ടുള്ളത് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നുണ്ട്. ഈ പ്രവർത്തനങ്ങൾ

കാര്യക്ഷമമായി നടത്തുന്നതിന് വാഹന സൗകര്യം ശുചിത്വമിഷൻ പദ്ധതി മുഖേന ആര്യനാട്, അരുവിക്കര പഞ്ചായത്തുകളിൽ ലഭ്യമായിട്ടുണ്ട്. വാഹനം വാങ്ങുന്നതിനുള്ള പദ്ധതി പൂവച്ചൽ ഗ്രാമപഞ്ചായത്ത് നടപ്പുവർഷം ഏറ്റെടുത്ത് നടപ്പാക്കിവരുന്നുണ്ട്.

വ്യക്തിഗത ടോയ്‌ലറ്റ് പദ്ധതികൾ

സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) പദ്ധതിയുടെ ഭാഗമായി മണ്ഡലത്തിലെ ആര്യനാട്, അരുവിക്കര, തൊളിക്കോട് എന്നീ ഗ്രാമപഞ്ചായത്തുകളിലായി 67 വീടുകൾക്ക് ശുചിമുറി സൗകര്യം കഴിഞ്ഞ 2 വർഷക്കാലയളവിനുള്ളിൽ നൽകിയിട്ടുണ്ട്.

വഴിയിടം - ടേക്ക് എ ബ്രേക്ക്

ഉന്നതനിലവാരത്തിലുള്ള പൊതുശുചിമുറികൾ പാതയോരങ്ങളിൽ സ്ഥാപിക്കുന്നതിന്റെ ഭാഗമായി എല്ലാ പഞ്ചായത്തിലും ടേക്ക് എ ബ്രേക്ക് പദ്ധതി ഏറ്റെടുത്തിട്ടുള്ളതും 3 പഞ്ചായത്തുകളിലായി (ആര്യനാട്, വെള്ളനാട്, പൂവച്ചൽ) 4 എണ്ണം പൂർത്തിയായിട്ടുള്ളതുമാണ്.

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി നാളിതുവരെ ചെലവഴിച്ചിട്ടുള്ള തുകയും പ്രവർത്തന പുരോഗതിയും അറിയിക്കുമോ?

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ശുചിത്വമിഷന്റെ വിവിധ പദ്ധതികളുടെ ഭാഗമായി അരുവിക്കര നിയോജകമണ്ഡലത്തിൽ 37,29,940 രൂപ (മുപ്പത്തിയേഴ് ലക്ഷത്തി ഇരുപത്തൊമ്പതിനായിരത്തി തൊള്ളായിരത്തിനാല്പത് രൂപ) ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശം, പ്രവർത്തന പുരോഗതി എന്നിവ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

വിളർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹോമിയോ ആശുപത്രിക്ക് പുതിയ കെട്ടിടം

349 (2497) ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിളർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹോമിയോ ആശുപത്രിക്ക് ആയുഷ് വകുപ്പിൽനിന്നുള്ള ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഭൂമിയുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിളർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഹോമിയോ ആശുപത്രിക്ക് ആയുഷ് വകുപ്പിൽനിന്നുള്ള ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിട നിർമ്മാണത്തിനുള്ള നിർദ്ദിഷ്ട ഭൂമിയുമായി ബന്ധപ്പെട്ട് OS/246/2020 നമ്പരായി കേസ് നിലനിൽക്കുന്നു. വിളർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഹോമിയോ ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഫണ്ടിന്റെ ആദ്യ ഗഡുവായ 27 ലക്ഷം രൂപ ഹോമിയോ വകുപ്പ് അനുവദിക്കുകയും ഈ തുക PWD കെട്ടിട വിഭാഗത്തിന് കൈമാറി ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് വർക്ക് ആരംഭിച്ചിട്ടുള്ളതുമാണ്. സമീപത്തെ പുരയിടത്തിന്റെ ഉടമ പുരയിടം സംബന്ധിച്ച് പഞ്ചായത്തിനെതിരെ നൽകിയ കേസ് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണ്.

(ബി) എങ്കിൽ പ്രസ്തുത തടസ്സങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

അതിർത്തി നിശ്ചയിച്ച് ലഭ്യമാക്കുന്നതിന് തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതും വിചാരണ നടക്കുന്നതിനാൽ കേസ് തീർപ്പാക്കുന്ന മുറയ്ക്ക് മാത്രമേ അളവ് നടപടി പൂർത്തിയാക്കാൻ സാധിക്കുവെന്ന് തഹസിൽദാർ അറിയിച്ചിട്ടുള്ളതുമാണ്. നിലവിൽ ടി വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട കോടതി കമ്മീഷനെ നിയോഗിച്ച് പരിശോധിച്ചിട്ടുള്ളതും കമ്മീഷൻ റിപ്പോർട്ട് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലുമാണ്.

കോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും താൽക്കാലിക നിയമനങ്ങൾ

350 (2498) ശ്രീമതി ഉമ തോമസ്:

ശ്രീ. ടി. സിദ്ദിഖ്:

ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷനിലെ നിലവിലുള്ള 295 താൽക്കാലിക ഒഴിവുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. തിരുവനന്തപുരം നഗരസഭയിൽ ഹെൽത്ത് വിഭാഗത്തിലുള്ള ഒഴിവുകൾ നികത്തുന്നതിലേയ്ക്കായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതുമാകുന്നു.

(ബി) പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം കോർപ്പറേഷൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഡിപ്ലോമ അടിസ്ഥാന യോഗ്യതയായിട്ടുള്ള തസ്തികകൾക്ക് തിരുവനന്തപുരം മോഡൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്കും ഡിഗ്രി അടിസ്ഥാന യോഗ്യതയായിട്ടുള്ള തസ്തികകൾക്ക് തിരുവനന്തപുരം പ്രൊഫഷണൽ & എക്സിക്യൂട്ടിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്കും യോഗ്യരായ അപേക്ഷകരുടെ വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) സംസ്ഥാനത്തെ മറ്റുകോർപ്പറേഷനുകളിലെയും മുനിസിപ്പാലിറ്റികളിലെയും താൽക്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ?

സംസ്ഥാനത്തെ മുനിസിപ്പൽ/കോർപ്പറേഷനുകളിലെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത റെഗുലർ വിഭാഗം തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിലേയ്ക്കായി പി.എസ്.സി.-യിൽനിന്നുള്ള NAC നൽകിവരുന്നുണ്ട്. 26-2-2016-ലെ G.O.(P) 28/16/Fin, 28-4-2017-ലെ G.O.(P) 56/17/Fin എന്നീ നമ്പർ ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് വിധേയമായി താൽക്കാലിക നിയമനം നടത്തുന്നതിനാണ് നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്.

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നടപടി

351 (2499) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ നീക്കം ചെയ്യുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കളുടെ ഉൽപ്പാദനം, സൂക്ഷിക്കൽ, കൊണ്ടുപോകൽ, വില്പന എന്നിവ 27-11-2019-ലെ സർക്കാർ ഉത്തരവ് സ.ഉ.(കൈ) നമ്പർ 06/2019/പരി., പ്രകാരം 1-1-2020 മുതൽ കേരള സംസ്ഥാനത്ത് പൂർണ്ണമായി നിരോധനം ഏർപ്പെടുത്തുകയും പ്രസ്തുത ഉത്തരവുപ്രകാരം നിരോധിച്ചിട്ടുള്ള ഒറ്റത്തവണ ഉപയോഗത്തിലുള്ള വസ്തുക്കൾ സംബന്ധിച്ച് 17-12-2019-ലെ സ.ഉ.(കൈ) നമ്പർ 07/2019/പരി. പ്രകാരം വ്യക്തത വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. കൂടാതെ, 12-8-2021-ൽ പുറപ്പെടുവിച്ച കേന്ദ്ര പ്ലാസ്റ്റിക് മാലിന്യ പരിപാലന (ഭേദഗതി) ചട്ടങ്ങൾ 2021 പ്രകാരം താഴെപ്പറയുന്ന അധിക ഏകോപയോഗ പ്ലാസ്റ്റിക് ഉത്പന്നങ്ങളും രാജ്യവ്യാപകമായി നിരോധിച്ചിട്ടുണ്ട്.

- കാൻഡി സ്റ്റിക്കുകൾ
- പ്ലാസ്റ്റിക് സ്റ്റിക്കോടുകൂടിയ ഇയർ ബഡ്സുകൾ
- ഐസ്ക്രീം സ്റ്റിക്കുകൾ
- ബലൂണുകളിലെ പ്ലാസ്റ്റിക് സ്റ്റിക്കുകൾ
- സ്വീറ്റ് ബോക്സുകൾ
- ക്ഷണക്കത്തുകൾ
- സിഗരറ്റ് പാക്കറ്റുകളിലെ ആവരണങ്ങൾ
- പാക്കേജിംഗ് ഫിലിമുകൾ

- മേൽപ്രകാരമുള്ള സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ, നഗരസഭാതലത്തിൽ സ്ക്വാഡ് രൂപീകരിച്ച് നിരോധിത പ്ലാസ്റ്റിക് ബാഗുകളും മറ്റുനിരോധിത വസ്തുക്കളും വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തി പിടിച്ചെടുക്കുകയും പിഴ ഈടാക്കുകയും ചെയ്തുവരുന്നു.

- 2022 ജൂലൈ 1-നുശേഷം ഇതുവരെ നഗരസഭാ പ്രദേശങ്ങളിൽ ആകെ 8193 പരിശോധനകൾ നടത്തുകയും 23095 ഗ്രാം ഒറ്റത്തവണ ഉപയോഗ പ്ലാസ്റ്റിക് ഉത്പന്നങ്ങൾ പിടിച്ചെടുക്കുകയും 50,68,617 രൂപ കടകൾക്ക് ഫൈൻ ചുമത്തുകയും ആയതിൽ 35,25,457 രൂപ ഫൈനായി ഈടാക്കുകയും ചെയ്തിട്ടുണ്ട്.

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് തലത്തിൽ മൈക്ക് അനൗൺസ്മെന്റ്, നോട്ടീസ് നൽകൽ, പ്രാദേശിക ചാനൽ/സോഷ്യൽ മീഡിയ, പത്രം എന്നിവയിലൂടെ പൊതുജനങ്ങൾക്ക് ബോധവത്കരണം എന്നിവ നൽകുകയുണ്ടായി. ഇതോടനുബന്ധിച്ച് ഗ്രാമപഞ്ചായത്തുകളിലെ വ്യാപാര-വ്യവസായി പ്രതിനിധികൾ, റസിഡൻസ് അസോസിയേഷൻ പ്രതിനിധികൾ, രാഷ്ട്രീയ-സാമൂഹിക-സന്നദ്ധ-സംഘടനാ പ്രതിനിധികൾ എന്നിവരുടെ യോഗം വിളിച്ച് ചേർക്കുകയും ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് വസ്തുക്കൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശം നൽകുകയും ചെയ്യുകയുണ്ടായി. പ്ലാസ്റ്റിക്കിനുപകരം ഉപയോഗിക്കാവുന്ന ഉല്പന്നങ്ങളുടെ പ്രദർശനം കുടുംബശ്രീ മുഖേന നടത്തുകയുണ്ടായി. ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുക്കൾ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ജില്ലാതലത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ എന്നിവരുടെ നേതൃത്വത്തിൽ ജില്ലാതല പരിശോധനാ ടീം രൂപീകരിക്കുകയും വിവിധ പഞ്ചായത്തുകളിലെ വ്യാപാര സ്ഥാപനങ്ങൾ, മാർക്കറ്റുകൾ, ഷോപ്പിംഗ് മാളുകൾ, ഹോട്ടലുകൾ, വഴിയോര തട്ടുകൾ എന്നിവിടങ്ങളിൽ ആകസ്മിക

പരിശോധനകൾ നടത്തുകയും നിയമം ലംഘിക്കുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യ. പഞ്ചായത്തുതലത്തിൽ പഞ്ചായത്ത് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ ഇത്തരം പരിശോധനകൾ നിശ്ചിത ഇടവേളകളിൽ നടത്തുകയും നിയമം ലംഘിക്കുന്നവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുവരുന്നു. ഹരിത കർമ്മസേനാംഗങ്ങൾ മുഖേന വീടുകൾ, വ്യാപാര-വാണിജ്യ സ്ഥാപനങ്ങൾ, മറ്റുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും പ്ലാസ്റ്റിക്ക് ശേഖരിച്ച് തരംതിരിച്ച് ക്ലീൻ കേരള കമ്പനി/സ്വകാര്യ ഏജൻസിക്ക് കൈമാറുന്ന രീതിയും അവലംബിച്ചുവരുന്നു.

(ബി) പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ പൊതുനിരത്തിൽ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ശിക്ഷനൽകുന്നതിനും ഫൈൻ ഈടാക്കുന്നതിനും തീരുമാനിച്ചിട്ടുണ്ടോ?

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ പൊതുനിരത്തിൽ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ശിക്ഷനൽകുന്നതിനും ഫൈൻ ഈടാക്കുന്നതിനും ബന്ധപ്പെട്ട തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരമുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ പ്ലാസ്റ്റിക് മാനേജ്മെന്റ് ബൈലോ പാസാക്കിയിട്ടുണ്ട്. ആയതുപ്രകാരവും കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരവും പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ പൊതുനിരത്തിൽ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ നോട്ടീസ് നൽകുകയും നിയമാനുസൃത ഫൈൻ ഉൾപ്പെടെയുള്ള ശിക്ഷാ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(സി) എങ്കിൽ അത്തരത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്ലാസ്റ്റിക് ഉൾപ്പെടെയുള്ള അജൈവ മാലിന്യങ്ങൾ പൊതുനിരത്തിൽ അലക്ഷ്യമായി വലിച്ചെറിയുന്നവർക്കെതിരെ ആകെ 57 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ലൈഫ് പദ്ധതി

352 (2500) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പുവർഷം എത്ര വീടുകൾ നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

106000 വീടുകൾ നൽകാനാണ് ഉദ്ദേശിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ട 65987 ഗുണഭോക്താക്കളിൽ 32650 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിക്കുകയും 33337 ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്. ഇതിനുപുറമെ സർക്കാരിന്റെ

15-11-2022-ലെ സ.ഉ.(സാധാ) നമ്പർ 2806/2022 ത.സ്വ.ഭ.വ. പ്രകാരം 2018-ലും 2022-ലും വായ്പകൾ അനുവദിക്കുന്നതിനായി ലൈഫ് മിഷൻ കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് കൈമാറിയിട്ടുള്ള ഗുണഭോക്തൃ പട്ടികകളിലെ ഫണ്ട് അഭ്യർത്ഥന നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്കുപകരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി/പട്ടികവർഗ്ഗ ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളെയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരെയും ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സർക്കാരിന്റെ 15-11-2022-ലെ സ.ഉ.(സാധാ) നമ്പർ 2807/2022 ത.സ്വ.ഭ.വ. പ്രകാരം 2017-ൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിലും 2019-ലെ അഡീഷണൽ പട്ടികയിലും ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതർക്ക് പൂർണ്ണമായും ഭവന നിർമ്മാണാനുകൂല്യം ലഭ്യമാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തെ ത്രിതല പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽനിന്നും ഭവനനിർമ്മാണത്തിനായുള്ള പദ്ധതി ഏറ്റെടുക്കുന്നതിനും ലൈഫ് ഭൂരഹിത പട്ടികയിലെ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി ഏറ്റെടുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി മുഖേന സർക്കാർ എത്ര തുകയാണ് നൽകിവരുന്നത്; പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ഈയിനത്തിൽ ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ?

പൊതുവിഭാഗ/പട്ടികജാത/പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് 4 ലക്ഷം രൂപയാണ് നൽകിവരുന്നത്. വിദൂര സങ്കേതങ്ങളിൽ താമസിക്കുന്ന പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് 6 ലക്ഷം രൂപയാണ് ഭവനനിർമ്മാണാനുകൂല്യമായി നൽകുന്നത്. നടപ്പുവർഷം ഇതുവരെ ടി ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിനായി 525.4 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി

353 (2501) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ ഏതൊക്കെയാണെന്നും ഇവയിലോരോന്നിന്റെയും നിലവിലുള്ള പുരോഗതി എന്താണെന്നും വിശദമാക്കുമോ?

പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇനി ഞാനൊഴുകട്ടെ പദ്ധതി

354 (2502) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസ്രോതസ്സുകളുടെ പുനരുജ്ജീവനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന 'ഇനി ഞാൻ ഒഴുകട്ടെ' എന്ന പദ്ധതിയിലൂടെ എത്ര കിലോമീറ്റർ നീർച്ചാലുകൾ വീണ്ടെടുക്കാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ?

'ഇനി ഞാൻ ഒഴുകട്ടെ' പദ്ധതിയിലൂടെ 1865.94 കിലോമീറ്റർ നീർച്ചാലുകൾ വീണ്ടെടുത്തിട്ടുണ്ട്.

(ബി) ഏറ്റവും കൂടുതൽ നീർച്ചാലുകൾ മാലിന്യമുക്തമാക്കിയത് ഏത് ജില്ലയിലാണെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ല -748.56 കിലോമീറ്റർ.

(സി) പ്രസ്തുത പദ്ധതിമൂലം കാർഷിക രംഗത്തും പരിസ്ഥിതിയിലുമുണ്ടായ ഗുണപരമായ മാറ്റങ്ങൾ വിശദമാക്കാമോ?

ഒഴുക്ക് നിലച്ച നീർച്ചാലുകൾ മലിനീകരണത്തിന് കാരണമാകുന്നതോടൊപ്പം കൃഷിക്ക് വെള്ളം ലഭിക്കുന്നതിന് തടസ്സമാകുകയും ജലനിർഗ്ഗമനം തടസ്സപ്പെടുത്തുകയും ചെയ്യുന്നു. നീർച്ചാൽ പുനരുജ്ജീവനം പൂർത്തീകരിച്ച പ്രദേശങ്ങളിൽ ജലഗുണനിലവാരം മെച്ചപ്പെട്ടിട്ടുണ്ട്. കൂടാതെ വെള്ളക്കെട്ട് ഒഴിവായി ജലനിർഗ്ഗമനം സുഗമമായതോടെ കൂടുതൽ പ്രദേശത്ത് കൃഷി സാധ്യമായിട്ടുണ്ട്. കൂടുതലും കിണറുകളെ ആശ്രയിക്കുന്ന കേരളത്തിൽ ജലഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് നീർച്ചാലുകളും ജലാശയങ്ങളും മാലിന്യമുക്തമാക്കി ഒഴുക്ക് സുഗമമാക്കിയതിലൂടെ സാധിച്ചിട്ടുണ്ട്.

എൽ.എസ്.ജി.ഡി. റോഡുകൾക്ക് ബി.എം. ആൻഡ് ബി.സി. നിലവാരം

355 (2503) ശ്രീ. മുഹമ്മദ് മുഹസിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.എസ്.ജി.ഡി. റോഡുകൾ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ അഭിവൃദ്ധിപ്പെടുത്തുന്നതിന് നാറ്റ്-പാക്ക് സ്റ്റഡി റിപ്പോർട്ട് വേണമെന്ന് നിബന്ധനയുണ്ടോ; വിശദാംശം നൽകുമോ; എങ്കിൽ ഇതുസംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

നാറ്റ്-പാക്ക് സ്റ്റഡി റിപ്പോർട്ട് ആവശ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) സംസ്ഥാനത്തെ പി.ഡബ്ല്യു.ഡി. ഒ.ഡി.ആർ. (അതർ ഡിസ്ട്രിക്ട് റോഡ്) റോഡുകൾപോലും ബി.എം. ആൻഡ് ബി.സി. നിലവാരത്തിലേയ്ക്ക് ഉയർത്തപ്പെട്ട സാഹചര്യത്തിൽ പ്രധാനപ്പെട്ട പി.ഡബ്ല്യു.ഡി. കണക്ഷൻ റോഡുകളായ എൽ.എസ്.ജി.ഡി. റോഡുകൾ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ ഉയർത്തുന്നതിന് ഇത്തരത്തിലുള്ള സ്റ്റഡി റിപ്പോർട്ട് വേണമെന്ന നിബന്ധന ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

ഓരോ റോഡിലൂടെയും കടന്നുപോകുന്ന വാഹനങ്ങളുടെ ബാഹുല്യം (AXLE LOAD) കണക്കിലെടുത്താണ് ഏതുനിലവാരത്തിൽ റോഡ് നിർമ്മിക്കണമെന്ന് ഡിസൈൻ ചെയ്യുന്നത്.

(സി) പട്ടാമ്പി മണ്ഡലത്തിലെ തദ്ദേശറോഡുകളിൽ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ ഉയർത്തുന്നതിന് സാധ്യതയുള്ള റോഡുകളുടെ വിവരം നൽകാമോ?

പട്ടാമ്പി മണ്ഡലത്തിലെ തദ്ദേശറോഡുകളിൽ ബി.എം. ആൻഡ് ബി.സി. നിലവാരത്തിൽ ഉയർത്തുന്നതിന് സാധ്യതയുള്ള റോഡുകളുടെ വിവരം അനുബന്ധമായി* ചേർക്കുന്നു.

ടേക്ക്-എ-ബ്രേക്ക് വഴിയോര വിശ്രമ കേന്ദ്രങ്ങൾ

356 (2504) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് ടേക്ക്-എ-ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തിയ എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; തിരുവനന്തപുരം ജില്ലയിൽ എത്ര കേന്ദ്രങ്ങളുണ്ടെന്നും അവ എവിടെയെല്ലാമാണ് പ്രവർത്തിക്കുന്നതെന്നും അറിയിക്കാമോ?

സംസ്ഥാനത്ത് ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം നടത്തിയ 658 വഴിയോര വിശ്രമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം ജില്ലയിൽ 54 വഴിയോര വിശ്രമകേന്ദ്രങ്ങൾ നിലവിലുണ്ട്. അവയുടെ വിവരങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ചിറക്കൽ-മന്ന സ്റ്റേഡിയം

357 (2505) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചിറക്കൽ-മന്ന സ്റ്റേഡിയത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോ?

ഇല്ല.

(ബി) ഇതുമായി ബന്ധപ്പെട്ട ഫയലിന്റെ (ഇ.പി.എ.3/59/2022) നിലവിലെ സ്ഥിതി വിശദമാക്കുമോ?

പ്രസ്തുത ഫയലിലെ തീരുമാനപ്രകാരം പുറപ്പെടുവിച്ച 14-11-2022-ലെ സ.ഉ. (സാധാ) നമ്പർ 2799/2022/എൽ.എസ്.ജി.ഡി. പ്രകാരം ചിറക്കൽ പഞ്ചായത്തിലെ മന്ന സ്റ്റേഡിയം ഗ്രൗണ്ട് നവീകരണം എന്ന പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത പ്രവൃത്തി ആരംഭിക്കുന്നതിന് തടസ്സങ്ങളുണ്ടോ;

(ഡി) പ്രസ്തുത പ്രവൃത്തിയുടെ ശേഷിക്കുന്ന നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

(സി&ഡി) നിലവിലുള്ള സർക്കാർ ഉത്തരവ് പാലിച്ചുകൊണ്ട് ടെണ്ടർ മുഖാന്തരം PMC-യെ തെരഞ്ഞെടുത്തതിനുശേഷം എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി ലഭ്യമാക്കി അക്രെഡിറ്റഡ് ഏജൻസി മുഖാന്തരം പ്രവൃത്തി നടപ്പിലാക്കുന്നതാണ്.

മണലൂർ മണ്ഡലത്തിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ

ഒഴിവുള്ള തസ്തികകൾ

358 (2506) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വിവിധ തദ്ദേശ സ്ഥാപനങ്ങളിൽ നിലവിലുള്ള തസ്തികകൾ ഏതെല്ലാമെന്ന് സ്ഥാപനങ്ങൾ തിരിച്ചുള്ള വിശദാംശം നൽകാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഏതെല്ലാം തസ്തികകളിൽ ഒഴിവ് നിലവിലുണ്ടെന്ന് അറിയിക്കാമോ?

(എ&ബി) വിവരം അനുബന്ധമായി* ചേർക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

പുനർവിന്യാസ ഒഴിവുകൾ ഒഴികെയുള്ള തസ്തികകൾ നികത്തുന്നതിന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളതും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് നിയമനം നടത്തുന്നതുമാണ്. ഗ്രാമപഞ്ചായത്തുകളിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ 4 ഒഴിവുകളിൽ പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. ആയതിൽ നിയമന നടപടികൾ സ്വീകരിച്ചുവരുന്നു. പാർട്ട് ടൈം ലൈബ്രേറിയൻ തസ്തികയിലെ ഒഴിവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ജീവനക്കാർ സമ്മതപത്രം ലഭ്യമാക്കുന്ന മുറയ്ക്ക് ഫുൾ ടൈം സ്വീപ്പർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതാണ്. പാർട്ട് ടൈം സ്വീപ്പർ തസ്തികയുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന കേസ് തീർപ്പാകുന്ന മുറയ്ക്ക് പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതാണ്.

ലൈഫ് മിഷൻ പദ്ധതി

359 (2507) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലൈഫ് മിഷൻ പദ്ധതി മുഖേന എത്ര വീടുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

116911 വീടുകൾ അനുവദിച്ചിട്ടുണ്ട്.

(ബി) അർഹതയുള്ള എല്ലാവർക്കും വീട് നൽകുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

അർഹതയുള്ള എല്ലാവർക്കും വീട് നൽകുന്നതിനായി 2017-ലെയും 2019-ലെയും ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിൽ ഏർപ്പെടാത്ത ഗുണഭോക്താക്കളെ കരാർ വയ്പ്പിച്ച് ഭവനനിർമ്മാണാനുകൂല്യം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. ലൈഫ് 2020 പ്രകാരം ഓൺലൈനായി സ്വീകരിച്ച അപേക്ഷകളിന്മേൽ അർഹതാ പരിശോധനയും പുനഃപരിശോധനയും പൂർത്തീകരിച്ച് ഗുണഭോക്തൃ പട്ടിക അന്തിമമാക്കി. സർക്കാരിന്റെ 15-11-2022-ലെ സ.ഉ. (സാധാ) നമ്പർ 2806/2022 ത.സ്വ.ഭ.വ. പ്രകാരം 2018-ലും 2022-ലും വായ്പകൾ അനുവദിക്കുന്നതിനായി ലൈഫ് മിഷൻ കെ.യു.ആർ.ഡി.എഫ്.സി. മുഖേന ഹഡ്കോയ്ക്ക് കൈമാറിയിട്ടുള്ള ഗുണഭോക്തൃ പട്ടികകളിലെ ഫണ്ട് അഭ്യർത്ഥന നടത്തിയിട്ടില്ലാത്ത ഗുണഭോക്താക്കൾക്കുപകരം ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിലെ പട്ടികജാതി

പട്ടികവർഗ്ഗ, ഫിഷറീസ് ഭവനരഹിത ഗുണഭോക്താക്കളെയും അതിദരിദ്ര സർവ്വേയിലൂടെ കണ്ടെത്തിയ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരെയും ഉൾപ്പെടുത്തി ഭവനനിർമ്മാണത്തിനായുള്ള ധനസഹായം അനുവദിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സർക്കാരിന്റെ 15-11-2022-ലെ സ.ഉ.(സാധാ)നമ്പർ 2807/2022 ത.സ്വ.ഭ.വ. പ്രകാരം 2017-ൽ തയ്യാറാക്കിയ ഗുണഭോക്തൃ പട്ടികയിലും 2019-ലെ അഡീഷണൽ പട്ടികയിലും ഉൾപ്പെട്ടിട്ടുള്ള ഭൂമിയുള്ള ഭവനരഹിതർക്ക് പൂർണ്ണമായും ഭവനനിർമ്മാണാനുകൂല്യം ലഭ്യമാക്കിയിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ 2022-23 സാമ്പത്തിക വർഷത്തെ ത്രിതല പഞ്ചായത്ത് വിഹിതം ഉപയോഗിച്ച് ലൈഫ് 2020 ഗുണഭോക്തൃ പട്ടികയിൽനിന്നും ഭവനനിർമ്മാണത്തിനായുള്ള പദ്ധതി ഏറ്റെടുക്കുന്നതിനും ലൈഫ് ഭൂരഹിത പട്ടികയിലെ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി ഏറ്റെടുക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ഭവന സമുച്ചയങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. ഇതിനുപുറമെ ഭൂരഹിതർക്ക് ഭൂമി കണ്ടെത്തുന്നതിനായി 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിനും ജനപങ്കാളിത്തത്തോടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നടപ്പാക്കിവരുന്നു.

ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്കായുള്ള അദാലത്ത്

360 (2508) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പെർമിറ്റ്, കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ നൽകാത്ത കേസ്സുകൾ നിലവിലുണ്ടോ?

ഉണ്ട്.

(ബി) അത്തരം കെട്ടിടനിർമ്മാണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാനതലത്തിൽ അദാലത്തുകൾ നടത്താറുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത അദാലത്ത് നടത്തുന്നതിനായി ഏതെങ്കിലും പ്രത്യേക തീയതി, മാസം എന്നിവ നിലവിലുണ്ടോ?

(ബി&സി) അത്തരം കെട്ടിടനിർമ്മാണ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് 11-4-2022, 10-8-2022-ലെ പി.എസ്. 2/37/2022/ത.സ്വ.ഭ.വ. നമ്പർ സർക്കുലർപ്രകാരം ഗ്രാമപഞ്ചായത്ത്, ജില്ല, സംസ്ഥാനതലത്തിൽ അദാലത്തുകൾ നടത്തിയിട്ടുണ്ട്.

(ഡി) പ്രസ്തുത അദാലത്തിലുൾപ്പെടുത്തുന്നതിനായി കെട്ടിട ഉടമസ്ഥർ അപേക്ഷ നൽകേണ്ട നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

(ഇ) വീടുകളുടെ കാര്യത്തിൽ അദാലത്തിൽ എന്തെങ്കിലും പ്രത്യേക ഇളവുകൾ അനുവദിക്കുന്നുണ്ടോ; വിവരങ്ങൾ അറിയിക്കാമോ?

(ഡി&ഇ) കെട്ടിട ഉടമസ്ഥർ തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ അപേക്ഷ സമർപ്പിക്കേണ്ടതും ആയതിൽ തീർപ്പ് കല്പിക്കാൻ കഴിയാത്തവ ജില്ലാതല അദാലത്ത് സമിതിയിലേയ്ക്ക് സമർപ്പിക്കേണ്ടതും ആയതിൽ നടപടി സ്വീകരിക്കാൻ കഴിയാത്തവ സംസ്ഥാനതല അദാലത്തിലേയ്ക്ക് നൽകേണ്ടതുമാണ്. അദാലത്തിൽ വീടുകൾക്ക് പ്രത്യേക ഇളവ് അനുവദിച്ചിട്ടില്ല. എന്നാൽ കെട്ടിടനിർമ്മാണ ചട്ടങ്ങളുടെ പാലനം ബാധകമായ സംഗതികളിൽ ചട്ടം 20 (3) പ്രകാരമുള്ള ടോളറൻസ് 20% വരെ നൽകുന്നതിന് അദാലത്ത് സമിതിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

മലമ്പുഴ മണ്ഡലത്തിലെ കുന്നംപാറ വാതക ശ്മശാനം നിർമ്മാണം

361 (2509) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2022-23 വർഷത്തെ ബഡ്ജറ്റിൽ അനുവദിച്ച മലമ്പുഴ മണ്ഡലത്തിലെ അകത്തേത്തറ കുന്നംപാറ വാതക ശ്മശാന നിർമ്മാണ ഭരണാനുമതി ലഭ്യമാക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

മലമ്പുഴ നിയോജകമണ്ഡലത്തിലെ അകത്തേത്തറ ഗ്രാമപഞ്ചായത്തിലെ കുന്നംപാറ ശ്മശാനം, വാതകശ്മശാനമായി മാറ്റുന്നതിന് 2022-23 ബഡ്ജറ്റിൽ ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ വാല്യം-2-ൽ 680-ാം ക്രമനമ്പറിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് രണ്ട് കോടി രൂപയുടെ എസ്റ്റിമേറ്റ് പാലക്കാട് ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ചിരുന്നു. സൈറ്റിലേയ്ക്കുള്ള വഴിയുടെ വീതി 4.5 മീറ്റർ മാത്രമാണെന്നും 7 മീറ്റർ ആവശ്യമാണെന്നും റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ആവശ്യമായ വഴി ഏറ്റെടുക്കുന്നതിന് 75 ലക്ഷം രൂപ എസ്റ്റിമേറ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ കെ.പി.ബി.ആർ. 2019 റൂൾ 28 (1) പ്രകാരം വഴിയുടെ വീതി 5 മീറ്റർ മതിയാകുമെന്ന് കാണുന്നു. ആയത് പരിഗണിച്ച് എസ്റ്റിമേറ്റും അനുബന്ധരേഖകളും പുനഃസമർപ്പിക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.

ഗതാഗതയോഗ്യമല്ലാത്ത തദ്ദേശീയ റോഡുകൾ

362 (2510) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്തെത്തുടർന്ന് ശക്തമായ കാലവർഷം കാരണം പല തദ്ദേശീയ റോഡുകളും പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

കാലാവസ്ഥ വ്യതിയാനത്തെത്തുടർന്ന് ശക്തമായ കാലവർഷം കാരണം പല തദ്ദേശീയ റോഡുകളും പൊട്ടിപ്പൊളിഞ്ഞ് ഗതാഗതയോഗ്യമല്ലാതാവുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകൾ ദീർഘകാലത്തേയ്ക്ക് ഉപയോഗപ്രദമാവുന്ന തരത്തിൽ ബി.എം.&ബി.സി. ചെയ്യുന്നതിന് പ്രത്യേക പദ്ധതി തയ്യാറാക്കാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഓരോ റോഡിലൂടെയും കടന്നുപോകുന്ന വാഹനങ്ങളുടെ ബാഹുല്യം കണക്കിലെടുത്താണ് (AXLE LOAD) ഒരു റോഡ് ഏതുനിലവാരത്തിലാണ് നിർമ്മിക്കേണ്ടതെന്ന് ഡിസൈൻ ചെയ്യുന്നത്. ഇതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

മലമ്പുഴ മണ്ഡലത്തിലെ ലൈഫ് പദ്ധതി

363 (2511) ശ്രീ. എ. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലമ്പുഴ മണ്ഡലത്തിൽ ലൈഫ് മിഷന്റെ ഭാഗമായി നാളിതുവരെ എത്ര വീടുകൾ അനുവദിച്ചുവെന്നതിന്റെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

2022 നവംബർ വരെ 2351 വീടുകൾ അനുവദിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പഞ്ചായത്ത്	അനുവദിച്ച വീടുകൾ/എഗ്രിമെന്റ് വച്ചവരുടെ എണ്ണം			
		ഫേസ് 1	ഫേസ് 2	ഫേസ് 3	അഡീഷണൽ ലിസ്റ്റ്
(1)	(2)	(3)	(4)	(5)	(6)
1	അകത്തേത്തറ	8	120	20	13
2	എലപ്പുള്ളി	33	334	5	5

(1)	(2)	(3)	(4)	(5)	(6)
3	കൊടുമ്പ്	1	170	25	45
4	മലമ്പുഴ	102	168	28	38
5	മരുതറോഡ്	40	166	23	9
6	മുണ്ടൂർ	20	147	40	44
7	പുതുപ്പരിയാരം	0	205	39	8
8	പുതുശ്ശേരി	16	396	39	44
	ആകെ	220	1706	219	206

(ബി) ഇതിൽ എത്ര വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

1974 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	പഞ്ചായത്ത്	പൂർത്തീകരിച്ച വീടുകളുടെ എണ്ണം			
		ഫേസ് 1	ഫേസ് 2	ഫേസ് 3	അഡീഷണൽ ലിസ്റ്റ്
1	അകത്തേത്തറ	8	120	12	2
2	എലപ്പുള്ളി	33	329	1	0
3	കൊടുമ്പ്	1	152	15	11
4	മലമ്പുഴ	79	133	15	9
5	മരുതറോഡ്	40	163	14	4
6	മുണ്ടൂർ	20	144	32	15
7	പുതുപ്പരിയാരം	0	185	18	0
8	പുതുശ്ശേരി	16	391	12	0
	ആകെ	197	1617	119	41

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക

364 (2512) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കുമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിലവിൽ 5 ഒഴിവുകളുണ്ട്.

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് 2022 ജനുവരി മുതൽ നാളിതുവരെ പി.എസ്.സി. ലിസ്റ്റിൽനിന്നും അഡ്വൈസ് മെമ്മോ നൽകപ്പെട്ടിട്ടുള്ളതും ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമായവരുടെ വിശദവിവരങ്ങൾ അറിയിക്കുമോ?

അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നേരിട്ട് 163 പേർക്കും ഡിപ്പാർട്ട്മെന്റ് ക്വാട്ട വഴി 17 പേർക്കും നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ആയതിൽ 156 പേർ നാളിതുവരെയായി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിൽ നിയമനം നൽകിയവരുടെ വിശദവിവരം അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(സി) പ്രസ്തുത വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭിച്ച എത്ര അസിസ്റ്റന്റ് എഞ്ചിനീയർമാർ ജോലി ചെയ്യുവരുന്നുവെന്ന് അറിയിക്കാമോ?

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം ലഭ്യമായ അസിസ്റ്റന്റ് എഞ്ചിനീയർമാർ ആരുംതന്നെ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വകുപ്പിൽ ജോലി ചെയ്യുന്നില്ല.

ശ്മശാനങ്ങൾക്ക് ഡീംഡ് ലൈസൻസ്

365 (2513) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള നിബന്ധനകൾ നാൽപ്പത് വർഷം പഴക്കമുള്ള ശ്മശാനങ്ങൾക്കും ബാധകമാണോ; വ്യക്തമാക്കുമോ?

1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ വ്യവസ്ഥകൾപ്രകാരം പ്രസ്തുത ചട്ടങ്ങളുടെ പ്രാരംഭത്തിൽ നിലവിലുള്ളതും 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾപ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതുന്നതോ ആയതുമായ ശ്മശാനങ്ങൾ 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾപ്രകാരം രജിസ്റ്റർ ചെയ്തതായി കരുതേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. ആയതുപ്രകാരമാണ് ഗ്രാമപഞ്ചായത്തുകൾ ശ്മശാനങ്ങൾക്ക്

*

രജിസ്ട്രേഷൻ അനുവദിക്കുന്നത്. 1994-ലെ കേരള മുൻസിപ്പാലിറ്റി ആക്ട് വകുപ്പ് 483 പ്രകാരം ശവം കൈയൊഴിക്കുന്നതിനുള്ള സ്ഥലങ്ങൾ രജിസ്റ്റർ ചെയ്യുകയോ ഉടമസ്ഥനില്ലാത്ത സ്ഥലങ്ങൾ അടച്ചുകളയുകയോ ചെയ്യൽ - ഈ ആക്ടിന്റെ പ്രാരംഭത്തിൽ ശവം മറവുചെയ്യുകയോ ദഹിപ്പിക്കുകയോ അത് മറ്റുവിധത്തിൽ കൈയൊഴിക്കുകയോ ചെയ്യുന്നതിന് ഉപയോഗിക്കുന്ന ഏതെങ്കിലും സ്ഥലത്തിന്റെ ഏതൊരു ഉടമസ്ഥനും അല്ലെങ്കിൽ നിയന്ത്രണാധികാരമുള്ള ആളും അങ്ങനെയുള്ള സ്ഥലം മുമ്പുതന്നെ രജിസ്റ്റർ ചെയ്തിട്ടില്ലാത്തിടത്ത് അപ്രകാരമുള്ള സ്ഥലം രജിസ്റ്റർ ചെയ്ത് ലഭിക്കാനായി മുൻസിപ്പാലിറ്റിയിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(ബി) അത്തരം ശ്മശാനങ്ങൾക്ക് ഡീംഡ് ലൈസൻസ് നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; വിശദീകരിക്കുമോ?

ലൈസൻസിനുള്ള അപേക്ഷയിന്മേൽ സമയബന്ധിതമായി നടപടി സ്വീകരിക്കാതിരിക്കുമ്പോഴാണ് ലൈസൻസ് ഡീംഡ് ആകുന്നത്. 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങളിലെ വ്യവസ്ഥകൾപ്രകാരം പ്രസ്തുത ചട്ടങ്ങളുടെ പ്രാരംഭത്തിൽ നിലവിലുള്ളതും 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾപ്രകാരം രജിസ്റ്റർ ചെയ്തതോ രജിസ്റ്റർ ചെയ്യപ്പെട്ടതായി കരുതുന്നതോ ആയതുമായ ശ്മശാനങ്ങൾ 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾപ്രകാരം രജിസ്റ്റർ ചെയ്തതായി കരുതേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്.

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ വെൺമണി ഐ.പി.സി. ശാലോം ചർച്ചിന്റെ ശ്മശാനത്തിന് ഡീംഡ് ലൈസൻസ് നൽകാത്തതിന്റെ കാരണം വിശദീകരിക്കുമോ?

ഇന്ത്യൻ പെന്തകോസ്തൽ ചർച്ച് ഓഫ് ഗോഡ്, ചെങ്ങന്നൂർ നൽകിയ സെമിത്തേരി പൂർത്തീകരണ അപേക്ഷ സംബന്ധിച്ച് പരിശോധന നടത്തിയതിൽ വെൺമണി വില്ലേജ്, ബ്ലോക്ക് 15 റീസർവ്വേ നം 222/9-1 നമ്പർ ഭൂമിയിൽ പണിത സെമിത്തേരിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റിന് ഒരു അംഗീകൃത എഞ്ചിനീയർ മുഖാന്തരം അപേക്ഷ നൽകിയിട്ടില്ലാത്തതാണ്. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2019 ചട്ടം 25 (റൂൾ 25) പ്രകാരം ശ്മശാനങ്ങൾ, ശവപറമ്പുകൾ, കല്ലറ എന്നിവ ഗ്രൂപ്പ് I (ഐ)-യിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. കെ.പി.ബി.ആർ. ചട്ടം 26 (റൂൾ 26) പട്ടിക 4 പ്രകാരം കാറ്റഗറി (ഐ) വിഭാഗത്തിലുള്ള നിർമ്മിതികൾക്ക് മുൻവശം, പിൻവശം, വശങ്ങൾ എന്നിങ്ങനെ

4 വശങ്ങളിലും 7.5 മീറ്റർ ഉറസ്സായ സ്ഥലം ആവശ്യമുണ്ട്. കൂടാതെ കെ.പി.ബി.ആർ. ചട്ടം 28 (റൂൾ 28) പട്ടിക 8 എ പ്രകാരം കാറ്റഗറി I (ഐ) കെട്ടിടത്തിലേയ്ക്കുള്ള പ്രവേശനമാർഗ്ഗത്തിന്റെ ഏറ്റവും ചുരുങ്ങിയ വീതി 7 മീറ്റർ വേണം. മുകളിൽ സൂചിപ്പിച്ച കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ നിബന്ധനകൾ സെമിത്തേരി നിർമ്മാണത്തിൽ പാലിച്ചിട്ടില്ലാത്തതിനാലാണ് സെമിത്തേരിക്ക് ലൈസൻസ് നൽകാത്തത്.

(ഡി) പ്രസ്തുത ശ്മശാനത്തിന് എന്നത്തേയ്ക്ക് ലൈസൻസ് നൽകുമെന്ന് വ്യക്തമാക്കുമോ?

അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

തൃശ്ശൂർ മണ്ഡലത്തിലെ പെരുമന-തോട്ടക്കരപ്പാലം നിർമ്മാണം

366 (2514) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ മണ്ഡലത്തിലെ പെരിങ്ങോട്ട് കുറിശ്ശി പഞ്ചായത്തിലെ പെരുമന-തോട്ടക്കരപ്പാലം നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ മണ്ഡലത്തിലെ പെരിങ്ങോട്ട് കുറിശ്ശി പഞ്ചായത്തിലെ പെരുമന-തോട്ടക്കരപ്പാലം നിർമ്മാണത്തിലെ പ്രധാന പ്രവൃത്തിയായ പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ പ്രവൃത്തി അവശേഷിക്കുന്നു.

(ബി) പ്രസ്തുത നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കാമോ?

അപ്രോച്ച് റോഡ് നിർമ്മാണത്തിനായി നിലവിൽ ഫണ്ട് വകയിരുത്തിയിട്ടില്ല.

കോന്നി മണ്ഡലത്തിലെ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി

367 (2515) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി മണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഫേസ് II-ൽ ഉൾപ്പെടുത്തിയിട്ടുള്ള തദ്ദേശ റോഡ് പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയുടെ നിർമ്മാണ പ്രവൃത്തികൾ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

കോന്നി മണ്ഡലത്തിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയുടെ ഫേയ്സ് II-ൽ മണ്ണ് പരിശോധന/സർവ്വേ നടപടികൾക്കായി ഉൾപ്പെടുത്തിയിട്ടുള്ള തദ്ദേശ റോഡ് പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1. ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ കുന്നിട വട്ടക്കുന്നിൽ റോഡ്.

2. സീതത്തോട് ഗ്രാമപഞ്ചായത്തിലെ സീതക്കുഴി മുടവൻപാറ ഉരുനാഥൻ മണ്ണ് റോഡ്.

3. ഏനാദിമംഗലം ഗ്രാമപഞ്ചായത്തിലെ ചീക്കൻപാറ ചെറുവള്ളിമൂല മലമുറപ്പ്റോഡ്.

4. കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ കൊല്ലമുക്ക് പറയൻകോട് മണ്ണൂട്ടിൽപ്പടി റോഡ് റീ-ടാറിംഗ്, വാർഡ് 15, 16. 6-10-2020-ലെ സ.ഉ.(സാധാ) നമ്പർ 1835/2020/ത.സ്വ.ഭ.വ. പ്രകാരം തെരഞ്ഞെടുത്തിരുന്ന രണ്ടാംഘട്ട പ്രവൃത്തികൾ ഏറ്റെടുക്കുന്നത് നിലവിൽ റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ പരിഗണനയിലില്ല.

തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകോപനം

368 (2516) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പുകളുടെ ഏകോപനവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

തിരുവനന്തപുരം നന്തൻകോട് സ്വരാജ് ഭവനിൽ ഏകീകൃത വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറേറ്റ് നിലവിൽവന്നു. പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചു. മറ്റിടങ്ങളിൽ പ്രവർത്തിച്ചിരുന്ന ഓഫീസുകളുൾപ്പെടെ സ്വരാജ് ഭവനിലേയ്ക്ക് മാറ്റി 5 വകുപ്പുകളും ഒറ്റക്കുടക്കീഴിലാക്കി. 27-10-2022-ലെ SRO നമ്പർ 1030/2022, SRO നമ്പർ 1031/2022 പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസിന്റെയും സബോർഡിനേറ്റ് സർവ്വീസിന്റെയും സ്പെഷ്യൽ റൂൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്. 1-11-2022-ലെ സ.ഉ. (ആർ.റ്റി) നമ്പർ 2660/ 2022/ത.സ്വ.ഭ.വ. പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറേറ്റിലെയും ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസുകളിലെയും ഉദ്യോഗസ്ഥ സംവിധാനം നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ പദ്ധതി നിർവ്വഹണത്തിലെ പ്രയാസങ്ങൾ സംബന്ധിച്ച പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഏകോപനവുമായി ബന്ധപ്പെട്ട് പദ്ധതി നിർവ്വഹണത്തിലെ പ്രയാസങ്ങൾ സംബന്ധിച്ച് പ്രത്യേകിച്ച് പരാതികളൊന്നുംതന്നെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കാട്ടാക്കട മണ്ഡലത്തിലെ കുട്ടികളുടെ പാർക്കും ഓപ്പൺ ആഡിറ്റോറിയവും നിർമ്മാണം

369 (2517) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട മണ്ഡലത്തിൽ മലയിൻകീഴ് പട്ടണത്തോട് ചേർന്ന് വസ്തു വാങ്ങി കുട്ടികളുടെ പാർക്കും ഓപ്പൺ ആഡിറ്റോറിയവും നിർമ്മിക്കുന്നതിന് 2022-23 വർഷത്തെ ബഡ്ജറ്റ് നിർദ്ദേശവും ആയതിന്റെ അടിസ്ഥാനത്തിൽ മന്ത്രിക്ക് നൽകിയ അപേക്ഷയിന്മേലും (ഇ 6129690 തീയതി 11-5-2022) സ്വീകരിച്ച നടപടി വിശദമാക്കാമോ; ഇതുസംബന്ധിച്ച് പഞ്ചായത്തിനോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ?

വിഷയം ഡി.ബി.I/393/2022/ത.സ്വ.ഭ.വ. ഫയലിൽ കൈകാര്യം ചെയ്യുവരുന്നു. ബന്ധപ്പെട്ട വിഷയത്തിൽ ശിപാർശ സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടതിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിരിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിലെ പുതിയ തസ്തികകൾ

370 (2518) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരായ തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് ജീവനക്കാരുടെ ശമ്പളം പഞ്ചായത്ത്/മുൻസിപ്പാലിറ്റികളിൽ നിന്നാക്കുവാൻ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ?

തദ്ദേശസ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ ശമ്പളം പഞ്ചായത്ത്/മുൻസിപ്പാലിറ്റികളിൽ നിന്നാക്കുവാൻ തീരുമാനം കൈക്കൊണ്ടിട്ടില്ല.

(ബി) ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിനുവേണ്ടി രൂപീകരിച്ച പുതിയ തസ്തികകൾ ഏതൊക്കെയെന്നും അപ്ഗ്രേഡ് ചെയ്ത തസ്തികകൾ ഏതൊക്കെയെന്നും ഓരോ പുതിയ തസ്തികകളുടെയും ശമ്പള സ്കെയിൽ എത്രയാണെന്നും പുതിയ തസ്തികകൾ കാരണം സർക്കാരിന് വരുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്നും അറിയിക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിനുവേണ്ടി രൂപീകരിച്ച പുതിയ തസ്തികകൾ

അഡീഷണൽ ഡയറക്ടർ (112800-163400) - 1

ജോയിന്റ് ഡയറക്ടർ (107800-160000) - 7

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

അപ്ഗ്രേഡ് ചെയ്ത തസ്തികകൾ അനുബന്ധമായി *ചേർക്കുന്നു.

സ്റ്റേറ്റ് സർവ്വീസിലെ തസ്തികകളുടെ സൃഷ്ടിക്കൽ, അപ്ഗ്രഡേഷന്റെ ഭാഗമായി ഉണ്ടാകുന്ന ആകെ പ്രതിവർഷ സാമ്പത്തിക ബാധ്യത 2,37,16,764 രൂപ (രണ്ടു കോടി മുപ്പത്തിയേഴ ലക്ഷത്തി പതിനാറായിരത്തി എഴുന്നൂറ്റി അറുപത്തി നാല് രൂപ മാത്രം) ആണ്. സബോർഡിനേറ്റ് സർവ്വീസിലെ തസ്തികകൾ ഉയർത്തുമ്പോൾ സാമ്പത്തിക ബാധ്യത ഉണ്ടാകുന്നില്ല.

(സി) ജോയിന്റ് ഡയറക്ടർ തസ്തികകളിലേയ്ക്ക് നിയമനം നടത്തിയപ്പോൾ സ്വീകരിച്ച മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിലുള്ള അഞ്ച് വകുപ്പുകളെ ഏകീകരിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ പൊതുസർവ്വീസ് രൂപീകരിച്ച് 17-7-2020-ലെ സ.ഉ.(കൈ) നമ്പർ 106/2020/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിൽ ഏകീകൃത വകുപ്പിന്റെ ജില്ലാ മേധാവിയായി ജോയിന്റ് ഡയറക്ടർ/ജോയിന്റ് ഡെവലപ്മെന്റ് കമ്മീഷണർ എന്നിവർക്ക് സമാനമായ ഒരാളെ നിയമിക്കേണ്ടതാണെന്ന് ഉത്തരവായിരുന്നു. ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ പ്രഖ്യാപനം 2022 ഫെബ്രുവരി 19-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. അന്നേദിവസം മുതൽതന്നെ ഏകീകൃത വകുപ്പിന്റെ ജില്ലാ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതിനും ടി ഓഫീസുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുമായി ഏകീകൃത വകുപ്പിന്റെ ജില്ലാ ഓഫീസുകളുടെ ചുമതല ഓരോ ജില്ലയിലെയും ബന്ധപ്പെട്ട സീനിയർ മോസ്റ്റ് ഉദ്യോഗസ്ഥർക്ക് താൽക്കാലികമായി നൽകിക്കൊണ്ട് 17-2-2022-ലെ സ.ഉ. (സാധാ) നമ്പർ 347/2022/LSGD പ്രകാരം ഉത്തരവായിരുന്നു.

ലൈഫ് ഭവന പദ്ധതി

371 (2519) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈഫ് ഭവന പദ്ധതിക്കുവേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

കേരളത്തിലെ അർഹരായ എല്ലാ ഭവനരഹിതർക്കും സുരക്ഷിതവും മാന്യവുമായ വീടുകൾ നൽകുകയെന്ന ലക്ഷ്യത്തോടെയാണ് ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷാപദ്ധതി വിവിധ ഘട്ടങ്ങളായി നടപ്പാക്കിവരുന്നത്.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

1. ഒന്നാംഘട്ടം-2016 മാർച്ച് 31-ന് മുമ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായോ ഇതരവകുപ്പുകളുമായോ കരാറിലേർപ്പെട്ട് ഭവന നിർമ്മാണം ആരംഭിക്കുകയും എന്നാൽ വിവിധ കാരണങ്ങളാൽ ഭവന നിർമ്മാണം പൂർത്തീകരിക്കാത്ത ഗുണഭോക്താക്കളുടെ ഭവനങ്ങളുടെ പൂർത്തീകരണം.

2. രണ്ടാംഘട്ടം - 2017-ൽ തയ്യാറാക്കിയ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവനരഹിതരിൽ സ്വന്തമായി ഭൂമിയുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണത്തിന് ധനസഹായം.

3. മൂന്നാംഘട്ടം - ഭൂരഹിത ഭവനരഹിതരായ ഗുണഭോക്താക്കൾക്ക് ഭവനസമുച്ചയങ്ങൾ വഴി ഭവനങ്ങൾ നൽകുകയും കൂടാതെ, ഉപജീവന/ സാമൂഹികസുരക്ഷ ലഭ്യമാക്കുകയും ചെയ്യുക. ഇതിനുപുറമെ ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിതർക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പുകൾ മുഖേനയും ഭൂമി വാങ്ങി നൽകുന്ന നടപടികളും പുരോഗമിക്കുന്നു. ഭൂമി ആർജ്ജിക്കുന്ന ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം ലഭ്യമാക്കുകയും ചെയ്യുന്നു.

4. അഡീഷണൽ ലിസ്റ്റ്-പട്ടികജാതി/പട്ടികവർഗ്ഗ/ഫിഷറീസ് വിഭാഗങ്ങൾക്ക് കൂടുതൽ പ്രാധാന്യം നൽകിക്കൊണ്ട് 2019-ൽ വകുപ്പുകൾ ലഭ്യമാക്കിയ ലിസ്റ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന അർഹതാ പരിശോധന നടത്തി ഗുണഭോക്തൃ പട്ടിക അന്തിമമാക്കി ധനസഹായം നൽകിവരുന്നു.

5. ലൈഫ് 2020- 27-7-2020-ലെ സ.ഉ. (കൈ) നമ്പർ 112/ 2020/ ത.സ്വ.ഭ.വ. പ്രകാരം ലഭ്യമായ ഓൺലൈൻ അപേക്ഷയിന്മേൽ അർഹതാ പരിശോധയും പുനഃപരിശോധനയും പൂർത്തീകരിച്ച് ഒന്നുംരണ്ടുംഘട്ട അപ്പീലുകൾക്കുശേഷം ഗ്രാമസഭ/വാർഡ്സഭയുടെ അംഗീകാരത്തോടും തദ്ദേശസ്വയംഭരണ സ്ഥാപന അംഗീകാരത്തോടുംകൂടി ഗുണഭോക്തൃപട്ടിക അന്തിമമാക്കിയിട്ടുണ്ട്. ടി പട്ടികയിലും അർഹരായ എസ്.സി./ എസ്.ടി./ഫിഷറീസ് ഗുണഭോക്താക്കൾക്കും അതിദരിദ്രരുടെ സർവ്വേയിലൂടെ കണ്ടെത്തിയ വീട് ആവശ്യമുള്ള ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണാനുകൂല്യം നൽകുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്.

മനസ്സോടിത്തിരി മണ്ണ് - ലൈഫ് ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭൂരഹിത ഭവനരഹിതർക്ക് വിവിധ വകുപ്പുകൾ മുഖേനയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി സർക്കാർ ആവിഷ്കരിച്ച 'മനസ്സോടിത്തിരി മണ്ണ്' എന്ന ക്യാമ്പയിനിലൂടെയും ആർജ്ജിക്കുന്ന ഭൂമി ലഭ്യമാക്കുകയും ഭവന നിർമ്മാണാനുകൂല്യം നൽകുകയും ചെയ്യുന്നു.

ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി - ലൈഫ് മിഷൻ അനെർട്ടുമായി കൈകോർത്തുകൊണ്ട് ലൈഫ് പദ്ധതിപ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച 500 വീടുകളെ സൗജന്യ സൗരോർജ്ജ പദ്ധതിയിൽ ഉൾപ്പെടുത്തി. സൗജന്യമായി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് വൈദ്യുതിയും അധികവരുമാനവും ലഭ്യമാകുന്നതിനുള്ള പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

സംസ്ഥാന സർക്കാർ ഏജൻസിയായ അനെർട്ടിന്റെ 'ഹരിത ഊർജ്ജ വരുമാന പദ്ധതി'-യിൽ ഉൾപ്പെടുത്തിയാണ് ലൈഫ് ഗുണഭോക്താക്കൾക്ക് സൗരോർജ്ജ പദ്ധതി നടപ്പാക്കിവരുന്നത്. പ്രതിദിനം ശരാശരി 8 യൂണിറ്റുവരെ ഉത്പാദിപ്പിക്കാനുള്ള രണ്ട് കിലോവാട്ടിന്റെ സൗരോർജ്ജ പ്ലാന്റുകളാണ് ഓരോ വീടുകളിലും സ്ഥാപിക്കുന്നത്. ഏകദേശം ഒരു പ്ലാന്റിന് 1.35 ലക്ഷം രൂപയാണ് ചെലവുവരുന്നത്. ലൈഫ് പദ്ധതിയിൽ നിർമ്മാണം പൂർത്തിയായതും KSEB വൈദ്യുതി കണക്ഷൻ ലഭ്യമായതുമായ 500 ഭവനങ്ങളാണ് ആദ്യഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. സൗരോർജ്ജ പ്ലാന്റുകളിൽനിന്ന് ഉത്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും ഭവനങ്ങളിൽ ഉപയോഗിക്കാൻ സാധിക്കുന്നതോടൊപ്പംതന്നെ അധികം വരുന്ന വൈദ്യുതി KSEB-ക്ക് നൽകി വരുമാനം നേടാൻ സാധിക്കും. ഇതിനുപുറമെ സൗരോർജ്ജ പ്ലാന്റ് സ്ഥാപിക്കുന്ന വീടുകൾക്ക് ഇൻഡക്ഷൻ സ്റ്റൗ കൂടി വിതരണം ചെയ്യുന്നുണ്ട്.

ഇൻഷ്വറൻസ് ആനുകൂല്യം - 2018 മുതൽ 2020 വരെ നിർമ്മാണം പൂർത്തീകരിച്ച 250544 ലൈഫ് വ്യക്തിഗത ഭവനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി കേരള സംസ്ഥാന ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കി തുടർന്നുള്ള ഭവനങ്ങൾക്ക് ഇൻഷ്വറൻസ് സുരക്ഷ ഉറപ്പാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

ഉപജീവനം- ലൈഫ് ഗുണഭോക്താക്കളുടെ ഉപജീവനം ഉറപ്പുവരുത്തുന്നതിനായി തുടർപരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(ബി) പ്രസ്തുത പദ്ധതിയിൽ അനുവദിച്ച വീടുകളുടെയും ഫ്ലാറ്റുകളുടെയും വിശദാംശം ബ്ലോക്ക്, പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കുമോ?

വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

ഹരിത കർമ്മസേന - വേതന വ്യവസ്ഥകൾ

372 (2520) ശ്രീ. സി. ആർ. മഹേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിത കേരള മിഷന്റെ ഭാഗമായി രൂപീകരിച്ച ഹരിതകർമ്മ സേനയുടെ പ്രവർത്തനങ്ങൾക്കുള്ള വേതന വ്യവസ്ഥകൾ വിശദമാക്കുമോ?

കുടുംബശ്രീ സംരംഭ മാതൃകയിൽ രൂപീകരിച്ചിട്ടുള്ള ഹരിതകർമ്മ സേനാംഗങ്ങൾ ശമ്പള വേതന വ്യവസ്ഥയിലല്ല നിലവിൽ പ്രവർത്തിക്കുന്നത്. അജൈവ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് അജൈവ മാലിന്യ ശേഖരണത്തിനായി വാതിൽപ്പടി സേവനം നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന യൂസർഫീ, അജൈവ മാലിന്യം തരംതിരിച്ച് ക്ലീൻ കേരള കമ്പനി, അല്ലെങ്കിൽ മറ്റേതെങ്കിലും ഏജൻസികൾക്ക് നൽകുന്നതിലൂടെ ലഭിക്കുന്ന തുക തുടങ്ങിയവയാണ് ഹരിതകർമ്മ സേനാംഗങ്ങൾക്കുള്ള വരുമാനമാർഗ്ഗം.

(ബി) വീടൊന്നിന് എത്ര രൂപ നിരക്കിലാണ് വേതനം നൽകിവരുന്നതെന്നും ഇവർക്ക് നൽകിവരുന്ന മറ്റ് സർക്കാർ ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

വാതിൽപ്പടി സേവനം നൽകുന്നതിന് ഗ്രാമപ്രദേശങ്ങളിൽ വീടൊന്നിന് കുറഞ്ഞത് 50 രൂപയും നഗരപ്രദേശങ്ങളിൽ 70 രൂപയുമാണ് ഹരിത കർമ്മ സേനാംഗങ്ങൾക്ക് ലഭിക്കുന്ന യൂസർഫീ. കൂടാതെ കടകൾ, മറ്റുസ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്നും കുറഞ്ഞത് 100 രൂപയും യൂസർഫീ ആയി ലഭിക്കുന്നുണ്ട്. സേവന മേഖലയിൽ പ്രവർത്തിക്കുന്ന കുടുംബശ്രീ സംരംഭകർക്ക് കുടുംബശ്രീ ഏർപ്പെടുത്തിയിട്ടുള്ള ആരോഗ്യ ഇൻഷ്വറൻസ് പരിരക്ഷ ഹരിതകർമ്മ സേനാംഗങ്ങൾക്കും ലഭ്യമാക്കിയിട്ടുണ്ട്.

ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ. തസ്തിക

373 (2521) ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിലെ വി.ഇ.ഒ. തസ്തികകൾ ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിൽ ഏതുരീതിയിലാണ് ക്രമീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II-മാർ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I-ലേയ്ക്കും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I-മാർ ജനറൽ എക്സ്റ്റൻഷൻ ഓഫീസർ/എക്സ്റ്റൻഷൻ ഓഫീസർ വുമൺ വെൽഫെയർ/ എക്സ്റ്റൻഷൻ ഓഫീസർ ഹൗസിംഗ് കാറ്റഗറിയിലേയ്ക്ക് പ്രൊമോഷൻ ആകുന്നതുവരെയും അതേ തസ്തികകളിൽത്തന്നെ തുടരുന്നതാണ്. 27-10-2022-ലെ G.O (Rt)No.75/2022/LSGD പ്രകാരം പ്രസിദ്ധീകരിച്ച സ്പെഷ്യൽ റൂളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II തസ്തികയും ക്ലാർക്ക് തസ്തികയും ഏകീകരിച്ച് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II/ക്ലാർക്ക് എന്ന കാറ്റഗറിയിൽ കൊണ്ടുവന്നിട്ടുണ്ട്.

നിലവിലുള്ള എല്ലാ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II-മാരും വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് I-ലേയ്ക്ക് സ്ഥാനക്കയറ്റം നേടുന്നമുറയ്ക്ക് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II തസ്തികയിലേയ്ക്ക് ക്ലാർക്കുമാരുടെ പി.എസ്.സി. ലിസ്റ്റിൽ നിന്നായിരിക്കും നിയമനം നടത്തുക. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ് II തസ്തികയും ക്ലാർക്ക് തസ്തികയും പരസ്പരം മാറി നിയമിക്കാവുന്ന തസ്തികകളാണ്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരുടെ സേവനം നഗരസഭകളിൽക്കൂടി ലഭ്യമാക്കുന്നതിന് തസ്തിക എക്സ്റ്റൻഷൻ ഓഫീസർ (പഞ്ചായത്ത്), എക്സ്റ്റൻഷൻ ഓഫീസർ (മുനിസിപ്പാലിറ്റി) എന്ന് പൂർണ്ണ നാമകരണം ചെയ്തിട്ടുണ്ട്.

(ബി) പുതുതായി സബോർഡിനേറ്റ് റൂളിൽ പ്രതിപാദിച്ച എക്സ്റ്റൻഷൻ ഓഫീസർ ഗ്രേഡ്-II തസ്തിക എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അനുവദിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ?

ഇല്ല. നിലവിലുള്ള രീതി തുടരുന്നതാണ്.

(സി) നിലവിലെ വി.ഇ.ഒ. തസ്തികയിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും മേൽ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്ന വിഷയം പരിഗണനയിലുണ്ടോ?

നിലവിലെ വി.ഇ.ഒ. തസ്തികയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതും റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് ഉണ്ടാകുന്ന ഒഴിവുകൾ ക്ലർക്ക് തസ്തികയായി പരിവർത്തനപ്പെടുത്തി ക്ലർക്ക് റാങ്ക് ലിസ്റ്റിൽനിന്നും നിയമനം നടത്തുന്നതാണ്.

കുട്ടനാട്ടിലെ ഗ്രാമപഞ്ചായത്തുകളെ സഹായിക്കാൻ നടപടി

374 (2522) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടനാട്ടിലെ ഗ്രാമപഞ്ചായത്തുകൾക്ക് തനത് ഫണ്ട് വളരെ കുറഞ്ഞുപോകുന്ന സാഹചര്യത്തിലും അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം നിയന്ത്രിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ ആറുകളിലെയും തോടുകളിലെയും മണൽവാരുന്നതിന് നടപടി സ്വീകരിക്കുമോ; ഇത് പഞ്ചായത്തുകളുടെ ഫണ്ട് ഉയർത്തുന്നതിന് സഹായകരമാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

പാരിസ്ഥിതിക അനുമതി ലഭ്യമാകാത്തതിനാൽ നിലവിൽ സംസ്ഥാനത്തെ നദികളിൽനിന്നുള്ള നിയമാനുസൃത മണൽവാരൽ നിർത്തിവച്ചിരിക്കുകയാണ്. സാൻഡ് ഓഡിറ്റിംഗ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃത ഖനനം നടത്തുന്നതിന് മണൽ ലഭ്യതയില്ലാത്ത നദികളിൽ മണൽ വാരൽ നിരോധനം

6-6-2015 മുതൽ വ്യത്യസ്ത തീയതികളിലായി ഏർപ്പെടുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ ദേശീയ ഹരിത ട്രൈബ്യൂണലിന്റെ വിവിധ വിധികളുടെ അടിസ്ഥാനത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, MOEF & CC-യുടെ Sustainable Sand Mining Management Guidelines 2016, Enforcement and Monitoring Guidelines for Sand Mining 2020 എന്നിവ പ്രകാരവും തയ്യാറാക്കിയ District Survey Report-ന്റെ അടിസ്ഥാനത്തിൽ State Environment Impact Assessment Authority-യിൽനിന്നും പാരിസ്ഥിതിക അനുമതി ലഭ്യമാക്കിയതിനുശേഷം ജില്ലാ കളക്ടർ അദ്ധ്യക്ഷനായ ജില്ലാ വിദഗ്ധ സമിതി നിയമാനുസൃതമായുള്ള നടപടിക്രമങ്ങൾ സ്വീകരിച്ച് കടവ് കമ്മിറ്റികൾ മുഖാന്തരം മണൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ റവന്യൂ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നുവരികയാണ്. നിലവിൽ സർക്കാർതലത്തിൽ ടി വിഷയം സംബന്ധിച്ച് ചർച്ചകൾ നടന്നുവരികയുമാണ്.

നാദാപുരം മണ്ഡലത്തിലെ എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് പഞ്ചായത്ത് ഭൂമി വിട്ടുനൽകൽ

375 (2523) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന എടച്ചേരി രജിസ്ട്രേഷൻ ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി പഞ്ചായത്ത് വകുപ്പിൽനിന്നും ഭൂമി അനുവദിക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടം നിർമ്മിക്കാനായി ഭൂമി ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

(എ&ബി) കോഴിക്കോട് ജില്ലയിലെ എടച്ചേരി സബ്രജിസ്ട്രാർ ഓഫീസ് നിർമ്മാണത്തിനായി എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സർവ്വെ നമ്പർ 163/5-ൽപ്പെട്ട 50 സെന്റ് ഭൂമിയിൽനിന്നും 10 സെന്റ് സ്ഥലം, സബ്രജിസ്ട്രാർ ഓഫീസിന്റെ കെട്ടിടനിർമ്മാണത്തിന് വിട്ടുകൊടുക്കുന്നത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറിൽനിന്നും ലഭ്യമായ പ്രൊപ്പോസൽ RC1/53/2019/LSGD നമ്പരായി തുടർനടപടി സ്വീകരിക്കുകയും റവന്യൂ/നിയമ വകുപ്പുകളിൽനിന്നും അഭിപ്രായം ആരായുകയുമുണ്ടായി. ഭൂമി പതിച്ചുകൊടുക്കുന്നതിനായി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നതിന് കരട് വിജ്ഞാപനം ലഭ്യമാക്കാൻ RE3/94/2022/LSGD കത്തുപ്രകാരം പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടി സ്വീകരിക്കുന്നതാണ്.

കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ച റോഡുകൾ നന്നാക്കാൻ നടപടി

376 (2524) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ റോഡുകൾ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനായി വെട്ടിപ്പൊളിച്ചശേഷം അവയുടെ പുനരുദ്ധാരണത്തിനായി റ്റൈഡ് ഫണ്ടിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളുടെ ആസ്തിയിൽ വരുന്നതും പൂർണ്ണമായും തകർന്നടിഞ്ഞിട്ടുള്ളതുമായ ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി ഏതെങ്കിലും തരത്തിലുള്ള പദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോയെന്ന വിവരം അറിയിക്കാമോ?

(എ&ബി) റ്റൈഡ് ഫണ്ടുപയോഗിച്ച് ചെയ്ത വാട്ടർ സപ്ലൈ സ്കീമുമായി ബന്ധപ്പെട്ട restoration പ്രവൃത്തികൾക്ക് റ്റൈഡ് ഫണ്ടുതന്നെ ഉപയോഗിക്കാവുന്നതാണ്. എന്നാൽ ജലജീവൻ മിഷൻ വഴിയുള്ള വാട്ടർ സപ്ലൈ സ്കീമിന്റെ restoration പ്രവൃത്തികൾക്ക് റ്റൈഡ് ഫണ്ട് ഉപയോഗിക്കാൻ കഴിയുന്നതല്ല. നിലവിൽ കുടിവെള്ളം, ശുചിത്വം, മഴവെള്ള സംഭരണം തുടങ്ങിയ പ്രവൃത്തികൾക്കാണ് റ്റൈഡ് ഫണ്ട് ഉപയോഗിച്ചുവരുന്നത്. കുടിവെള്ള പൈപ്പുലൈനുകൾ സ്ഥാപിക്കുന്നതിനായി റോഡ് കട്ടിംഗ് പ്രവൃത്തികൾ നടത്തുന്നതിന് സർക്കാരിന്റെ 'സുഗമ' പോർട്ടലിൽ രജിസ്റ്റർ ചെയ്തതിനുശേഷം റോഡ് കട്ടിംഗ് വിവരങ്ങൾ ഉൾപ്പെടുത്തി ആയതിന്റെ ഫീസ് അടവാക്കി പ്രസ്തുത റോഡ് കട്ടിംഗ് നടത്താവുന്ന രീതിയാണ് അവലംബിക്കുന്നത്. ആയതിന്റെ ഫീസ് കരാറുകാർതന്നെ വഹിക്കേണ്ടതാണ്.

മണലൂർ മണ്ഡലത്തിലെ എളവള്ളി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം

377 (2525) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ എളവള്ളി ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

പ്രവൃത്തിയുടെ 90% പൂർത്തിയായിട്ടുണ്ട്. കെട്ടിടത്തിന്റെ ജനൽ, വാതിൽ ഷട്ടറുകൾ, പെയിന്റിംഗ്, റാമ്പ്, ഹാൻഡ് റെയിൽ എന്നീ പ്രവൃത്തികളാണ് നിലവിൽ പൂർത്തീകരിക്കാനുള്ളത്.

(ബി) പ്രസ്തുത പ്രവൃത്തിയുടെ പാർട്ട് ബിൽ അനുവദിക്കുന്നത് സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ഫയൽ നിലവിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ പ്രസ്തുത ഫയലിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഫയൽ നടപടി തീർപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

(ബി&സി) പ്രവൃത്തിയുടെ First & Part Bill തുകയായി 28,14,781 രൂപ അനുവദിച്ചിട്ടുണ്ട്. Second & Part Bill തുകയായ 29,68,076 രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ലൈഫ് മിഷൻ പദ്ധതി

378 (2526) ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് ലൈഫ് മിഷൻ പദ്ധതി മുഖേന എത്രപേർക്ക് വീട് നൽകാനാണ് ഉദ്ദേശിക്കുന്നതെന്നും നാളിതുവരെ എത്ര വീടുകൾ നൽകിയിട്ടുണ്ടെന്നും ഗുണഭോക്തൃ പട്ടികയിൽ എത്രപേരാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

നിലവിലെ സർക്കാരിന്റെ കാലത്ത് ഒരു വർഷം ഒരു ലക്ഷം വീട് എന്ന കണക്കിൽ അഞ്ച് വർഷംകൊണ്ട് ലൈഫ് മിഷൻ മുഖേന 5 ലക്ഷം വീടുകൾ നിർമ്മിച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്. ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ 116911 വീടുകൾ അനുവദിച്ചിട്ടുണ്ട്. 27-7-2020-ലെ സ.ഉ.(കൈ) നമ്പർ 112/2020/ത.സ്വ.ഭ.വ. പ്രകാരം ലൈഫ് 2020-ലേയ്ക്ക് ഓൺലൈനായി ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മപരിശോധന പൂർത്തിയാക്കി ലൈഫ് 2020 അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. (മട്ടന്നൂർ നഗരസഭ ഒഴികെ) അർഹരായ ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

ജില്ല	അർഹരായ ഗുണഭോക്താക്കൾ		
	ഭൂമിയുള്ള ഭവനരഹിതർ	ഭൂരഹിതഭവനരഹിതർ	ആകെ
തിരുവനന്തപുരം	43204	30775	73979
കൊല്ലം	33654	22510	56164
പത്തനംതിട്ട	10356	5104	15460
ആലപ്പുഴ	30488	10495	40983
കോട്ടയം	17309	11466	28775
ഇടുക്കി	26238	11401	37639
എറണാകുളം	23312	16892	40204
തൃശ്ശൂർ	27857	21351	49208
പാലക്കാട്	57835	24357	82192
മലപ്പുറം	33515	14909	48424
കോഴിക്കോട്	20849	8600	29449
വയനാട്	17266	5764	23030
കണ്ണൂർ	12168	5762	17930
കാസർഗോഡ്	14415	7789	22204
ആകെ	368466	197175	565641

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട പ്രോഗ്രസ് റിപ്പോർട്ട് അവസാനമായി തയ്യാറാക്കിയത് എന്നാണെന്ന് അറിയിക്കാമോ?

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട പ്രോഗ്രസ് റിപ്പോർട്ട് എല്ലാ മാസവും തയ്യാറാക്കുന്നുണ്ട്. 30-11-2022-ൽ പ്രോഗ്രസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചതിനുശേഷം നാളിതുവരെ എത്ര വീടുകൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പൂർത്തീകരിക്കാത്ത വീടുകൾ എത്രയെന്നും ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ?

ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

ജില്ല	പൂർത്തീകരിച്ച വീടുകളുടെ എണ്ണം	പൂർത്തീകരിക്കാത്ത വീടുകളുടെ എണ്ണം
തിരുവനന്തപുരം	42946	3598
കൊല്ലം	27331	4050
പത്തനംതിട്ട	8520	1601
ആലപ്പുഴ	22468	2371
കോട്ടയം	12034	1269
ഇടുക്കി	19775	4441
എറണാകുളം	23083	2532
തൃശ്ശൂർ	22743	2033
പാലക്കാട്	35438	4959
മലപ്പുറം	32498	5481
കോഴിക്കോട്	23027	2386
വയനാട്	21630	3186
കണ്ണൂർ	14236	1138
കാസർഗോഡ്	12313	2366
ആകെ	318042	41411

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രവൃത്തികളുടെ ഗ്രണനിലവാരം ഉറപ്പാക്കൽ

379 (2527) ശ്രീ. ജി. എസ്. ജയലാൽ:

ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീ. പി. ബാലചന്ദ്രൻ:

ശ്രീ. വി. ആർ. സുനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ., ആർ.കെ.ഐ., സി.എം.എൽ.ആർ.ആർ.പി., കിഫ്ബി എന്നിവ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കിവരുന്ന നിർമ്മാണ പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികളുടെയും ഗ്രണനിലവാരം ഉറപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആർ.കെ.ഐ., പി.എം.ജി.എസ്.വൈ. പദ്ധതികളിൽപ്പെട്ട നിർമ്മിതികൾക്ക് ഡിഫെക്ട് ലയബിലിറ്റി പിരീഡ് അനുസരിച്ച് അറ്റകുറ്റപ്പണികളും പോരായ്മകളും പരിഹരിച്ച് നൽകുന്നതിന് കരാറുകാരനെ ബാധ്യതപ്പെടുത്തുന്നുണ്ടോ; വിശദമാക്കാമോ?

(എ&ബി) പി.എം.ജി.എസ്.വൈ.-യുടെ മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം ത്രിതല ഗുണനിലവാര പരിശോധന പി.എം.ജി.എസ്.വൈ. റോഡുകൾക്ക് നടപ്പാക്കുന്നുണ്ട്. ആദ്യതല പരിശോധന, പദ്ധതി നേരിട്ട് നടപ്പാക്കുന്ന പ്രോഗ്രാം ഇംപ്ലിമെന്റേഷൻ യൂണിറ്റുകൾ മുഖാന്തരവും രണ്ടാംതല പരിശോധന സംസ്ഥാന പി.എം.ജി.എസ്.വൈ. ഓഫീസിലെ സംസ്ഥാന ക്വാളിറ്റി കൺട്രോളറുടെ നേതൃത്വത്തിലും മൂന്നാംതല പരിശോധന കേന്ദ്രതലത്തിൽ നാഷണൽ ക്വാളിറ്റി മോണിറ്റർമാർ വഴിയും നടത്തിവരുന്നു. പി.എം.ജി.എസ്.വൈ. റോഡുകളുടെ നിർമ്മാണം പൂർത്തിയായശേഷം അഞ്ചുവർഷ അറ്റകുറ്റപ്പണികൾക്കായി കരാറുകാരനെ രേഖാമൂലം ബാദ്ധ്യതപ്പെടുത്തുന്നുണ്ട്. RKI പ്രവൃത്തികളും ഗുണനിലവാരം ഉറപ്പാക്കിത്തന്നെയാണ് നടപ്പാക്കുന്നത്. ഗുണനിലവാരം ഉറപ്പാക്കുന്നതിലേയ്ക്കായി ത്രിതല Quality Monitoring സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. RKI പ്രവൃത്തികളുടെ ഡിഫെക്ട് ലയബിലിറ്റി പീരീഡ് അനുസരിച്ച് അറ്റകുറ്റപ്പണികളും പോരായ്മകളും പരിഹരിച്ച് നൽകുന്നതിന് കരാർ ഉടമ്പടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇംപാക്ട് കേരള മുഖേന നടപ്പാക്കുന്ന കിഫ്ബി/ആർ.കെ.ഐ. പദ്ധതികളുടെ ഗുണനിലവാരം KIIFB/RKI Guidelines, PWD Manual, PWD Quality Control Manual എന്നിവ പ്രകാരം ഉറപ്പുവരുത്തുന്നുണ്ട്. ഇംപാക്ട് കേരള ലിമിറ്റഡ് മുഖേന നടപ്പാക്കുന്ന പദ്ധതികളിൽപ്പെട്ട നിർമ്മിതികൾക്കും ഡിഫക്ട് ലയബിലിറ്റി പീരീഡ് അനുസരിച്ച് അറ്റകുറ്റപ്പണികളും പോരായ്മകളും പരിഹരിച്ച് നൽകുന്നതിന് കരാറുകാരനെ ചുമതലപ്പെടുത്തുന്നുണ്ട്. CMLRRP-ൽ ഉൾപ്പെടുത്തി നടപ്പാക്കിവരുന്ന നിർമ്മാണ പ്രവൃത്തികളുടെ Quality control/Quality monitoring സംബന്ധിച്ച് റിട്ടയേർഡ് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരെ ഉൾപ്പെടുത്തി ജില്ലാതലത്തിൽ ജില്ലാതല സാങ്കേതിക സമിതി രൂപീകരിച്ചിട്ടുള്ളതാണ്. GO (Rt) No.1864/2020/LSGD ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾപ്രകാരം പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പാക്കിവരുന്നു.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികളുടെയും അറ്റകുറ്റപ്പണികളുടെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

മുകളിൽ വിവരിച്ചിരിക്കുന്ന നടപടികൾ കൂടാതെ കൊല്ലം, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിൽ റീജിയണൽ ലാബുകൾ സജ്ജമാക്കിയിട്ടുണ്ട്. നിലവിലെ പദ്ധതി മാർഗ്ഗരേഖപ്രകാരം ഒരു ശതമാനം പ്രവൃത്തികൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഓരോ വാർഷിക പദ്ധതിയിലും കുറഞ്ഞത് ഒരു റോഡ് എങ്കിലും അഞ്ച് വർഷത്തെ ഗ്യാരന്റിയോടുകൂടി നിർമ്മിക്കേണ്ടതാണെന്ന നിർദ്ദേശവും നൽകിയിട്ടുണ്ട്.

(ഡി) പ്രസ്തുത സ്ഥാപനങ്ങളുടെ കീഴിലുള്ള റോഡുകളുടെ സുരക്ഷയും ഗുണമേന്മയും ഉറപ്പുവരുത്തുന്നതിനായി റോഡ് ആസ്തികളുടെ വിശദാംശങ്ങൾ ശേഖരിക്കുന്നതിന്റെ ഭാഗമായി റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

റോഡ് കണക്റ്റിവിറ്റി മാപ്പിംഗ് വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പൂർത്തീകരിച്ചുവരുന്നു. Kerala State Remote Sensing and Environment Centre (KSREC) തയ്യാറാക്കിയിട്ടുള്ള ഓൺലൈൻ പ്ലാറ്റ്ഫോമിന്റെയും R-track mobile application-ന്റെയും സേവനം പ്രയോജനപ്പെടുത്തിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്.

മാലിന്യമുക്ത കേരളം

380 (2528) ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2026 വർഷത്തോടെ സംസ്ഥാനത്തെ സമ്പൂർണ്ണ മാലിന്യമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വിവരം അനുബന്ധമായി* ചേർക്കുന്നു.

(ബി) മാലിന്യ ശേഖരണം ഫലപ്രദമാക്കുന്നതിന് ഹരിത കർമ്മസേനയെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

മാലിന്യശേഖരണം ഫലപ്രദമാക്കുന്നതിന് ഹരിത കർമ്മസേനയെ കൂടുതൽ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഗ്രാമപഞ്ചായത്തുതലത്തിൽ സെക്രട്ടറി, അസിസ്റ്റൻറ് സെക്രട്ടറി, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, പഞ്ചായത്ത് ഭരണസമിതി എന്നിവരുടെ നേതൃത്വത്തിൽ തുടർച്ചയായുള്ള അവലോകനയോഗങ്ങളിലൂടെ മോണിറ്റർ ചെയ്യുന്നുണ്ട്. നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ശുചിത്വ മിഷന്റെയും ഹരിത കേരള മിഷന്റെയും സംയുക്ത മേൽനോട്ടത്തിൽ ഗ്രാമപഞ്ചായത്തുകളുടെ നേതൃത്വത്തിൽ നടപ്പാക്കിവരുന്ന ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ സ്ഥാപനതലം മുതൽ സംസ്ഥാനതലം വരെയുള്ള ഏകീകൃത നിരീക്ഷണത്തിനായി തയ്യാറാക്കിയ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹരിതമിത്രം സ്മാർട്ട് ഗാർബേജ് മോണിറ്ററിംഗ് ആപ്ലിക്കേഷൻപോലുള്ള ആധുനിക സാങ്കേതിക സൗകര്യങ്ങൾ ഹരിത കർമ്മസേനയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി ഉപയോഗിക്കുന്നുണ്ട്. ഹരിതകർമ്മ സേനാംഗങ്ങൾക്ക് യൂണിഫോം, ശുചീകരണ ഉപകരണങ്ങൾ എന്നിവ സജ്ജമാക്കിയും ആറ് മാസത്തിലൊരിക്കൽ കൃത്യമായ പരിശീലനം നൽകിയും ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫ്.-ൽ എത്തിക്കുന്നതിന് വാഹനസൗകര്യം ഏർപ്പെടുത്തിയും ഹരിതകർമ്മസേനയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നുണ്ട്.

(സി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യസംസ്കരണ പദ്ധതി നിർദ്ദേശങ്ങൾ പ്രദേശവാസികളുടെ എതിർപ്പ് കാരണം പ്രാവർത്തികമാക്കുന്നതിൽ തടസ്സങ്ങൾ നേരിടുന്നുണ്ടോ; എങ്കിൽ ജനങ്ങളുടെ ആശങ്കയകറ്റുന്നതിന് പരിസര മലിനീകരണരഹിത നൂതന മാലിന്യ സംസ്കരണ രീതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യസംസ്കരണ പദ്ധതി നിർദ്ദേശങ്ങൾ ചില സ്ഥലങ്ങളിൽ പ്രാവർത്തികമാക്കുന്നതിൽ ജനങ്ങളുടെ എതിർപ്പുകൾ നേരിടാറുണ്ട്. അത്തരം സ്ഥലങ്ങളിൽ ജനങ്ങൾക്കിടയിൽ കൃത്യമായ ബോധവത്കരണങ്ങളിലൂടെയും സംശയദൂരീകരണങ്ങളിലൂടെയും ഏതിർപ്പുകളെ തരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്റർ

381 (2529) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ലാത്ത പാതകളെ ലഭ്യമായ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കുന്നതിനായി പ്രസ്തുത രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടിക്രമങ്ങൾ വിശദമാക്കാമോ;

(ബി) പുതിയ പാതകൾ പ്രസ്തുത രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ നടപടിക്രമങ്ങൾ വ്യത്യസ്തങ്ങളാണെങ്കിൽ ആയതിന്റെ വിശദാംശം തദ്ദേശസ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ?

(എ&ബി) 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 178, 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങളിലെ

വ്യവസ്ഥകൾ എന്നിവപ്രകാരം ആർജ്ജിക്കുന്ന ഭൂമി (പാത)യും വകുപ്പ് 169 പ്രകാരം നിക്ഷിപ്തമാകുന്ന റോഡുകൾ മുതലായവയും ആസ്തിരജിസ്റ്ററിൽ ചേർക്കേണ്ടതാണ്. ഇത്തരത്തിൽ ഏതെങ്കിലും സ്ഥാവര സ്വത്ത്/പാതകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി പ്രസ്തുത സ്ഥലത്തിന്റെ വീതിയും നീളവും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയറിംഗ് വിഭാഗം അളന്നുതിട്ടപ്പെടുത്തി, മറ്റുവിവരങ്ങൾ ഉൾപ്പെടെ അടങ്ങിയ റിപ്പോർട്ട് തദ്ദേശസ്വയംഭരണ സ്ഥാപന യോഗത്തിന്റെ പരിഗണനയ്ക്കായി നൽകി യോഗതീരുമാനപ്രകാരം ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തി പ്രസ്തുത പാതകളെ ലഭ്യമായ വിവിധ ഫണ്ടുകൾ ഉപയോഗിച്ച് ഗതാഗതയോഗ്യമാക്കാവുന്നതാണ്. നഗരസഭകളുടെയും കോർപ്പറേഷനുകളുടെയും കാര്യത്തിലും ഇതേ നടപടിക്രമമാണുള്ളത്.

തവനൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം പൊളിച്ച് മാറ്റിയ നടപടി

382 (2530) ഡോ. കെ. ടി. ജലീൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തവനൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നാഷണൽ ഹൈവേ വികസനത്തിന്റെ ഭാഗമായി പൊളിച്ചുമാറ്റിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി ബന്ധപ്പെട്ട പഞ്ചായത്തിൽനിന്ന് അപേക്ഷ ലഭിച്ചിട്ടുണ്ടോ?

(എ&ബി) ഉണ്ട്.

(സി) എങ്കിൽ ആയതിന്മേലുള്ള നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

മലപ്പുറം ജില്ലയിലെ തവനൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് കെട്ടിടം നാഷണൽ ഹൈവേ എക്സ്റ്റൻഷന്റെ ഭാഗമായി പൊളിച്ചുനീക്കേണ്ടിവന്ന സാഹചര്യത്തിൽ, ഹൈവേ എക്സ്റ്റൻഷൻ ആവശ്യാർത്ഥം നടന്ന സ്ഥലമെടുപ്പിനുശേഷം ബാക്കി വന്ന സ്ഥലത്ത് പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ അഭ്യർത്ഥിച്ചുകൊണ്ട് തവനൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. തുടർന്ന്, പ്രസ്തുത വിഷയത്തിൽ സർക്കാർ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ട് തേടിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

ഗുരുതര രോഗങ്ങൾ ബാധിച്ച എ.പി.എൽ. കുടുംബാംഗങ്ങൾക്ക് കിടപ്പാടം നൽകൽ

383 (2531) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുതരരോഗങ്ങൾ ബാധിച്ച കുടുംബാംഗങ്ങൾ ഉള്ളവരുടെ റേഷൻ കാർഡുകൾ ചികിത്സാ ആവശ്യങ്ങൾക്ക് മാത്രമായി ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് പരിവർത്തനം ചെയ്ത് നൽകുന്ന അതേ പരിഗണന ഗുരുതര മാരക രോഗങ്ങൾ ബാധിച്ചവരുള്ള എ.പി.എൽ. കുടുംബങ്ങൾക്ക് സർക്കാരിൽനിന്നും കിടപ്പാടം ലഭിക്കുന്നതിനുകൂടി ബാധകമാക്കുന്ന കാര്യം പരിഗണിക്കാമോ?

ലൈഫ് സമ്പൂർണ്ണ സുരക്ഷാപാർപ്പിട പദ്ധതിയുടെ ഭാഗമായി അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി സർക്കാർ പുറപ്പെടുവിച്ച 31-7-2017-ലെ 151/2017/ത.സ്വ.ഭ.വ., 27-7-2020-ലെ 112/2020/ത.സ്വ.ഭ.വ. നമ്പർ ഉത്തരവുകളിൽ പ്രതിപാദിച്ചിട്ടുള്ള ക്ലേശഘടകങ്ങളിൽ ഗുരുതര/മാരകരോഗമുള്ള (കാൻസർ/ഹൃദ്രോഗം/കിഡ്നി തകരാറുമൂലം ഡയാലിസിസിന് വിധേയരാകുന്നവർ/പക്ഷാഘാതം മുതലായ) അംഗങ്ങളുള്ള കുടുംബങ്ങളെ പരിഗണിച്ചിട്ടുണ്ട്. പി.എം.എ.വൈ. പദ്ധതിയിലും ഗുണഭോക്താവിന് ഗുരുതരമായ മാരക രോഗങ്ങൾ ബാധിച്ചിട്ടുണ്ടെങ്കിൽ എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ മുൻഗണന ലഭിക്കുന്നതാണ്.

(ബി) സെറിബ്രൽ പാൾസിപോലുള്ള മാരകരോഗങ്ങൾ ബാധിച്ച കുട്ടികളുടെ ചികിത്സാർത്ഥം നിത്യവും ദൂരസ്ഥലങ്ങളിലേയ്ക്കും മറ്റുംയാത്ര ചെയ്യേണ്ട സാഹചര്യത്തിൽ മറ്റുമാർഗ്ഗങ്ങൾ ഇല്ലാതെ നാല് ചക്രവാഹനം സ്വന്തമാക്കേണ്ടിവരുന്ന കുടുംബങ്ങളെ മറ്റ് ക്ലേശഘടകങ്ങൾ കണക്കിലെടുത്ത് ബി.പി.എൽ. വിഭാഗത്തിൽ ഉൾപ്പെടുത്തുന്നത് പരിഗണിക്കാമോയെന്ന് വ്യക്തമാക്കാമോ?

ദേശീയ ഭക്ഷ്യഭദ്രതാ നിയമം 2013 സംസ്ഥാനത്ത് നടപ്പാക്കിയതോടെ പൊതുവിതരണ സമ്പ്രദായത്തിൽ ബി.പി.എൽ., എ.പി.എൽ. വിഭാഗങ്ങൾക്കുപകരമായി മുൻഗണനാ, മുൻഗണനേതര വിഭാഗങ്ങളാണുള്ളത്.

റേഷൻ മുൻഗണനാ വിഭാഗത്തെ കണ്ടെത്തുന്നതിനുള്ള മാനദണ്ഡപ്രകാരം, നാലുചക്രവാഹനം (ഉപജീവനമാർഗ്ഗമായ ടാക്സി ഒഴികെ) സ്വന്തമായുള്ളവർ, മുൻഗണനാ വിഭാഗത്തിൽപ്പെടാൻ അയോഗ്യരാണ്. ഇപ്രകാരം ഒഴിവാക്കൽ മാനദണ്ഡം ബാധകമായിവരുന്നതും എന്നാൽ ഗുരുതര ശാരീരിക/മാനസിക

വെല്ലുവിളികൾ നേരിടുന്ന വ്യക്തികൾ ഉൾപ്പെടുന്നതുമായ കുടുംബങ്ങളെ, ഓരോ കേസ്സിന്റെയും മെരിറ്റ് പരിശോധിച്ച് ചികിത്സാർത്ഥം മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് 27-10-2020-ലെ സ.ഉ.(സാധാ)നമ്പർ 319/2020/ ഭ.പൊ.വി.വ. പ്രകാരം പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്തുകളിലെ തനത് ഫണ്ടിന്റെ കുറവ് പരിഹരിക്കാൻ നടപടി

384 (2532) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ പഞ്ചായത്തുകളിൽ തനത് ഫണ്ട് കുറവായതിനാൽ ഉദ്യോഗസ്ഥരുടെ ശമ്പളവും ജനപ്രതിനിധികളുടെ ഓണറേറിയവും നൽകുന്നതടക്കമുള്ള വിവിധ പ്രവർത്തനങ്ങൾ നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം പഞ്ചായത്തുകളുടെ പേരും നിലവിലെ തനത് വരുമാനത്തിന്റെ തോതും ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

ഉണ്ട്. സംസ്ഥാന ഓഡിറ്റ് വകുപ്പ് തയ്യാറാക്കിയ പട്ടികയും കൂടാതെ പഞ്ചായത്ത് ഡയറക്ടർ തയ്യാറാക്കിയ പ്രസ്തുത പട്ടികയിൽ ഉൾപ്പെടാത്ത പഞ്ചായത്തുകളുടെ പട്ടികയുംപ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ ആനുകൂല്യങ്ങൾ നൽകുന്നതടക്കമുള്ള വിവിധ പ്രവർത്തനങ്ങൾക്ക് കഴിയാത്ത സാഹചര്യം നിലവിലുള്ളതും ഗ്യാപ് ഫണ്ട് ആവശ്യമുള്ളതുമായ ഗ്രാമപഞ്ചായത്തുകളുടെ പേരുകളും ഗ്യാപ് ഫണ്ടിന് അർഹതയുള്ള തുകയുടെ വിവരങ്ങളും ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു.

തിരുവനന്തപുരം

1. കള്ളിക്കാട് - 43,15,180
2. വക്കം - 18,42,830
3. വെട്ടൂർ - 12,32,090
4. കുറ്റിച്ചൽ - 11,09,120
5. അഞ്ചുതെങ്ങ് - 68,66,126
6. അമ്പൂരി - 20,00,000
7. കാഞ്ഞിരംകുളം - 8,69,323
8. പള്ളിക്കൽ - 10,00,000
9. വാമനപുരം - 21,67,714

കൊല്ലം

1. തെക്കുംഭാഗം - 7,70,214

2. മൺട്രോതുരുത്ത് - 54,75,451

3. ആര്യങ്കാവ് - 15,86,411

4. കുണ്ടറ - 25,69,642

5. ആലപ്പാട് - 7,72,895

6. പട്ടാഴി വടക്കേക്കര - 17,50,974

പത്തനംതിട്ട

1. ആനിക്കാട് - 5,12,077

2. ചെറുകോൽ - 16,08,137

3. മല്ലപ്പുഴശ്ശേരി - 5,18,706

4. മൈലപ്ര - 31,14,697

5. നിരണം - 4,89,749

6. തണ്ണിത്തോട് - 43,76,814

7. തുമ്പമൺ - 45,55,538

8. തോട്ടപ്പുഴശ്ശേരി - 75,347

ആലപ്പുഴ

1. പെരുമ്പളം - 40,26,785

2. ആല - 14,83,411

3. നീലംപേരൂർ - 25,80,373

4. മുട്ടാർ - 52,45,365

5. പാണ്ടനാട് - 9,04,387

6. ബുധനൂർ - 50,00,000

7. ചമ്പക്കുളം - 8,46,174

8. ചെറുതന - 60,95,599

9. കണ്ടല്ലൂർ - 70,00,000

10. കാർത്തികപ്പള്ളി - 50,00,000

11. കുമാരപുരം - 58,34,380

12. വീയപുരം - 52,80,924

13. വെളിയനാട് - 16,95,956

14. വെൺമണി - 20,00,000

കോട്ടയം

1. കല്ലറ - 31,34,688

2. തലനാട് - 60,89,056

3. കൂട്ടിക്കൽ - 11,95,608

4. വെച്ചൂർ - 43,24,562

5. മേലുകാവ് - 42,88,396

6. മൂന്നിലവ് - 35,25,858

ഇടുക്കി

1. പെരുവന്താനം - 53,81,876

2. കൊക്കയാർ - 24,42,908

3. മാങ്കുളം - 69,24,280

4. ആലക്കോട് - 2,37,017

5. കുടയത്തൂർ - 13,31,897

6. രാജാക്കാട് - 18,20,274

7. വട്ടവട - 2,91,93,376

എറണാകുളം

1. രായമംഗലം- 27,71,494

2. കീരമ്പാറ - 38,81,627

3. പാലക്കുഴ -8,65,880

തൃശ്ശൂർ

ഒരുമനയൂർ - 7,39,875

പാലക്കാട്

1. നെല്ലിയാമ്പതി - 17,72,196

2. പൂക്കോട്ടുകാവ് - 17,90,554

മലപ്പുറം

എടക്കര - 10,84,707

കോഴിക്കോട്

1. തുറയൂർ - 12,54,004

2. കായണ്ണ - 3,24,915

3. മാവൂർ - 43,71,445

വയനാട്

1. കോട്ടത്തറ - 71,96,000

2. പൊഴുതന - 12,42,144

3. തരിയോട് - 41,85,247

4. വേങ്ങപ്പള്ളി - 4,03,976

കണ്ണൂർ

മലപ്പട്ടം - 38,29,054

കാസർഗോഡ്

1. കംപഡജെ - 10,52,193

2. വലിയപറമ്പ - 9,14,585,

3. ബെള്ളൂർ - 33,11,079

(ബി) പ്രസ്തുത പഞ്ചായത്തുകളെ സഹായിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത്തരം പഞ്ചായത്തുകളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് കൃത്യമായ ശമ്പള വിതരണത്തിനാവശ്യമായ നൂതന സംവിധാനമൊരുക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) വിടവ് നികത്തൽ ഫണ്ട് (ഗ്യാപ്പ് ഫണ്ട്) ഇത്തരം പഞ്ചായത്തുകളിൽ ലഭ്യമാകുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത ഫണ്ട് ആവശ്യാനുസരണം അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(ബി&സി) കഴിഞ്ഞ വർഷത്തെ പൊതുആവശ്യഫണ്ടും തനതുഫണ്ടും ഉപയോഗിച്ച് പ്രാദേശിക സർക്കാരുകളുടെ ഭരണപരമായ ചെലവുകളും പ്രവർത്തന ചെലവുകളും മറ്റുസംരക്ഷണ ചെലവുകളും (Establishment, Administrative and Operation & Maintenance Expenses) നിർവ്വഹിക്കാൻ കഴിയാത്ത ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും പ്രസ്തുത വിടവ് പരിഹരിക്കുന്നതിനായി വിടവ് നികത്തൽ ഫണ്ടായി നൽകുന്നതിന് തനതുവർഷം യഥാക്രമം 10 കോടി രൂപയും 5 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ആയത് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ ശിപാർശപ്രകാരം അർഹരായ ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ ധനകാര്യ വകുപ്പിൽ പുരോഗമിച്ചുവരികയാണ്. കൂടാതെ, ഈ ലിസ്റ്റിൽ വരാത്ത പ്രാദേശിക സർക്കാരുകളുടെ കാര്യം പരിഗണിക്കുന്നതിന് ആറാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശിപാർശപ്രകാരം ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

ഒറ്റപ്പാലം മണ്ഡലത്തിൽ റീ-ബിൽഡ് കേരള പ്രവൃത്തികൾ

385 (2533) <u>ശ്രീ. കെ. പ്രേകുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒറ്റപ്പാലം മണ്ഡലത്തിൽ റീ-ബിൽഡ് കേരള ഫേസ് ടൂ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും അവയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദവിവരങ്ങളും ലഭ്യമാക്കാമോ?

റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവിന്റെ ഭാഗമായി പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റ് മുഖേനയുള്ള രണ്ടാംഘട്ട റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ സംബന്ധിച്ച 6-10-2020-ലെ സ.ഉ.(സാധാ) 1835/2020/ത.സ്വ.ഭ.വ.പ്രകാരം തീരുമാനിച്ച പ്രവൃത്തികളിൽ ഒറ്റപ്പാലം മണ്ഡലത്തിലെ റോഡുകളൊന്നും ഉൾപ്പെടുന്നില്ല.

ഇരവിപുരം മണ്ഡലത്തിലെ സി.എം.എൽ.ആർ.ആർ.പി.

386 (2534) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരവിപുരം മണ്ഡലത്തിൽ സി.എം.എൽ.ആർ.ആർ.പി. പ്രകാരം അനുവദിച്ച പദ്ധതികൾ ഏതൊക്കെയാണെന്നും എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കാമോ;

(ബി) അനുവദിച്ച പ്രവൃത്തികളുടെ പുരോഗതി റിപ്പോർട്ട് ലഭ്യമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി *ചേർക്കുന്നു.

(സി) ഭരണാനുമതി ലഭിച്ചിട്ടും പദ്ധതികൾ പൂർത്തീകരിക്കുന്നതിലുണ്ടാകുന്ന കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ; പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ?

പ്രവൃത്തികൾ ടെണ്ടർ ചെയ്തപ്പോൾ കരാറുകാർ ആരും പങ്കെടുത്തിരുന്നില്ല. തുടർന്നുള്ള ടെണ്ടർ, ക്വട്ടേഷൻ എന്നിവയിലാണ് പ്രവൃത്തിയുടെ കരാർ ഉറപ്പിക്കാനായി കരാറുകാർ നിരക്കുകൾ രേഖപ്പെടുത്തി സമർപ്പിച്ചിട്ടുള്ളത്. പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പ്രസ്തുത പദ്ധതിപ്രകാരം പുതിയ പ്രൊപ്പോസലുകൾക്ക് അംഗീകാരം നൽകുന്നുണ്ടോ; വ്യക്തമാക്കാമോ?

സി.എം.എൽ.ആർ.ആർ.പി. പദ്ധതിയിൽ ഉൾപ്പെടുത്തി പുതിയ പ്രവൃത്തികൾക്ക് അനുമതി നൽകുന്നത് നിലവിൽ പരിഗണനയിലില്ല.

ഞാറക്കാൽ ഉപരിതല സംഭരണിയുടെ നിർമ്മാണം

387 (2535) ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജിഡ ധനസഹായത്തോടെ നടപ്പാക്കുന്ന 17.90 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഞാറക്കാൽ ഉപരിതല ജലസംഭരണി എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എളംകുന്നപ്പുഴ, ഞാറക്കൽ, നായരമ്പലം 17.90 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള കുടിവെള്ള പദ്ധതിയിൽ ഉൾപ്പെട്ട ഞാറക്കാൽ വാട്ടർ ടാങ്കിന്റെ നിർമ്മാണം 10 ദിവസത്തിനകം പൂർത്തിയാക്കാൻ കഴിയുമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

(ബി) ഇതിനായി എന്തെല്ലാം പ്രവൃത്തികളാണ് പൂർത്തികരിക്കേണ്ടതായിട്ടുള്ളതെന്ന് വിശദമാക്കാമോ?

വിവിധ വിതരണ പൈപ്പുകളിലേയ്ക്കുള്ള ഇന്റർകണക്ഷൻ പ്രവൃത്തികൾ ചെയ്യേണ്ടതായിട്ടുണ്ട്.

ഭൂമി പതിച്ച് നൽകുന്നതിനുള്ള നടപടി

388 (2536) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ചെമ്മനാട്, ഉദുമ പഞ്ചായത്തുകളുടെ അധീനതയിൽപ്പെടുന്ന ഭൂമിയിൽ വർഷങ്ങളായി വീടുവച്ച് താമസിക്കുന്നവർക്ക് പ്രസ്തുത ഭൂമി പതിച്ചുനൽകുന്നതിനുള്ള ആർ.സി.4/147/18 (ചെമ്മനാട്) ആർ.സി. 4/95/17 (ഉദുമ) ഫയലുകളുടെ നിജസ്ഥിതി വിശദമാക്കുമോ;

(ബി) അഞ്ച് വർഷത്തിലേറെയായി വകുപ്പുകളിലുള്ള പ്രസ്തുത ഫയലുകളിൽ അനുകൂല തീരുമാനം കൈകൊള്ളുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം അറിയിക്കുമോ?

(എ&ബി) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പിൽ RC4/147/2018/LSGD നമ്പരായി നടപടി സ്വീകരിച്ചുവന്നതും നിലവിൽ തദ്ദേശസ്വയംഭരണ (ആർ.ഇ.) വകുപ്പിൽ RE3/34/2022/LSGD നമ്പരായി തുടർന്നുവരുന്നതുമായ കാസർഗോഡ് ജില്ലയിലെ ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ തെക്കിൽ വില്ലേജിൽ ഉൾപ്പെട്ടതും റീസർവ്വെ 256/Pt-പ്പെട്ടതുമായ 0.04 ഏക്കർ ഭൂമി വീതം ചട്ടഞ്ചാൽ ലക്ഷം വീട് കോളനിയിലെ 7 കുടുംബങ്ങൾക്ക് ഭൂമി പതിച്ച് നൽകുന്നതിനായി സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കുന്നത് സംബന്ധിച്ച ഫയൽ സൂക്ഷ്മ പരിശോധനയ്ക്കായി നിയമ വകുപ്പിന് കൈമാറിയിരിക്കുകയാണ്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കുന്നതാണ്. കാസർഗോഡ് ജില്ലയിലെ ഉദുമ ഗ്രാമപഞ്ചായത്തിലെ പള്ളിക്കര II വില്ലേജിലെ റീസർവ്വെ നമ്പർ 10/5-ൽപ്പെട്ട സ്ഥലം 7 പേർക്ക് പതിച്ചുനൽകുന്നത് സംബന്ധിച്ച് (RC4/95/2017/LSGD) തുടർനടപടി സ്വീകരിക്കുന്നതിലേയ്ക്കായി അധിക വിവരം ലഭ്യമാക്കുന്നതിന് RE3/121/ 2022/LSGD നമ്പരായി പഞ്ചായത്ത് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ട്. മറുപടി ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് റവന്യൂ/നിയമ വകുപ്പുകളുടെ അഭിപ്രായംകൂടി ആരാഞ്ഞ് തുടർനടപടി സ്വീകരിക്കുന്നതാണ്.

കെട്ടിടനിർമ്മാണ പെർമിറ്റ്

389 (2537) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

അഞ്ചു സെന്റിൽ കുറവായ സ്ഥലത്ത് ആയിരം ചതുരശ്ര അടിവരെ വിസ്തീർണ്ണമുള്ള വീടുകൾ നിർമ്മിക്കാൻ അനുമതി ആവശ്യമില്ലെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കെട്ടിടനിർമ്മാണ പെർമിറ്റിന് അപേക്ഷിച്ചാൽ എത്ര ദിവസത്തിനകം അനുവദിക്കണമെന്നത് സംബന്ധിച്ച് നിലവിലുള്ള ഉത്തരവ് ലഭ്യമാക്കുമോ?

നിലവിലില്ല. 28-6-2021-ലെ സ.ഉ.(കൈ) നമ്പർ 120/2021/ ത.സ്വ.ഭ.വ., സ.ഉ.(കൈ) നമ്പർ 121/2021/ത.സ്വ.ഭ.വ. ഉത്തരവുകൾ പ്രകാരം എസ്.ആർ.ഒ. നമ്പർ 482/2021, എസ്.ആർ.ഒ.നമ്പർ 483/2021 നമ്പരുകളായി യഥാക്രമം വിജ്ഞാപനം ചെയ്ത കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ 2021, കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ (ഭേദഗതി) ചട്ടങ്ങൾ 2021 പ്രകാരം അപേക്ഷ സമർപ്പിച്ച് 15 ദിവസത്തിനകം പെർമിറ്റ് അനുവദിക്കേണ്ടതാണ്. മേൽപ്പറഞ്ഞ ഉത്തരവുകൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം

390 (2538) ശ്രീ. കെ. ആൻസലൻ:
ശ്രീ. എൻ. കെ. അക്ബർ:
ശ്രീമതി കാനത്തിൽ ജമീല:
ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സേവനങ്ങൾക്ക് ഓൺലൈനിൽ അപേക്ഷ സമർപ്പിക്കാനും സേവനങ്ങൾ സമയബന്ധിതമായി ലഭിക്കാനും സഹായകരമായ ഇന്റഗ്രേറ്റഡ് ലോക്കൽ ഗവേണൻസ് മാനേജ്മെന്റ് സിസ്റ്റം സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത സംവിധാനം നടപ്പാക്കുന്നതുവഴി എന്തൊക്കെ സൗകര്യങ്ങളും സേവനങ്ങളുമാണ് ജനങ്ങൾക്ക് ലഭിക്കുന്നത്; അറിയിക്കുമോ?

ഉണ്ട്. ഗ്രാമപഞ്ചായത്തുകളിലെ നടപടികൾ സുതാര്യവും സുഗമവുമാക്കി സേവനങ്ങൾ ഒരു കുടക്കീഴിൽ മുഴുവൻ സമയവും പൊതുജനങ്ങളുടെ വിരൽത്തുമ്പിൽ ലഭ്യമാക്കുന്നതിലേയ്ക്കായി പഞ്ചായത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ച നൂതന സോഫ്റ്റ്വെയറായ Integrated Local Governance Management System (ILGMS) 4-4-2022-ൽ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും വിന്യസിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിനോടൊപ്പം പ്രധാന പ്രവർത്തനങ്ങൾ നടക്കുന്ന ബാക്ക് ഓഫീസും കാലഘട്ടത്തിനനുസൃതമായി വിവരസാങ്കേതികവിദ്യയുടെ ആധുനിക സങ്കേതങ്ങൾ ഉൾക്കൊള്ളുന്ന ഇ-ഗവേണൻസ് പ്ലാറ്റ്ഫോമിലേയ്ക്ക് മാറ്റുന്നതിനാണ് ILGMS ലക്ഷ്യമിടുന്നത്. അതുവഴി ഓഫീസ് പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിന് കഴിയുന്ന രീതിയിൽ കടലാസുരഹിത ഫയൽ നീക്കമാണ് സോഫ്റ്റ്വെയറിൽ വിഭാവനം ചെയ്തിട്ടുള്ളത്. ഓഫീസുകളിലെ മനുഷ്യവിഭവശേഷിയുടെ പരിമിതിയെ മറികടക്കുന്നതിന് സഹായകമാകുന്ന രീതിയിൽ ഇന്റലിജന്റ് ഗവേണൻസിന്റെ സാധ്യതകൾ സോഫ്റ്റ്വെയറിൽ പ്രയോജനപ്പെടുത്തിയിട്ടുണ്ട്. ലോകത്തിന്റെ ഏത് കോണിലിരുന്നും ഏത് സമയത്തും സേവനം പ്രാപ്യമാക്കി ഗ്രാമപഞ്ചായത്തുകളെ ജനസ്വീകാര്യ സേവനകേന്ദ്രങ്ങളായി മാറ്റാനും മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്താനും സജ്ജമായ രീതിയിലാണ് ILGMS തയ്യാറാക്കിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തുകളിൽനിന്നും പൊതുജനങ്ങൾക്ക് സിറ്റിസൺ സർവ്വീസ് പോർട്ടൽവഴി ഓൺലൈനായി 235 സേവനങ്ങൾ ലഭിക്കുന്നുണ്ട്. സേവനങ്ങളുടെ ലിസ്റ്റ് അനുബന്ധമായി* ചേർക്കുന്നു.

(ബി) പഞ്ചായത്തുകളിൽ സേവനം ഓൺലൈൻ മുഖേനയാക്കിയെങ്കിലും പൊതുജനങ്ങൾ പ്രസ്തുത സൗകര്യം വേണ്ടവിധം ഉപയോഗപ്പെടുത്തുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് ഉചിതമായ നടപടി സ്വീകരിക്കുമോ?

ഉണ്ട്. ഗ്രാമപഞ്ചായത്തുകളിലെ ഓൺലൈൻ സേവനത്തിന്റെ പ്രസക്തി പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി IEC പ്രവർത്തനത്തിലൂടെ കേരളത്തിലെ എല്ലാ പ്രമുഖ എഫ്.എം. സ്റ്റേഷനുകളിലൂടെയും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ ശബ്ദസന്ദേശം നൽകിയിരുന്നു. ഇതുകൂടാതെ ഓൺലൈൻ സേവനത്തിന്റെ പ്രസക്തി പൊതുജനങ്ങളിലേയ്ക്കെത്തിക്കുന്ന തരത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്.

നിർദ്ദിഷ്ട പോളിടെക്നിക്കിനായി സർക്കാർ വഴി

391 (2539) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിളപ്പിൽ പഞ്ചായത്തിൽ നിർദ്ദിഷ്ട പോളിടെക്നിക്കിനായുള്ള സർക്കാർ വഴി

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പുനർനിക്ഷിപ്തമാക്കി കൈമാറുന്നതിനുള്ള നടപടികളുടെ നിലവിലെ സ്ഥിതിയെന്തെന്ന് വിശദമാക്കാമോ; ആയതിന്റെ തുടർനടപടികൾ എന്താണെന്നും കാലതാമസത്തിന്റെ കാരണമെന്തെന്നും വിശദമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ കാട്ടാക്കട താലൂക്കിൽ വിളപ്പിൽ വില്ലേജിലാണ് നിർദ്ദിഷ്ട പോളിടെക്നിക്കിന് സ്ഥലം കണ്ടെത്തിയിരിക്കുന്നത്. പ്രസ്തുത വസ്തുവിന്റെ ഭാഗമായി വരുന്ന റീ സർവ്വേ 228/4-ൽ ഉൾപ്പെട്ടിട്ടുള്ള 07.28 ആർ സർക്കാർ വഴി പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളതായി കാണിച്ച് പ്രസ്തുത വസ്തു സർക്കാരിലേയ്ക്ക് പുനർനിക്ഷിപ്തമാക്കാനായി നടപടി സ്വീകരിക്കുന്നതിന് റവന്യൂ വകുപ്പ് ആവശ്യപ്പെട്ടിരുന്നു. എന്നാൽ റീസർവ്വേ നം.228/4-ൽ ഉൾപ്പെട്ടിട്ടുള്ള 07.28 ആർ സർക്കാർ വഴി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലാണെന്ന് തെളിയിക്കുന്ന രേഖകളൊന്നുംതന്നെ ലഭിച്ചിട്ടില്ല. പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ടി വസ്തുവിന്റെ സർവ്വേ നമ്പർ സംബന്ധിച്ച പരാമർശമില്ല. ആയതിനാൽ തുടർനടപടി റവന്യൂ വകുപ്പ് സ്വീകരിക്കേണ്ടതുണ്ട്.

സി.എം.എൽ.ആർ.ആർ.പി. - ആലത്തൂർ മണ്ഡലം

392 (2540) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എം.എൽ.ആർ.ആർ.പി. പ്രകാരം നാളിതുവരെ ആലത്തൂർ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയിലെ ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിക്കാത്തതായിട്ടുണ്ടോ; എങ്കിൽ ഇവ പൂർത്തീകരിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ?

(എ&ബി) പ്രവൃത്തികളുടെ വിശദാംശങ്ങൾ അടങ്ങുന്ന പട്ടിക അനുബന്ധമായി* ചേർക്കുന്നു.

അരുർ നിയോജകമണ്ഡലത്തിലെ നിലാവ് പദ്ധതി

393 (2541) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുർ മണ്ഡലത്തിലെ നിലാവ് പദ്ധതി ഏതെല്ലാം പഞ്ചായത്തുകളിലാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

അരുക്കുറ്റി, കോടംതുരുത്ത്, കുത്തിയതോട്, പാണാവള്ളി, തുറവൂർ ഗ്രാമപഞ്ചായത്തുകളിലാണ് നിലാവ് പദ്ധതി നടപ്പാക്കിയിട്ടുള്ളത്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) എത്ര പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ചെന്ന് വിശദമാക്കുമോ?

തുറവൂർ ഗ്രാമപഞ്ചായത്തിൽ പദ്ധതി പൂർത്തീകരിച്ചു.

(സി) പ്രസ്തുത പദ്ധതി നടപ്പാക്കിയ പഞ്ചായത്തുകളിൽ വൈദ്യുതി വിളക്കുകളുടെ മെയിന്റനൻസ് നിർവ്വഹിക്കുന്നത് ആരാണെന്ന് വിശദമാക്കുമോ?

നിലാവ് പദ്ധതിപ്രകാരം സ്ഥാപിക്കപ്പെട്ട LED ബൾബുകൾ കേടാകുമ്പോൾ വാറന്റി കാലയളവിൽ EESL ലഭ്യമാക്കുന്ന ബഫർസ്റ്റോക്ക് ഉപയോഗിച്ച് മാറ്റി സ്ഥാപിക്കാനുള്ള ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണ്. ഇത് KSEBL മുഖേനയോ മറ്റ് ഏജൻസികൾ മുഖേനയോ നിർവ്വഹിക്കാവുന്നതാണ്. ഈ പ്രവൃത്തി KSEBL-നെ ഏൽപ്പിക്കുന്നില്ലെങ്കിൽ ടെണ്ടർ മുഖേന മറ്റുസ്ഥാപനങ്ങളെ ചുമതലപ്പെടുത്തേണ്ടതാണെന്നും കരാറുകാരനുമായി Annual Maintenance Contract-ൽ ഏർപ്പെടേണ്ടതാണെന്നും കരാറുകാരന് അനുവദിക്കുന്ന തുക KSEBL നിർദ്ദേശിച്ച നിരക്കിൽ അധികരിക്കുവാൻ പാടുള്ളതല്ലെന്നും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്.

ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ

394 (2542) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്സ് സ്കൂളുകളുടെ പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

കുട്ടംബശ്രീയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സംയോജിച്ച് ബുദ്ധിപരമായി വെല്ലുവിളി നേരിടുന്നവർക്ക് മാനസിക വികാസം സാധ്യമാക്കുന്നതിനും തുടർപരിശീലനവും കരുതലും ഉറപ്പുവരുത്തുകയെന്ന ലക്ഷ്യത്തോടെയാണ് ബഡ്സ് സ്ഥാപനങ്ങൾ ആരംഭിച്ചത്. നിലവിൽ 328 ബഡ്സ് സ്ഥാപനങ്ങൾ (155 ബഡ്സ് സ്കൂളുകളും 173 ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളും) സംസ്ഥാനത്തുടനീളം പ്രവർത്തിക്കുന്നു. ഈ സ്ഥാപനങ്ങളിലൂടെ 11027 പരിശീലനാർത്ഥികൾക്ക് അവരുടെ ദൈനംദിന ജീവിതം, പുനരധിവാസം, തൊഴിൽ പരിശീലനം എന്നിവയ്ക്ക് പിന്തുണ ലഭിക്കുന്നു. റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ (ആർ.സി.ഐ.) രജിസ്ട്രേഷനോടൊപ്പം ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിനും പരിശീലനത്തിനും പ്രത്യേക യോഗ്യത നേടിയിട്ടുള്ള അധ്യാപകർ ഈ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നു. SCERT തയ്യാറാക്കി നൽകിയിട്ടുള്ള മൊഡ്യൂൾ അനുസരിച്ചാണ് ബഡ്സ് സ്കൂളുകളിൽ പഠന പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നത്.

ബഡ്സ് സ്ഥാപനങ്ങളിലെ അധ്യാപകരുടെ സേവനസന്നദ്ധതയും ജോലിയോടുള്ള പ്രതിബദ്ധതയും ഉയർത്തുന്നതിനും വിജ്ഞാനം പരിപോഷിപ്പിക്കുന്നതിനും തങ്ങളുടെതന്നെ സേവന മേഖലയിലെ മാറ്റങ്ങൾ അറിയുന്നതിനും തക്കവിധത്തിലുള്ള പരിശീലനങ്ങൾ അദ്ധ്യാപകർക്ക് ലഭ്യമാക്കുന്നു. കേന്ദ്ര ഗവൺമെന്റിന്റെ നാഷണൽ ട്രസ്റ്റ് ആക്ട് 1999-ന്റെ പരിധിയിൽ വരുന്ന ഓട്ടിസം, സെറിബ്രൽ പാൾസി, ബുദ്ധിപരമായ വെല്ലുവിളികൾ, മൾട്ടിപ്പിൾ ഡിസെബിലിറ്റി തുടങ്ങിയ വെല്ലുവിളികൾ നേരിടുന്നവർക്ക് ജീവിതത്തിലുടനീളം ആവശ്യമായ സംരക്ഷണം ഉറപ്പുവരുത്തുന്ന സമ്പൂർണ്ണ ആരോഗ്യ സുരക്ഷാ പദ്ധതിയാണ് 'നിരാമയ'. കുട്ടികൾക്ക് എല്ലാപേർക്കും ഈ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നു. ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഉപജീവനമാർഗ്ഗം സൃഷ്ടിക്കുന്നതിനായി പ്രത്യേക ഉപജീവന പദ്ധതിയിൽ ഉൾപ്പെടുത്തി ഉപജീവന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പ്രധാനമായും കരകൗശല ഉൽപ്പന്നങ്ങൾ, മെഴുകുതിരി, തുണിസഞ്ചി, ഓഫീസ് ഫയൽ, പേപ്പർ, പേന, നോട്ട് പാഡ്, ചവിട്ടി എന്നീ ഉൽപ്പന്നങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത്. കുട്ടികളോടൊപ്പം അവരുടെ മാതാപിതാക്കളും ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. അവരുടെ ഉത്പന്നങ്ങൾ നിലവിൽ മാർക്കറ്റ് ചെയ്യപ്പെടുന്നു. 162 സ്ഥാപനങ്ങൾ പ്രോജക്ട് പ്രൊപ്പോസൽ നൽകിയ മുറയ്ക്ക് ഫണ്ട് നൽകുകയും അതുവഴി ലൈവ്ലിഹുഡ് പ്രോഗ്രാം നടപ്പാക്കിവരികയുമാണ്. ബഡ്സ് സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ശാരീരികവും മാനസികവുമായ ഉല്ലാസത്തിനായി കുടുംബശ്രീയുടെ കാർഷിക വിഭാഗവുമായി ചേർന്ന് ബഡ്സ് സ്ഥാപനങ്ങളിൽ നടത്തുന്ന പദ്ധതിയാണ് സഞ്ജീവനി അഗ്രിതെറാപ്പി. ചെറുതോതിൽ കൃഷി ചെയ്ത് അതിൽ കുട്ടികൾ വ്യാപൃതരാകുമ്പോൾ അവർക്ക് മാനസികോല്ലാസവും ശാരീരിക വ്യായാമവും ലഭിക്കുന്നു. 200 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ ബഡ്സ് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനായി സർക്കാർ 25 ലക്ഷം രൂപ വീതം പ്രഖ്യാപിക്കുകയും ആയതിന്റെ ഒന്നാം ഗഡുവായി 12.5 ലക്ഷം രൂപ വീതം കുടുംബശ്രീ മുഖേന അനുവദിക്കുകയും ചെയ്തിരുന്നു. ഈ സ്ഥാപനങ്ങൾ ആദ്യഗഡു ചെലവഴിക്കുന്ന മുറയ്ക്ക് രണ്ടാംഗഡു അനുവദിക്കുന്നു. അതുപോലെ പുതിയതായി ബഡ്സ് ആരംഭിക്കുവാൻ അപേക്ഷ സമർപ്പിക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും ബഡ്സ് സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾക്കായി തുക അനുവദിച്ച് നൽകുന്നതാണ്. 182 സ്ഥാപനങ്ങൾക്കായി 2 ലക്ഷം രൂപ വീതം സ്മാർട്ട് ക്ലാസ് റൂം ഒരുക്കുന്നതിനായി നൽകിയിട്ടുണ്ട്. ബഡ്സ് സ്കൂളുകളിലെ കുട്ടികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിന് ആവശ്യമായ വാഹനം വാങ്ങുന്നതിന് ഒരു സ്കൂളിന് പരമാവധി 15 ലക്ഷം രൂപ വീതം നൽകുന്നു. 91 സ്കൂളുകൾക്ക് ടി സഹായം അനുവദിച്ചിട്ടുണ്ട്.

(ബി) വാമനപുരം മണ്ഡലത്തിൽ ഏതൊക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലാണ് ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നത്?

വാമനപുരം മണ്ഡലത്തിൽ വാമനപുരം, മാണിക്കൽ, നെല്ലനാട്, പെരിങ്ങമ്മല ഗ്രാമപഞ്ചായത്തുകളിൽ ബഡ്സ് സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്.

(സി) പ്രസ്തുത സ്കൂളുകൾ അനുവദിച്ചിട്ട് ഇതുവരെയും പ്രവർത്തനം ആരംഭിക്കാൻ കഴിയാത്ത സ്കൂളുകൾ മണ്ഡലത്തിലുണ്ടോയെന്ന് അറിയിക്കുമോ?

നന്ദിയോട്, പാങ്ങോട് ഗ്രാമപഞ്ചായത്തുകളിലുള്ള സ്കൂളുകൾ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

ഗ്രാമസഭ

395 (2543) ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് രാജിന്റെ പ്രധാന ഘടകമായ ഗ്രാമസഭയിൽ പങ്കെടുക്കുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 3 എ (4) പ്രകാരം ഗ്രാമസഭയുടെ ക്വാറം പ്രസ്തുത പ്രദേശത്തെ സമ്മതിദായകരുടെ എണ്ണത്തിന്റെ 10% ആയിരിക്കുന്നതാണ്. എന്നാൽ ക്വാറം തികയാതെ മാറ്റിവയ്ക്കുന്ന ഗ്രാമസഭയുടെ ഒരു യോഗം വീണ്ടും കൂടുമ്പോൾ അപ്രകാരമുള്ള യോഗത്തിന്റെ ക്വാറം അൻപത് ആയിരിക്കുന്നതാണ്. ക്വാറം തികയാതെ ഗ്രാമസഭകൾ മാറ്റിവയ്ക്കേണ്ട സാഹചര്യം ഗ്രാമപഞ്ചായത്തുകളിൽ വന്നിട്ടുണ്ട്.

(ബി) ഗ്രാമസഭാ യോഗത്തിൽ പൊതുജന പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഗ്രാമപഞ്ചായത്തുകളിലെ ജനപങ്കാളിത്തവും സംവാദാത്മകതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ഗ്രാമസഭ പോർട്ടൽ എന്ന ഓൺലൈൻ സംവിധാനം വികസിപ്പിച്ചുവരുന്നുണ്ട്. പൊതുജനങ്ങൾക്ക് പ്രദേശത്തിന്റെ വികസനക്ഷേമ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള നിർദ്ദേശങ്ങളും വസ്തുതകളും സമർപ്പിക്കുന്നതിന് പ്രസ്തുത പോർട്ടലിൽ സംവിധാനമുണ്ടാകുന്നതാണ്. ഇതുവഴി ഗ്രാമസഭകൾ ഓൺലൈനായി സംഘടിപ്പിക്കുന്നതിനും ഏതൊരു വ്യക്തിക്കും അവർ ഇപ്പോൾ നിൽക്കുന്ന സ്ഥലങ്ങളിൽനിന്നും ഗ്രാമസഭകളിൽ പങ്കെടുക്കാൻ സാധിക്കുന്നതും അതുവഴി ഗ്രാമസഭകളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും സാധിക്കുന്നതാണ്.

(സി) ഗ്രാമസഭാ മിനിട്ട്സിൽ കൃത്യമായി ഹാജർ രേഖപ്പെടുത്തുകയും തീരുമാനങ്ങളും ചർച്ചകളും കൃത്യസമയത്തുതന്നെ എഴുതി ചേർക്കുകയും ചെയ്യുന്നതിനുവേണ്ട നിർദ്ദേശം നൽകുമോ?

ഗ്രാമസഭാ മിനിട്ട്സിൽ കൃത്യമായി ഹാജർ രേഖപ്പെടുത്തുകയും തീരുമാനങ്ങളും ചർച്ചകളും കൃത്യസമയത്തുതന്നെ എഴുതിച്ചേർക്കുകയും ചെയ്യുന്നത് സംബന്ധിച്ച് 10-9-1998-ൽ 37806/L3/98/LAD പ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

ലൈഫ് മിഷൻ - പയ്യന്നൂർ കോറോത്ത് ഫ്ലാറ്റ് സമുച്ചയം

396 (2544) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷനിൽ പയ്യന്നൂർ നഗരസഭയിലെ കോറോത്ത് നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയം പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പ്രസ്തുത ഫ്ലാറ്റിന്റെ അടിസ്ഥാന നിർമ്മാണത്തിനുള്ള പ്രവൃത്തികളാണ് നടന്നുവരുന്നത്.

(ബി) കരാറുകാരൻ പ്രവൃത്തി നിർത്തിവച്ചതിന്റെ കാരണം അറിയിക്കാമോ?

നിർമ്മാണ സാമഗ്രികൾക്ക് കമ്പോള വിലയിലുണ്ടായ വർദ്ധനവ് കാരണം കരാർ തുക വർദ്ധനവ് ആവശ്യപ്പെട്ട് കരാറുകാരൻ നിർമ്മാണ പ്രവൃത്തികൾ നിർത്തിവച്ചിരിക്കുകയാണ്.

(സി) പ്രവൃത്തി പുനരാരംഭിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. കരാറുകാരനുമായി നടത്തിയ ചർച്ചയിൽ 2022 ഡിസംബർ 15-നകം നിർമ്മാണ പ്രവൃത്തികൾ പുനരാരംഭിക്കാമെന്ന് കരാറുകാരൻ അറിയിച്ചിട്ടുണ്ട്.

(ഡി) പ്രവൃത്തി പൂർത്തീകരിച്ച് എപ്പോൾ ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; അറിയിക്കാമോ?

30-4-2023-ൽ പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഹരിപ്പാട് നഗരസഭയ്ക്ക് പുതിയ വാഹനം വാങ്ങുന്നതിന് നടപടി

397 (2545) ശ്രീ. രമേശ് ചെന്നിത്തല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നഗരസഭയ്ക്ക് പുതിയ വാഹനം വാങ്ങുന്നതിന് നഗരകാര്യ ഡയറക്ടർ നൽകിയിട്ടുള്ള റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(ബി) പ്രസ്തുത വിഷയത്തിന്മേൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ അഭിപ്രായം ലഭ്യമായിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് തുടർനടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

(എ-സി) ഹരിപ്പാട് നഗരസഭയ്ക്ക് പുതിയ വാഹനം വാങ്ങുന്നതിന് നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയ ശിപാർശ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ (ഡി.ബി.) വകുപ്പിന്റെ DB2/334/2022/LSGD നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു.

സാനിറ്റേഷൻ വർക്കർമാരെ പൊതുസർവ്വീസിൽ ഉൾപ്പെടുത്താൻ നടപടി

398 (2546) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിലെ സാനിറ്റേഷൻ വർക്കർമാരെ പൊതുസർവ്വീസിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ആയത് സംബന്ധിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഇല്ല. കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് മാത്രമായി സ്പെഷ്യൽ റൂൾ തയ്യാറാക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്.

മുനിസിപ്പൽ കോമൺ സർവ്വീസ്

399 (2547) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിലെ ജീവനക്കാരെ സർക്കാർ ജീവനക്കാരാക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരം അറിയിക്കുമോ;

(ബി) പ്രസ്തുത വിജ്ഞാപനം പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ?

(എ&ബി) 2019-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ടപ്രകാരം 1994-ലെ മുനിസിപ്പാലിറ്റി നിയമത്തിലെ 222-ാം വകുപ്പ് ഭേദഗതി വരുത്തി ഉപവകുപ്പ് 1 ചേർത്തിട്ടുണ്ട്. അതിൻപ്രകാരം കണ്ടിജന്റ് ജീവനക്കാർ ഒഴികെ, ഒരു മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതാണെന്നും (1 ബി) പ്രകാരം 1968-ലെ കേരള പബ്ലിക് സർവ്വീസസ് ആക്ടപ്രകാരം ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളാൽ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തരംതിരിവ്, നിയമന സമ്പ്രദായങ്ങൾ, സേവന വ്യവസ്ഥകൾ, ശമ്പളവും ബത്തയും, അച്ചടക്കം, പെരുമാറ്റം എന്നിവ സർക്കാർ നിയന്ത്രിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ വിഷയവുമായി ബന്ധപ്പെട്ട് ഒരു പ്രത്യേക എക്സിക്യൂട്ടീവ് ഉത്തരവിന്റെ ആവശ്യമില്ല.

കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്ട് 2019 പ്രകാരം കണ്ടിജന്റ് ജീവനക്കാർ ഒഴികെ, മുനിസിപ്പാലിറ്റിയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും സർക്കാർ ജീവനക്കാർ ആയിരിക്കുന്നതിന് പ്രാബല്യം 6-3-2019 മുതലാണ്. മുനിസിപ്പാലിറ്റി സർവ്വീസും സർക്കാർ സർവ്വീസും രണ്ട് വ്യത്യസ്ത സർവ്വീസായതിനാൽ 6-3-2019-നുമുമ്പുള്ള സർവ്വീസ് സർക്കാർ സർവ്വീസിലേയ്ക്ക് carry over ചെയ്യാൻ സാധിക്കുകയില്ല.

(സി) പ്രസ്തുത വിജ്ഞാപനപ്രകാരം കേരള സ്റ്റേറ്റ് സർവ്വീസിൽ ഉൾപ്പെടുന്ന തസ്തികകൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂളിൽ ഉൾപ്പെടുന്ന മുനിസിപ്പൽ കോമൺ സർവ്വീസിലെ തസ്തികകൾ ചുവടെ ചേർക്കുന്നു.

- ഡെപ്യൂട്ടി സെക്രട്ടറി
- പേഴ്സണൽ അസിസ്റ്റന്റ്/റവന്യൂ ഓഫീസർ/കൗൺസിൽ സെക്രട്ടറി/ അക്കൗണ്ട്സ് ഓഫീസർ
- ലൈബ്രേറിയൻ ഗ്രേഡ് I
- കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് സെലക്ഷൻ ഗ്രേഡ്
- ഹെൽത്ത് ഓഫീസർ ഗ്രേഡ് I

- ഹെൽത്ത് ഓഫീസർ ഗ്രേഡ് II
- ഹെൽത്ത് ഓഫീസർ ഗ്രേഡ് III
- മെഡിക്കൽ ഓഫീസർ
- ഹെൽത്ത് സൂപ്പർവൈസർ

കോട്ടക്കൽ മണ്ഡലത്തിലെ ഇന്ത്യനൂർ സെക്ഷന്റെ ത്രുപീകരണം

400 (2548) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിച്ച് ഇന്ത്യനൂർ സെക്ഷൻ ത്രുപീകരിക്കുന്നതുമായി ബന്ധപ്പെട്ടും കെ.എസ്.ഇ.ബി. ഓഫീസ് കെട്ടിടത്തിന്റെ വാടക നഗരസഭ നൽകുന്നത് സംബന്ധിച്ചും തദ്ദേശസ്വയംഭരണ വകുപ്പിലുള്ള ഫയലിന്റെ (ത.സ്വ.ഭ.വ.-എഫ്.എം.2/83/2021-ത.സ്വ.ഭ.വ.) നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് നഗരകാര്യ ഡയറക്ടറോട് ആവശ്യപ്പെട്ടിരുന്ന റിപ്പോർട്ട് നഗരകാര്യ ഡയറക്ടറേറ്റിൽനിന്നും ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ?

(എ&ബി) ത.സ്വ.ഭ.വ.-എഫ്.എം.2/83/2021-ത.സ്വ.ഭ.വ. ഫയലിൽ നഗരകാര്യ ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത വിഷയത്തിന്മേൽ നഗരകാര്യ ഡയറക്ടറേറ്റിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

പ്രസ്തുത വിഷയത്തിലുള്ള കോട്ടക്കൽ നഗരസഭാ സെക്രട്ടറിയുടെ കത്ത് നഗരകാര്യ ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് ശിപാർശ ചെയ്ത് സമർപ്പിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ നഗരകാര്യ ഡയറക്ടറോട് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നും അധിക വിവരം ആവശ്യപ്പെട്ടിരുന്നു. ഇക്കാര്യം 5-10-2021-ലെ ജി3/569/2021 നമ്പർ കത്തിലൂടെ നഗരകാര്യ ഡയറക്ടർ കോട്ടക്കൽ നഗരസഭയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ഇതുവരെയും നഗരകാര്യ ഡയറക്ടറേറ്റിൽ ലഭിച്ചിട്ടില്ല.

മുൻകാല സർവ്വീസ് സീനിയോറിറ്റി സംരക്ഷിക്കുന്നതിന് നടപടി

401 (2549) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസിപ്പൽ കോമൺ സർവ്വീസിൽ പ്രൊബേഷൻ കാലാവധി കഴിഞ്ഞതിനുശേഷം പി.എസ്.സി. മുഖേന മറ്റൊരു ഡിപ്പാർട്ടുമെന്റിൽ നിയമനം ലഭിക്കുകയും പ്രസ്തുത വകുപ്പിൽ നാല് വർഷം തുടർച്ചയായി സേവനമനുഷ്ഠിക്കുകയും ചെയ്ത ഉദ്യോഗസ്ഥന് തിരികെ മുൻസിപ്പൽ കോമൺ സർവ്വീസിലേയ്ക്ക് മടങ്ങിവരാൻ വ്യവസ്ഥയുണ്ടോ; ഇതുസംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇത്തരം ഉദ്യോഗസ്ഥർക്ക് അവരുടെ മുൻകാല സർവ്വീസ് സീനിയോറിറ്റി/സാലറി എന്നിവ സംരക്ഷിച്ച് നൽകുമോ; വ്യക്തമാക്കാമോ?

(എ&ബി) ഒരു ഡിപ്പാർട്ടുമെന്റിൽനിന്നും മറ്റൊരു ഡിപ്പാർട്ടുമെന്റിലേയ്ക്ക് നിയമനം ലഭിക്കുകയും തുടർന്ന് മുൻഡിപ്പാർട്ടുമെന്റിലേയ്ക്ക് മടങ്ങിവരുന്നയാൾക്ക് 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾ ഭാഗം II ചട്ടം 8 പ്രകാരം മുൻകാല സർവ്വീസിലെ സീനിയോറിറ്റി ലഭിക്കുന്നതാണ്. 14-6-2013-ലെ G.O. (P) No.19/2013/P&ARD നമ്പർ ഉത്തരവുപ്രകാരം മറ്റൊരു വകുപ്പിൽ നിയമനം ലഭിച്ച ഒരു ജീവനക്കാരന് തിരികെ മുനിസിപ്പൽ കോമൺ സർവ്വീസിൽ പ്രവേശിക്കാൻ സാധിക്കുന്നതും ടി കാലയളവ് 5 വർഷത്തിനുള്ളിലാണെങ്കിൽ ടിയാളുടെ സേവനകാലം, ശമ്പളം എന്നിവ പരിരക്ഷിച്ച് ലഭിക്കുന്നതുമാണ്.

മാലിന്യസംസ്കരണം ഏകോപിപ്പിക്കുന്നതിന് യുവ പ്രൊഫഷണലുകൾ

402 (2550) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളിലെ മാലിന്യസംസ്കരണം ഏകോപിപ്പിക്കുന്ന ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥർ ആരെന്ന് വ്യക്തമാക്കുമോ?

നഗരസഭകളിൽ മാലിന്യസംസ്കരണം ഏകോപിപ്പിക്കുന്ന ചുമതലകൾ വഹിക്കുന്ന ഉദ്യോഗസ്ഥൻ നഗരസഭാ സെക്രട്ടറിയാണ്. മാലിന്യ സംസ്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി എല്ലാ നഗരസഭകളിലും നഗരസഭാ സെക്രട്ടറി, നഗരസഭാ എഞ്ചിനീയർ, ഹെൽത്ത് സൂപ്പർവൈസർ എന്നിവർ അംഗങ്ങളായി SWM സെല്ലുകൾ രൂപീകരിച്ചിട്ടുള്ളതാണ്.

(ബി) ഇതിനായി യുവ പ്രൊഫഷണലുകളെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) യുവ പ്രൊഫഷണലുകളെ നിയമിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസി ഏതാണ്; പ്രസ്തുത ഏജൻസിക്ക് റിക്രൂട്ട്മെന്റ് നടത്താൻ അധികാരം നൽകിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ; പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാക്കുമോ?

(ബി&സി) യുവ പ്രൊഫഷണലുകളെ നിയമിക്കുന്നതിനുവേണ്ടി ശുചിത്വമിഷൻ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

അമൃത് പദ്ധതി

403 (2551) ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം കോർപ്പറേഷൻ നടപ്പാക്കിവരുന്ന അമൃത് പദ്ധതികളുടെ പുരോഗതി എപ്രകാരമാണ്; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം നിയോജകമണ്ഡലത്തിൽ അമൃത് പദ്ധതി മുഖേന 5 സെക്ടറുകളിലായി ആകെ 59 പദ്ധതികളാണ് നടപ്പാക്കിവരുന്നത്. ഇതിൽ 41 പദ്ധതികൾ കോർപ്പറേഷൻ നേരിട്ട് നടത്തുന്ന പദ്ധതികളും 18 പദ്ധതികൾ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പാക്കുന്നതുമാണ്. കോർപ്പറേഷൻ നേരിട്ട് നടപ്പാക്കുന്ന 41 പദ്ധതികളിൽ 21 സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ, 7 പാർക്കുകൾ, 11 അർബൻ ട്രാൻസ്പോർട്ട് പ്രോജക്ടുകൾ, 2 വാട്ടർ സപ്ലൈ പ്രോജക്ടുകൾ എന്നിവ ഉൾപ്പെടുന്നു. 21 സ്റ്റോം വാട്ടർ ഡ്രെയിനേജ് പ്രോജക്ടുകളിൽ 18 എണ്ണവും അർബൻ ട്രാൻസ്പോർട്ട് പ്രോജക്ടുകളിൽ 7 എണ്ണവും പൂർത്തിയായിട്ടുണ്ട്. പാർക്ക് സെക്ടറിലെ എല്ലാ പ്രോജക്ടുകളും പൂർത്തിയായിട്ടുണ്ട്. വാട്ടർ സപ്ലൈ പ്രോജക്ടുകൾ ഒന്നുംതന്നെ പൂർത്തിയായിട്ടില്ല. ട്രാൻസ്പോർട്ട് സെക്ടറിലെ പ്രധാന പദ്ധതിയായ മൾട്ടിലെവൽ കാർ പാർക്കിംഗ് (10.91 കോടി) എന്ന പദ്ധതി റെയിൽവേ സ്റ്റേഷനടുത്തുള്ള പുറമ്പോക്കിൽ (അലക്കുകുഴി) നടപ്പാക്കുന്നതിനാണ് വിഭാവനം ചെയ്തത്. ഇതിനുവേണ്ടി അവിടെയുണ്ടായിരുന്ന 23 കുടുംബങ്ങളിൽ 20 കുടുംബങ്ങളെ കോർപ്പറേഷന്റെ സ്ഥലത്ത് വീട് നിർമ്മിച്ച് മാറ്റി പാർപ്പിച്ചു. എന്നാൽ 3 കുടുംബങ്ങൾ മാറാൻ തയ്യാറാകാതെ കേസ് ഫയൽ ചെയ്തതിനാൽ പ്രസ്തുത പദ്ധതി ഇതുവരെ നടപ്പാക്കാൻ സാധിച്ചിരുന്നില്ല. മേൽസാഹചര്യത്തിൽ അമൃത് മിഷന്റെ സ്റ്റേറ്റ് ലെവൽ ഹൈപവർ കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതി റദ്ദാക്കുന്നതിനും ബന്ധപ്പെട്ട തുക "Construction of Balance Sewerage Network and Pumping Stations in

Kollam Corporation" എന്ന പദ്ധതിക്ക് വിനിയോഗിക്കുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോർപ്പറേഷൻ നേരിട്ട് നടത്തുന്ന പദ്ധതികളുടെ ആകെ ഭരണാനുമതി തുക 51.65 കോടി രൂപയാണ്. ഇതിൽ ചെലവഴിച്ച തുക 29.15 കോടി രൂപയാണ്. കേരള വാട്ടർ അതോറിറ്റി നിർവ്വഹണ ഏജൻസിയായിട്ടുള്ള 18 പദ്ധതികളിൽ 13 എണ്ണം പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ആകെ ഭരണാനുമതി തുക 253.62 കോടി രൂപയും ചെലവഴിച്ച തുക 69.03 കോടി രൂപയുമാണ്. സ്വീവേജ് സെക്ടറിൽ കൊല്ലം കരീപ്പുഴയിൽ 31.92 കോടി രൂപ ഭരണാനുമതിയുള്ള സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പ്രവൃത്തി 72 ശതമാനം പൂർത്തിയായിട്ടുണ്ട്. 10 വാർഡുകളിലെ ദ്രവമാലിന്യം കരിപ്പുഴയിലെ പ്ലാന്റിൽ എത്തിക്കുന്നതിനായുള്ള നെറ്റ്വർക്കിന്റെ പ്രവൃത്തി (93.61 കോടി രൂപ) 4 പ്രാവശ്യം ടെണ്ടർ ചെയ്തെങ്കിലും ബിഡ്ഡുകളൊന്നും ലഭിച്ചിട്ടില്ല.

അതിതീവ്ര പ്രളയബാധിത പ്രദേശങ്ങളായി നിശ്ചയിച്ചിട്ടുള്ള പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങൾ

404 (2552) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ മഹാപ്രളയത്തിൽ താൽക്കാലികമായി വെള്ളം കയറിയ നഗരസഭകളുടെ അധീനതയിലുള്ള പ്രദേശങ്ങളെ അതിതീവ്ര പ്രളയബാധിത പ്രദേശങ്ങളായി കണക്കാക്കി ലോകബാങ്കിന്റെ സഹായം ലഭിക്കുന്നതിനായി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിലെ Section 34-ൽ 'ദുരന്തം, ദുർബലത, ദുരന്ത സാധ്യത എന്നിവ സംബന്ധിച്ച സാന്ദർഭിക വിശകലനവും ലഘൂകരണത്തിനും പൂർവ്വസ്ഥിതി പ്രാപിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളും' എന്നിവ മാസ്റ്റർ പ്ലാനുകളിൽ ഉൾപ്പെടുത്തണമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. 2018-ലെ മഹാപ്രളയത്തിന്റെ പശ്ചാത്തലത്തിൽ Rebuild Kerala Development Program-ന്റെ (RKDP) ഭാഗമായി World ബാങ്കിന്റെ സാങ്കേതിക സഹായത്തോടെ നഗരാസൂത്രണ വകുപ്പിന്റെയും നഗരസഭകളുടെയും യോജിച്ച പ്രവർത്തനത്തിലൂടെ പ്രയോറിറ്റി ആക്ഷൻ പ്ലാനുകൾ (Priority action Plans) ഉൾപ്പെടുത്തി ദുരന്ത അപായ സാധ്യത കണക്കിലെടുത്തുകൊണ്ടുള്ള മാസ്റ്റർ പ്ലാനുകൾ (Risk Informed Master Plans) നഗരപ്രദേശങ്ങൾക്ക് തയ്യാറാക്കുന്നതിന് ഉദ്ദേശിക്കുകയും പ്രാരംഭത്തിൽ സംസ്ഥാനത്തെ രണ്ടുപട്ടണങ്ങളെ (ചെങ്ങന്നൂർ, മാനന്തവാടി എന്നീ പട്ടണങ്ങൾ) ഇത്തരത്തിലുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കാനായി തെരഞ്ഞെടുക്കുകയും ചെയ്തിട്ടുള്ളതാണ്.

ആയതുപ്രകാരം ചെങ്ങന്നൂർ, മാനന്തവാടി എന്നീ നഗരപ്രദേശങ്ങൾക്ക് സമയബന്ധിതമായി Risk Informed മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയിട്ടുള്ളതും ആയത് അതത് നഗരസഭകൾ പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുള്ളതാണ്.

(ബി) പ്രസ്തുത പ്രദേശങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

മാനന്തവാടി മാസ്റ്റർ പ്ലാൻ 30-6-2021-ൽ നഗരസഭ പ്രസിദ്ധീകരിക്കുകയും പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാൻ സംബന്ധിച്ച് ലഭിച്ച ആക്ഷേപങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിലും നഗരസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും സർക്കാർ അനുമതിയോടെ നഗരസഭ 2-12-2022-ൽ മാസ്റ്റർ പ്ലാൻ പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. ചെങ്ങന്നൂർ മാസ്റ്റർ പ്ലാൻ 30-6-2021-ൽ നഗരസഭ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാൻ സംബന്ധിച്ച് ലഭിച്ച ആക്ഷേപങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിലും ആയതിന്മേൽ നഗരസഭ തീരുമാനത്തിന്റെ അടിസ്ഥാനത്തിലും നിലവിൽ മാസ്റ്റർ പ്ലാൻ പുനഃപ്രസിദ്ധീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ചെങ്ങന്നൂർ നഗരസഭയുമായി ചേർന്ന് തദ്ദേശസ്വയംഭരണ പ്ലാനിംഗ് വകുപ്പിന്റെ ജില്ലാ കാര്യാലയത്തിൽ ആരംഭിച്ചിട്ടുള്ളതാണ്.

(സി) ചെങ്ങന്നൂർ നഗരസഭയിലെ 5, 6, 7 വാർഡുകൾ അതിതീവ്ര പ്രളയബാധിത പ്രദേശങ്ങളായി കണക്കാക്കി മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത് നഗരസഭയുടെ അറിവോടെയാണോ?

പ്രസിദ്ധീകരിക്കപ്പെട്ട ചെങ്ങന്നൂർ മാസ്റ്റർ പ്ലാൻ പ്രകാരം risk സോണുകൾ നഗരസഭയിലെ 10 വാർഡുകളിൽ വ്യാപിച്ചിരിക്കുന്നുണ്ടെങ്കിലും 5, 6, 7 എന്നീ വാർഡുകളാണ് കൂടുതലായി ഉൾപ്പെടുന്നത്. Proposed land use map പ്രകാരം 5, 6, 7 എന്നീ വാർഡുകളിലെ വിവിധ പ്രദേശങ്ങൾ high, medium എന്നീ risk സോണുകളിൽ ഉൾപ്പെടുന്നു. മേൽവാർഡുകളിൽ risk സോണുകളിൽ ഉൾപ്പെടാത്ത പ്രദേശങ്ങളും ഉള്ളതാണ്. വാർഡുതല സർവ്വേ നടത്തി തയാറാക്കിയ കരട് മാസ്റ്റർ പ്ലാൻ നഗരസഭ കൗൺസിലിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. 2016-ലെ കേരള നഗരഗ്രാമാസൂത്രണ ആക്ടിന്റെ സെക്ഷൻ 36 (2) പ്രകാരം കരട് മാസ്റ്റർ പ്ലാൻ നഗരസഭ സ്വീകരിക്കുന്നതിനും ആയത് സർക്കാർ അനുമതിക്കായി സമർപ്പിക്കുന്നതിനും 4-6-2021-ലെ നഗരസഭാ യോഗത്തിൽ തീരുമാനം എടുത്തിട്ടുള്ളതും തുടർന്ന് സർക്കാർ അനുമതി ലഭിച്ചശേഷം ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് 30-6-2021-ൽ

ചെങ്ങന്നൂർ നഗരസഭ പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. 4-11-2022-ലെ കൗൺസിൽ തീരുമാനപ്രകാരം റീ-സർവ്വേ നടപടികൾ നടത്തി മാസ്റ്റർ പ്ലാൻ അപാകതകൾ പരിഹരിച്ച് പുനഃപ്രസിദ്ധീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ആയതിന്റെ സർവ്വേ 5-12-2022 -ൽ ആരംഭിച്ചിട്ടുള്ളതുമാണ്.

(ഡി) മാസ്റ്റർ പ്ലാൻ തയ്യാറാക്കിയതിൽ അപാകതയുള്ളതായി നഗരസഭ ആക്ഷേപം ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

30-6-2021-ൽ പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിന്മേൽ ആക്ഷേപങ്ങളും അഭിപ്രായങ്ങളും നൽകുന്നതിനുള്ള കാലാവധി 28-8-2021-ന് കഴിഞ്ഞെങ്കിലും കോവിഡ്-19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അറിയിക്കാൻ കഴിയാത്ത സാഹചര്യം കണക്കിലെടുത്തും Risk Informed Master Plan എന്ന നിലയിൽ തയ്യാറാക്കിയതിനാൽ സാധാരണ മാസ്റ്റർ പ്ലാനിൽനിന്നും വ്യത്യസ്തമായി കൂടുതൽ സവിശേഷതകളും സാങ്കേതിക വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ പൊതുജനങ്ങൾക്ക് ഇതുസംബന്ധിച്ച് മനസ്സിലാക്കുന്നതിന് കൂടുതൽ സമയം അനിവാര്യമായതിനാലും ആക്ഷേപങ്ങളും അഭിപ്രായങ്ങളും സമർപ്പിക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നഗരസഭയിൽനിന്നും ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 29-11-2021-ലെ G.O.(Ms)No.278/2021/LSGD നമ്പർ ഉത്തരവുപ്രകാരം ആക്ഷേപങ്ങളും അഭിപ്രായങ്ങളും നൽകുന്നതിനുള്ള കാലാവധി 21-1-2022 വരെ സർക്കാർ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളതാണ്. മാസ്റ്റർ പ്ലാൻ സംബന്ധിച്ച് നഗരസഭയിൽ ആകെ 9 ആക്ഷേപങ്ങളാണ് ലഭിച്ചിരുന്നത്. മാസ്റ്റർ പ്ലാൻ സംബന്ധിച്ച നടപടിക്രമങ്ങൾ കോവിഡ് കാലത്ത് നടന്നതിനാൽ കൗൺസിൽ അംഗങ്ങൾക്ക് മാസ്റ്റർ പ്ലാനിനെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശങ്ങളോ, അവബോധമോ ലഭിച്ചില്ലെന്നും മാസ്റ്റർ പ്ലാൻ സംബന്ധിച്ച വിവരങ്ങൾ ജനങ്ങളിലേയ്ക്ക് എത്തിക്കാൻ സാധിച്ചിരുന്നില്ലെന്നും എന്നാൽ പെർമിറ്റ് നൽകുന്ന സമയത്താണ് മാസ്റ്റർ പ്ലാനിലെ അപാകതകൾ വ്യക്തമായതെന്നും നിലവിൽ 2018-ലെ വെള്ളപ്പൊക്കത്തിൽ പ്രളയം ബാധിക്കാത്ത സ്ഥലങ്ങൾ high റിസ്കിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും മാസ്റ്റർ പ്ലാനിലെ ഇത്തരം വ്യവസ്ഥകൾ ജനങ്ങൾക്ക് പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നുവെന്നും സ്പെഷ്യൽ കമ്മിറ്റി യോഗങ്ങൾ, നഗരസഭയിൽ നടന്ന മാസ്റ്റർ പ്ലാൻ അവലോകന യോഗങ്ങൾ എന്നിവയിൽ നഗരസഭാ പ്രതിനിധികൾ അറിയിച്ചിട്ടുള്ളതും തുടർന്ന്, സ്പെഷ്യൽ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മാസ്റ്റർ പ്ലാൻ പുനഃപ്രസിദ്ധീകരിക്കുന്നതിന് ചെങ്ങന്നൂർ നഗരസഭാ കൗൺസിൽ 4-11-2022-ൽ തീരുമാനമെടുത്തിട്ടുള്ളതുമാണ്.

(ഇ) ചെങ്ങന്നൂർ നഗരസഭയുടെ നിർദ്ദേശമോ സമ്മതമോ ചർച്ചയോ പഠനമോ ഇല്ലാതെ പ്രസ്തുത പ്രദേശങ്ങളെ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയതിന്റെ കാരണം വ്യക്തമാക്കുമോ?

ചെങ്ങന്നൂർ മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനായി, നഗരസഭ തയ്യാറാക്കിയ 'നമ്മൾ നമുക്കായി' റിപ്പോർട്ട്, DDMA-യിൽനിന്നും ലഭ്യമായ District Diasater Management Plan, വിവിധ ഏജൻസികൾ നടത്തിയ പ്രളയവുമായി ബന്ധപ്പെട്ട പഠനങ്ങൾ എന്നിവയിൽ നിന്നുമാണ് പ്രധാനമായും ദുരന്ത അപായ സാധ്യതയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ എടുത്തിട്ടുള്ളത്. മേൽ റിപ്പോർട്ടുകളിൽ വെള്ളപ്പൊക്കത്തിന്റെ തോത് ലഭ്യമല്ലാത്തതിനാൽ തദ്ദേശസ്വയംഭരണ പ്ലാനിംഗ് വകുപ്പിന്റെ ജില്ലാ കാര്യാലയത്തിൽനിന്നും നഗരസഭയുടെ സഹായത്തോടെ നേരിട്ട് പ്രാഥമിക സർവ്വേ നടത്തിയിരുന്നു. 2018-ലെ വെള്ളപ്പൊക്കത്തിന്റെ അളവുകൾ എടുക്കുന്നതിനായി പട്ടണത്തിലെ വെള്ളപ്പൊക്ക സാധ്യതയുള്ള പ്രദേശങ്ങളിലെ വിവിധ സ്ഥലങ്ങളിൽ സർവ്വേ നടത്തി വെള്ളപ്പൊക്കത്തിന്റെ തോത് മനസ്സിലാക്കാൻ ഈ അളവുകൾ GIS സാങ്കേതികവിദ്യ ഉപയോഗിച്ച് മാപ്പ് ചെയ്തു. 2018-ലെ പ്രളയബാധിത പ്രദേശങ്ങളിൽ വെള്ളം കയറിയതിന്റെ ഉയരം, വ്യാപ്തി തുടങ്ങിയവ സർവ്വേ നടത്തി ഭൂവിനിയോഗ മാപ്പിൽ ഉൾപ്പെടുത്തുകയും തുടർന്ന് പ്രളയലഘൂകരണ പ്രവർത്തനങ്ങൾ നടപ്പാക്കിയ സാഹചര്യം പരിഗണിച്ചും risk മേഖല വിഭാവനം ചെയ്തിട്ടുള്ളതാണ്. കരട് മാസ്റ്റർ പ്ലാൻ 26-5-2021, 4-6-2021 എന്നീ തീയതികളിൽ നഗരസഭാ കൗൺസിലിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുള്ളതാണ്. 2016-ലെ കേരള നഗര ഗ്രാമാസൂത്രണ ആക്ടിന്റെ സെക്ഷൻ 36 (2) പ്രകാരം കരട് മാസ്റ്റർ പ്ലാൻ നഗരസഭ സ്വീകരിക്കുന്നതിനും ആയത് സർക്കാർ അനുമതിക്കായി സമർപ്പിക്കുന്നതിനും 4-6-2021-ലെ നഗരസഭാ യോഗത്തിൽ തീരുമാനമെടുത്തിട്ടുള്ളതും തുടർന്ന് സർക്കാർ അനുമതി ലഭിച്ചശേഷം ആക്ഷേപങ്ങളും അഭിപ്രായങ്ങളും ക്ഷണിച്ചുകൊണ്ട് 30-6-2021-ൽ ചെങ്ങന്നൂർ നഗരസഭ പ്രസ്തുത മാസ്റ്റർ പ്ലാൻ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്.

(എഫ്) 2018-ലെ പ്രളയത്തിൽമാത്രം വെള്ളം കയറിയ പ്രസ്തുത പ്രദേശങ്ങളെ അതിതീവ്ര പ്രളയബാധിത പ്രദേശങ്ങളായി കണക്കാക്കി ഭവന നിർമ്മാണങ്ങൾക്ക് കർശന നിയന്ത്രണവും ഭൂമിയുടെ ക്രയവിക്രയങ്ങൾക്ക് വിലക്കും ഏർപ്പെടുത്തിയതിലെ അപാകത പുനഃപരിശോധിച്ച് തിരുത്തൽ നടപടി സ്വീകരിക്കുമോ?

ചെങ്ങന്നൂർ നഗരസഭാ പ്രദേശത്ത് പ്രസിദ്ധീകൃത മാസ്റ്റർ പ്ലാൻപ്രകാരം ഭൂമിയുടെ ക്രയവിക്രയങ്ങൾക്ക് യാതൊരുവിധ വിലക്കും ഏർപ്പെടുത്തിയിട്ടില്ല. Risk മേഖലയിൽ മാസ്റ്റർ പ്ലാനിന്റെ മേഖലാ നിയന്ത്രണങ്ങൾപ്രകാരം കെട്ടിട നിർമ്മാണങ്ങൾക്ക് ദുരന്തലഘൂകരണ നടപടിയുടെ ഭാഗമായി നിയന്ത്രണങ്ങളുണ്ട്. കരട് മാസ്റ്റർ പ്ലാനിൽ ആവശ്യമായ ഭേദഗതികൾ വരുത്തിക്കൊണ്ട് പുനഃപ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് മാത്രമേ നിലവിലുള്ള മാസ്റ്റർ പ്ലാനിലെ നിയന്ത്രണങ്ങളിൽ മാറ്റം വരുത്താൻ കഴിയുകയുള്ളൂ. പ്രസിദ്ധീകരിച്ച മാസ്റ്റർ പ്ലാനിൽ അപാകതകളുള്ളതായി നഗരസഭാ കൗൺസിൽ അഭിപ്രായപ്പെട്ട സാഹചര്യത്തിൽ ആയതുകൂടി പരിശോധിച്ച് കരട് മാസ്റ്റർ പ്ലാൻ പരിഷ്കരിക്കുന്നതിനും തുടർന്ന് കൗൺസിൽ അനുമതിയോടുകൂടി പ്രസിദ്ധീകരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നഗരസഭയുമായി ചേർന്ന് തദ്ദേശസ്വയംഭരണ പ്ലാനിംഗ് വകുപ്പിന്റെ ജില്ലാ കാര്യാലയത്തിൽ ആരംഭിച്ചിട്ടുള്ളതാണ്.

നഗരസഭാ ജീവനക്കാർക്ക് സ്പാർക്ക് സംവിധാനം

405 (2553) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭാ ജീവനക്കാർക്ക് സ്പാർക്ക് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടിയുണ്ടോ?

നഗരസഭാ ജീവനക്കാർക്ക് ജി-സ്പാർക്ക് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നടപടിയുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

നഗരസഭകളിലെ ജീവനക്കാരുടെ സേവനവേതന വിവരങ്ങൾ ജി-സ്പാർക്ക് സംവിധാനത്തിൽ രേഖപ്പെടുത്തി പെൻ നമ്പർ എടുക്കുന്നതിനും ശമ്പള ബിൽ പ്രോസസ്സ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 61 നഗരസഭകൾ trial ബിൽ എടുത്തു. സ്ഥാപന സോഫ്റ്റ്വെയറിൽനിന്നും നിലവിൽ എടുത്തുകൊണ്ടിരിക്കുന്ന ബില്ലുമായി താരതമ്യം ചെയ്തതിൽ ചില വ്യത്യാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ ജി-സ്പാർക്ക് ഓഫീസുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത സംവിധാനം ഏർപ്പെടുത്തുന്നതിന് പ്രയാസങ്ങളുണ്ടോ; വിശദവിവരം ലഭ്യമാക്കുമോ?

നഗരസഭകളിൽനിന്നും അറിയിക്കുന്ന സാങ്കേതിക വിഷയങ്ങൾ ജി-സ്പാർക്ക് ഓഫീസുമായി ബന്ധപ്പെട്ട് പരിഹരിച്ചുവരുന്നു.

തിരുവനന്തപുരം നഗരത്തിൽ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പ്രതിമകളുടെ പരിപാലനം

406 (2554) ശ്രീ. വി. കെ. പ്രശാന്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിൽ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള പ്രതിമകൾ ആരുടെയൊക്കെയാണെന്നും എവിടെയൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രതിമകളുടെ പരിപാലന ചുമതല ആർക്കാണെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രതിമകളോടൊപ്പം അവരെ സംബന്ധിച്ചും അവരുടെ പ്രവർത്തന മണ്ഡലത്തെ സംബന്ധിച്ചുമുള്ള വിശദമായ വിവരങ്ങൾ ഉൾക്കൊള്ളിച്ച് പഠന വിനോദ യാത്രികർക്ക് ഉപയുക്തമാക്കുന്ന വിഷയം പരിഗണിക്കാമോ?

(എ-സി) തിരുവനന്തപുരം നഗരസഭയുടെ ചുമതലയിലുള്ളതും നഗരസഭ പരിപാലിക്കുന്നതുമായ പ്രതിമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വ്യക്തിയുടെ പേര്	സ്ഥാപിച്ചിരിക്കുന്ന സ്ഥലം
1	പത്മനാഭ പിള്ള	ശ്രീകണ്ഠേശ്വരം
2	പൊന്നറ ശ്രീധർ	തമ്പാനൂർ
3	കുമാരനാശാൻ	യൂണിവേഴ്സിറ്റി ജംഗ്ഷൻ
4	പി.എൻ പണിക്കർ	പൂജപ്പുര
5	ശ്രീ. ചിത്തിര തിരുനാൾ	ഫോർട്ട്
6	സ്വാമി വിവേകാനന്ദൻ	കവടിയാർ
7	അയ്യൻകാളി	കനകക്കുന്ന്
8	ദേവരാജൻ മാസ്റ്റർ	മാനവീയം റോഡ്
9	എ.കെ.ജി.	പട്ടം
10	ചട്ടമ്പി സ്വാമി	കണ്ണംമൂല
11	മഹാത്മാ ഗാന്ധി	കിഴക്കേക്കോട്ട
12	വയലാർ രാമവർമ്മ	വെള്ളയമ്പലം
13	ഇ.എം.എസ്	പുത്തരിക്കണ്ടം

തിരുവനന്തപുരം നഗരത്തിൽ മ്യൂസിയത്തിന് എതിർവശത്തുള്ള ഒബ്സർവേറ്ററി ഹില്ലിന് സമീപത്ത് സാംസ്കാരിക വകുപ്പിന്റെ പേരിലുള്ള സ്ഥലത്ത് സ്ഥാപിച്ചിട്ടുള്ള ശ്രീനാരായണ ഗുരു പ്രതിമയുടെ പരിപാലനത്തിനായി ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പഠന വിനോദ യാത്രികർക്ക് ഉൾപ്പെടെ പ്രതിമ നിൽക്കുന്ന സ്ഥലത്ത് സൗജന്യ

പ്രവേശനം അനുവദിച്ചിട്ടുണ്ട്. ശ്രീനാരായണ അന്തർദേശീയ പഠനകേന്ദ്രത്തിൽ ഗുരുവിന്റെ പ്രവർത്തന മണ്ഡലത്തെക്കുറിച്ചുള്ള എല്ലാ വിശദവിവരങ്ങളും ലഭ്യമാണ്. മറ്റ് ഓഫീസ് സമുച്ചയത്തിൽ സ്ഥിതി ചെയ്യുന്നതും സ്വകാര്യ സാംസ്കാരിക സംഘടനകൾ പരിപാലിക്കുന്നതുമായ നഗരസഭാ പരിധിയിലുള്ള പ്രതിമകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വ്യക്തിയുടെ പേര്	സ്ഥാപിച്ചിരിക്കുന്ന സ്ഥലം
1	അക്കാമ്മ ചെറിയാൻ	വെള്ളയമ്പലം
2	കരുണാകരൻ	കനകക്കുന്ന്
3	ശ്രീനാരായണ ഗുരു	വെള്ളയമ്പലം
4	ഉള്ളൂർ എസ്. പരമേശ്വര അയ്യർ	പാളയം
5	പട്ടം താണുപിള്ള	പാളയം
6	നേതാജി സുഭാഷ്ചന്ദ്ര ബോസ്	പി.എം.ജി.
7	കേസരി ബാലകൃഷ്ണ പിള്ള	പുളിമൂട്
8	എം.എൻ ഗോവിന്ദൻ നായർ	പട്ടം
9	ഇ.എം.എസ്.	നിയമസഭാ മന്ദിരം
10	ലാൽ ബഹദൂർ ശാസ്ത്രി	പനവിള
11	ഡോ. ബി. ആർ അംബേദ്കർ	നിയസഭാ മന്ദിരം
12	ഗാന്ധിജി	നിയസഭാ മന്ദിരം
13	ആർ. ശങ്കർ	പാളയം
14	ജവഹർലാൽ നെഹ്റു	അരിസ്റ്റോ ജംഗ്ഷൻ
15	സ്വദേശാഭിമാനി രാമകൃഷ്ണ പിള്ള	പാളയം
16	സി. കേശവൻ	പി.എം.ജി.
17	ഇ.എം.എസ്.	പൊട്ടക്കുഴി
18	ശ്രീ. ചിത്തിര തിരുനാൾ	പാളയം
19	മാധവരായർ	സ്റ്റാച്ച്യൂ
20	പട്ടം താണുപിള്ള	യൂണിവേഴ്സിറ്റികോളേജ് ജംഗ്ഷൻ

മേൽ മഹത്വ്യക്തികളെ സംബന്ധിച്ചും അവരുടെ പ്രവർത്തന മണ്ഡലത്തെ സംബന്ധിച്ചുമുള്ള വിവരങ്ങൾ ഉൾക്കൊള്ളിച്ച് പഠന വിനോദയാത്രികർക്ക് ഉപയുക്തമാക്കുന്ന വിഷയം തദ്ദേശസ്വയംഭരണ വകുപ്പിന്റെ പരിഗണനയിലില്ല.

പൂഞ്ഞാർ മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം

407 (2555) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൂഞ്ഞാർ മണ്ഡലത്തിൽ 2021 ഒക്ടോബർ 16-ാം തീയതിയിലുണ്ടായ

മഹാപ്രളയത്തിൽ തകർന്ന കൂട്ടിക്കൽ പഞ്ചായത്തിലെ ഒൻപതാം വാർഡിലെ പുല്ലകയാറിന് കുറുകെയുള്ള ഏന്തയാർ-മുക്കളം പാലം, മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ പതിനേഴാം വാർഡിലെ വെള്ളനാടി വള്ളക്കടവ് പാലം, കോരുത്തോട് ഗ്രാമപഞ്ചായത്ത് ആറാം വാർഡിലെ അഴുതയാറിന് കുറുകെയുള്ള തോപ്പുംപടി പാലം, ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി ഒൻപതാം ഡിവിഷനിലെ കാരയ്ക്കാട് ചങ്ങാടക്കടവ് ഭാഗത്ത് മീനച്ചിലാറിന് കുറുകെയുള്ള പാലം എന്നീ നാലുപാലങ്ങളുടെ പുനർനിർമ്മാണത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ?

1. കൂട്ടിക്കൽ പഞ്ചായത്തിലെ 9-ാം വാർഡിലെ പുല്ലകയാറിന് കുറുകെയുള്ള ഏന്തയാർ-മുക്കളം പാലം:- പുല്ലകയാറിന് കുറുകെയുള്ള ഏന്തയാർ മുക്കളം പാലം പകുതി ഭാഗം കൂട്ടിക്കൽ പഞ്ചായത്തും പകുതി കൊക്കയാർ പഞ്ചായത്തിന്റെ അധീനതയിലുള്ളതുമാണ്. പാലം പൂർണ്ണമായി ഉരുൾപൊട്ടലിൽ തകർന്നുപോയിരുന്നു. ഇതുവരെ പാലം പുനർനിർമ്മാണം നടന്നിട്ടില്ല. പുനർനിർമ്മിക്കാനുള്ള ചെലവായ നാല് കോടി എൺപത്തിമൂന്ന് ലക്ഷം രൂപ കണ്ടെത്തി പാലത്തിന്റെ പുനർനിർമ്മാണം നടത്താൻ ത്രിതല പഞ്ചായത്തിന് സാധിക്കുകയില്ല. 2022-23-ലേയ്ക്കുള്ള ബഡ്ജറ്റിൽ ഈ പ്രോജക്ട് ഉൾപ്പെട്ടിരുന്നെങ്കിലും ഇരുപത് ശതമാനം ഫണ്ട് വകയിരുത്തിയിട്ടുള്ള പ്രവൃത്തികളിൽ ഈ പ്രോജക്ട് ഉൾപ്പെട്ടിട്ടില്ല. കൂടാതെ ടി പാലം PWD-യുടെ അധീനതയിലുള്ളതായിരുന്നു.

2. മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിലെ വെള്ളനാടി വള്ളക്കടവ് പാലം:- 16-10-2021-ൽ ഈ പ്രദേശത്തുണ്ടായ മഹാപ്രളയത്തിൽ പാലം പൂർണ്ണമായും തകർന്നുപോയിട്ടുണ്ട്. പ്രസ്തുത പാലം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ്.

3. കോരുത്തോട് ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിലെ അഴുതയാറിന് കുറുകെയുള്ള തോപ്പുംപടി പാലം:- തോപ്പിൽ കടവിൽ നിലവിലുണ്ടായിരുന്ന പാലം കോട്ടയം ജില്ലയിലെ കോരുത്തോടിനെയും ഇടുക്കി ജില്ലയിലെ മൂഴിക്കൽ എന്ന സ്ഥലത്തെയും തമ്മിൽ ബന്ധിപ്പിച്ചിരുന്നു. പൂർണ്ണമായും വാഹന ഗതാഗതമുണ്ടായിരുന്ന ഒരു പ്രധാന പാലമായിരുന്നു. ഇക്കഴിഞ്ഞ പ്രളയത്തിൽ തകർന്ന പാലത്തിന്റെ പുനർനിർമ്മാണം നടത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

4. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി - 9-ാം ഡിവിഷനിലെ കാരയ്ക്കാട് ചങ്ങാടകടവ് ഭാഗത്ത് മീനച്ചിലാറിന് കുറുകെയുള്ള പാലം:- പ്രളയത്തിൽ തകർന്ന പാലത്തിന്റെ പുനർനിർമ്മാണം നടത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി-വേതന കുടിശ്ശിക നൽകുന്നതിന് നടപടി

408 (2556) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികൾക്ക് വേതനകുടിശ്ശികയുണ്ടോ; കൃത്യമായി വേതനം നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കുമോ?

ഉണ്ട്. വേതനവിതരണത്തിന് ആവശ്യമായ തുക കേന്ദ്രസർക്കാർ സമയബന്ധിതമായി അനുവദിക്കാത്തതാണ് കൃത്യമായി വേതനം നൽകുന്നതിൽ തടസ്സമാകുന്നത്.

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്രസർക്കാരിൽനിന്നും ലഭിക്കേണ്ട തുക കൃത്യമായി ലഭിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ എത്ര തുക കുടിശ്ശികയുണ്ടെന്ന് അറിയിക്കുമോ?

(ബി&സി) തൊഴിലാളികളുടെ വേതനം 2022 ഒക്ടോബർ മാസം വരെ വിതരണം ചെയ്തിരുന്നു. എന്നാൽ, അതിനുശേഷമുള്ള കാലയളവിലെ വേതനം കുടിശ്ശികയാണ്. നിലവിൽ, 2022 ഒക്ടോബർ മാസം മുതൽ 422.1096 കോടി രൂപ വേതനയിനത്തിൽ കുടിശ്ശികയുണ്ട്.

(ഡി) പ്രസ്തുത കുടിശ്ശിക തുക ലഭിക്കുവാൻ കാലതാമസം നേരിടുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ കുടിശ്ശിക നൽകിയശേഷം കേന്ദ്രസർക്കാരിൽനിന്നും തുക ലഭിക്കുന്ന മുറയ്ക്ക് റീഇംപ്ലേസ് ചെയ്യുന്ന സംവിധാനം നടപ്പാക്കുന്നത് പരിഗണിക്കുമോ?

തൊഴിലാളികളുടെ വേതനം, കേന്ദ്ര സർക്കാർ നേരിട്ട് അവരുടെ അക്കൗണ്ടുകളിലേയ്ക്ക് നൽകുകയാണ് ചെയ്യുന്നതെന്നതിനാൽ സംസ്ഥാനം തുക നൽകുകയും കേന്ദ്രസർക്കാർ കുടിശ്ശിക നൽകുന്ന മുറയ്ക്ക് ആയത് തിരികെ ഈടാക്കുകയും ചെയ്യുന്നത് പ്രായോഗികമല്ല.

(ഇ) പ്രസ്തുത തൊഴിലാളികളുടെ വേതനം കൃത്യമായി നൽകുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്തിന്റെ ഈ വർഷത്തെ ലേബർ ബഡ്ജറ്റ് 10.31 കോടിയായി പുനർനിശ്ചയിക്കുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. കൂടാതെ രണ്ടാംഗഡു ഫണ്ട് അനുവദിക്കുന്നതിന് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന് കത്ത് നൽകിയിട്ടുണ്ട്.

ഞാറക്കൽ താലൂക്ക് ആശുപത്രി കെട്ടിടം

409 (2557) ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലയുടെ ധനസഹായത്തോടെ നിർമ്മിക്കുന്നതും തദ്ദേശസ്വയംഭരണ വകുപ്പ് 7-3-2019-ലെ സർക്കാർ ഉത്തരവ് നമ്പർ 559/2019/എൽ.എസ്.ജി.ഡി. പ്രകാരം 5.95 കോടി രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമായ ഞാറക്കൽ താലൂക്ക് ആശുപത്രി കെട്ടിടം എന്നത്തേയ്ക്ക് പ്രവർത്തനസജ്ജമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഞാറക്കൽ താലൂക്ക് ആശുപത്രി കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതാണ്. കെട്ടിടം പ്രവർത്തനസജ്ജമാക്കണമെങ്കിൽ അഗ്നിശമനസുരക്ഷ ഏർപ്പെടുത്തേണ്ടതായിട്ടുണ്ട്. ആയത് ഒരു പുതിയ പ്രവൃത്തിയായി ടെണ്ടർ ചെയ്ത് നടപ്പാക്കേണ്ടതുണ്ടെന്നും അതിന് കുറഞ്ഞത് 4 മാസം സമയം വേണ്ടിവരുമെന്നും പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അറിയിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത കെട്ടിടത്തിന് അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനായി സമർപ്പിച്ച എസ്റ്റിമേറ്റിന് അനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്നത്തേയ്ക്ക് അനുമതി ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പ്രസ്തുത കെട്ടിടത്തിന്റെ അഗ്നി സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം 7.2 ലക്ഷം രൂപയുടെ അബ്സ്ട്രാക്ട് എസ്റ്റിമേറ്റ് സമർപ്പിച്ചിരുന്നു. തുടർന്ന് വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കണമെന്ന് ആവശ്യപ്പെടുകയും അതിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് കെട്ടിടവിഭാഗം 93 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിക്കുകയും ചെയ്തിരുന്നു. മേൽ രണ്ട് എസ്റ്റിമേറ്റുകളും തമ്മിലുള്ള അന്തരം കണക്കിലെടുത്ത് വിഷയം സംബന്ധിച്ച് എറണാകുളം റീജിയണൽ ഫയർ ഓഫീസറുമായി ചർച്ച ചെയ്യുകയും കെട്ടിടത്തിന്റെ പ്ലാൻ സഹിതം പരിശോധനയ്ക്ക് എത്തിക്കാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. ഫയർ ഓഫീസിൽനിന്നുള്ള നിർദ്ദേശപ്രകാരം എസ്റ്റിമേറ്റിൽ മാറ്റം വരുത്തുന്നതിന് പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗത്തിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. എസ്റ്റിമേറ്റ് അംഗീകരിക്കുന്നതുപ്രകാരം അനുമതിക്കുള്ള നടപടി എടുക്കുന്നതാണ്.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതി

410 (2558) ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷം മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിക്ക് അനുവദിച്ച കേന്ദ്രവിഹിതത്തിൽ മുൻവർഷത്തെ അപേക്ഷിച്ച് കുറവ് വന്നിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2021-22 സാമ്പത്തികവർഷം 10.56 കോടി തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചത്. 2022-23 സാമ്പത്തിക വർഷം 10.31 കോടി തൊഴിൽ ദിനങ്ങൾക്ക് പ്രൊപ്പോസൽ നൽകിയിരുന്നെങ്കിലും 6 കോടി തൊഴിൽ ദിനങ്ങൾക്ക് മാത്രമേ അംഗീകാരം ലഭിച്ചുള്ളൂ. അംഗീകരിച്ച ലേബർ ബഡ്ജറ്റിന്റെ 90 ശതമാനത്തിന് മുകളിൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചതിനാൽ, മൊത്തം 10.31 കോടി തൊഴിൽ ദിനങ്ങൾ ലഭിക്കുന്നതിനായി ലേബർ ബഡ്ജറ്റ് പുതുക്കുന്നതിന് കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) അടുത്ത സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിക്ക് ആവശ്യമായ കേന്ദ്ര വിഹിതത്തിൽ കുറവ് വരുത്തുന്നതിനുള്ള എന്തെങ്കിലും നിർദ്ദേശങ്ങൾ വന്നിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുക?

അപ്രകാരമുള്ള നിർദ്ദേശങ്ങളൊന്നും ഇതുവരെ ലഭിച്ചിട്ടില്ല.

ടേക്ക് എ ബ്രേക്ക് പദ്ധതി

411 (2559) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം മണ്ഡലത്തിൽ എത്ര വഴിയോര വിശ്രമ കേന്ദ്രങ്ങളാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിൽ എത്ര എണ്ണത്തിന്റെ പ്രവൃത്തി പൂർത്തീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ?

ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ 18 വഴിയോര വിശ്രമകേന്ദ്രങ്ങളാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്. ഇതിൽ 8 എണ്ണം പ്രവൃത്തി പൂർത്തീകരിച്ചു. പൂർത്തീകരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ശ്രീകൃഷ്ണപുരം ഗ്രാമപഞ്ചായത്ത് - 2 എണ്ണം

2. കരിമ്പുഴ ഗ്രാമ പഞ്ചായത്ത് - 2 എണ്ണം

3. കടമ്പഴിപ്പുറം ഗ്രാമപഞ്ചായത്ത് - 2 എണ്ണം

4. ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത് - 1 എണ്ണം

5. അമ്പലപ്പാറ ഗ്രാമപഞ്ചായത്ത് - 1 എണ്ണം

സിവിൽ എക്സൈസ് ഓഫീസർ തസ്തിക

412 (2560) ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ എത്ര ഉദ്യോഗസ്ഥർ 2015-ലെ സ്പെഷ്യൽ റൂൾ ഭേദഗതിക്കുശേഷം വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽനിന്നും പ്രിവന്റീവ് ഓഫീസർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നേടിയിട്ടുണ്ട്; അറിയിക്കുമോ?

എക്സൈസ് വകുപ്പിൽ 2015-ലെ സ്പെഷ്യൽ റൂൾ ഭേദഗതിക്കുശേഷം വകുപ്പുതല യോഗ്യതാ പരീക്ഷകൾ വിജയിക്കാത്ത 71 പേർക്ക് പ്രിവന്റീവ് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്.

(ബി) മാൻഡേറ്ററിയായ വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ സിവിൽ എക്സൈസ് ഓഫീസർ തസ്തികയിൽനിന്നും പ്രിവന്റീവ് ഓഫീസറായി പ്രൊമോഷൻ നേടിയ ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുവാൻ നിയമ തടസ്സമുണ്ടോ; ഇതുസംബന്ധിച്ച് കേസ്സുകളോ സ്റ്റേയോ നിലവിലുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ?

യോഗ്യതാ പരീക്ഷകൾ വിജയിക്കാതെ സ്ഥാനക്കയറ്റം നേടിയ ജീവനക്കാരെ തരംതാഴ്ത്തുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ വിവിധ കേസ്സുകൾ ഫയൽ ചെയ്തിട്ടുള്ളതും ചില കേസ്സുകളിൽ കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി വിഷയത്തിൽ സ്റ്റേ ഉത്തരവ് ലഭിച്ച ജീവനക്കാരെ തരംതാഴ്ത്തുന്നത് സ്റ്റേ ഒഴിവാക്കുന്ന മുറയ്ക്കോ കോടതിയുടെ അന്തിമ ഉത്തരവിന് വിധേയമായോ ആയിരിക്കുന്നതാണ്.

(സി) കേസ്സുകളോ സ്റ്റേയോ ഒഴിവാക്കാൻ സർക്കാർതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; സ്റ്റേയുണ്ടെങ്കിൽ സ്റ്റേ ഉത്തരവായിട്ട് എത്ര വർഷമായെന്ന് വ്യക്തമാക്കാമോ?

യോഗ്യതാ പരീക്ഷകൾ വിജയിക്കാതെ സ്ഥാനക്കയറ്റം നേടിയ ജീവനക്കാരെ തരംതാഴ്ത്തുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ്

ട്രൈബ്യൂണൽ മുമ്പാകെ വിവിധ കേസ്സുകൾ ഫയൽ ചെയ്തിട്ടുള്ളതും ചില കേസ്സുകളിൽ കോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി വിഷയത്തിൽ നിലവിൽ നിലനിൽക്കുന്ന സ്റ്റേ ഉത്തരവുകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റേ ഉത്തരവുകൾ ഒരു വർഷം മുതൽ രണ്ട് വർഷം വരെയായി നിലനിൽക്കുന്നു.

(ഡി) വകുപ്പുതല പരീക്ഷകൾ പാസ്സാകാത്ത എക്സൈസ് ഉദ്യോഗസ്ഥർ എടുത്ത സെഷൻസ് കേസ്സുകൾക്ക് കോടതിയിൽ നിയമ സാധുതയുണ്ടോയെന്ന് അറിയിക്കുമോ?

അബ്കാരി നിയമപ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥർ എടുക്കുന്ന കേസ്സുകൾക്ക് നിയമസാധുതയുള്ളതാണ്.

എക്സൈസ് വകുപ്പിൽ വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രൊമോഷൻ നേടിയ ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുവാൻ നടപടി

413 (2561) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ 2015-ലെ സ്പെഷ്യൽ റൂൾ ഭേദഗതിക്കുശേഷം എത്ര ഉദ്യോഗസ്ഥർ വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രൊമോഷൻ നേടിയിട്ടുണ്ട്; മാൻഡേറ്ററിയായ വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രൊമോഷൻ നേടിയ ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യാൻ എന്തെങ്കിലും നിയമ തടസ്സമുണ്ടോ; അറിയിക്കുമോ?

എക്സൈസ് വകുപ്പിൽ 2015-ലെ സ്പെഷ്യൽ റൂൾ ഭേദഗതിക്കുശേഷം വകുപ്പുതല യോഗ്യതാ പരീക്ഷകൾ വിജയിക്കാത്ത 71 പേർക്ക് പ്രിവന്റീവ് ഓഫീസർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകിയിട്ടുണ്ട്. മാൻഡേറ്ററിയായി വകുപ്പുതല പരീക്ഷകൾ പാസ്സാകാതെ പ്രൊമോഷൻ നേടിയ ഉദ്യോഗസ്ഥരെ റിവർട്ട് ചെയ്യുവാൻ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ വിവിധ കേസ്സുകളിൽ സ്റ്റേ നിലനിൽക്കുന്നതിനാൽ തടസ്സമുണ്ട്.

(ബി) കേസ്സുകളോ സ്റ്റേയോ നിലവിലുണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ; ഇവ ഒഴിവാക്കാൻ സർക്കാർതലത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

യോഗ്യതാ പരീക്ഷകൾ വിജയിക്കാതെ സ്ഥാനക്കയറ്റം നേടിയ ജീവനക്കാരെ തരംതാഴ്ത്തുന്നതിനെതിരെ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ വിവിധ കേസ്സുകൾ ഫയൽ ചെയ്തിട്ടുള്ളതും ചില

കേസ്സുകളിൽ മേൽകോടതി സ്റ്റേ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ടി വിഷയത്തിന്മേൽ നിലവിൽ നിലനിൽക്കുന്ന സ്റ്റേ ഉത്തരവുകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. സ്റ്റേ ഉത്തരവുകൾ ഒരു വർഷം മുതൽ രണ്ട് വർഷം വരെയായി നിലനിൽക്കുന്നു.

(സി) വകുപ്പുതല പരീക്ഷകൾ പാസ്സാകാത്ത എക്സൈസ് ഉദ്യോഗസ്ഥർ എടുത്ത സെഷൻസ് കേസ്സുകൾക്ക് കോടതിയിൽ നിയമ സാധുതയുണ്ടോയെന്ന് വ്യക്തമാക്കാമോ?

അബ്കാരി നിയമപ്രകാരം അധികാരപ്പെട്ട ഉദ്യോഗസ്ഥർ എടുക്കുന്ന കേസ്സുകൾക്ക് നിയമസാധുതയുള്ളതാണ്.

എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ്

414 (2562) ശ്രീ. വി. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി പുറപ്പെടുവിച്ച 7-9-2022-ലെ സി.എ.3913/11 കേസ്സിലെ വിധി എക്സൈസ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ വിധി നടപ്പാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച അപ്പീൽ (സിവിൽ) 3913 മുതൽ 3931/2011 വരെയുള്ള കേസ്സുകളിൽ 13-12-2008-ലെ G.O. (Ms)22/2008/TD ഉത്തരവിലെ വ്യവസ്ഥകൾപ്രകാരം 1993-2003 കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്ന വിഷയമാണ് പരിഗണിച്ചിരുന്നത്. മേൽ സർക്കാർ ഉത്തരവിനെതിരെ കോടതിയിൽ OP. No.34203/2002 & WP(C) Nos.5929/08, 5935/08, 5950/08, 5998/08, 6045/08, 7348/08, 23362/08 & 30902/08 കേസ്സുകൾ ഫയൽ ചെയ്യുകയും 25-2-2008-ലെ ഉത്തരവിലൂടെ മേൽ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും സീനിയോറിറ്റി KS&SSR 27c പ്രകാരം advice തീയതി കണക്കാക്കി ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ WA No.789/2009 ഫയൽ ചെയ്യുകയും 26-2-2009 WA Nos.1050, 669, 753, 755, 757, 758, 763, 764, 765, 789, 806, 904, 1027, 1048, 1053, 1060, 1061, 1071 & 1072 of 2009 ഉത്തരവുകളിലൂടെ ചുവടെ പറയുന്ന വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

"In the result, the Writ Appeals are allowed. The Judgement of the Learned Single Judge under Appeal is reversed and the concerned Writ Petitions are dismissed. Representations, if any, filed against the

seniority list of Excise Preventive Officers shall be dealt with by the competent authority, treating GO..(Ms)No.22/08/TD, dated 13-2-2008 as valid".

13-2-2008-ലെ G.O. (Ms)No.22/08/TD ഉത്തരവിലെ മാർഗ്ഗനിർദ്ദേശ പ്രകാരം 2-2-1993 മുതൽ 30-6-2003 വരെയുള്ള കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സംസ്ഥാനതല അന്തിമ സീനിയോരിറ്റി ലിസ്റ്റ് 16-12-2008-ലെ XD3-3907/2008 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതും ടി റിട്ട് അപ്പീലിലെ വിധിന്യായം 6-7-2009-ലെ XD3-3907/2008 പ്രകാരം പാലിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. മേൽ റിട്ട് അപ്പീലിനെതിരെയാണ് ശ്രീ. ജിജിപോൾ മുതൽപേർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പ്രത്യേകാനുമതി നൽകി 15805-823/2009 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി SLP ബഹുമാനപ്പെട്ട സുപ്രീം കോടതി തള്ളുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ റിട്ട് അപ്പീൽപ്രകാരമുള്ള ഉത്തരവ് പാലിച്ചിട്ടുള്ളതായി കാണുന്നു.

(ബി) എക്സൈസ് പ്രിവന്റീവ് ഓഫീസർമാരുടെ 2-2-1993 മുതൽ 30-6-2003 വരെയുള്ള സംസ്ഥാന സീനിറിരിറ്റി ലിസ്റ്റിൽ ജില്ലാതല സീനിയോരിറ്റി ലിസ്റ്റുകളിൽ ഉൾപ്പെടാത്ത ആരെയെങ്കിലും ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അവരുടെ പേര് വിവരവും അവർ പ്രിവന്റീവ് ഓഫീസർ തസ്തികയിൽനിന്നും തുടർ പ്രൊമോഷനുവേണ്ടിയുള്ള വകുപ്പുതല പി.എസ്.സി. പരീക്ഷകൾ പാസ്സായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും നൽകാമോ?

ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി *ചേർക്കുന്നു.

എൻ.ഡി.പി.എസ്. ആക്ട്പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകൾ

415 (2563) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പുവർഷം എൻ.ഡി.പി.എസ്. ആക്ടുപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിൽ കുറ്റപത്രം നൽകിയവ എത്രയെന്ന് വെളിപ്പെടുത്തുമോ?

നടപ്പുവർഷം എൻ.ഡി.പി.എസ്. ആക്ടുപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളിൽ, 4619 കേസ്സുകളിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(ബി) സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ പ്രതികളായിട്ടുള്ള കേസ്സുകൾ എത്രയെണ്ണമുണ്ട്; വിശദവിവരം നൽകാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്കൂൾ, കോളേജ് വിദ്യാർത്ഥികൾ പ്രതികളായിട്ടുള്ള 214 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം-5, കോട്ടയം-103, ഇടുക്കി-6, എറണാകുളം-85, തൃശ്ശൂർ-9, കോഴിക്കോട്-6.

(സി) ഇത്തരം കേസ്സുകളിൽ സർക്കാർ ഉദ്യോഗസ്ഥർ ഉൾപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കാമോ?

ഇടുക്കി ജില്ലയിൽ എൻ.ഡി.പി.എസ്. ആകുപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു കേസ്സിൽ സർക്കാർ ഉദ്യോഗസ്ഥൻ പ്രതിയായിട്ടുണ്ട്.

(ഡി) ലഹരി കടത്തിനെക്കുറിച്ച് ഡിപ്പാർട്ടുമെന്റിന് രഹസ്യവിവരം നൽകിയത് എപ്പോഴെങ്കിലും ചോർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുമായി ബന്ധപ്പെട്ട കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ലഹരി കടത്തിനെക്കുറിച്ച് എക്സൈസ് വകുപ്പിന് രഹസ്യവിവരം നൽകിയത് ചോർന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇതുമായി ബന്ധപ്പെട്ട് കേസ്സുകളൊന്നും രജിസ്റ്റർ ചെയ്തിട്ടില്ല.

മയക്കുമരുന്ന് വിപണനത്തിനെതിരെ നിയമ വ്യവസ്ഥകൾ കർശനമാക്കൽ

416 (2564) ശ്രീ. സജി ചെറിയാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ വില്പന തടയുന്നതിന് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കുമോ?

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന മയക്കുമരുന്നിന്റെ വില്പന തടയുന്നതിന് ശക്തമായ കർമ്മപരിപാടി തയ്യാറാക്കിയിട്ടുണ്ട്. ലഹരി വസ്തുക്കളുടെ ഉപയോഗവും വില്പനയും തടയുന്നതിന് ഫീൽഡുതലത്തിൽ റെയ്ഞ്ച് ഓഫീസുകൾ, സർക്കിൾ ഓഫീസുകൾ, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ജില്ലാതല കൺട്രോൾ റൂം, സൈ്ലക്കിംഗ് ഫോഴ്സ് യൂണിറ്റുകൾ, ഹൈവേ പട്രോളിംഗ് യൂണിറ്റുകൾ, ചെക്ക്പോസ്റ്റുകൾ, സംസ്ഥാന അതിർത്തി പങ്കിടുന്ന സ്ഥലങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ, മേജർ കേസ്സുകൾ അന്വേഷിക്കുന്നതിനായി ക്രൈംബ്രാഞ്ച് എക്സൈസ് യൂണിറ്റുകൾ, സംസ്ഥാനം മുഴുവൻ അധികാരപരിധിയുള്ള കമ്മീഷണർ സ്ക്വാഡ് എന്നിവ സ്വന്തംനിലയിലും മറ്റുവകുപ്പുകളുമായി ചേർന്നും എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തിവരുന്നു. ലഹരി കടത്തും വിൽപ്പനയും ഉപയോഗവും കർശനമായി തടയാൻ എൻഫോഴ്സ്മെന്റ് നടപടികൾക്കൊപ്പം

ജനകീയ പങ്കാളിത്തത്തോടെ മയക്കുമരുന്ന് വ്യാപനത്തിനെതിരെ സാമൂഹ്യപ്രതിരോധം തീർക്കുന്നതിന് സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥി/ യുവജനസംഘടനകൾ, സർവ്വീസ് സംഘടനകൾ, വ്യാപാരി വ്യവസായി സംഘടനകൾ, വിവിധ ജാതി, മത, സാമൂഹിക, സാംസ്കാരിക, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ എന്നിങ്ങനെ വിവിധ വിഭാഗങ്ങളുമായി സഹകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു. മയക്കുമരുന്ന് വ്യാപനം തടയുന്നതിനായി 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പ്രചാരണ പരിപാടിയിലെ വർദ്ധിച്ച പൊതുജന പങ്കാളിത്തത്തെത്തുടർന്ന് 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ രണ്ടാംഘട്ട ലഹരിവിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിച്ചുവരുന്നു.

(ബി) മയക്കുമരുന്ന് വിപണനത്തിനെതിരെ നടപ്പാക്കുന്ന നിയമ വ്യവസ്ഥകൾ കൂടുതൽ കർശനമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

മയക്കുമരുന്നുകൾ സംബന്ധമായ കുറ്റകൃത്യങ്ങൾക്കെതിരെ എൻ.ഡി.പി.എസ്. ആക്ട് 1985 പ്രകാരം കർശനമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കുറ്റകൃത്യങ്ങൾ തരംതിരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡം കുറ്റവാളികൾക്ക് ജാമ്യം ലഭിക്കുന്നതിന് സഹായകരമാകുന്നതിനാൽ ആയത് പരിഹരിക്കുന്നതിന് എൻ.ഡി.പി.എസ്. ആക്ടിലെ ഷെഡ്യൂൾ ഭേദഗതി ചെയ്ത് സ്മോൾ ക്വാണ്ടിറ്റി, മീഡിയം ക്വാണ്ടിറ്റി സ്ലാബുകളിൽ കുറവുവരുത്തുന്നതിന് കേന്ദ്രസർക്കാരിന് ശിപാർശ നൽകിയിട്ടുണ്ട്. മയക്കുമരുന്ന് ഉപയോഗിക്കുന്നവർക്കെതിരെ എൻ.ഡി.പി.എസ്. നിയമത്തിലെ സെക്ഷൻ 27 പ്രകാരം നടപടി സ്വീകരിച്ചുവരുന്നുണ്ട്. എൻ.ഡി.പി.എസ്. നിയമത്തിലെ ഏതെങ്കിലും വകുപ്പുപ്രകാരം ശിക്ഷിക്കപ്പെടുന്നയാൾ ഓരോതവണ കുറ്റം ആവർത്തിക്കുമ്പോഴും നിയമത്തിൽ പരാമർശിക്കുന്ന പരമാവധി ശിക്ഷയുടെ ഒന്നര ഇരട്ടി ശിക്ഷ വിധിക്കുന്നതിന് എൻ.ഡി.പി.എസ്. സെക്ഷൻ 31 പ്രകാരവും വ്യാവസായിക അളവിലുള്ള മയക്കുമരുന്നുകളുമായി ബന്ധപ്പെട്ട കേസ്സിൽ ശിക്ഷിക്കപ്പെടുന്നവർ പിന്നീട് മേൽനിയമത്തിൽ പരാമർശിച്ചിട്ടുള്ള അളവോ അതിൽ കൂടുതലോ മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസ്സിൽ ഉൾപ്പെട്ടാൽ വധശിക്ഷ വിധിക്കുന്നതിന് സെക്ഷൻ 31 (A) പ്രകാരവും വ്യവസ്ഥയുണ്ട്. മേൽവകുപ്പുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, മയക്കുമരുന്ന് കേസ്സിൽ ഉൾപ്പെട്ട സ്ഥിരം കുറ്റവാളികളെ നിരന്തരം നിരീക്ഷിക്കുകയും അവർക്കെതിരെ PITS NDPS

Act പ്രകാരമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. എൻ.ഡി.പി.എസ്. കുറ്റവാളികളുടെ ഡേറ്റാഷീറ്റ് തയ്യാറാക്കി കുറ്റം ആവർത്തിക്കുന്നവർക്ക് അധിക ശിക്ഷ നൽകുന്നതിനും നേരിട്ടോ അല്ലാതെയോ ലഹരി കച്ചവടം നടത്തുന്നവരെയും ലഹരിയുമായി അടുത്ത ബന്ധമുള്ളവരെയും കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. മയക്കുമരുന്ന് കേസ്സുകളിൽ ശിക്ഷിക്കപ്പെടുന്ന കുറ്റവാളികൾ സെക്ഷൻ 34 പ്രകാരം ബോണ്ട് വയ്ക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ട നടപടികളും സ്വീകരിച്ചുവരുന്നു.

(സി) ലഹരി ഉപയോഗം തടയുന്നതിന് ജനകീയ സമിതികൾ, വാർഡുതല സമിതികൾ എന്നിവയെ ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ലഹരി ഉപയോഗം തടയുന്നതിന് ജനകീയ സമിതികൾ, വാർഡുതല സമിതികൾ എന്നിവയെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ജാതി, മത, സാമൂഹിക, സാംസ്കാരിക സംഘടനാ പ്രതിനിധികൾ, പ്രാദേശിക കൂട്ടായ്മകൾ, കുടുംബശ്രീ, റസിഡൻസ് അസോസിയേഷനുകൾ, ഗ്രന്ഥശാല, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ എന്നിവയിലെ പ്രതിനിധികൾ തുടങ്ങിയവരെ ഉൾപ്പെടുത്തി തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിലും അവയുടെ വാർഡുതലത്തിലും സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

ആലത്തൂർ എക്സൈസ് റേഞ്ച് ഓഫീസ്

417 (2565) ശ്രീ. പി. പി. സുമോദ്: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് ജില്ലയിലെ ആലത്തൂരിൽ എക്സൈസ് റേഞ്ച് ഓഫീസ് അനുവദിക്കുന്നത് പരിഗണനയിലുണ്ടോ?

പാലക്കാട് ജില്ലയിലെ ആലത്തൂരിൽ എക്സൈസ് റേഞ്ച് ഓഫീസ് നിലവിൽ പ്രവർത്തിച്ചുവരുന്നുണ്ട്.

എക്സൈസ് വകുപ്പ് മയക്കുമരുന്ന് പിടിച്ചെടുത്ത കേസുകളുടെ കണക്ക്

418 (2566) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ 2022 ജനുവരി 1 മുതൽ നവംബർ 30 വരെ എക്സൈസ് വകുപ്പ് മയക്കുമരുന്ന്, കഞ്ചാവ് എന്നിവ പിടിച്ചെടുത്ത സംഭവങ്ങളുമായി ബന്ധപ്പെട്ട് എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

325 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) കൂടുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്തത് എവിടെയാണെന്ന് വ്യക്തമാക്കാമോ?

സുൽത്താൻബത്തേരി എക്സൈസ് റേഞ്ച് ഓഫീസിലാണ് കൂടുതൽ കേസ്സുകൾ രജിസ്റ്റർ ചെയ്തത്.

(സി) ഇങ്ങനെ രജിസ്റ്റർ ചെയ്യപ്പെട്ട കേസ്സുകളിൽ ആകെ പ്രതിയാക്കപ്പെട്ടവരുടെ എണ്ണം വ്യക്തമാക്കാമോ?

329 പേർ പ്രതിയാക്കപ്പെട്ടിട്ടുണ്ട്.

(ഡി) പ്രതിയാക്കപ്പെട്ടവരിൽ 30 വയസ്സിന് താഴെയുള്ളവരുടെ എണ്ണവും ആകെ പ്രതിയാക്കപ്പെട്ട വയനാട് സ്വദേശികളുടെ എണ്ണവും വ്യക്തമാക്കാമോ?

പ്രതിയാക്കപ്പെട്ടവരിൽ 30 വയസ്സിന് താഴെയുള്ളവർ 297-ഉം പ്രതിയാക്കപ്പെട്ട വയനാട് സ്വദേശികളുടെ എണ്ണം 187-ഉം ആണ്.

കുട്ടികളിലെ ലഹരി ഉപയോഗം

419 (2567) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുട്ടികളിലെ ലഹരിവസ്തുക്കളുടെ ഉപയോഗം പാടെ തുടച്ചുനീക്കാൻ എക്സൈസ് വകുപ്പ് മറ്റുവകുപ്പുകളുമായി ചേർന്ന് ബോധവത്കരണമുൾപ്പെടെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കുട്ടികളിലെ ലഹരി വസ്തുക്കളുടെ ഉപയോഗം തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും വിമുക്തിയുടെ ഭാഗമായി ബോധവൽക്കരണ ക്ലാസ്സുകളും മറ്റ് വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പരിപാടികളും സംഘടിപ്പിക്കുകയും ചെയ്യുന്നു. കൂടാതെ എൻ.എസ്.എസ്., എസ്.പി.സി., എൻ.സി.സി., സ്കൗട്ട് & ഗൈഡ്സ് എന്നിവരുമായി സഹകരിച്ച് കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം കണ്ടെത്തി അത്തരം കുട്ടികളെ കൗൺസിലിംഗിന് വിധേയമാക്കുന്നു. സ്കൂൾ സംരക്ഷണ സമിതി, രക്ഷാകർത്തൃസമിതി എന്നിവരുമായി സഹകരിച്ച് സ്കൂളിന് സമീപത്തുള്ള ലഹരി വിൽപ്പനക്കാരുടെ നീക്കങ്ങൾ തടയുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സംസ്ഥാനത്ത് വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് വിദ്യാലയങ്ങളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ച് എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റുവിദഗ്ധരുടെ സേവനം പ്രയോജനപ്പെടുത്തിയും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നു. വിദ്യാലയങ്ങൾ

ലഹരിമുക്തമാക്കുന്നതിനും വിദ്യാർത്ഥികളെ ലഹരി ഉപയോഗിക്കുന്നതിൽനിന്നും പിന്തിരിപ്പിക്കുന്നതിനും സ്കൂളുകളിൽ "ഉണർവ്വ്" എന്ന പേരിൽ കായിക പരിശീലന പദ്ധതി നടപ്പാക്കിവരുന്നു. കോളേജ് തലത്തിൽ വിദ്യാർത്ഥികൾക്കിടയിലെ ലഹരി ഉപയോഗ സാധ്യതകൾ ഇല്ലാതാക്കുന്നതിന് കോളേജ് ക്യാമ്പസ്സുകളിൽ 'നേർക്കൂട്ടം' എന്ന പേരിലും കോളേജ് ഹോസ്റ്റലുകളിൽ 'ശ്രദ്ധ' എന്ന പേരിലും കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. തീരദേശ മേഖലയിലെയും ആദിവാസിമേഖലയിലെയും കുട്ടികളിലും യുവാക്കളിലും കായികശേഷി വർദ്ധിപ്പിക്കുന്നതിനും അവരെ അനഭിലഷണീയമായ പ്രവണതകളിൽനിന്നും പിന്തിരിപ്പിക്കുന്നതിനും ടി മേഖലകളിൽ " ഫിറ്റ്നെസ്സ് കേന്ദ്രങ്ങൾ" തുടങ്ങി പ്രവർത്തിച്ചുവരുന്നു. ആരോഗ്യ വകുപ്പുമായി സഹകരിച്ച് സംസ്ഥാനത്ത് 14 ജില്ലകളിലും വിമുക്തി ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ 3 മേഖലാ കൗൺസിലിംഗ് സെന്ററുകളും തിരുവനന്തപുരം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായുള്ള ഡീ-അഡിക്ഷൻ സെന്ററും ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കാനും ' ലഹരിമുക്ത കേരളം' എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനുമായി കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി'-ക്ക് രൂപം നൽകിയിട്ടുണ്ട്. ലഹരിക്കെതിരെ വിവിധ തലങ്ങളിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ലഹരിക്കടിമപ്പെട്ടവർക്ക് ലഹരിമോചന ചികിത്സ, കൗൺസിലിംഗ് എന്നിവ നൽകുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിച്ചും പൊതുജന പങ്കാളിത്തത്തോടെയും മറ്റുസർക്കാർ വകുപ്പുകളുടെ സഹകരണത്തോടെയും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ വിമുക്തി മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കിവരുന്നു.

എക്സൈസ് വകുപ്പിലെ താൽക്കാലിക നിയമനങ്ങൾ

420 (2568) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എക്സൈസ് വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങൾ, കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളതെന്നും മേൽപ്പറഞ്ഞ പ്രകാരം നിയമിതരായവർക്ക് വേതനവും മറ്റാനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെത്തുക എത്രയാണെന്നും വ്യക്തമാക്കുമോ?

കരാർ നിയമനം - 70 (വിമുക്തി മിഷൻ), താൽക്കാലിക നിയമനം -27

ആകെ-97 നിയമനങ്ങൾ.

1) മെഡിക്കൽ ഓഫീസർ -5

2) ക്ലിനിക്കൽ സൈക്കോളജിസ്റ്റ് -4

3) സൈക്യാടിസ്റ്റ് സോഷ്യൽ വർക്കർ -5

4) സ്റ്റാഫ് നേഴ്സ് -15

5) സെക്യൂരിറ്റി സ്റ്റാഫ് -16

6) ക്ലീനിംഗ് സ്റ്റാഫ് -5

7) വിമുക്തി മിഷൻ ജില്ലാ കോഓർഡിനേറ്റർ -14

8) വിമുക്തി മിഷൻ കൗൺസിലർ -4

9) സോഷ്യോളജിസ്റ്റ് -1

10) സൈക്കോളജിസ്റ്റ് -1

11) കാഷ്വൽ സ്വീപ്പർ -26 (താൽക്കാലിക നിയമനങ്ങൾ)

12) ഇലക്ട്രീഷ്യൻ -1 (താൽക്കാലിക നിയമനം)

മേൽപ്പറഞ്ഞപ്രകാരം നിയമിതരായവർക്ക് വേതനത്തിനും മറ്റാനുകൂല്യങ്ങൾക്കുമായി 2022 ഒക്ടോബർ മാസം 21,23,500 രൂപ അനുവദിച്ചിട്ടുള്ളതാണ്.

(ബി) ഇതിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണെന്നും മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗ്ഗം ഏതാണെന്നും ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയതെന്നുമുള്ള വിവരം വ്യക്തമാക്കുമോ?

മെഡിക്കൽ ഓഫീസർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സൈക്യാടിസ്റ്റ് സോഷ്യൽ വർക്കർ, സ്റ്റാഫ് നഴ്സ്, സെക്യൂരിറ്റി സ്റ്റാഫ്, ക്ലീനിംഗ് സ്റ്റാഫ് എന്നീ നിയമനങ്ങൾ നടത്തുന്നത് ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നുമാണ്. വിമുക്തി മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ, വിമുക്തി മിഷൻ കൗൺസിലർ, സോഷ്യോളജിസ്റ്റ് എന്നീ നിയമനങ്ങൾ പി.ആർ.ഡി. മുഖേന പരസ്യം നൽകി അഭിമുഖം നടത്തിയും കാഷ്വൽ സ്വീപ്പർമാരെ കുടുംബശ്രീ മുഖേനയും സൈക്കോളജിസ്റ്റ്, ഇലക്ട്രീഷ്യൻ എന്നിവരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തരവുമാണ് നിയമിച്ചിട്ടുള്ളത്.

അബ്കാരി നിയമത്തിൽ ഭേദഗതി വരുത്തൽ

421 (2569) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് കെമിക്കൽ എക്സാമിനേഷൻ ലാബിൽ നടത്തിവരുന്ന പരിശോധന ഭക്ഷ്യ വകുപ്പിന്റെ കോന്നിയിലെ സി.എഫ്.ആർ.ഡി. ലാബിൽ നടത്തുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; അറിയിക്കുമോ;

(ബി) നിലവിലെ അബ്കാരി നിയമം അനുശാസിക്കുന്ന പരിശോധന സി.എഫ്.ആർ.ഡി. ലാബിലേയ്ക്ക് മാറ്റുന്നതിന് അബ്കാരി നിയമത്തിൽ ഭേദഗതി വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഭൂരിഭാഗം താൽക്കാലിക ജീവനക്കാർ ജോലി ചെയ്യുന്ന സി.എഫ്.ആർ.ഡി. ലാബിൽ അതീവ ശ്രദ്ധയോടെ ചെയ്യേണ്ട പ്രസ്തുത പരിശോധന നടത്താൻ തീരുമാനിച്ചാൽ വരാവുന്ന ഭവിഷ്യത്തുകൾ സർക്കാർ പരിശോധിക്കുമോ; വ്യക്തമാക്കാമോ?

(എ-സി) എക്സൈസ് വകുപ്പ് കെമിക്കൽ എക്സാമിനേഷൻ ലാബിൽ നടത്തിവരുന്ന പരിശോധന, ഭക്ഷ്യ വകുപ്പിന്റെ കോന്നിയിലെ സി.എഫ്.ആർ.ഡി. ലാബിൽ നടത്തുന്നതിന് തീരുമാനമെടുത്തിട്ടില്ല.

മഞ്ചേശ്വരം താലൂക്കിൽ എക്സൈസ് സർക്കിൾ ഓഫീസ്

422 (2570) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം താലൂക്കിൽ എക്സൈസ് സർക്കിൾ ഓഫീസ് സ്ഥാപിക്കുന്നതിന് ഭൂമി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഇല്ല.

(ബി) പ്രസ്തുത താലൂക്കിൽ എക്സൈസ് സർക്കിൾ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മഞ്ചേശ്വരം താലൂക്കിൽ എക്സൈസ് സർക്കിൾ ഓഫീസ് രൂപീകരിക്കുന്നതിനുള്ള ശിപാർശ സർക്കാരിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതനുസരിച്ച് മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ.

മയക്കുമരുന്ന് ഇടപാടുകാരുടെ ഡേറ്റാബാങ്ക്

423 (2571) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മയക്കുമരുന്ന് ഇടപാടുകാരുടെ ഡേറ്റാബാങ്ക് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിൽ എത്ര പ്രതികളുണ്ടെന്ന് വിശദമാക്കുമോ?

എക്സൈസ് വകുപ്പിൽ മയക്കുമരുന്നുമായി ബന്ധപ്പെട്ട കേസ്സുകളിൽ ഉൾപ്പെട്ട വ്യക്തികളുടെ ഡാറ്റാ ബാങ്ക് തയ്യാറാക്കിയിട്ടുണ്ട്. 2005 ജനുവരി മുതൽ 2022 നവംബർ വരെ 45380 പേർ മയക്കുമരുന്ന് കേസ്സുകളിൽ പ്രതികളായിട്ടുണ്ട്.

(ബി) ലഹരിക്കടത്ത് ആവർത്തിക്കുന്ന എത്രപേർ പട്ടികയിലുണ്ടെന്ന് വിശദമാക്കുമോ?

2005 മുതൽ 2022 വരെയുള്ള ഡാറ്റ വിശകലനം ചെയ്യുമ്പോൾ 45380 പ്രതികളിൽ 2199 പേർ ഒന്നിൽ കൂടുതൽ കേസ്സുകളിൽ പ്രതികളാണ്.

(സി) ലഹരിക്കേസ് പ്രതികൾക്ക് പുറത്തിറങ്ങാൻ ഇനി കുറ്റകൃത്യം ചെയ്യില്ലെന്നുള്ള ബോണ്ട് നൽകേണ്ടതുണ്ടോ; എങ്കിൽ എത്രപേരിൽനിന്ന് ബോണ്ട് വാങ്ങിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

എൻ.ഡി.പി.എസ്. ആക്ട്, ചട്ടം 34 പ്രകാരം ഏതെങ്കിലും ഒരു കുറ്റത്തിന് ശിക്ഷിക്കപ്പെടുന്ന വ്യക്തിക്ക് അപ്പീലിനോ ജാമ്യത്തിനോവേണ്ടി കുറ്റം ആവർത്തിക്കുകയില്ലെന്ന് 3 വർഷത്തിലധികം വരുന്ന കാലയളവിലേയ്ക്ക് ബോണ്ട് വയ്ക്കാൻ നിയമം അനുവദിക്കുന്നുണ്ട്. ശിക്ഷ വിധിക്കുന്ന കോടതികളാണ് ഇപ്രകാരം ബോണ്ട് വയ്ക്കാൻ ഉത്തരവിടേണ്ടത്. പ്രതികളിൽനിന്നും സെക്യൂരിറ്റി ബോണ്ട് വാങ്ങാനുള്ള നടപടികൾ സ്വീകരിക്കാൻ പ്രോസിക്യൂട്ടർ വഴി കോടതിയോട് ആവശ്യപ്പെടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. എറണാകുളം ജില്ലയിൽ 3 പേരിൽനിന്നും വയനാട് ജില്ലയിൽ ഒരാളിൽനിന്നും തിരുവനന്തപുരം ജില്ലയിൽ 17 പേരിൽനിന്നും ഇപ്രകാരം ബോണ്ട് വയ്ക്കുവാൻ ഉത്തരവായിട്ടുണ്ട്.

മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണം

424 (2572) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര എക്സൈസ് ഓഫീസിന് തഴക്കരയിൽ എക്സൈസ് കോംപ്ലക്സ് നിർമ്മിക്കാൻ തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി 271.83 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത നിർമ്മാണത്തിന് ടി തുക അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത നിർമ്മാണത്തിനാവശ്യമായ അധിക തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(ബി&സി) മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ DSR 2016 പ്രകാരമുള്ള 450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് സർക്കാരിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഭരണാനുമതി നൽകാൻ കഴിയാത്തതിനാൽ ചെലവ് കുറച്ച് എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ DSR 2018 പ്രകാരമുള്ള 271.83 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകിയ പ്രസ്തുത തുകയ്ക്ക് കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് പൊതുമരാമത്ത് വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

പ്രിവന്റീവ് ഓഫീസർ തസ്തികയിൽനിന്നും അസിസ്റ്റന്റ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം

425 (2573) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി പുറപ്പെടുവിച്ച അപ്പീൽ (സിവിൽ) 3913 മുതൽ 3931/2011 വരെയുള്ള കേസ്സുകളിൽ 7-9-2022-ലെ അന്തിമവിധി നടപ്പാക്കുന്നതിനുള്ള നടപടി എക്സൈസ് വകുപ്പിൽ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ബഹുമാനപ്പെട്ട സുപ്രീം കോടതി പുറപ്പെടുവിച്ച അപ്പീൽ (സിവിൽ)3913 മുതൽ 3931/2011 വരെയുള്ള കേസ്സുകളിൽ 13-12-2008-ലെ G.O. (Ms)22/2008/TD ഉത്തരവിലെ വ്യവസ്ഥകൾപ്രകാരം 1993-2003 കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുന്ന വിഷയമാണ് പരിഗണിച്ചിരുന്നത്. മേൽ സർക്കാർ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ OP.No.34203/2002 & WP(C)Nos.5929/08, 5935/08, 5950/08, 5998/08, 6045/08, 7348/08, 23362/08 & 30902/08 കേസ്സുകൾ ഫയൽ ചെയ്യുകയും 25-2-2008-ലെ

ഉത്തരവിലൂടെ മേൽ സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും സീനിയോറിറ്റി KS&SSR 27c പ്രകാരം advice തീയതി കണക്കാക്കി ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ WA No.789/2009 ഫയൽ ചെയ്യുകയും 26-2-2009 WA Nos.1050, 669, 753, 755, 757, 758, 763, 764, 765, 789, 806, 904, 1027, 1048, 1053, 1060, 1061, 1071 & 1072 of 2009 ഉത്തരവുകളിലൂടെ ചുവടെ പറയുന്ന വിധിന്യായം പുറപ്പെടുവിച്ചിട്ടുള്ളതാണ്.

"In the result, the Writ Appeals are allowed. The Judgement of the Learned Single Judge under Appeal is reversed and the concerned Writ Petitions are dismissed. Representations, if any, filed against the seniority list of Excise Preventive Officers shall be dealt with by the competent authority, treating G.O.(Ms)No.22/08/TD, dated 13-02-2008 as valid". 13-2-2008-ലെ G.O.(Ms)No.22/08/TD ഉത്തരവിലെ മാർഗ്ഗനിർദ്ദേശപ്രകാരം 2-2-1993 മുതൽ 30-6-2003 വരെയുള്ള കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റ് 16-12-2008-ലെ XD3-3907/2008 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുള്ളതും ടി റിട്ട് അപ്പീലിലെ വിധിന്യായം 6-7-2009-ലെ XD3-3907/2008 പ്രകാരം പാലിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. മേൽ റിട്ട് അപ്പീലിനെതിരെയാണ് ശ്രീ. ജിജിപോൾ മുതൽപേർ ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ പ്രത്യേകാനുമതി നൽകി 15805-823/2009 നമ്പരായി കേസ് ഫയൽ ചെയ്യുകയും ടി SLP ബഹുമാനപ്പെട്ട സുപ്രീം കോടതി തള്ളുകയും ചെയ്തിട്ടുള്ളതാണ്. നിലവിൽ റിട്ട് അപ്പീൽ പ്രകാരമുള്ള ഉത്തരവ് പാലിച്ചിട്ടുള്ളതായി കാണുന്നു.

(ബി) നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ ആയതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. 13-2-2008-ലെ G.O.(Ms)No.22/08/TD ഉത്തരവിലെ നിർദ്ദേശങ്ങൾപ്രകാരം 2-2-1993 മുതൽ 30-6-2003 വരെയുള്ള കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റ് ബഹുമാനപ്പെട്ട കോടതി വിധിക്ക് അനുസൃതമായി 16-12-2008-ലെ XD3-3907/2008 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 7-9-2022-ലെ സിഎ 3913/11 കേസ്സിലെ വിധി വന്നശേഷം ക്രമവിരുദ്ധമായി 10-11-2022-ലെ എക്സ്.ഡി.3-248635/2020 ഉത്തരവുപ്രകാരം പ്രിവന്റീവ് ഓഫീസർ തസ്തികയിൽ നിന്നും അസിസ്റ്റന്റ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നൽകിയ താൽക്കാലിക സ്ഥാനക്കയറ്റം ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കാനുള്ള കാരണം വ്യക്തമാക്കുമോ?

1-1-2009 മുതൽ 19-8-2011 വരെയുള്ള കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട പ്രിവന്റീവ് ഓഫീസർമാർക്ക് അസിസ്റ്റന്റ് എക്സൈസ് ഇൻസ്പെക്ടർ തസ്തികയിൽ താൽക്കാലികമായി സ്ഥാനക്കയറ്റം നൽകിയിട്ടുള്ളതും ആയത് ക്രമീകരിച്ചിട്ടുള്ളതുമാണ്. മേൽക്രമീകരണം 7-2-2022-ലെ സി.എ. 3913/2022 കേസ്സുമായി ബന്ധപ്പെട്ടതല്ല.

(ഡി) ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിപ്രകാരം സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സ്വീകരിച്ചിട്ടുണ്ട്. 12-3-2008-ലെ G.O.(Ms)No.22/08/TD ഉത്തരവിലെ നിർദ്ദേശങ്ങൾപ്രകാരം 2-2-1993 മുതൽ 30-6-2003 വരെയുള്ള കാലയളവിലെ പ്രിവന്റീവ് ഓഫീസർമാരുടെ സംസ്ഥാനതല അന്തിമ സീനിയോറിറ്റി ലിസ്റ്റ് ബഹുമാനപ്പെട്ട കോടതിവിധിക്ക് അനുസൃതമായി 16-12-2008-ലെ XD3-3907/2008 പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആയതിനാൽ മറ്റുനടപടികളൊന്നും അവശേഷിക്കുന്നില്ല.

മദ്യശാലകൾ അടച്ചുപൂട്ടൽ

426 (2574) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കെതിരെ സംസ്ഥാന സർക്കാർ സ്വീകരിക്കുന്ന നടപടികളുടെ ഭാഗമായി സംസ്ഥാനത്തെ ഏതെങ്കിലും മദ്യശാലകൾ അടച്ചുപൂട്ടിയിട്ടുണ്ടോ; വിശദമാക്കുമോ?

സംസ്ഥാനത്തെ മദ്യശാലകൾ അടച്ചുപൂട്ടിയിട്ടില്ല. മദ്യവർജ്ജനം എന്ന ആശയത്തിൽ ഊന്നിയുള്ള മദ്യ നയമാണ് സർക്കാർ പ്രഖ്യാപിച്ച് നടപ്പാക്കിവരുന്നത്. നിലവിലുള്ള മദ്യശാലകൾ അടച്ചുപൂട്ടുന്നത് വ്യാജ മദ്യത്തിന്റെയും മറ്റ് ലഹരി പദാർത്ഥങ്ങളുടെയും ഉപയോഗം കൂട്ടുകയും ആയത് ഗുരുതര സാമൂഹിക പ്രത്യാഘാതങ്ങൾ ഉണ്ടാക്കുകയും ചെയ്യും എന്നതിനാലാണ് മദ്യശാലകൾ അടച്ചുപൂട്ടാത്തത്.

(ബി) ഇല്ലെങ്കിൽ മദ്യശാലകൾ അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

നിലവിൽ പ്രവർത്തിക്കുന്ന മദ്യശാലകൾ അടച്ചുപൂട്ടുന്നത് സർക്കാർ നയത്തിന്റെ ഭാഗമല്ല.

ഐ.ടി. മേഖലയിൽ പബ്ബുകളും വൈൻ പാർലറുകളും ആരംഭിക്കൽ

427 (2575) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ പബ്ബുകളും വൈൻ പാർലറുകളും തുടങ്ങാനും വീര്യം കുറഞ്ഞ മദ്യം ഉത്പാദിപ്പിക്കാനും സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

2022-23 വർഷത്തെ മദ്യനയത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഐ.ടി. പാർക്കുകളിൽ പ്രത്യേകം മാറ്റിവയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യം വിതരണം ചെയ്യുന്നതിന് ലൈസൻസ് അനുവദിക്കുന്നതിനും വീര്യം കുറഞ്ഞ മദ്യം ഉല്പാദിപ്പിക്കുന്നതിന് അനുമതി നൽകുന്നതിനും അബ്കാരി ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മദ്യം ഇല്ലാതായാൽ മയക്കുമരുന്ന് ഉപയോഗം വർദ്ധിക്കും വ്യാജവാറ്റ് പെരുകും മദ്യം ഉപയോഗിച്ചിരുന്നവർക്ക് അത് ഇല്ലാതായാൽ വൻ പ്രത്യാഘാതമുണ്ടാകും എന്നിങ്ങനെയുള്ള മദ്യവ്യാപനത്തിന് ആധാരമായ പ്രചാരണത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

മദ്യവ്യാപനത്തിന് ആധാരമായ പ്രചാരണങ്ങളൊന്നും സർക്കാരിന്റെ നേതൃത്വത്തിൽ നടത്തുന്നില്ല. മദ്യാസക്തിയുള്ള ആൾക്കാർ മദ്യത്തിന്റെ ലഭ്യത കുറഞ്ഞാൽ മറ്റുലഹരി മാർഗ്ഗങ്ങൾ തേടിപ്പോകുന്നതിനുള്ള സാധ്യത വളരെ കൂടുതലാണെന്നാണ് വിദഗ്ധരുടെ അഭിപ്രായം. മദ്യത്തിന്റെ ലഭ്യത കുറവ് മറ്റുലഹരി വസ്തുക്കളുടെ വ്യാപനത്തിന് ഒരു കാരണമാണെന്ന് വിവിധ പഠനങ്ങളിൽ വ്യക്തമായിട്ടുണ്ട്. ലഹരിക്ക് അടിമപ്പെട്ടവർ മദ്യം കിട്ടാത്ത സാഹചര്യത്തിൽ മറ്റുലഹരി വസ്തുക്കൾ തേടിപ്പോകുന്ന സാഹചര്യം ഉടലെടുക്കുന്നതായാണ് പഠനങ്ങൾ കാണിക്കുന്നത്. സംസ്ഥാനത്ത് കോവിഡ് കാലത്തെ ലോക്ക്ഡൗൺ നിയന്ത്രണങ്ങൾ കാരണം മദ്യശാലകൾ അടഞ്ഞുകിടന്നപ്പോൾ രജിസ്റ്റർ ചെയ്ത വ്യാജവാറ്റ് കേസ്സുകളുടെ എണ്ണം വളരെ കൂടുതലായിരുന്നുവെന്നുള്ളത് ഇതിന് ഉദാഹരണമാണ്.

(സി) മദ്യം സുലഭമായി ലഭിക്കുമ്പോഴും മയക്കുമരുന്ന് വ്യാപനം വർദ്ധിച്ചുവെന്ന യാഥാർത്ഥ്യം സർക്കാർ തിരിച്ചറിഞ്ഞിട്ടുണ്ടോ; ആയത് നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് മദ്യം സുലഭമായി ലഭിക്കുന്ന സാഹചര്യമില്ല. എക്സൈസ് വകുപ്പിന്റെ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ കാരണം മയക്കുമരുന്ന്

ഉപയോഗവുമായി ബന്ധപ്പെട്ട് എടുക്കുന്ന കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗവും വിതരണവും പൂർണ്ണമായും ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ എല്ലാവിഭാഗം ജനങ്ങളേയും അണിനിരത്തി ലഹരിവിരുദ്ധ ക്യാമ്പയിൻ (No to Drugs) ഒക്ടോബർ 2 മുതൽ നവംബർ 1 വരെ സംഘടിപ്പിച്ചിരുന്നു. പ്രസ്തുത ക്യാമ്പയിനിലെ വമ്പിച്ച ജനപങ്കാളിത്തത്തെ തുടർന്ന് രണ്ടാംഘട്ട ലഹരി വിരുദ്ധ പ്രചാരണ പ്രവർത്തനം നവംബർ 14 മുതൽ 2023 ജനുവരി 26 വരെ കൂടുതൽ ഊർജ്ജിതമാക്കി നടപ്പാക്കിവരുന്നു.

(ഡി) കേരള ബിവറേജസ് കോർപ്പറേഷൻ പഴവർഗ്ഗങ്ങളിൽനിന്നും വീര്യം കുറഞ്ഞ വൈൻ ഉൽപ്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന പഴവർഗ്ഗങ്ങളിൽനിന്നും വീര്യം കുറഞ്ഞ മദ്യം ഉൽപ്പാദിപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശം അടങ്ങിയ Kerala Small Scale Winery (for production of horti-wine from tropical fruits and agricultural products of Kerala) Rules 2022, പുറപ്പെടുവിച്ചിട്ടുണ്ട്. കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ പഴവർഗ്ഗങ്ങളിൽനിന്നും വീര്യം കുറഞ്ഞ വൈൻ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ലൈസൻസിനായി എക്സൈസ് വകുപ്പിലേയ്ക്ക് അപേക്ഷകളൊന്നും സമർപ്പിച്ചിട്ടില്ല.

(ഇ) സംസ്ഥാനത്ത് ബ്രൂവറി തുടങ്ങുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ; കേരളത്തിൽ കൂടുതൽ ബ്രൂവറികൾ തുടങ്ങിയാൽ മാത്രമേ പബ്ബ് എന്ന ആശയം നടപ്പാക്കാൻ കഴിയുകയുള്ളൂ എന്നിരിക്കെ ഐ.ടി. മേഖലയിൽ ക്ലബ്ബ് ലൈസൻസ് നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം അറിയിക്കാമോ?

1967-ലെ ബ്രൂവറി റൂൾസിന് അനുസൃതമായി സംസ്ഥാനത്ത് ബ്രൂവറി ലൈസൻസുകൾ അനുവദിക്കുന്നതിന് തടസ്സമില്ല. എന്നാൽ പബ്ബുകൾ തുടങ്ങുന്നത് സംബന്ധിച്ച് അബ്കാരി നയത്തിൽ തീരുമാനമൊന്നും എടുത്തിട്ടില്ല. ഐ.ടി. പാർക്കുകളിലെ പ്രത്യേകം മാറ്റിവയ്ക്കുന്ന സ്ഥലങ്ങളിൽ മദ്യ ലൈസൻസ് അനുവദിക്കുന്നതിനുള്ള ചട്ടം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്) ടൂറിസം ലക്ഷ്യം വച്ച് മദ്യനയത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ബാറിൽനിന്നും മദ്യം വാങ്ങാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശ്യമുണ്ടോ; ഇതിലേയ്ക്ക് ഹോട്ടൽ വേർതിരിവ് ഏതുരീതിയിലാണെന്ന് അറിയിക്കാമോ?

വിനോദസഞ്ചാര മേഖലയ്ക്കുകൂടി സഹായകരമാകുന്ന വിധത്തിലാണ് സർക്കാർ 2022-23-ലെ മദ്യനയത്തിന് രൂപം നൽകിയിട്ടുള്ളത്. മദ്യം വാങ്ങുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

(ജി) സംസ്ഥാനത്ത് വീര്യമുള്ള മദ്യം ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; കേരള ബ്രാൻഡ് മദ്യം കയറ്റുമതി ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ടോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ഡിസ്റ്റിലറികളിൽ വീര്യമുള്ള മദ്യം ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന മദ്യം നിലവിൽ മറ്റുസംസ്ഥാനങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുന്നുണ്ട്. എന്നാൽ "കേരള ബ്രാൻഡ്" എന്ന ബ്രാൻഡിൽ കേരളത്തിൽ മദ്യം ഉൽപ്പാദിപ്പിക്കുന്നില്ല.

ലഹരി വിമുക്ത കേരളം - കർമ്മ പരിപാടികൾ

428 (2576) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിവിമുക്ത കേരളം ലക്ഷ്യമിട്ട് നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പരിപാടികൾ വ്യക്തമാക്കാമോ?

മയക്കുമരുന്നിന്റെയും ലഹരി ഉല്പന്നങ്ങളുടെയും ഉപയോഗവും വിപണനവും തടഞ്ഞ് ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പുകൾ, സർവ്വീസ് സംഘടനകൾ, വിദ്യാർത്ഥി/യുവജന സംഘടനകൾ, കുടുംബശ്രീ, എൻ.എസ്.എസ്./എസ്.പി.സി., വിവിധ ജാതി-മത-സാമുദായിക-സന്നദ്ധ സംഘടനകൾ, വിവിധ രാഷ്ട്രീയ പാർട്ടികൾ തുടങ്ങി സമൂഹത്തിലെ എല്ലാവിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് 2022 ഒക്ടോബർ 2 മുതൽ നവംബർ 1 വരെ ലഹരിവിരുദ്ധ പ്രചാരണ പരിപാടി (No To Drugs) സംസ്ഥാന വ്യാപകമായി സംഘടിപ്പിച്ചിരുന്നു. ഇതിന്റെ പ്രവർത്തനങ്ങൾക്കായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും അവയുടെ വാർഡുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിരുന്നു. കൂടാതെ സ്കൂളുകളിലും ലഹരിവിരുദ്ധ ജനജാഗ്രതാ സമിതികൾ രൂപീകരിച്ചു.

ലഹരിവിരുദ്ധ പ്രചാരണ പരിപാടിയുടെ ഭാഗമായി ലഹരിവിരുദ്ധ സന്ദേശങ്ങൾ ഉൾപ്പെടുത്തിയ ഘോഷയാത്രകൾ, ബോധവൽക്കരണ റാലികൾ, ലഹരിവിരുദ്ധ നാടകം, ഓട്ടൻതുള്ളൽ, മനുഷ്യശൃംഖല, ഫ്ലാഷ് മോബ്, തെരുവുനാടകം, ക്ലബ്ബുകളുടെ വാഹന പ്രചാരണ ജാഥകൾ, ലഹരി വിരുദ്ധസന്ദേശങ്ങൾ ഉയർത്തിക്കൊണ്ട് ബൈക്ക് റാലികൾ, കാൽനട ജാഥകൾ, ഗോത്രവർഗ്ഗ ഊരുകളിൽ " ലഹരിക്കെതിരെ ഫുട്ബോൾ ലഹരി" എന്ന ആശയവുമായി ഫുട്ബോൾ മത്സരങ്ങൾ, ലഹരിവിരുദ്ധ സന്ദേശങ്ങൾ അടങ്ങിയ സിനിമാ പ്രദർശനം എന്നിവയും ചിത്രരചന മത്സരം, ക്വിസ് മത്സരം, സൗഹൃദ ഫുട്ബോൾ മത്സരം, സംവാദ മത്സരം എന്നിങ്ങനെ വിവിധ മത്സരങ്ങളും സംസ്ഥാന വ്യാപകമായി നടത്തുകയുണ്ടായി.

ഒന്നാംഘട്ട പ്രചാരണ പരിപാടിയിലെ വമ്പിച്ച പൊതുജന പങ്കാളിത്തത്തെത്തുടർന്ന് ഇതിന്റെ തുടർച്ചയായി 2022 നവംബർ 14 മുതൽ 2023 ജനുവരി 26 വരെ നീണ്ടുനിൽക്കുന്ന രണ്ടാംഘട്ട പ്രചാരണ പരിപാടി സംസ്ഥാനത്തൊട്ടാകെ നടന്നുവരികയാണ്. ഇതിന്റെ ഭാഗമായി യുവാക്കളുടെ ശ്രദ്ധ ലഹരിയിലേയ്ക്ക് പോകാതെ കലാ-കായിക പ്രവർത്തനങ്ങളിലേയ്ക്ക് തിരിച്ചുവിടുന്നതിന് മയക്കുമരുന്നിനെതിരെ ഫുട്ബോൾ ലഹരി എന്ന ആശയം ഉൾക്കൊണ്ട് സംസ്ഥാന വ്യാപകമായി ഗോൾ ചലഞ്ച്, കരിയർ ഡെവലപ്മെന്റ് പരിപാടികൾ, വ്യവസായ വാണിജ്യ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഉൾപ്പെടുത്തി ജാഗ്രതാ സദസ്സുകൾ, സോഷ്യൽ മീഡിയ വഴിയുള്ള ക്യാമ്പയിനുകൾ, കുടുംബശ്രീ മുഖാന്തരവും റസിഡന്റ്സ് അസോസിയേഷനുകൾ മുഖേനയുമുള്ള പരിപാടികൾ, ആർട്സ് & സ്പോർട്സ് ക്ലബ്ബുകൾ, ടർഫുകൾ എന്നിവ കേന്ദ്രീകരിച്ചുള്ള പരിപാടികൾ, അതിഥി തൊഴിലാളികൾക്കിടയിലും തീരദേശ മേഖലകളും കേന്ദ്രീകരിച്ചുള്ള പരിപാടികൾ എന്നിങ്ങനെ വ്യാപകമായ പ്രചരണ പരിപാടികൾ സംസ്ഥാനത്തൊട്ടാകെ സംഘടിപ്പിച്ച് ലഹരിക്കെതിരെ അവബോധം വളർത്തി ലഹരിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ബി) ലഹരിക്കെതിരായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കുന്നതിന്റെ ഭാഗമായി 2022-ൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

1-1-2022 മുതൽ 5-12-2022 വരെ രജിസ്റ്റർ ചെയ്തിട്ടുള്ള കേസ്സുകളുടെ വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണം

429 (2577) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം എക്സൈസ് റേഞ്ച് ഓഫീസ് കെട്ടിട നിർമ്മാണത്തിന് എത്ര രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കുന്ദമംഗലം എക്സൈസ് ഓഫീസ് നിർമ്മാണത്തിനായി പൊതുമരാമത്ത് കെട്ടിട വിഭാഗം 1,50,00,000 (ഒരു കോടി അമ്പത് ലക്ഷം രൂപ) രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

(ബി) കെട്ടിടം അടിയന്തരമായി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത കണക്കിലെടുത്ത് ജി3/208/2022/നികുതി നമ്പർ ഫയലിൽ ഭരണാനുമതി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കെട്ടിട നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ജി3/208/2022/ നികുതി നമ്പർ ഫയൽ സർക്കാർ പരിശോധിച്ചുവരികയാണ്.

[നക്ഷത്രചിഹ്നമിടാത്ത 2336, 2341, 2354 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ ലഭ്യമായിട്ടില്ല.]

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

അനുബന്ധം II

മുഖ്യമന്ത്രി മേശപ്പുറത്തുവച്ച 23-8-2022-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 153-ന്റെ പുതുക്കിയ മറുപടി

സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്ത കേസുകൾ

(153) ശ്രീ. സണ്ണി ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂൺ മാസം മുതൽ 2021 ജൂൺ മാസം വരെ എത്ര കേസുകളിൽ കേരള ഹൈക്കോടതി വിധികൾക്കെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് അഡ്വക്കേറ്റ് ജനറൽ (ന്യൂഡൽഹി ലാ ആഫീസ് മുഖേനയോ, നേരിട്ടോ) നിർദ്ദേശം/ഉത്തരവ് നൽകിയിട്ടുണ്ട്; വ്യക്തമാക്കാമോ?

1803 കേസുകളിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

(ബി) അപ്രകാരം ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് നിർദ്ദേശിക്കപ്പെട്ട എത്ര കേസുകളിൽ അപ്പീൽ ഫയൽ ചെയ്തു; എത്ര കേസുകളിൽ അപ്പീൽ ഫയൽ ചെയ്തില്ല; വിശദമാക്കാമോ?

നിർദ്ദേശിക്കപ്പെട്ട കേസുകളിൽ 1783 എണ്ണത്തിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്. 20 കേസുകളിൽ അപ്പീൽ ഫയൽ ചെയ്തിട്ടില്ല.

(സി) അപ്പീൽ ഫയൽ ചെയ്യാതിരുന്ന കേസുകളുടെ നമ്പർ, കേസിലെ സർക്കാരിതര കക്ഷികളുടെ പേര്, അഡ്രസ്സ്, കേസുകളുടെ വിഷയം എന്നിവ വ്യക്തമാക്കുമോ?

അപ്പീൽ ഫയൽ ചെയ്യാതിരുന്ന കേസുകളുടെ നമ്പർ, കേസിലെ സർക്കാരിതര കക്ഷികളുടെ പേര്, അഡ്രസ്സ്, കേസുകളുടെ വിഷയം എന്നിവ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	അപ്പീൽഫയൽ ചെയ്യാതിരുന്ന കേസുകളുടെ നമ്പർ	കേസിലെ സർക്കാരിതര കക്ഷികളുടെ പേര്, അഡ്രസ്സ്	കേസുകളുടെ വിഷയം
(1)	(2)	(3)	(4)
1	WA 1726/2018	അഞ്ജന സി. (മൈനർ) D/o ഇസാക്കിമുത്തു എസ്., ചോളയിൽ ഹൗസ്, ചൂണ്ടേൽ എസ്റ്റേറ്റ്, ചൂണ്ടേയിൽ പി.ഒ., വയനാട് - 673 123	മെഡിക്കൽ പ്രവേശനം കമ്മ്യൂണിറ്റി ക്വാട്ട പ്രവേശനം സംബന്ധിച്ച്
2	WA 1638/2011	സി. രാധ, ഹെഡ്മിസ്ട്രസ്, ജി.എ.എൽ.പി.സ്കൂൾ, മുതലമട, ഏറാട്ട് ഹൗസ്, വിതനശ്ശേരി, നെന്മാറ -678 508	പൊതുവിദ്യാഭ്യാസം
3	WA 1079/2020	1) കെ.റ്റി.ജോസഫ്, S/o തോമസ്, കണിയാന്ത്ര പുതുപറമ്പിൽഹൗസ്, പായിപ്പാട് വില്ലേജ്, പള്ളിക്കച്ചിറ കവല പി.ഒ., ചങ്ങനാശ്ശേരി താലൂക്ക്, കോട്ടയം 686 537 2) പി.റ്റി. മാത്യു, S/o തോമസ്, കിഴക്കേമേച്ചേരിൽ ഹൗസ്, പെരുന്ന കിഴക്ക് പി. ഒ., ചങ്ങനാശ്ശേരി താലൂക്ക്, കോട്ടയം-686 103	കേരള ഭൂനികുതി നിയമം
4	WA 1159/2013	1) ആശ ദേവദാസ് W/o. രാധാകൃഷ്ണൻ, ടെയ്നർ (സർവ്വശിക്ഷാഅഭിയാൻ) മൂവാറ്റുപുഴ (വർക്കിംഗ് അറേഞ്ച്മെന്റ്) ഹൈസ്കൂൾ അസിസ്റ്റന്റ് (കണക്ക്) എം.ആർ.എസ്.വി. ഹൈസ്കൂൾ, എസ്. മഴുവന്നൂർ മൂവാറ്റുപുഴ - 686 669. 2) മിനി എൻ. ഇളയത് W/o. കെ. എസ്. വിപിൻ, ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) എം.ആർ.എസ്.വി. ഹൈസ്കൂൾ, എസ്. മഴുവന്നൂർ മൂവാറ്റുപുഴ - 686 669 3) മാനേജർ, എം.ആർ.എസ്.വി. ഹൈസ്കൂൾ, എസ്. മഴുവന്നൂർ മൂവാറ്റുപുഴ - 686 669	പൊതുവിദ്യാഭ്യാസം

(1)	(2)	(3)	(4)
5	WA 978/2012	1) പി. കെ. ശ്രീരേഖ W/o. പ്രദീപ് കെ. ദാമോദരൻ, ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) വന്ദേമാതരം വി.എച്ച്.എസ്. സ്കൂൾ, വെളിയന്നൂർ, കോട്ടയം - 686 634 2) ബി. കെ. മനോജ് ബി. കെ. നിവാസ്, ഉഴവൂർ പി. ഒ., കോട്ടയം - 686 634 3)മാനേജർ വി.എം.വി.എച്ച്.എസ്.സ്കൂൾ, വെളിയന്നൂർ, കോട്ടയം- 686 638	പൊതുവിദ്യാഭ്യാസം
6	WA 965/2012	1)മാനേജർ വി.എം.വി.എച്ച്.എസ്.സ്കൂൾ, വെളിയന്നൂർ, കോട്ടയം-686 638 2) ബി. കെ. മനോജ് ബി. കെ. നിവാസ്, ഉഴവൂർ പി. ഒ., കോട്ടയം - 686 634 3) പി. കെ. ശ്രീരേഖ W/o പ്രദീപ് കെ. ദാമോദരൻ, ഹൈസ്കൂൾ അസിസ്റ്റന്റ് (മലയാളം) വന്ദേമാതരം, വി.എച്ച്.എസ്.സ്കൂൾ, വെളിയന്നൂർ, കോട്ടയം-686 638	പൊതുവിദ്യാഭ്യാസം
7	OT Rev. 102/2016	M/s. പുറവങ്കര പ്രോജക്ട്സ് ലിമിറ്റഡ്, പനമ്പള്ളി നഗർ, എറണാകുളം- 682 036	ചരക്ക് സേവന നികുതി
8	WA 1104/2012	അരുൺ ആർ.എസ്., മാനേജർ (ഓപ്പറേഷൻസ്), ദി കൈരളി ആയുർവേദിക് ഹെൽത്ത് റിസോർട്ട് പ്രൈവറ്റ് ലിമിറ്റഡ്, ഓലശ്ശേരി പി.ഒ., കൊടുമ്പ്, പാലക്കാട്	ആഡംബര നികുതി
9	LAA 275/2018	State of Kerala Vs. Pulikkamath Ashraf, S/o. Yousuf, Pulikkamath House, Manjeri P.O, 676 121	മഞ്ചേരി മെഡിക്കൽ കോളേജിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ

(1)	(2)	(3)	(4)
10	LAA 283/2018	State of Kerala Vs. V.P Unnikrishnan, S/o. Raghavan Nair, Puthanveedu, Kovilakam Kundu, Manjeri - 676 121	മഞ്ചേരി മെഡിക്കൽ കോളേജിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ
11	LAA 285/ 2018	State of Kerala Vs. Saleena, W/o. Pulikkamath Ashraf, Pulikkamath House, Manjeri - 676 121	മഞ്ചേരി മെഡിക്കൽ കോളേജിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ
12	LAA 288/2018	State of Kerala Vs. Abdul Majeed, S/o. Alavikutty, Poduvannikkal, Karalakunnu, Manjeri- 676 121	മഞ്ചേരി മെഡിക്കൽ കോളേജിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ
13	LAA 289/2018	State of Kerala Vs. Pulikkamath Muhammed Musthafa, S/o. Yusuf, Pulikkamath House, Kozhikottukunnu, Melakam, Karuvambram- 676123.	മഞ്ചേരി മെഡിക്കൽ കോളേജിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ
14	LAA 294/2018	State of Kerala Vs. K.V, Ramachandran, Panginikot House, Elayoor, Iruvetty P.O, Areacode via, Kavannur Village - 603 203.	മഞ്ചേരി മെഡിക്കൽ കോളേജിനു വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ
15	WP(C) 4403/2020	State of Kerala Vs. Believers Church Medical College Hospital, St. Thomas Nagar, Kuttapuzha P.O, Thiruvalla, Pathanamthitta - 689103	മെഡിക്കൽ വിദ്യാഭ്യാസം

(1)	(2)	(3)	(4)
16	WP(C) 16198/2010	State of Kerala Vs. Moosa, Manager, AMLP School, Alanallor.	എയ്ഡഡ് സ്കൂൾ അധ്യാപകർ തെരഞ്ഞെപ്പിൽ മത്സരിക്കുന്നത് സംബന്ധിച്ച്
17	WP(C) 17534/2010	State of Kerala Vs. Jibu P. Thomas, Advocate, Puthenpurackal House, Pazhoor P.O, Piravam - 686664	The case is connected to WP(c)No. 16198/ 2010
18	WP(C) 29964/2010	State of Kerala Vs. C.P. Rajasekharan, Chitrakoodam, Cheroor, Thrissur-8	The case is connected to WP(c)No. 16198/2010
19	WP(C) 27670/2015	State of Kerala Vs. Mohammad Shajahan K.P., Kangattu Puthenveetil House, Vadakkangara P.O., Mankada, Malappuram -679 324	The case is connected to WP(c)No. 16198/2010
20	WP(C) 27993/2015	State of Kerala Vs. Mathew Zacharias, President, Approach India, Idiyakunnel, Pupally Post, Wayanad -673 579	The case is connected to WP(c)No. 16198/2010

(ഡി) അപ്പീൽ ഫയൽ ചെയ്യപ്പെടാതിരുന്ന കേസുകളിൽ എത്ര എണ്ണത്തിൽ സ്റ്റാൻഡിംഗ് കൗൺസിലിന് ഇനിഷ്യൽ എക്സ്പെൻസസ് ഇനത്തിൽ അഡ്വാൻസ് തുക നൽകി; ഓരോ കേസിനും എത്ര തുക വീതം ഫീസ് ഇനത്തിൽ നൽകി; വിശദമാക്കാമോ?

അപ്പീൽ ഫയൽ ചെയ്യപ്പെടാത്ത കേസുകളിൽ ഫീസിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

(ഇ) അപ്പീൽ ഫയൽ ചെയ്യാതിരുന്ന കേസുകൾ സ്റ്റാൻഡിംഗ് കൗൺസിലും എതിർകക്ഷികളും തമ്മിലുള്ള ധാരണയുടെ അടിസ്ഥാനത്തിൽ ഫയൽ

ചെയ്യപ്പെടാതെ പോയതാണോ; എങ്കിൽ അപ്രകാരം അപ്പീൽ ഫയൽ ചെയ്യപ്പെടാതിരുന്നത് സംബന്ധിച്ച് ആയത് മോണിറ്റർ ചെയ്യേണ്ട ഉദ്യോഗസ്ഥരുടെ പങ്ക് അന്വേഷിക്കുമോ; വ്യക്തമാക്കാമോ?

അല്ല.

(എഫ്) 2016 ജൂൺ മുതൽ 2021 ജൂൺ വരെ കേരള സർക്കാർ ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ ഫയൽ ചെയ്ത കേസുകളിൽ നാളിതുവരെ എത്രയെണ്ണം തീർപ്പായെന്നും എത്ര കേസുകളിൽ സർക്കാർ വിജയിച്ചുവെന്നും പ്രസ്തുത കാലയളവിൽ ബഹുമാനപ്പെട്ട സുപ്രീംകോടതിയിലെ സ്റ്റാൻഡിംഗ് കൗൺസിൽ, സീനിയർ അഡ്വക്കേറ്റ് എന്നിവർക്ക് നൽകിയ ഫീസ് എത്രയെന്നും സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

633 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് അനുസൃതമല്ലാത്ത വിധികളിന്മേൽ അഡ്വക്കേറ്റ് ജനറൽ/നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് അപ്പീലുകൾ ഫയൽ ചെയ്യുന്നത്. എന്നിരുന്നാലും എല്ലാ അപ്പീലുകളിലും അനുകൂല വിധി ഉണ്ടാകാറില്ല.

സുപ്രീംകോടതിയിലെ സ്റ്റാൻഡിംഗ് കൗൺസിൽമാർക്ക് ഫീസ് ഇനത്തിൽ നൽകിയ തുക 3,53,76,633 രൂപ. സീനിയർ അഭിഭാഷകർക്ക് നൽകിയ ഫീസ് 5,49,32,000 രൂപ.

(ജി) 2021 ജൂൺ മുതൽ 2022 ജൂൺ വരെ കേരള സർക്കാർ സുപ്രീംകോടതി മുമ്പാകെ ഫയൽ ചെയ്ത എത്ര കേസുകൾ തീർപ്പായിട്ടുണ്ട്; ഇപ്രകാരം തീർപ്പായ കേസുകളിൽ എത്രയെണ്ണത്തിൽ സർക്കാർ വിജയിച്ചു; എത്രയെണ്ണത്തിൽ പരാജയപ്പെട്ടു; എത്ര കേസുകളിൽ കോടതി സർക്കാരിനോട് പിഴയടക്കാൻ നിർദ്ദേശിച്ചു; വിശദമാക്കാമോ?

2021 ജൂൺ മുതൽ 2022 ജൂൺ വരെ 94 കേസുകൾ തീർപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് അനുസൃതമല്ലാത്ത വിധികളിന്മേൽ അഡ്വക്കേറ്റ് ജനറൽ/നിയമ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിലാണ് അപ്പീലുകൾ ഫയൽ ചെയ്യുന്നത്. എന്നിരുന്നാലും എല്ലാ അപ്പീലുകളിലും അനുകൂല വിധി ഉണ്ടാകാറില്ല. ഇക്കാലയളവിൽ ഒരു കേസിലും പിഴയടയ്ക്കാൻ സർക്കാരിനോട് ആവശ്യപ്പെട്ടിട്ടില്ല.

സബ്മിഷൻ

(1) ശ്രീ. സണ്ണി ജോസഫ് എം.എൽ.എ. അവതരിപ്പിച്ച 'ഉരുൾപൊട്ടലിൽ നാശനഷ്ടം സംഭവിച്ചവർക്ക് നഷ്ടപരിഹാരം' എന്ന സബ്മിഷന് റവന്യൂ-ഭവന നിർമ്മാണ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച വിശദമായ മറുപടി

കണ്ണൂർ ജില്ലയിലെ ഇരിട്ടി താലൂക്കിലെ കണിച്ചാർ കേളകം, കൊളയാട് പഞ്ചായത്തുകളിലും പരിസരപ്രദേശങ്ങളിലും 2022 ആഗസ്റ്റ് മാസമുണ്ടായ ഉരുൾപൊട്ടലിൽ 3 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. കൂടാതെ നിരവധി വീടുകളും കൃഷിയും അടിസ്ഥാന സൗകര്യങ്ങളും പ്രകൃതിക്ഷോഭത്തിൽ നശിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭത്തിൽ വിവിധ വകുപ്പുകൾക്കുണ്ടായ നാശനഷ്ടങ്ങൾ കണക്കാക്കിയതിൽ ഇതുവരെയായി കണിച്ചാർ പഞ്ചായത്തിൽ ഏകദേശം 35 കോടി രൂപയുടെ നഷ്ടവും കോളയാട് പഞ്ചായത്തിൽ ഏകദേശം 62.7 ലക്ഷം രൂപയുടെ നാശനഷ്ടവും കണക്കാക്കിയിട്ടുണ്ട്. ഇതിനുപുറമെ ഉരുൾപൊട്ടലിൽ ഉപയോഗശൂന്യമായ ഭൂമിയുടെ കൃത്യമായ കണക്ക് ലഭ്യമാക്കുന്നതിന് റവന്യൂ, കൃഷി, പഞ്ചായത്ത് എന്നിവരുടെ സംയുക്ത പരിശോധന നടത്തുന്നതിന് തീരുമാനിക്കുകയും ആയതിനുള്ള നടപടികൾ പുരോഗതിയിലുമാണ്.

പ്രകൃതിക്ഷോഭത്തിൽ മരണമടഞ്ഞ 3 പേർക്കായി 4 ലക്ഷം രൂപ നിരക്കിൽ ആകെ 12 ലക്ഷം രൂപ ദുരിതാശ്വാസം അനുവദിച്ചിട്ടുണ്ട്. ഭവന നാശത്തിനുള്ള ധനസഹായം അനുവദിക്കുന്നതിന് ലഭ്യമായ 106 അപേക്ഷകളിൽ 39 എണ്ണത്തിന് ഇതുവരെയായി 14,29,600 രൂപ അനുവദിച്ചിട്ടുണ്ട്. അപകടകരമായ പരിഹരിക്കുന്നതിനായി തിരിച്ചയച്ച അപേക്ഷകളിന്മേൽ തുടർനടപടി സ്വീകരിച്ചുവരികയാണ്. പൂർണ്ണമായും തകർന്ന വീടുകൾക്ക് 95,100 രൂപയും ഭാഗികമായി തകർന്ന വീടുകൾക്ക് നിലവിലെ സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡ പ്രകാരമുള്ള നാശനഷ്ടതോത് അനുസരിച്ചുമാണ് ധനസഹായം അനുവദിച്ചത്. കണിച്ചാറിലുണ്ടായ ദുരന്തത്തെ നേരിടാൻ ക്യാമ്പുകൾ പ്രവർത്തിപ്പിച്ചും വൈദ്യുതി പുനഃസ്ഥാപിച്ചും പഞ്ചായത്തിന്റെ സഹകരണത്തോടെ ജലസേചന സൗകര്യങ്ങൾ ഒരുക്കിയും വീടുകൾ വൃത്തിയാക്കിയും മറ്റും ഹ്രസ്വകാല നടപടികൾ സ്വീകരിച്ചിരുന്നു.

അടിക്കടിയുണ്ടാകുന്ന ഉരുൾപൊട്ടൽ കണിച്ചാർ വില്ലേജിലെ പുലക്കുറ്റി, വെള്ളറ മാടശ്ശേരിമല നെല്ലാനിക്കൽ നിവാസികളെ ഭീതിയിലാഴ്ത്തിയതിനെത്തുടർന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയിലെ വിദഗ്ധർ പ്രസ്തുത സ്ഥലം സന്ദർശിച്ചു പഠനം നടത്തുകയും പ്രദേശത്തെ ജനങ്ങൾക്ക് ആശങ്കകളില്ലാതെ ജീവിക്കുന്നതിനായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി പഠന റിപ്പോർട്ട് അടിസ്ഥാനമാക്കി ദീർഘകാല നടപടികൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കണിച്ചാർ പഞ്ചായത്തിൽ അനുമതിയോടുകൂടി പ്രവർത്തിച്ചുവരുന്ന രണ്ട് ക്വാറികളുടെ പ്രവർത്തനം കാലവർഷം ശക്തമായതിനെത്തുടർന്ന് താൽക്കാലികമായി നിർത്തിവയ്ക്കുന്നതിന് അനുമതി നൽകുകയും പ്രദേശത്ത് തുടർന്നുണ്ടായ ഉരുൾപൊട്ടലുകളുടെയും മലവെള്ളപ്പാച്ചിലുകളുടെയും പശ്ചാത്തലത്തിൽ പ്രസ്തുത ക്വാറികൾ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടില്ലാത്തതുമാണ്.

ഇരിട്ടി താലൂക്കിലെ വിവിധ മേഖലകളിൽ 2022 ആഗസ്റ്റ് മാസം സംഭവിച്ച പ്രകൃതിക്ഷോഭത്തിൽ വിവിധ വകുപ്പുകൾക്ക് കീഴിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങളുടെ വിവരങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖാന്തരം ശേഖരിച്ചതിൽ പഞ്ചായത്ത് വകുപ്പിൽ റോഡുകൾ, കലിങ്കുകൾ, സൈഡ് പ്രൊട്ടക്ഷൻ എന്നിവയ്ക്ക് ആകെ 12,91,29,599 രൂപയുടെ നാശനഷ്ടവും കെട്ടിടങ്ങൾക്ക് 1,30,85,865 രൂപയുടെ നാശനഷ്ടവും പൊതുമരാമത്ത് വകുപ്പിൽ 21 കോടി രൂപയുടെ നാശനഷ്ടവും ചെറുകിട ജലസേചന വിഭാഗത്തിൽ 3.452 കോടി രൂപയുടെ നാശനഷ്ടവും മൃഗസംരക്ഷണ വകുപ്പിന് കീഴിൽ 1,80,000 രൂപയുടെ നാശനഷ്ടവും കൃഷിവകുപ്പിന് കീഴിൽ 35,35,617 രൂപയുടെ നാശനഷ്ടവും കെ.എസ്.ഇ.ബി.-ക്ക് കീഴിൽ 76,94,000 രൂപയുടെ നാശനഷ്ടവും കണക്കാക്കിയിട്ടുണ്ട്.

പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കുള്ള എസ്റ്റിമേറ്റ് ബന്ധപ്പെട്ട വകുപ്പുകൾ വഴി സർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ചില വകുപ്പുകൾ അടിയന്തര പുനർനിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതുമാണ്. പ്രകൃതി ദുരന്തങ്ങൾക്ക് കേന്ദ്ര ദുരന്ത പ്രതികരണനിധി സംസ്ഥാന ദുരന്തപ്രതികരണനിധി മാനദണ്ഡങ്ങൾക്ക് അനുസൃതമായ ആശ്വാസ ധനസഹായം നൽകുവാൻ മാത്രമേ വ്യവസ്ഥയുള്ളൂ. നാശനഷ്ടങ്ങൾക്ക് പ്രത്യേക പാക്കേജ് മുഖാന്തരം ദുരിതാശ്വാസം നൽകുന്നതിന് സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡത്തിൽ വ്യവസ്ഥയില്ല.

എങ്കിലും ബഹുമാനപ്പെട്ട അംഗത്തിന്റെ ആവശ്യം പരിശോധിക്കാവുന്നതാണ്.

(2) ശ്രീ. സി. സി. മുകുന്ദൻ, എം.എൽ.എ. അവതരിപ്പിച്ച 'നാട്ടിക-ഫർക്ക കുടിവെള്ള പദ്ധതി' എന്ന സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച വിശദമായ മറുപടി

തൃശ്ശൂർ ജില്ലയിലെ ചാവക്കാട്, കൊടുങ്ങല്ലൂർ താലൂക്കുകളിൽപ്പെട്ടതും നാട്ടിക, കയ്പമംഗലം നിയോജകമണ്ഡലങ്ങളിൽപ്പെട്ടതുമായ എസ്.എൻ. പുരം, മതിലകം, പെരിഞ്ഞനം, കയ്പമംഗലം, എടത്തിരുത്തി എന്നീ പഞ്ചായത്തുകളും നാട്ടിക നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വലപ്പാട്, നാട്ടിക, തളിക്കുളം എന്നീ പഞ്ചായത്തുകളും മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പിള്ളി പഞ്ചായത്തും ഗുരുവായൂർ നിയോജകമണ്ഡലത്തിലെ ഏങ്ങണ്ടിയൂർ പഞ്ചായത്തിനുംവേണ്ടി

കിഫ്ബി സാമ്പത്തിക സഹായത്തോടെ 69.96 കോടി രൂപ ചെലവിൽ നടപ്പിലാക്കുന്ന സമഗ്ര ശുദ്ധജല വിതരണ പദ്ധതിയാണ് കിഫ്ബി നാട്ടിക ഫർക്ക സമഗ്ര ശുദ്ധജലവിതരണ പദ്ധതി വിപുലീകരണം.

നാട്ടിക വിപുലീകരണ പദ്ധതിയുടെ ഉൽപ്പാദന ഘടകങ്ങൾക്കും 10 പഞ്ചായത്തുകൾക്കുള്ള പൊതുവായ ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും 3 പഞ്ചായത്തുകളിലെ ടാങ്കിലേയ്ക്കുമുള്ള ക്ലിയർ വാട്ടർ പമ്പിംഗ് മെയിനും സ്ഥാപിക്കുന്നതിന് 69.96 കോടി രൂപയുടെ ഭരണാനുമതിയും (സാങ്കേതികാനുമതി നമ്പർ ഷി.എസ്./2019-2020-2019-13021 തീയതി 23-9-2019 പ്രകാരം) 69.95 കോടി രൂപയുടെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്.

ചുവടെ ചേർക്കും പ്രകാരം രണ്ട് പാക്കേജുകളായാണ് ഈ പദ്ധതി ടെണ്ടർ ചെയ്തത്.

പാക്കേജ് - I: 9 വ്യാസമുള്ള കിണറും പമ്പ് ഹൗസും 26 എം.എൽ.ഡി. ജലശുദ്ധീകരണശാല, 2700 മീറ്റർ നീളത്തിൽ 700 എം.എം.ഡി.ഐ.കെ. 9 റോ വാട്ടർ പമ്പിംഗ് മെയിൻ, 265 HP റോ വാട്ടർ പമ്പ് സെറ്റ്, 225 HP ക്ലിയർ വാട്ടർ പമ്പ് സെറ്റ്, 500 കെ.വി.എ. ട്രാൻസ്ഫോമർ-2 എണ്ണം, നിലവിലുള്ള ജല ശുദ്ധീകരണശാല, കിണർ, പമ്പ് ഹൗസ് എന്നിവയുടെ നവീകരണം എന്നിവയാണ് ഈ പ്രവൃത്തിയിലെ ഘടകങ്ങൾ.

പാക്കേജ്-I പ്രവൃത്തി ശ്രീ. ജോസഫ് ജോൺ, മോനിപ്പിള്ളിൽ വീട്, ആവോലി പി.ഒ., ആനിക്കാട്, മൂവാറ്റുപുഴ, എറണാകുളം എന്ന കരാറുകാരന് 25-2-2020-ന് പ്രവർത്തനാനുമതി ഉത്തരവ് നൽകി. പ്രവർത്തനാനുമതി ഉത്തരവുപ്രകാരം 11-3-2020-നുള്ളിൽ എഗ്രിമെന്റ് വയ്ക്കേണ്ടതായിരുന്നു. എന്നാൽ കരാറുകാരൻ സമയപരിധിക്കുള്ളിൽ എഗ്രിമെന്റ് വച്ചില്ല. കരാറുകാരൻ 3-9-2020 മുതൽ 12-9-2020 വരെയുള്ള തീയതികളിൽ സർവ്വേയും സോയിൽ ടെസ്റ്റും നടത്തി. പി.ഡബ്ല്യു.ഡി.-യിൽ നിന്നുള്ള റോഡ് കട്ടിംഗ് അനുമതി 1-3-2021-ന് ലഭിച്ചിരുന്നെങ്കിലും റോ വാട്ടർ പമ്പിംഗ് മെയിനിന്റെ പ്രവൃത്തി കരാറുകാരൻ തുടങ്ങിയില്ല. കരാറുകാരൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ WP(C)No. 13291/2021 dated 1-7-2021 പ്രകാരം കേസ് ഫയൽ ചെയ്തു.

മേൽപ്പറഞ്ഞ കരാറുകാരൻ പ്രവൃത്തി സമയബന്ധിതമായി ആരംഭിച്ച് മുന്നോട്ടുപോകാതിരുന്ന സാഹചര്യത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ, കെ.ഡബ്ല്യു.എ., പി.എച്ച്. സർക്കിൾ, തൃശ്ശൂരിന്റെ ഉത്തരവുപ്രകാരം കരാർ ഉടമ്പടി റദ്ദ് ചെയ്ത് ടി പ്രവൃത്തി കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ നിർവ്വഹിക്കുവാൻ ഉത്തരവായിട്ടുള്ളതാണ്. എന്നാൽ, കരാറുകാരനായ ശ്രീ. ജോസഫ് ജോൺ

പാക്കേജ് സംബന്ധിച്ച് യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ലാത്തതാണ്. കരാറുകാരൻ WP(C)No. 13291/2021 പ്രകാരം ഫയൽ ചെയ്ത പെറ്റീഷനിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇടക്കാല ഉത്തരവുപ്രകാരം കരാറുകാരന്റെ റിസ്ക് ആൻഡ് കോസ്റ്റിൽ പ്രവൃത്തി അറേഞ്ച് ചെയ്യാൻ പാടില്ലായെന്നും പഴയ റേറ്റ് പ്രകാരം പ്രവൃത്തി ചെയ്യാൻ കരാറുകാരനെ നിർബന്ധിക്കരുതെന്നും റിവൈസ്ഡ് റേറ്റ് നൽകണമെന്നും നിർദ്ദേശിച്ചിരുന്നു. ഈ ഇടക്കാല ഉത്തരവ് 16-11-2022-ൽ ഒരു മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്.

പാക്കേജ്-II: 900 മുതൽ 300 മി.മീ. വ്യത്യാസമുള്ള ഡി.ഐ.കെ.9 പൈപ്പുകൾ-14890 മീറ്റർ നീളത്തിൽ വിതരണം ചെയ്ത് സ്ഥാപിക്കുന്ന പ്രവൃത്തിയാണ് ഈ പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ദർഘാസ് നമ്പർ 12/എസ്.ഇ/പി.എച്ച്.സി/ടി.എസ്.ആർ/2019-20 തീയതി 23-9-2019 പ്രകാരം 37.48 കോടി രൂപയുടെ ദർഘാസ് ക്ഷണിച്ചതിൽ ശ്രീ. മുഹമ്മദ് റഷീദ്, കറുകമണ്ണിൽ വീട്, എടയൂർ നോർത്ത് പി.ഒ., വളാഞ്ചേരി, മലപ്പുറം ടെണ്ടേഡ് പി.എ.സി.-യേക്കാൾ 14.15% കുറഞ്ഞനിരക്കിൽ 32.18 കോടി രൂപയ്ക്ക് കവ്വാട്ട് ചെയ്യുകയുണ്ടായി. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി 24 മാസമായിരുന്നു. കരാർ ഉടമ്പടി നമ്പർ 12/എസ്.ഇ/പി.എച്ച്.സി/ ടി.എസ്.ആർ/2019-20 തീയതി 20-3-2019 പ്രകാരം കരാറിൽ ഏർപ്പെട്ട് ചെയ്തിരുന്നുവെങ്കിലും ടി കരാറുകാരൻ പ്രവൃത്തി സമയബന്ധിതമായി ആരംഭിച്ച് മുന്നോട്ടുപോകാതിരുന്ന സാഹചര്യത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയർ 7-2-2022-ലെ ഉത്തരവുപ്രകാരം കരാർ ഉടമ്പടി റദ്ദ് ചെയ്ത് കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ നിർവ്വഹിക്കുവാൻ ഉത്തരവായിട്ടുണ്ട്. കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി ടെണ്ടർ ചെയ്ത് ഏർപ്പാട് ചെയ്യുവാൻ താമസംവരുമെന്ന സാഹചര്യത്തിൽ പ്രവൃത്തിയുടെ അംഗീകരിച്ച നിരക്കിന്റെ 30% കരാറുകാരനിൽനിന്നും ഈടാക്കാൻ ഉത്തരവായിട്ടുണ്ട്. കരാറുകാരൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No. 5344/2022 കേസിന്മേൽ ബഹുമാനപ്പെട്ട ഹൈക്കോടതി 17-2-2022-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ ബാങ്ക് ഗ്യാരണ്ടിയും ട്രഷറി ഡെപ്പോസിറ്റും കണ്ടുകെട്ടരുതെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 11-10-2022-ലെ ഇടക്കാല ഉത്തരവ് 2 മാസത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്.

ഈ പ്രവൃത്തി പഴയ റേറ്റിൽ പല പ്രാവശ്യം റീ ടെണ്ടർ ചെയ്തെങ്കിലും ഓഫറുകളൊന്നും ലഭിച്ചില്ല. റിവൈസ്ഡ് ഡീറ്റെയിൽഡ് എഞ്ചിനീയറിംഗ് റിപ്പോർട്ട് (ഡി.ഇ.ആർ.), ഏറ്റവും പുതിയ എസ്റ്റിമേഷൻ സോഫ്റ്റ്വെയറായ പ്രൈസ് 3-യിൽ തയ്യാറാക്കിയിട്ടുണ്ട്. ഡി.ഇ.ആർ.-ന് ആവശ്യമായ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന മുറയ്ക്ക് പദ്ധതി വീണ്ടും നടപ്പാക്കുന്നതാണ്.